# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചുച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പൂത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പൂലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എൻമകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# അധികാരം ജനങ്ങളിലേക്ക്

തുറയൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

'96 നവമ്പർ 18

# എഡിറ്റോറിയൽ ബോർഡ്


പി. ബാലഗോപാലൻ മാസ്റ്റർ

പി. വി. ഗോപാലൻ

കെ. ടി. മുഹമ്മദ്

എൻ. സി. രാജീവൻ മാസ്റ്റർ

ഇ. കൃഷ്ണൻ മാസ്റ്റർ

എം. ഗംഗാധരൻ മാസ്റ്റർ

ടി. ടി. അശോകൻ മാസ്റ്റർ

സി. എ. നായർ

വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ

എം. പി. അഹമ്മദ്

വി. ഹരിദാസൻ

തുറയൂർ ഗ്രാമ പഞ്ചായത്ത്

# ഭരണസമിതി അംഗങ്ങൾ

**പ്രസിഡണ്ട്** : ശ്രീമതി. പി. ടി. നാരായണി

**വൈസ് പ്രസിഡണ്ട്**: ശ്രീ. വി. കെ. മൊയ്തീൻ ഹാജി

സ്റ്റാൻറിംഗ് കമ്മററി **ചെയർമാൻ** : ശ്രീ. കെ. കെ. അമ്മത്

അംഗങ്ങൾ

**പി. ബാലഗോപാലൻ മാസ്ററർ**
**പി. വി. ഗോപാലൻ**
**കെ. ടി. മുഹമ്മദ്**
**കെ. എം. ഷീല**
**എൻ. ശാരദ ടീച്ചർ**

സെക്രട്ടറി, **വി. ഹരിദാസൻ**

# ആമുഖം

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ 50-ാം പിറന്നാൾ ആഘോഷിക്കാനിരിക്കുമ്പോൾ വികസന രംഗത്ത് ഒരു എത്തിനോട്ടം നല്ലതാണെന്ന് തോന്നുന്നു. ഒട്ടേറെ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നഭിമാനിക്കാമെങ്കിലും കോട്ടങ്ങളുടെ നീണ്ട പട്ടിക അവസാനിക്കുന്നില്ല. വിഭവസമൃദ്ധമായ നമ്മുടെ രാജ്യത്തിന് അതിനനുസൃതമായ പുരോഗതി കൈവരിക്കാൻ കഴിയാത്തത് സ്വാഭാവികമായി കാണാൻ കഴിയില്ല. ദാരിദ്ര്യത്തിന്റെ തുരുത്തുകൾ പല സ്ഥലങ്ങളിലും അവശേഷിക്കുന്നു. കാർഷിക വ്യാവസായിക രംഗം പ്രതീക്ഷ നൽകുന്നില്ല.

കഴിഞ്ഞ 50 വർഷം നാം പിൻതുടർന്ന കേന്ദ്രീകൃത വികസന സമീപനം ഒരഴിച്ചു പണിക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. ഈ വസ്തുത മനസ്സിലാക്കിയാണ്. കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനം എന്ന ചരിത്ര ദൗത്യത്തിന് തുടക്കമിട്ടത് ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണം നടത്തിയാൽ പ്രസരണ നഷ്ടവും അഴിമതിയും ഇല്ലായ്മ ചെയ്യുക മാത്രമല്ല ഒരു പുതിയ വികസന രാഷ്ട്രീയം രൂപപ്പെടുത്താനും സാധിക്കും.

വളരെ ശ്രമകരമായ ദൗത്യമാണ് ഏറ്റെടുത്തത് എന്ന ബോധ്യം നിലനില്ക്കുമ്പോൾ തന്നെ കാലത്തിന്റെ അനിവാര്യതയായി ഇതിനെ കാണേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിന്റെ നേട്ടങ്ങളായി കരുതിപോന്ന വിദ്യാഭ്യാസ, ആരോഗ്യ രംഗവും പ്രതിസന്ധിയെ നേരിടുകയാണ്. സാക്ഷരതാ പ്രസ്ഥാനത്തിൽ നിന്നും ഊർജ്ജം സംഭരിച്ചുകൊണ്ട് ഒരു ജനകീയ വികസന പദ്ധതി രൂപപ്പെടുത്താൻ വൈകിയെങ്കിലും തോന്നി എന്നത് ശ്ലാഘനീയമാണ്.

ജനകീയാസൂത്രണത്തിന്റെ ആദ്യ സന്ദേശങ്ങൾ ഈ ഗ്രാമത്തിൽ വേണ്ടത്ര ചലനങ്ങൾ സൃഷ്ടിച്ചില്ല. പിന്നീടുള്ള പ്രചരണ പ്രവർത്തനങ്ങളുടെ ഫലമായി എന്തോ സംഭവിക്കാൻ പോകുന്നു എന്ന ധാരണ ജനങ്ങളിലുണ്ടാവുകയും ഇതിന്റെ ഫലമായി ആദ്യത്തെ വിശദീകരണ യോഗത്തിൽ നല്ല ജനപങ്കാളിത്തം ഉണ്ടാവുകയും ചെയ്തു. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ സജീവമായി ഇതിൽ പങ്കെടുത്തു. പിന്നീടുള്ള പഞ്ചായത്ത്തല സംഘാടക സമിതി യോഗത്തിലും വാർഡ് സംഘാടക സമിതി യോഗത്തിലും ജനങ്ങൾ ആവേശത്തോടെ പങ്കെടുക്കുകയുണ്ടായി. ഒന്നാം ഘട്ടമായ ഗ്രാമസഭകളിൽ മൊത്തം 1264 ആളുകൾ പങ്കെടുത്തു. ഇതിൽ 979 പുരുഷൻമാരും 285 സ്ത്രീകളുമാണ്. പഞ്ചായത്തിലെ മൊത്തം വോട്ടർമാർ 8587 ആണ്. വോട്ടർമാരിൽ 13.5% ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്.

ജില്ലാതല പരിശീലനത്തിന് ഒന്നാം ഘട്ടത്തിൽ 6 പേരും രണ്ടാം ഘട്ടത്തിൽ 9 പേരും പങ്കെടുത്തു. പഞ്ചായത്ത്തല പരിശീലനത്തിൽ ഒന്നാം ഘട്ടത്തിൽ ഉദ്യോഗസ്ഥർ ഉൾപ്പെടെ 56 പേരും രണ്ടാം ഘട്ടത്തിൽ 40 പേരും പങ്കെടുത്തു.

പഞ്ചായത്ത് വികസന സെമിനാർ വിജയിപ്പിക്കാൻ വി. ഐ. ഹംസമാസ്റ്റർ സെക്രട്ടറിയായും വി. കെ. മൊയ്തീൻ ഹാജി പ്രസിഡന്റായുമുള്ള സ്വാഗതസംഘം പ്രവർത്തിച്ചു വരുന്നു. വികസന റിപ്പോർട്ട് തയ്യാറാക്കാൻ സ്വയം സമർപ്പിതരായി ഒട്ടേറെ ആളുകൾ പ്രവർത്തിച്ചിട്ടുണ്ട്. ഈ വികസന രേഖയിലൂടെ ഈ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ പരമാവധി അനാവരണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. കൂടുതൽ ചർച്ചക്ക് വേണ്ടി ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

## തുറയൂർ പഞ്ചായത്ത് ഒററ നോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തുറയൂർ ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | തുറയൂർ |
| ബ്ലോക്ക്പഞ്ചായത്ത് | : | മേലടി |
| ജില്ലാപഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| അസംബ്ലി മണ്ഡലം | : | കൊയിലാണ്ടി |
| വിസ്തീർണ്ണം | : | 10.48 ച. കി. |
| അതിരുകൾ | : | വടക്ക് കുറ്റ്യാടിപ്പുഴ തെക്ക് അകലാപ്പുഴ പടിഞ്ഞാറ് പയ്യോളി, തിക്കോടി പഞ്ചായത്തുകൾ കിഴക്ക് മേപ്പയ്യൂർ, കീഴരിയൂർ പഞ്ചായത്തുകൾ |

| | | | | | |
|---|---|---|---|---|---|
| ജനസംഖ്യ | : | 12,830 | പുരുഷൻമാർ | : | 997 |
| പുരുഷൻമാർ | : | 6199 | സ്ത്രീകൾ | : | 987 |
| സ്ത്രീകൾ | : | 6631 | സാക്ഷരർ | : | 9497 |
| ജനസാന്ദ്രത | : | 1224.24 | പുരുഷൻമാർ | : | 4907 |
| വാർഡുകൾ | : | 8 | സ്ത്രീകൾ | : | 4590 |
| പട്ടികജാതി/വർഗ്ഗം | : | 1987 | സാക്ഷരതാനിരക്ക് | : | 74% |

# സാമൂഹ്യ ചരിത്ര പശ്ചാത്തലം

തുറയൂർ എന്ന പദത്തിന് തുറമുഖത്തിന്റെ നാട് എന്നർത്ഥമുണ്ട്. ഈ പ്രദേശത്ത് മുമ്പ് തുറമുഖം ഉണ്ടായിരിക്കാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല വടക്കുഭാഗം കുററ്യാടിപ്പുഴയും തെക്കുഭാഗം അകലാപ്പുഴയും സ്ഥിതിചെയ്യുന്നതുകൊണ്ട് തന്നെ മററു പ്രദേശത്തെ ആളുകൾ കടവുകൾ കടന്നാണ് ഇവിടെയെത്തിച്ചേർന്നത്. തുറ എന്ന വാക്കിന് കടവ് എന്നർത്ഥമുണ്ട്. അനേകം തുറകളുള്ള നാട് എന്നർത്ഥത്തിൽ തുറകളുടെ ഊര് ക്രമേണ തുറയൂരായതായിരിക്കാം എന്ന് അനുമാനിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു.

ഒരു കാലത്ത് ബ്രാഹ്മണർ കൂട്ടതലായി അധിവസിച്ച പ്രദേശമാണിത്. തുറവൻ എന്നാൽ ജ്ഞാനി എന്നാണർത്ഥം തുറവൻമാരുടെ ഊര് ക്രമേണ ലോപിച്ച് തുറയൂര് ആവാനും സാധ്യതയുണ്ട്. പഴയ നമ്പൂതിരി ഇല്ലങ്ങളുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ ഇവിടെ ധാരാളമുണ്ട്. മനയ്ക്കൽ, എളമന, തൃക്കോവിൽ, കോലാത്ത്, വണ്ണത്താൻ വീട് വണ്ണാന്റെവിട തുടങ്ങിയ സ്ഥലനാമങ്ങൾ അന്നത്തെ ബ്രാഹ്മണ ഭവനങ്ങളേയും, ആശ്രിത ഭവനങ്ങളെയും സൂചിപ്പിക്കുന്നു.

തുറയൂർ എന്ന സ്ഥലം ഇന്ന് പയ്യോളി എന്ന പേരിലാണധികവും അറിയപ്പെടുന്നത്. പയ്യോർമലയുടെ ഭാഗമായിരുന്ന ഈ പ്രദേശത്തെ പയ്യോളിയിടം എന്ന ഭവനം പയ്യോർമലയുടെ ആസ്ഥാനമായിരിക്കാൻ സാധ്യതയുണ്ട്. പയ്യോർമല മുത്തശ്ശിയുടെക്ഷേത്രം ഈ പഞ്ചായത്തിലെ തോലേരിയിലായിരുന്നു. പയ്യോളിയിടം എന്ന പേരിൽ നിന്നാവാം ഈ പ്രദേശത്തിന് പയ്യോളി എന്ന പേര് സിദ്ധിച്ചത്.

പഴയ കുറുമ്പ്രനാട് താലൂക്കിലെ പ്രധാന കച്ചവടകേന്ദ്രമായിരുന്ന 'പയ്യോളി അങ്ങാടി' ഈ പഞ്ചായത്തിന്റെ ആസ്ഥാനമാണ്. കുററ്യാടി മുതൽ കോരപ്പുഴവരെയുള്ളവരും, തിക്കോടി, മൂടാടി കീഴരിയൂർ, കൊയിലാണ്ടി എന്നിവിടങ്ങളിലുള്ളവരും ഇവിടത്തെ പ്രസിദ്ധമായ് തിങ്കളാഴ്ചച്ചന്തയ്ക്ക് എത്തിച്ചേരാറുണ്ടായിരുന്നു. വെററില, ചക്കര, ചൂടിപ്പായ, ഉപ്പൂത്തിയില, കോഴി, താളി ഇവയുടെ വിപണന കേന്ദ്രമായിരുന്നു ഈ അങ്ങാടി. മൂരാട് നിന്നും പയ്യോളി അങ്ങാടി വഴി കുററ്യാടിയ്ക്ക് ബോട്ടുസർവ്വീസും ഉണ്ടായിരുന്നു. കനോലി കനാലിന്റെ ഭാഗമായി അകലാപ്പുഴ കീറി കുററ്യാടിപ്പുഴയുമായി യോജിപ്പിച്ച് നിർമ്മിച്ച പയ്യോളി ചീർപ്പ് അന്നു വളരെ പ്രസിദ്ധമായിരുന്നു. ഈ ചീർപ്പിന്റെ നിർമ്മാണത്തിനു ശേഷമാണ് ഈ സ്ഥലത്തിന് പയ്യോളി ചീർപ്പ് എന്ന് ഒരു പേര് കൂടി വന്നുചേർന്നത്.

കുററ്യാടിപ്പുഴയ്ക്കഭിമുഖമായി നിൽക്കുന്ന ഇന്നത്തെ പ്രാഥമികാരോഗ്യകേന്ദ്രം അന്ന് ട്രാവലേഴ്സ് ബംഗ്ലാവ്' ആയിരുന്നു. ഉയർന്ന ബ്രിട്ടീഷുദ്യോഗസ്ഥരും, രാഷ്ട്രീയനേതാക്കളും ഈ ടിബിയിൽ താമസിച്ചിരുന്നു. 'മലബാർ മാനുൽ' എഴുതിയ ലോഗനും, കനോലി കനാലിനു രൂപം കൊടുത്ത കനോലി സാഹിബും ഇവിടെ താമസിച്ചിരുന്നെന്നാണ് കേൾവി.

കേളപ്പജിയുടെ ജൻമം കൊണ്ടുതന്നെ ധന്യമായ ഈ പ്രദേശം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ അയിത്തോച്ചാടനം, നൂൽ നൂൽപ്പ് നിർമ്മാണ പ്രവർത്തനം, മദ്യവിരുദ്ധ സമരം എന്നീമേഖലകളിലെല്ലാം ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1924ൽ പ്രവർത്തനമാരംഭിച്ച പാക്കനാർപുരത്തെ 'ശ്രദ്ധാനന്ദവിദ്യാലയം' അവർണ്ണരുടെ വിദ്യാഭ്യാസത്തിനുള്ള അങ്കക്കളരിയായിരുന്നു. നല്ല ബ്രഷ്ക്കന്നിൽ അവിഞ്ഞാട്ടുമ്പിൽ നായരിൽ നിന്ന് 8 ഏക്കർ സ്ഥലം ചാർത്തിവാങ്ങി ഈ വിദ്യാലയം സ്ഥാപിച്ചതും, ഈ പ്രദേശത്തിന് പാക്കനാർപുരം എന്ന നാമകരണം ചെയ്തതും ശ്രീ: കെ. കേളപ്പജിയായിരുന്നു. കെ. കേളപ്പൻ, എ. കെ, ഗോപാലൻ, ആനന്ദതീർത്ഥർ തുടങ്ങിയ പ്രഗൽഭരായിരുന്നു ഇവിടത്തെ അദ്ധ്യാപകർ. 1934ൽ ഇവിടത്തെ ഹരിജനോദ്ധാരണ പ്രവർത്തനം നേരിൽ കാണാൻ മഹാത്മാഗാന്ധി എത്തിച്ചേർന്നതും ഈ പഞ്ചായത്തിന്റെ അഭിമാനകരമായ ചരിത്രവസ്തുതയാണ്, പൂജ്യവിനോബജിയും ഇവിടം സന്ദർശിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന ഒരു പ്രധാനപ്പെട്ട സംഭവമാണല്ലോ കീഴരിയൂർ

ബോംബ്കേസ്! പ്രസ്തുത ബോംബുനിർമ്മാണത്തിന് നേതൃത്വം കൊടുത്ത കൊയപ്പള്ളി നാരായണൻ നായർ ഈ പ്രദേശത്തുകാരനാണ്, സാമൂതിരിക്കോവിലകവുമായി ഉററബന്ധം പുലർത്തിയിരുന്ന പ്രസിദ്ധമായ രണ്ടു തറവാടുകൾ ഇവിടെ ഉണ്ടായിരുന്നു. 'മനയ്ക്കലും' 'കോമത്തു'മാണ് ആ രണ്ടു തറവാടുകൾ. ഒററ ദിവസം കൊണ്ട് 101 കറുത്ത കറവപ്പശുക്കളെ എത്തിച്ചുകൊടുത്തതിന് പാരിതോഷികമായി കോമത്തു തറവാട്ടിലെ കാരണവർക്ക് 'കൃഷ്ണനാട്ടം' കളിക്കാനുള്ള സമ്മതം സാമൂതിരിരാജാവ് കല്പിച്ചുനൽകിയെന്നും ഐതിഹ്യമുണ്ട്.

1942ൽ കമ്യൂണിസ്റ്റു പാർട്ടി ഇൻഡ്യയിൽ നിരോധിച്ച അവസരത്തിൽ ശ്രീ. ഇ. എം. എസ് നമ്പൂതിരിപ്പാട് തുറയൂർ പഞ്ചായത്തിലെ പെരിഞ്ഞാട്ട് എന്ന ഭവനത്തിൽ ഒളിവിൽ താമസിച്ചിരുന്നു

കുടികിടപ്പുസമരങ്ങളും അതിൻെറ ഭാഗമായ വളച്ചുകെട്ടൽ സമരങ്ങളും ഈ പ്രദേശത്തെ സാമൂഹികരംഗങ്ങളിൽ വളരെയേറെ മാററങ്ങളുണ്ടാക്കിയ സംഭവ വികാസങ്ങളാണ്. ഒട്ടനവധി കുടുംബങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി വിഭാഗകാർക്ക് ഇതിൻെറ ഫലമായി ഭൂമിയിൽ അവകാശം കിട്ടി.

പഴയ കുറുമ്പ്രനാട് താലൂക്കിൻെറ ഭാഗമായിരുന്ന തുറയൂർ പഞ്ചായത്ത് ഇപ്പോഴത്തെ കീഴരിയൂർ പഞ്ചായത്തുകൂടെ ഉൾപ്പെട്ട ഭാഗമായിരുന്നു. 4 ദേശങ്ങൾ പഞ്ചായത്തിതിന്നുണ്ടായിരുന്നു. തുറയൂർ കീഴരിയൂർ, ഇരിങ്ങത്ത് മുകപ്പൂർ എന്നിവയാണവ. ഏതാനും കുന്നുകളും, വിശാലമായ പാടശേഖരങ്ങളും ഗണ്യമായ ചതുപ്പുനിലങ്ങളും ചേർന്ന ഭൂവിഭാഗമാണ് ഈ പഞ്ചായത്ത്. വടക്കുകുററ്യാടിപ്പുഴയും, തെക്ക് അകലാപ്പുഴയും, തെക്കുകിഴക്കുഭാഗം ചെറുപുഴയും ഈ പഞ്ചായത്തിൻെറ അതിർത്തികളായി വരുന്നു.

കൃഷി, പായനെയ്ത്ത്, മൽസ്യബന്ധനം, മൺപാത്രനിർമ്മാണം കച്ചവടം കന്നുകാലിവളർത്തൽ എന്നിവയായിരുന്നു പ്രധാനപ്പെട്ട തൊഴിലുകൾ. ഒരു കാലത്ത് വളരെയേറെ നെല്ലുല്പാദനം നടന്ന പ്രദേശമായിരുന്നിത്. എന്നാൽ ജനസംഖ്യാവർദ്ധനവും പാർപ്പിടവർദ്ധനവും നെൽവയലുകളെ ശോഷിപ്പിച്ചു.

വളരെ മുമ്പ് തന്നെ ജനനിബിഡവും കർമ്മനിരതവുമായ ഈ പ്രദേശത്ത് പയ്യോളി പോലീസ് സ്റേറഷൻ, പയ്യോളി റജിസ്ട്രാഫീസ്, പയ്യോളി കോടതി എന്നിവ സ്ഥിതിചെയ്തിരുന്ന ഒരു കാലത്ത് പയ്യോളി അങ്ങാടി കോഴിക്കോട് ജില്ലയിലെ തന്നെ പ്രധാനപ്പെട്ട ഒരു കച്ചവട കേന്ദ്രമായിരുന്നു. റോഡുഗതാഗതം അപര്യാപ്തമായിരുന്ന അക്കാലത്ത് ജലഗതാഗതം ആയിരുന്നു മുഖ്യാശ്രയം.

വർഷകാലത്ത് ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളും വെള്ളത്തിൽ മുങ്ങുക പതിവായിരുന്നു. പ്രശസ്ത കഥാകാരനായ ടി. പത്മനാഭൻെറ 'യാത്ര' എന്ന കഥയിൽ വെള്ളത്തിൽ മുങ്ങി നിൽക്കുന്ന ഇടിഞ്ഞകടവിനെ പ്രതിപാദിച്ചിട്ടുണ്ട്. കുററ്യാടിപ്പുഴയ്ക്ക് ഭിത്തികെട്ടി റോഡ് ഗണ്യമായുയർത്തിയതിനുശേഷമാണ് വെള്ളപ്പൊക്ക ഭീഷണിയിൽ നിന്നും അല്പമെങ്കിലും ഈ പഞ്ചായത്ത് രക്ഷനേടിയത്.

വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിന് വിസ്മരിക്കാൻ കഴിയാത്ത നാമധേയമാണ് ശ്രീ. കുഞ്ഞിമ്മൂസ്സ മൗലവിയുടേത്. എല്ലാ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് തൻെറ സമുദായത്തിൻെറ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമെന്നോണം 4 പ്രാഥമികവിദ്യാലയം അദ്ദേഹം സ്ഥാപിച്ചു. പള്ളിക്കനി, പാറേമ്മൽ, ഇരിങ്ങത്ത് എം എൽ പി, പയ്യോളി സൗത്ത് എം എൽ പി എന്നിവ അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങളാണ്.

ഇന്ന്, ഈ പഞ്ചായത്ത് എല്ലാരംഗത്തും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. കാർഷികമേഖല തകർച്ചയിലാണ്. ആധുനിക വ്യവസായ ശാലകളോ മറേറാഇല്ല ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. സാംസ്കാരികരംഗവും സ്വാഗതാർഹമല്ല. ചെറുപ്പക്കാരിൽ നല്ലൊരുഭാഗം വിദേശത്ത് ജോലി ചെയ്യുന്നതിനാൽ തൊഴിലില്ലായ്മാ പ്രശ്നത്തിന് താൽക്കാലിക പരിഹാരമുണ്ടെങ്കിലും സ്ഥായിയായ ഒരു പരിഹാരം കണ്ടേ മതിയാകൂ.

## ഭരണചരിത്രം

1962ൽ സ്പെഷൽ ഓഫീസറുള്ള തുറയൂർപഞ്ചായത്ത് നിലവിൽ വന്നെങ്കിലും 1963ലാണ് പ്രായപൂർത്തി വോട്ടവകാശത്തിലുള്ള തെരഞ്ഞെടുപ്പ് നടന്നത്. 1-1-1964ൽ ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നു. കെ. മൊയ്തീൻ മാസ്റ്റർ പ്രസിഡണ്ട്, ഇ. കെ. ശ്രീധരൻ വൈസ് പ്രഡിഡണ്ടുമായ 8 അംഗങ്ങളുള്ള ഭരണസമിതിയായിരുന്നു അത്. ഭരണസമിതിയംഗങ്ങൾ— (1) കെ മൊയ്തീൻമാസ്റ്റർ (2) കണ്ണൂത്താഴ പക്രൻ (3) പുതിയോട്ടിൽ സൂപ്പി (4) കെ. സി. ചന്തുക്കുട്ടിക്കുറുപ്പ് (5) ഇയ്യാലോൽ കഞ്ഞിക്കണ്ണൻ (6) സി.വി. അമ്മോട്ടി (7) എൻ വി.ചാത്തു (8) ഇ. കെ. ശ്രീധരൻ എന്നിവരാണ്.

1969ൽ തുറയൂർ പഞ്ചായത്ത് വിഭജിച്ച് തുറയൂർ കീഴരിയൂർ പഞ്ചായത്തുകൾ നിലവിൽ വന്നു. തുറയൂർ പഞ്ചായത്തിന്റെ പ്രസിഡന്റായി കെ. മൊയ്തീൻമാസ്റ്റർ തുടർന്നു. 1980ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ 8 അംഗ ഭരണസമിതി അധികാരത്തിൽ വരുകയും പി. ഇബ്രാഹിംമാസ്റ്റർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1988ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ.പി. അഹമ്മദ്, യു.സി അമ്മത് എന്നിവർ യഥാക്രമം പ്രസിഡണ്ടുമാരായി. 1995ൽ നടന്ന തെരഞ്ഞെടുപ്പിൽ പി.ടി. നാരായണി പ്രസിഡന്റായി ഭരണസമിതി നിലവിൽ വന്നു. തുറയൂർ പഞ്ചായത്ത് പട്ടികജാതിക്കാർക്കായി സംവരണം ചെയ്തുകൊണ്ട് നിയമം വന്നതും ഈ വർഷം തന്നെ.

## പൊതു നിർദ്ദേശങ്ങൾ

(1) പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളായ കൃഷിഭവൻ, വില്ലേജാഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, മൃഗാശുപത്രി എന്നിവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഴയ വില്ലേജാഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് സൗകര്യപ്രദമായ കെട്ടിടം നിർമ്മിച്ചാൽ എല്ലാ സക്കാർ ഓഫീസുകളും അവിടത്തേക്ക് മാററാൻ കഴിയും.

(2) പഞ്ചായത്താഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് പയ്യോളി അങ്ങാടിക്കടുത്താണ്. ഇപ്പോൾ പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്ന കെട്ടിടം പുതുക്കി പണിത് പഞ്ചായത്താഫീസ് അവിടത്തേക്ക് മാററിയാൽ ഇപ്പോഴുള്ള പഞ്ചായത്താഫീസ് കെട്ടിടം സാംസ്ക്കാരികനിലയമാക്കി മാററാൻ കഴിയും.

(3) പഞ്ചായത്തിലെ ബോട്ടുജെട്ടി ഇപ്പോൾ വെറുതെ കിടക്കുകയാണ്. ഇറിഗേഷന്റെ കൈവശമുള്ള പ്രസ്തുതസ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടിയാൽ വായനശാലയാക്കി ഉപയോഗപ്പെടുത്താം.

# കൃഷി

## II ഭൂപ്രകൃതി

ഏതൊരു കേരളഗ്രാമത്തെയും പോലെ തുറയൂരും അതിൻേറതായ തനിമ ഭൂപ്രകൃതിയിൽ കാത്തുസൂക്ഷിക്കുന്നു. കുന്നും മലയും, പുഴയും തോടും, തടാകവും വയലും, ചെരിവും ചതുപ്പും ഒക്കെ തുറയൂരിൻെറ ഗ്രാമാന്തരങ്ങളിൽ ദർശിക്കാൻ കഴിയും.

10.48 ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുള്ള തുറയൂരിൻെറ ഭൂപ്രദേശം മുഖ്യമായും അഞ്ചുതരത്തിലാണ്. ഇവ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ഉയർന്ന (പ്രദേശം സമതലം ഉൾപ്പെടെ) | 8% |
| 2. | ചെരിവ് പ്രദേശം | 14% |
| 3. | താഴ്‌വരകൾ | 22% |
| 4. | ചതുപ്പുനിലങ്ങൾ | 46% |
| 5. | തീരസമതലം | 10% |

ഇതിൽ കൃഷിക്ക് യോഗ്യമായ ഭൂമിയുടെ വിസ്തീർണ്ണം 247.92 ഏക്കർ മാത്രമാണ്. 296 ഏക്കർ സ്ഥലം പുഴ, റോഡ്, തോട് എന്നിവയായി കിടക്കുന്നു.

### ഉയർന്ന പ്രദേശം

മൊത്തം വിസ്തൃതിയിൽ 8% വരുന്ന ഉയർന്ന പ്രദേശങ്ങളിൽ സമുദ്ര നിരപ്പിൽ നിന്ന് 70 മീററർ വരെ ഉയരമുണ്ട്. മിക്കവാറും പ്രദേശങ്ങളിൽ ചെങ്കല്ല് കലർന്ന ചുവന്ന മണ്ണാണ്. വളരെ കുറഞ്ഞ സ്ഥലത്ത് കരിങ്കൽപ്പാറ, ചെങ്കൽപ്പാറ എന്നിവയുമുണ്ട്. പെരിങ്കിടമല, കൊറവട്ട, മാടോപ്പാനിമല എന്നിവിടങ്ങളിൽ നീർച്ചാലുകളുണ്ട്. മഴക്കാലത്തു മാത്രമെ ഇവിടങ്ങളിൽ കാർഷികാവശ്യങ്ങൾക്കുള്ള ജല ലഭ്യതയുള്ളു. പൊതുവെ ജല ആഗിരണ ശേഷി കുറഞ്ഞ മണ്ണാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകൾ.

1. തിരിക്കോട്ടും മുകളിൽ
2. കിഴക്കാനത്തും മുകളിൽ
3. മാതുകുന്ന്
4. കല്ലപ്പമല
5. കുറുക്കൻകുന്ന്
6. പെരിങ്കിടമല
7. പുലപ്രകുന്ന്
8. കുവഞ്ചേരികുന്ന്
9. കാട്ടൂളികുന്ന്
10. പാക്കനാർപുരംകുന്ന് എന്നിവയാണ്.

### ചെരിവ് പ്രദേശം

മൊത്തം വിസ്തൃതിയുടെ 14% വരുന്ന ചെരിവ് പ്രദേശം ഉയർന്ന പ്രദേശത്തേയും താഴ്‌വരയേയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഇവിടങ്ങളിൽ പൊതുവെകണ്ടുവരുന്നത് ചരല്കലർന്ന ചെമ്മണ്ണാണ്. ഇത്തരം ഫലപുഷ്ടിയുണ്ട് കൃഷി ചെയ്യാത്ത ഭൂമി ഇല്ല എന്നുതന്നെ പറയാം. ജലലഭ്യത താരതമ്യേന കുറവാണ്. പ്രധാനകൃഷി തെങ്ങ് തന്നെ കൂടാതെ പച്ചക്കറി, കുരുമുളക്, വെററിലക്കൊടി, വാഴ, കവുങ്ങ്, മാവ്, പ്ലാവ് എന്നിവ വളരെയുണ്ട്. കുത്തനെയുള്ള ചെരിവ് വളരെക്കുറവാണ്.

### താഴ്‌വരകൾ

മൊത്തം വിസ്തൃതിയുടെ 22% വരുന്ന താഴ്‌വരകൾ പൊതുവെ ഫലപുഷ്ടിയുള്ളതാണ്. 5,8,7,4 എന്നീ വാർഡുകളിലെ താഴ്‌വരകളിൽ കുററ്യാടി കനാൽ ജലം ഒഴുകുന്നുണ്ട്. ജലലഭ്യത താരതമ്യേന കൂടുതലാണ്. മുഖ്യമായകൃഷി തെങ്ങ്, കൂടാതെ കമുക്, വാഴ, പച്ചക്കറി, പ്ലാവ്, മാവ് മുതലായവ വളരുന്നു. ചരൽ കലർന്ന ചെമ്മണ്ണാണ് കൂടുതൽ. ചിലയിടങ്ങളിൽ പൂഴികലർന്ന മണ്ണും കാണാം. കഴിഞ്ഞകാലങ്ങളിൽ ഒഴുകിവന്ന മണ്ണടിഞ്ഞുണ്ടായ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഏററവും താഴെയായുള്ള പ്രദേശങ്ങൾ നികത്തിക്കൊണ്ടിരിക്കുകയാണ്. പച്ചക്കറി കൃഷിക്ക് ഏററവും യോജിച്ചതാണീ പ്രദേശങ്ങൾ.

### ചതുപ്പുനിലം

ചിറക്കര, കീരങ്കൈ, പാലച്ചുവട്, തോലേരി. കലൂപ്പ് വണ്ണാർകൈഭാഗം, ചെറുപുഴപ്രദേശം എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. മൊത്ത ഭൂമിയുടെ ഏതാണ്ട് 46% വരുന്നതാണ് ചതുപ്പുനിലം. മണലും, ചളിയും കലർന്നതാണ് മണ്ണിൻെറ ഘടന. ജല ലഭ്യതവളരെ കൂടുതലാണ്. ചെറുപുഴ കീരങ്കൈ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥിരമായി വെള്ളം കെട്ടിനിൽക്കുന്നു. കീരങ്കൈപ്രദേശങ്ങളിൽ തോടുകളിൽ ഉപ്പ്‌വെള്ളം കയറുന്നു. 1) ഒന്നാം വാർഡിൽ അകലാപ്പുഴമുതൽ പയ്യോളിചീപ്പ്‌വരെ (കനോലികനാൽ) 2) അകലാപ്പുഴമുതൽ നെയ്‌വാരിണിവരെ ഒഴുകുന്നതോട് 3) പൊടിയാടിമുതൽ അകലാപ്പുഴവരെ ഒഴുകുന്നതോട് 4) കിഴക്കാമ്മേൽത്താഴ അകലാപ്പുഴതോട് 5) തോലേരി ചിററടിത്തോട് 6) കണിയാങ്കണ്ടിമല ചെറുപുഴതോട് എന്നിങ്ങനെ പ്രധാനമായി 6 തോടുകൾ ഒഴുകുന്നുണ്ട്. നെൽകൃഷിയാണ് പ്രധാനം. വരമ്പുകളിൽ ചിലയിടങ്ങളിൽ തെങ്ങ് സമൃദ്ധമായി വളരുന്നുണ്ട്. മിക്കവാറും സ്ഥല

മററ് സമയങ്ങളിൽ ഏതാണ്ട് ഭാഗങ്ങളും ഒഴിഞ്ഞുകിടക്കുകയാണ് പതിവ്. ഇവിടങ്ങളിൽ ചെമ്മീൻകൃഷിക്കുപയോ ഗിക്കാവുന്നതാണ്. അകലാപ്പുഴതീരത്ത് ചതുപ്പുനിലവുമായി ബന്ധപ്പെട്ട് ചകിരിവ്യവസായം നടക്കുന്നു. ചത പ്പു നിലത്തിൻെറ കിടപ്പ് മത്സ്യങ്ങൾ സമൃദ്ധമായി വളരാൻ പററുന്ന വിധത്തിലുള്ളതാണ്. ചെറുപുഴഭാഗത്തുള്ള ചതുപ്പ് നിലങ്ങൾ ഗതാഗത സൗകര്യമില്ലാതെ ഒററപ്പെട്ടുകിടക്കുന്നവയാണ്.

## തീരസമതലം

മൊത്തം സ്ഥലത്തിൻെറ 10% തീരസമതലമാണ്. സമുദ്രനിരപ്പിൽനിന്ന് ഏതാണ്ട് 4–5 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. വെള്ളപ്പൊക്കസമയങ്ങളിൽ എക്കൽമണ്ണ് വന്നടിയുന്നതിനാൽ ഫലപുഷ്ടിയുള്ളതലാണ്. വെള്ളപ്പൊക്കം നിയന്ത്രിക്കാൻവേണ്ടി കെട്ടിയ ബണ്ടുകൾ ഒരനുഗ്രഹമാണെങ്കിലും എക്കൽമണ്ണ് വന്നടിയുന്നത് നിന്നുപോയത് നമുക്ക് ദോഷമാണ്. വിയ്യംചിറ നടമുതൽ കട്ടിലേരി പറമ്പ് വരെയും മുണ്ട്യത്ത് മുതൽ പൊടിയാടി വരെയും നീണ്ടുകിടക്കുന്നതാണ് തുറയൂർ പഞ്ചായത്തിലെ തീരസമതലം. പ്രധാനകൃഷി തെങ്ങ്. ജലലഭ്യത വളരെ കൂടുതലാണ്. അകലാപ്പുഴയുടെ തീരങ്ങളിൽ ഉപ്പുവെള്ളം കയറാറുണ്ട്.

## III ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കനുസരിച്ച് തുറയൂർ പഞ്ചായത്തിലെ ജനസംഖ്യ 12830 ഇതിൽ 6199 പുരുഷന്മാരും 6631 സ്ത്രീകളുമാണ്. മാർക്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| I | 1615 | 741 | 874 |
| II | 1648 | 778 | 870 |
| III | 1949 | 969 | 980 |
| IV | 1661 | 805 | 856 |
| V | 1330 | 673 | 657 |
| VI | 1876 | 890 | 986 |
| VII | 1227 | 590 | 637 |
| VIII | 1524 | 753 | 771 |
| | 12830 | 6199 | 6631 |

നമ്മുടെ ജനസാന്ദ്രത സംസ്ഥാനതലത്തിൽ ചതുരശ്ര കി. മി. 749 ആണ്. ജില്ലാ ശരാശരി 1118 ഉം, ബ്ലോക്ക ശരാശരി 1382 . ഉം ആണ്. എന്നാൽ പഞ്ചായത്തിലെ ജനസാന്ദ്രത ച. കി. മി. 1604 ആണ്.

4907 പുരുഷന്മാരും 4590 സ്ത്രീകളും സാക്ഷരരാണ്. മൊത്തം ജനസംഖ്യയിൽ 1991ലെ കണക്കനുസരിച്ച 3333 പേർ നിരക്ഷരരായിരുന്നു. എന്നാൽ സാക്ഷരതാ പ്രവർത്തനത്തിൻെറ ഫലമായി ഇത്ഗണ്യമായി കുറഞ്ഞിട്ടുണ്ട പഞ്ചായത്തിൽ ആകെ 2146 കൃഷിക്കാരുണ്ട് അതിൽ 17 വൻകിട കർഷകനുണ്ട്. 127 ചെറുകിട കർഷകനും 200 നാമമാത്ര.

തൊഴിലെടുക്കുന്നവരുടെ പട്ടിക അഥവാ കാനേഷുമാരി 1991

| തൊഴിൽ സ്വഭാവം | സ്ത്രീ | പു | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകാർ | 1352 | 5788 | 7140 |
| ഭാഗിക തൊഴിലുകാർ | 151 | 206 | 357 |

പ്രധാനമായി കെട്ടിട നിർമ്മാണം, ചെറുകിട വ്യവസായം, കടിൽ വ്യവസായം, മത്സ്യവ്യവസായം, ഗതാഗതം മൃഗപരിപാലനം, എന്നീ മേഖലകളിലാണ് 95% തൊഴിലാളികളും തൊഴിലെടുക്കുന്നത്. ഇതിൽ ഏതാണ്ട് 50% കാർഷികമേഖലയിലും 10% കെട്ടിടനിർമ്മാണ മേഖലയിലും 12% ചെറുകിടവ്യവസായ മേഖലയിലും 5% കടില വ്യവസായ മേഖലയിലും 5% മത്സ്യബന്ധന വിപണനമേഖലയിലും 8% ഗതാഗത മേഖലയിലും 2% മൃഗപരിപാല മേഖലയിലും ബാക്കി മററു മേഖലകളിലും ജോലിചെയ്യുന്നു.

മൊത്തം തൊഴിലാളികളിൽ പുരുഷന്മാരുടെ എണ്ണത്തെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ എണ്ണം വളരെ കു

ഭൂവുടമകളിൽ ഒരു ചെറുശതമാനം മാത്രമേ സ്വയം കൃഷിക്കാരായി നിലനിൽക്കുന്നുള്ളു. ഭൂമിയെ മുഖ്യവരുമാനോപാധിയായി കാണുന്നവരും പൊതുവെ കുറഞ്ഞുവരുകയാണ്. ചെറുകിട ഭൂവുടമസ്ഥർ മഹാഭൂരിഭാഗവും മററു മേഖലകളിൽ കൂലിപ്പണിയെടുക്കുന്നവരായി മാറുകയാണ്. പഞ്ചായത്തിലെ ജനസംഖ്യയുടെ ഏതാണ്ട് 15% ത്തോളം വിദേശത്ത് ജോലിചെയ്യുന്നവരാണ്.

## IV ജലവിഭവങ്ങൾ

മൊത്തത്തിൽ മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക രീതിയാണ് തുറയൂർ പഞ്ചായത്തിൽ നിലനിൽക്കുന്നത്. എന്നാൽ നെൽകൃഷിയുടെ 40% ത്തോളം കററ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. പഞ്ചായത്തിന്റെ 3, 4, 5 വാർഡുകളിലെ ചതുപ്പ്നിലങ്ങളിൽ മഴക്കാലത്ത് അകലാപ്പുഴയിൽനിന്ന് വെള്ളം കയറുന്നതുകൊണ്ട് കൃഷിയോഗ്യമല്ലാതായി തീരുന്നു. മഴക്കാലം കഴിഞ്ഞാൽ ഉപ്പ്ജലം കയറുന്ന ഒരവസ്ഥയും നിലവിലുണ്ട്. ധാരാളം വററാത്ത കുളങ്ങളുണ്ട്. അവ താഴെ ചേർക്കുന്നു.

| വാർഡ് | |
|---|---|
| I | |
| II | 1. കോമത്ത് പാറക്കുളം<br>2. പുതുക്കുളം<br>3. പുതിയോട്ടിൽ കുളം<br>4. മണലുംപുറത്ത് കുളം<br>5. കൊടക്കാട്ട് കുളം |
| III | 1. കേളോത്ത് കുളം<br>2. ഇളവനക്കുളം<br>3. മുണ്ടാളിക്കുളം<br>4. കീരങ്കൈപള്ളിക്കുളം |
| IV | |
| V | 1. പറമ്പത്ത്കുളം<br>2. വടക്കെ ഇല്ലത്ത്കുളം<br>3. ചാത്തോത്ത്താഴക്കുളം<br>4. സ്രാമ്പിക്കുളം<br>5. വാഴക്കാത്ത്കുളം |
| VI | 1. മലപ്പാടിക്കുളം<br>2. മാരിക്കുളം<br>3. മലപ്പാടിക്കുളം<br>4. മാതുകുന്ന്കുളം<br>5. കൊയിലോത്ത്കുളം<br>6. കുഞ്ഞോത്ത്കുളം<br>7. കരുവാങ്കണ്ടിക്കുളം |
| VII | 1. അയ്യപ്പങ്കണ്ടിക്കുളം<br>2. മലപ്പാടിക്കുളം<br>3. മുണ്ടപ്പുറക്കുളം<br>4. നാറാണത്ത്കുളം<br>5. വാക്കേൽകുളം |
| VIII | 1. കൊറവട്ടക്കുളം<br>2. കുഞ്ഞോത്ത്ചാലിൽകുളം<br>3. വെളുത്തേടത്തിൽകുളം<br>4. ഇരിങ്ങത്ത്കുളം<br>5. കോമത്ത്താഴപാറക്കുളം |

പഞ്ചായത്തിൽ മെച്ചപ്പെട്ട തോതിൽ ഭൂഗർഭജലലഭ്യമാണ്. ചെരിവ് പ്രദേശങ്ങളിൽ ശരാശരി 7 മീററർ താഴ്ചയിൽ ജലം ലഭ്യമാണ്. എന്നാൽ പാക്കനാർപുരം കിഴക്കാനത്ത് മുകൾഭാഗം, കണ്ണമ്പത്ത്ഭാഗം എന്നിവിടങ്ങളിൽ 25 മീററർ വരെ താഴ്ച ആവശ്യമാണ്. കണ്ണമ്പത്ത് കിഴക്കാനത്ത്, തങ്കമല, പുലപ്പ എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. അകലാപ്പുഴ, കററ്യാടിപ്പുഴ എന്നീ പ്രധാനപ്പെട്ട ജല സ്രോതസ്സുകൾകൊണ്ട് ധന്യമാണ് തുറയൂർ പഞ്ചായത്ത്.

**കൃഷി** (അവലംബം കൃഷിഭവൻ രേഖ)

ഏതാണ്ട് 50% ആളുകൾ ഏർപ്പെട്ടിരിക്കുന്ന വളരെ പ്രധാനമായ മേഖലയാണ് കൃഷി. ഇതിൽ പ്രധാന കൃഷി തെങ്ങ്, നെല്ലുമാണ്. ഏതാണ്ട് 541 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്തുവരുന്നു. നെൽ വയലുകൾ വൻതോതിൽ നികത്തി പുരയിടങ്ങളും മററുമായി മാറിയിരിക്കുകയാണ്. ഇപ്പോൾ 116 ഹെക്ടർ സ്ഥലത്ത് മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളു. ഇതിൽ ഒന്നാം വിളയായ കന്നികൃഷി 6 ഹെക്ടറിൽ മാത്രമേ ചെയ്യുന്നുള്ളു. പുഞ്ചകൃഷിയാകട്ടെ 70 ഹെക്ടറിലും മുണ്ടകൻ 40 ഹെക്ടറിലും കൃഷി ചെയ്യുന്നു. 20 ഹെക്ടർ സ്ഥലത്ത് ചെറുപുഴയിലാണ് പുഞ്ച കൃഷി കൂടുതൽ ചെയ്യുന്നതും. ജില്ലയിലെ പ്രധാന നെല്ലുത്പ്പാദനകേന്ദ്രം.

നേന്ത്രവാഴകൃഷി നടത്തുന്നുണ്ട് തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി. 6.8 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയും 4 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയും ചെയ്തുവരുന്നു. നെൽകൃഷി ചെയ്തതിന് ശേഷം വയലിലും പറമ്പിലുമായി 5 ഹെക്ടർ സ്ഥലത്ത് പയറ് കൃഷിയും 6 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും ചെയ്തുവരുന്നു. ഒരു കാലത്ത് പരക്കെ കൃഷി ചെയ്തിരുന്ന മരച്ചീനി ഒന്നര ഹെക്ടറിലെ കൃഷി ചെയ്യുന്നുള്ളു. ഇടവിള കൃഷികളായ ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, ചെറുകിഴങ്ങ് എന്നിവ വളരെ പരിമിതമായേ കൃഷി ചെയ്യുന്നുള്ളു. വെററിലകൊടി കൃഷി ഒരു ഹെക്ടർ ഉണ്ട്. 20 ഹെക്ടർ സ്ഥലത്ത് കശുമാവും 4.6 ഹെക്ടർ സ്ഥത്ത് റബ്ബറും കൃഷിചെയ്തു വരുന്നു. മുകളിൽ പറഞ്ഞവാഴകൃഷിയിൽ 20% നാമമാത്ര ചെറുകിടകർഷകരുമാണ്. കൂടുതൽ പേരും സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. വീട്ടുപറമ്പിൽ കൃഷിചെയ്യാൻ പററുന്ന നാടൻ വാഴ ഇനങ്ങളുടെ ലഭ്യത കദളി, കുന്നൻ, മണ്ണൻ, മൈസൂർ, പൂവൻ, ചെങ്കദളി, എന്നിനങ്ങളിൽ പലതും അപൂർവ്വമായി മാറികൊണ്ടിരിക്കുകയാണ്.

ഏതാണ്ട് 6 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടക്കുന്നുവെന്നാണ് കൃഷി ഭവൻ റിപ്പോർട്ടിൽ പറയുന്നത്. പൊതുവെ വേനൽക്കാല പച്ചക്കറി കൃഷിക്കാണ് ഊന്നൽ കൊടുക്കാററ്. പഴയകാലത്തേതുപോലെ മകരൻ കൊയ്ത്തിനുശേഷം ഒഴിഞ്ഞുകിടക്കുന്ന വയലുകൾ പച്ചക്കറി (മത്തൻ, പടവൽ, ഇളവൻ, വെള്ളരി) കൃഷിക്കായി ലഭ്യമല്ലാതായിരിക്കുന്നു. അതുമൂലം പച്ചക്കറി ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകപ്പെടുന്നു. പറമ്പുകളിൽ ജലസേചന സൗകര്യം പൊതുവെ കുറവാണ്.

കാർഷിക മേഖലയിൽ രാസവള കീടനാശിനികളുടെ ഉപയോഗങ്ങൾ പൊതുവെ കുറഞ്ഞുവരുന്ന പ്രവണത കണ്ടുവരുന്നു. 93 മുതൽ 96 വരെയുള്ള കണക്കുകൾ പരിശോധിക്കാം.

| | 1993-94 | | | 94 95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|
| സ്ഥാപനത്തിൻെറ പേര് | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രാ | ഖരം | | ദ്രാ | ഖരം | കി. ഗ്രാം | ദ്രാ | ഖരം |
| സഹകരണം | 133997 | 8 . 1 ലി | 292.54 | 91776 | 5.5 | 136.5 | 89748 | 10.5 | 208 |
| സ്വകാര്യം | 267994 | 27 . 8 | 761.5 | 183552 ലി | 4 ലി | 199.5 | 178496 | 9 | 241.5 |

**94–95 മുതൽ 96 വരെ വിതരണംചെയ്ത കണക്കുകൾ കൃഷിഭവൻ രേഖയിൽനിന്ന്**

| 94—95 | | 95—96 | | 96—97 | |
|---|---|---|---|---|---|
| എണ്ണം | വിതരണം ചെയ്ത സഹായധനം | എണ്ണം | വിതരണം ചെയ്ത സഹായധനം | | |
| 1. കിണർ 14 | 34988 | 32 | 78650 | 10 | 25000 |
| 2. പരാജയപ്പെട്ട കിണർ നഷ്ടപരിഹാരം കിണർ 2 | 8012 | NIL | | NIL | |
| 3. പട്ടികജാതി കിണർ 2 | 20000 | 1 | 10000 | 1 | 10000 |
| 4. റോക്കർ സ്പ്രെയർ 2 | 2000 | NIL | | NIL | |
| 5. ട്രയിനിംഗ് 2 | 350 | 2 | 500 | | |
| 6. പമ്പ്സെററ് 21 | 52458 | 24 | 58070 | 10 | 25000 |
| 7. തെങ്ങ് കയററയന്ത്രം | NIL | 2 | 1000 | NIL | |
| 8. ഗ്രൂപ്പ് ഇറിഗേഷൻ | NIL | 1 | 1000 | NIL | |
| 9. കമ്യൂണിററി ഇറിഗേഷൻ | | | | | 126369 |
| ആകെ | 117808 | | 149220 | | 186369 |

**കർഷികമേഖലയിൽ** യന്ത്രവൽക്കരണം വളരെ മന്ദഗതിയിലെ നടക്കുന്നുള്ളൂ. പഞ്ചായത്തിൽ മൊത്തത്തിലുള്ള യന്ത്രവൽകൃത കാർഷികോപകരണങ്ങളുടെ എണ്ണം നോക്കിയാൽ ഈക്കാര്യം വ്യക്തമാകുന്നതാണ്. മാത്രമല്ല നാമമാത്ര കർഷകരാണ് നമ്മുടെ കൃഷി രംഗത്ത് കൂടുതലുള്ളത്. ഇത് തുറയൂർ ഗ്രാമപഞ്ചായത്ത് കൈവശ ഭൂമി വിസ്തീർണ്ണ രേഖ പരിശോധിച്ചാൽ കാണാം.

കൈവശഭൂമി വിസ്തീർണ്ണം—തുറയൂർ ഗ്രാമപഞ്ചായത്ത്

| നാമമാത്രകർഷകർ ഒരു ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1-2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിന് മുകളിൽ |
|---|---|---|
| 2002 | 127 | 17 |

## V നടപ്പു പദ്ധതികളുടെ അവലോകനം

### സമഗ്ര നാളികേര വികസന പദ്ധതി

1994-95 മുതൽ മൂന്ന് വർഷത്തേക്കാണ് ഇതിൽ പ്രധാനമായി ജലസേചനവും ശാസ്ത്രീയപരിചരണവുമാണുദ്ദേശിക്കുന്നത്. കുറഞ്ഞത് 30 സെന്റെങ്കിലും കൃഷിഭൂമിയുള്ള കർഷകനാണിതിന്റെ ആനുകൂല്യം ലഭിക്കുന്നത്. കിണർ പമ്പ് സെററ് എന്നിവയ്ക്ക് പരമാവധി 2500 രൂപയാണ് സഹായധനം. സമൂഹജലസേചനത്തിന് 85% ആകെ സർക്കാർ സൗജന്യമായി നൽകുന്നു. ഗ്രൂപ്പ് ജലസേചനത്തിന് 50% സഹായധനം നൽകുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള കിണറിന് 10,000 രൂപയും റോക്കർ സ്പ്രെയറിന് 1000 രൂപയും തെങ്ങ് കയററയന്ത്രത്തിന് 500 രൂപയും സഹായധനം നൽകുന്നുണ്ട്. പച്ചിലവള വിത്ത് വിതരണം കർഷകപരിശീലനം എന്നിവയ്ക്ക് വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

**നെൽകൃഷി:—**

നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി പെറുപുഴ കുലുപ്പ എന്നിവടങ്ങളിൽ നെല്ലുൽപ്പാദക സമിതികൾ നിലവിലുണ്ട്. കുലുപ്പസമിതിക്ക് ട്രില്ലർ സഹായധനമായി നൽകിയിട്ടുണ്ട്. ചെറുപുഴ വെള്ളം പമ്പ്ചെയ്ത് കൃഷി ഊർജിതമാക്കാനുള്ള ഒരുപദ്ധതി പ്രത്യേക തൊഴിൽദാനപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ലഭിച്ച 9 ലക്ഷം അപര്യാപ്തമായതുകൊണ്ട് Estimate പുതുക്കാനായി കൃഷി എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട് ഈ പദ്ധതി പൂർത്തിയായാൽ പെറുപുഴയിൽ രണ്ട് പ്രാവശ്യം (വർഷത്തിൽ) കൃഷിചെയ്യാൻ കഴിയും. ഹെക്ടറിന് 350 രൂപ വെച്ച് ഉൽപ്പാദന ബോണസ് നൽകുന്നുണ്ട്.

**പ്രത്യേക ഘടക പദ്ധതി —**

പട്ടികജാതി പട്ടികവർഗക്കാരുടെ കർഷകപുരോഗതി ഉദ്ദേശിച്ചുകൊണ്ടുള്ള നടപ്പുപദ്ധതിയാണ് പ്രത്യേകഘടകപദ്ധതി.

**പാക്കനാർപുരം പദ്ധതി.—**

പാക്കനാർപുരം ഗാന്ധിസദനത്തിന് കിണർ, പമ്പ്സെററ് എന്നിവയ്ക്ക് 67000 രൂപ പാസ്സായിട്ടുണ്ട് അവിടത്തന്നെ കോളനിഭാഗങ്ങളിൽ വളംചെയ്യാനായി 15300 രൂപ അനുവദിച്ചുകിട്ടി വളം വിതരണം ചെയ്തുകഴിഞ്ഞു.

**പച്ചക്കറികൃഷി:—**

പച്ചക്കറി കൃഷിക്കാവശ്യമായ വിത്തുകൾ കൃഷിഭവൻ വിതരണംചെയ്യുന്നു. ഏററവും നല്ല പച്ചക്കറി കർഷകന് 300 രൂപ സമ്മാനമായി നൽകുന്നു വിദ്യാർത്ഥികൾക്കായി പച്ചക്കറി വിത്തുപേക്കററുകൾ വിതരണം ചെയ്തുവരുന്നു. പ്രോത്സാഹനമായി 200, 150 100 എന്നീ നിരക്കിൽ സമ്മാനങ്ങൾ നൽകുന്നു.

**കശുമാവ്:—**

2 ഹെക്ടർ സ്ഥലത്തേക്കാവശ്യമായ 320 തൈകൾ 96-97 വർഷത്തിൽ വിതരണം നടത്തി മരുന്ന് തളിക്കാനവശ്യമായ മരുന്ന് സൗജന്യനിരക്കിൽ നൽകി.

**കുരുമുളക്—**

1996 മുതൽ 97 വരെയുള്ള കാലയളവിൽ 7000 വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ വിതരണം ചെയ്തിട്ടുണ്ട്. 95-96 ൽ 3000, 96–97 ൽ 1600 തൈകളും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

**പയർ:—** ദേശീയ പയർ വികസന പദ്ധതിപ്രകാരം വിത്ത് കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട് കൂടാതെ പഴവർഗ്ഗത്തൈകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്.

**മണ്ണ്പരിശോധന:—**

മണ്ണിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെജൈവ വള ഉപയോഗത്തെപ്പററി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. വർഷത്തിൽ 25 രൂപ വീതം 2500 രൂപ സഹായധനം നൽകിയിട്ടുണ്ട.

**വിളഇൻഷുറൻസ്**

വിള ഇൻഷുറൻസ് നിലവിലുണ്ട് പക്ഷെ ജനകീയ പങ്കാളിത്തം കുറവാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി നിലവിലുണ്ട്. 8, 7, 5 വാർഡുകളിൽ നീർമറി വികസന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

**ഭൂ സംരക്ഷണ പ്രവർത്തനം —** ഒരു ഹെക്ടർ സ്ഥലത്ത് മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തിയാൽ 5000 രൂപ സഹായധനം ലഭിക്കും.

കാർഷിക സംബന്ധമായ ആവശ്യങ്ങൾക്ക് വായ്പകൾ നൽകുന്നതിനായി സർവ്വീസ് സഹകരണ ബേങ്ക് സൗത്ത്മലബാർ ഗ്രാമീണ ബേങ്ക് ശാഖ എന്നീ രണ്ട് സ്ഥാപനങ്ങൾസജീവമായി രംഗത്തുണ്ട്.

**പ്രശ്നങ്ങൾ:—**

1. കൃഷി സ്ഥലങ്ങളിൽ ഉപ്പ് വെള്ളം കയറുന്നു.
2. മെച്ചപ്പെട്ട വിത്തുകൾ ആവശ്യാനുസരണം ലഭിക്കാതിരിക്കൽ
3. ജലസേചനത്തിൻെറ അപര്യാപ്തത.
4. കൃഷിഭൂമികളിൽ (പ്രത്യേകിച്ച് വയൽ) യന്ത്രവൽക്കൃത ഉപകരണങ്ങൾ, വിത്ത്, വളം മുതലയവ എത്തിക്കാനാവശ്യമായ ഗതാഗത അസൗകര്യം.
5. ചിലമേഖലകളിൽ യഥാസമയം തൊഴിലാളികളെ കിട്ടാതിരിക്കൽ (ഉദാ: കൊയ്ത്ത്, കററചുമക്കൽ ഞാറ് നടൽ മെതി, നിലമൊരുക്കൽ)

6. കൃഷിഭൂമിയിൽ വെള്ളം അമിതമായി കെട്ടിനിൽക്കൽ.
7. രാസവളങ്ങളുടെ വിലക്കയററം.
8. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാതിരിക്കൽ
9. പുതിയ തലമുറക്ക് കൃഷിയോടുള്ള വിമുഖത.
10. കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ.
11. എലിശല്യം
12. മണ്ണ് പരിശോധനാ സൗകര്യത്തിൻെറ അപര്യാപ്തത.
13 ജൈവ വളത്തിൻെറ അഭാവം
14. തോടുകൾ അശാസ്ത്രീയമായി കിടക്കുന്നു.
15. കൃഷിഭവനിലൂടെയുള്ള സേവനം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും എത്താതിരിക്കൽ
16. കർഷകരുടെ ദാരിദ്ര്യം
17. ഇറിഗേഷൻ വകുപ്പിൻെറ അശാസ്ത്രീയമായ ജലസേചന രീതികൾ
18. മുള്ളൻപന്നിയുടെശല്യം
19. കൊറവട്ടത്താഴ ഭാഗത്ത് കനാൽ ജലം നെൽവയലിലേക്ക് നിറയുന്നത്.
20. കൃഷി ഭൂമി തുണ്ടം തുണ്ടമായത് കാർഷിക രംഗത്ത് പ്രശ്നം.
21. സമയത്ത് തെങ്ങുകയററതൊഴിലാളിയെ കിട്ടാതിരിക്കൽ

**നിർദ്ദേശങ്ങൾ:—**

1. പുഴയോരത്ത് ബണ്ടുകൾ കെട്ടിയും ചീർപ്പുകൾ സ്ഥാപിച്ചും ഉപ്പുവെള്ളം കയറുന്നത് തടയുക.
2. കൃഷി ഭവൻെറ സഹായത്തോടെ ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ വിത്തുല്പ്പാദനം നടത്തി കൃഷിക്കാർക്ക് വിതരണം ചെയ്യുക, ഭവൻെറ സഹായത്തോടെ കർഷകരിൽനിന്ന് മെച്ചപ്പെട്ട വിലക്ക് ഗുണമേന്മയുള്ള വിത്ത് ശേഖരിച്ച് വിതരണം ചെയ്യുക.

3. a) ജലസേചനം ഏർപ്പടുത്താൻ വ്യക്തികൾക്ക് പമ്പ്സെററ്, കിണറ്, ടാങ്ക് മുതലായവ വെക്കാനാവശ്യമായി വരുന്ന ചെലവിൻെറ 50% ത്തിൽ കൂടുതൽ സബ്സിഡി നൽകുക.
   b) കമ്മ്യൂണിററി ഇറിഗേഷൻ വ്യാപിപ്പിക്കുക
   c) VIIIാം വാർഡ് 125 ഏക്കറ ജലസേചനത്തിന്നായിട്ടുള്ള പദ്ധതി നടപ്പിലാക്കുക.
   d) സാദ്ധ്യമായ എല്ലാ പ്രദേശങ്ങളിലും മൈനർഇറിഗേഷൻ പദ്ധതി പ്രകാരം ജലസേചനം നടത്തുക.
   e) ആക്കൂൽ വയൽ പ്രദേശത്തേക്ക് ചിററടിത്തോട്ടിലുള്ള വെള്ളം എത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
   F] കനാൽവെള്ളം മാവുള്ളാട്ടിൽനിന്ന് കൂത്താളിക്കുററി ഭാഗത്തേക്ക് എത്തിക്കുക.
   G) കൃഷിയിടങ്ങളിൽ ജലസേചനത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുക. വൈദ്യുതി ഉള്ള പ്രദേശങ്ങളിൽമോട്ടോർ സബ്സിഡിയോടെ വായ്പ അനുവദിക്കുക [5H P വരെയെങ്കിലും] നെൽകൃഷിക്കുംപ്പെടെ.

4. a] പ്രധാന നെല്ലുൽപ്പാദന കേന്ദ്രമായ ചെറുപുഴയിൽ നടുവിലുള്ള കനാലിലൂടെ 4 മീ റോഡ് ഇരിങ്ങത്തുമായി ബന്ധിപ്പിക്കുക. ഇത് യന്ത്രവൽക്കരണത്തിന് അതിലൂടെ വമ്പിച്ച ഉൽപ്പാദന വർദ്ധനവിനും തൊഴിൽ സാദ്ധ്യതക്കും സഹായകമാവും. 5, 8 വാർഡുകൾ തമ്മിൽ റോഡ്മൂലം വയലിലൂടെ ബന്ധിപ്പിക്കുക [കൊറവട്ടഭാഗത്തുകൂടെ]
   b) തോലേരി ചേർക്കാവത്ത്താഴ ഡ്രെയിനേജ് പണിപൂർത്തിയാക്കി സൈഡിലൂടെ റോഡ് നിർമ്മിച്ച് കാർഷിക യന്ത്രവിഭവങ്ങൾ കൃഷിസ്ഥലത്ത് എത്തിക്കാൻ സൗകര്യമുണ്ടാക്കുക.
5. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാത്തരംഗത്ത് യന്ത്രവൽക്കൃതത്തോടെ കൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യണം.
6. കൊറവട്ടത്താഴയിലേക്ക് നമ്പൂരികണ്ടിമീത്തൽ കനാലിൽ നിന്ന്വരുന്ന വെള്ളം ചെറുപുഴ കനാലിനടുത്ത് 50 മീററർ ബണ്ട് നിർമ്മിച്ച് തോടിലേക്ക് ഒഴുക്കുക.
7. കിഴക്കാലോൽത്താഴ ചിറ ചതുപ്പുനിലത്തിലെ വെള്ളം അകലാപുഴയിലേക്ക് ഒഴുക്കിവിടുക
8. ചെമ്മീൻ കൃഷിക്ക് പററിയ ധാരാളം പ്രദേശങ്ങൾ ഉണ്ട്. അവിടങ്ങളിൽ ചെമ്മീൻകൃഷി നടത്താൻ പദ്ധതികൾ നടപ്പിലാക്കുക.
9. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിന് സഹകരണമേഖലയിൽ ഏർപ്പാടുണ്ടാക്കുക.
10. വീട്ടുവളപ്പിൽ പച്ചക്കറികൃഷി നടത്താനാവശ്യമായ വിത്ത് വിദഗ്ദോപദേശങ്ങൾ സാമ്പത്തിക സഹായം എന്നിവ മുഴുവൻ വീടുകൾക്കും ലഭ്യമാക്കാൻ പഞ്ചായത്ത്വാർഡ്തല സമിതികൾക്ക്രൂപം കൊടുക്കുക.
11. ഗ്രൂപ്പ് ഫാമിന് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.

12. 2-ാം വാർഡിലെ കുട്ടാടത്തിൽ 4-ാം വാർഡിൽ ആക്കൂൽ പുഴ ഭാഗം 5-ാം വാർഡ് പുളിച്ച്യാടക്കൽ ഭാഗം എന്നിവിടങ്ങളിൽ റോഡ് നിർമ്മിച്ച് കാർഷികോൽപ്പന്നങ്ങളും യന്ത്ര സാമഗ്രികളും എത്തിക്കാൻ സൗകര്യമുണ്ടാക്കുക (തൊട്ടടുത്തടൗണുമായി ബന്ധിപ്പിക്കുക)

13. വാർഡുകൾതോറും നെല്ലുൽപ്പാദകസമിതിയും, കേരസംരക്ഷണ സമിതിയും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ശക്തിപ്പെടുത്തുക സമിതിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിററിന് വിധേയമാക്കുക.

14. പുറമ്പോക്ക് സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുക, തിട്ടപ്പെടുത്തുന്നതുവരെ ജനകീയ സഹകരണത്തോടുകൂടി കാർഷികോൽപ്പാദനം ഉണ്ടാക്കാൻ പദ്ധതി തയ്യാറാക്കുക.

15 കരിയാട്ടിൽ, ചിററടി എന്നിവിടങ്ങളിൽ നിർമ്മിച്ച ബണ്ടുകളിലൂടെ കനാൽജലം തുറന്നുവിടുക.

16. ഔഷധ സസ്യങ്ങളുടെ കൃഷിയും വിപണനവും വികസിപ്പിക്കാൻ ആയുർവ്വേദ ആശുപത്രി വികസന സമിതികൾ ശക്തിപ്പെടുത്തി വാർഡ്തല സമിതികൾ രൂപീകരിക്കുക.

17. കരുവോട്ചിറയിൽനിന്ന് പമ്പ് ചെയ്യുന്ന വെള്ളം 6-ാം വാർഡിലേക്കെത്തിക്കുക.

18. നെൽവയലുകൾ നികത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുക

19. വളളത്തുമുക്ക് മുതൽ തോലേരിവരെയുളള റോഡ് പൂർത്തീകരിച്ച് കാർഷികവസ്തുക്കൾ വയലിലെത്തിക്കാൻ സൗകര്യമുണ്ടാക്കുക.

20. വെററില കൃഷിക്കാർക്ക് നൽകിവരുന്ന സബ്സിഡി വായ്പ ഉയർത്തുക

21. കാർഷികാവശ്യങ്ങൾക്ക് സബ്സിഡിവായ്പ എന്നിവക്ക് ഭൂപരിധി നിശ്ചയിക്കുമ്പോൾ കുടുംബാംഗങ്ങളുടെ മൊത്തം ഭൂമി കണക്കിലെടുത്ത് നൽകുക.

22. ചെറുപുഴയിലെ വെള്ളം പമ്പ് ചെയ്ത് ചെറുകിട മലയിൽ ജലസേചനം നടത്താൻ പദ്ധതിക്ക് രൂപം നൽകുക.

23. കാർഷികോൽപ്പന്നങ്ങളുടെ ഗതാഗത സൗകര്യത്തിനായി കൊറയമ്പ്രത്ത്താഴ കൊറവട്ടത്താഴ നടപ്പാത ഉടൻ പൂർത്തിയാക്കുക.

24. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

25 യഥാസമയം കർഷകർക്ക് തെങ്ങ് കയററതൊഴിലാളികളെ ലഭ്യമാകത്തക്കവിധത്തിൽ തെങ്ങ് കയററയന്ത്രത്തിന്റെ പ്രവർത്തനം കൂടുതൽപേരെ പരിശീലിപ്പിക്കുക.

26. ഇടവിള കൃഷി വികസനത്തിനായി വാർഡ്തലത്തിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

27. വാർഡുകൾതോറും മണ്ണ് പരിശോധനാ സൗകര്യം ഏർപ്പെടുത്തുക.

28 പഞ്ചായത്തിൽ തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തി ഉടനടി നിവാരണ മാർഗങ്ങൾ കുറഞ്ഞ ചെലവിൽ ചെയ്തുകൊടുക്കുന്ന സംഘങ്ങൾ വാർഡ്തോറും പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ ഏർപ്പെടുത്തുക.

29. സമുദ്രനിരപ്പിൽ നിന്ന് 25 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അനാദായകരമായ ഭൂമിയുടെ ഉടമസ്ഥർക്ക് ജലസേചനസൗകര്യത്തിന് പമ്പ്, ടാങ്ക്, കിണർ എന്നിവയുടെ സബ്സിഡി വ്യക്തികൾക്ക് 80%ത്തിന് മുകളിൽ ആക്കി ഉയർത്തുക.

30. എലി, മുളളൻപന്നി എന്നിവയുടെ ശല്യത്തിൽനിന്ന് കൃഷിക്കാരെ രക്ഷിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുക.

31. ജൈവവേലികളുടെ ഗുണത്തെപ്പററി ബോധവൽക്കരിക്കുക.

32. രാസവളങ്ങളുടെ സബ്സിഡി ഉയർത്തുക.

33. കമ്പോസ്ററ് വളങ്ങൾ ഉൽപ്പാദനബോണസ് നൽകുക.

34. തുറയൂർ സബ്ഡിസ്ട്രിബ്യൂട്ടറി കനാൽവഴിയുളള കുററ്യാടി പദ്ധതിയിലെ വെള്ളം ചൂരൽക്കാട് വയൽ ഹരിജൻ കോളനി പ്രദേശങ്ങളിലെ നിലവിലുളള കനാൽവഴി എത്തുന്നു എന്നുറപ്പ് വരുത്തുക.

35. തുറയൂർ സബ്ഡിസ്ട്രിബ്യൂട്ടറി കനാൽ വഴി കുററ്യാടി പദ്ധതിയിലെ വെള്ളം കുട്ടാടം വയലിലെത്തിച്ച് നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുക.

## മൃഗസംരക്ഷണം

മൃഗസംരക്ഷണ രംഗത്ത് തുറവൂർ പഞ്ചായത്തിന് വേണ്ടത്ര മുന്നേററം ഉണ്ടാക്കാൻ സാധിച്ചില്ല. പണ്ട് കാലത്ത് കന്നുകാലി വളർത്തലിനെ ആശ്രയിച്ച് ജീവിച്ചുപോന്നിരുന്ന 100 ഓളം കുടുംബങ്ങൾ ഉണ്ടായിരുന്നു. അന്ന് കാന്നുകാലികളെ കയറുരിവിട്ട മേയാൻ അനുവദിച്ചിരുന്നു. പശു, എരുമ, ആട്, കോഴി എന്നിവയെ ആയിരുന്നു പ്രധാനമായും വളർത്തിയിരുന്നത്. പഞ്ചായത്തിന്റെ പല സ്ഥലങ്ങളിലും കന്നുകാലികൾക്ക് വെള്ളം കുടിക്കാനുള്ള കൽത്തൊട്ടികൾ ഉണ്ടായിരുന്നു. ഭൂപരിഷ്ക്കരണം നിലവിൽ വന്നതോടെ ഭൂമികൾ തുണ്ടം തുണ്ടമായി ഭാഗിക്കപ്പെടുകയും, കന്നുകാലികൾ വിള നശിപ്പിക്കുന്നത് ശിക്ഷാർഹമാവുകയും കന്നുകാലി വളർത്തൽ ലാഭകരമല്ലാതാവുകയും ചെയ്തതോടെ ഈ മേഖലയിൽ ജനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്താതെയായി. നെൽവയലുകളുടെ അളവ് ഗണ്യമായി കുറഞ്ഞതോടെ കന്നുകാലി വളർത്തൽ പഞ്ചായത്തിൽ ശ്രമകരമായി. പഞ്ചായത്തിൽ ഒരു മൃഗാസ്പത്രിയും ഒരു ക്ഷീരവ്യവസായ സഹകരണ സംഘവും നിലവിൽ ഉണ്ട്. പശു, കോഴി എന്നിവയെ സാധാരണയായി വളർത്തുമ്പോൾ എരുമ, ആട് എന്നിവയെ വളർത്തൽ താരതമ്യേന കുറവാണ്.

സർക്കാർ ഏജൻസികൾ മുഖേന കന്നുകാലികളെ വാങ്ങി വളർത്താൻ ആവശ്യമായ സഹായധനം നൽകാൻ പദ്ധതികൾ ഉണ്ടെങ്കിലും ഇത് ഉപയോഗപ്പെടുത്താൻ ആളുകൾ തയ്യാറാവാറില്ല. ഇന്ന് കാലിവളർത്തൽ വളരെ ചിലവേറിയ ഒരു കാര്യമാണ്. പുഷി, കാലിത്തീററ, പുല്ല് എന്നിവക്ക് വളരെയേറെ വിലയുള്ളതാണ് ഇതിന് പ്രധാന കാരണം. മാത്രമല്ല കന്നുകാലി വളർത്തൽ അഭിമാനകരമായ ജോലിയായി ആളുകൾ കാണുന്നില്ല. നേരത്തെ കന്നെടുക്കൽ എന്ന സംവിധാനമുണ്ടായിരുന്നു. അതായത് പശുവിനെ പോററാൻ വാങ്ങുകയും രണ്ടുപ്രസവിച്ചശേഷം കുട്ടിയെ എടുത്ത് പശുവിനെ തിരിച്ചേല്പിക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഇത് മൃഗപരിപാലനത്തിന് സഹായകമായിരുന്നു. ഇന്ന് ആ പതിവും അവസാനിച്ചിരിക്കുന്നു.

## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മററുള്ളവ | വംശ വർദ്ധനവ് | മററുള്ളവ | കറവ ഉള്ളത് | കറവഇല്ലാത്തത് | കറവ ഉള്ളത് | കറവഇല്ലാത്തത് | കറവ ഉള്ളത് | കറവഇല്ലാത്തത് | | | | |
| 1 | — | 8 | — | 2 | 168 | 64 | 126 | 51 | — | — | — | 36 | 8 | — |
| 2 | — | 2 | — | — | 96 | 36 | 64 | 29 | — | — | — | 19 | 4 | — |
| 3 | — | 2 | — | — | 88 | 72 | 32 | 24 | — | — | — | 18 | 2 | — |
| 4 | — | — | — | — | 64 | 50 | 72 | 30 | — | — | — | 22 | 1 | — |
| 5 | — | — | — | — | 38 | 46 | 48 | 26 | — | — | — | 24 | 2 | — |
| 6 | — | — | — | 4 | 136 | 58 | 112 | 64 | — | — | — | 18 | 2 | — |
| 7 | — | — | — | — | 82 | 64 | 31 | 20 | — | — | — | 20 | 2 | — |
| 8 | — | — | — | — | 33 | 39 | 42 | 22 | — | — | — | 16 | — | — |

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 60 | 112 | 94 | 10 | 18 | — |
| 2 | 68 | 132 | 102 | 15 | 30 | — |
| 3 | 42 | 180 | 68 | 4 | 10 | — |
| 4 | 39 | 84 | 98 | — | — | — |
| 5 | 69 | 112 | 88 | — | — | — |
| 6 | 64 | 138 | 99 | 3 | 2 | — |
| 7 | 79 | 145 | 76 | — | — | — |
| 8 | 86 | 172 | 94 | — | — | — |

## പേവിഷബാധ-പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | 14 | | |
| കടിയേററതിന് ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 14 | | 3 | 4 | | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1054 | 328 | 112 |
| കിടാരി | 654 | 116 | 78 |
| എരുമ | — | — | — |

## പ്രശ്നങ്ങൾ

1. കന്നുകാലി വളർത്തൽ വളരെയേറെ ചിലവേറിയ ഒന്നായി തീർന്നിരിക്കുന്നു.
2. കാലിത്തീററ, പുല്ല് എന്നിവയുടെ വിലവർദ്ധനവ്.
3. പച്ചപ്പുല്ലിന്റെ ദൗർലഭ്യം:– നെൽപ്പാടങ്ങൾ പാർപ്പിടങ്ങളായി മാറുന്നതുകൊണ്ട് മേച്ചിൽ സ്ഥലങ്ങളുടെ കുറവ്.
4. കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നത് അഭിമാനകരമല്ല എന്നാണ് ജനങ്ങൾ കരുതുന്നത്.
5. നല്ലയിനം കന്നുകാലികളെ വളർത്തുന്നില്ല.
6. നിലവിലുള്ള മൃഗാസ്പത്രിയിൽ വേണ്ടത്ര ചികിത്സാസൗകര്യങ്ങൾ ഇല്ല.
7. ഉല്പാദനച്ചിലവുമായി താരതമ്യം ചെയ്യുമ്പോൾ പാലിന് വിലക്കുറവ് അനുഭവപ്പെടുന്നു.
8. പാൽ ശേഖരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഇല്ല.
9. കോഴിവളർത്തൽ ലാഭകരമാണെങ്കിലും ആവശ്യത്തിന് പോൾട്രീഫാററുകൾ ഇല്ല.
10. കന്നുകാലി വളർത്തലിനും കോഴിവളർത്തലിനും നിലവിലുള്ള വായ്പാസംവിധാനങ്ങൾ സുതാര്യമല്ല.
11. അലഞ്ഞ് തിരിയുന്ന പട്ടികളും, പേപ്പട്ടികളും, പേ ഇളകിയ കുറുക്കൻമാരും കന്നുകാലികൾക്ക് ഭീഷണിയാവുന്നു.

## നിർദ്ദേശങ്ങൾ

1. ക്ഷീര സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
2. സഹകരണാടിസ്ഥാനത്തിൽ തീററ പുൽകൃഷി വ്യാപിപ്പിക്കുക. തെങ്ങിന് ഇടവേളയായി തീററപ്പുൽകൃഷി ചെയ്യാം. ഇതിന് സബ്സിഡി നൽകണം.
3. കാലിത്തീററകൾക്ക് വില കുറച്ച് കിട്ടത്തക്ക വിധത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീററ നിർമ്മാണ യൂനിററ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
4. വായ്പാസൗകര്യങ്ങൾ സുതാര്യമാക്കുക.
5. കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുക.
6. നല്ല ക്ഷീരകർഷകനെ ആദരിക്കുക.
7. മൃഗാസ്പത്രിയിലെ ചികിത്സാസൗകര്യംവിപുലപ്പെടുത്തുക.
8. ശാസ്ത്രീയമായി കന്നുകാലിവളർത്തലിനെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
9. അലഞ്ഞ് തിരിയുന്ന പട്ടികളെയും, കുറുക്കൻമാരെയും നശിപ്പിക്കുക:– വളർത്തുമൃഗങ്ങൾക്ക് സൗജന്യമായി പ്രതിരോധ കുത്തിവെപ്പ് നടത്തുക. ഡോക്ടറുടെ സർട്ടിഫിക്കററോടെ ലൈസൻസിങ്ങ് സമ്പ്രദായം നടപ്പിലാക്കുക.
10. നല്ലയിനം കന്നുകാലികളെ വിതരണം ചെയ്യുക
11. ബീജദാനത്തിലൂടെ ലഭ്യമാകുന്ന നല്ല ഇനം കന്നുകുട്ടികളെ 'കന്നുകുട്ടിപരിപാലനപദ്ധതി' യിൽ ഉൾപ്പെടുത്തി 50% സബ്സിഡിയിൽ കാലിത്തീററ ലഭ്യമാക്കുക.
12. മൃഗാസ്പത്രിയിൽ ഒരു ക്ലിനിക്കൽ ലേബററ്ററി ഏർപ്പെടുത്തുക.
13. മൃഗാസ്പത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക.
14. ഓരോ വാർഡിലും രണ്ട് കേന്ദ്രങ്ങളിൽ വെച്ച് പ്രതിരോധ കുത്തിവെപ്പ് നടത്തുക.
15. മൃഗാസ്പത്രിയിൽ ജീപ്പ്, ടെലഫോൺ ലഭ്യമാക്കുക.
16. മൃഗാസ്പത്രയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക.

# ക്ഷീരവികസന വകുപ്പിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

## I ഗ്രാമീണ വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ

**1 കർഷകസമ്പർക്കപരിപാടി:** മുപ്പതിൽ കുറയാത്ത കർഷകരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ചർച്ചാക്ലാസ് സംഘടിപ്പിക്കുകയും പരിപാടിയുടെ നടത്തിപ്പ് ചെലവിലേക്കായി 200രൂപ വീതം ധനസഹായം വകയിരുത്തുന്നു.

### 2 നാടൻ ക്ഷീരോത്പന്ന നിർമ്മാണ പ്രവൃത്തി പരിചയ ക്ലാസ്

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായിനടപ്പാക്കി വരുന്ന പരിപാടിനടത്തിപ്പ് ചെലവിലേക്കായി 100 രൂപ വീതം നൽകുന്നു.

### 3 ബ്ലോക്ക്തല കന്നുകാലി പ്രദർശനവും സെമിനാറും

പശുപരിപാലനത്തിൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ കന്നുകാലി പ്രദർശനം നടത്തിവരുന്നു. പരിപാടിയുടെ പ്രചരണത്തിനും സമ്മാനങ്ങൾ നൽകുന്നതിനുമായി 900രൂപ ധനസഹായം നൽകുന്നു.

### 4 കൊമേർസ്യൽ ഡയറി യൂനിറ്റ്

അത്യുൽപാദനശേഷിയുള്ള 3 സങ്കരവർഗ്ഗ പശുക്കൾ. അവയെ പരിപാലിക്കുന്നതിനുള്ള ആധുനിക രീതിയിലുള്ള തൊഴുത്ത് കുറഞ്ഞത് 50 സെൻറ് സ്ഥലത്ത് പുൽകൃഷി ഇത് കുറഞ്ഞത് 3 വർഷം നിലനിർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി തെരഞ്ഞെടുത്ത 21000 രൂപ മുതൽ മുടക്കുമ്പോൾ 7000രൂപ ധനസഹായം നൽകുന്നു.

### 5 മാതൃകാ കാലിതൊഴുത്ത് നിർമ്മാണം

150 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ശാസ്ത്രീയ രീതിയിലുള്ള പുതിയ തൊഴുത്ത് നിർമ്മിക്കുന്ന കർഷകർക്ക് 1250 രൂപ ധനസഹായം നൽകുന്നു.

### 6 മിനറൽ മിക്ചർ

പശുക്കളിലെ പോഷകാഹാര കുറവ് നികത്തുന്നതിന് വേണ്ടി 50% സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുന്നു.

### 7 ക്ലീൻമിൽക്ക് പ്രോഡക്ട് കിറ്റ്സ്

പശു, തൊഴുത്ത് എന്നിവ ശുചിയായി സൂക്ഷിക്കുന്നതിനായി ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ ക്ഷീരവികസന വകുപ്പ് കർഷകർക്ക് ലഭ്യമാകുന്നു.

II ക്ഷീരസംഘങ്ങളുടെ നവീകരണത്തിനായി താഴെ കാണിച്ചിരിക്കുന്ന വിധത്തിൽ സാമ്പത്തിക ധനസഹായം നൽകുന്നു.

1. മിൽക്കോ ടെസ്റ്റർ 15000 രൂപ, 2 ഫ്രിഡ്ജ് 5000 3 ഫ്രീസർ 18000, 4 ഫർണ്ണിച്ചർ 5000 5 പരിശോധന ഉപകരണങ്ങൾ 5000, 6 മിൽകാൻ പൂർണ്ണമായും, 7 ബിൽഡിംഗ് സബ്സിഡി 20000, 8 പ്രവർത്തന മൂലധനം 5000, 9 മാനേജീരിയൽ സബ്സിഡി 5000.

### 2 ക്ഷീരോത്പന്ന നിർമ്മാണ യൂനിറ്റ്

4 വനിതകൾ ഉൾപ്പെട്ട ക്ഷീരോത്പന്ന നിർമ്മാണ യൂനിറ്റ് ക്ഷീരസംഘങ്ങൾ, മഹിളാ സമാജങ്ങൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് യൂനിറ്റ് തുടങ്ങുന്നതിനായി 22000 രൂപ സബ്സിഡി നൽകുന്നു.

## III പുൽകൃഷി വികസന പരിപാടി

പാലുൽപ്പാദനത്തിന്റെ ചെലവ് പരമാവധി കുറക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദീർഘകാല ഹ്രസ്വകാല പുൽകൃഷികൾക്കായി അത്യുൽപ്പാദന ശേഷിയുള്ള പുൽവർഗ്ഗ വിത്തുകൾ' പുൽക്കടകൾ എന്നിവ സൗജന്യനിരക്കിൽ ക്ഷീരകർഷകർക്ക് നൽകുന്നു. പുൽവിത്തുകളും, പുൽക്കടകളും വാങ്ങിയ കർഷകർക്ക് ഹെക്ടർ ഒന്നിന് 500 രൂപ രാസവള സബ്സിഡിയായി നൽകുന്നു. ഹ്രസ്വകാല വിളയായ മക്കച്ചോളത്തിന് ഹെക്ടർ ഒന്നിന് 500രൂപ രാസവള സബ്സിഡിയായി നൽകുന്നു. ഹ്രസ്വകാല വിളയായ വൻപയർ ഹെക്ടർ ഒന്നിന് 300 രൂപ സബ്സിഡിയായി നൽകുന്നു.

# മത്സ്യബന്ധനം

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന കററ്യാടിപ്പുഴ, അകലാപ്പുഴ, ചെറുപുഴ തുടങ്ങിയവയാണ് തുറയൂർ പഞ്ചായത്തിൻെറ ജലസ്രോതസ്സുകൾ കൂടാതെ ചിററടിത്തോട്, കല്പപ്പചാൽ, കറുകവയൽ, കട്ടാടൻവയൽ, എന്നീ ജലാശയങ്ങളും ഈ ഗ്രാമത്തെ ധന്യമാക്കുന്നു.

കൂട്, വീശുവല, ഒററൽ, ചൂണ്ടൻ, അരുവല, ത്തണ്ടാടി, വെള്ളവലി, അരുതപ്പൽ, ചെററകുത്തൽ, കാടിളക്കൽ തുടങ്ങിയസംവിധാനത്തിലൂടെ മത്സ്യം പിടിച്ച് ഉപജീവിനം കഴിച്ചിരുന്ന 200 ഓളം കുടുംബങ്ങൾഈ പഞ്ചായത്തിലുണ്ടായിരുന്നു. ഇത് അന്നത്തെ ജനസംഖ്യയുടെ 20% ത്തോളം വരുമായിരുന്നു.

കരിമീൻ,മാലാൻ,എളമീൻ, ചെമ്പല്ലി, കണ്ണിക്കൻ, തെരണ്ടി, ചെമ്മീൻ,ഞണ്ട്, പയ്യത്തി,വാലത്തൻ,വാള,കട്ട, മുഴ, കൊയല,പൊട്ടൻ,ഏട്ട,ബ്രാൽ, കട്ടങ്ങോലി, വാമീൻ മുതലായ മത്സ്യങ്ങളുടെവിഹാര രംഗമായിരുന്നു ഇവിടത്തെ ജലാശയങ്ങൾ. ജലാശങ്ങൾ നികത്തി ഇവിടെ തൈ വെച്ചതും, തൊണ്ടുകൾ പൂഴ്ത്തുന്നതും, കീടനാശിനികളുടെപ്രയോഗവും മത്സ്യ സമ്പത്തിനെപ്രതികൂലമായി ബാധിച്ചിട്ടുണ്ട് കൂടാതെ തിരപൊട്ടിച്ച്, നഞ്ഞ്കലക്കിയും, അരിപ്പവല, ഉപയോഗിച്ചും ഉള്ള മത്സ്യം പിടുത്തം അവയുടെ വംശനാശത്തിന് കാരണമാകുന്നു.മുമ്പ് വ്യാപകമായി കണ്ടിരുന്ന ബ്രാൽ, കട്ടങ്ങാലി, തെരണ്ടി, തുടങ്ങിയവ ഒരത്യപൂർവ്വ വസ്തുക്കളായിരിക്കുന്നു.

പുഴ മത്സ്യത്തിനുവേണ്ടി ധാരാളം ആളുകൾ ഇപ്പോഴും പയ്യോളി അങ്ങാടിയിൽ എത്താറുണ്ട്, ചെമ്മീൻ, ഞെണ്ട് തുടങ്ങിയവ എലത്തൂരിലേക്കും കയററി അയക്കാറുമുണ്ട്. ഏകദേശം 9 കി. മീററോളം പുഴയോരമുള്ള ഈ പഞ്ചായത്ത് മത്സ്യ ബന്ധനത്തിന് അനുയോജ്യമായ ചെമ്മീൻ കൃഷിയും. ഞെണ്ട് കൃഷിയും ശാസ്ത്രീയമായി നടത്തിയാൽ ലാഭകരവും അതിലുപരി തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കും.

## മത്സ്യ രംഗത്തെ പ്രശ്നങ്ങൾ

1. കുളങ്ങളും, തോടുകളും, വയലുകളും, മററ് ജലാശയങ്ങളും നികന്നുപോയിരിക്കുന്നു.
2. പുഴയോര പ്രദേശങ്ങളിൽ തൊണ്ട് പൂഴ്ത്തുന്നതും നികത്തി തൈവെക്കുന്നതും കൊണ്ട് മത്സ്യ സമ്പത്ത് നശിക്കുന്നു.
3. അരിപ്പവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യ കുഞ്ഞുങ്ങളേയും, മുട്ടകളേയും പാടെ നശിപ്പിക്കുന്നു.
4. മത്സ്യ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക കിടക്കുന്നു.
5. മത്സ്യം കേട് കൂടാതെ സൂക്ഷിക്കാനുള്ള സംവിധാനമില്ല.
6. മത്സ്യഫെഡ് പോലുള്ള സ്ഥാപനങ്ങളുടെ സേവനത്തെ പററിയുള്ള അജ്ഞത.
7. കീടനാശിനി പ്രയോഗം.

## പരിഹാര നിർദ്ദേശങ്ങൾ

1. അകാലപ്പുഴതീരത്ത് സ്വകാര്യ വ്യക്തികൾ ചികരി പൂഴ്ത്തുന്നത് തടഞ്ഞ് വിസ്തൃതമായ ആ സ്ഥലം മത്സ്യ കൃഷിക്ക് ഉപയുക്തമാക്കണം.
2. അരിപ്പവല ഉപയോഗിച്ചുള്ള മത്സ്യ പിടുത്തം നിരോധിക്കണം.
3. വള്ളവും വലയും മത്സ്യ തൊഴിലാളികൾക്ക് സൗജന്യമായി വിതരണംചെയ്യണം.
4. ശുദ്ധജല മത്സ്യ കൃഷി നടത്തുന്നതിന്ന് മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.
5. മത്സ്യ തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കണം.
6. മത്സ്യം സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
7. മത്സ്യ വിപണന സൗകര്യം വിപുലപ്പെടുത്തണം.
8. കീടനാശിനി പ്രയോഗം തടയണം.
9. കല്പപ്പചാലിലെ കാപ്പിൽ ശുദ്ധജല മത്സ്യ കൃഷിസാധ്യത പരിശോധിക്കണം.

# ★ വ്യവസായം ★

കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ തുറയൂർ പഞ്ചായത്തിന് കാര്യമായസ്ഥാനം ഒന്നുംതന്നെയില്ല. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വ്യവസായശാലകൾ ഈ പഞ്ചായത്തിൽ ഇന്നും അന്യമാണ്. പരമ്പരാഗത വ്യവസായങ്ങളായ പായനെയ്ത്ത്, മൺപാത്രനിർമ്മാണം, കയർ ഉൽപ്പാദനം എന്നിവയ്ക്ക് പുറമെ ഈ പഞ്ചായത്തിൽ മൂന്ന് ഈർച്ചമില്ലുകളും, നാല് ഗ്രിൽസ് നിർമ്മാണ യൂണിററുകളും ഉണ്ട്. എണ്ണയാട്ട് യന്ത്രങ്ങളും അഞ്ച് ഫ്ളോർ മില്ലുകളും താൽക്കാലികമായി പ്രവർത്തനം നിലച്ച ഒരു ഖാദിനെയ്ത്ത് കേന്ദ്രവും, മൂന്ന് പ്രിൻറിംഗ് സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ വിഭവങ്ങളും ആധുനിക സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തിയാൽ ധാരാളം വ്യാവസായിക സാധ്യതകളുള്ള പഞ്ചായത്താണ് തുറയൂർ.

## പരമ്പരാഗത വ്യവസായങ്ങൾ

**പായനെയ്ത്ത്:** ഒരു സമുദായത്തിന്റെ കുലത്തൊഴിലാണ് പായനെയ്ത്ത്. ഏകദേശം എണ്ണൂറോളം ആളുകൾ ഈ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഈ കുടിൽവ്യവസായത്തെ തളർത്തിയിരിക്കുന്നു. അഭിരുചിയിലുള്ള ജനങ്ങളുടെ മാററവും അർഹിക്കുന്നതിലും കുറഞ്ഞ വിലയ്ക്ക് വിററഴിക്കേണ്ടി വരുന്നതിനാലും കമ്പോളങ്ങളെരുക്കവും പ്രതിസന്ധികൾ സൃഷ്ടിക്കുന്നു.

ഉൽപ്പന്നങ്ങളെ വിററഴിക്കാൻ ആഴ്ചചന്തയെ മാത്രം ആശ്രയിക്കേണ്ടി വരുന്നതും മറെറാരു കാരണമാണ്.

**മൺപാത്ര വ്യവസായം:** മൺപാത്ര നിർമ്മാണവും ഒരു സമുദായത്തിന്റെ കുലത്തൊഴിലാണ്. വേണ്ടത്ര പശിമയുള്ള മണ്ണ് കിട്ടാനില്ല. പാത്രങ്ങൾചുട്ടെടുക്കാൻ വേണ്ടത്ര ഇന്ധനദൗർലഭ്യം വൻകിട പാത്രനിർമ്മാണ കമ്പനികളുമായുള്ള കടുത്ത മത്സരം എന്നിവ ഈ വ്യവസായത്തിന് നേരിടുന്ന ഭീഷണികളാണ്. കരവിരുതും സശ്രദ്ധയും ഒത്തിണങ്ങി പ്രവർത്തിച്ച് രൂപപ്പെടുത്തുന്ന പാത്രനിർമ്മാണ രംഗത്ത് ഉൽപ്പാദനക്ഷമി സ്വാഭാവികമാണ്. അതിനാൽ ഈ മേഖലയിൽ ചെറിയതോതിലുള്ള യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്. സഹകരണസംഘം നിലവിലുണ്ടെങ്കിലും പൊതുജന പങ്കാളിത്തത്തോടെയുള്ള വിപുലമായ സഹകരണ സംഘങ്ങൾ ഈ രംഗത്ത് സ്ഥാപിക്കപ്പെടേണ്ടതുണ്ട്.

**കയർ:** ഏകദേശം നാനൂറോളം ആളുകൾ ജോലിചെയ്യുന്ന ചൂടി, കയർ, ചകരി, തുമ്പ് വ്യവസായത്തിന് അനുകൂലമായ പ്രകൃതി സംവിധാനമാണ് തുറയൂർ പഞ്ചായത്തിനുള്ളത് വിശാലമായ പുഴയോരങ്ങളിൽ ചകരി, തൊണ്ട് പൂഴ്ത്തി അത് യന്ത്ര സഹായത്തോടെ കയറാക്കി മാററുന്ന രീതിയാണ് ഇവിടെയുള്ളത്. രണ്ട് കയർ സഹകരണസംഘങ്ങളും ഒരു വനിതാ കയർവ്യവസായസംഘവും ഇവിടെ പ്രവർത്തിച്ചുവരുന്നു. ആധുനികയന്ത്രങ്ങളുടെ സഹായത്തോടെ ഒരു ദിവസം കൊണ്ട്തന്നെ ചകിരി തുമ്പാക്കിമാററാനും അങ്ങിനെ കയർ, ചൂടിപ്പായ, മററു വീട്ടുപകരണങ്ങൾ മുതലായവ നിർമ്മിക്കാനും ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വ്യവസായികളെ ഇനിയും ഈ രംഗത്തേക്ക് ആകർഷിക്കുവാനും സഹകരണസംഘങ്ങൾ മുഖേന പുതിയ വിപണികൾ കണ്ടുപിടിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ ഈ വ്യവസായരംഗം വളർച്ച പ്രാപിക്കും.

**തടിവ്യവസായം:** പുഴകളുടെ സംഗമസ്ഥാനംകൊണ്ട് അനുഗ്രഹീതമായ പയ്യോളി അങ്ങാടിയിലും പരിസരത്തുമായി മൂന്ന് ഈർച്ച മില്ലുകൾ പ്രവർത്തിച്ച് വരുന്നു. തടി കേട് കൂടാതെ സൂക്ഷിക്കാനും, സുഗമമായ ഗതാഗതത്തിനും കൈവഴികളും തോടുകളും സഹായകമാണ്. കെട്ടിട നിർമ്മാണരംഗത്ത് വിപ്ലവകരമായ മാററങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ തടി വ്യവസായത്തിന് ഇനിയും സാധ്യതകളുണ്ട്. ഫർണ്ണിച്ചർ യൂനിററുകളും, തോണി, ബോട്ട് മുതലായവയും നിർമ്മിക്കാൻ കഴിഞ്ഞാൽ ഈ രംഗത്ത് മുതൽകൂട്ടായിരിക്കും. നൂറ് കണക്കിൽ തൊഴിലാളികളും, അനുബന്ധമായി മററ് തൊഴിലാളികളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. വൈദ്യുതി ക്ഷാമവും, ഉദ്യോഗസ്ഥ മേധാവികളുടെ കർക്കശനിയമങ്ങളും ഈ വ്യവസായത്തിന് ഭീഷണിയാണ്. കൂടുതൽപേരെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കുവാൻ സെമിനാറുകൾ മററ് പ്രചരണ മാർഗ്ഗങ്ങൾ എന്നിവ സ്വീകരിക്കുന്നത് നന്ന്.

മൊത്തത്തിൽ വ്യവസായങ്ങൾക്ക് അനുകൂല സാഹചര്യങ്ങൾ ധാരാളമുള്ള പഞ്ചായത്തിൽ അസംസ്കൃത വസ്തു ധാരാളം ലഭിക്കുന്ന നാളീകേരം ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ്.

(1) കൊപ്രഡ്രയർ സ്ഥാപിക്കുകയാണെങ്കിൽ ഇരുപത്തയ്യായിരത്തോളം തേങ്ങ 24 മണിക്കൂർ സമയംകൊണ്ട് കൊപ്രയാക്കി മാററാൻ കഴി

യും അതിനോടനുബന്ധിച്ച് എണ്ണയാട്ട് കേന്ദ്രവും സ്ഥാപിക്കാൻ കഴിഞ്ഞാൽ കൊപ്ര പിണ്ണാക്ക് ഉൽപ്പാദിപ്പിക്കാനും എണ്ണഉപയോഗിച്ച് സോപ്പ്ഫാക്ടറി, ചിരട്ടകൊണ്ട് കാർബൺ ഫാക്ടറിക്കുവേണ്ടിവരുന്ന അസംസ്കൃത വസ്തുക്കൾ, നാളികേരവെള്ളംകൊണ്ട് ശീതളപാനീയങ്ങൾ എന്നിവ നിർമ്മിക്കാൻ സാധിക്കും

വ്യവസായരംഗത്തേക്ക് ആളുകൾ കടന്നുവരാൻ മടിക്കുന്നത് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തത് കൊണ്ടാണ്. സഹകരണാടിസ്ഥാനത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ഏറെ സാധ്യതയുണ്ട്.

# പ്രശ്നങ്ങൾ

വ്യാവസായിക മേഖലയിൽ പരമ്പരാഗത വ്യവസായങ്ങളുൾപ്പടെ നിരവധി പ്രശ്നങ്ങളെ നേരിടുകയാണ്.

**1 പായനെയ്ത്ത്**: ഈ കുടിൽ വ്യവസായത്തിന് വേണ്ട അസംസകൃത വസ്തുവായ കൈതോലയുടെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു. പായ വിററഴിക്കാൻ ആഴ്ചച്ചന്തയെ മാത്രം ആശ്രയിക്കേണ്ടി വരുന്നു. സഹകരണസംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം ശക്തമല്ല. വിപണയിലുള്ള ഞെരുക്കവും അഭിരുചിയിലുള്ള മാററങ്ങളും ഈ വ്യവസായത്തിന് വിഘാതമായി നിൽക്കുന്നു.

2 **മൺപാത്രനിർമ്മാണം:** പാത്രനിർമ്മാണരംഗത്തേക്ക് അഭ്യസ്തവിദ്യരായ യുവാക്കൾ, പുതിയതലമുറ പ്രത്യകിച്ചും കടന്നുവരുന്നില്ല. വേണ്ടത്ര വിദഗ്ദതൊഴിലാളികൾ ഇല്ലാത്തതിനാലും ഉൽപാദനകമ്മിയും വമ്പിച്ച കൂലിചെലവുകളും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. പാത്രങ്ങൾ ചുട്ടെടുക്കാനുള്ള ഇന്ധനക്ഷാമം വളരെ രൂക്ഷമാണ്. ആധുനിക പാത്രകമ്പനികളിൽ നിന്നുള്ള കടുത്തമത്സരങ്ങളും വർദ്ധിച്ചുവരുന്ന ഗ്യാസ് അടുപ്പുകളുടെ ഉപയോഗവും വിപണന മേഖലയെ ക്ഷീണിപ്പിക്കുന്നു.

3 **കയർ**: കഠിനമായ ശാരീരികാധ്വാനം അവശ്യമായ ചകിരി പിരിച്ചെടുക്കാനും, തൊണ്ട്തല്ലാനും ആളെ കിട്ടാനില്ല എന്നതാണ് കയർ വ്യവസായത്തിൻെറ പ്രതിസന്ധികളിലൊന്ന്. നിലവിലുള്ള തൊഴിലാളികൾ കൂടുതൽവേതനം ആവശ്യപ്പെട്ടതുകൊണ്ട് ഈ വ്യവസായം തുടർന്നു കൊണ്ടുപോവാൻ പ്രയാസപ്പെടുന്നു. പുഴയോരങ്ങളിൽ ചകിരിത്തൊണ്ട് പൂഴ്ത്തിവെക്കാൻ സൗകര്യങ്ങളുണ്ടെങ്കിലും യന്ത്രവൽക്കരണം നടത്താൻ പററുന്നില്ല. ഇവിടെ ഗതാഗതം, വൈദ്യുതി മുതലായ പ്രശ്നങ്ങൾ വേറെയും ഉള്ളതുകൊണ്ട് മൊത്തത്തിൽ കയർ വ്യവസായം പ്രതിസന്ധിയിലാണ്.

## സാധ്യതകളും. നിർദ്ദേശങ്ങളും

1 കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ സുലഭമാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കയറും, കയറുൽപ്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്.

2 കൊപ്ര ഡ്രയർ സ്ഥാപിച്ച് നാളികേര സംസ്കരണം യന്ത്രവൽക്കരിക്കാം

3 വാഴനാര്, കൈതനാര്, എന്നിവ ഉപയോഗിച്ച് നാര് വ്യവസായം തുടങ്ങാം

4 ഖാദിവ്യവസായശാല അഭിവൃദ്ധിപ്പെടുത്തി പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കണം.

5 ചക്കരവ്യവസായം പുനരുജ്ജീവിപ്പിക്കണം.

6 പഞ്ചായത്ത് കേന്ദ്രീകരിച്ച് സോപ്പ് നിർമ്മാണശാല ആരംഭിക്കാം

7 വനിതകൾക്കായി റെഡിമെയിഡ് വ്യവസായം ആരംഭിക്കണം

8 ഇഷ്ടികനിർമ്മാണവ്യവസായം ആരംഭിക്കാം

9 കശുവണ്ടി സംസ്കരണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

10 ഗൾഫിൽ ജോലിചെയ്യുന്നവരുടെ സഹായത്തോടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ സാധ്യതയുണ്ട്.

11 മൺപാത്ര വ്യവസായരംഗത്ത് പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം.

# വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ

| പഞ്ചായത്തിലെ വ്യവസായങ്ങൾ | ജോലിക്കാർ | സ്ഥാപനങ്ങളുടെ എണ്ണം | അടച്ചുപൂട്ടിയവ |
|---|---|---|---|
| ഫ്ളോർമിൽ | 15 | 5 | — |
| ഈർച്ചമിൽ | 60 | 3 | — |
| ഫർണിച്ചർ ഗ്രിൽ യൂനിററ് | 18 | 5 | — |
| സിനിമാശാല | 4 | 1 | — |
| ഖാദിനെയ്ത്ത് | 15 | 1 | 1 |
| അംബേദ്കർ കരകൗശല വ്യവസായശാല | | 1 | 1 |
| ചെറുകിട അവിൽയൂനിററ് | 6 | 1 | — |

## പരമ്പരാഗത വ്യവസായങ്ങൾ

| | തൊഴിലാളികളുടെ എണ്ണം | സഹകരണസംഘം |
|---|---|---|
| പായനെയ്ത്ത് | 800 | 3 |
| പാത്രനിർമ്മാണം | 60 | 1 |
| കയർ വ്യവസായം | 120 | 3 |

# വിദ്യാഭ്യാസം

സാമ്പത്തികരംഗത്ത് പിന്നോക്കാവസ്ഥയിലല്ലാത്തതും എന്നാൽ വിദ്യാഭ്യാസമേഖലയിൽ പിന്നോക്കം നിൽക്കുന്നതുമായ ഒരു പഞ്ചായത്താണ് തുറയൂർ പഞ്ചായത്ത്. സമീപപ്രദേശത്തുള്ള പഞ്ചായത്തുകളുടെ വിദ്യാഭ്യാസ നിലവാരവുമായി താരതമ്യം ചെയ്താൽ നാം വളരെ പുറകിലാണെന്ന് മനസ്സിലാക്കാം. ഈ പിന്നോക്കാവസ്ഥക്ക് കാരണം പരിശോധിക്കുന്നതിനു മുമ്പായി പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് (1925ന് മുമ്പ്) കിഴക്കാനത്തുംമുകളിൽ വാഴയിൽ കണാരപ്പണിക്കരുടെയും മൂലയിൽ അപ്പനായരുടെയും പരിശ്രമഫലമായി ഏകദേശം 25 വിദ്യാർത്ഥികൾ പഠനമാരംഭിച്ചുതുടങ്ങി. അന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ ഈ പള്ളിക്കൂടത്തിൽ മുന്നോക്കജാതിയിൽ പെട്ടവർ മാത്രമേ വിദ്യാഭ്യാസം നടത്തിയിരുന്നുള്ളു. ഈ പള്ളിക്കൂടത്തിനുപുറമെ 1924ൽ നല്ലിമ്പക്കുന്നിൽ 8 ഏക്ര ഭൂമി കെ. കേളപ്പൻ ചാർത്തിവാങ്ങുകയും അതിന് 'പാക്കനാർപുരം' എന്ന് നാമകരണം ചെയ്യുകയും ഇവിടെ ഹരിജനങ്ങൾക്കുവേണ്ടി മാത്രം ശ്രദ്ധാനന്ദ വിദ്യാലയം സ്ഥാപിക്കുകയും ചെയ്തു. ഗോപാലപുരത്തുള്ള ഗോഖലെ സ്കൂളിന് ആ കാലഘട്ടത്തിൽ 1000 രൂപ സംഭാവന ചെയ്ത വ്യക്തിയായിരുന്നു ശ്രദ്ധാനന്ദൻ. അതുകൊണ്ടാണ് ഈ വിദ്യാലയത്തിന് ശ്രദ്ധാനന്ദ വിദ്യാലയം എന്ന് പേരിട്ടത്. കെ. കേളപ്പൻ, എ. കെ. ഗോപാലൻ തുടങ്ങിയവരായിരുന്നു ഈ വിദ്യാലയത്തിലെ ആദ്യകാല ഗുരുനാഥൻമാർ. ഇത് ഒരു ബോഡിംഗ് വിദ്യാലയമായിരുന്നു. ഇവിടെ 1934ൽ മഹാത്മാ ഗാന്ധിജിയുടെ പാദസ്പർശം ഏൽക്കുകയുണ്ടായിട്ടുണ്ട്.

മുസ്ലിം ഭൂരിപക്ഷമുള്ള ഈ പ്രദേശത്ത് മുസ്ലിം വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസ്സിലാക്കുകയും അതിന് പ്രവർത്തിക്കുകയും ചെയ്തിരുന്നത് തലശ്ശേരിക്കാരനായ കുഞ്ഞിമൂസ മൗലവിയായിരുന്നു. അന്നത്തെ സാമുദായിക പശ്ചാത്തലമാണ് ഇത്തരത്തിലുള്ള സംരംഭത്തിന് തുടക്കംകുറിച്ചത് എന്ന് കാണാം. ഈ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഇന്ന് നിലവിലുള്ള പാറേമ്മൽ സ്കൂൾ, പയ്യോളി സൗത്ത് മാപ്പിള സ്കൂൾ, ഇരിങ്ങത്ത് മാപ്പിള എൽ പി സ്കൂൾ മുതലായവ സ്ഥാപിക്കപ്പെട്ടത്. ഇതിനുമുമ്പുതന്നെ തേവുംകുനി എൽ. പി. സ്കൂളും, ഇരിങ്ങത്ത് എൽ. പി. സ്കൂളും സ്ഥാപിക്കപ്പെട്ടിരുന്നു. 1957ൽ ഏകാധ്യാപക സ്കൂളായി മുകപ്പൂർ ജി എൽ. പി. സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽതന്നെ കുലുപ്പ എ. എൽ. പി. സ്കൂളും 1962–63 കാലഘട്ടത്തിൽ ഗവ: യു. പി. സ്കൂളും സ്ഥാപിച്ചു. പഞ്ചായത്തിൽ ഹൈസ്കൂളിൻെറ അഭാവം പരിഹരിക്കപ്പെട്ടത് 1976ൽ ബി. ടി. എം. ഹൈസ്കൂൾ വന്നതോടുകൂടിയാണ്. ഇത്തരത്തിലുള്ള ഒരു ചരിത്ര പശ്ചാത്തലം മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസനിലവാരം വിലയിരുത്തുമ്പോൾ നമുക്ക് പല കാരണങ്ങളും കണ്ടെത്താൻ സാധിക്കും. ഈ റിപ്പോർട്ടിൽ അനുബന്ധമായി പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ചില സ്ഥിതിവിവരക്കണക്കുകൾ ചേർത്തിട്ടുണ്ട്.

10.48 സ്ക്വയർ കിലോമീററർ ചുററളവുള്ള വളരെ ചെറിയ തുറയൂർ പഞ്ചായത്തിൽ ആകെ 8 വാർഡുകളിലായി മൊത്തം 9 എൽ. പി. സ്കൂളുകളും 3 യു. പി. വിഭാഗം സ്കൂളുകളും 2 ഹൈസ്കൂൾ വിഭാഗം സ്കൂളുകളുമാണുള്ളത്. പഞ്ചായത്തിലെ ജനസംഖ്യാടിസ്ഥാനത്തിൽ ഈ സ്കൂളുകളുടെ എണ്ണം പര്യാപ്തമാണെന്ന് മനസിലാക്കാവുന്നതാണ്. രണ്ട് സ്കൂളുകൾ തമ്മിലുള്ള അകലം പരിശോധിക്കുമ്പോൾ ശാസ്ത്രീയമായ രീതിയിലല്ല ഇവ സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണാം. എല്ലാ സ്കൂളുകൾ തമ്മിലുള്ള അകലം പട്ടികയിൽ ചേർത്തിട്ടുണ്ട്. തുറയൂർ എൽ. പി. സ്കൂളും ഗവ:വെൽഫെയർ എൽ. പി. സ്കൂളും അടുത്തടുത്ത് സ്ഥിതിചെയ്യുന്നു. കൂടാതെ ഇരിങ്ങത്ത് എൽ. പി. സ്കൂളും ഇരിങ്ങത്ത് മാപ്പിള എൽ. പി. സ്കൂളും തമ്മിലുള്ള അകലം വെറും 3മീററർ മാത്രമാണ്.

പഞ്ചായത്തിൽ നാമമാത്രമായ ട്യൂട്ടോറിയൽ കോളേജും, ടൈപ്പ്റൈററിംഗ് ഇൻസ്ററിററ്യൂട്ടും മാത്രമെയുള്ളൂ. പത്താം തരത്തിൽനിന്നും തോററുപഠിക്കുന്നവരും സ്കൂൾ ഗോയിംഗ് കുട്ടികളും അടുത്ത പഞ്ചായത്തിലെ സ്ഥാപനത്തിൽ പോയാണ് പഠിക്കുന്നത്. ടൈപ്പ്റൈററിംഗിനും മററു പഞ്ചായത്തിൽപോയി പഠിക്കുന്നുണ്ട്. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.

പഞ്ചായത്തിനകത്തുള്ള ഏതാനും ധനിക കുടുംബങ്ങളിലെ വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള അൺ എയിഡഡ് സ്കൂളുകളായ എസ്. എച്ച്. കോൺവെൻറ്, സലഫി തുടങ്ങിയ സ്ഥാപനങ്ങളിൽപോയി പഠിക്കുന്നുണ്ട്. കൂടാതെ ചില കുട്ടികൾ തൊട്ടടുത്ത പഞ്ചായത്തായ പയ്യോളി പഞ്ചായത്തിലെയും തിക്കോടി പഞ്ചായത്തിലെയും യു. പി., ഹൈസ്കൂൾ എന്നീ അംഗീകൃത വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നുണ്ട്.

കണക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിനകത്തുള്ള പ്രൈമറി വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായികാണാം. പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ആകർഷകമായ അൺഎയിഡഡ് സ്കൂളുകളുടെ തള്ളിക്കയററം മുതലായവയാണ് ഇതിനുകാരണമെന്ന് കണ്ടെത്താൻ സാധിക്കും. മുക്കാൽ കിലോമീററർ ചുററളവിനുള്ളിൽ 3 എൽ. പി. സ്കൂളുകൾ സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ ഇതിലൊന്നായ ഗവ:വെൽഫയർ എൽ. പി. സ്കൂൾ അൺ എക്കണോമിക് ആയിരുന്നെങ്കിലും പഞ്ചായത്തിലെ ഏക വെൽഫയർ സ്കൂൾ (സ്വന്തമായി കെട്ടിടമില്ലാത്ത) ആയതുകൊണ്ടാണ് അൺ എക്കണോമിക് ആയി പ്രഖ്യാപിക്കപ്പെടാതിരുന്നത്.

അപ്പർ പ്രൈമറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൻെറ 2 U. P. സ്കൂളുകൾ രണ്ടററങ്ങളിലായി സ്ഥിതിചെയ്യുന്നത്. ഈ സ്കൂളുകളിലെവിദ്യാർത്ഥികളുടെ എണ്ണത്തിലും അൺഎയിഡഡിൻെറ തള്ളിക്കയററം കുറവ് വരുത്തിയിട്ടുണ്ട്.

U.P. വിഭാഗത്തിലെ ഏകഗവ: സ്കൂളായ തുറയൂർ ഗവ:യു.പി.സ്കൂളിലെ ബിൽഡിംഗിൻെറ കുറവ്, സ്ഥലവ്യാപ്തി മുതലായവ വളരെ പരിമിതമാണ്. വർഷക്കാലത്ത് താൽക്കാലിക ഷെഡിൽ വെള്ളം കയറുന്നതുമൂലം അധ്യയന ദിവസങ്ങൾ മുടങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ 3യു. പി. സ്കൂളുകളിലും തൊട്ടടുത്തുള്ള മണിയൂർ, മേപ്പയ്യൂർ എന്നീ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

നിലവിലുള്ള എയിഡഡ് സ്കൂൾ 4-ാം വാർഡിൻെറ തെക്കെ അററത്താണെങ്കിലും പഞ്ചായത്തിൻെറ ഒരററത്താണെന്ന് തന്നെ പറയാം. പഞ്ചായത്തിലെ 2 U. P. സ്കൂളുകളിൽനിന്നും വരുന്ന വിദ്യാർത്ഥികളും കീഴൂർ, മണിയൂർ എന്നീ പഞ്ചായത്തിൽനിന്നും വരുന്ന വിദ്യാർത്ഥികൾ ഉള്ളതുകാരണം ഈ സ്കൂളിൽ വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടാറില്ല. എങ്കിൽപോലും മുകളിൽ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിലെ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾ മററ് പഞ്ചായത്തിലെ സ്കൂളുകളിലും, സലഫി സ്കൂളിലും പോയി പഠിക്കുന്നുണ്ട്. ഈ സ്കൂളിലെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം പരിശോധിച്ചാൽ 25% ത്തിൽ കൂടുതൽ വിജയശതമാനം കണ്ടെത്താൻ സാധ്യമല്ല. പട്ടിക ചുവടെ കൊടുക്കുന്നു.

SSLC വിജയശതമാനം

പട്ടിക I

| വർഷം | ശതമാനം |
|---|---|
| 91—92 | 24.3% |
| 92—93 | 19.3% |
| 93—94 | 15.3% |
| 94—95 | 12.9% |
| 95—96 | 14.15% |

പഞ്ചായത്തിലെ പഠനനിലവാരം മോശമാണെന്ന് മുകളിൽകൊടുത്തിട്ടുള്ള പട്ടികവഴി മനസിലാക്കാവുന്നതാണ്. ഹൈസ്കൂൾ ക്ലാസിലെത്തുന്ന 20% വിദ്യാർത്ഥികൾക്ക് മാതൃഭാഷപോലും തെററുകൂടാതെ എഴുതാനും വായിക്കാനും അറിഞ്ഞുകൂടായെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പ്രൈമറി വിഭാഗം കുട്ടികളിൽ 30% പേരും പ്രതീക്ഷിത നിലവാരം പുലർത്താൻ കഴിയുന്നില്ല. ഇതിൻെറ കാരണം പരിശോധിക്കുമ്പോൾ ഓൾ പ്രമോഷൻ സമ്പ്രദായമാണെന്ന് കാണാൻ സാധിക്കും. പഞ്ചായത്തിൻെറ സാമൂഹ്യചുററുപാട് വിദ്യഭ്യാസ നിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗൾഫ്സ്വപ്നം മനസിൽ കണ്ടുകൊണ്ട്, ജയിച്ചാലും തോററാലും 18 വയസ് വരെ വിദ്യാഭ്യാസം നടത്തുന്ന സമൂഹത്തിന് ഈ വിദ്യാഭ്യാസം ആവശ്യമില്ലാത്തചുററു പാടാണുള്ളത്. ഈ അടുത്തകാലത്ത് ഇതിന് അൽപ്പം മാററം വന്നിട്ടുമുണ്ട്. സ്ത്രീ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ 90%വും എസ്. എസ്. എൽ. സി. വരെയെത്തി നിറുത്തുകയും ശൈശവവിവാഹവും അതിന് കാരണമായിത്തീരുകയും ചെയ്യുന്നു. ഇതിലും അടുത്തകാലത്ത് മാററം വന്നിട്ടുണ്ട്. SSLC പാസായ ചുരുക്കം ചിലർ മാത്രമെ ഉന്നത വിദ്യഭ്യാസം നടത്തുന്നുള്ളൂ, 20%പേർ സാമ്പത്തിക ബുദ്ധിമുട്ടുമൂലംപഠനം നിറുത്തുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. പട്ടിക 3ൽ വിദ്യാലയസൗകര്യങ്ങൾ ചേർത്തിട്ടുണ്ട്. മിക്ക സ്കൂളുകളിലും ലബോറട്ടറി, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം ഫർണീച്ചർ മുതലായവ ആവശ്യത്തിന് ഇല്ലാത്ത സാഹചര്യമാണുള്ളത്. 14സ്കൂളുകൾ ഉള്ളതിൽ 2 L. P.യു 1യു. പി.യും ഒഴികെ മററെല്ലാംതന്നെ മാനേജ്മെൻറ് സ്കൂളുകളാണ്. മിക്ക മാനേജ്മെൻറ് സ്കൂളിലെയു ഭൗതികസാഹചര്യം വളരെ മേശമാണ്. ഒരൊററസ്കൂളിനും കളിസ്ഥലം ഇല്ലെന്ന്തന്നെ പറയാം. ക്ലാസ്മുറികൾ വേർതിരിച്ചിട്ടുള്ള ഒരൊററ എൽ. പി. സ്കൂൾ മാത്രമെ പഞ്ചായത്തിലുള്ളൂ. അത് ഗവ:L.P.ആണ്താനും.

പഞ്ചായത്തിലെ സ്കൂളുകൾ തമ്മിലുള്ള അകലം പട്ടിക 2ൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിൽ അശാസ്ത്രീയമായ രീതിയിലാണ് സ്കൂൾ സ്ഥാപിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 7-ാം വാർഡിൽ മാത്രം 3 എൽ. പി. സ്കൂൾ സ്ഥിതിചെയ്യുമ്പോൾ 8-ാം വാർഡിൽ ഒരൊററ സ്കൂൾ പോലുമില്ല എന്നതാണ് പ്രധാനപ്രശ്നം. മാത്രമല്ല 7-ാം വാർഡിലെ 2 എൽ. പി. സ്കൂളുകൾ തമ്മിലുള്ള അകലം വെറും 8മീററർമാത്രമാണ്. 1-ാം വാർഡിൽ 2എൽ. പി. സ്കൂൾ ഉണ്ടായിരുന്നത് ഇപ്പോൾ ഒന്ന് മാത്രമെയുള്ളൂ. 1-ാം വാർഡിൽ നിന്നും മാററി സ്ഥാപിച്ച സ്വന്തമായി കെട്ടിടമില്ലാത്ത ഗവ: വെൽഫയർ സ്കൂൾ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന 2 എൽ. പി. സ്കൂളുകൾക്കിടയിലാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ കഴിഞ്ഞവർഷം അൺഎക്കണോമിക് സ്കൂൾ ആയിരുന്നെങ്കിലും പഞ്ചായത്തിലെ ഏക വെൽഫയർ സ്കൂൾ ആയതുകൊണ്ടാണ് ഗവ:അൺഎക്കണോമിക് ആയി പ്രഖ്യാപിക്കപ്പെടാതിരുന്നത്.

പഞ്ചായത്തിലെ സ്കൂളുകളിൽ പൊതുവെ കൊഴിഞ്ഞുപോക്ക് കുറവാണെന്നാണ് മനസിലാക്കാൻ കഴിയുന്നത്. എങ്കിൽപോലും സ്ഥിരമായി സ്കൂളുകളിൽ വിദ്യാർത്ഥികളെ പറഞ്ഞയക്കുന്നതിൽ 5% രക്ഷിതാക്കൾ താത്പര്യം കാണിക്കുന്നില്ല. ഇതിന് ബോധവൽക്കരണം ആവശ്യമാണ്.

മുകളിൽ സൂചിപ്പിച്ചപോലെ 11 മാനേജ്മെൻറ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനരീതി പരിശോധിച്ചാൽ ഒരൊററ സ്കൂളുകളിലും പട്ടികജാതിയിൽപ്പെട്ട അധ്യാപകരെ നിയമിച്ചിട്ടില്ല എന്ന് കാണാൻ സാധിക്കും. ലക്ഷങ്ങൾ കോഴകൊടുത്ത് സ്കൂളിൽ നിയമനം ലഭിക്കാനുള്ള സാമ്പത്തിക ചുററുപാട് പട്ടികജാതിയിൽപ്പെട്ടവർക്കില്ലാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്.

**സാക്ഷരതാപ്രവർത്തനം:—** പഞ്ചായത്തിൽ ഇപ്പോൾ സാക്ഷരതാപ്രവർത്തനം നടക്കുന്നില്ല. ഒന്നാംഘട്ടം പ്രവർത്തനത്തിൽ പഞ്ചായത്തിലെ 73.6% നിരക്ഷരരെ സാക്ഷരതാ ക്ലാസിലെത്തിച്ചെങ്കിലും ഒന്നാംഘട്ടത്തിൻെറ അവസാനത്തോടുകൂടി 48% പഠിതാക്കൾ കൊഴിഞ്ഞുപോയിട്ടുണ്ട്. തുടർ വിദ്യാഭ്യാസ പരിപാടി പഞ്ചായത്തിൽ വിജയപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ തുടർസാക്ഷരതാപ്രവർത്തനം സന്നദ്ധ സംഘടനകൾ ഏറെറടുത്ത് നടത്തേണ്ടതാണ്.

# പ്രശ്നങ്ങൾ

* പഞ്ചായത്തിൽ S. S. L. C. വിജയശതമാനം കുറവാണ്.
* ഭൂരിഭാഗം സ്കൂളുകളിലെയും ഭൗതികസാഹചര്യം തൃപ്തികരമല്ല. ആവശ്യത്തിന് ഫർണീച്ചറോ കളിസ്ഥലമോ ഇല്ല. ഭൂരിഭാഗം സ്കൂളുകളിലും ലൈബ്രററിയുമോ, ലാബററ്ററി സൗകര്യങ്ങളോഇല്ല സ്കൂളുകളിൽ കിണറില്ല.
* അൺഎയിഡഡ് സ്കൂളുകളുടെ വരവോടുകൂടി പ്രൈമറി ക്ലാസുകളിൽ കുട്ടികളുടെ കുറവുകാരണം ഡിവിഷൻ കുറയുന്ന ചുററുപാട് സ്കൂളുകൾക്ക് ഭീഷണിയായി നിൽക്കുന്നു.
* കലാകായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം പഞ്ചായത്തിലില്ല.
* മിക്ക സ്കൂളുകളിലും പഠനോപകരണങ്ങൾ കുറവാണ്.
* പഞ്ചായത്തിലെ പാഠ്യേതര പ്രവർത്തനങ്ങൾ മോശമാണ്.
* സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത് (അകലം) അശാസ്ത്രീയമായ രീതിയിലാണ്.
* എല്ലാ വാർഡിനെയും കേന്ദ്രീകരിച്ച് അംഗൻവാടികളില്ല
* ഉച്ചക്കഞ്ഞിക്കുള്ള ഭക്ഷണ സാധനങ്ങൾ യഥാസമയം ലഭിക്കാറില്ല. ഉച്ചക്കഞ്ഞി വിതരണം ചില സ്കൂളുകളിൽ മുടങ്ങിയിട്ട് മാസങ്ങളോളമായി. ഉച്ചക്കഞ്ഞിക്ക് ഗവ: ൽ നിന്നും ലഭിക്കുന്ന ചെലവ് തൃപ്തികരമല്ല. അത് യഥാസമയം ലഭിയ്ക്കാറുമില്ല.

## പരിഹാര നിർദ്ദേശങ്ങൾ

സ്കൂളുകളിലെ ഓരം പ്രമോഷൻ സമ്പ്രദായം നിർത്തലാക്കുക. എല്ലാ സ്കൂളുകളിലേയും ഭൗതികസാഹചര്യം തൃപ്തികരമാക്കുക. അക്ഷരം അറിഞ്ഞാകൂടാത്ത വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അവർക്ക് പരിഹാര ബോധനം നടത്തുക. ഇത് പഞ്ചായത്തിൽ സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ കീഴിൽ എൽ. പി. വിഭാഗത്തിൽ ഈ വർഷം മുതൽ നടപ്പാക്കിയിട്ടുണ്ട്. രക്ഷിതാക്കൾ നിരന്തരം സ്കൂളുകളുമായി ബന്ധപ്പെട്ട് അധ്യാപകരുമായി കുട്ടികളുടെ പഠനകാര്യം ചർച്ച ചെയ്യുക, ക്ലാസ് പി. ടി. എ കരം, മാതൃസംഗമങ്ങൾ സജീവമാക്കുക. ഗൃഹസമ്പർക്കപരിപാടി സജീവമാക്കുക. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഇടയ്ക്കിടെ സ്കൂളുകൾ സന്ദർശിക്കുക, അധ്യാപകരുമായി അവരുടെ പ്രശ്നം ചർച്ചചെയ്യുക. ഉന്നത വിദ്യാഭ്യാസോദ്യോഗസ്ഥർ ഇടയ്ക്കിടെ സ്കൂളുകൾ സന്ദർശിച്ച് അധ്യാപകരുടെ അധ്യാപനരീതി പരിശോധിക്കുക.

* എല്ലാ ക്ലാസുകളിലും മാസ പരീക്ഷാസമ്പ്രദായം നടപ്പിലാക്കുക.
* പഞ്ചായത്തിലെ നിർധനരായ വിദ്യാർത്ഥികളെ കണ്ടുപിടിച്ച് (പഠനകാര്യത്തിൽ മുന്നോക്കം നിക്കുന്ന) അവരെ ഉന്നതവിദ്യാഭ്യാസത്തിന് പറഞ്ഞയക്കുവാൻ പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.
* ഉച്ചഭക്ഷണ പരിപാടി പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുക.
* സ്കൂൾ സമയം രാവിലെ 8–30മുതൽ 1–30വരെയാക്കുക. ഉച്ചക്ക് ശേഷമുള്ള സമയം കുട്ടികൾക്ക് മത പഠനത്തിന് വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.
* എല്ലാ സ്കൂളുകളിലും ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ സ്ഥാപിക്കുക.
* പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുക. ട്യൂട്ടോറിയൽ കോളേജുകളുടെയും, ടൈപ്പ്റൈററിംഗ് ഇൻസ്ററിററ്യൂട്ടിന്റെയും എണ്ണം വർദ്ധിപ്പിക്കുക.
* പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേക്കും ഉള്ള റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
* എല്ലാ സ്കൂളുകളിലും വാട്ടർടാപ്പ് സ്ഥാപിക്കുക.

### പട്ടിക 2.

| വാർഡ് | സ്കൂളിന്റെ പേര് | തമ്മിലുള്ള അകലം |
|---|---|---|
| 1, 2 | പയ്യോളി എൽ. പി.<br>തുറയൂർ എൽ. പി. | ഏകദേശം 750 മീററർ |
| 2, 3 | തുറയൂർ എൽ. പി.,<br>ഗവ: വെൽഫയർ എൽ. പി. | ഏകദേശം 200 മീററർ |
| 2, 3 | ഗവ: വെൽഫയർ<br>പയ്യോളി സൗത്ത് മാപ്പിള എൽ. പി. | 300 മീററർ |
| 2, 6 | തുറയൂർ എം. എൽ. പി.<br>പള്ളിക്കുനി എം. എൽ. പി. | 1 കി. മീ. |
| 5, 6 | പള്ളിക്കുനി എം.എൽ. പി.<br>ഗവ: എൽ. പി. മുകപ്പൂർ | 2 കി. മീ: |
| 6, 7 | പള്ളിക്കുനി എം. എൽ. പി.<br>കുലുപ്പ എ. എൽ. പി. | 2 കി. മീ. |
| 5, 7 | കുലുപ്പ എ. എൽ. പി.<br>ഗവ: എൽ. പി. മുകപ്പൂർ | 2 കി. മീ. |
| 7, 7 | കുലുപ്പ എ. എൽ. പി.<br>ഇരിങ്ങത്ത് എ. എൽ. പി. | 2 കി മീ. |
| 7, 7 | ഇരിങ്ങത്ത് എ. എൽ. പി.<br>ഇരിങ്ങത്ത് എം. എൽ. പി. | 8 മീററർ |

# വിദ്യാലയ സൗകര്യങ്ങൾ

പട്ടിക 3.

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം | ഓഫീസ് ഉണ്ട്/ഇല്ല | സ്റ്റാഫ് മുറി ഉണ്ട്/ഇല്ല | ലബോറട്ടറി | ലൈബ്രറി ഉണ്ട്/ഇല്ല | മൂത്രപ്പുര ഉണ്ട്/ഇല്ല | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ബി. ടി. എം. ഹൈസ്കൂൾ | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഭാഗികം | ഭാഗികം | ഇല്ല |
| 2 | സലഫി ഹൈസ്കൂൾ | | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ഇല്ല | ഭാഗികം | ഉണ്ട് |
| 3 | സലഫി യു. പി. | | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 4 | ഇരിങ്ങത്ത് യു. പി. | | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 5 | തുറയൂർ ഗവ: യു. പി. | | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഭാഗികം | ഇല്ല | ഉണ്ട് |
| 6 | പയ്യോളി എം. എൽ. പി. | | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 7 | തുറയൂർ എ. എൽ. പി. | | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 8 | ഗവ: വെൽഫയർ എൽ. പി. | | ,, | ,, | ,, | ,, | ഇല്ല | ,, | ഇല്ല | ഭാഗികം | ,, | ,, |
| 9 | പയ്യോളി സൗത്ത് മാപ്പിള എൽ. പി. | | ,, | ,, | ,, | ,, | | ,, | ഉണ്ട് | ഇല്ല | ,, | ,, |
| 10 | പള്ളിക്കുന്നി എം. എൽ. പി. | | ,, | ,, | ,, | ,, | ഉണ്ട് | ,, | ,, | ,, | ,, | ,, |
| 11 | ഗവ: എൽ. പി. | | ,, | ,, | ,, | ,, | ,, | ഉണ്ട് | ,, | ,, | ,, | ഉണ്ട് |
| 12 | കുലുപ്പ എ. എൽ. പി. | | ,, | ,, | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, |
| 13 | ഇരിങ്ങത്ത് എ. എൽ. പി. | | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 14 | ഇരിങ്ങത്ത് എം. എൽ. പി. | | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ഇല്ല |

## പൊതുജനാരോഗ്യം

21ാം നൂറ്റാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ തുറയൂർ പഞ്ചായത്ത് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. രോഗം വന്നാൽ സാധ്യമായ എല്ലാ ചികിൽസാ സംവിധാനവും ഉപയോഗപ്പെടുത്തുവാൻ ജനങ്ങൾ തൽപ്പരരാണ്. എങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ പലപ്പോഴും അലംഭാവം കാണിക്കാറുണ്ട്. മററു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഹൃദ്രോഗം, പ്രമേഹം, ദന്തരോഗങ്ങൾ എന്നിവ ഈ പ്രദേശത്ത് കൂടുതലായി കാണപ്പെടുന്നു എന്നതാണ് ഡോക്ടർമാരുടെ അഭിപ്രായം. കോളനിപ്രദേശങ്ങളിൽ കാണുന്ന ശുചിത്വ പ്രശ്നവും പോഷകാഹാരക്കുറവും കാരണം ക്ഷയം, വിളർച്ച, വയറിളക്കം തുടങ്ങിയ രോഗങ്ങൾ സാധാരണയായി കണ്ടുവരുന്നു. ജനസംഖ്യയിൽ 30% ഓളം തുറസ്സായ പ്രദേശങ്ങളിൽ മലവിസർജനം നടത്തുന്നതുകൊണ്ടും ടൗണുകളിലെ മാലിന്യങ്ങൾകൊണ്ടും കൊതുകുകളുടെ വളർച്ചക്കും അതുമൂലം സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാനും കാരണമാകുന്നു. കുടുംബാസൂത്രണത്തിൻെറ കാര്യത്തിൽപഞ്ചായത്ത്പിന്നിലാണ്. കുടുംബത്തിൽ ശരാശരി 4 കുട്ടികളുണ്ട്. മാതൃശിശു മരണനിരക്ക് സംസ്ഥാന ശരാശരിക്കൊപ്പമാണ്.

പഞ്ചായത്തിലെ ആദ്യത്തെ ചികിൽസാകേന്ദ്രം പാക്കനാർപുരത്ത സ്ഥാപിച്ച (1924) ബാലകൃഷ്ണമേനോൻ സ്മാരക ആയുർവേദ ഡിസ്പെൻസറിയാണ്. രോഗം വന്നാൽ മന്ത്രവാദം നടത്തിയും ചൊട്ടുചികിൽസ ചെയ്തും ആശ്വാസം കണ്ടെത്തിയ ഈ പ്രദേശത്തുകാർക്ക് അല്പമെങ്കിലും ആശ്വാസം നൽകിയത് ഈ ഡിസ്പെൻസറിയാണ്. ഇതിന് ശേഷം ആയുർവേദ ചികിൽസാരംഗത്ത് സേവനമനുഷ്ഠിച്ചിരുന്ന പ്രധാന വൈദ്യന്മാരായിരുന്ന ചോയിവൈദ്യരും കൃഷ്ണൻവൈദ്യരും. 1957-ൽ ഇരിങ്ങത്ത് ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിച്ചു. സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച പ്രസ്തുത ചികിൽസാകേന്ദ്രം ഇന്നും പരാധീനതകളുടെ നടുവിൽ സ്ഥിതിചെയ്യുകയാണ്.

അലോപ്പതി രംഗത്ത് ഈ പഞ്ചായത്തിൽ സേവനം നടത്തിയത് കണ്ണൂർക്കാരനായ കുട്ടിഡോക്ടറായിരുന്നു. പിന്നീട് മേലടിയിലുള്ള വിശ്വനാഥ അയ്യരും ഷേണായിയും ഈ പ്രദേശത്ത് ആരോഗ്യസേവനം നടത്തി. തുറയൂർ പഞ്ചായത്തിൽ ഒരു അലോപ്പതി ചികിൽസാകേന്ദ്രം ആരംഭിച്ചത് ഡോ: ശ്രീനിവാസനായിരുന്നു. 1974 മുതലാണ് അദ്ദേഹം ഇവിടെ സേവനമാരംഭിച്ചത്. ഇപ്പോൾ അദ്ദേഹം കിഴൂരാണ് പ്രാക്ടീസ് നടത്തുന്നതെങ്കിലും പ്രദേശത്തുകാർ കൂടുതലും ചികിൽസാർത്ഥം അദ്ദേഹത്തെയാണ് ആശ്രയിക്കുന്നത്. 1989ലാണ് തുറയൂർ പഞ്ചായത്തിൽ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിച്ചത്. നേരത്തെ ടൂറിസ്റ്റ് ബംഗ്ലാവായിരുന്ന കുറാടിപുഴക്ക് സമീപമുള്ള പ്രകൃതിരമണീയമായ സ്ഥലത്താണ് പ്രസ്തുതസ്ഥാപനം സ്ഥിതിചെയ്യുന്നത്. ഡോ: ബൈജുവാണ് ഇപ്പോൾ സേവനം നടത്തുന്നത്. പഞ്ചായത്തിൽ നിന്നും ആദ്യമായി ഡോക്ടറേറ് ബിരുദം നേടിയത് തിരിക്കോട്ട് ഫക്കർദ്ദീനാണ്.

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിന് 2ഉപകേന്ദ്രങ്ങൾ ഉണ്ടെങ്കിലും അവ പ്രവർത്തന ക്ഷമമായിട്ടില്ല. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തകന്മാർ ഉണ്ടെങ്കിലും പൊതുജനങ്ങളുടെ ഇടയിൽ വേണ്ടത്രബോധവൽക്കരണം എത്തിയിട്ടില്ല. ഹെൽത്ത് സെൻററിൽ പരിമിതമായ തോതിൽ കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ടെങ്കിലും പൊതുജനങ്ങൾ അത് വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. ഏററവും പഴയ ചികിൽസാസമ്പ്രദായമായ ആയുർവേദ ഡിസ്പെൻസറി ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. രണ്ട് സ്വകാര്യ അലോപ്പതിക്ലിനിക്കുകളും തുറയൂരിൽ നിലവിലുണ്ട് നാലോളം ആയുർവേദ മരുന്നുകടകളും രണ്ട് അലോപ്പതിമെഡിക്കൽ ഷോപ്പുകളും പ്രവർത്തിക്കുന്നു. വിദഗ്ധരായ ആയുർവേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇതു കൂടാതെ ഏതാനും പാരമ്പര്യ വൈദ്യന്മാരും ചികിൽസാരംഗത്ത് പ്രവർത്തിക്കുന്നുണ്ട്

ആരോഗ്യ രംഗത്തെ വികസനത്തിന് ഒട്ടനവധി പരിഷ്കാരങ്ങൾ പഞ്ചായത്ത് നടത്തേണ്ടതുണ്ട്. ആരോഗ്യമുള്ള ജനങ്ങളാണല്ലോ രാജ്യത്തിൻെറ സമ്പത്ത്. ശരിയായ പോഷണം, ശുദ്ധജലം, പരിസരശുചിത്വം, ശുദ്ധവായു എന്നിവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്. അറവുശാലകൾ, കോഴിവിൽപ്പന കേന്ദ്രങ്ങൾ, മത്സ്യമാർക്കററ് എന്നിവ ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമായല്ല പ്രവർത്തിക്കുന്നത്. ശുചീകരണ പ്രവർത്തനങ്ങളുടെ പോരായ്മ എടുത്തു പറയത്തക്കതാണ്. ഹോട്ടലുകളിലെ മാലിന്യങ്ങൾ നീക്കാൻ ആവശ്യമായ സൗകര്യങ്ങളില്ല. മത്സ്യക്കച്ചവടം അങ്ങാടിയുടെ വിവിധ

ഭാഗങ്ങളിലാണ് നടക്കുന്നത്. വർഷകാലത്ത് പഞ്ചായത്തിന്റെ ചില മേഖലകളിൽ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. മാലിന്യങ്ങൾ കലർന്ന ജലം ഉപയോഗിക്കുന്നത് പകർച്ചവ്യാധികൾക്ക് കാരണമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊതുകുശല്യം വർദ്ധിച്ചിട്ടുണ്ട്. മത്സ്യരോഗം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാറുണ്ട്. മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായിട്ടുള്ളവർക്ക് മത്സ്യരോഗം ഭീഷണിയാവാറുണ്ട്.

തുറവൂർ പഞ്ചായത്തിൽ സന്നദ്ധസംഘടനകളും ആരോഗ്യ പ്രവർത്തകരും സാംസ്കാരിക കലാസംഘടനകളും ആരോഗ്യ രംഗത്ത് എടുത്തു പറയത്തക്ക പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെങ്കിലും ഈ രംഗത്ത് ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. ചില ക്ലബുകളുടെ ആഭിമുഖ്യത്തിൽ രക്തഗ്രൂപ്പ് നിർണ്ണയവും കണ്ണ് പരിശോധനയും നടക്കുന്നതൊഴിച്ചാൽ ഈ രംഗത്ത് കലാ-സാംസ്കാരിക ക്ലബുകളുടെ പ്രവർത്തനം പരിമിതമാണ്.

പഞ്ചായത്തിൽ 30 ശതമാനം വീടുകളിൽ കക്കൂസുകളില്ല. സാമ്പത്തിക പരാധീനതയും, ബോധവൽക്കരണത്തിന്റെ അഭാവവുമാണ് ഈ ദുഃസ്ഥിതിക്ക് കാരണം. ഗവൺമെന്റിൽ നിന്നു് കിട്ടാവുന്ന ആനുകൂല്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുകയും പഞ്ചായത്തിന്റെ ആവശ്യമായ ഇടപെടലുകൾ ഉണ്ടാവുകയും ചെയ്താൽ ഈ രംഗത്ത് കുറച്ചുകൂടി പുരോഗതി ഉണ്ടാവും. ഇപ്പോൾ 642 ഓളം വീടുകളിൽ സാനിട്ടറികക്കൂസ് സൗകര്യം ഇല്ല. 200ഓളം കക്കൂസുകൾ വിവിധ പദ്ധതികളിലായി അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പരിസര മലിനീകരണം ഈ പഞ്ചായത്തിലെ മുഖ്യപ്രശ്നമല്ല. എടുത്തുപറയത്തക്ക യാതൊരു വ്യവസായ സംരംഭങ്ങളും ഈ പ്രദേശത്തില്ല എന്നുള്ളത് പരിസര മലിനീകരണം ഒരു പരിധിവരെ കുറയാൻ കാരണമാണ് ഹോട്ടലുകളിലെയും കടകളിലെയും മാലിന്യങ്ങൾ പരിസര മലിനീകരണത്തിന് കാരണമാവാറുണ്ട് മൽസ്യമാർക്കററ്, ടാക്സിസ്റ്റാൻറ്, പഞ്ചായത്ത് ആഫീസ് എന്നിവ ഒരേ സ്ഥലത്ത് സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്ത് ആഫീസിന്റെ പരിസരത്ത് മാലിന്യങ്ങൾ കുന്നുകൂടാറുണ്ട്.

പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു ഡോക്ടർ മാത്രമെ ഇപ്പോഴുള്ളു. ആശുപത്രി കെട്ടിടം ചോർന്ന് ഒലിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. മൊത്തം പതിമൂന്ന് ജീവനക്കാർ സ്ഥാപനത്തിന് കീഴിൽ ഉണ്ടെങ്കിൽ കൂടി പൊതുജനങ്ങൾക്ക് ആവശ്യമായ ചികിൽസാ സൗകര്യങ്ങൾ കിട്ടാറില്ല. ഡോക്ടർ പലപ്പോഴും ഉണ്ടാകാറില്ല. ആവശ്യമായ മരുന്നുകൾ ഉണ്ടാകാറില്ല. രോഗികളുടെ ബാഹുല്യം നിലവിലുള്ള ചികിത്സാ സൗകര്യത്തേക്കാൾ കൂടുതലാണ്. ഇത് ചികിൽസാരംഗത്ത് തടസ്സമാവാറുണ്ട്. നിലവിൽ ഒ. പി. വിഭാഗം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

ചുരുങ്ങിയത് പത്ത് കിടക്കകളെങ്കിലും ഉള്ള ജനറൽ വാർഡ് ഉണ്ടാക്കുകയാണെങ്കിൽ ഈ പ്രദേശത്തെ ചികിൽസാരംഗത്ത് അത് ഒരു മുതൽക്കൂട്ടായിരിക്കും. മെയിൻ റോഡിൽ നിന്നും ആശുപത്രിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കിത്തീർക്കണം. ആരോഗ്യകേന്ദ്രത്തിന് കീഴിലുള്ള സബ് സെൻററുകൾ എത്രയുംപെട്ടെന്ന് പ്രവർത്തന ക്ഷമമാക്കണം. രോഗ പ്രതിരോധ കുത്തിവെപ്പുകൾ ഒരു പരിധിവരെ നടത്താറുണ്ടെങ്കിൽ കൂടി കൂടുതൽ ജന പങ്കാളിത്തം ആവശ്യമാണ്.

### പഞ്ചായത്തിലെ ജലജന്യരോഗങ്ങളുടെ സ്ഥിതി

| വർഷം | ജല ജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ (ചിക്കൻപോക്സ്) | പ്രാണി ജന്യരോഗങ്ങൾ മലേറിയ മററുള്ളവ |
|---|---|---|---|
| 1993_94 | 251 | 410 | 1 |
| 1994_95 | 238 | 421 | 1 |
| 1995_96 | 396 | 452 | 1 |

പ്രൈമറി ഹെൽത്ത് സെൻററിൽ ഔട്ട് പേഷ്യൻറിന്റെ എണ്ണം 92_93 ൽ കാലഘട്ടത്തിൽ 16,964 ഉം 93_94 ൽ 16,2,43 ഉം 94_95 ൽ 10,031 ഉം 95_96 ൽ 7,876 ഉം ആണ്.

## പ്രൈമറി ഹെൽത്ത് സെൻറർ രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

### പ്രതിവർഷം

| വർഷം | ഔട്ട്പേഷ്യൻറ് | ത്വക്ക്രോഗം | വാതരോഗം | പകർച്ച വ്യാധികൾ | മററ് രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1992_93 | 16,974 | 607 | — | 251 | 1033 | 1891 |
| 1993_94 | 16,243 | 542 | — | 465 | 993 | 3000 |
| 1994_95 | 10.031 | 760 | — | 331 | 1405 | 2496 |
| 1995_96 | 7,876 | 695 | — | 236 | 1701 | 2632 |

## കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | BCG | DPT | | | POLIYO | | | | DT | | | | MISILS |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD |
| 1 വയസ്സിൽ താഴെ | 51 | 119 | 141 | 153 | — | 119 | 141 | 153 | | | | | 123 |
| 1_3 വയസ്സ് | — | — | — | — | 94 | — | — | — | 94 | — | — | — | 16 |
| 3_6 വയസ്സ് | — | — | — | — | — | — | — | — | — | — | — | — | 124 |

ഗർഭിണികൾക്കുള്ള ടെററനസ് ടോക്സയിഡ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 38 | 68 | NIL |

| | |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 132 |
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 506 |
| വിററാമിൻ A തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 167 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | NIL |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | NIL |

## ആരോഗ്യകേന്ദ്രങ്ങൾ

| അലോപ്പതി | ആയുർവേദം |
|---|---|
| തുറയൂർ പ്രാഥമിക ആരോഗ്യകേന്ദ്രം (സർക്കാർ) | ഇരിങ്ങത്ത് ആയുർവേദഡിസ്പെൻസറി(സർക്കാർ) |
| T.P.M. ഹോസ്പിററൽ, തുറയൂർ (പ്രൈവററ്) | |
| ഇരിങ്ങത്ത് അശ്വതി ക്ലിനിക്ക് (പ്രൈവററ്) | |

## ജനന മരണ നിരക്കുകൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള |
|---|---|---|---|
| 93-94 | 170 | 85 | 4 |
| 94-95 | 216 | 90 | 3 |
| 95-96 | 209 | 101 | NIL |

കൊതുക നിവാരണപ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ഫലപ്രദമായിനടക്കാറില്ല. ഇത്തരം പ്രവർത്തനങ്ങളിൽ ആരോഗ്യപ്രവർത്തകൻമാർ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. സ്ഥിരമായ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ അഭാവം ഈരംഗത്ത് ഒരു പോരായ്മയാണ്.

എയിഡ്സ്, കാൻസർ, ഹൃദ്രോഗം മററ് മാരക രോഗനിർണയ കേമ്പുകൾ നിർബന്ധമായും നടത്തിയിരിക്കണം. രക്തദാനം, നേത്രദാനം തുടങ്ങിയവ പ്രോൽസാഹിപ്പിക്കണം. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തണം. ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് സ്ഥിരമായകെട്ടിടം നിർമിക്കണം. പയ്യോളി അങ്ങാടിയിൽ ഒരു പൊതു മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കണം. തുറയൂർ ഗവർമെൻറ് യു. പി. സ്കൂൾ പരിസരത്തെ ശോച്യാവസ്ഥ പരിഹരിക്കണം. മദ്യം, പുകവലി എന്നിവക്കെതിരെ പഞ്ചായത്തിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ പൊതു ശ്മശാനത്തിന് സ്ഥലം അക്വയർ ചെയ്തിട്ടുണ്ടെങ്കിലും അത് നിലവിൽ വന്നിട്ടില്ല. സാമുദായിക അടിസ്ഥാനത്തിൽ 5 ഓളം പൊതു ശ്മശാനങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ ജനനനിരക്കും മരണനിരക്കും ആപേക്ഷികമായി കുറഞ്ഞിരിക്കുന്നു. ജനനനിരക്ക് മരണനിരക്കിനേക്കാൾ വളരെ കൂടുതലാണ്. 1993-94 കാലഘട്ടത്തിൽ 170 ജനനവും 85 മരണവും 4 ചാപിള്ളജനനവും 94-95 കാലഘട്ടത്തിൽ 216 ജനനവും 90 മരണവും 3 ചാപിള്ള ജനനവും 95-96 കാലഘട്ടത്തിൽ 209 ജനനവും 101 മരണവും നടന്നു. മേല്പറഞ്ഞ കണക്കുപ്രകാരം ജനന നിരക്ക് മരണ നിരക്കിനേക്കാൾ മൂന്ന് ഇരട്ടിയോളം കൂടുതൽ വരും.

★ തുറയൂർ പ്രാഥമികആരോഗ്യകേന്ദ്രത്തിൽ ആമ്പുലൻസ് സൗകര്യം ഉണ്ടാക്കണം. കിണർജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി ബ്ലീച്ചിങ്ങ് പൗഡർ എല്ലാ വീടുകളിലും എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

★ 6-ാം വാർഡിൽ വടക്കേടത്തു താഴ നിർമ്മിച്ച സബ്സെൻറർ ഉൽഘാടനം ചെയ്യുകയും സ്ഥിരമായി ഡോക്ടറെയും ജീവനക്കാരെയും നിയമിക്കുകയും വേണം.

★ പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ കൊന്നൊടുക്കുകയും പട്ടികളെ വളർത്തുന്നതിന് നിർബന്ധ ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

★ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ആരോഗ്യ കേന്ദ്രത്തിൽ വെള്ളവും വൈദ്യുതിയും എത്തിക്കുകയും ഉടനെ ഉൽഘാടനം നടത്തുകയും വേണം.

★ തിരിക്കോട്ട് മുകളിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കണം.

★ ആയുർവ്വേദ ആശുപത്രിക്ക് വേണ്ടി പഞ്ചായത്തിൻെറ സ്ഥലത്ത് സ്ഥിരമായ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്.

★ പാലച്ചുവട് മൃഗാസ്പത്രിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുകയും അവിടെ സ്ഥിരമായ ഡോക്ടറെ നിയമിക്കുകയും ചെയ്യുക.

★ ആരോഗ്യ കേന്ദ്രത്തിലെ സൗകര്യങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്.

★ ആരോഗ്യകേന്ദ്രത്തിലെ പ്രവർത്തകൻമാർ വീടുകളിൽ എത്തി പൊതുജനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുക.

## കുടിവെള്ളം

ജലസ്രോതസ്സുകൾ അനേകമുണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ നില പരുങ്ങലിലാണ്. ഉപ്പുവെള്ളമുള്ള അകലാപ്പുഴയുടെ സാന്നിദ്ധ്യമാണ് ഇതിന് പ്രധാനകാരണം തീരദേശത്ത് കിണർ കുഴിച്ചാൽ വളരെയടുത്ത് ജലലഭ്യതയുണ്ടെങ്കിലും ശുദ്ധജലം ലഭ്യമല്ല കുന്നിൻപ്രദേശങ്ങളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നു അതുകൊണ്ട്തന്നെസമഗ്രശുദ്ധജലപദ്ധതി തുറയൂരിന്ആവശ്യവുമാണ്

സ്വന്തമായി കിണറുള്ള വീടുകൾ ഏകദേശം 50%ത്തോളം വരും അതിൽ തന്നെ മാർച്ച് ഏപ്രിൽ മാസങ്ങളിൽ 40ശതമാനത്തോളം കിണറുകളിലെ ജലം ലഭിക്കുന്നുള്ളു. പൊതുവെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുവെങ്കിലും രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നത്4. 5 8 വാർഡുകളിലാണ്. പഞ്ചായത്തിലെ നാലുസെൻറ് ലക്ഷംവീട് കോളനികൾ ഉയർന്നപ്രദേശത്തും ഹരിജൻ കോളനികൾ തീരദേശങ്ങളിലുമായത്കൊണ്ട് ഈ കോളനികളെല്ലാം തന്നെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്.

ഇവിടെ 50ശതമാനത്തോളം പേർ പൊതുജലവിതരണ സംവിധാനത്തെ ആശ്രയിക്കേണ്ടിവരുന്ന ഈ പഞ്ചായത്തിൽ ഏകദേശം 10 ശതമാനത്തോളം ജനങ്ങൾക്ക് മാത്രമേ ഇപ്പോഴുള്ള പൊതുജലവിതരണ പദ്ധതി ഉപയോഗപ്പെടുന്നുള്ളു. പുത്തൻ കിണററുകര (പയ്യോളിചീപ്പിന് സമീപം)യും ഇരിങ്ങത്ത് കൊളങ്ങരയിലും വാട്ടർ അതോററിയുടെ രണ്ട് ജലവിതരണ സംഭരണികളുണ്ട്. ഈ പദ്ധതിയിൽനിന്നു 135 ടാപ്പ് കണക്ഷനാണുള്ളത് മാർച്ച് ഏപ്രിൽ മാസങ്ങളിൽ കിണറുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നത്കൊണ്ട് മിക്ക ദിവസങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ്ക്ഷാമംകൊണ്ടും ഇത്വഴിയുള്ള ശുദ്ധജലവിതരണം ലക്ഷ്യപ്രാപ്തിയിൽനിന്ന് ബഹുദൂരം അകലെയാണ്. പഞ്ചായത്തിൽ ജനനിബിഡമായ 5 ലക്ഷം വീടുകോളനികളും 6 നാലു സെൻറുകോളനികളും 10ഹരിജൻ കോളനികളുമുണ്ട്.

## വാർഡ് തിരിച്ചുള്ള പ്രശ്നങ്ങൾ

1 സമതലപ്രദേശമായ ഒന്നാംവാർഡിൽപൊതുടേപ്പുകൾ കൂടുതൽ സ്ഥാപിക്കുക. പുഴയോരമായ പരപ്പിൽ വയൽ, മണിയോത്ത് താഴെ എന്നിവടങ്ങളിൽ പൊതുടേപ്പ് സ്ഥാപിക്കുക. ടേപ്പിൽ ആവശ്യത്തിന് കുടിവെള്ളം എത്തിക്കുക. വാർഡിലെ മിക്കകിണറിലും വേനൽക്കാലത്ത് വെള്ളം ഇല്ല.

2 രണ്ടാം വാർഡിൽനിലവിലുള്ള ടേപ്പുകൾ ലക്ഷം വീട് കോളനിവരെ എത്തിക്കുക. ലക്ഷംവീട് കോളനിപ്രദേശങ്ങളിലെ മിക്ക കിണറുകളും വേനൽകാലത്ത് വററിപോകുന്നു.

3 മൂന്നാം വാർഡിലെ കിണറുകളിൽ ഉപ്പുവെള്ളമാണ് ലഭിക്കുന്നത് നിലവിലുള്ള പൊതുടേപ്പിൽ വെള്ളമെത്താറില്ല. പുഴയ്ക്കക്കരെപോയി അടുത്ത പഞ്ചായത്തിൽ നിന്നാണ് ശുദ്ധജലമെത്തിക്കുന്നത്.

4 നാലാം വാർഡിലെ ഏക ലക്ഷം വീട് കോളനിയിൽ കിണറുണ്ടെങ്കിലും വേനൽക്കാലത്ത് വെള്ളം ലഭിക്കാറില്ല. ആക്കൂൽ കോളനി ഭാഗത്ത് പൊതുടേപ്പുണ്ടെങ്കിലും വെള്ളമെത്താറില്ല.

5 അഞ്ചാം വാർഡിൽ നടുവിലക്കണ്ടി നാലുസെൻറുകോളനി,ജലാശയം, കാട്ടൂളിക്കുന്ന് പ്രദേശം, ചൂരൽക്കാട് കുനി ഹരിജൻ കോളനി പാലച്ചുവട് മദ്രസ്സപരിസരം എന്നിവയാണ് രൂക്ഷമായ കുടിവെള്ളപ്രശ്നം നേരിടുന്ന പ്രദേശങ്ങൾ ഈ വാർഡിലെ ചിലകിണറിൽ വെള്ളമുണ്ടെങ്കിലും കമ്മനും ഉപ്പും നിറഞ്ഞതിനാൽ കുടിക്കാൻ പററില്ല. 25% കുടുംബങ്ങളും അകലെയുള്ള കിണററിൽ നിന്നും വെള്ളം കൊണ്ടുവന്നാണ് ശുദ്ധജലപ്രശ്നം പരിഹരിക്കുന്നത്.

6 ആറാം വാർഡിലെ നാല്സെൻറ് കോളനികളായ തെയ്യത്താം കുന്നും കുന്നുള്ളകുഴിച്ചാലും കളരിയുള്ള കുന്നിലും പൊതുടേപ്പോ പൊതുകിണറോ ഇല്ലാത്തത്മൂലം കൊല്ലം മുഴുവൻ ശുദ്ധജല പ്രശ്നം വളരെ രൂക്ഷമാണ്.

7 ഏഴാം വാർഡിലെ കുന്നിൻ പ്രദേശങ്ങളായ കല്ലുപ്പമലയിലും കാട്ടൂളികുന്നിലും കുയിമ്പിലുന്തിലും, ശുദ്ധ ജലക്ഷാമം രൂക്ഷമാണ്.

8 എട്ടാം വാർഡിലെ പുലപ്രക്കുന്നും, കുയിമ്പിലുന്തും നെല്ല്യാടൻ ചാലിൽ മീത്തലും കുഞ്ഞോത്ത് ചാലിൽ മീത്തലും പെരിങ്കടമലയും ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ്

കുറ്റ്യാടി പുഴയിൽ നിന്ന് വൻതോതിൽ പൂഴിവാരൽ നടത്തുന്നതുകൊണ്ട് 1, 2, 6 വാർഡുകളുടെ കിണറുകളിലെ ജലവിതാനം തീരെതാഴുകയും തൻമൂലം വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്

## നിർദ്ദേശങ്ങൾ

നിലവിലുള്ള പൊതുടാപ്പുകൾ നീട്ടുക പൊതുടാപ്പിൽ കൃത്യമായി വെള്ളമെത്തിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ പരിഹരിക്കുക, ടാപ്പ് മെയിൻറനൻസ് യഥാവിധിനടത്തുക പൊതുകിണറുകൾ ശുദ്ധീകരിക്കുക.

വാർഡിലെശുദ്ധജലത്തിൻെറസ്രോതസ്സ് കണ്ടുപിടിച്ചാൽ ഒരു പരിധിവരെകുടിവെള്ള പ്രശ്നംപരിഹരിക്കാം

എട്ടാംവാർഡിലുള്ള പുലപ്രക്കുന്നു പെരിങ്കിടമല എന്നീ കുന്നിൻ പ്രദേശത്തിലെ പ്രകൃതിദത്ത നീരുറവ പ്രയോജനപ്പെടുത്തിയാൽ ഈവാർഡിലെ കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

കുററ്യാടിപുഴയിലെയും അകലാപ്പുഴയിലെയും വെള്ളംശുദ്ധീകരിച്ചു ഉപയോഗപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പഞ്ചായത്തിലെ മൊത്തത്തിലുള്ള കുടിവെള്ളപ്രശ്നം പരിഹൃതമാവുന്നതാണ്

തിരിക്കോട്ടുമുകളിലെ പൊതുകിണർ ആഴംകൂട്ടി ആറംമറ കെട്ടി സംരക്ഷിക്കുക

കിഴക്കാനത്തു കുന്നിൻമുകളിൽ ഒരു കിണർ കുഴിച്ചു ടാങ്കെട്ടിപുഴയോര പ്രദേശത്ത് ശുദ്ധജലം വിതരണം ചെയ്യുക, സ്ഥലം സംഭാവന ചെയ്യാൻ സന്നദ്ധരായിട്ടുള്ളവരെ കണ്ടെത്താൻ സാധിക്കും തിരിക്കോട്ടുമുകളിൽ കുഴൽ കിണർ കുഴിക്കുക

പഞ്ചായത്തിലെ രണ്ടുംമൂന്നും വാർഡിലെകുളങ്ങൾ റിപ്പേർചെയ്തു ഉപയോഗപ്പെടുത്തുക
ആറാം വാർഡിൽ ഇറിഗേഷൻെറ സ്ഥലത്ത് കിണർകുഴിച്ച് കളരിയുള്ളപറമ്പിൽ ടാങ്ക് സ്ഥാപിച്ചു ശുദ്ധജലവിതരണം നടത്തുക,

കുന്നുള്ളകുഴിച്ചാലിൽ ടാങ്ക് സ്ഥാപിച്ചു വിയ്യത്തിറയിൽ കിണർകുഴിച്ചു ജലവിതരണംനടത്തുക

പെരിങ്കിട മലയിൽ ടാങ്ക് സ്ഥാപിച്ച് ചെറുപുഴയിൽ നിന്നും വെള്ളം പമ്പു ചെയ്താൽ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

പെരുവണ്ണാമൂഴിയിലെ ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്നത് ഈ പഞ്ചായത്ത് വഴിയാണ് ഇതിൽ നിന്ന് ജലം ലഭിക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ വിപുലപ്പെടുത്തുകയും ചെയ്താൽ ഒരുപരിധിവരെ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം

പാക്കനാർ പുരം ഗാന്ധി സദനപരിസരത്ത് വാട്ടർ ടേങ്ക് സ്ഥാപിക്കുകയും തുറയൂർ ഡിസ്ട്രിബ്യൂട്ടറി കനാൽ പരിസരത്ത് കിണർ കുഴിച്ച് വെള്ളം എടുക്കുകയും ചെയ്താൽ ചൂരൽക്കാട് ഹരിജൻ കോളനിയിലേയും ഗാന്ധി സദൻ പരിസരത്തേയും കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും

## പട്ടിക

| | | |
|---|---|---|
| ആകെ. ടേപ്പുകൾ | 135 | |
| ജലസംഭരണികൾ | 2 | |
| പൊതുകിണറുകൾ | 9 | |
| പൊതുതോടുകൾ | 2 | ചിററടിത്തോട്, കനോലിത്തോട് |
| നീരുറവുകൾ | 4 | 1 പുളിയൂള്ളതിൽ മുക്ക് 2 കുഞ്ഞോത്ത് ചാലിൽ 3 കൊറവട്ട 4 പുലപ്ര |

# ഗതാഗതം

ഗതാഗത സൗകര്യങ്ങൾ നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. അതുകൊണ്ട്തന്നെ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം ഗതാഗതം പ്രാധാന്യമർഹിക്കുന്നു. ഈ വസ്തുത കണക്കിലെടുത്ത്കൊണ്ട്തന്നെ കഴിഞ്ഞ അഞ്ചുവർഷക്കാലം പഞ്ചായത്ത് ഏററവും കൂടുതൽ പണം ചെലവഴിച്ചത് ഈ മേഖലയിലാണ്.

തുറയൂർ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 10. 48 ച. കി മീററർ ആണ്. 23. 9 കി. മീററർ നീളത്തിൽ റോഡുകളുണ്ടിവിടെ. അതായത് ച. കി. മീററിന് 2. 28 കി. മീററർ എന്നതാണ് നിരക്ക്. ശരാശരി റോഡളവ് സംസ്ഥാന ശരാശരിയേക്കാളും കുറവാണ്. 4. 9 കി.മീററർ സ്റേററ് ഹൈവേയും 2 5 കി. മീററർ PWD റോഡും 16. 5 കി. മീററർ പഞ്ചായത്ത് റോഡും ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്ത് റോഡിൽ 3. 5 കി. മീററർ മാത്രമാണ് ടാർ ചെയ്തത്. പഞ്ചായത്തിലെ ഏററവും പഴകിയതും പ്രധാനപ്പെട്ടതുമായ റോഡാണ് പയ്യോളി അങ്ങാടി- കീഴരിയൂർ റോഡ്. തുറയൂർ പഞ്ചായത്തിനെ കീഴരിയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് തുറയൂർ ഗ്രാമസേവാസമിതി സന്നദ്ധ പ്രവർത്തനത്തിൽ കൂടിയാണ് നിർമ്മിച്ചത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയ്ക്ക് 19 ലക്ഷത്തോളം രൂപ വിവിധ പദ്ധതികളിലൂടെ റോഡുകളുടെ വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്നും 292139 രൂപയും അൺടൈഡ് ഫണ്ടിൽ നിന്നും 798973 രൂപയും JRY ഫണ്ടിൽ നിന്നും 798302 രൂപയും ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പഞ്ചായത്ത്ഫണ്ട് | അൺടൈഡ് | ജെ ആർ. വൈ | ആകെ |
|---|---|---|---|---|
| 91_92 | 23701 | 134503 | 424365 | 582569 |
| 92_93 | 477. 29 | 167845. 50 | 105928 | 274250. 79 |
| 93_94 | 69294 | 237514. 50 | 42295 | 349103. 50 |
| 94_95 | 40000 | 259110 | 156546 | 455656 |
| 95_96 | 158666. 90 | | 69168 | 227834. 90 |
| ആകെ | 292139. 91 | 798973 | 798302 | 1889413. 29 |

ഇത്രയും തുക ഈ കാലയളവിൽ ചെലവഴിച്ചിട്ടും പഞ്ചായത്തിലെ രണ്ട് റോഡുകൾ ഒഴികെ മററെല്ലാ റോഡുകളും ശോചനീയാവസ്ഥയിലാണ്. മഴക്കാലത്ത് ഗതാഗതയോഗ്യമായ റോഡുകൾ ഇല്ലെന്ന്തന്നെ പറയാം. വെളളപ്പൊക്കബാധിത പ്രദേശമായതുകൊണ്ട് ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തിയാൽ മാത്രമേ റോഡുകൾ നിലനിൽക്കുകയുളളൂ. പാലച്ചുവട്-BTM റോഡ്, പാക്കനാർപുരം – കുലുപ്പ എൽ. പി. സ്കൂൾ റോഡ്. വി. കെ. കൃഷ്ണമേനോൻറോഡ് എന്നിവ പ്രധാനപ്പെട്ട റോഡുകളായത്കൊണ്ട് അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. അതുപോലെ കാക്കൂൽവയൽ IHDP കോളനി റോഡും ചൂരക്കാട്ട് വയൽ ഹരിജൻ കോളനി റോഡും അടിയന്തിരമായി അഭിവൃദ്ധിപ്പെടുത്തേണ്ടവയാണ്.

പാലച്ചുവട്-വിയ്യംചിറ റോഡ് PWD ഏറെറടുത്തെങ്കിലും ഇതുവരെയായി യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. തുറയൂർ പഞ്ചായത്തിനെ ചെറുവണ്ണൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡിന്റെ പ്രവർത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

**നടപ്പാതകൾ:** പഞ്ചായത്തിലെ ഗതാഗത മേഖലയിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് നടപ്പാതകളുടെ അഭാവം. പഞ്ചായത്തിലെ ഹൈസ്കൂളായ B T M ലേക്ക് വിദ്യാർത്ഥികൾ വരുന്നതും പോകുന്നതും വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചാണ്. രണ്ടാം വാർഡിൽ ഉൾപ്പെട്ട ഇടിഞ്ഞകടവിൽ നിന്നും സ്കൂളിലേക്ക് എത്തിപ്പെടാൻ മററൊരു മാർഗവും ഇല്ലാത്തതുകൊണ്ട് സ്വകാര്യവ്യക്തികളുടെ സ്ഥലത്തും വീട്ടുമുററത്തും കൂടെയുളള യാത്ര പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. നാല്, അഞ്ച്, ഏഴ് വാർഡുകളിൽ നിന്ന് ഹൈസ്കൂളിലേക്കുളള യാത്ര മഴക്കാലത്ത് പ്രത്യേകിച്ച് ഹൃദയ ഭേദകമാണ്. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ അരയോളം വെളളത്തിൽ ഇറങ്ങി, കയറി പോകേണ്ടതുകൊണ്ട് ഒരു ജോഡി ഡ്രസ് കൂടി കരുതിയാണ് സ്കൂളിലേക്ക് പോകുന്നത്. ഇതേരീതിയിൽ തന്നെയാണ് അയ്യാണി

താഴ മുതൽ ഗവർമ്മണ്ട് യു. പി. സ്കൂളിലേക്കുള്ള വഴിയുടെ സ്ഥിതിയും. അതുകൊണ്ട് ആക്കൂൽ വയൽ മുതൽ B T M ഹൈസ്ക്കൂൾ വരേയും തോലേരി_പുളിച്ചിനട ഭാഗത്തും ഇടിഞ്ഞകടവ് മുതൽ B T M ഹൈസ്ക്കൂൾ വരെയും അയാണിതാഴമുതൽ ഗവർമ്മണ്ട് യു. പി. സ്കൂൾ വരേയും കോമത്ത് താഴ മുതൽ കൊടക്കാട്ട്താഴ വരേയും അടിയന്തിരമായും നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്.

**ജലഗതാഗതം:** തുറയൂർ പഞ്ചായത്തിൻെറ വടക്ക്ഭാഗത്ത് കുററ്യാടിപുഴയും തെക്ക്പടിഞ്ഞാറ് ഭാഗത്ത് അകലാപ്പുഴയും സ്ഥിതിചെയ്യുന്നു. അമ്പതുവർഷം മുമ്പുവരെ ഈ നദികളായിരുന്നു പ്രധാന ഗതാഗതമാർഗം. കോഴിക്കോട് നിന്നും ചരക്കുകൾ പയ്യോളിഅങ്ങാടിയിൽ എത്തിച്ചേർന്നതും, ഇവിടെ നിന്നും ചരക്കുകൾ കോഴിക്കോട്ടേക്ക് കയററിഅയച്ചതും അകലാപ്പുഴ വഴിയായിരുന്നു അതുപോലെ വടകരയിൽനിന്നും, കുററ്യാടിയിൽനിന്നും, ചരക്കുകൾ എത്തിച്ചേർന്ന തും കയററിഅയച്ചതും കുററ്യാടി പുഴവഴിയായിരുന്നു. 30വർഷം മുമ്പുവരെ മൂരാടുനിന്നും കുററ്യാടിവരെ ബോട്ട്സർവീസ് നിലനിന്നിരുന്നു. പയ്യോളിഅങ്ങാടിയിലുള്ള ബോട്ടുജെട്ടി അതിൻെറ സ്മാരകമായി ഇന്നും നിലനിൽക്കുന്നു. കുററ്യാടിപുഴയും അകലാപുഴയും തമ്മിൽ ബന്ധിപ്പിക്കുന്ന ചിർപ്പ്വളരെ പ്രസിദ്ധമാണ്. കനോലിസാഹിബായിരുന്നു ഇതിൻെറ സൂത്രധാരകൻ. ഈ ചിർപ്പിൻെറ നിർമ്മാണത്തെ തുടർന്നാണ് പയ്യോളിഅങ്ങാടി പയ്യോളിചിർപ്പ് എന്നപേരിലും അറിയപ്പെടാൻ തുടങ്ങിയത്. തുറയൂർ പഞ്ചായത്തിലെ ജനങ്ങൾ, തൊട്ടടുത്ത പഞ്ചായത്തുകളായ മണിയൂർ, തിക്കോടി, മൂടാടി എന്നവയുമായി ബന്ധപ്പെടുന്നത് കടവ്തോണിയെ ആശ്രയിച്ചാണ്. ഇത്രയും ജലഗതാഗത സൗകര്യങ്ങൾഉള്ളത് കൊണ്ട് പയ്യോളിഅങ്ങാടി പണ്ട്കാലത്തുകോഴിക്കോട്ജില്ലയിലെ പ്രധാനപ്പെട്ട ഒരു വ്യപാര കേന്ദ്രമായിരുന്നു. അകലാപുഴയും, കുററ്യാടിപുഴയും തമ്മിൽ ബന്ധിപ്പിക്കുന്ന പയ്യോളിചിർപ്പ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. അടിയന്തരമായും ഇതു റിപ്പയർചെയ്താൽ മാത്രമേ ഇതുവഴിയുള്ള ജലഗതാഗതം സാദ്ധ്യമാവുകയുള്ളു.

**പാലങ്ങൾ:** തുറയൂർ പഞ്ചായത്തിലെ ഏററവും പ്രധാനപ്പെട്ട റോഡായ പയ്യോളിഅങ്ങാടി കീഴരിയൂർറോഡിലെ ഏണ്ണിയാട്ടപാലം അപകടാവസ്ഥയിലാണ്.ഇത്അടിയന്തരമായുംപുതുക്കിപണിഞ്ഞില്ലെങ്കിൽ തകർന്ന്വീണ് ഇതുവഴിയുള്ള ഗതാഗതംതടസപ്പെടും. അതുപോലെ ഈ റോഡ് കീഴരിയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കണമെങ്കിൽ പൊടിയാടിഭാഗത്ത് ഒരുപാലം നിർമ്മിക്കേണ്ടതുണ്ട്. തുറയൂർപഞ്ചായത്തും മണിയൂർപഞ്ചായത്തും തമ്മിൽബന്ധിപ്പിക്കുന്ന ഒരുപാലത്തിൻെറ പണിനടന്നുവരികയാണ്. ഇത്സാദ്ധ്യമായാൽ മണിയൂർ, തിരുവള്ളൂർ, തോടന്നൂർ, ആയഞ്ചേരി എന്നിങ്ങനെ ഒട്ടനവധി പ്രദേശത്തേക്ക് യാത്രാസൗകര്യം എളുപ്പമാവും. അതുപോലെ തുറയൂർപഞ്ചായത്തും മൂടാടിപഞ്ചായത്തും ബന്ധിപ്പിച്ചുകൊണ്ട് അകലാപ്പുഴയിൽ ഒരുപാലം നിർമ്മിച്ചാൽ കൊയിലാണ്ടിയിലേക്ക് ഇവിടെ നിന്നും 8കിലോമീററർ ദൂരംകുറഞ്ഞ്കിട്ടും. തുറയൂർ, മണിയൂർ, മേപ്പയ്യൂർ, പേരാമ്പ്ര എന്നിവിടങ്ങളിൽ നിന്നും മുചുകുന്ന് കോളേജിലേക്കുള്ള യാത്ര എളുപ്പമാവും. ഇന്ധനലാഭം ഏറെയുണ്ടാവുമെന്ന് മാത്രമല്ല നേഷനൽ ഹൈവേക്ക് സമാന്തരമായ ഒരു സ്റേററ് ഹൈവേ ആയി ഇതു മാററാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ടു കേന്ദ്ര ഗവർമ്മെണ്ടിനും സംസ്ഥാന ഗവർമ്മെണ്ടിനും നിർദേശങ്ങൾ സമർപ്പിച്ചെങ്കിലും ഇതുവരെ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ:— 1) 24 കി. മീററർ നീളത്തിൽ റോഡുകളുണ്ടെങ്കിലും 11 കി. മീററർ നീളത്തിൽ മാത്രമേ ടാർ ചെയ്തിട്ടുള്ളു.

2) റോഡുകൾക്ക് ഡ്രയിനേജ് സൗകര്യങ്ങൾ ഇല്ല.
3) റോഡുകൾക്ക് ആവശ്യമായ പാലങ്ങൾ ഇല്ല.
4) മിക്ക റോഡുകളും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല.
5) മണിയൂർ പഞ്ചായത്ത്, തിക്കോടി പഞ്ചായത്ത്, മൂടാടി പഞ്ചായത്ത്, കീഴരിയൂർ പഞ്ചായത്ത് എന്നിവടങ്ങളിലേക്ക് നേരിട്ടുള്ള റോഡു ഗതാഗതമില്ല.
6) അത്യാവശ്യ സ്ഥലങ്ങളിൽ നടപ്പാതകളില്ല.
7) അമ്പതോളം ജീപ്പുകളും പത്തു മിനിലോറികളും ടാക്സികാറുകളും അഞ്ചോളം ഓട്ടോറിക്ഷകളും ഉണ്ടെങ്കിലും ഇവയ്ക്ക് പാർക്കിങ് സൗകര്യം ഇല്ല.
8) ഇപ്പോഴുള്ള ബസ് വെയിററിംഗ് ഷെഡ് സൗകര്യപ്രദമായ സ്ഥലത്ത് അല്ല.

**നിർദ്ദേശങ്ങൾ:—**

1 പ്രധാനപ്പെട്ട റോഡുകൾക്ക് ഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തുക.
2 താഴ്ന്ന സ്ഥലങ്ങളിലൂടെ കടന്ന് പോകുന്ന റോഡുകൾ മണ്ണിട്ട് ഉയർത്തുക.
3 റോഡുകൾ വെട്ടുന്നതിന് സന്നദ്ധ പ്രവർത്തകരെ ഉപയോഗപ്പെടുത്തുക.

4 ആവശ്യമായ സ്ഥലത്ത് കരംവട്ടുകളും പാലങ്ങളും നിർമ്മിക്കുക.

**പുതുതായി നിർമ്മിക്കേണ്ട റോഡുകളും നടപ്പാതകളും**

1 പോസ്റ്റോഫീസ് മുതൽ റൂബി എസ്റ്റേററ് വരെയുള്ള റോഡ് ഒരു കി. മീററർ വരെ സഞ്ചാര യോഗ്യമാക്കണം.

2 കട്ടിലേരിതാഴ ഗോവിന്ദമേനോൻകെട്ട് റോഡ് ഒരു കിലോമീററർ കൂടി അഭിവൃദ്ധിപ്പെടുത്തുകയും പ്രസ്തുത റോഡിൽ തിക്കോടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന സ്ഥലത്ത് പാലം നിർമ്മിക്കുക.

3 ഇടിഞ്ഞകടവിൽ നിന്നും B T M ഹൈസ്ക്കൂളിലേക്ക് റോഡ് നിർമ്മിക്കുക.

4 നല്ലുവത്ത്താഴ–കണ്ടമ്പത്ത്മാത്തിൽ ലക്ഷം വീട് വരെയുള്ള റോഡ് വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുക.

5 അയാണിത്താഴ മുതൽ യു. പി. സ്കൂൾ വരെ നടപ്പാത നിർമ്മിക്കുക.

6 പുനത്തുംതാഴ–അകലാപ്പുഴ റോഡ് കീരങ്കൈ മുതൽ അകലാപ്പുഴ വരെ റോഡ് പൂർത്തീകരിക്കുക.

7 കിഴക്കാലോൽ താഴ മുതൽ അകലാപ്പുഴ വരെയുള്ള റോഡ് നിർമ്മിക്കുക.

8 അകലാപ്പുഴയ്ക്ക് പാലം നിർമ്മിക്കുക.

9 മുണ്ടാളിത്താഴയിൽ നിന്നും B T M ഹൈസ്കൂളിലേക്കുള്ള നടപ്പാത അഭിവൃദ്ധിപ്പെടുത്തുക.

10 വി. കെ. കൃഷ്ണമേനോൻ റോഡ് അഭിവൃദ്ധിപ്പെടുത്തുക.

11 പയ്യോളി അങ്ങാടി –കീഴരിയൂർ ബണ്ട് റോഡ് പാലം കെട്ടി കീഴരിയൂർ പഞ്ചായത്തിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുക.

12 ഇടിഞ്ഞകടവ് മുതൽ കുട്ടാടംവയൽ വഴി കൊടക്കാട്താഴ വരെ നടപ്പാത നിർമ്മിക്കുക.

13 കണ്ടമ്പത്ത്താഴ പാലം നിർമ്മിക്കുക.

14 തോലേരി പുളിച്ചിനട 8–ാം വാർഡുമായി ബന്ധപ്പെടുത്തുക.

15 തോലേരി–ചൂരക്കാട്ട് വയൽ ഹരിജൻ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുക.

16 പാലച്ചുവട് B T M റോഡ് മണ്ണ് ഇട്ട് ഉയർത്തി ടാർ ചെയ്യുക.

17 പഞ്ചായത്തിലെ എല്ലാ റോഡുകൾക്കും ഡ്രയിനേജ് നിർമ്മിക്കുക.

18 ചിററടി തോട് മുതൽ മണപ്പുറത്ത്താഴ വരെ നടപ്പാത നിർമ്മിക്കുക.

19 കുലുപ്പ –തോലേരി റോഡ് അഭിവൃദ്ധിപ്പെടുത്തുക.

20 പാക്കനാർപുരം –കുലുപ്പ സ്കൂൾ റോഡ് അഭിവൃദ്ധിപ്പെടുത്തുകയും ചേറക്കടവത്ത് പാലം പണിയുകയും ചെയ്യുക.

21 കുയ്യയിൽകുണ്ട് കുഞ്ഞോത്ത്താഴ നടപ്പാത നിർമ്മിക്കുക.

22 വിയ്യംചിറ ഓടയിൽ മൂഡ് റോഡ് പൂർത്തീകരിക്കുക.

23 കുലുപ്പ വള്ളിയത്ത് റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മിക്കുക.

24 പാലച്ചുവട് വിയ്യംചിറ P W D റോഡ് അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്യുക.

25 പാക്കനാർപുരം വിയ്യംചിററോഡ് ഗതാഗതയോഗ്യമാക്കുക.

26 പാലച്ചുവട് കളരിയുള്ളപറമ്പ്റോഡ് അഭിവൃദ്ധിപ്പെടുത്തുക.

27 പാട്ടത്താഴ മരക്കാട്റോഡ് ബന്ധിപ്പിക്കുക.

28 കുലുപ്പവയൽ കളത്തിങ്കൽനടപ്പാത ഗതാഗതയോഗ്യമാക്കുക.

29 കൊയമ്പ്രത്ത്താഴ നടപ്പാതപൂർത്തീകരിക്കുക.

30 പുളിയമഠത്തിൽമീത്തൽ കല്ലിടക്കുന്ന്റോഡ് പൂർത്തീകരിക്കുക.

31 ഇരിങ്ങത്ത്കുളങ്ങര നിന്നും കീഴരിയൂർ ഭാഗത്തേക്കുള്ള നടുവത്തൂർബ്രാഞ്ച് കനാലിൽ കുറുകെ ആവശ്യമായ പാലങ്ങൾ നിർമ്മിച്ച്റോഡുമായി ബന്ധപ്പെടുത്തുക.

32 മാണിയോട്ട്മുക്ക് നാലുപുരയ്ക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തുക.

33 മാണിയോട്ട്മുക്ക് പുലപ്രകുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തുക.

34 പുലപ്രകുന്ന് കുയിമ്പിലുന്ത് നാല്സെൻറ് കോളനിറോഡ് പൂർത്തീകരിക്കുക.

35 പയ്യോളിഅങ്ങാടി കീഴരിയൂർബണ്ട് റോഡിൽ ഏണിയാട്ടടപാലം പുതുക്കിപണിയുക.

36 പയ്യോളിഅങ്ങാടിയിൽ ടാക്സിസ്ററാൻറ് നിർമ്മിക്കുക.

37 പയ്യോളിഅങ്ങാടിയിൽ ടൗണിലുള്ള ബസ്വെയിററിംഗ് ഷെഡ് സൗകര്യപ്രദമായ സ്ഥലത്ത് മാററിനിർമ്മിക്കുക.

38 പാക്കനാർപുരം–നടുവത്തൂർറോഡ് പൂർത്തീകരിക്കുക.

39 ഇരിങ്ങത്ത്നിന്ന് കൊയമ്പ്രത്ത്താഴവരെ വരുന്നമെററർ റോഡ്ചെറുപുഴകനാൽ സൈഡിലൂടെ പുളിച്ചിനടയുമായി ബന്ധിപ്പിക്കുക.

40 നാലുപുരയ്ക്കൽമുതൽ പ്രതീക്ഷാസ്റ്റോപ്പ് വരെയുള്ള റോഡ്വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

41 കൊയമ്പ്രത്ത്താഴ നടപ്പാത പുളിച്ചിനടയുമായി ബന്ധിപ്പിക്കുക.

## ഇപ്പോൾ ഫണ്ട് നിലവിലുള്ള റോഡുകൾ — നടപ്പാതകൾ

| പദ്ധതി | ജെ. ആർ. വൈ. | അൺടൈയിഡ് | പഞ്ചായത്ത് ഫണ്ട് | വർഷം |
|---|---|---|---|---|
| ആക്കൂൽവയൽ ഇടത്തുംതാഴ റോഡിൽ പാലം നിർമ്മിക്കൽ | | 20800 | | 93_94 |
| കട്ടിലേരിതാഴ ഗോവിന്ദമേനോൻകെട്ട് റോഡ് | | 100000 | | 95_96 |
| കുലുപ്പവയൽ_കുലുപ്പ L P സ്കൂൾ റോഡ് | | 116320 | | 95_96 |
| ഇരിങ്ങത്ത് കീഴരിയൂർ റോഡ് | | 60000 | | 94_95 |
| B T M ഹൈസ്കൂൾ_കൊയപ്പള്ളി റോഡ് | | 111200 | | 94-95 |
| തോലേരി പുളിച്ചിനട റോഡിൽ പൊതുവഴി പുനരുദ്ധാരണം | | 77050 | | 94_95 |
| നന്മന ഇട_എടത്തുംതാഴ റോഡ് | 250000 | | | 95_96 |
| ഇരിങ്ങത്ത്_കീഴരിയൂർ റോഡ് | 136393 | | | 95_96 |
| വടക്കേചെത്തിൽ താഴ കോൺക്രീററ് നടപ്പാത | 14500 | | | 95_96 |
| ജലാലയം കോളനി നടപ്പാത | 40000 | | | 95_96 |
| ചിറക്കണ്ടിക്കൽതാഴ നടപ്പാലം | 10000 | | | 95_96 |
| മുണ്ടോളിത്താഴ_പുതിയമഠത്തിൽ താഴ നടപ്പാത | 39500 | | | 96_97 |
| എളയടത്ത്താഴ_ചക്കോത്ത്താഴ നടപ്പാത | 25000 | | | 96_97 |
| ജലാലയം കോളനി നടപ്പാത | 20000 | | | 96_97 |
| പാട്ടത്തിൽതാഴ_മരക്കാട്ട്താഴ നടപ്പാത | 39500 | | | 96_97 |
| പ്രാന്തൻപുറത്ത്_നെല്ലോടൻചാലിൽനടപ്പാത | 25000 | | | 96_97 |

# പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി

| | ദൂരം. | വീതി | ഉടമസ്ഥത | ടാർ | മെററൽ | ഓട വേണ്ടത് | കലുങ്ക് വേണ്ടത് |
|---|---|---|---|---|---|---|---|
| 1 പുനത്തുംതാഴെ അകലാപ്പുഴ | 1.060km | 3m | Panchayat | | * | | |
| 2 പോസ്റ്റോഫീസ്– ഗോവിന്ദമേനോൻകെട്ട് റോഡ് | 1. 5km | 4m | | | * | | |
| 3 | | | | | | | |
| 4 വി. കെ. കൃഷ്ണമേനോൻ റോഡ് | 730m | 3m | Panchayat | | * | | |
| 5 നന്മന ഇട–എടത്തുംതാഴ റോഡ് | 1. 5km | 6m | Panchayat | | * | | |
| 6 എടത്തുംതാഴ ആക്കൂൽവയൽറോഡ് | 1 km | 4m | | | * | | |
| 7 പാലച്ചുവട് ബി.ടി.എം. റോഡ് | 1. 200km | 4m | Panchayat | | * | | |
| 8 പാലച്ചുവട് –വിയ്യംചിറ | 2km | 6m | P W D | * | | | |
| 9 പാക്കനാർപുരം-കുലുപ്പ L P റോഡ് | 200m | 6m | Panchayat | | * | | |
| 10 തോലേരി–ചൂരക്കാട്‌വയൽ | 1km | | | | * | | |
| 11 തോലേരി–പുളിച്ചിനട റോഡ് | 1km | | | | * | | |
| 12 ഇരിങ്ങത്ത്–നടുവണ്ണൂർ | 1. 45km | 7m | P W D | * | | | |
| 13 ഇരിങ്ങത്ത്–കീഴരിയൂർ | 1. 400km | 6m | | | * | | |
| 14 മാണിയോട്ടുമുക്ക്–നാലുപുരക്കൽതാഴ | 400m | 4m | | | * | | |
| 15 കുപ്പേരിക്കാവ്-കൊറവട്ട | 500m | 4m | | | * | | |
| 16 കുലുപ്പ-കുലുപ്പ L P സ്കൂൾറോഡ് | 600m | 3m | Panchayat | | * | | |
| 17 അയാണിത്താഴ–ഇടിഞ്ഞകടവ് റോഡ് | 250m | 4m | | | | | |
| 18 ബി. ടി. എം.–കിഴക്കാനത്തുമ്മൽതാഴെ | 900m | 5m | ,, | | * | | |
| 19 പയ്യോളി അങ്ങാടി–കീഴരിയൂർ ബസ്റോഡ് | 2km | 6m | ,, | | | | |
| 20 നല്ലിപ്പറമ്പത്ത് ഇട-കിഴക്കാനത്തുമ്മൽ റോഡ് | 300m | 5m | ,, | | * | | |
| 21 കണ്ടമ്പത്ത്–കുന്നോത്ത്ഇട റോഡ് | 1km | 5m | ,, | | * | | |
| 22 തോലേരി–കൊല്ലോത്ത്ഇട റോഡ് | 900m | 3m | ,, | | * | | |
| 23 പുലപ്രകണ്ടിതാഴ–പ്രാന്തൻപുറത്ത്മീത്തൽ റോഡ് | 700m | 6m | ,, | | * | | |
| 24 പുത്തൻപീടികയിൽ ഇട–വിളയാട്ടൂർ അതിർത്തി | 600m | 2m | ,, | | * | | |
| 25 പാക്കനാർപുരം–വിയ്യംചിറ റോഡ് | 200m | 6m | ,, | | * | | |
| 26 കുലുപ്പ L P സ്കൂൾ-വിളയാട്ടൂർഅതിർത്തി | 280m | 3m | ,, | | * | | |
| 27 കിഴക്കാനത്തുമ്മൽ–ചാത്തൻവീട്ടിൽതാഴ | 400m | 5m | ,, | | * | | |
| 28 മാണിയോട്ട് ഇട–ഇരിങ്ങത്ത് നടുവണ്ണൂർ റോഡ് | 400m | 4m | ,, | | * | | |
| 29 പുത്തൻകിണററുംകര–പ്രൈമറി ഹെൽത്ത് സെൻറർ റോഡ് (പഴയ പഞ്ചായത്ത് ഓഫീസ് റോഡ്) | 100m | 5m | ,, | | * | | |
| 30 ഇരിങ്ങത്ത് –വിളയാട്ടൂർ റോഡ് | 300m | 8m | ,, | | * | | |

| | ദൂരം | വീതി | ഉടമസ്ഥത | ടാർ | മെററൽ | ഓട വേണ്ടത് | കലുങ്ക വേണ്ടത |
|---|---|---|---|---|---|---|---|
| 31 കട്ടിലേരിതാഴ–ഗോവിന്ദമേനോൻ കെട്ട് റോഡ് | 2km | 6m | ,, | * | * | | |
| 32 മീത്തലെകുന്നോത്ത് ഇട–കണ്ണമ്പത്ത് ലക്ഷംവീട് റോഡ് | 1.5km | 5m | ,, | | * | | |
| 33 പറമ്പത്ത് ഇട–വെൽഫെയർ സ്കൂൾറോഡ് | 105m | 4m | ,, | | * | | |
| 34 കുണ്ടറക്കാട്–മരുതേരികുററി | 75m | 4m | ,, | | * | | |
| 35 വടക്കേടത്ത്മുക്ക്–തെയ്യത്താൻ കോളനി | 113m | 4m | ,, | | * | | |
| 36 കിഴക്കാനത്തുംമുകളിൽ–കിഴക്കാലോൽതാഴ | 210m | 4m | ,, | | * | | |
| 37 വടക്കയിൽ –കണ്ണൻവളപ്പിൽ | 758m | 4m | ,, | | * | | |
| 38 ഇല്ലത്ത്താഴ–പാക്കനാർപുരം റോഡ് | 588m | 4m | ,, | | * | | |
| 39 മഠത്തിൽമുക്ക്–ഇരിങ്ങത്ത്ലക്ഷം വീട് കോളനി | 300m | 3.95m | ,, | | * | | |
| 40 സർവ്വീസ് ബാങ്ക്-ഇടിഞ്ഞകടവ്റോഡ് | 200m | 3m | ,, | | * | | |
| 41 നെല്ലിയോത്ത്താഴ–കണ്ണമ്പത്ത് ലക്ഷം വീട് കോളനി | 0. 250km | 3m | ,, | | * | | |
| 42 വണ്ണാറക്കയ്യിൽ–ആക്കൂൽവയൽ ഹരിജൻ കോളനി റോഡ് | 1km | 4m | ,, | | * | | |

# സാംസ്കാരം

ഒരു ജനതയുടെ യഥാർത്ഥ ചരിത്രം അവരുടെ സാംസ്കാരിക ചരിത്രമാണ്. വിഭിന്ന ആചാരങ്ങളും വിഭിന്ന വിശ്വാസങ്ങളുമുള്ള വിഭിന്ന ജനവിഭാഗങ്ങളെ കോർത്തിണക്കുന്ന ഒരു സംസ്കാരം തുറയൂർ പഞ്ചായത്തിനുണ്ട്. കേരളത്തിന്റെ സാംസ്കാരിക തനിമയും പൈതൃകവും അതിന്റെ എല്ലാ അർത്ഥത്തിലും നിലനിർത്തിയ പ്രദേശമാണ് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിലുള്ള തുറയൂർ പഞ്ചായത്ത്. പരയൂർ മലയുടെ ഭാഗമായിരുന്ന ഈ പഞ്ചായത്ത് പഴയ കുറുമ്പ്രനാട് താലൂക്കിൽപ്പെട്ട പ്രദേശമായിരുന്നു. ഒട്ടേറെ ജലാശയങ്ങളും, നെൽവയലുകളും, കുന്നുകളുമുൾപ്പെട്ട ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയും, കന്നുകാലി വളർത്തലും, മത്സ്യബന്ധനവുമായിരുന്നു. ഒരു കാലത്ത് ഈ പ്രദേശത്ത് വളരെയധികം ബ്രാഹ്മണ കുടുംബങ്ങൾ താമസിച്ചിരുന്നു. മനയ്ക്കൽ, ഇളമന, തൃക്കോവിൽ, വണ്ണത്താൻവീട്, വണ്ണാന്റവിട കോലാത്ത് എന്നിവ പണ്ടുകാലത്ത് ബ്രാഹ്മണഭവനങ്ങളും ആശ്രിതഭവനങ്ങളുമായിരുന്നുവെന്ന് കരുതപ്പെടുന്നു. പഞ്ചായത്തിലെ ചിലസ്ഥലങ്ങൾ പഴയ വേദവിദ്യാഭ്യാസ കേന്ദ്രങ്ങളായിരുന്നെന്ന് വിശ്വസിക്കപ്പെടുന്നു. ശാസ്ത്രമോതുന്ന ചാത്തോത്ത്, കുഞ്ഞുങ്ങളെ ഓത്തു പഠിപ്പിക്കുന്ന കുഞ്ഞോത്ത്, ശാസ്ത്രങ്ങളോതുന്ന ചോദ്യോത്ത് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ക്ഷേത്രകലകളായ കഥകളിയും, കൃഷ്ണനാട്ടം കളിയും ഇവിടെ പ്രചരിച്ചിരുന്നു. ഒററ ദിവസം കൊണ്ട് 101 കറുത്ത കറവ പശുക്കളെ സാമൂതിരി രാജാവിന് എത്തിച്ചുകൊടുത്തതിന്റെ പാരിതോഷികമായി 'കോമത്ത്' തറവാട്ടിലെ ഒരു കാരണവർക്ക് 'കൃഷ്ണനാട്ടം' കളിക്കാനുള്ള സമ്മതം സാമൂതിരി രാജാവ് നൽകിയെന്നും ഐതിഹ്യമുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 12830 ആണ്. ഇവരെല്ലാം തന്നെ ഹിന്ദു-മുസ്ലീം മത വിഭാഗങ്ങളിൽ പെട്ടവരാണ്. 2000ത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇവിടെ അധിവസിക്കുന്നുണ്ട് ഇവർ മൊത്തം ജനസംഖ്യയുടെ 16 ശതമാനത്തോളം വരും. കൃഷി, കച്ചവടം, പായ, നെയ്ത്ത്, മൺപാത്ര നിർമ്മാണം, മീൻപിടുത്തം എന്നിവയാണ് ഈ പ്രദേശത്തുകാരുടെ മുഖ്യതൊഴിൽ. ഒരു കാലത്ത് കുറുമ്പ്രനാട് താലൂക്കിലെ ഒരു പ്രധാനകച്ചവടകേന്ദ്രമായിരുന്നു ഈ പഞ്ചായത്തിലെ പയ്യോളി അങ്ങാടി. ഇവിടെ പല സ്ഥലങ്ങളിൽ നിന്നും കച്ചവടാവശ്യം ആളുകൾ എത്തിയിരുന്നു. തിങ്കളാഴ്ച നടക്കുന്ന പയ്യോളി ചന്ത പ്രസിദ്ധമാണ്. ഹിന്ദുക്കളും മുസ്ലീംകളും വളരെ സൗഹാർദ്ദത്തിലാണ് ഇവിടെ ജീവിക്കുന്നത്. ഇവർ എണ്ണത്തിൽ തുല്യമാണ്.

ഒരു കാലത്ത് ഈ പ്രദേശത്തുള്ള മുസ്ലീംകളുടെ പ്രധാനപ്പെട്ട ഒരാഘോഷമായിരുന്നു ചരിച്ചിൽ പള്ളി ആണ്ടുനേർച്ച. ആന ബാന്റ്വാദ്യം' മാപ്പിളകളികൾ എന്നിവയാൽ ആകർഷകമായ ഈ നേർച്ചയിൽ ഹിന്ദുമതാനുയായികളും പങ്കാളിത്തം വഹിച്ചിരുന്നു. മലയ സമുദായത്തിൽപ്പെട്ടവരുടെ 'കാലൻ പാട്ട്' 'വേടൻപാട്ട്'. 'ശ്രീപോതി', ഓണം നാളിലെ 'ഓണപൊട്ടൻവരവ്' എന്നിവ ഹൈന്ദവാചാരങ്ങളിൽ പ്രധാനമായിരുന്നു. ആയുധാഭ്യാസത്തിനും മററുമുള്ള ശാലയും ഈ പ്രദേശത്തുണ്ടായിരുന്നു. കോൽക്കളി, അശാരിക്കളി, പരിചമുട്ട്, അമ്പെയ്ത്ത്, എന്നിവ ഈ പ്രദേശത്തെ വ്യായാമ വിനോദങ്ങളായിരുന്നു. തച്ചോളി ഒതേനനെ പരാജയപ്പെടുത്തിയ പ്രസിദ്ധനായ തേവർവെള്ള'ന്റെ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമാണ്, ഈ പഞ്ചായത്തിലെ 'പാറക്കുൽ കുളി ക്ഷേത്രം' എന്ന് പറയപ്പെടുന്നു. അതിഞ്ഞാട്ട് നായരുടെ ആസ്ഥാനമായ 'പയ്യോളി ഇടം' എന്ന വീട്ടുമുറ്റത്ത് നിരവധി നാടകങ്ങൾ അരങ്ങേറിയതായും പറയുന്നുണ്ട്. യാത്രക്കാർക്ക് പണ്ടുകാലത്ത് ദാഹശമനത്തിന് സംഭാരവും രാത്രിസമയത്ത് വെളിച്ചത്തിന് ചൂട്ടും നൽകുന്ന പതിവും ഈ പഞ്ചായത്തിൽമുമ്പുണ്ടായിരുന്നു. പണ്ടുകാലത്ത് എഴുത്ത് പള്ളി കെട്ടി കുട്ടികൾക്ക് സൗജന്യമായി വിദ്യാഭ്യാസം നൽകിയ പ്രദേശമായിരുന്നു ഇതെന്ന് ശ്രദ്ധേയമാണ്. അധസ്ഥിതരായ ഹരിജൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാനുള്ള 'പഞ്ചമസ്കൂളുകളും' ഈ പ്രദേശത്ത് സ്ഥാപിച്ചിരുന്നു. അതാണ് ഇന്ന് സ്ഥാനം മാറി നിലകൊള്ളുന്ന വെൽഫെയർ എൽ. പി. സ്കൂൾ' ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേളപ്പജിയുടെ നേതൃത്വത്തിൽ 1924ൽ സ്ഥാപിക്കപ്പെട്ട 'പാക്കനാർപുരം ശ്രദ്ധാനന്ദ വിദ്യാലയം' ഈ പഞ്ചായത്തിന്റെ സാംസ്കാരിക മഹത്വം ഉയർത്തിപ്പിടിക്കുന്നു. കെ. കേളപ്പനും, എ. കെ. ഗോപാലനുമായിരുന്നു. ഈ വിദ്യാലയത്തിലെ പ്രധാന അധ്യാപകർ. ആദ്യമായി നിലവിൽ വന്ന മൂന്ന് പ്രൈമറി സ്കൂളുകൾ. അതിനുശേഷം കുഞ്ഞിമൂസ്സ എന്ന വിദ്യാഭ്യാസ പ്രവർത്തകന്റെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ട 4 പ്രൈമറി വിദ്യാലയങ്ങൾ എന്നിവ ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിരുന്നു. 1934ൽ ഗാന്ധിജി ഇവിടെ സന്ദർശിച്ചിരുന്നു കീഴരിയൂർ ബോംബുകേസിലെ പ്രധാന സൂത്രധാരകനായ കൊയപ്പള്ളി നാരായണൻനായർ ഈ പ്രദേശത്തുകാരനാണ്. പ്രമുഖരായ പല രാഷ്ട്രീയ നേതാക്കന്മാരും ഈ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. ഒളിവിൽ പ്രവർത്തിക്കുന്ന സമയത്ത് ഇ. എം. എസ്സ്. ഈ പ്രദേശത്തെ 'പെരിങ്ങാട്ട്' എന്ന ഭവനത്തിൽ താമസിച്ചിരുന്നു ശ്രീമതി ഇന്ദിരാഗാന്ധി ഭൂദാനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആചാര്യ വിനോബാഭാവ എന്നിവർ ഈ സ്ഥലത്ത് വന്നിട്ടുണ്ട്. മഹാകവി കുമാരനാശാൻ ഒരു കവി സദസ്സിൽ പങ്കെടുക്കാനായി 'കണ്ണത്തായ' എന്ന വീട്ടിൽ വന്നിരുന്നതായി പറയപ്പെടുന്നു.

## ആരാധനാലയങ്ങൾ

ഈ പഞ്ചായത്തിൽ 8 ഹൈന്ദവ ക്ഷേത്രങ്ങളും 12 മുസ്ലിംപള്ളികളും സ്ഥിതി ചെയ്യുന്നു. ചോത്രാത്ത് (2), കൊയപ്പള്ളി, മുണ്ടാളിത്താഴ, കണ്ണമംഗലം, പാറക്കൂൽ, കപ്പേരികാവ്, കരയക്കണ്ടി എന്നിവയാണ് ഹൈന്ദവ ക്ഷേത്രങ്ങൾ, ചരിച്ചിൽ പള്ളി, പാറപ്പുറത്ത് പള്ളി, കീരങ്കൈ പള്ളി, ഇരിങ്ങത്ത് പള്ളി (2), തോലേരി പള്ളി, പാലച്ചുവട് പള്ളി 2). ഇടിഞ്ഞകടവ് പള്ളി, കല്പ്പ പള്ളി, മനന്താട്ടിൽ പള്ളി, അണ്ടാടിയിലെ പള്ളി, എന്നിവയാണ് മുസ്ലീം പള്ളികൾ.

## ഉത്സവങ്ങൾ

പഞ്ചായത്തിലെ എല്ലാക്ഷേത്രങ്ങളിലും ഉത്സവങ്ങൾ നടത്താറുണ്ട്. അനുഷ്ഠാന നൃത്തമായ തെയ്യം കളം വരയ്ക്കൽ, തേങ്ങഏറും പാട്ടും, വാദ്യഘോഷങ്ങൾ എന്നിവ ഉത്സവങ്ങളെ ആകർഷകങ്ങളാക്കുന്നു. ഉത്സവത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളും ഉണ്ടാകാറുണ്ട്. ഈ ഉത്സവങ്ങളിലെല്ലാം ജാതിഭേദമന്യേ എല്ലാവരും പങ്കെടുക്കുന്നു. മത സൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകകളാണ്. ഈ ഉത്സവങ്ങൾ ക്ഷേത്രങ്ങളിൽ സാംസ്കാരിക സമ്മേളനങ്ങളും മുസ്ലിം ദേവാലയങ്ങളിൽ മത പ്രഭാഷണങ്ങളും നടക്കാറുണ്ട്

## കലാസാംസ്കാരിക രംഗം

കലാസാംസ്കാരികരംഗത്ത് ശ്രദ്ധേയങ്ങളായ സംഭാവനകൾ നൽകാൻ തുറയൂർ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട് പഞ്ചായത്തിലെ ആദ്യത്തെ കലാസമിതി തോലേരി കേന്ദ്രമായി പ്രവർത്തിച്ച ആനന്ദ കലാസമിതി ആയിരുന്നു. തുടർന്ന് പല കലാ സാംസ്കാരിക സംഘടനകളും രൂപം കൊണ്ടെങ്കിലും ഇന്ന് പ്രവർത്തന ക്ഷമങ്ങളായവ വളരെ കുറവാണ്. റിയാസ്, സമത, കെ. ആർ. എം. ബോധി, പ്രഗതി, ഹരിശ്രീ, അമൃതം, സചേതന, എം. ആർ എം, ഷാലിമാർ, സഹൃദയ, യുവശക്തി, സഹോദര, സാഗർ, വോയ്സ്, ചേതന, യുവത, സമത്വം, പഞ്ചമം, രാജീവ് സാംസ്കാരിക വേദി, പ്രിയദർശിനി കലാവേദി എന്നിവയാണ് വിവിധ കലാസമിതികൾ.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ 8 എൽ. പി സ്കൂളുകളും 2 യു. പി. സ്കൂളുകളും ഒരു ഹൈസ്കൂളുമാണുള്ളത് വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. പ്രാഥമിക വിദ്യാഭ്യാസം മിക്കവാറും കുട്ടികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എത്തിച്ചേരാൻ കഴിയുന്നവർ വളരെ കുറവാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ പഞ്ചായത്തിലെ ഹൈസ്കൂളിൽ വിജയശതമാനം 25.ൽ കുറവാണ്. ഇതിന്റെ പ്രധാന കാരണം വിദ്യാഭ്യാസ കാര്യത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ താല്പര്യകുറവാണ്.

## വായനശാലകൾ

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലാണ് 'ജവഹർ ലാൽ സ്മാരക ഗ്രന്ഥാലയം' സ്ഥാപിക്കപ്പെട്ടത് കുറെ കാലത്തിനുശേഷം ആ ഗ്രന്ഥശാല പഞ്ചായത്തിനു കൈമാറുകയും ഇന്നത്തെ പഞ്ചായത്ത് ഗ്രന്ഥാലയമായി നിലവിൽ വരികയും ചെയ്തു ഇതിന്റെ സ്ഥിതി ഇന്ന് വളരെ പരിതാപകരമാണ്. വേണ്ടത്ര പുസ്തകങ്ങളോ, വായനസൗകര്യമോ ഇല്ലാത്ത അവസ്ഥയാണ് ഇന്ന്. ഈ വായനശാലയുടേത് യുവാക്കളിൽ വായനാശീലമുള്ളവർ വളരെ കുറവാണ്.

## പത്രമാസികകൾ

മലയാളത്തിലെ പ്രധാന പത്രങ്ങളായ മാതൃഭൂമി മലയാള മനോരമ, ദേശാഭിമാനി, കേരളകൗമുദി, മാധ്യമം, ചന്ദ്രിക, രാഷ്ട്രദീപിക, എന്നീ പത്രങ്ങൾ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. കൂടുതൽ ആളുകളും പത്രം വായിക്കാറുണ്ടെങ്കിലും സ്വന്തമായി പത്രം വാങ്ങുന്നവർ വളരെ കുറവാണ്. മാതൃഭൂമി മലയാള

മനോരമ, കലാകൗമുദി, മംഗളം, ദേശാഭിമാനി, ചന്ദ്രിക എന്നീ വാരികകൾ പ്രചാരത്തിലുണ്ടെങ്കിലും മലയാള മനോരമയും, മംഗളവുമാണ് കൂടുതൽ പേരും വായിക്കുന്നത്. മംഗളവും മനോരമയും വായിക്കുന്നവരിൽ കൂടുതലും പേരും സ്ത്രീകളാണ്. പഞ്ചായത്തിലെ ധനികരുടെ വീട്ടിൽ ടി. വി. ഉണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠനത്തെ ദോഷമായി ബാധിക്കുന്നുണ്ട്.

## കായികരംഗം

കായികരംഗത്ത് ഈ പഞ്ചായത്ത് പിന്നിലാണ്. ഇതിനുള്ള ഒരു പ്രധാന കാരണം കായിക പരിശീലനത്തിനു പറ്റിയ ഗ്രൗണ്ട് ഈ പഞ്ചായത്തിൽ ഇല്ല എന്നുള്ളതാണ്. ഈ പഞ്ചായത്തിലെ ഹൈസ്കൂളിലും കായിക പരിശീലനത്തിനു പറ്റിയ ഗ്രൗണ്ടില്ല 'വോളിബോൾ' കളിയിലാണ് യുവാക്കൾക്ക് താല്പര്യം. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വോളിബോൾ മാർച്ചുകൾ നടക്കാറുണ്ട്. പഞ്ചായത്തിലെ ഹൈസ്കൂളിലെ 'കബഡി ടീം' രണ്ടുവർഷം തുടർച്ചയായി ജില്ലാ മത്സരത്തിൽ ചാമ്പ്യന്മാരായിട്ടുണ്ട്.

പ്രശ്നങ്ങൾ:–

1. കലാസാംസ്കാരിക വളർച്ച ഉറപ്പുവരുത്താൻ പഞ്ചായത്തിൽ നിലവിൽ സംവിധാനങ്ങൾ ഒന്നുമില്ല.
2. ലൈബ്രറി നാമ മാത്രമായി പ്രവർത്തിക്കുന്നുവെങ്കിലും പൊതുവായനശാലയില്ല.
3. കായികവികസനത്തിനുതകുന്ന സ്റ്റേഡിയം ഇല്ല ഇപ്പോൾ വോളിബോൾ കോർട്ടിന് പോലും സ്വകാര്യവ്യക്തികളെ ആശ്രയിക്കേണ്ടിവരുന്നു
4. തുറയൂർ പഞ്ചായത്തിലെ ഒരു സ്കൂളിലും സൗകര്യമുള്ള കളിസ്ഥലം ഇല്ല.
5. സാംസ്കാരിക കേന്ദ്രം ഇല്ല,
6. പരമ്പരാഗതമായ കളികൾ ഒന്നും നിലവിലില്ല
7. ക്ലാസിക്കൽ നൃത്തം പഠിപ്പിക്കാൻ സംവിധാനമില്ല.
8. ഫലപ്രദമായി പ്രവർത്തിക്കുന്ന കലാസമിതികൾ ഇല്ല.

നിർദ്ദേശങ്ങൾ:–

1. ഇപ്പോൾ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാംനിലയിൽ ഒരു വായനശാല സ്ഥാപിക്കുക
2. ഇപ്പോൾ ലൈബ്രറി പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റി ഒരു സാംസ്കാരിക നിലയം പണിയുക. പഞ്ചായത്ത് ഓഫീസ് അവിടത്തേക്ക് മാറ്റാവുന്നതാണ്.
3. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുക.
4. പഞ്ചായത്ത് തലത്തിൽ കലാസമിതികളുടെ ഒരു കോഡിനേറ്റിംഗ് സമിതി ഉണ്ടാക്കുക
5. പഞ്ചായത്തിൽ ഒരു സ്പോർട്സ് അതോറിറ്റി സ്ഥാപിക്കുക.
6. പഞ്ചായത്തിൽ എല്ലാ വർഷവും കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും, വിജയികളെ ആദരിക്കുകയും ചെയ്യുക.
7. പഞ്ചായത്തിലെ ഏക ഗവൺമെൻറ് യു പി. സ്കൂളായ തുറയൂർ ഗവ യു പി. സ്കൂളിനു വേണ്ടി കളിസ്ഥലം അക്വയർ ചെയ്യുക.
8. ക്ലാസിക്കൽ നാടൻ കലകളെ പ്രോത്സാഹിപ്പിക്കാൻ അവ പരിശീലിപ്പിക്കുന്ന സ്ഥാപനം ആരംഭിക്കുക.

# ഊർജ്ജം

ഊർജ്ജ പ്രതിസന്ധി കേരളത്തിലെ പ്രധാന പ്രശ്നമാണ്. കണക്കനുസരിച്ച് 95-96 വർഷത്തിൽ കേരളത്തിലെ ഊർജ്ജ ഡിമാൻറ് 1099.8 കോടി യൂണിററാണ്. എന്നാൽ 909.1 കോടി യൂണിററാണ് ലഭിക്കുന്നത്. അതായത് 190.7 കോടി യൂണിററ് കുറവാണ്. കേരളത്തിലെ പൊതുവായ ഊർജ്ജ പ്രതിസന്ധി തുറയൂർ പഞ്ചായത്തിനേയും ബാധിക്കുന്നു. ഊർജ്ജ ആസൂത്രണത്തിൻെറ കാര്യത്തിൽ പഞ്ചായത്ത് വളരെ പിന്നിലാണ്.

പഞ്ചായത്തിൽ പ്രധാന ഊർജ്ജ സ്രോതസ്സുകളായി ഉപയോഗിക്കുന്നത് വൈദ്യുതി, ഡീസൽ, മണ്ണെണ്ണ, പാചകവാതകം, വിറക്, എന്നിവയാണ് 90% വീടുകളിലും പാചകത്തിന് വിറക് അടുപ്പാണ് ഉപയോഗിക്കുന്നത്. 25 വീടുകളിൽ മാത്രമേ ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നുള്ളൂ. 8% വരുന്ന സമ്പന്ന വീടുകളിലും ഗൾഫ്കാരുടേയും ഉദ്യോഗസ്ഥരുടേയും വീടുകളിലും പാചകവാതകം ഉപയോഗിക്കുന്നു. 1990ൽ ആണ് പാചകഗ്യാസ് പഞ്ചായത്തിൽ ലഭ്യമായി തുടങ്ങിയത്.

## വൈദ്യുതി

വെളിച്ചത്തിന് വേണ്ടി പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. 1960 മുതൽ ആണ് പഞ്ചായത്തിൽ വൈദ്യുതി ലഭ്യമായത്. 2600 വീടുകളിൽ 1690 വീടുകൾ വൈദ്യുതീകരിച്ചവയാണ്. 14 കി. മി. എൽ ടി. ത്രീ-ഫേസ് ലൈനുകളും, 16 കി. മി. സിംഗിൾ ഫേസ് ലൈനും ആണ് പഞ്ചായത്തിൽ നിലവിലുള്ളത്. 8 ട്രാൻസ് ഫോർമറുകൾ ഉണ്ട്. ഇവ ചിറക്കര, പയ്യോളി അങ്ങാടി, തുറയൂർ കിഴക്കാനത്തുംകുന്ന്, കീരങ്കൈ, പാലച്ചുവട്, കരുവോട് ചിറ. ഇരിങ്ങത്ത് എന്നീ സ്ഥലങ്ങളിലാണ്. എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്. അതുകൊണ്ട്, തന്നെ വോൾട്ടേജ് ക്ഷാമം ഈ പ്രദേശത്ത് രൂക്ഷമായി അനുഭവപ്പെടുന്നു. കീരങ്കൈ ട്രാൻസ്ഫോർമറിൽ മാത്രമാണ് വൈദ്യുതികണക്ഷൻ കുറവുള്ളത്. വോൾട്ടേജ് ഇംപ്രൂവ്മെൻറ് പ്രോഗ്രാമിൻെറ ഭാഗമായി കിഴക്കാനത്തുകുന്ന് ട്രാൻസ്ഫോർമറിന് 65470 രൂപയും, കോമത്ത് നടക്ക് 33250 രൂപയും, ഖാദി ഭവൻ 22000 രൂപയും, കൊയപള്ളിക്ക് 81000 രൂപയും വകയിരുത്തിയിട്ടുണ്ട് എന്നാൽ ഇതിൻെറ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇത് പൂർത്തീകരിച്ചാൽ വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

### ഗാർഹികം

പഞ്ചായത്തിൽ മൊത്തമുള്ള 2600 വീടുകളിൽ 1690 വീടുകൾ വൈദ്യുതികരിച്ചതാണ്. 40 അപേക്ഷകർ വൈദ്യുതിക്ക് വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നുണ്ട്. എന്നാൽ പല വീടുകളിലും അർദ്ധരാത്രി ആയാൽ മാത്രമെ ആവശ്യത്തിന് വോൾട്ടേജ് ലഭിക്കുകയുള്ളൂ. 25%വീടുകളിൽ സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നുണ്ട് ഇത് മററ് വീടുകളിലെ വോൾട്ടേജ് ക്ഷാമത്തിൻെറ രൂക്ഷത വർദ്ധിപ്പിക്കുന്നു 250 ഓളം വീടുകളിൽ ആധുനിക ഉപകരണങ്ങളായ ടി. വി, മിക്സി, ഫ്രിഡ്ജ്, ഗ്രൈൻഡർ, ഇലക്ട്രിക് അയേൺ എന്നിവ ഉപയോഗിക്കുന്നു. ഇത് വൈദ്യുതിയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നു. ലക്ഷം വീട് കോളനികൾ, 4 സെൻറ് കോളനികൾ ഹരിജൻ കോളനികൾ ഇവ വൈദ്യുതീകരിച്ചിട്ടില്ല. ഇതിൽ ഇരിങ്ങത്ത് വയൽ കോളനി വൈദ്യുതീകരിക്കുകയും ആക്കൂൽ വയൽ കോളനിയിൽ 38 വീടുകളിൽ കണക്ഷൻ കൊടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

### വ്യാവസായികം

വ്യാവസായിക മേഖലയിലെ വൈദ്യുതി കണക്ഷൻ പഞ്ചായത്തിൽ പൊതുവെ കുറവാണ്. 17 വ്യാവസായിക കണക്ഷൻ ആണ് നിലവിലുള്ളത്. ഇതെല്ലാം തന്നെ ചെറുകിട വ്യവസായങ്ങളാണ്. ലോഡ് ഷെഡ്ഡിങ്ങ് ഏർപ്പെടുത്തുമ്പോൾ ഇവ പൂർണ്ണമായും പ്രവർത്തിക്കുവാൻ സാധിക്കാറില്ല.

### കാർഷികം

കാർഷികരംഗത്തും വൈദ്യുതിയുടെ ഉപഭോഗം താരതമ്യേന കുറവാണ്. മൊത്തം 69 കാർഷിക വൈദ്യുതി കണക്ഷൻ ആണ് നിലവിലുള്ളത്. ഗാർഹിക കണക്ഷൻ ഉപയോഗിച്ച് വൈദ്യുതി മോട്ടോർ പ്രവർത്തിപ്പിച്ച് ജലസേചനം നടത്തുന്ന വീടുകളും ഉണ്ട്.

### വ്യാപാരം

266 വാണിജ്യ കണക്ഷൻ ആണ് പഞ്ചായത്തിൽ നിലവിലുള്ളത്. വോൾട്ടേജ് കുറവ് കാരണം മിക്കവാറും എല്ലാപീടികകളിലും സ്റ്റെപ്പ് അപ്പ് ഉപയോഗിച്ച് വരുന്നുണ്ട് 10 മണിവരെ എല്ലാ പീടികകളിലും വൈദ്യുതി ഉപയോഗിക്കാറുണ്ട്.

## തെരുവ് വിളക്കുകൾ

പഞ്ചായത്തിലെ തെരുവ് വിളക്ക് സംവിധാനം അപര്യാപ്തമാണ്. പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രമായ പയ്യോളി അങ്ങാടിയിലും ഇടിഞ്ഞകടവ്,പാലച്ചുവട് തോലേരി പാക്കനാർപുരം ഇരിങ്ങത്ത്, കയിമ്പിലന്ത്, എന്നീടൗണുകളും കച്ചവട സ്ഥാപനങ്ങൾ അടച്ചു കഴിഞ്ഞാൽ ഇരുട്ടിലാണ്. വൈദ്യുതി ബോർഡിന്റെ കണക്ക് പ്രകാരം 60 വാട്ടിന്റെ 89 ബൾബുകളും 2ട്യൂബുകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയെന്നും തന്നെ പ്രകാശിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ പയ്യോളി അങ്ങാടി ബി. ടി. എം. ഹൈസ്കൂൾ റോഡിലും പയ്യോളി അങ്ങാടി മുതൽ ഇരിങ്ങത്ത് വരെയുള്ള ഡിസ്ട്രിക്റ്റ് ഹൈവേയിലും, പാലച്ചുവട് വാല്യംഞ്ചിററോഡിലും ഇരിങ്ങത്ത് നടുവണ്ണൂർ റോഡിൽ ഭാഗികമായും മാത്രമേ തെരുവ് വിളക്കുകൾ ഉള്ളൂ. വർഷത്തിൽ 15924 രൂപ വൈദ്യുതി ബോർഡിന് അടക്കാറുണ്ട്. ഇത് പഞ്ചായത്ത് വരുമാനത്തിന്റെ1.3% വരും സോഡിയം വാപ്പർ ലാമ്പുകൾ, മെർക്കറി വാപ്പർ ലാമ്പുകൾ എന്നിവ ഇല്ല.

## മണ്ണെണ്ണ

വൈദ്യുതി കഴിഞ്ഞാൽ പഞ്ചായത്തിൽ കൂടുതലായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സാണ് മണ്ണെണ്ണ. 900 ഓളം വീടുകൾ പൂർണ്ണമായും, വൈദ്യുതീകരിച്ച വീടുകൾ ഭാഗികമായും വെളിച്ചത്തിന്ന് വേണ്ടി മണ്ണെണ്ണയെ ആശ്രയിക്കുന്നു. 50 ഓളം വീടുകളിൽ മാത്രമെ പാചകത്തിന്വേണ്ടി മണ്ണെണ്ണ സ്റ്റൗഉപയോഗിക്കുന്നുള്ളൂ മണ്ണെണ്ണകൊണ്ട്പ്രവർത്തിപ്പിക്കുന്ന 100 ഓളം പമ്പുസെററുകളും പഞ്ചായത്തുകളിൽ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ 6 റേഷൻഷാപ്പുകളിലൂടെ ലിററർ മണ്ണെണ്ണ മാസത്തിൽ വിതരണം ചെയ്യുന്നുണ്ട്.

## ഡീസൽ

ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ പഞ്ചായത്തിലെ ഡീസലിന്റെ ഉപഭോഗം താരതമ്യേന കുറവാണ്. പത്ത് ഡീസൽ പമ്പ് സെററുകളും 8 ഓളം ഡീസൽ ജനറേററുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## വിറക്

പഞ്ചായത്തിലെ 90%ത്തോളം വരുന്ന വീടുകൾ ഇപ്പോഴും പാചകത്തിന് വിറക് അടുപ്പുകൾ ഉപയോഗിക്കുന്നു. 25 വീടുകളിൽ മാത്രമെ ക്ഷമത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നുള്ളൂ. വിറകിന്റെ ദൗർലഭ്യം പഞ്ചായത്തിൽ കൂടുതലായി അനുഭവപ്പെട്ടാറില്ല. നാളികേര സംസ്കരണം നടക്കുന്നത്കൊണ്ട് ചകിരി, ചിരട്ട എന്നിവ സുലഭമായി ലഭിക്കുന്നത് കൊണ്ടാണ് വിറകിന്റെ ക്ഷാമം പരിഹരിക്കപ്പെടുന്നത്. വിറകുകൾവിലക്കുവാങ്ങി ഉപയോഗിക്കുന്നവർ 10%ത്തോളം മാത്രമെ വരൂ. 90%വീടുകളിലും വിറകുകൾ ശേഖരിച്ച് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

## പാചകവാതകം

1990 മുതൽ ആണ് പഞ്ചായത്തിൽ പാചക ഗ്യാസ് ലഭ്യമായി തുടങ്ങിയത്. സമ്പന്ന വീടുകളിലും, ഗൾഫ് വീടുകളിലും അത്യാവശ്യം സർക്കാർ ഉദ്യോഗസ്ഥന്മാരുടെ വീടുകളിലും മാത്രമെ പാചക ഗ്യാസ് ഉപയോഗിക്കുന്നുള്ളൂ. മൊത്തം 637 വീടുകളിൽ പാചക ഗ്യാസ് ഉപയോഗിക്കുന്നുണ്ട്.

## സൗരോർജ്ജം

സൗരോർജ്ജത്തിന്റെ ഉപയോഗം പഞ്ചായത്തിൽ പ്രചാരത്തിലില്ല. വൈദ്യുതി എത്താത്ത ഉയർന്ന പ്രദേശങ്ങളിൽ സൗരോർജ്ജവും ഉപയോഗിക്കാവുന്നതാണ്. ഈ സ്കീമുകളെ കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയാണ് സൗരോർജ്ജം ഉപയോഗിക്കാതിരിക്കാനുള്ള കാരണം

# വൈദ്യുതി

| വിതരണ സംവിധാനം | | | കണക്ഷനുകൾ | | | | | |
|---|---|---|---|---|---|---|---|---|
| സിംഗിൾ ഫേസ് | എൽ. ടി. ത്രീഫേസ് ലൈനുകൾ | ട്രാൻസ്ഫോർമറുകൾ | ഗാർഹികം | കാർഷികം | വ്യാവസായികം | വ്യാപാരം | തെരുവ് വിളക്കുകൾ | |
| | | | | | | | ബൾബ് | ട്യൂബ് |
| 16 കി. മീ | 14 കി. മീ | ചിറക്കര<br>പയ്യോളി അങ്ങാടി<br>തുറയൂർ<br>കിഴക്കാനെത്തും കുന്ന്<br>കീരങ്കൈ<br>പാലച്ചുവട്<br>കരുവോട് ചിറ<br>ഇരിങ്ങത്ത് | 1690 | 69 | 17 | 266 | 89 | 2 |

## നടപ്പ് പദ്ധതി അവലോകനം

ദക്ഷത കൂടിയ അടുപ്പുകൾക്ക് അനെർട്ട് 285 രൂപ സബ്സിഡിയായി നൽകുന്നു. 60 രൂപ മാത്രമെ ഉപഭോക്താവ് ചെലവഴിക്കേണ്ടതുള്ളൂ. സൂര്യറാന്തൽ, സൂര്യവിളക്ക് എന്നിവ വൈദ്യുതി എത്താത്ത മേഖലകളിൽ സ്ഥാപിക്കാം. 2000 രൂപയോളം സബ്സിഡി നൽകുന്നു. ഇത് അനെർട്ടാണ് നൽകുന്നത്. ദക്ഷത കൂടിയ കോംപാക്ട് ഫ്ളൂറസൻറ് ബൾബിന് 350 രൂപ വിലയാണ്, 100 രൂപ സബ്സിഡി ലഭിക്കുന്നു.

പ്രശ്നങ്ങൾ:-

1. 900 ഓളം വീടുകൾ വൈദ്യുതീകരിക്കാനുണ്ട്.
2. 6 നാല്സെൻറ് കോളനികളും, 5 ലക്ഷം വീട് കോളനി വീടുകളും, 10 ഹരിജൻ കോളനികളും ഉള്ള പഞ്ചായത്തിൽ ഒരു ഹരിജൻ കോളനി മാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളൂ.
3. കീരങ്കൈ ട്രാൻസ്ഫോർമർഒഴികെ മറ്റെല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്.
4. വോൾട്ടേജ് ക്ഷാമം വ്യാപകമായി അനുഭവപ്പെടുന്നു.
5. ചാലുപറമ്പ്, പൊലപ്പകുന്ന്, പുളിയുള്ളതിൽ മുക്ക്, കൊറവട്ടുമുക്ക്, കാട്ടോളികുന്ന്, കല്ലപ്പമല, പാറക്കൂൽ, ചുരക്കാട്ടുവയൽ അകലാപ്പുഴ ഭാഗം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.
6. വ്യാപകമായി സ്റ്റെപ്പ് അപ്പുകൾ ഉപയോഗിക്കുന്നു.
7. ആധുനിക ഉപകരണങ്ങളുടെ ഉപയോഗം മൂലം ഉപഭോഗം വർദ്ധിക്കുന്നു.
8. തെരുവ് വിളക്കുകൾ ഒന്നും പ്രകാശിക്കുന്നില്ല.
9. ലൈനുകൾക്ക് അടുത്തുള്ള വൃക്ഷകമ്പുകൾ ഓലകൾ മുതലായവ പ്രസരണ നഷ്ടം ഉണ്ടാക്കുന്നു.
10. പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ സോഡിയം വാപ്പർ ലാമ്പുകൾ ഇല്ല.
11. ലൈനുകളിൽ തകരാറുവന്നാൽ പെട്ടന്ന് റിപ്പയർ ചെയ്യാനുള്ള സംവിധാനം ഇല്ല.
12. അപ്രഖ്യാപിത കട്ടുകൾ ഉപഭോക്താക്കൾക്ക് പ്രയാസം സൃഷ്ടിക്കുന്നു.
13. വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല.
14. റേഷൻഷാപ്പുകളിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് വീടുകളിലെ ഉപയോഗത്തിന് അപര്യാപ്തമാണ്.
15. ദക്ഷതകൂടിയ വിറക് അടുപ്പുകളുടെ ഉപയോഗം വളരെ കുറവാണ്.

16. പാചകഗ്യാസ് ലഭിക്കാൻ കാലതാമസം നേരിടുന്നു.
17. സൗരോർജ്ജത്തിന്റെ ഉപയോഗം തീരെ പ്രചാരത്തിലില്ല.
18. രാത്രികാല പവർകട്ട് വീട്ടമ്മമാരെയും വിദ്യാർത്ഥികളേയും വല്ലാതെ പ്രയാസപ്പെടുത്തുന്നു.
19. രാവിലെ 7 മണിക്കുശേഷവും സ്ട്രീറ്റ്‌ലൈറ്റ് കത്തുന്നത് അധികൃതർ അറിഞ്ഞിരിക്കില്ല.

നിർദ്ദേശങ്ങൾ:—

1. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ള പഴയവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുക.
2. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കിഴക്കാനുള്ളുംകുന്ന്, ബാദിഭവൻ, കോമരത്ത് നട, കൊയപ്പുള്ളി എന്നീ ട്രാൻസ്ഫോർമറുകളെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ഉടനെ പൂർത്തിയാക്കുക,
3. നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുക.
4. സ്റ്റെപ്പ് അപ്പിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുക.
5. ആധുനികഇലക്ട്രിക്ക് ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക. ആവശ്യമെങ്കിൽ ഇത്തരം ഉപകരണങ്ങൾക്ക് നികുതി ഏർപ്പെടുത്തുക
6. വൈദ്യുതി ലൈനുകൾക്ക് അരികിലുള്ള വൃക്ഷക്കമ്പുകൾ വെട്ടിമാറ്റുക.
7. വൈദ്യുതി ഉപയോഗത്തിന് ആസൂത്രണം ഏർപ്പെടുത്തുക.
8. വോൾട്ടേജ് ക്ഷമതയുള്ള ബൾബുകളും മറ്റ് ഉപകരണങ്ങളും പ്രചരിപ്പിക്കുക.
9. മേപ്പയ്യൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 110 കെ. വി സബ്സ്റ്റേഷൻ തുറയൂർ പഞ്ചായത്തിൽ സ്ഥാപിക്കുക.
10. വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് ഉടൻ കണക്ഷൻ നൽകുക.
11. വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുകയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുകയും ചെയ്യുക.
12. പാലച്ചുവട്-വിയ്യഞ്ചിറ റോഡിലെ ഇലക്ട്രിക് ലൈനുകൾ ഉയർത്തികെട്ടുക.
13. റോഡുകളുടെ നടുവിലുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
14. പഴയ ലൈനുകൾ മാറ്റി പ്രസരണ നഷ്ടം ഒഴിവാക്കുക,
15. പഞ്ചായത്തിലെ പ്രധാനപെട്ട ടൗണുകളിൽ സോഡിയം വാപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
16. ഇലക്ട്രിക് ലൈനിന് അടുത്തുള്ള മരങ്ങൾ മുറിച്ച്മാറ്റുക.
17. മണ്ണെണ്ണ വിതരണത്തിന്റെ അളവ് വർദ്ധിപ്പിക്കുക.
18. ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക. ആവശ്യത്തിൽ പഞ്ചായത്ത് സബ്സിഡി നൽകുക.
19. സൗരോർജ്ജത്തിന്റെ ഉപയോഗത്തെകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.
20. രാവിലെ 5 30ന്ന് സ്ട്രീറ്റ് ലൈറ്റ് ഓഫാക്കി വൈദ്യുതി ലാഭിച്ചുകൊണ്ട് രാത്രിയിലെ അര മണിക്കൂർ പവർകട്ട് ഒഴിവാക്കുക

## മാർക്കററ്

തുറയൂരിലെ കച്ചവടത്തിന് നൂററാണ്ടുകളുടെ പഴക്കമുണ്ട്. ഒരു കാലത്ത് കുറുമ്പ്രനാട് താലൂക്കിലെ പ്രധാനപ്പെട്ട കച്ചവട കേന്ദ്രമായിരുന്ന തുറയൂരിൻെറ ആസ്ഥാനമായ പയ്യോളിഅങ്ങാടി. റോഡുഗതാഗതം താരതമ്യേനകുറവായിരുന്ന അക്കാലത്ത് ജലഗതാഗതമായിരുന്നു പ്രധാന ആശ്രയം. തുറയൂരിൻെറ വടക്ക് ഭാഗം കുററ്യാടിപുഴയും തെക്ക്ഭാഗത്ത് അകലാപ്പുഴയും സ്ഥിതിചെയ്യുന്നത് കൊണ്ട് വരദാനമായി ലഭിച്ച ജലഗതാഗത സൗകര്യം വാണിജ്യ പുരോഗതിക്ക് അടിത്തറയിട്ടു. കോഴിക്കോട്ട് നിന്നും ചരക്കുകൾ അകലാപ്പുഴ വഴി പയ്യോളി അങ്ങാടിയിലെത്തുകയും അവിടെ നിന്ന് ചരക്കുകൾ കുററ്യാടിപ്പുഴവഴി മണിയൂർ ചെറുവണ്ണൂർ കുററ്യാടിഭാഗത്തേക്കും കയററി അയച്ചിരുന്നു.

പയ്യോളി അങ്ങാടിയിലെ വാണിജ്യ പുരോഗതിക്ക് സഹായകമായത് തിങ്കളാഴ്ചചന്തയായിരുന്നു. തിങ്കളാഴ്ച ചന്തയിൽ വിവിധ പ്രദേശങ്ങളിൽ നിന്ന് ചൂടി, പായ, താളി, ചക്കര വെററില, വാഴക്കുല എന്നിവ വാങ്ങുന്നതിന് ആളുകൾ വന്നിരുന്നു. പ്രസ്തുത ഉല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രമായിരുന്നു ഇത്. ഇന്ന് പയ്യോളി അങ്ങാടിയിലെ കച്ചവടത്തിന് പഴയ പ്രതാപമില്ല. ഒരോർമ്മയെന്നോണം തിങ്കളാഴ്ച ചന്ത നടക്കുന്നുണ്ടെങ്കിലും വിപണനം നാമമാത്രമാണ്. പണ്ട് വെററിലച്ചന്ത, പായച്ചന്ത, കലച്ചന്ത എന്നിവ പ്രത്യേക സ്ഥലങ്ങളിലായിരുന്നു. ഇന്നും ഈ സ്ഥലങ്ങൾ അതേ പേരിലറിയപ്പെടുന്നു. റോഡുഗതാഗതം സുഗമമായതോടെ തിങ്കളാഴ്ച ചന്തയുടെ പ്രസക്തി നഷ്ടപ്പെടുകയും പയ്യോളി അങ്ങാടിയുടെ വാണിജ്യ പ്രധാന്യം അസ്തമിക്കുകയും ചെയ്തു. ഇന്ന് സാധാരണ ഗതിയിലുള്ള കച്ചവടം മാത്രമെ നടക്കുന്നുള്ളു. മത്സ്യമാർക്കററ്, ഇറച്ചിമാർക്കററ് എന്നിവ സൗകര്യപ്രദമായ സ്ഥലങ്ങളിലല്ല. പായചന്തക്ക് മതിയായ സ്ഥലസൗകര്യങ്ങളില്ല.

### നിർദ്ദേശങ്ങൾ

(1) തിങ്കളാഴ്ച ചന്ത പുനരുജ്ജീവിപ്പിക്കുക, ചന്തയിൽ എല്ലാ സാധനങ്ങളും ലഭ്യമാക്കുക.

(2) വിപണനത്തിന് മതിയായ സൗകര്യം ഏർപ്പെടുത്തുക.

(3) മത്സ്യമാർക്കററ്, ഇറച്ചിമാർക്കററ് എന്നിവ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാററുക.

## ടൂറിസം

ഭൂമിശാസ്ത്രപരമായി അനുഗ്രഹീതമായ പ്രദേശമാണ് തുറയൂർ. ഈ പഞ്ചായത്തിൻെറ ഇരുവശങ്ങളും തഴുകി ഒഴുകുന്ന കുററ്യാടിപ്പുഴയും അകലാപ്പുഴയും പഞ്ചായത്തിന്ന് പ്രകൃതി കനിഞ്ഞ് നൽകിയ പ്രത്യേകതകളാണ്. ഒരു പുഴയുടെ സവിശേഷതകൾക്കുപരി ഇല്ലാത്ത തടാക സദൃശമായ ഒരു ജലാശയമാണ് അകലാപ്പുഴ. ഇതിൻെറ നടുവിലെ തുരുത്ത് ഈ പുഴയുടെ ഭംഗി വർദ്ധിപ്പിക്കുന്നു. പ്രകൃതിരമണീയമായ ഈ ജലാശയത്തിൽ കളിബോട്ടുകൾ ഇതിൻെറ കരയിലോ തുരുത്തിലോ പാർക്കുകൾ എന്നിവ ഏർപ്പെടുത്തിയാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. ഈ പുഴയിലൂടെയുള്ള സവാരി ഒരു അനുഭൂതി തന്നെയാണ്.

### നിർദ്ദേശങ്ങൾ

1. അകലാപ്പുഴയിൽ കളിബോട്ടുകൾ ഏർപ്പെടുത്തുക.
2. അകലാപ്പുഴയിലെ തുരുത്തിൽ പാർക്ക് ഏർപ്പെടുത്തുക.

# തുറയൂർ ഗ്രാമപഞ്ചായത്ത് വിഭവ സമാഹരണം

പതിമൂവ്വായിരത്തോളം ജനങ്ങൾ അധിവസിക്കുന്ന തുറയൂർ ഗ്രാമപഞ്ചായത്ത് മുഖ്യമായും ഒരു കാർഷിക മേഖലയാണ്. കാർഷിക മേഖലയിലെ ഉല്പാദന മാന്ദ്യവും വ്യവസായ സ്ഥാപനങ്ങളുടെ അഭാവവും പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളെ തടയുന്നു. പഞ്ചായത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വിനോദ നികുതി, സർക്കാർ ഗ്രാന്റുകൾ, ലേലങ്ങളിൽനിന്നുള്ള ആദായം എന്നിവയിൽ നിന്നാണ്. പഞ്ചായത്തിന്റെ തനത് വരുമാനം കുറവാണ്. അതിനനുസരിച്ചുള്ള ചെലവും വർദ്ധിക്കുന്നു. (പട്ടിക ഇതൊന്നിച്ച് ചേർക്കുന്നു. ഓരോന്നിലേയും വരവും ചെലവും)

## കെട്ടിട നികുതി

കെട്ടിട നികുതിയിനത്തിൽനിന്നും ഇപ്പോൾ ഈടാക്കുന്നത്, ഓരോ കെട്ടിടത്തിന്റെയും സ്വഭാവമനുസരിച്ച് ആയതിന് വാർഷിക വാടക കണക്കാക്കി അതിന്റെ എട്ട് ശതമാനമാണ്.

## വിനോദ നികുതി

പഞ്ചായത്തിൽ ഒരു സിനിമാടാക്കീസേയുള്ളൂ എങ്കിലും വിനോദ നികുതിയിനത്തിലുള്ള വരുമാനം ആശാവഹമാണ്.

## തൊഴിൽ നികുതി

തൊഴിൽ നികുതി ഇനത്തിൽ കാര്യമായ വരുമാന മാർഗ്ഗം അദ്ധ്യാപകരിൽനിന്നും മററ് സർക്കാർ ജീവനക്കാരിൽനിന്നുമാണ്.

## ലൈസൻസ് ഫീസ്

നിലവിലുള്ള ലൈസൻസ് ഫീസ് നിരക്കുകൾ കുറവാണ്. 1–4–97മുതൽ പുതുക്കിയ ലൈസൻസ് ഫീസുകൾ പ്രാബല്യത്തിൽ വരുമ്പോൾ ഈ ഇനത്തിൽ വർദ്ധനവുണ്ടാവും.

## ലേലങ്ങളിൽ നിന്നുള്ള ആദായം

വിവിധ ലേലങ്ങളിൽനിന്നും നാമമാത്രമായ ആദായമാണ് ലഭിക്കുന്നത്.

## സർക്കാർ ഗ്രാന്റുകൾ

സർക്കാരിൽനിന്നും ലഭിക്കുന്ന വിവിധ ഇനം ഗ്രാന്റുകൾ ചെലവഴിക്കുന്നുണ്ട് (പട്ടിക നോക്കുക)

## മററ് ധനാഗമ മാർഗ്ഗങ്ങൾ

1) ഭൂമിയുടെ തരമനുസരിച്ച് ഭൂനികുതി ക്ലിപ്തപ്പെടുത്തുക.
2) പുഴ പുറമ്പോക്ക് ഏറെയുണ്ടെങ്കിലും നാമമാത്രമാണ് പാട്ടത്തിന് കൊടുക്കുന്നത്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് മതിയായ പ്രോത്സാഹനം നൽകിയും, പാട്ടം വർദ്ധിപ്പിക്കുകയും.
3) പഞ്ചായത്ത് റോഡുകളുടെ റിപ്പയറുകൾക്ക് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ മെയിൻറനൻസ് ഇനത്തിൽ വരുന്ന ചെലവ് ചുരുക്കാൻ കഴിയും.

## മനുഷ്യ വിഭവം



അഭ്യസ്ഥവിദ്യരും, സാങ്കേതിക പരിശീലനം ലഭിച്ചവരും, അല്ലാത്തവരും എന്നാൽ തൊഴിലില്ലാത്തവരുമായ ഒരുപാടുപേരുണ്ട്. ഓരോ വാർഡിലും കേന്ദ്രീകരിച്ച് വികസന പ്രവർത്തനങ്ങളുമായി ഇവരെ ബന്ധപ്പെടുത്താവുന്നതാണ്. അതുപോലെതന്നെ സാങ്കേതിക വിദ്യ കൈവരിച്ച ആളുകാംക്ക് മതിയായ സൗകര്യങ്ങാം ഏർപ്പെടുത്തി അതാത് തുറകളിലെ സാങ്കേതികത ഉപയോഗപ്പെടുത്താവുന്നതാണ്.

## ബാങ്കുകൾ

### S. M. G. B.

പഞ്ചായത്തിൽ ഗ്രാമീണ ബാങ്കിൻെറ ഒരു ശാഖയും, ഒരു സർവ്വീസ് സഹകരണ ബാങ്കുമാണുള്ളത്,. ഗ്രാമീണ ബാങ്കിൽ ഏതാണ്ട് ഒരു കോടി മുപ്പത് ലക്ഷത്തോളം നിക്ഷേപമുണ്ടെന്നും വായ്പാ അനുപാതം 115 ശതമാനമാണെന്നും വായ്പാ കടിശ്ശിഖ 20 ലക്ഷം രൂപയുമുണ്ട്. കടിശ്ശിഖ ഇനത്തിൽ 7½ ലക്ഷം രൂപ I R D P പദ്ധതിയിലെ ഗുണഭോക്താക്കളുടെതാണ്. മേൽ സ്ഥാപനത്തിൽനിന്നും കൃഷി, കച്ചവടം, ചെറുകിട വ്യവസായം, വാഹനം തുടങ്ങിയവക്ക് വായ്പകാം നൽകി വരുന്നു. (മേൽ വിവരങ്ങാം വാക്കാൽമാത്രം കിട്ടിയത്)

## സർവ്വീസ് സഹകരണ ബാങ്ക്

പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കാണുള്ളത്. ആകെ നിക്ഷേപം 75;73,645രൂപയും വായ്പകാം 59,84,129 രൂപയുമാണ്. സംസ്ഥാന വായ്പാ/നിക്ഷേപ അനുപാതത്തിന് അനുസരിച്ച് തന്നെയാണ് ബാങ്കിൻെറയും അനുപാതം. മേപ്പടി ബാങ്കിൽനിന്നും അഗ്രികാംച്ചർ, I R D P,Housing, സ്വയം തൊഴിൽ, എഡ്യൂക്കേഷൻ ലോൺ, NAMT, NAST gold loan, തുടങ്ങിയവയ്ക്ക് ലോൺ കൊടുക്കുന്നുണ്ട്. 17,16,817 രൂപ ലോൺ ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്.

മേപ്പടി രണ്ട് സ്ഥാപനങ്ങളും തുറവൂർ പഞ്ചായത്തിൻെറ സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്.

## നിലവിലുള്ള വരുമാനങ്ങൾ

| | | |
|---|---|---|
| കെട്ടിട നികുതി | 140000 | 00 |
| തൊഴിൽ നികുതി | 80000 | 00 |
| പ്രദർശന നികുതി | 2200 | 00 |
| വസ്തുകൈമാററ നികുതി | 122146 | 00 |
| P F A | 678 | 00 |
| വിനോദ നികുതി | 115253 | 35 |
| ജനന മരണം | 100 | 00 |
| കെട്ടിട വാടക | 14400 | 00 |
| മാർക്കററ് വരവ് | 1000 | 00 |
| മററ് പലവക | 17420 | 00 |
| A & O Licance Fee | 9000 | 00 |
| ഗവ: ഗ്രാൻറും സംഭാവനയും | 492176 | 00 |
| മററ് പലവക വരുമാനം | 5000 | 00 |
| പലിശ | 5000 | 00 |

# തുറയൂർ ഗ്രാമപഞ്ചായത്തിൻെറ കഴിഞ്ഞ 10 വർഷക്കാലത്തെ വരവ് ചെലവ് കണക്ക് ഒരു താരതമ്യ പഠനം

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986–87 | 303601 25 | 271357 31 |
| 1987–88 | 306524 19 | 310810 94 |
| 1988–89 | 407888 34 | 399905 96 |
| 1989–90 | 610225 90 | 459684 80 |
| 1990–91 | 858194 25 | 770751 55 |
| 1991–92 | 763684 20 | 627069 50 |
| 1992–93 | 934000 02 | 726597 02 |
| 1993–94 | 957494 15 | 1081908 60 |
| 1994–95 | 1390870 66 | 1277114 24 |
| 1995–96 | 1197769 84 | 1272826 74 |

## തനത് വരുമാനം

| ഇനം | 1991–92 | 1995–96 | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 93670 08 | 138623 92 | 44953 84 |
| വിനോദ നികുതി | 58290 36 | 115253 35 | 56962 99 |
| തൊഴിൽ നികുതി | 44804 00 | 78120 00 | 33316 00 |
| അൺടൈഡ് ഫണ്ട് | 210000 00 | 324190 00 | 114190 00 |
| വസ്തുകൈമാററ നികുതി | 26904 00 | 122146 00 | 95242 00 |
| ഗ്രാൻറ്+സംഭാവന | 13990 00 | 167986 00 | 153994 00 |

## ചെലവ്

| ചെലവിനം | 1991—92 | 1995—96 | വ്യത്യാസം |
|---|---|---|---|
| നടത്തിപ്പും പിരിവും | 300286 40 | 428112 80 | 127826 40 |
| റോഡ് റിപ്പയർ | 22367 37 | 156552 67 | 134185 30 |
| [illegible] | 12249 00 | 15924 00 | 3675 00 |

## ജെ. ആർ. വൈ.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1989–90 | 221705 00 | 100674 00 |
| 1990–91 | 272468 00 | 375220 00 |
| 1991–92 | 237188 00 | 259454 00 |
| 1992–93 | 189430 00 | 46600 00 |
| 1993–94 | 315210 00 | 470388 00 |
| 1994–95 | 441982 00 | 301654 00 |
| 1995–96 | 319284 00 | 110558 00 |
| ആകെ | 1997267 00 | 1664548 00 |

### നിർദ്ദേശങ്ങൾ

1 ഭൂനികുതി പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്ന സംവിധാനമുണ്ടാക്കേണ്ടതാണ്.

2 കമ്മ്യൂണിററി ഹാളും, അനുബന്ധമായി രണ്ടു മുറികളും ഉണ്ടാക്കുക

3 ടാക്സി സ്റ്റാൻറ് ഏർപ്പെടുത്തുക.

4 വണ്ടിത്താവളങ്ങളിൽനിന്നും ഫീസ് ഈടാക്കുക.

5 ബസ്സ് സ്റ്റാൻറ് നിർമ്മാണം.

6 കെട്ടിട നിർമ്മാണ നിയന്ത്രണം നടപ്പിലാക്കുക.

7 സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ, മററ് പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ കോളെജ് എന്നിവക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

8 കെട്ടിട നികുതി വർദ്ധിപ്പിക്കുക

9 ഗൾഫിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കൂടുതലുള്ള സ്ഥലമെന്ന നിലക്ക് അവരുടെ സമ്പാദ്യത്തിലെ ഒരു വിഹിതം നാടിൻെറ ഉയർച്ചക്കായി വ്യവസായ സ്ഥാപനങ്ങളോ മററോ തുടങ്ങാൻ പ്രചോദനം നൽകാവുന്നതാണ്.

10 ആഡംബര സ്വഭാവമുള്ള വീടുകൾക്ക് ഇപ്പോഴുള്ളതിൻെറ നികുതി മാററി (8%മാണ് നിലവിൽ) 15%മാക്കി ഉയർത്തണം.

# വനിതാക്ഷേമം

ആധുനിക യുഗത്തിലെ ഏററവും പ്രധാനപ്പെട്ട മുദ്രാവാക്യമാണ് സ്ത്രീ പുരുഷ സമത്വം. സ്ത്രീ ജനസംഖ്യ കൂടുതലുള്ള സമൂഹം വികസിത സമൂഹമായിട്ടാണ് കണക്കാക്കുന്നത്. 1991ലെസെൻസസ് പ്രകാരം ഇന്ത്യയിലെ പുരുഷ സ്ത്രീ അനുപാതം 1000 : 927 ആണ്. കേരളത്തിൽ ഇത് 1000 : 1040 ആണ്. ആ നിലക്ക് കേരളം ഒരു വികസിത സമൂഹമായി കണക്കാക്കാവുന്നതാണ്. എന്നാൽ ജനസംഖ്യയിൽ സ്ത്രീകളുടെ വർദ്ധനവിനനുസരിച്ച് വനിതാ ക്ഷേമ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

സ്ത്രീ പുരുഷ സമത്വം എന്നത് തുറയൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 12.830. ഇതിൽ 6199 പുരുഷൻമാരും 6631 സ്ത്രീകളുമാണ്. അതായത് പുരുഷൻമാർക്ക് 1070 സ്ത്രീകൾ ഇത് സംസ്ഥാന സ്ത്രീ പുരുഷ അനുപാതത്തേക്കാൾ കൂടുതലാണ്. പട്ടിക ജാതിയിൽപ്പെട്ട 987 സ്ത്രീകൾ ഇവിടെയുണ്ട്. ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും തൊഴിൽ, സാമൂഹിക സംസ്ഥാരിക, വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

വനിതാ ക്ഷേമ രംഗത്ത് തുറയൂർ പഞ്ചായത്ത് നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. പഞ്ചായത്തിന് ഭരണസാരഥ്യം നൽകുന്നത് വനിത പ്രസിഡൻറാണ് എന്നതൊഴിച്ചാൽ പഞ്ചായത്തിലെ സാമൂഹിക, രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വനിതാ പ്രവർത്തകർ ഇല്ലെന്ന് തന്നെ പറയാം. വളരെയേറെ പേർ വിദേശത്ത് ജോലി ചെയ്യുന്ന ഈ പഞ്ചായത്തിലെ 25 ശതമാനത്തോളം വീടുകൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പുരുഷൻമാർക്കൊപ്പമാണെങ്കിലും ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ലഭിച്ച സ്ത്രീകൾ പുരുഷൻമാരേക്കാൾ കുറവാണ്. പഞ്ചായത്തിൽ സാക്ഷരരായ 4590സ്ത്രീകളുണ്ട്. മൊത്തം 6631സ്ത്രീകളാണ് പഞ്ചായത്തിലുള്ളത്. സാക്ഷരതാ നിരക്ക് 69.2% ആണ്. ഇത് സംസ്ഥാന, ജില്ലാ ശരാശരിയേക്കാൾ കുറവാണ്. സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നതാണ് ഇതിനു കാരണം.

## തൊഴിൽ

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുരുഷന്മാരുടേതിന് തുല്യമായി സ്ത്രീകളും ജോലി ചെയ്യുന്നുണ്ടെങ്കിലും മററു സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവർ വളരെ കുറവാണ്. സ്ത്രീകൾക്ക് മാത്രമായ തൊഴിൽ സ്ഥാപനം പഞ്ചായത്തിൽ ഒന്നു മാത്രമേയുള്ളൂ. DWCRA യുടെ കീഴിൽ സ്ത്രീകൾക്ക് മാത്രമായി കയർ വ്യവസായ യൂനിററ് പ്രവർത്തിച്ചുവരുന്നു. ഭൂരിഭാഗം സ്ത്രീകളും പരമ്പരാഗത വ്യവസായ മേഖലകളായ പായ നെയ്ത്ത്, കയർ എന്നിവയിലും കാർഷിക-കെട്ടിട നിർമ്മാണ മേഖലയിലും തൊഴിലെടുക്കുന്നവരാണ് പായ നെയ്ത്ത് വ്യവസായത്തിൽ എണ്ണൂറോളം സ്ത്രീകൾ തൊഴിലിൽ ഏർപ്പെടുന്നു. ഇത് പ്രധാനമായും ഒരു പ്രത്യേക സമുദായത്തിൽ പെട്ടവർ മാത്രമാണ്. കയർ വ്യവസായ രംഗത്ത് 100 ഓളം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. കാർഷിക മേഖലയിൽ ഏതാണ്ട് ആയിരത്തോളം പേർ തൊഴിലെടുക്കുന്നുണ്ട്. നിർമ്മാണ മേഖലയിൽ 500 ഓളം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. തുല്യ ജോലിക്ക് തുല്യ വേതനം ഇല്ല എന്നുള്ളത് സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

## ആരോഗ്യം

ആരോഗ്യ രംഗത്ത് സ്ത്രീകളുടെ നില പരിതാപകരമാണ്. ആറ്, നാല് സെൻറ് കോളനികളും 5, ലക്ഷം വീട് കോളനികളും, പത്ത് ഹരിജൻ കോളനികളുമുള്ള പഞ്ചായത്ത് ആണ് ഇത്. കോളനികളിലെ ശുചിത്വ പ്രശ്നങ്ങളും, പോഷകാഹാര കുറവും സ്ത്രീകളുടെ അനാരോഗ്യത്തിനുള്ള പ്രധാന ഘടകമാണ്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച സ്ത്രീകൾ താരതമ്യേന കുറവാണ്. അതുകൊണ്ടുതന്നെയുള്ള തുടർച്ചയായുള്ള ഗർഭധാരണം സ്ത്രീകളുടെ അനാരോഗ്യത്തിൻെറ മറെറാരു ഘടകമാണ്.

## സാമൂഹ്യ സാംസ്കാരിക രംഗം

സാമൂഹ്യ സാംസ്കാരിക രംഗത്ത് കടന്നു വരുവാൻ സ്ത്രീകൾ പൊതുവെ മടി കാണിക്കുന്നവരാണ്

ശ്രദ്ധേയരായ വനിതാ സാമൂഹ്യ പ്രവർത്തകർ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. പഞ്ചായത്ത് രാജ്–നഗരപാലികാ ബല്ലിൽ 30% സീററുകരം സ്ത്രീകരംക്കായി സംവരണം ചെയ്തുകൊണ്ട് അത്യാവശ്യമാളുകരം ഭരണ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. പഞ്ചായത്തിലെ നാല്, അഞ്ച്, എട്ട് വാർഡുകരം സ്ത്രീ സംവരണ വാർഡുകളാണ്. പഞ്ചായത്ത് ഭരണത്തിന് നേതൃത്വം കൊടുക്കുന്നത് വനിതാ പ്രസിഡണ്ടാണ്. അഞ്ച് മഹിളാ സമാജങ്ങരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

1) യാഥാസ്ഥിതികത്വത്തിന്റെ പിടിമുറുക്കമുള്ളതുകൊണ്ട് സാമൂഹ്യ സാംസ്കാരിക രംഗത്തേക്ക് സ്ത്രീകരം കടന്നുവരുന്നില്ല.
2) സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന നൽകുന്നില്ല.
3) സ്ത്രീകരംക്ക് മാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഗ്രന്ഥാലയങ്ങളോ ഇല്ല.
4) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും, വ്യവസായ സ്ഥാപനങ്ങളിലും സ്ത്രീ തൊഴിലാളികരം കുറവാണ്.
5) കോളനികളിലെ ശുചിത്വ പ്രശ്നങ്ങരം സ്ത്രീകളുടെ അനാരോഗ്യത്തിന് കാരണമാകുന്നു.
6) പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ വനിതാ ഡോക്ടർമാരും, ഗൈനക്കോളജിസ്റ്റുകളും ഇല്ല.

## നിർദ്ദേശങ്ങൾ

1) സ്ത്രീകരംക്ക് മാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗ്രന്ഥാലയങ്ങളും തൊഴിൽ ശാലകളും ആരംഭിക്കുക.
2) കോളനികളിലെ ശുചിത്വ പ്രശ്നങ്ങരം പരിഹരിക്കുക.
3) സെമിനാറും, പഠന ക്ലാസ്സുകളും സംഘടിപ്പിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുക.
4) വനിതാ സഹകരണ സംഘങ്ങരം സ്ഥാപിക്കുക.
5) ആരോഗ്യ കേന്ദ്രങ്ങളിൽ വനിതാ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുക.
6) അച്ചാർ, മെഴുകുതിരി, സോപ്പ് തുടങ്ങിയ ചെറുകിട വ്യവസായങ്ങരം ആരംഭിച്ച് സ്ത്രീകരംക്ക് തൊഴിൽ സൗകര്യം നൽകുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദേശപ്പണത്തിന്റെ സ്വാധീനം തുറയൂർ പഞ്ചായത്തിലെ വീടുകളിൽ നന്നായി പ്രതിഫലിക്കുന്നുണ്ട്. പാർപ്പിടം എന്ന അവസ്ഥയിൽ നിന്ന് സാമ്പത്തികശേഷിയുടെ സൂചിക എന്ന സ്ഥിതിയിലേക്ക് അത് എത്തി നിൽക്കുന്നു. എന്നാൽ പ്രാഥമികാവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത കുടിലുകളും നമുക്കിവിടെ കാണാം.

1991ലെ സെൻസസ് പ്രകാരം തുറയൂർ ഗ്രാമപ്പഞ്ചായത്തിൽ 2180 വീടുകളുള്ളതിൽ 2176 പാർപ്പിടങ്ങളിൽ 6199 പുരുഷൻമാരും, 6631 സ്ത്രീകളും കൂടി 12, 830 പേർ താമസിക്കുന്നു.

പട്ടിക I Area of Panchayath. 10.48 Hectares. Code. 0163

| Ward | No. of occupational residential houses | No. of household | Total population including institutional and house less population | | | Total population in the age group 0-6 | | | Sheduled caste | | S. T. | | Literate | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | P | M | F | P | M | F | M | F | M | F | M | F |
| 1 | 272 | 272 | 1615 | 741 | 874 | 256 | 122 | 134 | 144 | 158 | – | – | 591 | 599 |
| 2 | 285 | 286 | 1648 | 778 | 870 | 255 | 132 | 123 | 42 | 54 | – | – | 624 | 653 |
| 3 | 306 | 306 | 1949 | 769 | 980 | 289 | 153 | 136 | 83 | 79 | – | – | 765 | 689 |
| 4 | 288 | 288 | 1661 | 805 | 856 | 251 | 128 | 123 | 263 | 253 | – | – | 645 | 622 |
| 5 | 226 | 226 | 1330 | 673 | 657 | 205 | 120 | 85 | 127 | 117 | – | – | 508 | 420 |
| 6 | 295 | 296 | 1876 | 890 | 986 | 340 | 162 | 178 | 169 | 172 | – | – | 673 | 628 |
| 7 | 225 | 225 | 1227 | 590 | 637 | 165 | 84 | 81 | 74 | 78 | – | – | 474 | 415 |
| 8 | 281 | 281 | 1524 | 753 | 771 | 190 | 102 | 88 | 95 | 76 | – | – | 627 | 564 |
| Total | 2176 | 2180 | 12830 | 6199 | 6631 | 1751 | 1003 | 948 | 997 | 987 | – | – | 4907 | 4590 |

പ്രാഥമിക സൗകര്യങ്ങൾപോലുമില്ലാത്ത വീടുകളും ഈ ഗ്രാമപ്പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെ വീടുകളുടെ സ്വഭാവം.

പട്ടിക II

1. (a) വാർപ്പ്. 549. (b) വാർപ്പും ഓടും. 23.
2. (a) ഓട് മേഞ്ഞവ. 833. (b) ഓടും ഓലയും 323
3. ഓലമേഞ്ഞവ. 994
4. കുടിൽ. 326

തുറയൂർ പഞ്ചായത്തിലെ ഭവന നിർമ്മാണരംഗത്ത് താഴെ കാണിച്ച ഏജൻസികളുടെ സേവനം ലഭിക്കുന്നുണ്ട്.

1. മേപ്പയ്യൂർ ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈററി.
2. KANFIN (3) L. I. C (4) ബ്ലോക്ക് ഡവലമെൻറ് ഓഫീസ് (5) ഹൗസിങ്ങ് ബോർഡ്, ചക്കോരത്ത് കുളം, കോഴിക്കോട്.

കഴിഞ്ഞകാലങ്ങളിൽ ഈ ഏജൻസികളും സ്വകാര്യവ്യക്തികളും നിർമ്മിച്ച 3048 കെട്ടിടങ്ങൾ ഇപ്പോഴുണ്ട്. ഇവരിൽ 11% കുടുംബങ്ങൾ സ്വന്തമായി വീടുണ്ടാക്കാൻ കഴിവില്ലാത്തവരാണ്.

ഈ ഗ്രാമപഞ്ചായത്തിൽ 6 നാല്സെൻറ് കോളനികളിലായി 62 കുടുംബങ്ങളും 5 ലക്ഷംവീട് കോളനികളിലായി 100 കുടുംബങ്ങളും 10 ഹരിജൻ കോളനികളിലായി 237 കുടുംബങ്ങളും പാർക്കുന്നുണ്ട്. ഏതാണ്ട് എല്ലാ കോളനികളിലും പ്രാഥമികസൗകര്യങ്ങൾ പോലും അപര്യാപ്തമാണ്. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള 5 ലക്ഷംവീട് കോളനികളും 6 നാല് സെൻറ് കോളനികളും ഈ പഞ്ചായത്തിലുണ്ട്. വൈദ്യുതി, ശുദ്ധജലക്ഷാമം, കക്കൂസ് ഇവ സവിശേഷ ശ്രദ്ധ അർഹിക്കുന്ന പ്രശ്നങ്ങളാണ്. പഞ്ചായത്ത്വക വയറിങ്ങ് നടത്തിയിട്ടും കോഷൻ ഡെപ്പോസിററ് അടക്കാത്തത് കാരണം 7 വർഷം കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ലക്ഷംവീട് കോളനികൾ അവഗണനയുടെ നിത്യസ്മാരകങ്ങളാണ്. സാമ്പത്തിക ശേഷിഉള്ളവർ കഴിഞ്ഞ 5 വർഷങ്ങളിൽ നിർമ്മിച്ച വീടുകളിൽ അധികവും കോൺക്രീററ് മന്ദിരങ്ങളാണ്. എന്നാൽ ദുർബലം വിഭാഗക്കാരായ കർഷകത്തൊഴിലാളികൾക്കും മററും സമാനജനവിഭാഗങ്ങൾക്കും കൊച്ചുകുടിലുകൾ നിർമ്മിക്കാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ.

ഹൗസിങ്ങ് ബോർഡിൽ നിന്ന് 24 000/-രൂപ വായ്പയുള്ള ഭവനനിർമ്മാണ പദ്ധതിയിൽ-15,000/-രൂപ മാത്രം വായ്പയായി കിട്ടുന്നപദ്ധതി -നിയമത്തിൻെറയും ചട്ടങ്ങളുടേയും നൂലാമാലകളിൽ നിന്ന് ദുർബ്ബലവിഭാഗങ്ങളെ രക്ഷപ്പെടുത്താറില്ല. ഇതിനാവശ്യമായ വിവിധരേഖകൾ തയ്യാറാക്കാൻ 500/-രൂപയിലധികം ചെലവ് വരുന്നുണ്ട്. ചുരുങ്ങിയത് 10 പ്രാവശ്യമെങ്കിലും ഇക്കാര്യത്തിനായി വിവിധ ആപ്പീസുകൾ കയറി ഇറങ്ങുന്ന ഉപഭോക്താവിന്ന് സർക്കാരിൻെറ ഭവനനിർമ്മാണ ഏജൻസികളിൽ അവിശ്വാസം അനുഭവപ്പെടുന്നു. ഈ ഏജൻസികൾക്ക് പകരമായി ഉപഭോക്താവിനെ സഹായിക്കാനുതകുംവിധം ആവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം ഗ്രാമപ്പഞ്ചായത്തിൽ ഉണ്ടാകണം. വിവിധ ഭവനനിർമ്മാണ ഏജൻസികൾ നൽകുന്ന സഹായം ഗ്രാമപ്പഞ്ചായത്തിലൂടെ മാത്രമായിരിക്കണം.

ഈ ഗ്രാമപ്പഞ്ചായത്തിൽ കെട്ടിടനിർമ്മാണ നിയന്ത്രണനിയമം ബാധകമല്ല. കെട്ടിടനിർമ്മാണത്തിന്നാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും നിർമ്മാണത്തൊഴിലാളികളുടെ വേതന വർദ്ധനവും ഈ രംഗത്തെ സാധാരണക്കാരന് കൂടുതൽ പ്രയാസം അനുഭവപ്പെടുത്തുന്നു.

ചേരിപ്രദേശങ്ങളിലോ, പുറമ്പോക്കിലേ കുടിൽ കെട്ടിപാർക്കുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിലില്ല. കൊച്ചുകുടിൽ പോലും ഉണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെടുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഒരു പ്രശ്നമാണ്. ഉള്ള കുടിൽതന്നെ പ്രകൃതിക്ഷോഭത്തിൽ തകർന്നപോയ ഒരുകുടുംബം(പടിഞ്ഞാറെ കോട്ടിയാടി അരിയായി) ഭവനനിർമ്മാണ ഏജൻസികളുടെമുന്നിൽ ഒരു ചോദ്യചിഹ്നമായി ഇന്നും അവശേഷിക്കുന്നു.

കെട്ടിട നിർമ്മാണരംഗത്താണ് സമ്പത്തിൻെറ സിംഹഭാഗവും ചെലവഴിക്കപ്പെടുന്നത്. സമ്പന്ന വിഭാഗം സൗകര്യവർദ്ധനവിനുവേണ്ടി സമ്പത്തിൻെറ സിംഹഭാഗ പ്രത്യുല്പാദനപരമല്ലാത്ത ഈ മേഖലയിൽ ചെലവഴിക്കപ്പെടുന്നത് തടയപ്പെടേണ്ടതും, ഗൗരവമായ ഒരു പ്രശ്നമാണ്. കെട്ടിട നിർമ്മാണരംഗത്തെ അനാവശ്യച്ചെലവുകൾ നിയന്ത്രിച്ചാൽ വരുമാനം പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ സാധിക്കും. അതുവഴി നമ്മുടെ നാടിൻെറ സമ്പത്ത് അത്യന്താപേക്ഷിതമായ ചില പദ്ധതികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും.

ചെലവ് കുറഞ്ഞ വീടുകൾക്കുള്ള അസംസ്കൃത വസ്തുക്കൾ പഞ്ചായത്ത് തലത്തിൽ തന്നെ ലഭ്യമാക്കാൻ നിർമ്മിതികേന്ദ്രം മുഖേന നടപടിയുണ്ടാകേണ്ടതാണ്. വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നതും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ ഒരു പ്രധാന പ്രശ്നമായിരിക്കുന്നു. ഇക്കാരണത്താൽ ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ഈ സ്ഥിതിവിശേഷം കർഷകരെ അലസൻമാരാക്കുകയും അതുവഴി പഞ്ചായത്തിലെ വിവിധ കാർഷികവിളവുകൾ അന്യംനിന്നു പോവുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. കൂടാതെ ഗുരുതരമായ ഒരു പരിസ്ഥിതി പ്രശ്നവും കൂടിയാണിത് കാരണം സംജാതമായികൊണ്ടിരിക്കുന്നത്. സമ്പന്നരായ ഭൂഉടമകൾ ജൈവവേലികൾക്ക് പകരമായി കരിങ്കൽഭിത്തികൾ നിർമ്മിക്കുന്നതിനാൽ ഭൂമിയുടെ വിസ്തൃതിയിൽ നേരിയ തോതിലെങ്കിലും സമ്മർദ്ദം അനുഭവപ്പെടുന്നുണ്ട്.

കെട്ടിട നിർമ്മാണം ഈ ഗ്രാമപഞ്ചായത്തിൽ സജീവമായിരിക്കുന്നതിനാൽ അനേകം പേർക്ക് ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നുണ്ട്. കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്ന് നിരവധി പുരുഷത്തൊഴിലാളികൾ ഇവിടെ സ്ഥിരമായി താമസിച്ചുകൊണ്ട് കെട്ടിടനിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നു. മിക്കപ്പോഴും തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ സുരക്ഷിതമല്ല. കഴിഞ്ഞവർഷം ഒരു കെട്ടിടനിർമ്മാണത്തൊഴിലാളി സുരക്ഷിതമല്ലാത്ത ജോലി സാഹചര്യത്തിൽ രക്തസാക്ഷിയായത് ഇവിടെ സ്മരിക്കട്ടെ. കോൺക്രീററ്, തേപ്പ്, മൊസൈക്ക്, മരപ്പണി, പൂഴിവാരൽ എന്നീ തൊഴിലുകൾക്കാണ് പുരുഷത്തൊഴിലാളികൾ കൂടുതൽ വരുന്നത്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരികയാണ്. സ്ത്രീതൊഴിലാളികളേക്കാൾ പുരുഷത്തൊഴിലാളികൾക്ക് കൂലി കൂടുതൽ കിട്ടുന്നുണ്ട്.

## ഭവനനിർമ്മാണം
## നിർദ്ദേശങ്ങൾ - സാധ്യതകൾ

1. പുതിയ കോളനികൾ നിർമ്മിക്കാൻ മാത്രമായി മാററിവെയ്ക്കാൻപററിയ പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പെരിങ്കടമല, കലപ്പമല, പാക്കനാർപുരം എന്നിവയാണ് ഈ പ്രദേശങ്ങൾ.
2. ഭവന നിർമ്മാണത്തിന സാമ്പത്തികസഹായം നൽകുന്നതിന് വേണ്ടി ഒരു ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കുക.
3. ഭവന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമ്പോൾ നിർമ്മാണച്ചെലവുമായി പൊരുത്തപ്പെടുത്തണം
4. പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വീടുകൾ അനുവദിക്കുക.
5. മുമ്പ് അനുവദിക്കപ്പെട്ട വീടുകളുടെ അററകുററപ്പണികൾ യഥാസമയം നടത്തുക.
6. കോളനികളിലെ സ്ഥിരതാമസക്കാരായ കുടുംബങ്ങൾക്ക് പട്ടയം നൽകുക.
7. നമ്പറിടാത്ത വീടുകൾക്ക് റേഷൻകാർഡ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നിറവേററാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. ദുർബ്ബലവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
9. പ്രാഥമിക സൗകര്യമില്ലാത്ത വീടുകൾക്ക് പ്രാഥമിക സൗകര്യം ഉറപ്പ് വരുത്തുക.
10. നിർമ്മിതികേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

# സാമൂഹ്യക്ഷേമം

ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ:–

1. I R D P:– 41മുതൽ 55% വരെയുള്ള കുടുംബങ്ങൾ 11,000രൂപയ്ക്ക് താഴെ വരുമാനമുള്ളവരായതിനാൽ ദാരിദ്ര്യരേഖക്ക്താഴെയാണ്. പട്ടികജാതി കുടുംബങ്ങളുടെ കാര്യത്തിൽ ഭൂരിപക്ഷത്തിനും 1980കളിൽ I R D P സാമ്പത്തികസഹായം നൽകിയതിനാലാണ് S C യുടെ കാര്യത്തിൽ ഈ അനുപാതം പ്രതിഫലിക്കാത്തത്. ഓരോ വർഷവും 2.3% കുടുംബങ്ങൾക്ക് മാത്രമെ സ്വയം തൊഴിൽ സംരംഭം കണ്ടെത്താൻ I R D P സഹായം ചെയ്യുന്നുള്ളു. ഓരോ കുടുംബത്തിന്റെയും സാദ്ധ്യതയും വൈദഗ്ദ്യവും പരിഗണിച്ച് ജീവനോപാധികൾ നൽകി സ്ഥിരമായ കുടുംബ വരുമാന വദ്ധനവിന് ഉതകുന്ന പദ്ധതികൾ ബേങ്കുകളുടെ സഹായത്തോടെ നടപ്പാക്കുന്നു. ഇതിൽ 50% പട്ടികജാതിക്കാർക്കും 40% വനിതകൾക്കും നൽകാൻ ലക്ഷ്യം വെക്കുന്നു.

സ്വയം തൊഴിൽ സംരംഭംഏറ്റെടുക്കുന്നതിനുള്ള വൈദഗ്ധ്യക്കുറവ്, താല്പര്യക്കുറവ്, ആസ്തിപരിപാലനത്തിലെ താല്പര്യക്കുറവ്, സാമൂഹ്യമായ പ്രോത്സാഹനത്തിന്റെ അഭാവം എന്നിവയാണ് പട്ടികജാതി കുടുംബങ്ങൾക്ക് ഒന്നിലധികം തവണ സഹായം നൽകിയിട്ടും ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ മുഖ്യ തടസ്സങ്ങൾ. ഹരിജനങ്ങൾക്കായുള്ള പദ്ധതികൾ സാമ്പത്തികമായി നിഷ്കൃഷ്ടലക്ഷ്യം കൈവരിക്കുന്നുവെങ്കിലും പദ്ധതികൾ ഫലപ്രദമല്ല. ഗുണഭോക്താക്കളിൽ 30–35%പേർ മാത്രമേ ധനസഹായം ഫലപ്രദമായി ഉപയോഗിക്കുന്നുള്ളു. എന്നാൽ വായ്പ തിരിച്ചടവ് 25–30% മാത്രമേയുള്ളു. S. C. വിഭാഗം ലഭിച്ച വായ്പയും ധനസഹായവും ഗണ്യമായി ദുരുപയോഗം ചെയ്യുന്നുണ്ട്. കുടുംബസഹായം കഴിഞ്ഞ 4 വർഷം കൊണ്ട് 7500 രൂപയിൽനിന്ന് 15000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ഫലപ്രദമായി നടത്താവുന്ന കുറഞ്ഞ മുതൽ മുടക്കുള്ള പദ്ധതികൾക്ക് ഇതുകൊണ്ട് കഴിയുന്നില്ല.

## ഈ മേഖലയിലെ പ്രശ്നങ്ങൾ

വിവിധ ഏജൻസികളുടെ സഹായം ഈ പദ്ധതികൾക്ക് ഉറപ്പാക്കുന്നതിൽ വീഴ്ച, തൊഴിൽ വൈദഗ്ദ്യക്കുറവ്, മാനേജ്മെന്റ് വൈദഗ്ദ്യക്കുറവ്, മുൻ–പിൻ ബന്ധങ്ങളെയും സൗകര്യങ്ങളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തായ്ക, ഔദ്യോഗികമേൽനോട്ടത്തിന്റെ ദിശാഗതി നിയന്ത്രണത്തിന്റെ പോരായ്മ, ഭൗതികലക്ഷ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിലുള്ള പോരായ്മ ഉത്പന്നങ്ങൾക്കുള്ള വിപണന പ്രശ്നങ്ങൾ തുടങ്ങിയവ ഈ പദ്ധതിയെ പരാജയപ്പെടുത്തുന്ന ഘടകങ്ങളാണ്.

## ട്രൈസം

ഗ്രാമീണ യുവതികൾക്ക് വൈദഗ്ധ്യം വദ്ധിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതി. ഈ പദ്ധതിയിൽ പരിശീലനം ലഭിച്ചവരിൽ 50% മാത്രമേ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുള്ളു. മററുള്ളവർ ദിവസക്കൂലിക്ക് തൊഴിൽ ചെയ്യുന്നുണ്ട്. പട്ടികജാതി, വനിത എന്നീ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. പരിശീലനത്തിന്റെ മേൻമക്കുറവ് പദ്ധതിവിജയത്തിന് തടസ്സമാകുന്നു. പരിശീലനം നേടിയവർ തൊഴിൽ കണ്ടെത്തുന്നതിൽ കാണിക്കുന്ന വൈമുഖ്യം മററൊരു പോരായ്മയാണ്.

## R. A. P. (ഗ്രാമീണ കൈത്തൊഴിൽകാർക്കുള്ള ആധുനിക തൊഴിൽ ഉപകരണങ്ങളുടെ വിതരണം

പരമ്പരാഗത കൈത്തൊഴിലുകാർക്ക് ഉല്പാദന ക്ഷമത വദ്ധിപ്പിച്ച് വരുമാനം വദ്ധിപ്പിക്കുവാനുള്ള ഒരു പരിപാടിയാണ് ഇത്. ഏതാണ്ട് 50% ഗുണഭോക്താക്കാംക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. ആശാരി, കൊല്ലൻ, തട്ടാൻ എന്നീ വിഭാഗത്തിൽ പെട്ടവർ ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. പദ്ധതി വിപുലീകരണം വഴി ഈമേഖലയിൽ തൊഴിൽ ചെയ്യുന്ന കൂടുതൽ ഗുണഭോക്താക്കാംക്ക് സഹായം ലഭ്യമാക്കേണ്ടതുണ്ട്.

## C. R. S. P.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങാംക്ക് ശാസ്ത്രീയമായി 'യൂനിസെഫ്' മാതൃകയിൽ കക്കൂസ് നിർമ്മിക്കുന്നതിന് 2000 രണ്ടായിരം രൂപ) ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഒട്ടേറെ കുടുംബങ്ങാംക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു. ഗുണഭോക്താവിന്റെ വിഹിതം യഥാസമയം ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് സയബദ്ധിതമായി ഈ പരിപാടി പൂർത്തീകരിക്കാൻ കഴിയുന്നില്ല. കൂലിച്ചെലവ്, സാധനങ്ങളുടെ വില എന്നിവയുടെ വദ്ധനവ് അനുസരിച്ച് ഈ പദ്ധതിയുടെ തുക അപര്യാപ്തമാണ്. ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ പ്രചരിക്കപ്പിന്നതിനും ഏറ്റെടുക്കുന്നതിനും സന്നദ്ധ സംഘടനകാം മുമ്പോട്ടുവരേണ്ടതുണ്ട്,

## D. W. C. R. A.

ഗ്രാമീണ വനിതകളുടെയും ശിശുക്കളുടേയും ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന സംഘടിതതൊഴിൽ സംരംഭപദ്ധതി 10 (പത്ത്)വനിതകളെങ്കിലും ഗ്രൂപ്പുകളാക്കി നടത്തുന്ന പദ്ധതിയാണിത്. യൂനിസെഫിന്റെ പ്രത്യേക സഹായം ഇതിന് ലഭ്യമാണ്. വളരെ ചുരുക്കം യൂണിററുകളാണ് ഫലപ്രദമായി പ്രവത്തിക്കുന്നുള്ളു. സമാനചിന്താഗതിക്കാരായ വനിതകളെ സംഘടിപ്പിക്കുന്നതിനുള്ള പ്രയാസം സ്ത്രീകളുടെ നേതൃത്വത്തിന്റെ അഭാവം, മാനേജ്മെന്റ് വൈദഗ്ധ്യക്കുറവ്, ലാഭകരമായ തൊഴിൽ സംരംഭങ്ങളുടെ അഭാവം, മററ് തൊഴിലുകളെ അപേക്ഷിച്ച് തുച്ഛമായ വരുമാനം യൂണിററുകളുടെ സ്വരചേർച്ചയില്ലായ്മ ഔദ്യോഗിക തലങ്ങളിലുള്ള മേൽനോട്ടക്കുറവ് എന്നിവ ഇതിന്റെ പരാജയകാരണങ്ങളാണ്. പ്രാദേശികതലത്തിലുള്ള ഉപദേശക രക്ഷാസമിതിയുടെ അഭാവവും ഇതിന്റെ പരാജയകാരണമായിട്ടുണ്ട്.

## ഭവനനിർമ്മാണ പദ്ധതികൾ

ഇന്ദിര ആവാസ് യോജന, ദശലക്ഷം കിണർ പദ്ധതി, ജവഹർ തൊഴിൽദാന പദ്ധതി എന്നിവയിലൂടെ വിവിധ ഭവനനിർമ്മാണപദ്ധതികാം നടപ്പിലാക്കിയിട്ടുണ്ട് ഭവനരഹിതരായ പട്ടികജാതിക്കാക്ക് മുൻഗണനന നൽകിയിട്ടുണ്ട്. മററ് ദരിദ്രജന വിഭാഗങ്ങാംക്കുകൂടി ഈആനുകൂല്യം ലഭിക്കുന്നു.വീടിനോട് ചേർന്ന് കക്കൂസ്, പുകയില്ലാത്ത അടുപ്പ് എന്നിവ ഉണ്ടായിരിക്കണമെന്ന് നിർബന്ധമാണ്. ആകെ വിഹിതത്തിന്റെ മൂന്നിൽ ഒന്ന് ഭാഗം മററു സമുദായങ്ങാംക്ക് ഉണ്ടെങ്കിലും ഇവരെ മുൻഗണനാക്രമത്തിലാണ് തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താവ് നേരിട്ട് ഏറ്റെടുത്തു നടത്തുന്ന ഈ പ്രവൃത്തിക്ക് 15800 രൂപ പൂർണ്ണമായും ധനസഹായമാണ്. 1-8-96 മുതൽ ധനസഹായം 22500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പോരായ്മകൾ

ഓരോ വർഷവും അനുവദിക്കുന്ന വീടുകൾ മിക്കവാറും അതത് വർഷത്തിൽ പൂർത്തിയാകുന്നില്ല. സാധനങ്ങളുടെ വില കൂടുതൽ, വിദഗ്ധ തൊഴിലാളികളുടെ അഭാവം, വലിയവീടുകൾ നിർമ്മിക്കാനുള്ള പ്രവണത ഗതാഗതയോഗ്യമല്ലാത്തസ്ഥലത്തുള്ള പട്ടികജാതിസങ്കേതങ്ങൾ, ധനസഹായത്തിന്റെഅപര്യാപ്തത, സർക്കാർ പദ്ധതിയോടുള്ള പൊതുവിലുള്ള ഉദാസീനമനോഭാവം, ഗുണഭോക്താവിന്റെ പങ്ക് വഹിക്കുന്നതിനുള്ള അലംഭാവം, ഔദ്യോഗിക തലത്തിലുള്ള മേൽനോട്ടക്കുറവിന്റെയും വിലയിരുത്തലിന്റെയും കുറവ് എന്നിവ ഭവന നിർമ്മാണ പദ്ധതികളെ ദോഷകരമായി ബാധിക്കുന്നു.

## 7. ദശലക്ഷം കിണർ പദ്ധതി

കൃഷിയോഗ്യമായ സ്ഥലമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിനുള്ള പദ്ധതിയിൽ മററ് സമുദായത്തിൽപ്പെട്ടവർക്ക് ഈ വർഷം മുതൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

## പോരായ്മകൾ

1. ജലസേചനത്തിന് ഉപരിയായി കുടിവെള്ള പ്രശ്ന പരിഹാരത്തിനാണ് ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നത്.
2. സമയബന്ധിതമായി കിണറുകളുടെ നിർമ്മാണം പൂർത്തിയാകുന്നില്ല.
3. നിലവിലുള്ള നിരക്കുകൾ നിർമ്മാണ പ്രവർത്തനത്തിന് തീരെ അപര്യാപ്തമാണ്.

## 8. ജവഹർ തൊഴിൽദാന പദ്ധതി

തൊഴിൽ രഹിതരായ ഗ്രാമീണർക്ക് തൊഴിൽ നൽകുന്നതിനോടൊപ്പം സാമൂഹ്യ ആസ്തി കൈവരിക്കുന്നതിനുള്ളതാണ് ഈ പദ്ധതി ദാരിദ്രനിർമ്മാർജ്ജനം ലക്ഷ്യം വെച്ച് ഗ്രാമപ്പഞ്ചായത്തുകൾക്ക് 80% വിഹിതം അനുവദിച്ച് നേരിട്ട് പദ്ധതി നടപ്പാക്കുന്നു. ഓരോവർഷവും 3അരലക്ഷം മുതൽ 5ലക്ഷം വരെ രൂപ പഞ്ചായത്തുകൾക്ക് ലഭിക്കുന്നു. 22.5% പട്ടികജാതി കുടുംബങ്ങൾക്ക് നേരിട്ട് ഗുണം ചെയ്യുന്നതായിരിക്കും എന്നതൊഴികെ പഞ്ചായത്തിന് സ്വന്തം തീരുമാനമനുസരിച്ച് ഏതാണ്ട് 60% വേതന ഘടകം വരുന്ന രീതിയിൽ ഏത് പ്രവൃത്തിയും ഏറെറടുത്ത് നടപ്പിലാക്കാവുന്നതാണ്. ഇടനിലക്കാരില്ലാതെ ഗുണഭോക്താക്കൾ നേരിട്ട് നടത്തുന്ന കമ്മിററിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## പോരായ്മകൾ

യഥാസമയം പ്രവൃത്തികൾ ഏറെറടുത്ത് പൂർത്തീകരിച്ച് ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ അലംഭാവം വളരെപ്രകടമാണ്. യഥാസമയംഫണ്ട് വിനിയോഗിക്കപ്പെട്ടില്ലെങ്കിൽ ഈ പദ്ധതിയിൻ കീഴിൽ പഞ്ചായത്തുകൾക്ക് വിഹിതത്തിൽ കുറവ് വരുത്തുന്നതാണ്. പട്ടികജാതി വിഭാഗത്തിന്റെ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാറില്ല. ഇടനിലക്കാരില്ലെങ്കിലും ഫലത്തിൽ ഗുണഭോക്താക്കളുടെ കമ്മിററികളെ നോക്കുകുത്തികളാക്കി കൺവീനറുടെ രൂപത്തിൽ കരാറുകാരൻ പ്രവൃത്തികൾ ചെയ്യിക്കുകയാണ് പതിവ്. പ്രത്യുല്പാദപരമല്ലാത്ത ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതികൾ ഉപയോഗിക്കുന്നത്. യഥാസമയത്തുള്ള സാങ്കേതിക മേൽനോട്ടം ലഭിക്കാത്തത് പദ്ധതിയുടെ ഗുണമേന്മയെ ബാധിക്കുന്നു.

പട്ടിക III

# IRDP Details Melady Block

## THURAYUR PANCHAYTH

| S. No. | Panchayath | No. of House Holdes | | Below Poverty line 92-95 Survey | | Assisted 1992-93 | | | 1993-94 | | | Families 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | S C | Total | S C | Total | S C | Total | Per Family invested | S C | Total | Per Family Invested | S C | Total | Per Family Invested | S C | Total | Per Family Invested |
| 1 | Thurayur | 348 | 2180 | 58 | 1203 | 9 | 27 | 5593 | 8 | 32 | 10094 | 13 | 35 | 15971 | 15 | 32 | 12875 |

പട്ടിക IV

## വിവിധ ഇനം പെൻഷൻ പററുന്നവരുടെ പട്ടിക

| | | |
|---|---|---|
| 1. | കാൻസർ പെൻഷൻ | 2 |
| 2. | ടി. ബി. പെൻഷൻ | 3 |
| 3. | വാർദ്ധക്യകാല പെൻഷൻ | 25 |
| 4. | വികലാംഗ പെൻഷൻ | 95 |
| 5. | വിധവാ പെൻഷൻ | 182 |
| 6. | കർഷകത്തൊഴിലാളി പെൻഷൻ | 941 |
| 7. | തൊഴിലില്ലായ്മ വേതനം | 281 |
| 8. | സ്വയം തൊഴിൽ തുടങ്ങുന്നതിനുള്ള അപേക്ഷ. | 19 |
| | ആകെ– | 1548 |

പട്ടിക V

## I R D P Details

| Panchayth | No of House holds | | Below Poverty line 92-95 | | 1992 .93 | | | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | S C | Total | S C | Total | S C | Total | Per Family | S C | Total | | S C | Total | Per Family | S C | Total | Per Family |
| Thurayur | 348 | 2180 | 58 | 1203 | 9 | 27 | 5593 | 8 | 32 | 100.94 | 13 | 35 | 15971 | 15 | 32 | 12875 |

പട്ടിക IV

## TRYSEM

| | Total | S C | Women | Self employed | Wage Employed |
|---|---|---|---|---|---|
| Thurayur | 11 | 10 | 08 | 01 | 10 |

പട്ടിക VII

## RAP TOOL KIT PROGRAMME

| No of Artisans | No. Tool kit supplied 92-95 | 92-93 completed S C Total | 93-94 completed S C Total | 94 95- completed S C Total | 95-96 completed S C Total |
|---|---|---|---|---|---|
| 48 | 10 | 18 | | 2 ·16 | 7 21 |

പട്ടിക VIII

## D W C R A UNIT

| Thurayur | No. of units | No. of women members | S C |
|---|---|---|---|
| | 4 | 40 | 1 |

| Thurayur | I. A. Y. Home completed | M. M. S. completed (hmes) | M. M. S. wells completed |
|---|---|---|---|
| | 4 | 4 | 6 |

പട്ടിക IX

## PANCHAYATH WISE BANKS SERVICE AREA MELADY BLOCK

| S. No. | Panchayath | Wards | Name of bank | Service co-op banks |
|---|---|---|---|---|
| 1 | Thurayur | 1 2 3 4 5 6 7 8 | S M G B Payyoli bazar | S C Bank, Thurayur |

78

## സാമൂഹ്യക്ഷേമം

ഒട്ടേറെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും പൊതുക്ഷേമ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലയിൽ പെൻഷൻപറ്റുന്നവരുടെ ആകെഎണ്ണം 1548 ആണ് പട്ടിക താഴെചേർക്കുന്നു.

പട്ടിക IV

ആരോഗ്യരംഗത്ത് പൊതു മരണനിരക്ക്:

1993–94ൽ 6.6%, 1994–95ൽ 7%, 95–96ൽ 8%ഉം ആണ് എന്നത് ഉത്ക്കണ്ഠയോടെ നോക്കികാണേണ്ടിയിരിക്കുന്നു. എന്നാൽ ശിശുമരണനിരക്ക് ഒരു ശതമാനത്തിൽ കുറവാണ്.
മാതൃ മരണനിരക്ക് ഒരു ശതമാനത്തിൽ കുറവാണ്.

| | | |
|---|---|---|
| ജനനിരക്ക് | 1993–94 | 13.25% |
| | 1994–95 | 16.8% |
| | 1995–96 | 16.28% |

കുട്ടികൾ.

| | |
|---|---|
| 1 വയസ്സിൽതാഴെ | 198 |
| 1 വയസ്സിനും 2 വയസ്സിനും ഇടയിൽ: | 208 |
| 2 വയസ്സിനും 3 വയസ്സിനും ഇടയിൽ: | 268 |
| 3 വയസ്സിനും 5 വയസ്സിനും ഇടയിൽ: | 432 |

ഇവിടെയുണ്ട്.

ഈ പഞ്ചായത്തിൽ ആയുർവേദചികിത്സയും അലോപ്പൊതി ചികിത്സയും സർക്കാർ വകയായി ലഭിക്കുന്നുണ്ടെങ്കിലും ഹോമിയോ ചികിത്സക്ക് സ്വകാര്യ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്.

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുമായി സഹകരിച്ച ചില സന്നദ്ധസംഘടനകൾ രക്തപരിശോധനാകേമ്പ്, തിമിരരോഗനിർണ്ണയകേമ്പ് മുതലായവ നടത്തിയിട്ടുണ്ട്.

ശുദ്ധജലദൗർലഭ്യം ജനങ്ങളുടെ ആരോഗ്യസുരക്ഷിതത്വത്തെ വല്ലാതെ തകിടം മറിക്കുന്നു. എല്ലാ വീടുകളോടും അനുബന്ധിച്ച് പ്രാഥമികാവശ്യങ്ങളുള്ള വെള്ളം.വെളിച്ചം എന്നിവഎത്തിക്കാനുള്ളസംവിധാനം ഉണ്ടായാൽത്തന്നെ പൊതുജനാരോഗ്യപ്രശ്നം പരിഹരിക്കാം.

ദുർബലവിഭാഗക്കാരായ ഹരിജനങ്ങൾ,കർഷകത്തൊഴിലാളികൾ എന്നിവർക്ക് സ്വന്തമായി കക്കൂസ് ഉണ്ടാക്കാൻ കഴിയാത്തവരാണ്.

പൊതുജനമാലിന്യങ്ങൾ ഫലപ്രദമായി നീക്കം ചെയ്യുന്നതിനാവശ്യമായ സംവിധാനം ഇല്ലാത്തതിനാൽ ഈച്ച, കൊതുക് എന്നീ പ്രാണികളുടെ ശല്യം ജനങ്ങളെ എല്ലായ്പ്പോഴും അലട്ടികൊണ്ടിരിക്കുന്നു.

## സാദ്ധ്യതകൾ:

ജലസേചന വകുപ്പിന്റെ അധീനതയുള്ളതും ജലസേചനാവശ്യത്തിന് ഇപ്പോൾ ഉപയോഗപ്പെടുത്തികൊണ്ടിരിക്കുന്നതുമായ പുറംപോക്ക് സ്ഥലം ധാരാളമുണ്ട്. അത്തരം സ്ഥലങ്ങളിൽ പൊതുജനോപകാരപ്രദമായ അംഗനവാടികൾക്കും ശുദ്ധജലവിതരണത്തിനാവശ്യമായ ടേങ്ക് പണിയാൻ വിട്ടുകൊടുക്കേണ്ടതാണ്. പൊതുജനവായനശാല, സാംസ്കാരിക കേന്ദ്രം, മൃഗാശുപത്രി, ഹോമിയോ ആശുപത്രി എന്നിവ ഈ പഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കണം. പൊതു ശ്മശാനം ഇല്ലാത്തതിനാൽ അത്യന്തം പ്രയാസകരമായ അനുഭവമാണ് ജനങ്ങൾ നേരിടുന്നത്. ശ്മശാനത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികൃതർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രാപ്തി കൈവരിച്ചിട്ടില്ല.

# പട്ടികജാതി/പട്ടിക വർഗ്ഗ/ക്ഷേമം

നൂററാണ്ടുകളോളം അവഗണനയുടേയും അടിമത്തത്തിൻേറയും, ചൂഷണത്തിൻേറയും വിധേയത്വം അനുഭവിക്കേണ്ടി വന്ന ഒരു വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗം.വരേണ്യവർഗ്ഗത്തിൻെറ കിരാതനിയമങ്ങൾ അക്ഷരജ്ഞാനസമ്പാദനത്തിൽ നിന്നും ഇവരെ വിലക്കിയതു കാരണം യഥാർത്ഥജീവിതനിലവാരത്തിലേക്കുയരാൻ ഇവിടത്തേയും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിനു സാധിച്ചില്ല. മേലാളരെ തീററിപ്പോററുവാൻ പകലന്തിയാവോളം കാലാവസ്ഥാഭേദമില്ലാതെ പണിയെടുക്കേണ്ടി വന്ന ഇവർ സകലർക്കുംവേണ്ടി ഭക്ഷ്യോൽപാദനം നടത്തുന്ന വെറും യന്ത്രങ്ങളായി മാറി.

ഇൻഡ്യൻ സ്വാതന്ത്ര്യസമരം അയിത്തോച്ചാടന പ്രക്ഷോഭങ്ങൾ, പാക്കനാർപുരം വിദ്യാലയം വളച്ച് കെട്ട് സമരങ്ങൾ, മററ്വർഗ്ഗസമരങ്ങൾ എന്നിങ്ങനെ കാലാന്തരത്തിൽ വന്ന സാമൂഹ്യനൂതന സരണികൾ ഈ പട്ടിണി പേക്കോലങ്ങളുടെ ജീവിതനിലവാരത്തിലും മാററങ്ങളുടെ അസ്ഥിവാരമിട്ടു. ഭൂപരിഷ്കരണ നിയമവും മററും സംഘടിക്കാനും, ആവശ്യമുന്നയിക്കുവാനുമുള്ള പ്രചോദനം ഇവർക്കുനൽകി.സ്വന്തമായി കൂര കെട്ടാനുള്ള സ്ഥലം ലഭ്യമായതോടെ വിപ്ലവകരമായ മാററങ്ങൾക്കു വേദിയൊരുങ്ങി.

വൃത്തിയും വെടിപ്പുമില്ലാതിരുന്ന (ഉണ്ടാകുവാൻ കാലം അനുവദിച്ചിരുന്നില്ല) ഇവരുടെ ജീവിതം ദീനരോദനത്തിലേക്കായിരുന്നു നീക്കിയിരുന്നത്. പട്ടിണിയും,ദാരിദ്ര്യവും ചില കുടുംബങ്ങളെപ്പോലും തുടച്ചുനീക്കിയിരുന്നു. മലയോരമേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗം ഇന്നും പട്ടിണിയും രോഗവും മൂലം മരിക്കുന്നു എന്നു നാം പത്രത്താളുകളിൽ വായിക്കുമ്പോൾ, സാക്ഷരകേരളത്തിൻെറ പ്രബുദ്ധത മങ്ങിപ്പോകുന്നില്ലേ എന്ന് തോന്നിപ്പോകും

തുറയൂർ പഞ്ചായത്ത് ഇന്ന് പട്ടികജാതി/പട്ടിവർഗ്ഗ റിസർവേഷൻ പഞ്ചായത്താണ്. പഞ്ചായത്തിൻെറ പ്രസിഡണ്ട് പട്ടികജാതിയിൽപ്പെട്ട ആളാണ്. അതുകൊണ്ടു തന്നെ മററു സമീപ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി തുറയൂർ പഞ്ചായത്ത് ശ്രദ്ധേയമാണ്. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പഞ്ചായത്തിൽ ജനസംഖ്യയുടെ ഏകദേശം 15%വും സാമ്പത്തികദുരിതം അനുഭവിക്കുന്നവരാണ്.

1991ലെ സെൻസസ് അനുസരിച്ച് 1987 പട്ടികജാതിക്കാരാണ് പഞ്ചായത്തിലുള്ളത്. പട്ടികവർഗ്ഗം ഈ പഞ്ചായത്തിലില്ല. ഭൂരിപക്ഷവും കോളനികളിൽ തിങ്ങിപാർക്കുന്നവരാണ്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഏറെക്കുറെ ഇതരവിഭാഗങ്ങൾക്കൊപ്പം നിൽക്കുമെങ്കിലും സാമ്പത്തികമായി ഇവർ ഇന്നും അധഃസ്ഥിതർ തന്നെതാണ്. അംഗീകരിക്കപ്പെട്ടപത്ത് ഹരിജൻകോളനികളാണ് പഞ്ചായത്തിലുള്ളത്. കാലാകാലങ്ങളിലായി സർക്കാർ വിവിധ പദ്ധതികൾ കോളനികളിൽ നടപ്പിലാക്കുന്നുണ്ടെങ്കിലും പദ്ധതിയെപ്പററിയുള്ള അജ്ഞതയും പദ്ധതിയുടെ ഫലപ്രാപ്തിയില്ലായ്മയും അനുയോജ്യമില്ലായ്മയും ഉദ്ദേശിച്ച ഫലം നേടിയെടുക്കാൻ സാധിച്ചിട്ടില്ല. 10 കോളനികളിൽ ആക്കൂർവയൽ ഹരിജൻ കോളനി I H D P കോളനിയാണ്,

I H D P Scheam പ്രകാരം ആക്കൂൽവയൽ ഹരിജൻകോളനിയിലേക്ക് എടത്തുംതാഴ മുതൽ കിഴക്കാനത്തുമ്മൽതാഴ വരയെുള്ള റോഡും, കോളനി വൈദ്യുതീകരണവും ഇനിയും പൂർത്തീകരിച്ചിട്ടില്ല. മാത്രവുമല്ല ഒരൊററ കോളനിയും വൈദ്യുതീകരിച്ചിട്ടുമില്ല. വയറിംഗ് പൂർത്തിയാക്കി വർഷങ്ങളായി കാത്തിരിക്കുന്ന കോളനികളും പഞ്ചായത്തിലുണ്ട്. IHDP പ്രത്യേക പദ്ധതി പ്രകാരം ആക്കൂർവയൽ കോളനിയിൽ 24 കുടുംബങ്ങൾക്ക് ആടിനേയും, 6 പേർക്ക് മത്സ്യവിപണനാരത്ഥം സൈക്കിളും,ബോക്സും, 22 കുടുംബങ്ങൾക്ക് കൈത്തോലക്ക് 500രൂപ വീതവും 9 കുടുംബങ്ങൾക്ക് 750 രൂപ വീതവും, കക്കൂസ് പണിയാൻ 1000രൂപ വീതം 6 കുടുംബങ്ങൾക്കും 3000 രൂപ വീതം 9 കുടുംബങ്ങൾക്കും, കിണർ കുഴിക്കാൻ 10000രൂപവീതം 2 കുടുംബങ്ങൾക്കും, ചൂടി പിരിക്കാൻ 5 കുടുംബങ്ങൾക്ക് റാട്ടയും, വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥം 5 കുടുംബങ്ങൾക്ക് മേശയും, കസേരയും, 3000 രൂപവീതം ഓടുമേയാൻ 5 കുടുംബങ്ങൾക്കും മുന്തിയ ഇനം പശുക്കുട്ടി 4പേർക്കും, വള്ളവും വലയും (Joint) (രണ്ടു കുടുംബങ്ങൾക്ക് 1 വീതം) 7 കുടുംബങ്ങൾക്കും, 10000 രൂപവീതംവർക്ക് ഷെഡ് നിർമ്മിക്കാൻ 3 പേർക്കും, പശുവുംകുട്ടിയും 4 പേർക്കും സഹായം ലഭ്യമായയിട്ടുണ്ട്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി വളരെ ശോച്യമായ ഒരവസ്ഥയാണ് ഈ വിഭാഗങ്ങളിൽ കണ്ടുവരുന്നത്. ബഹുഭൂരിപക്ഷവും SSLCയ്ക്കുതാഴെ തന്നെ നിന്നുപോകുന്നു. കുടുംബ ബഡ്ജററിൽ സാമ്പത്തികമായി സഹായിക്കേണ്ട ബാധ്യത വളരെ ചെറുപ്പത്തിലേ വന്നുചേരുന്നതാണ് ഇതിനുള്ള പ്രധാന കാരണം. കൂടാതെ മാതാപിതാക്കൾ വിദ്യാഭ്യാസമായി ഉയരാത്തതിനാൽ കുട്ടികളേയും വിദ്യാഭ്യാസപരമായി ഉയർത്താൻ സാധിക്കാതെ വരുന്നു. ഇന്ന് ഏകദേശം പഞ്ചായ

# പട്ടികജാതി/പട്ടിക വർഗ്ഗ/ക്ഷേമം

ത്തിൽ SC/ST ജനസംഖ്യ 2500 വരെവരുമെങ്കിലും ഗവ: സർവ്വീസിൽ ഉള്ളവർ 30ഓളം മാത്രമേ വരുന്നുള്ളൂ. SSLCയും അതിനുമേലേയുമായിട്ട് ധാരാളം കുട്ടികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആനുപാതികമായ ഗവ: തൊഴിൽ ലഭ്യമാകുന്നില്ല എന്നു മാത്രമല്ല 99%വും തൊഴിൽരഹിതരുമാണ്. ഇതും ഉന്നത വിദ്യാഭ്യാസത്തിന് യുവതലമുറയിൽ നിരാശ ജനിപ്പിക്കുന്നുണ്ട്. ഈയൊരവസ്ഥ ഗവ: ആനുകൂല്യങ്ങൾ ഉണ്ടായിട്ടുപോലും, മററു മേഖലകളിലേക്കും, കൈത്തൊഴിലുകളിലേക്കും തിരിയാൻ പ്രേരണ നല്കുന്നു. 1924ൽ കേളപ്പജിയുടെ നേതൃത്വത്തിൽ പാക്കനാർപുരം സ്ഥാപിച്ച "ശ്രദ്ധാനന്ദവിദ്യാലയം" മലബാറിൽ ഹരിജനോദ്ധാരണത്തിൽ ആദ്യചുവടു വെയ്പാണ്. AKGയും, കേളപ്പജിയുമായിരുന്നു അവിടത്തെ അദ്ധ്യാപകരായിരുന്നു. ഇന്ന് ആ സ്ഥാപനത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്.

## പാർപ്പിടം

ഗ്രാമീണ് മേഖലയായ തുറയൂർ പഞ്ചായത്തിൽ പറയുന്ന വിലയ്ക്കുപോലും ഭൂമിവാങ്ങാൻ പുത്തൻ പണക്കാർ രംഗത്തുള്ളതുകൊണ്ട് ഒരുതുണ്ട് ഭൂമിപോലും വാങ്ങാനാവാതെ ഇക്കൂട്ടർ ബുദ്ധിമുട്ടുകയാണ്. 90% SC/ST വർഗ്ഗങ്ങളും 10 സെൻറിന് താഴെ ഭൂമിയുള്ളവരാണ്. ആയതിനാൽ രണ്ടും, മൂന്നും കുടുംബങ്ങൾ ഒരു കൊച്ചുവീട്ടിൽ ഞെങ്ങി ഞെരുങ്ങിക്കഴിയേണ്ട അവസ്ഥയാണിന്നുള്ളത്. നീറുന്ന പാർപ്പിട പ്രശ്നത്തെ ഈ ഭൂമി കിട്ടാനില്ലാത്ത (വാങ്ങിക്കാൻ പററാത്ത) ഈ അവസ്ഥ ഒന്നുകൂടി സങ്കീർണ്ണമാക്കുന്നു. ഗവ: നൽകുന്ന ലോൺകൾ ഒരു വീട്ടിന്റെ തറ പണിയാൻപോലും തികയാത്ത അവസ്ഥയുമാണ് ഇന്നുള്ളത്. ആയതിനാൽ നൽകിയിരിക്കുന്ന വീടുകളിൽ 80%വും കരാർ പ്രകാരം പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുകയും ചെയ്യുന്നു. വീട് പൂർത്തീകരിക്കാത്തതിനാൽ തൊട്ടടുത്ത വർഷത്തെ Housing Loan നമ്പർ കുറയുകയും ചെയ്യുന്നു. കോളനികൾക്ക് പുറത്തുള്ളവരുടെ അവസ്ഥ ഇതിലും ദയനീയവുമാണ്. അതിനാൽ പഞ്ചായത്തും സർക്കാർ ഏജൻസികളും ഈ Loan സംഖ്യ ഇന്നത്തേതിന്റെ മൂന്നിരട്ടിയെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്. 75% കുടുംബങ്ങൾക്കും കക്കൂസുകളില്ല.

## തൊഴിൽ

90% കർഷകത്തൊഴിലാളികളാണ്. എന്നാൽ ജനസാന്ദ്രത വർദ്ധിക്കുകയും, നെൽവയലുകളും മറ്റും കെട്ടിടങ്ങളുടെ ബാഹുല്യതയിൽ അനുദിനം മുന്നോട്ട് പോകുകയും ചെയ്യുന്നു. ഈയവസരത്തിൽ, കാർഷികമേഖല അധ:പതിച്ചതിനാൽ ഇവരുടെ തൊഴിൽ ദിനങ്ങൾ വളരെ വിരളമായിരിക്കുന്നു. ഉള്ള കാർഷികവൃത്തിക്കാകട്ടെ ആളുകളെ കിട്ടാനില്ലാത്ത അവസ്ഥയും കൈവന്നിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 15% ത്തോളം വരുന്ന ഇവരിൽകേവലം 30 പേർമാത്രമാണ് ഗവ: സർവ്വീസിലുള്ളത്. ഇവരുടെ ഉന്നമനത്തിനായി ഗവർമേൻറ് കൊണ്ടുവരുന്ന പല പദ്ധതികളും അപര്യാപ്തവുമാണ്. ഉദാഹരണമായി ഹരിജൻ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങിക്കാൻ 25000രൂപ (5സെൻറ്) ഈ വർഷം സക്കാർ കൊടുക്കുന്നുണ്ട്. എന്നാൽ തുറയൂർ പഞ്ചായത്തിൽ ഈ വിലയ്ക്ക് ഇത്രയും സ്ഥലം വാങ്ങാൻ സാധിക്കുകയില്ല. കൂടാതെ ഒരു പഞ്ചായത്തിൽഒരാൾക്ക്മാത്രമേ ഇത് ലഭ്യമാക്കാൻ ഓർഡറുള്ളു. അതേ സമയം ഐപെക് ഏരിയയിലെ പല പദ്ധതികളും പണക്കാരനെ വീണ്ടും പണക്കാരനാക്കാൻ ഉതകുന്ന വിധത്തിലുള്ളതാണ്. ഈയൊരവസ്ഥ സക്കാർ പരിശോധിക്കേണ്ടതാണ്.

വനിതകളുടെ പ്രധാനപ്പെട്ട തൊഴിൽ പായനെയ്ത്താണ് കുട്ട, മുറംഎന്നിവ നിർമ്മിക്കുന്നവരുമുണ്ട് എന്നാൽ കൈതോലയുടെ അപര്യാപ്തത ഈ തൊഴിലില്, ഇവർക്ക് രക്ഷപ്പെടാൻ പററാത്ത അവസ്ഥയാണ് നൽകുന്നതു. സ്വന്തമായി ഭൂമിയില്ലാത്ത (പാർപ്പിടമൊഴികെ) ഇവക്ക് അതിനൊരസ്ഥിവാരമുണ്ടാക്കേണ്ടത് സക്കാരാണ്. പഴയകാലങ്ങളിൽ മിക്ക സ്ഥലങ്ങളുടെയും അതിരുകളിൽ കൈതോലച്ചെടി തഴച്ചുവളർന്നിരുന്നു. എന്നാൽ മുതലാളിമാർ അതൊക്കെ വെട്ടിമാററിയപ്പോൾ നെടുവീർപ്പിടാൻ മാത്രമേ ഇവക്ക് കഴിഞ്ഞുള്ളു. ചിലഗവ: പദ്ധതികളും ഈ ചെടിയുടെ നാശത്തിന് കാരണമാകുന്നുണ്ട്.

ശുചിത്വബോധമിവക്കുണ്ടെങ്കിലും സാമ്പത്തികക്ലേശം പ്രായോഗിക തലത്തിൽ നിന്നവയെ അകററി നിത്തുക തന്നെയാണ് ചെയ്യുന്നത്. ശുദ്ധജലക്ഷാമമാണ് ഇതിനേററവും പ്രധാന കാരണം. പഞ്ചായത്തിലെ 10 അംഗീകൃത കോളനികളിലും, 5ലക്ഷം വീടുകോളനികളിലും, വിശിഷ്യാ പഞ്ചായത്തിൽ മൊത്തത്തിലും ശുദ്ധജലക്ഷാമം നിലനിൽ വേണ്ടത്ര പൈപ്പുകളോ, കിണറുകളോ, ടാങ്കുകളോ, ഒരൊററ കോളനിയിൽ പോലുമില്ല. ഉള്ള പൈപ്പുകളിൽ 50% നിശ്ചലങ്ങളുമാണ്. ശുദ്ധജലത്തിന്റെ അഭാവം രോഗങ്ങളിലേക്കും രോഗങ്ങൾ അടിക്കടി ദാരിദ്ര്യത്തിലേക്കും നയിക്കുന്നു.

# പരിഹാര മാർഗ്ഗങ്ങൾ

1. ശുദ്ധജല പദ്ധതികൾ കാര്യക്ഷമമായി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
2. കോളനികളിൽ വിദ്യാഭ്യാസ ബോധവൽക്കരണം നടത്തുക.
3. ജനങ്ങൾക്ക് ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ മാത്രം അധികൃതർ നടപ്പിലാക്കുക,
4. നടക്കിലാക്കുന്ന പദ്ധതികൾ ഉപയോഗക്ഷമമാണോ എന്ന് വിലയിരുത്തുക.
5. ലോണുകളും മററും ദുർവ്യയം ചെയ്യുന്നത് തടയുക. ലോൺ സംഖ്യ പ്രാദേശിക നിരക്കിൽ അനുവദിക്കുക.
6. S S L Cയുമേൽ വിദ്യാഭ്യാസമുള്ള എല്ലാവർക്കും തൊഴിൽ നൽകാനുള്ള പദ്ധതി നടപ്പിലാക്കുക.
7. കൈത്തൊഴിലുകളെ സഹകരണാടിസ്ഥാനത്തിൽ ഉത്തേജിപ്പിക്കുക.
8. എല്ലാ കോളനികളിലും വെള്ളവും വെളിച്ചവും എത്തിക്കുക.
9. വീടും, കക്കൂസും എല്ലാ കുടുംബങ്ങൾക്കും സർക്കാർ നിർമ്മിച്ചുകൊടുക്കുക.
10, പഞ്ചായത്ത് ഹെൽത്ത് സെൻററിലെ ഡോക്ടർമാർ വർഷത്തിൽ 3 പ്രാവശ്യമെങ്കിലും കോളനികളിൽ പരിശോധനയേർപ്പെടുത്തുക.
11. ഒരു വാർഡിൽ ഒരു ശ്മശാനമെങ്കിലും നിർമ്മിക്കുക.
12. ഗവ: സർവ്വീസ് മത്സര പരീക്ഷകളിൽപട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകാൻ പഞ്ചായത്ത് ശ്രമിക്കുക.
13. നിർബ്ബന്ധ വിദ്യഭ്യാസം ഏർപ്പെടുത്തുക.
15' കൈതച്ചെടികൾ വളർത്തുവാനാവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്തുക.

# സാദ്ധ്യതകൾ:

1. കിഴക്കാനത്തുമ്മതാഴ കിണർ കുഴിച്ച് ടാങ്ക് പണിതാൽ 4 ഉം 8 ഉം വാർഡുകളിലെ ശുദ്ധജലപ്രശ്നം പരിഹരിക്കാവുന്നതാണ്.
2. കാട്ടുളിക്കുന്ന് ശുദ്ധജലപദ്ധതി പുനരുജ്ജീവിപ്പിച്ചാൽ 5ഉം, 7ഉം വാർഡുകളിലെ ശുദ്ധജലക്ഷാമംപരിഹരിക്കാവുന്നതാണ്.
3: കല്പപ്പ ലക്ഷംവീട്ടുന താഴെ 6–ാം വർഡിൽ കിണറും ടാങ്കും നിർമ്മിച്ചാൽ കല്പപ്പലക്ഷം വീട്ടിലേയും 6–ാം വാർഡിലേയും ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.
4. സഹകരണാടിസ്ഥാനത്തിൽ പായ നെയത്ത്, കൊപ്ര വ്യവസായം മററും ചെറുകിട വ്യവസായശാലകൾ സ്ഥാപിച്ചാൽ രൂക്ഷമായ തൊഴിൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.
5. ഗവണ്മെൻറ് മിച്ചഭൂമികളിലും മററും കൈതച്ചെടികൾ വളർത്താവുന്നതാണ്.

# അംഗീകൃത ഹരിജൻ കോളനികൾ

| കോളനി | | കുടുംബങ്ങൾ (99) | വൈദ്യുതി | ജനസംഖ്യ (1991) | വാർഡുകൾ 1996 (കുടുംബങ്ങൾ) | അംഗൻവാടി |
|---|---|---|---|---|---|---|
| ആള്ളൽ വയൽ I H D P | IV | 37 | ഇല്ല | 221 | | ഇല്ല |
| ചെറിയ പറമ്പ് | VIII | 16 | ഇല്ല | 62 | | |
| ചിറക്കര | I | 49 | | 287 | | ഉണ്ട് |
| ചൂരക്കാട്ട വയൽ | V | 30 | ഇല്ല | 127 | 42 | ഉണ്ട് |
| ഇരിങ്ങത്ത് വയൽ | VII | 25 | ഭാഗികം | 96 | | |
| മാത്തിൽ ലക്ഷംവീട് | II | 5 | ഇല്ല | 75 | | |
| പാറക്കൂൽ | IV | 17 | ഇല്ല | 99 | | |
| തോലേരി–കല്പപ്പ | | 17 | ഇല്ല | 110 | | |
| വണ്ണാറക്കൈ | IV | 20 | ഇല്ല | 138 | | |
| വിയഞ്ചിറ | VI | 11 | ഇല്ല | 65 | | |

## സഹകരണം

സഹകരണമേഖല തുറയൂർ പഞ്ചായത്തിൽ ശക്തമല്ല എന്നുതന്നെ പറയാം. ഏറെ കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് തുറയൂർ സർവ്വീസ് സഹകരണ ബാങ്കാണ്. സഹകരണ സ്ഥാപനങ്ങൾ എണ്ണത്തിൽ കുറവാണ് എന്നുപറയാൻ കഴിയില്ലെങ്കിലും ഗുണനിലവാരത്തിൽ അതായത് കാര്യക്ഷമമായ പ്രവർത്തനത്തിൻ വളരെ പരിതാപകരമായ ഒരവസ്ഥയിലാണ്. കാർഷിക വ്യവസായിക മേഖലകളിൽ ഗ്രാമീണ ജനതയെ സജീവ പങ്കാളികളാക്കുന്നതിന് സഹകരണമേഖലക്ക് പ്രസക്തമായ ഒരു സ്ഥാനമുണ്ട് എന്ന സംശയാതീതമായി തെളിയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

കാർഷിക അനുബന്ധമേഖലകൾക്ക് ഹ്രസ്വകാല വായ്പകൾ നൽകുക, വിത്ത്, വളം, കാർഷികോത്പാദനചെലവുകൾ എന്നിവക്ക് ഹ്രസ്വകാല വായ്പകൾ നൽകുക ജലസേചനം യന്ത്രവത്കരണം മുതലായവക്ക് മധ്യകാല വായ്പകൾനൽകുക, ദീർഘകാല വിളകൾക്കുവേണ്ടി ദീർഘകാലവായ്പകൾ നൽകുക, ഉദ്പാദന ഉപാധികൾ വിതരണം ചെയ്യുക, വിപണന സംവിധാനങ്ങൾക്ക് സഹായം ചെയ്യുക, ദുർബ്ബല വിഭാഗങ്ങൾക്ക് ധനസഹായം നൽകുക, സാധ്യമായ ഇടങ്ങളിൽ സംസ്കരണ സംവിധാനം ഒരുക്കുക എന്നിവയെല്ലാം പ്രാഥമിക സഹകരണസംഘങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങളാണ്. പക്ഷെ തുറയൂർ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഹ്രസ്വകാല വായ്പകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ മാത്രമാണ് സഹകരണ സംഘങ്ങൾ.

തുറയൂർ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ചുവടെ ചേർക്കുന്നു.

1 തുറയൂർ സർവ്വീസ് സഹകരണ ബാങ്ക്
2 തുറയൂർ പട്ടികജാതി സഹകരണസംഘം F1715
3 തുറയൂർ കയർ വ്യവസായ സഹകരണസംഘം.
4 പാലച്ചുവട് ക്ഷീരോൽപ്പാദന സഹകരണ സംഘം
5 പാലച്ചുവട് കയർ വ്യവസായ സഹകരണ സംഘം
6 തുറയൂർ ഗവ. യു. പി. സ്കൂൾ സഹകരണസ്റ്റോർ
7 B. T. M. Sec. School സഹകരണ സ്റ്റോർ, തുറയൂർ.
8 കളിമൺപാത്ര വ്യവസായ സഹകരണ സംഘം, ഇരിങ്ങത്ത്.
9 ചക്കര ഉദ്പാദന സഹകരണസംഘം തുറയൂർ.
10 അംബേദ്കർ കരകൗശല സഹകരണ സംഘം, ചിറക്കര.

## തുറയൂർ സർവ്വീസ് സഹകരണബാങ്ക്

തുറയൂരിലുള്ള മററ് സഹകരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഏറെകുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് തുറയൂർ സർവ്വീസ് ബാങ്ക്. ഹ്രസ്വ–മധ്യ–ദീർഘകാല വായ്പകൾ പരിമിതമായ തോതിൽ കർഷകർക്ക് നല്കുന്ന ഒരു ക്രഡിററ് ബാങ്കാണിത്. 1963 ആഗസ്റ്റ് 28നാണ് ഈ ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നത്. 5250 ഓഹരി ഉടമകൾ ഈ ബാങ്കിനുണ്ട്. 1996 ആഗസ്റ്റ്മാസം വരെ ഒരു ഷെയർ വില 5രൂ. 25 ആയിരുന്നു. ഇതിൽ 5രൂ ഓഹരി മൂലധനവും 25പൈസ പ്രവേശഫീസുമായിരുന്നു. എന്നാൽ പ്രസ്തുത തിയ്യതിക്ക്ശേഷം ഓഹരി മൂലധനം 10 രൂപയും പ്രവേശനഫീസ് 5രൂപയും ആക്കി വർധിപ്പിച്ചിട്ടുണ്ട്. A,B,C എന്നീ ക്ലാസ്സുകളിലായി 3വിധം ഷെയറുകൾ നിലവിലുണ്ട്. Aക്ലാസ്സ് ഷെയറിന്റെ വിലയാണ് 15രൂപ B ക്ലാസ്സ് ഷെയറുകൾ ഗവൺമെൻറ് ഷെയറുകളാണ്. C ക്ലാസ്സ് ഷെയറുകൾ ഗ്രാമപഞ്ചായത്തിന് പുറത്തുനിന്നും പണ്ടപണയകടം വാങ്ങാൻ വരുന്നവർക്ക് നൽകിവരുന്നതാണ്. 1996 ആഗസ്റ്റിന് മുമ്പ് ഒരു രൂപ 10 പൈസയായിരുന്നു. C ക്ലാസ്സ് ഷെയറിന്റെ വില എന്നാൽ ഇതിനുശേഷം 5 രൂപ 50പൈസയാക്കി വർദ്ധിപ്പിച്ചു.

14 ലക്ഷംരൂപ വരെ ഓഹരിമൂലധനമായി നിയമാവലിയനുസരിച്ച് പിരിച്ചെടുക്കാമെങ്കിലും 2,67057 രൂപ മാത്രമാണ് പരിഞ്ഞുകിട്ടിയത്. സർക്കാർ ഓഹരിയാകട്ടെ 32,000 രൂപയും പൊതുജന നിക്ഷേപമായി വിവിധതരം എക്കൗണ്ടുകളിൽ 50 ലക്ഷത്തിലധികം രൂപയുണ്ട്. കാർഷികവായ്പയിനത്തിൽ 5,56000 രൂപയും I R D P വായ്പയിൽ 2,67000 രൂപയും കാർഷികേതര വായ്പയായി 47,5100 രൂപയും ബാങ്ക് നല്കിയിട്ടുണ്ട്.

ബാങ്കിന് ധനസഹായ ബാങ്കായ കോഴിക്കോട് ജില്ലാ ബാങ്കിൽനിന്നും വായ്പയായി ലഭിച്ച 10,82,000 രൂപ ബാങ്കിന്റെ ബാധ്യതയായി നിൽക്കുന്നു.

ബാങ്ക് നൽകിയ വായ്പയിനത്തിൽ കാർഷികവായ്പയായി 4,47000 രൂപയും IRDP വായ്പ 1,59000രൂപയും മററ് കാർഷികേതര വായ്പയിനത്തിൽ 12,13000രൂപയും കടിശ്ശികയായിട്ടുണ്ട്.

കാർഷികാവശ്യങ്ങൾക്കുള്ള വളം, കീടനാശിനികൾ എന്നിവ ബാങ്ക് വിതരണം ചെയ്യുന്നുണ്ട്.

ബാങ്കിന്റെ കീഴിൽ ഇരിങ്ങത്ത് നിത്യോപയോഗസാധനങ്ങൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന ഒരു കൺസ്യൂമർ സ്റ്റോർ നടത്തുന്നുണ്ട്.

ബാങ്ക് നടത്തിപ്പിന് പ്രതിമാസം 33,800രൂപ ചെലവ് വരുന്നതായി കണക്കാക്കുന്നു. 30-6-93ലെ ഓഡിററ് റിപ്പോർട്ടനുസരിച്ച് 45,86,993രൂപയുടെ നിക്ഷേപവും 31,15,326രൂപയുടെ വിവിധ ലോണും രേഖപ്പെടുത്തിയിട്ടുണ്ട്.

## തുറയൂർ പട്ടികജാതി സഹകരണസംഘം F 1715

1960 ജൂൺ 26ാംതിയ്യതി പ്രവർത്തനമാരംഭിച്ച ഈ സഹകരണസംഘത്തിന് 733 അംഗങ്ങൾ ഉണ്ട്. തുറയൂർ ഗ്രാമപഞ്ചായത്തിനെ പ്രവർത്തനപരിധി ഓഹരി മൂലധനം പത്തുരൂപയാണ്. അംഗീകൃത ഓഹരി മൂലധനമായ 10,000 രൂപയിൽ പിരിഞ്ഞു കിട്ടിയത് 3,181രൂപ 30പൈസയാണ്. സർക്കാർ ഓഹരി മൂലധനം 47500രൂപയുണ്ട്. കാർഷിക വായ്പയിനത്തിൽ ആകെ 2000രൂപ മാത്രമാണ് പിരിഞ്ഞുകിട്ടാനുള്ളത്. മററ് സ്ഥാപനങ്ങളിൽ നിന്ന് വായ്പയൊന്നുമില്ല. സംഘം നടത്തിപ്പ് ചെലവിനായി പ്രതിമാസം 4000രൂപയോളം കണക്കാക്കുന്നു

സംഘത്തിന് സ്വന്തമായി ഒരു ഇരുനിലകെട്ടിടമുണ്ട്. ഇതിന്റെ ഒരു ഭാഗം ജയന്തിഹാൾ എന്ന പേരിൽ വിവിധ ആവശ്യങ്ങൾക്ക് ദിവസ വാടകയ്ക്ക് നൽകുന്നു. ഒന്നാം നിലയിൽ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു തയ്യൽപരിശീലന ക്ലാസ്സ് നടത്തിവരുന്നുണ്ട്.

## തുറയൂർ കയർവ്യവസായ സഹകരണസംഘം D. 606,

1980 ഒക്ടോബർ 4ന് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് 415 അംഗങ്ങൾ ഉണ്ട്. ഓഹരിവില 10 രൂപയാണ്. അംഗീകൃത മൂലധനം 2 ലക്ഷമാണെങ്കിലും പിരിഞ്ഞുകിട്ടിയത് 17,977 രൂപ 50 പൈസയാണ്. സർക്കാർ ഓഹരിവക 34,180രൂപ സംഘത്തിന് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട വർഷമായി പ്രവർത്തനം നിലച്ചസംഘം ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തുറയൂർ പഞ്ചായത്താണ് പ്രവർത്തന പരിധി.

ചകിരി പൂഴ്ത്തി തുമ്പ് ഉത്പാധിപ്പിക്കുകയും കയർ നിർമ്മിച്ച് വിൽപന നടത്തുകയും ചെയ്യുകയാണ് സംഘത്തിന്റെ പ്രവർത്തനമേഖല. ആദ്യകാലത്ത് നല്ലനിലയിൽ ഈ സ്ഥാപനം പ്രവർത്തിച്ചതിന്റെ ഫലമായി കയർവ്യവസായമേഖലയിൽ അനേകംപേർക്ക് തൊഴിൽ ലഭിച്ചിരുന്നു.

## പാലച്ചുവട് ക്ഷീരോൽപാദന സഹകരണസംഘം D. 145.

തുറയൂർ ഗ്രാമപഞ്ചായത്തിലെ 4, 5, 6 വാർഡുകളാണ് ഇതിന്റെ പ്രവർത്തനപരിധി. ഇത് 'ആവ് കോസ്'' സഹകരണസംഘമാണ് 1995 ഒക്ടോബർ 2-ാം തിയ്യതിയാണ് പ്രവർത്തനമാരംഭിച്ചത്. 10 രൂപ ഓഹരിവിലയുള്ള 58അംഗങ്ങളാണ്ഈ സംഘത്തിനുള്ളത്. അംഗീകൃത ഓഹരി മൂലധനം 10,000 രൂപയാണെങ്കിലും പിരിഞ്ഞു കിട്ടിയത് 2338രൂപയാണ്. ഈ സംഘത്തിന് സർക്കാർ ഓഹരിയുടെ എന്നത് ശ്രദ്ധേയമാണ്. സംഘത്തിന് പരമാവധി കടമെടുക്കാവുന്നതുക ഓഹരിമൂലധനത്തിന്റെ പത്തിരട്ടിയാണ്, (M B P)

പാൽസംഭരിക്കാനും വിതരണം ചെയ്യാനുംമാത്രമല്ല പാലുല്പന്ന നിർമ്മാണത്തിനും വിതരണത്തിനും കൂടിയുള്ള ഒരു സംഘമാണ് ഇത്. ഇതിനനുബന്ധമായി പശുവളർത്തൽ, പുൽകൃഷി, കാലിത്തൊഴുത്ത് നിർമ്മാണം, പ്രതിരോധമരുന്ന് വിതരണംഎന്നിവയും ഈ സംഘത്തിന്റെ ഉദ്ദേശ്യങ്ങളാണ്. സ്ഥാപന നടത്തിപ്പിനുള്ള പ്രതിമാസ ചെലവ് 1700 രൂപയാണ്.

പാലച്ചവട് കയർ വ്യവസായ സഹകരണസംഘം പൂട്ടികിടക്കുകയാണ്. സംഘം പ്രവർത്തനക്ഷമമല്ലാത്തതുകൊണ്ട് ലിക്വിഡേഷൻ നേരിടുന്നു.

തുറയൂർ ഗവ: യു. പി. സ്കൂളിലും, തുറയൂർ ബി. ടി. എം. സെക്കണ്ടറി സ്കൂളിലും വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ്പുസ്തകങ്ങളും, നോട്ടുപുസ്തകങ്ങളും കൊണ്ടു വന്നു വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾ ഉണ്ട്. പുതുതായി സ്കൂളിൽ ചേരുന്ന വിദ്യാർത്ഥികളിൽനിന്ന് ഒരു രൂപ അംഗത്വ ഫീസായി പിരിച്ചെടുക്കുന്ന ഫണ്ടാണ് ഇതിന്റെ കാര്യമായ പ്രവർത്തന മൂലധനം വിദ്യാഭ്യാസ വകുപ്പ് ടെക്സ്റ്റ് പുസ്തകങ്ങൾ ഏകദേശം 3 മാസക്കാലത്തോളം കടമായി നൽകുന്നത് കൊണ്ടാണ് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ആവശ്യമായ മററ് വസ്തുക്കളും ന്യായവിലക്ക് വിതരണം നടത്തുന്ന പദ്ധതിയും ഇവിടെയുണ്ട്.

ഇരിങ്ങത്ത് കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ഒരു സഹകരണസംഘം ഉണ്ടായിരുന്നു. സംഘം പ്രവർത്തനക്ഷമമല്ലാത്തതു കൊണ്ടു് റിപ്പോർട്ട് ലഭ്യമല്ല. ഈ സംഘവും ലിക്വിഡേഷനെ നേരിടുകയാണ്.

തുറയൂർ മുണ്ടാളിത്താഴ ആസ്ഥാനമായി ചക്കര നിർമ്മാണത്തൊഴിലാളികളുടെ ഒരു "സഹകരണസംഘം നിലനിന്നിരുന്നു. പത്തിരുപത് വർഷത്തിലധികമായി ഇത് പ്രവർത്തനക്ഷമമല്ലാത്തതു കൊണ്ടു് റിപ്പോർട്ട് ലഭ്യമല്ല.

ഇനിയൊരു സഹകരണ സംഘം 'ചിറക്കര'യിലുള്ള അംബേദ്കർ കരകൗശല സഹകരണസംഘമാണ്. ഈ സംഘവും നിലംപൊത്താറായ അവസ്ഥയിലാണുള്ളത്. ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് വ്യക്തമായ ബോധമില്ലാതെ കേവലം താല്ക്കാലിക പരിസ്ഥിതിക്കനുസരിച്ച് രൂപീകരിക്കപ്പെട്ടു എന്നുള്ളതുതന്നെയാണ് തുറയൂരിലെ സഹകരണസംഘങ്ങൾ ഭൂരിപക്ഷവും തകരാനുള്ള പ്രധാനകാരണം.

തുറയൂർ പഞ്ചായത്തിന് പുറത്തുള്ള പ്രബലമായ രണ്ട് സഹകരണ ബാങ്കുകൾ തുറയൂരിന്റെ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. തൊട്ടടുത്ത പയ്യോളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സഹകരണ അർബ്ബൺ ബാങ്കും പയ്യോളി സർവ്വീസ് സഹകരണ ബാങ്കുമാണ് ഇവ. തുറയൂർ പഞ്ചായത്ത് ഈ രണ്ടു ബാങ്കുകളുടെയും പരിധിയിൽ വരുന്ന പഞ്ചായത്താണ്. തുറയൂർ പഞ്ചായത്തിൽ 2000ത്തോളം ആളുകൾ പയ്യോളി സഹകരണ അർബൺ ബാങ്കിലും 1000ത്തോളം ആളുകൾ പയ്യോളി സർവ്വീസ് സഹകരണബാങ്കിലുംഅംഗങ്ങളാണ്. വായ്പപരിധികൂടുതലുള്ളബാങ്കായതിനാൽ വ്യക്തിഗത കടം വസ്തുപണയ കടം, വാഹനത്തിനുള്ളകടം, സ്വർണ്ണപണയകടം എന്നിവ തുറയൂർ ഗ്രാമപഞ്ചായത്തിലുള്ളവർക്ക് പ്രസ്തുത ബാങ്കുകളിൽ നിന്ന് ലഭ്യമാണ്. മേപ്പയ്യൂർ ഹൗസിങ്ങ് സൊസൈററിയാണ് തുറയൂരിലെ ജനങ്ങൾക്ക് വീട് വെക്കാനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുന്ന സഹകരണ സ്ഥാപനം.

## പ്രശ്നങ്ങൾ

1. തുറയൂർ സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് ഫണ്ട് ദൗർലഭ്യംമൂലം മെമ്പർമാർക്ക് വേണ്ടത്ര കടം വിതരണം ചെയ്യാൻ സാധിക്കുന്നില്ല.
2. ധനസഹായബാങ്കിൽനിന്ന് യഥാസമയം വായ്പ ലഭിക്കാത്തതുകാരണം IRDP കാർഷികാവശ്യത്തിനുള്ള ദീർഘകാല വായ്പകളും വിതരണം ചെയ്യാൻ കഴിയുന്നില്ല.
3. നിയമാവലി പ്രകാരം 25000രൂപ വരെ അംഗങ്ങൾക്ക് കടം നൽകാമെങ്കിലും ചില ഉപനിബന്ധനകൾ ലഭിക്കാത്തതുമൂലം 5.000രൂപ വരെ കടം കൊടുക്കാൻ കഴിയുന്നുള്ളു.
4. കശുവണ്ടി കർഷകരെ സഹായിക്കാൻ കശുവണ്ടി സംഭരണം നടത്തുന്നില്ല.
5. പയ്യോളി അങ്ങാടിയിൽ കൺസ്യൂമർസ്റ്റോർ ഇല്ല.
6. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള ഉപാധികളില്ല.
7. കൊപ്രസംഭരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങളില്ല.
8. പയ്യോളി അങ്ങാടി കേന്ദ്രമാക്കി ഒരു ക്ഷീരസംഘമില്ല.
9. തുറയൂർ പാലച്ചുവട് എന്നിവിടങ്ങളിലുള്ള കയര വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമല്ല.
10. പഞ്ചായത്തിലെ ഏക കരകൗശല സംഘമായ അംബേദ്കർ കരകൗശലസംഘം പ്രവർത്തിക്കുന്നില്ല.
11. ഇരിങ്ങത്ത് മൺപാത്ര വ്യവസായ സഹകരണ സംഘം പ്രവർത്തനക്ഷമമല്ല.

12 പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവ ത്തനം വിപുലീകരിക്കേണ്ടതാണ്.

13 തുറയൂരിലെ ചക്കര നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല,

14 തെങ്ങു കൃഷിക്കാരുടെ സഹകരണസംഘം നില വിലില്ല.

15 നെല്ലുല്പാദകസഹകരണസംഘം ഇല്ല.

16 പച്ചക്കറിയുല്പാദിപ്പിച്ച് വിതരണം ചെയ്യാൻ സഹകരണ സംഘത്തിന്റെ അഭാവം.

17 അകലാപ്പുഴ ഒരു മത്സ്യബന്ധന കേന്ദ്രമാണെ ങ്കിലും തൊഴിലാളികളുടെ കൂട്ടായ്മ ഇവിടെയി ല്ല.

18 വളരെയധികം മോട്ടോർ തൊഴിലാളികൾ പയ്യോളി അങ്ങാടി കേന്ദ്രമായി ജോലി ചെയ്യു ന്നുണ്ടെങ്കിലും ഒരു മോട്ടോർ തൊഴിലാളി സഹ കരണസംഘം ഇല്ല.

19 പായ നെയ്ത്ത് തൊഴിലാളികൾ അനേകമു ണ്ടെങ്കിലും അത്തരമൊരു സഹകരണസംഘം ഇല്ല.

## നിർദ്ദേശങ്ങൾ

1 തുറയൂർ സർവ്വീസ് ബാങ്കിൽ അംഗത്വം വർദ്ധി പ്പിച്ച് ഓഹരിമൂലധനം കൂട്ടുക.

2 ഓഹരി വില 25 രൂപയെങ്കിലുമാക്കുക.

3 ജനങ്ങളിൽ ഒരു സഹകരണബോധവും സഹക രണ സംഘത്തിന്റെ നേട്ടങ്ങളും എത്തിക്കുക.

4 ധനസഹായബാങ്കിൽ നിന്ന് വായ്പകൾ യഥാ സമയം ലഭ്യമാക്കുക.

5 ജാമ്യകടം നിലവിലുള്ള 1000 രൂപയിൽനിന്നും 5000 രൂപ വരെയാക്കുക.

6 കയർ വ്യവസായ സഹകരണസംഘം പുനരു ജ്ജീവിപ്പിക്കുക.

7 കയർ മേഖലയിലെ തൊഴിലാളികളുടെ തൊ ഴിൽ ക്ഷമതയും തൊഴിൽ സ്ഥിരതയും ഉറപ്പു വരുത്തുക.

8 കയർമേഖലക്കാവശ്യമായ യന്ത്രവൽക്കരണം നടത്തുക,

9 കയർ സഹകരണ സംഘത്തിനെക്കുറിച്ച് പഠി ച്ച് പോരായ്മകൾ പരിഹരിക്കുക.

10 ഒരു വനിതസഹകരണസംഘം രൂപീകരിക്കുക ഇത് സ്വയം തൊഴിൽ നൽകാനായിരിക്കണം.

11 പയ്യോളി അങ്ങാടി കേന്ദ്രമാക്കി ഒരു കൺസ്യൂ മർ സഹകരണസംഘം ആരംഭിക്കുക.

12 പയ്യോളി അങ്ങാടികേന്ദ്രമാക്കി ഒരു ക്ഷീരവ്യവ സായ സഹകരണസംഘം സ്ഥാപിക്കുക.

13 ഇരിങ്ങത്ത് കേന്ദ്രമാക്കി കരിങ്കൽ തൊഴിലാളി കളുടെ സഹകരണസംഘം സ്ഥാപിക്കുക.

14 ചക്കര നിർമ്മാണ തൊഴിലാളി സഹകരണ സംഘംസ്ഥാപിക്കുക.

15 കേരോൽപന്ന നിർമ്മാണ വിതരണത്തിനായി ഒരു വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

16 നെല്ലുല്പാദന സഹകരണസംഘം സ്ഥാപിക്കുക

17 പച്ചക്കറിയുല്പാദിപ്പിച്ച് വിതരണത്തിന് ഒരു സഹകരണസംഘം ഉണ്ടാക്കുക.

18 മത്സ്യത്തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.

19 മോട്ടോർ തൊഴിലാളികളുടെ സഹകരണ സംഘം സ്ഥാപിക്കുക.


20 പായനെയ്ത്തു തൊഴിലാളികൾക്ക് ഒരു സഹ കരണസംഘം ഉണ്ടാക്കുക

21 അംബേദ്കർ കരകൗശല സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.


22 ഇരിങ്ങത്തുള്ള മൺപാത്ര സഹകരണ സംഘ ത്തെ പുനഃരുജ്ജീവിപ്പിക്കുക.

പയ്യോളി പ്രിന്റിംഗ് പ്രസ്, തുറയൂർ.

# തുറയൂർ ഗ്രാമ പഞ്ചായത്ത്



# വികസനരേഖ




കീഴരിയൂർ

ഗ്രാമപഞ്ചായത്ത്


## കീഴരിയൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

ജനകീയാസൂത്രണ പ്രസ്ഥാനം

## വികസന സെമിനാർ

21–11–1996


THURAYUR PANCHAYAT
KEEZHARIYUR
KALLACAD MALA
MEPPAYUR PANCHAYAT
To Meppayur
PANCHAYAT OFFICE
Village office
KEEZHARIYUR
Ferry
Ferry
NADUVATTUR
QUILANDY MUNICIPALITY
To Arikkulam
ARIKKULAM PANCHAYAT
To Arikkulam
To Quilandy

### *എഡിറ്റിംഗ്*

ഇ.എം. രാജൻ (കൺവീനർ)

കെ.ആർ. അജിത്

എം.ജി. ബൽരാജ്

ഐ. ശ്രീനിവാസൻ

വി. മൊയ്തീൻ കുട്ടി

സി.എം. വിനോദ്

## പഞ്ചായത്തിനെ അറിയുക

| | | |
|---|---|---|
| പേർ | : | കീഴരിയൂർ ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 8 |
| വിസ്തീർണ്ണം | : | 1365 സ്ക്വൊയർ കിലോമീറ്റർ |
| അതിരുകൾ | : | |
| | | വടക്ക് - തുറയൂർ, മേപ്പയൂർ |
| | | തെക്ക് - അരിക്കുളം |
| | | കിഴക്ക് - അരിക്കുളം |
| | | പടിഞ്ഞാറ് - അകലാപ്പുഴ |
| ഉൾക്കൊള്ളുന്ന പ്രദേശം | : | കീഴരിയൂർ വില്ലേജ് |
| ജനസംഖ്യ | : | 13482 (91ലെ സെൻസസ്) |
| പുരുഷന്മാർ | : | 6598 |
| സ്ത്രീകൾ | : | 6884 |
| സാക്ഷരർ | : | 5568 (പു) 5313 (സ്ത്രീ) |
| അസംബ്ലി മണ്ഡലം | : | കൊയിലാണ്ടി |
| ജില്ലാ പഞ്ചായത്ത് | : | കാപ്പാട് (കോഴിക്കോട്) |
| ബ്ലോക്ക് പഞ്ചായത്ത് | : | കീഴരിയൂർ (മേലടി) |
| താലൂക്ക് | : | കൊയിലാണ്ടി |

## സ്വത്ത് വിവരം

| ക്രമനമ്പർ | വകവിവരം | വിസ്തീർണം | വർഷം | മതിപ്പുവില |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് | 10 സെന്റ് | 1971 | 12000ക. |
| 2 | ശിശുമന്ദിരം | 30 സെന്റ് | 1989 | 60000ക. |
| 3 | കളിസ്ഥലം | 60 സെന്റ് | 1994 | 180000ക. |
| 4 | മൃഗാശുപത്രി | 25 സെന്റ് | 1994 | 50000ക. |
| 5 | ഹെൽത്ത് സെന്റർ (PHC) | 66 സെന്റ് | 1995 | 82500ക. |
| | **മൊത്തം** | **191 സെന്റ്** | | **384500** |

# വിഷയക്രമം

പഞ്ചായത്തിനെ അറിയുക
സ്ഥാപനങ്ങൾ
ആമുഖം
ചരിത്രപശ്ചാത്തലം
ഭൂപ്രകൃതി
കൃഷിയും ജലസേചനവും
മൃഗസംരക്ഷണവും മത്സ്യബന്ധനവും
വിദ്യാഭ്യാസം
കുടിവെള്ളം - പൊതുജനാരോഗ്യം
വ്യവസായം
ഗതാഗതം - ഊർജ്ജം
പാർപ്പിടം - സാമൂഹ്യക്ഷേമം
സംസ്കാരം
വനിത
സഹകരണം
പട്ടികജാതിക്ഷേമം
വിഭവസമാഹരണം

94

## ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. കൃഷിഭവൻ
2. ഗ്രാമപഞ്ചായത്ത് ഓഫീസ്
3. വില്ലേജ് ഓഫീസ്
4. പ്രാഥമികാരോഗ്യകേന്ദ്രം (PHC)
5. ഗവ. ആയുർവേദ ഡിസ്പെൻസറി
6. ഗവ. ഹോമിയോ ആശുപത്രി
7. മൃഗാശുപത്രി
8. സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നമ്പ്രത്തുകര (ബ്രാഞ്ച്)

9. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്
10. വില്ലേജ് എക്സ്റ്റൻഷൻ സെന്റർ - 2
11. കാലടി സംസ്കൃതയൂനിവേഴ്സിറ്റി സബ്സെന്റർ
12. ശ്രീ വാസുദേവാശ്രമം സെക്കണ്ടറി സ്കൂൾ
13. നമ്പ്രത്തുകര യു.പി. സ്കൂൾ
14. നടുവത്തൂർ യു.പി. സ്കൂൾ
15. കണ്ണോത്ത് യു.പി. സ്കൂൾ
16. കീഴരിയൂർ വെസ്റ്റ് മാപ്പിള എൽ.പി. സ്കൂൾ
17. കീഴരിയൂർ മാപ്പിള എൽ.പി. സ്കൂൾ
18. നടുവത്തൂർ സൗത്ത് എൽ.പി. സ്കൂൾ
19. നടുവത്തൂർ ഈസ്റ്റ് എൽ.പി. സ്കൂൾ
20. അങ്കണവാടികൾ - 12
21. പോസ്റ്റോഫീസ് - 2 (കീഴരിയൂർ, നടുവത്തൂർ)
22. വള്ളത്തോൾ സ്മാരകവായനശാല
23. പേസ് ലൈബ്രറി, നമ്പ്രത്തുകര
24. ഭാരത് സ്കൗട്ട്സ് റീജിയണൽ സെന്റർ
25. മാവേലി സ്റ്റോർ
26. റേഷൻ ഷാപ്പുകൾ – 6

## പഞ്ചായത്ത് പ്രസിഡണ്ടുമാർ

| | | |
|---|---|---|
| 1. | ഇ.കെ. ശ്രീധരൻ | (1968) |
| 2. | മണപ്പാട്ടിൽ രാഘവൻ | (1979) |
| 3. | എൻ.വി. ചാത്തു | (1988) |
| 4. | സി.വി. കുഞ്ഞാമു | (1993) |
| 5. | സി. ഹരീന്ദ്രൻ മാസ്റ്റർ | (1995) |

## നിലവിലുള്ള ഭരണസമിതി

(* 1994 ഒക്ടോബർ 4ന്ന് അധികാരമേറ്റു)

**സി. ഹരീന്ദ്രൻ മാസ്റ്റർ**
(പ്രസിഡണ്ട്)

**പി. ലീല**
(വൈസ് പ്രസിഡണ്ട്)

**ഒ.കെ. ലീല**
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ)

**വി.പി. ലീല**

**സി.വി. കുഞ്ഞാമു**

**വി.കെ. സുധാകരൻ**

**ബി. ഉണ്ണിക്കൃഷ്ണൻ മാസ്റ്റർ**

**എൻ.വി. രാഘവൻ**

ഭാരതത്തിന്റെ ഭാവി ഗ്രാമങ്ങളിലാണ്

ഗ്രാമങ്ങൾ സ്വയം സമ്പൂർണ്ണമായാൽ

രാജ്യത്തിന് പുരോഗതി കൈവരും

ഗ്രാമസ്വരാജ് എന്റെ സ്വപ്നമാണ് -

എല്ലാ ഇന്ത്യക്കാരന്റേയും സ്വപ്നമായിരിക്കണം

- ഗാന്ധിജി

# ആമുഖം

നമ്മുടെ സംസ്ഥാനത്ത് ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗം പിറക്കുകയാണ്. താഴെ തട്ടിലും ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം.ഒൻപതാം പദ്ധതിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

കേരളം ഇന്ന് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കാർഷിക മേഖലയും, വ്യാവസായിക മേഖലയും മുരടിച്ചു നിൽക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലകളുടെ നിലവാര തകർച്ച ജനജീവിതത്തെ ബാധിച്ചിരിക്കുന്നു. വൈദ്യുതി കമ്മി രൂക്ഷമാവുകയാണ്. അത് നിലവിലുള്ള വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പോലും അവതാളത്തിലാക്കിയിരിക്കുന്നു. വികസനത്തെപ്പറ്റി ഇതേവരെയുണ്ടായിരുന്ന കാഴ്ചപ്പാടിൽ കാര്യമായ മാറ്റം വരണം. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ് വികസനം. അത് സ്ഥായിയായി നിലനിൽക്കുന്നതുമായിരിക്കണം. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ഗുണമേന്മ കൈവരിക്കാൻ കേരളീയർക്കു കഴിഞ്ഞിട്ടുണ്ട്. സാമൂഹിക രാഷ്ട്രീയ പ്രവർത്തനത്തിലൂടെ കൈവരിച്ച പുരോഗതിയും, ഭൂപരിഷ്കരണ നിയമം മൂലം വന്ന ഭൂമിയുടെ വികേന്ദ്രീകരണവും, ഗൾഫ് മേഖലകളിൽനിന്നുള്ള വരുമാനവും ഈ നേട്ടങ്ങളുടെ പിന്നിൽ പ്രേരക ശക്തിയായി വർത്തിച്ചിട്ടുണ്ട്. എന്നാൽ ഇത് സ്ഥായിയായി നിലനിർത്തണമെങ്കിൽ കാർഷിക വ്യാവസായിക ഉൽപാദന വർധനവിലൂന്നിയ ഒരു പുതിയ വികസന രാഷ്ട്രീയ സംസ്കാരത്തിന് രൂപം കൊടുക്കാൻ കേരളീയർക്ക് കഴിയണം.

നമ്മുടെ നാടിന്റെ ഭാവി ഭാഗധേയം നിർണയിക്കാനുള്ള അവകാശം എല്ലാ പൗരൻമാർക്കും ജനകീയാസൂത്രണ പ്രസ്ഥാനം ഉറപ്പുവരുത്തുന്നു. സ്വയം സമ്പൂർണ ഗ്രാമ സൃഷ്ടിയിലൂടെ മാത്രമേ രാജ്യത്തിന്റെ പുരോഗതി സാധ്യമാവൂ എന്ന വിശ്വസിച്ചവരുടെ സ്വപ്നം ഇതുവഴി പൂവണിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

98

# ചരിത്രപശ്ചാത്തലം

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിതാലൂക്കിലെ കീഴരീയൂർ, നടുവത്തൂർ, നമ്പ്രത്തുകര ദേശങ്ങളുൾക്കൊള്ളുന്ന കീഴരിയൂർ വില്ലേജ് പ്രദേശമാണ് കീഴരിയൂർ ഗ്രാമപഞ്ചായത്ത്. പഴയ മലബാർ വില്ലേജിൽ കുറുമ്പ്രനാട് താലൂക്കിൽ പലതുകൊണ്ടും പ്രാധാന്യമുള്ള ഒരംശമായിരുന്നു കീഴരിയൂർ. കീഴെ അരുവിയുള്ള 'ഊര്' എന്നതിൽ നിന്നാണ് കീഴരിയൂർ എന്ന പേരുണ്ടായത് എന്ന് പറയപ്പെടുന്നു. എട്ടു മലകളും അതിന്റെ താഴ്വരകളിലൂടെ ഒഴുകുന്ന ആറ് തോടും ഗ്രാമത്തിന്റെ പടിഞ്ഞാറുവശത്തുകൂടി ഒഴുകുന്ന അകലാപ്പുഴയും ഏക്കറുകളോളം സ്ഥലത്ത് വെള്ളം കെട്ടിനിൽക്കുന്ന നായാടൻ പുഴയും ചെറുപുഴയും കൊണ്ട് സമ്പന്നമായ നമ്മുടെ ഗ്രാമം ഈ പേരിന്റെ ചരിത്രത്തെ സാധൂകരിക്കുന്നു.

ഭൂമിശാസ്ത്രപരമായി മറ്റു പ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു കിടന്ന ഗ്രാമമായിരുന്നു കീഴരിയൂർ. മൂന്നു വശങ്ങളിലായി ഉയർന്നു നിൽക്കുന്ന മീറോട്-മാവട്ടുമല മറുഭാഗത്തുകൂടി ഒഴുകുന്ന പുഴ ഇവകാരണം ഈയടുത്ത കാലം വരെ ഈ ഗ്രാമത്തിലെത്താനും പുറത്തേക്ക് പോകാനും പ്രയാസമായിരുന്നു. നെല്ല്യാടി, നടേരി, മുത്താമ്പി കടവു വഴിയാണ് ഗ്രാമവാസികൾ പുറമ്പ്രദേശങ്ങളിലേക്ക് പോയിരുന്നത്. ഈ പ്രത്യേകതകൾ കൊണ്ടായിരിക്കണം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അവിസ്മരണീയ സംഭവമായി മാറിയ `കീഴരിയൂർ ബോംബ് കേസിന് കാരണമായ ബോംബ് നിർമിക്കാൻ കീഴരിയൂർ ഗ്രാമം തെരഞ്ഞെടുക്കപ്പെട്ടത്.

## കീഴരിയൂർ ബോംബ് കേസ്

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ദേശീയപ്രസ്ഥാനം ശക്തിപ്പെട്ടതോടെ കീഴരിയൂർ ഗ്രാമത്തിലും അതിന്റെ അലയടികൾ ആരംഭിച്ചു. ഗ്രാമത്തിലെ ആദ്യകാല കോൺഗ്രസ്സ് പ്രവർത്തകർ തൈക്കണ്ടി പാച്ചർ, കുറുമയിൽ കേളുക്കുട്ടി, പഞ്ഞാട്ട് രാമോട്ടി, കുറുമയിൽ നാരായണൻ, ഈന്തൻകണ്ടി കണാരൻ എന്നിവരായിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായി ജാഥ നടത്തുക, ഖദർവസ്ത്രവും ഗാന്ധിത്തൊപ്പിയും ധരിക്കുക, നൂൽനൂൽക്കുക ഇതൊക്കെയായിരുന്നു ആദ്യകാല കോൺഗ്രസ്സ് പ്രവർത്തനം.

1942 ആഗസ്റ്റിനും 43 മെയ് മാസത്തിനും ഇടയിൽ കീഴരിയൂർ കേന്ദ്രമായി നടന്ന സുപ്രധാന സംഭവമാണ് കീഴരിയൂർ ബോംബ് കേസ്. `കൂന്തങ്കലുള്ളതിൽ എന്ന വീട്ടിലൊത്തു ചേർന്നാണ് ബോംബ് നിർമിച്ചത്. പരീക്ഷിച്ചത് മാവട്ടുമലയിലും. അതിനെത്തുടർന്ന് ബ്രിട്ടീഷ് പോലീസ് കീഴരിയൂരിൽ അഴിഞ്ഞാട്ടം നടത്തി. ഫറൂക്ക് പാലം ചേമഞ്ചേരി-നടുവണ്ണൂർ രജിസ്ട്രാഫീസ്, മറ്റു ചില സർക്കാരാഫീസുകൾ എന്നിവ കരുതിക്കൂട്ടി ബോംബ് വെച്ച് തകർക്കാൻ ഗൂഢാലോചന നടത്തിയെന്നായിരുന്നു കേസ്. ഡോക്ടർ കെ.ബി. മേനോൻ, മത്തായി മാഞ്ഞൂരാൻ തുടങ്ങി 27 പേരാണ് കേസിലെ പ്രതികൾ. ബാക്കി 5 പേർ പിടി കൊടുത്തില്ല. കേരളത്തിന്റെ വിവധ ഭാഗങ്ങളിലുള്ള കോൺഗ്രസ്സ് നേതാക്കൾ ഇതിലുൾപ്പെട്ടിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ മുൻപന്തിയിലുണ്ടായിരുന്ന കുറുമയിൽ നാരായണൻ - തൈക്കണ്ടി പാച്ചർ, കുറുമയിൽ കേളുക്കുട്ടി, കുനിയിൽ കുഞ്ഞിരാമൻ, അരയനാട്ട് ഉണ്ണിക്കുട്ടി, മുള്ളംകണ്ടി മീത്തൽ കുഞ്ഞിരാമൻ, കെ. നാരായണൻ എന്നീ പ്രതികൾ കീഴരിയൂർകാരായിരുന്നു. മുഴുവൻ പ്രതികളും വർഷങ്ങളോളം ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്നു.

അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെട്ട കീഴരിയൂർ ബോംബ് കേസിനെപ്പറ്റി അന്വേഷിച്ചുകൊണ്ട് സുഭാഷ് ചന്ദ്രബോസ് കെ.ബി. മേനോനെഴുതിയ കത്ത് പ്രസിദ്ധമാണ്. വി.എ. കേശവൻനായരുടെ 'ഇരുമ്പഴിക്കുള്ളിൽ' എന്ന പുസ്തകം കീഴരിയൂർ ബോംബ് കേസ് സംബന്ധിച്ച ആധികാരിക ഗ്രന്ഥമാണ്. മറ്റു പല പഴയ കാല കൃതികളിലും ഇതു സംബന്ധമായ പരാമർശമുണ്ട്. 1985-ൽ കീഴരിയൂർ ബോംബ് കേസ് അനുസ്മരണ സ്തൂപം നടുവത്തൂർ ഭാഗത്ത് സ്ഥാപിക്കുകയുണ്ടായി.


സ്വാതന്ത്ര്യസമരത്തോട് ബന്ധപ്പെട്ട് എടുത്തു പറയാവുന്ന മറ്റൊരു സംഭവം കൂടിയുണ്ട്. കീഴരിയൂർ അംശം കോൽക്കാരനായി പണിയെടുത്തിരുന്ന ചാത്തോത്ത് കുട്ടിരാമൻ നായർ എന്ന ഖൽഗി രാമൻ ചെണ്ട കൊട്ടി 'ബ്രിട്ടീഷ് ഭരണം അവസാനിച്ചു. ബ്രിട്ടീഷ് ഭരണം അവസാനിച്ചു' എന്ന് വിളിച്ച് പറഞ്ഞ് കീഴരിയൂർ ഗ്രാമം മുഴുവൻ നടക്കുകയുണ്ടായി. ബ്രിട്ടീഷ് ഭരണാധികാരികളും പോലീസും കോൽക്കാരനെ എന്തു ചെയ്തു എന്നതിനെ സംബന്ധിച്ച് പഴമക്കാർക്കോർമ്മയില്ല.

1939-40-ൽ കീഴരിയൂർ ഗ്രാമത്തിൽ അതിരൂക്ഷമായ ദാരിദ്ര്യവും പട്ടിണിയും പടർന്നു. പട്ടിണിമരണങ്ങൾ ഉണ്ടായി. ബ്രിട്ടീഷ് സർക്കാർ കീഴരിയൂർ ക്ഷാമബാധിത പ്രദേശമായി പ്രഖ്യാപിച്ചു. ഈ അവസരത്തിൽ ജനങ്ങൾ തകരയില, വെളി എന്നിവ തിന്ന് ജീവിച്ചതായി പ്രായമുള്ളവർ പറയുന്നു. പട്ടിണിമരണത്തെപ്പറ്റി കേട്ടറിഞ്ഞ സാമൂഹ്യപരിഷ്കർത്താവായ വി.ആർ. നായനാർ കീഴരിയൂരിൽ വരികയും ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. അതിനെ തുടർന്ന് കെ.കേളപ്പൻ കീഴരിയൂരിൽ എത്തി. പലയിടത്തും നൂൽനൂൽപ്പ് കേന്ദ്രങ്ങളാരംഭിച്ചു. ജനങ്ങൾ കൂട്ടത്തോടെ നൂൽനൂൽപ് പഠിക്കുകയും അതിലൂടെ ചെറിയ വരുമാനമുണ്ടാക്കുകയും ചെയ്തു. ക്രമേണ പട്ടിണിയും ദാരിദ്ര്യവും നീങ്ങി. കീഴരിയൂർ പട്ടിണി വിഷയമാക്കി എസ്.കെ. പൊറ്റെക്കാട്ട് ഒരു കഥ എഴുതിയിട്ടുണ്ട്.

ഏതാണ്ട് ഇതേ അവസരത്തിൽ പ്രസവശുശ്രൂഷക്കുവേണ്ടി കസ്തൂർബാ ചികിത്സാലയവും ഹരിജനങ്ങൾക്കു പഠിക്കാൻ വേണ്ടി ഇന്നത്തെ പഞ്ചായത്ത് കളിസ്ഥലത്തിനടുത്ത് ഒരു സ്കൂളും സ്ഥാപിക്കുകയുണ്ടായി. ഹരിജനങ്ങളോടൊപ്പം മറ്റു സമുദായങ്ങളിലെ കുട്ടികളും അവിടെ താമസിച്ചു പഠിച്ചിരുന്നു.

1945-നു ശേഷം കീഴരിയൂരിൽ കർഷകപ്രസ്ഥാനം ശക്തിപ്പെട്ടുവന്നു. കോൺഗ്രസ്സ് സംഘടനയിൽ പ്രവർത്തിച്ച പുരോഗമനാശയമുള്ള ചെറുപ്പക്കാരായിരുന്നു ഇതിന്റെ പിന്നിൽ. കുറുമയിൽ നാരായണൻ, ചന്തൻകണ്ടി കണ്ണൻ, ഇ.കെ. ശ്രീധരൻ, താഴത്തെപറമ്പിൽ ശങ്കരൻ, ചുണ്ടൻ കണ്ടി പാച്ചർ, ബുൾഗാൻ കുഞ്ഞമ്മദ്, കോണിൽ കേളപ്പൻ, ഇരുട്ടുതാഴ ഗോപാലൻനായർ, രാരോത്ത് ചന്തു, വി.എം. കുഞ്ഞികൃഷ്ണൻനായർ, ചന്തംകണ്ടി പാച്ചർ, ഇണച്ചനാട്ടിൽ കുഞ്ഞിരാമൻനായർ എന്നിവരായിരുന്നു കർഷകസംഘത്തിന്റെ തുടക്കക്കാർ. കൃഷിഭൂമി കൃഷിക്കാരന്, പാട്ടം റദ്ദാക്കുക, പാട്ടക്കോടതി രൂപീകരിക്കുക, ജന്മിത്വം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുയർത്തിയാണ് കർഷകസംഘം പ്രവർത്തനമാരംഭിച്ചത്. ജന്മിമാരുടെയും നാട്ടുപ്രമാണിമാരുടെയും കൈകളിൽ മാത്രം ഒതുങ്ങിയിരുന്ന മാധ്യസ്ഥം, വിവാഹച്ചടങ്ങ്, സ്വത്തു തർക്കം തുടങ്ങിയവ കർഷകസംഘത്തിന്റെ കൈകളിലേക്ക് വന്നു. സാമൂഹ്യരാഷ്ട്രീയകാര്യങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതിയിലേക്ക് അത് വളരുകയുണ്ടായി. ഈ കാരണങ്ങൾ കൊണ്ടുതന്നെ പാവപ്പെട്ടവരും ഇടത്തരക്കാരും ക്രമേണ കർഷകസംഘത്തിനു പിന്നിൽ അണിനിരന്നുതുടങ്ങി. ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ട കാലത്ത് ജന്മിമാരുടെ പത്തായങ്ങളിൽ നിന്നും റേഷൻഷാപ്പിൽ നിന്നും അരിയെടുത്ത് വിതരണം ചെയ്യാൻ സംഘം പ്രവർത്തകർ മുന്നിട്ടിറങ്ങി. 1948-ൽ കീഴരിയൂരിൽ വ്യാപകമായ പോലീസ് അതിക്രമമുണ്ടായി. ജനങ്ങൾ ഒറ്റക്കെട്ടായി അതിനെതിരെ ചെറുത്തുനിന്നു. രാരോത്ത് ചന്തു, സേലം ജയിലിലെ മർദ്ദനത്തിന്റെ ഫലമായി മരിച്ചു. ഇതിനെ തുടർന്ന് കർഷകസംഘം പ്രവർത്തകർ കമ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം കൊടുക്കുകയും ജനങ്ങൾ ഭൂരിഭാഗവും അതിന്റെ സ്വാധീനതയിലാവുകയും ചെയ്തു.

കീഴരിയൂർ, തുറയൂർ വില്ലേജുകളുൾപ്പെട്ടിരുന്ന തുറയൂർ പഞ്ചായത്ത് വിഭജിച്ച് 1968 സെപ്തംബർ 27-ന് കീഴരിയൂർ പഞ്ചായത്ത് രൂപീകരിച്ചു. (ഓർഡർ നമ്പർ SRO.No.379/68 Dated 2-9-68) സർവശ്രീ. ഇ.കെ. ശ്രീധരൻ, എൻ.വി. ചാത്തു, ഐ.കുഞ്ഞിക്കണ്ണൻ, എന്നിവർ പഞ്ചായത്ത് മെമ്പർമാരായിരുന്നു. കീഴരിയൂരിൽ നിന്നും നോമിനേറ്റ് ചെയ്യപ്പെട്ട വനിതാ മെമ്പർ പഞ്ഞാട്ട് ജാനുടീച്ചറും രണ്ടാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സി.വി. അമ്മോട്ടിയും ജോലിയുള്ളതു കാരണം വിഭജനത്തിനു മുമ്പേ അംഗത്വം രാജിവെച്ചിരുന്നു. ആദ്യത്തെ പഞ്ചായത്ത് ഓഫീസ് നടുവത്തൂരിലുള്ള ഒരു പീടികയുടെ മുകളിലായിരുന്നു. പഞ്ചായത്ത് രൂപീകരണത്തിനു ശേഷം അഞ്ച് പ്രസിഡണ്ടുമാർ അധികാരമേറ്റിട്ടുണ്ട്. അവരിൽ ശ്രീ. എൻ.വി. ചാത്തു പ്രസിഡണ്ടായി തുടരവേ മരണപ്പെട്ടു. അദ്ദേഹത്തിന്റെ പാവനസ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.


KEEZHARIYUR PANCHAYAT
LANDFORM
THURAYUR PANCHAYAT
MEPPAYUR PANCHAYAT
MOODADI PANCHAYAT
ARIKKULAM PANCHAYAT
QUILANDY MUNICIPALITY
To Quilandy
INDEX
Side Slope, Gentle
Side slope, Moderate
Side slope, Moderately steep
Side slope, Steep
Hill crest
Ridge crest
Valley Floor
Flood Plain
Low, Erosion
Moderate, Erosion
High, Erosion
Slope of the unit
Canal / Puzha
Tar Road
Metal Road
Panchayat Boundary

## ഭൂപ്രകൃതി

(അവലംബം: വിഭവഭൂപടങ്ങൾ (CESS,TVM), റവന്യൂ രേഖകൾ, കൃഷിഭവൻരേഖകൾ)

ഭൂപ്രകൃതി അനുസരിച്ച് കീഴരിയൂർ പഞ്ചായത്തിനെ മുഖ്യമായും മൂന്നായി തരംതിരിക്കാം.

1. ഉയർന്ന സമതലപ്രദേശം
2. ചരിവു പ്രദേശങ്ങൾ.
3. താഴ്വര പ്രദേശം

## ഉയർന്ന സമതലം

സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 60 മുതൽ 100 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പഞ്ചായത്തിലെ ഉയർന്ന സമതല പ്രദേശം. ചില ഉയർന്ന പ്രദേശങ്ങളിൽ പാറ കഴിഞ്ഞാൽ പേരിനു മാത്രം മണ്ണുള്ള പ്രദേശമാണ്. മണ്ണില്ലാത്തതിനാൽ ഈ ഭാഗത്ത് മഴവെള്ളം ഊർന്നിറങ്ങുക വിരളമാണ്. ഇവിടങ്ങളിൽ മണ്ണൊലിപ്പ് വളരെ ചെറിയ തോതിലേ ഉള്ളൂ. ഇത് കൃഷിക്കു പറ്റിയ ഭൂമിയല്ല. ഉയർന്ന സമതലത്തിന്റെ 70% വരുന്ന പ്രദേശം കുറച്ചു കൂടി ചെരിവുള്ളതാണ്. ഈ ഭാഗത്ത് മൺപുതപ്പിന്റെ കട്ടി കൂടുതലായതിനാൽ ഉയർന്ന തോതിലുള്ള മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. മഴക്കാലത്ത് മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. കശുമാവ്, തെങ്ങ് എന്നിവയാണ് ഉയർന്ന സമതലത്തിലെ പ്രധാന വിളകൾ. കവുങ്ങ്, റബ്ബർ, മാവ് എന്നിവ കൃഷി ചെയ്യാവുന്നതാണ്.

## ചരിവുപ്രദേശങ്ങൾ

ചരിവുപ്രദേശങ്ങളാണ് മലമ്പ്രദേശത്തെ താഴ്വരയുമായി ബന്ധിപ്പിക്കുന്നത്. ചില ചരിവുകൾ കുത്തനെയുള്ളവയാണ്. മറ്റു ഭാഗങ്ങളെ ചെറുചരിവ്, ഇടത്തരം ചരിവ്, കുത്തനെയുള്ളചരിവ് എന്നിങ്ങനെ വേർതിരിക്കാം. ഇവിടങ്ങളിൽ ശക്തമായ മണ്ണൊലിപ്പ് നടക്കുന്നുണ്ട്. ജലലഭ്യത വർഷം മുഴുവൻ ഇല്ല. പ്രധാനവിളകൾ തെങ്ങ്, കശുമാവ്, റബ്ബർ, മറ്റു മിശ്രവിളകൾ എന്നിവയാണ്. കവുങ്ങ്, മാവ്, കുരുമുളക്, കൈതച്ചക്ക, തേക്ക് എന്നിവയും കൃഷി ചെയ്യാവുന്നതാണ്.

## താഴ്വരകൾ

താഴ്വരപ്രദേശത്തെ പ്രധാന മൺതലം 'അലൂവിയൽ' മണ്ണാണ്. ചില ഭാഗങ്ങളിൽ കളിമണ്ണിന്റെ അംശം കൂടുതലായതിനാൽ വെള്ളം ഊർന്നിറങ്ങാത്തതിന്റെ ഫലമായി നീർക്കെട്ടിന് കാരണമാകുന്നു. നെല്ല്, തെങ്ങ്, വാഴ, മറ്റു മിശ്രവിളകൾ എന്നിവയാണ് പ്രധാനകൃഷിവിളകൾ. ചിലഭാഗങ്ങളിൽ പ്രത്യേക സമയത്ത് പച്ചക്കറിയും കൃഷി ചെയ്യുന്നുണ്ട്.

അകലാപ്പുഴയുടെ തീരപ്രദേശത്തെ മണ്ണിടിച്ചിലും മണ്ണൊലിപ്പും ഒഴിവാക്കാൻ തീരത്തുടനീളം പുല്ലുകൾ പിടിപ്പിക്കണം. ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുണ്ടാക്കണം. നെൽവയലുകൾ നികത്തി തെങ്ങിൻതോപ്പുകളും വാഴത്തോട്ടങ്ങളുമാക്കി മാറ്റുന്ന പ്രവണത തടയണം.

102

# കൃഷി ജലസേചനം

അരനൂറ്റാണ്ടിനു മുമ്പ് കീഴരിയൂർ ഗ്രാമം ഒരു മുഴുനിര കാർഷികമേഖലയായിരുന്നു. ഇരുപത്തഞ്ചോളം വർഷങ്ങൾക്കുമുമ്പ് നെൽവയലുകളിൽ ഇരുപ്പൂ മുപ്പൂ കൃഷി ജൈവവളം മാത്രമുപയോഗിച്ച് സമൃദ്ധിയായി ഉല്പാദിപ്പിച്ചിരുന്നു. മലനിരകളിൽ കുറ്റിക്കാടുകൾ വെട്ടിത്തെളിയിച്ച് കൃഷിക്കാർ സഹകരണത്തോടെ `മോടൻ' നെൽകൃഷി നടത്തി വമ്പിച്ച ആദായം കൈവരിച്ചിരുന്നു. മിക്ക കൃഷിക്കാരും അന്ന് കമ്പോളങ്ങളിൽ നിന്ന് ചാക്കരി വാങ്ങിയിരുന്നില്ലെന്ന് മാത്രമല്ല നെല്ല് വിൽക്കാറുമുണ്ടായിരുന്നു. അരനൂറ്റാണ്ടിനു മുമ്പ് ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് ഇടത്തരം കൃഷിക്കാരുടെ നെല്ലറകളിൽ നിന്നും പട്ടിണി കിടക്കുന്നവർക്ക് ബലമായും സ്വമേധയും നെല്ല് വിതരണം ചെയ്തിരുന്നതായി പഴമക്കാർ പറയുന്നുണ്ട്.

ഇന്ന് നെൽവയലുകളിൽ വലിയ ഒരു ഭാഗം തെങ്ങിൻതോപ്പുകളായി മാറിയിരിക്കുകയാണ്. വിഭവഭൂപടസർവ്വേ പ്രകാരം പഞ്ചായത്തിലെ 900 ഹെക്ടറിൽ 60ഓളം ഹെക്ടറിൽ മാത്രമേ ഇപ്പോൾ നെൽകൃഷി ചെയ്യുന്നുള്ളൂ. മുമ്പ് ഏകദേശം 250 ഏക്കറോളം വ്യാപിച്ചു കിടന്നിരുന്ന നെൽകൃഷി ഇടങ്ങൾ നികത്തി തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുന്ന പ്രക്രിയ ആദ്യം സാവധാനത്തിലായിരുന്നെങ്കിലും 20 വർഷത്തിനുള്ളിൽ ഇതിന്റെ വേഗതം അനുസ്യൂതം വർദ്ധിച്ചുകൊണ്ടേയിരുന്നു. വയലേലകളിൽ മുഴങ്ങിക്കേട്ടിരുന്ന മനോഹരമായ ഞാറ്റുപാട്ടുകൾ ഇന്ന് ഓർമ്മയിൽ മാത്രം തങ്ങിനിൽക്കുനു മധുരസ്വപ്നങ്ങളായിമാറിപ്പോയി.

1971-ൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ തുടങ്ങിയതോടെ നെൽവയലുകൾ തുണ്ടം തുണ്ടമാവുകയും അവിടെയൊക്കെ നെൽകൃഷിക്ക് പകരം തെങ്ങിൻതോപ്പുകളുണ്ടാവുകയും ചെയ്തു. ജനസംഖ്യാവർദ്ധനവിന്റെ ഫലമായി പുരയിടങ്ങൾ വർദ്ധിച്ചതിൽ കാർഷികമേഖലയെ കാര്യമായി ബാധിച്ചു. റോഡ്, കനാൽ, കെട്ടിടങ്ങൾ, കലുങ്ക് തുടങ്ങിയവയുടെ നിർമ്മാണം കൃഷിഭൂമിയുടെ വിസ്തൃതി കുറയാൻ ഇടയാക്കിയിട്ടുണ്ട്. ചതുപ്പുനിലങ്ങളായ ചെറുപുഴ, ആച്ചേരി- അരീക്കരതാഴ, വെളിയന്നൂർചല്ലി എന്നിവിടങ്ങൾ നെൽപ്പാടങ്ങൾ നികത്തി പുഞ്ചക്കൃഷി ചെയ്തിരുന്നു. നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് തെങ്ങിൻ കൃഷി വർദ്ധിച്ചിട്ടുണ്ട്. `സ്റ്റോർ ഷെഡ് പദ്ധതി തുടങ്ങിയെങ്കിലും അവ നെൽകൃഷി മേഖലയിൽ കാര്യമായ ഗുണം ചെയ്തില്ല.

കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം കീഴരിയൂരിൽ ജീവൽപ്രധാനമായത് തെങ്ങുകൃഷിയാണ്. പണ്ടു കാലങ്ങളിൽ ഗ്രാമങ്ങളിലുള്ള ചില കുത്തക കച്ചവടക്കാർ മേൽപ്പാട്ടം എന്ന പേരുപറഞ്ഞ് മൊത്തം കൃഷിക്കാരെ ചൂഷണം ചെയ്ത് തേങ്ങ സംഭരിച്ചിരുന്നു. മേൽപ്പാട്ടത്തിന് `ഉണ്ടറുതി എന്നായിരുന്നു നാടൻ പേര്. ദരിദ്രകൃഷിക്കാരോട് നാലഞ്ചുകൊല്ലക്കാലം തെങ്ങ് ഉണ്ടറുതിക്കെടുക്കുകയും മാർക്കറ്റ് വിലയുടെ കാൽ ഭാഗത്തോളം വില കൊടുക്കുകയും ചെയ്തിരുന്ന ഈ ചൂഷണസമ്പ്രദായം ഇന്ന് നിലവിലില്ല.

കൃഷിവകുപ്പ് മുഖേന ധാരാളം 'പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ പ്രതിശീർഷ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. രോഗകീടങ്ങൾങൾളംശതമാനത്തോളം ഉല്പാദനക്ഷമതയെ രോഗ ദോഷകരമായി ബാധിക്കുന്നുണ്ട്. പണ്ട് കാലങ്ങളിൽ ജൈവവളങ്ങൾ മാത്രമുപയോഗിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന വിളവ് ഇന്നില്ല. മണ്ണിന്റെ വളക്കൂറ്

നഷ്ടപ്പെട്ടുപോയത് ഇതിന് ഒരു കാരണമാണ്. മണ്ണ് പരിശോധിച്ച് മിതമായ രീതിയിൽ രാസവളപ്രയോഗം നടത്തുന്ന രീതി ഈ കാർഷിക മേഖലയിൽ വിരളമാണ്. ജൈവവളങ്ങളുടെ ഉപയോഗവും ജലലഭ്യതയും ഉറപ്പു വരുത്തിയാൽ ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. പച്ചില വളങ്ങളായ ശീമക്കൊന്ന, പയർ, ഡയിഞ്ച, ചണമ്പ്, സുഭാബൂൻ എന്നീ ചെടികൾ നട്ടു വളർത്തുകയും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ വമ്പിച്ച ഗുണമുണ്ടാകും. തേങ്ങ സംഭരണ കേന്ദ്രം ന്യായമായ താങ്ങുവില എന്നിവ കർഷകർക്ക് ആശ്വാസപ്രദമാണ്. രോഗങ്ങൾ മൂലം നശിച്ചുകൊണ്ടിരിക്കുന്ന തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ കൃഷിചെയ്യാൻ കർഷകരെ സഹായിക്കേണ്ടതാണ്.

പച്ചക്കറിയിനങ്ങളിൽ വെള്ളരി, കുമ്പളം, കൈപ്പ, വെണ്ട, ചീര, പയറുവർഗ്ഗങ്ങൾ മുതലായവ ഗണ്യമായ തോതിൽ ഉല്പാദിപ്പിക്കുന്ന ഒരു ഗ്രാമമായിരുന്നു കീഴരിയൂർ. പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താല്പര്യക്കുറവ് പച്ചക്കറി ഉല്പാദനത്തിന് വിഘാതമായി നിൽക്കുന്നു. കനാൽ ജലത്തിന്റെ വിനിയോഗരീതിയും വിത്തിറക്കുന്ന സന്ദർഭങ്ങളിൽ മണ്ണിൽ ഈർപ്പം വർദ്ധിക്കുന്നതും പച്ചക്കറിക്കനുഗുണമല്ല.

കീഴരിയൂർ പഞ്ചായത്തിലെ ഭൂമിസംബന്ധിച്ച വിവരങ്ങൾ

(Ref: അടിസ്ഥാനവിവരലിസ്റ്റ്)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 55 ഏക്കർ |
| പുരയിടം | 700 ഏക്കർ |
| പുറമ്പോക്ക് | |
| കൃഷിയോഗ്യതരിശ് | 30 ഏക്കർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 5 ഹെക്ടർ |
| ആകെ | 900 ഹെക്ടർ |

നമ്മുടെ വീട്ടുവളപ്പിലും പരിസരങ്ങളിലും വലിയ ചെലവില്ലാതെ ഉണ്ടാക്കാവുന്നതാണ് ഔഷധസസ്യങ്ങൾ. കാൽ നൂറ്റാണ്ടിനുമുമ്പ് വിവിധ തരം പച്ചമരുന്നുകൾ കണ്ടു പിടിച്ച് വില്പന നടത്തുവാൻ കഴിവുള്ളവർ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇവർക്ക് ദൗർലഭ്യമുണ്ടെന്ന് മാത്രമല്ല, പേര് തിരിച്ചറിഞ്ഞ് മരുന്ന് കണ്ടുപിടിക്കാൻ കഴിവുള്ള ആളുകളുമില്ല. നാശോന്മുഖമായ ഔഷധസസ്യങ്ങളുടെ കൃഷി പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. ആവശ്യമായ വിപണന സാധ്യതകളില്ലാത്തതുകൊണ്ട വെട്ടിമാറ്റപ്പെട്ട കാർഷിക വിളവുകളാണ് മൾബറി, കൊക്കോ, കുറ്റിമുല്ല മുതലായവ.

കാർഷിക വികസ ഭൂപണയബേങ്ക് കീഴരിയൂർ പഞ്ചായത്തിൽ കഴിഞ്ഞ 6 വർഷങ്ങളിലായി ഇരുപത് ലക്ഷം രൂപ കാർഷികകടമായി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനനുസൃതമായ ഉല്പദാനവർദ്ധനവുണ്ടായിട്ടില്ല. ഫണ്ടുകളുടെ കൃത്യമായ വിനിയോഗത്തിൽ ജനകീയ മേൽനോട്ടം ഇല്ലാത്തിടത്തോളം കാർഷികപദ്ധതികൾക്ക് എന്തു ശാസ്ത്രീയത കൈവന്നാലും പൂർണത കൈവരില്ല.

### പ്രശ്നങ്ങൾ

1. നെല്ലുല്പാദന രംഗത്തുള്ള മുരടിപ്പ്
2. നെൽകൃഷി പ്രായേണ നഷ്ടമാണ്.
3. തുണ്ടുഭൂമിയിലുള്ള കൃഷിരീതി ലാഭകരമല്ല.
4. ശാസ്ത്രീയകൃഷിസമ്പ്രദായങ്ങളിൽ അറിവില്ലായ്മ.
5. കാർഷിക ജോലിക്ക് മാന്യതയില്ല എന്ന ബോധം.
6. കാർഷികരംഗത്ത് കൂട്ടുകൃഷി സമ്പ്രദായത്തോ

**വിളവുവിസ്തീർണവും ഉല്പാദനവും**

| വിള | വിസ്തീർണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് II | 25 ഹെക്ടർ | 45000 കിലോഗ്രാം | 1800 കിലോഗ്രാം |
| നെല്ല് III | 30 ഹെക്ടർ | 66000 കിലോഗ്രാം | 2200 കിലോഗ്രാം |
| പയർ | 5 ഹെക്ടർ | 2250 കിലോഗ്രാം | 450 കിലോഗ്രാം |
| പച്ചക്കറികൾ | 50 ഹെക്ടർ | 20000 കിലോഗ്രാം | 2500 കിലോഗ്രാം |
| തെങ്ങ് | 700 ഹെക്ടർ | 36,400 കിലോഗ്രാം | 5200 എണ്ണം |
| വാഴ | 15 ഹെക്ടർ | 37500 കിലോഗ്രാം | 25000 കിലോഗ്രാം |
| മരച്ചീനി | 10 ഹെക്ടർ | 50000 കിലോഗ്രാം | 5000 കിലോഗ്രാം |
| കുരുമുളക് | 25 ഹെക്ടർ | 39000 കിലോഗ്രാം | 1560 കിലോഗ്രാം |
| കശുമാവ് | 25 ഹെക്ടർ | 51000 കിലോഗ്രാം | 2040 കിലോഗ്രാം |
| കവുങ്ങ് | 20 ഹെക്ടർ | 18750 കിലോഗ്രാം | 2500 കിലോഗ്രാം |

ടുള്ള താല്പര്യക്കുറവ്.

7. കാർഷികത്തൊഴിലാളികളുടെ കൂലിയിലുള്ള ഏകീകരണമില്ലായ്മ.

8. ജൈവവളങ്ങളുടെ അപര്യാപ്തത.

9. നല്ലയിനം നടീൽ വസ്തുക്കളുടെ ദൗർലഭ്യം.

10 കൃഷിഭവന്റെ സേവനം വേണ്ടരീതിയിൽ ലഭ്യമല്ല.

11. കീടങ്ങളുടെ ശല്യം.

12. കാർഷികാവശ്യങ്ങൾക്കായി വേണ്ടത്ര വൈദ്യുതി ലഭിക്കായ്ക.

13. മണ്ണ് സാമ്പിളുകൾ പരിശോധിക്കുന്നില്ല.

14. പുതിയ തരം കാർഷിക വിളകൾ പരീക്ഷിക്കുന്നില്ല. (പഴവർഗ്ഗകൃഷി, പൂവുകൃഷി)

15. വെറ്റില കൃഷി നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. വെറ്റിലക്കൊടി സൊസൈറ്റി പ്രവർത്തനരഹിതമാണ്. (1-ാം വാർഡ്)

16. കശുമാവ് കൃഷി ഒരു കൃഷിയായി കാണുന്നില്ല.

17. കുരുമുളക് കൃഷി ഗണ്യമായി കുറയുന്നു. (ദ്രുതവാട്ടം, അത്യുല്പാദനശേഷിയുള്ള കുരുമുളക് വെച്ചുപിടിപ്പിക്കാതിരിക്കൽ, അശാസ്ത്രീയമായ കൃഷിരീതി)

18. വെളിയന്നൂർ, മഠത്തിൽതാഴ, മധുമ്മൽ ഭാഗം എന്നിവിടങ്ങളിൽ നീർക്കെട്ടുകാരണം കൃഷിയോഗ്യമല്ല.

19 രാസവളങ്ങളുടെ വിലക്കയറ്റം.

20 ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

21. 50 സെന്റിൽ കുറവുള്ള കൃഷിക്കാർക്ക് ബേങ്കുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

22. കർഷകത്തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്കും സേവനനിലവാരത്തകർച്ചയും.

23. നമ്മുടെ നാടിനനുയോജ്യമായ ഇടത്തരം സാങ്കേതിക കാർഷികോപകരണങ്ങൾ ലഭ്യമല്ല.

## പരിഹാരനിർദ്ദേശങ്ങൾ

**I നെല്ലുല്പാദന രംഗത്തെ മുരടിപ്പ്**

1. വെളിയന്നൂർചല്ലി, ചെറുപുഴ, ആച്ചേരിത്തോട് പദ്ധതികൾ നടപ്പിലാക്കുക.

2. കൂട്ടുകൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

3. നെല്ല് സഹകരണസംഘങ്ങൾ രൂപീകരിക്കുക. കറ്റപ്പുൽ സംഭരിച്ച് വിതരണം ചെയ്യുക.

4. നെൽകൃഷിരംഗത്ത് സാർവത്രികമായി സബ്സിഡി നടപ്പിലാക്കുക.

5. 1, 5, 6, 7 വാർഡുകളിലെ കോൾ നിലങ്ങളുടെ കൃഷി ശാസ്ത്രീയവൽക്കരിക്കുക.

**II നെല്ലുല്പാദനം പ്രായേണ നഷ്ടമാണ്. & ഏകീകൃത വേതനസമ്പ്രദായം.**

1. ഏകീകൃതവേതനസമ്പ്രദായം പഞ്ചായത്തിൽ നടപ്പിലാക്കുക.

2. കാർഷികലോണുകൾ പഞ്ചായത്ത് മുഖേന വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കുക.

3. പഞ്ചായത്തടിസ്ഥാനത്തിൽ കൃഷിസ്ഥലങ്ങളിൽ 'തുണ്ടുഭൂമി കൃഷിപ്രൊജക്റ്റ്' ശാസ്ത്രീയടിസ്ഥാനത്തിൽ തയ്യാറാക്കുക.

**III ശാസ്ത്രീയകൃഷിസമ്പ്രദായങ്ങളുടെ അഭാവം.**

1. കർഷകർക്കുള്ള ബോധവൽക്കരണം. (രാസവളപ്രയോഗം, കീടനാശിനി, വിവിധ കൃഷസമ്പ്രദായങ്ങൾ)

2. കടുംകൃഷി സമ്പ്രദായം നടപ്പിലാക്കുക.

3. വിവിധ കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ മാതൃകാപദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കുക.

4. നീർമറി പദ്ധതികളിൽ ഉൾപ്പെടാത്ത 5, 6, 7 വാർഡു പ്രദേശങ്ങളിൽ സർവ്വേ നടത്തി പദ്ധതിയിൽ ഉൾപ്പെടുത്തുക.

**IV ജലസേചനപദ്ധതി**

ഒന്ന് ചെറുകിട ജലസേചനപദ്ധതികൾക്ക് പ്രാധാന്യം കൊടുക്കുകയും ഇന്നുള്ള മൂന്ന് ആയക്കെട്ടുകൾ പുതുക്കിപ്പണിത് പ്രവർത്തനയോഗ്യമാക്കുകയും ചെയ്യുക. ഉദാ:- ആച്ചേരിത്തോട്, കളങ്കോളിത്തോട്, ചാറ്റുകുളം നെല്ല്യാടികടവ് തോട്, ഇടക്കാടിക്കുളം, എന്നിവ ആഴവും വീതിയും കൂട്ടി ജലസേചനയോഗ്യമാക്കുക.

2. നായാടൻ പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കാര്യക്ഷമമാക്കുക.

3. നഷ്ടപ്പെടുന്ന കനാൽ ജലം പൂർണമായി വിനിയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

4.കനാൽ ജലം മലിനപ്പെടുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

5. കൃഷി ആവശ്യങ്ങൾക്കായി വൈദ്യുതി കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക.

6. കണികജലസേചന പദ്ധതികൾ നടപ്പിലാക്കുക.

**V ജൈവവളങ്ങളുടെ അപര്യാപ്തത**

1. പച്ചിലവളവിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക.

2. മണ്ണിര ബഡ് നിർമ്മാണത്തിൽ പരിശീലനം കൊടുക്കുക.

3. കമ്പോസ്റ്റ് വളനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

4. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

5. ആഫ്രിക്കൽ പായൽ ഉപയോഗിച്ച് കമ്പോസ്റ്റ് വളവും ബയോഗ്യാസ് പ്ലാന്റും നിർമ്മിക്കുക.

VI തരിശുഭൂമിയുടെ ഉപയോഗം.

1. പുറമ്പോക്കിലെയും സ്വകാര്യവ്യക്തികളുടെയും തരിശുഭൂമിയും കനാലിനിരുവശങ്ങളിലെയും ഭൂമിയും പ്രാദേശിക ക്ലബ്ബുകൾ കൂട്ടുകൃഷിസംഘങ്ങൾ മഹിളാ സംഘങ്ങൾ സ്വകാര്യവ്യക്തികൾ എന്നിവർക്ക് കൃഷി ചെയ്യാൻ നല്കുക.

2. പ്രോത്സാഹനമത്സരങ്ങൾ സംഘടിപ്പിക്കുക.

3. കൃഷിഭവൻ മുഖേനയുള്ള വസ്തുക്കൾ വിതരണം യഥാസമയം നൽകുക.

4. ജനകീയ മോണിറ്ററിംഗ് കമ്മറ്റി ഇതിനായി പ്രവർത്തിക്കുക.

5. ഗുണമേന്മയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുക.

106

# മത്സ്യബന്ധനം മൃഗസംരക്ഷണം

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെ ഒഴുകുന്ന എട്ട് തോടുകളും തെക്ക് പടിഞ്ഞാറ് ഭാഗത്തുകൂടി ഒഴുകുന്ന അകലാപ്പുഴയും വടക്ക് ഭാഗത്തുള്ള ചെറുപുഴയും നിരവധി കുളങ്ങളും കിണറുകളും ചേർന്നതാണ് കീഴരിയൂരിന്റെ ജലസ്രോതസ്സ്.

ഒറ്റൽ, വല, ചൂണ്ട, കൂട്, കുരുത്തോല, കാടിളക്കൽ തുടങ്ങിയ സംവിധാനത്തിലൂടെ മത്സ്യം പിടിച്ച് ഉപജീവനം കഴിച്ചിരുന്ന ഒട്ടനവധിപേർ ഈ ഗ്രാമത്തിലുണ്ടായിരുന്നു. കൂടാതെ കടൽ മത്സ്യം കാവുമ്മലാക്കി ചുമലിലേറ്റി വിൽപ്പനനടത്തുന്നവരുടെ സാനിദ്ധ്യവും ഈ ഗ്രാമത്തെ സജീവമാക്കിയിരുന്നു.

പുഴയോരം നികത്തി തൈ വെച്ചതും കുളങ്ങൾ സ്വകാര്യവൽക്കരിച്ചതും വയലുകൾ പറമ്പുകളാക്കിയതും കീടനാശിനി പ്രയോഗങ്ങളുംമറ്റും മത്സ്യസംബത്ത് കുറയാൻ ഇടയാക്കിയിട്ടുണ്ട്.

കൊഞ്ച്, ചിറ്റാൻ, ബ്രാൽ, കടു, മുഴു, കടുങ്ങാലി, ഒടു, മാലാൻ, ചേർമീൻ, ചെമ്പല്ലി, വാള തുടങ്ങിയവയുടെ വിഹാരരംഗമായിരുന്നു ഇവിടത്തെ ജലസംഭരണികൾ. എന്നാൽ ഇന്ന് ബ്രാൽ തുടങ്ങിയ ചില മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

### പ്രശ്നങ്ങൾ

1. നിലവിലുണ്ടായിരുന്ന കുളങ്ങളും തോടുകളും വയലുകളും നികന്നുപോയി.

2. പുഴയോര പ്രദേശങ്ങളിൽ ചികരി പൂഴ്ത്തുന്നതും പുഴയോരം നികത്തി തൈ വെയ്ക്കുന്നതും മത്സ്യസംബത്ത് കുറയാൻ ഇടയാക്കിയിട്ടുണ്ട്.

3. പൊതു സംഭരണ വിതരണ കേന്ദ്രങ്ങൾ ഇല്ല.

4. വംശനാശം വരുത്തുന്ന രീതിയിലുള്ള മത്സ്യബന്ധനം.

5. അമിതമായ കീടനാശിനി പ്രയോഗം.

6. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.

### പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങൾ ആഴവും വീതിയും കൂട്ടി അവിടങ്ങളിൽ ശുദ്ധജലമത്സ്യകൃഷിക്ക് യോഗ്യമാക്കണം.

2. NWDPRA സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കീമിൽ മിച്ചമുള്ള മൂന്ന് ലക്ഷം രൂപ മത്സ്യകൃഷി വികസനത്തിന് ഉപയോഗപ്പെടുത്തണം.

3. വള്ളവും വലയും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

4. നിലവിലുള്ള മണ്ണാടി ഹരിജൻ കോളനിയിലെ മത്സ്യസഹകരണ സംഘം പുനരുജ്ജീവിപ്പിക്കണം.

5. മത്സ്യപ്രജനന സമയത്ത് അകലാപ്പുഴയിലെ ചെറിയ കണ്ണിവല ഉപയോഗിച്ച് മത്സ്യബന്ധനം നിയന്ത്രിക്കണം.

6. നഞ്ച് കലക്കിയും തോട്ടവെച്ചുള്ളതുമായ മീൻപിടുത്തം നിയന്ത്രിക്കണം.

7. ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും കൃഷിചെയ്യാൻ പറ്റിയ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യണം.

8. സ്വകാര്യ വ്യക്തികൾ കൈവശംവെച്ചുവരുന്ന 260.12 ഏക്കർ പുഴ പൊറമ്പോക്ക് സ്ഥലം കണ്ടെത്തി മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്തണം.

## മൃഗസംരക്ഷണം

കാർഷിക ഗ്രാമമായി അറിയപ്പെടുന്ന കീഴരിയൂരിൽ കന്നുകാലി വളർത്തൽ ഗ്രാമീണരുടെ പ്രധാന ഉപജീവന മാർഗമായിരുന്നു. പാൽ ഉൽപ്പാദിപ്പിക്കുന്നതിലും നിലം ഉഴുകുന്നതിലും പുറമെ കൃഷിക്ക് അത്യന്താപേക്ഷിതമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികൾ വർത്തിച്ചിരുന്നു. ഉഴുത്തുകാരായിരുന്നു കാലി വളർത്ത് മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നത്.

പ്രൗഢിയും ആഢ്യത്വവും എടുത്തുകാട്ടാൻ പത്തും പതിനഞ്ചും കന്നുകാലികളെ വെയ്ക്കാനും അവയെ പരിപാലിക്കാനാവശ്യമായ ജോലിക്കാരെ നിർത്താനും അവർ ശ്രദ്ധിച്ചിരുന്നു. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലായി കിടക്കുന്ന തേറങ്ങാട്ട് താഴ വയൽ, മൂർക്കനൊടി വയൽ, കൊളോറോത്ത് താഴ വയൽ, മഠത്തിൽ താഴ വയൽ, കോരപ്ര വയൽ, കുഴിവയൽ, പഞ്ഞാട്ട് താഴ കുനി വയൽ, അരീക്കരത്താഴ വയൽ എളമ്പിലാട്ട് താഴ വയൽ, ഇല്ലത്തു താഴ വയൽ, മരക്കാട്ട് താഴ വയൽ, വെളിയന്നൂർ ചല്ലി എന്നിവിടങ്ങളിൽ മകരം-കന്നി ഇരിപ്പു മുകിൽ കൃഷി കഴിഞ്ഞാൽ പിന്നെ കന്നുകാലികൾക്ക് മേഞ്ഞുനടക്കുവാനുള്ള ഇടമായിരുന്നു. ഇങ്ങനെ മേഞ്ഞുനടക്കുന്ന കന്നുകാലികളുടെ ചാണകം ശേഖരിച്ച് വിൽപ്പന നടത്തി നിത്യജീവിതത്തിന് വക കണ്ടെത്തിയിരുന്നവരും മുമ്പ്കാലത്ത് ഉണ്ടായിരുന്നു. കറവ കഴിഞ്ഞ് ആടുമാടുകളെ മലമ്പ്രദേശമായ മിറോട് മല, ഒറോക്കുന്ന് മല, കീരൻകുന്ന്, മാവട്ടുമല, കേളോത്ത് കുന്ന്, അർജ്ജുനൻ കുന്ന് എന്നിവിടങ്ങളിൽ കയറൂരി വിടുകയായിരുന്നു പതിവ്. എന്നാൽ ഇന്ന് ഇവിടെ കശുമാവും, റബ്ബറും, വീടുകളും കയ്യടക്കിക്കഴിഞ്ഞിരിക്കുന്നു.

കൂടുതൽ പശുക്കളുള്ളവർ വിശ്വസ്ഥരായ പാവപ്പെട്ടവർക്ക് വളർത്താൻ കൊടുക്കുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു. ഒരു കറവ കഴിഞ്ഞ് അടുത്ത കറവിന് അച്ചിയോടൊപ്പം പുതിയ കന്നിനെ തിരിച്ചേൽപ്പിക്കുന്ന രീതിയും നിലനിന്നിരുന്നു. മേയുന്ന കന്നുകാലികൾക്ക് കുടിക്കാനാവശ്യമായ വെള്ളം പൊതു തൊട്ടിയിലൂടെ നൽകുന്ന സമ്പ്രദായം മുൻപുകാലത്തുണ്ടായിരുന്നു. ഇന്ന് പാടങ്ങൾ മിക്കവയും നികത്തി കൃഷിയും കെട്ടിടങ്ങളും വ്യാപകമായി വന്നതോടെ കന്നുകാലികൾക്ക് തീറ്റപ്പുല്ല് കിട്ടാത്ത അവസ്ഥ വന്നുചേർന്നിട്ടുണ്ട്. പശു, ആട് മുതലായവയെയാണ് വീടുകളിൽ വളർത്തുന്നത്. പക്ഷികളിൽ കോഴിക്കാണ് പ്രഥമസ്ഥാനം.

### പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിന്റെ ക്ഷാമവും കാലിത്തീറ്റയുടെ അമിതമായ വിലയും സങ്കരയിനം പശുക്കളുടെ ദൗർലഭ്യവും.

2. ക്ഷീര സംഭരണ - വിപണന കേന്ദ്രങ്ങളുടെ അഭാവം.

3. മൃഗസംരക്ഷണത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

4. നെൽകൃഷി കുറഞ്ഞതോടെ വൈക്കോൽ ക്ഷാമം നേരിടുന്നു.

5. നല്ലയിനം കോഴികളുടെ ലഭ്യതക്കുറവും കോഴിത്തീറ്റയുടെ വിലവർദ്ധനവും.

6. നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമല്ല.

7. തീറ്റപ്പുല്ല് അന്യ സംസ്ഥാനങ്ങളിൽനിന്നാണ് കൊണ്ടുവരുന്നത്. ഇതിന് വർദ്ധിച്ച വില കൊടുക്കേണ്ടി വരുന്നു.

8. സൊസൈറ്റിയിൽ നിന്ന് പാലിന് ന്യായമായ വില കിട്ടുന്നില്ല.

9. ആലകളുടെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത.

10. കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ.

11. തെരുവുനായ്ക്കൾ, പേപ്പട്ടി, കുറുക്കൻ എന്നിവയുടെ ശല്യം.

### പരിഹാര മാർഗങ്ങൾ

1. വിത്ത് നടീൽ വസ്തു ജലസേചന സൗകര്യം എന്നിവ ലഭ്യമാക്കി തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കണം.

2. പഞ്ചായത്തിൽ കാലിത്തീറ്റ കോഴിത്തീറ്റ മുതലായവ കർഷകർക്ക് കുറഞ്ഞ വിലക്ക് കിട്ടത്തക്കരീതിയിൽ സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

3. അത്യുല്പാദന ശേഷിയുള്ള കന്നുകാലികളേയും (പശു, ആട്) കന്നുകുട്ടികളേയും കർഷകർക്ക് സബ്സിഡി നിരക്കിൽ സർക്കാർ ഫാമുകളിൽനിന്ന് വിതരണം ചെയ്യണം.

4. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി പാലിന് ന്യായമായ വില ലഭിക്കാനുതകുന്ന വിധത്തിൽ പാൽ വിതരണ സംഭരണ വിപണന കേന്ദ്രങ്ങൾ ഉണ്ടാകണം.

5. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗകര്യമായ രീതിയിൽ മൃഗാശുപത്രിയുടെ സബ് സെന്ററുകൾ സ്ഥാപിക്കണം.

6. മൃഗങ്ങൾക്ക് ആവശ്യമായ മരുന്ന് നല്ലയിനം ബീജം എന്നിവ ലഭ്യമാക്കണം.

7. പട്ടികളെ വീടുകളിൽ കെട്ടിവളർത്താനും പേപ്പട്ടി ശല്യം നിയന്ത്രിക്കാനുമുള്ള കുത്തിവെയ്പ്പും നടത്തണം. അതിനാവശ്യമായ നിയമ നടപടികൾ ഉണ്ടാകണം.

8. പഞ്ചായത്തുതലത്തിൽ മുട്ട സംഭരണ, വിതരണ കേന്ദ്രം സ്ഥാപിക്കണം.

9. പഞ്ചായത്തിൽ ഒരു മത്സ്യ-മാംസ മാർക്കറ്റ് സ്ഥാപിക്കേണ്ടതും, ലൈസൻസില്ലാത്ത അറവുശാലകളെ നിയ

ന്ത്രിക്കേണ്ടതുമാണ്.

10. ഓരോ വാർഡിലും കുറഞ്ഞത് 10 പേർക്കെങ്കിലും മുട്ടക്കോഴി വളർത്തുപരിശീലനവും, കോഴിയേയും കൊടുക്കണം. അതോടൊപ്പം വാർഡിലെ ആവശ്യക്കാർക്ക് സബ്സിഡി നിരക്കിൽ നല്ലയിനം മുട്ടക്കോഴികളെ വിതരണം ചെയ്യുകയും വേണം.

11. ജൈവവളത്തിനും ബയോഗ്യാസിനും ആവശ്യമായ ഒരു ജൈവവള സംഭരണ വിപണന കേന്ദ്രം സ്ഥാപിക്കണം.

12. കോഴിക്കുഞ്ഞുങ്ങളുടെ നഴ്സറി ആരംഭിക്കണം.

13. പഞ്ചായത്തിന്റെ രണ്ട് കേന്ദ്രങ്ങൾ സഹകരണ അടിസ്ഥാനത്തിൽ പൗൾട്രീ ഫാമുകൾ ഉണ്ടാക്കണം.

14. ഓരോ വാർഡിലും ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കണം.

15. പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഗുണമേന്മയേറിയ പുല്ലിനങ്ങൾ നട്ടുവളർത്തണം. (ഗിനിഗ്രാസ്, നേപ്പിയർ, കോംഗൊസിഗ്നൽ)

16. തേനീച്ച, മുയൽ പന്നി എന്നിവയെ വളർത്താൻ സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകണം.

17. വൈക്കോൽ പോഷക സമൃദ്ധമാക്കുന്നതിന് കർഷകർക്ക് സാങ്കേതിക വിദ്യ നൽകണം.

## സേവന മേഖല

1. മൃഗാശുപത്രി സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. സേവനം കർഷകരിലേക്കെത്തിക്കാൻ ഒരു വാഹനവും ടെലഫോണും അത്യാവശ്യമാണ്.

2. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. നിലവിലുള്ള സബ്സെന്റർ പ്രവർത്തന യോഗ്യമാക്കണം.

3. രോഗനിർണ്ണയത്തിനായി ലബോറട്ടറി സംവിധാനം സജ്ജമാക്കണം.

4. സ്റ്റെറിലൈസർ, റഫ്രിജറേറ്റർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കണം.

5. ഒരു ക്രിത്രിമ ബീജ സംങ്കലനകേന്ദ്രത്തിന് പഞ്ചായത്തിൽ ഉടനത്തന്നെ ഒരു കെട്ടിടം കണ്ടെത്തണം.

6. കർഷകർക്ക് മൃഗങ്ങളെ ശാസ്ത്രീയ രീതിയിൽ പരിപാരിക്കുന്നതിന് പരിശീലനം നൽകാൻ ഒരു ട്രയിനിംഗ് സെന്റർ സ്ഥാപിക്കണം. □

# വിദ്യാഭ്യാസം

ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായി വന്ന സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളും കീഴരിയൂരിൽ വിദ്യാഭ്യാസ സാംസ്കാരികരംഗത്ത് കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഏതാണ്ട് 75 വർഷം മുമ്പ് സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു വായനശാലയും ലൈബ്രറിയും ഇവിടെ ഉണ്ടായിരുന്നു. അനൗപചാരികവിദ്യാഭ്യാസത്തിൽ ഇത് കാര്യമായ പങ്ക് വഹിച്ചതായി കാണാം. 1923-ൽ `മാതൃഭൂമി' ദിനപത്രം പ്രസിദ്ധീകരിച്ചതുമുതൽ വായനശാലയിൽ നിന്ന് പത്രം വായിച്ചത് പഴമക്കാർ ഓർക്കുന്നുണ്ട്. വിദ്യാഭ്യാസസാംസ്കാരികരംഗത്ത് കീഴരിയൂർ ജനത പ്രബുദ്ധരായിരുന്നുവെന്ന് ഇത് തെളിയിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ നമ്മുടെ ഗ്രാമത്തിൽ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. അനാദായകരമെന്നതിന്റെ പേരിൽ 1984-ൽ സർക്കാർ അംഗീകാരം പിൻവലിച്ച നമ്പ്രത്ത് എൽ.പി. സ്കൂളാണ് ആദ്യത്തെ വിദ്യാലയം. തുടർന്ന് 1917-ൽ മമ്മിളി പറമ്പിൽ ആരംഭിച്ച ഹിന്ദു ഗറൾസ് സ്കൂളും (നടുവത്തൂർ ഈസ്റ്റ് എൽ.പി.സ്കൂൾ) 1918-ൽ തുടങ്ങിയ ഇന്നത്തെ കണ്ണോത്ത് യു.പി. സ്കൂളും ഏതാണ്ട് അതേ കാലത്ത് നിലവിൽ വന്ന ഹിന്ദു ബോയ്സ് സ്കൂളും (നടുവത്തൂർ യു.പി. സ്കൂൾ) ആണ് ആദ്യകാല വിദ്യാലയങ്ങൾ. സർക്കാറിന്റെ കാര്യമായ സഹായങ്ങളൊന്നും ലഭിക്കാതിരുന്ന അക്കാലത്ത് മാനേജർമാർ വിദ്യാലയങ്ങൾ നടത്തിയത് യാതൊരു ലാഭേച്ഛയും കൂടാതെയായിരുന്നു. അധ്യാപകരാവട്ടെ തികഞ്ഞ അർപ്പണബോധത്തോടെ സേവനം അനുഷ്ഠിച്ചവരായിരുന്നു. അയിത്തം നിലനിന്നിരുന്ന കാലത്ത് താണജാതിക്കാർക്ക് മാത്രം സർക്കാർ ഉടമസ്ഥതയിൽ ഒരു ലേബർ സ്കൂൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ഇന്നത്തെ പഞ്ചായത്ത് സ്റ്റേഡിയത്തിനടുത്തായിരുന്നു അത് പ്രവർത്തിച്ചിരുന്നത്. നമ്പ്രത്തുകര ഭാഗത്ത് പഞ്ചമ സ്കൂൾ എന്നൊരു സ്ഥാപനം ഒരു ഫാദർ സ്ഥാപിച്ചിരുന്നതായി പഴമക്കാർ ഓർക്കുന്നു.

ഇന്ന് പഞ്ചായത്തിൽ 10 വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ട്. (പട്ടിക 1 കാണുക)

7-ാം വാർഡിൽ 1964-ൽ ആശ്രമം ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതോടെ വിദ്യാഭ്യാസ രംഗത്ത് ഒരു മുന്നേറ്റം കൂടി നമ്മുടെ ഗ്രാമത്തിനുണ്ടായി. പ്രസ്തുത സ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തുസ്ഥിതി ചെയ്യുന്നതിനാൽ എല്ലാ ഭാഗത്തു നിന്നുമുള്ള കുട്ടികൾക്ക് എത്തിച്ചേരാനുള്ള സൗകര്യക്കുറവുണ്ട്. അതിനാൽ 1, 2, 3 വാർഡുകളിലെ കുട്ടികൾ തുറയൂർ ബി.ടി.എം. ഹൈസ്കൂൾ, മേപ്പയൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യേണ്ട സ്ഥിതിയാണുള്ളത്. ഔപചാരികവിദ്യാലയങ്ങൾ കൂടാതെ മൂന്ന് പാരലൽ കോളേജുകളും ഒരു സ്വകാര്യ സംഗീത നൃത്ത വിദ്യാലയവും നമ്മുടെ ഗ്രാമത്തിലുണ്ട്. സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി പോളിയുടെ ഒരു സബ്സെന്റർ ഈയിടെ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. നമ്പ്രത്തുകരയിലുള്ള കാലടി സംസ്കൃതസർവ്വകലാശാലയുടെ സബ്സെന്റർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബിരുദ-ബിരുദാനന്തര-ഗവേഷണ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരുന്നതായി കാണാം. ജനനനിരക്കി

ലുള്ള കുറവ്, അൺ എയ്ഡഡ് സ്കൂളുകളോടുള്ള ഭ്രമം പഞ്ചായത്തിലെ സ്കൂളുകളുടെ പരിമിതികൾ എന്നിവയെല്ലാം ഇതിന് കാരണങ്ങളാണ്. 54 കുട്ടികൾ മാത്രമുള്ള കീഴരിയൂർ മാപ്പിള എൽ.പി. സ്കൂളും 86 കുട്ടികളുള്ള നടുവത്തൂർ ഈസ്റ്റ് എൽ.പി. സ്കൂളും അനാദായകരമെന്നതിന്റെ പേരിൽ അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുന്നു. കുട്ടികൾക്ക് പ്രൈമറി സ്കൂളിലെത്താൻ അധികം നടക്കേണ്ടതില്ലെങ്കിലും ഒന്നാം വാർഡിലെ കുട്ടികൾ അടുത്തുള്ള വിദ്യാലയത്തിലെത്താൻ രണ്ടു കിലോമീറ്ററിലധികം നടക്കണം. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. മുൻ കാലങ്ങളിൽ വിദ്യാഭ്യാസത്തിൽ വേണ്ടത്ര താൽപര്യം കാണിക്കാതിരുന്ന മുസ്ലിം സമുദായത്തിൽ അടുത്തകാലത്ത് ഉണ്ടായ ആശാവഹമായ മാറ്റം അഭിനന്ദനമർഹിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളെല്ലാം സ്വകാര്യ മേഖലയിലുള്ളതാണ്. അവയുടെ ഭൗതികസാഹചര്യങ്ങളും അക്കാദമിക് നിലവാരവും തൃപ്തികരമല്ല.

പട്ടിക 2-3 കാണുക

ഇതേക്കുറിച്ച് ഗ്രാമസഭകൾ പരിശോധിച്ചിട്ടുണ്ട്. ആവശ്യമായ ബ്ലാക്ക് ബോർഡുകൾ പോലുമില്ലാത്ത സ്കൂളുകളുണ്ട്. കുടിവെള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ് എന്നിവ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഭൂരിഭാഗം സ്ഥാപനങ്ങളിലുമില്ല. നിലവിലുള്ള പലതും ഉപയോഗശൂന്യവും വൃത്തിഹീനവുമ ന്. അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നങ്ങളാണിവ. സൗകര്യപ്രദമായ കളിസ്ഥലം ഇല്ലാത്തതിനാൽ കുട്ടികൾ റോഡിൽ കളിക്കേണ്ട സ്ഥിതിയുണ്ട്. ഇത് അപകടങ്ങൾ ക്ഷണിച്ചുവരുത്തും. ബെഞ്ച്, ഡെസ്ക്, മേശ തുടങ്ങിയ ഫർണിച്ചറുകൾ ആവശ്യമുള്ളത് ലഭ്യമാക്കാൻ ഒരു സ്ഥാപനത്തിനും കഴിഞ്ഞിട്ടില്ല. ഹൈസ്കൂൾ ഒഴികെ കെട്ടിടങ്ങളുടെ കാര്യത്തിൽ മിക്ക സ്കൂളുകളുടെയും സ്ഥിതി ഇതുതന്നെയാണ്. ലക്ഷക്കണക്കിനുരൂപ കോഴ വാങ്ങി മാനേജർമാർ അധ്യാപകനിയമനം നടത്തുന്നുവെങ്കിലും സ്ഥാപനത്തിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ തികഞ്ഞ അലംഭാവം കാണിക്കുന്നതായി ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്.

അധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം അപൂർവ്വം സ്കൂളുകളിൽ മാത്രമേ ശരാശരി നിലവാരത്തിലെങ്കിലും നടക്കുന്നുള്ളൂ. എന്നാൽ മിക്ക സ്കൂളുകളും യഥാസമയം പി.ടി.എ. വിളിച്ചു ചേർത്ത് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാറില്ല. പി.ടി.എ. ഇല്ലാത്ത സ്കൂളുകളുമുണ്ട്. പഠന-പാഠ്യേതര പരിപാടികളിൽ സാമൂഹിക ഇടപെടൽ ഉറപ്പുവരുത്താനും ഇത് സജീവമാക്കേണ്ടതാണ്. സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് പി.ടി.എകൾക്ക് വലിയ സഹായം ചെയ്യാൻ കഴിയും. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസപദ്ധതിയുടെ ഫലമായി കുറെ കാര്യങ്ങൾ ഈ അടുത്തകാലത്ത് സ്കൂളുകളിൽ നടന്നിട്ടുണ്ട്.

പഠനപ്രവർത്തനത്തോടൊപ്പം പാഠാനുബന്ധപ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലുമുള്ള ശ്രദ്ധ ഒരു സ്കൂളിന്റെ പ്രവർത്തനനിലവാരം വിലയിരുത്തുന്നു ഘടകമാണ്. ഇക്കാര്യത്തിൽ എൽ.പി. സ്കൂളുകൾ വളരെ പിറകിലാണ്. ഹൈസ്കൂളിലും യു.പി.സ്കൂളുകൾക്കും അവരുടെ സാധ്യതകളെ കൂട്ടായ്മയിലൂടെ പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാറില്ല. സബ് ജില്ലാ - ജില്ലാ കായിക-കലാമത്സരങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പങ്കാളിത്തം നാമമാത്രമായി പോകുന്ന അവസ്ഥ ഉണ്ട്.

വാസുദേവാശ്രമം ഹൈസ്കൂൾ എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയശതമാനം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഒരേ സ്ഥിതി തുടരുന്നു.

ആശ്രമം H.S. - S.S.L.C വിജയശതമാനം

| 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 30% | 25% | 28% | 29% | 28% |

ഇക്കാര്യം ഗൗരവമായി പരിശോധിച്ച് അടിയന്തിര പരിഹാരനടപടികൾ ആരംഭിക്കേണ്ടതാണ്. ദരിദ്രരായ എസ്.എസ്.എൽ.സി വിജയികൾക്ക് ഉപരിപഠനത്തിനായി സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് ഉണ്ടാക്കി സഹായധനം നൽകണം. ഹൈസ്കൂളിലെ ശുദ്ധജലവിതരണം, ലൈബ്രറി പുസ്തകവിതരണം എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരമുള്ള രണ്ടു ഗ്രന്ഥാലയങ്ങൾ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നു. എന്നാൽ വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള വായനക്കാർ ഇതിനെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നില്ല. വായനാശീലം പൊതുവെ കുറഞ്ഞുവരുന്നതായി കാണാം. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുകയറ്റം വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്.

സാക്ഷരതാപ്രവർത്തനത്തിന്റെ ഒന്നാംഘട്ടം പഞ്ചായത്തിൽ നല്ല രീതിയിൽ നടന്നെങ്കിലും പിന്നീട് അത് ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. വാർഡുകളിൽ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിച്ച് സാക്ഷരതാ പ്രവർത്തനം തുടരേണ്ടതാണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.

2. അക്കാദമിക് നിലവാരം തകർന്നുകൊണ്ടിരിക്കുന്നു.

3. പ്രൈമറി തലത്തിൽ അക്ഷരബോധവും അക്കബോധവും ഉറക്കാത്ത കുട്ടികളുണ്ട്.

4. നിലവിലുള്ള ഹൈസ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യുന്നതിനാൽ 1,2,3 വാർഡുകളിലെ കുട്ടികൾക്ക് മറ്റു വിദ്യാലയങ്ങളിലേക്ക് പോകേണ്ടിവരുന്നു.

5. അക്കാദമിക് പ്രവർത്തനങ്ങളുടെ മേൽനോട്ടവും പരിശോധനയും നടത്തുന്നതിൽ വകുപ്പുദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നില്ല.

6. പി.ടി.എയുടെ പ്രവർത്തനം മിക്ക സ്കൂളുകളിലും നാമമാത്രമാണ്. പി.ടി.എ. വിളിച്ചുചേർക്കാത്ത സ്കൂളുകളുമുണ്ട്.

7. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

8. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പൊതുവിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ട്.

9. കുടിവെള്ള സൗകര്യം മുഴുവൻ കുട്ടികൾക്കും ഉപയോഗപ്പെടുത്തുന്ന തരത്തിൽ ഫലപ്രദമല്ല.

10. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ സാമൂഹ്യ ഇടപെടൽ വേണ്ടത്രയില്ല.

11. പാഠ്യേതരപ്രവർത്തനങ്ങൾ സജീവമായി സംഘടിപ്പിക്കാത്ത സ്കൂളുകളുണ്ട്.

12. യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത.

13. പഞ്ചായത്തിൽ എസ്.എസ്.എൽ.സി പാസ്സാകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

14. പ്രൊമോഷൻ സമ്പ്രദായത്തിലെ അശാസ്ത്രീയത.

## സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക. അക്ഷരബോധവും അക്കബോധവും ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടത്തണം. അധ്യാപക പുനപരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

2. മൂല്യനിർണയ രീതിയിൽ മാറ്റം വരുത്തണം.

3. എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെടുത്താൻ ആവശ്യമായത് ചെയ്യണം. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തുക.

4. ജനകീയ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

5. വിദ്യാഭ്യാസസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. ഒന്നാം വാർഡിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

7. പി.ടി.എകളുടെ ഘടന ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം. സബ്കമ്മിറ്റികൾ രൂപീകരിച്ച് കെട്ടിടത്തിന്റെ സുരക്ഷിതത്വം, ലൈബ്രറി- ലാബോറട്ടറി പ്രവർത്തനം, ഫർണിച്ചർ, പഠനനിലവാരം , പരീക്ഷ, മാനേജർമാരുടെ ഉത്തരവാദിത്തം, മേലുദ്യോഗസ്ഥന്മാരുടെ സമീപനം മുതലായ കാര്യങ്ങൾ കമ്മിറ്റികൾക്ക് അവലോകനം ചെയ്യാവുന്നതാണ്.

8. കുടിവെള്ള സംവിധാനം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തണം.

9. സ്കൂൾ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് കലാ-കായിക- സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

10. ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകണം.

11. എല്ലാ സ്കൂളുകളിലും സ്ഥിരം പാചകമുറി ഉണ്ടായിരിക്കണം.

12. അധ്യയനവർഷാരംഭത്തിൽ തന്നെ പി.ടി.എ. വിളിച്ചുചേർക്കണം. മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക. മാതൃസംഗമങ്ങൾ കാര്യക്ഷമമാക്കുക.

13. പാരലൽ കോളേജുകളുടെ ഭൗതികസാഹചര്യങ്ങളും അക്കാദമിക് നിലവാരവും മറ്റും വിലയിരുത്താൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം.

14. വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കണം.

15. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

പട്ടിക 1 (96- 97)

| നമ്പർ | വിദ്യാലയത്തിന്റെ പേര് | സർക്കാർ എയ്ഡ്സ് | ആൺ | ആൺ | ആകെ | SC/ST | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | സംസ്കൃതസർവ്വകലാശാല | ഗവ. | 118 | 167 - | 285 - | - | 32 |
| 2 | ആശ്രമം ഹൈസ്കൂൾ | എയ്ഡഡ് | 667 | 582 | 1259 | 159 | 47 |
| 3 | നമ്പ്രത്തുകര യു.പി. സ്കൂൾ | " | 371 | 290 | 661 | 48 | 22 |
| 4 | നടുവത്തൂർ യു.പി.സ്കൂൾ | " | 294 | 250 | 544 | 28 | 23 |
| 5 | കണ്ണോത്ത് യു.പി.സ്കൂൾ | " | 345 | 328 | 673 | 41 | 27 |
| 6 | കീഴരിയൂർ മാപ്പിള എൽ.പി. | " | 30 | 24 | 54 | 2 | 5 |
| 7 | നടുവത്തൂർ സൗത്ത് എൽ.പി. | " | 68 | 68 | 136 | 2 | 5 |
| 8 | നടുവത്തൂർ ഈസ്റ്റ് എൽ.പി. | " | 45 | 41 | 86 | 5 | 4 |
| 9 | കീഴരിയൂർ വെസ്റ്റ് മാപ്പിള എൽ.പി. | " | 93 | 105 | 198 | 4 | 8 |
| 10 | കമ്മ്യൂണിറ്റി പോളി | ഗവ. | - | 22 | - | 1 | |

പട്ടിക 3

സ്കൂളുകളുടെ അക്കാദമിക് നിലവാരം 95–96

| വിഭാഗം | ആകെ കുട്ടികൾ | 30% മാർക്ക് | താഴെ നേടിവയർ | 30-40% മാർക്ക് | 40-50% മാർക്ക് | 50-60% മാർക്ക് | 60%-ൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|---|---|
| എൽ.പി. 3,4, ക്ലാസ്സുകൾ | 617 | 112 | 118 | 129 | 131 | 127 | |
| യു.പി. | 1092 | 256 | 254 | 258 | 158 | 116 | |
| ഹൈസ്കൂൾ | 1253 | 534 | 420 | 165 | 85 | 49 | |
| സർക്കാരിൽ നിന്നും സാമ്പത്തികാനുകൂല്യം ലഭിക്കുന്ന കുട്ടികൾ | | | | 551 - | 6.3% | | |
| അധ്യാപകർ | | സ്ത്രീ | | പു. | | ആകെ | |
| | | 66 | | 84 | | 150 | |

പട്ടിക 2

## ഭൗതിക സാഹചര്യം

| നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ ഡിവിഷൻ | കെട്ടിടങ്ങൾ | | മുറികൾ | | ആവശ്യമുള്ള ക്ലാസ് മുറികൾ | നിലവിലുള്ള മൂത്രപ്പുരകൾ | കുട്ടികൾക്ക് ആവശ്യമായ മൂത്രപ്പുരകൾ | പാചക മുറി | സ്റ്റാഫ് റൂം | വൈദ്യുതി | ഫർണിച്ചർ ആവശ്യമുള്ളത് | | | | ഫർണിച്ചർ അത്യാവശ്യമുണ്ടോ | ക്ലോക്ക് | കുടിവെള്ള സൗകര്യം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | സ്ഥിരം | അർദ്ധ സ്ഥിരം | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | | | |
| 1 | സംസ്കൃതസർവ്വകലാശാല | | | വാടക | | | 35 | 3 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | 70 | 70 | 30 | 22 | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | ആശ്രമം ഹൈസ്കൂൾ | 28 | 3 | - | 33 | - | 33 | 3 | 2 | | ഉണ്ട് | ഉണ്ട് | - | - | - | - | ഉണ്ട് | - | - |
| 3 | നമ്പ്രത്തുകര യു.പി. | 18 | 7 | 5 | 5 | 4 | - | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | 30 | 30 | 5 | 5 | ഇല്ല | ഇല്ല | ഉണ്ട് |
| 4 | കണ്ണോത്ത് യു.പി. | 19 | 3 | 6 | 1 | - | 18 | 1 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | 20 | 20 | 10 | 20 | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | നടുവത്തൂർ യു.പി. | 17 | 8 | - | 18 | - | 3 | 2 | 2 | ഇല്ല | ഇല്ല | ഉണ്ട് | 20 | 20 | 5 | 5 | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | കീഴരിയൂർ മാപ്പിള എൽ.പി. | 4 | 2 | - | 2 | 1 | - | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | 15 | 15 | 2 | 2 | ഇല്ല | ഇല്ല | ഉണ്ട് |
| 7 | നടുവത്തൂർ സൗത്ത് എൽ.പി. | 5 | 1 | - | 2 | - | - | 1 | - | ഇല്ല | ഇല്ല | ഇല്ല | 4 | 20 | 4 | 4 | ഇല്ല | ഇല്ല | ഉണ്ട് |
| 8 | നടുവത്തൂർ ഈസ്റ്റ് എൽ.പി. | 4 | 1 | - | - | - | - | 1 | 1 | ഇല്ല | ഇല്ല | ഇല്ല | 6 | 6 | 4 | 4 | ഇല്ല | ഇല്ല | ഇല്ല |
| 9 | കീഴരിയൂർ വെസ്റ്റ് എം.എൽ.പി. | 4 | 2 | - | 2 | 1 | - | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | 15 | 15 | 2 | 2 | ഇല്ല | ഇല്ല | ഉണ്ട് |



113

114

# ആരോഗ്യവും കുടിവെള്ളവും

കുന്നുകളും മലകളും നിറഞ്ഞ നമ്മുടെ പഞ്ചായത്തിന്റെ താഴ്വരയിലൂടെ ഒഴുകിവരുന്ന അരുവികൾ മുമ്പുകാലത്ത് ഗ്രാമത്തെ സമ്പന്നമാക്കിയെങ്കിലും ഉയർന്ന പ്രദേശത്തെ കാടുകൾ പൂർണ്ണമായും അപ്രത്യക്ഷമായപ്പോൾ മണ്ണൊലിപ്പ് കൂടുതലാവുകയും മണ്ണിന്റെ ജലസംഭരണശേഷി കുറയുകയും ചെയ്തു. ഇതോടെ ഒരിക്കലും വറ്റാതിരുന്ന കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. ഇപ്പോഴും ഗ്രാമത്തിന്റെ കുടിനീർ സ്രോതസ്സ് കിണറുകൾ മാത്രമാണ്. പഞ്ചായത്തിലൂടെ ഒഴുകുന്ന പുഴയിലെ ഉപ്പുവെള്ളം പ്രദേശങ്ങളിലുള്ള കിണറുകളിലെല്ലാം എത്തിച്ചേരുന്നു. ഇപ്പോഴുള്ള 5 കുഴൽ കിണറുകളാകട്ടെ കുളിവെള്ളത്തിനായി ആശ്രയിക്കാൻ കഴിയില്ല. ഇത് കൂടാതെ ഏകദേശം 15 പൊതുകിണറുകളും കഴിഞ്ഞാൽ പൊതുജല വിതരണ സംവിധാനങ്ങൾ മറ്റൊന്നും പഞ്ചായത്തിലില്ല. വർഷങ്ങൾക്കുമുമ്പ് ജല അതോറിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മണ്ണിനടിയിൽ സ്ഥാപിച്ച പൈപ്പുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കുകയാണ്. എല്ലാ വേനലിലും കുടിവെള്ളപ്രശ്നമുണ്ടാകുമ്പോൾ വാഹനങ്ങളിലെത്തിക്കുന്ന ജലമാണ് ജനങ്ങൾക്കാശ്രയം. ചെറുപുഴ നായാടൻപുഴ തുടങ്ങിയ ജലസംഭരിണികളും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുള്ള കുളങ്ങളും ജലക്ഷാമം പരിഹരിക്കാൻ പര്യപ്തമാവും. ഈ ജലം ശുദ്ധീകരിച്ച് പമ്പ് സെറ്റ് ഉപയോഗിച്ച് ഉയർന്ന പ്രദേശങ്ങളിലെ ടാങ്കുകൾ സ്ഥാപിച്ച് സംഭരിച്ച് കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിലെ ഏകദേശം പകുതിയോളം കുടുംബങ്ങൾക്കേ ശരിയായ കക്കൂസ് സൗകര്യങ്ങൾ ഉള്ളു. സാമ്പത്തിക പ്രയാസം ബോധവൽക്കരണത്തിന്റെ അഭാവം. എന്നിവയാണ് കക്കൂസുകൾ സ്ഥാപിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ. നല്ല കക്കൂസുകളുടെ അഭാവം ഖരമാലിന്യങ്ങളുടെ ചീഞ്ഞഴുകൽ മലിനജലം തുടങ്ങിയവ ഈച്ച കൊതുക് എന്നിവ പെരുകുന്നതിനും പകർച്ച വ്യാധികളുടെ വ്യാപനത്തിനും ഇടയാക്കും. വെളിമ്പ്രദേശങ്ങളിലെ മലമൂത്ര വിസർജനം നിരുത്സാഹപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ കലാ സാംസ്കാരിക സംഘടനകളുടെ സഹകരത്തോടെ ശക്തമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

1993ൽ തിരുവനന്തപുരം റീജ്യനൽ കേൻസർ സെന്ററിന്റെ സഹായത്തോടെ കീഴരിയൂർ പഞ്ചായത്തിൽ പൂർണ്ണമായും കാൻസർ നിർണ്ണയ സർവ്വേയും തുടർന്ന് ചികിത്സാ ക്യാമ്പുകളും നടത്തി. 250ലധികം വരുന്ന സന്നദ്ധ പ്രവർത്തകർ ഒരു വർഷക്കാലം ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടു.

പഞ്ചായത്താപ്പീസിന്നടുത്തുള്ള മിനി PHC യും രണ്ടാം വാർഡിലും നടുവത്തൂരിലുമുള്ള സബ് സെന്ററുകളും 5ാം വാർഡിലെ ആയുർവ്വേദ ഡിസ്പെൻസറിയും നമ്പ്രത്തുകരയിലെ ഹോമിയോ ഡിസ്പെൻസറിയും അടങ്ങുന്നതാണ് പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനം. ഇതുകൂടാതെ രണ്ടാം വാർഡിലും നാലാം വാർഡിലും ഓരോ സ്വകാര്യ ഹോമിയോ ഡിസ്പെൻസറിയും നാല് ആയുർവ്വേദ മരുന്നുഷാപ്പുകളും 1 അലോപ്പതി ഷാപ്പും പ്രവർത്തിക്കുന്നുണ്ട്.

ആറാം വാർഡിൽ ചില ഭാഗങ്ങളിൽ കുഷ്ഠരോഗം താരതമ്യേന കൂടുതലായി കാണപ്പെടുന്നു. വർഷകാലത്ത് വയറിളക്ക രോഗങ്ങൾ അങ്ങിങ്ങായി ഉണ്ടാവുന്നു. ചിക്കമ്പോക്സ് രോഗം മിക്കവാറും എല്ലാ സീസണുകളിലും

കാണപ്പെടുന്നു. പ്രതിരോധ കുത്തിവെയ്പ്പുകളും മുൻക രുതൽ നടപടികളും ഉള്ളതുകൊണ്ട് ചിലയിനം സാംസ്ക മിക രോഗങ്ങൾ പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. ബാല ടി.ബി. പോലുള്ള രോഗങ്ങൾ പൊതുവെ കണ്ടുവരുന്നു. അവധി ദിവസങ്ങളിലും എല്ലാ ദിവസം ഉച്ചക്ക് ശേഷവും പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. യാത്രാപ്രശ്നം രൂക്ഷമായിട്ടുള്ള പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നും രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള താലൂക്ക് ആശുപത്രിയി ലേക്ക് 14 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതുണ്ട്.

കുടുംബക്ഷേമ പദ്ധതിയുടെ കീഴിൽ വരുന്ന 1891 ദമ്പ തിമാരിൽ 1601 പേരും സ്ഥിരമായ സന്താന നിയന്ത്രണ മാർഗങ്ങൾ സ്വീകരിച്ചവരാണ്. 2 കൂടുതൽ കുട്ടികളുള്ളവർ 845 കുടുബങ്ങളുണ്ട്. കുട്ടികളുടെ എണ്ണം സംസ്ഥാന ശരാ ശരിയ്ക്കൊപ്പമേയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ശിശുമ രണ നിരക്ക് വളരെ കുറവാണ്. വൃദ്ധ ജനങ്ങളുടെ എണ്ണം കുറവല്ല മരണ നിരക്ക് സംസ്ഥാന ശരാശരിക്കൊപ്പംതന്നെ നിൽക്കുന്നു. 5 വയസ്സിൽ താഴെ യുള്ള കുട്ടികൾ ജനസം ഖ്യയുടെ 9% ത്തോളം വരും കുട്ടികളിൽ പോഷകാഹാര ക്കുറവ് താരതമ്യേന ഇല്ല.

ഉയർന്ന പ്രദേശങ്ങൾ എല്ലായിടത്തുമുള്ളതിനാൽ എല്ലാ വാർഡിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. മൂന്നാം വാർഡിലേയും ആറാം വാർഡിലേയും പുഴയോര പ്രദേശങ്ങളിൽ ഉപ്പുവെള്ളംമൂലം കുടിവെള്ള പ്രശ്നമുണ്ട്. ഒന്നാം വാർഡിൽ കന്നുംപുറം ഭാഗം ഏക്കോട്ട് ചാലിൽ ഭാഗം എന്നിവിടങ്ങളിൽ 8 മാസത്തോളം കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. ചാലിൽ ലക്ഷംവീട്, മുറിച്ചാ ണ്ടിഭാഗം, ആറന്നകണ്ടി ഭാഗം എന്നിവിടങ്ങളിലും രൂക്ഷ മായ ജലക്ഷാമം ഉണ്ട്. രണ്ടാം വാർഡിൽ കരിയറ്റി മീത്തൽ, ചാലിൽ മീത്തൽ, കോണിൽ മീത്തൽ, ഈയാ ലോൽ മീത്തൽ 4 സെന്റ് കോളനി, അരയനാട്ട് പാറയ്ക്ക് സമീപമുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലും ജല ദൗർല ഭ്യമുണ്ട്. മൂന്നാം വാർഡിൽ കോരപ്ര, കീരൻ കുന്ന്, മാക്ക ണംഞ്ചേരി മീത്തൽ, മാപ്രക്കുന്ന്, തറോൽ മൂക്ക്, എന്നി വിടങ്ങളിലും ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു.

നാലാം വാർഡിൽ മണ്ണാടി, കുനിപ്ര മല, കുട്ടൻചേരി ചാലിൽ, ഭാഗം എന്നിവിടങ്ങളിലും, അഞ്ചാം വാർഡിൽ അവണി പ്രദേശം, പഴയന മീത്തൽ, പാറയ്ക്കൽ മീത്തൽ, മാപ്രക്കുന്ന്, 6,7 വാർഡുകളിലെ ഓറോക്കുന്ന് നടേരിപ്പുഴ യുടെ തീരപ്രദേശം പാറയ്ക്ക് മീത്തൽ, രാജീവ് ദശലക്ഷം കോളനി, വെളിയന്നൂർ തെരു, ചല്ലിയുടെ ഭാഗം, കുണ്ണോത്ത് മുക്ക് എന്നിവിടങ്ങളിലും രൂക്ഷമായ ശുദ്ധ ജല ക്ഷാമം ഉണ്ട്.

പഞ്ചായത്തിലെ 2434 വീടുകളിൽ 1650 വീടുകളിൽ മാത്രമേ സ്വന്തമായി കിണറുകൾ ഉള്ള. ഇതിൽ 490 എണ്ണം മാത്രമേ സാനിറ്ററി കിണറുകൾ ഉള്ളൂ. കുനിപ്ര മലയിൽ രണ്ട് വർഷം മുമ്പ് ആവിഷ്ക്കരിച്ച 10 ലക്ഷം രൂപയുടെ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. ജല അതോറി റ്റിയുടെ പെരുമണ്ണാമുഴി ഡാമിൽനിന്നും ജലമെത്തിച്ച് വിത രണം ചെയ്യാനുള്ള പദ്ധതി ത്വരിതപ്പെടുത്തണം.

ഇതോടൊപ്പം താഴെ പറയുന്ന പദ്ധതികളും പഞ്ചായ ത്തിൽത്തന്നെ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

കുട്ടഞ്ചേരിച്ചാലിൽ മീത്തൽ ഒരു പൊതു കിണർ നിർമ്മിക്കുക. അഞ്ചാം വാർഡിലെ വലിയട്ടു മീത്തൽ കൊറുമ്പി, പറയറുകണ്ടി മീത്തൽ രാജൻ എന്നിവരുടെ കിറണുകൾ ആഴം കൂട്ടി വൃത്തിയാക്കുക. മണ്ണാറയ്ക്കൽ കിണറ് ഇറിഗേഷൻ വകുപ്പിൽ നിന്നും ഏറ്റെടുത്ത് പഞ്ചാ യത്തുചെലവിൽ വൃത്തിയാക്കുക.

ചെറുപുഴയിൽ നിന്നും ജലം പമ്പ് സെറ്റ് ഉപയോഗിച്ച് മീറോട് മലയിലുള്ള ടാങ്കിൽ എത്തിക്കുക. ഇതിനാവശ്യ മായ മനുഷ്യാധ്വാനവും വിഭവങ്ങളും ജനങ്ങൾ സ്വരൂ പിക്കും. കൂടാതെ വീടുകളിലേക്കുള്ള പൈപ്പുകളും മറ്റും അവരവരുടെ ചെലവിൽ നൽകും. പുള്ളിയോത്ത് ഭാഗ ത്തുള്ള കുളം ശുദ്ധജലത്തിന് ഉപയോഗപ്പെടുത്താം. കേളോത്ത് താഴെ കിണർ നിർമ്മിച്ച് ജലം പമ്പ് സെറ്റ് ഉപ യോഗിച്ച് കേളോത്ത് മീത്തൽ ടാങ്കിൽ എത്തിച്ചാൽ വീടു കളിലേക്കുള്ള പൈപ്പുകൾ വീട്ടുകാർ സ്വന്തം ചെലവിൽ നിർമമിക്കും.

അരിയിൽ ഭാഗത്തുള്ള ഉറവകൾ ഉപയോഗപ്പെടുത്തി ഇയ്യാലോൽ മീത്തൽ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലവിത രണം നടത്തുന്ന പദ്ധതിക്ക് രൂപം നൽകിയാൽ തദ്ദേശ വാസികൾ സ്വന്തം ചെലവിൽ പൈപ്പുവഴി വീടുകളിലേക്ക് എത്തിക്കും. ഇതിനാവശ്യമായ മനുഷ്യാധ്വാനവും ഉപയോ ഗപ്പെടുത്താവുന്നതാണ്.

മുതുവന താഴെയുള്ള കുളത്തിലെ ജലം ശുദ്ധീകരിച്ച് പമ്പുസെറ്റ് ഉപയോഗിച്ച് മുതുവന കുന്നിലെത്തിച്ചാൽ ഗുണഭോഗ്കാക്കൾ അവരുടെ ചിലവിൽ പൈപ്പുകൾസ്ഥാ പിക്കും. ഊത്തൂളി താഴെനിന്നും ജലം കീരൻ കുറെ കുടും ബങ്ങൾക്ക് കുന്നിൽ ടാങ്ക് നിർമ്മിച്ച് സംഭരിച്ചാൽ സമീത സ്തർക്ക് വിതരണം ചെയ്യാൻ കഴിയും. മണ്ണാടി ഭാഗ ത്തുള്ള ശുദ്ധജല ക്ഷാമം പരിഹരിക്കാൻ കിണർ കുഴി ക്കാനും ടാങ്ക് നിർമ്മിക്കാനുമുള്ള സ്ഥലം അവിടത്തുകാർ നൽകുന്നതാണ്. അഞ്ചാം വാർഡിലും രണ്ടാം വാർഡിന്റെ ചില ഭാഗങ്ങളിലും ജലം എത്തിക്കാൻ അരിക്കാൻചാലിൽ ഭാഗത്തുനിന്നും ജലം പമ്പ് സെറ്റ് ഉപയോഗിച്ച് മാവട്ട് മല യിലെ ടാങ്കിലെത്തിച്ച് വിതരണം നടത്താം. കുറുണി മല യിൽ ടാങ്ക് നിർമ്മിച്ച് മടത്തിൽ താഴെനിന്നും ശുദ്ധജലം പമ്പ് ഉപയോഗിച്ച് എത്തിക്കുന്ന പദ്ധതിയും പ്രായോഗിക മാണ്. ഈ പദ്ധതികളുടെ പ്രവർത്തനങ്ങളിൽ തദ്ദേശവാ സികൾ അധ്വാനവും മറ്റ് വിഭവങ്ങളും വാഗ്ദാനം

ചെയ്യുന്നു. പഞ്ഞാട്ടുകുളം കെട്ടിയെടുത്ത് സംരക്ഷിച്ചാൽ നല്ലൊരു ശുദ്ധജല സംഭരണിയാക്കി മാറ്റാവുന്നതാണ്.

വിതരണം ചെയ്യാൻ 6,7,8 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കണം.

നായാടൻ പുകയിൽ ഇരിഗേഷൻ വകുപ്പ് സ്വാപിച്ച പമ്പ്സെറ്റും കിണറു പഞ്ചായത്ത് ഏറ്റെടുത്ത് ഓരോകുന്നില് ടാങ്ക് നിർമ്മിച്ച് വെള്ള

വീടുകളിലേക്കുള്ള പൈപ്പുകൾ അവരവർ സ്വന്തം ചെലവിൽ സ്ഥാപിക്കും. ഈ പദ്ധതികൾക്കൊപ്പം ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ ആവശ്യമായ പദ്ധതികളും നടപ്പിലാക്കണം.

കീഴരിയൂരിലെ PHCയുടെ ദൈന്യാവസ്ഥ പരിഹരിക്കാൻ സത്വരനടപടികൾ ആവശ്യമാണ്. രോഗികൾക്കും (ദിവസേന ശരാശരി 250 ഗ്രാം) സ്റ്റാഫിനും നിന്നുതിരിയാൻ ഇടമില്ലാത്ത വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ ഇത് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ചെലവിൽ PHC ക്ക് വേണ്ടി വിലയ്ക്കെടുത്ത സ്ഥലത്ത് ആശുപത്രി കെട്ടിടം പണിയണം. PHCക്ക് സമീപം ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന സബ്സെന്റർ കെട്ടിടം അറ്റകുറ്റ പണികൾ നടത്തി നവീകരിച്ചാൽ PHCയുടെ പ്രവർത്തനം തൽക്കാലം അവിടേക്ക് മാറ്റാവുന്നതാണ്. ഈ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ പുനസ്ഥാപിച്ചാൽ നിലവിലുള്ള ILR, ഡീപ്പ് ഫ്രീസർ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനും കഴിയും. പുതുതായി പണിയുന്ന PHC കെട്ടിടത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം അതിനനുസരിച്ച് സ്റ്റാഫ് പാറ്റേണിലും മാറ്റങ്ങൾ അനുവാര്യമാണ്.

പകർച്ചവ്യാധിയുടെ നിയന്ത്രണം ഫലപ്രദമാക്കാൻ പഞ്ചായത്ത് ഏറിയയിൽ മാത്രമായി ഹെൽത്ത് ഇൻസ്പെക്ടർ, ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തണം. സന്നദ്ധ സംഘടനകളുടെ പ്രത്യേകം സംഘങ്ങൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാവരിലും എത്തിക്കുക. ശുദ്ധ ജലം ലഭ്യമാക്കുന്ന കിണറുകൾ, നല്ലയിനം കക്കൂസുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാനായി പദ്ധതിക്ക് രൂപം കൊടുക്കണം. കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും ഒന്നിൽ കൂടുതൽ കക്കൂസുകൾ ഒരൊറ്റ നിരയിൽ സ്ഥാപിച്ച് പൊതു സെപ്റ്റിക്ക് ടാങ്ക് ഉപയോഗപ്പെടുത്തുക. എങ്കിൽ കിണറുകൾ മലിനീകരിക്കപ്പെടുന്നത് തടയാം. ഈ കക്കൂസുകൾ ഓരോന്നു ഓരോ കുടുംബത്തിന് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്. മരുന്നു തളിക്കൽ നടത്തിയും കക്കൂസുകളുടെ പൈപ്പുകൾ കൊതുകുകളുടെ ആദ്യവന്റ് പൈപ്പുകൾ മൂടാൻ വലകൾ നൽകിയും കൊതുകുകളുടെ ശല്യം ഇല്ലാതാക്കാൻ കഴിയും.

പഞ്ചായത്ത് കേന്ദ്രത്തിലും, നടുവത്തൂരിലും, നമ്പ്രത്തുകരയിലും, പൊതു മൂത്രപ്പുരയും കക്കൂസും സ്ഥാപിക്കണം. ചപ്പ് ചവറുകളും മറ്റും നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കുകയും ശരിയായി സംസ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഹോട്ടലുകൾ, ബേക്കറികൾ എന്നിവയ്ക്ക് ആരോഗ്യവകുപ്പിന്റെ നിബന്ധനകൾ അനുസരിച്ച് മാത്രം ലൈസൻസ് നൽകുക. പൊതു സ്ഥലങ്ങൾ മലിനീകരിക്കുന്നതു തടയാൻ നിയമനടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. ജനങ്ങളിൽ ശരിയായ ആരോഗ്യാ അവബോധം ഉണ്ടാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രിതമായി നടപ്പിലാക്കണം.

◆

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് കീഴരിയൂർ. പരമ്പരാഗത ചെറുകിട വ്യവസായങ്ങളാണ് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിലെ 8 ശതമാനം പേർ ഈ മേഖലകളിൽ ജോലിചെയ്തുവരുന്നു. എന്നാൽ ഈ മേഖലകൾ ഇന്ന് അതി രൂക്ഷമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആധുനിക വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. വൻകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതകുറവായതുകൊണ്ടുതന്നെ നിലവിലുള്ള പരമ്പരാഗത - ചെറുകിട വ്യവസായ മേഖലയെ കാര്യക്ഷമമാക്കുകയാണ് ഏക പോംവഴി. ഇതിന് ഇന്ന് പഞ്ചായത്തുകൾക്ക് വ്യവസായം സംബന്ധിച്ച് ലഭിച്ച അധികാരംകൊണ്ടുമാത്രം കഴിയുകയില്ല. പരമ്പരാഗത ചെറുകിട വ്യവസായരംഗത്ത് കാര്യമായി ഇടപെടാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാലേ ഈ രംഗത്ത് ഇന്നുള്ള പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനമായും കയർ, കൈത്തറി, പായ നെയ്ത്, കുമ്മായ നിർമ്മാണം എന്നീ തുറകളിലാണ് ഭൂരിപക്ഷംപേരും തൊഴിൽ കണ്ടെത്തിയിട്ടുള്ളത്.

## കയർ

ഈ മേഖലയിൽ രണ്ട് സഹകരണ സംഘങ്ങളും ബ്ലോക്കിന്റെ ഗ്രാമീണ വനിതാ ശിശുവികസന പദ്ധതിയിൻകീഴിൽ രണ്ട് യൂണിറ്റുകളും ഏകദേശം 150 കുടുംബങ്ങൾ സ്വന്തമായും തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. മൊത്തം 965 കുടുംബങ്ങൾ ഈ മേഖലയിൽ ജോലി ചെയ്തുവരുന്നു. ഈ രംഗത്ത് ആധുനിക വൽക്കരണം വന്നിട്ടില്ല. ആധുനിക ഉൽപ്പന്നങ്ങളുമായി മത്സരിക്കുന്നതിന് ഈ ഉല്പന്നങ്ങൾക്ക് കഴിയാറില്ല. ഉൽപാദന ചിലവും ഉൽപ്പന്നത്തിന്റെ മാർക്കറ്റ് വിലയുമായുള്ള അനുപാതം ശാസ്ത്രീയമായി നിലനിർത്താൻ കഴിയാത്തതുകൊണ്ടുതന്നെ തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയേ ലഭിക്കുന്നുള്ളൂ. അസംസ്കൃത വസ്തുവായ തൊണ്ടിന് ദൗർലഭ്യം നേരിടുന്നില്ലെങ്കിലും അത് അടിക്കാനുള്ള സൗകര്യം പരിമിതമായതും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. ഈ പ്രതിസന്ധികൾ കലർ മേഖലയെ തകർത്തുകൊണ്ടിരിക്കുന്നു.

നിലവിലുള്ള കയറുൽപ്പാദക സംഘങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രാപ്തമായ മാനേജ്മെന്റ് അവശ്യം വേണ്ട പ്രവർത്തന മൂലധനം ലഭിക്കാനുള്ള സൗകര്യം എന്നിവ ഉണ്ടാവുന്നതോടൊപ്പം പഞ്ചായത്ത് ഭരണ സമിതിയും ജനകീയ കമ്മിറ്റികളും ഒത്തുചേർന്നുകൊണ്ട് ഇവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് കഴിയണം. സഹകരണ മേഖലയിലും അല്ലാതെയും തൊഴിൽ ചെയ്യുന്നവരെ ഏകോപിപ്പിച്ചുകൊണ്ട് ഇവരുടെ ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൈവരുത്തേണ്ടത് അത്യാവശ്യമാണ്. തൊണ്ട് അഴുക്കുന്നതിന് പുഴക്കരയിലുള്ള പുറംപോക്ക് ഭൂമികൾ ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിച്ചുകൊടുക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാവേണ്ടതാണ്. ഇതിനു സാധ്യമല്ലെങ്കിൽ അഴുകിയ തൊണ്ടിന് പകരം പച്ചതൊണ്ടിൽനിന്നുതന്നെ ഫൈബർ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുള്ളത് പ്രായോഗിക മാക്കുകന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇങ്ങനെ ചെയ്താൽ ചതുപ്പുപ്രദേശങ്ങൾ ഇല്ലാതെ തന്നെ ഫൈബർ ഉണ്ടാക്കാൻ കഴിയും.

മേഖലയിലെ വൈവിധ്യമാർന്ന ഉല്പ്പന്നങ്ങൾക്ക് വൻ കയറ്റുമതി സാധ്യതയുള്ളതുകൊണ്ട് വിദഗ്ധ പരിശീലനം

നൽകി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുള്ള സംവിധാനം ഉണ്ടാക്കണം. ഇതോടൊപ്പംതന്നെ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം പരിഹരിക്കാനും കഴിയണം. സാങ്കേതിക വിദ്യയിൽ ഉചിതമായ നവീകരണം വരുത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചാലേ ഈ രംഗത്ത് തൊഴിലാളികൾക്ക് കൂലിയും തൊഴിലവസരങ്ങളും ഉണ്ടാക്കാൻ കഴിയൂ.

ഈ മേഖലക്ക് യോജിച്ച ഭൗതിക സാഹചര്യങ്ങൾ നിലനിൽക്കുന്നതുകൊണ്ടുതന്നെ വ്യാവസായികമായി വളരുന്നതിനു ഈ മേഖലയ്ക്ക് കഴിയും. പഞ്ചായത്തിൽ ലഭ്യമായ ചകിരിയുടെ 5% മാത്രമാണ് ഇപ്പോൾ ഈ മേഖലയിൽ പ്രയോജനപ്പെടുന്നത്. പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് ഇത് വർദ്ധിപ്പിക്കാൻ സാധിക്കും.

അസംസ്കൃത വസ്തവായ ചികിരിയുടെ അവശിഷ്ടം സംസ്കരിച്ച് ജൈവവളമാക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളത് നമുക്ക് പ്രായോഗികമാക്കാവുന്നതാണ്.

ബ്ലോക്ക് മുഖേനയും വ്യവസായ വകുപ്പ് മുഖേനയും നടപ്പാക്കിവരുന്ന പദ്ധതികളെ ഈ മേഖലയുടെ പുരോഗതിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

### കൈത്തറി

ഏകദേശം 300 പേർ ഈ മേഖലയിൽ ജോലിചെയ്യുന്നു. ഇവരിൽ 207 പേർ കീഴരിയൂർ, പന്തലായിനി, സഹകരണ സംഘങ്ങളിൽ അംഗങ്ങളാണ്. പൊതുവെ ക്ഷയിച്ചുവരുന്ന ഒരു മേഖലയാണ് ഇത്. കമ്പോളങ്ങളിൽ മറ്റ് തുണിത്തരങ്ങളുമായി മത്സരിച്ച് പിടിച്ചുനിൽക്കാൻ ഈ മേഖലയ്ക്ക് കഴിയുന്നില്ല. ഇതിന്ന് പ്രധാനകാരണം പുതിയ ഡിസൈന്റേയും മറ്റും അഭാവമാണ്. ഈ രംഗത്ത് വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും ഒരു കാരണമാണ്. ആഭ്യന്തരവും വൈദേശികവുമായ വിപണികളിൽ ഇടപെടാൻ കഴിയുന്ന രൂപത്തിൽ ഈ മേഖല വളരുന്നില്ല. അസംസ്കൃത വസ്തുക്കളായ നൂൽ കളർ എന്നിവയ്ക്ക് ക്രമാതീതമായ വിലക്കയറ്റം ഉണ്ടാകുന്നതുകൊണ്ട് ഉൽപ്പാദനച്ചെലവ് കൂടിവരുന്നു. ഇപ്പോൾ പിടിച്ചുനിൽക്കുന്നത് സർക്കാർ വല്ലപ്പോഴും നൽകിവരുന്ന റിബേറ്റിന്റെ ബലത്തിൽ മാത്രമാണ്. ഈ റിബേറ്റ് പോലും യഥാസമയം ലഭിക്കാറില്ല. പരിസരമലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും ഭീഷണിയായി നിലനിൽക്കുന്നു. കൈത്തറി തുണികളോടുള്ള ജനങ്ങളുടെ താല്പര്യക്കുറവും മാർക്കറ്റിങ്ങിന് തടസ്സമാവുന്നു. ഉൽപ്പാദനത്തിന് പരമ്പരാഗത സമ്പ്രദായം മാത്രമാണ് ഈ മേഖലയിൽ നിലനിൽക്കുന്നത്.

ഡിസൈനിങ്ങിലും ഡൈയിംഗിലും വൈദഗ്ധ്യം ലഭിക്കാനുള്ള സാഹചര്യം ഉണ്ടാവണം. മലിനീകരണം തടയുന്നതിന് പഞ്ചായത്തു തലത്തിൽ കേന്ദ്രീകൃത ഡയിംഗ് യൂണിറ്റ് സ്ഥാപിക്കുകയും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തണം. തകർന്നുകൊണ്ടിരിക്കുന്ന കൈത്തറി സഹകരണ സംഘങ്ങളെ യഥാസമയം ശ്രദ്ധിച്ച് നിലനിർത്താനുള്ള സംവിധാനം വേണം. കൈത്തറി തൊഴിലാളികൾക്ക് പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തണം. വിദഗ്ധ തൊഴിലാളികളെ പരിശീനിപ്പിക്കുന്നതിന് ബ്ലോക്കിന്റെ ട്രൈസം പോലുള്ള പദ്ധതികളെ

**ചെറുകിട വ്യവസായ യൂനിറ്റുകൾ**

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സ്റ്റോൺ ക്രഷർ | 2 |
| 2 | കരിങ്കൽ മെറ്റൽ | 1 |
| 3 | ഭക്ഷ്യസംസ്കരണം | 1 |
| 4 | ബുക്ക് ബൈന്റിങ്ങ് | 1 |
| 5 | ക്ഷീരോല്പന്നം | 4 |
| 6 | ബേക്കറി | 3 |
| 7 | മെറ്റൽ ഇൻഡസ്ട്രി | 3 |
| 8 | ഫ്ളോർമിൽ | 2 |
| 9 | എണ്ണയാട്ട് | 1 |
| 10 | മെഴുകുതിരി | 1 |
| 11 | മത്സ്യ സംസ്കരണം | 1 |

*മേൽപ്പറഞ്ഞവയിൽ 1, 2, 6, 7, 8, 10 എന്നീ യൂണിറ്റുകൾ താരതമ്യേന നല്ല നിലയിൽ പ്രവർത്തിക്കുന്നു.*

പ്രയോജനപ്പെടുത്തണം. IRDP- വ്യവസായ വകുപ്പ് മുഖേനയുള്ള സഹായം ഉപയോഗപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കാൻ കഴിയുന്നതാണ്. ഈ രംഗത്തേക്ക് കൂടിതൽ വനിതകളെ പരിശീലിപ്പിച്ച് DWCRA പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ചെറുകിട കൂട്ടു സംരംഭങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതോടൊപ്പംതന്നെ ജനങ്ങളുടെ മനോഭാവത്തിന് മാറ്റം വരുത്തുന്നതിനുള്ള ബോധവൽക്കരണവും ആവശ്യമാണ്. വിപുലമായ വിപണികൾ കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ പരിപാടികൾ തയ്യാറാക്കണം. സർക്കാരിന്റെ മേൽനോട്ടത്തിൽ എല്ലാകാലത്തും റിബേറ്റ് നൽകിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട വിതരണ കേന്ദ്രങ്ങൾവഴി തുണി വിൽക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

### പായനെയ്ത്

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപെട്ട ഒരു വിഭാഗംമാത്രമാണ് പായ നെയ്ത്ത് മേഖലയിൽ തൊഴിലെടുക്കുന്നത്. ഇതിനാവശ്യമായ കൈതോല പ്രാദേശികമായിത്തന്നെ കണ്ടെത്തുകയാണ് പതിവ് പുറംപോക്ക് ഭൂമികളിലും സ്വകാര്യ ഭൂമികളിൽനിന്നുമാണ് കൈതോല ലഭിക്കുന്നത് ഉടമകളുടെ ഉടക്കുകളും പുറംമ്പോക്ക് ഭൂമി ചുരുങ്ങിവരുന്നതും കൈതോല ക്ഷാമത്തിന് കാരണമാകുന്നു. ക്രമേണ ഈ തൊഴിൽ നിന്നുപോകുവാൻ സാധ്യതയുണ്ട്.

ബ്ലോക്ക്, പട്ടികജാതി വികസന വകുപ്പ്, വ്യവസായ വകുപ്പ് എന്നീ ഏജൻസികൾ ബാങ്കുകളുടെ സഹകരണത്തോടെ നൽകുന്ന വായ്പയും സഹായധനവും ഉപയോഗിച്ച് കൈതോല നട്ടുവിടിപ്പിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിലുണ്ടാവണം ഇറിഗേഷൻ കനാലിന്റെ ഇരുകരകൾ, പുറംമ്പോക്ക് ഭൂമി, മിച്ച ഭൂമി, എന്നിവ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ് ഈ മേഖലയിൽ ഒരു ഹരിജൻ സൊസൈറ്റി നമ്പ്രത്തുകരയിൽ ഭാഗികമായി പ്രവർത്തിച്ചുവരുന്നുണ്ട്.

### കുമ്മായ നിർമ്മാണം

വളരെ കുറച്ചുപേർമാത്രമാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. വിപണന സാദ്ധ്യതയുണ്ട്. IRDP തുടങ്ങിയ പദ്ധതികളിലൂടെ സഹായം ലഭിക്കുന്നുണ്ട്. കുമ്മായം നിർമ്മാണത്തിനാവശ്യമായ ഇത്തിൾ പ്രാദേശികമായി ലഭ്യമാണ് കൂടുതൽ സംരഭത്തിലൂടെ ധാരാളം ആളുകൾക്ക് ഈ മേഖലയിൽ തൊഴിൽ സാധ്യതയുണ്ട്.

### ചെറുകിട വ്യവസായം

ചെറുകിട വ്യവസായ രംഗത്ത് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിറ്റഴിക്കാനുള്ള പ്രയാസം, പ്രവർത്തന മൂലധന മില്ലായ്മ, എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഈ കാലത്ത് സിമന്റ് കട്ടകളുടെ വിപണനത്തിന് സാധ്യതയേറെയാണ്. സഹകരണാടിസ്ഥാനത്തിൽ ഇത് പ്രാവർത്തികമാക്കാം.

### ശീതള പാനീയങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന കശുമാങ്ങ, തേങ്ങാവെള്ളം, മാങ്ങ, കൈതച്ചക്ക എന്നിവയുപയോഗിച്ച് ശീതളപാനീയങ്ങൾ, ജാം, അച്ചാറുകൾ എന്നിവ ഉണ്ടാക്കാൻ കഴിയും.

### റെഡിമെയ്ഡ്

ഉൽപ്പാദന വിപണ രംഗത്ത് വമ്പിച്ച മത്സരം നടക്കുന്ന മേഖലയാണിത്. പരിശീലനം ലഭിച്ചാൽ നവീനരീതിയിലുള്ള റെഡീമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുവാനും വിപണികൾ കണ്ടെത്തുവാനും കഴിയും.

വിദഗ്ധരുടെ സേവനം അത്യവശ്യമുള്ള മേഖലയാണിത്. വനിതാ സഹകരണ സംഘങ്ങൾക്ക് യൂനിറ്റുകൾ തുടങ്ങാം.

### കെട്ടിടനിർമ്മാണവസ്തുക്കൾ

വൻതോതിൽ കെട്ടിടനിർമ്മാണ പ്രവർത്തനം നടക്കുന്ന പ്രദേശമാണ് കീഴരിയൂർ. മരത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സിമന്റ് ഉപയോഗിച്ചുകൊണ്ടുള്ള കട്ടില ജനൽ എന്നിവ നിർമ്മിച്ച് വിതരണം നടത്തുന്നതിന്റെ സാധ്യതകൾ ധാരാളമാണ്.

### റബ്ബർകൊട്ട റബ്ബർപാള

റബ്ബർ ഉപയോഗിച്ച് നിർമ്മിക്കുന്ന കൊട്ട, പാള എന്നിവയ്ക്ക് ഇപ്പോൾ വിപണിയുണ്ട്.

തെങ്ങ് അടിസ്ഥാന ഘടകമാക്കി കരകൗശല വസ്തുക്കൾ, ഫർണീച്ചറുകൾ, കോക്കനറ്റ് പൗഡർ, വിനാഗിരി, പ്രൊഡ്യൂസർ ഗ്യാസ് എന്നിവ നിർമ്മിക്കാൻ ഏറെ സാധ്യതകളുണ്ട്. ❑

120

# ഗതാഗതം ഊർജ്ജം

## ഗതാഗതം

കീഴരിയൂർ പഞ്ചായത്തിൽ ഏകദേശം 35 കിലോമീറ്ററോളം റോഡുകളുണ്ടെങ്കിലും പലഭാഗങ്ങളിലും ഗതാഗത പ്രശ്നം നിലനിൽക്കുന്നുണ്ട്. മൂന്നുഭാഗം മലയും ഒരു ഭാഗം പുഴയുമുള്ള പഞ്ചായത്തിലെ ജനങ്ങൾക്ക് മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെടാൻ ഇന്നും വേണ്ടത്ര സൗകര്യമില്ല. നെല്ല്യാടി പാലം പണിപൂർത്തിയാകുന്നതോടെ ഈ പ്രശ്നം ഏറെക്കുറെ പരിഹരിക്കാൻ കഴിയും.

11.4 കിലോമീറ്റർ പഞ്ചായത്ത് റോഡും റോഡും 9.5 കിലോമീറ്റർ PWD റോഡും ടാർ ചെയ്തിട്ടുണ്ട്. ആറാം വാർഡ് ഒഴികെ മറ്റ് ഏഴ് വാർഡുകളിലുമായി 12.65 കിലോമീറ്റർ റോഡ് ടാർ ചെയ്യാനുണ്ട്. ഒന്നാം വാർഡിലെ റോഡ് ഒഴികെ ബാക്കിഎല്ലാ ടാർ റോഡുകളും അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. പഞ്ചായത്തിൽ മൊത്തം 1.75 കിലോമീറ്റർ ഫുട്ട്പാത്ത് നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 151 പുരുഷന്മാരും 21 സ്ത്രീകളും റോഡുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരാണ്. (സെൻസസ് 91)

കണക്കുൾ പരിശോധിച്ചാൽ നല്ലൊരുഭാഗം റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. വയലോരങ്ങളിൽ താമസിക്കുന്നവർക്ക് മഴക്കാലത്ത് യാത്ര ദുരിതപൂർണ്ണമാണ്. ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പ്രധാനമായും 2 ബസ്സുകളാണ് പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തുന്നത്. വല്ലപ്പോഴും സർവ്വീസ് നടത്തുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ്സുമുണ്ട് എന്നകാര്യം സ്മരിക്കുന്നു.

പ്രധാനമായും ജനങ്ങൾ ഇപ്പോൾ ആശ്രയിക്കുന്നത് ജീപ്പ് സർവ്വീസുകളെയാണ്. പത്തും പതിനഞ്ചുമാളുകൾ ജീപ്പിന്ന് പുറത്തുതൂങ്ങിയുള്ള യാത്ര വലിയ അപകടം ക്ഷണിച്ചുവരുത്താൻ ഇടയാകും. കൂടുതൽ ബസ്സ് സർവ്വീസ് അനുവദിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. മുഴുവൻ ഗ്രാമസഭകളിലും യാത്രാ പ്രശ്നത്തെ സംബന്ധിച്ച് ഗൗരവമേറിയ ചർച്ച നടന്നിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

1. മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തി മുറിച്ചാണ്ടിമുട്ടിൽനിന്നും കുന്നുംപുറത്തേക്ക് റോഡ് പഞ്ചായത്ത് നിർമ്മിക്കണം.

2. മതുമ്മൽകുന്ന് റോഡ് പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുക.

3. ഒന്നാം വാർഡ് കനാൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. അച്ചാറമ്പത്ത് മുക്കിൽനിന്നും പുള്ളിയോത്ത് മീത്തൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കണം.

5. അരയനാട്ട് പാറയിൽനിന്നും നെടുംപോയിലിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കണം. കോളനിയടക്കം 50 കുടുംബങ്ങൾക്ക് ഉപയോഗപ്രദമായ റോഡ് ശ്രമദാനവഴി നിർമ്മിക്കാം.

6. ഇയ്യാലോൽ മീത്തൽ 4 സെന്റ് കോളനി വഴി മേപ്പയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന 700 മീറ്റർ മലയോര റോഡ് പ്രദേശ വാസികളുടെ സേവനത്തിലൂടെ നിർമ്മിക്കാം.

7. ആച്ചേരി തെരു ഭാഗത്തുനിന്നും വയലിൽക്കൂടി നെല്ലിയാടി കടവുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

8. പുതിയോട്ടിൽ മുക്ക്, അണ്ടിച്ചേരിമുക്ക് റോഡ് നാട്ടു

കാർ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തിയാക്കണം.

9. കണ്ണോത്ത് യു.പി.സ്കൂൾ - പാലാഴി മീത്തൽ റോഡ് നിർമ്മിക്കാനാവശ്യമായ മനുഷ്യാധ്വാനം സംഭാവന ചെയ്യും. സൈഡ് കെട്ടുവാൻ ആവശ്യമായ കരിങ്കല്ല് പഞ്ചായത്ത് അനുവദിച്ചാൽ മതി.

10. തൊമരയുള്ള കണ്ടി - രാജീവ് ദശലക്ഷം കോളനി റോഡ് നിർമ്മിക്കണം.

11. പൊടിയാടി-തുറയൂർ റോഡ് നിർമ്മിച്ച് കീഴരിയൂർ സെന്റർ തൊറയൂർ ഗതാഗാതം സുഗമമാക്കണം.

12. മരക്കാട്ടുതാഴ - പൊടിയാടി ഭാഗത്തുള്ള ബണ്ട് റോഡാക്കി മാറ്റണം.

13. പാലാഴി മീത്തൽ - കണ്ടിയിൽ മീത്തൽ റോഡ് നിർമ്മിക്കണം. ഏതാണ്ട് 300 മീറ്റർ റോഡ് നാട്ടുകാർ നിർമ്മിച്ചിട്ടുണ്ട്. സ്ഥലം വിട്ടുതരാൻ ഉടമകൾ തയ്യാറാണ്.

14. തെറങ്ങാട്ടുതാഴ - ഉണിക്കാംകണ്ടി മുക്ക് റോഡ് നിർമ്മിക്കണം.

15. മീത്തലെ മാലാടി - കുറ്റിക്കാട്ടിൽ താഴ റോഡ് നിർമ്മിക്കണം

16. കാമ്പ്രത്ത് മീത്തൽ മണ്ണാടിക്കുന്ന് റോഡ് - നിർമ്മാണം (200 മീറ്റർ) നവംബർ ഒന്നിന് തുടക്കം കുറിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തിക്ക് പഞ്ചായത്ത് സഹായം നൽകണം.

17. നമ്പ്രത്തുകര വായനശാല-ഊരള്ളൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

18. കോഴിപ്പുറത്ത് കോളനി - കരിയാത്ത് റോഡ് നിർമ്മിക്കണം.

19. കുറുമയിൽ താഴ - മാവട്ട് റോഡ് നിർമ്മിക്കണം.

20. കുപ്പേരി ഭാഗത്തുനിന്നും ചെറുവത്ത് ഭാഗത്തേക്കുള്ള റോഡ് നിർമ്മിക്കണം.

21. നടുവത്തൂർ - കുന്നോത്ത് മുക്ക് റോഡ് രാജീവ് ദശലക്ഷം കോളനിയുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.

22. ചാലിൽ മീത്തൽ 4 സെന്റ് കോളനിയിലേക്ക് നടപ്പാത നിർമ്മിക്കണം.

23. ചമ്പോളിത്താഴ - അരീക്കര താഴ റോഡ് നിർമ്മിക്കുക.

## റോഡ് റിപ്പയർ

1. കേളോത്തു താഴ - ആറന്നകണ്ടി താഴ റോഡ് 1 കിലോമീറ്റർ ടാർ ചെയ്തുകഴിഞ്ഞു. 1.5 കിലോമീറ്റർ ടാർ ചെയ്ത് തുറയൂർ പഞ്ചായത്തുമായി ബന്ധപ്പെടുത്തണം.

2. നടുക്കണ്ടിമുക്കിൽനിന്ന് വല്ലിപ്പടിക്കൽ വരെയുള്ള റോഡ് വീതികൂട്ടി അയ്യങ്കാളിപ്പാറ വഴി മേപ്പയൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കണം. ഇതിനാവശ്യമായ മനുഷ്യാധ്വാനം ലഭ്യമാകും.

3. നടിയപറമ്പിൽ - മാവിൻ ചുവട് റോഡ് വീതി കൂട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

4. കണ്ണോത്ത് യു.പി.സ്കൂൾ - പൊടിയാടി റോഡ് ടാർ

### റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ടാർ ചെയ്ത റോഡ് കി.മീ. | വാർഡ് | പക്ക റോഡ് കി.മീ. | റിമാർക്സ് |
|---|---|---|---|---|
| I | 1കി.മീ. | I | 2കി.മീ. | |
| II | 2കി.മീ. | II | 1കി.മീ. | |
| III | 2.500 | III | 1.85കി.മീ. | |
| IV | 5.130 | IV | 1കി.മീ. | |
| V | 3.560 | V | 1.4കി.മീ. | |
| VI | 2.500 | VI | - | |
| VII | 2.500 | VII | 3കി.മീ. | |
| VIII | 2.250 | VIII | 2.4കി.മീ. | |
| | | | **12.65കി.മീ.** | |

## റോഡു പണി സംബന്ധിച്ച വിവരങ്ങൾ (1995-96)

122

| | പണിയുടെ പേര് | തുക |
|---|---|---|
| 1. | മടത്തിൽ താഴ - നടുവത്തൂർ യു.പി. സ്കൂൾ റോഡ് ടാറിങ് | 75000 രൂ. |
| 2. | കേളോത്ത് ഇട - ആറന്നകണ്ടി റോഡ് ടാറിംഗ് | 165000 രൂ. |
| 3. | അരയനാട്ട് പാറ - നടുവത്തൂർ പോസ്റ്റോഫീസ് റോഡ് | 114875 രൂ. |
| 4. | കണ്ണോത്ത് യു.പി. സ്കൂൾ - മണ്ണാടിമ്മൽ റോഡ് | 104816 രൂ. |

*V.R.M ഗ്രാന്റിൽ ഉൾപ്പെട്ടറോഡിന്റെ ആകെ നീളം 17.97 K.M*

*VTC ഉൾപ്പെട്ട റോഡിന്റെ നീളം 10.940 K.M*

ചെയ്ത് ഗതാഗത യോഗ്യമാക്കണം.

5. കീഴരിയൂർ പഞ്ചായത്ത് ഓഫീസ് പൊടിയാടി റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

6. കണ്ണോത്ത് യു.പി. - മണ്ണാടി , റോഡ് ടാർചെയ്ത ഗതാഗത യോഗ്യമാക്കണം.

7. കൊളോറുകണ്ടിത്താഴെ - ചാത്തമ്പറത്ത് റോഡ് ടാർ ചെയ്ത ഗതാഗതയോഗ്യമാക്കണം.

8. എടച്ചംപുറത്ത് - നെല്ലിയാടിക്കടവ് റോഡ് ടാർചെയ്യണം.

9. നടുവത്തൂർ പോസ്റ്റ് ഓഫീസ് - കുന്നോത്ത് മുക്ക് റോഡ് ടാർചെയ്യണം.

10. കുന്നോത്തുമുക്ക് - ഒറവിങ്കൽ താഴ റോഡ് ടാർ ചെയ്യണം.

11. നമ്പ്രത്ത് കര കുന്നോത്ത് മുക്ക് റോഡ് ടാർ ചെയ്യണം.

12. അച്ചാറമ്പത്ത് മുക്ക് - വെസ്റ്റ് മാപ്പിള സ്കൂൾ വീതി കൂട്ടി റിപ്പയർ ചെയ്യണം.

13. വെള്ളിയന്നൂർ തെരു - ശ്രീ വാസുദേവ ആശ്രമം റോഡ് ചെയ്യണം.

14. നടേരിക്കടവ് - കോളനി റോഡ് റി ടാറിങ്ങ് നടത്തണം.

### ഫുട്പാത്ത് റോഡ്

1. ചെറുവോട്ട് - കായക്കുളി താഴ
2. കാരയിൽത്താഴെ - മുണ്ടിയാടി തോട്
3. മാക്കണംഞ്ചേരിത്താഴെ - മരുതേരിപ്പൊയിൽ
4. ഇല്ലത്ത് താഴെ - കുന്നോത്ത് താഴെ
5. ചൂരക്കാട്ട് മുക്ക് - മീറോഡ് മല
6. പുളിയോറത്ത് കണ്ടി ഇടവഴി
7. നമ്പ്രൂട്ടിൽ താഴെ - കളങ്കോളി തോട്
8. വെളുത്താടൻ വീട്ടിൽ - ഇണച്ചിനാടിൽ വിട
9. ഒടിയിൽ തഴ നടപ്പാത
10. മുതുവനത്താഴ - കേളോത്ത് താഴ
11. മാക്കണംഞ്ചേരി താഴ - കൈപ്പൊഴിൽ താഴ
12. കൊല്ലാരി താഴ - കൈപ്പൊയിൽ
13. കുഴിവയൽ - ചെറുകുണ്ട്
14. മാക്കണംഞ്ചേരി താഴ - ശ്രാമ്പിത്താഴ നടപ്പാത
15. സ്രാമ്പിത്താഴ - നെല്ലിയാടിക്കടവ്
16. തത്തംമ്പള്ളിപ്പൊയിൽ - കുപ്പേരി
17. നവീന - ആക്കാംകുളം
18. ചാലിൽപ്പടി ക്ഷേത്രം - തയ്യിൽക്കുഴി
19. നടുവത്തൂർ പോസ്റ്റോഫീസ് - പരിത്തിക്കുഴി
20. ചെറുവീട്ടിൽ - ഒറോക്കുന്നിമ്മൽ
21. മഠത്തിൽ താഴ - കല്ലങ്കിൽ താഴ
22. നെല്ലോനിക്കുനി - പൂക്കോത്ത് താഴ കൈക്കനാൽ
23. പാറക്കുമീത്തൽ - നടുവത്തൂർ അങ്കനവാടി
24. നടേരി അക്കുടറ്റ് - കോളനി റോഡുമ്മൽ
25. മാക്കുകുറ്റി താഴെ - വായന ശാല മുക്ക്
26. ട്രാൻസ്ഫോർമർ മുക്ക് - പെരുവാക്കുറ്റി
27. കൈതമുക്കിൽ താഴ - അയ്യങ്കാളി കോളനി - നടേരി

റോഡ്

28. പഞ്ചാട്ട് താഴ - ഇടവഴിയിൽ നടപ്പാത

# ഊർജ്ജം

## വൈദ്യുതി

മേപ്പയൂർ, കൊയിലാണ്ടി എന്നീ വൈദ്യുതി സെക്ഷൻ ഓഫീസുകളാണ് കീഴരിയൂർ പഞ്ചായത്തിൽ വൈദ്യുതി സംബന്ധമായ മേൽനോട്ടം നിർവഹിക്കുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നതാണെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റഡ് ലോഡിലും വർദ്ധനവ് ഉണ്ടായിരിക്കുന്നു.

ഊർജ ഉപഭോഗത്തിൽ 95 ശതമാനം ഗാർഹിക മേഖലയിലാണ്. വ്യാപാര, വ്യവസായ കാർഷിക ആവശ്യങ്ങൾക്കായി 5 ശതമാനം വൈദ്യുതി മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

സെക്ഷൻ ഓഫീസുകളിൽനിന്ന് വൈദ്യുതി സംബന്ധമായി പഞ്ചായത്തു തിരിച്ചുള്ള കണക്കുകളൊന്നും ലഭ്യമായിട്ടില്ല. റേഷൻ കടകളിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 759 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചുള്ളൂ.

രാത്രി കാലങ്ങളിൽ പലയിടത്തും വോൾട്ടേജ് വെറും 20V ആയി കുറയുന്നു ധാരാളം ഉപഭോക്താക്കൾ 110 V ബൾബാണ് ഉപയോഗിക്കുന്നത്. മാത്രമല്ല. സ്റ്റെപ്പ് ട്രാൻസ്ഫോർമോർമറുകൾ വ്യാപകമായി ഉപയോഗിക്കുന്നു. ചില ഭാഗങ്ങളിൽ 24V ബൾബും ഉപയോഗിക്കുന്നുണ്ട്.

പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറു കാരണം നല്ല ഒരു അളവുവരെ വൈദ്യുതി നഷ്ടപ്പെടുന്നുണ്ട്. ചില ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നുണ്ട്. ചില ലൈനുകളിൽ നിന്ന് രാത്രികാലങ്ങളിൽനിന്ന് മിന്നാമിനുങ്ങ് വെളിച്ചം കിട്ടുമ്പോൾ തൊട്ടടുത്ത ചില ലൈനുകളിൽ മെച്ചപ്പെട്ട വെളിച്ചം കിട്ടുന്നു.

## പുകയില്ലാത്ത അടുപ്പ്

പഞ്ചായത്തിൽ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 172 വീടുകളിൽ "പരിഷത്ത് അടുപ്പുകൾ" സ്ഥാപിച്ചിട്ടുണ്ട്. ഗ്യാസ് അടുപ്പുകൾ, മണ്ണെണ്ണ സ്റ്റൗ എന്നിവ അപൂർവ്വം വീടുകളിൽ ഉപയോഗിക്കുന്നുണ്ട്. ഗ്യാസ് കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന ധാരാളം അപേക്ഷകർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മൂന്നാം വാർഡിലെ കോരപ്ര ഭാഗത്ത് ചിലവീടുകളിൽ പുക പുറത്തുകളയാൻ എക്സ്ഹോസ്റ്റർ ഫാനുകൾ ഉപയോഗിക്കുന്നു. ചിലവുകുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ പല വീട്ടമ്മമാരും താത്പര്യം കാണിച്ചുവരുന്നു.

വളരെ ചുരുക്കം വീടുകളിൽ സൗരവിളക്കുകൾ ഉപയോഗിക്കുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റും പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പുള്ളിയോത്ത് മീത്തൽ 4 സെന്റ് കോളനി, ചാലിൽ ലക്ഷം വീട് കോളനി, വടക്കും മുറി കോരപ്ര ഹരിജൻ കോളനി, കീരൻ കുന്ന്, കാളയത്തം, തറോൽ, അരായാട്ടുമീത്തൽ ലക്ഷംവീട്, ഉണിക്കാംകണ്ടി ഭാഗം, പുത്തൻപറമ്പിൽ ഭാഗം, കീഴരിയൂർ ഹരിജൻ കോളനി, തത്തം വെള്ളി പൊയിൽ ഭാഗം, 6,7,8 വാർഡുകളിലെ ചില പ്രദേശങ്ങൾ വാളിക്കണ്ടി പാറഭാഗം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

2. തെരുവിളക്കുകളിൽ മിക്കതും സ്ഥിരമായി കത്തുന്നില്ല.

3. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു.

4. വൈദുതി ലൈനുകളിൽ വൃക്ഷക്കൊമ്പുകൾ തട്ടിവൻതോതിൽ പ്രസരണ നഷ്ടവും തകറാറുകളും സംഭവിക്കുന്നു.

5. ഫ്യൂസുകൾ മിക്കതും കേടുപറ്റിയവയാണ്.

6. ലൈനുകളുടെ അറ്റകുറ്റ പണികളിൽ ജീവനക്കാരുടെ സത്വര ശ്രദ്ധ പതിയുന്നില്ല.

7. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ വിറക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

8. സൗരവിളക്കുകൾ ഉപയോഗിക്കുന്ന വീടുകൾ വിരളമാണ്.

9. കോൺക്രീറ്റ് വീടുകളിൽ പുക യഥേഷ്ടം പുറത്തുപോകാൻ സൗകര്യമില്ലാതെ കുടുങ്ങിക്കിടക്കുന്ന പ്രശ്ന

പട്ടിക 1

| മൊത്തം വീടുകൾ | വൈദ്യുതീകരിച്ചവ | വൈദ്യുതീകരിക്കാത്തവ | റിമാർക്സ് |
|---|---|---|---|
| 2608 | 759 | 1229 | ഒന്നാം വാർഡിൽ തെരുവ് വിളക്കുകൾ ഇല്ല. |

124

## തെരുവു വിളക്കു സംബന്ധിച്ച വിവരങ്ങൾ

| | തെരുവുവിളക്കുകൾ | | | |
|---|---|---|---|---|
| ബൾബ് | ഫ്ളൂറസന്റ് ട്യൂബ് | സോഡിയം വേപ്പർ | കഴിഞ്ഞ വർഷം അടച്ച ചാർജ് | മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം |
| 110 | ഇല്ല | ഇല്ല | 14945/- | 1.16% |

മുണ്ട്.

### പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത ഭാഗങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കണം.

2. ചമ്പോളി താഴ - തത്തംവെള്ളി പൊയിൽ ലൈൻ, ചൂരക്കാട് മീത്തൽ - പുള്ളിയോത്ത് 4 സെന്റ് കോളനി ലൈൻ, മീത്താംപാട് ഭാഗത്തേക്കുള്ള മിനിമം ഗാരണ്ടി ലൈൻ എന്നിവയുടെ പണി അടിയന്തിരമായി പൂർത്തിയാക്കണം.

3. കീഴരിയൂർ സെന്റർ, നടുവത്തൂർ, നമ്പ്രത്ത് കര എന്നീ ടൗണുകളിൽ സോഡിയം വേപ്പർ ലാംബുകളോ, ട്യൂബുകളോ സ്ഥാപിക്കുക.

4. ഒന്നാം വാർഡിലെ മഠത്തിൽ മുക്ക് മുറിച്ചാണ്ടി മുക്ക്, മാണിക്കോത്ത് മുക്ക്, ചാലിൽ ലക്ഷം വീട് കോളനി, അച്ചാറമ്പത്ത് മുക്ക്, 3,5 വാർഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ, ആറാം വാർഡിലെ നടേരി കടവുമുതൽ പോസ്റ്റോഫീസ് വരേയും ആച്ചേരി തെരുവിലും 7,8 വാർഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.

5. വൈദ്യുതി ചാർജ് അടക്കാൻ പഞ്ചായത്ത് ആഫീസിൽ ക്രമീകരണം ഏർപ്പെടുത്തുക.

6. നടുവത്തൂർ പ്രദേശം പേരാമ്പ്ര സെക്ഷനിൽ നിന്നു മാറ്റി കൊയിലാണ്ടി സെക്ഷൻ പരിധിയിലാക്കുക.

7. ലൈൻമേൻമാരുടെ സേവനം പഞ്ചായത്ത് ആഫീസ് വഴി ആക്കുക.

8. കാർഷിക - വ്യാവസായിക കണക്ഷൻ കൂടുതലുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫെസ് ലൈനുപകരം ത്രീഫൈസ് ലൈനാക്കുക.

9. പ്രേഷണ വിതരണ നഷ്ടം കുറയ്ക്കാൻ ജംമ്പർ മെച്ചപ്പെടുത്തുക. ലൈനുകളിൽ തട്ടുന്ന ചില്ലകൾ ജനപങ്കാളിത്തത്തോടെ മുറിച്ചുമാറ്റുക. ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനക്രമീകരിക്കുക. (രണ്ടാം വാർഡിലെ മാവിൻ ചുവട്ടിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.)

10. വൈദ്യുതി ബൾബുകൾ വെളിച്ചത്തേക്കാൾ ചൂടാണ് നൽകുന്നത്. ഇത് മൂലം വലിയൊരളവ് വൈദ്യുതി നഷ്ടപ്പെടുന്നു. ഇത് ഒഴിവാക്കാൻ ബൾബുകൾക്ക് പകരം കോമ്പാക്റ്റ് ഫ്ളൂറസന്റ് ലാമ്പ് ഉപയോഗിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

11. പഞ്ചായത്തിൽ പുകയില്ലാത്ത അടുപ്പ് വ്യാപന പരിപാടി ആവിഷ്ക്കരിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡിയോടെയും പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

12. പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

13. ഗോബർ ഗ്യാസ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുകയും ഗാർഹിക വൈദ്യുതി നൽകുകയും ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിക്കുക.

14. പഞ്ചായത്തിലെ പ്രധാന തോടായ കളങ്കോളി തോടിലെ വെള്ളം ഉപയോഗിച്ച് മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ കഴുമോ എന്ന് പരിശോധിക്കുക.

15. കച്ചിപ്പെട്ടിക്ക് വ്യാപകമായ പ്രചരണം കൊടുത്ത്, പഞ്ചായത്തിനകത്തുതന്നെ നിർമ്മിച്ച് വിപുലമായ തൊഴിലവസരങ്ങൾ ഉണ്ടാക്കുക. ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കാൻ കച്ചിപ്പെട്ടി നിർബന്ധമായും ഉപയോഗിക്കാൻ പ്രേരിപ്പിക്കണം. ഇതുവഴി വലിയതോതിൽ ഊർജ്ജം ലാഭിക്കാൻ കഴിയും.

16. പഞ്ചായത്തിലെ ഉയരംകൂടിയ മലകളിൽ കാറ്റാടി സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക.

17. സൗരവിളക്കുകളെ പറ്റിയുള്ള ബോധവത്കരണം വഴി അതിന്റെ ഉപയോഗം വ്യാപകമാക്കുക. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുക. ○

# പാർപ്പിടം സാമൂഹ്യക്ഷേമം

മനുഷ്യന്റെ അനുപേക്ഷണീയമായ ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. വർഷങ്ങൾക്കുമുമ്പ് നമ്മുടെ പഞ്ചായത്തിൽ ജന്മി-നാടുവാഴിത്ത വ്യവസ്ഥയിൽ നാലുകെട്ടുകൾക്കും മാളികകൾക്കുമിടയിൽ സ്വതന്ത്രമായി കിടന്നുറങ്ങുവാനുള്ള കിടപ്പാടമോ സ്വന്തമായി ഭൂമിയോ സാധാരണക്കാർക്ക് ഉണ്ടായിരുന്നില്ല. കാലം മാറി. ജന്മിത്വം അവസാനിച്ചു. നാടുവാഴിത്തം നാടുകടന്നു. കൃഷിഭൂമിയിൽ കുടിയായ്മ അവകാശം ലഭിച്ചതോടെ സ്വന്തമായ വീട് എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കാൻ കൂടുതൽപേർക്കും കഴിഞ്ഞു. കുടിലുകൾ മാറി. പകരം ഓലയും ഓടും മേഞ്ഞ വീടുകളിലേക്കും ഒടുവിൽ ടെറസ്സ് വീടുകളിലേക്കും അത് മാറി. എന്നിരുന്നാലും ഇപ്പോഴും കുടിലുകളിലും വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്ത വീടുകളിലും കഴിയുന്നവരുണ്ട്.

വീട് എന്ന സങ്കൽപ്പത്തിന് ഈ അടുത്ത കാലത്ത് സമൂഹത്തിൽ വന്ന മാറ്റം അനിർവചനീയമാണ്. മുമ്പ് കൃഷിഭൂമി സ്വന്തമാക്കുക എന്നതിനായിരുന്നു താത്പര്യമെങ്കിൽ ഇന്ന് കൃഷി ഭൂമി വിറ്റു ആവശ്യത്തിൽ കൂടുതൽ സൗകര്യങ്ങളുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുക എന്ന രീതിയിലേക്ക് അത് മാറിയിരിക്കുന്നു. സമൂഹത്തിലെ മാന്യത നിശ്ചയിക്കുന്നത് മണിമന്ദിരങ്ങളാണെന്ന മിഥ്യാ ധാരണ കൂടിവരുകയാണ്. ഒരു കല്യാണം നിശ്ചയിക്കണമെങ്കിൽ കണ്യാണച്ചെലവിന്റെ ഇരട്ടിത്തുക വീട് മോടിപിടിപ്പിക്കാൻ വേണമെന്ന ചിന്താഗതി വളർന്നുവരുന്നു. ഇതിന്റ ഫലമായി വലിയൊരു വിഭാഗം കടക്കെണിയിലാവുന്നു. ഇത് പൊതുവെ ഉല്പാദന മുരടിപ്പുകൊണ്ട് തളർന്ന നമ്മുടെ സാമ്പത്തിക മേഖലയെ കൂടുതൽ രൂക്ഷമാക്കുന്നു. ഇന്നത്തെ ഈ ഭവന സങ്കല്പത്തിന് യാഥാർത്ഥ്യ ബോധത്തോടെയുള്ള അഴിച്ചുപണി ഉണ്ടായേ മതിയാവൂ. നിർമ്മിതിപോലുള്ള ഭവന നിർമ്മാണ ഏജൻസികളും പഞ്ചായത്തും സന്നദ്ധ സംഘടനകളും ഒന്നിച്ച് പുതിയൊരു പാർപ്പിട സംസ്കാരത്തെ പറ്റിയുള്ള അവബോധം വളർത്തിക്കൊണ്ടുവരുന്നതോടൊപ്പം ആഡംബരപൂർണ്ണമായ വീടുകൾക്കും മറ്റു കെട്ടിടങ്ങൾക്കും സർക്കാർതലത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വേണം.

നമ്മുടെ ഗ്രാമ പഞ്ചായത്തുകളിൽ മിക്കവാറും കൂട്ടുകുടുംബങ്ങളായിട്ടാണ് ആളുകൾ ഇപ്പോഴും താമസിച്ചു വരുന്നത്. ഇത് കൂട്ടുകുടുംബം എന്ന സങ്കല്പത്തോടുള്ള ആഭിമുഖ്യം കൊണ്ടല്ല പ്രത്യുത സ്വന്തമായൊരു വീടുണ്ടാക്കാനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ടാണ്. കുടുംബം എന്നത് നിർവ്വചിക്കുകയാണെങ്കിൽ നിലവിലുള്ള വീടുകളുടെ എണ്ണത്തോളം വരുന്ന പുതിയ വീടുകൾ പണിയേണ്ടതായി വരും.

കീഴരിയൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 2608 വീടുകളാണ് ഉള്ളത്. ഇതിൽ 1148 (44%) വീടുകൾ ഓലമേഞ്ഞതും 1199 (46%) വീടുകൾ ഓട് മേഞ്ഞതും 261 വീടുകൾ (10%) കോൺക്രീറ്റ് വീടുകളുമാണ്. ഓലമേഞ്ഞ വീടുകളിൽ 98 എണ്ണം കുടിലുകളാണ്. മൊത്തം വീടുകളിൽ 640 എണ്ണം അടിയന്തിരമായും പുതുക്കിപ്പണിയുകയോ മാറ്റി പണിയുകയോ ചെയ്യേണ്ടതായുണ്ട്. നിലവിലുള്ള വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം കൂടി പരിഗണിക്കുമ്പോൾ 1503 വീടുകൾ പുതുതായി നിർമ്മിച്ചാലേ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു വലിയ അളവിൽ പരിഹരിക്കാൻ കഴിയുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ ഇല്ല. ഭവന നിർമ്മാണ ബോർഡ്, ബ്ലോക്ക്

ഓഫീസ്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയ ഏജൻസികളിലൂടെ ഭവന നിർമ്മാണത്തിന് സഹായം ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. കഴിഞ്ഞ ഒരു വർഷം 45 വീടുകൾ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പദ്ധതികളിലായി ലഭിച്ച തുൾപ്പെടെ മൊത്തം 115 വീടുകളാണ് പുതുതായി ഉണ്ടാക്കിയത്.

വീടുകളുടെ കാര്യത്തിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെടുന്നത് ലക്ഷം വീട്, നാല് സെന്റ് കോളനി, ഹരിജൻ കോളനി എന്നിവിടങ്ങളിലാണ്. ലക്ഷം വീട് അനുസരിച്ച് ഇരുപത്തി മൂന്ന് വീടുകൾ നിലവിലുണ്ടെങ്കിലും ഇവയിലൊന്നുപോലും വാസയോഗ്യമല്ല. മറ്റു കോളനികളിൽ 80 വീടുകൾ പുതുതായി ഉണ്ടാക്കേണ്ടതുണ്ട്. ആകെ പഞ്ചായത്തിലുള്ള വീടുകളിൽ 30% വീടുകളേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ആധുനിക സജ്ജീകരണങ്ങളുള്ള വീടുകൾ 10% വരും.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ ചെങ്കല്ല്, കരിങ്കല്ല്, മെറ്റൽ എന്നിവ ഇപ്പോൾ ലഭിക്കുന്നുണ്ട്. ഇവയുടെ വില അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചെങ്കൽ 1000ന് 8000 രൂപയും; ഒരു ലോഡ് അര ഇഞ്ച് മെറ്റലിന് 2500 രൂപ വരെയും, കരിങ്കൽ ലോഡിന് 600 രഗൂപയും ഓട് 1000 ന് 6000 രൂപയും വിലവരും തടിമരം കിട്ടാൻ തന്നെ പ്രയാസമാണ്. പൂഴി അകലങ്ങളിൽനിന്നാണ് ഇവിടെ എത്തിക്കുന്നത്. ഒരു ലോഡ് പൂഴിക്ക് 8?? രൂപയാണ് വില. അഭൂതപൂർവ്വമായ വിലക്കയറ്റമാണ് സിമന്റിനും കമ്പിക്കും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓല മേഞ്ഞ വീടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ഭവന സങ്കല്പവും മെയിന്റൻസ് ചെലവും ആണ് ഇതിന് കാരണം. അസംസ്കൃത സാധനങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ നിർമ്മാണ തൊഴിലാളികളുടെ ലഭ്യത താരതമ്യേന കുറവാണ്. ഇത്തരം തൊഴിലാളികളെ യഥാ സമയം ലഭിക്കാത്തതുകൊണ്ട് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. വൈദഗ്ധ്യ മേഖലയിൽ സ്ത്രീതൊഴിലാളികൾ പ്രവർത്തിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടുള്ള മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികളും പുരുഷന്മാരും തമ്മിൽ കൂലി നിരക്കിൽ ചെറിയ വ്യത്യാസം ഉണ്ട്. പൊതുവെ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂലി ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. കോൺക്രീറ്റ് വീടുകൾ ഉണ്ടാക്കുന്നതിൽ കോൺട്രാക്ട് സമ്പ്രദായം ഉപയോഗപ്പെടുത്തുന്നുണ്ട്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി സൗകര്യപ്രദമായ രീതിയിൽ മാറ്റി പണിയുക. ലക്ഷംവീട് പുനർനിർമ്മാണത്തിന് പ്രത്യേക പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുക. ഇങ്ങനെ അനുവദിക്കുന്ന ഫണ്ട് പൂർണമായും സൗജന്യമായിരിക്കണം. സന്നദ്ധ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.

2. ഹരിജൻ കോളനി, നാല് സെന്റ് കോളനികളിലെ ഭവന രഹിതർക്ക് പുതിയ വീട് നിർമ്മിച്ച് നൽകുക. പട്ടിക ജാതി വികസന വകുപ്പ്, ബ്ലോക്ക് ഓഫീസ് എന്നീ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ മേഖലയിൽ നൽകിവരുന്ന സഹായ ധനവും ഗുണഭോക്താക്കളുടെ എണ്ണവും വർദ്ധിപ്പിക്കണം.

3. മറ്റ് ദുർബല വിഭാഗങ്ങൾക്കും ഭൂരഹിതർക്കും പദ്ധതിയുടെ ഗുണം ലഭ്യമാക്കണം.

4. മറ്റ് ഭവന രഹിതർക്ക് ചുരുങ്ങിയ പലിശനിരക്കിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുക. വായ്പത്തുക വർദ്ധിപ്പിക്കുകയും വായ്പത്തുകയുടെ ഒരു ഭാഗം സബ്സിഡിയായി നൽകുകയും ചെയ്യുക. ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതി ഗ്രാമ പഞ്ചായത്തുകളിലൂടെ സാങ്കേതികത പരമാവധി ലഘൂകരിച്ച് നൽകുക.

5. ഭവന നിർമ്മാണ രംഗത്ത് ഒരു സഹകരണ സ്ഥാപനം ആരംഭിക്കുക. കുറഞ്ഞ പലിശനിരക്ക് ദീർഘകാല വായ്പകൾ നൽകുക.

6. സിമന്റ്, കമ്പി എന്നില ലവി നിരക്കിൽ ചുരുങ്ങിയ വരുമാനക്കാർക്ക് ലഭ്യമാക്കുക. തടിമരങ്ങൾ ഫോറസ്റ്റ് ഡിപ്പോവിൽനിന്ന് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സിമന്റ് കട്ടകൾ ഉണ്ടാക്കുന്നതിന് ഒരു സഹകരണ വ്യവസായ യൂണിറ്റ് ആരംഭിക്കുക.

7. ഭവന നിർമ്മാണ രംഗത്ത് അർഹതപ്പെട്ട ഗുണഭോക്താക്കളെ ഗണ്ടെത്തുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിക്കുക. ബോർഡ് അംഗങ്ങൾ, ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, ആവശ്യമാണെങ്കിൽ മറ്റ് വിദഗ്ധർ എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരിക്കണം. ഒരേ പദ്ധതിക്ക് വിവിധ ഏജൻസികളിൽനിന്നും ഫണ്ട് ദുരുപയോഗപ്പെടുത്തുന്നത് ഇതുകൊണ്ട് തടയാൻ കഴിയും.

8. രണ്ടോ മൂന്നോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു നിർമ്മിതീകേന്ദ്രം ആരംഭിക്കുക. ചെലവുകുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണം, തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിശീലനം, ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം എന്നിവ കേന്ദ്രീകരിച്ച് ആരംഭിക്കുക.

9. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യ സുരക്ഷിതത്വ രംഗത്ത് കേരളത്തിലുണ്ടായ നേട്ടങ്ങൾ നമ്മുടെ പഞ്ചായത്തിലും പ്രതിഫലിച്ചിട്ടുണ്ട്. ഈ നേട്ടങ്ങൾ തുടർന്നും നിലനിർത്തുന്നതോടൊപ്പം കൂടുതൽ വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവണം.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 13482 ആണ് ഇതിൽ 6598 പുരുഷന്മാരും 6884 സ്ത്രീകളും പെടുന്നു. 1992ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര രേഖയ്ക്ക താഴെയുള്ള (വാർഷിക വരുമാനം 110000 രൂപയിൽ കുറവായിട്ടുള്ള) 1344 കുടുബങ്ങളാണ്. IRDP പദ്ധതികൾ ആനുകൂല്യത്തിന് അർഹതയുള്ളവർ ഇവരിൽ 136 കുടുംബങ്ങൾക്ക് മാത്രമേ IRDP പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. ഇതിൽ 34 പട്ടികജാതി കുടുംബങ്ങളാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര രേഖക്ക് താഴെയുള്ള പതിനെട്ടിനും 35നും ഇടയ്ക്ക് പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലന പദ്ധതിയായ ട്രൈസം അനുസരിച്ച് 17 പേർക്ക് വിവിധ ട്രെയിഡുകളിൽ പരിശീലനം നൽകിയെങ്കിലും 7 പേർമാത്രമാണ് ഈ മേഖലകളിൽ തൊഴിൽ കണ്ടെത്തിയത്. അവശേഷിക്കുന്നവർ തൊഴിൽ രഹിതരായിട്ടും കൂലിപ്പണി ചെയ്ത് ജീവിക്കുന്നു. DWCRA പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ജല്ലി മെയ്ക്കിംഗ്, കയർ നിർമ്മാണം എന്നീ മേഖലകളിൽ 30 സ്ത്രീകൾ 3 യൂണിറ്റുകളിൽ ജോലി ചെയ്തുവരുന്നു. ഇതിൽ കരിങ്കല്ല് യൂണിറ്റുമാത്രമാണ്. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നത്. വിപണനത്തിന്റെ അപര്യാപ്തതകാരണം മറ്റ് രണ്ട് യൂണിറ്റുകൾ ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ. ഈ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിശദ വിവരം പലർക്കും അറിയാത്തതുകൊണ്ടുതന്നെ കിട്ടാനുള്ള ആനുകൂല്യങ്ങൾ യഥാസമയം കിട്ടാറില്ല. ഈ രംഗത്ത് ബാങ്കുകളുടെ സഹകരണം നല്ല രീതിയിലല്ല. ബ്ലോക്ക് കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ ബാങ്കുകൾക്ക് ബാധ്യതയില്ലാത്തതുകൊണ്ടുതന്നെ ഈ കാര്യത്തിൽ ഒരു കൂട്ടിയോജിപ്പിക്കലിന്ന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കണം.

ഗ്രാമപഞ്ചായത്തിൽ ആക 12 അംഗണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 6 അംഗണവാടികൾക്കാണ് സ്വന്തമായി കെട്ടിടം ഉള്ളത്. ബാക്കി 6 എണ്ണം സുരക്ഷിതമല്ലാത്ത ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. മഹിളാസമാജങ്ങളും വെൽഫയർ കമ്മിറ്റികളും പൊതുവെ നിർജ്ജീവങ്ങളാണ്. ഒന്നാം വാർഡിൽ പുതുതായി നിർമ്മിച്ച അംഗണവാടിക്കൊഴികെ മറ്റൊന്നിലും സ്വന്തമായി മൂത്രപ്പുരയോ, കക്കൂസോ ഇല്ല. കുടിവെള്ള സൗകര്യം കളിസ്ഥലം എന്നിവയുടെ അഭാവം മുഴുവൻ അംഗനവാടികൾക്കും ഉണ്ട്. പല അംഗനവാടികൾക്കും അവശ്യം വേണ്ടതായ കളിക്കോപ്പുകൾ, പ്രാഥമിക ശുശ്രൂഷാ സൗകര്യങ്ങൾ ഇല്ല. പോഷകാഹാര വിതരണം അംഗനവാടികളിൽ നടക്കുന്നില്ല. കുറെ കാലമായി റേഷനരികൊണ്ടുള്ള ഭക്ഷണമാണ് കുട്ടികൾക്ക് നൽകിവരുന്നത്.

ചാപിള്ള ജനനവും ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണവും ഒന്നുവീതമാണ്. ആറ് വയസ്സുവരെയുള്ള കുട്ടികളാരും മരിച്ചിട്ടില്ല. കഴിഞ്ഞ വർഷം ആകെ ഇരുനൂറ്റ് ഇരുപത് ജനനവും 57 മരണവും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ആരോഗ്യരംഗത്ത് മാതാപിതാക്കളുടെ ബോധനിലവാരം ഉയർന്ന രൂപത്തിലാണ്. അതുകൊണ്ടുതന്നെ കുട്ടികൾക്കും ഗർഭിണികൾക്കും നല്കിവരുന്ന പ്രതിരോധ കുത്തിവെയ്പ്പുകൾ കാര്യമായിത്തന്നെ നൽകിവരുന്നുണ്ട്. ഗർഭിണികൾക്ക് ടി.ടി. നൽകിവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അംഗവൈകല്യമുള്ള 106 പേരുണ്ട് ഇവർക്ക് സാമൂഹ്യ ക്ഷേമവകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. വിധവകളായ മുന്നൂറ്റി ഇരുപത്തിയഞ്ച് പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നു.

ഈ രംഗത്തെല്ലാം അനർഹരായ ചിലർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നുണ്ട്. അർഹതയുള്ള പലർക്കും ആനുകൂല്യം ലഭിക്കേണ്ടതായിട്ടുണ്ട്.

**നിർദ്ദേശങ്ങൾ പരിഹാരങ്ങൾ**

1. IRDP തുടങ്ങിയ ദാരിദ്ര്യനിർമാർജ്ജന പദ്ധതികൾക്കുള്ള ഉപഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അന്തിമാധികാരം പഞ്ചായത്ത് ഭരണസമിതിക്കായിരിക്കണം.

2. കാർഷികവ്യാവസായിക മേഖലകൾക്ക് ഊന്നൽ

**9596 വർഷത്തെ 6 വയസ്സ് വരെയുള്ള കുട്ടികളെ പ്രായത്തിനടിസ്ഥാനത്തിൽ തരംതിരിച്ച കണക്ക്.**

**(95-96)**

| പ്രായം | 0-1 | 1-2 | 2-3 | 3-6 | ആകെ |
|---|---|---|---|---|---|
| എണ്ണം | 209 | 198 | 196 | 381 | 992 |

## 95-96ലെ വിവിധ പെൻഷൻ ആനുകൂല്യങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

| സഹായധനത്തിന്റ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക |
|---|---|---|
| 1. കർഷകതൊഴിലാളി പെൻഷൻ | 608 പേർ | |
| 2. തൊഴിലില്ലായ്മാ വേതനം | 188 | |
| 3. വിധവാ അഗതി പെൻഷൻ | 325 | |
| 4. വാർദ്ധക്യ പെൻഷൻ | 130 | |
| 5: കയർ തൊഴിലാളി പെൻഷൻ | 60 | |
| ആകെ | 1311 | |

നൽകുന്ന പദ്ധതികൾക്കായിരിക്കണം പ്രാധാന്യം നൽകേണ്ടത്.

3. ഈ രംഗത്തെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കണം. ആനുകൂല്യത്തുക വർദ്ധിപ്പിക്കണം.

4. തൊഴിൽ സാദ്ധ്യതയുള്ള ട്രേഡുകളെ ട്രൈസം പദ്ധതിയിലുൾപ്പെടുത്തി പരിശീലനം നൽകുകയും തുടർന്ന് അവർക്ക് സാമ്പത്തിക സഹായം തൊഴിൽ ചെയ്യുന്നതിന് നൽകുകയും വേണം. ഈ മേഖലയിൽ കൂടുതൽ യുവതീയുവാക്കൾക്ക് അവസരം . ൽകണം.

5. ഇരുമ്പുപണി, മരപ്പണി, വൈരക്കല്ല് മിനുക്കൽ, യന്ത്രത്തറി ടൂവീലർ റിപ്പയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ ട്രൈസം പദ്ധതിയിൽ പരിശീലനം നൽകാവുന്നതാണ്.

6. DWCRA പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വാർഡിലും രണ്ട് യൂനിറ്റ് എന്ന നിരക്കിൽ മത്സ്യംവളർത്തൽ, തേനീച്ച വളർത്തൽ, റെഡിമെയ്ഡ് നിർമാണം, കോഴി വളർത്തൽ, ബുക്ക് ബൈൻഡിംഗ്, നോട്ടുബുക്ക് നിർമ്മാണം, സിമന്റ് കട്ട നിർമ്മാണം എന്നീ പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വനിതാവ്യവസായ യൂനിറ്റുകൾ ആരംഭിക്കണം.

7. ജനകീയ പങ്കാളിത്തത്തോടെ അങ്കണവാടികൾക്ക് സ്ഥിരം കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുക. ഈ കാര്യത്തിൽ ICDSന്റെ സാമ്പത്തികസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

8. അങ്കണവാടി മുഖേനയുള്ള പോഷകാഹാരവിതരണം ആരംഭിക്കുക.

9. മാസത്തിലൊരിക്കലെങ്കിലും ഡോക്ടർമാർ അങ്കണവാടികളിൽ വെച്ച് കുട്ടികളെയും ഗർഭിണികളെയും പരിശോധിക്കണം.

10. വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള അർഹതയുള്ളവരെ തെരഞ്ഞെടുക്കാനുള്ള അവകാശം പൂർണമായും പഞ്ചായത്ത് ഭരണസമിതിക്കായിരിക്കണം. പണത്തിന്റെ ദുർവിനിയോഗം തടയാനും അതിന്റെ കാര്യക്ഷമതക്കും ഇത് സഹായിക്കും.

11. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് തുക പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.

12. ക്ഷേമപദ്ധതികളിൽ അംഗമായവർക്ക് വരിസംഖ്യ അടക്കാനുള്ള സൗകര്യം പഞ്ചായത്തിലുള്ള ഏതെങ്കിലും ബാങ്കിൽ ഏർപ്പെടുത്തുക.

13. ലക്ഷംവീട്, നാല് സെന്റ്, ഹരിജൻ കോളനികളിൽ റിക്രിയേഷൻ സെന്ററുകൾ സ്ഥാപിക്കുക.

### 1995-96 കുത്തിവെയ്പ്പുകൾ നൽകിയ കണക്ക്

| കുത്തിവെപ്പ് | BCB | DPT | | | | DT | പോളിയോ |
|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | | |
| കുട്ടികളുടെ എണ്ണം | 79 | 113 | 135 | 145 | 117 | 130 | 326 |

# സംസ്കാരം

ദേശീയപ്രസ്ഥാനവും പുരോഗമനപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും നമ്മുടെ ഗ്രാമത്തിന്റെ സാമൂഹ്യ സാംസ്കാരികരംഗത്ത് ഏറെ ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഴയ തലമുറയിലെ ചെറുപ്പക്കാരുടെ സേവനസന്നദ്ധതയും ഉയർന്ന സാംസ്കാരിക ബോധവും ഈ രംഗത്ത് മുതൽകൂട്ടായിരുന്നു.

ജാതി-മത വിഭാഗങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും നമ്മുടെ ഗ്രാമത്തിൽ ശക്തമായ വേരോട്ടമുണ്ടായിരുന്നെങ്കിലും മതസാഹോദര്യത്തിന്റെയും ജനകീയ ഐക്യത്തിന്റെയും മഹത്തായ പാരമ്പര്യം നമുക്കുണ്ട്. വിഭാഗീയ ചിന്തകൾക്കതീതമായി പരസ്പരം സഹകരിച്ചും സഹായിച്ചുമാണ് ജനങ്ങൾ കഴിഞ്ഞിരുന്നത്. തലമുറകളിലൂടെ ആർജിച്ച സമ്പന്നമായ ഈ സാംസ്കാരിക പൈതൃകം ഇന്നും ഗ്രാമവാസികൾ കാത്തുസൂക്ഷിക്കുന്നു. ജാതീയമായ ഉച്ചനീചത്വങ്ങളോ സമ്പന്നദരിദ്ര വേർതിരിവുകളോ മുമ്പുകാലത്തും നമ്മുടെ സാംസ്കാരിക ജീവിതത്തെ ഏറെയൊന്നും ബാധിച്ചിരുന്നില്ലെന്ന് പഴമക്കാർ പറയുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് സ്ഥാപിതമായ വിദ്യാലയങ്ങളും ലക്ഷ്യബോധത്തോടെയുള്ള സാമൂഹ്യ-സാംസ്കാരികലാപ്രവർത്തനങ്ങളും ഇതിന് അടിത്തറയായിരുന്നിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ പ്രധാനസംഭവങ്ങളിലൊന്നായ കീഴരിയൂർ പട്ടിണിക്കാലത്ത് പഞ്ഞാട്ട് രാമോട്ടി, കുറുമയിൽ കേളുക്കുട്ടി തുടങ്ങിയവരുടെ സേവനസന്നദ്ധത എടുത്തുപറയാവുന്നതാണ്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി 1930-കളിൽ ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തകർ രൂപം കൊടുത്ത കീഴരിയൂർവായനശാല എന്നൊരു സ്ഥാപനം അരയനാട്ട് പാറക്ക് സമീപം ഉള്ളതായി പ്രായമുള്ളവർ പറയുന്നു. നാട്ടുകാരിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് ആരംഭിച്ച ഈ വായനശാല ഈന്തൻകണ്ടി കണാരൻ പ്രസിഡണ്ടും പഞ്ഞാട്ട് രാമോട്ടി, ഇരുട്ടുതാഴ ഗോപാലൻ മാസ്റ്റർ തുടങ്ങിയവർ അംഗങ്ങളുമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിലായിരുന്നു നടത്തിപ്പ്. പ്രസംഗപരിശീലന ക്ലാസ്, നൂൽനൂല്പ് തുടങ്ങിയപരിപാടികൾ വായനശാല സംഘടിപ്പിച്ചിരുന്നു. ഗ്രാമീണ ജനതക്ക് ഒത്തുചേരാനും രാഷ്ട്രീയസാമൂഹ്യകാര്യങ്ങൾ ചർച്ചചെയ്യാനും മറ്റുമുള്ള ഒരു കേന്ദ്രമായി ഇത് മാറിയിരുന്നു. വായനശാല കേന്ദ്രീകരിച്ചുകൊണ്ട് നാടകാവതരണവും നടന്നിട്ടുണ്ട്. പ്രസംഗപരിശീലനക്ലാസ്സിൽ ശ്രീ. വാഗ്ഭടാനന്ദസ്വാമികൾ പങ്കെടുത്തിരുന്നു. സ്വന്തമായി കെട്ടിടമുണ്ടായിരുന്ന ഈ സ്ഥാപനം നിയമലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തകർ ജയിലിലായതോടെ ക്രമേണ നശിച്ചുപോയി. ഇതേകാലഘട്ടത്തിൽ വായനശാലക്ക് സമീപം ഒരു വെൽഫയർ സ്കൂളും പ്രവർത്തിച്ചിരുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹരിജനങ്ങളുടെ വിദ്യാഭ്യാസസാംസ്കാരിക നില മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ ഉടമയിലുള്ളതായിരുന്നു ഈ സ്ഥാപനം. ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്ന കാലമായിട്ടും അന്യജാതിയിൽപ്പെട്ടവരും ഇവിടെ വിദ്യാർത്ഥികളായിരുന്നു. ഇത് നമ്മുടെ ഉയർന്ന സാംസ്കാരികബോധത്തിന് ഉദാഹരണമാണ്.

ഹിന്ദു-മുസ്ലിം മതവിഭാഗത്തിൽപ്പെട്ടവരാണ് പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും. അവരുടെ ആരാധനാലയങ്ങളായി 11 ക്ഷേത്രങ്ങളും 9 പള്ളികളും ഈ പഞ്ചായത്തിലുണ്ട്. ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തമാണെങ്കിലും അവയൊന്നും ഏറ്റുമുട്ടാതെ പരസ്പരം സഹകരിച്ച് സഹോദരങ്ങളെപ്പോലെ ഇന്നും കഴിയുന്നു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് നടത്തുന്ന ഉത്സവങ്ങളിൽ ജാതിമതപരിഗണനകൾക്കതീതമായി ജനങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടാകാറുണ്ട്. ജാതീയമായ ഉച്ചനീചത്വം നിലനിന്നിരുന്ന കാലത്തും ഈ വിഭാഗങ്ങൾ ഐക്യത്തിലായിരുന്നു. എളമ്പിലാട് പരദേവതാക്ഷേത്രോത്സവം ഇക്കാര്യത്തിൽ മാതൃകയാണ്. ഗ്രാമത്തിന്റെ ഉത്സവമായിട്ടാണ് ഇതിനെ ജനങ്ങൾ കാണുന്നത്. ദേവസ്വങ്ങളും കുടുംബങ്ങളും നടത്തിയിരുന്ന ഉത്സവങ്ങൾ ഇപ്പോൾ ജനകീയ കമ്മിറ്റികൾ നിയന്ത്രിക്കുന്നു. മുസ്ലിങ്ങളുടെ പുണ്യദിനമായ പെരുന്നാളാഘോഷത്തിൽ മറ്റു മതവിഭാഗക്കാരും പങ്കുചേരുന്ന സ്ഥിതിയുണ്ട്. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ നിലനില്ക്കുന്ന സമൂഹനോമ്പുതുറ പോലുള്ള കാര്യങ്ങൾ മതസാഹോദര്യത്തിന്റെ ഉദാഹരണങ്ങളാണ്. ഓണം, വിഷു തുടങ്ങിയ ആഘോഷങ്ങളിൽ ജാതീയവും മതപരവുമായ അതിർവരമ്പുകളില്ലാതെ ഗ്രാമീണർ പ്രത്യേകിച്ച് യുവാക്കൾ താല്പര്യത്തോടെ പങ്കെടുക്കുന്നത് സമ്പന്നമായ നമ്മുടെ സാംസ്കാരികപൈതൃകത്തിന്റെ സവിശേഷതയാണ്. നബിദിനം, ശ്രീകൃഷ്ണജയന്തി തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഘോഷപരിപാടികളും പഞ്ചായത്തിൽ നടക്കാറുണ്ട്.

ജാതിക്കും മതത്തിനും അതീതമായി ബഹുജനാവകാശസംരക്ഷണത്തിനായി സംഘടിപ്പിക്കപ്പെട്ട പ്രസ്ഥാനങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ ശക്തമായ വേരോട്ടമുണ്ട്. അവയുടെയൊക്കെ പ്രവർത്തനം നമ്മുടെ സാംസ്കാരിനവോത്ഥാനത്തിൽ പ്രബലമായ സ്വാധീനം ചെലുത്തിയിരുന്നു. അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും, രാജ്യസ്നേഹപരവും ബഹുജനവിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സംഘടനകൾ മുൻപന്തിയിൽ നിൽക്കുന്നു.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വലിയ സ്വാധീനം മുമ്പു തന്നെ ഇല്ലാതിരുന്നെങ്കിലും ഉള്ള മേഖലകളിൽ കാതലായ മാറ്റം വന്നിട്ടുണ്ട്. എന്നാൽ മരണം, വിവാഹം തുടങ്ങിയ ചടങ്ങുകളിൽ പഴയ ആചാരങ്ങൾ ഇന്നും നിലനില്ക്കുകയോ വർദ്ധിച്ചുവരുകയോ ചെയ്തിട്ടുണ്ട്. സ്ത്രീധനസമ്പ്രദായവും വിവാഹാർഭാടവും നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി വരുന്നു. സാധാരണക്കാരിൽ പോലും അന്തസ്സിന്റെ പ്രശ്നമായി കാണുന്ന പ്രവണത വ്യപകമായി വരുന്നുണ്ട്. നഗരസംസംകാരത്തിന്റെ സ്വാധീനം നമ്മുടെ സാംസ്കാരിതനിമക്ക് കളങ്കമേൽപ്പിക്കുന്ന സ്ഥിതിയിലേക്ക് വളർന്നുവരുന്നു.

സാംസ്കാരിക സംക്രമണത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖ്യപങ്കുവഹിക്കുന്നു. പഠനബോധനപ്രവർത്തനത്തോടൊപ്പം കലാ-കായിക-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ രക്ഷിതാക്കൾക്കും നാട്ടുകാർക്കും ഇടപെടുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളും ഇത്തരം പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരമുള്ള രണ്ട് ലൈബ്രറികളാണ് നിലവിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

**ലൈബ്രറിയെ സംബന്ധിച്ച വിവരങ്ങൾ**

| പേര് | സ്ഥാപിച്ച | പുസ്തക | ഗ്രേഡ് |
|---|---|---|---|
| വള്ളത്തോൾ സ്മാരക വായനശാല | 1958 | 3403 | D |
| പേസ് ലൈബ്രറി | 1971 | 1568 | F |

സാമൂഹ്യസേവനനിർമ്മാണരംഗത്ത് നിരവധി സംഭാവനകൾ നല്കിയ യുവജനസംഘം എന്ന സംഘടനയിലെ ഏതാനും ചെറുപ്പക്കാരുടെ ഫലമായാണ് വള്ളത്തോൾ സ്മാരക വായനശാല രൂപം കൊള്ളുന്നത്. ആദ്യകാലങ്ങളിൽ പ്രസംഗപരിശീലന ക്ലാസ്സുകൾ, വയോജനവിദ്യാഭ്യാസം, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിൽ ഈ സ്ഥാപനത്തിന് കഴിഞ്ഞിരുന്നെങ്കിലും ഇന്ന് ആ മേഖലയിലുള്ള പ്രവർത്തനം തൃപ്തികരമല്ല. പെയ്സ് ലൈബ്രറി ഗ്രാമീണ പുസ്തക വിതരണത്തിലും കലാകായിക രംഗത്തും ശ്രദ്ധയൂന്നി പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് വീടുകളിൽ പുസ്തകമെത്തിക്കുന്ന പ്രവർത്തനം ഇതിന്റെ പ്രവർത്തകർ നടത്തിവരുന്നു. സർക്കാരിന്റെ ഗ്രാന്റുപയോഗിച്ചാണ് ഈ ലൈബ്രറികൾ പുസ്തകം ശേഖരിക്കുന്നത്. പുസ്തകങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് കാരണം വിവിധ അഭിരുചിയുള്ള വായനക്കാരെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ പുസ്തകങ്ങൾ വാങ്ങാൻ കഴിയാറില്ല. എന്നാൽ ലഭ്യമായ പുസ്തകങ്ങൾ വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള വായനക്കാർ ഉപയോഗപ്പെടുത്താത്ത സ്ഥിതിയുണ്ട്. ഇടക്കാലത്ത് വായനാശീലം ഗണ്യമായി കുറഞ്ഞുവരുന്നതായി ഗ്രന്ഥാലയങ്ങളുടെ ഇഷ്യൂ റജിസ്റ്റർ വെളിപ്പെടുത്തുന്നു. പുസ്തകവായനയിൽ സ്ത്രീകൾ വളരെ പിന്നിലാണ്. വായനാശീലം മെച്ചപ്പെടുത്തുന്നതിൽ ലൈബ്രറികൾ ആസൂത്രിതമായ പരിപാടികൾ രൂപപ്പെടുത്തേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ് ലൈബ്രറികളുടെ പ്രവർത്തനം നടത്തുന്നത്. ഈ രണ്ട് ലൈബ്രറികളും ഇപ്പോൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. അംഗവരിസംഖ്യയും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ മുഖേനയുമാണ് വാടകയും മറ്റു ദൈനംദിനം ചെലവുകളും നിറവേറ്റുന്നത്. സ്ഥലപരിമിതി കാരണം ഗ്രാമീണർക്ക് ഒത്തു

ചേരാനും പത്രമാസികാദികൾ വായിക്കാനും അതു കൊണ്ട് കഴിയുന്നില്ല. കൃഷിക്കാർ, വിദ്യാർത്ഥികൾ തുടങ്ങി മൊത്തം ജനങ്ങളുടെ ഗ്രാമതലത്തിലുള്ള ഒരു ഇൻഫർമേഷൻ സെന്ററായി ഗ്രന്ഥശാലകളെ വളർത്തേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കണം. പഞ്ചായത്തിനകത്തുള്ള അപൂർവ്വം ചില കലാകായിക സമിതികളിൽ ചെറുപുസ്തകശേഖരം ഉണ്ടെങ്കിലും പ്രവർത്തനം നാമമാത്രമാണ്. ഇസ്ലാമിക് ലൈബ്രറി, റോട്ടറി ക്ലബ്ബ് ലൈബ്രറി എന്നിവ ഇടക്കാലത്ത് സ്ഥാപിതമായെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ഇന്ന് പഞ്ചായത്തിൽ 18 കലാസമിതികളുണ്ടെങ്കിലും വ്യക്തമായ ഒരു സാംസ്കാരിക ദിശാബോധത്തോടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിൽ സജീവമല്ല. പലതും വാർഷികാഘോഷങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. സാമ്പത്തികബാദ്ധ്യതയും കൂട്ടായ്മയുടെ അഭാവവും കലാസമിതികളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്ന ഘടകങ്ങളാണ്. കലാകാരന്മാർ ചേക്കേറിയിട്ടുള്ള കലാസമിതികൾക്ക് സാംസ്കാരിക ദിശാബോധം നിർണയിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ ഒരു സംവിധാനം ഉണ്ടാകണം. പഴയതും പുതിയതുമായ തലമുറയിൽപ്പെട്ട കഴിവുറ്റ നാടക നടന്മാരും മറ്റു കലാരൂപങ്ങളിൽ താല്പര്യമുള്ളവരും നമ്മുടെ പ്രദേശത്തുണ്ട്. ഇവരെയൊക്കെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രൊഫഷണൽ നിലവാരത്തിലുള്ള കലാട്രൂപ്പുകൾ രൂപീകരിക്കാൻ കഴിയും.

പഞ്ചായത്തിലെ തനതു നാടൻ കലാരൂപങ്ങളായ കോൽക്കളി, നാടൻ പാട്ടുകൾ, ദഫ്മുട്ട്, കുതിരക്കോലം എന്നിവയും അനുഷ്ഠാനപാരമ്പര്യ കലകളായ തെയ്യം, തിറ, കെട്ടിയാട്ടം തുടങ്ങിയവയും ആധുനിക വിജ്ഞാനോപാധികൾക്കിടയിൽ അന്യം നിന്നു പോയിരിക്കുന്നു. ഒരു ജനതയുടെ സാംസ്കാരിക തനിമയെ കാണിക്കുന്ന ഇത്തരം കലാരൂപങ്ങൾക്ക് അർഹമായ പരിഗണന നൽകി പുനരുജ്ജീവിപ്പേണ്ടതുണ്ട്. കലാസമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇല്ലെന്നു തന്നെ പറയാം. കലാകായിക പരിപാടികളിൽ അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന പദ്ധതികൾ രൂപപ്പെടുത്തണം. കലാ-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിൽ നിലവിലുള്ള കലാസമിതികൾ വേണ്ടത്ര താല്പര്യം കാണിക്കാറില്ല.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 10% വീടുകളിൽ മാത്രമാണ് ടി.വി. ഉപയോഗിക്കുന്നതെങ്കിലും സാമൂഹ്യജീവിതത്തിൽ പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ ഇത് സ്വാധീനം ചെലുത്തുന്നുണ്ട്. കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നതോടൊപ്പം വായനയിലുള്ള താല്പര്യം കുറയ്ക്കുന്നതിൽ ഇത്തരം മാധ്യമങ്ങളുടെ തള്ളിക്കയറ്റം ഇടയാക്കുന്നു. ടി.വി. പരിപാടികൾ നമ്മുടെ സംസ്കാരത്തിന് യോജിച്ചതും നമുക്ക് ആവശ്യമുള്ളതുമാണെന്ന് പറയാൻ വയ്യ.

വിവിധ കായികവിനോദപരിപാടികളിൽ താല്പര്യമുള്ളവരായിരുന്നു ഗ്രാമീണർ. അതിരുവെട്ട്, അമ്പെയ്ത്ത്, ഫുട്ബോൾ, വോളിബോൾ എന്നിവ മത്സരാടിസ്ഥാനത്തിലും അല്ലാതെയും നടത്തിയിരുന്നു. കളരിപ്പയറ്റ് അഭ്യസിപ്പിച്ചിരുന്ന കുറുവച്ചാലിൽ വീട് പ്രസിദ്ധമായിരുന്നു. കേവലവിനോദത്തിലുപരി കായികശേഷി വർദ്ധിപ്പിക്കുന്നതിലും ഇവയ്ക്ക് വലിയ പങ്കുണ്ട്. കായികരംഗത്ത് വോളിബോളിൽ നമ്മുടെ ഗ്രാമം പ്രശസ്തമായിരുന്നു. മലബാറിൽ തന്നെ പ്രസിദ്ധരായ വോളിബോൾ കളിക്കാർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. വോളിബോൾ കളിയിൽ മുൻതലമുറയുടെ പാരമ്പര്യം ഇന്നും നാം കാത്തുസൂക്ഷിക്കുന്നുണ്ട്. ശ്രുതി കീഴരിയൂർ സംഘടിപ്പിക്കുന്ന തെക്കേടത്തിൽ ഭാസ്കരൻ സ്മാരക വോളിബോൾ മേളക്ക് വമ്പിച്ച ജനപങ്കാളിത്തം ഉണ്ടാകാറുണ്ട്. നമ്പ്രത്തുകര, നടുവത്തൂർ ഭാഗത്തുള്ളവർ ഫുട്ബോൾ കളിയിൽ തൽപ്പരരാണ്. ഇവയൊക്കെ ഏകോകിപ്പിക്കുന്ന ഒരു കായിക സംസ്കാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വ്യാജവാറ്റും വില്പനയും സമാധാനജീവിതത്തിനും സാംസ്കാരികജീർണതക്കും കാരണമാവുന്നുണ്ട്. ഇതിനെതിരെ നടപടികളും ബോധവൽക്കരണവും അത്യാവശ്യമാണ്.

### പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥല പരിമിതികാരം വായനക്കാർക്ക് ഒത്തുചേരാൻ കഴിയുന്നില്ല.

2. വ്യക്തമായ ഒരു സാംസ്കാരിക ദിശാബോധത്തിന്റെ അഭാവം കലാ സാംസ്കാരിക വേദികളുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല.

3. നാടൻ കലകളും പാരമ്പര്യ അനുഷ്ഠാനകലകളും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

4. കായിക സംസ്കാരം പരിപോഷിപ്പിക്കുന്ന യാതൊരു പ്രവർത്തനവും ഇന്ന് നടക്കുന്നില്ല.

5. വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുന്നുണ്ട്.

6. നമ്മുടെ ഗ്രാമത്തിന്റെ തനത് കലകൾ നശിച്ചുകൊണ്ടിരിക്കുന്നു.

7. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സ്വാധീനവും മറ്റ് മാധ്യമങ്ങളുടെ പ്രചാരവും വായനാശീലം കുറയാൻ ഇടയാക്കിയിട്ടുണ്ട്.

8. വിവാഹാദി ചടങ്ങുകൾ ആർഭാടകരമായി നടന്നിരുന്നു. സ്ത്രീധന സമ്പ്രദായം വ്യാപകമായിട്ടുണ്ട്.

9. കലാ കായിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകളുടെ വായനാശീലം കുറഞ്ഞുവരുന്നു.

10. തുടർ സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. നവസാക്ഷരർക്കുള്ള ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു.

11. സ്കൂളുകളിലെ കായിക പരിശീലനം അപര്യാപ്തവും അശാസ്ത്രീയവുമാണ്.

12. സജ്ജീവമായി പ്രവർത്തിക്കുന്ന പല കലാസമിതികൾക്കും സ്വന്തമായി കെട്ടിടങ്ങളോ ഫർണിച്ചറുകളോ വൈദ്യുതി സൗകര്യങ്ങളോ ഇല്ല.

13. സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം ഫലപ്രദമല്ല.

## സാധ്യതകൾ

1. വള്ളത്തോൾ സ്മാരക വായനശാലയുടെ പെയ്സ് ലൈബ്രറി എന്നിവയ്ക്ക് സ്വന്തമായികെട്ടിടം നിർമ്മിക്കണം. സന്നദ്ധ സേവനവും മറ്റ് വിഭവങ്ങളും ഉപയോഗപ്പെടുത്താൻ കഴിയും.

2. ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാമീമ പുസ്തകവിതരണ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കണം.

3. വിദഗ്ധന്മാരെ ഉൾപ്പെടുത്തി ഗ്രന്ഥശാലാ ഉപദേശക സമിതി രൂപീകരിച്ച് ലൈബ്രറികളേയും വായനശാലകളേയും ഏകോപിപ്പിക്കണം.

4. കലാസമിതികളുടെ ഗുണ മേന്മ വർദ്ധിപ്പിക്കുന്നതിനും ദിശാ ബോധം നൽകുന്നതിനും സമിതി ഭാരവാഹികളെ ഉൾപ്പെടുത്തി പഞ്ചായത്ത് കേന്ദ്ര കലാസമിതിക്ക് രൂപം നൽകണം.

5. നാടൻ കലകളെ സംരക്ഷിക്കാൻ കലാകാരന്മാർക്ക് പ്രോത്സാഹനങ്ങളും നാടൻ കലാമേളകൾ മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യണം.

6. കലാസമിതികൾക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

7. കായിക പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകണം.

8. ഫ്രീഡം ഫൈറ്റേഴ്സ് സ്റ്റേഡിയം ഓപ്പൺ എയർ തീയേറ്റർ ആക്കണം.

9. പഞ്ചായത്തിൽ സാംസ്കാരിക നിലയവും കമ്യൂണിറ്റി ഹാളും നിർമ്മിക്കുക.

10. സ്ത്രീകളുടെ വായനാശീലം ഉയർത്തുന്നതിന് സഞ്ചരിക്കുന്ന ലൈബ്രറി സ്ഥാപിക്കുക.

11. ഒറോക്കുന്ന് മലയുടെ വടക്കുഭാഗത്ത് പൊതു കളിസ്ഥലവും ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കുക.

12. സ്കൂൾ വിദ്ധ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് കായിക കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.

13. നാടിന്റെ പുരാതന ചരിത്രം, ഐതിഹ്യങ്ങൾ എന്നിവ ശേഖരിച്ചുവെക്കുന്നതിന് സൗകര്യമുണ്ടാക്കുക.

14. ലൈബ്രറികൾക്കും കലാസമിതികൾക്കും പത്രം, ടി.വി., എന്നിവ നൽകുക.

15. രാജാറാംമോഹൻറോയ് ഫൈഡേഷൻ ഫണ്ട് ലഭ്യമാക്കാൻ ശ്രമം നടത്തണം.

16. വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും സ്ത്രീധന സമ്പ്രദായവും അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക.

17. മദ്യത്തിനെതിരെ യുവജനങ്ങളിൽ പ്രത്യേകിച്ചും ബോധവൽക്കരണം നടത്തണം.

18. എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇവയെ നവസാക്ഷരർക്കും സാക്ഷരർക്കും ഉപയോഗിക്കാവുന്ന വായനശാലകളാക്കി മാറ്റാം.

# വനിത

## ആമുഖം

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 51% സ്ത്രീകളാണ്. 1000 പുരുഷന്മാർക്ക് 1050 സ്ത്രീകൾ വരും. 1996-ലെ കണക്കനുസരിച്ചുള്ള 2468 കുടുംബങ്ങളിൽ 225 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. വിദ്യാഭ്യാസ നിലവാരത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നോക്കമാണ്. സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവർ വളരെ കുറവാണെങ്കിലും അഭ്യസ്തവിദ്യരായ വനിതകളുടെ എണ്ണം കുറവല്ല.

വനിതകളിൽ ഭൂരിഭാഗവും നിർമ്മാണതൊഴിൽ, കാർഷിക, കയർ എന്നീ മേഖലകളിൽ ജോലിചെയ്യുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലിനിരക്ക് കുറവാണ്. അതോടൊപ്പം ഭാഗികമായി മാത്രം തൊഴിലുള്ളവരും ഇവരിൽപെടും. പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ ഉണ്ടെങ്കിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് രാഷ്ട്രീയപാർട്ടികളിൽപോലും നിലനിൽക്കുന്നില്ല വനിതകളിലും പുരുഷന്മാരിലും ബോധവൽക്കരണം നടത്തിയാൽ ഇതിന് മാറ്റം വരുത്താം.

ആരോഗ്യപരിപാലനത്തിൽ വനിതകൾ ഏറെക്കുറെ ബോധവാന്മാരാണ്. ഗർഭിണികളുടെ ആരോഗ്യപരിചരണം തുടക്കം മുതലേ നടന്നുവരുന്നു. പ്രസവം 100 ശതമാനവും ആശുപത്രികളിലാണ് നടക്കുന്നത്. ഇക്കാര്യത്തിൽ അംഗൻവാടികളുടെ സേവനം പ്രശംസനീയമാണ്. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പിലും മുലയൂട്ടുന്നതിലും മാതാക്കൾ പ്രത്യേക ശ്രദ്ധാലുക്കളാണ്. സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസം വലിയൊരളവോളം നിലനിൽക്കുന്നു.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ശക്തമായ സ്വാധീനമുള്ള നമ്മുടെ പ്രദേശത്ത് സ്ത്രീകൾക്ക് നേതൃത്വപരമായ പങ്ക് ഇല്ല. പുരുഷമേധാവിത്വവും സ്വന്തമായി വരുമാനമാർഗ്ഗം ഇല്ലായ്മയുമാണ് ഇതിന് കാരണം. പരിഹാരം കാണേണ്ട രാഷ്ട്രീയ പാർട്ടികൾ പോലും സ്ത്രീകളെ മുൻനിരയിൽ

ചാർട്ട് 1

| | | |
|---|---|---|
| 1. | പഞ്ചായത്തിലെ മൊത്തം ജനസംഖ്യ | 13482 |
| 2. | സ്ത്രീകളുടെ എണ്ണം | 6900 |
| 3. | ശതമാനം | 51.1 |
| 4. | പട്ടികജാതികളുടെ എണ്ണം | 605 |
| 5. | മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാരിൽ സ്ത്രീകൾ | 1050 |
| 6. | 1996 ജനുവരിയിൽ മൊത്തം കുടുംബം | 2468 |
| 7. | സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾ | 225 |
| 8. | വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചു കുറവോ/കൂടുതലോ | കുറവ് |

പട്ടിക 2

| സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം | | |
|---|---|---|
| 1. | കാർഷിക തൊഴിൽ | 300 |
| 2. | മത്സ്യബന്ധനം | 15 |
| 3. | നിർമ്മാണതൊഴിൽ | 120 |
| 4. | കയർ | 500 |
| 5. | കുടിൽ വ്യവസായം | 30 |
| 6. | ചെമ്മീൻ തോട് പൊളിക്കൽ (Packing) | 240 |
| 7. | കൈത്തറി | 50 |
| 8. | പരമ്പരാഗത തൊഴിൽ (പായനെയ്ത്ത്) | 150 |
| 9. | വ്യാപാരം | 3 |
| 10. | സർവ്വീസ് | 53 |
| | ആകെ | 14614 |

കൊണ്ടുവരാൻ ശ്രദ്ധിക്കുന്നില്ല.

1. ദേശീയ പുരോഗമന പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള മണ്ണാണ് നമ്മുടേത്. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2. തൊഴിൽ മേഖലകൾ വളരെ കുറഞ്ഞ നമ്മുടെ പ്രദേശത്ത് ഉള്ളവയിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം കിട്ടുന്നില്ല.

3. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സംഘടിതമായ ശ്രമം നടക്കുന്നില്ല.

4. സ്ത്രീകളുടെ നേതൃത്വപരമായ അഭാവം DWCRA പോലെയുള്ള വ്യവസായ യൂനിറ്റുകൾ തുടങ്ങാൻ കഴിയാതെ പോകുന്നു.

5. പ്രവർത്തനക്ഷമമായ മഹിളാസമാജങ്ങൾ ഇല്ലാത്തതുകൊണ്ട് സ്ത്രീകൾക്ക് സംഘടിക്കാനും ബോധവൽക്കരണത്തിലൂടെ പൊതുവിജ്ഞാനം വളർത്താനും കഴിയുന്നില്ല.

## സാധ്യതകൾ

I സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട വ്യവസായ യൂനിറ്റുകൾ സ്ഥാപിക്കണം.

a. പപ്പട നിർമ്മാണ യൂനിറ്റ്

b. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

c. മെഴുക്തിരി നിർമ്മാണം

d. അച്ചാർ നിർമ്മാണം

e. മസാലപൊടി (കറിപൗഡർ) നിർമ്മാണം

f. ഹവായ് ചപ്പൽ നിർമ്മാണം

g. കരങ്കൽ അടിച്ച് മെറ്റലാക്കൽ

h. പറങ്കിമാങ്ങയിൽ നിന്നും സ്ക്വാഷ് ഉണ്ടാക്കൽ

**a. പപ്പട നിർമ്മാണം:** പഞ്ചായത്തിൽ നിലവിൽ പപ്പട നിർമ്മാണ യൂനിറ്റില്ല. ആവശ്യമായ പപ്പടം മറ്റു പ്രദേശങ്ങളിൽ നിന്നാണ് വരുന്നത്. ഇത്തരം ഒരു യൂനിറ്റ് ഇവിടെ സ്ഥാപിതമായാൽ മുഴുവൻ വീടുകളിലും എത്തിച്ചു വിപണന സാദ്ധ്യത വർദ്ധിപ്പിക്കുകയും അതുവഴി വനിതകളുടെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുകയും ചെയ്യാം.

**b. റെഡിമെയ്ഡ് വസ്ത്രം:-** തയ്യൽ പരിശീലനം നേടിയവർ നമ്മുടെ പ്രദേശത്ത് ധാരാളം ഉണ്ട്. ഇവരെ സംഘടിപ്പിച്ച് പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഒരു സഹകരണ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂനിറ്റ് തുടങ്ങണം. ആളുകൾ റെഡിമെയ്ഡ് വസ്ത്രങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന ഈ കാലത്ത് വിപണന സാദ്ധ്യത കൂടുതലാണ്. പഞ്ചായത്തിനാവശ്യമായ വസ്ത്രങ്ങൾ മുഴുവൻ ഈ യൂനിറ്റിലൂടെ വിതരണം ചെയ്യാൻ കഴിയും.

**c. അച്ചാർ, മസാലപൊടി നിർമ്മാണം:-** സാങ്കേതിക വിദ്യ ഏറെ ആവശ്യമില്ലാത്ത തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണിത്. താല്പര്യമുള്ള ഒട്ടേറെ ആളുകൾ ഈ പ്രദേശത്തുണ്ട്. ഈ യൂനിറ്റിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മുഴുവൻ വീടുകളിലും എത്തിച്ചാൽ ലാഭകരമായി നടത്താൻ കഴിയും.

**കരങ്കൽ അടിച്ചു മെറ്റലാക്കൽ:-** നിർമ്മാണ പ്രവർത്ത

നങ്ങൾ ദ്രുതഗതിയിൽ നടക്കുന്ന ഒരു കാലഘട്ടമാണിത്. ഈ രംഗത്ത് ഒഴിച്ചു അത്യാവശ്യമായ ഒന്നാണ് മെറ്റൽ. കരിങ്കൽ ക്വാറികൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ ഇത്തരം ഒരു യൂനിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയാൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും.

പറങ്കിമാങ്ങ സ്ക്വാഷ്:- ജനുവരി, ഫിബ്രവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പറങ്കിമാങ്ങ സുലഭമായി കിട്ടാറുണ്ട്. ഔഷധഗുണമുള്ളതും ദാഹശമനിയുമായ ഇത് നമ്മുടെ പ്രദേശത്ത് ഉപയോഗശൂന്യമാവുകയാണ്. ഇതു ശാസ്ത്രീയമായി സംസ്കരിച്ച് സ്ക്വാഷ് ഉണ്ടാക്കി തൊട്ടടുത്ത പട്ടണങ്ങളിൽ വിപണി കണ്ടെത്തിയാൽ ധാരാളം വനിതകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

മെഴുകുതിരി:- വൈദ്യുതീകരിക്കാത്ത വീടുകളധികമുള്ള നമ്മുടെ പ്രദേശത്ത് മെഴുകുതിരി ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ്. ഇത്തരം ഒരു യൂനിറ്റ് സ്ഥാപിച്ചാൽ തൊഴിൽ സാദ്ധ്യത വർദ്ധിക്കും.

ചെരുപ്പ് നിർമ്മാണം ജനങ്ങളിൽ ഭൂരിപക്ഷവും ചെരുപ്പ് ഉപയോഗിക്കുന്നവരാണ്.

നമ്മുടെ പഞ്ചായത്തിൽ ഹവായ് ചപ്പൽ നിർമ്മിക്കുന്ന ഒരു സംരംഭത്തിന് രൂപം നൽകിയാൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ഭാവിയിൽ പഞ്ചായത്തിനും ജനങ്ങൾക്കും വൻപുരോഗതി കൈവരിക്കുകയും ചെയ്യാം.

1. മദ്യപാനം, പണം വെച്ചുള്ള ശീട്ടുകളി എന്നിവ വ്യാപകമാവുന്നുണ്ട്. പുരുഷന്മാരുടെ മദ്യപാനം സ്ത്രീകളുടെ മന:സമാധാനം കെടുത്തുന്നു. പലപ്പോഴും ഈ വിപത്ത് കൂട്ട ആത്മഹത്യവരെ എത്താറുണ്ട്. വ്യക്തിയേയും, കുടുംബത്തേയും അതുവഴി സമൂഹത്തെയും ഇത് നശിപ്പിക്കുന്നു. വ്യാജമദ്യഉൽപാദനവും, വിൽപനയും നമ്മുടെ നാട്ടിൽ അനുദിനം വർദ്ധിച്ചുവരുന്നു. ഈ രണ്ടു വിപത്തും തുടച്ചുമാറ്റുന്നതിന് സംഘടിത ബോധവൽക്കരണ പ്രസ്ഥാനം വളർന്നുവരണം.

2. സ്ത്രീധനം:- നിയമപ്രകാരം കുറ്റകരമാണെങ്കിലും സമൂഹത്തിൽ ചില സമുദായങ്ങളിൽ സ്ത്രീധനസമ്പ്രദായം നിലനിൽക്കുന്നു. യഥാർത്ഥത്തിൽ പുരുഷൻ സ്ത്രീക്ക് കൊടുക്കേണ്ട ധനമാണ് ഇതെങ്കിലും പുരുഷ മേധാവിത്വം നിലനിൽക്കുന്ന സമൂഹത്തിൽ നേരെ മറിച്ചാണ് സംഭവിക്കുന്നത്. സ്ത്രീധന പീഢനമരണം നിത്യ സംഭവമായ ഈ കാലഘട്ടത്തിൽ സ്ത്രീധന സമ്പ്രദായത്തിനെതിരെ ജനങ്ങൾക്കിടയിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിക്കണം.

3. വിവാഹധൂർത്ത്:- ദരിദ്ര-ധനിക വ്യത്യാസമില്ലാതെ വിവാഹങ്ങൾ ഇന്ന് ആർഭാടത്തോടെയാണ് നടന്നുവരുന്നത്.

മത്സരബുദ്ധ്യായുള്ള ഇത്തരം ധൂർത്തിൽ പലപ്പോഴും കിടപ്പാടങ്ങൾപോലും വില്ക്കേണ്ടി വന്നവർ നമ്മുടെ പ്രദേശത്തുണ്ട്. വിവാഹം അനാർഭാടവും, ലളിതവുമായി നടത്താൻ രാഷ്ട്രീയപാർട്ടികൾ പരിപാടി തയ്യാറാക്കണം. ഇതിനെതിരെ ഒരു സംഘടിത പ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിൽ അടിയന്തരമായി രൂപം കൊടുക്കണം.

◆

# സഹകരണം

പഞ്ചായത്ത് രാജ് സംവിധാനത്തിൽ സഹകരണസംഘങ്ങളുടെ സഹായം പരമപ്രാധാന്യം അർഹിക്കുന്നു. ഇന്ത്യയിൽ സഹകരണ നിയമത്തിന്റെ (കോപ്പറേറ്റീവ് സൊസൈറ്റി ആക്റ്റ് 1904) അടിസ്ഥാനത്തിലാണ് സഹകരണസംഘങ്ങൾ ആരംഭിച്ചത്. സഹകരണബാങ്കുകൾ 50% നഷ്ടത്തിലാണെന്നാണ് സർക്കാർ കണക്കുകൾ കാണിക്കുന്നത്. അതുകൊണ്ടുതന്നെ സഹകരണം പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

13482 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 4786 പേർ സഹകരണസംഘങ്ങളിൽ അംഗങ്ങളാണ്. പഞ്ചായത്തിനുപുറത്തുള്ള സ്ഥാപനത്തെ അംഗങ്ങളായിട്ടുള്ളവരും കുറവല്ല. വായ്പാ സഹകരണസംഘങ്ങളും വായ്പേതര സംഘങ്ങളുമടക്കം 10 സ്ഥാപനങ്ങൾ നിലവിലുണ്ട്. സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖയും, കാർഷികവികസന ബാങ്കിന്റെ ഗുണഭോക്താക്കളും ഇവിടെയുണ്ട്.

കച്ചവടം, വാഹനം, ചെറുകിടവ്യവസായം, കൃഷി, മറ്റു പ്രത്യേക വായ്പാ ഇനം എന്നിവയിൽ ഗ്രാമീൺ ബാങ്കും തെങ്ങ്കൃഷി, പമ്പ്സെറ്റ്, കിണർ, തൊഴുത്ത്, ഭവന നിർമ്മാണം എന്നിവയിൽ കാർഷികവികസന ബാങ്കും ജനങ്ങളുപയോഗപ്പെടുത്തുന്നു. വായ്പാ നടപടികൾ ഉദാരമല്ലാത്തതുകൊണ്ടുതന്നെ ജനങ്ങൾക്ക് വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

1927-ലാരംഭിച്ച കീഴരിയൂർ സർവീസ് സഹകരണബാങ്കാണ് വായ്പാ രംഗത്തെ ഏറ്റവും പഴക്കം ചെന്ന സഹകരണസ്ഥാപനം. 3100 അംഗങ്ങളുള്ള ഇതിന്റെ ബ്രാഞ്ച് പഞ്ചായത്തിലെ നമ്പ്രത്തുകരയിൽ 1984 മുതൽ പ്രവർത്തിച്ചുവരുന്നു. അംഗങ്ങൾക്ക് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല കാർഷിക വായ്പകളും സ്വർണപണ്ടത്തിന്മേൽ വായ്പകളുമാണ് നൽകിവരുന്നത്. അംഗീകൃത ഓഹരി മൂലധനം 2125000 രൂപയാണ്.

സഹകരണ മേഖല വേണ്ടത്ര ഇല്ലെങ്കിലും ഈ അടുത്ത കാലത്ത് വായ്പേതര സ്ഥാപനങ്ങൾ ചിലത് രൂപപ്പെട്ടിട്ടുണ്ട്. 1978ൽ രൂപപ്പെട്ട നെല്ലിയാടി കയർ വ്യവസായ സർവ്വീസ് സൊസൈറ്റി, കയർ വ്യവസായ സൊസൈറ്റി നമ്പ്രത്ത്കര, കീഴരിയൂർ ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം, കീഴരിയൂർ പട്ടികജാതി സഹകരണ സംഘം, കീഴരിയൂർ കൈത്തറി സഹകരണ സംഘം, കീഴരിയൂർ പഞ്ചായത്ത് ഗ്രാമ വ്യവസായ സഹകരണ സംഘം, ക്ഷീര സഹകരണ സംഘം കീഴരിയൂർ തുടങ്ങിയവയാണ് പഞ്ചായത്തിലുള്ളത്.

ഇതിൽ മിക്കവയും പേരിലൊതുങ്ങുന്ന സ്ഥാപനങ്ങളാണ്. ക്ഷീരസഹകരണ സംഘം മൃതപ്രായമായിട്ടുണ്ട്. മാനേജ്മെന്റിന്റേയും ആധുനിക സാങ്കേതിക വിദ്യയുടേയും കുറവാണ് കയർ സൊസൈറ്റികളുടെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് കാരണം. സ്ഥാപനത്തിൽ അംഗങ്ങളായിട്ടുള്ളവരെ സഹായിക്കുന്ന രീതിയിലല്ല അതിന്റെ പ്രവർത്തനം. വായ്പാ സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളായിട്ടുള്ളവരെ സഹായിക്കുന്നരീതിയിലല്ല അതിന്റെ പ്രവർത്തനം കൂട്ടുപലിശയടക്കം അമിത പലിശ ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കുന്നവർ രക്ഷപ്പെടാറില്ല. കടക്കെണിയിൽപെട്ട മിക്കവാറും അംഗങ്ങൾ കിടപ്പാടം വിറ്റ് കടം വീട്ടുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. കാലാവധി കഴിഞ്ഞിട്ടും അടക്കാതെ കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ധാരാളമായി കാണാം. സംസ്ഥാന ബാങ്ക് നബാഡിൽനിന്ന് 6.5% പലിശ കൊടുക്കുന്ന സംഖ്യ വിവിധ ബാങ്കുകളിലൂടെ പ്രാഥമിക ബാങ്കുകളിലെത്തി ജനങ്ങളുടെ കൈകളിൽ എത്തുമ്പോൾ 20%മോ അതിൻ മുകളിലോ നാം കൊടുക്കേണ്ടിവരുന്നു. ഈ ഇടതട്ട് ഒഴിവാക്കേണ്ടതാണ്.

| പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങളും നൽകിയ വായ്പകളും (രൂപയിൽ) (A1) | | |
|---|---|---|
| | നമ്പ്രത്തുകര | കീഴരിയൂർ |
| 1. സ്ഥിര നിക്ഷേപം | 2635355 | 5020500 |
| 2. ഹ്രസ്വകാല നിക്ഷേപം | 1192621 | 4001373.82 |

| നൽകിയിട്ടുള്ള വായ്പകൾ (രൂപയിൽ) (A2) | | |
|---|---|---|
| | നമ്പ്രത്തുകര | കീഴരിയൂർ |
| 1. ഹ്രസ്വകാലം (കാർഷിക വായ്പ) | | 1140100 |
| 2. വെറ്റില കൃഷി | | 241402 |
| 3. ദീർഘകാല കാർഷിക വായ്പ | | 928415 |
| 4. മറ്റുവായ്പകൾ (സ്വർണ്ണ പണ്ടപണയം) | 2627578 | 5860140 |

| നൽകിയ വായ്പകൾ (രൂപയിൽ) കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളത് (A3) | | |
|---|---|---|
| 1. കാർഷിക ഹ്രസ്വകാല വായ്പ | | 825100 |
| 2. കാർഷിക മധ്യകാല വായ്പ | | 915600 |
| 3. കാർഷിക ദീർഘകാല വായ്പ | | 415100 |
| 4. സ്വർണ്ണ പണ്ടം പണയം | 4308 | 640500 |

| സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ (രൂപയിൽ) (A4) | | |
|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് | 5401010 |

*(അവലംബം: സെക്കന്ററി ഡാറ്റാ കലക്ഷൻ)*

## പഞ്ചായത്തിലെ വായ്പേതര സഹകരണ സ്ഥാപനങ്ങളുടെ പട്ടിക

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | മെമ്പർഷിപ്പ് | അംഗീകൃത ഓഹരിമൂലധനം | |
|---|---|---|---|---|---|
| | | | | | സർക്കാർ |
| 1. | നെല്ലിയാടി കയർ വ്യവസായ സർവ്വീസ് സൊസൈറ്റി | 1978 | 639 | 52258 | 173500 |
| 2. | കീഴരിയൂർ കയർ വ്യവസായ സൊസൈറ്റി നമ്പ്രത്തുകര | - | 723 | - | - |
| 3. | കീഴരിയൂർ പഞ്ചായത്ത് ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം | 1989 | 50 | 125000 | - |
| 4. | കീഴരിയൂർ പട്ടികജാതി സഹകരണ സംഘം | 1981 | 120 | 1200 | 10000 |
| 5. | കീഴരിയൂർ കൈത്തറി സഹകരണ സംഘം | 1978 | 121 | 700000 | 98800 |
| 6. | കീഴരിയൂർ വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1989 | 20 | 20000 | - |
| 7. | കീഴരിയൂർ പഞ്ചായത്ത് ഗ്രാമ വ്യവസായ സഹകരണ സംഘം | 1990 | 23 | 11600 | 116000 |

*(അവലംബം: സെക്കന്ററി ഡാറ്റാ കലക്ഷൻ)*

പട്ടിക(C) വായ്പാ ബേങ്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്

| പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | | |
|---|---|---|
| 1. | സ്ഥിര നിക്ഷേപം | 43.5 ലക്ഷം |
| 2. | ഹ്രസ്വകാല നിക്ഷേപം | 20.8 ലക്ഷം |

| പട്ടിക (C-2) | നൽകിയ വായ്പകൾ | |
|---|---|---|
| 1. | കൃഷി | 48.89 ലക്ഷം |
| 2. | മറ്റു വായ്പകൾ | |
| | കച്ചവടം, വാഹനം, ചെറുകിട വ്യവസായം | 43.16 ലക്ഷം |
| 3. | പ്രത്യേക വായ്പകൾ | 2076 ലക്ഷം |

പട്ടിക (C-3)

| നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളത് | | |
|---|---|---|
| 1. | കൃഷി | 11 ലക്ഷം |
| 2. | ചെറുകിട വ്യവസായം | 3.2 ലക്ഷം |
| 3. | കച്ചവടം | 9.7 ലക്ഷം |
| 4. | പ്രത്യേക വായ്പകൾ | 1.7 ലക്ഷം |

*(അവലംബം: സെക്കന്ററി ഡാറ്റാ കലക്ഷൻ)*

പട്ടിക D

| കാർഷിക വികസന ബേങ്ക് വായ്പകൾ | | | |
|---|---|---|---|
| നമ്പർ | ഇനം | അപേക്ഷകർ | സംഖ്യ |
| 1. | തെങ്ങു കൃഷി | 4 | 1052760 |
| 2. | കാർഷികേതരം | 2 | 26000 |
| 3. | കിണർ പമ്പുസെറ്റ് | 38 | 250737 |
| 4. | തൊഴുത്ത് | 14 | 264075 |
| 5. | ലാന്റ് ഡവലപ്മെന്റ് | 4 | 1836000 |
| 6. | ഹൗസിംഗ് ലോൺ | 18 | 161619 |

പട്ടിക E

| ക്ഷീര സഹകരണ സംഘം കീഴരിയൂർ | | | | |
|---|---|---|---|---|
| നമ്പർ | വർഷം | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക് അയക്കുന്നത് |
| 1. | 94-95 | 33557.700 ലി. | 3249ലി. | 30308.700 ലി |
| 2 | 95-96 | 17606.200 ലി. | 2941.200 ലി | 14655 ലി. |

ഇപ്പോൾ 15 ആളുകൾ ശരാശരി 35 ലിറ്റർ ആണ് എത്തിക്കുന്നത്.

പഞ്ചായത്തിലെ വായ്പാ സഹകരണ സ്ഥാപനം

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പൊതു വികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്നില്ല.

2. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.

3. തൊഴിൽ മേഖലയുടെ തകർച്ച കയർ സൊസൈറ്റികളെ ബാധിക്കുന്നു. കയർ സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. സൊസൈറ്റികളിൽ 90% മെങ്കിലും യഥാർത്ഥ തൊഴിലാളികൾ അംഗമായിരിക്കണം.

4. സാങ്കേതിക നവീകരണം ആവശ്യമാണ്.

5. സൊസൈറ്റികളിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള കക്കൂസ്, കിണർ, എന്നിവയില്ല.

6. ക്ഷീരോല്പാദന രംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നില്ല.

7. സ്ത്രീകൾക്ക് മുൻതൂക്കമുള്ള നമ്മുടെ പഞ്ചായത്തിൽ അവരുടേതായ സഹകരണ സംഘങ്ങളില്ല.

8. വായ്പാ ബാങ്കുകൾ കൂട്ടു പലിശയടക്കം അമിത പലിശ ഈടാക്കുന്നു. ബാങ്ക് ആസ്തി വർദ്ധിപ്പിക്കുമ്പോൾ ഉപഭോക്താവ് കിടപ്പാടം വിൽക്കുന്നു. വായ്പാ നടപടികൾ ഉദാരമല്ല.

9. അപേക്ഷകളിൽ പെട്ടെന്ന് തീരുമാനമാകുന്നില്ല.

10. അനുവദിച്ച വായ്പകൾ ഒന്നിച്ച് കൊടുക്കുന്നില്ല.

11. വായ്പാസംഖ്യയിലെ തിരിച്ചുപിടുത്തം ഒഴിവാക്കുക.

12. ക്രഡിറ്റ് സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല.

## സാധ്യതകൾ

1. ജനസംഖ്യയിൽ കൂടതൽ വരുന്ന വനിതകളുടെ ഉന്നമനത്തിനായി വായ്പാ ബാങ്കും സഹകരണ ബാങ്കും സഹകരണ സ്ഥാപനവും സ്ഥാപിക്കുക.

2. തയ്യൽ തൊഴിൽ പരിശീലിപ്പിച്ച ധാരാളം വനിതകൾ ഇവിടെയുണ്ട്. പഞ്ചായത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

3. സുലഭമായി ലഭിക്കുന്ന തൊണ്ട് സാങ്കേതി വിദ്യ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

4. കാർമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുകയും തൊഴിലാളികൾക്ക് പരിശീലനം നൽകുകയും വേണം.

5. നെയ്ത്ത് തൊഴിൽ സഹകരണാടിസ്ഥാനത്തിലാക്കുക.

6. പരമ്പരാഗത തൊഴിൽ സഹകരണ സംഘം രൂപീകരിക്കുക.

7. ശാസ്ത്രീയ രീതിയിൽ പച്ചപ്പുൽ കൃഷി മത്സ്യകൃഷി എന്നിവ സഹകരണാടിസ്ഥാനത്തിൽ നടത്തുക.

8. പശുക്കളെ വളർത്താൻ ലോൺ നൽകുകുയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുകയും ചെയ്താൽ നിലവിലുള്ള ക്ഷീരസഹകരണ സംഘത്തെ രക്ഷപ്പെടുത്താം.

9. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മാർക്കറ്റിം സെന്ററുകൾ ആരംഭിക്കുക.

10. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങൾ ആരംഭിക്കുക.

11. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സഹകരണ സ്റ്റോർ ആരംഭിക്കുക.

# പട്ടികജാതി വികസനം

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ ആദ്യകാലത്ത് കൂട്ടായി താമസിച്ചിരുന്നത് മണ്ണാടിക്കുന്ന് പ്രദേശത്തും നമ്പ്രത്തു പ്രദേശത്തുമായിരുന്നു. ഇവരുടെ അക്കാലത്തെ ജീവിതം ജന്മിമാരുടെ ആജ്ഞക്കനുസരിച്ചായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലവിലുണ്ടായിരുന്ന അക്കാലത്ത് വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഈ ജനവിഭാഗങ്ങൾ വളരെ പിന്നോക്കമായിരുന്നു. [illegible]ത്തിന്റെ പ്രതിഫലം ഭക്ഷ്യധാന്യങ്ങൾ മാത്രമായിരുന്നു. ജന്മിമാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായിട്ടായിരുന്നു ഇവരുടെ വിവാഹങ്ങൾ പോലും നടന്നുവന്നിരുന്നത്. മേലാളന്മാരുടെ അസംതൃപ്തിക്ക് പാത്രമാവുന്നവർ കഠിനമായ പീഡനങ്ങൾക്ക് വിധേയമായിട്ടുണ്ട്. പകലന്തിയോളം പണിയെടുത്തിട്ടും മതിയായ കൂലി ലഭിക്കാത്തതിനാൽ രാത്രികാലത്ത് ജന്മിമാരുടെ കൃഷിയിടങ്ങളിൽ നിന്നും മോഷണം നടത്തിയിരുന്നു. ഇവരുടെ പ്രധാന കുലത്തൊഴിൽ ഓലക്കുട നിർമ്മാണം, പായയുണ്ടാക്കൽ, മുറംകെട്ട് എന്നിവയായിരുന്നു. ആദ്യകാലത്ത് ഇതിന് പ്രതിഫലം ലഭിച്ചിരുന്നില്ല. രോഗങ്ങൾ പിടിപെട്ടാൽ ആശുപത്രിയിൽ ചികിത്സിക്കാൻ സൗകര്യം പോലുമുണ്ടായിരുന്നില്ല. രോഗശമനത്തിന് വീടുകളിൽ മന്ത്രവാദവും ക്ഷേത്രങ്ങളിൽ വഴിപാടുകളും നടത്തുകയായിരുന്നു പതിവ്.

### ആചാരങ്ങൾ

വിവാഹങ്ങൾ നിശ്ചയിക്കുന്നത് ജന്മിമാരുടെ നിർദ്ദേശപ്രകാരമായിരുന്നു. വിവാഹത്തിന് ക്ഷണിക്കപ്പെടുന്നവർ ഭക്ഷ്യ സാധനങ്ങളുമായാണെത്തുക. വിവാഹം നടക്കണമെങ്കിൽ ജന്മിക്ക് കാഴ്ചക്കുലയും പണവും സമർപ്പിക്കണം. ഓണം, വിഷു എന്നീ വിശേഷ ദിവസങ്ങളിൽ ജന്മിമാർക്ക് ജാതിയടിസ്ഥാനത്തിൽ കാഴ്ചദ്രവ്യങ്ങൾ കൊടുക്കണം. മരണപ്പെട്ട ശവശരീരം പ്രത്യേകം നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് മറവു ചെയ്യണം. മരണാടിയന്തിരമായി കുളികെട്ട് ഇവരുടെയിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. മണ്ണാടിക്കുന്ന് ഭഗവതി ക്ഷേത്രം, തെയ്യത്താൻകാവ് ക്ഷേത്രം, ചെറുമണലിൽ ക്ഷേത്രം, കോയിത്തുമ്മൽ ക്ഷേത്രം എന്നിവയാണ് ഇവരുടെ ആരാധനാകേന്ദ്രങ്ങൾ. ഇവർക്കൊത്തുകൂടാനും മദ്യലഹരിയിൽ കൂത്താടാനും ക്ഷേത്രോത്സവങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. ഇവരുടെ മൂപ്പൻ സമുദായതലവനായ `കെന്മാരി' എന്ന പേരിലാണറിയപ്പെട്ടത്. വിദ്യാഭ്യാസത്തിൽ ഈ വിഭാഗം വളരെ പിന്നിലായിരുന്നു. എന്നാൽ 50 വർഷങ്ങൾക്കു മുമ്പ് നടുവത്തൂരിൽ ഇവർക്കായി ഒരു സർക്കാർ വെൽഫേർ സ്കൂൾ പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ന് ഇവരുടെ സാമൂഹികസ്ഥിതിയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. ഉച്ചനീചത്വം കുറഞ്ഞു. ജന്മിത്വം അവസാനിച്ചതോടെ ചെയ്യുന്ന തൊഴിലിന് പ്രതിഫലം പണമായി കിട്ടിത്തുടങ്ങി. നല്ല ഭക്ഷണവും ലഭിക്കുന്നു. ശരാശരി ഒരു തൊഴിലാളിക്ക് ഇന്നത്തെ കൂലി 90 രൂപയാണ്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പട്ടികജാതിക്കാരിൽ 610 പുരുഷന്മാരും 605 സ്ത്രീകളുമാണുള്ളത്. ഇതിൽ നിരക്ഷരർ 7% ആണ്. സാക്ഷരർ 93%വും.

| തൊഴിൽ | |
|---|---|
| സർക്കാർ ജോലിയുള്ളവർ | 26 |
| അർദ്ധസർക്കാർ | 4 |
| മറ്റുള്ളവർ: | |

പുരുഷന്മാർ (കൂലിപ്പണി, മത്സ്യംപിടിക്കൽ, കക്കവാരൽ, ചളിവാരൽ, പൂഴിവാരൽ)

സ്ത്രീകൾ: (പായനെയ്ത്ത്, മത്സ്യംപിടിക്കൽ, കൂലിപ്പണി)

കോളനിവാസികളിൽ ഭൂരിഭാഗവും കാർഷികത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളുമാണ്.

ചേരിപ്രദേശങ്ങൾ - തിരുമങ്ങലത്ത്താഴ്, നമ്പ്രത്ത്, നമ്പ്രത്തുകര, കോയ്ത്തുമ്മൽ

| | |
|---|---|
| കോളനികളുടെ എണ്ണം | - 13 |
| IHDP കോളനി | - 2 |
| സെറ്റിൽമെന്റ് കോളനി | - 5 |
| ലക്ഷംവീട് കോളനി | - 3 |
| നാല് സെന്റ് കോളനി | - 2 |
| രാജീവ് ദശലക്ഷം കോളനി | - 1 |
| കുടുംബങ്ങളുടെ എണ്ണം | - 262 |
| കുടിലുകൾ | - 34 |
| വീടില്ലാത്ത കുടുംബങ്ങൾ | - 85 |

വീടുകളധികവും 30 മുതൽ 31 വരെ സ്ക്വയർ മീറ്റർ വിസ്തീർണം.

| | |
|---|---|
| കക്കൂസ് | - 198 |
| കക്കൂസില്ലാത്തവർ | - 64 |
| വൈദ്യുതീകരിച്ച വീട് | - 150 |
| വൈദ്യുതിയില്ലാത്തത് | - 112 |

ശുദ്ധജലം

9 കിണറുകൾ. 2 കിണറുകൾ ഉപയോഗശൂന്യം. കുഴൽക്കിണർ ഒന്ന്. ഉപയോഗശൂന്യം. കുടുംബക്ഷേമ സ്ഥാപനങ്ങൾ - അംഗൻവാടി 1

മണ്ണാടികുന്ന് കോളനിയിൽ ഒരു ടി.വി.സെറ്റ്

| | |
|---|---|
| കലാസമിതി | 1 |
| സൊസൈറ്റി: മത്സ്യ | |
| തൊഴിലാളി സൊസൈറ്റി | 1 |
| ഖാദിഗ്രാമസൊസൈറ്റി | 1 |
| പായനെയ്ത്ത് സൊസൈറ്റി | 1 |

ഇവയിൽ ഖാദി ഗ്രാമ സൊസൈറ്റി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

## പ്രശ്നങ്ങൾ

1. എല്ലാ കോളനികളിലും ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

2. കൃഷിഭൂമി ലഭ്യമല്ലാത്തതിനാൽ കാർഷികവൃത്തിയിലേർപ്പെടാൻ കഴിയുന്നില്ല.

3. പരമ്പരാഗതതൊഴിലായ പായനെയ്ത്തിനാവശ്യമായ കൈതോല ലഭ്യമല്ല. കൈതോല കൃഷിചെയ്യുവാൻ സ്വന്തമായി സ്ഥലമില്ല.

4. കോളനിനിവാസികളിൽ 30% കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസുകളില്ല.

5. കോളനികളിലേക്ക് പൊതുവഴികളില്ല.

6. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളും കുടിലിൽ താമസിക്കുന്നവരുമുണ്ട്.

7. പൊതുശ്മശാനമില്ല. ശവസംസ്കാരത്തിന് പ്രയാസം അനുഭവപ്പെടുന്നു.

8. 112 വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

9. സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും യഥാസമയം കോളനിവാസികൾക്ക് അറിയാൻ കഴിയുന്നില്ല. ക്ഷേമാനുകൂല്യങ്ങൾ നേടിയെടുക്കാൻ കഴിയാതെ പോകുന്നു.

10. ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങളെ കോളനിയിൽ പെടുത്താത്തതിനാൽ കോളനിവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എല്ലാ കുടുംബങ്ങൾക്കും കിട്ടുന്നില്ല.

11. സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളുടെ അഭാവം.

12. കോളനിവാസികളുടെ മദ്യപാനാസക്തി സാംസ്കാരികജീർണതക്ക് കാരണമാകുന്നു.

13. കോളനിവാസികളിൽ തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു.

14. നാല് സെന്റ് കോളനിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.

15. കോളനിവാസികൾ നിർമിക്കുന്ന ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ 10 കിലോമീറ്റർ അകലെയെത്തണം.

16. വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ ചേരിപ്രദേശങ്ങളിലെ കോളനിവാസികൾ വീടൊഴിയേണ്ടിവരുന്നു.

17. സാമ്പത്തികവിഷമം കാരണം പട്ടികജാതി വിദ്യാർത്ഥികളിൽ കൊഴിഞ്ഞു പോക്ക് നിലനില്ക്കുന്നു.

പരിഹാരങ്ങളും സാധ്യതകളും

1. എല്ലാ കോളനികളിലും പഞ്ചായത്ത് ജലസംഭരണി നിർമിച്ച് വെള്ളം പൈപ്പ് വഴി വീടുകളിലെത്തിക്കുക. ടാങ്ക്, മോട്ടോർ, മെയിൻ പൈപ്പ് എന്നിവ പഞ്ചായത്ത് ചെലവിലും മെയിൻപൈപ്പിൽ നിന്ന് വീടുകളിലേക്കുള്ള ടാപ്പിന്റെയും മറ്റും ചെലവ് കോളനിനിവാസികളും വഹിക്കണം. സന്നദ്ധസേവനവും ഉപയോഗപ്പെടുത്താം.

2. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി കോളനിനിവാസികൾക്ക് കൃഷി ചെയ്യാൻ കൊടുക്കണം. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കോളനികളിലെ ഒഴിഞ്ഞ സ്ഥലങ്ങൾ ഉപയോഗിക്കണം.

3. പുറമ്പോക്ക് ഭൂമിയിലും കനാലിന്റെ ഇരുവശത്തും കൈതോല നട്ടു പിടിപ്പിച്ച് സൗജന്യമായി വെട്ടിയെടുക്കുവാൻ കോളനിവാസികൾക്ക് അവകാശം നൽകണം.

4. കക്കൂസുകളില്ലാത്ത വീടുകൾക്ക് ആധുനിക രീതിയിലുള്ള കക്കൂസുകൾ ലഭ്യമാക്കണം. ആവശ്യമായ മനുഷ്യാദ്ധ്വാനം കോളനിനിവാസികൾ നൽകും.

5. എല്ലാ കോളനികളിലേക്കും പൊതുവഴി ഏർപ്പെടുത്തുക. കീഴരിയൂർ കോളനിയിലേക്ക് നടപ്പാതവേണം.

6. വീടില്ലാത്തവരെ ഉൾപ്പെടുത്തി ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് സർക്കാർ നിർദ്ദേശാനുസരണം ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച് നൽകണം. പ്രദേശത്ത് ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്താവുന്നതാണ്.

7. ഒരു പൊതുശ്മശാനം ഉണ്ടാക്കണം. പ്രസ്തുതാവശ്യത്തിന് ഒറോക്കുന്ന് മലയിൽ നീക്കിവെച്ച സ്ഥലം ഉപയോഗപ്പെടുത്താം.

8. വൈദ്യുതീകരിക്കാത്ത കോളനികളിലും കോളനികളിലല്ലാതെ താമസിക്കുന്നവർക്കും വൈദ്യുതി ലഭ്യമാക്കണം. കോളനികളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

9. പട്ടികജാതി ക്ഷേമ പ്രവർത്തനാനുകൂല്യങ്ങളെക്കുറിച്ച് കോളനിവാസികൾക്ക് ബോധവൽക്കരണം സംഘടിപ്പിക്കണം.

10. കോളനികളായംഗീകരിക്കാത്ത കൂട്ടം ചേർന്നു നിൽക്കുന്ന വീടുകളെ കോളനിയിൽ ഉൾപ്പെടുത്തണം.

11. കോളനികളിൽ ലൈബ്രറി. ടി.വി.. റേഡിയോ. വായനശാല എന്നിവ സ്ഥാപിക്കണം. (മണ്ണാടിക്കോളനി. നമ്പ്രത്ത് കോളനി. രാജീവ് ദശലക്ഷം കോളനി)

12. കോളനികളിലെ കലാസമിതികളുടെ പ്രവർത്തനം അവലോകനം ചെയ്ത് ഗ്രാന്റ് അനുവദിക്കണം.

13. പട്ടികജാതിക്കാരുടെ മദ്യപാനാസക്തി ഇല്ലാതാക്കാൻ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. നിയമനടപടികൾ സ്വീകരിക്കുകയും വേണം.

14. ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.

15. പട്ടയം ലഭിക്കാത്തവർക്ക് ഉടനെ നൽകണം.

16. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസംഘം രൂപീകരിച്ച് ഉല്പന്നങ്ങൾ വിപണനം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം.

17. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി വസ്ത്രവും പഠനോപകരണങ്ങളും ലഭ്യമാക്കണം. അംഗനവാടികളിൽ ഇന്നുള്ള എല്ലാ അസൗകര്യവും ഒഴിവാക്കണം.

18. പട്ടികജാതിക്കാരുടെ ക്ഷേമകാര്യങ്ങൾ പരിശോധിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണം.

19. കോളനികളിലെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും പുനരധിവസിപ്പിക്കണം.

20. പട്ടികജാതിക്കാർക്ക് ചികിത്സക്കും വിവാഹത്തിനും ധനസഹായം നൽകണം.

21. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കണം.

# വിഭവ സമാഹരണം

**പൊ** തുവെ ദരിദ്രമായ സാമ്പത്തിക സ്ഥിതിയുള്ള ഒരു പഞ്ചായത്താണ് കീഴരിയൂർ. എടുത്തുപറയത്തക്ക വ്യവസായങ്ങളോ, സിനിമാശാലകളോ അതുപോലെ വരുമാനമുള്ള മറ്റു സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. വിഭവ സമാഹരണത്തിനുപയുക്തമായ ഉറവിടങ്ങളും കമ്മിയാണ്. പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതിയും, തൊഴിൽ നികുതിയും, സംഭാവനകളും സർക്കാർ സഹായങ്ങളുമാണ്.

മൊത്തം കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് സർക്കാർ സാമ്പത്തിക സഹായമില്ലാതെ കാര്യമായ ഒരു വികസന പ്രവർത്തനവും നിലവിലുള്ള സാഹചര്യത്തിൽ നടത്താന കഴിയില്ലെന്നാണ്. എന്നാൽ കാര്യക്ഷമമായ ആസൂത്രണത്തിലൂടെയും പൂർണ്ണമായ ജന പങ്കാളിത്തത്തിലൂടെയും പലതു നേടിയെടുക്കാൻ കഴിയും.

ഗൾഫ്നാടുകളിലും മറ്റും ജോലി ചെയ്യുന്ന കീഴരുയൂർ നിവാസികൾ ഇവിടെ വിവിധ സംരംഭങ്ങളിൽ മൂലധന നിക്ഷേപം നടത്താൻ തയ്യാറാവുകയും എല്ലാ അഭപ്രായ വിത്യാസങ്ങളും മാറ്റിവെച്ച് പഞ്ചായത്ത് നിവാസികൾ ഒറ്റക്കെട്ടായി അവർക്ക് വേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്താൽ പഞ്ചായത്തുൽ സർവ്വതോമുഖമായ പുരോഗതി കൈവരിക്കാൻ കഴിയും. മാത്രമല്ല നമ്മെ അലട്ടുന്ന രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണാനും സാധിക്കും. പഞ്ചായത്തിൽ ലഭ്യമായതും വേണ്ടത്ര ചൂഷണം ചെയ്യപ്പെടാത്തതുമായ വിഭവങ്ങൾ കാര്യക്ഷമമായി ചൂഷണം ചെയ്യണമെന്ന ശക്തമായ അഭിപ്രായം ഗ്രാമ സഭകളിൽ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

**പദ്ധതി നിർദ്ദേശങ്ങൾ**

1. കീഴിയൂർ പഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന പുറമ്പോക്ക് ഭൂമി (പുഴയോരം,കുന്നിൻപ്രദേശങ്ങൾ) സർവ്വെ ചെയ്ത് വിഭവസമാഹരണ ലക്ഷ്യങ്ങൾ വച്ച് ഉപയോഗിക്കാം. നിലവിൽ പഞ്ചായത്ത് കൈവശം വച്ചിരിക്കുന്ന പുറമ്പോക്കു ഭൂമി ആദായകരമായരീതിയിൽ ഉപയോഗിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക.(കൃഷി,മത്സ്യം വളർത്തൽ എന്നിവ കോൺട്രാക്ട് അടിസ്ഥാനത്തിൽ നപ്പിലാക്കാം).

2. 5 ലക്ഷത്തിൽ കൂടുതൽ ചെലവു വരുന്ന കെട്ടിടങ്ങൾക്ക് കൂടുതൽ വരുന്ന സംഖ്യയുടെ നിശ്ചിത ശതമാനം പഞ്ചായത്ത് ടാക്സ് ഈടാക്കുക.

3. ചെങ്കല്ല്, കരിങ്കല്ല് തുടങ്ങിയവയുടെ ഖനനത്തിന്ഫീസ് ഏർപ്പെടുത്തുക.പൂഴി, കല്ല് മുതലായവ കടത്തുന്ന

**പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ. 95- 96**

| വകുപ്പ് | തുക |
|---|---|
| മൃഗസംരക്ഷണം | 10,000 |
| ആരോഗ്യം | 38720 |
| കൃഷി | 167569 |
| പി.ഡബ്ല്യൂ.ഡി. | 11200 |
| ഹരിജനക്ഷേമം | 500 |
| സാമൂഹ്യക്ഷേമം-വാർദ്ധക്യം. | 33505 |
| ആകെ. | **2,61,494** |

## വരവു ചെലവ് സംബന്ധിച്ച വിവരങ്ങൾ -1995-'95.

| വരവ് | Rs. | PS. | ചെലവ് | Rs. | Ps. |
|---|---|---|---|---|---|
| കെട്ടിട നികുതി | 75938 | 80 | ഭരണം | 324284. | 75 |
| തൊഴിൽ നികുതി | 42730 | | പൊതുമരാമത്ത് | 13433 | .00 |
| ലൈസൻസ് ഫീ | 6786. | 40 | വിദ്യാഭ്യാസം | 5475. | 00 |
| ലൈബ്രറി സെസ്സ് | 3860. | 85 | ജലവിതരണ, ഓടകൾ, . | 23786 | .00 |
| | | | പൊതുജനാരോഗ്യം | | |
| വസ്തു കൈമാറ്റ നികുതി | 107903. | 00 | സ്ട്രീറ്റ് ലൈറ്റ് | 73 68. | 00 |
| സംഭാവന | 100000. | 00 | | | |
| ഡെപ്പോസിറ്റ് | 10321. | 50 | മറ്റുള്ളവ. | 814511. | 45 |
| ഗ്രാൻറ് | 721289 | | | | |
| മറ്റു വരവുകൾ | 92246 | | | | |
| മൊത്തം | 1161075. | 55 | | 1188858. | 20 |
| കമ്മി | 27782. | 65 | | | |
| | 1188858 | .20 | | 1188858. | 20 |

## ഗ്രാൻറ് വിവരങ്ങൾ

| VRM | MI | VTC | അടിസ്ഥാന നികുതി 25% | 75% | സ്പെഷൽ ഗ്രാൻറ് (സ്വാശ്രയം) | ജെ.ആർ.വൈ. |
|---|---|---|---|---|---|---|
| 12286 | 3000 | 43387 | ഇല്ല | 24866 | 199700 | 379520 |
| ആൺടൈഡ് ഫണ്ട് 362320 | | | ആകെ. 10,25079 | | | |

## പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം.

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 3453 | 3524 | 3652 | 3677 | 3713 |

ലേലവരുമാനം. 95-96.

ഫലവൃക്ഷങ്ങൾ വക. 5715

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ.

| വ്യവസായം- വ്യാപാരം | ഹോട്ടൽ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 8 | 19 | 106 | 24 | 157 |

ആകെ ഫീസ്. 4055.00

**പൊതു സാമ്പത്തിക നില. 95–96**

| പൊതു കണക്ക്. | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക്. |
|---|---|---|
| വരവ് 415298=75 | 662020 | 83757=50 |
| ചിലവ് 383643:75 | 719166=50 | 95324=95. |

ലോറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

4.കീഴരിയൂർ പഞ്ചായത്തിൽ പാർക്ക്ചെയ്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് ദിവസാടിസ്ഥാനത്തിൽ സ്റ്റാന്റ് ഫീസ് ചുമത്തുക.

5.പുറംനാടുകളിൽ ജോലിചെയ്യുന്നവരുടെ സാമ്പത്തീക സഹകരണത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭങ്ങൾ നടത്തുക.

6. പഞ്ചായത്തിനു പുറത്തുള്ള ബാങ്കുകളിലെ പഞ്ചായത്ത് വാസികളുടെ നിക്ഷേപങ്ങളുടെ 80% വായ്പയായി പഞ്ചായത്തിൽ തന്നെ അനുവദിക്കണം.

7.പഞ്ചായത്തിലെ യുവതീയുവാക്കളുടെ വിവാഹം നിർബന്ധമായും പഞ്ചായത്താപ്പീസിൽ റജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയുണ്ടാക്കുകയും റജിസ്ട്രേഷൻ ഫീസായി നിശ്ചിത സംഖ്യ ഈടാക്കുകയും ചെയ്യുക.

8. കീഴയൂരിലെ പ്രധാന വ്യവസായങ്ങൾക്ക് അധിക നികുതി ചുമത്തുക.

9.പഞ്ചായത്തിലെ തോട്ടങ്ങൾക്കുള്ള നികുതി പുനർനിശ്ചയിക്കുക.

10.പഞ്ചായത്തിലെ ഹോട്ടലുകൾ ബേക്കറികൾ തുടങ്ങിയവ പരിശോധിച്ച് ഉൽപാദനത്തിനനുസരിച്ച് നികുതി ചുമത്തുക.

11.പഞ്ചായത്താപ്പീസിന് മുമ്പിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിങ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കണം.

12.സ്വകാര്യ വ്യക്തികൾക്ക് ചകിരി പൂഴ്ത്താനുള്ള അനുവാദം കൊടുക്കുകയും അതിന്, നികുതിചുമത്തുകയും ചെയ്യുക.

13.വീടുകൾ പരിശോധിച്ച് അവിടെ ഉപയോഗിക്കുന്ന ആഡംബര വസ്തുക്കൾക്ക് നികുതിചുമത്താം. (ഉദാ:ലക്ഷ്വറി ഫർണിഷിങ് പോലുള്ളവ).

14.കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുമ്പോൾ തദ്ദേശീയമായി നടപ്പിലാക്കാവുന്നമനുഷ്യ ശേഷി ഉപയോഗപ്പെടുത്താൻ പരമാവധി ശ്രമിക്കണം.

15.സിനിമാശാലകൾപോലുള്ള വിനോദകേന്ദ്രങ്ങൾ പഞ്ചായത്തിലാരംഭിക്കുന്നതിന് സ്വകാര്യ വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രോൽസാഹിപ്പിക്കണം.

☆

# റിപ്പോർട്ട് തെയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

**കൃഷി ജലസേചനം**

സി.ഹരീന്ദ്രൻ (പ്രസിഡണ്ട്)
മഞ്ജു ചന്ദ്രൻ (കൃഷി ഓഫീസർ)
അജിത്ത് കെ.ആർ.
മാലത്ത് നാരായണൻ
പി.ബാലകൃഷ്ണൻ മാസ്റ്റർ (കൺവീനർ)

**വ്യവസായം**

സി.വി.കുഞ്ഞാമു (പഞ്ചാ. മെമ്പർ)
എൻ.സി.കുഞ്ഞാത്തു
അൻസാരി
കെ.സി.രാജൻ (കൺവീനർ)

**മൃഗസംരംക്ഷണം മത്സ്യബന്ധനം**

പി.ലീല (വൈസ്. പ്രസിഡണ്ട്)
പ്രീത (വെറ്ററനറി ഡോക്ടർ)
വി.മൊയ്തീൻ കുട്ടി
സി.ബാലൻ നായർ (കൺവീനർ)

**കുടിവെള്ളം - പൊതുജനാരോഗ്യം**

വി.പി.ലീല (പഞ്ചാ. മെമ്പർ)
കെ.കെ.അബ്ദുൾ സലാം
കെ.സുരേഷ് ബാബു
സി.എം. വിനോദ് (കൺവീനർ)

**വിദ്യാഭ്യാസം**

ബി.ഉണ്ണികൃഷ്ണൻ മാസ്റ്റർ (പഞ്ചാ. മെമ്പർ)
കെ. പ്രദീപൻ
ഇ.കെ.ദാമു മാസ്റ്റർ
കെ.ഗോവിന്ദൻ നായർ (കൺവീനർ)

**സംസ്കാരം**

സി.രാമചന്ദ്രൻ
കെ.ശിവരാമൻ
ഐ. ശ്രീനിവാസൻ (കൺവീനർ)

**ഗതാഗതം - ഊർജ്ജം**

എൻ.വി.രാഘവൻ (പഞ്ചാ. മെമ്പർ)
പി.കെ.ബാബു
ഇ.ടി.ബാലൻ
എം. അരവിന്ദാക്ഷൻ
ടി.ബാബു (കൺവീനർ)

**പാർപ്പിടം - സാമൂഹ്യ ക്ഷേമം**

ഒ.കെ.ലീല (പഞ്ചാ. മെമ്പർ)
കുറുമയിൽ ദാസൻ
ബാലകൃഷ്ണൻ ഇടത്തിൽ
ഐ.ചെക്കോട്ടി (കൺവീനർ)

**വനിത**

ടി.സുനിതാ ബാബു (ബ്ലോക്ക് പഞ്ചാ. മെമ്പർ)
വി.കെ.നാരായണൻ
ടി.കെ.വിജയൻ (കൺവീനർ)

**സഹകരണം**

ടി.എ.സലാം
ഒ.കെ.നാരായണൻ
കെ.ടി.രമേശൻ (കൺവീനർ)

**പട്ടികജാതി ക്ഷേമം**

വി.കെ.സുധാകരൻ (പഞ്ചാ. മെമ്പർ)
എൻ.വി.ബാലൻ
സി.പി.മൂസ
എം. കുമാരൻ മാസ്റ്റർ (കൺവീനർ)

**വിഭവ സമാഹരണം**

പി.എം.ചന്തപ്പൻ
വിശ്വൻ മാസ്റ്റർ കെ.
കെ.എം.നാരായണൻ
കെ.പി.കുഞ്ഞികൃഷ്ണൻ നായർ (കൺവീനർ)

**ആമുഖം, ചരിത്ര പശ്ചാത്തലം, ഭൂപ്രകൃതി**

ഇ.എം.രാജൻ, എം.ജി.ബൽരാജ്

**Computerised Layout : Laser Lines, Palayam, Calicut-2, Ph:702223**

അധികാരം ജനങ്ങളിലേക്ക്

# തിക്കോടി ഗ്രാമപഞ്ചായത്ത്

# വികസനരേഖ



# ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

1 തിക്കോടി ഗ്രാമപഞ്ചായത്ത്
2 വില്ലേജ് ഓഫീസ്
3 ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ബഫർ സ്റ്റോറേജ്
4 റെയിൽവെ സ്റ്റേഷൻ
5 ഐ. സി. ഡി. എസ്. ഓഫീസ്
6 കാത്തലിക് സിറിയൻ ബാങ്ക്
7 പോസ്റ്റ് ഓഫീസ്
8 അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും കൃഷിഭവനും
9 ജില്ലാ മണ്ണ് പരിശോധനാകേന്ദ്രം
10 കയർ സൊസൈറ്റി
11 ഗവ. ഹൈസ്കൂൾ, പയ്യോളി
12 മൃഗാശുപത്രി
13 പ്രൈമറി ഹെൽത്ത് സെന്റർ
14 തൃക്കോട്ടൂർ എ. യു. പി. സ്കൂൾ
15 തൃക്കോട്ടൂർ വെസ്റ്റ് ജി. എൽ. പി. സ്കൂൾ
17 പുറക്കാട് നോർത്ത് എൽ. പി. സ്കൂൾ
18 പുറക്കാട് സൗത്ത് എൽ. പി. സ്കൂൾ
19 പുറക്കാട് എം. എൽ. പി. സ്കൂൾ
20 പുറക്കാട് ഹോസ്പിറ്റൽ
21 പള്ളിക്കര സെൻട്രൽ എൽ. പി. സ്കൂൾ
22 തിക്കോടി എം. എൽ. പി. സ്കൂൾ
23 പാലൂർ എൽ. പി. സ്കൂൾ
24 പഞ്ചായത്ത് സാംസ്കാരിക നിലയം
25 സർവ്വീസ് കോ - ഓപ്പറേറ്റീവ് ബേങ്ക്, തിക്കോടി
26 പുറക്കാട് ഹെൽത്ത് സബ് സെന്റർ
27 സർവോദയസംഘം
28 പള്ളിക്കര പോസ്റ്റ് ഓഫീസ്
29 പുറക്കാട് പോസ്റ്റ് ഓഫസ്

150

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## തിക്കോടി ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

## സമഗ്രവികസനരേഖ

1996





**എഡിറ്റോറിയൽ ബോർഡ്**

തിക്കോടി നാരായണൻ മാസ്റ്റർ: ചീഫ് എഡിറ്റർ

കണിയാരിക്കൽ കുഞ്ഞിരാമൻ മാസ്റ്റർ: കൺവീനർ

ടി.കെ. രുഗ്മാംഗദൻ

എ.കുഞ്ഞികൃഷ്ണൻ മാസ്റ്റർ

എം.കെ. നായർ

വി.കെ.കേശവൻ

പി.മുഹമ്മദ് മാസ്റ്റർ

സി. ശാന്തകുമാരി

ഇ.കെ. കുഞ്ഞമ്മദ്

സി.കെ. കുഞ്ഞഹമ്മദ്




**DTP: ShadowPOINT, Clt. Ph: 701121**
**Printed at: Mangalam Offset Prints, Clt.**
**Photos: Evee Studio, Tikkoti**



"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. ഗ്രാമങ്ങൾ സജീവമായാൽ മാത്രമേ ഭാരതം സജീവമാകുകയുള്ളൂ. അതിന് ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകണം."

–മഹാത്മാഗാന്ധി

# തിക്കോടി ഗ്രാമപഞ്ചായത്ത് ഭൂപടം



154

## നന്ദിപൂർവ്വം

ഏറെകാലമായി നാം കൊതിച്ചിരുന്ന അധികാരവികേന്ദ്രീകരണം എന്ന ആശയം ഒരു വരദാനം പോലെ നമുക്ക് കൈവന്നിരിക്കുകയാണ്. ഇനി നമുക്ക് വേണ്ടത് വസന്തം വിരിയിച്ചെടുക്കാനുള്ള ഊതി ഊതി തെളിയിച്ച ഇച്ഛാശക്തിയാണ്.

ഇന്നലെയുടെ തേജസ്സുറ്റ രശ്മികളും പവിഴവും മുത്തും വിളിയിക്കാൻ കഴിയുന്ന മണ്ണും നമ്മുടെ ഭാഗ്യമാണ്.

ഈ മുന്നേറ്റത്തിന് അനേകം പേർ നമ്മുടെ പഞ്ചായത്തിൽ മുന്നിട്ടിറങ്ങിയിരിക്കുന്നു.


അവരോട് എമ്പാടും കടപ്പാടുണ്ട്. ഹൃദയത്തിന്റെ അടിത്തട്ടിൽ അവരോടുള്ള നന്ദി നിറഞ്ഞുനില്ക്കുന്നു.

എല്ലാ പേരുകളും എടുത്തുപറയേണ്ട പേരുകളായതിനാൽ ഒറ്റ വാക്കിൽ പറയട്ടെ. നന്ദി.

**കെ. ഹാജറ**
പ്രസിഡന്റ്

# Kozhikode District Location Map


Scale: 1:500 00



# തിക്കോടി
# ഗ്രാമപഞ്ചായത്ത് ഭരണസമിതി



കെ. ഹാജറ
പ്രസിഡണ്ട്



എം.കെ. പ്രേമൻ
വൈ. പ്രസിഡണ്ട്



കെ.കെ. ദേവി
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേർസൺ

## സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ

പുതുക്കുടി ഹമീദ്

കെ.കെ.രാഘവൻ

ഇ.കുമാരൻ മാസ്റ്റർ

പി.വി. അബ്ദുൽ അസീസ്

## ഗ്രാമപഞ്ചായത്ത് അംഗങ്ങൾ




സി. ശാന്തകുമാരി




പി.വി. അസീസ്



കെ.പി. സാബിറ




പുതുക്കുടി ഹമീദ്



കെ.കെ. രാഘവൻ



ഇ. കുമാരൻ മാസ്റ്റർ




സി. ഹനീഫ

## ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



ഗീതാ ശ്രീധരൻ



ടി. ഖാലിദ്

## ജില്ലാ പഞ്ചായത്ത് അംഗം



വി. ആർ. വിജയരാഘവൻ

# അനുസ്മരണം



വി.പി മുഹമ്മദ്

**പ**ള്ളിക്കര വി.പി.മുഹമ്മദ്–തിക്കോടി പഞ്ചായത്തിലെ മാത്രമല്ല മലബാറിലെ മുഴുവൻ ജനങ്ങളും നെഞ്ചേറ്റി ലാളിച്ച ഒരു നാമധേയം. പ്രസിദ്ധ പ്രാസംഗികൻ, സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ്, സാഹിത്യകാരൻ, സഹകാരി ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിൽ ബഹുമുഖ വ്യക്തിത്വം പുലർത്തിയ അദ്ദേഹം തിക്കോടി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ ചരമം ഒരു തീരാനഷ്ടമായി ഞങ്ങൾ കാണുന്നു. ധന്യമായ ആ സ്മരണക്കു മുമ്പിൽ ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



സി. കുഞ്ഞിക്കേളപ്പൻ നായർ.




എം. അപ്പനായർ



കെ.പി. കോയോട്ടി

പഞ്ചായത്തംഗങ്ങളെന്ന നിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് മൺമറഞ്ഞ് പോയ സി.കുഞ്ഞിക്കേളപ്പൻ നായർ, എം. അപ്പനായർ, കെ.പി.കോയോട്ടി എന്നിവരെക്കുറിച്ചുള്ള ഓർമ ഞങ്ങളിൽ ഇന്നും സജീവമാണ്. അവരെ കൃതാർത്ഥതയോടെ സ്മരിക്കാൻ ഈ അവസരം ഞങ്ങളുപയോഗിക്കുന്നു.


KOZHIKODE
DISTRICT.
THIKKOTI

“ഇന്ത്യാ രാജ്യത്തെക്കുറിച്ച് എനിക്ക് ഒരുപാട് സ്വപ്ന ങ്ങളുണ്ട്. ആ സ്വപ്നങ്ങൾ സഫലമാകാൻ പഞ്ചാ യത്തീരാജ് യാഥാർത്ഥ്യമാക്കണം.”

–രാജീവ് ഗാന്ധി

## വിഷയസൂചിക


- ആമുഖം ........ 13
- ഭൂപ്രകൃതിയും വിഭവങ്ങളും ........ 16
- സാമൂഹിക സാംസ്കാരിക ചരിത്രം ........ 20
- കൃഷി, ജലസേചനം ........ 26
- മത്സ്യബന്ധനം, മൃഗസംരക്ഷണം ........ 33
- വിദ്യാഭ്യാസം ........ 39
- ആരോഗ്യം, പരിസരശുചിത്വം, കുടിവെള്ളം ........ 45
- വ്യവസായം ........ 51
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ........ 58
- ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം ........ 72
- സംസ്ക്കാരം ........ 77
- വനിത ........ 81
- സഹകരണം ........ 84
- പട്ടിക ജാതി–വർഗക്ഷേമം ........ 88
- വിഭവ സമാഹരണം ........ 92

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിക്കോടി |
| റവന്യൂ വില്ലേജ് | : | തിക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് | : | മേലടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | തിക്കോടി, പള്ളിക്കര |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പയ്യോളി |
| താലൂക്ക് | : | കൊയിലാണ്ടി |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | കൊയിലാണ്ടി |
| വിസ്തീർണ്ണം | : | 14.15.ച.കി.മീ |
| മൊത്തം വാർഡുകൾ | : | പത്ത് |
| ജനസംഖ്യ | : | 22998 (91ലെ സെൻസസ്) |
| പുരുഷൻമാർ | : | 11019 |
| സ്ത്രീകൾ | : | 11979 |
| സാക്ഷരത | : | 90% |
| ജനസാന്ദ്രത | : | 1625/ച.കി.മീ |
| ഗ്രേഡ് | : | ഫസ്റ്റ് |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | പയ്യോളി പഞ്ചായത്ത് |
| തെക്ക് | : | മൂടാടി പഞ്ചായത്ത് |
| കിഴക്ക് | : | തുറയൂർ പഞ്ചായത്ത്, അകലാപ്പുഴ |
| പടിഞ്ഞാറ് | : | അറബിക്കടൽ |
| കടലോര നീളം | : | 2474.6മീ |
| പഞ്ചായത്ത് രൂപീകരണ തീയ്യതി | : | 1.1.1962 |
| പ്രസിഡണ്ട് | : | കെ. ഹാജിറ |
| വൈസ് പ്രസിഡണ്ട് | : | എം.കെ.പ്രേമൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | കെ.കെ. ദേവി ടീച്ചർ |
| പഞ്ചായത്ത് സെക്രട്ടറി | : | എൻ.കെ.ശങ്കരൻ |

## കഴിഞ്ഞകാല പ്രസിഡണ്ടുമാർ

| | | |
|---|---|---|
| ആദ്യത്തെ പ്രസിഡണ്ട് | : | സർവ്വശ്രീ. വി.പി. മുഹമ്മദ് (1963–1968) |
| പിന്നീടുവന്ന പ്രസിഡണ്ടുമാർ | : | ,, പി. കുഞ്ഞമ്മദ് (1968–1978) |
| | | ,, വി.കെ. നാണുവൈദ്യർ (1978) |
| | | ,, പി. ഇസ്ഹാക്ക് ഹാജി (1978–1979) |
| | | ,, കോമത്ത് കുഞ്ഞമ്മദ് (1979–84) |
| | | ,, നിട്ടോടി രാഘവൻ (1988–1990) |
| | | ,, കെ. ഖാലിദ്. (1990–1995) |



പെരുമാൾപുരം ശിവക്ഷേത്രം

# ആമുഖം

ജനാധിപത്യത്തിന്റെ അടിസ്ഥാനശില അധികാരം ജനങ്ങൾ കയ്യാളുന്നു എന്നതാണ്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് എന്നാണല്ലോ ജനാധിപത്യഭരണകൂടത്തെ വിശേഷിപ്പിക്കുന്നത്. എന്നാൽ ഭരണാധികാരികൾക്ക് അധികാരം കേന്ദ്രീകരിക്കുന്നതിലാണ് താൽപര്യം. വികേന്ദ്രീകരണം മുദ്രാവാക്യമായ് സ്വീകരിച്ചാലും പ്രവർത്തനത്തിൽ പാലിക്കാറില്ലെന്നതാണ് അനുഭവം.


ജനാധിപത്യം ഫലപ്രദവും രാജ്യത്തിലെ ഓരോ പൗരനും അനുഭവവേദ്യവും ആകണമെങ്കിൽ രാഷ്ട്ര നിർമ്മാണത്തിലും അതിന്റെ അസ്തിത്വത്തിലും തനിക്കും പങ്കുണ്ട് എന്ന ബോധമുണ്ടാവണം. ബഹുജനപങ്കാളിത്തം കൊണ്ടേ ഇത് സാധിക്കുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ "ഞങ്ങൾക്കിതിലൊന്നും ഒരുകാര്യവുമില്ല" എന്നു ധരിച്ചുവശായ ജനകോടികൾക്ക് ഞങ്ങളാണ് ഇതിന്റെ ശക്തി എന്ന ബോധമുണരാൻ അഥവാ ഉണർത്താൻ അധികാര വികേന്ദ്രീകരണം കൊണ്ട് കഴിയുന്നു. ഈ ചിന്താഗതിക്ക് മൂർത്ത രൂപം കൊടുത്താണ് 94ൽ നിലവിൽ വന്ന പഞ്ചായത്തിരാജ്

നിയമവും 95 ഒക്ടോബർ 2ന് നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും.

ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ ആസൂത്രണത്തിലൂന്നിയ വികസന പദ്ധതികളെ കുറിച്ച് ചിന്തിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. സ്വതന്ത്ര്യപ്രാപ്തിയോടെ പഞ്ചവത്സര പദ്ധതികളുടെ കാലഘട്ടമായി, ഏഴു പദ്ധതികൾ പൂർത്തിയാക്കി എട്ടാം പദ്ധതിയുടെ അവസാന വർഷത്തിലാണ് നമ്മളിപ്പോൾ പഞ്ചവത്സരപദ്ധതികളിലൂടെ നേടിയ വമ്പിച്ച പുരോഗതിയെ അവഗണിക്കാൻ ആർക്കും ആവില്ല. അതോടൊപ്പം ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന പാളിച്ചകൾ നമുക്ക് കാണാതിരുന്നു കൂടാ. അതിൽ ഏറ്റവും പ്രാധാന്യമേറിയത് ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം ഉണ്ടായില്ല എന്നത് തന്നെയാണ്. ഓരോ പ്രദേശത്തിന്റെയും അത്യാവശ്യമായ വികസനപദ്ധതികൾ രൂപപെടുത്താൻ ഗുണഭോക്താക്കളേക്കാൾ യോഗ്യരായി ആരുമില്ല എന്നതിൽ തർക്കം ഉണ്ടാവില്ല. ജനാഭിലാഷം അതിന്റെ നിർവ്വഹണഘട്ടത്തിലും പ്രതിഫലിക്കുന്നു എന്നതാണ് ഇതിന്റെ വലിയ നേട്ടം.

ഒമ്പതാം പദ്ധതി ജനകീയപങ്കാളിത്തത്തോടെ ആസൂത്രണം പ്രാവർത്തികമാക്കുമ്പോൾ നേരത്തെ സൂചിപ്പിച്ച അപാകത ഒഴിവാക്കാൻ നമുക്ക് കഴിയുന്നു. ജനകീയപങ്കാളിത്തത്തോടെ ആസൂത്രണം രൂപപ്പെടുമ്പോൾ ജനങ്ങളുടെ ആശയാഭിലാഷങ്ങളുടെ മൂർത്തരൂപമായി അതു മാറുന്നു. അപ്പോൾ കൂടുതൽ ഫലപ്രദമായ പദ്ധതി രൂപപ്പെടുകയും ചെയ്യുന്നു. ഈ ദിശയിലുള്ള അഭിനന്ദനാർഹമായ ഒരു ശ്രമത്തിലാണ് കേരള ജനത ഇന്ന് ഏർപ്പെട്ടിരിക്കുന്നത്.

മേൽ സൂചിപ്പിച്ച രീതിയിൽ ഒമ്പതാം പദ്ധതി ആസൂത്രണം ചെയ്യാൻ തിക്കോടി പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെ സൂചിപ്പിക്കാതിരുന്നു കൂടല്ലോ. ജില്ലാതല പരിശീലനം ലഭിച്ച ആറുപേരുടെ നേതൃത്വത്തിൽ 11.9.96ന് തിക്കോടി ഗ്രാമപഞ്ചായത്ത് ബ്ലോക്ക് മെമ്പർമാരുടെയും പൊതു പ്രവർത്തകരു



തോട്ടത്തിൽ പള്ളി

ടെയും എല്ലാ രാഷ്ട്രീയ കക്ഷി പതിനിധികളുടെയും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തകരുടെയും ഒരു യോഗം തിക്കോടി സി.എച്ച്. സൗധത്തിൽ ചേരുകയുണ്ടായി. പദ്ധതി ആസൂത്രണത്തിന് ചെയ്തു തീർക്കേണ്ട ജോലികളെ സംബന്ധിച്ചും പ്രാധാന്യത്തെ സംബന്ധിച്ചും ചർച്ചചെയ്യപ്പെടുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് തല പരിശീലകർക്കുള്ള ഏകദിനപഠനശിബിരം തിക്കോടി മാപ്പിള എൽ. പി. സ്ക്കൂളിൽ വെച്ച് ചേർന്നു. ഇതിൽ 56 പേർ സംബന്ധിച്ചു.

ഈ പ്രവർത്തനങ്ങളെ ഗ്രാമ പഞ്ചായത്ത് സമിതി വിലയിരുത്തുകയും ഗ്രാമസഭകൾ വിളിച്ചു ചേർക്കാൻ തിയ്യതികൾ തീരുമാനിച്ച്, ആവശ്യമായ കത്തുകൾ സമിതി അച്ചടിച്ച് വാർഡുകളിലേക്ക് വിതരണം ചെയ്തു. ഓരോ വാർഡിലും ഗ്രാമസഭ വിജയിപ്പിക്കുവാൻ മുൻകൂട്ടിതന്നെ സ്വാഗത സമിതികൾ രൂപീകരിച്ചു. സമിതിയുടെ നേതൃത്വത്തിൽ ആവശ്യമായ പ്രചരണ പ്രവർത്തത്തനങ്ങളും ഭവന സന്ദർശനവും കത്തുവിതരണവും നടത്തുകയുണ്ടായി. ഗ്രാമസഭകളിൽ ജനപങ്കാളിത്തം പ്രതീക്ഷിച്ചതിലേറെ വിജയകരമായിരുന്നു. 2298 പേർ ഗ്രാമസഭകളിൽ പങ്കെടുക്കുകയുണ്ടായി. മേലടി ബ്ലോക്കിലെ വിശേഷാൽ ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുണ്ടായത് തിക്കോടിയിലെ 4-ാം വാർഡിലായിരുന്നു.

ഗ്രൂപ്പ്തിരിഞ്ഞ്, വാർഡുകളിൽ നടത്തേണ്ട വികസന പദ്ധതികളെ സംബന്ധിച്ച് അവഗാഢമായ ചർച്ചകൾ ഗ്രാമസഭകളിൽ നടക്കുകയുണ്ടായി. ഓരോ ഗ്രൂപ്പും തയ്യാറാക്കിയ വികസനരേഖ ഒടുവിൽ ഗ്രാമസഭയിൽ അവതരിപ്പിച്ചു. ഈ രീതിയിൽ പത്തു ഗ്രാമസഭകളിൽ നിന്നും വന്ന വികസന റിപ്പോർട്ടുകൾ ഈ രൂപരേഖയുടെ ആണിക്കല്ലായി സ്വീകരിക്കപ്പെട്ടു. പിന്നീട് വികസന റിപ്പോർട്ടിന് രൂപം കൊടുക്കുവാനുള്ള 12 ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ തിക്കോടി പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ യോഗം ചേർന്നു. ഈ ഗ്രൂപ്പുകളുടെ വിപുലമായ ഒരു ഏകദിന യോഗം 28.10.96 ന് തിക്കോടി മാപ്പിള എൽ. പി. സ്ക്കൂളിൽ ഒരിക്കൽ കൂടി ചേർന്നു. ഇതിൽ ജില്ലാ പഞ്ചായത്ത് പരിശീലകരും ഗ്രാമ പഞ്ചായത്ത് പരിശീലകരും ഗ്രാമ പഞ്ചായത്ത് മെമ്പർമാരും ഗ്രൂപ്പ് അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിലേക്കു പ്രവേശിച്ചപ്പോൾ വികസന രൂപരേഖ എങ്ങനെ തയ്യാറാക്കണമെന്ന് വിശദമായി ചർച്ച ചെയ്യപ്പെട്ടു. റിപ്പോർട്ട് തയ്യാറാക്കുന്നതിനെ സംബന്ധിച്ച പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ ഫിലിം പ്രദർശനവും ഉണ്ടായിരുന്നു.

പഞ്ചായത്ത് വികസനരേഖ തയ്യാറാക്കി ചിട്ടപ്പെടുത്തുന്നതിന് എഡിറ്റോറിയൽ ബോർഡിന് അന്ന് രൂപം കൊടുക്കുകയുണ്ടായി.

തുടർന്ന് 29.10.96ന് പഞ്ചായത്തിൽ ഗ്രാമ പഠന പര്യടനം കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

പരിചയക്കുറവുമൂലമുള്ള അപാകതകൾ കണ്ടേക്കാമെങ്കിലും ഈ ഗ്രൂപ്പുകളുടെ തീവ്ര ശ്രമത്തിന്റെ ഫലമാണ് ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്ന വികസന രേഖ.

തൃക്കോട്ടൂർ, പള്ളിക്കര, പുറക്കാട് എന്നീ റവന്യൂ വില്ലേജുകൾ 1962ൽ നടന്ന വില്ലേജ് പുനർനിർണയ പ്രകാരം തിക്കോടി എന്ന ഒറ്റ വില്ലേജായി മാറുകയും ഇത് പൂർണമായും അതേ വർഷം രൂപീകൃതമായ തിക്കോടി പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പിന്നീട് ഇതുവരെ പഞ്ചായത്തിന്റെ അതിർത്തിയിൽ മാറ്റമുണ്ടായിട്ടില്ല.

പഞ്ചായത്ത് പ്രവർത്തനമാരംഭിച്ചത് കൂരന്റവിട കണാരന്റെ വാടക കെട്ടിടത്തിലായിരുന്നു. 1976 ഡിസംബർ 16-ാം തിയ്യതി അന്നത്തെ പഞ്ചായത്ത് വകുപ്പു മന്ത്രി ജ. അവുക്കാദർ കുട്ടിനഹ ഉൽഘാടനം ചെയ്ത സ്വന്തമായ കെട്ടിടത്തിലാണ് ഇന്ന് പഞ്ചായത്ത് പ്രവർത്തിക്കുന്നത്. ■





# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

അറബിക്കടലിന്റെ തീരത്ത് കിഴക്ക് പടിഞ്ഞാറായി നീണ്ട് കിടക്കുന്ന സസ്യ നിബിഡമായ ഒരു പ്രദേശമാണ് തിക്കോടി ഗ്രാമ പഞ്ചായത്ത്. അഴകാർന്ന പ്രകൃതിദൃശ്യങ്ങളൊരുക്കുന്ന അകലാപ്പുഴയാണ് കിക്കനതിർത്തി. 2474.6 മീ. ദൈർഘ്യമുള്ള സമുദ്രതീരത്താൽ അനുഗൃഹീതമായ ഈ ഭൂമി സമുദ്ര വിതാനത്തിൽ നിന്ന് 7 1/2 മീറ്ററിന് മുകളിൽ സ്ഥിതിചെയ്യുന്നു. കാർഷിക മേഖലാതരം തിരിവിൽ തിക്കോടി VI. Northern mid land zone ൽ പെടുന്നു. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ സാമാന്യമായി മൂന്നായി ഭാഗിക്കാം.

| നമ്പ്ര് | തരം | വിസതീർണം | % |
|---|---|---|---|
| 1 | തീരസമതലം | 699 ഏ | 20% |
| 2 | താഴ്വരകൾ, സമതലം | 2656.45 ഏ | 76% |
| 3 | ഇടത്തരം ചരിവ് പ്രദേശം | 139.80 | 4% |

## തീരസമതലം

അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന 20% ത്തോളം വിസ്തൃതിയുള്ള മണൽ (പൂഴി) നിറഞ്ഞ പ്രദേശമാണിത്. മഴവെള്ളം പെട്ടന്ന് ഊർന്നിറങ്ങുന്നതിനാൽ വേനൽക്കാലത്ത് ഈ മണ്ണിന് ഈർപ്പം കുറവായിരിക്കും. തെങ്ങ് പ്രധാന വിളയായ ഇവിടെ മാവ്, പ്ലാവ് മുതലായ വൃക്ഷങ്ങളോ മറ്റ് കൃഷികളോ വിരളമാണ്. തീരസമതലങ്ങളിലെ നെൽപ്പാടങ്ങളിൽ തെങ്ങ് കൃഷിചെയ്തതിന്റെ ഫലമായി ഇടക്കിടെ നീർച്ചാലുകൾ രൂപപ്പെട്ടിട്ടുണ്ട്; ഈ നീർച്ചാലുകളിൽ നിന്നുള്ള വെള്ളം ഒഴുകി 'ആവി' എന്നു പറയുന്ന വലിയ തോടിലൂടെ അറബിക്കടലിൽചേരുന്നു. മഴക്കാലം ഉപ്പ് രസമില്ലാത്ത ആവിയിലെ വെള്ളത്തിൽ നവംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ ഉപ്പ് രസം വളരെ കൂടുതലായിരിക്കും. ആവി തീരസമതലത്തെ തെക്കും വടക്കുമായി വേർതിരിച്ചിരിക്കുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ ഭൂവിഭാഗത്തിന്റെ തെക്ക് വടക്കായി ഷൊർണൂർ-മംഗലാപുരം റെയിൽപാതയും നാഷണൽ ഹൈവേയും കടന്നുപോകുന്നു.

## താഴ്‌വരകൾ, സമതലം

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ വരുന്നതും മണൽ കലർന്ന പശിമ മണ്ണും ചെമ്മണ്ണുമുള്ള താഴ്‌വരകളിലെ ഭൂരി ഭാഗവും ഫലഭൂയിഷ്ഠമാണ്. ഇവിടങ്ങളിൽ തെങ്ങ്, നെല്ല്, കവുങ്ങ്, വാഴ, വെറ്റില, കുരുമുളക് എന്നിവ കൃഷി ചെയ്യുന്നു. കൂടാതെ മാവ്, പ്ലാവ് മുതലായ മരങ്ങളുമുണ്ട്. ഇവിടെ പെയ്യുന്ന മഴ അരീക്കരകുണ്ടൻ പാത്തി-പൊന്നാരി-നെയ്‌വാരണി തോട് വഴി കുടുക്കത്തിലൂടെ അകലാപ്പുഴയിൽ ചെന്ന് ചേരുന്നു. മഴക്കാലത്ത് ഈ തോടിനോട് തൊട്ട് കിടക്കുന്ന വയലുകളിൽ വെള്ളപ്പൊക്കം സാധാരണമാണ്. വയലുകളോട് ചേർന്ന് കിടക്കുന്ന കരപ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നുണ്ടെങ്കിലും മറ്റിടങ്ങളിൽ ജനസാന്ദ്രത അത്രയില്ല. വയൽ നികത്തിയതിനാൽ കിണറുകളിൽ വെള്ളം കുറഞ്ഞു വരുന്ന പ്രവണതയുണ്ട്.

## ഇടത്തരം ചരിവ് പ്രദേശം

കുന്നുകൾ താരതമ്യേന കുറഞ്ഞ ഗ്രാമ പഞ്ചായത്താണ് തിക്കോടി. പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയായ അകലാപ്പുഴയോട് ചേർന്ന് കിടക്കുന്ന കിടഞ്ഞിക്കുന്നാണ് ഏറ്റവും ഉയർന്ന പ്രദേശം. ചരൽമണ്ണ് നിറഞ്ഞ ഇടത്തരം ചരിവ് പ്രദേശം ഏകദേശം നാലു ശതമാനം മാത്രമാണ്. വെറ്റിലക്കൊടി, കശുമാവ്, മൂളങ്കൂട്ടം, വാഴ, കവുങ്ങ്, തെങ്ങ് എന്നിവയെല്ലാം ഇവിടെ കാണപ്പെടുന്നു. കുന്നിൻ നെറുകയിൽ ജല ലഭ്യതകുറവാണ്. ഈ പ്രദേശത്ത് പെയ്യുന്ന മഴ ഒലിച്ചിറങ്ങി അകലാപ്പുഴയിൽ ചേരുന്നു. അകലാപ്പുഴയിൽ വിനോദസഞ്ചാരത്തിനുതകുന്ന ഒരു കൊച്ചു ദ്വീപുണ്ട്.

## കാലാവസ്ഥ

തെ. പ. കാലവർഷക്കാലത്ത് ഇവിടെ സമൃദ്ധിയായി മഴ ലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും അധികം മഴ. ഈ ഘട്ടത്തിൽ തീരപ്രദേശത്ത് ശക്തിയായി കാറ്റടിക്കുകയും കടൽ ക്ഷോഭിക്കുകയും ചെയ്യുന്നു. സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വ. കിഴക്കൻ കാലവർഷം കിട്ടുന്നു. ഒരു കൊല്ലത്തെ മഴയുടെ ശരാശരി അളവ് 3667 മി. മീ. ആണ്. മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ ചൂടും ഡിസംബർ, ജനുവരി മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു. മറ്റ് മാസങ്ങളിൽ ഇടമഴയും ലഭിക്കാറുണ്ട്.

പട്ടിക

**ശരാശരി മഴ (മി. മീ.) കോഴിക്കോട് ജില്ല**

| ജനു. | ഫിബ്രു. | മാർച്ച് | ഏപ്രി. | മെയ് | ജൂൺ | ജൂലാ. | ആഗ. | സെപ്ത. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|
| 9 | 7 | 21 | 93 | 297 | 925 | 1034 | 547 | 257 | 284 | 157 | 36 |

**ശരാശരി മഴ (മി. മീ.) തിക്കോടി പഞ്ചായത്ത് 1996**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| NIL | NIL | 21 | 96 | 63 | 710 | 670 | 578 | 186 | 61 | | |

**ശരാശരി താപനില (ഡിഗ്രി സെൽഷ്യസ് 1996**

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Dry | 28 | 29 | 31 | 31 | 31 | 29 | 29 | 28 | 28 | 27 | | |
| Wet | 26 | 27 | 28 | 28 | 27 | 27 | 27 | 26 | 26 | 26 | | |

## ജലലഭ്യത

ഈ വർഷം ജില്ലാ ശരാശരിയിൽ നിന്നും താഴ്ന്ന മഴയാണ് ഇവിടെ ലഭിച്ചത്. പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും കുടിക്കാനും നനയ്ക്കാനും ജലം ഉപയോഗിക്കുന്നത് പുരയിടങ്ങളിൽ കിണർ കുഴിച്ച് കിട്ടുന്ന വെള്ളം വഴിയാണ്. കിഴക്കെ അതിർത്തിയിലുള്ള അകലാപ്പുഴയല്ലാതെ മറ്റ് പുഴകളൊന്നും ഒഴുകുന്നില്ല. തോടുകളുണ്ടെങ്കിലും വേനൽക്കാലത്ത് മിക്കവയും വറ്റിപോകുന്നു. എന്നാൽ ആവിയിൽ എല്ലാകാലത്തും വെള്ളമുണ്ടാകും. വയലുകൾ നികത്തപ്പെട്ടതിനാൽ മഴവെള്ളം തങ്ങിനിൽക്കാതെ നല്ലൊരുഭാഗം പുഴയിലും കടലിലും ഒഴുകിച്ചേരുന്നു. കിടഞ്ഞിക്കുന്നു പ്രദേശത്തും മറ്റു ചിലയിടങ്ങളിലും ജലലഭ്യത കുറവാണ്. ഭൂഗർഭജലത്തിന്റെ വിതാനം വർഷം തോറും കുറഞ്ഞ് വരുന്ന പ്രവണതയാണ് കാണപ്പെടുന്നത്.

## മണ്ണ്

തീരസമതലത്തിലെ പൂഴിമണ്ണ് ഫലപുഷ്ടി കുറഞ്ഞതും നീർവാർച്ചയുള്ളതുമാണ്. താഴ്‌വരയിലെ ചെമ്മണ്ണ് ഫലഭൂയിഷ്ഠമത്രെ. വയൽഭാഗത്ത് എക്കൽമണ്ണും കിഴക്കൻ പ്രദേശത്ത് ചരൽ മണ്ണും കാണപ്പെടുന്നു.

പട്ടിക

| നമ്പ്ര് | മണ്ണിനം | വിസ്തൃതി |
|---|---|---|
| 1. | ചരൽ മണ്ണ് (Laterite soil) | 12% |
| 2. | മണൽ കലർന്ന പശിമരാശി മണ്ണ് (Sandy loam) | 60% |
| 3. | മണൽ (പൂഴി) (Sandy soil) | 20% |
| 4. | എക്കൽ മണ്ണ് | 8% |

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ 95% ഭാഗവും കൃഷിഭൂമിയാണ്. തെങ്ങാണ് കൂടുതലെങ്കിലും സമ്മിശ്ര കൃഷിരീതി പൊതുവെ കുറഞ്ഞു വരുന്നു. വിളമാറ്റം മൂലം ഭൂവിനിയോഗത്തിൽ സാരമായ മാറ്റം സംഭവിച്ചിരിക്കുന്നു. കൃഷിഭവൻ റിപ്പോർട്ടും വില്ലേജ് ഓഫീസ് രേഖകളും ഇത് വ്യക്തമാക്കുന്നു. തിക്കോടി റെയിൽവേസ്റ്റേഷനടുത്തും പയ്യോളി ഹൈസ്ക്കൂളിലും വലിയ മൈതാനങ്ങളുണ്ട്. റോഡുകൾ, ഇറിഗേഷൻ കനാലുകൾ, റെയിൽവേ എന്നിവയ്ക്ക് വേണ്ടി ധാരാളം ഭൂമി വിനിയോഗിച്ചിരിക്കുന്നു.

ഭൂവിനിയോഗപ്പട്ടിക

(കൃഷി ഭവൻ രേഖ)

| വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് (ഒന്നാം വിള) | 10 ഹെ. |
| നെല്ല് (രണ്ടാം വിള) | 35 ,, |
| നെല്ല് (മൂന്നാംവിള) | 42 ,, |
| പയർ | 10 ,, |
| പച്ചക്കറികൾ | 3 ,, |
| തെങ്ങ് | 1300 ,, |
| വാഴ | 4 ,, |
| മരച്ചീനി | 5 ,, |
| കുരുമുളക് | 6 ,, |
| കശുമാവ് | 2 ,, |
| മാവ് | 6 ,, |
| കവുങ്ങ് | 4 ,, |

ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Village office - 1933 Survey)

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണം (ഏക്കറിൽ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| തിക്കോടി | 1751.17 | 1501.91/2 | 177.241/4 | 52.92 | 3482.42 |

## ജൈവ സമ്പത്ത്

അരനൂറ്റാണ്ടിന് മുമ്പ് സമൃദ്ധമായി വളർന്നിരുന്ന പല സസ്യജാലങ്ങളും ഇന്ന് വംശനാശത്തെ നേരിട്ട് കൊണ്ടിരിക്കുന്നു. പല ഔഷധ സസ്യങ്ങളും ഇന്ന് കാണ്മാനില്ല. മുഖ്യ വിളവുകളായ തെങ്ങ്, നെല്ല് എന്നിവയ്ക്ക് പുറമെ കവുങ്ങ്, വാഴ, വെറ്റില കൃഷികളും, പ്ലാവും, മാവും നന്നായി വളരുന്നു. കാവുകൾ ധാരാളമുണ്ടായിരുന്ന ഈ നാട്ടിൽ രണ്ട്മൂന്ന് കാവുകൾ മാത്രമെ അവശേഷിക്കുന്നുള്ളു. സാമൂഹ്യ വന വല്ക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ മുതലായ പുതിയ ഇനം മരങ്ങൾ ഇവിടെ വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

കാളകളും ആടുകളും കുറവാണെങ്കിലും നാടൻ, സങ്കരയിനം പശുക്കൾ ഏറെയുണ്ട്. നായയോട് സാദൃശ്യമുള്ള കുറുക്കന്മാരെ ധാരാളം കണ്ടു വരുന്നു. കറുപ്പും തവിട്ടു നിറവും കലർന്ന കുറുക്കന്മാരുടെ

എണ്ണം കുറവാണ്. ഡിസംബറിൽ എത്തുന്ന ദേശാടന പക്ഷിയായ എരണ്ടക്കൂട്ടം പാടങ്ങളിലിറങ്ങി വിളയ്ക്ക് നാശം വരുത്തുന്നു. പാടങ്ങളിൽ കാണാൻ കഴിയുന്ന മറ്റൊരു ദേശാടനക്കിളിയാണ് നീർക്കാക്ക. വിവിധ ഇനം പക്ഷികളേയും ഈ പഞ്ചായത്തിൽ കാണാം. അപൂർവ്വ മായ ചില കൊറ്റികളും പാടങ്ങളിൽ വിരിഞ്ഞ് നില്ക്കുന്ന താമരയും കുളങ്ങളിൽ കാണുന്ന ചുവന്ന ആമ്പലും മനോഹര ദൃശ്യങ്ങളത്രെ.


## മനുഷ്യ വിഭവം

1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം തിക്കോടി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 22998 ആണ്. ഇതിൽ 11019 പുരുഷൻമാരും 11979 സ്ത്രീകളും ഉണ്ട്. 1000 പുരുഷൻമാർക്ക് 1087 സ്ത്രീകൾ എന്നതാണ് പുരുഷ സ്ത്രീ അനുപാതം. പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട 1356 പേർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 689 പുരുഷൻമാരും 667 സ്ത്രീകളുമാണ്. 6 വയസ്സിന് താഴെ യുള്ള കുട്ടികൾ 3207 പേരുണ്ട്. ജനസാന്ദ്രത ച. കി.മീറ്ററിന് 1625 ആണ്. സംസ്ഥാന ശരാശരി ച. കി. മീറ്ററിന് 749 ഉം ജില്ലാ ശരാശരി ച. കി. മീറ്ററിനി 1118ഉം ആണ്. ജനസാന്ദ്രത ജില്ലാ ശരാശരിയേക്കാൾ വളരെ മുന്നിട്ട് നില്ക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

**ജനസംഖ്യ (1991 സെൻസസ്)** .

| വാർഡ് (പഴയത്) | ആകെ ജന സംഖ്യ | പുരു ഷൻ | സ്ത്രീ | 0-6 വയസ്സിൽ പെട്ടവർ | | | പട്ടികജാതി | | |
|---|---|---|---|---|---|---|---|---|---|
| | | | | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ |
| 1 | 3901 | 1883 | 2018 | 545 | 280 | 265 | 132 | 74 | 58 |
| 2 | 2999 | 1471 | 1528 | 383 | 196 | 187 | 256 | 140 | 116 |
| 3 | 2427 | 1162 | 1265 | 386 | 183 | 203 | 17 | 7 | 10 |
| 4 | 2572 | 1212 | 1360 | 360 | 169 | 191 | 134 | 63 | 71 |
| 5 | 2024 | 973 | 1051 | 263 | 134 | 129 | 71 | 37 | 34 |
| 6 | 2681 | 1292 | 1389 | 347 | 182 | 165 | 305 | 153 | 152 |
| 7 | 1659 | 776 | 883 | 178 | 81 | 97 | 70 | 31 | 39 |
| 8 | 1921 | 940 | 981 | 277 | 147 | 130 | 110 | 49 | 61 |
| 9 | 2814 | 1310 | 1504 | 468 | 220 | 248 | 261 | 135 | 126 |
| ആകെ | 22998 | 11019 | 11979 | 3207 | 1592 | 1615 | 1356 | 689 | 667 |





മീനാക്ഷിയുടെ കർത്താവ് ചെറുവലത്ത് ചാത്തുനായരുടെ പ്രാചീനഗൃഹം

# സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഗവേഷണ വിദ്യാർത്ഥിയുടെ അന്വേഷണ കൗതുകത്തോടെ പിന്നിട്ട നാളുകളിലേക്ക് എത്തിനോക്കാൻ ഇവിടെ ഒരുമ്പെടുന്നില്ല. എന്നാൽ ഏതു പ്രവർത്തനത്തിന്റെയും അന്തർധാരയിൽ സാംസ്കാരിക പാരമ്പര്യത്തിനും പൈതൃകത്തിനും പ്രമുഖ സ്ഥാനമാണുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ഉദയത്തിനു മുമ്പുതന്നെ ധന്യമായ ഒരു പൈതൃകം ഇവിടെ വേരുറച്ചു കഴിഞ്ഞിരുന്നു. വിദ്യാഭ്യാസ - സാംസ്കാരിക - വാണിജ്യ മണ്ഡലങ്ങളിൽ യശോധാവള്യം പരത്താൻ ഈ പ്രദേശത്തിനു കഴിഞ്ഞിരുന്നു.

നൂറ്റാണ്ടിനു മുമ്പുതന്നെ സാമൂതിരി രാജകുടുംബത്തിന്റെയും അരിമ്പൂര്, തൊണ്ടിപ്പുറത്തിൽ, പുത്തലത്ത്, മറോളിച്ചകണ്ടി, പാലടി, ഇറ്റിപ്പുറത്ത് തുടങ്ങിയ ജൻമികുടുംബങ്ങളുടെയും വകയായിരുന്നു. ഏറിയ പങ്കും ഭൂമികൾ. വണ്ണാങ്കണ്ടിമനയെടുത്ത് എന്നിവ വ്യക്തിത്വം പുലർത്തിയ ഈഴവകുടുംബങ്ങളും വൈദ്യരകത്ത്, പുതിയ വെളപ്പിൽ, നാലകത്ത് കറുവന്റെയകത്ത് എന്നിവ പ്രമുഖമായ മുസ്ലിം കുടുംബങ്ങളുമായിരുന്നു. വൈദ്യരകത്ത് എന്ന കുടുംബത്തിന് അറക്കൽ രാജവംശവുമായി ബന്ധമുണ്ടായിരുന്നു. ഇവ

ർക്കല്ലാതെ അധഃകൃതർക്കും പാവപ്പെട്ടവർക്കും ഭൂമി സ്വപ്നം കാണാൻ പോലും കഴിഞ്ഞിരുന്നില്ല എന്നത് അക്കാലത്തെ ചരിത്ര സത്യമായിരുന്നതുകൊണ്ട് എടുത്തുപറയേണ്ടതില്ലല്ലോ. പകലന്തിയോളം മണ്ണിനോട് മല്ലിട്ട് ജീവിച്ച, കർഷകത്തൊഴിലാളികൾ ഈ പ്രദേശത്തിന് സുഭിക്ഷതയും സമ്പത്തുമേകി.

തറവാട് വീടുകളുടെ പൂമുഖത്തും മരച്ചോലയിലും വെച്ച് കുട്ടികൾക്ക് വിദ്യാദാനം നടത്തിയ നാട്ടെഴുത്തച്ഛൻമാർ അറിവിന്റെ പ്രകാശം പരത്തിയ പൂർവ്വസൂരികളാണ്. ചങ്ങാടത്ത് ചെറിയക്കൻ ഗുരിക്കൾ, എ. കൃഷ്ണൻ നായർ, പള്ളിക്കരയിലെ ചന്തു ഗുരുക്കൾ, കണ്ണൻ ഗുരിക്കൾ, ചെറിയണ്ടൻ ഗുരിക്കൾ അയ്യം പറമ്പത്ത് രാമൻ നായർ തുടങ്ങിവർ ഈ രംഗത്ത് പ്രാതസ്മരണീയരാണ്. 1902-ൽ ഗവ. അംഗീകാരത്തോടെ ആർ. അന്തൻനായർ ആരംഭിച്ച ഹിന്ദു ബോയ്സ് സ്കൂളും (ഇന്നത്തെ പള്ളിക്കര എ. എൽ. പി. സ്കൂൾ) 1906-ൽ അംഗീകാരം നേടിയ (അതിനും പത്തു വർഷം മുമ്പ് പ്രവർത്തനമാരംഭിച്ചിരുന്നു.) പുറക്കാട് ബോയ്സ് എലിമെന്ററി സ്കൂളും (ഇന്നത്തെ പുറക്കാട് സൗത്ത്. എൽ. പി. സ്കൂൾ) പാലൂർ എൽ. പി. സ്കൂളും ഈ പഞ്ചായത്തിലെ ആദ്യകാല ഔപചാരിക വിദ്യാ കേന്ദ്രങ്ങളായിരുന്നു.

നിരക്ഷരതനാടിന്റെ മുഖമുദ്രയായിരുന്ന ആ ഇരുണ്ട നാളുകളിൽ പെൺകുട്ടികൾക്കു മാത്രമായുള്ള രണ്ട് വിദ്യാലയങ്ങൾ - പള്ളിക്കര അയ്യാട്ട് ഗേൾസ് സ്കൂളും പുറക്കാട് ഗേൾസ് സ്കൂളും ഇവിടെ പ്രവർത്തിച്ചിരുന്നു എന്നത് കെട്ടുകഥയായി തോന്നാം. സാമൂഹ്യാചാരങ്ങളിലും പാരമ്പര്യങ്ങളിലും ഒരു വ്യക്തി ഉയർത്തിയ വെല്ലുവിളി പള്ളിക്കര അയ്യാട്ട് ഗേൾസ് സ്കൂളിന്റെ തിരോധാനത്തിന് ഇടയായത് പഴമക്കാരുടെ രസകരമായ അനുഭവ കഥയാണ്. കാലം മുന്നോട്ടുപോയപ്പോൾ തിക്കോടിയിലെ മറ്റു പ്രദേശങ്ങളിലെല്ലാം പ്രാഥമിക വിദ്യാലങ്ങൾ ആരംഭിക്കുകയുണ്ടായി.

അക്കാലത്ത് നിലവാരമനുസരിച്ച് വിദ്യാഭ്യാസ രംഗത്ത് ഒട്ടും താഴെയല്ലാതെ നിൽക്കാൻ ഇതുകൊണ്ടെല്ലാം കഴിഞ്ഞിരുന്നു. അന്ന് ഉന്നത വിദ്യാലയങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. തിക്കോടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പയ്യോളി ഹൈസ്കൂൾ 1957-ൽ ആണ് സ്ഥാപിച്ചത്. അതിനു മുമ്പു തന്നെ പ്രവർത്തനമാരംഭിച്ച തൃക്കോട്ടൂർ യു. പി. സ്കൂളാണ് ഈ പഞ്ചായത്തിൽ ഇന്നും പ്രവർത്തിക്കുന്ന ഏക യു. പി. സ്കൂൾ. ഇടക്കാലത്ത് പ്രവർത്തനം നിലച്ചുപോയ തിക്കോടി ബോർഡ് സ്കൂളും ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ തിക്കോടി അങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന അറബി പഠനശാലയും ഇന്ന് പഴമക്കാരുടെ ഓർമ്മയിൽമാത്രം നിലനിൽക്കുന്നു.

1890-ൽ രചിക്കപ്പെട്ട മലയാളത്തിലെ ആദ്യനോവലുകളിൽ പ്രമുഖമായ മീനാക്ഷിയുടെ കർത്താവും സാമൂഹ്യ പരിഷ്കർത്താവുമായ ചെറുവലത്ത് ചാത്തു നായർ മാതൃഭൂമി പത്രത്തിന്റെ ആരംഭകാലം മുതൽ പങ്കാളിയായ പത്ര പ്രവർത്തകനും സബ് എഡിറ്ററും എഴുത്തുകാരനും ഗ്രന്ഥകർത്താവുമായ ടി. പി. സി. കിടാവ് ആദ്യ ലോകസഭയിൽ മലബാറിന്റെ പ്രതിനിധിയായിരുന്ന ബി. പോക്കർ സാഹിബ്, ആയുർവേദ ചികിത്സാരംഗത്ത് പേരും പെരുമയും നേടിയ കുറ്റിയിൽ പെരച്ചൻ വൈദ്യർ, എടോത്ത് കേളപ്പൻ വൈദ്യർ, വണ്ണാൻകണ്ടി ചെറിയക്കൻ വൈദ്യർ, ഗോവിന്ദൻ വൈദ്യർ, ഗ്രാമകോടതി പ്രസിഡന്റും പൗര പ്രമുഖനുമായിരുന്ന വണ്ണാൻ കണ്ടി രാമൻ വൈദ്യർ, പ്രസിദ്ധ മർമ്മ ചികിത്സകരും കളരി അഭ്യാസികളുമായിരുന്ന മമ്മു കുരിക്കൾ, മമ്മദ് കുരിക്കൾ, പ്രശസ്ത പ്രഭാഷകനും സാഹിത്യകാരനും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ കിടയറ്റ പ്രതീകവുമായി മലബാറിൽ നിറഞ്ഞുനിന്ന പഞ്ചായത്തിന്റെ ഒന്നാമത്തെ പ്രസിഡന്റുകൂടിയായ പള്ളിക്കര വി. പി. മുഹമ്മദ്, സി. കെ. ജി. മെമ്മോറിയൽ ഹൈസ്കൂളിന്റെ സ്ഥാപകനായ എം. എം. കൃഷ്ണൻ നായർ, 'ദിന പ്രഭ' പത്രത്തിന്റെ സ്ഥാപകനായിരുന്നു കരുള്ളേരി നാണുനായർ, സംഗീത - നാടരംഗത്തെ പ്രഗത്ഭനായിരുന്ന സി. ടി. പത്മനാഭൻ നായർ പ്രസിദ്ധ ജ്യോത്സ്യനായിരുന്ന ഗോപാല പണിക്കർ തുടങ്ങിയവർ ഈ പഞ്ചായത്തിനെ ധന്യമാക്കിയ മഹത് വ്യക്തികളത്രെ.

രാമായണം കഥ മുഴുവനും ശില്പവേലയിലൊതുക്കി അലങ്കാരമായി ഉയർത്തിയ എട്ടുകെട്ടും നടുമുറ്റവും ഉള്ള പ്രാചീന തറവാട്ടു ഗൃഹമായിരുന്ന പള്ളിക്കരയിലെ തൊണ്ടിപ്പുനം മണ്ണടിഞ്ഞുപോയത് ഈ പഞ്ചായത്തിലെ കലാസവിശേഷതകളുടെ പാരമ്പര്യത്തിനേറ്റ കനത്ത നഷ്ടമായി കാണേണ്ടതാണ്. നിലാവുള്ള രാത്രികളിൽ മുല്ലപ്പൂവിന്റെ സുഗന്ധം പൊഴിയുന്ന നടുമുറ്റത്ത് ആളിക്കത്തുന്ന നിലവിളക്കിന്റെ മുന്നിൽ നിറഞ്ഞ സദസ്സും അരങ്ങു തകർക്കുന്ന സാമൂതിരി കോവിലകത്തെ കഥകളി സംഘത്തെയും ഇന്ന് സങ്കൽപിക്കുവാൻ മാത്രമേ സധിക്കുകയുള്ളൂ.

കാലം വിസ്മൃതിയിലാഴ്ത്തിയ ഇറ്റിപ്പുറത്ത് തറവാടും ഇവിടെ ഓർക്കാതിരുന്നുകൂടാ. കുറുമ്പ്രനാട് താലൂക്കിലെ വിവിധ കേന്ദ്രങ്ങളിൽനിന്ന് ഈ വീടുമുറ്റത്ത് പരദേവതയുടെ തിറയും കെട്ടിയാട്ടവും കാണാൻ പ്രമാണിമാർ ഉൾപ്പടെ, ഒരു വലിയ ജനസമൂഹം എത്തിയിരുന്നു. കലാകാരൻമാരുടെ കേന്ദ്രമായിരുന്ന പള്ളിക്കരയിലെ തട്ടാടത്ത് തറവാടും ആനയും അമ്പാരിയും ക്ഷേത്രകാര്യങ്ങളുമായി കഴിഞ്ഞിരുന്ന അരിമ്പൂര് തറ

വാടും (ഇവിടുത്തെ തിറയുത്സവവും പ്രസിദ്ധമായിരുന്നു) തോക്കേന്തിയ നായൻമാരുടെ കുടുംബമായി അറിയപ്പെടുന്ന മംഗലശ്ശേരിയും ഇന്നും കൊങ്ങന്നൂർ ഉത്സവത്തോടനുബന്ധിച്ച് പുറക്കാട് കൊപ്പരക്കണ്ടത്തിൽ നടക്കുന്ന നായാട്ടു വിളിയിലൂടെ മിന്നിമറയുന്ന ഭൂതകാല ചിത്രങ്ങളും പഴയ സ്മരണയിലേക്ക് നമ്മെ നയിക്കുന്നവയാണ്. ഈ ഗണത്തിൽ പെടുത്താനാവുന്ന തിക്കോടിയിലെ അയ്യംപറമ്പത്ത് എന്ന ഗൃഹവും പുറക്കാട് വരിക്കോളി എന്ന വീടും മറന്നുകൂടാ.

ഇവിടങ്ങളിലെല്ലാം തിറകെട്ടിയാടാനും കോലം കെട്ടാനും അതിവിദഗ്ധരായ മുന്നൂറ്റൻമാരും മലയൻമാരും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

അടുത്തകാലത്ത് അന്തരിച്ച കണ്ണൻ, കണാരൻ എന്നിവർ ഈ കലയിൽ പ്രസിദ്ധരായിരുന്നു. അന്യം നിന്നുപോയ ഗുളികൻകെട്ട്, എണ്ണമന്ത്രം വെലിക്കള തുടങ്ങിയ അനുഷ്ഠാന കലകളും അക്കാലത്ത് പതിവായിരുന്നു. 1982–ൽ ഡൽഹിയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ തെയ്യം അവതരിപ്പിച്ച് കാണികളുടെ പ്രശംസ ഏറ്റുവാങ്ങിയ ഏഷ്യാഡ് കുഞ്ഞിരാമൻ തെയ്യം കെട്ടുന്നതിൽ ഇന്നത്തെ കണ്ണിയായി പ്രവർത്തിക്കുന്നു. ഇവരുടെ സഹായികളായി ചുട്ടികുത്താനും ചമയമണിയിക്കുവാനും ശ്രുതിമധുരമായി തോറ്റം ചൊല്ലാനും സ്ത്രീകളും ഉണ്ടായിരുന്നു.

പരന്നു കിടക്കുന്ന പാടത്ത് പണിയെടുക്കുന്ന സ്ത്രീകൾ ശാലീന സുന്ദരമായ ഈണത്തിൽ പാടുന്ന വടക്കൻ പാട്ടുകളും നാടൻ പാട്ടുകളും പഴയകാല സ്മരണകളാണ്. കാലചക്രത്തിന്റെ തിരിച്ചലിൽ ഇങ്ങിനിവരാതവണ്ണം രോമാഞ്ചദായകമായ ആ നാളുകൾ മറഞ്ഞുപോയി.

ഓണനിലാവിന്റെ മറപറ്റി ഓണനാളിൽ അതിരാവിലെ വീടുകളിൽ കയറി മണി കിലുക്കി വിളിച്ചുണർത്തുന്ന ഓണപ്പൊട്ടൻമാരും കുളിരണിഞ്ഞ തുലാം – വൃശ്ചികം മാസങ്ങളിൽ പുള്ളുവൻ പാട്ടും നാടൻപ്പാട്ടുമായി എത്തുന്ന പാണൻമാരും പുള്ളുവരും ഈ പ്രദേശത്തെ കലാസുഭഗമാക്കി മാറ്റിയിരുന്നു.

ഇന്ന് കാവ്യഭാവനയിൽ മാത്രം പുനഃപ്രതിഷ്ഠിക്കുവാൻ കഴിയുന്ന തിരുവാതിര നാളുകൾ നമ്മുടെ പ്രദേശത്ത് മഹിളാ മണികളുടെ കലാപ്രകടനത്തിനുള്ള സുവർണ്ണാവസരമായി പ്രയോജനപ്പെടുത്തിയിരുന്നു. ഒപ്പന, ദഫ് മുട്ട്, കോൽക്കളി, പരിചമുട്ട് കളി എന്നീ മുസ്ലിം കളികളും ഈഴവരുടെ പ്രസിദ്ധമായ പൂരക്കളിയും, കളരി അഭ്യാസ പ്രകടനങ്ങളും കഴിഞ്ഞ കാലത്തെ ധന്യമാക്കിയിരുന്നു.

പ്രോത്സാഹനമില്ലായ്മ മൂലം പ്രസിദ്ധിയിലേക്ക് ഉയരാൻ കഴിയാതിരുന്ന ചെറിയക്കൽ കിടാവിനെ പോലുള്ള ചിത്രകാരൻമാരും പ്രതിമാശില്പികളും പഞ്ചായത്തിൽ ഉണ്ടായിരുന്നു.

'ന്റപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്നാശ്വസിക്കുന്നത് ക്ഷമിക്കുക. കലാസമ്പന്നമായ ഒരു കാലഘട്ടിന്റെ അനന്തരാവകാശികളാണ് ഈ പഞ്ചായത്തിൽ ഉള്ളത് എന്ന് ഓർമപ്പിപ്പിക്കാനേ ഇവിടെ ശ്രമിച്ചുള്ളൂ.

സമൃദ്ധമായ കായികരംഗത്തോടൊപ്പം അഭിമാനിക്കാനാവുന്ന അദ്ധ്യാത്മിക പാരമ്പര്യവും പഞ്ചായത്തിന്റെ സമ്പന്നതയ്ക്ക് നിദാനമായിരുന്നു. നൂറ്റാണ്ടുകളുടെ പഴക്കവും പാരമ്പര്യവും അവയവിറക്കി പ്രൗഢിയോടെ നിന്നിരുന്ന പെരുമാൾ പുരം ക്ഷേത്രം ഹിന്ദുക്കളുടെ ഏറ്റവും പുരാതനമായ ആരാധനാലയമായിരുന്നു. നിരവധി കെട്ടിടങ്ങളും ഊട്ടുപുരകളും കിണറുകളും ഉത്സവം നടത്താനുള്ള മൈതാനവും ഇവിടെ ഉണ്ടായിരുന്നു. കലകൾ പരിശീലിക്കാനും അത് പ്രകടിപ്പിക്കാനും സംസ്കൃതം, ജ്യോതിഷം, വൈദ്യം എന്നിവ പഠിക്കാനും ഇവിടെ സൗകര്യം ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ഗ്രാമനഗരത്തിന്റെ പ്രൗഢിയിൽ കഴിഞ്ഞ ഇവിടുത്തേക്ക് അകലാപ്പുഴയിലൂടെ നൈവാരണി തോട്ടിലൂടെ തോണിയിൽ കോഴിക്കോട്ടുനിന്ന് സാധനങ്ങൾ എത്തിച്ചിരുന്നു. ഉരുക്കരത്തോട് ഈ ക്ഷേത്രത്തിന്റെ വടക്കുഭാഗമായി നാശോന്മുഖമായി കിടക്കുന്നത് ഇപ്പോഴും കാണാം. വർഷങ്ങളോളം നശിച്ചു കിടന്നിരുന്ന ഈ ക്ഷേത്രം ഇന്ന് പുനരുദ്ധരിച്ച് പുതുജീവൻ നാമ്പിട്ടു തുടങ്ങിയിരിക്കുന്നു.

പള്ളിക്കരയിലെ നൈവാരണി ശ്രീകൃഷ്ണ ക്ഷേത്രവും കോടനാട്ടും കുളം പരദേവതാ ക്ഷേത്രവും തൃക്കോട്ടൂർ മഹാഗണപതി ക്ഷേത്രവും പാലൂർ വിഷ്ണുക്ഷേത്രവും ഹിന്ദുക്കളുടെ മറ്റു പ്രധാനപ്പെട്ട ആരാധനലായങ്ങളാണ്.

ഈ പഞ്ചായത്തിലല്ലെങ്കിലും പഞ്ചായത്തോട് തൊട്ടുകിടക്കുന്ന കൊങ്ങന്നൂർ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിന്റെ പ്രധാന ഭാഗങ്ങൾ നടക്കുന്നത് പഞ്ചായത്തിലെ പുറക്കാടും തിക്കോടിയിലും ആണ്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ മതമൈത്രിയുടെ സംഗമഭൂമിയായിരുന്ന പഞ്ചായത്തിൽ തൃക്കോട്ടൂർ മഹാഗണപതി ക്ഷേത്രവും മുസ്ലിംകളുടെ ചിരപുരാതനമായ മീത്തലെ പള്ളിയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന ചടങ്ങുകൾ ഇന്നും നിലനില്ക്കുന്നു. അങ്ങാടിയിലെ പള്ളിയും പുറക്കാട് തോട്ടത്തിൽ പള്ളിയും പാലൂർ പള്ളിയും പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലിം ആരാധനാലയങ്ങളാണ്. ഹരിജനങ്ങൾക്കായുള്ള മുയ്യാലകണ്ടികാവും ചിരപുരാതനമായ ആരാധനാലയമാണ്. തുടി തുടങ്ങിയ വാദ്യങ്ങൾ ഉപയോഗിച്ച് കൂളിയാട്ടവും മറ്റും ഇവിടെ നടത്തിയിരുന്നു. മറ്റു മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ അന്നും ഇന്നും ഈ പഞ്ചായത്തിൽ ഇല്ല.

ഭൗതിക സമ്പത്തിനോടൊപ്പം മനുഷ്യന്റെ വളർച്ചയ്ക്ക് അദ്ധ്യാത്മിക സമ്പത്ത് പ്രദാനം ചെയ്ത ഈ ആരാധനാലയങ്ങൾ ജനഹൃദയങ്ങളിലുള്ള നമ്മുടെ പ്രതീകങ്ങളായിരുന്നു.

വാണിജ്യരംഗത്ത് പേരും പെരുമയും നേടിയ തിക്കോടി അങ്ങാടി നശിച്ചുപോയെങ്കിലും അങ്ങാടി എന്ന് ഇന്നും അറിയപ്പെടുന്നു. ലോഗന്റെ മലബാർ മാന്വൽ അനുസരിച്ച് (തൃക്കോടി) തിക്കോടി തുറമുഖവും കടലോരത്തുണ്ടായിരുന്ന സാമൂതിരിയുടെ നാവികപ്പടയുടെ സങ്കേതവും പഞ്ചായത്തിന്റെ ഓർമ്മിക്കപ്പെടേണ്ട സമ്പത്തുകളായിരുന്നു. കച്ചവട പ്രമുഖരായ മുസ്ലിംകൾ തിങ്ങി താമസിച്ചിരുന്ന തിക്കോടി അങ്ങാടിയിലുള്ള പാണ്ടികശാല എന്ന പേരുതന്നെ ആ കാലം അയവിറക്കുന്നു. അതിമനോഹരങ്ങളായ വൻകിട വീടുകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെകാണാം. പുറം കടലിൽ നങ്കൂരമിട്ട കപ്പലുകളിൽ നിന്ന് ഉരു വഴി സാധനങ്ങളിറക്കുകയും കയറ്റുകയും ചെയ്തിരുന്നു. ഉരു വെച്ചടുത്ത് ഉരുക്കര തുടങ്ങിയ പേരുകൾ ഇത് അനുസ്മരിപ്പിക്കാൻ ഉതകുന്നതാണ്. ഈ കേന്ദ്രത്തിലായിരുന്നു മുമ്പ് സൂചിപ്പിച്ച അങ്ങാടിപ്പള്ളിയും ദർസും ഉണ്ടായിരുന്നത്. ഇവിടെ അനിവാര്യമായി അനുസ്മരിക്കേണ്ട ഭൂവുടമകളും കച്ചവടക്കാരുമായ ഒരു കുടുംബമുണ്ട്. വൈദ്യരകത്ത് കുടുംബം. അവിടെ നിന്ന് കുതിരവണ്ടിയിൽ പള്ളിക്കരയിലെ തൊണ്ടീപുനത്തിൽ വീട്ടിലെത്താൻ കഴിയുന്ന ഒരു പ്രാചീന റോഡ് അന്നുണ്ടായിരുന്നു എന്നത് പ്രധാന്യമേറിയതാണ്. കാല പ്രവാഹത്തിൽ അസ്തമിച്ചുപോയ, ഗവേഷണ സാധ്യതയുള്ള കച്ചവടകേന്ദ്രമായിരുന്നു തിക്കോടി അങ്ങാടി.

ഇസ്ലാമിക പ്രചരണത്തിന് മാലിക്ബിൻദിനാറും സംഘവും കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ കാലം മുതൽ തന്നെ തുറമുഖനഗരമായ തിക്കോടി ഈത്തപ്പഴ കപ്പലിനോടൊപ്പം ഇസ്ലാം മതത്തെയും ആശ്ലേഷിച്ചു. സൈനുദ്ദീൻ മഖ്ദൂമിന്റെ തുഹ്ഫതുൽ മുജാഹിദ്ദീൻ എന്ന ഗ്രന്ഥത്തിൽ തിക്കോടിയെ മുസ്ലിംകൾ തിങ്ങി താമസിക്കുന്ന പ്രമുഖ തുറമുഖ വ്യാപാര കേന്ദ്രമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നു ബത്തൂത്തയും തിക്കോടിയിലെ മുസ്ലിം പള്ളിയെയും മുസ്ലിംകളെയും കുറിച്ച് എഴുതിയിട്ടുണ്ട്. മാലിക്ബിൻദിനാറിന്റെ സംഘാംഗങ്ങളെ മുസ്ലിം കേന്ദ്രങ്ങളിൽ അധികാരാധിപത്യമുള്ള ഖാസിമാരായി നിശ്ചയിക്കുകയും അവരുടെ വീടുകൾ ഖാസിയാരകം എന്നു വിളിക്കപ്പെടുകയും ചെയ്തിരുന്നു. തിക്കോടി അങ്ങാടി പള്ളിക്കടുത്തും ഖാസിയാരകം ഉണ്ട്. മീത്തലെ പള്ളിയിലെ വിശുദ്ധ മഖ്ബറ മാലിക്ബ്നുദിനാർ സംഘത്തിലെ അംഗമായ തിക്കോടി മഹല്ലിലെ പ്രഥമ ഖാസിയുടേതാണെന്ന് കരുതുന്നു. പന്തലായനി, കൊല്ലം പാറപ്പള്ളി ശ്മശാനങ്ങളുടെ പൗരാണികത തിക്കോടി മീത്തലെ പള്ളി ഖബറിസ്ഥാനുമുണ്ട്.

പള്ളിക്കര കുറ്റ്യോത്ത് കുട്ട്യാലിയുടെ ആനക്കൂട്ടം തിക്കോടി പഞ്ചായത്തിന് ആനചന്തം പകർന്നിരുന്നു.

## ദേശീയ പ്രസ്ഥാനം

ഇന്ത്യയിലെ ജനകോടികളുടെ ഉയിർത്തെഴുന്നേല്പിന്റെ കാലഘട്ടമായിരുന്നുവല്ലോ ഈ നൂറ്റാണ്ടിന്റെ ഇരുപതുകൾ. ആ തരംഗമാലകൾ തിക്കോടി പഞ്ചായത്തിലും കടന്നുവന്നു. അതിനൊരു പ്രത്യേക നിമിത്തവുമുണ്ടായിരുന്നു. പ്രശസ്തനായ സ്വാതന്ത്ര്യ സമരസേനാനിയും വിപ്ലവചിന്തയുടെ കരുത്തേറിയ പ്രതീകവും പിൽക്കാലത്ത് കമ്യൂണിസ്റ്റ് നേതാവായി കേരളം മുഴുവൻ അറിയപ്പെട്ട മൊയാരത്ത് ശങ്കരൻ 1910 കാലത്ത് പുറക്കാട് എലിമെന്ററി സ്കൂളിൽ അധ്യാപകനായി എത്തുകയുണ്ടായി. തയ്യുള്ളതിൽ വീട്ടിൽ താമസിച്ച അദ്ദേഹത്തിന്റെ എല്ലാവിധ ദേശീയ പ്രവർത്തനങ്ങൾക്കും അരിമ്പൂര് കണാരൻ നായരും വണ്ണാൻകണ്ടി ചെറിയേക്കൻ വൈദ്യരും താങ്ങും തണലുമായിരുന്നു. കുറുമ്പ്രനാട് താലൂക്കിൽ ആദ്യമായി രൂപീകരിച്ച കോൺഗ്രസ് കമ്മിറ്റികളിൽ ഒന്ന് കണാരൻ നായർ പ്രസിഡണ്ടായ പുറക്കാട് യൂണിറ്റ് കമ്മിറ്റിയായിരുന്നു എന്ന് തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറെ താമസിയാതെ അദ്ദേഹം ഉപരിപഠനത്തിനായി പോയെങ്കിലും അദ്ദേഹം കൊളുത്തിയ കൈത്തിരി ശക്തിമത്തായിരുന്നു.

ഇരപതുകളാവുമ്പോഴേക്കും കേളപ്പജിയുടെയും സി. കെ. ഗോവിന്ദൻ നായരുടെയും നിരന്തരമായ ബന്ധങ്ങൾക്കും സ്നേഹവാത്സല്യങ്ങൾക്കും ഈ പ്രദേശം അർഹമായി. ഇരുപത്തിനാല് ഇരുപത്തഞ്ച് കാലഘട്ടമാകുമ്പോഴേക്കും ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ ശക്തിമന്ദിരം സ്ഥാപിതമായി. പെരുമാൾ പുരത്ത് നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥാപിച്ച ശക്തിമന്ദിരം ദേശീയ പ്രസ്ഥാനത്തിന്റെ മലബാറിലെ ശക്തിസ്രോതസ്സ് തന്നെയായിരുന്നു. വളണ്ടിയർ പരിശീലനം, ചർച്ചാ ക്ലാസ്സുകൾ, പഠന ക്ലാസ്സുകൾ എന്നീ നിലക്കെല്ലാം ഈ സ്ഥാപനം വലുതായ പങ്ക് വഹിച്ചു. സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻ നായരും മദിരാശി ജയിലിൽ വെച്ചു തൂക്കിലേറ്റിയ ടി. പി. കുമാരൻ നായരും ഇവിടെ വളണ്ടിയർ പരിശീലനം നൽകിയവരായിരുന്നു. നമ്മുടെ രാഷ്ട്രപതിയായിരുന്ന ഡോ. രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായണൻ, പ്രൊഫ. എൻ. ജി. രംഗ, രാമമൂർത്തി, ടി. പ്രകാശം, ഡോ. സമ്പൂർണ്ണാനന്ദ്, ഗോപാൽ റെഡ്ഡി,

പി. സി. ജോഷി, എസ്. എസ്. ബട്‌ലിവാല തുടങ്ങിയ അഖിലേന്ത്യാ നേതാക്കൾ ശക്തിമന്ദിരം സന്ദർശിക്കുകയും പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തോളം ഡോ. സമ്പൂർണ്ണാനന്ദ് ഇവിടെ താമസിക്കുകയുണ്ടായി.

1928ൽ ഇവിടെ കേന്ദ്രമായി ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ, മൊയാരത്ത് ശങ്കരൻ, ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ എന്നിവരുടെ നേതൃത്തിലുള്ള യുവക് സംഘം നമ്മുടെ ദശീയ സമരനിരയിലെ കുതിരശക്തിയായി നിലകൊണ്ടത് ചരിത്രസത്യമാണല്ലോ. ദേശീയ സമരത്തിന്റെ ഓരോ കാലഘട്ടത്തിലും ആവേശോജ്വലമായ പ്രവർത്തനം ഇവിടെ നടക്കുകയുണ്ടായി. ഉപ്പ് സത്യാഗ്രഹം, നിയമലംഘന പ്രസ്ഥാനം, മദ്യഷാപ്പ് പിക്കറ്റിംഗ്, വിദേശ വസ്ത്ര ബഹിഷ്കരണം, വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ, ക്വിറ്റ് ഇന്ത്യാ സമരം, ഖാദി പ്രവർത്തനം, ഹരിജനോദ്ധാരണം എന്നിവയിലെല്ലാം സജീവമായി പങ്കെടുത്ത സ്വാതന്ത്ര്യ സമര സേനാനികളുടെ ഒരു നിരതന്നെ തിക്കോടിയിലുണ്ടായിരുന്നു. ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ. കീഴരിയൂർ ബോംബ് കേസിലെ പ്രതികളായ വി. കെ. അച്ചുതൻ വൈദ്യർ, ടി. പി. കുഞ്ഞിരാമൻ കിടാവ്, വളണ്ടിയർ ക്യാപ്റ്റനായ കുഞ്ഞനന്തൻ നായർ വൈക്കം ഗുരുവായൂർ സത്യാഗ്രഹങ്ങളിൽ പങ്കെടുത്ത എം. ഗോവിന്ദൻ നായർ തുടങ്ങിയവർ തിക്കോടിയുടെ സംഭാവനകളാണ് ഇന്നും നമ്മോടൊപ്പമുള്ള 80 വയസ്സ് പിന്നിട്ട അദ്ധ്യാപക ശ്രേഷ്ഠനായ സി. പി. കുഞ്ഞിരാമൻനായർ കീഴരിയൂർ ബോംബ് കേസിലും സ്വതന്ത്ര ഭാരതം കേസിലും പ്രതിയായിരുന്ന, ഇന്ന് കെ. പി. സി. സി. ഓഫീസിൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന കെ. ഗോപാലൻ വി. കെ. പത്മനാഭൻ എന്നിവർ ദേശീയ പ്രസ്ഥാനത്തിന് പ്രചോദന കേന്ദ്രവും മാർഗ ദർശികളുമായിരുന്നു.

സ്വാതന്ത്ര്യാനന്തരം വിനോബഭാവെയുടെ നേതൃത്വത്തിൽ ഭൂപരിഷ്കരണത്തിന്നായി ആരംഭിച്ച ഭൂദാന യജ്ഞത്തിൽ ഭൂദാനം ചെയ്യാനുള്ള ഭൂവുടമകൾ ഇല്ലായിരുന്നെങ്കിലും പൂർണ്ണമായും പഞ്ചായത്തിലെ ജനങ്ങൾ അതുൾക്കൊണ്ടിരുന്നു. തിക്കോടി ഇൻടൻസീവ് ഏരിയാ കെട്ടിടത്തിൽ വിനോബ ഭാവെ ഈ ആവശ്യാർത്ഥം താമസിക്കുകയുണ്ടായി.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ സംഘടിതമായ പോരാട്ടവും മാറ്റത്തിനു വേണ്ടിയുള്ള ജനകീയസമരങ്ങളും എടുത്തു പറയാൻ മാത്രം ഇവിടെ നടന്നില്ല. അതാത് കാലത്തുണ്ടായ നിയമ വിധേയമായ ഭൂപരിഷ്കരണവും സാമൂഹ്യ മാറ്റങ്ങളും ഉൾക്കൊള്ളുക മാത്രമേ ചെയ്തിട്ടുള്ളൂ.

ദേശീയ പ്രസ്ഥാനം ജനങ്ങളുടെ ജീവിതരീതിയിലും രാജ്യത്തോടുള്ള പ്രതിബദ്ധതയിലും വലിയ മാറ്റങ്ങളുണ്ടാക്കി. വിദ്യാഭ്യാസ നിലാവരത്തിന്റെ ഉയർച്ച, ഉച്ചനീചത്വം അവഗണിക്കാനുള്ള തന്റേടം, ആരാധനാ സ്വാതന്ത്ര്യം ഉപയോഗിക്കൽ എന്നിവ അതിന്റെ നേട്ടങ്ങളായി അനുഭവപ്പെട്ടുതുടങ്ങി. സ്വാതന്ത്ര്യസമ്പാദനവും തുടർന്ന് പഞ്ചവത്സര പദ്ധതികളിലൂടെ വന്നുചേർന്ന വികസനവും ജനങ്ങളിൽ പുതിയ അവബോധം ഉണ്ടാക്കാൻ സഹായിച്ചു. മൊത്തത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഫലമായി ഒരു പുതിയ ചിന്താധാര ജനങ്ങളിൽ വന്നു എന്നു കാണാം.

ട്രേഡ് യൂണിയൻ, കർഷക സംഘം എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്തു കാണിക്കത്തക്കതായില്ല. മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട റൂബി എസ്റ്റേറ്റ് വക പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള അകലാപ്പുഴ കോൾനിലം ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചു നൽകാൻ കർഷകത്തൊഴിലാളി യൂണിയൻ ആഭിമുഖ്യത്തിൽ നടത്തിയ സമരമാണ് ഭൂമിയെ സംബന്ധിച്ച് നടന്ന പഞ്ചായത്തിലെ സമരം. അത് ഫലപ്രാപ്തിയിലെത്തുകയും ചെയ്തു.

പഞ്ചായത്തിന്റെ ഇന്നത്തെയും എന്നത്തേയും പ്രകാശ ഗോപുരങ്ങളായി നമ്മോടൊപ്പമുള്ള ചില മഹത് വ്യക്തികളെ കൂടി സ്മരിക്കാതെ ഈ വാക്കുകൾ അവസാനിപ്പിക്കുന്നത് ശരിയല്ല. പഞ്ചായത്തിലെ പൈതൃകം കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിക്കുന്നവരാണവർ. നാടക – നോവൽ ഹാസ്യ സാഹിത്യരംഗത്ത് അതികായനായ, ഇന്ന് സാഹിത്യ അക്കാദമി അധ്യക്ഷ പദം അലങ്കരിക്കുന്ന തിക്കോടിയൻ – പി. കുഞ്ഞനന്തൻനായർ, തൃക്കോട്ടൂർ പെരുമ അത്യുന്നതങ്ങളിൽ എത്തിച്ച യു. എ. ഖാദർ, ദേശീയ പ്രശസ്ത കാർട്ടൂണിസ്റ്റുകളായ ബി. എം. ഗഫൂർ, ഗോപീകൃഷ്ണൻ, ഇ. സുരേഷ്, മരിദാശിയിൽ സ്ഥിര താമസമാക്കിയ സിനിമാ നിർമാതാവും കലാ പ്രവർത്തകനുമായ വി. അബ്ദുല്ല സാഹിബ്, ചെറുകഥാകാരിയും നോവലിസ്റ്റുമായ ബി. എം. സുഹ്റ, വ്യവസായ പ്രമുഖനായ വി. കെ. മൊയ്തുഹാജി, ആധുനിക ചികിത്സാ രംഗത്തെ അന്തർ ദേശീയ പ്രശസ്തനും ഗവേഷണ പ്രതിഭയുമായ ഡോ. വി. കെ. വിജയൻ, കേരള നിയമസഭയിലെ അംഗമായിരുന്ന മണിമംഗലത്ത് കുട്ട്യാലി, തച്ചുശാസ്ത്ര വിദഗ്ധനായ ഇമ്പിച്ചുണ്ണി ആശാരി, പ്രശസ്ത കളരി അധ്യാപകൻ ഹാജി ഗുരിക്കൾ എന്നിവരാണവർ.

അഖിലേന്ത്യാ വോളിബോൾ താരമായിരുന്ന വി. കെ. രാഘവൻ വൈദ്യരും കായികാധ്യാപകനായ ഇ. ബാലകൃഷ്ണൻ മാസ്റ്ററും പ്രകാശം ചൊരിഞ്ഞ കായികരംഗം ഇന്ന് ഒളിമ്പ്യൻ പി. ടി. ഉഷയിൽ വന്നു നില്ക്കുന്നു എന്നതും പഞ്ചായത്തിന് അഭിമാന

ത്തോടെ എടുത്തുകാണിക്കാവുന്നതാണല്ലോ.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ വന്നു നിൽക്കുന്ന നമ്മുടെ രാജ്യം അര നൂറ്റാണ്ടുകൊണ്ട് നേടിയ ആഭ്യന്തര വൈദേശിക രംഗത്തെ നേട്ടങ്ങൾ ഒട്ടും ചെറുതല്ല. ചൈതന്യമാർന്ന ഒരു പുതിയ ജനതയായും രാഷ്ട്രമായും മാറാൻ നമുക്ക് സാധിച്ചു. എന്നാൽ അതോടൊപ്പം പുതിയ വെല്ലുവിളികളും നമുക്ക് നേരെ വന്നിരിക്കുന്നു.

മുരടിച്ച് നിൽക്കുന്ന ഉല്പാദനമേഖല, നിയന്ത്രണാധീനമാക്കാൻ കഴിയാത്ത രൂക്ഷമായ തൊഴിലില്ലായ്മ, ഊർജരംഗത്തെ പ്രതിസന്ധി, നാണ്യവിളകളുടെ വിലയിടിവ്, വികസനരംഗത്തെ മറ്റ് അപര്യാപ്തതകൾ എന്നിവ അവയിൽ ചിലതാണ്. സ്ത്രീകളെ സംബന്ധിച്ച പ്രശ്നങ്ങളും പരിഗണിക്കേണ്ട വസ്തുതകളാണ്.

ഈ വെല്ലുവിളികളെ അതിജീവിച്ച് ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമ സ്വരാജ് യാഥാർത്ഥ്യമാക്കാനുള്ള പ്രതിജ്ഞയുമായിട്ടാണ് 9ാം പദ്ധതി നാം ആസൂത്രണം ചെയ്യുന്നത്.

അതിന്നാവശ്യമായ വിഭവങ്ങളും ഊർജവും സമ്പന്നമായ ഭൂതകാലത്ത് കാലൂന്നി നിന്നുകൊണ്ട് സമാഹരിച്ച്, ജനകീയ ഐക്യവും പങ്കാളിത്തവും ഉറപ്പുവരുത്തി ജനസമൂഹം രൂപംകൊടുത്ത പദ്ധതിയുമായി പ്രവൃത്തി പഥത്തിലേക്കിറങ്ങാൻ അവസരം ലഭിച്ചിരിക്കുന്നു. ഈ സന്ദർഭം പൂർണമായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുമാറാവട്ടെ. ■





# കൃഷിയും ജലസേചനവും

## കൃഷി

അറബിക്കടലിന്റെയും അകലാപ്പുഴയുടെയും ഇടയിൽ നീണ്ട് കിടക്കുന്ന സസ്യശ്യാമളമായ ഒരു പ്രദേശമാണ് തിക്കോടി ഗ്രാമ പഞ്ചായത്ത്. പുരാതന കാലം മുതൽ ജനങ്ങൾ അവരുടെ ഉപജീവനമാർഗത്തിന് കൃഷിയെയാണ് ആശ്രയിച്ചു പോന്നിരുന്നത്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും ജലസ്രോതസുകളും കാലാവസ്ഥയും സാമൂഹിക ബന്ധങ്ങളും നമ്മുടെ കൃഷിയേയും കൃഷിരീതികളെയും സ്വാധീനിച്ചിരുന്നു.

കാർഷിക രംഗത്ത് വളരെ തിളക്കമാർന്ന ചരിത്രമാണ് നമുക്കുള്ളത്. നെല്ലും തെങ്ങുമായിരുന്നു മുഖ്യ കൃഷിയിനങ്ങൾ. ഇടവിളയായി പയർ, പച്ചക്കറി, കിഴങ്ങ്, വാഴ എന്നിവയും കൃഷിചെയ്തിരുന്നു. കൊയ്ത്തുകാലം ജനങ്ങൾക്ക് ഉത്സവദിനങ്ങളായിരുന്നു.

തികച്ചും ഗ്രാമീണ കൃഷിരീതികളായിരുന്നു അന്ന് അവലംബിച്ചിരുന്നത്. വിശാലമായ പാട ശേഖരങ്ങൾ വരമ്പുകൾ തീർത്ത് കൃഷി ഒരുക്കിയെടുത്തിരുന്നു. നിലം ഒരുക്കുന്നതിന് കാളകളെ പൂട്ടിയ കലപ്പകളും വള

ക്കൂറ് നല്കുന്നതിന് പച്ചില, ചാണകം, വെണ്ണീർ എന്നീ ജൈവ വളങ്ങളും ഉപയോഗിച്ചു. വിളവെടുപ്പ് കഴിഞ്ഞാൽ ഉയർന്ന പാടങ്ങളിൽ ഇടക്കാല വിളയായി വെള്ളരി, കയ്പ, ഇളവൻ, മത്തൻ, വത്തയ്ക്ക എന്നിവ കൃഷി ചെയ്തിരുന്നു.

തിക്കോടി പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി വേർതിരിച്ചാൽ പടിഞ്ഞാറ് ഭാഗത്ത് മുഖ്യയിനം തെങ്ങാണ്. മുൻകാലങ്ങളിൽ പൂവ്വൻ ചാലിൽ, പള്ളിത്താഴ, ചെത്തിൽ വയൽ, തലോടിത്താഴ വയൽ, ഓടംകുളം വയൽ, അങ്ങേക്കര വയൽ മുതലായ വയൽ പ്രദേശങ്ങളിൽ നെല്ലും കൃഷി ചെയ്തിരുന്നു.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് മുഖ്യമായും നെൽകൃഷിയായിരുന്നു. അകലാപ്പുഴ കോൾനിലം, നടയകം, നല്ലാട്ടിൽ താഴ, പഴന്തലക്കടവ്, കോടൂർതാഴ, പറോളി നട, ചെറുകുന്ന് താഴ, രാരോത്ത് താഴ, മഠത്തിൽ താഴ, കരോളി താഴ, മുക്കം വയൽ, മുത്താറ്റിൽ താഴ, ചെറുകുറ്റി പാടശേഖരം, കുണ്ടൻ പാത്തി, വരിക്കാലിൽ താഴ എന്നിവയായിരുന്നു പ്രധാന നെൽകൃഷിയിടങ്ങൾ.

എന്നാൽ ഇന്ന് നെൽകൃഷി കുറഞ്ഞ് വരികയാണ്. കൃഷിച്ചെലവിലുണ്ടായ അമിതമായ വർധന, കർഷകത്തൊഴിലാലികളുടെ ദൗർലഭ്യം, ദീർഘകാല വിളവുകളിലേക്കുള്ള മാറ്റം, വയൽ പ്രദേശങ്ങൾ പാർപ്പിടങ്ങളായത് എന്നിവ ഇതിന്റെ പ്രധാന കാരണങ്ങളാണ്.

പണ്ട് കാലത്ത് നമ്മുടെ കാർഷിക രംഗത്ത് ജൻമി – കുടിയാൻ സമ്പ്രദായമാണ് നിലനിന്നിരുന്നത്. എന്നാൽ ഭൂപരിഷ്ക്കരണ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടെ കുടിയാൻമാർ സ്വതന്ത്രരാവുകയും അവർ കൃഷിഭൂമികളുടെ ഉടമകളാവുകയും ചെയ്തു. ഇവരുടെ അഭ്യസ്തവിദ്യരായ പിൻതലമുറക്കാരാവട്ടെ കാർഷികവൃത്തിയിൽ ഒട്ടും താല്പര്യം കാണിക്കുന്നില്ല. തൊഴിലുകൾക്ക് വേണ്ടിയുള്ള ഗൾഫ് കുടിയേറ്റം, തത്ഫലമായുണ്ടായ സാമ്പത്തിക പുരോഗതി എന്നിവ കാർഷിക രംഗം കൂടുതൽ ശോഷിക്കുന്നതിനിടയായി.

**പഞ്ചായത്തിലെ വിളകൾ**

| വിള | വിസ്തീർണം (ഹെക്ടർ) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് | 87 ഹെക്ടർ | 233500 കി.ഗ്രാം | 303500 കി.ഗ്രാം |
| തെങ്ങ് | 1300 ഹെക്ടർ | 6630,000 എണ്ണം | 99,45,000 എണ്ണം |
| വാഴ | 4 ഹെക്ടർ | 70 ടൺ | 100 ടൺ |
| കവുങ്ങ് | 4 ഹെക്ടർ | 48000 നട്ട്സ് | 80,000 നട്സ് |
| കുരുമുളക് | 4 ഹെക്ടർ | 1620 കി.ഗ്രാം | 2000 കി.ഗ്രാം |
| വെറ്റില | – | – | – |
| പച്ചക്കറികൾ | 3 ഹെക്ടർ | – | – |
| പയർ | 10 ഹെക്ടർ | – | – |
| മരച്ചീനി | 5 ഹെക്ടർ | 7.5 ടൺ | 110 ടൺ |

**കാർഷിക ഉപകരണങ്ങൾ**

| നമ്പർ | പേര് | എണ്ണം |
|---|---|---|
| 1 | നാടൻ കലപ്പ | 16 |
| 2 | ട്രില്ലർ | |
| 3 | സ്പ്രെയർ | 106 |
| 4 | തെങ്ങ് കയറ്റ യന്ത്രം | 19 |

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | ആകെ |
|---|---|---|---|---|---|---|---|---|
| തെങ്ങ് കൃഷി വിസ്തീർണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1300 ഹെക്ടർ | 184016 | 176150 | 360166 | 2500 | 130 | 15000 | 400 | 18030 |

## ജലസേചനം

നമ്മുടെ പഞ്ചായത്തിൽ പറയത്തക്ക ജലസേചന പദ്ധതികളൊന്നുമില്ല. ഇവിടുത്തെ കൃഷിക്കാർ പണ്ടുകാലംതൊട്ടേ കുളം, തോട്, ചിറ, കിണർ എന്നിവയെയാണ് ആശ്രയിച്ചു പോന്നിരുന്നത്. കോരിയും തേവിയും ജലസേചനം നടത്തിയിരുന്ന കർഷകർ ഇന്ന് പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നു. കുറ്റ്യാടി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഇറിഗേഷൻ കനാലുകൾ തീരെ പ്രയോജനപ്പെടുന്നില്ല. കിഴക്ക്



പടിഞ്ഞാറായി ഒഴുകുന്നതും ഏകദേശം എല്ലാ കാലത്തും ജലസമൃദ്ധമായ ആവിയും 1,2,4 വാർഡുകളിൽ പരന്നു കിടക്കുന്ന അതിന്റെ കൈത്തോടുകളും പ്രസ്തുത വാർഡുകളിലെ ജലസേചനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. 6,7,9,10 വാർഡുകൾക്ക് ജലസേചന സൗകര്യങ്ങൾ നൽകുന്നതിൽ അകലാപ്പുഴ കോൾനിലം സഹായിക്കുന്നു. പഞ്ചായത്തിലെ അങ്ങാടി പള്ളിക്കുളം, പാലൂർ ക്ഷേത്രക്കുളം, കൈനോത്ത് കെട്ട്, വരിക്കോളി ത്താഴക്കുളം, പൊന്നാരി തോട്, തടത്തിൽകുളം, കടുക്കുഴി, ആനക്കുഴി നൈവാരണി, തേവർകണ്ടിത്താഴ കുളം, ഒടിച്ചിറ, വള്ള്യാട്ട് ഉറവ് കുളം, അരീക്കര തോട്, പുത്തരിത്തോട്, കോരൻ കണ്ടത്തിൽ താഴ കുളം, രാരോത്ത് കുളം എന്നിവ ചെറുകിട കർഷകരുടെ പ്രധാന ജല സ്രോതസ്സുകളാണ്.

1960ൽ അച്ചൻവീട് നടക്കൽ നിർമ്മിച്ച ചീർപ്പിന് (VCB) റിപ്പേർ വർക്കിന് വേണ്ടി 1,45000 രൂപ വകയിരുത്തിയെങ്കിലും പ്രവർത്തി നടന്നിട്ടില്ല. പയന്തല താഴ എന്ന പ്രദേശത്ത് സേവ് ഡ്രെയിനേജ് സ്കീമിൽപെടുത്തി 40 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഒരു വി. സി. ബി ബണ്ട് നിർമിക്കാനുള്ള നിർദ്ദേശം പഞ്ചായത്തിൽ നിലവിലുണ്ട്. 30 സെന്റ് ഭൂവുടമകളായ വ്യക്തികൾക്ക് കൃഷിഭവൻ മുഖേന ലഭ്യമാവുന്ന സബ്സിഡി ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന കിണറുകളും പമ്പുസെറ്റുമാണ് മറ്റൊരു പ്രധാന ജലസേചന പദ്ധതി.

മുമ്പുകാലത്ത് നെൽ വയലുകളിൽ പച്ചില, ചാണകം, വെണ്ണീർ എന്നിവയാണ് വളമായി ഉപയോഗിച്ചതെങ്കിൽ ഇപ്പോൾ രാസവളങ്ങളാണ് ഉപയോഗിച്ചു വരുന്നത്. രാസവള പ്രയോഗം മൂലം മണ്ണിന്റെ ജൈവഗുണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി കർഷകർ പറയുന്നു. ശാസ്ത്രീയമായി രാസവളപ്രയോഗം നടത്താത്തതിനാൽ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായി കാണുന്നു. അതുകൊണ്ട് ഇപ്പോൾ ചില കർഷകർ ജൈവവളവും രാസവളവും ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ തെങ്ങ് കൃഷിക്ക് മീൻ വളങ്ങളാണ് കൂടുതൽ ഉപയോഗിച്ച് വരുന്നത്.

എന്നാൽ മീൻ വളത്തിന് ദൗർലഭ്യം നേരിട്ടതോട്കൂടി ചാണകവും പിണ്ണാക്കും എല്ലുപൊടിയും പൊട്ടാഷും കോക്കനട്ട് മിക്സ്ചറും വളമായി ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പച്ചില, പിണ്ണാക്ക്, ചാണകം, വെണ്ണീർ എന്നിവ ഉപയോഗിച്ചു വരുന്നു. ഇവ ചെമ്മണ്ണ് പ്രദേശങ്ങൾ ആയതിനാൽ വർഷംതോറുമുള്ള വളപ്രയോഗം വേണ്ടിവരുന്നില്ല.

**രാസവള ഉപയോഗം**

| | |
|---|---|
| രാസവളം (95–96) – | 121000 Kg. |
| കീടനാശിനി ദ്രവം – | 7500 Ml. |
| ,, ഖരം – | 194 Kg. |

നമ്മുടെ പഞ്ചായത്തിലെ തെങ്ങു കൃഷിക്കുള്ള പ്രധാനരോഗങ്ങൾ കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെളള് ശല്യം, തെങ്ങോല പുഴു, ചെന്നീരൊലിപ്പ് എന്നിവയാണ്.

നെല്ലിനെ ബാധിക്കുന്ന രോഗങ്ങൾ പ്രധാനമായും ബ്രൗൺ ഹോപ്പർ ആക്രമണം, കൊമ്പൻ ചെല്ലി പ്രശ്നം, ഇലപുള്ളി, ഇല ചുരുട്ടി എന്നിവയാണ്.

കൃഷി വികസന പ്രവർത്തനങ്ങൾക്കായി കർഷകർ പ്രധാനമായും ആശ്രയിക്കുന്ന സ്ഥാപനം തിക്കോടിയിലെ കൃഷി ഭവനാണ്.

ഇവിടെ നിന്നും കർഷകർക്ക് തെങ്ങിൻ തൈകളും വൃക്ഷ തൈകളും കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നു. കർഷകർക്ക് നവീനമായ കൃഷി രീതികളിലും കാർഷികോപകരണങ്ങളുടെ പ്രയോഗത്തിലും ഇവിടെ നിന്നും പരിശീലനം നൽകുന്നുണ്ട്. കർഷകദിനവും കാർഷിക സെമിനാറുകളും എല്ലാ വർഷവും നടത്തി വരുന്നു. കൃഷിഭവനോട് ചേർന്ന് പ്രവർത്തിക്കുന്ന തിക്കോടിയിലെ ജില്ലാ മണ്ണ് പരിശോധന കേന്ദ്രം കർഷകരെ ഏറെ സഹായിക്കുന്നുണ്ട്.

കൃഷിയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ എടുത്ത് പറയത്തക്ക പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന ഒരു സംഘടനയാണ് കേര കർഷക സമിതി.

നമ്മുടെ പഞ്ചായത്തിലെ കർഷക തൊഴിലാളികൾക്ക് ഒരു ഏകീകരിച്ച കൂലി നിരക്ക് ഇന്ന് നിലവിലില്ല. ചിലയിടങ്ങളിൽ ഉച്ചപ്പണിക്ക് പുരുഷൻമാർക്ക് 60ക.യും സ്ത്രീകൾക്ക് 40ക.യുമാണ്. മറ്റിടങ്ങളിൽ ഇത് 70ഉം 50ഉം ആണ്. ദിവസക്കൂലി 100ഉം 125ഉം നിരക്ക് നിലവിലുള്ള പ്രദേശങ്ങളുമുണ്ട്. ഒരേറ് ഉഴവിന് 150രൂപ കൂലിയുണ്ട്.

കർഷകത്തൊഴിലാളികൾക്ക് ബോണസ്, മറ്റ് സേവന വ്യവസ്ഥകൾ നിലവിലില്ല. അടുത്ത കാലത്ത് തെങ്ങ് കയറ്റ തൊഴിലാളികൾ ബോണസ് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രാബല്യത്തിൽ വന്നിട്ടില്ല.

ലഭ്യമായ കണക്കനുസരിച്ച് തിക്കോടി ഗ്രാമത്തിൽ 400 പുരുഷ കർഷക തൊഴിലാളികളും 133 സ്ത്രീ തൊഴിലാളികളും ജോലി ചെയ്യുന്നു. (ഈ കണക്കിൽ മാറ്റം വന്നിട്ടുണ്ടാവാൻ സാധ്യതയുണ്ട്.)

കാർഷിക രംഗത്തെ ബന്ധങ്ങളിൽ കർഷകനെന്നോ, തൊഴിലാളി എന്നോ, വൻകിട കർഷകനെന്നോ ചെറുകിട കർഷകനെന്നോ ഉള്ള വ്യത്യാസം പഞ്ചായത്തിലില്ല.

നെല്ല് നമ്മുടെ നാട്ടിൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നില്ല. ഏകദേശം 70% ആളുകളും തെങ്ങിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. അവരുടെ വിവിധ ഉൽപന്നങ്ങൾ നാട്ടിലെ ചെറുകിട കച്ചവടക്കാർക്കും, കൊയിലാണ്ടി, വടകര, കോഴിക്കോട് എന്നീ വാണിജ്യ കേന്ദ്രങ്ങളിലും വില്പന നടത്തുന്നു. കൊട്ടടക്ക കുരുമുളക് എന്നിവയും ഇതുപോലെ തന്നെ വിപണനം ചെയ്യപ്പെടുന്നുണ്ട്. ആഴ്ചയിൽ മൂന്നു ദിവസം നടക്കുന്ന തിക്കോടി വെറ്റില ചന്തയിലാണ് വെറ്റില വിറ്റഴിക്കുന്നത്.

## പ്രശ്നങ്ങൾ

- ഭൂരിഭാഗം കർഷകരുടെയും വരുമാനം തുച്ഛമാണ്.
- നെൽക്കൃഷി ലാഭകരമല്ല.
- നാളീകേരത്തിന് ഉല്പാദനച്ചെലവനുസരിച്ച വില ലഭിക്കുന്നില്ല. വിപണനത്തിനുള്ള അസൗകര്യം.
- കാർഷിക ലോണുകൾ കിട്ടാനുള്ള പ്രയാസം.
- പ്രകൃതി ക്ഷോഭത്താലുണ്ടാകുന്ന വിള നാശത്തിന് നഷ്ടപരിഹാരത്തുക വേണ്ടത്രയില്ല.
- കർഷകത്തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ട്.
- കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് വർധനയും സേവന നിലവാര തകർച്ചയും.
- തുണ്ട് ഭൂമിയിൽ ലാഭകരമായി കൃഷിചെയ്യാൻ സാധിക്കുന്നില്ല.
- തെങ്ങ് കയറ്റ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരുന്നു.
- ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.
- കുറ്റ്യാടി ഇറിഗേഷൻ പദ്ധതി പ്രയോജനപ്പെടുന്നില്ല.
- നീർക്കെട്ട് നെൽക്കൃഷിയെ ബാധിക്കുന്നു.
- ജൈവ വളം ആവശ്യത്തിന് കിട്ടാനില്ല.
- കൃഷിയെ കീടങ്ങൾ ബാധിക്കുന്നു.
- കീടനാശിനികളുടെ അമിത ഉപയോഗം
- ഓരു വെള്ളം കൊണ്ട് കൃഷിക്കുള്ള ബുദ്ധിമുട്ട്.
- മണ്ണിന്റെ ഗുണ നിലവാരത്തെക്കുറിച്ചുള്ള അജ്ഞത.
- കൃഷിഭവന്റെ സേവനം കർഷകർക്ക് തൃപ്തികരമായി

ലഭിക്കുന്നില്ല.

- മേത്തരം തൈകളും വിത്തുകളും ആവശ്യത്തിനും സമയത്തിനും ലഭിക്കുന്നില്ല.
- ഉഴുവ് കാളകളും കലപ്പകളും കുറയുന്നു.
- നെൽവയലുകൾ കുറയുന്നു.
- കൃഷിസ്ഥലങ്ങൾ ഒഴിച്ചിടുന്നു.
- പച്ചക്കറിക്കൃഷിയിൽ താല്പര്യമില്ല.
- ഔഷധസസ്യങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
- വെറ്റിലക്കൃഷി ചുരുങ്ങി വരുന്നു.
- ഇടവിളക്കൃഷി ചെയ്യുന്നില്ല.
- മണ്ണൊലിപ്പുണ്ടാകുന്നു.
- കാളക്കൂറ്റന്മാരുടെയും എലികളുടെയും ശല്യം.
- വിദ്യാഭ്യാസത്തിൽ കൃഷിപഠനത്തിന് മുൻഗണനയില്ല.
- സമൂഹം കൃഷിക്കാരനെ വേണ്ടവിധം അംഗീകരിക്കുന്നില്ല.

## സാധ്യതകൾ

- എല്ലാവിധ കൃഷികളുടെയും ഉല്പാദന ക്ഷമത വർധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.
- എല്ലാവിളകൾക്കും ഇൻഷ്വറൻസ് സ്കീം ബാധകമാക്കണം.
- വിളകൾക്ക് താങ്ങുവില യുക്തിസഹമായി നിശ്ചയിക്കേണ്ടതാണ്.
- കാർഷിക സമ്പ്രദായം നവീകരിക്കണം.
- കർഷകസഹകരണസംഘങ്ങൾ സ്ഥാപിച്ചും ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം സ്വീകരിച്ചും ഉല്പാദനച്ചിലവ് കുറക്കാം.
- വിത്തും വളവും കാർഷിക ഉപകരണങ്ങളും കൃഷിഭവൻ മുഖേന സൗജന്യനിരക്കിൽ കൃഷിക്കാർക്ക്

**പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ സ്ഥിതിവിവരപ്പട്ടിക**


| | ജലം സുലഭം | വാർഡ് | | ജലം മിതം | വാർഡ് | | ജലം ദുർലഭം | വാർഡ് |
|---|---|---|---|---|---|---|---|---|
| 1 | രാരോത്ത് താഴെ കുളം | 8 | 1 | കാവുംതാഴ കുളം | 6 | 1 | അക്കംവീട്ടിൽ താഴെകുളം | 8 |
| 2 | നല്ലടിപൊയിൽ കുളം | 6 | 2 | മുത്താറ്റിൽ താഴ കുളം | 6 | 2 | പുതിയ കുളങ്ങര | 8 |
| 3 | നെയ്‌വാരണി ക്ഷേത്രക്കുളം | 3 | 3 | പി.എച്ച്.സി. കുളം | 3 | 3 | കോടനാട്ടുകുളം (ക്ഷേത്രക്കുളം) | 7 |
| 4 | പുത്തലത്ത് കുളം | 6 | 4 | പൊന്നാരി താഴകുളം | 3 | 4 | പുതുക്കുടി കുളം | 10 |
| 5 | ആനോയികുളം(പൊതു) | 7 | 5 | നല്ലാട്ടിൽ താഴ കുളം | 10 | | | |
| 6 | അമ്പായത്തൊടികുളം | 8 | 6 | ഇടവത്ത് താഴ കുളം | 10 | | | |
| 7 | ചെറുവാടി താഴ കുളം | 3 | 7 | കൊപ്പരക്കണ്ടം ക്ഷേത്രക്കുളം | 9 | | | |
| 8 | കടുക്കുഴി | 6 | 8 | കിഴക്കെതാഴെ കുളം | 9 | | | |
| 9 | വെള്ളാംകുരുകുഴി | 3 | 9 | പാലടിതാഴെകുളം | 7 | | | |
| 10 | തെക്കേക്കുറ്റി താഴെ കുളം | 8 | 10 | നാഗത്തിൻ താഴകുളം | 7 | | | |
| 11 | വണ്ണാത്തിക്കുനി കുളം | 8 | 11 | പാറക്കുളം | 5 | | | |
| 12 | തേവർകണ്ടി താഴെ കുളം | 7 | 12 | ആനക്കുളം | 7 | | | |
| 13 | നാഗത്തിൽ താഴ കുളം | 7 | 13 | പള്ളിക്കുളം | 7 | | | |
| 14 | ഉരുക്കര കുളം | 3 | 4 | പാലൂർ ക്ഷേത്രക്കുളം | 5 | | | |

വിതരണം ചെയ്യുക.

- കാർഷിക വൃത്തി ആകർഷണീയമാക്കുക.
- കർഷകത്തൊഴിലാളി ക്ഷേമനിധി വ്യാപിപ്പിക്കുക.
- തിക്കോടി സർവീസ് ബാങ്കിന്റെ പ്രവർത്തനം കാർഷിക രംഗത്തേക്ക് വ്യാപിപ്പിക്കുക.
- ഗ്രാമീണബാങ്കിന്റെ ഒരു ശാഖ തിക്കോടിയിൽ ആരംഭിക്കണം.
- പ്രകൃതി ക്ഷോഭത്താലുണ്ടാകുന്ന വിളനാശത്തിന് പൂർണ നഷ്ടപരിഹാരം നല്കണം.
- തേങ്ങ, കൊപ്ര സംഭരണകേന്ദ്രങ്ങളും, നാളികേര സംസ്ക്കരണ കേന്ദ്രങ്ങളും ആരംഭിക്കണം.
- ശാസ്ത്രീയ കൃഷി സമ്പ്രദായത്തിൽ കർഷകത്തൊഴിലാളികൾക്ക് പരിശീലനം നല്കുക.
- തെങ്ങു കയറ്റക്കാർക്ക് തെങ്ങ് കയറ്റയന്ത്രം ഉപയോഗിക്കുന്നതിനുള്ള പരിശീലന കേന്ദ്രം.
- ഗ്രാമസഭയുടെ നേതൃത്വത്തിൽ കാർഷികസെമിനാറുകൾ.
- നടയകം കൃഷിഭൂമിയിൽ കൃഷിആരംഭിക്കുന്നതിന് മുമ്പ് കെട്ടിക്കിടക്കുന്ന വെള്ളം അകലാപ്പുഴയിലേക്ക് പമ്പ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തണം.
- കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിന്ന് നടയകത്തെ മുഴുവൻ കൃഷിഭൂമിയിലേക്കും ലീഡിംഗ് ചാനൽവഴി ജലമെത്തിക്കാൻ സംവിധാനം ഉണ്ടാവണം.
- നടയകത്തെ തോടിന്റെ ഭിത്തി പണിയണം.
- ഗോവിന്ദമേനോൻ കെട്ട് ഉയരവും വീതിയും കൂട്ടി പുതുക്കിപ്പണിയണം.
- ആനക്കുഴി മുതൽ കുണ്ടംപാത്തി, പൊന്നാരി, നെയ്വാരണി കുടുക്കം വഴി ഗോവിന്ദമേനോൻ കെട്ട് വരെ തോട് നിർമ്മിച്ച് 3,6,7 വാർഡുകളിലെ വയലുകളിൽ ജലസേചനം നടത്താം.
- 3,6,7,8 വാർഡുകളിലൂടെ കടന്നുപോകുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ അറ്റുകുറ്റപ്പണി നടത്തി വെള്ളച്ചോർച്ച തടയണം. ഈ കനാലിൽ വെള്ളം എത്തിക്കാനുള്ള നടപടിവേണം.
- 6–ാം വാർഡിലൂടെ കടന്നുപോകുന്ന ഈ കനാലിന്റെ Distributory യിൽ വെള്ളം തുറന്ന് വിട്ട് പള്ളിക്കരയിലെ കിഴക്കൻ വയലുകളിൽ വെള്ളമെത്തിക്കാനുള്ള സംവിധാനം ഉണ്ടാവണം.
- ഗോവിന്ദമേനോൻ കെട്ടിലുള്ള ചീർപ്പുകൾ നന്നാക്കണം. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അവ പ്രവർത്തിപ്പിക്കുകയും വേണം.
- അകലാപ്പുഴ കെട്ടിലുള്ള ശുദ്ധജലം കനാൽ വഴി അതിന്റെ പടിഞ്ഞാറ് വശത്തുള്ള കൃഷിയിടങ്ങളിൽ എത്തിക്കാം.
- പഴന്തലക്കടവിൽ 8.മീ. വീതി ബണ്ടു കെട്ടണം.
- പൊന്നാരി തോട്, കുടുക്കം തോട് എന്നിവിടങ്ങളിൽ ലിഫ്ട് ഇറിഗേഷൻ.
- പൊതു കിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണം.
- ആനക്കുഴികുളം, രാരോത്ത് കുളം, കോരൻ കണ്ടത്തിൽ കുളം, മണിയൻകാട് കുളം, ചങ്ങാടത്ത് താഴ കിണർ എന്നിവ ജലസേചന യോഗ്യമാക്കാം.
- പറോളി നടവയലിലും രാരോത്തും നിലവിലുള്ള കൈ കനാൽ ദീർഘിപ്പിക്കാം.
- കമ്യൂണിറ്റി ജലസേചന സൗകര്യം, ഡ്രിപ്പ് ഇറിഗേഷൻ വർധിപ്പിക്കണം.
- ആവിയും അതിന്റെ കൈത്തോടുകളും ആഴം കൂട്ടി ഇരുഭാഗവും കെട്ടി 1 ,2,4 വാർഡുകളിൽ ജലസേചനം നടത്താം.
- മഴവെള്ളം ഒഴുകിപ്പോകുന്നത് തടയണം. കുളങ്ങളും ജല സംഭരണികളും ഏർപ്പെടുത്തി വെള്ളം കെട്ടി നിർത്താവുന്നതാണ്.
- പച്ചില വളത്തിന് പ്രയോജനപ്പെടുന്ന ചെടികൾ നട്ടു വളർത്തുക. (ശീമക്കൊന്ന, പോൻഗാമിയ)
- കരിങ്കൽ മതിലുകൾക്ക് പകരം ജൈവവേലികൾ നിർമിക്കാം.
- കമ്പോസ്റ്റ് വളം നിർമാണം വ്യാപകമാക്കണം.
- തെങ്ങ്, കവുങ്ങ്, കുരുമുളക്, നെല്ല്, വാഴ എന്നിവക്കുണ്ടാകുന്ന ചെന്നീരൊലിപ്പ്, കൂമ്പ്ചീയൽ, മഹാളിരോഗം, ദ്രുതവാട്ടം, തണ്ട്തുരപ്പൻ, തിരുളടപ്പ് എന്നിവക്ക് ഫലപ്രദമായ ചികിത്സാസമ്പ്രദായം കർഷകരെ പരിശീലിപ്പിക്കണം.
- സാമൂഹ്യ വനവല്ക്കരണ പരിപാടി സജീവമാക്കണം.
- കാലാവസ്ഥക്കും മണ്ണിനും യോജിച്ചവയായിരിക്കണം ഇവയുടെ നടീൽ വസ്തുക്കൾ. മണ്ണിന് ഫലപുഷ്ടിയുണ്ടാവാൻ കൂടി ഉതകുന്ന രീതിയിൽ ഇതിനെ മാറ്റിതീർക്കാൻ കഴിയണം.
- കീടനാശിനികളുടെ അമിതമായ ഉപയോഗം തടയുന്നതിന് കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ബോധവല്ക്കരിക്കുക. ജൈവീക നിയന്ത്രണ രീതികളിൽ ശ്രദ്ധ പതിപ്പിക്കണം.
- നടയകം കൃഷിഭൂമിയിൽ ഓരുജലം കടക്കാതിരിക്കാൻ അച്ചൻ വീട്ടു നടക്കലുള്ള ചീർപ്പ് പുതുക്കിപ്പണിയണം.

- കൃഷിഭവനുകളിൽ മണ്ണ് പരിശോധനാ സംവിധാനവും മൊബൈൽ യൂനിറ്റും ഉണ്ടാവണം.
- കൃഷിഭവൻ ഉദ്യോഗസ്ഥർ ഗ്രാമസഭകളിൽ നിർബന്ധമായി പങ്കെടുക്കണം.
- കൃഷി ഉപദേശകസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- വാർഡ്തലത്തിൽ ഗ്രാമസഭയുടെ ആഭിമുഖ്യത്തിൽ വിളമത്സരങ്ങളാവാം.
- പഞ്ചായത്ത് തലത്തിൽ സീഡുഫാമുകൾ ഉണ്ടാക്കാം.
- നാടൻ വിത്തുകൾ ശേഖരിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.
- 3,6, വാർഡുകളിൽപെട്ട മുത്താറ്റിൽ താഴനിലം, ഉരുക്കരത്താഴനിലം, പുതിയോട്ടിൽ താഴപാടം എന്നീ വയലുകളിൽ പുഞ്ചക്കൃഷി നടത്താനുള്ള പദ്ധതി തയ്യാറാക്കണം.
- ഉഴുവുകാർക്ക് കാളയും കലപ്പയും വാങ്ങാൻ സബ്സിഡി നല്കണം. കന്നുകാലി പ്രദർശനവും ചന്തകളും സംഘടിപ്പിക്കണം. ഭൂവിനിയോഗ നിയമം കർശനമായി നടപ്പാക്കണം.
- മാതൃകാ പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും ഓരോ വീട്ടിലും അടുക്കളത്തോട്ടമുണ്ടായിരിക്കുകയും വേണം.
- ഔഷധസസ്യങ്ങളുടെ തൈകൾ വിതരണം ചെയ്യുക. താല്പര്യമുള്ള വീടുകളിൽ ഔഷധസസ്യത്തോട്ടങ്ങളുണ്ടാക്കുക.
- വെറ്റിലക്കൃഷി വ്യാപിപ്പിക്കാൻ പ്രോത്സാഹനം നല്കുക.
- ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, ചെറുകിഴങ്ങ് തുടങ്ങിയ ഇടവിളകൾ വർധിപ്പിക്കുക.
- മണ്ണൊലിപ്പ് തടയുന്നതിന് പറ്റിയ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുക.
- കാളക്കൂറ്റന്മാരുടെയും എലികളുടെയും ശല്യം നിയന്ത്രിക്കേണ്ടതാണ്.
- സ്കൂൾ പാഠപദ്ധതിയിൽ കൃഷിപഠനത്തിന് കൂടുതൽ പ്രാധാന്യം ഉണ്ടാവണം. പയ്യോളി ജി.വി.എച്ച്.എസ്.സ്കൂളിൽ കൃഷി പഠനത്തിനുള്ള കോഴ്സുകൾ ഏർപ്പെടുത്തുക.
- കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഗ്രാമതലത്തിൽ ആദരിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കുക. ■





# മത്സ്യബന്ധനം, മൃഗസംരക്ഷണം

## മത്സ്യബന്ധനം

തിക്കോടി ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം 2.5 കിലോമീറ്റർ കടൽതീരമാണ്. കിഴക്കു ഭാഗം അകലാപുഴയും നടയകവുമാണ്. പഞ്ചായത്തിലെ ഏറെ വരുന്ന മത്സ്യ തൊഴിലാളികൾ ദരിദ്ര വിഭാഗത്തിൽപ്പെടുന്നു. അവരുടെ ജീവിത ക്ലേശങ്ങൾ പരിഹരിക്കുവാൻ ഒരു പരിധിവരെ ആശ്രയിക്കുന്നത് മത്സ്യബന്ധനത്തെയാണ്. മത്സ്യബന്ധനവും വിപണനവും നിർജീവമാവുമ്പോൾ പഞ്ചായത്തിന്റെ മാർക്കറ്റുകളിൽ മാന്ദ്യം സംഭവിക്കുന്നു.

പണ്ട് കാലത്ത് മത്സ്യ ബന്ധനത്തിൽ പാരമ്പര്യ രീതി മാത്രമാണ് അവലംബിച്ചിരുന്നത്. നൂലുകൊണ്ടുണ്ടാക്കിയ കൊല്ലിവല, അയിലവല, വാമീൻ വല, ചവിട്ടുവല, ചാട്ടൂളി, വീശുവല എന്നിവ ഉപയോഗിച്ച് കടലിൽ നിന്നും ചൂണ്ടൽ, വെട്ടുകത്തി, തണ്ടാടി, വെള്ളവലി, ഒറ്റൽ എന്നിവ ഉപയോഗിച്ചു പുഴ, ചിറ എന്നിവിടങ്ങളിൽ നിന്നും മത്സ്യബന്ധനം നടത്തിയിരുന്നു.

ചെമ്മീൻ, മത്തി, കരിമത്തി, അയല, കൂന്തൾ, കോര, ഞണ്ട് തുടങ്ങിയ നാനാവിധത്തിലുള്ള മത്സ്യ

ങ്ങൾ കടലിൽ നിന്നും, വരാൽ, ചിറ്റാൻ, (ഇരുമീൻ) കണ്ണിക്കൽ, പൂമീൻ, ചെമ്പല്ലി, കടു, മുഴു എന്നീ മത്സ്യങ്ങൾ പുഴയിൽ നിന്നും ഈ വിധത്തിൽ ധാരാളം ലഭിച്ചിരുന്നു. വർഷങ്ങൾക്കു മുമ്പ് തന്നെ പച്ച മത്സ്യവും, ഉണക്ക മത്സ്യവും ഇവിടെ നിന്നും ധാരാളമായി അന്യപ്രദേശങ്ങളിൽ വിറ്റഴിച്ചിരുന്നു. നങ്, മത്തി, അയല എന്നിവ ഉണക്കിയും, ഉപ്പിൽ പാരം വെച്ചും അന്യ സംസ്ഥാനങ്ങളിലേക്ക് റെയിൽവെ സ്റ്റേഷനിൽ നിന്നും കയറ്റി അയച്ചിരുന്നു.

കടലിൽ മത്സ്യബന്ധനത്തിനു പോവുമ്പോൾ ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിതമായ ലൈറ്റ് ഹൗസിനെയും (കടലൂർ പോയിന്റ് ലൈറ്റ് ഹൗസിനെയും) നക്ഷത്രങ്ങളെയും കടലിലേക്ക് തള്ളിനില്ക്കുന്ന തുരുത്തുകളെയും ചായ്പിനെയും തൊഴിലാളികൾ ദിശ അറിയുവാൻ ആശ്രയിച്ചിരുന്നു. മത്സ്യക്കൂട്ടങ്ങളെ കണ്ടുപിടിക്കുവാൻ വെള്ളത്തിന്റെ മുകളിൽ കാണുന്ന 'കൊലപ്പ്' (നിഴലുകൾ) പരിചയ സമ്പന്നർ കാണിച്ചു കൊടുക്കുന്ന അടയാളമാണ് മുൻകാലങ്ങളിൽ മത്സ്യക്കൂട്ടങ്ങളെ തിരിച്ചറിയുവാൻ സഹായകമായിരുന്നത്.

ഇന്നു മത്സ്യബന്ധനത്തിന് നൂതന രീതികൾ ഉണ്ട്. യന്ത്രവൽകൃത ബോട്ടുകളും ദിവസങ്ങളോളം മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികജ്ഞാനവും ലഭ്യമാണ്. വിപണനത്തിനായി വാഹനങ്ങളിൽ അതിവേഗം അന്യനാടുകളിൽ എത്തിക്കാൻ സാധിക്കുന്ന അവസ്ഥ ഇന്നുണ്ട്. എന്നിരുന്നാലും ജീവൻ പണയം വെച്ചു തിരമാലകളോട് ഏറ്റുമുട്ടുന്ന മത്സ്യബന്ധന തൊഴിലാളികളുടെ വരുമാനം ഇന്നും തുച്ഛമാണ്. തോണിക്കും വലയ്ക്കും ഓഹരി കൊടുത്ത് ഇടത്തട്ടുകാരന്റെ ഊഴം കൂടി മാറ്റിക്കഴിഞ്ഞാൽ തൊഴിലാളിയുടെ അവസ്ഥ ദുരിതപൂർണ്ണമാണ്.

ഇടക്കാലത്ത് ഈ അവസ്ഥക്ക് അല്പാല്പം വ്യത്യാസം വന്നു തുടങ്ങിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഏറെക്കാലത്തെ അവകാശ സമരങ്ങളെ തുടർന്നു കേരള ഗവൺമെന്റ് രൂപം കൊടുത്ത മത്സ്യഫെഡും മത്സ്യ സഹകരണ സംഘങ്ങളും മുഖേന മത്സ്യബന്ധനോപകരണങ്ങളും ക്ഷേമബോർഡിലൂടെ ലഭിക്കുന്ന വാഹന ധനസഹായം, അപകട സഹായവും പെൻഷൻ, വിദ്യാഭ്യാസ ഗ്രാന്റുകൾ എന്നിവയും നേട്ടത്തിനു അടിസ്ഥാനമാണ്.

പണ്ടുകാലത്തെ അപേക്ഷിച്ച് ഇന്നു മത്സ്യബന്ധനത്തിനു വലിയ സംഖ്യ ചെലവഴിക്കേണ്ടി വരുന്നുണ്ട്. ഒരു ദിവസത്തെ പ്രവർത്തനത്തിനു ഏകദേശം മുവ്വായിരം രൂപയോളം ചെലവ് വരും. എന്നാൽ പലപ്പോഴും പ്രതീക്ഷിച്ചപോലെ മത്സ്യം ലഭിക്കാതെ വരുമ്പോൾ മത്സ്യബന്ധനം നഷ്ടക്കച്ചവടമാവുകയാണ് പതിവ്. അതുകൊണ്ട് തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി ദിനംതോറും ക്ലേശകരമായിത്തീരുകയാണ്.

ഈ അവസ്ഥക്കു പരിഹാരം ഉണ്ടാവണമെങ്കിൽ മത്സ്യബന്ധന തൊഴിലാളികൾക്കു അവരുടെ ഒഴിവ് സമയങ്ങൾ ഉപതൊഴിലുകളിൽ വിനിയോഗിക്കാൻ സാധിക്കണം. അത് സമൃദ്ധമായ ഒരു കുടുംബജീവിതത്തിന് വഴിയൊരുക്കും. മത്സ്യത്തൊഴിലാളികൾക്ക് ഗവർമെണ്ട് പല വിധത്തിലുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും മത്സ്യബന്ധന രംഗവും വിപണന രംഗവും തരകൻമാരാൽ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഇന്നും നിലവിലുള്ളത്. ഇതിൽനിന്നും മോചനം ലഭിച്ചാലേ തൊഴിലാളികൾ രക്ഷപ്പെടുകയുള്ളു. ആയതിനു വള്ളവും വലയും മറ്റ് ഉപകരണങ്ങളും അർഹരായ മത്സ്യതൊഴിലാളികൾക്ക് പൂർണ്ണ വായ്പയായി നൽകുകയും ഉപകരണങ്ങൾക്കുണ്ടാവുന്ന കേടുപാടുകൾ തീർക്കുന്നതിന് അതാത് കാലത്ത് സഹായധനം ലഭ്യമാക്കുകയും വേണം. അതുപോലെ വിപണന രംഗത്തും മാറ്റം വരേണ്ടതുണ്ട്.

ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുവാൻ സഹകരണ സംഘങ്ങളോ, മത്സ്യഫെഡ്ഡോ മറ്റേതെങ്കിലും സർക്കാർ ഏജൻസികളോ മുന്നോട്ടു വരണം. ശേഖരിക്കുന്ന മത്സ്യം സംസ്കരിക്കുവാനും, സൂക്ഷിച്ചു വെക്കുവാനുമുള്ള സ്റ്റോറേജും തിക്കോടിയിൽ ആവശ്യമാണ്. മത്തി, കരിമത്തി, ചെമ്മീൻ തുടങ്ങിയ സാധാരണ മത്സ്യങ്ങൾ ഇന്ന് കിട്ടാനില്ല. കപ്പലുകളും പർസീൻ വല ഉപയോഗിക്കുന്ന യന്ത്ര വത്കൃത ബോട്ടുകളും ആഴക്കടലിൽ നിന്നും തീരക്കടലിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതുമൂലമാണ് ഈ അവസ്ഥ അനുഭവപ്പെടുന്നത്. പ്രജനന കാലത്ത് യന്ത്ര വൽകൃത ബോട്ടുകൾ, പർസീൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കേണ്ടതാണ്.

കൂരയിൽ കഴിഞ്ഞു പട്ടിണിയുമായി മല്ലിടുന്ന പണ്ടത്തെ അവസ്ഥ ഇന്നൊരു ഓർമ്മയാണ്. ശുദ്ധ ജല വിതരണത്തിലും ചികിത്സാ സൗകര്യങ്ങളിലും വിദ്യാഭ്യാസത്തിലും ഇന്നും പിന്നോക്കാവസ്ഥയുണ്ട്.

നേരത്തെ സൂചിപ്പിച്ചത് പോലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യബന്ധനം ഇന്നും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എഫ്. എഫ്. ഡി. എ. സംവിധാനം ഏർപ്പെടുത്തി പ്രവർത്തിച്ചാൽ ഈ രംഗത്തും നേട്ടമുണ്ടാക്കാൻ കഴിയും. കടൽ മത്സ്യത്തെ അപേക്ഷിച്ച് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യത്തിന് വലിയ വില കിട്ടുന്നു എന്നത് തൊഴിലാലികളെ പ്രത്യേകമായി ആകർഷിപ്പിക്കുന്ന വസ്തുതയാണ്. പഞ്ചായത്തിലെ 6,7,9,10 വാർഡുകളെ ബന്ധപ്പെടുത്തി ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ ശാഖ 10–ാം വാർഡിൽ സ്ഥാപിക്കണം.

| മത്സ്യബന്ധന തൊഴിലാളികൾ | | മറ്റ് തൊഴിലാളികൾ | | | യന്ത്രവൽകൃ തബോട്ടുക ൾ | യന്ത്രം ഘടിപ്പിച്ച നാടൻ തോണികൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ തോണികൾ |
|---|---|---|---|---|---|---|---|
| മുഖ്യതൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | മത്സ്യ സംസ്കരണം | വല നന്നാക്കൽ | | | |
| 482 | 86 | 25 | 2 | – | – | 38 | 26 |

പൂർവ്വകാലം മുതൽ കടലിൽനിന്നും കടുക്ക (കല്ലുമ്മക്കായ) ശേഖരിച്ച് വിപണനം നടത്തൽ തിക്കോടിയിലെ പ്രധാന തൊഴിലാണ്. സപ്തംബർ മുതൽ 6 മാസക്കാലം ഇതിന്ന് അനുയോജ്യമായ കാലമാണ്. കടുക്ക ശേഖരണ തൊഴിലാളികളെ ഒരു സഹകരണ സംഘത്തിന്റെ കീഴിൽ കൊണ്ട് വരികയും കടുക്ക ഉപയോഗിച്ച് അച്ചാർ മുതലായ ഉൽപന്നങ്ങൾ ഉണ്ടാക്കിയും ഈ രംഗത്ത് പുരോഗതിയുണ്ടാക്കാൻ സാധിക്കും. പഞ്ചായത്തിൽ ലഭ്യമായ ജലാശയങ്ങളിൽ മത്സ്യം വളർത്തൽ പദ്ധതി ആസൂത്രണം ചെയ്യേണ്ടതും പ്രധാനപ്പെട്ട കാര്യമാണ്.

## പ്രശ്നങ്ങൾ

- മത്സ്യവിപണന രംഗം കാര്യക്ഷമമല്ല.
- ജൂൺ ജൂലായ് മാസങ്ങളിൽ മത്സ്യബന്ധനം സാധ്യമല്ല
- ഉൾനാടൻ ജലാശയങ്ങൾ മത്സ്യ വളർത്ത് കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തുന്നില്ല.
- സാമ്പത്തിക പരാധീനത കുട്ടികളുടെ വിദ്യാഭ്യാസത്തിന്ന് തടസ്സം സൃഷ്ടിക്കുന്നു.
- കോടിക്കൽ മത്സ്യബന്ധന കേന്ദ്രത്തിൽ തോണി കരക്കടുക്കുന്നതിൽ പ്രയാസം നേരിടുന്നു.
- മത്സ്യബന്ധന തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കടലിൽ വെളിച്ചം ലഭിക്കുന്നില്ല.
- കോടിക്കൽ പ്രദേശത്ത് മണ്ണെണ്ണ ഡിപ്പോ ഇല്ല.
- ആരോഗ്യ പരിപാലന രംഗത്ത് മത്സ്യതൊഴിലാളി മേഖല പിന്നിലാണ്.
- മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അപകട രക്ഷാ സംവിധാനം കാര്യക്ഷമമല്ല.
- വലകളും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും ലഭിക്കുന്നതിന്ന് പ്രയാസമുണ്ട്.
- അശാസ്ത്രീയ മത്സ്യബന്ധന രീതി തുടരുന്നു.
- മത്സ്യം വളർത്തലിന്ന് ആവശ്യമായ കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
- ഓരു ജല പുറമ്പോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.
- മത്സ്യവിതരണ തൊഴിലാളികൾക്ക് അനുകൂല്യം ലഭിക്കുന്നില്ല. മത്സ്യഫെഡ്സ്റ്റ് ലോണിന്റെ കാലാവധി അപര്യാപ്തമാണ്.
- മത്സ്യതൊഴിലാളികൾ വീട് നിർമ്മാണത്തിന്ന് വാങ്ങിയ ലോൺ തിരിച്ചടക്കാൻ അവർക്ക് കഴിയുന്നില്ല.
- വരാൽ, ചെമ്പല്ലി, പൂമീൻ, കണ്ണിക്കൻ തുടങ്ങിയ മത്സ്യങ്ങൾക്ക് വംശനാശമുണ്ട്.
- മത്സ്യതൊഴിലാളികൾക്ക് പാർപ്പിടം കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ അപര്യാപ്തമാണ്.
- ജൂൺ, ജൂലായ് മാസങ്ങളിലെ പ്രജനന കാലത്ത് ആഴക്കടൽ മത്സ്യബന്ധനം നടക്കുന്നതിനാൽ മത്സ്യം കുറയുന്നു.
- കടലാക്രമണ ഭീഷണി നാശനഷ്ടമുണ്ടാക്കുന്നു.
- നല്ലയിനം കടുക്ക (കല്ലുമ്മക്കായ) ധാരാളമായി ലഭിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായി സംസ്കരിക്കാൻ സൗകര്യമില്ല.
- മത്സ്യവിപണന രംഗത്തെ സ്ത്രീ തൊഴിലാളികൾക്ക് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

## സാധ്യതകൾ

- മത്സ്യവിപണന രംഗം കാര്യക്ഷമമാക്കുക.
- പൊതു മാർക്കറ്റുകൾ ഏർപ്പെടുത്തുക.
- ജൂൺ, ജൂലായ് മാസങ്ങളിൽ മത്സ്യബന്ധന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.
- ഉൾനാടൻ ജലാശയങ്ങൾ മത്സ്യം വളർത്ത് കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ പദ്ധതി തയ്യാറാക്കണം.
- സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്ന് സാമ്പത്തിക സഹായം നൽകണം.
- കോടിക്കൽ മത്സ്യബന്ധന കേന്ദ്രത്തിൽ പുലിമുട്ട് ഏർപ്പെടുത്തണം.
- മത്സ്യബന്ധന തൊഴിലാളികൾക്ക് കടലിൽ പ്രയോജനപ്പെടുന്ന രൂപത്തിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കണം.
- മത്സ്യബന്ധന കേന്ദ്രമായ കോടിക്കൽ ഭാഗത്ത് മണ്ണെണ്ണ ഡിപ്പോ സ്ഥാപിക്കണം.

- കടലോരത്ത് ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കണം.
- മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അപകടരക്ഷാ സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തണം.
- തിക്കോടിയിൽ ഒരു നെറ്റ് ഫാക്ടറിയും സഹകരണസ്റ്റോറും അനുവദിക്കണം.
- തോട്ടപൊട്ടിക്കൽ, നഞ്ച് കലക്കൽ തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികൾ ഉപേക്ഷിക്കണം.
- മത്സ്യകൃഷിക്ക് ആവശ്യമായ കുഞ്ഞുങ്ങളെ ലഭ്യമാക്കണം.
- അകാലാപ്പുഴ കോൾനിലം ഉൾപ്പെടെയുള്ള പുറംപോക്ക് സ്ഥലങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്തണം.
- വരാൽ, ചെമ്പല്ലി, പൂമീൻ, കണ്ണിക്കൻ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ സംരക്ഷിച്ച് പ്രസ്തുത മത്സ്യങ്ങളുടെ വംശനാശം തടയണം.
- പാർപ്പിടം കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവർക്ക് അവ ലഭ്യമാവണം.
- പ്രജനനകാലത്ത് ആഴക്കടൽ മത്സ്യബന്ധനവും യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിക്കണം.
- കടലാക്രമണ ഭീഷണികൊണ്ട് നാശം നേരിടുന്ന തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം നൽകാൻ പദ്ധതിയുണ്ടാക്കണം.
- കടുക്ക ശാസ്ത്രീയമായി കൃഷിചെയ്യാനും സംസ്കരിക്കുവാനും അച്ചാർ നിർമ്മിക്കുന്നതിനും സൗകര്യമുണ്ടാക്കണം.
- കടലോര പ്രദേശത്ത് കുഴൽ വഴി ശുദ്ധജലമെത്തിക്കണം.
- മത്സ്യവിപണന സംസ്കരണ രംഗത്തെ സ്ത്രീ തൊഴിലാളികൾക്ക് സഹായകമാകുമാറ് വേതനം പരിഷ്കരിക്കുകയും ജോലി സ്ഥിരത ഉറപ്പു വരുത്തുകയും മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.
- മത്സ്യവിതരണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ശാഖ 10-ാം വാർഡിൽ ആരംഭിക്കണം.
- മത്സ്യതൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് സൗകര്യം ഏർപ്പെടുത്തണം.
- കടൽ മത്സ്യത്തൊഴിലാളികൾക്കായുള്ള Saving Cum Relief Scheme ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ബാധകമാക്കണം.
- മുൻകാലങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് വീടു നിർമാണത്തിന് 6000 ക. ലോൺനല്കിയിരുന്നു. ഇന്ന് ആ തുക 35000 ക. ആക്കി ഉയർത്തുകയും അത്രയും തുക സൗജന്യമാക്കുകയും ചെയ്ത സാഹചര്യത്തിൽ പഴയകാല ലോൺ എഴുതി തള്ളാൻ സത്വര നടപടി സ്വീകരിക്കണം.
- മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ മത്സ്യഫെഡ് അനുവദിക്കുന്ന ലോണിന്റെ കാലാവധി 5 വർഷമായി ഉയർത്തണം.
- കടുക്ക, ചെമ്മീൻ, ഞണ്ട് എന്നിവയ്ക്കായുള്ള വിത്തുല്പാദന കേന്ദ്രം അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

## മൃഗസംരക്ഷണം

ഒരു കാർഷിക ഗ്രാമമായ തിക്കോടി പഞ്ചായത്തിൽ കന്നുകാലി വളർത്തൽ പണ്ടുകാലങ്ങളിൽ ഒരു പ്രധാന തൊഴിലായി സ്വീകരിച്ചിരുന്നു. കൃഷിയിടങ്ങൾ ഉഴാൻ വേണ്ടി ഉഴവുമാടുകളെ വളർത്തുകയും കൂലിക്ക് ഉഴുതു കൊടുക്കുകയും ചെയ്തുവന്നു. ചരക്ക് കടത്തിന് പ്രധാനമായും കാളവണ്ടിയാണ് ഉപയോഗിച്ചിരുന്നത്. കന്നുകാലി വളർത്തൽ പ്രധാന തൊഴിലായിരുന്നതിനാൽ ജൈവ വളങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കന്നുകാലികൾക്കാവശ്യമായ പുല്ല് പ്രധാനമായും ലഭിച്ചിരുന്നത് പള്ളിക്കര പുറക്കാട് പ്രദേശങ്ങളിലെ വയലുകളിൽനിന്നാണ്. ഉയർന്ന പ്രദേശങ്ങളിലുള്ളവർ പോലും പശുക്കളെ വയലുകളിൽ മേയ്ക്കാൻ കൊണ്ടുവരിക പതിവായിരുന്നു. നെൽ വയലുകളിൽ കെട്ടിമേച്ചിരുന്ന പശുക്കളുടെ ചാണകം വയലിൽനിന്ന് ശേഖരിച്ച് അത് വിറ്റ് ഉപജീവനം കഴിച്ചിരുന്ന ആളുകൾ ഏറെയാണ്. സാമ്പത്തിക ശേഷിയുള്ളവർ പാവപ്പെട്ടവർക്ക് പശുവിനെ വളർത്താൻ കൊടുത്തിരുന്നു. ആദ്യ പ്രസവത്തിലെ കുട്ടിയെ വളർത്തുന്നവർ ഏറ്റെടുക്കുകയും രണ്ടാമത്തെ പ്രസവം നടന്നാലുടനെ പശുവിനെയും കുട്ടിയെയും ഉടമസ്ഥനെ ഏല്പിക്കുകയുമാണ് ചെയ്യുക.

പ്രസിദ്ധമായ കീഴൂർ കന്നുകാലി ചന്ത ഈ പ്രദേശത്തിനടുത്താണ്. ഇവിടുത്തുകാർ കന്നുകാലികളെ ചന്തയിൽ കൊണ്ടുപോയി കൈമാറ്റം ചെയ്തിരുന്നു. ചന്ത നാമാവശേഷമായതോടെ കച്ചവടക്കാർ കന്നുകാലികളെ തേടി വീടുകളിൽ എത്തുകയും കച്ചവടം നടത്തുകയുമാണ് ചെയ്തിരുന്നത്. നെൽവയലുകൾ നികത്തി തെങ്ങ് കൃഷിക്കും കെട്ടിടങ്ങൾ പണിയുന്നതിനും തുടങ്ങിയതോടെ പുല്ലിന് ക്ഷാമം അനുഭവപ്പെട്ടു തുടങ്ങി. കന്നുകാലികളെ വളർത്താൻ പാലക്കാടൻ പുല്ലിനെ ആശ്രയിക്കേണ്ടിവരുന്നു. കൂടാതെ വിലക്കൂടുതലും കാലിവളർത്തൽ ലാഭകരമല്ലാത്ത തൊഴിലായിത്തീർത്തു. മോട്ടോർ വാഹനങ്ങൾ സാർവ്വത്രിക

മായതോടുകൂടി കാളവണ്ടികൾ ഇല്ലാതായി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറെ കാലത്തിനിടയിൽ പശു, കാള, ആട്, എരുമ തുടങ്ങിയ വളർത്തു മൃഗങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ഇതിൽ തന്നെ ആടു വളർത്തൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നെൽകൃഷി കുറഞ്ഞതോടെ കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞു. ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയിലധികവും അത്യുൽപാദന ശേഷിയുള്ളവയാണ്. പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം പെരുമാൾ പുരത്ത് സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയും പുറക്കാട് സബ്സെന്ററുമാണ്. ആവശ്യത്തിന് മരുന്നുകളും ഡോക്ടർമാരും എപ്പോഴും ലഭ്യമാകാറില്ല. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും ഉൽപ്പാദന ക്ഷമതയിലുണ്ടായ വർദ്ധനവും തൊഴുത്ത് കെട്ടിയുണ്ടാക്കുവാൻ വന്ന വർദ്ധിച്ച സാമ്പത്തിക ചെലവും ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമില്ലാത്തതും കർഷകരെ ബുദ്ധിമുട്ടിക്കുന്ന മറ്റ് പ്രശ്നങ്ങളാണ്. ഒന്നിൽ കൂടുതൽ പശുക്കളെ വളർത്തുന്ന വീടുകൾ പരിമിതമാണ്. പാൽവിപണന സൊസൈറ്റി ഇല്ല. രണ്ട് ക്ഷീരോൽപ്പന്ന യൂണിറ്റുകൾ തിക്കോടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പശുവിനെ വളർത്തുന്നവർ, പാൽ ചായക്കടകളിലോ മറ്റ് വീടുകളിലോ വിൽക്കുകയാണ് ചെയ്തുവരുന്നത്. മൂടാടി പഞ്ചായത്തിലെ കോട്ടയിൽ ക്ഷേത്രത്തിൽ നടയ്ക്കിരുത്തുന്ന അമ്പല കാളകൾ ഈ പഞ്ചായത്തിലെ വയലുകളിലെ നെല്ലും പച്ചക്കറികളും നശിപ്പിക്കുന്നത് നിത്യസംഭവമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് കൃഷിക്കാർ വളരെ കാലമായി ആവശ്യപ്പെട്ടുവരികയാണ്. പേപ്പട്ടി ശല്യം പഞ്ചായത്തിൽ ഇടയ്ക്കിടെ ഉണ്ടാവാറുണ്ട്. തിക്കോടി ഗ്രാമ പഞ്ചായത്തിൽ വളർത്തു പക്ഷികളിൽ കൂടുതൽ ഉള്ളത് കോഴികളാണ്. ഇപ്പോൾ നാടൻ ഇനങ്ങൾ കുറവാണ്. മുൻകാലങ്ങളിൽ വീടുകളിൽ അതിഥികളെ സ്വീകരിക്കുവാൻ മുട്ടയുടെ ആവശ്യം നിറവേറ്റുവാനും നാടൻ കോഴികളെയാണ് ആശ്രയിച്ചിരുന്നത്. തമിഴ് നാട്ടിൽ നിന്ന് വരുന്ന കോഴികളും മുട്ടകളും ആ സ്ഥാനം കൈയ്യടക്കിയിരിക്കുകയാണ്. ഇന്ന് വളരെ ചുരുക്കം വീടുകളിൽ മാത്രമേ കോഴി വളർത്തുന്ന പതിവുള്ളൂ. കന്നുകാലികളിൽ കണ്ടുവരുന്ന രോഗങ്ങൾ:- കരളടപ്പൻ, പനി, കുളമ്പ് രോഗം എന്നിവയാണ്.

## പ്രശ്നങ്ങൾ

- പച്ചപ്പുല്ല് ആവശ്യത്തിന് ലഭിക്കുന്നില്ല.
- പാലിന് വിലക്കുറവാണ്. വിതരണത്തിന് സൗകര്യമില്ല.
- കന്നുകാലി വളർത്തൽ ചിലവേറിയതാണ്.
- മൃഗപരിപാലനത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവ് കുറവാണ്.
- വെറ്റിനറി ഹോസ്പിറ്റലിന്റെ സേവനം പഞ്ചായ

വളർത്തുമൃഗസംഖ്യ

| കാള നാടൻ | കാള സങ്കരം | പശു നാടൻ | | പശു സങ്കരം | | ആട് | പട്ടി |
|---|---|---|---|---|---|---|---|
| | | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | |
| 276 | 283 | 472 | 564 | 582 | 282 | 143 | 45 |

| വളർത്തു പക്ഷി സംഖ്യ | | | | |
|---|---|---|---|---|
| പൂവൻകോഴി | പിടക്കോഴി | | താറാവ് | |
| | മുട്ട ഇടുന്നത് | മുട്ട ഇല്ലാത്തത് | ആൺ | പെൺ |
| 656 | 1310 | 922 | 7 | 9 |

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 800 | 1250 | 202 |
| കിടാരി | 650 | 909 | 140 |

ത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭിക്കുന്നില്ല.


- മൃഗാശുപത്രിയിൽ ഡോക്റുടെയും മറ്റു സ്റ്റാഫിന്റെയും എണ്ണം കുറവാണ്.
- കാലിത്തൊഴുത്ത് നിർമ്മാണം ചിലവേറിയതാണ്.
- അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം വർദ്ധിച്ചിരിക്കുന്നു.
- വന്ധ്യതാ പരിശോധനാ കേമ്പ് എല്ലാ വാർഡുകളിലും നടക്കുന്നില്ല.
- മുയൽ വളർത്തൽ പഞ്ചായത്തിൽ കുറവാണ്.
- കോഴി ഫാം പഞ്ചായത്തിൽ ഇല്ല.

## സാധ്യതകൾ

- നെൽകൃഷിയും തീറ്റപ്പുല്ല് കൃഷിയും പ്രോത്സാഹിപ്പിക്കുക. തീറ്റപ്പുല്ല് വിത്ത് സബ്സിഡി നിരക്കിൽ കൃഷി ഭവൻ മുഖേന കാര്യക്ഷമമായി വിതരണം ചെയ്യുക.
- പാൽ സൊസൈറ്റി ആരംഭിക്കുക, സൊസൈറ്റി വഴി കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
- ഇറച്ചിക്കോഴി വളർത്തുവാൻ ആവശ്യമായ സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ലഭ്യമാക്കുക.
- ഗ്രൂപ്പ് ഫാമിങ്ങിനുള്ള സൗകര്യങ്ങൾ ചെയ്യുക.
- പശുവളർത്ത് സഹകരണ സംഘം രൂപീകരിച്ച് അത്യുൽപാദന ശേഷിയുള്ള പശുക്കളെ നൽകുകയും അതിനുള്ള വില പാലിന്റെ വിലയിൽനിന്ന് തിരിച്ചു പിടിക്കുകയും ചെയ്യുക.
- അത്യുൽപാദനശേഷിയുള്ള ആടുകളെയും പശുക്കളെയും വിതരണം ചെയ്യുക.
- ആവശ്യമായവർക്ക് ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുള്ള സഹായം നൽകുക.
- 4 സെന്റ് കോളനികളിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
- ബാക്ക്യാർഡ് പൗൾട്രി ഫാം വ്യാപകമാക്കണം.
- ശാസ്ത്രീയമായി കന്നുകാലികളെ വളർത്തുന്നതിനെ കുറിച്ച് ബോധവൽക്കരണം നടത്തുക.
- വെറ്റിനറി ഹോസ്പിറ്റലിന്റെ സബ്സെന്റർ സ്ഥാപിക്കുക. മൊബൈൽ എയിഡ് യൂണിറ്റ് രൂപീകരിക്കുക.
- കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
- ക്ഷീരോൽപന്ന നിർമ്മാണ യൂനിറ്റ് ആരംഭിക്കുക.
- മുയൽ വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
- കൃഷി നശിപ്പിക്കുന്നതും അലഞ്ഞു നടക്കുന്നതുമായ കാളക്കൂറ്റൻമാരെ നിയന്ത്രിക്കുക.
- പശുക്കളുടെ വന്ധ്യതാ പരിശോധന കേമ്പ് എല്ലാ വാർഡുകളിലും നടത്തുക.
- കാലിത്തൊഴുത്ത് നിർമാണ സഹായ പദ്ധതിയുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.
- സഹകരണസംഘം സ്ഥാപിച്ച് കോഴിവളർത്തൽ കേന്ദ്രം ആരംഭിക്കുക.
- പുറക്കാട് പള്ളിക്കര പ്രദേശങ്ങളിൽ താറാവ് വളർത്തുവാൻ അനുയോജ്യമാണ്. ആവശ്യമായ പ്രോത്സാഹനം ചെയ്യുക.
- കന്നുകാലികൾക്കുള്ള രോഗ പ്രതിരോധ കുത്തിവെപ്പ് സൗജന്യമായി നൽകുക.
- മൃഗാശുപത്രിയിൽ ലബോറട്ടറി സ്ഥാപിക്കുക.
- കൂടുതൽ സ്റ്റാഫിനെ നിയമിക്കുക.
- വന്ധ്യതാ നിവാരണ കേമ്പുകൾ ഓരോ വാർഡിലും സംഘടിപ്പിക്കുന്നതോടൊപ്പം ബീജദാനം സൗജന്യമായി നല്കുക.
- അലഞ്ഞ് തിരിയുന്ന പട്ടികളെ ഉൻമൂലനം ചെയ്യുക.

**രോഗവിവരങ്ങൾ**

| ക്രമനമ്പർ | രോഗങ്ങൾ | പശു | ആട് | പട്ടി | കോഴി |
|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 805 | 106 | 2 | 4 |
| 2 | ശ്വാസകോശ സംബന്ധം | 602 | 210 | 1 | 690 |
| 3 | ഉപാപചയ സംബന്ധം | 102 | 41 | 1 | 6 |
| 4 | ത്വക് രോഗങ്ങൾ | 310 | 65 | 4 | 4 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 26 | 3 | 1 | 1 |
| 6 | പാദരോഗങ്ങൾ | 989 | 215 | 1 | 1 |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 395 | 26 | – | – |
| 8 | വന്ധ്യത | 125 | 3 | – | – |
| 9 | അകിടു വീക്കം | 150 | 35 | – | – |
| 10 | മുടന്തൻ പനി | 650 | – | – | – |
| 11 | പകർച്ച വ്യാധികൾ | – | 90 | – | 750 |



# വിദ്യാഭ്യാസം

**തി**ക്കോടി പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ തുടക്കം 19-ാം നൂറ്റാണ്ടിന്റെ ഒടുവിലാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗത്തുള്ള പുറക്കാട് പ്രദേശത്തെ 'തയ്യുള്ളതിൽ' എന്ന വീട്ടിൽ ആരംഭിച്ച ഗുരുകുല വിദ്യാഭ്യാസമാണ് വിദ്യാഭ്യാസ സമാരംഭം. അരിമ്പൂർ കൃഷ്ണൻ നായർ, എ. രാമൻനായർ എന്നിവരായിരുന്നു ആദ്യകാല ഗുരുക്കൻമാർ. ഇതോടൊപ്പം തന്നെ അരിമ്പൂർ തറവാടിന്റെ പടിപ്പുരയിൽവെച്ചും ക്ലാസ്സുകൾ നടത്തിയിരുന്നു. പിന്നീട് പുറക്കാട് കൊപ്പരക്കണ്ടത്തിൽ ആദ്യമായി ആൺകുട്ടികൾക്കായുള്ള ഒരു സ്കൂൾ ആരംഭിച്ചു. ഈ വിദ്യാലയമാണ് ഇന്നത്തെ പ
ക്കാട് സൗത്ത് എൽ. പി. സ്കൂൾ. ഏറെ വൈകാ
ഈ സ്കൂളിനടുത്തുതന്നെ പെൺകുട്ടികൾക്കായു
ഒരു സ്കൂളും ആരംഭിച്ചു. ഈ വിദ്യാലയം പിന്നീ
പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലുള്ള കിടങ്ങ
ക്കുന്നില്ലേക്ക് മാറ്റി. ഇതാണ് ഇന്നത്തെ പുറക്ക
നോർത്ത് എൽ. പി. സ്കൂൾ. ഈ രണ്ടു വിദ്യാലയങ്ങ
ലേക്കും പഞ്ചായത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ നി
പോലും വിദ്യാർത്ഥികൾ എത്തിയിരുന്നു. സ്വാതന്ത്ര
സമര നേതാക്കളായ മൊയാരത്ത് ശങ്കരൻ, കെ. കേ

പ്പൻ എന്നിവർ ഈ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. സാമൂഹികമായ പല മാറ്റങ്ങൾക്കും ഈ വിദ്യാലയങ്ങൾ വഴിതെളിച്ചിട്ടുണ്ട്. ഇന്ന് ഈ രണ്ടു വിദ്യാലയങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനമുള്ള മിക്സഡ് സ്കൂളുകളായി പ്രവർത്തിക്കുന്നു. പിന്നീട് പല കാലഘട്ടങ്ങളിലായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്കൂളുകൾ ആരംഭിച്ചു. വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുകയും 50 വർഷങ്ങൾക്കു മുൻപ് നിർത്തലാക്കുകയും ചെയ്ത പള്ളിക്കര ഗേൾസ് സ്കൂൾ, ഇതേ പോലെ നല്ല രീതിയിൽ പ്രവർത്തിക്കുകയും പിന്നീട് നിർത്തലാക്കുകയും ചെയ്ത തിക്കോടി ഡിസ്ട്രിക്റ്റ് ബോർഡ് എൽ. പി. സ്കൂൾ എന്നിവയും ഇന്ന് പ്രവർത്തിക്കുന്ന പാലൂർ എൽ. പി. സ്കൂൾ, പള്ളിക്കര എൽ പി സ്കൂൾ പുറക്കാട് എം. എൽ. പി സ്കൂൾ തുടങ്ങിയവയും പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങളാണ്.

ഇന്ന് പഞ്ചായത്തിൽ എട്ട് എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളും ഒരു ഹൈസ്കൂളും പതിനെട്ട് അങ്കണവാടികളും രണ്ട് ബാലവാടികളും അംഗീകാരമില്ലാത്ത നാല് നഴ്സറി സ്കൂളുകളും ആണ് ഉള്ളത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ അവലോകനം ചെയ്യുമ്പോൾ ആദ്യം ശിശുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും അവയുടെ പ്രശ്നങ്ങളെയും കുറിച്ച് പറയേണ്ടിയിരിക്കുന്നു. പതിനെട്ട് അങ്കണവാടികളിൽ എട്ടെണ്ണത്തിന് മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. അങ്കണവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. അംഗീകാരമില്ലാത്ത നാല് നഴ്സറി സ്കൂളുകൾ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിലെയും അടുത്ത പഞ്ചായത്തുകളിലെയും നഴ്സറി സ്കൂളുകളുടെയും അംഗീകൃത സ്കൂളുകളുടെയും പ്രവർത്തനം ഇവിടത്തെ അങ്കണവാടികളിലും കുട്ടികൾ കുറയുന്നതിന് കാരണമാകുന്നു. ജനങ്ങളിൽ വർദ്ധിച്ചുവരുന്ന ഇംഗ്ലീഷ് മീഡിയം ഭ്രമം, സ്വകാര്യ നഴ്സറികളിൽ കുട്ടികളെ അയക്കുന്നത് ഒരു സ്റ്റാറ്റസ് സിംബലിന്റെ ഭാഗമായിട്ട് കാണുന്ന ജനങ്ങളുടെ സമീപനം, സ്വകാര്യ നഴ്സറികളിലെ വിദ്യാഭ്യാസം തങ്ങളുടെ കുട്ടികളെ ഭാവിയിലെ ഡോക്ടർമാരും എഞ്ചിനിയർമാരുമാക്കാനുള്ള പ്രതീക്ഷക്ക് തുടക്കം കുറിക്കപ്പെടുമെന്ന ജനങ്ങളുടെ ബോധം, ഇവയെല്ലാം കാരണം ഇത്തരം സ്ഥാപനങ്ങളിലേക്ക് കുട്ടികളുടെ ഒഴുക്കാണ്. ഓട്ടോറിക്ഷകളിലും ജീപ്പുകളിലും മിനി ബസ്സുകളിലും കുട്ടികളെ കുത്തിനിറച്ച് നഴ്സറി സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നത് ഇവിടത്തെ പതിവ് ദൃശ്യമാണ്. ഈ ദൃശ്യം ഇവിടത്തെ സാധാരണക്കാരന്റെയും മറ്റും കുട്ടികളിൽ ഒരുതരം അപകർഷതാബോധം സൃഷ്ടിക്കുന്നു. സാമ്പത്തികമായി ഉയർന്ന വിഭാഗത്തിലുള്ളവർക്കേ ഇത്തരം സ്ഥാപനങ്ങളിലെ ഫീസ് താങ്ങാനാകുകയുള്ളൂ.

ഈ പഞ്ചായത്തിലുള്ള എട്ട് എൽ പി സ്കൂളുകളിൽ ഒരെണ്ണം മാത്രമാണ് ഗവ. സ്കൂളുകളായുള്ളത്. തൃക്കോട്ടൂർ ഗവ. വെസ്റ്റ് എൽ. പി. സ്കൂൾ ആണ് അത്. ഈ വിദ്യാലയം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥലവും കെട്ടിടവും ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യം ഉയർന്നിട്ടുണ്ട്. പ്രാഥമികസൗകര്യങ്ങൾ, കളിസ്ഥലം, ചുറ്റുമതിൽ, കുടിവെള്ളം എന്നിവയുടെ അഭാവം പഠനോപകരണങ്ങളുടെ അപര്യാപ്തത ഇവ മിക്ക സ്കൂളുകളെയും അലട്ടുന്ന പ്രശ്നങ്ങളാണ്. എൽ പി സ്കൂളുകൾക്കൊന്നും തന്നെ വൈദ്യുതി കണക്ഷനില്ല. അതിനാൽ റേഡിയോ, ടേപ്പ് റിക്കാർഡർ എന്നിവയുണ്ടായിട്ടും ചില സ്കൂളുകൾക്ക് അവ പഠന മാധ്യമങ്ങളായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. വിദ്യാലയ സൗകര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഒരു യു. പി. സ്കൂൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. തൃക്കോട്ടൂർ എ. യു. പി. സ്കൂളാണ് അത്. ഈ വിദ്യാലയത്തിൽ ഒരു വിധം എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും പഠനോപകരണങ്ങളുടെ അപര്യാപ്ത തഉണ്ട്. ഈ സ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തായി മൂന്നാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ ധാരാളം കുട്ടികൾക്ക് അടുത്ത പഞ്ചായത്തിലെ സി. കെ. ജി. മെമ്മോറിയൽ ഹൈസ്കൂളിനേയും ആശ്രയിക്കേണ്ടിവരുന്നു. പത്താം വാർഡിലെ കുട്ടികൾ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി മൂന്ന് കിലോമീറ്ററോളം ദൂരം യാത്രചെയ്യുന്നതിനാൽ ആ വാർഡിൽ ഒരു യു പി സ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പയ്യോളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാലാണ് അടുത്ത പഞ്ചായത്തിലെ സി. കെ. ജി. മെമ്മോറിയൽ ഹൈസ്കൂളിലേക്ക് ധാരാളം കുട്ടികൾക്ക് പോകേണ്ടിവരുന്നത്. നാല്, പത്ത് വാർഡുകളിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി നാല് കിലോമീറ്ററോളം ദൂരം യാത്രചെയ്യുന്നു. അടുത്ത പഞ്ചായത്തുകളിലെ ഹൈസ്കൂളുകളെ അപേക്ഷിച്ച് പയ്യോളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ എസ്. എസ്. എൽ. സി. വിജയശതമാനം ഉയർന്നതാണ്. ഈ വിദ്യാലയത്തിലെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം ചുവടെ കൊടുക്കുന്നു.

പട്ടിക

എസ്. എസ്. എൽ. സി. വിജയശതമാനം

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 93–94 | 663 | 249 | 38% |
| 94–95 | 742 | 220 | 29% |
| 95–96 | 718 | 236 | 33% |

1957ലാണ് പയ്യോളി ഗവ. ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത്. പെരുമാൾപുരം എഡുക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ ആരംഭിച്ച് ഡിസ്ട്രിക്റ്റ് ബോർഡിന് കൈമാറിയ ഈ വിദ്യാലയത്തിന്റെ ശിലാസ്ഥാപനം ശ്രീ കാമരാജ നാടാരായിരുന്നു നിർവ്വഹിച്ചത്. 1992ൽ ഈ സ്കൂൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 2700 ഓളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിലെ 700 ഓളം കുട്ടികൾ തിക്കോടി പഞ്ചായത്തിലുള്ളതാണ്. മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സാണ് വി. എച്ച്. എസ്. സി. വിഭാഗത്തിലുള്ളത്. മൊത്തം 80 കുട്ടികൾ വി. എച്ച്. എസ്. സി. വിഭാഗത്തിലുണ്ട്. വേണ്ടത്ര കെട്ടിടങ്ങളില്ലാത്തതുകൊണ്ട് ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നത്. ഓരോ വർഷവും 700 ഓളം കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷക്കിരിക്കുന്ന ഈ വിദ്യാലയത്തിലെ ഷിഫ്റ്റ് സമ്പ്രദായം എസ്. എസ്. എൽ. സി. വിജയശതമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. എസ്. എസ്. എൽ. സി പരീക്ഷക്കിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ഈ സ്കൂൾ സംസ്ഥാനത്ത് 6–ാം സ്ഥാനത്താണ്. 1974നു ശേഷം സ്കൂളിന് ഗവൺമെന്റ് കെട്ടിടം ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക എൽ. പി. സ്കൂളുകളിലും വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ജനനനിരക്കിലുള്ള കുറവ്, അനംഗീകൃത സ്കൂളുകളുടെ വർദ്ധനവ്, ഇംഗ്ലീഷ് മീഡിയം ഭ്രമം ഇവയൊക്കെ ഇതിന് കാരണങ്ങളായി വർത്തിക്കുന്നു. ദാരിദ്ര്യവും രക്ഷിതാക്കളുടെ താൽപര്യക്കുറവുംമൂലം സ്കൂളുകളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞു പോകുന്ന പ്രശ്നവുമുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിനായി കുട്ടികൾ ഒന്നര കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടുന്ന അവസ്ഥ ഈ പഞ്ചായത്തിലില്ല.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് നടത്തയ പഠനങ്ങൾ കാണിക്കുന്നത് നിലവാരം തൃപ്തികരമല്ല എന്നതാണ്. പഠനനിലവാരത്തെ കാണിക്കുന്ന വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

സബ് ജില്ലാ – ജില്ലാ കലാകായിക മത്സരങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകൾ സജീവമായി പങ്കെടുക്കാറുണ്ടെങ്കിലും പ്രകടനം ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ വിദ്യാലയങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് നഴ്സറി – ട്യൂട്ടോറിയൽ രംഗങ്ങളിലാണ്. ഇത്തരം സ്ഥാപനങ്ങൾ കൂണുകൾപോലെ ധാരാളമായി മുളച്ചു വന്നിട്ടുണ്ട്. അധ്യാപനരംഗത്തേക്ക് അടുത്തകാലത്തായി സ്ത്രീകൾ കടന്നുവന്നിട്ടുണ്ട്. അധ്യാപക രക്ഷാകർതൃസമിതികൾ മിക്ക സ്കൂളുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കൂടാതെ സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത്തല വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം നടക്കുന്നുണ്ട്. വാർഡു വിദ്യാഭ്യാസ സമിതികൾ ചില വാർഡുകളിൽ സജീവമായി പ്രവർത്തിക്കുന്നു. ഇത് വിദ്യാഭ്യാസ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ സഹായകമാകുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽനിന്നും സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | കുട്ടികളുടെ എണ്ണം |
|---|---|
| മെറിറ്റ് സ്കോളർഷിപ്പ് | 21 |
| ലംപ്സം ഗ്രാന്റ് | 486 |
| മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് | 349 |
| വികലാംഗർക്കുള്ള സ്കോളർഷിപ്പ് | 39 |
| ജവാൻമാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 8 |
| ബീഡിത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | – |
| മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 265 |
| ആകെ | 1168 |

ഔപചാരികമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ രണ്ട് ട്യൂട്ടോറിയൽ കോളേജുകൾ ഇവിടെ പ്രവർത്തിക്കുന്നു. സാക്ഷരതയിൽ ഇവിടത്തെ ചില വാർഡുകൾ പിന്നിലാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും കലാസമിതികളും ഇവിടെയുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള 18 അങ്കണവാടികളിൽ 10 എണ്ണത്തിന് സ്ഥിരം കെട്ടിടമില്ല.

2. അങ്കണവാടികളിൽ കളിക്കോപ്പുകളുടെ അപര്യാപ്തതയും പ്രാഥമിക സൗകര്യങ്ങൾ, ചുറ്റുമതിൽ, കുടിവെള്ളം എന്നിവയുടെ അഭാവവും ഉണ്ട്.
3. ഈ പഞ്ചായത്തിലും അടുത്ത പഞ്ചായത്തുകളിലുമുള്ള ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവുമായ നഴ്സറിസ്കൂളുകളുടെയും അനംഗീകൃത സ്കൂളുകളുടെയും ആകർഷണീയത കാരണം ഇത്തരം സ്ഥാപനങ്ങളിലേക്ക് കുട്ടികൾ ധാരാളം പോകുന്നു. ഇത് ഇവിടെയുള്ള എൽ. പി. സ്കൂളുകളിലും അങ്കണവാടികളിലും കുട്ടികൾ കുറഞ്ഞു വരുന്നതിന് കാരണമാകുന്നു.
4. മിക്ക സ്കൂളുകളുടെയും ഭൗതികസാഹചര്യം തൃപ്തികരമല്ല. കുടിവെള്ള ക്ഷാമം ഒരു പ്രധാന പ്രശ്നമാണ്.
5. സ്കൂളുകളിൽ വൈദ്യുതീകരിക്കാത്തതുകൊണ്ടും റേഡിയോ, ടേപ്പ് റിക്കോർഡർ എന്നിവ പഠനമാധ്യമങ്ങളായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
6. ദാരിദ്ര്യവും രക്ഷിതാക്കളുടെ താൽപര്യക്കുറവും മൂലം സ്കൂളുകളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നു.
7. ഈ പഞ്ചായത്തിലെ ഏക യു. പി. സ്കൂളായ തൃക്കോട്ടൂർ യു. പി. സ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ ധാരാളം കുട്ടികൾക്ക് അടുത്ത പഞ്ചായത്തിലെ സ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നു.
8. പത്താം വാർഡിലെ കുട്ടികൾ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും ആയി നാല് കിലോമീറ്ററോളം ദൂരം യാത്രചെയ്യേണ്ടിവരുന്നു.
9. 2700ഓളം വിദ്യാർത്ഥികൾ പഠിക്കുന്ന പയ്യോളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വേണ്ടത്ര കെട്ടിടങ്ങളില്ലാത്തതു കൊണ്ട് ഹൈസ്കൂൾ വിഭാഗം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് സ്കൂളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനത്തെ പ്രതികൂലമായി ബാധിക്കുന്നു.
10. നാലാം വാർഡിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി നാലു കിലോമീറ്ററോളം ദൂരം യാത്രചെയ്യേണ്ടി വരുന്നു.
11. പയ്യോളി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന വി. എച്ച്. എസ്. സി. കോഴ്സിന് സ്ഥിരം അദ്ധ്യാപകരില്ലാത്തതു കൊണ്ട് വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുന്നു.
12. പഞ്ചായത്തിലെ സ്കൂളുകളിലെ പഠനനിലവാരം തൃപ്തികരമല്ല.
14. 2, 4, 7, 8 വാർഡുകളിൽ ഇപ്പോൾ എൽ. പി. സ്കൂൾ നിലവിലില്ല.

## സാധ്യതകൾ

1. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അംഗീകാരമുള്ളവയായിരിക്കണം. ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ നിരുത്സാഹപ്പെടുത്തുക.
2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പി. ടി. എയുടെയും വിദ്യാഭ്യാസ സമിതിയുടെയും സഹകരണത്തോടെ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും അധ്യയന നിലവാരം ഉയർത്താനും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളെ കണ്ടെത്തി സാമ്പത്തിക സഹായം നൽകിയും രക്ഷിതാക്കളെ ബോധവൽക്കരിച്ചും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാം.
4. പ്രൈമറി വിദ്യാഭ്യാസത്തിന് കുട്ടികളെ അയക്കാതിരിക്കുന്നത് കുറ്റകരമാക്കുക.
5. നാല്, എട്ട് വാർഡുകളിൽ എൽ. പി. സ്കൂളുകൾ സ്ഥാപിക്കുക.
6. പത്താം വാർഡിൽ ഒരു. യു. പി. സ്കൂൾ സ്ഥാപിക്കുക.
7. നാലാം വാർഡിനോട് ചേർന്നതും അടുത്ത പഞ്ചായത്തിലുള്ളതുമായ വൻമുകം കോടിക്കൽ എയുപി സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക.
8. പയ്യോളി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ ഇരുപത് മുറികളുള്ള ഒരു ഇരുനില കെട്ടിടം പണിയുക.

ഈ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുക.

സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കുക.

സ്കൂളിനോടനുബന്ധിച്ചുള്ള സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കുക.

9. പഞ്ചായത്തിലെ ഏക ഗവ. എൽ. പി. സ്കൂളായ തൃക്കോട്ടൂർ ഗവ. വെസ്റ്റ് എൽ. പി. സ്കൂളിന്റെ സ്ഥലവും കെട്ടിടവും ഗവൺമെന്റ് ഏറ്റെടുക്കുക.
10. സ്കൂൾ പരിസരങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുക.
11. സ്വന്തമായി സ്ഥലമുണ്ടായിട്ടും കഴിഞ്ഞ പത്തു വർഷത്തോളമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം പണിയുക.

12. സ്കൂളുകളിലെ അധ്യയന നിലവാരം മെച്ചപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുക

- ◆ അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
- ◆ അധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ പാഠ പുസ്തകങ്ങൾ എത്തിക്കുക.
- ◆ ധൃതിപിടിച്ചുള്ള സിലബസ് പരിഷ്ക്കരണം ഒഴിവാക്കുക.
- ◆ അധ്യാപകർക്കാവശ്യമായ ഹാൻഡ്ബുക്കുകൾ യഥാസമയത്ത് തന്നെ നൽകുക.
- ◆ മൂന്നുവർഷത്തിലൊരിക്കലെങ്കിലും അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നൽകുക.
- ◆ സെൻസസ് പോലുള്ള പ്രവർത്തനങ്ങളിൽനിന്ന് അധ്യാപകരെ ഒഴിവാക്കുക.
- ◆ എൽ. പി, യു.പി സ്കൂളുകളിൽ പ്യൂൺ, ക്ലർക്ക് എന്നിവരെ നിയമിച്ച് പ്രധാനാധ്യാപകന്റെ സേവനം പൂർണ്ണമായും സ്കൂളിൽ തന്നെ ഉപയോഗപ്പെടുത്തുക.
- ◆ സ്കൂളുകളിൽ പഠനോപകരണങ്ങളുടെ ബാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് പഞ്ചായത്ത് നൽകുക.

13. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പു തുക വർദ്ധിപ്പിക്കുകയും അവ യഥാസമയത്തുതന്നെ വിതരണം നടത്തുകയും ചെയ്യുക.

14. കുട്ടികൾക്ക് കൃഷിയിലുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

15. പയ്യോളിയിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് സ്ഥാപിക്കുക.

16. പയ്യോളിയിൽ പോളിടെക്നിക്ക് സ്ഥാപിക്കുക.

17. പഞ്ചായത്തിൽ ഗവ. ഉടമസ്ഥതയിൽ ഒരു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് – (ഷോർട്ട് ഹാൻഡ്, ടൈപ്പ് റൈറ്റിങ്ങ്, കമ്പ്യൂട്ടർ കോഴ്സ് ഇവയുള്ള) സ്ഥാപിക്കുക.

18. ഒരു സംഗീത കോളേജും സ്പോർട്സ് സ്കൂളും ആരംഭിക്കുക.

19. സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കാൻ പഞ്ചായത്ത് വേണ്ട നടപടികൾ സ്വീകരിക്കുക.

20. കായികരംഗത്ത് സ്കൂളുകൾക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയുന്നതിന് മേലടി ബ്ലോക്ക് കേന്ദ്രീകരിച്ചുകൊണ്ട് ഒരു കോച്ചിനെ നിയമിക്കുക.

21. പ്രാചീന ആയോധനകലയായ കളരിപ്പയറ്റ് പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രം തിക്കോടിയിൽ സ്ഥാപിക്കുക.

22. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുക.

23. തുടർ സാക്ഷരതാ പരിപാടി ആരംഭിക്കുക.

24. ജനങ്ങളിൽ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന വായനശാലകൾ ആരംഭിക്കുക.

25. ഓർഫനേജിലെ കുട്ടികൾക്ക് കിട്ടുന്നതുപോലെ മറ്റു സ്കൂളുകളിൽ പഠിക്കുന്ന അനാഥക്കുട്ടികൾക്കും ഗ്രാന്റ് നൽകുക.

26. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ തോല്ക്കുന്ന വിദ്യാർത്ഥികളെ അവിടെ തുടർന്ന് പഠിക്കാൻ അനുവദിക്കുക.

പട്ടിക

വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സർക്കാർ/ എയിഡഡ് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കുടി വെള്ളം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. വി. എച്ച്. എസ്. എസ്. പയ്യോളി | സർക്കാർ | 10 ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | തൃക്കോട്ടൂർ എ യു പി എസ് | എയിഡഡ് | 1.5 ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | തിക്കോടി മാപ്പിള എ എൽ. പി. എസ് | എയിഡഡ് | 25 സെ. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 4. | പാലൂർ എ എൽ പി എസ് | എയിഡഡ് | 25 സെ. | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. | പള്ളിക്കര എ എൽ പി എസ് | എയിഡഡ് | 20 സെ. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6. | പള്ളിക്കര സൻട്രൽ എൽ പി എസ്. | എയിഡഡ് | 90 സെ. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | പുറക്കാട് മാപ്പിള എൽ പി എസ് | എയിഡഡ് | 10 സെ. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8. | പുറക്കാട് നോർത്ത് എ.എൽ.പി.എസ് | എയിഡഡ് | 1 സെ. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. | പുറക്കാട് സൗത്ത് എ എൽ പി എസ് | എയിഡഡ് | 20 സെ. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 10 | തൃക്കോട്ടൂർ ഗവ.വെസ്റ്റ് എൽ.പി.എസ് | സർക്കാർ | 50 സെ. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |

പട്ടിക

**കുട്ടികളുടെ പഠന നിലവാരം**

| ക്ലാസ് | ആകെ കുട്ടികൾ | 30%ൽ താഴെ മാർക്ക് കിട്ടിയവർ | 30% മുതൽ 40% വരെ | 40% മുതൽ 50% വരെ | 50% മുതൽ 60% വരെ | 60% മുകളിൽ |
|---|---|---|---|---|---|---|
| 1 | 432 | – | – | – | – | – |
| II | 408 | – | – | – | – | – |
| III | 444 | 96 | 100 | 98 | 55 | 95 |
| Iv | 460 | 87 | 75 | 108 | 85 | 105 |
| V | 413 | 57 | 52 | 120 | 54 | 130 |
| VI | 334 | 60 | 73 | 71 | 51 | 79 |
| VII | 460 | 180 | 80 | 60 | 55 | 85 |
| VIII | 931 | 365 | 200 | 120 | 105 | 141 |
| IX | 953 | 340 | 260 | 140 | 107 | 106 |
| X | 723 | 360 | 108 | 120 | 80 | 55 |
| | ആകെ | | | | | 5558 |

പട്ടിക

**കുട്ടികളെയും അധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | സ്കൂളിന്റെ പേര് | Dvn. | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | പട്ടികജാതി ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം പുരു. | സ്ത്രീ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. വി. എച്ച്. എസ്. സി. പയ്യോളി | 49 | 1302 | 1305 | 2607 | 90 | 99 | 189 | 45 | 27 | 72 |
| 2. | തൃക്കോട്ടൂർ എ യു പി എസ് | 37 | 804 | 659 | 1463 | 57 | 45 | 102 | 30 | 18 | 48 |
| 3. | തിക്കോടി മാപ്പിള എൽ പി എസ് | 8 | 116 | 101 | 217 | 5 | 7 | 12 | 5 | 5 | 10 |
| 4. | പാലൂർ എ എൽ പി എസ് | 8 | 123 | 112 | 235 | 9 | 6 | 15 | 2 | 7 | 9 |
| 5 | പള്ളിക്കര എ എൽ പി എസ് | 4 | 55 | 54 | 109 | 2 | 3 | 5 | 3 | 2 | 5 |
| 6 | പള്ളിക്കര സെൻട്രൽ എൽ.പി.എസ് | 8 | 113 | 115 | 228 | 9 | 10 | 19 | 6 | 3 | 9 |
| 7 | പുറക്കാട് മാപ്പിള എൽ പി എസ് | 6 | 86 | 85 | 171 | - | - | - | 5 | 2 | 7 |
| 8 | പുറക്കാട് നോർത്ത് എ.എൽ.പി.എസ് | 7 | 92 | 110 | 202 | 5 | 4 | 9 | 5 | 4 | 9 |
| 9 | പുറക്കാട് സൗത്ത് എ എൽ പി എസ് | 7 | 92 | 107 | 199 | 5 | 14 | 19 | 4 | 5 | 9 |
| 10. | തൃക്കോട്ടൂർ ഗവ.വെസ്റ്റ് L.P.S | 7 | 71 | 56 | 127 | - | 1 | 1 | 4 | 1 | 5 |



# ആരോഗ്യം, പരിസരശുചിത്വം

**പൊ**തുജനാരോഗ്യവുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങൾ ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടങ്ങൾ, വൃത്തിയുള്ള പരിസരം, നല്ല ഭക്ഷണം എന്നിവയാണ്. വായുമലിനീകരണം കാര്യമായ തോതിൽ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ കൊതുകുശല്യം, FCI ഗോഡൗണിന് സമീപ പ്രദേശങ്ങളിലെ പ്രാണി ശല്യം, പൊതു സ്ഥലങ്ങളിൽ വെച്ച് അറവു നടത്തുന്നത്, ചപ്പു ചവറുകൾ പൊതു സ്ഥലങ്ങളിൽ കൂട്ടിയിടുന്നത്, റോഡുവശങ്ങളിൽ അഴുക്കുചാലുകളുടെ അഭാവം തുടങ്ങിയ പൊതുവായ ചില പരിസര മലിനീകരണ പ്രശ്നങ്ങൾ എല്ലാ വാർഡുകളിലുമുണ്ട്. പഞ്ചായത്തിൽ 4630 വീടുകൾ ഉള്ളതിൽ 1300 ഓളം വീടുകൾക്ക് കക്കൂസില്ലാത്ത സ്ഥിതിയാണുള്ളത്.

പഞ്ചായത്തിന്റെ പൊതുജനാരോഗ്യസ്ഥിതി പൊതുവായി അവലോകനം ചെയ്താൽ മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. മരണനിരക്ക് 3.47ഉം ശിശുമരണനിരക്ക് 10ഉം ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ 2.43,6 കുറവാണ്. മാതൃമരണനിരക്ക് പൂജ്യമാണ്. ജനനനിരക്ക് 4.57 ആണ്. ഇത്

സംസ്ഥാന ശരാശരിയേക്കാൾ 12.13 കുറവാണ്. 60.5 ശതമാനം ദമ്പതികൾ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

ഒരു വയസ്സിൽ താഴെയുള്ള 350 കുട്ടികളും ഒന്നു മുതൽ മൂന്ന് വയസ്സുവരെയുള്ള 714ഉം മൂന്നു മുതൽ അഞ്ച് വരെ പ്രായമുള്ള 731 കുട്ടികളുണ്ട്. വൈകല്യ നിരക്ക് 1000ന് 2 ആണ്.

ക്ഷയം, കുഷ്ഠം, മലമ്പനി, തിമിരം, ശ്വാസകോസ സംബന്ധമായ രോഗം എന്നിവയാണ് സാധാരണയായി കണ്ടുവരുന്നത്. കൂടാതെ ഒന്നാം വാർഡിൽ പ്രത്യേകതരം ചർമ്മരോഗവും മൂന്നാം വാർഡിൽ നെൽകൃഷിയുമായി ബന്ധപ്പെടുന്നവർക്ക് പ്രത്യേകതരം രോഗവും കാണപ്പെടുന്നു. 95–96 വർഷത്തിൽ ഒരു സ്ത്രീ ഉൾപ്പെടെ 10 ആളുകൾക്ക് മലമ്പനി ഉണ്ടായിട്ടുണ്ട്. ഇവരിൽ മുഴുവൻ പേരും അന്യ സംസ്ഥാനങ്ങളിൽ നിന്ന് രോഗബാധിതരായി എത്തിയവരാണ്. മലമ്പനി ബാധിതരിൽ സ്ത്രീകൾ ഒരു ശതമാനത്തിൽ താഴെ മാത്രമേ ഉള്ളൂ. അന്യസംസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യുന്നവരധികവും പുരുഷൻമാരായിരിക്കും എന്നതാണ് ഇതിന്റെ കാരണം. പഞ്ചായത്തിൽ 1990–95 കാലത്ത് 159 കുഷ്ഠ രോഗബാധിതർ രോഗവിമുക്തരായിട്ടുണ്ട്. കുഷ്ഠരോഗ ബാധിതരുടെ എണ്ണം 1990–95ൽ 15 ആയിരുന്നത് 95–96ൽ 2 ആയി ചുരുങ്ങിയിട്ടുണ്ട്. 2000ാം നൂറ്റാണ്ടോടുകൂടി ഈ പഞ്ചായത്ത് പൂർണ്ണമായും കുഷ്ഠരോഗ വിമുക്ത മേഖലയാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കാലവർഷാരംഭത്തിൽ ജലജന്യ രോഗങ്ങൾ കണ്ടുവരുന്നു. ഛർദ്ദി, അതിസാരം തുടങ്ങിയവയാണ് കാണപ്പെടുന്നത്. കോളറ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാറില്ല. അഞ്ചാം പനി, ടൈഫോയ്ഡ്, ചിക്കൻപോക്സ്, ബാലക്ഷയം എന്നിവ മിതമായ തോതിൽ ഉണ്ടാകാറുണ്ട്. ജലജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് പഞ്ചായത്തിന്റെ സഹകരണത്തോടെ ഭൂരിഭാഗം കിണറുകളിലും ക്ലോറിനേഷൻ നടത്താറുണ്ട്.

കുട്ടികളുടെ പോഷണ നിലവാരം പൊതുവെ മെച്ചമാണ്.

പോഷണ നിലവാരം കുറഞ്ഞ കുട്ടികൾക്ക് ഫെറസ് സൾഫേറ്റ്, വിറ്റാമിൻ – എ എന്നിവ സബ്സെന്റർ വഴിയും പ്രാഥമിക ആരോഗ്യ കേന്ദ്രം വഴിയും, അംഗൻവാടികൾ വഴിയും നൽകുന്നു. എന്നാൽ ഈ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമവും ഫലപ്രദവും ആകേണ്ടതാണ്.

പ്രതിരോധ ചികിത്സാരംഗം വിലയിരുത്തുമ്പോൾ നവജാത ശിശുക്കൾക്ക് ഓറൽ പോളിയോ, ഡിപി റ്റി, മീസൽസ് വാക്സിൻ, വിറ്റാമിൻ – എ സൊലൂഷൻ എന്നിവ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും നൽകുന്നു. ദേശീയ പോളിയോ നിർമാർജ്ജന പരിപാടി വിജയകരമായി നടന്നിട്ടുണ്ട്. പ്രത്യേക ദേശീയ സ്കൂൾ ആരോഗ്യ പദ്ധതിയനുസരിച്ച് 10 വയസ്സിനു താഴെയുള്ള 1434 കുട്ടികളെ വൈദ്യപരിശോധനാ വിധേയമാക്കിയതിൽ പ്രധാനമായി കണ്ട രോഗങ്ങൾ – ദന്തരോഗം, ചൊറി, വിറ്റാമിൻ – എയുടെ അഭാവം എന്നിവയാണ്. എന്നാൽ ഈ പരിപാടിയോട് അനുബന്ധിച്ച് നടക്കേണ്ട തുടർ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല. തീരദേശാരോഗ്യ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശമായ തിക്കോടിയിൽ ഈ പദ്ധതിയുടെ കീഴിൽ നാല് മെഡിക്കൽ കേമ്പുകൾ നടത്തിയിട്ടുണ്ട്. കുഷ്ഠരോഗ നിർണ്ണയം, മലമ്പനി, ക്ഷയരോഗം മറ്റു പൊതുവായ രോഗങ്ങൾ എന്നിവയ്ക്കാണ് കേമ്പുകൾ നടത്തിയത്.

ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ഔദ്യോഗിക സ്ഥാപനങ്ങൾ മൂന്നാം വാർഡിലെ പ്രൈമറി ഹെൽത്ത് സെന്ററും, പത്താം വാർഡിലെ ഹെൽത്ത് സബ് സെന്ററും ആണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നാല് മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 32 ജീവനക്കാരുണ്ട്. പി. എച്ച്. സിയിൽ 1995–96ൽ 45371 OP കേസുകളും 1605 IP കേസുകളും 1996ൽ 45370 OP കേസ്സുകളും 2059 IP കേസ്സുകളും ചികിത്സക്ക് വിധേയമായിട്ടുണ്ട്.

ആശുപത്രിയുടെ പുതിയ IP ബ്ലോക്ക് 1993ൽ ആണ് ഉദ്ഘാടനം ചെയ്തത്. ഈ ബ്ലോക്ക് പൂർണ്ണമായ അർത്ഥത്തിൽ ഇനിയും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; പ്രാവ് ശല്യം മൂലം വൃത്തിഹീനമായി കിടക്കുകയാണ്. പഴയ ബ്ലോക്കിൽ സ്ഥല സൗകര്യം തീരെയില്ല. ഇതിലാണ് OP, ഫാർമസി, ഓഫീസ്, ഡ്രസ്സിങ്ങ് റൂം, 6 കിടക്കകളുള്ള ഒരു വാർഡ് എന്നിവ പ്രവർത്തിക്കുന്നത്. പഴയ ബ്ലോക്ക് ജീർണത ബാധിച്ച് മഴക്കാലത്ത് പലമുറികളും നനഞ്ഞ് വൃത്തികേടായി കിടക്കുന്നു. ലഭ്യമായ സൗകര്യങ്ങൾ വെച്ച് ചെറിയ ശസ്ത്രക്രിയകൾ PHCയിൽ നടക്കുന്നുണ്ട്.

പഞ്ചായത്തിൽ പുറക്കാട് കിടഞ്ഞിക്കുന്നിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ് സെന്ററിന് ആവശ്യമായ ഫർണിച്ചറുകളും, ഫ്രിഡ്ജ്, ബെഡ് തുടങ്ങിയവയും ലഭ്യമാക്കിയിട്ടുണ്ട്. ഇലക്ട്രിക് കണക്ഷനും, വാട്ടർ കണക്ഷനും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. അവിടെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിന്റെ സേവനം വേണ്ടവിധത്തിൽ ലഭ്യമല്ല എന്ന പരാതിയുണ്ട്.

പുറക്കാട് കൊപ്പരക്കണ്ടത്തിൽ ഒരു സ്വകാര്യ ആശുപത്രിയും പെരുമാൾപുരത്ത് 3 മെഡിക്കൽ ഷാപ്പും,

തിക്കോടിയിൽ ഒരു ക്ലിനിക്കും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ മൂന്ന് ആയുർവേദ മെഡിക്കൽ ഷാപ്പുകളുണ്ടെങ്കിലും ആയുർവേദ ആശുപത്രിയോ, ഹോമിയോ ആശുപത്രിയോ ഇല്ല.

## പ്രശ്നങ്ങൾ

1. മേലടി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വേണ്ട രീതിയിൽ ലഭ്യമാകുന്നില്ല.
2. ഹെൽത്ത് സെന്ററിന്റെ അറ്റകുറ്റപ്പണികൾ നടത്താറില്ല. ലബോറട്ടറി സൗകര്യങ്ങൾ പരിമിതമാണ്. ആവശ്യത്തിന് മരുന്നുകൾ ലഭിക്കുന്നില്ല.
3. പത്താം വാർഡിൽ പ്രവർത്തിക്കുന്ന പി. എച്ച്. സി. സബ് സെന്ററിന്റെ പ്രവർത്തനം ഫലപ്രദമല്ല.
4. 1, 2, 4 5 എന്നീ കടലോര വാർഡുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ സൗകര്യം ലഭ്യമല്ല.
5. ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തിൽ ഇല്ല.
6. സൊസൈറ്റി സൗകര്യങ്ങളുടെ അഭാവം ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.
7. അറവു ശാലകളും മത്സ്യവിപണന കേന്ദ്രങ്ങളും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
8. വർക്ക് ഷാപ്പുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പരിസരമലിനീകരണം സൃഷ്ടിക്കുന്നു.
9. പാൻ പരാഗ് പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വിദ്യാർത്ഥികളിൽ വ്യാപകമായി വരുന്നു.
10. മദ്യവിമുക്തമായി പ്രഖ്യാപിച്ചുള്ള ഈ പഞ്ചായത്തിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു.

## സാധ്യതകൾ

1. മേലടി പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കാൻ പള്ളിക്കര, കോടിക്കൽ ബീച്ച്, തിക്കോടി അങ്ങാടി, കോഴിപ്പുറം എന്നിവിടങ്ങളിൽ സബ് സെന്ററുകൾ സ്ഥാപിക്കുക.
2. മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുക.
3. മേലടി പ്രൈമറി ഹെൽത്ത് സെന്ററിൽ എക്സറേ യൂണിറ്റ്, ഇ. സി. ജി. തുടങ്ങിയ ആധുനികവും അത്യാവശ്യവുമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. ഹെൽത്ത് സെന്ററിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും ലബോറട്ടറി സൗകര്യങ്ങൾ വിപുലമാക്കുകയും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും രോഗികൾക്ക് ഭക്ഷണം ലഭ്യമാക്കുകയും ചെയ്യണം.
5. ഹെൽത്ത് സെന്ററിൽ അടിയന്തിരമായും ലേഡി ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.
6. പത്താം വാർഡിലെ സബ് സെന്ററിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ മാതൃസ്ഥാപനമായ PHCയിലെ ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ലഭ്യമാക്കുക.
7. മാതൃ പി. എച്ച്. സിയിൽ നിന്നും ഡോക്ടർമാരുടെ സേവനം ഈ സബ് സെന്ററിൽ ലഭ്യമാക്കാത്തപക്ഷം സബ് സെന്റർ ഡിസ്പെൻസറിയായി ഉയർത്തുകയോ പ്രൈമറി ഹെൽത്ത് സെന്റർ കമ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്ന മുറയ്ക്ക് ഈ സെന്റർ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുകയോ ചെയ്യാവുന്നതാണ്.
8. 1, 2, 4, 5 എന്നീ വാർഡുകളിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി കോടിക്കലിൽ സ്ഥാപിക്കണം. ഇതിനാവശ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കാൻ ജനകീയ സഹകരണം ലഭ്യമാണ്.
9. പഞ്ചായത്തിലെ പുറക്കാട് ഭാഗത്ത് ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക. അതിനാവശ്യമായ സൗകര്യങ്ങൾ നൽകാൻ ജനങ്ങൾ സന്നദ്ധരാണ്.
10. പഞ്ചായത്തിലെ ആരോഗ്യപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ പഞ്ചായത്ത് തല ആരോഗ്യ സമിതി രൂപീകരിക്കുക.
11. കക്കൂസുകളില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസുകൾ ലഭ്യമാക്കാനുള്ള നടപടികൾക്ക് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പഞ്ചായത്ത് നേതൃത്വം കൊടുക്കുക.
12. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ശാസ്ത്രീയമായ അറവുശാലകളും മത്സ്യവിപണന കേന്ദ്രങ്ങളും സ്ഥാപിക്കുക.
13. വർക്ക് ഷോപ്പുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫലപ്രദമായി തടയേണ്ടതാണ്.
14. അംഗൻവാടികളുടെയും ആരോഗ്യകേന്ദ്രങ്ങളുടെയും പ്രവർത്തനം സജീവമാക്കുക; ആരോഗ്യരംഗത്ത് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

15. എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും നിരോധിക്കുക. മദ്യനിരോധനം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുക.

16. ഹോമിയോ ഡിസ്പെൻസറി തിക്കോടിയിൽ സ്ഥാപിക്കുക.

## കുടിവെള്ളം

കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിന് പൊതുജനാരോഗ്യവുമായുള്ള ബന്ധം അവിതർക്കിതമാണല്ലോ. ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ സ്വാധീനം ചെലുത്തുന്ന പ്രധാന ഘടകവുമാണിത്.

തിക്കോടി ഗ്രാമപഞ്ചായത്തിൽ മൊത്തമുള്ള 4630 കിണറുകളുണ്ട്. ഇത് 65% വരും. ഈ കിണറുകളെത്തന്നെ അയലത്തുള്ള 16% കുടുംബങ്ങൾ ആശ്രയിക്കുമ്പോൾ 10% കുടുംബങ്ങൾ പൈപ്പുവെള്ളത്തേയുമാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിലെ മൊത്തമുള്ള 31 പൊതു കിണറുകളിൽ 3,4,7,8 വാർഡുകളിലെ 5 കിണറുകൾ ഉപയോഗ ശൂന്യമാണ്. പൊതു കിണറുകൾ ജനങ്ങൾ വൻതോതിൽ ഉപയോഗിക്കുന്നു. ഇത് 9% വരും. പൊതു കിണറുകൾക്കു പുറമെ പുറക്കാട് കിടഞ്ഞിക്കുന്നിലെ ഒരു കുഴൽകിണറും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നു. പഞ്ചായത്തിലുള്ള 31 കുളങ്ങളിൽ ഒന്നും തന്നെ കുടിവെള്ളത്തിനായി ഉപയോഗിക്കുന്നില്ല.

മഴയുടെ ലഭ്യത ജില്ലാ ശരാശരിയേക്കാൾ കൂടുതലാണെങ്കിലും മൊത്തത്തിൽ എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ഒന്ന്, രണ്ട്, നാല് വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് കാരണം ജല ദൗർലഭ്യമല്ല; ഓര് വെള്ളക്കയറ്റമാണ്. വെള്ളത്തിൽ പുളിരസമുള്ളത് കാരണം (കമ്മൻ) 3,5,7 വാർഡുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കുന്നിൻ പ്രദേശമായതിനാൽ 9,10 വാർഡുകളിലെ മിക്ക ഭാഗങ്ങളിലും വിശിഷ്യ നാലുസെന്റ് കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഈ വാർഡുകളിലെ പുഴയോര പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുരസമുള്ള വെള്ളമാണ് ലഭിക്കുന്നത്. ഇവിടെ കിണറുകളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ വെള്ളം വറ്റാറുണ്ട്.

പള്ളിക്കരയിലെ മൂക്കത്ത് ഹരിജൻ കോളനിയിൽ നിലവിലുള്ള പൊതുകിണർ ഉപയോഗശൂന്യമായതിനാൽ അരകിലോമീറ്റർ ദൂരെ നിന്നാണ് വെള്ളം കൊണ്ടുവരുന്നത്.

തിക്കോടി പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ രണ്ട് പദ്ധതികളാണ് നിലവിലുള്ളത്. തിക്കോടി ശുദ്ധജല വിതരണ പദ്ധതി 1967ൽ നിലവിൽ വന്നതാണ്. ഈ പദ്ധതികൊണ്ട് ഹരിജനങ്ങളടക്കം 2500-ഓളം പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. ഇതിൽ 24 പബ്ലിക് ടാപ്പുകളും 14 വീട്ടുകണക്ഷനുകളും നൽകിയിട്ടുണ്ട്. ഇതിൽ 8 ഗാർഹികവും ബാക്കി ഗാർഹികേതരവുമാണ്. ഈ പദ്ധതിക്ക് 2 കിണറുകളും 18,300 ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഓവർഹെഡ് ടാങ്കും 4250 മീറ്റർ നീളത്തിൽ വിതരണക്കുഴലുകളും സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ രണ്ടാമത്തെ പദ്ധതിയായ കിടഞ്ഞിക്കുന്ന് ശുദ്ധജല വിതരണ പദ്ധതി 1983-ൽ നിലവിൽ വന്നതാണ്. ഹരിജൻ കോളനിയിലെ നിവാസികളുടെ 2000ത്തോളം പേർ ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ പദ്ധതിയിൽ 29 പബ്ലിക് ടാപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും ഹൗസ് കണക്ഷനുവേണ്ടിയുള്ള ജനങ്ങളുടെ ആവശ്യം ഇന്നും പരിഗണിക്കപ്പെട്ടിട്ടില്ല. നാലായിരം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഓവർബിസ് സ്റ്റീൽ ടാങ്കും 3570 മീറ്റർ നീളത്തിൽ ജലവിതരണക്കുഴലുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ കിണറിൽ വെള്ളം സുലഭമാണെങ്കിലും ടാങ്കിന് സംഭരണശേഷി ഇല്ലാത്തതിനാൽ വർദ്ധിച്ച ആവശ്യത്തിനനുസരിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല. ഇതിന്റെ പൈപ്പ് ലൈൻ മുമ്പ് ശ്രമദാനമായി സ്ഥാപിച്ചതുകൊണ്ടും റോഡ് വർക്ക് ചെയ്തപ്പോൾ പൈപ്പ് ലൈനിന്റെ മുകളിൽ നിന്ന് അമിതമായ തോതിൽ മണ്ണ് നീക്കം ചെയ്തതിനാലും കിണറിൽനിന്നും ടാങ്കിലേക്കുള്ള മെയിൻലൈൻ പുറത്താണുള്ളത്. ഇതുകാരണം വാഹനം കയറി ലൈൻപൊട്ടിപ്പോവാറുണ്ട്. ടാങ്കിന്റെ കപ്പാസിറ്റി ഉയർത്താൻ 25,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മാണത്തിന് രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയിൽ 500 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനും 3 പബ്ലിക് ടാപ്പുകളും കൂടാതെ ടാങ്ക്, പമ്പ് ഹൗസ്, പമ്പിങ്ങ് മെയിൻ എന്നീ പണികളും ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഈ പദ്ധതിയിൽ 9,10 വാർഡുകളിൽ അത്യാവശ്യമായ 12 പബ്ലിക് ടാപ്പുകൾ സ്ഥാപിക്കണമെന്ന ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം വാട്ടർ അതോറിറ്റി പരിഗണിച്ചിട്ടില്ല.

തിക്കോടി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിന് പഞ്ചായത്ത് ജംഗ്ഷനു സമീപം പള്ളി കോമ്പൗണ്ടിൽ പണി കഴിഞ്ഞ കിണർ ഉപയോഗപ്പെടുത്തിയിട്ടില്ല. ഈ കിണറിലെ വെള്ളം രാസ പരിശോധനക്ക് വിധേയമാക്കിയപ്പോൾ നിറവ്യത്യാസമല്ലാതെ മറ്റ് തകരാറുകളൊന്നുമില്ല എന്നാണ് റിപ്പോർട്ട്.

## പ്രശ്നങ്ങൾ

- പഞ്ചായത്തിന്റെ കടലോരപ്രദേശങ്ങളായ 1,2,4 വാർഡുകളിൽ ഓര് വെള്ളം കാരണം ശുദ്ധജലം എല്ലാ കാലത്തും ലഭിക്കുന്നല്ല.
- 3,5,7 വാർഡുകളിൽ വെള്ളത്തിന് പുളിരസ (കമ്മൻ)മുള്ളതിനാൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്നു.
- 9,10 വാർഡുകൾ ഉയർന്ന പ്രദേശങ്ങളായതിനാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഈ വാർഡുകളിലെ പുഴയോരപ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുരസമുള്ള വെള്ളമാണ് ലഭിക്കുന്നത്.
- തിക്കോടി വാട്ടർ സ്കീമിലെ 24 ടാപ്പുകളിൽ 5 ടാപ്പുകൾ ഉപയോഗശൂന്യമാണ്.
- തിക്കോടി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിന് വേണ്ടി രണ്ടാമത് പണി കഴിപ്പിച്ച കിണർ ഉപയോഗശൂനന്യമാണ്.
- കടലോര പ്രദേശത്ത് പൈപ്പ് വെള്ളം പ്രയാസമുള്ള സ്ഥലങ്ങളിൽ വേണ്ടവിധം ലഭിക്കുന്നില്ല.
- തിക്കോടി പദ്ധതിയിലെ പഴയ കിണറിൽ നിന്ന് മഴക്കാലത്ത് മാത്രമെ വെള്ളം ആവശ്യത്തിന് പമ്പു ചെയ്യാൻ കഴിയുന്നുള്ളൂ.
- കിടഞ്ഞിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി പ്രദേശത്തിന്റെ ആവശ്യത്തിന് പര്യാപ്തമല്ല.
- പുതിയ ടാപ്പുകൾ സ്ഥാപിക്കാനുള്ള ആവശ്യം പരിഗണിക്കപ്പെട്ടില്ല.
- ഈ പദ്ധതിയിൽ ഹൗസ് കണക്ഷൻ ആവശ്യക്കാർ ധാരാളമുണ്ടെങ്കിലും കണക്ഷൻ നൽകിയിട്ടില്ല.
- കുളങ്ങളിലെ ജല സമ്പത്ത് ഉപയോഗപ്പെടുത്തുന്നില്ല.
- പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.

## സാധ്യതകൾ

1. ഉപയോഗശൂന്യമായ എല്ലാ പൊതുകിണറുകളും ഉപയോഗയോഗ്യമാക്കാം.
2. പൊതുകിണറുകളുടെ സംരക്ഷണത്തിന് പ്രാദേശികമായ കമ്മിറ്റികൾ രൂപീകരിക്കണം.
3. വേനൽ കാലങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പൊതു കിണറുകൾ മെച്ചപ്പെടുത്താം.
4. പഞ്ചായത്തിലെ മുഴുവൻ കിണറുകളും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുകയും വലയിട്ടു മൂടി സംരക്ഷിക്കുകയും വേണം.
5. താഴെ പറയുന്ന സ്ഥലങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കാം.

   ഭഗവതികണ്ടി നാല് സെന്റ് കോളനി

   തെക്കേ കടപ്പുറം.

   എടവത്ത് താഴ

   തച്ചെടുത്ത് താഴ
6. താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽകിണറുകൾ കുഴിക്കണം.

   a. തൃക്കോട്ടൂർ വെസ്റ്റ് ഗവ. എൽ. പി. സ്കൂളിന് സമീപം

   b. തരിപ്പയിൽ താഴ

   c കൊപ്പരക്കണ്ടം മാപ്പിള സ്കൂളിനു സമീപം

   d. മുക്കത്ത് ഹരിജൻ കോളനി (മുകൾഭാഗം)

   c. പുതുക്കുടിതാഴ (10ാം വാർഡ്)
7. സ്ഥല പരിധി നോക്കാതെ കിണറുകൾ കുഴിക്കാൻ സാമ്പത്തിക സഹായം നൽകണം.
8. 5ാം വാർഡിലെ പാറക്കുളം പഞ്ചായത്ത് ഏറ്റെടുത്തു, ശുദ്ധജല പദ്ധതിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇവിടെ 50,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് കടലോര പ്രദേശങ്ങളായ 1,2,4,5 വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ് ലൈനും ടാപ്പുകളും ഏർപ്പെടുത്തി ശുദ്ധജലം നല്കാം.
9. കിടഞ്ഞിക്കുന്നിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ 4000 ലി. ടാങ്ക് 50,000 ലി. സംഭരണശേഷിയുള്ള ടാങ്കാക്കി മാറ്റിയാൽ 9, 10 വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാം. ഇതോടൊപ്പം താഴെ പറയുന്ന സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം.

   കിടഞ്ഞിക്കുന്ന് (കെട്ടുമ്മൽ മീത്തൽ) 2

   പുതിയോട്ടിൽ മീത്തൽ

   കെട്ടുമ്മൽ പള്ളിക്ക് സമീപം

   പറമ്പിൽ മീത്തൽ

   എകരത്ത് മീത്തൽ 2

   അച്ചം വീട്ടിൽ മുക്ക്

   അച്ചം വീട്ടു നടക്കൽ 2

കേളോത്ത് മീത്തൽ

കല്ലടക്കുനി മുക്ക്

മുല്ല തുരുത്തി താഴ

വെള്ളംകണ്ടി താഴ

എടവത്ത് താഴ

അംഗൻവാടിക്ക് സമീപം (നമ്പർ 99)

തിരുക്കോട്ട് മുക്ക് നാല് സെന്റ് കോളനി 2

പുതുക്കുടി താഴ

അരിമ്പൂർ ക്ഷേത്രത്തിന് സമീപം

പയന്തലക്കടവ്

ചക്കിയത്ത് മീത്തൽകൊലപ്പാടി മീത്തൽ

പരത്തിക്കണ്ടി കോളനി 2


പാറമ്മൽ കുന്നുമ്മൽ ഭാഗം

10. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്ഥലങ്ങളിൽ നില വിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ടാപ്പുകൾ നൽകേണ്ടതാണ്.

11. കിടഞ്ഞിക്കുന്ന് – ശുദ്ധജല പദ്ധതിയുടെ നിലിവലുള്ള ടാങ്കിൽനിന്ന് തുടങ്ങി 500 ഭാഗം പമ്പിംഗ് – മെയിൻ പി. വി. സി. പൈപ്പിന് പകരം ജി. ഐ. പൈപ്പ് ആക്കി മാറ്റുകയും ബാക്കി പി. വി. സി. പൈപ്പ് മണ്ണിനടിയി ലാക്കുകയും വേണം.

12. ഈ പദ്ധതിയിൽ നിന്നു തന്നെ മലയിൽ താഴെ കോൾ നിലം ബണ്ട് വഴി പൈപ്പ് ലൈൻ 7–ാം വാർഡിലെ മുക്കത്ത് ഹരിജൻ കോളനിയിലേക്ക് നീട്ടി, അവിട ങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിച്ചാൽ പദ്ധതി യുടെ പ്രയോജനം പള്ളിക്കര ഭാഗത്തുള്ളവർക്കും ലഭിക്കുന്നതാണ്.

13. പയ്യോളി ഹൈസ്കൂൾ പരിസരത്തുള്ള ഉപയോഗ ശൂന്യമായിക്കിടന്ന കുളം പഞ്ചായത്തിലെ ശുദ്ധ ജലവിതരണത്തിന് പ്രയോജനപ്പെടുത്താൻ നടപടി കൾ സ്വീകരിക്കേണ്ടതാണ്.





# വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് തിക്കോടി ഗ്രാമ പഞ്ചായത്ത്. വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രമസഭകളിലെ ചർച്ചകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളിലൂടെ ഒന്ന് കണ്ണോടിച്ചാൽ തിക്കോടിയുടെ പിന്നോക്കാവസ്ഥ ആർക്കും ബോധ്യപ്പെടും. ഒറ്റപ്പെട്ട ചില വ്യക്തികളുടെ ശ്രമഫലമായി പഞ്ചായത്തിൽ അങ്ങിങ്ങായി ഏതാനും കൊച്ചു വ്യാവസായികയൂനിറ്റുകൾ സ്ഥാപിച്ച് പ്രവർ ത്തിക്കുന്നു എന്നല്ലാതെ ഈ പഞ്ചായത്തിലെ വിപുലമായ അസംസ്കൃത വസ്തുക്കൾ പ്രയോജനപ്പെടുത്തുവാനോ, തൊഴിൽ നൽകുവാനോ ആവശ്യമായ ശ്രമങ്ങളൊന്നും തന്നെ ഇതേവരെ ഉണ്ടായിട്ടില്ല.

പരമ്പരാഗത വ്യാവസായങ്ങൾക്ക് ഇപ്പോഴും മുൻതൂക്കമുള്ള ഒരു പഞ്ചായത്താണ് ഇത്. എന്നാൽ സോപ്പുനിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ഹോളോ ബ്രിക്സ്, സിമന്റ് കട്ട, സിമന്റും കമ്പിയും ഉപയോഗിച്ചുള്ള വാതിൽ കട്ടിള, ജനൽ എന്നിവയുടെ നിർമ്മാണം, ഫർണ്ണീച്ചർ, ഗാർമെന്റ് സ് എന്നിവയും പഞ്ചായത്തിൽ അങ്ങിങ്ങായി പേരിന് മാത്രം കാണാൻ കഴിയുന്നു.

കണ്ണൂർ സർവ്വോദയ സംഘത്തിന്റെ കീഴിൽ

പ്രവർത്തിക്കുന്ന എണ്ണ, കുമ്മായം, ഖാദിത്തുണി, സോപ്പ് എന്നിവയുടെ ഒരു നിർമ്മാണ യൂനിറ്റാണ് പഞ്ചായത്തിലെ എടുത്തുപറയത്തക്ക വ്യവസായികസംരംഭം. കേളപ്പജി രൂപംകൊടുത്ത മൂടാടിക്ഷേത്രസമിതി 1961 ൽ കണ്ണൂർ സർവ്വോദയ സംഘത്തിൽ ലയിച്ചപ്പോൾ തിക്കോടിയിൽ പ്രവർത്തിച്ചിരുന്ന ഇന്റൻസീവ് ഏരിയ എന്ന സമിതിയുടെ ഈ വിവിധോദ്ദേശ്യ വ്യവസായ യൂണിറ്റും സർവ്വോദയസംഘത്തിന്റെ കീഴിലായി. കണ്ണൂർ സർവ്വോദയസംഘത്തിന്റെ വികേന്ദ്രീകരണ പരിപാടിയുടെ ഭാഗമായാണ് ഈ യൂണിറ്റ് തിക്കോടിയിൽ പ്രവർത്തിച്ചു വരുന്നത്. ഈ യൂണിറ്റിൽ മൊത്തം 25 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ 16 പേർ വനിതകളാണ്. തൊഴിലാളികളിൽ ഭൂരിപക്ഷവും തിക്കോടി ഗ്രാമ പഞ്ചായത്തിലുള്ളവരാണ്. ഇവിടെ നിർമ്മിക്കുന്ന സോപ്പിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കോഴിക്കോട്ടുനിന്നും ഖാദിത്തുണിക്ക് ആവശ്യമായവ കേരളത്തിലെ വിവിധ ഖാദികേന്ദ്രങ്ങളിൽ നിന്നും കുമ്മായത്തിന് ആവശ്യമായവ പഞ്ചായത്തിന് പുറത്ത് നിന്നുമാണ് ശേഖരിക്കുന്നത്. 1995-96 സാമ്പത്തിക വർഷം ഇവിടെ 14 ലക്ഷം രൂപയുടെ ഉൽപ്പാദനവും 13 ലക്ഷം രൂപയുടെ വിൽപ്പനയും ഉണ്ടായി. വിൽപ്പന തിക്കോടിയിൽ തന്നെയുള്ള ഷോറൂം വഴിയാണ് നടക്കുന്നത്. ലാഭനഷ്ടങ്ങളില്ലാതെയാണ് സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഖാദിയുടെ ഉൽപ്പാദനം വർഷം തോറും കുറഞ്ഞ് വരികയാണ്. കൈത്തറിമേഖലയിൽ ഖാദിക്ക് നൽകുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും. മിൽ ഖാദിയുടെ വ്യാപകമായ വിൽപ്പനയുമാണ് ഖാദിയുടെ ഉൽപ്പാദനമാന്ദ്യത്തിന് കാരണം. സ്ഥാപനത്തിന്റെ വിപുലീകരണത്തിനുള്ള പ്രധാന തടസ്സം സാമ്പത്തിക ബുദ്ധിമുട്ടാണ്. തൊഴിലാളികളുടെ കൂലി നിരക്കുകൾ വളരെ താഴ്ന്നതുമാണ്. ഗവർമെന്റ് അനുവദിക്കുന്ന റിബേറ്റുകൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.

കുമ്മായയൂണിറ്റ് കൊണ്ടുള്ള മലിനീകരണപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. ഒരു പ്രിൻസിപ്പൽ തലവനായികൊണ്ടുള്ള ഒരു നെയ്ത്ത് പരിശീലന കേന്ദ്രവും ഈ സ്ഥാപനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. തിക്കോടി ഗ്രാമപഞ്ചായത്തിലെ രണ്ട് മൂന്ന് വാർഡുകളിലായാണ് ഈ വ്യാവസായിക യൂനിറ്റ് സ്ഥിതിചെയ്യുന്നത്.

കൈത്തറി കുടിൽവ്യവസായമായി വ്യാപിച്ചിരിക്കുന്നത് മൂന്നാം വാർഡിലാണ്. ഈ കൈത്തറി മേഖലയെ പ്രവർത്തന പഥത്തിൽ പിടിച്ചുനിർത്തുന്നത് തിക്കോടി വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. 1995-96 സാമ്പത്തിക വർഷത്തിൽ ഈ സംഘം 34 ലക്ഷം രൂപയുടെ ഉൽപ്പാദനവും 32 ലക്ഷം രൂപയുടെ വിൽപ്പനയും നടത്തിയിട്ടുണ്ട്. മൂന്നാം വാർഡിലെ വിവിധകുടുംബങ്ങളിലെ നൂറ്റമ്പതിൽ കൂടുതൽ ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു ഒരു തൊഴിലാളിയുടെ ശരാശരി മാസവരുമാനം 1000ക. യാണ്. കഴിഞ്ഞ 10 വർഷക്കാലത്തെ കണക്ക് പരിശോധിച്ചാൽ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. മറ്റു തൊഴിൽ മേഖലകളിലെ കൂടിയ കൂലിനിരക്കാണ് ഇതിന് കാരണം. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഭൂരിഭാഗവും സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നവരാണ്. തൊഴിൽ പരിശീലനം, ആധുനിക സാങ്കേതികവിദ്യ, സാമ്പത്തികസഹായം എന്നിവ ലഭ്യമായാൽ ഈ പരമ്പരാഗതതൊഴിൽ മേഖലയെ രക്ഷിക്കാൻ സാധിക്കും.

കയർ വ്യവസായം പഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ ശോഷിച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇതേറ്റവും കൂടുതലുള്ളത് ഒന്ന്, രണ്ട്, പത്ത് വാർഡുകളിലാണ്. പക്ഷെ ചകിരിനിർമ്മാണവും അനുബന്ധമായ ചൂടി, കയർ എന്നിവയുടെ ഉൽപാദനവും മുമ്പത്തെപ്പോലെ ഒരു മുഖ്യ ഉപജീവനമാർഗ്ഗമായി തുടർന്നുപോകുവാൻ ഇപ്പോൾ കഴിയുന്നില്ല. കയർ തൊഴിലാളികളെ കിട്ടാനില്ല എന്ന പ്രശ്നവും ചകിരിയുടെ ഉൽപാദനം മന്ദഗതിയിലായതും ഈ മേഖലയെ തളർത്തുന്നു. കയർയൂണിറ്റുകൾ യന്ത്രവൽക്കരിച്ചും തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകിയും ഈ കാർഷികബന്ധവ്യവസായത്തെ പുഷ്ടിപ്പെടുത്താൻ സാധിക്കും. ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ തന്നെ വേണ്ടുവോളം ലഭ്യവുമാണ്. ഇത് പൂർണ്ണമായി വിനിയോഗിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ ഈ മേഖലയിൽ രണ്ടു കയർസൊസൈറ്റി സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്നു. ചകിരി ഉൽപ്പാദിപ്പിച്ച് വീടുകളിൽ നൽകി ചൂടിയായി തിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. കടുത്ത സാമ്പത്തികപ്രതിസന്ധി മൂലം സൊസൈറ്റിയുടെ പ്രവർത്തനം മന്ദഗതിയിലാണ്.

കൊപ്ര വ്യവസായം സ്വകാര്യ സംരംഭങ്ങളായി പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും നടന്നു വരുന്നു. ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്.

നാളികേരത്തിന്റെ വിലയിടിവും വിലനിലവാരത്തിന്റെ അസ്ഥിരതയും ഈ വ്യവസായത്തിന്റെ സജീവതക്ക് തടസ്സമായി നിൽക്കുന്നു.

കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർ പലവാർഡുകളിലുമുണ്ട്. 3-ാം വാർഡിൽ പ്രവർത്തിക്കുന്ന വന്ദന ഹാൻഡി ക്രാഫ്റ്റ് ഇത്തരത്തിലുള്ള ഒരു സ്ഥാപനമാണ്. ചിരട്ടകൊണ്ടുള്ള




കരകൗശല വസ്തുക്കളാണ് പ്രധാനമായും ഇവിടെ നിർമ്മിക്കുന്നത്. നിർമ്മാണത്തോടൊപ്പം പരിശീലനവും ഇവിടെ നൽകിവരുന്നു. കേന്ദ്രഗവർമെന്റിന്റെ ധനസഹായത്തോടെ കരകൗശലവസ്തുനിർമ്മാണത്തിൽ താൽപര്യമുള്ള യുവതീയുവാക്കൾക്ക് മാസ്റ്റർ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് കോഴ്സ് ഈ സ്ഥാപനം നൽകി വരുന്നു. ഒരു വർഷത്തിൽ 10 പേരെയാണ് പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. ഇവിടെ നിർമ്മിക്കുന്ന വസ്തുക്കൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന എക്സിബിഷനുകളിൽ പ്രദർശിപ്പിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നു. സർക്കാറിൽ നിന്ന് ലഭിക്കുന്ന വളരെ തുച്ഛമായ സാമ്പത്തികസഹായംകൊണ്ടുമാത്രം ഈ സ്ഥാപനത്തിന് മുന്നോട്ട് പോകാൻ കഴിയില്ല. പ്രോത്സാഹനം അർഹിക്കുന്ന ഈ മേഖല ശ്രദ്ധിക്കപ്പെടേണ്ടതാണ്. ബ്ലോക്ക് ഓഫീസിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ മറ്റൊരു പുതിയ സ്ഥാപനത്തിന് ഇതുവരെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥാപനങ്ങൾ 3-ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്.

ഹുക്കനിർമ്മാണം 8,9 വാർഡുകളിൽ നാമമാത്രമായി നിലനിൽക്കുന്നു. ഇത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. കുടിൽ വ്യവസായമായി നിലനിൽക്കുന്ന ഇത് ദിനംപ്രതി ക്ഷയിച്ചു വരുന്നു. നിർമ്മാണച്ചിലവു കൂടുതലായതും മാർക്കറ്റിംഗിൽ മധ്യവർത്തികളുടെ ഇടപെടലുകളും ഈ വ്യവസായത്തിന്റെ തകർച്ചക്ക് കാരണങ്ങളാണ്. അസംസ്കൃതവസ്തുക്കളായ ചെമ്പ്, തുത്തനാകം എന്നിവ ഗവൺമെന്റ് സഹായവിലക്ക് ലഭ്യമാക്കിയാൽ ഈ വ്യവസായത്തെ നിലനിർത്താൻ ഒരു പരിധിവരെ കഴിഞ്ഞേക്കും.

പായ്നെയ്ത്ത് തികച്ചും ഒരു കുടിൽ വ്യവസായമായി പഞ്ചായത്തിന്റെ പല കോണുകളിലും കണ്ടുവരുന്നു. ഇതിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരികയാണ്. മറ്റുമേഖലകളിലെ കൂലിനിരക്ക് ആകർഷമായതിനാലാണ് ഈ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വരുടെ എണ്ണം കുറഞ്ഞുവരുന്നത്. കൈതോലയുടെ ദൗർലഭ്യവും മറ്റൊരുകാരണമാണ്.

## ആധുനിക വ്യവസായങ്ങൾ

പറയത്തക്ക ആധുനികവ്യവസായങ്ങൾ ഒന്നും പഞ്ചായത്തിലില്ല. വ്യക്തികൾ നടത്തുന്ന ഓയിൽ മില്ലുകൾ 5-ാം വാർഡിലും , 8-ാം വാർഡിലും പ്രവർത്തിക്കുന്നു. അതുപോലെ തന്നെ 8-ാം വാർഡിൽ സ്വകാര്യമേഖലയിൽ ഒരു ഈർച്ചമില്ലും പ്രവർത്തിച്ചു വരുന്നു. 6-ാം വാർഡിൽ ഇത്തരത്തിലുള്ള ഒരു ഈർച്ചമിൽ സ്ഥാപിതമായിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ 8-ാം വാർഡിൽ ഒരു ചന്ദന

ത്തിരി നിർമ്മാണയൂണിറ്റ് സ്വകാര്യമേഖലയിൽ പ്രവർത്തിച്ചുവരുന്നു. നിർമ്മാണത്തിലും വിപണനത്തിലുമായി പതിനഞ്ചോളം പേർ ഇവിടെ ജോലി ചെയ്യുന്നു. ജോലിക്കാരിൽ ഭൂരിഭാഗവും 8-ാം വാർഡിലുള്ളവരാണ്. വൻതോതിലുള്ള മുതൽ മുടക്കോ വൈദ്യുതിയോ ആവശ്യമില്ലാത്ത ഈ വ്യവസായം പഞ്ചായത്തിൽ തന്നെ ലഭ്യമായ അസംസ്കൃത വസ്തുക്കളും നിപുണരായ തൊഴിലാളികളെയും ഉപയോഗപ്പെടുത്തി ചെറിയ സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ട് ആരംഭിക്കാൻ സാധിക്കും. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ ഇത്തരം യൂണിറ്റുകൾക്ക് സാധിക്കും .വിവിധ വാർഡുകളിലുള്ള വനിതകൾ ഇത്തരം യൂണിറ്റുകൾ ആരംഭിക്കാൻ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്.

ഫെറൊ സിമന്റ് വ്യവസായം, (സിമന്റും കമ്പിയുടെ ഉപയോഗിച്ചുള്ള വാതിൽ കട്ടില. ജനൽ) ഹോളോ ബ്രിക്സ്, കിണറുകൾക്കാവശ്യമായ സിമന്റ് റിംഗ്സ് നിർമ്മാണം എന്നിവ 3, 5, 8 വാർഡുകളിൽ പ്രവർത്തിച്ചു വരുന്നു. ഇതെല്ലാം സ്വകാര്യ സംരംഭങ്ങളാണ്.

ക്ഷീരോല്പാദനം പഞ്ചായത്തിലെ മിക്ക വാർഡുകളിലും വളരെ നല്ല നിലയിൽ നടക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ അനുബന്ധ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. മൈക്കോ മിൽക്ക് പ്രൊഡക്ട്സ് എന്ന ഒരു വ്യവസായ യൂണിറ്റ് 4-ാം വാർഡിൽ പ്രവർത്തിക്കുന്നു.

വസ്ത്രനിർമ്മാണം പഞ്ചായത്തിലെ പല വാർഡുകളിലും സ്വകാര്യസംരംഭങ്ങളായി നടക്കുന്നു. എന്നാൽ ഇത് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന ഒരു മേഖലയായി ഒറ്റ വാർഡിലും വളർച്ച പ്രാപിച്ചിട്ടില്ല. സാമ്പത്തിക പ്രയാസങ്ങൾ വിപണനത്തിലുള്ള വിഷമതകൾ എന്നിവ ഇതിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്നു.

കോഴിവളർത്തൽ ഒരു കുടിൽ വ്യവസായമായി പഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ കണ്ടുവരുന്നു. സാമ്പത്തിക പ്രയാസങ്ങളും , സാങ്കേതിക പരിശീലനത്തിന്റെ അഭാവവുമാണ് ഇത് വിപുലീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

## പ്രശ്നങ്ങൾ

- പൊതുമേഖലയിലൊ സഹകരണ മേഖലയിലൊ വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ സ്ഥലമൊ സൗകര്യമോ കുറവാണ്.
- വൈദ്യുതിയുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്.
- ഗ്രാമപ്രദേശങ്ങളിൽ വ്യവസായങ്ങൽ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലസൗകര്യം കുറവാണ്.
- ഗ്രാമ പ്രദേശങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകാൻ പൊതുമേഖലാ ബേങ്കുകൾ വിമുഖത കാണിക്കുന്നു.
- കയർ, കൈത്തറി മുതലായ പരമ്പരാഗത തൊഴിൽ മേഖലകളിലെ കൂലിനിലവാരം വളരെ കുറവായിരുന്നതിനാൽ കൂടുതൽ ആളുകൾ ഈ മേഖലകളിൽ തൊഴിലിൽ ഏർപ്പെടാൻ താൽപര്യം കാണിക്കുന്നില്ല.
- ആവശ്യമായ സാമ്പത്തികസഹായമോ, സാങ്കേതികപരിശീലനമോ ഈ മേഖലകളിൽ സർക്കാരിൽനിന്നും ലഭിക്കുന്നില്ല.
- കൈത്തറി, ഖാദി മേഖലകളിൽ സർക്കാർ അനുവദിച്ച റിബേറ്റ് യഥാസമയം നൽകുന്നില്ല.
- അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്.
- ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്ന് പുതിയവ്യവസായ സംരംഭകർക്ക് എളുപ്പത്തിൽ കാര്യങ്ങൾ ശരിയാക്കാൻ പ്രയാസം നേരിടുന്നു.
- പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ അധികൃതരുടെ ഭാഗത്തുനിന്നും ഇതുവരെയും യാതൊരു നീക്കവുമുണ്ടായിട്ടില്ല.
- പഞ്ചായത്തിലെ ഏറ്റവും പ്രധാന കാർഷിക വിളയായ നാളീകേരവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കാൻ ഏറെ സാധ്യതകളുണ്ടായിട്ടും അധികൃതരുടെ ഭാഗത്ത്നിന്നു യാതൊരു പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല.

## സാധ്യതകൾ

1. കയർ വ്യവസായ മേഖലയിൽ ഒരു ആധുനിക യന്ത്രവൽകൃത കയർ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഒന്നാം വാർഡിൽ ഉൾപ്പെട്ട 21/2 ഏക്കർ സ്ഥലം പഞ്ചായത്തിന്റെ കൈവശം പുറംപോക്കായിട്ടുണ്ട്. ഈ സ്ഥലം പ്രസ്തുത സൊസൈറ്റി സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

1, 2, 3, 4, 10 വാർഡുകളെ യോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ചകിരി വ്യവസായ യൂണിറ്റ് ആരംഭിക്കേണ്ടതാണ്. ചകിരി ഉല്പാദിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഈ വാർഡുകളിലുണ്ട്.

2. സഹകരണ മേഖലയിൽ ഒരു കയർ വ്യവസായൂണിറ്റ് സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ചിന്നിചിതറി കിടക്കുന്ന ഈ വ്യവസായത്തെ ശക്തമായ ഒരു ഉപജീവനോപാധിയാക്കി മാറ്റുവാൻ സാധിക്കും.

3. സഹകരണമേഖലയിൽ ഒരു എണ്ണയാട്ട് കേന്ദ്രം സ്ഥാപിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ തന്നെ ലഭ്യ മായ കൊപ്ര പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

4. നാളീകേരം മുഖ്യ അസംസ്കൃത വസ്തുവായി ഉപ യോഗിപ്പെടുത്തികൊണ്ടുള്ള വിവിധ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഇതിനെ ഒരു ശക്തമായ തൊഴിൽദായക സംരംഭമായി ഉയർത്തികൊണ്ടുവ രുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

5. തീപ്പെട്ടി നിർമ്മാണത്തിൽ ആവശ്യമായ സാങ്കേതിക പരിശീലനം ലഭിച്ചവർ പഞ്ചായത്തിൽ ധാരാളമുണ്ട്. തീപ്പെട്ടി വ്യവസായം തുടങ്ങുന്നതിന് താല്പര്യമു ള്ളവർ 8, 10 വാർഡുകളിലുണ്ട്. ഈ സാധ്യതകൾ പരഗണിക്കേണ്ടതാണ്.

6. ചകിരിച്ചോറുപയോഗിച്ച് ജൈവവളം നിർമ്മിക്കാൻ വിവിധ വാർഡുകളിൽ സാധ്യതകളുണ്ട്(1, 2, 4, 10 വാർഡുകൾ)

7. ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പുറം പോക്ക് സ്ഥലങ്ങൾ വ്യവസായ എസ്റ്റേറ്റുകളും മറ്റും ആരംഭി ക്കാൻ ഉപയോഗപ്പെടുത്തണം.

8. പയ്യോളി ഹൈസ്ക്കൂളിനടുത്ത് (തെക്ക് ഭാഗം) ഒഴിഞ്ഞു കിടക്കുന്ന 24 സെന്റ് പഞ്ചായത്ത് ഭൂമി തിക്കോടി വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭ്യ മാക്കുകയാണെങ്കിൽ 100 പേർക്ക് ഒരേ സമയം തൊഴിൽ കൊടുക്കാൻ കഴിയുന്ന ഒരു നെയ്ത്ത് പരി ശീലന കേന്ദ്രവും നിർമ്മാണ യൂണിറ്റും സ്ഥാപി ക്കാൻ പ്രസ്തുത സൊസൈറ്റി തയ്യാറാണ്.

9. 1,2,3,4,5 വാർഡുകളിൽ വിവിധ ഇനം മത്സ്യം, കടുക്ക(കല്ലുമ്മൽക്കായ) എന്നിവ ലഭ്യമാണ്. ഇവ ഉപയോഗിച്ച് അച്ചാർ വ്യാവസായികാടിസ്ഥാന ത്തിൽ നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ട താണ്.

10. 4-ാം വാർഡിൽ കൺമഷി നിർമ്മാണത്തിനാവശ്യ മായ ചെറുനാരങ്ങ, പൂവാൻ കുറുന്തൽ, കഞ്ഞെണ്ണ, കർപ്പൂരം, അഞ്ജനക്കല്ല് എന്നിവയും ലഭ്യമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ സാധി ക്കുന്ന ഈ വ്യവസായം പ്രത്യേക പരിഗണന അർഹി ക്കുന്നു.

11. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ തരം കരകൗശല വസ്തുക്കൾ നിർമ്മിക്കാനറിയാവുന്ന നിപുണരായ കലാകാരൻമാരുണ്ട്. ദേശീയ അന്തർദേശീയ മാർക്കറ്റിൽ കരകൗശല വസ്തു ക്കൾക്ക് ഏറെ ഡിമാന്റുള്ള ഈ കാലഘട്ടത്തിൽ കര കൗശല വസ്തുക്കളുടെ നിർമ്മാണം പ്രോൽസാഹ നമർഹിക്കുന്നു. പഞ്ചായത്തിൽ ലഭ്യമായ അസം സ്കൃത വിഭവങ്ങൾ ഉപയോഗിച്ച് വിദഗ്ധരായ തൊഴി ലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപി പ്പിച്ച് കരകൗശലവസ്തു യൂണിറ്റ് സ്ഥാപിക്കാൻ സാമ്പത്തിക സഹായവും വിപണനസൗകര്യവും ചെയ്തുകൊടുക്കേണ്ടതാണ്.

12. ഫെറോ സിമന്റ് വ്യവസായം ഈ കാലഘട്ടത്തിൽ പ്രോൽസാഹനം അർഹിക്കുന്നു. ഭവന നിർമ്മാണം ചിലവ് കുറഞ്ഞതാക്കാൻ ഈ വ്യവസായം കൊണ്ട് സാധിക്കും. നിപുണരായ തൊഴിലാളികൾ പല വാർഡുകളിലുമുണ്ട്. അസംസ്കൃത വസ്തുക്കൾ എളുപ്പത്തിൽ ലഭ്യമാണ്. മൂലധനത്തിന്റെ അപര്യാ പ്തതയാണ് ഫെറോസിമന്റ് വ്യവസായം തുടങ്ങു ന്നതിന് തടസ്സമായി നിൽക്കുന്നത്. കെട്ടിടങ്ങളോ, വൈദ്യുതിയോ ആവശ്യമില്ലാത്ത ഇത്തരം സംരഭ ങ്ങൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആരം ഭിക്കാൻ എളുപ്പവുമാണ്. ഇത്തരം യൂനിറ്റുകൾ ഏറ്റെ ടുത്ത് നടത്താൻ തയ്യാറുള്ളവർ വിവിധ വാർഡുക ളിലുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ തയ്യാറാ ക്കണം.

13. ക്ഷീരോല്പാദന രംഗത്ത് അനുബന്ധ വ്യവസായ ങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പാൽ ഉപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കേ ണ്ടതാണ്. മിൽമ പോലുള്ള ഏജൻസികളുടെ സഹായം ഈ കാര്യത്തിൽ തേടേണ്ടതാണ്.

14. ഏതാനും വാർഡുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം സജീവമായി പരിഗണിക്കേണ്ടതാണ്. ഇതി നാവശ്യമായ സമർത്ഥരായ വ്യക്തികൾ പഞ്ചായ ത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്. വനിതകൾക്ക് കൂടു തൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനാൽ ഇത്തരം യൂണിറ്റുകൾ പ്രാധാന്യം അർഹിക്കുന്നു.

15. ഇറച്ചി കോഴി, മുട്ട എന്നിവയ്ക്കുള്ള ഉപഭോഗം വർദ്ധി ച്ചിരിക്കുന്ന ഈ കാലത്ത് സാമ്പത്തികവും, സാങ്കേ തികവുമായ സഹായങ്ങൾ നല്കി ഈ മേഖലയെ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

16. നാളീകേരം ഉപയോഗിച്ചുള്ള വെളിച്ചെണ്ണ, തേങ്ങാ പൊടി, ഇളനീർ പാനീയം എന്നിവ ഉല്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ ഈ പഞ്ചായത്തിൽ എല്ലാ വിധസാധ്യതയും ഉണ്ട്. ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം, സാങ്കേതിക ജ്ഞാനം എന്നിവ ലഭ്യമാക്കാൻ സഹാ യിക്കണം.

205

17. വനിതാവ്യവസായ സംരംഭങ്ങൾ വളരെ കുറഞ്ഞ ഒരു പഞ്ചായത്താണിത്. എന്നാൽ അല്പം ശ്രദ്ധിച്ചാൽ ഈ മേഖലയിൽ വമ്പിച്ച കുതിപ്പ് തന്നെ നടത്തുവാൻ സാധിക്കുമെന്നതിന്റെ തെളിവാണ് പത്തു വാർഡുകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ . വിപണിയിൽ ഏറെ ഡിമാന്റുള്ള വിവിധ ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് വിവിധ വാർഡുകളിൽ നിന്നു നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്.

വസ്ത്രനിർമ്മാണം, ഗോൾഡ് കവറിംഗ് ആഭരണങ്ങൾ, ചെരുപ്പ്, പപ്പടം, പ്ലാസ്റ്റിക് കവറുകൾ, പൊട്ട് എന്നിവയുടെ നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, ഓഫീസ് സ്റ്റേഷനറി സാധനങ്ങളുടെ നിർമ്മാണം തുടങ്ങി നിരവധി ഉല്പാദനയൂണിറ്റുകൾ തുടങ്ങാൻ സാധ്യതയും സന്നദ്ധതയും പ്രകടിപ്പിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് ഗ്രാമസഭ മുന്നോട്ടു വച്ചിട്ടുള്ളത്. ഇത്തരം നിർമ്മാണ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃതസാധനങ്ങൾ മിക്കവാറും ഈ പഞ്ചായത്തിൽ ലഭ്യമാണ്. വിപണനത്തിനുള്ള ഏർപ്പാടുകൾ ചെയ്യണമെന്നുള്ളതാണ് പ്രധാനകാര്യം.

18. ഈ ഗ്രാമ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ (ഡിപ്ലോമ, ഐ. ടി. ഐ. എഞ്ചിനിയറിംഗ് ബിരുദമുള്ളവർ) ചെറുപ്പക്കാരെ പങ്കാളികളാക്കിക്കൊണ്ട് ഇലക്ട്രോണിക് വ്യവസായ യൂനിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

19. ഗൾഫ് മലയാളികളുടെ സാമ്പത്തിക സഹായത്തോടെ വ്യവസായയൂനിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഗൾഫിൽ നിന്നും പുറംതള്ളപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ഇത് ഏറെ പ്രയോജനപ്പെടും.

20. പോളിഷ്, വാർണീഷ് എന്നിവയുടെ നിർമ്മാണ യൂനിറ്റ് തുടങ്ങുന്നതിനുള്ള സാധ്യതകൾ 5, 8 വാർഡുകളിലുണ്ട്. ഇതിൽ സാങ്കേതികജ്ഞാനമുള്ള വ്യക്തികൾ ഈ വാർഡുകളിലുണ്ട്.

21. ചിരട്ടക്കരി ഉപയോഗിച്ചുകൊണ്ടുള്ള ബ്ലാക്ക് ഓക്സൈഡ് നിർമ്മിക്കുന്നതിന് സന്നദ്ധതയുള്ളവർ 9-ാം വാർഡിലുണ്ട്. ഇത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

22. അടക്ക കൂടുതൽ ലഭിക്കുന്ന 9, 10 വാർഡുകളിൽ ഇത് ഉപയോഗിച്ച് ആധുനിക രീതിയിൽ പാക്ക് (സുപാരി) നിർമ്മാണം ആരംഭിക്കാവുന്നതാണ്.

23. ഉപയോഗശൂന്യമായ കുപ്പിച്ചില്ല് ഉപയോഗിച്ച് ചെറിയ തോതിലുള്ള ഒരു ഗ്ലാസ് ഫാക്ടറി ആരംഭിക്കുന്നതിന് സന്നദ്ധതയുള്ളവർ 9-ാം വാർഡിലുണ്ട്.

24. മരത്തടി വ്യവസായത്തിന് ഏറെ സാധ്യതയുള്ള ഒരു സ്ഥലമാണ് 10- ാം വാർഡ്. കൂടാതെ തീപ്പെട്ടി, സോപ്പ്, ചന്ദനത്തിരി വ്യവസായങ്ങൾക്കും ഇവിടെ ഏറെ സാധ്യതകളുണ്ട്.

25. കോഴിത്തീറ്റ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള സാധ്യതകൾ 4, 5 വാർഡുകളിൽ കാണുന്നു. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഈ പ്രദേശത്ത് ലഭ്യമാണ്.

26. മത്സ്യബന്ധനം കൂടുതലുള്ള 1, 2, 4, 5 വാർഡുകളിൽ ഇതുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങളെപ്പറ്റി ആലോചിക്കേണ്ടതാണ്.

27. സോപ്പുനിർമ്മാണ യൂണിറ്റിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ പല ഭാഗങ്ങളിൽ നിന്നുമുണ്ട്. വിപണിയിൽ മത്സരിക്കാൻ കഴിഞ്ഞാൽ ചെറുകിടയൂനിറ്റുകൾ സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാവുന്നതാണ്.

28. ടൂറിസം വികസനത്തിന് ഏറെ സാധ്യതകളുള്ള രണ്ട് വാർഡുകളാണ് 4, 10 എന്നിവ. 4-ാം വാർഡിൽ വെള്ളിയാംകല്ല് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുകയും, കാപ്പാട്, തിക്കോടി, ഇരിങ്ങൽ എന്നീ ഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ട് ഒരു ബോട്ടു സർവ്വീസ് ആരംഭിക്കേണ്ട കാര്യം പരിഗണിക്കേണ്ടതാണ്.

10-ാം വാർഡിനടുത്ത് സ്ഥിതിചെയ്യുന്ന അകലാപ്പുഴതുരുത്ത് ടൂറിസ്റ്റ് കേന്ദ്രം ആക്കുന്നതിന് ഏറെ അനുയോജ്യമാണ്. വടകരയിൽ നിന്ന് അകലാപ്പുഴ തുരുത്ത് വഴി കോഴിക്കോട്ടേക്ക് ഒരു ബോട്ടു സർവ്വീസ് ഏർപ്പെടുത്തിക്കൊണ്ട് ഈ പ്രദേശത്തിന്റെ ടൂറിസ്റ്റ് സാധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്. അയൽപഞ്ചായത്തുകളുമായി ഈ കാര്യം ചർച്ച ചെയ്ത് വിശദമായ പദ്ധതി തയ്യാറാക്കാൻ ശ്രമിക്കണം.

29. അവിൽ, പണിയായുധങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാധ്യതകളും സാഹചര്യങ്ങളും 2-ാം വാർഡിലുണ്ട്.

30. സഹകരണ മേഖലയിൽ ബുക്ക് ബൈൻഡിംഗ് ആരംഭിക്കാൻ പല വാർഡുകളിലും താല്പര്യമുള്ളവരുണ്ട്. ആവശ്യമായ പരിശീലനം വ്യവസായിക സഹായവും ഇത്തരം സംരംഭകർക്ക് ലഭിക്കേണ്ടതാണ്.

31. വനിതകൾക്ക് സൗകര്യപ്രദമായി വീട്ടിലിരുന്ന് ചെയ്യാൻ കഴിയുന്ന പ്ലാസ്റ്റിക്ക് വയറുപയോഗിച്ചുള്ള കസേര നിർമ്മാണം, കുട നിർമ്മാണം, പായ നിർമ്മാണം തുടങ്ങിയവ ആരംഭിക്കാൻ പദ്ധതികൾ തയ്യാറാക്കണം.

32. ബേക്കറി യൂനിറ്റ് നടത്താൻ താല്പര്യമുള്ളവർ പല വാർഡുകളിലുമുണ്ട്. ഇതിനുള്ള വിപണന സൗക

ര്യങ്ങളും പഞ്ചായത്തിലുണ്ട്.

33. കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് സ്ഥാപിക്കാനുള്ള സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്. ഈ ഉല്പന്ന ത്തിന് ധാരാളം ഉപഭോക്താക്കൾ ഈ പഞ്ചായ ത്തിൽ തന്നെയുണ്ട്. ഈ വ്യവസായ യൂനിറ്റ് പഞ്ചാ യത്തിന്റെ സജീവ പരിഗണന അർഹിക്കുന്നു. അനു ദിനം വിലക്കയറ്റം ഉണ്ടാകുന്ന ഈ ഉല്പന്നത്തിന്റെ വിലനിയന്ത്രണം ഈ സംരംഭം കൊണ്ടു സാധിക്കും.


34. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്ക ളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.


35. സർവ്വോദയ സംഘത്തിലെ കുമ്മായ നിർമ്മാണ ത്തിന് തിക്കോടിയിൽ തന്നെ ലഭ്യമായ അസം സ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

36. പള്ളിക്കരയിൽ ഒഴിഞ്ഞു കിടക്കുന്ന തീപ്പെട്ടിക്കമ്പ നിയുടെ കെട്ടിടവും സ്ഥലവും പുതിയ ഏതെങ്കിലും വ്യവസായ യൂണിറ്റ് ആരംഭിക്കാൻ ഉപയോഗപ്പെടു ത്തേണ്ടതാണ്.

37. കൈത്തറി മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് നൂൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

38. ചകിരി നിർമ്മാണ രംഗത്ത് ഡീ ഫൈബറിംഗ് യൂണി റ്റുകൾക്ക് അനുമതി നല്കുമ്പോൾ മലബാറിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന വേണം. ■





# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ഏത് രംഗത്തുമുള്ള വികസനത്തിനും അതിനുള്ള പശ്ചാത്തല സൗകര്യം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഈ കാര്യത്തിൽ ഗതാഗതത്തിനുള്ള സ്ഥാനം വളരെ വലുതാണ്. പഞ്ചായത്തിലെ ഗ്രാമങ്ങളിൽ ഏതാനും വർഷങ്ങളായി റോഡ് നിർമ്മാണ രംഗത്ത് ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണെന്ന ജനങ്ങളിലുള്ള ധാരണയും ഈ ധാരണയെ പ്രോത്സാഹിപ്പിക്കുമാറുള്ള അധികാരികളുടെ സമീപനവുമാണ് ഈ ഒരവസ്ഥയ്ക്ക് കാരണമായത്. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ വലിയൊരു ശതമാനം റോഡുകൾക്കാണ് ചെലവഴിക്കാറുള്ളത്. (പട്ടിക - 1) എങ്കിൽപോലും ഗതാഗത രംഗത്ത് ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.ഈ രംഗത്തുള്ള മാത്സര്യം മൂലം നമ്മുടെ ഗ്രാമങ്ങളിൽ ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന കാര്യം വിസ്മരിച്ചുകൂടാ.

തിക്കോടി ഗ്രാമപഞ്ചായത്തിന്റെ ഗതാഗത ചരിത്രം പരിശോധിക്കുമ്പോൾ ഒട്ടേറെ വിസ്മയകര

മായ വസ്തുതകൾ കണ്ടെത്താൻ സാധിക്കും. രണ്ടര പതിറ്റാണ്ട് മുമ്പുവരെ പള്ളിക്കര പുറക്കാട് ഭാഗങ്ങളിൽ കോഴിക്കോട്, വടകര പ്രദേശങ്ങളിൽനിന്നും ചരക്കുകൾ എത്തിച്ചിരുന്നത് അകലാ പുഴയിലൂടെ തോണിയിലായിരുന്നു. ചരക്കു ഗതാഗതത്തിന് തിക്കോടിയിലും മറ്റും വ്യാപകമായി കാളവണ്ടികൾ ഉപയോഗിച്ചിരുന്നു. കാളവണ്ടികൾ പരുപരുത്ത റോഡിലൂടെ സഞ്ചരിക്കുമ്പോഴുണ്ടാകുന്ന ചിലമ്പുകളുടെ ശബ്ദം ദൂര ദിക്കുകളിൽപോലും കേട്ടിരുന്നത് പഴമക്കാർ ഇന്നും ഓർക്കുന്നു. ഈ പ്രദേശങ്ങളിൽ യാത്രയ്ക്ക് കുതിര വണ്ടി ഉപയോഗിച്ചിരുന്നുവത്രെ. രോഗികളേയും ഗർഭിണികളെയും ആതുരാലയങ്ങളിലെത്തിക്കാൻ ഏക ആശ്രയം മഞ്ചലുകളായിരുന്നു.

പാലൂർ – പെരുമാൾപുരം വരെയുള്ള മൂന്ന് കി. മീ. നാഷണൽ ഹൈവേയും ചിങ്ങപുരം മുതൽ നെയ്വരാണി വരെയുള്ള PWD റോഡിന്റെ 4 കി. മീ. ഭാഗവും 6. കി. മീ തിക്കോടി ബീച്ച് മുചുകുന്ന് റോഡും 11/2 കി. മീ തിക്കോടി കോടിക്കൽ ഫിഷറീസ് റോഡു മടക്കം 19,795 കി. മീ. ഭാഗമാണ് പഞ്ചായത്തിൽ ടാർ ചെയ്തവ (പട്ടിക 2 കാണുക)

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ദൈർഘ്യം 53.027 കി. മീ. ആണ്. ഇതിൽ 1.58 കി. മീ മെറ്റൽ ചെയ്ത റോഡുകളും 31.652 കി.മീ. ചെമ്മൺ റോഡുകളാണ്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ എണ്ണം ആണ്. (പട്ടിക3 കാണുക)

പഞ്ചായത്തിൽ 3 കി.മീറ്ററോളം റെയിൽവേ ലൈനുണ്ട്. എൺപത്തഞ്ച് വർഷത്തെ പഴക്കമുള്ളതാണ് തിക്കോടി റെയിൽവേ സ്റ്റേഷൻ. സംഭരണശേഷിയിൽ കേരളത്തിലെ രണ്ടാമതായ എഫ്.സി.ഐ ഗോഡൗൺ സ്ഥിതി ചെയ്യുന്നത് തിക്കോടിയിലാണ്. ഈ വസ്തുത റെയിൽവേ സ്റ്റേഷനെ ഒരു കമേഴ്സ്യൽ സ്റ്റേഷനാക്കി ഉയർത്താൻ കാരണമായി. മൂന്ന ലൈനുകളുള്ള ഇവിടെ ദീർഘദൂര വണ്ടികൾ ക്രോസിങ്ങിന് വേണ്ടി നിർത്താറുണ്ട്. ഈ സ്റ്റേഷനിൽ എക്സ്പ്രസ് ട്രെയിനുകൾ നിർത്തണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകൾ പഴക്കമുണ്ട്. മുമ്പ് ചകിരി, മത്സ്യം, വെറ്റില മുതലായ ഉല്പന്നങ്ങൾ ഇവിടെനിന്ന് ട്രെയിൻ മാർഗ്ഗം വിവിധ ദിക്കുകളിലേക്കു കയറ്റി അയച്ചിരുന്നു. കൂടാതെ നന്തിയിൽ പ്രവർത്തിച്ചിരുന്ന ശ്രീ ശൈല ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നുള്ള ഉല്പന്നങ്ങളും ഇതേ സ്റ്റേഷൻ വഴിയാണ് കയറ്റി അയച്ചിരുന്നത്. വെറ്റില തുടങ്ങിയ ഉല്പന്നങ്ങൾ ഈ സ്റ്റേഷനിൽനിന്ന് ഇപ്പോഴും കയറ്റി അയക്കുന്നുണ്ട്.

രണ്ട് റെയിൽവേ ഗേറ്റുകൾ ഇവിടെയുണ്ട്. ഒന്ന് തിക്കോടി ഫിഷറീസ് റോഡിലും രണ്ടാമത്തേത് തിക്കോടി ബീച്ച് റോഡിലും. പെരുമൾപുരം– തിക്കോടി ബീച്ച് റോഡിൽ മണ്ണൻ ചാലിൽ ലവൽ ക്രോസിങ്ങിന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ ലവൽക്രോസിങ്ങിന്റെ അഭാവം ഒന്നാം വാർഡിലെ ജനങ്ങളെ ഏറെ പ്രയാസപ്പെടുത്തുന്നു. ഇതിന്റെ രണ്ട് ഭാഗങ്ങളിലും ലിങ്ക് റോഡുകൾ ഉണ്ടെങ്കിലും ലവൽ ക്രോസ് ഇല്ലാത്തതു കാരണം ഗതാഗതം സാധ്യമല്ല.

നമ്മുടെ റോഡ് ശൃംഖല വിപുലമാണെങ്കിലും റോഡുകളിൽ പലതും നടക്കാൻ പോലും കഴിയാത്ത അവസ്ഥയാണുള്ളത്. വേനൽക്കാലത്ത് ഇത്തരം റോഡുകളിലൂടെ വാഹനങ്ങൾ പോകുന്നതു മൂലം വായുവിലുയരുന്ന പൊടിപടലങ്ങൾ യാത്രക്കാർക്കും സമീപവാസികൾക്കും ഏറെ പ്രായസങ്ങൾ ഉണ്ടാക്കുന്നു. കാലവർഷക്കെടുതി മൂലം കേടുപാടുകൾ സംഭവിക്കുന്ന റോഡുകൾക്ക് പരിമിതമായ തോതിലെങ്കിലും റിപ്പേർ നടത്താറുണ്ട്. റിപ്പേർ ജോലികൾ പലപ്പോഴും കാര്യക്ഷമമാകുന്നില്ല. ഓരോ റോഡിലും പഞ്ചായത്ത് വകയിരുത്തുന്ന തുക അപര്യാപ്തമാണ്. പരിമിതമായ ഫണ്ടുകൾ എല്ലാ റോഡുകൾക്കും വീതിച്ച് ഉപയോഗിക്കുന്ന നിലവിലുള്ള രീതി ഫലത്തിൽ ഒന്നിനും പ്രയോജനം ചെയ്യാത്ത അവസ്ഥയുണ്ട്. ഗവൺമെന്റ് ഫണ്ടുകൾ ഉപയോഗിക്കുന്ന ഗ്രാമീണ റോഡുകൾക്ക് 6 മീറ്റർ വീതി വേണമെന്ന നിബന്ധന വീതി കുറഞ്ഞ റോഡുകൾ ടാർ ചെയ്യുന്നതിൽ വിഘാതം സൃഷ്ടിക്കുന്നു. പല റോഡുകളിലും ഓടകൾ ഇല്ലാത്തതു കാരണം വർഷക്കാലങ്ങളിൽ റോഡുകൾ പൊട്ടിപ്പൊളിഞ്ഞു പോകാറുണ്ട്.

പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി യോജിപ്പിക്കുന്ന മുചുകുന്ന് തിക്കോടി ബീച്ച് റോഡിന്റെ ടാറിംഗ് പൂർത്തിയായത് ഏറെ ആശ്വാസകരമാണെങ്കിലും അച്ചംവീട്ട് നടക്കലുള്ള കോൺക്രീറ്റ് പാലവും പുതുക്കി പണിഞ്ഞാലേ ഈ വഴിയുള്ള ഗതാഗതം സുഗമമാവുകയുള്ളു. ആവശ്യമായ ഡ്രെയിനേജ് സൗകര്യങ്ങളും ഉണ്ടാവണം.

വൻമുകം–കീഴൂർ റോഡ്, പള്ളിക്കര വി.പി. റോഡ്, പുവെടിത്തറ– ചിങ്ങപുരം റോഡ് തുടങ്ങിയ റോഡുകൾ ടാറിംഗിലെ കാലപ്പഴക്കംമൂലം പൊട്ടിപ്പൊളിഞ്ഞുപോയതുകൊണ്ട് ഗതാഗതത്തിന് പ്രയാസമുണ്ടാകുന്നു. വൻമുകം–കീഴൂർ റോഡിന് വീതി വളരെ കുറവാണ്.

പഞ്ചായത്തിന്റെ അയൽ പഞ്ചായത്തായ തുറയൂരുമായി നേരിട്ട് റോഡ് വഴി ബന്ധപ്പെടാൻ ഇപ്പോൾ കഴിയുന്നില്ല. രണ്ട് പഞ്ചായത്തുകളുടെയും അതിർത്തിയിൽ എത്തിനിൽക്കുന്ന ലിങ്ക് റോഡുകൾ നിലവിലുണ്ടെങ്കിലും 500 മീറ്റർ ഭാഗം റോഡില്ലാത്തതിനാലാണ് ഇത്. പ്രസ്തുത ഭാഗം റോഡാക്കി മറ്റുകയും അട്ടക്കുണ്ട് പാലത്തിന്റെ പണി പൂർത്തിയാവുകയും ചെയ്താൽ വടകര

പ്രദേശങ്ങളുമായി എളുപ്പം ബന്ധപ്പെടാൻ കഴിയും.

പള്ളിക്കര ഭാഗത്തുള്ളവർക്ക് പ്രൈമറി ഹെൽത്ത് സെന്റർ, തൃക്കോട്ടൂർ യു.പി.സ്കൂൾ, ഹൈസ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന കുണ്ടംപാത്തി പാലത്തിന്റെ നിർമ്മാണം ഈ പ്രദേശത്തുകാരുടെ ചിരകാലസ്വപ്നമാണ്. പാലത്തിനും അപ്രോച്ച് റോഡിനും വേണ്ട ഭീമമായ തുക പഞ്ചായത്തിനു സ്വന്തമായി കണ്ടെത്താൻ കഴിയുന്നില്ല.

പള്ളിക്കരയിലുള്ളവർക്ക് പയ്യോളി പഞ്ചായത്തിലെ തച്ചംകുന്നുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന കുടുക്കം റോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇതിനു വകയിരുത്തിയ സംഖ്യ അപര്യാപ്തമാണ്.

തിരദേശ റോഡിന് സഹായിക്കുന്നതും പഞ്ചായത്തിലെ 1, 2 വാർഡുകളെ ബന്ധിപ്പിക്കുന്നതുമായ ആവിപ്പാലത്തിന്റെ പണി രണ്ട് വർഷം മുമ്പ് ആരംഭിച്ചെങ്കിലും ഇപ്പോൾ നിലച്ച മട്ടാണുള്ളത്. എത്രയും പെട്ടെന്ന ഈ ജോലി പുനരാരംഭിക്കണം.

യാത്രാ സൗകര്യം പള്ളിക്കര, പുറക്കാട്, കോടിക്കൽ, ഭാഗങ്ങളിൽ വേണ്ടത്രയില്ല. പള്ളിക്കരയിലും പുറക്കാട് ഭാഗമായും നേരത്തെയുണ്ടായിരുന്ന ബസ്സുകളിൽ പലതും റൂട്ട് മാറ്റി ഓടുകയാണ്. പള്ളിക്കരയിൽ മുമ്പ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഇപ്പോഴില്ല. തിക്കോടി ടൗണിൽ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ നിർത്താറുണ്ട്. തിക്കോടി അങ്ങാടി, പുറക്കാട്, പള്ളിക്കര, കോഴിപ്പുറം ഭാഗത്തുള്ളവർ ദീർഘദൂര യാത്രയ്ക്ക് പഞ്ചായത്ത് ജംഗ്ഷനെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ ബസ്സ് സ്റ്റാന്റ് ഇല്ല. നാഷനൽ ഹൈവേയിൽ ഇരുവശങ്ങളിലുമായി മൂന്നു കേന്ദ്രങ്ങളിൽ 6 ബസ്സ് സ്റ്റോപ്പുകൾ ഉണ്ട്. പള്ളിക്കര പോസ്റ്റ് ഓഫീസ്, പെരുമാൾപുരം, കോഴിപ്പുറം, കൊപ്പരക്കണ്ടം, കിടഞ്ഞീക്കുന്ന് എന്നീ സ്ഥലങ്ങൾ യാത്രക്കാർ ബസ്സിനു വേണ്ടി കാത്തുനിൽക്കുന്ന പ്രധാന കേന്ദ്രങ്ങളാണ്. ഇവിടങ്ങളിൽ മഴക്കാലമായാൽ യാത്രക്കാർ ബുദ്ധമുട്ടനുഭവിക്കുന്നു.

റോഡുകളും നടപ്പാലങ്ങളും പല സ്ഥലങ്ങളിലും ആവശ്യമുള്ളതായി ഗ്രാമസഭകൾക്ക് അഭിപ്രായമുണ്ട്. പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകളിൽ ഓട്ടോ സർവ്വീസ് ഉണ്ടെങ്കിലും ചാർജ്ജ് ഈടാക്കുന്നതിൽ ഏകീകരിച്ച രീതിയല്ല.

## പ്രശ്നങ്ങൾ

* തിക്കോടി റെയിൽവേ സ്റ്റേഷനിൽ ദീർഘദൂര വണ്ടികൾ നിർത്തുന്നില്ല.
* പെരുമാൾപുരം –തിക്കോടി ബീച്ച് റോഡിൽ മണ്ണൻ–ചാലിൽ റെയിൽവേ ക്രോസിങ്ങില്ല.
* റോഡുകൾ പലതും ഗതാഗത യോഗ്യമല്ല. റോഡുകൾ വേണ്ട വിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. മുചുകുന്ന്–തിക്കോടി ബീച്ച് റോഡിൽ അച്ചം വീട് നടപ്പാലം, ഓടംകുളം പാലം എന്നിവ പുതുക്കിപ്പണിയാത്തതുകൊണ്ട് ബസ്സു ഗതാഗതം നടക്കുന്നില്ല.
* പല റോഡുകളിലും തെരുവ് വിളക്കുകളില്ല.
* തിക്കോടി തുറയൂർ പഞ്ചായത്തും തിക്കോടി തച്ചൻകുന്നുമായി ബന്ധിപ്പിക്കുന്ന റോഡുകൾ നിലവിലില്ല.
* ആവി പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല.
* ചില റൂട്ടുകളിൽ ബസ് സർവ്വീസുകൾ ഇല്ല. ഉള്ള റൂട്ടുകളിൽ സർവ്വീസ് മതിയാകുന്നില്ല. ആവശ്യമായ സ്ഥലങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡ് ഇല്ല. ടാക്സി സ്റ്റാന്റ് പഞ്ചായത്തിലില്ല.
* ഗ്രാമീണ റോഡുകൾ ടാർ ചെയ്യാൻ 6 മീറ്റർ വീതി വേണമെന്ന നിബന്ധന പ്രയാസങ്ങളുണ്ടാക്കുന്നു.
* നടപ്പാതകൾ ആവശ്യത്തിനില്ല.
* കുണ്ടംപാത്തി പാലവും അപ്രോച്ച് റോഡും ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.
* റോഡ് സംരക്ഷണത്തിനാവശ്യമായ ഫണ്ടില്ല.
* ടാർ റോഡുകൾ പലതും കാലപ്പഴക്കം കൊണ്ട് പൊട്ടിപ്പൊളിഞ്ഞ് പോയിട്ടുണ്ട്.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1. തിക്കോടി റെയിൽവേ സ്റ്റേഷനിൽ എക്സ്പ്രസ് ട്രയിനുകൾ നിർത്തണം. ഇവിടെ ഇപ്പോൾതന്നെ ക്രോസിങ്ങിനുവേണ്ടി പല വണ്ടികളും നിർത്തിയിടാറുണ്ട്. മൂന്ന് ലൈനുകളും അത്യാവശ്യം സൗകര്യങ്ങളും സ്റ്റേഷന്റെ വികസനത്തിനാവശ്യമായ 70 ഏക്കറോളം ഭൂമിയും ഉള്ള ഇവിടെ റെയിൽവേക്ക് യാതൊരു പുതിയ ബാധ്യതയും ഇല്ലാതെതന്നെ ട്രെയിനുകൾ നിർത്താൻ കഴിയും.
2. പെരുമാൾപുരം–തിക്കോടി ബീച്ച് റോഡിൽ മണ്ണൻചാലിൽ എന്ന സ്ഥലത്ത് റെയിൽവേ ഗേറ്റ് സ്ഥാപിക്കണം. ഇതിനുള്ള അനുമതി റെയിൽവേ മന്ത്രാലയത്തിൽനിന്നും ലഭിക്കേണ്ടതുണ്ട്.
3. നാഷണൽ ഹൈവേയിൽ തിക്കോടി ടൗണിലും പഞ്ചായത്ത് ബസാറിലും, മറ്റു റോഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിക്കണം.
4. പ്രധാനപ്പെട്ട റോഡുകൾ (പട്ടിക–4) മുൻഗണന ക്രമത്തിൽ ടാർ ചെയ്യുകയും മറ്റ് റോഡുകൾ യഥാസ

മയം റിപ്പയർ നടത്തി ഗതാഗതയോഗ്യമാക്കുകയും വേണം.

5. മുചുകുന്ന്- തിക്കോടി ബീച്ച് റോഡിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉടനെ ചെയ്യണം.

a അച്ചംവീട് നട കോൺക്രീറ്റു പാലവും, ഓടംകുളം പാലവും പണി പൂർത്തിയാക്കണം.

b. പ്രസ്തുത റോഡിൽ ആവശ്യമുള്ള സ്ഥലത്ത് ഡ്രൈയിനേജും സൈഡ് ഭിത്തിയും നിർമ്മിക്കുക.

c. റോഡിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്യുക

d. റോഡിന്റെ അവസാനഭാഗത്ത് തിക്കോടി ബീച്ചിലുള്ള കലുങ്ക് പുനർ നിർമ്മിക്കുക

e. റോഡിൽ സിഗ്നൽ ബോർഡുകളും ദൂരം കാണിക്കുന്ന ബോർഡുകളും സ്ഥാപിക്കുക.

6. വൻമുകം-കിഴൂർ റോഡ് വീതികൂട്ടി റീ ടാറിങ്ങ് നടത്തുക, പൂവടിത്തറ ചിങ്ങപുരം റോഡ് എന്നിവ റീ ടാറിങ്ങ് നടത്തുക

7. കോടിക്കൽ ഫിഷറീസ് റോഡിലും മറ്റ് പ്രധാന റോഡുകളിലും ഓടകളും ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകളും സ്ഥാപിക്കണം.

8. ഇലക്ട്രിക് ലൈനുള്ള റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

9. തിക്കോടി-തുറയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളെ കൂട്ടിയോജിപ്പിക്കുവാൻ ഗോവിന്ദൻ കെട്ടിൽ 500 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.

10. കുണ്ടംപാത്തി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുക.

11. കുടുക്കം റോഡ് പണി പൂർത്തിയാക്കുക

12. തിക്കോടി അങ്ങാടിയിലെ ആവി പാലത്തിന്റെ പണി പൂർത്തിയാക്കുക

13. കോടിക്കൽ നിന്ന് ബസ് സർവ്വീസ ആരംഭിക്കുക.

14. പള്ളിക്കര റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുകയും കെ.എസ്.ആർ.ടി.സി. ബസ് പുനരാരംഭിക്കുകയും ചെയ്യുക

15. മുചുകുന്ന്-തിക്കോടി ബീച്ച് റോഡിൽ ബസ്സ് ഗതാഗതം ആരംഭിക്കുക.

16. പുറക്കാട് കിടഞ്ഞിക്കുന്നിൽ നിന്നും കൂടുതൽ ബസ്സുകൾ പെർമിറ്റ് അനുവദിക്കുകയും ഈ റോഡിൽ കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കുകയും ചെയ്യുക,

17. പെരുമാൾപുരം, പള്ളിക്കര പോസ്റ്റ് ഓഫീസ്, കോഴിപ്പുറം, കൊപ്പരക്കണ്ടം, കിടഞ്ഞികുന്ന് എന്നീ കേന്ദ്രങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കണം.

18. തിക്കോടി ടൗൺ, പഞ്ചായത്ത് ബസാർ, കൊപ്പരക്കണ്ടം എന്നിവടങ്ങളിൽ ഓട്ടോ-ടാക്സി സ്റ്റാൻഡുകൾ പണിയണം.

19. ഗ്രാമീണ റോഡുകൾ ടാർ ചെയ്യാൻ 6 മീറ്റർ വീതി വേണമെന്ന നിബന്ധന ഇളവു ചെയ്യണം.

20. മുചുകുന്ന്-തിക്കോടി ബീച്ച് റോഡിൽനിന്ന് പുറക്കാട് ഹരിജൻ കോളനിയിലേക്ക് പോകുന്ന ലിങ്ക് റോഡിന് തുടക്കത്തിൽ ഉയരവും വീതിയും കൂട്ടണം.

റോഡുകൾ അതാത് പ്രദേശത്തെ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നിർമ്മിക്കാവുന്നതാണ്. റോഡ് റിപ്പേർ തുടങ്ങിയ പ്രവർത്തനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തുന്ന രീതി ഒഴിവാക്കി ജനകീയ സമിതകളെ ഏല്പിക്കാവുന്നതാണ്. ഇതുമൂലം റോഡുകൾക്ക് വകയിരുത്തുന്ന സംഖ്യക്കുപുറമെ സേവനരൂപത്തിലുള്ള മനുഷ്യശക്തിയും ഉപയോഗപ്പെടുത്താൻ കഴിയും.

ഓരോ വർഷവും എല്ലാ റോഡുകൾക്കും സംഖ്യ വീതിച്ച് ചെലവഴിക്കുന്നത് ഒഴിവാക്കി മുൻഗണനാക്രമത്തിൽ റോഡുകളുടെ ടാറിങ്ങും അറ്റകുറ്റപ്പണികളും നടത്തന്നതായിരിക്കും കൂടുതൽ ഫലപ്രദം.

റോഡുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വാർഡുതോറും പ്രാദേശിക ജാഗ്രത സമിതികൾ രൂപീകരിക്കേണ്ടതുണ്ട്.

പട്ടിക 1

**കഴിഞ്ഞ ഒരു വർഷത്തിനകം നടത്തിയ പ്രവൃത്തിയും, പ്രവൃത്തിക്ക് വകയിരുത്തിയ സംഖ്യയും**

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | വകയിരുത്തിയ സംഖ്യ | റിമാർക്സ് |
|---|---|---|---|---|
| 1 | വിവിധ തോടുകൾക്ക് കോൺക്രീറ്റ് നടപാല നിർമ്മാണം | 1,2 | 46,000 | – |
| 2 | മാത്തിൽ കുളങ്ങര–പടന്നയിൽതാഴെ റോഡ് റിപ്പയർ | 2 | 36800 | – |
| 3 | കേളപ്പജി റോഡ് നിർമ്മാണം | 1 | 99494 | – |
| 4 | തിക്കോടി അങ്ങാടി–ഹിദായത്തുസ്സിബ്യാൻ മദ്രസ്സ നടപ്പാത 2 4700 – | | | |
| 5 | കെ.വി. നാണു സ്മാരക റോഡ് റിപ്പയർ | 4 | 48000 | – |
| 6 | തിക്കോടി റെയിൽവേ സ്റ്റേഷൻ–കുറുംബ ഭഗവതി ക്ഷേത്രം റോഡ് റിപ്പയർ | 4 | 38000 | – |
| 7 | കോറോത്ത് മുക്ക്– പാലൂർക്ഷേത്രം റോഡ് | 5 | 64000 | – |
| 8 | കുറ്റ്യോത്ത്മുക്ക്–കുടുക്കംറോഡ് റിപ്പയർ | 6 | 25,500 | – |
| 9 | പറവർ കണ്ടി–കീഴനത്താഴ മുക്കം ഹരിജൻ കോളനി റോഡ് റിപ്പയർ | 7 | 15,500 | – |
| 10 | കോഴിപ്പുറം സെൻട്രൽ റോഡ് | 8 | 207000 | – |
| 11 | തിക്കോടി ടൗൺ–കോഴിപ്പുറം റോഡിൽ അരീക്കര മുതൽ ചിങ്ങപുരംവരെ റോഡ് റിപ്പയർ | 8 | 7500 | – |
| 12 | കൊപ്പരക്കണ്ടം–പരത്തിക്കണ്ടിമുക്ക് റോഡ് റിപ്പയർ | 9 | 42000 | – |
| 13 | പുറക്കാട്–ചിങ്ങപുരം റോഡ് ഒന്നാംഘട്ടം മെറ്റൽ ചെയ്യൽ | 10 | 80000 | – |
| 14 | കൊപ്പക്കരക്കണ്ടം–പുതുമംഗലം നടപ്പാത നിർമാണം | 9 | 8800 | – |
| 15 | വി.പി. മുഹമ്മദ് സ്മാരക റോഡ് റിപ്പയർ | 6 | 20500 | – |
| 16 | പൂവെടിത്തറ– ചിങ്ങപുരം റോഡ് റിപ്പയർ | 8 | 34000 | – |
| 17 | വെള്ളം കണ്ടി നടപ്പാത | 10 | 15900 | – |
| 18 | മാത്തിൽമുക്ക്–കെട്ടുമ്മൽ അകാലപ്പുഴ റോഡ് റിപ്പയർ | 10 | 16000 | – |
| 19 | മീത്തലെപള്ളി–പറോളി നടറോഡ് ടാറിങ്ങ് മൂന്നാംഘട്ടം | 7 | 67000 | – |
| | **JRY 96–97** | | | |
| 20 | അച്ചംവീട്ടുനട–കെട്ടുമ്മൽ നടപ്പാത ഒന്നാം ഘട്ടനിർമ്മാണം | 10 | 65000 | – |
| 21 | നാലാം കണ്ടത്തിൽ നടപ്പാത നിർമ്മാണം | 7 | 33000 | – |

പട്ടിക 2

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡ് | ഉടമസ്ഥത P (പഞ്ചായത്ത്) | ദൂരം കി.മീ. | വീതി മീ. | ബസ് ഗതാഗതം |
|---|---|---|---|---|---|
| 1 | N H-17 പാലൂർ-പെരുമാൾപുരം | കേന്ദ്രസർക്കാർ | 3 | – | ഉണ്ട് |
| 2 | മൂചുകുന്ന്-തിക്കോടി ബീച്ച് | PWD | 6 | 8 | ഉണ്ട് ഭാഗികം |
| 3 | തിക്കോടി പൂവെടിത്തറ-ചിങ്ങപുരം | P | 0.500 | 6 | ഉണ്ട് |
| 4 | പള്ളിക്കര വി.പി. സ്മാരക റോഡ് | P | 1 | 6 | ഇല്ല |
| 5 | ചിങ്ങപുരം – കീഴൂർ | PWD | 4 | 6 | ഉണ്ട് |
| 6 | തിക്കോടി- കോടിക്കൽ ബീച്ച് | ഫിഷറീസ് | 1.5 | 6 | ഇല്ല |
| 7 | മീത്തലെ പള്ളി-പറോളി നട | P | 2 | 6 | ഇല്ല |
| 8 | തിക്കോടി അങ്ങാടി- കോടിക്കൽ | P | 1.300 | 4 | ഇല്ല |
| 9 | കുറുങ്ങിമുക്ക് -കിടഞ്ഞിക്കുന്ന് ഹരിജൻ കോളനി | P | 0.495 | 6 | ഉണ്ട് |

പട്ടിക-3

## പഞ്ചായത്തിലെ റോഡുകളുടെ പൊതുസ്ഥിതി

| ക്രമനമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം കി.മീ | വീതി.മീ. | ഉടമസ്ഥത പഞ്ചായത്ത്(P) NH PWD | ടാർചെയ്തത് | മെറ്റൽ ചെയ്തത് | ഓട വേണ്ടത് | കല്വർട്ട് വേണ്ടത് | അറ്റകുറ്റപ്പണി നടക്കുന്നത് |
|---|---|---|---|---|---|---|---|---|---|---|
| 1 | കേളപ്പജി റോഡ് | 1 | 1.194 | 4 | P | – | ☑ | ☑ | – | – |
| 2 | പെരുമാൾപുരം-തിക്കോടി ബീച്ച് | 1 | 0.750 | 4 | P | – | ☑ | ☑ | – | – |
| 3 | ആവിക്കൽ പീടിക-ശ്രീനാരായണ ഭജനമഠംറോഡ് | 1 | 0.290 | 4 | – | – | – | ☑ | – | – |
| 4 | മഠത്തിക്കുളങ്ങര-പടന്നയിൽതാഴ | 2 | 0.720 | 4 | P | – | – | ☑ | – | – |
| 5 | തിക്കോടി തെരുവിൽതാഴെ-റെയിൽവേ ലൈൻ | 2 | 0.720 | 4 | P | – | ☑ | ☑ | – | – |
| 6 | തിക്കോടി മാപ്പിള എൽ.പി.സ്കൂൾ-വരിക്കോളിതാഴ | 3 | 0.400 | 4 | P | – | – | ☑ | – | – |
| 7 | ഊളയിൽതാഴെ-ഉരുക്കരതാഴെ | 3 | 0.210 | 4 | P | – | – | ☑ | – | – |
| 8 | പെരുമാൾപുരം-തിക്കോടിതെരു | 3 | 0.450 | 4 | P | – | – | ☑ | – | – |
| 9 | തിക്കോടിതെരു-കിഴക്കേതണ്ടോറമുക്ക് | 3 | 0.370 | 3 | P | – | – | ☑ | – | – |
| 10 | പയ്യോളി ഹൈസ്കൂൾ-നെല്ലേരി മാണിക്കോത്ത് | 3 | 0.500 | – | P | – | – | ☑ | – | – |
| 11 | ലക്ഷംവീട് കോളനി ഉരുക്കരതാഴെ | 3 | 0.450 | – | P | – | – | ☑ | – | – |
| 12 | തിക്കോടി റെയിൽവേ സ്റ്റേഷൻ-കുറുമ്പ ഭഗവതി ക്ഷേത്രം | 4 | 0.600 | – | P | – | – | ☑ | – | – |
| 13 | കെ.വി. നാണു സ്മാരക റോഡ് | 4 | 0.700 | – | P | – | – | ☑ | – | – |

(പട്ടിക തുടർച്ച)

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 14 | കോടിക്കൽ ബീച്ച്-തിക്കോടി അങ്ങാടി | 4 | 1.300 | – | P | ☑ | – | ☑ | – | – |
| 15 | കോടിക്കൽ -വിളക്കുനിമുക്ക് | 4 | 0.900 | – | P | – | – | ☑ | – | – |
| 16 | കോടിക്കൽ ബീച്ച്-മുതിരിക്കാൽ മുക്ക് തിക്കോടി | 5 | 1.300 | – | P | – | – | ☑ | – | – |
| 17 | കോറോത്ത് മുക്ക്-തിക്കോടി റോഡ് | 5 | 0.500 | 4 | P | – | – | ☑ | – | – |
| 18 | തെക്കെയിൽ മുക്ക്-കാവിൽ താഴറോഡ് | 5 | 0.568 | 3 | P | – | – | ☑ | – | – |
| 19 | കുറ്റ്യേത്ത്-കുടുക്കം റോഡ് | 6 | 1 | 4 | P | – | – | ☑ | – | – |
| 20 | പള്ളിക്കര-മേലടി PHC | 6 | 1 | 4 | P | – | – | ☑ | – | – |
| 21 | കാളം കുളമുക്ക്-മുത്താറ്റിൽതാഴ | 6 | 0.405 | 4 | P | – | – | ☑ | – | – |
| 22 | പുളിമുക്ക്-അകാലപ്പുഴ | 6 | 0.682 | 4 | P | – | – | ☑ | – | – |
| 23 | കളരിയുള്ളതിൽ-നല്ലടിപ്പൊയിൽ | 6 | 0.310 | 4 | P | – | – | ☑ | – | – |
| 24 | മൊടക്കാത്ത് മുക്ക് -പള്ളിക്കര സെൻട്രൽ എൽ.പി. സ്കൂൾ | – | – | – | P | – | – | ☑ | – | – |
| 25 | പള്ളിക്കര വി.പി.മുഹമ്മദ് സ്മാരക റോഡ് | 6 | 1 | 4 | P | – | – | ☑ | – | – |
| 26 | നെയ്വാരണിക്ഷേത്രം-ഏരിയൻതാഴ | 6 | 0.300 | 4 | P | – | – | ☑ | – | – |
| 27 | ഒതയോത്ത് മുക്ക്-മടവനതാഴ | 7 | 0.175 | 4 | P | – | – | ☑ | – | – |
| 28 | പറവർകണ്ടി-കീഴനത്താഴ മുക്കത്ത് ഹരിജൻ കോളനി | 7 | 1.270 | 4 | P | – | – | ☑ | – | – |
| 29 | മാണിക്കോത്ത്മുക്ക് | 7 | 1.500 | 4 | P | – | – | ☑ | – | – |
| 30 | പിലാച്ചേരിമുക്ക്-മണ്ണാമ്പത്ത് താഴെ | 7 | 0.760 | 4 | P | – | – | ☑ | – | – |
| 31 | എളമറംമുക്ക് -പോസ്റ്റ് ഓഫീസ് | 7 | 0.350 | 4 | P | – | – | ☑ | – | – |
| 32 | തിക്കോടി ടൗൺ-കോഴിപ്പുറം റോഡ് | 8 | 1.420 | 4 | P | – | – | ☑ | – | – |
| 33 | കോഴിപ്പുറം സെൻട്രൽ റോഡ് | 8 | 0.500 | 4 | P | – | – | ☑ | – | – |
| 34 | കോഴിപ്പുറം-പുത്തരിത്തോട് പുറക്കാട് | 8 | 0.450 | 4 | P | – | – | ☑ | – | – |
| 35 | കോഴിപ്പുറം മുക്ക്-ചിങ്ങപുരം റോഡ് | 8 | 0.350 | 4 | P | – | – | ☑ | – | – |
| 36 | കോഴിപ്പുറം-കുതിരോടിമുക്ക് | 8 | 0.378 | 4 | P | – | – | ☑ | – | – |
| 37 | കോഴിപ്പുറം-കനാൽ-കുട്ടോംപുരക്കൽ | 8 | 0.360 | 4 | P | – | – | ☑ | – | – |
| 38 | കിഴക്കെപൊറോളി-കോഴിപ്പുറംകനാൽ | 8 | 0.370 | 4 | P | – | – | ☑ | – | – |
| 39 | പുറക്കാട്-ചിങ്ങപുരം | 9 | 2.000 | 4 | P | – | ☑ | ☑ | – | – |
| 40 | എടക്കോട്ട്മുക്ക്-കൊക്കണമ്പത്ത് | 9 | 0.610 | 3 | P | – | – | ☑ | – | – |
| 41 | പുരപ്പുരക്കൽമുക്ക്-കണ്ണമ്പത്ത് മുക്ക് | 9 | 1.000 | 3 | P | – | – | ☑ | – | – |
| 42 | കോരച്ചാകണ്ടിമുക്ക്-മഠത്തിൽതാഴെ | 9 | 0.800 | 4 | P | – | – | ☑ | – | – |
| 43 | കൊപ്പരക്കണ്ടം-പരത്തിക്കണ്ടിമുക്ക് | 9 | 0.450 | 3 | P | – | – | ☑ | – | – |
| 44 | തിരുക്കോട് മുക്ക്-കുയ്യണ്ടിമുക്ക് | 9 | 0.378 | 4 | P | – | ☑ | ☑ | – | – |
| 45 | മണാട്ട് മുക്ക് കൊലപ്പാടിമീത്തൽ | 9 | 0.500 | 4 | P | – | ☑ | ☑ | – | – |
| 46 | പുളിയുള്ളതിൽമുക്ക്-ഉണ്ണരച്ചൻ കണ്ടിമുക്ക് | 9 | 0.100 | 4 | P | – | ☑ | ☑ | – | – |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 47 | കുറുങ്ങിമുക്ക് –കിടിഞ്ഞികുന്ന് ഹരിജൻകോളനി | 10 | 0.495 | 6 | P | ☑ | – | ☑ | – | – |
| 48 | മഠത്തിൽമുക്ക്–കെട്ടുമ്മൽ അകലാപ്പുഴ | 10 | 1.100 | 4 | P | – | – | ☑ | – | – |
| 49 | എടക്കണ്ടി മുക്ക്–പയന്തലക്കടവ് | 10 | 1.000 | 4 | P | – | – | ☑ | – | – |
| 50 | കല്ലിടകുനി–അരിമ്പൂർമുക്ക് | 10 | 1 | 4 | P | – | – | ☑ | – | – |
| 51 | കിടഞ്ഞികുന്ന്–പുതിയോട്ടിൽതാഴെ | 10 | 0.317 | 4 | P | – | – | ☑ | – | – |
| 52 | കിടത്തികുന്ന്–പുതിയോട്ടിൽ താഴ | 10 | 0.245 | 4 | P | – | – | ☑ | – | |
| 53 | കിടത്തികുന്ന്–അയോത്ത്താഴ | 10 | 0.600 | 4 | P | – | – | ☑ | – | – |
| 54 | മീത്തലെപള്ളി–പറോളിനട റോഡ് | 3,7 | 2.000 | 6 | P | ☑ | – | ☑ | – | – |
| 55 | തിക്കോടി പൂവെടിത്തറ–ചിങ്ങപുരം | 8 | 0.500 | 6 | P | ☑ | – | ☑ | – | – |
| 56 | പെരുമാൾപുരം–പെരമാൾതാഴ | 1 | 0.750 | 4 | P | – | – | ☑ | – | – |
| 57 | മുചുകുന്ന്–തിക്കോടി ബീച്ച് റോഡ് | – | 6 | 8 | PWD | ☑ | – | ☑ | – | – |
| 58 | ചിങ്ങപുരം–കിഴൂർറോഡ് | – | 4 | 6 | PWD | ☑ | – | ☑ | – | – |
| 59 | തിക്കോടിടൗൺ–കോടിക്കൽബീച്ച് – | 11 | 2 | 6 | Fisheries | ☑ | – | ☑ | – | – |
| 60 | പാലൂർ–പെരുമാൾപുരം NH. | 17 | 3 | – | NH | ☑ | – | ☑ | – | – |

പട്ടിക –4

## പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം കി.മി. | വീതി.മീ |
|---|---|---|---|---|
| 1 | കേളപ്പജി റോഡ് | 1,2 | 1.194 | 4 |
| 2 | തിക്കോടി റെയിൽവേ സ്റ്റേഷൻ–കുറുമ്പ ഭഗവതി ക്ഷേത്രം റോഡ് | 4 | 0.600 | 4 |
| 3 | മഠത്തിൽ മുക്ക്– കെട്ടുമ്മൽ അകാലപ്പുഴ | 10 | 0.100 | 4 |
| 4 | പുറക്കാട്– ചിങ്ങപുരം റോഡ് | 9 | 2 | 4 |
| 5 | എടക്കണ്ടിമുക്ക്–പഴന്തലാക്കടവ് | 9,10 | 1 | 4 |
| 6 | തിക്കോടി ടൗൺ–കോഴിപ്പുറം റോഡ് | 8 | 1.420 | 4 |
| 7 | പെരുമാൾപുരം–തിക്കോടി ബീച്ച് | 1 | 0.750 | 4 |
| 8 | കെ.വി.നാണു സ്മാരക റോഡ് | 4 | 0.700 | 4 |
| 9 | പള്ളിക്കര–മേലടി പ്രൈമറി ഹെൽത്ത് സെന്റർ റോഡ് | 6 | 1 | 4 |
| 10 | കല്ലിടക്കുനി–അരിമ്പൂർ മുക്ക് | 10 | 0.580 | 4 |
| 11 | പരപ്പരക്കൽ മുക്ക് –കണ്ണമ്പത്ത് മുക്ക് | 9 | 1 | 4 |
| 12 | പറവർകണ്ടി കീഴന താഴ–മുക്കത്ത ഹരിജൻ കോളനി | 7 | 1.250 | 4 |
| 13 | കുറ്റ്യോത്ത് മുക്ക്–കുടുക്കം റോഡ് | 6 | 1 | 4 |
| 14 | കിടഞ്ഞിക്കുന്ന്–മലയിൽതാഴെ | 10 | 0.317 | 4 |
| 15 | കോടിക്കൽ ബീച്ച്–മുതിരക്കാൽ മുക്ക്–തിക്കോടി റോഡ് | 5 | 1.300 | 4 |
| 16 | കോഴിപ്പുറം–സെന്റർ റോഡ് | 8 | 0.500 | 4 |
| 17 | കോരമ്പം കണ്ടിമുക്ക് –മഠത്തിൽ താഴ | 9 | 0.800 | 9 |
| 18 | പുളിമുക്ക് –അകാലപ്പുഴ റോഡ് | 6 | 0.682 | 4 |
| 19 | തിരുക്കോട്ട്മുക്ക് –കുയ്യണ്ടിമുക്ക് | 9 | 0.378 | 4 |

215

| | | | | |
|---|---|---|---|---|
| 20 | എടക്കോട്ടുമുക്ക് –കൊക്കണമ്പത്ത് | 9 | 0.610 | 4 |
| 21 | ശ്രീകൃഷ്ണക്ഷേത്രം–ആവിക്കൽ റോഡ് | 1 | 0.650 | 4 |
| 22 | കിടഞ്ഞികുന്ന് –പുതിയോട്ടിൽ താഴ | 10 | 0.245 | 4 |

പട്ടിക 5

**പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ**

| ക്രമ നമ്പർ | റോഡ് | വാർഡ് | നീളം കി.മി. |
|---|---|---|---|
| 1 | ശ്രീകൃഷ്ണക്ഷേത്രം–ആവിക്കൽ റോഡ് | 1 | 0.650 |
| 2 | പാലോളിക്കണ്ടി–പൂവത്ത് വയൽറോഡ് | 2 | 0.200 |
| 3 | വരിക്കോളിത്താഴ–കൊളാവിത്താഴ | 3 | 0.500 |
| 4. | ഏരത്ത് മീത്തൽ–ടി.കെ. ഐസ് കമ്പനി | 4 | 0.300 |
| 5 | കുണ്ടംപാത്തിപാലത്തിന്റെ അപ്രോച്ച്റോഡ് | 6 | 0.200 |
| 6 | ഹരിജൻ കോളനി–മലയിൽ താഴ | 7 | 1.000 |
| 7 | മീത്തലെപള്ളി–പള്ളിത്താഴ–റെയിൽറോഡ് | 2 | 0.400 |
| 8 | മംഗലശ്ശേരി–കളത്തിൽ മുക്ക് | 9 | 0.300 |
| 9 | അരിമ്പൂര് മുക്ക് –പുതുക്കിടിത്താഴ | 10 | 0.200 |
| 10 | അച്ചംവീട്ടുനട–കെട്ടുമ്മൽ റോഡ് | 10 | 1.000 |
| 11 | കിടഞ്ഞികുന്ന്– കേളോത്ത് മലയിൽ റോഡ് | 10 | 0.600 |
| 12 | കിടഞ്ഞികുന്ന് സബ് സെന്റർ–എകരത്ത് താഴറോഡ് | 10 | 0.750 |
| 13 | കെട്ടുമ്മൽ അകലാമ്പുഴ–ചിറക്കര കണ്ടിപ്പുഴ റോഡ് | 10 | 0.500 |

പട്ടിക–6

**പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ**

| ക്രമ നമ്പർ | പേര് | വാർഡ് | നീളം കി.മി. |
|---|---|---|---|
| 1 | ഉരുവമ്പെടുത്ത്–പൂവൻപ്പാചൽ കോളനി | 1 | 0.250 |
| 2 | ആവിക്കൽ–ബീച്ച് | 1 | 0.200 |
| 3 | പനോളിനട–നമ്പ്യാളത്ത് പള്ളി | 9 | 0.200 |
| 4 | കമ്മനക്കളം–പുളഞ്ഞോളി താഴ–മന്ദംകണ്ടം | 9 | 0.500 |
| 5 | തച്ചിലേരി ഇടവഴി–കണ്ണോത്ത്മുക്ക് | 9 | 0.300 |
| 6 | അച്ചംവീട്ടിൽ താഴ–പുതിയോട്ടിൽ താഴ | 10 | 0.800 |
| 7 | ഹരിജൻ കോളനി റോഡ്–നല്ലാട്ടിൽതാഴ | 10 | 0.100 |
| 8 | നിടിയറ്റിക്കുനി–വാഴയിൽമുക്ക് | 10 | 0.150 |
| 9 | നെയ്വാരണി ക്ഷേത്രം–കനാൽ | 6 | 0.200 |

## ഊർജം

ഊർജം: ഒരു പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ ഊർജ ലഭ്യതയെക്കുറിച്ചാണ് ആദ്യമായി ചിന്തിക്കേണ്ടി വരുന്നത്. ഒരു വികസ്വര രാജ്യമായ ഇന്ത്യയിൽ ഊർജ്ജത്തിന്റെ പ്രതിശീർഷ ഉപഭോഗം മറ്റു വികസിത രാജ്യങ്ങളേക്കാൾ വളരെ കുറവാണ്.

കേരളത്തിന്റെ കാര്യമാണെങ്കിൽ ദേശീയ ശരാശരിയിലും താഴെയാണ്. നമ്മുടെ പഞ്ചായത്തിന്റെ കാര്യമെടുത്താൽ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ മാത്രമാണ് നാം ഇപ്പോഴും ആശ്രയിച്ചുവരുന്നത്. ഇത്തരം സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജലഭ്യതയാകട്ടെ വളരെ ശോചനിയവുമാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അത്യന്താപേക്ഷിതമായ ഈ വിഭവം നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തികൊണ്ടിരിക്കുന്ന സമ്പ്രദായവും ഇന്നത്തെ അതിന്റെ അവസ്ഥയും ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം.

1950–കളിലാണ് ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭിച്ചു തുടങ്ങിയത്. ഇന്ന് പഞ്ചായത്തിൽ 9 കി.മി. 11.കെ.വി. ലൈനുകളും, 24 കി.മി. എൽ.ടി. 3 ഫേസ് ലയിനുകളും 49 കി.മി. സിംഗിൾ ഫേസ് ലൈനുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം സട്രീറ്റ് ലൈറ്റുകളുടെ എണ്ണം 193 ആണ്. ഇതിൽ സാധാരണ ലൈറ്റുകളും ഫ്ലൂറോസെന്റ് ലൈറ്റുകളും സോഡിയം വേപ്പർ ലൈറ്റുകളും ഉൾപ്പെടുന്നു. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പഞ്ചായത്ത് പ്രതിമാസം 3553 ക. അടയ്ക്കുന്നുണ്ട്.

പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 16 ട്രാൻസ്ഫോർമറുകൾ താഴെ ചേർത്തിരിക്കുന്നു.

1. 250 KVA–പള്ളിക്കര, പുറക്കാട്
2. 160KVA– പെരുമൾപുരം, റോസ്മഹൽ, കോടിക്കൽ
3. 150 KVA–പൂവടിത്തറ, അകലാപ്പുഴ
4. 100 KVA–ആവിക്കൽ, പെരുമാൾപുരം ഹൈസ്കൂൾ, തിക്കോടി ടൗൺ, എടക്കോട്ട്താഴെ കൊപ്പരക്കണ്ടം, FCI
5. 63 KVA–പാലൂർ, ചിങ്ങപുരം വയൽ പള്ളിക്കര

വൈദ്യുത ബോർഡ് ഇതുവരെ പഞ്ചായത്തിൽ നൽകിയിട്ടുള്ള വിവധ കണക്ഷനുകളുടെ എണ്ണം ഇനം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

1. ഗാർഹികം –2200
2. വാണിജ്യപരം 290
3. വ്യവസായികം 24
4 കാർഷികം 120
5 KWA–3

മേലടി ഇലക്ട്രിക്കൽ സെക്ഷനിൽ 29.6.95 വരെ ലഭിച്ച അപേക്ഷകൾ അനുസരിച്ച് ഇനിയും കണക്ഷൻ നൽകാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഇനം തിരിച്ച് താഴെ കൊടുക്കുന്നു.

1. ഓർഡനറി –123
2. O.T.P. 6
3. O.Y.E.C–20

ഇപ്പോൾ പഞ്ചായത്തിൽ ജോലി പുരോഗമിച്ചു കൊണ്ടിരുക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം അനുസരിച്ചുള്ള ജോലികളും താഴെ കൊടുത്തിരിക്കുന്നു.

1. പള്ളിക്കരയിലെ 1.2.കെവി. നീളത്തിൽ സ്ഥാപിക്കുന്ന 11. കെ.വി,. ലൈനും 100 KVA ട്രാൻസ്ഫോർമറും
2. പള്ളിക്കര കുടുക്കം റോഡിൽ സ്ഥാപിക്കുന്ന 1.05 കി.മി. 11 കെ.വി. ലൈനും 100 KVA ട്രാൻസ്ഫോർമറും.
3. കോഴിപ്പുറം ഭാഗത്ത് സ്ഥാപിക്കുന്ന 0.5 കി.മി. 11 കെ.വി. ലൈനും 100 KVA ട്രാൻസ്ഫോർമറും.
4. പെരുമാൾ പുരത്തിനും തിക്കോടിയ്ക്കുമിടയിൽ സ്ഥാപിക്കുന്ന 63 KVA ട്രാൻസ്ഫോർമർ

### കുടിർ ജ്യോതി പദ്ധതി

സംസ്ഥാന സർക്കാരിന്റെ കുടിർജ്യോതി പദ്ധതിയിൽപ്പെടുത്തി 20 വീടുകളിൽ സൗജന്യമായി വയറിംഗ് നടത്തി കണക്ഷൻ നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ കിടഞ്ഞിക്കുന്ന്, പെരുമാൾപുരം തെക്കെ കടപ്പുറം, എന്നീ 3 ലക്ഷംവീട് കോളനികളിൽ വൈദ്യുതി നൽകിയിട്ടുണ്ട്.

വോൾട്ടേജ് ഉയർത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ വൈദ്യുതബോർഡ് പണി പൂർത്തിയാക്കിയ പദ്ധതികൾ താഴെ കൊടുക്കുന്നു.

1. സിംഗൾഫേസ് ത്രീഫേസ് ആക്കി മാറ്റിയത്– അച്ചൻവീട്ടുനട, കല്ലംകണ്ടി മുക്ക്, മഠത്തിൽ മുക്ക്.
2. 100 KVA ട്രാൻസ്ഫോർമർ –എടക്കോട്ടുതാഴെ.
3. കപ്പാസിറ്റി 150 KVA അകാലപ്പുഴ, തിക്കോടി പൂവടിത്തറ

100 ൽനിന്ന് 160 KVA–തിക്കോടി നമ്പർ–2 (റോസ് മഹൽ) തിക്കോടി –1 (പെരുമാൾ പുരം)

63 ൽനിന്ന് 100 KVA –കൊപ്പരക്കണ്ടം

150 ൽനിന്ന് 250 KVA പുറക്കാട് (CKGഹൈസ്കൂളിന് സമീപം)

## പ്രശ്നങ്ങൾ

1.തിക്കോടി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു.

2. ഒന്നാം വാർഡിലെ പൂവൻചാലിൽ, ഉതിരുപറമ്പിൽ, ആനക്കണ്ടി എന്നീ കോളനികൾ ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ല.

3. 6-ാം വാർഡിലെ വെളുത്താടത്ത് ഹരിജൻ കോളനി, തരിപ്പയിൽ താഴെക്കോളനി എന്നിവ ഇതേവരെ വൈദ്യുതീകരിച്ചിട്ടില്ല.

4. 9-ാം വാർഡിലെ പരത്തിക്കണ്ടി ലക്ഷം വീട് കോളനി, കാവും പുറത്ത് താഴ മുതലായ സ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

5. തിരക്കോട്ടുകുന്ന് ലക്ഷം വീട് കോളനിയിൽ 7 വീടുകൾ ഇപ്പോഴും വൈദ്യുതീകരിച്ചിട്ടില്ല.

6. 4-ാം വാർഡിലെ ചില പ്രദേശങ്ങളിൽ ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല.

7.3-ാം വാർഡിന്റെ ഉരൂക്കര ഹരിജൻ കോളനിയിൽ വൈദ്യുതി ലഭിക്കാത്ത വീടുകൾ ഇപ്പോഴുമുണ്ട്.

8.3-ാം വാർഡിന്റെ തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന പുതുക്കോളി പ്രദേശത്ത് ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല.

9. 8-ാം വാർഡിലൂടെ കടന്നുപോകന്ന റോഡിന്റെ കിഴക്കുഭാഗത്തും പുറക്കാട്-പഞ്ചായത്ത് ഓഫീസ് റോഡിന്റെ തെക്ക് ഭാഗവും വൈദ്യുതീകരിച്ചിട്ടില്ല.

10. 10-ാം വാർഡിലെ നല്ലാട്ടിൽ താഴമുതൽ മലേത്താഴ വരെയുള്ള സ്ഥലങ്ങളിൽ ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല.

11. 10-ാം വാർഡിലെ അച്ചൻ വീട്ടുനടമുക്കിൽ കെട്ടുമ്മൽ വരെയുള്ള ഭാഗത്ത് വൈദ്യുതി എത്തിയിട്ടില്ല.

12. സ്ട്രീറ്റ് ലൈറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ലാത്ത പല റോഡുകളും ഈ പഞ്ചായത്തിൽ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

a. ഒന്നാം വാർഡിലെ മുഴൻ റോഡുകളും

b. 4,5 വാർഡുകളിലെ വിവിധ റോഡുകൾ

c. 7-ാം വാർഡിലെ മീത്തലെപള്ളി-പറോളി നട റോഡ്

d. 8-ാം വാർഡിലെ കോഴിപ്പുറം-തിക്കോടി ടൗൺ റോഡ്, കോഴിപ്പുറം- കനാൽ റോഡ്.

e. 9-ാം വാർഡിലെ എടക്കണ്ട്മുക്ക്-പഴത്തലക്കടവ് റോഡ്, പറോളി നട- ചാത്തോത്ത് മുക്ക് റോഡ്, പരപ്പരക്കൽ മുക്ക്-കണ്ണമ്പത്ത് മുക്ക് റോഡ് , കോരച്ചൻ കണ്ട് മുക്ക് -മഠത്തിൽ മുക്ക് റോഡ്.

f. 10-ാം വാർഡിലെ കിടഞ്ഞിക്കുന്ന്-മലയിൽത്താഴ റോഡ് കെട്ടുമ്മൽ- ഇടവത്ത താഴെറോഡ്, കിടഞ്ഞിക്കുന്ന്- അച്ചൻവീട്ടുനട റോഡ്, കല്ലിടക്കുനിമുക്ക് -അരിമ്പൂർ റോഡ്

13. കൃഷിയാവശ്യത്തിന് കണക്ഷൻ ലഭിക്കാൻ പ്രയാസങ്ങൾ നേരിടുന്നു.

14. പഞ്ചായത്തിലെ അംഗൻവാടികളിൽ ഇതുവരെ വൈദ്യുതി ലഭിച്ചിട്ടില്ല.

15. മൽസ്യബന്ധന കേന്ദ്രങ്ങളിലെ തോണിയടുപ്പിക്കുന്ന സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കാത്തതുകൊണ്ട് പ്രയാസങ്ങൾ നേരിടുന്നു. (വാർഡ് 1, 2, 4, 5)

16. പുകയില്ലാത്ത അടുപ്പുകളും ഗ്യാസ് കണക്ഷനുകളും പഞ്ചായത്തിലെ വളരെക്കുറഞ്ഞ വീടുകളിലേ നിലവിലിള്ളൂ.

17. പാചകത്തിനുള്ള ഇന്ധനമായി മിക്കവാറും വീട്ടുകാർ ഇപ്പോഴും ഉപയോഗിക്കുന്നത് വറകുതന്നെയാണ്.

18. 3,5,8 എന്നീ വാർഡുകളിലെ പുരയിടങ്ങളുടെയും കൃഷിസ്ഥലങ്ങളുടെയും മുകളിലൂടെയാണ് 11 കെ.വി. ലൈൻ കടന്നുപോകുന്നത്. ഇത് ഗൃഹനിർമ്മാണത്തിനും കൃഷിയ്ക്കും തടസ്സമായി നിൽക്കുന്നു.

19. കൊയിലാണ്ടി സബ്ബ് സ്റ്റേഷനിൽനിന്ന് ചിങ്ങപുരം ഭാഗത്തേക്കുള്ള ഫീഡർ ഇതുവരെ ചാർജ് ചെയ്തിട്ടില്ല.

20. 10-ാം വാർഡിൽ ഇതുവരെ ട്രാൻസ്ഫോർമറുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

21. പല വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള സട്രീറ്റ് ലൈറ്റുകൾ കൃത്യമായും കത്തുന്നില്ല.

22. തിക്കോടി അങ്ങാടിമുതൽ ഐസ് പ്ലാന്റ്‌വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

23. 2-ാം വാർഡിലെ മുള്ളൻ കുനി റോഡിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ല.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

* പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഊർജ്ജ ദൗർലഭ്യം പരിഹരിക്കണം.
* സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും കോളനികൾ വൈദ്യുതീകരിക്കുന്നതിനും സൗരോർജ്ജം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കണം.
* കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ എല്ലാ വാർഡുകളിലും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
* നിലവിൽ സിംഗൾഫേസ് കണക്ഷനുകളുള്ള സ്ഥലങ്ങളിൽ ത്രീ ഫേസ് കണക്ഷൻ ഏർപ്പെടുത്തികൊണ്ട് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.

* ഇതുവരെ വൈദ്യുതീകരിക്കാത്ത കോളനികൾ, പ്രദേശങ്ങൾ എന്നിവ വൈദ്യുതീകരിക്കാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.
* ട്രാൻസ്ഫോർമറുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ലാത്ത വാർഡുകളിൽ അവ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.
* കുടിർ ജ്യോതി പദ്ധതി പഞ്ചായത്തിൽ വിപുലീകരിച്ച് നടപ്പാക്കേണ്ടതാണ്.
* പ്രശ്നങ്ങളുടെ വിഭാഗത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
* കുക്കിംഗ് ഗ്യാസ്, അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ എന്നിവ കൂടുതൽ കുടുംബങ്ങളിൽ വ്യാപിപ്പിക്കേണ്ടതാണ്.
* കുറഞ്ഞ വാട്ട്സ് ഉള്ള എനർജി സേവർ ബൾബുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കിക്കൊണ്ട് വൈദ്യുതി ഉപഭോഗത്തിലെ ധാരാളിത്തം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതുപോലെ പ്രാധാന്യമേറിയതാണ്.
* ഇന്ന് നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിന് പകരം ഉപയോഗിച്ച വൈദ്യുതിയ്ക്ക് മാത്രം ചാർജ് ഈടാക്കാനുള്ള സമ്പ്രദായത്തിന് ശ്രമിക്കേണ്ടതാണ്.
* വൈദ്യുതി പാഴാക്കാതിരിക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.
* മൽസ്യബന്ധന കേന്ദ്രങ്ങളിൽ തോണി അടുപ്പിക്കുന്ന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.
* വീടുകൾക്കും കൃഷിസ്ഥലങ്ങൾക്കും ഭീഷണിയായി സ്ഥിതി ചെയ്യുന്ന 11 കെ.വി. ലൈനുകൾ നേഷനൽ ഹൈവേയുടെ അടുത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.
* സ്ട്രീറ്റ് ലൈറ്റുകൾകൃത്യമായി കത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
* വൈദ്യുതി ലൈനുകളിലുണ്ടാകുന്ന അറ്റകുറ്റ പണികൾ യഥാസമയങ്ങളിൽത്തന്നെ ചെയ്യുന്നതിന് വൈദ്യുതി ബോർഡിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.
* കൃഷിക്കും വ്യവസായങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
* മുക്കം ഹരിജൻ കോളനി വൈദ്യുതീകരിക്കുക.
* പെരുമാൾപുരം ലെവൽ ക്രോസിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

## മാർക്കറ്റ്

കാർഷിക മേഖല, വ്യാവസായിക മേഖല, മത്സ്യ ബന്ധന മേഖല എന്നിവയുടെ സമഗ്രമായ പുരോഗതി ഏറ്റവും പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നത് മാർക്കറ്റുമായാണ്.

തിക്കോടി പഞ്ചായത്തിനു തിളക്കമാർന്ന ഒരു വാണിജ്യ ചരിത്രമുണ്ട്. വടക്ക് തലശ്ശേരിക്കും തെക്ക് കോഴിക്കോടിനും ഇടയിൽ ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം വാണിജ്യരംഗത്ത് നമ്മുടെ പഞ്ചായത്ത് നേടിയെടുത്തിട്ടുണ്ട്. ഈ വാണിജ്യകേന്ദ്രം രണ്ടാം വാർഡിലെ തിക്കോടി അങ്ങാടിയിലായിരുന്നു. പണ്ടു കാലത്ത് കുറുമ്പ്രനാട് താലൂക്കിന്റെ വിവിധപ്രദേശങ്ങളിൽ നിന്നും തേങ്ങയും, തേങ്ങയുടെ മറ്റു ഉൽപന്നങ്ങളായ ചിരട്ട, ചകിരി, ചൂടി എന്നിവയും തിക്കോടിയിൽ എത്തിക്കുകയും അവ ഇവിടെ വെച്ച് കച്ചവടമാക്കി മംഗലാപുരത്തേക്കും, കൊച്ചിയിലേക്കും അറബിനാടുകളിലേക്കും കയറ്റിയയച്ചിരുന്നു. പോർത്ത്ഗീസുകാർവരെ നമ്മുടെ പ്രദേശവുമായി വാണിജ്യ ബന്ധം പുലർത്തിയിരുന്നു. ഈ മേഖലയുടെ സ്മരണകൾ ഉണർത്തിക്കൊണ്ട് പാണ്ടികശാലകൾ ഇന്നും ഈ പ്രദേശത്ത് നിലനിൽക്കുന്നുണ്ട്.

തിക്കോടി അങ്ങാടി കടപ്പുറം പഴയകാലത്തെ ഒരു ചെറു തുറമുഖപട്ടണമായിരുന്നു. ഇവിടെ പത്തേമാരികൾ (ഉരുക്കൾ) വരാറുണ്ടായിരുന്നു. അവയുടെ അറ്റകുറ്റ പണികളും ഇവിടെ നടത്തിയിരുന്നു. ഇന്നത്തെ "ഉരുവച്ചെടുത്ത്" അങ്ങനെ പേർവന്ന പ്രദേശമാണെന്നാണ് അനുമാനം.

അതുപോലെ തന്നെ തിക്കോടി റെയിൽവേസ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള വിശാലമായ ഭൂമിയും നമ്മുടെ ചകിരി, ചൂടി, തേങ്ങ വ്യാപാരവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ നാട്ടിലെ ചകിരിനാരിനു മുൻകാലത്ത് നല്ല ഡിമാന്റുണ്ടായിരുന്നു. രാവിലെ വടക്കോട്ട് പോകുന്ന തീവണ്ടിയിൽ പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ സ്ത്രീകൾ കൂട്ടംകൂട്ടമായി ചൂടിക്കെട്ടുകളുമായി വടകരക്ക് പോകുന്നതും വൈകുന്നേരം പകരം മൺകലങ്ങളുമായി തിരിച്ചുവരുന്നതും നിത്യകാഴ്ചകൾ ആയിരുന്നു. അന്ന് ലോക്കൽ വണ്ടികൾ കൂടുതൽ ഉണ്ടായിരുന്നു. ഇന്ന് അത് രണ്ടെണ്ണമായി ചുരുങ്ങിയിരിക്കുന്നു. കുറഞ്ഞ തോതിൽ ഈ കാഴ്ച ഇന്നും നമുക്ക് കാണാൻ സാധിക്കും.

നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനകാർഷിക ഉൽപ്പന്നമാണ് വെറ്റില. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗ

ങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വെറ്റില തിക്കോടി ടൗണിൽ ആഴ്ചയിൽ 3 ദിവസം നടക്കുന്ന ചന്തയിൽ കൊണ്ടു വരികയും അവിടെവെച്ച് സ്വകാര്യ ഏജന്റുമാർ മുഖേന കച്ചവടമാവുകയും ഇവ വല്ലക്കെട്ടുകളാക്കി ലോക്കൽ ട്രെയിനിൽ കയറ്റി അയക്കുകയും ചെയ്തിരുന്നു. ഇന്നും ഇവയുടെ ഗതാഗതത്തിനു ലോറിയെ ഉപയോഗിക്കുന്നു വെങ്കിലും തീവണ്ടിയേയും കുറഞ്ഞതോതിൽ ആശ്രയി ക്കുന്നുണ്ട്. ഈ ചന്തക്ക് ഒരു പാട് പരിമിതികളുണ്ടെ ങ്കിലും വെറ്റില കൃഷിക്കാരുടെ ആശ്രയം അതുമാത്ര മാണ്.

ഇന്നു തിക്കോടി ആങ്ങാടിയുടെ പഴയ പ്രതാപം ഒരു തെളിവും ബാക്കിവെക്കാതെ അസ്തമിച്ചു പോയി രിക്കുന്നു പഴയകാലവെറ്റിലച്ചന്തമാത്രം പ്രകടമായ മാറ്റ ങ്ങളില്ലാതെ തുടരുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള ക്ഷേത്ര ങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്ന ചന്തകളിൽ നമ്മുടെ നാട്ടിലെ പല തരത്തിലുള്ള പരമ്പ രാഗത ഉൽപ്പന്നങ്ങളും കച്ചവടം ചെയ്യപ്പെട്ടിരുന്നു. ഇവ യൊക്കെ പരിമിതികളോടെ ഇന്നും നടന്നുവരികയും ചെയ്യുന്നു. മറ്റൊരു പ്രധാനപ്പെട്ട വാണിജ്യരംഗമാണ് മത്സ്യമേഖല. പഞ്ചായത്തിന്റെ പടിഞ്ഞാറൻഭാഗങ്ങ ളിലെ ഒരു വിഭാഗം ജനങ്ങൾ മത്സ്യബന്ധനത്തിലൂടെ യാണു ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. അവർ കൊണ്ടു വരുന്ന മത്സ്യം കോടിക്കൽ കടപ്പുറത്ത് വെച്ച് നാടൻ ദല്ലാളുമാർ മുഖേന ചെറുകിട മത്സ്യ കച്ചവട ക്കാർക്ക് വിൽപന നടത്തിയിരുന്നു. ഇത്തരം ചെറുകിട കച്ചവടക്കാർ ഈ മത്സ്യങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ വീട്ടമ്മമാർക്ക് വിൽപന നടത്തുന്നു ബാക്കിവരുന്ന മത്സ്യം ഉപ്പിട്ട് ഉണക്കിയും വളമാക്കിയും കച്ചവടം ചെയ്തിരുന്നു. മുമ്പ് പ്രവർത്തിച്ചിരുന്ന മത്സ്യ പ്രസ്സുകൾ ഇന്നു നിലവിലില്ല.

വർദ്ധിച്ചുവരുന്ന റോഡു സൗകര്യങ്ങളും ഐസിന്റെ ലഭ്യതയും വൻ മത്സ്യക്കച്ചവടക്കാരെ നമ്മുടെ തീരങ്ങളിൽ എത്തിക്കുകയും മത്സ്യ മേഖല വിപുലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ വിപണന സൗകര്യം ചെറുകിട മത്സ്യകച്ചവടവിതരണക്കാരെ പ്രതി കൂലമായി ബാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

പഞ്ചായത്ത് വക മത്സ്യമാർക്കറ്റ് ഇന്നു തിക്കോടി ടൗണിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളു. മറ്റുപ്രദേശങ്ങ ളിൽ റോഡരികിൽവെച്ചാണു മത്സ്യവും കടുക്കയും വിൽപ്പന നടത്തുന്നത്.

സ്വകാര്യ വ്യക്തികൾ നടത്തിവരുന്ന ഇറച്ചിക്ക ച്ചവടസ്ഥാപനങ്ങൾ തിക്കോടിയിലും പെരുമാൾ പുരത്തും പ്രവർത്തിക്കുന്നുണ്ട്.

അതുപോലെ പൊതുവിതരണ സമ്പ്രദായവു മായി ബന്ധപ്പെട്ട് റേഷൻ ഷാപ്പുകളും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നണ്ട്.

ആധുനികരീതിയിൽ പരിഷ്കൃത സമ്പ്രദായ ങ്ങൾ നിലവിൽ വന്നതോടെ കർഷകർ ഉൽപ്പാദിപ്പി ക്കുന്ന തേങ്ങ ഇവിടുത്തെ സ്വകാര്യകച്ചവടക്കാർ വാങ്ങു കയും അവർ തേങ്ങയും, കൊപ്രയും, ഉണ്ടയും കോഴി ക്കോട്ടും വടകരയിലും വിൽപ്പനനടത്തുകയും ചെയ്യുന്നു. പകരം കോഴിക്കോട്ട് നിന്നും നമ്മുടെ നാട്ടിലെ ജന ങ്ങൾക്കാവശ്യമായ അരിമുതൽ എല്ലാ സാധനങ്ങളും കൊണ്ടുവരികയും ചെയ്യുന്നു.

മുൻകാലങ്ങളിൽ കാളവണ്ടികളിൽ നമ്മുടെ ഉൽപ്പന്നങ്ങൾ കൊണ്ടുപോകുകയും നമുക്ക് ആവശ്യ മായവ കൊണ്ടു വരികയും ചെയ്ത സ്ഥാനത്ത് ഇന്ന് ലോറികളും മറ്റും ഉപയോഗപ്പെടുത്തുന്നു. കാളവണ്ടികൾ പേരിന് പോലും ഇന്നു നമ്മുടെ നാട്ടിൽ ഇല്ലെന്നു പറയാം.

പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിലെ ചില വിഭാഗങ്ങൾ പരമ്പരാഗതമായി നിർമ്മിച്ചുകൊണ്ടിരുന്ന പായ, മുറം,വട്ടി തോർത്ത്, തലക്കുട, കന്നുകാലികൾക്ക് തീറ്റക്ക് ഉപയോഗിക്കുന്ന നെല്ലിന്റെ തല തീറ്റപ്പുല്ല് എന്നിവ തിക്കോടിയിലെയും പുറക്കാട്ടേയും റോഡരു കിൽ വിൽപ്പന നടത്തിയിരുന്നത് ഇന്നു ഒരോർമ്മ മാത്ര മാണ്.

കൈതോലപ്പായ നിർമ്മാണവും അതിന്റെ വിൽപ്പ നയും ചിലയിടങ്ങളിൽ ഇപ്പോഴുമുണ്ട്. തലക്കുടയുടെ സ്ഥാനം പ്ലാസ്റ്റിക്ക് തൊപ്പികൾ കയ്യടക്കിയിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ നാൾക്കുനാൾ ഉയർന്നുവരികയാണ്. ഇവിടെ നമ്മുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുകയും നമുക്ക് ആവശ്യമുള്ളത് വാങ്ങുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

1. കർഷകർ സ്വകാര്യകച്ചവടക്കാരാൽ ചൂഷണം ചെയ്യ പ്പെടുന്നു.
2. ഉൽപ്പന്നങ്ങളുടെ Demand Position വിലയിലുള്ള ഏറ്റ ക്കുറച്ചിൽ ഇവയൊന്നും കർഷകൻ യഥാസമയം അറിയുന്നില്ല
3. സഹകരണാടിസ്ഥാനത്തിൽ കച്ചവടസ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ അമിതവില കൊടുക്കേണ്ടിവരുന്നു.
4 ഉപഭോക്തൃ കോടതികളെപ്പറ്റി അറിവില്ലായ്മ
5 പൊതുകച്ചവടസ്ഥാപനങ്ങളുടെ അഭാവം
6 വെറ്റില ചന്തപോലുള്ള മറ്റു ചന്തകൾ കുറവാണ്
7 കച്ചവടമേളകൾ സംഘടിപ്പിക്കുന്നില്ല.
8 മാവേലിസ്റ്റോറുകൾ ഇല്ല.
9 കാർഷികവ്യവസായ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറ

പ്പുവരുത്തുന്നില്ല.

10 പാക്കറ്റ് വിലക്ക് സാധനങ്ങൾ ലഭിക്കുന്നില്ല.

11 ഹോട്ടൽ, റസ്റ്റാറന്റ് എന്നിവിടങ്ങളിൽ ഭക്ഷണസാധനങ്ങൾക്കും ഏകീകരിക്കപ്പെട്ട വിലകൾ ഇല്ല.

12 വില നിലവാരം പ്രദർശിപ്പിക്കുന്നില്ല.

13 അളവുകളും തൂക്കങ്ങളും ശരിയാണെന്നു ഉറപ്പുവരുത്തുന്നില്ല.

14 മത്സ്യമാർക്കറ്റുകൾ കുറവാണ്.

15 10-ാം വാർഡിൽ റേഷൻഷാപ്പ് ഇല്ല

16 മത്സ്യം ഉണക്കാനും, സൂക്ഷിക്കാനും, വിൽക്കാനും സൗകര്യങ്ങൾ പൊതുമേഖലയിൽ ഇല്ല.

## സാദ്ധ്യതകൾ

1 കർഷകർ ഉൽപ്പാദിപ്പിക്കപ്പെടുന്ന തേങ്ങയും കൊപ്രയും വിൽക്കുന്നതിനായി തേങ്ങാ സംഭരണ കേന്ദ്രവും കൊപ്രസംഭരണകേന്ദ്രവും സർക്കാർ നേരിട്ടോ സഹകരണ മേഖലയിലോ ആരംഭിക്കണം

2 ന്യായവിലക്ക് സാധനങ്ങൾ വിൽക്കാനും വാങ്ങാനും ഉപഭോക്താക്കളുടെ സഹകരണസംഘം രൂപീകരിക്കാം

3 ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവാന്മാരാക്കാം.

പരമ്പരാഗത ഗൃഹോപകരണങ്ങളുടെ വിപണനത്തിനു പൊതു കച്ചവടസ്ഥാപനങ്ങൾ ആരംഭിക്കാം

5 വെറ്റില ചന്തപോലുള്ള മറ്റു ഉൽപ്പന്നങ്ങൾക്കായുള്ള ആഴ്ച ചന്തകൾ ആരംഭിക്കുകയും അതിനുള്ള സ്ഥലവും സൗകര്യങ്ങളും പഞ്ചായത്തിന് ഏർപ്പെടുത്തുകയും ചെയ്യാം

6 സർക്കാർ തലത്തിൽ പൊതുമാർക്കറ്റുകൾ ആരംഭിക്കാം

7 പഞ്ചായത്ത് തലത്തിൽ വിപണനമേളകൾ സംഘടിപ്പിച്ചുകൊണ്ട് നമ്മുടെ ഉൽപ്പന്നങ്ങൾക്ക് നാട്ടിൽ തന്നെ മാർക്കറ്റ് ഉണ്ടാക്കാം.

8 കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കാം

9 സാധനങ്ങളുടെ പാക്കറ്റ് വിലക്ക് തന്നെ വിൽപ്പന നടത്തുന്നുണ്ടോ എന്നു അന്വേഷിക്കാനുള്ള അധികാരം പഞ്ചായത്തിനു നൽകാം

10 ഹോട്ടൽ, റസ്റ്റാറന്റുകളിലെ വിലകൾ പഞ്ചായത്ത് തലത്തിൽ ഏകീകരിക്കാൻ നടപടികൾ സ്വീകരിക്കാം

11 ഭക്ഷണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും അവ പരിശോധിക്കാനുമുള്ള സംവിധാനം കർശനമാക്കുക

12 വിലനിലവാരവും സ്റ്റോക്കും പ്രദർശിപ്പിക്കുക എന്ന നിയമം കർശനമാക്കാനും അതിനുള്ള മേൽനോട്ടം വഹിക്കാൻ പഞ്ചായത്തിനെയും ജനപ്രതിനിധികളെയും അധികാരപ്പെടുത്താം

13 അളവുകളും തൂക്കങ്ങളും ശരിയാണെന്നു ഉറപ്പുവരുത്താനും അവ പരിശോധിക്കാനുമുള്ള അധികാരം പഞ്ചായത്തിനും ജനപ്രതിനിധികൾക്കും നൽകാം.

14 റേഷൻ ഷാപ്പുകൾ പഞ്ചായത്തിന്റെ ഓരോ വാർഡിലും ആരംഭിച്ച് പൊതു വിതരണ ശൃംഖല മെച്ചപ്പെടുത്താം.

15 നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിക്കപ്പെടുന്ന വിവിധ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകി അവയുടെ വിൽപ്പന ത്വരിതപ്പെടുത്താം

16 മത്സ്യം ഉണക്കാനും, വളമാക്കാനും, സംസ്ക്കരിക്കാനും സൗകര്യങ്ങളുണ്ടാക്കി വിപണനം മെച്ചപ്പെടുത്താം

17 അറവുമാടുകളുടെ ആരോഗ്യം ഹെൽത്ത് ഇൻസ്പക്ടർമാർ ഉറപ്പുവരുത്തുകയും ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും പഞ്ചായത്ത് അതിന്റെ മേൽനോട്ടം വഹിക്കുകയും വേണം. ■





# ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

## ഭവന നിർമ്മാണം

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള വീടുകളുടെ എണ്ണം 4630 ആണ്. ഇതിൽ കോൺക്രീറ്റ് വീടുകളുടെ എണ്ണം 2295ഉം ഓടിട്ട വീടുകൾ 1625ഉം ബാക്കിയുള്ളവ മോശമായ കുടിലുള്ളുമാണ്. നമ്മുടെ നാട്ടിൽ പഴയ കാലത്ത് കണ്ടു വന്നിരുന്ന നാലുകെട്ടും നടുമുറ്റവും ഇല്ലാതായി കോൺക്രീറ്റ് വീടുകൾ ഉയർന്നു വന്നിരിക്കുകയാണ്.

കെട്ടിട നിർമാണ രംഗത്ത് ഗൾഫ് പണത്തിന്റെ 75ശതമാനവും മണിസൗധങ്ങൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്നു. പഞ്ചായത്തിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും കെട്ടിട നിർമ്മാണ രംഗത്താണ് ജോലിചെയ്യുന്നത്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കാരണം ഇടത്തരക്കാർ, ദരിദ്ര വിഭാഗങ്ങൾ എന്നിവർക്ക് സർക്കാരിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, ലോൺ എന്നിവ അപര്യാത്പമാണ്.

1991-92 കാലത്ത് സിമന്റിന്ന് 70 രൂപ ആയിരുന്നത് 1996-ൽ 188 രൂപയായി വർദ്ധിച്ചിരിക്കയാണ്. ഇക്കാ

ലയളവിൽ വെട്ടു കല്ല് ആയിരത്തിന് 1200 രൂപയിൽ നിന്ന് 1996ൽ 8500 രൂപയായി വർദ്ധിച്ചിട്ടുണ്ട്. കോൺക്രീറ്റ് യൂണിറ്റിന് 1991-1992 കാലഘട്ടത്തിൽ 1200 രൂപായയിരുന്നത് 2200 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

സർക്കാർ JRY, RLEGP, JAY എന്നീ പദ്ധതികളിലൂടെ വീട് നിർമ്മിക്കാൻ അനുവദിക്കുന്നത് 22,500 രൂപയാണ്. കെട്ടിട സാമഗ്രികളുടെ കുതിച്ചു കയറുന്ന വില കാരണം ഇത്തരത്തിലുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ വരികയാണ്. നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 6222 ആണ്. നികുതി ഒഴിവുള്ള കെട്ടിടങ്ങൾ അമ്പലം, പള്ളി, സ്കൂൾ, ആശുപത്രി, കുടിലുകൾ എന്നിവ അടക്കം 2192ആണ്. പഞ്ചായത്തിൽ മൊത്തം കക്കൂസ് സൗകര്യമുള്ള വീടുകളുടെ എണ്ണം 3330 ആണ്. കൂടാതെ JRY പദ്ധതിയിൽ 130 കക്കൂസുകൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. വൈദ്യുതീകരിച്ച വീടുകൾ 1831 ആണ്. പാടം നികത്തി കെട്ടിടം പണിയുന്ന പ്രവണത പഞ്ചായത്തിന്റെ പല ഭാഗത്തും നടന്നുവരുന്നുണ്ട്. ഇത് നിയമം മൂലം തടയാൻ കഴിയണം.

## പ്രശ്നങ്ങൾ

1. തീരപ്രദേശത്ത് വീട് പണിയുന്നതിന് നിലവിലുള്ള തീരദേശ പരിപാലന നിയമം തടസ്സമാകുന്നു.
2. പൊതുവഴികൾ കുറഞ്ഞുവരുന്നു.
3. മതിൽ കെട്ടുമ്പോൾ ഇടവഴികളും മറ്റും കുറഞ്ഞുവരുന്നു.
4. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഇപ്പോൾ ലഭിക്കുന്ന ഹൗസിംഗ് ലോൺ, ഗ്രാന്റ് എന്നിവ പരിമിതമാണ്.
5. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്കിൽ അന്തരമുണ്ട്.
6. പൊതുവഴികളില്ലാത്ത കോളനികൾ നിലവിലുണ്ട്
7 കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില വർദ്ധിച്ചുവരുന്നു.
8. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ കൂടുതലുണ്ട്.
9. കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ഈടാക്കുന്ന നികുതി കൂടുതലാണ്.
10. പാവപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കിട്ടുന്നതിൽ താമസം നേരിടുന്നു.
11. 4 സെന്റ് കോളനികളിലെ വീടുകളുടെ അറ്റകുറ്റപണികൾ നടക്കാറില്ല.
12. പട്ടിക ജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് വീടുവെയ്ക്കാൻ അനുവദിച്ച ഗ്രാന്റ് പൂർണ്ണമായും അവർ ഉപയോഗപ്പെടുത്തുന്നില്ല.
13. ഗവൺമെന്റ് മിച്ച ഭൂമിയായി ഏറ്റെടുത്ത് ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചു നൽകിയ സ്ഥലത്തെ വീടുകൾക്ക് കെട്ടിട നമ്പറില്ല.

## സാധ്യതകൾ

1. കുടിൽ നിർമ്മിക്കുമ്പോൾ പ്ലാനില്ലാതെ പെർമിഷൻ നൽകാൻ നടപടി സ്വീകരിക്കുക.
2. കരിങ്കൽ ഭിത്തികളും മതിലുകളും കാരണം പൊതുവഴികൾ തടസ്സപ്പെടുന്നത് ഒഴിവാക്കുക.
3. മതിൽ കെട്ടുമ്പോൾ ഇടവഴികൾ നികത്തുന്നത് പ്രശ്നമാകുന്നതിനാൽ നിലവിലുള്ള നിയമം കർശനമാക്കുക.
4. വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകിവരുന്ന ഭവന നിർമാണ വായ്പ തുക വർദ്ധിപ്പിക്കുക.
5. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്ക് മേഖലാടിസ്ഥാനത്തിൽ ഏകീകരിക്കുക.
6. പൊതുവഴിയില്ലാത്ത വരിക്കോളി ലക്ഷം വീട്, ഉതിരുപറമ്പ്, പൂവൻ ചാലിൽ എന്നിവിടങ്ങളിലേക്ക് പൊതു വഴി നിർമ്മിക്കുക.
7. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വർദ്ധിച്ചു വരുന്ന വില കുറയ്ക്കാൻ നടപടി സ്വീകരിക്കുക.
8. വർദ്ധിച്ചു വരുന്ന കെട്ടിട നികുതി കുറയ്ക്കാൻ നടപടി സ്വീകരിക്കുക.
10. പാവപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുക.
11. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ നിർമ്മിച്ചുവരുന്ന വീടുകൾ പൂർത്തീകരിക്കാനുള്ള ധനസഹായം നൽകുക.
12. ലക്ഷംവീട് പൊളിച്ചു മാറ്റി ഒറ്റവീടാക്കാൻ നടപടി സ്വീകരിക്കുക.
13. റെയിൽവെ B ക്ലാസ് സ്ഥലത്ത് നിർമിച്ചുകഴിഞ്ഞ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ഹൗസ് നമ്പർ കൊടുക്കുക.

**ഭവനനിർമ്മാണം - സ്ഥിതി വിവരകണക്ക്**

ആകെ വീടുകളുടെ എണ്ണം ........ 4630
കോൺക്രീറ്റ് വീടുകളുടെ എണ്ണം ........ 2295
ഓടിട്ട വീടുകളുടെ എണ്ണം ........ 1625
ഓലമേഞ്ഞ (മോശം) വീടുകളുടെ എണ്ണം ........ 495
പഞ്ചായത്ത് നികുതി ഈടാക്കുന്ന

| | |
|---|---|
| വീടുകളുടെ എണ്ണം | 4135 |
| നികുതി ഒഴിവുള്ള വീടുകളുടെ എണ്ണം | 495 |
| വിവിധ ഡിപ്പാർട്ടുമെന്റിൽനിന്നും ധനസഹായം ലഭിച്ച വീടുകളുടെ എണ്ണം | – |
| നിലവിൽ കക്കൂസ് സൗകര്യം ഉള്ള വീടുകളുടെ എണ്ണം | 3330 |
| കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം | 1300 |
| വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | 1831 |
| ലക്ഷം വീടുകളുടെ എണ്ണം | 100 |
| നാലുസെന്റ് കോളനികളുടെ എണ്ണം | 9 |
| നാലുസെന്റ് കോളനിയിലെ വീടുകളുടെ എണ്ണം | 130 |
| ഹരിജൻ കോളനികളുടെ എണ്ണം | 5 |
| അംഗൻവാടികളുടെ എണ്ണം | 18 |
| സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികളുടെ എണ്ണം | 10 |
| സ്വന്തമായി സ്ഥലം നിലവിലുള്ള അംഗൻ വാടികളുടെ എണ്ണം | 5 |
| മഹിളാ സമാജങ്ങളുടെ എണ്ണം | 10 |

## സാമൂഹ്യ ക്ഷേമം

തിക്കോടി ഗ്രാമ പഞ്ചായത്തിലെ മൊത്തം ജന സംഖ്യ 22998 ആണ്. ഇതിൽ സ്ത്രീകൾ 11979 വരും. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ 1559ആണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഇവരെ ഉയർത്തി ക്കൊണ്ടു വരാൻ ഒട്ടേറെ പദ്ധതികൾ സർക്കാർ നട പ്പാക്കിയിട്ടുണ്ടെങ്കിലും ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നു. സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന തൊഴി ലില്ലായ്മ പരിഹരിച്ചാൽ മാത്രമെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിനെ ഒരളവോളം സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളു.

ട്രൈസം തൊഴിൽ പരിശീലനം തുടങ്ങി ഒട്ടന വധി തൊഴിൽ പരിശീലനം നേടിയവർ ഈ പഞ്ചായ ത്തിലുണ്ട്. സ്ത്രീകളിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരും തൊഴിൽ രഹിതരുമാണ്. പ്ലമ്പിംഗ്, കരകൗശലം, പ്രിന്റിംഗ്, വയറിംഗ്, റേഡിയോ, ടി. വി. റിപ്പയറിംഗ്, ബുക്ക് ബൈൻഡിംഗ്, തയ്യൽ, റെഡിമെയ്ഡ് എന്നി ങ്ങനെയുള്ള തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയും പാരമ്പര്യ തൊഴിൽ മേഖലയായ കയർ, കൈത്തറി, തഴ പ്പായ എന്നിവ പുനരുജ്ജീവിപ്പിക്കുകയും വേണം. IRDP പദ്ധതി പ്രകാരം ധനസഹായം ലഭിച്ച നാലോളം യൂണി റ്റുകൾ ഈ പഞ്ചായത്തിലുണ്ട്. റെഡിമെയ്ഡ്, ഗാർമെന്റ് മെയ്ക്കിംഗ്, കല്ലുടക്കൽ എന്നിവയോടൊപ്പം പപ്പട നിർമ്മാണം, അച്ചാർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങളും പ്രോത്സാ ഹിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിക്കേണ്ട താണ്.

പഞ്ചായത്തിൽ 200ൽ താഴെ വികലാംഗരുണ്ട്. ഇവർക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വികലാംഗരുടെ ക്ഷേമം ഉറപ്പുവ രുത്തേണ്ടതാണ്. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ദരിദ്ര കുടുംബങ്ങൾ പഞ്ചായത്തിലെ ജനസംഖ്യയിൽ 20 ശതമാനത്തോളം വരും. ഇവരെ നിലവിലുള്ള കോളനി സമ്പ്രദായം മാറ്റി താമസിക്കുവാനുള്ള സൗകര്യം നൽകി വരുംതലമുറയെ കൂടുതൽ സമ്പന്നമായ സംസ്ക്കാര ത്തിന്റെ ഉടമകളാക്കുവാൻ കഴിയണം.

വിവിധ പെൻഷനുകളിലായി 1320 ഗുണഭോക്താ ക്കളുണ്ട്. വിധവാ പെൻഷൻ 404, വികലാംഗ പെൻഷൻ 140, വാർദ്ധക്യകാല പെൻഷൻ 84, അവശ കലാകാര പെൻഷൻ 1, ക്ഷയരോഗ പെൻഷൻ 7, കർഷകത്തൊ ഴിലാളി പെൻഷൻ 684, തൊഴിൽ രഹിത വേതനം 188 എന്നീ ഇനത്തിലാണിത്. വിവിധ പെൻഷനുകൾക്കായി അപേക്ഷിച്ചു പെൻഷൻ ലഭിക്കാൻ കാത്തുനിൽക്കുന്ന വർ നൂറിലധികമുണ്ട്.

വിധവകളുടെ കുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം, വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് എന്നീ സഹായധനങ്ങളും പെൻഷനുകളും കാലോ ചിതമായ വർദ്ധനവിലൂടെ വിതരണം ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 18 അംഗൻവാടികൾ ഉണ്ട്. ഇതിൽ 8 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. 5 അംഗൻവാടികൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്, കെട്ടിടമില്ല. ബാക്കി വരുന്ന 5 അംഗൻവാടികൾക്ക് സ്ഥലവും കെട്ടിവും കണ്ടെത്തേണ്ട തുണ്ട്. അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്ക് സമൂ ഹത്തിൽനിന്നും പൂർണ്ണമായ സഹകരണം അത്യാവശ്യ മാണ്. അംഗൻവാടികൾക്ക് കക്കൂസ്, വെള്ളം, കളി സ്ഥലം, കളിക്കോപ്പുകൾ എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ഇരുപതോളം മഹിളാ സമാജ ങ്ങളുണ്ട്. സാമൂഹ്യക്ഷേമ രംഗത്ത് സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അക്രമങ്ങൾ, സ്ത്രീധന പീഢനം, മദ്യം, മയ ക്കുമരുന്ന് എന്നിവ സമൂഹത്തിലുണ്ടാക്കുന്ന ഗുരുതര മായ ഒട്ടേറെ പ്രശ്നങ്ങൾ എന്നിവക്ക് പരിഹാരം കാണാൻ മഹിളാ സമാജങ്ങൾ ഉണർന്ന് പ്രവർത്തി ക്കേണ്ടതുണ്ട്.

തൊഴിൽനോക്കി ജാതിപ്പേര് വിളിച്ചുവന്നിരുന്ന നമ്മുടെ നാട്ടിൽ ഇന്ന് വ്യത്യസ്തമായ തൊഴിൽ മേഖല

യിലേക്ക് ആളുകൾ കടന്നുവന്നതോടെ അവരുടെ സാമൂഹ്യ ജീവിതത്തിൽ ആശാവഹമായ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും തെങ്ങ് കയറ്റത്തിനും, മണ്ണറിഞ്ഞ് വിള നിശ്ചയിച്ച് വിത്തിറക്കാനറിവുള്ള തൊഴിലാളികളെ ഇന്ന് നാട്ടിൻ പുറങ്ങളിൽ കിട്ടാനില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെയും, പട്ടികജാതിയിലെയും വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുകയും നമ്മുടെ പഞ്ചായത്തിലെ നിരക്ഷരരെകുറിച്ച് ഒരു പഠനം നടത്തി. സമ്പൂർണ്ണ സാക്ഷരത കൈവരിക്കുകയും വേണം.

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്ക് എടുത്ത് പറയേണ്ടതില്ല. സാമൂഹ്യബോധം വളർത്തിയെടുക്കാനും സാമൂഹ്യനീതി ഉറപ്പുവരുത്താനും സന്നദ്ധ സംഘടനകളുടെ ഒരു കൂട്ടായ പ്രവർത്തന ശൈലി വളർന്നു വരേണ്ടതുണ്ട്.

| സഹായധനങ്ങൾ - പെൻഷനുകൾ | |
|---|---|
| വിധവാ പെൻഷൻ | 404 |
| വികലാംഗ പെൻഷൻ | 404 |
| വാർദ്ധക്യകാല പെൻഷൻ | 84 |
| അവശകലാകാര സാഹിത്യ പെൻഷൻ | 1 |
| ക്ഷയരോഗ പെൻഷൻ | 7 |
| കാർഷിക പെൻഷൻ | 684 |
| തൊഴിൽ രഹിത വേതനം | 188 |

## പ്രശ്നങ്ങൾ

- ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾ ഏറെയുണ്ട് – ജീവിതോപാധികൾ ഇല്ല.
- ദുർബ്ബല വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ അനർഹർ തട്ടിയെടുക്കുന്നു. അജ്ഞതകൊണ്ട് പദ്ധതിയെ പറ്റി അവർ അറിയുന്നില്ല.
- IRDP ലിസ്റ്റിൽ അനർഹർ ഉൾപ്പെടുകയും അർഹരായവർ തള്ളപ്പെടുകയും ചെയ്യുന്നു.
- വനിതകൾക്കുള്ള ക്ഷേമ പദ്ധതികൾ അപര്യാപ്തമാണ്.
- ട്രൈസം ട്രെയിനികൾക്ക് യോജിച്ച രീതിയിൽ തൊഴിൽ ലഭിക്കുന്നില്ല
- മഹിളാ സമാജങ്ങളും ബാലവാടികളും കേന്ദ്രീകരിച്ചുള്ള പോഷകാഹാര വിതരണവും പ്രതിരോധ നടപടികളും തൃപ്തികരമല്ല.
- തീരദേശ പരിപാലന നിയമം പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നു.
- മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം സമൂഹത്തിൽ ഏറെ പ്രശ്നങ്ങളുണ്ടാക്കുന്നു. സർക്കാർ പതിച്ച് നൽകിയ ഭൂമിയിൽ അതിർത്തി നിർണയം കഴിയാത്തത് കൊണ്ട് ഉടമകൾ തമ്മിൽ തർക്കമുണ്ടാവുന്നു.
- സാമൂഹ്യ കേന്ദ്രങ്ങളായ ആശ്വാസമന്ദിരം, ശിശുമന്ദിരം വൃദ്ധ മന്ദിരം, കല്യാണ മണ്ഡപം എന്നിവയില്ല.
- വിവിധ തരത്തിലുള്ള പെൻഷൻ തുകകൾ യഥാകാലം കിട്ടാത്തതുകൊണ്ട് പ്രയാസം അനുഭവപ്പെടുന്നു.
- വികലാംഗർക്കുള്ള ആശ്വാസ നടപടികൾ കുറവാണ്
- സാക്ഷരതാ തുടർ പ്രവർത്തനം നടക്കുന്നില്ല.

## സാധ്യതകൾ

- പരിശീലനം ലഭിച്ചവർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുക, പാരമ്പര്യ കുടിൽ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക. വിപണന സൗകര്യങ്ങളേർപ്പെടുത്തുക.
- ദുർബല വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ അവർക്ക് തന്നെ ലഭിക്കുന്നുവെന്നു ഉറപ്പ് വരുത്തുക. പദ്ധതികളെ കുറിച്ച് പ്രചരണവും ബോധവൽക്കരണവും നടത്തുക.
- ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ജനകീയ സമിതികളുടെ സഹകരണം തേടുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.
- ജനകീയ സമിതികളുടെ സഹായത്തോടെ IRDP ലിസ്റ്റ് പുനഃപരിശോധിക്കുകയും ഗ്രാമസഭകളുടെ അംഗീകാരം തേടുകയും ചെയ്യുക.
- അംഗൻവാടികൾ കേന്ദ്രീകരിച്ച് വനിതകൾക്കായി തൊഴിൽ ലഭിക്കാൻ DWCRA യൂണിറ്റുകൾ രൂപീകരിക്കുക.
- ട്രൈസം ട്രെയിനികൾക്ക് അർഹിക്കുന്ന തൊഴിൽ ലഭ്യത ഉറപ്പു വരുത്തണം.
- ഇന്ന് നടന്നുവരുന്ന പോഷകാഹാര വിതരണവും പ്രതിരോധ നടപടിയും കാര്യക്ഷമമായും വ്യാപകമായും നടത്താൻ മഹിളാ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പ് വരുത്തുക.
- തീരദേശ പരിപാലന നിയമങ്ങളിൽ വീട് നിർമ്മാണത്തിനുള്ള വിലക്ക് ഒഴിവാക്കുക.

- മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുക.
- സർക്കാർ വിലക്കെടുത്ത് പതിച്ച് നൽകിയ നാല് സെന്റ് കോളനികളിലും ലക്ഷം വീടുകളിലും അതിർത്തി നിർണ്ണയം നടത്തുക.
- സാമൂഹ്യ അവശത അനുഭവിക്കുന്നവർക്ക് ലഭിക്കുന്ന പെൻഷനുകൾ യഥാവസരം വിതരണം ചെയ്യണം. വികലാംഗർക്കുള്ള ക്ഷേമ പ്രവർത്തനം ഉറപ്പ് വരുത്താൻ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ വികലാംഗ സംരക്ഷണ സമിതി രൂപീകരിക്കണം.
- ജനവിദ്യാ കേന്ദ്രങ്ങളും സാക്ഷരതാ സമിതികളും സജീവമാക്കണം.

### അംഗൻവാടികളുടെ വിവരം

ആകെ എണ്ണം 18

| നമ്പർ അംഗൻ വാടി | അംഗൻവാടി കേന്ദ്രം | വാർഡ് നമ്പർ | സ്വന്തമായുള്ള കെട്ടിടമുള്ളവ | കെട്ടിടമില്ലാത്തത് (ഇപ്പോൾ പ്രവർത്തിക്കുന്നത്) | സ്വന്തമായി സ്ഥലം ലഭിച്ചിട്ടുള്ളത്. |
|---|---|---|---|---|---|
| 84 | തെക്കെ കടപ്പുറം ലക്ഷംവീട് | 2 | സ്വന്തം കെട്ടിടം | – | – |
| 85 | തിക്കോടി ബീച്ച് | 1 | സ്വന്തം കെട്ടിടം | – | – |
| 86 | പള്ളിക്കര | 7 | – | വായനശാലാ കെട്ടിടം | ഇല്ല |
| 87 | തിക്കോടി റെയിൽവെ സ്റ്റേഷനു സമീപം | 4 | ജനറൽ സെക്ടർ പണി നടക്കുന്നു | – | – |
| 88 | കോടിക്കൽ ബീച്ച് | 4 | – | വീട്ടിൽ | ഇല്ല |
| 89 | ഭഗവതി കണ്ടി നാലു സെന്റ് കോളനി | 2 | ജി. എസ്. ഫണ്ട് പാസായി | – | – |
| 90 | പെരുമാൾപുരം (പൊന്നാരി) | 3 | സ്വന്തം കെട്ടിടം | – | – |
| 91 | സിനിമാഹാളിനു സമീപം | 5 | – | സ്വകാര്യ കെട്ടിടം | ഇല്ല |
| 92 | പാലൂർ ക്ഷേത്ര സമീപം | 5 | – | ഷെഡ് | ഉണ്ട് |
| 93 | പള്ളിക്കര മുത്താറ്റിൽ താഴം റോഡ് | 6 | – | ഷെഡ് | ഇല്ല |
| 94 | പള്ളിക്കര ഏഷ്യാഡ് മുക്ക് | 7 | SCP കെട്ടിടം | – | – |
| 95 | പള്ളിക്കര വെളുത്താടത്ത് നാലുസെന്റ് കോളനി | 6 | SCP കെട്ടിടം | – | – |
| 96 | കോഴിപ്പുറം | 8 | GS ഫണ്ട് പാസ്സായി | – | – |
| 97 | കൊപ്പരക്കണ്ടം | 9 | പഞ്ചായത്ത് ഫണ്ട് പാസ്സായി | – | – |
| 98 | പുറക്കാട് | 9 | ജവാൻ കൈനോളി സുകുമാരൻ സ്മാരക കെട്ടിടം | – | – |
| 99 | ഇടവനക്കണ്ടി | 10 | സ്വന്തം കെട്ടിടം | – | – |
| 100 | കിടഞ്ഞീകുന്ന് | 10 | SCP കെട്ടിടം | – | – |
| 113 | പള്ളിക്കര കോയിത്തനാരി | 7 | CPWP കെട്ടിടം | – | – |



# സാംസ്കാരം

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പു തന്നെ തിക്കോടി പഞ്ചായത്ത് സാംസ്കാരിക പ്രവർത്തനത്തിന്റെ കളിത്തൊട്ടിൽ ആയിരുന്നു. 1890ൽ രചിക്കപ്പെട്ട മീനാക്ഷി എന്ന നോവലിന്റെ കർത്താവ് പള്ളിക്കര ചെറുവലത്ത് ചാത്തു നായർ, സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കേന്ദ്രമായി പെരുമാൾ പുരത്ത് പ്രവർത്തിച്ച 'ശക്തി മന്ദിര'ത്തിന്റെ സ്ഥാപകൻ ഇ. സി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ, നാടകരംഗത്ത് അതികായനായ പി. ടി. കുഞ്ഞനന്തൻ നായർ പത്ര പ്രവർത്തന രംഗത്ത് പ്രശസ്തനായ ടി. പി. സി. കിടാവ് എന്നീ സാംസ്കാരിക നായകൻമാരും കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ വി. പി. മുഹമ്മദ്, വയലാർ അവാർഡ് നേടിയ തിക്കോടിയൻ, ഒളിമ്പ്യൻ പി. ടി. ഉഷ, ഇന്ത്യൻ വോളിബോൾ താരമായിരുന്ന രാഘവൻ വൈദ്യർ, തെയ്യം കലാകാരനായ ഏഷ്യാഡ് കുഞ്ഞിരാമൻ തുടങ്ങിയവർക്കും ജൻമം നൽകിയത് ഈ പഞ്ചായത്താണ്. മൊയ്യാരത്ത് ശങ്കരനെപ്പോലെയുള്ള പ്രശസ്തരായ അധ്യാപകർ പഠിപ്പിച്ചിരുന്ന പുറക്കാട് എലിമെന്ററി സ്കൂൾ, പുറക്കാട് പ്രവർത്തിക്കുന്ന എ. കൃഷ്ണൻ നായർ സ്മാരക ഗ്രന്ഥാലയവും വായനശാലയും സാംസ്കാരിക രംഗത്ത്

ആദ്യകാലത്ത് ഉദിച്ചുയർന്ന തേജോ ഗോളങ്ങളായി രുന്നു.

ഹിന്ദുക്കളും മുസ്ലിംകളും ഏകോദര സഹോ ദരങ്ങളെപ്പോലെ കഴിയുന്ന ഈ പഞ്ചായത്തിൽ 20 മുസ്ലിം പള്ളികളും 15 ഹിന്ദു ക്ഷേത്രങ്ങളും ഉണ്ട്. ചിര പുരാതനമായ തിക്കോടി മഹാഗണപതി ക്ഷേത്രം പെരുമാൾപുരം ശിവക്ഷേത്രം, നൈവാരണി ശ്രീകൃ ഷ്ണക്ഷേത്രം പാലൂർ മഹാവിഷ്ണുക്ഷേത്രം അരി മ്പൂര് കിരാതമൂർത്തി ക്ഷേത്രം എന്നിവ പ്രധാന ക്ഷേത്രങ്ങളും അതി പ്രാചീനമായ തിക്കോടി അങ്ങാടി പള്ളി, തിക്കോടി മിത്തലെ പള്ളി പുറക്കാട് തോട്ട ത്തിൽ പള്ളി, പാലൂർ പള്ളി, മേളാട്ട് പള്ളി എന്നിവ പ്രധാന പള്ളികളുമാണ്.

ശ്രീ കൊങ്ങന്നൂർ ഭഗവതി ക്ഷേത്രോത്സവവു മായി ബന്ധപ്പെട്ട് പുറക്കാട് നടക്കുന്ന പള്ളിവേട്ട, തിക്കോടി നടക്കുന്ന ആറാട്ട് എന്നീ സുപ്രസിദ്ധ ഉത്സ വങ്ങളിൽ ഹിന്ദുക്കളും മുസ്ലിംകളും ഒരുപോലെ പങ്കെ ടുക്കുകയും സഹകരിക്കുകയും ചെയ്യാറുണ്ട്. ഓണാ ഘോഷങ്ങളിലും മുസ്ലിംങ്ങളുടെ പെരുന്നാൾ ആഘോ ഷങ്ങളിലും ഇരു മതങ്ങളിലും പെട്ടവർ പരസ്പരം ഗൃഹസന്ദർശനവും വിരുന്നും നടത്താറുണ്ട്.

ജൻമിത്തം അവസാനിച്ചതിന്റെ ഫലമായുണ്ടായ സാമൂഹ്യ മാറ്റം എന്ന നിലയിലും മറ്റും തിക്കോടി പഞ്ചായത്തിൽ പല ക്ഷേത്രങ്ങളുടെയും നടത്തിപ്പിന് ജനകീയ കമ്മിറ്റികൾ നിലവിൽ വന്നു. തൽഫലമായി ജാതി അടിസ്ഥാനത്തിലുള്ള അകൽച്ച കുറഞ്ഞു. അതുപോലെ മുസ്ലിംകളിൽ ആധുനിക വിദ്യാഭ്യാ സവും മതബോധവും ഉണ്ടായതോടെ മുസ്ലിം സമു ദായത്തിന്റെ ഘടനയിലും നേതൃത്വത്തിലും മാറ്റങ്ങൾ ഉണ്ടായി തുടങ്ങി. സാമൂഹ്യ പരിഷ്കരണ രംഗത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ ഒറ്റപ്പെട്ട സംരംഭങ്ങൾ ഈ മാറ്റങ്ങൾക്ക് ആക്കം കൂട്ടി. ഇതിന്റെ ഫലമായി മുസ്ലിം സമുദായവും വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പുരോഗതി പ്രാപിച്ചു വരുന്നു.

ഇവിടെ വിവിധ ജാതി മത വിഭാഗങ്ങൾ നില നിൽക്കുന്നുണ്ടെങ്കിലും തൊഴിൽ രംഗത്തോ, സാംസ്കാരിക രംഗത്തോ ജാതി യാതൊരു സ്വാധീ നവും ചെലുത്തുന്നില്ല. എങ്കിലും പട്ടികജാതി വിഭാഗ ത്തിൽ പെട്ടവർ സാമ്പത്തികമായും സാമൂഹ്യമായും ഇതര സമുദായക്കാർക്കൊപ്പം വളർച്ച പ്രാപിച്ചിട്ടില്ല.

പഞ്ചായത്തിൽ ആകെ 35 കലാ കായിക സമി തികൾ 8 ഗ്രന്ഥശാലകൾ, 8 വായനശാലകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ തിക്കോടി ജവ ഹർലാൽ നെഹ്റു സ്മാരക സാംസ്കാരിക നിലയം പഞ്ചായത്ത് നേരിട്ടു നടത്തുന്നു. പള്ളിക്കര റിക്രിയേ ഷൻ സെന്റർ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ ജന കീയ സമിതിയാണ് നടത്തുന്നത്. വായനശാലകൾക്കും ക്ലബ്ബുകൾക്കുമായി 13 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ചെലവിൽ പത്രങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. (ആ സ്ഥാപനങ്ങളുടെ പേര് വിവരം അന്യത്ര ചേർത്തി ട്ടുണ്ട്)

ഗ്രന്ഥശാലയിലെ വരിക്കാരുടെ എണ്ണം അനു ദിനം കുറഞ്ഞു വരുന്നു. സ്ത്രീ വരിക്കാർ തുലോം കുറവാണ്. ജനങ്ങളിൽ വായനാശീലം കുറഞ്ഞുവ രുന്നു. കലാസമിതികളിൽ സ്ത്രീ പങ്കാളിത്തം ഇല്ലെന്ന് തന്നെ പറയാം. പഞ്ചായത്ത് വക നാല് ടെലിവിഷനു കൾ പ്രവർത്തിക്കുന്നു. (പട്ടിക ചുവടെ കൊടുത്തിരി ക്കുന്നു). 10 ശതമാനത്തോളം വീടുകളിലും ഇന്ന് സ്വന്ത മായി ടീവി ഉണ്ട്. എന്നാൽ കേബിൾ ടി. വി. നാമമാത്ര മാണ്. നേരത്തെ ഉണ്ടായിരുന്ന സിനിമാശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കലാകായിക പരിപാടി കൾ നടത്താനുതകുന്ന ഒരു മിനി സ്റ്റേഡിയം പഞ്ചാ യത്ത് പുറക്കാട് നിർമ്മിച്ചിട്ടുണ്ട്.

പട്ടിക

**പത്രങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ**

| നമ്പ്ര് | വാർഡ് | പേര് |
|---|---|---|
| 1 | 2 | ജവഹർലാൽ നെഹ്റു സ്മാരക സാംസ്കാരിക നിലയം |
| 2 | 7 | പള്ളിക്കര റിക്രിയേഷൻ സെന്റർ |
| 3 | 9 | എ. കൃഷ്ണൻ നായർ സ്മാരക വായന ശാല പുറക്കാട്. |
| 4 | 5 | കൈരളി വായനശാല തിക്കോടി. |
| 5 | 9 | ടാഗോർ ആർട്സ് ക്ലബ്ബ് പുറക്കാട് |
| 6 | 4 | ടാസ്ക് വായനശാല തിക്കോടി. |
| 7 | 7 | ചേതന ആർട്സ് ക്ലബ്ബ് പള്ളിക്കര. |
| 8 | 3 | വി. ക്ലബ്ബ് തിക്കോടി. |
| 9 | 6 | അനശ്വര പള്ളിക്കര |
| 10 | 1 | ക്രാന്തി കലാവേദി. തിക്കോടി |
| 11 | 3 | ദർപ്പണം കലാസമിതി, പെരുമാൾപുരം |
| 12 | 10 | ഇസ്ലാമിക് ലൈബ്രറി ആന്റ് റീഡിംഗ് റൂം, പുറക്കാട്. |
| 13 | 3 | ചൈതന്യ കലാവേദി, പെരുമാൾപുരം. |

പട്ടിക

ടി. വി. പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 10 | കിടഞ്ഞീക്കുന്ന് ഹരിജൻ കോളനി. |
| 2 | 9 | പുറക്കാട് ടാഗോർ ആർട്സ് ക്ലബ്ബ് |
| 3 | 7 | *പള്ളിക്കര റിക്രിയേഷൻ സെന്റർ. |
| 4 | 2 | പഞ്ചായത്ത് സാംസ്കാരിക നിലയം |

** ഇപ്പോൾ ഇവിടെ ടി. വി. പ്രവർത്തനക്ഷമമല്ല.*

പട്ടിക

ലൈബ്രറി കൗൺസിൽ ഗ്രാന്റ് കിട്ടുന്ന ലൈബ്രറികൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 7 | പള്ളിക്കര റിക്രിയേഷൻ സെന്റർ ലൈബ്രറി |
| 2 | 5 | കൈരളി ഗ്രന്ഥശാല, തിക്കോടി. |
| 3 | 9 | എ. കൃഷ്ണൻനായർ സ്മാരക വായന ശാല, പുറക്കാട്. |
| 4 | 1 | നേതാജി ഗ്രന്ഥാലയം, തിക്കോടി. |

## പ്രശ്നങ്ങൾ

1. ജനങ്ങളിൽ വിശേഷിച്ചു സ്ത്രീകളിൽ വായനാശീലം കുറയുന്നു.
2. വായനശാലകളുട എണ്ണം കുറയുന്നു.
3. മിക്ക കലാ സമിതികളും ക്ലബ്ബുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
4. നാടൻ കലകൾ നശിച്ചുകൊണ്ടിരിക്കുന്നു.
5. കളിസ്ഥലങ്ങൾ കുറഞ്ഞുവരുന്നു.
6. ഗ്രാമീണ കായിക വിനോദങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.
7. സ്ത്രീകളുടെ ഇടയിൽ കായിക താല്പര്യം കുറയുന്നു.
8. ജനങ്ങളിൽ ലഹരി സാധനങ്ങളുടെ ഉപയോഗം കൂടുന്നു.
9. ടി. വിയിൽ അശ്ലീലവും അനഭിലഷണീയവുമായ പരിപാടികൾ പ്രദർശിപ്പിക്കുന്നു.
10. മാതൃഭാഷയോടുള്ള അവഗണന സാംസ്കാരിക ജീർണ്ണതക്ക് കാരണമാവുന്നു.
11. അഴിമതി വർദ്ധിക്കുന്നു.

## സാധ്യതകൾ

1. വിദ്യാലയങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിക്കണം.


b. ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

c. മഹിളാ സമാജം വഴി സ്ത്രീകൾക്ക് പുസ്തകങ്ങൾ വീടുകളിൽ എത്തിക്കണം.

2. വായനശാലകൾക്ക് ധനസഹായം വർദ്ധിപ്പിക്കുക.
3. പഞ്ചായത്ത് തലത്തിൽ കേന്ദ്ര കലാ സമിതി രൂപീകരിക്കുക. കലാ മത്സരങ്ങൾ, പഠന സെമിനാറുകൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക.
4. തെയ്യം, തോറ്റം, പൂരക്കളി, പരിചക്കളി, ദഫ്, ഒപ്പന, കോൽക്കളി മുതലായ കലകളെ സംരക്ഷിക്കുക. കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുക. നാടൻ പാട്ടുകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കുക.
5. സ്കൂൾ സമയത്തിന് ശേഷം പയ്യോളി ഹൈസ്കൂൾ ഗ്രൗണ്ടിൽ പൊതുവായി കളിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. എല്ലാ വാർഡുകളിലും മിനി സ്റ്റേഡിയം നിർമ്മിക്കുക.
6. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് നാടൻ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. കായികക്ഷമത കാണിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക.
7. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി കായിക മത്സരങ്ങൾ സൈക്കിൾ സവാരികൾ എന്നിവ സംഘടിപ്പിക്കുക. തൊഴിൽ രംഗവുമായി ബന്ധപ്പെട്ട മത്സരങ്ങൾ (പായ്നെയ്ത്ത്, ഓലമടയൽ) തുടങ്ങിയവ സംഘടിപ്പിക്കുക.
8. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിന്നെതിരെ ബോധവൽക്കരണം നടത്തുക.
9. ടി. വിയിൽ അശ്ലീല രഹിതവും മൂല്യശേഷിയുള്ളതുമായ പരിപാടികൾ പ്രദർശിപ്പിക്കുക.
10. പ്രൈമറി തലത്തിൽ മാതൃഭാഷയിൽ മാത്രം അധ്യയനം നടത്തുക ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിരുത്സാഹപ്പെടുത്തുക.
11. അഴിമതിക്കെതിരെ ബോധവൽക്കരണം നടത്തുക.
12. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
13. കേരളോത്സവം പോലുള്ള പരിപാടികൾ നടത്താൻ കലാ കായിക സംഘടനകളുടെയും താൽപ്പര്യമുള്ള വ്യക്തികളുടെയും ഒരു സ്ഥിരം പഞ്ചായത്തു തല സമിതി രൂപീകരിക്കുക.

### പഞ്ചായത്തിലെ ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | പേര് | വാർഡ് | കെട്ടിടത്തിന്റെ സ്ഥിതി |
|---|---|---|---|
| 1. | നേതാജി ഗ്രന്ഥാലയം, തിക്കോടി | 1 | വാടകക്കെട്ടിടം |
| 2. | ജവഹർ സാംസ്കാരിക നിലയം തിക്കോടി | 2 | സ്വന്തം കെട്ടിടം |
| 3 | കൈരളി ഗ്രന്ഥശാല, തിക്കോടി | 5 | വാടക കെട്ടിടം |
| 4. | സർസയ്യിദ് ലൈബ്രറി, പാലൂർ | 5 | താല്ക്കാലിക കെട്ടിടം |
| 5. | ഇൽമുൽഹുദ മദ്രസ ലൈബ്രറി, പള്ളിക്കര | 6 | സ്വന്തം കെട്ടിടം |
| 6. | പള്ളിക്കര റിക്രിയേഷൻ സെന്റർ ലൈബ്രറി | 7 | സ്വന്തം കെട്ടിടം |
| 7. | എം. കൃഷ്ണൻനായർ സ്മാരക വായനശാല, പുറക്കാട് | 9 | വാടക കെട്ടിടം |
| 8. | ഇസ്ലാമിക് ലൈബ്രറി ആന്റ് റീഡിങ്ങ് റൂം, പുറക്കാട് | 10 | സ്വന്തം കെട്ടിടം |
| 9. | ഇസ്ലാമിക് സെന്റർ ഫോർ റിസർച്ച് ആന്റ് സ്റ്റഡീസ് പുറക്കാട് | 10 | വാടക കെട്ടിടം |



# വനിത

**1991**ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 52% സ്ത്രീകളാണ്. സ്ത്രീ പുരുഷ അനുപാതം 1000 പുരുഷനു 1087 സ്ത്രീകൾ വരും. ജില്ലാതലത്തിൽ ഈ അനുപാതം 1027 ഉം സംസ്ഥാന തലത്തിൽ 1036ഉം ആണ്.

മൂന്നു ദശാബ്ദങ്ങൾക്ക് മുൻപ് വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവായിരുന്നു. എന്നാൽ സമീപകാലത്ത് ഈ രംഗങ്ങളിൽ വലിയ മാറ്റം സംഭവിച്ചതായി കാണാം. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന 5558 കുട്ടികളിൽ 2704 പേർ പെൺകുട്ടികളാണ്. ഇവരിൽ പട്ടികജാതിയിൽ വരുന്ന 371 കുട്ടികളിൽ 189 പേർ വിദ്യാർത്ഥിനികളാണ്. പഞ്ചായത്തിലെ സ്ത്രീ സാക്ഷരതയാവട്ടെ 85%ൽ എത്തി നിൽക്കുന്നു. ജനക്ഷേമകരമായ നിയമങ്ങളും സാമൂഹിക നീതിക്കായി ജനങ്ങൾ നടത്തിയ പോരാട്ടങ്ങളും ഈ മാറ്റത്തിന് കാരണമാണ്. പിന്നോക്ക പട്ടികജാതി വിഭാഗത്തിന് നല്കിവരുന്ന സ്കോളർഷിപ്പുകളും സഹായധനവും ആ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഒരുകാലത്ത് സ്കൂളുകളിലേക്ക് പെൺകുട്ടികളെ അയക്കാൻ വൈമുഖ്യം കാണിച്ചിരുന്ന മുസ്ലിം സമുദായം ഇന്ന് മുഴുവൻ പെൺകുട്ടികളേയും

സ്കൂളുകളിലേക്ക് അയക്കുന്നു.

ഈ പ്രദേശത്തെ പ്രധാനതൊഴിൽ മേഖലകളായ കാർഷികരംഗത്തും പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, കൈത്തറി, മത്സ്യ വിപണനം എന്നീ രംഗങ്ങളിലുമാണ് കൂടുതൽ വനിതകൾ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ കാർഷിക രംഗത്തെ മുരടിപ്പും ഗൾഫ് സ്വാധീനവും നിമിത്തം കെട്ടിട നിർമ്മാണം, ടെയ്ലറിങ്ങ്, എംബ്രോയ്ഡറി തുടങ്ങിയ തൊഴിൽ തുറകളിലേക്ക് സ്ത്രീകളുടെ പ്രവാഹം തന്നെയായിട്ടുണ്ട്. അഭ്യസ്തവിദ്യരായ വനിതകളിൽ തൊഴിലില്ലായ്മ നിലനിൽക്കുകയും ചെയ്യുന്നു. അതേ അവസരത്തിൽ പരമ്പരാഗത തൊഴിലുകൾ ചെയ്യാൻ വനിതകൾ വിസമ്മതം കാണിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾക്ക് പരമ്പരാഗത തൊഴിലായ പായനെയ്ത്തിലും മറ്റും താൽപ്പര്യം കുറഞ്ഞിട്ടില്ല. നെൽകൃഷി, പച്ചക്കറി കൃഷി ഇടവിള കൃഷി എന്നിവയിൽ ഏർപ്പെട്ടിരുന്ന സ്ത്രീകൾ ഇന്ന് ആ രംഗത്തുനിന്നും വിട്ടുനില്ക്കുന്നു. സ്ഥായിയായ തൊഴിലെടുക്കുന്ന വനിതകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നില്ല.

തൊഴിൽ വേതനത്തിൽ സ്ത്രീ പുരഷ വ്യത്യാസം നിലനില്ക്കുകയാണ് കെട്ടിട നിർമ്മാണത്തിലും കൃഷിപ്പണിയിലും പുരുഷന് സ്ത്രീയേക്കാൾ യാഥാക്രമം 35 രൂപയും 25രൂപയും അധികം ലഭിക്കുന്നു. ജാതി അടിസ്ഥാനത്തിൽ മാത്രം ചെയ്തിരുന്ന തൊഴിൽ രംഗത്തേക്ക് ഉയർന്ന ജാതിക്കാരായ വനിതകളും കടന്നുവരുന്നത് പുതിയ പ്രവണതയാണ്.

ആരോഗ്യകാര്യങ്ങളിൽ സ്ത്രീകളും വളരെ പിറകിൽ നില്ക്കുന്നു. അമിതവും വിശ്രമരഹിതവുമായ ജോലികളുടെ ഫലമായി സ്ത്രീകളുടെ ആരോഗ്യം തകരുന്നു. ബഹുജന സംഘടനകളിലും മറ്റ് സാമൂഹ്യ പ്രസ്ഥാനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.

സ്ത്രീ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ നാമമാത്രമാണ്. മാത്രമല്ല ചുരുങ്ങിയ വേതനത്തിൽ കച്ചവടസ്ഥാപനങ്ങളിൽ ജോലി നല്കി അവരെ ചൂഷണം ചെയ്യുന്ന ഒരു സ്ഥിതിവിശേഷം വർദ്ധിച്ചിട്ടുണ്ട്. ഇന്നും സമൂഹത്തിൽ പുരുഷാധിപത്യം നിലനില്ക്കുന്നു എന്നതാണ് സത്യം. സ്ത്രീകളുടെ നേരെയുള്ള അക്രമം പഞ്ചായത്തിൽ താരതമ്യേന കുറവാണ്. പൊതുവിൽ സ്ത്രീകളുടെ അവസ്ഥ മാറിയിട്ടുണ്ടെങ്കിലും അവരുടെ പദവിക്ക് പറയത്തക്ക മാറ്റം സംഭവിച്ചിട്ടില്ല.

പഞ്ചായത്തിൽ 18 അംഗനവാടികളും, വിധവാ പെൻഷൻ ലഭിക്കുന്ന 404 പേരും 175 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്.

DWCRA (ഡി. ഡബ്ല്യു. സി. ആർ. എ): ഗ്രാമവികസന വകുപ്പ് വഴി ഗ്രാമീണ വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിന് വേണ്ടി നടപ്പിലാക്കുന്ന സംഘടിത തൊഴിൽ സംരംഭ പദ്ധതിയാണിത്. ഈ പദ്ധതി 10 വനിതകളെങ്കിലും ഉള്ള ഗ്രൂപ്പാണ് നടത്തുന്നത്. യൂനിസെഫിന്റെ പ്രത്യേക സഹായം ഇതിന് ലഭിക്കുന്നു. പഞ്ചായത്തിൽ 20 വനിതകളുള്ള രണ്ട് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**തൊഴിൽ പങ്കാളിത്തം**

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 214 | 77 |
| കർഷകത്തൊഴിലാളി | 400 | 131 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | 714 | 27 |
| ഖനനം | 57 | 3 |
| കുടിൽ വ്യവസായം | 94 | 56 |
| മറ്റ് വ്യവസായങ്ങൾ | 294 | 137 |
| കെട്ടിട നിർമ്മാണം | 267 | 180 |
| വ്യാപാരം | 850 | 27 |
| ഗതാഗതം, വാർത്താവിനിമയം | 427 | 66 |
| ഭാഗിക തൊഴിലുള്ളവർ | 556 | 400 |
| മറ്റുള്ളവർ | 560 | 211 |
| ആകെ | 4433 | 1315 |

**സ്ത്രകളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| സ്ഥാപനം | വാർഡ് | സ്ഥലം |
|---|---|---|
| ചാന്ദ്നി മിൽക്ക് പ്രൊഡക്ട്സ് | 7 | പള്ളിക്കര |
| കിമോണ ഡ്രസ് മേക്കേഴ്സ് | 9 | പുറക്കാട് |
| മൈക്കോ മിൽക് പ്രൊഡക്ട്സ് | 4 | കോടിക്കൽ |


## പ്രശ്നങ്ങൾ


1. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. വനിതകൾക്ക് കൂലി കുറവാണ്.
3. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീകളോടുള്ള അവഗണന നിലവിലുണ്ട്.
4. തൊഴിൽ മേഖലകളിൽ സ്ത്രീകളോടുള്ള വിവേചനം നടക്കുന്നു.
5. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
6. കായിക രംഗത്ത് സ്ത്രീകളുടെ സാന്നിധ്യം കുറഞ്ഞിരിക്കുന്നു.

7. സ്ത്രീകൾക്കെതിരായ സാംസ്കാരികാക്രമണം നടക്കുന്നു.
8. കാർഷികരംഗത്തെ മുരടിപ്പ് സ്ത്രീകളായ കർഷകത്തൊഴിലാളികളെ ബാധിക്കുന്നു.
9. സാമൂഹിക അനാചാരങ്ങൾ നിലനില്ക്കുന്നു.
10. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യം നിർവഹിക്കാനുള്ള സൗകര്യം കുറവാണ്.
11. മേലടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ വനിതാ ഡോക്ടർമാർ ഇല്ല.
12. പുരുഷൻമാർ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നു.
13. മേലടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വരുന്ന രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

## സാദ്ധ്യതകൾ

1. ചെറുകിട വ്യവസായ രംഗത്ത് താഴെ പറയുന്ന മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാം.
   - മെഴുകുതിരി നിർമ്മാണം
   - കുടനിർമ്മാണം
   - അച്ചാർനിർമ്മാണം
   - റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
   - ചന്ദനത്തിരി നിർമ്മാണം
   - പരമ്പരാഗത തൊഴിൽരംഗം
   - കയർപിരി
   - തുണിനെയ്ത്ത്
   - പായനെയ്ത്ത്
   - വല നിർമ്മാണം
2. കന്നുകാലി വളർത്തൽ, കൊഴി വളർത്തൽ, പച്ചക്കറി കൃഷി, ഉദ്യാനകൃഷി എന്നിവയ്ക്ക് ആവശ്യമായ സഹായം നല്കുക.
3. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീകൾക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുക.
4. തൊഴിൽ മേഖലകളിൽ സ്ത്രീ സംവരണം ഏർപ്പെടുത്തുക. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. വേതനത്തിലുള്ള അന്തരം കുറയ്ക്കുക.
5. രാഷ്ട്രീയ പാർട്ടികളിലും മറ്റ് ബഹുജന സംഘടനകളിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
6. പഞ്ചായത്ത് തലത്തിൽ വനിതകൾക്ക് മാത്രമായി കായിക പരിശീലനം ഏർപ്പെടത്തുക.
7. സ്ത്രീകൾക്കെതിരായ സാംസ്കാരികാക്രമണത്തെ തടയുന്നതിന് ബോധവൽക്കരണം നടത്തുക.
8. സ്ത്രീകൾക്കിടയിൽ നിയമ സാക്ഷരതയും ബോധവൽക്കരണവും നടത്തുക.
9. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായി മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക, വെള്ളം ലഭ്യമാക്കുക. സ്കൂളുകളിൽ പെൺകുട്ടികൾക്കുള്ള മൂത്രപ്പുരയിൽ വെള്ളം ഏർപ്പെടുത്തുക.
10. മേലടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ത്രീരോഗ വിദഗ്ദ്ധരെ നിയമിക്കുക.
11. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക. ബോധവൽക്കരണം നടത്തുക.
12. പുകയില്ലാത്തതും ചെലവുകുറഞ്ഞതും ദക്ഷത കൂടിയതുമായ അടുപ്പുകൾ നിർമ്മിക്കുക.
13. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.
14. വിധവകളുടെ മകൾക്ക് വിവാഹത്തിന് നൽകുന്ന ധന സഹായം വർദ്ധിപ്പിക്കുക.
15. കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ പരിശീലനം സ്ത്രീകൾക്ക് നൽകണം.
16. സ്ത്രീകൾക്ക് വിവിധ തൊഴിൽമേഖലകളിൽ കൂടുതൽ പ്രാതിനിധ്യം നൽകുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പഠിച്ച് പദ്ധതി തയ്യാറാക്കുക. ■





# സഹകരണം

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പുതന്നെ രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ കോ–ഓപ്പറേറ്റീവ് സംഘം ഇവിടെ ആരംഭിച്ചു. വസ്ത്രങ്ങൾക്കും ഭക്ഷ്യവസ്തുക്കൾക്കും വന്നുചേർന്ന കൊടിയ ക്ഷാമത്തിൽ നിന്ന് ഈ പ്രദേശത്തിന് അത് വലിയ സഹായമായി. 1943 കാലത്ത് പുറക്കാട് പ്രവർത്തനമാരംഭിച്ച 'കോ–ഓപ്റേറ്റീവ്' സ്റ്റോറിനേയാണ് ഇവിടെ സൂചിപ്പിക്കുന്നത്. വരിക്കാലിൽ കൃഷ്ണൻ നായർ പ്രസിഡണ്ടും, സി. ഗോവിന്ദൻകുട്ടി നായർ സെക്രട്ടറിയുമായ ഈ സഹകരണ സ്ഥാപനത്തോടെയാണ് സംഘടിതമായ പരിശ്രമം ഈ രംഗത്ത് ആരംഭിച്ചത്.

ഏറെ കാലം പ്രവർത്തിക്കാതെ ആ സംഘം നിലച്ചു. തൊട്ടടുത്ത പയ്യോളി പഞ്ചായത്തിലെ ക്ലിപ്ത ബാധ്യതയില്ലാത്ത സംഘങ്ങളിൽ തിക്കോടി പഞ്ചായത്തിലെ പഴയകാല സഹകാരികൾ പ്രവർത്തിച്ചു വന്നു. പിന്നീട് വർഷങ്ങൾക്ക് ശേഷം 1966–ൽ ആണ് ഇന്നത്തെ 'തിക്കോടി സർവ്വീസ് സഹകരണ ബാങ്ക്' സഹകരണ സംഘമായി സ്ഥാപിച്ചത്. തിക്കോടി നെയ്ത്തുകാരുടെ സഹകരണ സംഘം സ്ഥാപിതമായത് 1947–ൽ ആണെങ്കിലും അത് പ്രവർത്തിക്കുന്നത് തൊട്ട

ടുത്ത പയ്യോളി പഞ്ചായത്തിലാണ്. ആ സംഘത്തിൽ ഏറെ മെമ്പർമാരും ഭാരവാഹികളും പഞ്ചായത്തിലുള്ളവരായിരുന്നു.

സഹകരണ മേഖലയിൽ വന്ന മാറ്റത്തെ തുടർന്നു മറ്റു പല സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചു തുടങ്ങി.

ഇന്നു നാം ജീവിക്കുന്ന കാലഘട്ടം വാസ്തവത്തിൽ സഹകരണ കാലഘട്ടമാണ്. ഒരു വ്യക്തിക്കോ, സ്ഥാപനത്തിനൊ, പ്രസ്ഥാനത്തിനോ തനിച്ച് നിലനില്പോ, പ്രവർത്തന മേഖലയോ ഇന്ന് സാധ്യമാവാത്ത രീതിയിൽ വ്യക്തി ബന്ധങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്നു എന്നതാണ് പരമാർത്ഥം. ഈ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഒത്തൊരുമിച്ച്, കൂട്ടായ സഹകരണത്തിലൂടെ അത് സാമ്പത്തിക രംഗത്തായാലും വ്യാവസായിക രംഗത്തായാലും, വാണിജ്യ രംഗത്തായാലും, കാർഷിക മേഖലയിലായാലും നേട്ടമുണ്ടാക്കാൻ കഴിയുമെന്നുള്ളത് സഹകരണ പ്രസ്ഥാനത്തിന്റെ മാത്രം സവിശേഷതയായി നിലനില്ക്കുന്നു.

## സഹകരണ സംഘങ്ങളും അവയുടെ പ്രവർത്തനങ്ങളും

1. തിക്കോടി സർവ്വീസ് സഹകരണ ബാങ്ക്
2. തിക്കോടി മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം.
3. അച്ചംവീട് നട കയർ വ്യവസായ സഹകരണ സംഘം.
4. തിക്കോടി നെയ്ത് സഹകരണ സംഘം.
5. തിക്കോടി കയർ വ്യവസായ സഹകരണ സംഘം.
6. തിക്കോടി ഫുഡ് കോർപ്പറേഷൻ ഹാൻഡ്ലിംഗ് ആന്റ് ട്രാൻസ്പോർട്ടിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്- സൊസൈറ്റി.
7. തിക്കോടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം.
8. അകലാപ്പുഴ കോൾ നിലം സഹകരണ സംഘം.

മേൽ പ്രസ്താവിച്ച സഹകരണ സംഘങ്ങളെല്ലാം പഞ്ചായത്തിലെ ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നതിനാൽ സാമ്പത്തികമായും, ഭരണപരമായും അവയുടെ പ്രവർത്തന മേഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിന് ആവശ്യമായ മൂലധനം കണ്ടെത്താൻ നമുക്ക് സാധിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ ധാരാളമാണ്. ഈ കാഴ്ചപ്പാടിലുള്ള ഒരു ജനകീയ മുന്നേറ്റത്തിന് ആസൂത്രണ വികസന പദ്ധതിയിലൂടെ നമുക്ക് സാധിച്ചാലുണ്ടാകുന്ന നേട്ടങ്ങൾ ധാരാളമാണ്. ഈ കാഴ്ചപ്പാടിലുള്ള ഒരു ജനകീയ മുന്നേറ്റത്തിന് ആസൂത്രണ വികസന പദ്ധതിയിലൂടെ നമുക്ക് കഴിയേണ്ടതാണ്.

## പ്രശ്നങ്ങൾ

1. സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യത്തോടെ സഹകരണ പ്രസ്ഥാനങ്ങളെ കൈകാര്യം ചെയ്യുന്നത്കൊണ്ട് അർഹതപ്പെട്ട അംഗങ്ങൾക്ക് അവയുടെ പ്രവർത്തന ഫലം ലഭിക്കുന്നില്ല.
2. അഴിമതിയും, സ്വജന പക്ഷപാതവും നമ്മുടെ സഹകരണരംഗത്തെ തളർത്തുന്നുവെന്ന് ജനങ്ങൾക്ക് ആക്ഷേപമുണ്ട്.
3. നമ്മുടെ സഹകരണരംഗത്ത് ദുർവ്യയം കൂടുതലായതിനാൽ ഓഹരി ഉടമകൾക്ക് യഥാർത്ഥ്യ ലാഭ വിഹിതം ലഭിക്കുന്നില്ല.
4. കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റ് സഹകരണ മേഖലക്ക് ഇന്ന് ഒരു ഭാരമാണ്.
5. ജനാധിപത്യപരമായ ഒരു സമീപനം സഹകരണരംഗത്ത് കാണപ്പെടുന്നില്ല.
6. പഞ്ചായത്തിലെ തൊഴിലാളി വർഗത്തിന്റെ യഥാർത്ഥ പ്രാതിനിധ്യം സഹകരണ സ്ഥാപനങ്ങളിൽ കാണുന്നില്ല.
7. ജനപ്രതിനിധികൾക്ക് മുകളിലായി ഡിപ്പാർട്ടുമെന്റ് മേധാവിത്വം പിടിമുറുക്കുന്നതിനാൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ജനകീയ സ്വഭാവം കാണുന്നില്ല.
8. സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.
9. ക്ഷീരോല്പന്ന സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
10. സഹകരണ സംഘങ്ങൾ വികസന പദ്ധതികളിൽ സഹകാരികളാവുന്നില്ല.
11. വനിതാ സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.
12. വിപണന രംഗത്ത് സഹകരണ സംഘങ്ങൾ വേണ്ട വിധം പ്രവർത്തിക്കുന്നില്ല.
13. സഹകരണ സംഘങ്ങളുടെ നിബന്ധനകൾ ലളിതവൽക്കരിക്കുന്നില്ല.
14. പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്താൻ സഹകരണ സംഘങ്ങൾ പരിപാടികൾ സംഘടിപ്പിക്കുന്നില്ല.

## സഹകരണസംഘങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ്/ നോൺ ക്രെഡിറ്റ് | ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരി വില | അംഗീകൃത മൂലധനം | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ടെങ്കിൽ ലഭിച്ച തുക | പരമാവധി കടം എടുക്കാവുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തിക്കോടി സർവീസ് സഹകരണ ബേങ്ക് | തിക്കോടി പഞ്ചായത്ത് | ക്രെഡിറ്റ് | 1966 | 4192 | 5 രൂപ | 18 ലക്ഷം | 412309 രൂ | ഉണ്ട് | 51300 രൂ | 12369270 രൂ |
| 2 | തിക്കോടി മത്സ്യത്തൊഴിലാളി ക്ഷേമ വികസന സംഘം | " | നോൺ ക്രെഡിറ്റ് | 1993 | 327 | എ. 10 രൂ ബി. 100 രൂ. | 5 ലക്ഷം | 33290 രൂ | " | 30000 രൂ | 665800 രൂ |
| 3 | അച്ചൻ വീട്ടു നട കയർ വ്യവസായ സഹകരണസംഘം | പുറക്കാട് | " | 1985 | 290 | 10 രൂ | 2900 രൂ | 2900 രൂ | " | 49680 രൂ | – |
| 4 | തിക്കോടി നെയ്ത് സഹകരണ സംഘം | മേലടി, തിക്കോടി, കിഴൂർ, അയിനിക്കാട് | " | 1947 | 343 | 100 രൂ | 20 ലക്ഷം | 316894 രൂ | " | 958400 രൂ | 28.5 ലക്ഷം |
| 5 | തിക്കോടി കയർ വ്യവസായ സഹകരണ സംഘം | തിക്കോടി പഞ്ചായത്ത് | " | 1977 | 584 | 10 രൂ | 10 ലക്ഷം | 201325 രൂ | " | 167530 രൂ | 5803889 രൂ |
| 6 | ഫുഡ് കോർപ്പറേഷൻ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി | കൊയിലാണ്ടി താലൂക്ക് | " | 1992 | 179 | 50 രൂ | 5 ലക്ഷം | 60600 രൂ | ഇല്ല | – | 1818300 രൂ |
| 7 | തിക്കോടി പട്ടികജാതി സർവീസ് സഹകരണസംഘം | തിക്കോടി പഞ്ചായത്ത് | " | 1991 | 180 | 10 രൂ | 3 ലക്ഷം | 2010 രൂ | ഇല്ല | – | – |
| 8 | പയ്യോളി ഗവ. ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | പയ്യോളി ഹൈസ്കൂൾ | " | 1968 | – | – | – | – | – | – | – |
| 9 | തൃക്കോട്ടൂർ യു.പി.സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | " | " | | – | – | – | – | – | – | – |

## സാദ്ധ്യതകൾ

1. സഹകരണ മേഖല സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിന് അതീതമാക്കണം.
2. ഈ രംഗത്ത് നടക്കുന്ന അഴിമതി ഇല്ലാതാക്കാൻ കർശന നടപടികൾ സ്വീകരിക്കണം.
3. ദുർവ്യയം ഒഴിവാക്കി സംഘം ലാഭകരമായി പ്രവർത്തിച്ച് ഓഹരി ഉടമകൾക്ക് ലാഭവിഹിതം നൽകി ഈ മേഖലയിലേക്ക് ജനങ്ങളെ ആകർഷിപ്പിക്കണം.
4. മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കണം.
5. ജനാധിപത്യപരമായ സമീപനം ഈരംഗത്ത് ഉറപ്പുവരുത്തണം.
6. തൊഴിലാളി വർഗത്തിന്റെ ശരിയായ പ്രാതിനിധ്യം സഹകരണ സ്ഥാപനങ്ങളിൽ ഉറപ്പാക്കണം.
7. ഉദ്യോഗസ്ഥ മേധാവിത്വം സഹകരണ രംഗത്ത് നിന്നും ഒഴിവാക്കി ജനപ്രതിനിധികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണം.
8. കർഷകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കണം.
9. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് രൂപം നൽകണം.
10. വികസന രംഗത്ത് സഹകരണ സംഘങ്ങളുടെ സേവനം ഉറപ്പ് വരുത്തണം.
11. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
12. വിപണന രംഗത്ത് സഹകരണ സംഘങ്ങൾ പുതിയ പ്രവർത്തന മേഖല കണ്ടെത്തണം.
13. സംഘങ്ങളുടെ നിബന്ധനകൾ ലളിതമാക്കി ജനോപകാരപ്രദമാക്കണം.
14. പുതിയ പ്രവർത്തന മേഖല കണ്ടെത്താൻ സഹകരണ സംഘങ്ങൾ പദ്ധതികൾ ആവിഷ്ക്കരിക്കണം.
15. തിക്കോടി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കണം. ■



# പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

എല്ലാ ജനസമൂഹവും അവരുടെ കഴിഞ്ഞു പോയ കാലത്തിന്റെ ഓർമകൾ അയവിറക്കുവാൻ താത്പര്യപ്പെടുമെങ്കിലും ഗതകാല സ്മരണകൾ അയവിറക്കുവാൻ തീരെ ഔൽസുക്യം കാണിക്കാത്ത ഒരു ജനവിഭാഗമാണ് പട്ടികജാതി–പട്ടിക വർഗ്ഗ വിഭാഗം.

ഗതകാല സ്മരണകളിൽ 'ഒരു പൂക്കാലം' സൂക്ഷിച്ചു വെക്കാൻ ഒത്തിരി മുഹൂർത്തങ്ങൾ മറ്റു ജനവിഭാഗങ്ങൾക്കുണ്ടാവുമെങ്കിലും പീഡന കാലത്തിന്റെ ഓർമ്മകളാണ് ഈ ജനവിഭാഗത്തിന്റെ സ്മരണയിൽ നിറഞ്ഞു നില്ക്കുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സവർണ്ണ മേധാവിത്വം അധീശത്വം പുലർത്തിയപ്പോൾ അവിടെ നിന്നൊക്കെ പുറത്താക്കപ്പെട്ട് ജീവിക്കുവാൻ മറന്നുപോയ ഒരു ജനവിഭാഗമാണ് പട്ടികജാതി - പട്ടികവർഗ്ഗം. അക്ഷരലോകത്തെത്തുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അറിവിന്റെ വാതായനങ്ങൾ ഇവർക്കു മുന്നിൽ തുറക്കപ്പെട്ടില്ല. അറിവിന്റെ ആദ്യാക്ഷരങ്ങൾ ഓതിക്കൊടുക്കുവാൻ പോലും ആരും തയ്യാറായില്ല. തികഞ്ഞ അജ്ഞതയിൽ അവകാശങ്ങളെ കുറിച്ച് ബോധമില്ലാതെ അടിച്ചമർത്തപ്പെട്ട് സവർണ്ണ മേധാവിത്വത്തിന്റെ ഉരുക്കുമുഷ്ടികളിൽ

ഞെരിഞ്ഞമർന്ന് ജീവിതത്തിന്റെ നാനാതുറകളിലും അമിത ചൂഷണത്തിന് വിധേയമായി അഭിശപ്തമായ ജീവിതം നയിച്ചു പോന്നിരുന്ന ഈ ജനവിഭാഗം നമ്മുടെ ഗ്രാമത്തിന്റെ ഹൃദയത്തിൽ പ്രകൃതി അനുഗ്രഹിച്ചു നൽകിയ ഫലഭൂയിഷ്ഠമായ മണ്ണിൽ കനകം വിളയിക്കുകയും അതിലൂടെ നമ്മുടെ ഗ്രാമത്തെ ധന്യമാക്കുകയും ചെയ്തിരുന്നു.

ബ്രിട്ടീഷ് വൈദേശികാധിപത്യത്തിനെതിരായുള്ള സമര രണാങ്കണത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാക്കളുടെ സമര - ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി അയിത്തോച്ചാടനവും ക്ഷേത്രപ്രവേശനവും സാധിതമായി. ഇതോടെ മറ്റു ജനവിഭാഗങ്ങൾക്ക് ഇവരോടുള്ള സമീപനത്തിലും മാറ്റം വന്നുതുടങ്ങി.

ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്ന കാലഘട്ടത്തിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യം നേടിയപ്പോൾ ഈ ജനവിഭാഗം ഉയിർത്തെഴുന്നേൽപ്പിന് സാക്ഷ്യം വഹിക്കുകയായിരുന്നു. അവിടുന്നിങ്ങോട്ട് പുരോഗതിയുടെ പാതയിലേക്ക് ഇവർ നടന്നടുത്തു. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം സർക്കാർ പ്രഖ്യാപിച്ച സംവരണ നയവും, നല്കിവന്ന ആനുകൂല്യങ്ങളും, ഭരണഘടന നല്കിപ്പോരുന്ന പരിരക്ഷയും ഈ ജനവിഭാഗത്തിന്റെ ശ്രേയസ്സിനു പ്രധാനകാരണങ്ങളാണ്. അത് തുടർന്നുകൊണ്ടുപോവേണ്ടത് ഈ ജനവിഭാഗത്തിന്റെ പുരോഗതിക്ക് വളരെ അത്യാവശ്യമാണ്.

കാൽലക്ഷത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ജനസാന്ദ്രത ഏറെയുള്ള തിക്കോടി ഗ്രാമ പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ ജനസംഖ്യ 1356 ആണ്. 689 പുരുഷൻമാരും 667 സ്ത്രീകളും ഇതിൽപ്പെടുന്നു. പട്ടികവർഗ്ഗത്തിൽപെട്ടവർ നമ്മുടെ ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്നില്ല. അഞ്ച് കോളനികൾ കേന്ദ്രീകരിച്ചും സമൂഹത്തിൽ ഇടകലർന്നും ഇവർ ജീവിതം നയിച്ചുപോരുന്നു. (പട്ടിക ചേർത്തിട്ടുണ്ട്.)

മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികജാതിക്കാർ സാമ്പത്തികമായും സാമൂഹ്യമായും പിന്നിൽ നില്ക്കുന്നു. ഉച്ചനീചത്വങ്ങൾ ഏറെ കുറെ മാറിയതോടെ സാമൂഹ്യരംഗങ്ങളിൽ ഇവർ ശോഭിക്കുന്നത് കാണാം. വിവിധ രാഷ്ട്രീയ - സാമൂഹ്യ - സന്നദ്ധ സംഘടനകളുടെ നേതൃനിരയിൽ ഈ വിഭാഗത്തിൽപെട്ടവർ കാണപ്പെടുന്നു. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഈ ജനവിഭാഗത്തിൽപെട്ടവർ സജീവമായി പങ്കെടുക്കുന്നുണ്ട്.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മറ്റു സമുദായങ്ങളോട് തുല്യത പാലിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവരിൽ ഏറെപേർക്കും കടന്നുചെല്ലാൻ കഴിയുന്നില്ല. സാമ്പത്തിക പരാധീനതയാണ് ഇതിന് കാരണം. 10ാം ക്ലാസിൽ പരാജയപ്പെട്ടാൽ സൗജന്യമുണ്ടായിട്ടും തുടർന്നു പഠിക്കാൻ മുഴുവൻ പേരും തയ്യാറാകുന്നില്ല. സ്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് വളരെ വിരളമാണ്. ഭൂരിപക്ഷവും കർഷകതൊഴിലാളികളാണെങ്കിലും 99% ആളുകളും കൃഷിഭൂമി ഇല്ലാത്തവരാണ്. കാർഷിക മേഖലയിലെ തളർച്ച ഇവരെ നിർമ്മാണ പ്രവർത്തനം പോലുള്ള തൊഴിൽ മേഖലയിലേക്ക് കൊണ്ടെത്തിച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ പാർപ്പിട പ്രശ്നം അനുഭവിക്കുന്ന വിഭാഗം പട്ടികജാതിക്കാരാണ്. വീടുള്ളവർക്കുപോലും മറ്റു പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. കോളനികൾ കേന്ദ്രീകരിച്ച് മാത്രമാണ് പല ആനുകൂല്യങ്ങളും ലഭിച്ചു പോരുന്നത്. മറ്റു ജനവിഭാഗങ്ങളോടൊപ്പം താമസിക്കുന്നവർക്ക് പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നതായി കാണപ്പെടുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ചിലത് താഴെ കൊടുക്കുന്നു.

**ഭവനനിർമ്മാണ ഗ്രാന്റ്:** നാലുസെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള 8000 രൂപയിൽ താഴെ വാർഷിക വരുമാനുള്ള കുടുംബങ്ങൾക്ക് വീടുവെക്കാൻ 15000 രൂപ ഗ്രാന്റായി നല്കുന്നു. ഇത് ഗഡുക്കളായാണ് നല്കുന്നത്.

**വീട് ഓടുമേയാനുള്ള ഗ്രാന്റ്:** 800 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളവർക്ക് മേൽക്കൂര ബലപ്പെടുത്തി ഓടുമേയാൻ 3000 രൂപയും, കഴുക്കോലും, പട്ടികയും അടിച്ച വീടുകളുള്ളവർക്ക് ഓടുമേയാൻ 2500 രൂപയും സൗജന്യമായി നല്കുന്നു.

**സ്ഥലവും വീടും വാങ്ങാനുള്ള ഗ്രാന്റ്:** സ്വന്തമായി വീടും സ്ഥലവും വാങ്ങുന്നതിന് ഗ്രാന്റായി 25,000 രൂപ നല്കുന്നു.

**വിവാഹ ധനസഹായം:** ഈ വിഭാഗത്തിൽ പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 2000 രൂപ ഗ്രാന്റായി നല്കുന്നു.

**ചികിത്സാ സഹായം:** മാരകമായ രോഗങ്ങളുള്ളവർക്കും അപകടത്തിൽപെട്ടവർക്കും ചികിത്സാ സഹായധനമായി 1000 രൂപ നല്കുന്നു.

**മിശ്രവിവാഹ ധനസഹായം:** മിശ്രവിവാഹിതരായവരിൽ ഒരാൾ പട്ടികജാതിയിൽപെട്ടതാണെങ്കിൽ 2000 രൂപ ധനസഹായമായി നല്കുന്നു.

**യാത്രാപ്പടി നല്കുന്നു:** പി. എസ്. സി. പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത യാത്രാപ്പടി സൗജന്യമായി നല്കുന്നു.

**ട്യൂഷ്യൻ ഫീസ്:** ഡിഗ്രി വരെയുള്ള പരീക്ഷ എഴുതി തോറ്റ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന്

സഹായധനം നല്കുന്നു.

പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധന സഹായം: സർക്കാർ സ്വകാര്യ കോളേജുകളിൽ പ്രവേശനം ലഭിക്കാത്ത ഈ വിഭാഗത്തിൽപെട്ട പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

**ജനസംഖ്യ. (1991 സെൻസസ്)**

| | |
|---|---|
| പട്ടികജാതി – പുരുഷൻമാർ | : 689 |
| പട്ടികജാതി സ്ത്രീകൾ | : 667 |
| ആകെ | : 1356 |

**വാർഡ്തല ജനസംഖ്യ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| പുരു. | 74 | 140 | 7 | 63 | 37 | 153 | 31 | 49 | 135 | 689 |
| സ്ത്രീ | 58 | 116 | 10 | 71 | 34 | 152 | 39 | 61 | 126 | 667 |

**സ്കൂളിൽ പഠിക്കുന്ന കുട്ടികൾ 95 – 96**

| ക്ലാസ്സുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| ആൺകുട്ടികൾ | 9 | 12 | 12 | 10 | 21 | 12 | 16 | 35 | 24 | 31 |
| പെൺകുട്ടികൾ | 11 | 10 | 11 | 19 | 16 | 12 | 11 | 27 | 42 | 30 |

## പ്രശ്നങ്ങൾ

- ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ അപര്യാപ്തത
- നിലവിൽ കടബാദ്ധ്യതകൾ നിലനില്ക്കുന്നതിനാൽ ക്ഷേമ പദ്ധതികൾ പലതും ലഭിക്കുന്നില്ല.
- പട്ടികജാതിയിൽപെട്ട എണ്ണത്തിൽ കുറഞ്ഞ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കുന്നില്ല.
- പട്ടികജാതി വിഭാഗങ്ങൾക്കു പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.
- കുടിവെള്ള ക്ഷാമം നേരിടുന്നു.
- വൈദ്യുതി കണക്ഷൻ പലർക്കും ലഭിച്ചിട്ടില്ല.
- പഞ്ചായത്ത് 1984ൽ വയറിംങ് പൂർത്തിയാക്കിയ വെളുത്താടത്ത് കോളനിയിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല.
- പുതുതായി ശ്മശാനം അനുവദിക്കപ്പെട്ടിട്ടില്ല.
- അനുവദിക്കപ്പെട്ട വീടുകളും, പതിച്ചുകിട്ടി ഭൂമിയും ചൂഷണത്തിന് വിധേയമായി കുറഞ്ഞ വിലയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.
- സർക്കാർ ക്ഷേമ പദ്ധതികളെ കുറിച്ച് അജ്ഞതയുണ്ട്.
- പഠനസൗകര്യം അപര്യാപ്തമാണ്.
- പുറമ്പോക്ക് ഭൂമിയിലെ കൈതോല വംശനാശം നേരിടുന്നു.
- സർക്കാർ ഗ്രാന്റുകൾ ആവശ്യത്തിന് തികയുന്നില്ല.
- തൊഴിൽ അവസരങ്ങൾ കുറയുന്നു.
- സ്ഥലവും, വീടും, ഇല്ലാത്തവർ ഏറെയുണ്ട്.
- അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ചെറിയതോതിൽ നിലനില്ക്കുന്നു.
- ബോധവൽക്കരണത്തിന്റെ അഭാവമുണ്ട്.
- കൈത്തൊഴിലുകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
- പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
- ട്രൈസം ട്രെയിനികൾക്ക് യോജിച്ച രീതിയിൽ തൊഴിൽ അവസരം ലഭിക്കുന്നില്ല.
- സ്വയംതൊഴിൽ സംരംഭത്തിന്റെ വായ്പകളും ഗ്രാന്റുകളും ലഭിക്കാൻ പ്രയാസം നേരിടുന്നു.
- ഈ വിഭാഗത്തിൽപെട്ടവർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
- ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നു.
- മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ഉപയോഗം കോളനികളിലുണ്ട്.
- നിരക്ഷരർ ഉണ്ട്, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും അനുഭവപ്പെടുന്നു.

## സാദ്ധ്യതകൾ

- ഈ വിഭാഗത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ക്ഷേമ പദ്ധതികളും, സൗജന്യങ്ങളും പ്രഖ്യാപിക്കുക.
- കൈത്തൊഴിലുകൾക്ക് പ്രോത്സാഹനം നല്കുക, കൃഷിഭൂമി നിലനിർത്തി തൊഴിലവസരങ്ങൾ സംരക്ഷിക്കുക.
- കടബാദ്ധ്യതകൾ പുതിയ പദ്ധതികൾ ലഭിക്കാൻ പ്രയാസമുണ്ടാക്കുന്നതുകൊണ്ട് പഴയ കടങ്ങൾ എഴുതിതള്ളണം.
- പുതിയ തൊഴിൽ പരിശീലനത്തിനും, തൊഴിൽ കണ്ടെത്തുന്നതിനും ഒരു വിവിധോദ്ദേശ്യ ഹരിജൻ സഹകരണ സംഘം രൂപീകരിക്കുക.
- പട്ടികജാതി കോളനികൾക്കും ഒറ്റപ്പെട്ടു താമസിക്കുന്നവർക്കും സ്ഥലം, വീട്, കുടിവെള്ളം,

വൈദ്യുതി, കക്കൂസ് എന്നിവ ലഭ്യമാക്കാൻ യുദ്ധ കാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക.

- 5 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കണം.
- അനുവദിക്കപ്പെട്ട വീടുകളും, പതിച്ചു നല്കിയ ഭൂമിയും ചൂഷണത്തിന് വിധേയമായി കുറഞ്ഞ വിലയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടു പോകുന്നതിന് നടപടി സ്വീകരിക്കണം.
- വിവിധ ക്ഷേമ പദ്ധതികളെകുറിച്ചുള്ള അജ്ഞത കൊണ്ട് ലഭിക്കാതെ പോകുന്ന സ്കീമുകളെ കുറിച്ച് ബോധമുണ്ടാക്കാൻ സാമൂഹ്യ – സന്നദ്ധ സംഘടനകൾ ശ്രമിക്കണം.
- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പഠനോപകരണങ്ങളും മറ്റു സൗകര്യങ്ങളും പഞ്ചായത്ത് നല്കുവാൻ നടപടി സ്വീകരിക്കണം.
- കൊഴിഞ്ഞുപോക്ക് തടയാൻ നടപടി ഉണ്ടാവണം.
- പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കിട്ടാൻ നടപടി സ്വീകരിക്കണം.
- പരമ്പരാഗത തൊഴിൽ സംരക്ഷിക്കുവാൻ പുറമ്പോക്കു ഭൂമിയിൽ കൈത വെച്ചു പിടിപ്പിക്കുക.
- സർക്കാർ ഗ്രാന്റുകൾ ആവശ്യത്തിന് തികയാത്തതുകൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗ്രാന്റുകൾ കാലോചിതമായി പരിഷ്കരിക്കുക.
- ഒരളവോളം നിലനില്ക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അകറ്റാൻ ബോധവൽക്കരണം നടത്തുക.
- കോളനികളിൽ ആരോഗ്യ പ്രവർത്തകർ ഇടയ്ക്കിടെ സന്ദർശനം നടത്തുക.
- പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട അനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നത് തടയണം.
- അർഹിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുവാൻ വേണ്ട നടപടി ഡിപ്പാർട്ടുമെന്റുകൾ കൈക്കൊള്ളണം.
- ട്രൈസം ട്രെയിനികൾക്ക് യോജിച്ച രീതിയിൽ സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ വായ്പകളും, ഗ്രാന്റുകളും അനുവദിക്കണം.
- മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം കോളനികളിൽ തടയാൻ സന്നദ്ധ സംഘടനകൾ മുന്നോട്ടു വരണം. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
- വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാൻ ഭൂമി പതിച്ചു നല്കണം.
- തുടർ സാക്ഷരതാ പ്രവർത്തനം നടത്തണം.
- പ്രൈമറി ഹെൽത്ത് സെന്ററിൽനിന്ന് പട്ടികജാതിക്കാർക്ക് എല്ലാ മരുന്നുകളും സൗജന്യമായി നല്കണം.
- വയറിംങ്ങ് പൂർത്തിയാക്കിയ കോളനികൾക്ക് വൈദ്യുതി ലഭിക്കാൻ നടപടി സ്വീകരിക്കണം.
- പുറക്കാടുള്ള പട്ടികജാതിക്കാരുടെ ശ്മശാനമായ 'കുറിഞ്ഞി' അളന്നു തിട്ടപ്പെടുത്തി മതിൽ കെട്ടി സംരക്ഷിക്കാൻ നടപടി വേണം. ■



വെള്ളിയാംകല്ല്

# വിഭവസമാഹരണം

പ്രകൃതി രമണീയത നിറഞ്ഞുനില്ക്കുന്ന തിക്കോടി ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതി വിഭവങ്ങൾകൊണ്ട് സമ്പന്നമാണ്. കടലും, പുഴയും, കുന്നും, തുരുത്തും, വയലുകളും നമ്മുടെ ഗ്രാമത്തിന് പ്രകൃതിയുടെ വരദാനമാണ്. കാൽലക്ഷത്തോളം ജനസംഖ്യയുള്ള തിക്കോടി ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ വിവിധ ഇനം നികുതികളും സർക്കാർ നല്കുന്ന ചിലയിനം ഗ്രാന്റുകളുമാണ്.

വർഷത്തിൽ എഴുപത്തിഅയ്യായിരം രൂപയോളം വിനോദനികുതിയായി അടച്ചിരുന്ന തിക്കോടി സിനിമാ ടാക്കീസിന്റെ പ്രവർത്തനം നിലച്ചതും, എഴുപത്തിഅയ്യായിരം രൂപ കെട്ടിടനികുതിയായി നല്കേണ്ടിയിരുന്ന തിക്കോടി F.C.I സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ നേടിയതും വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്.

ഫലഭൂയിഷ്ഠമായ വിവിധ തരം മണ്ണുകൊണ്ട് അനുഗൃഹീതമായ നമ്മുടെ ഗ്രാമത്തിൽ ഇത് ഉപയോഗപ്പെടുത്താൻ കഴിയാത്തതും. ഇതിനാൽ സംജാതമായ കാർഷിക മേഖലയിലെ മുരടിപ്പും ചെറുകിട വ്യവസായങ്ങളുടെ തളർച്ചയും പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങളെ പിറകോട്ട് വലിക്കുന്നു.

പുതുതായി വ്യവസായ സംരംഭങ്ങൾ ഉയർന്നു

വരാത്തതും വൈദ്യുതി പ്രതിസന്ധി കാരണം ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ കഴിയാത്തതും പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു. ഇത് നിരാശാജനകമാണ്. പ്രകൃതി വിഭവങ്ങളും, മനുഷ്യവിഭവവും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയാത്തതും ധനസ്ഥിതിയിൽ ആശാവഹമായ പുരോഗതി ഉണ്ടാക്കാൻ കഴിയാത്തതിനു കാരണമായിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിന്റെ വർദ്ധിച്ചു വരുന്ന ഭരണചെലവുകൾ പരമാവധി ലഘൂകരിച്ച് മനുഷ്യവിഭവം പ്രയോജനപ്പെടുത്തി സേവന പ്രവർത്തനങ്ങൾ കൂട്ടായ്മയിലൂടെ സംഘടിപ്പിച്ച് നിർമാണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

തിക്കോടി ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി നിലനിർത്തുന്ന മുഖ്യവരുമാനമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട കെട്ടിട നികുതി,തൊഴിൽ നികുതി, കെട്ടിട നിർമ്മാണ അനുമതി ഫീ, ലൈസൻസ് ഫീ എന്നിവയും കേന്ദ്ര ഗവ: നല്കുന്ന ജെ. ആർ. വൈ. ഫണ്ട്, സംസ്ഥാന സർക്കാർ നല്കുന്ന ഉപാധി രഹിത ഫണ്ട്, വല്ലപ്പോഴും അനുവദിക്കുന്ന കൃത്യതയില്ലാത്ത വി. ആർ. എം, വി. ടി. സി. ഫണ്ടുകൾ, അടിസ്ഥാന ഭൂനികുതി വസ്തു കൈമാറ്റ നികുതി എന്നിവയുമാണ്.

ഇവയൊക്കെ വളരെ പരിമിതമായതുകൊണ്ട് തന്നെ നമ്മുടെ ആവശ്യത്തിന് തികയുന്നില്ലാ എന്നുള്ളതാണ് യാഥാർത്ഥ്യം!

## പ്രശ്നങ്ങൾ

* ഗ്രാമപഞ്ചായത്ത് വരുമാന സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
* ഭരണ ചെലവിലെ അമിതമായ വർദ്ധനവ് ധനസ്ഥിതി മോശമാക്കുന്നു.
* വർദ്ധിച്ചു വരുന്ന മരാമത്ത് ചെലവുകൾ
* കോൺട്രാക്ടർമാരുടെയും, ഇടത്തട്ടുകാരുടേയും ചൂഷണം
* പ്രാദേശികാവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിന് സാധിക്കുന്നില്ല.
* സംഭാവനകൾക്കു വേണ്ടി പൊതുഫണ്ടിന്റെ ദുർവിനിയോഗം
* ദീർഘ വീക്ഷണമില്ലാത്തതും, സമയബന്ധിതമല്ലാത്തതുമായ പദ്ധതികളുടെ പ്രവർത്തനം.
* ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ അഭാവം.
* ഡിപ്പാർട്ടുമെന്റ് അനാസ്ഥ നിലനില്ക്കുന്നു.
* ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും, മറ്റു തടസ്സങ്ങളും.
* വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
* ധനകാര്യ സ്ഥാപനങ്ങളുടെ മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ
* വായ്പാ സംഘങ്ങളുടെ അഴിമതിയും, സ്വജനപക്ഷപാതവും, രാഷ്ട്രീയ അതിപ്രസരവും.
* സന്നദ്ധ പ്രവർത്തനങ്ങളിലെ താത്പര്യ കുറവ്
* മനുഷ്യവിഭവം ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ല.
* 'ഗൾഫ് മണി' ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.
* മത്സ്യസമ്പത്ത് തത്വദീക്ഷയില്ലാതെ ചൂഷണം ചെയ്യുന്നു.
* മഹിളാ പ്രധാൻ LIC ഏജന്റുമാരുടെ വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കുന്നില്ല.
* ജെ. ആർ. വൈ. ഫണ്ട് അനുവദിക്കുന്നതിലുള്ള കർശനമായ നിബന്ധനകൾ.
* വൈദ്യുതിയുടെ പാഴ്ചെലവുകൾ നിലനില്ക്കുന്നു.

## സാദ്ധ്യതകൾ

* നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടി സ്വീകരിക്കുക.
* ഭരണചെലവ് കുറയ്ക്കുക.
* പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന അധികാരം ഉപയോഗപ്പെടുത്തി പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരിക.
* നികുതി പിരിവ് കാര്യക്ഷമമാക്കുക
* ക്ലബ്ബുകളും, സന്നദ്ധസംഘടനകളും ധനശേഖരണാർത്ഥം സംഘടിപ്പിക്കുന്ന പരിപാടികൾക്ക് നികുതി കർശനമായി ഈടാക്കുക.
* സിനിമാ ഹാൾ പഞ്ചായത്ത് നേരിട്ടു നടത്തുകയോ, സ്വകാര്യ വ്യക്തികളെകൊണ്ട് നടത്തിക്കുകയോ ചെയ്ത് വിനോദനികുതി ഈടാക്കുക.
* പുറക്കാട്, പള്ളിക്കര, പെരുമാൾ പുരം, പഞ്ചായത്ത് ബസാർ എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ച് വരുമാനമുണ്ടാക്കുക.
* ഉത്സവങ്ങളോടനുബന്ധിച്ച് എക്സിബിഷൻ സംഘടിപ്പിച്ച് വരുമാനം കണ്ടെത്തുക.
* വീടുകൾ നിർമിക്കുന്ന സംഖ്യയ്ക്ക് പരിധി നിശ്ചയിക്കുകയും കൂടുതൽ ചിലവാക്കുന്നതിന് നികുതിയുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്യുക.
* 'ഗൾഫ് മണി' പഞ്ചായത്ത് ഗ്യാരണ്ടി നല്കി ഉപയോഗിക്കുക.
* നിർമ്മാണ പ്രവർത്തനങ്ങളിലെ നികുതി ചോർച്ച തടയുക
* രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് സഹായപദ്ധതികൾ ലഭിക്കാൻ വേണ്ട നടപടി സ്വീകരിച്ച് അവ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
* പഞ്ചായത്തിന്റെ എല്ലാ കണക്കുകളും പ്രസിദ്ധീകരിച്ച് 'ഗ്രാമസഭ' കളിൽ വിതരണം ചെയ്യുക.

* അൺഎയിഡഡ് സ്കൂളുകൾക്കും പാരലൽ കോളേജുകൾക്കും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നികുതി ഏർപ്പെടുത്തുക.
* സ്റ്റേറ്റ് ബാങ്കിന്റെ ശാഖ തിക്കോടിയിലും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ശാഖ പുറക്കാടും സ്ഥാപിക്കുക.
* വിദ്യാഭ്യാസ ആരോഗ്യ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നിധികൾ സംഭാവനയായി സ്വരൂപിക്കുക.
* ധനകാര്യ സ്ഥാപനങ്ങൾക്കുവേണ്ടി സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കുക.
* ഓഡിറ്റോറിയം-കമ്യൂണിറ്റി ഹാൾ നിർമിച്ച് വാടക ഈടാക്കുക
* ടൂറിസം വികസനത്തിലൂടെ വിനോദനികുതിയും, തൊഴിൽ അവസരങ്ങളും ഉണ്ടാക്കുക.
* ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് ഇടത്തട്ടു തടയുക.
* ഓട്ടോറിക്ഷാ-കാർ-ജീപ്പ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി സ്റ്റാൻഡ് ഫീ ഈടാക്കുക.
* ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ച് വാടകയ്ക്കായി നല്കുക.
* മഹിളാ പ്രധാൻ, എൽ. ഐ. സി. ഏജന്റുമാർ എന്നിവരുടെ വരുമാനത്തിന് പരിധി നിശ്ചയിച്ച് നികുതി ഈടാക്കുക
* ധനകാര്യസ്ഥാപനങ്ങളിലെ ഡപ്പോസിറ്റു കലക്ടർമാർ രജി. ചിട്ടി കമ്പനികളിലെ ഡപ്പോസിറ്റു കലക്ടർമാർ പ്രൈവറ്റ് കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും നികുതി ഈടാക്കുക.
* ഒരു വീട്ടിൽ നിന്നും ഒരു തെങ്ങ് എന്ന തോതിൽ സംഭാവനയായി സ്വീകരിച്ച് പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുക.
* വെറ്റില ചന്ത പഞ്ചായത്ത് മുഖേന നടത്തുക.
* ഓരോ വാർഡിലും ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ സ്വയം സഹായഗ്രൂപ്പുകൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നും വാരം/ദ്വൈവാരം /മാസം ഇവയിൽ ഏതെങ്കിലും ദിവസത്തിൽ സ്ഥിരമായി ചെറിയ നിക്ഷേപങ്ങൾ സമാഹരിച്ച് ജനക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* 'റോഡു'കളുടെ നിർമാണപ്രവർത്തനത്തിനും, അറ്റകുറ്റപണികൾക്കും സ്ഥിരം സന്നദ്ധപ്രവർത്തക കമ്മിറ്റി രൂപീകരിക്കുക.
* മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നത് തടയാൻ പ്രതിബദ്ധ പ്രസ്ഥാനങ്ങൾ ജാഗ്രത പുലർത്തുക.
* 'സ്ട്രീറ്റ് ലൈറ്റു'കൾക്ക് മീറ്റർ സ്ഥാപിച്ച് പാഴ്ചെലവ് ഒഴിവാക്കുക.
* ധനകാര്യ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള ഉപയോഗം തടയുക.
* 'ബസ്സ് സ്റ്റാന്റ്' പണിത് 'സ്റ്റാന്റ് ഫീ' ഈടാക്കുക.
* ജെ. ആർ. വൈ. ഫണ്ട് അനുവദിക്കുന്നതിലുള്ള കർശനമായ നിബന്ധനകൾ ഒഴിവാക്കുകയും, പ്രവൃത്തി സമയബന്ധിതമായി തന്നെ നടപ്പിലാക്കുകയും ചെയ്യുക.


10 വർഷത്തെ വരവ് ചെലവ് കണക്ക് ഒരു താരതമ്യ പഠനം

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986-87 | 465202.00 | 252688.00 |
| 1987-88 | 386830.00 | 389142.00 |
| 1988-89 | 638940.00 | 420840.00 |
| 1989-90 | 690160.00 | 683380.00 |
| 1990-91 | 1113578.00 | 1238900.00 |
| 1991-92 | 883520.00 | 918671.00 |
| 1992-93 | 760000.00 | 804570.00 |
| 1993-94 | 1261150.00 | 746800.00 |
| 1994-95 | 1231400.00 | 1347746.00 |
| 1995-96 | 1231412.00 | 1831000.00 |

| തനത് വരുമാനം | | | |
|---|---|---|---|
| വർഷം | 1991–'92 | 1995–'96 | വ്യത്യാസം |
| കെട്ടിടനികുതി | 174748.00 | 236117.00 | 61369.00 |
| തൊഴിൽ നികുതി | 75382.00 | 108687.00 | 33305.00 |
| അൺടൈഡ് ഫണ്ട് | 180000.00 | 281750.00 | 101750.00 |
| J. R. Y. | 242308.00 | 328656.00 | 86348.00 |
| ഗ്രാന്റ് | 23570.00 | 182510.00 | 158940.00 |
| വസ്തുകൈമാറ്റ നികുതി | 2097791.00 | 243679.00 | 33888.00 |

| ചെലവ് | | | |
|---|---|---|---|
| | 1991–'92 | 1995–'96 | വ്യത്യാസം |
| എസ്റ്റാബ്ലിഷ്മെന്റ് | 10442.00 | 353160.00 | 142718.00 |
| റോഡ് പ്രവർത്തിയിൽ അൺടൈഡ് ഫണ്ട് അടക്കം | 259920.00 | 600000.00 | 340080.00 |

| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് വരവ് | |
|---|---|
| 87–88 | 49300.00 |
| 89–90 | 278.00 |
| 92–93 | ഇല്ല |
| 93–94 | 94440.00 |
| 94–95 | 82294.00 |




1984-85
1985-86
1986-87
1987-88
1988-89
1989-90
1990-91
1991-92
1992-93
1993 94
1994 95
തൊഴിൽനികുതി
2,00,000
175000
150000
125000
100000
75000
50 000
25 000
കെട്ടിടനികുതി
2 25000
200000
1 75000
1 50 000
1 25000
1 00000
ഗവ:
നികുതിവിഹിതം
100000
300000
2 50000
200000
150 000
untied fund
250000
200000
150000
100000

## ജില്ലാതല പരിശീലകർ

കണ്ടിയാരിക്കൽ കുഞ്ഞിരാമൻ മാസ്റ്റർ (കൺവീനർ)
സി. ഹനീഫ
സി. ശാന്തകുമാരി ടീച്ചർ
ഗോപിദാസ് തിക്കോടി
ഇ.കെ. മുഹമ്മദ് മാസ്റ്റർ
സി. സുരേഷ്

## പഞ്ചായത്ത് തല പരിശീലകർ

1 കെ. രവീന്ദ്രൻ മാസ്റ്റർ കുരന്റവിട
2 പി. പി. കുഞ്ഞമ്മദ്
3 രുഗ്മാംഗദൻ ടി.കെ.
4 വി. കെ. കേശവൻ
5 പി. രാമചന്ദ്രൻ നായർ
6 എ. കെ. ബാലൻ നായർ
7 എ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ
9 കെ. പി. അശ്റഫ്
10 പി. ഹാഷിം മാസ്റ്റർ
11 പി. വേണു മാസ്റ്റർ
12 കൃഷ്ണകുമാർ എൻ
13 സുധാകര ബാബു പി.
14 കെ. ടി. പ്രമോദ് കുമാർ
15 മഹേഷ് കുമാർ ടി. കെ.
16 എ. കെ. ഉമ്മർ
17 വിമീഷ് കുമാർ ടി. കെ
18 കെ. പത്മനാഭൻ മാസ്റ്റർ
19 എൻ. കെ. അബ്ദുസ്സമദ്
20 മെഹബൂബ് എ. കെ.
21 സി. പി. പ്രകാശൻ
22 വി. കെ. അബ്ദുൽ മജീദ്
23 കെ. എം. അബൂബക്കർ മാസ്റ്റർ
24 മംഗലശ്ശേരി രാമകൃഷ്ണൻ
25 ഇ. കെ. ശശി
26 പി. കെ. ശ്രീധരൻ മാസ്റ്റർ
27 എം. കെ. നായർ
28 പി. ടി. കുഞ്ഞിരാമൻ നായർ
29 പി. മഹമൂദ് മാസ്റ്റർ
30 ഋഷികേഷ് കെ.
31 നാണു പി.
32 കെ. പി. നിഷ
33 ഇ. കെ. കുഞ്ഞമ്മദ്
34 തിക്കോടി നാരായണൻ മാസ്റ്റർ
35 ടി. കെ. കുഞ്ഞിരാമൻ മാസ്റ്റർ
36 പ്രദീപൻ മാസ്റ്റർ സി. കെ. പള്ളിക്കര
37 കെ. ബാലകൃഷ്ണൻ, നാപട്ട
38 കെ. കെ ഇബ്രാഹിം മാസ്റ്റർ
39 സന്തോഷ് കെ.
40 എം. അബ്ദുറഹിമാൻ
41 ദേവൻ കെ.
42 കെ. ബിജു
43 പി. സൈനുദ്ദീൻ
44 സത്യൻ എൻ.
45 ബിന്ദു ഒ.
46 വി. കെ. വത്സല
47 നിസാർ കാളംകുളം
48 മഠത്തിൽ രാജീവൻ
49 മോഹിനി ടീച്ചർ
50 അസ്ഹർ അലി പി. കെ.
51. കെ. ജീവാനന്ദൻ മാസ്റ്റർ



ആ മനോഹര സ്വാതന്ത്ര്യ സ്വർഗമായ്
മാമക നാടുണരേണമീശ്വര!
മാമകനാടുണരേണ മീശ്വര!

എങ്ങു മാനസമൊക്കെയും നിർഭയം
എങ്ങു ശീർഷങ്ങൾ മാന സമുന്നതം
എങ്ങു വിസ്തൃത വിജ്ഞാന സഞ്ചയ-
മെങ്ങുമെന്നും സ്വതന്ത്രമഭംഗുരം

ആ മനോഹര സ്വാതന്ത്ര്യ സ്വർഗമായ്
മാമക നാടുണരേണ മീശ്വര!

– രവീന്ദ്രനാഥ ടാഗോർ

Printed at MANGALAM offset press Kallai ,Calicut,Ph. 300063

# പയ്യോളി ഗ്രാമപഞ്ചായത്ത്

## സ്പെഷ്യൽ ഗ്രേഡ്

# സമഗ്ര വികസന രേഖ

OFFICE OF THE PAYYOLI GRAMA PANCHAYATH




# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

## ഗ്രാമവികസനത്തിൻെറ ചാലകശക്തി പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവസമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക പഞ്ചായത്തുകൾക്ക് നൽകേണ്ട നികുതികൾ ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക. അതു വഴി ഗ്രാമവികസനത്തിൽ പങ്കാളികളാവുക.

**ജനകീയാസൂത്രണ പ്രസ്ഥാനം**
**പയ്യോളി ഗ്രാമപഞ്ചായത്ത്**
**സ്പെഷ്യൽ ഗ്രേഡ്**




# പയ്യോളി ഗ്രാമപഞ്ചായത്ത്

## സ്പെഷ്യൽ ഗ്രേഡ്

# സമഗ്ര വികസന രേഖ

എഡിറ്റോറിയൽ ബോർഡ്

*അനിൽ കുമാർ പി.എൻ*
*മഠത്തിൽ നാണുമാസ്റ്റർ*
*കെ. ശൈലജ*
*കെ. ഗോപാലൻമാസ്റ്റർ*
*പിഅസ്സയിനാർ മാസ്റ്റർ*
*കെ.ടി.സത്യൻ*
*കെ. പവിത്രൻ*

ഡി.ടി.പി
സാബ് ഡസ്ക്ക് ടോപ്പ് പബ്ലിഷേർസ്
കോഴിക്കോട്.

ലേഔട്ട്
അലിഫ്, ചെറുവണ്ണൂർ

പ്രിൻറിംഗ്
ലിബർട്ടി അഡ്വർടൈസേർസ് &
സ്ക്രീൻ ആർട്സ്
കോഴിക്കോട്.

## താളുകൾ മറിക്കുമ്പോൾ...................

| | |
|---|---|
| ആമുഖം | 7 |
| പഞ്ചായത്ത് പൊതുവിവരം | 9 |
| സാമൂഹിക സാംസ്കാരിക ചരിത്രം | 11 |
| ഭൂപ്രകൃതിയും വിഭവങ്ങളും | 16 |
| കൃഷിയും ജലസേചനവും | 18 |
| മത്സ്യബന്ധനം | 21 |
| മൃഗസംരക്ഷണം | 24 |
| വിദ്യാഭ്യാസം | 27 |
| പൊതുജനാരോഗ്യം | 38 |
| വ്യവസായം | 45 |
| ഗതാഗതം | 50 |
| ഊർജ്ജം | 59 |
| മാർക്കറ്റ് | 62 |
| പാർപ്പിടം | 64 |
| സാമൂഹ്യക്ഷേമം | 67 |
| സംസ്കാരം | 72 |
| വനിതാക്ഷേമം | 77 |
| സഹകരണ മേഖല | 80 |
| പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം | 88 |
| വിഭവസമാഹരണം | 91 |

# പയ്യോളി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



വൈസ് പ്രസിഡണ്ട്
വി.പി. സുധാകരൻ



പ്രസിഡണ്ട്
പി. കുൽസു ടീച്ചർ



സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ
മഠത്തിൽ നാണു മാസ്റ്റർ

അംഗങ്ങൾ

പി.എം. രവീന്ദ്രൻ
പി. അസ്സയിനാർ മാസ്റ്റർ
ആയഞ്ചേരി ശ്രീധരൻ
സി.കെ. ഗോപാലൻ
എ.പി. കുഞ്ഞബ്ദുള്ള
മഠത്തിൽ അബ്ദുറഹിമാൻ
ജി.കെ. വേണു
കെ. ശൈലജ
ജാനു അമ്മ ചക്യേരി
കൊളാവി പത്മിനി
കെ. ജയശ്രീ
അനിൽ കുമാർ. പി.എൻ.

## യാത്രാമംഗളം



പി.പി. ഗോപാലൻ നമ്പ്യാർ
സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് സിക്രട്ടറി

1960 മുതൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൽ ഔദ്യോഗിക ജീവിതമാരംഭിച്ച പി.പി. ഗോപാലൻ നമ്പ്യാർ നമ്മുടെ പഞ്ചായത്തിൻെറ ആരംഭത്തിൽ പഞ്ചായത്ത് അസിസ്റ്റൻറായി ഇവിടെ ജോലിയിൽ പ്രവേശിച്ചു. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ആരംഭം മുതൽ നമ്മോടൊപ്പം ആത്മാർത്ഥമായി പ്രവർത്തിച്ച ഇദ്ദേഹം നീണ്ട 37 വർഷത്തെ പ്രശസ്തമായ സേവനത്തിനു ശേഷം 1996 ഒക്ടോബർ 31 ന് സർവ്വീസിൽ നിന്നു വിരമിച്ചു.

# പയ്യോളി ഗ്രാമപഞ്ചായത്ത്
# സ്പെഷ്യൽ ഗ്രേഡ്
# സ്റ്റാൻൻറിങ്ങ് കമ്മറ്റി

**ചെയർമാൻ**

മാത്തിൽ നാണു മാസ്റ്റർ

**അംഗങ്ങൾ**

1. സി.കെ. ഗോപാലൻ
2. എ.പി. കുഞ്ഞബ്ദുള്ള
3. കെ. ശൈലജ.
4. അനിൽ കുമാർ. പി.എൻ.

# ആമുഖം

**ഭാരതത്തിൻെറ** വിരിമാറിൽ സ്വാതന്ത്ര്യകൊടിക്കൂറ ഉയർന്നിട്ട് അമ്പത് വർഷം പൂർത്തിയാവുന്ന ഘട്ടത്തിലാണ് കേരളത്തിൽ ജനകീയാസൂത്രണത്തിലൂടെ ഒമ്പതാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. ഭാരതത്തോടൊപ്പവും അതിനു മുമ്പും സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളിലും ജനാധിപത്യഭരണസംവിധാനം തകർന്നു തരിപ്പണമായപ്പോഴും ഭാരതത്തിൽ ജനാധിപത്യ കൊടിക്കൂറ ഉയർന്ന് പറക്കുന്നത് നമുക്ക് അഭിമാനത്തോടെ നോക്കിക്കാണാൻ കഴിയുന്നു. സ്വാതന്ത്ര്യം നേടുന്ന അവസരത്തിൽ ഒരു മൊട്ടുസൂചി പോലും സ്വന്തമായുൽപ്പാദിപ്പിക്കാൻ കഴിയാതിരുന്ന രാജ്യത്തിൻെറ ഇന്നത്തെ നേട്ടങ്ങൾക്കു കാരണം കഴിഞ്ഞ കാലങ്ങളിൽ നമ്മെ നയിച്ച രാഷ്ട്രനായകന്മാരുടെ ദീർഘവീക്ഷണവും കർമ്മകുശലതയുമായിരുന്നു.

പല മേഖലകളിലും ബഹുദൂരം നമുക്ക് മുൻപോട്ടു പോകാൻ കഴിഞ്ഞെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ പ്രയോഗിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ഈ ഘട്ടത്തിലാണ് ഭരണരംഗത്ത് വിപ്ലവകരമായ മാറ്റത്തിനു നാന്ദികുറിച്ചുകൊണ്ട് അധികാരത്തിൻെറ അകത്തളങ്ങളിൽ നിന്നു അകറ്റി നിർത്തപ്പെട്ട ഗ്രാമീണ ജനതയ്ക്ക് അവരുടെ ഭരണത്തിൽ പങ്കാളികളാവാനുള്ള അധികാരം നൽകുന്ന പഞ്ചായത്ത് രാജ് നഗരപാലികാ നിയമം നടപ്പിലാവുന്നത്. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു ഇത്.

ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി 64-ാം ഭരണഘടനാ ഭേദഗതിക്കു രൂപം നൽകിയത്. ഇതിൽ വിഭാവനം ചെയ്ത ഭരണഘടനാ സാധ്യത പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ടുവെങ്കിലും ഇതൊരു ഭരണഘടനാ ഭേദഗതിയായി മാറ്റിയെടുക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് 1993-ഓടെ 73,74 ഭരണഘടനാ ഭേദഗതി സംബന്ധിച്ച നടപടി ക്രമങ്ങൾ ആരംഭിക്കുകയും 1995 ഒക്ടോബർ 2-ഓടെ കേരളത്തിൽ തിരഞ്ഞെടുക്കപ്പെട്ട സമിതികൾക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. ഇതിൻെറ ഭാഗമായി ഗ്രാമീണ ജനതയക്ക് കൈവന്ന അവകാശമാണ് ഗ്രാമസഭകൾ

അധികാര കേന്ദ്രീകരണത്തിൻെറ ഫലമായി ആസൂത്രണത്തിലുമുണ്ടായ കേന്ദീകരണം ഓരോ പ്രദേശത്തിൻെറയും ആവിശ്യങ്ങൾ പരിഗണിക്കപ്പെടാതെ ജനകീയമല്ലാത്ത പദ്ധതികളായിരുന്നു ഇതുവരെ തയ്യാറാക്കപ്പെട്ടത്. ഭാരതത്തിൻെറ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് രൂക്ഷമായ സാമ്പത്തീക തകർച്ച നേരിടുന്ന സംസ്ഥാനമാണ് കേരളം. രൂക്ഷമായ വൈദ്യുതക്ഷാമം കേരളത്തിൻേറ വ്യവസായിക മേഖലകയാകെ തളർത്തിയിരിക്കുകയാണ്. ഉൽപാദനമേഖലകയിലെ മുരടിപ്പ് തൊഴിലില്ലായ്മ രൂക്ഷമാക്കിയിരുക്കുകയാണ്. വിഭവ

ശോഷണവും ഉൽപ്പാദന ക്ഷമത വർദ്ധിക്കാത്തതും മൂലം നമ്മുടെ പരമ്പരാഗത കയറ്റുമതി വിഭവങ്ങൾ രൂക്ഷമായ കമ്പോളമത്സരത്തെയാണ് നേരിട്ട്കൊണ്ടിരിക്കുന്നത്.

ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളിൽ പ്രധാനമാണ് അധികാര വികേന്ദ്രീകരണവും താഴെ തട്ടിൽ നിന്നും മുകളിലേക്കുള്ള ആസൂത്രണവും ഈ ലക്ഷ്യമാണ് ഒമ്പതാം പദ്ധതി ജനകീയവൽക്കരിക്കപ്പെടുന്നതിലൂടെ കേരളത്തിൽ നടപ്പിലാവുന്നത് ജനകീയാസൂത്രണം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനായുള്ള ജനകീയ മുന്നേറ്റമാണ്.

1996 സെപ്റ്റംബർ മാസത്തിൽ പേരാമ്പ്ര സി. കെ. ജി. കോളേജിൽ നടന്ന ജില്ലാതല പരിശീലനത്തോടെയാണ് നമ്മുടെ പഞ്ചായത്തിൽ ജനകീയസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞത്. ഈ പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 2 വനിതകൾ അടക്കം 11 പേരാണ് പങ്കെടുത്തത്. ഇതിൽ 5 പേർ പഞ്ചായത്ത് മെമ്പർമാരായിരുന്നു. സപ്തംബർ 15 ന് പഞ്ചായത്ത് തല പരിശീലനം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചുനടന്നു. ഇതിൽ 44 പുരുഷൻമാരും 9 സ്ത്രീകളുമടക്കം 53 പേർ പങ്കെടുത്തു. തുടർന്നു ഗ്രാമസഭകളുടെ നടത്തിപ്പുകളെ കുറിച്ച് ആലോചിക്കാൻ രാഷ്ട്രീയ സാമൂഹിക സന്നദ്ധസംഘടനാ പ്രവർകരുടെ യോഗം വിളിച്ചു ചേർത്തു. സപ്തംബർ 21, 22, 29 ഒക്ടോബർ 2 തീയ്യതികളിലായി വിവിധ വാർഡുകളിൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭയുടെ മുന്നോടിയായി മിക്ക വാർഡുകളിലും സ്വാഗതസംഘം യോഗങ്ങൾ വിളിച്ചു ചേർക്കപ്പെട്ടു. ഗ്രാമസഭകളിൽ മൊത്തം 2104 പുരുഷൻമാരും 985 സ്ത്രീകളും ഉൾപ്പെടെ 3089 പേർ പങ്കെടുത്തു. ഏറ്റവും കൂടിയ ജന പങ്കാളിത്തം 8ാം വാർഡിലായിരുന്നു. മൊത്തം 4 വാർഡുകളിൽ 300നു മേൽ വോട്ടർമാർ ഗ്രാമസഭകളിൽ പങ്കെടുത്തു.

രണ്ടാം ഘട്ടം പഞ്ചായത്ത് തല പരിശീലനത്തിൽ 84 പേർ പങ്കെടുത്തു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതായിരുന്നു പരിശീലന വിഷയം.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നമായ ഗ്രാമ സഭാ റിപ്പോർട്ടുകളിൽ നിന്ന് രൂപപ്പെടുത്തിയതാണ് ഈ വികസന രേഖ. ഇന്നലെയുടെ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ നാം നേരിടുന്ന വെല്ലുവിളികൾ ഉൾക്കൊണ്ട് അത് നേരിടാനുള്ള കരുത്ത് നമുക്കുണ്ടാകട്ടെയെന്ന പ്രാർത്ഥനയോടെ ഈ വികസന റിപ്പോർട്ടിൻെറ താളുകൾ നിങ്ങൾക്കു മുമ്പിൽ തുറക്കട്ടെ!.


“ജനങ്ങൾ പറയുന്നത് ചെയ്യാനാണ് സർക്കാർ, അല്ലാതെ ജനങ്ങളെക്കൊണ്ട് ചിലത് നിർബന്ധിച്ച് ചെയ്യിപ്പിക്കാനല്ല ..........”

# പയ്യോളി ഗ്രാമപഞ്ചായത്ത്

## പൊതുവിവരം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിൻെറ പേര് | : | പയ്യോളി |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | പയ്യോളി, ഇരിങ്ങൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | മേലടി |
| താലൂക്ക് | : | കൊയിലാണ്ടി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| അസംബ്ലി നിയോജക മണ്ഡലം | : | കൊയിലാണ്ടി |
| വിസ്തീർണ്ണം | : | 22.34 sq. km |
| അതിരുകൾ | : | പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് കിറ്റ്യാടിപ്പുഴ, തുറയൂർ പഞ്ചായത്ത്, വടക്ക്- കോട്ടപ്പുഴ തെക്ക്- തിക്കോടി പഞ്ചായത്ത്. |
| ജനസംഖ്യ | : | 43994 |
| പുരുഷൻമാർ | : | 21836 |
| സ്ത്രീകൾ | : | 22158 |
| വാർഡുകളുടെ എണ്ണം | : | 15 |

മേപ്പ്


PAYYOLI GRAMA PANCHAYAT
DISTRICT: KOZHIKODE, TALUK: KOYILANDY, VILLAGES: IRINGAL AND MELADI
AREA 22·34 Sq KM POPULATION 42226
1991
TO MANGALOORE KANNUR 48KM
VATAKARA MUNCIPALITY
KUTTIADIPPUZHA
BIRTH HOME OF GREAT
KUNHALI MARAKKAR
PRIMARY HEALTH CENTRE
KOLAVI PPUZHA
THEATRE
MODERN OIL MILL
IRINGAL POST OFFICE
IRINGAL R.S
MANIYOOR PANCHAYAT
KALARIPADI
AYINIKKAD POST OFFICE
AYINIKKAD
ARABIAN SEA
KUTTIYIL PEEDIKA
PANCHAYAT OFFICE
POST OFFICE
PAYYOLI R.S
VILLAGE OFFICE MELADI
MELADI TOWN
POLICE STATION
THEATRE
BLOCK DEVELOPMENT OFFICE
KIZOOR
TO PERAMBRA
SITE FOR GOVT. AYURVEDA HOSPITAL
THURAYOOR PANCHAYAT
THIKKOTI PANCHAYAT
FROM MADRAS
CALICUT 36KM
Referance
Panchayat Boundary
Ward Boundary
National Highway (17)
Railway Lane
Other Roads
Sea and River
Other important thodu
Prepared by K. Pavithran (SURVEYOR)

# സാമൂഹ്യ ചരിത്ര പശ്ചാത്തലം

ജന്മനാടിനെ വൈദേശികാധിപത്യത്തിൽ നിന്ന് മോചിപ്പിക്കാൻ പടവാൾകൊണ്ട് വീരേതിഹാസം രചിച്ച കുഞ്ഞാലി മരയ്ക്കാന്മാരുടെ കേളീരംഗമായ കോട്ടക്കൽ ഉൾപ്പെടുന്ന പയ്യോളി പഞ്ചായത്ത് ഇന്ത്യാചരിത്രത്തിൽ തന്നെ അതുല്യമായ ഒരു സ്ഥാനം വഹിക്കുന്നു.

കേരളത്തിൻെറ വീരപുളകമായിരുന്ന മരയ്ക്കാർ കുടുംബത്തിൻെറ ജന്മദേശം അറേബ്യ ആണെന്നും ക്രിസ്തുവർഷം 7-ാം നൂറ്റാണ്ടിൽ അവർ വ്യാപാരാർത്ഥം കേരളത്തിൻെറ പശ്ചിമതീരത്തു കുടിയേറി പാർത്തതാണെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സാമൂതിരിയുടെ നാവികസൈന്യാധിപത്യം - മരയ്ക്കാർ കുടുംബത്തിന് അർപ്പിച്ചതോടു കൂടിയാണ് കുഞ്ഞാലി എന്ന സ്ഥാനപ്പേർ നൽകിയത്. വാസ്കോടിഗാമ കേരളത്തിൽ കാലുകുത്തിയതോടു കൂടി - കുഞ്ഞാലി നാലാമൻ രക്തസാക്ഷിത്വം വരിച്ചത്വരെ ചെറുതും വലുതുമായ 26 യുദ്ധങ്ങൾ നടത്തിയിട്ടുണ്ടെന്നും ചില യുദ്ധങ്ങളിൽ പരാജയം സംഭവിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും മരയ്ക്കാന്മാർ പറങ്കിൽക്ക് കീഴടങ്ങിയിട്ടില്ലെന്നാണ് പ്രശസ്ത ചരിത്രകാരനായ സർദാർ കെ. എൻ. പണിക്കർ പറഞ്ഞിട്ടുള്ളത്. മതവിദ്വേഷത്തിൻെറ കളങ്കമേൽക്കാത്ത അതിസുന്ദരമായ ഒരു ജീവിതഘടന അവർ കേരളത്തിൽ പടുത്തുയർത്തി എന്നും ശ്രീ പണിക്കർ സമർത്ഥിച്ചിട്ടുണ്ട്.

ഇരിങ്ങൽ പാറക്ക് പടിഞ്ഞാറ് മൂരാട് പുഴക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന പ്രദേശത്താണ് കുഞ്ഞാലി മൂന്നാമൻ ഒരു സുശക്തമായ കോട്ട നിർമ്മിച്ചത്. ഇതിന്നു ശേഷമാണ് കോട്ടക്കൽ എന്ന പേരു ലഭിച്ചത്. മരയ്ക്കാർ കുടുംബത്തിൽ ഏറെ പ്രശസ്തൻ കുഞ്ഞാലി നാലാമനായിരുന്നു. കുഞ്ഞാലി നാലാമൻെറ നേതൃത്വം ഉള്ള കാലം വരെ തങ്ങളുടെ ലക്ഷ്യം കരഗതമാവുകയില്ലെന്നു മനസ്സിലാക്കിയ പറങ്കികൾ സാമൂതിരി രാജാവിൽ കുഞ്ഞാലിക്കെതിരായി പകയും, കോപവും തെറ്റായ ധാരണയും ജനിപ്പിക്കുകയും അങ്ങനെ സാമൂതിരിയുടെ സഹായത്തോടുകൂടി കുഞ്ഞാലിയെ നാമാവശേഷമാക്കാൻ ദീർഘകാലം കരയിലും കടലിലും യുദ്ധം ചെയ്യുകയുമുണ്ടായി. ഇതിനിടയിൽ സാമൂതിരി രാജാവിൻെറ മുമ്പിൽ കീഴടങ്ങാമെന്ന് കുഞ്ഞാലി ഒരു ദൂതൻ മുഖേന അദ്ദേഹത്തെ അറിയിച്ചു. സാമൂതിരിയുടെ മുമ്പിൽ കീഴടങ്ങിയ കുഞ്ഞാലിയെ അദ്ദേഹത്തിൻെറ മുമ്പിൽ വെച്ച് തന്നെ പറങ്കിപ്പടയുടെ ക്യാപ്റ്റനായ ഫുർടോസോവും അനുചരന്മാരും ബന്ധനസ്ഥരാക്കുകയും ഭൂലോകനരകമെന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ച ഗോവയിലെ ട്രോങ്കോ എന്ന കാരാഗൃഹത്തിൽ തുറുങ്കിലിടുകയും ചെയ്തു. ചരിത്രത്തിലെ ഏറ്റവും വലിയ ഒരു ചതിയായിരുന്നു



*ഒരു ചരിത്ര പുരുഷനോടുള്ള അവഗണന- കോട്ടക്കലിലുള്ള കുഞ്ഞാലിമരയ്ക്കാരുടെ ജന്മഗൃഹം*

ഇത്. 1599 ജൂൺ 5ന് വമ്പിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഈ വീരസിംഹത്തിന്റെ ശിരസ്സ് വെട്ടുകയും ശരീരഭാഗങ്ങൾ തുണ്ടം തുണ്ടമായി വെട്ടി നുറുക്കുകയുമുണ്ടായി. മാത്രമല്ല ശിരസ്സ് കണ്ണൂരിൽ പ്രദർശനത്തിനു വെക്കുകയും ചെയ്തു. അതോടെ ഇന്ത്യാ ചരിത്രത്തിലെ എക്കാലത്തേയും വീരപുളകമായിരുന്ന മരയ്ക്കാരുടെ അന്ത്യമായി. കോട്ടക്കൽ കോട്ട പൂർണ്ണമായും നശിപ്പിച്ചു തരിപ്പണമാക്കി. വിണ്ണും കടലും വിറപ്പിച്ച കുഞ്ഞാലിയുടെ പേറ്റില്ലവും പറങ്കികളിൽ നിന്ന് പിടിച്ചെടുത്ത സിംഹാസനവും, കുഞ്ഞാലി നാലാമൻ ഉപയോഗിച്ച വാളും പരിചയും പലപ്പോഴായി കുഴിച്ചെടുക്കപ്പെട്ട പീരങ്കി ഉണ്ടകളും പഴയ യുദ്ധോപകരണങ്ങളും മാത്രമാണ് ചരിത്രാവശിഷ്ടമായി കോട്ടക്കലിൽ ഇന്ന് നിലവിലുള്ളത്.ഇവ കാണുന്നതിന് നിത്യവും കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ചരിത്ര കുതുകികൾ കോട്ടക്കൽ സന്ദർശിച്ചുവരുന്നു.

മതസൗഹാർദ്ദത്തിന്റെ പ്രതീകമായിരുന്ന കുഞ്ഞാലിമരയ്ക്കാർ നാലാമന്റെ ആത്മമിത്രമായിരുന്നു കടത്തനാടിന്റെ വീരപുരുഷനായ തച്ചോളി ഒതേനക്കുറുപ്പ്. ഉൽസവകാലത്ത് ലോകമലയാർ ക്ഷേത്രത്തിൽ കുഞ്ഞാലിക്ക് പ്രത്യേകം ഇരിപ്പിടമുണ്ടായിരുന്നു. വിദേശാധിപത്യത്തിനെതിരായി പടപൊരുതി വീരമൃത്യു വരിച്ച മരയ്ക്കാർക്ക് അനുയോജ്യമായ സ്മാരകം പണിയണമെന്ന കാര്യം ഏകദേശം 50 വർഷക്കാലമായി തദ്ദേശിയർ ഒന്നടങ്കം ആവശ്യപ്പെടാൻ തുടങ്ങിയിട്ട്. നിർഭാഗ്യമെന്നു പറയട്ടെ ഇന്നും അതൊരു കിട്ടാക്കനിയായി അവശേഷിക്കുന്നു. വിദേശാധിപത്യത്തിന് വഴിയൊരുക്കിയ വാസ്കോടി ഗാമയ്ക്ക് സ്മാരകം പണിയുന്നതിന് ലക്ഷക്കണക്കിന് രൂപ ചിലവഴിക്കുമ്പോൾ സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിൽ ജീവൻ ആഹൂതി ചെയ്ത മരയ്ക്കാർക്കുള്ള സ്മാരകം നീണ്ടുപോകുന്നത് അക്ഷന്തവ്യമായ ഒരു അവഗണന മാത്രമായേ കണക്കാക്കാൻ കഴിയൂ.

പയ്യോളി പഞ്ചായത്തിലെ ഏറ്റവും പൗരാണികമായ ക്ഷേത്രമാണ് കീഴൂർ ശിവക്ഷേത്രം. നൂറ്റാണ്ടുകൾക്കു മുമ്പ് കീഴൂരിലെ ഒരു ശിവഭക്തൻ മുചുകുന്ന് ശിവക്ഷേത്രത്തിലേക്ക് എല്ലാ ദിവസവും പോകാറുണ്ടായിരുന്നുവത്രെ. ഭക്തൻ അവശനായപ്പോൾ നിത്യവും തിരുസന്നിധിയിൽ പോകാൻ കഴിയാത്തതിലുള്ള ദുഃഖം കാരണം മനമുരുകി ശിവനെ പ്രാർത്ഥിച്ചു. ശിവൻ പ്രസാദിക്കുകയും തന്റെ വീട്ടിലെ ഒരു തൂൺ ജ്വലിക്കുന്നതായി ഭക്തന് സ്വപ്നദർശനമുണ്ടാവുകയും ചെയ്തു. പ്രശ്നവെച്ചപ്പോൾ ശിവൻ പ്രത്യക്ഷപ്പെട്ടതാണെന്ന് മനസ്സിലായി. പ്രസ്തുത ഗൃഹമാണ് കീഴൂർ ശിവക്ഷേത്രമായി പരിണമിച്ചത്.


ഈ ക്ഷേത്രോത്ഭവത്തെക്കുറിച്ച് മറ്റൊരു ഐ

തിഹ്യം കൂടി നിലവിൽ ഉണ്ട്. ഇന്ന് ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം വലിയ ഒരു കാട്ടുപ്രദേശമായിരുന്നു. തറോത്താഴ കുടുംബത്തിലെ മുത്തശ്ശി ഈ കാട്ടിൽ നിന്നും കാട്ടുകൂവ കിളച്ചുകൊണ്ടിരിക്കുമ്പോൾ പടന്ന (തൂമ്പ) മണ്ണു മൂടിക്കിടന്ന ഒരു കല്ലിൽ തട്ടി, കല്ലിൽ നിന്നും രക്തം തെറിച്ചൊഴുകാൻ തുടങ്ങി. ഇതു കണ്ടു ഭയന്ന മുത്തശ്ശി കൂവ ശേഖരിക്കാൻ കൊണ്ടുവന്ന മുറംകൊണ്ട് കല്ല് മൂടിവെയ്ക്കുകയും വിവരം കീഴൂരിടത്തിലെ തമ്പ്രാക്കന്മാരെ അറിയിക്കുകയും ചെയ്തു. തമ്പ്രാക്കന്മാരും പരിവാരങ്ങളും വന്ന് സ്ഥലം പരിശോധിച്ച് പ്രശ്നം വെപ്പിക്കുകയും ദൈവിക സാന്നിദ്ധ്യം കാണുകയും സ്ഥലം ശുദ്ധിവരുത്തി ക്ഷേത്രം പണിയാനും തീരുമാനിച്ചു. അയിത്തം കല്പിക്കപ്പെട്ട പുലയ സമുദായത്തിലെ സ്ത്രീ ദൈവത്തെ കൊത്തി മുറിവേല്പിച്ചതിന് പ്രായശ്ചിത്തം ചെയ്യാനും കല്പിക്കപ്പെട്ടു.

തറോത്താഴ കുടുംബത്തിലെ കാരണവർ ഉത്സവത്തോടനുബന്ധിച്ച് ഒരു മാസം വ്രതം അനുഷ്ഠിക്കുകയും ഉത്സവദിവസം ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളത്തു പുറപ്പെടുന്നതുമുതൽ കീഴൂർ ചെവ്വവയലിൽ കൂടി കടന്നുപോകുന്നതുവരെ കിഴക്കേചെവ്വയിൽ അമ്പലനടയിൽ നിന്നും വളരെ അകലെയായി പട്ടുടുത്ത് വാള് കയ്യിലേന്തി ഒറ്റക്കാലിൽ നിൽക്കണം. വ്രതം എടുക്കുന്ന ഒരു മാസം ഇദ്ദേഹത്തിനുള്ള ഭക്ഷണം കീഴൂരിലെ 32 കുടിയിൽ നിന്നും (കീഴൂരിൽ 32 പുലയ വീടുകളാണ് അന്നുണ്ടായിരുന്നത്.) കൊടുത്തയക്കുകയാണ് പതിവ്. ഇന്നും ഈ സമ്പ്രദായം നിലനിന്നുപോരുന്നു. ഇപ്പോൾ ആറ്റുവെപ്പിൽ താമസിക്കും തറോത്താഴ ആയിത്തർ ആണ് ഈ കർമ്മം ചെയ്യുന്നത്.

കീഴൂർ ശിവക്ഷേത്ര ഉത്സവത്തിൻെറ ഭാഗമായി മലബാറിലെ പ്രശസ്തമായ കന്നുകാലിച്ചന്ത നടത്തപ്പെടുന്നു. ഉത്സവത്തോടനുബന്ധിച്ച് എല്ലാ മതവിഭാഗത്തിൽ പെട്ടവരും വ്രതം അനുഷ്ഠിക്കാറുണ്ടെന്നതും പ്രസ്താവ്യമാണ്.

അയനിക്കാട് കളരിപ്പടി ക്ഷേത്രവും ചരിത്രപ്രാധാന്യമുള്ള ക്ഷേത്രമാണ്. മുൻകാലങ്ങളിൽ പേ വിഷബാധയ്ക്കുള്ള പച്ചമരുന്ന് ഇവിടുത്തെ കാവുകളിൽ നിന്നും ലഭ്യമായിരുന്നു. ഹിന്ദു മുസ്ലീം മൈത്രിയുടെ പ്രതീകമായി നിലകൊള്ളുന്ന ശേഖിൻ താഴപ്പള്ളി ഒരു തീർത്ഥാടനകേന്ദ്രമാണ്. അറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവായിരുന്ന വാക്ഭടാനന്ദ ഗുരുദേവരുടെ ആദ്യകാല പ്രവർത്തനമേഖല പയ്യോളി പഞ്ചായത്തിലായിരുന്നു. പഞ്ചായത്തിലെ സ്വാതന്ത്ര്യസമര



*കുഞ്ഞാലിമരയ്ക്കാർ ഉപയോഗിച്ച പരിച.*



*മരയ്ക്കാർ പള്ളി ജുമാ മസ്ജിദ് കോട്ടക്കൽ*

സേനാനികൾ നമുക്കഭിമാനമാണ്.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ ഭാഗമായിരുന്ന പയ്യോളി പ്രത്യേക പഞ്ചായത്തായി ജന്മം കൊള്ളുന്നത് 1962 ജനുവരി ഒന്നാം തീയതിയാണ്. കീഴൂരിലെ കൊളാരി ഇബ്രാഹിം എന്നയാളുടെ കെട്ടിടത്തിൽ 12 ക മാസ വാടക നൽകിയാണ് ആഫീസ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഡിസംബർ 19-ന് വ്യാഴാഴ്ചയാണ് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരം ഏറ്റെടുക്കുന്നത്. പരേതനായ ശ്രീ കെ.പി. ചോയിയായിരുന്നു പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ്. വൈസ്.പ്രസിഡൻറ് ശ്രീ എണ്ണാപ്പൊയിൽ ശങ്കരൻ നായരുമായിരുന്നു. അതുവരെയും ഭരണസമിതിയുടെ അധികാരം സ്പെഷ്യൽ ഓഫീസർക്കായിരുന്നു. ശ്രീ. പി.വി. ഗോപാലനായിരുന്നു സ്പെഷ്യൽ ഓഫീസർ പഞ്ചായത്തിൻെറ ആദ്യത്തെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ ഇ. കുഞ്ഞികൃഷ്ണൻ ആയിരുന്നു. കീഴൂരും മേലടിയിലുമായി നാലോളം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചതിനു ശേഷമാണ് ഇന്നത്തെ സ്വന്തം കെട്ടിട ത്തിലേക്ക് മാറുന്നത്.

1968 ജൂൺ മാസത്തിലാണ് പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നത്. സർവ്വശ്രീ കെ.പി. ചോയി, എണാപ്പൊയിൽ ശങ്കരൻ നായർ, ചൊറിയം ചാലിൽ കുഞ്ഞിരാമൻ, വെള്ളി യോട്ടു കുഞ്ഞമ്മദ്, വണ്ണാങ്കണ്ടി താഴ ഗോപാലൻ, കോറോത്ത് മുകുന്ദൻ, ചെറിയേരിക്കണ്ടി കണാരൻ, കുന്നുമ്മൽ ബാലൻ എന്നിവരയായിരുന്നു നമ്മുടെ പഞ്ചായത്ത് ഭരണസമിതിയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ. പിന്നീട് 1964 ജനുവരി 8-ാം തിയ്യതി കേരളാപഞ്ചായത്ത് നിയമം 8-ാം വകുപ്പനുസരിച്ച് പുതിയോട്ടിൽ നാരായണി അമ്മയെ സ്ത്രീ സംവരണ സീറ്റിലേക്ക് നാമനിർദ്ദേശം ചെയ്യുകയു മാണ് ഉണ്ടായത്.


ഇപ്പോൾ 15 വാർഡുകൾ അടങ്ങിയ ഈ പഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്ത പ്പെട്ടിരിക്കുന്നു. ഇതിനകം സർവ്വശ്രീ : കെ.പി. ചോയി, ഇ. ശങ്കരൻ നായർ, ടി. കൃഷ്ണൻ, കിത്താന മൊയ്തീൻ, പി. നാരായണി അമ്മ, കാഞ്ഞിരോളി കുഞ്ഞമ്മദ് എന്നിവർ വിവിധ കാലങ്ങളിലായി പഞ്ചായത്ത് പ്രസിഡണ്ട് പദം അലങ്കരിക്കുകയുണ്ടായി. കേരളത്തിലെ പല പഞ്ചായത്തുകളും രാഷ്ട്രീയ പകപോക്കലിനും, ചേരിതിരിഞ്ഞുള്ള പ്രവർത്തനങ്ങൾക്കും ഇരയായപ്പോൾ പയ്യോളി പഞ്ചായത്ത് വ്യതിരിക്തമായ ചരിത്രം കുറിച്ചുകൊണ്ട് ഭരണ പ്രതിപക്ഷ ചിന്തക്കതീതമായി വിശാലമായി രാഷ്ട്ര താല്പര്യം മാത്രം മുൻനിർത്തി ഇക്കാലമത്രയും പ്രവർത്തിച്ചു വന്നു എന്നതും ഈ പഞ്ചായത്തിനു മാത്രം അവകാശപ്പെട്ട പ്രത്യേകതയാണ്. ഇപ്പോഴത്തെ പഞ്ചായത്തിൻെറ സാരഥ്യം വഹിക്കുന്നത് അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകയായ ശ്രീമതി കുൽസു ടീച്ചറാണ്. വൈസ് പ്രസഡണ്ട് സ്ഥാനം ശ്രീ. വി.പി. സുധാകരനും, സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ സ്ഥാനം മഠത്തിൽ നാണു മാസ്റ്ററും വഹിക്കുന്നു. മത്സ്യതൊഴിലാളികളും, കയർത്തൊഴിലാളികളും, മണൽ തൊഴിലാളികളും കൂടുതലുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ 43994 ആണ്. ജനസംഖ്യയിൽ സ്ത്രീകൾ മുൻപന്തിയിൽ നിൽക്കുന്നു. പുരുഷന്മാരേക്കാൾ ഏകദേശം 250 ഓളം സ്ത്രീകൾ കൂടുതലാ



ണിപ്പോൾ.

പ്രകൃതി സൗന്ദര്യത്തിൻെറ കാര്യത്തിലും ഈ പഞ്ചായത്തിന് സവിശേഷമായ സ്ഥാനമുണ്ട്. പുഴകളും കായലുകളും, സമതലപ്രദേശങ്ങളും ഇടകലർന്നു നിൽക്കുന്ന പഞ്ചായത്തിൻെറ ഭൂപ്രകൃതി ടൂറിസ്റ്റുകളെ ആകർഷിക്കാൻ പാകത്തിലുള്ളതാണ്. കടലും പുഴയും ചേരുന്ന സംഗമസ്ഥാനം സൂര്യാസ്തമന സമയത്ത് അവിസ്മരണീയമായ ഒരു കാഴ്ചതന്നെയാണ്. I, II, III വാർഡുകൾ സ്ഥിതിചെയ്യുന്ന കോട്ടക്കൽ പ്രദേശവും IV, V വാർഡുകൾ ചേർന്ന മൂരാട് പ്രദേശവും ടൂറിസ്റ്റുകളുടെ പറുദീസയാണെന്നു പറയാം. നന്ദനാർ കുന്നും, ഏറെകുറെ തീർന്നുവെങ്കിലും അല്പ ഭാഗം മാത്രം അവശേഷിക്കുന്ന ഇരിങ്ങൽ പാറയും ചരിത്രത്തിൻെറ മൂകസാക്ഷികളായി ഇന്നും നിലനിൽക്കുന്നു. അറബിക്കടലിലെ അൽഭുതമായി നിലകൊള്ളുന്നതും നിരവധി പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചതുമായ വെള്ളിയാൻ കല്ലിൽ എത്താൻ പയ്യോളിയിൽ നിന്ന് വളരെ എളുപ്പമാണ്.

കുഞ്ഞാലിമരക്കാർ പറങ്കികളിൽ ← നിന്നും പിടിച്ചെടുത്ത സിംഹാസനം



←
മരയ്ക്കാരുടെ ജന്മഗൃഹത്തിന്നടുത്തു നിന്നും കുഴിച്ചെടുത്ത വാളുകൾ

# ഭൂപ്രകൃതിയും വിഭവങ്ങളും

**നമ്മുടെ** പഞ്ചായത്ത് സമതലമേഖലയിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി തീരപ്രദേശമാണ്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 22.34 Sq. K.M. ആണ്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് രണ്ട് കുന്നിൻപ്രദേശങ്ങളുണ്ട്. പെരിങ്ങാട് കുന്നും നന്തനാർ കുന്നും. മധ്യാഭാഗത്ത് അയനിക്കാട് പ്രദേശത്തിന്റെ കിഴക്കുഭാഗത്തായി കുറുക്കൻ കുന്ന് സ്ഥിതിചെയ്യുന്നു. തെക്കുകിഴക്കുഭാഗത്താണ് തച്ചൻ കുന്ന് ഉള്ളത്. ബാക്കി ഭാഗങ്ങൾ സമതല പ്രദേശമായും പടിഞ്ഞാറു ഭാഗം അറബിക്കടലിനോടു ചേർന്നു കിടക്കുന്ന തീരപ്രദേശമായും സ്ഥിതിചെയ്യുന്നു.

### പ്രധാന സ്ഥലങ്ങൾ

മൂരാട്, പെരിങ്ങാട് (വാർഡ്-5); കോട്ടതുരുത്തി, ഇരിങ്ങൽ തെരു (വാർഡ്-4); കോട്ടക്കൽ (വാർഡ്-1); ഇരിങ്ങൽ (4-6 വാർഡുകൾ), കളരിപ്പടി (വാർഡ്-6); കുറുക്കൻ കുന്ന്, അയനിക്കാട് (വാർഡ്-7) ചെത്തിൽ താര (വാർഡ്-3); കൊളാവിപ്പാലം-ആവിത്താര (വാർഡ്-8); കുറ്റിയിൽ പീടിക (വാർഡ്-13); മേലടി ബീച്ച് (വാർഡ്-11) മേലടി ടൗൺ (വാർഡ്-12); കീഴൂർ (വാർഡ്-12); തച്ചൻ കുന്ന് (14-15 വാർഡുകൾ) എന്നിവയാണ് പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങൾ.

ഒന്നാം വാർഡിലെ കോട്ടക്കൽ, ധീരദേശാഭിമാനി കോട്ടക്കൽ കുഞ്ഞാലി മരക്കാരുടെ ജന്മസ്ഥലവും ചരിത്രപ്രസിദ്ധമായ സ്ഥലവുമാണ്. പുരാവസ്തുവകുപ്പ് ഏറ്റെടുത്തു സംരക്ഷിക്കുന്ന കുഞ്ഞാലി മരക്കാരുടെ ഗൃഹം ഇവിടെ സ്ഥിതിചെയ്യുന്നു. കോട്ടയുള്ള സ്ഥലമായതിനാലാണ് ഈ പ്രദേശത്തിന് കോട്ടക്കൽ എന്ന പേരു വന്നത്. കോട്ടയുടെ വടക്കേക്കരയുള്ള സ്ഥലമാണ് വടകര ആയത്.

### മുഖ്യവിളകൾ

പഞ്ചായത്തിൽ തെങ്ങ്, നെല്ല്, കവുങ്ങ്, കശുമാവ് എന്നിവയാണ് മുഖ്യകൃഷികൾ. ഇതിൽ നെൽപ്പാടങ്ങൾ തൊണ്ണൂറുശതമാനവും നികത്തിക്കഴിഞ്ഞിരിക്കുന്നതിനാൽ അവശേഷിക്കുന്ന കുറച്ചു സ്ഥലത്തു മാത്രമെ ഇപ്പോൾ നെൽകൃഷി ചെയ്തുവരുന്നുള്ളു.

1, 2, 3, 4, 5, 9, 10 എന്നീ ഏഴുവാർഡുകളിൽ തീരെ നെൽകൃഷി ഇല്ലയെന്നു പറയാം. 6, 7, 8, 11, 12, 13, 14, 15 വാർഡുകളിലെ വളരെ കുറച്ചുസ്ഥലത്തുമാത്രം ഇപ്പോൾ നെൽകൃഷി ചെയ്തുവരുന്നു. 14, 15 വാർഡുകളിൽ പ്പെട്ട തച്ചൻകുന്ന് ഭാഗത്ത് വെറ്റില കൃഷി ചെയ്തുവരുന്നു. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട കുരുമുളക് കൃഷിയും ഇവിടെയുണ്ട്.

### നീർക്കെട്ടുകൾ

13ാം വാർഡിലെ കൊവ്വപ്പുറം ഭാഗത്തും 2ാം വാർഡിലെ കൊളാവിപ്പാലം ഭാഗത്തും നീർക്കെട്ടുകളുണ്ട്. 11ാം വാർഡിലും 4ാം വാർഡിലെ കോട്ടത്തുരുത്തി, ഇരിങ്ങൽ പാറക്കു സമീപം കിടക്കുന്ന പടിഞ്ഞാറെ തെരു, ാം വാർഡിലെ പടിഞ്ഞാറെ തുരുത്തി എന്നീ സ്ഥലങ്ങളിലും നീർക്കെട്ടുകൾ ഉണ്ട്. ഈ പ്രദേശങ്ങളാകട്ടെ ഉപ്പുവെള്ളം കയറുന്നതും അതുകൊണ്ടുതന്നെ ശുദ്ധജലക്ഷാമം ഉള്ളവയുമാണ്.

### പരിസ്ഥിതി പ്രശ്നങ്ങൾ

ശുദ്ധജലക്ഷാമം, മണ്ണൊലിപ്പ്, പരിസര മലിനീകരണം എന്നിവയാണ് മുഖ്യ പരിസ്ഥിതി പ്രശ്നങ്ങൾ. നെൽപ്പാടങ്ങൾ തൊണ്ണൂറു ശതമാനവും നികത്തി വീടു നിർമാണത്തിനും തെങ്ങുകൃഷിചെയ്യുന്നതിനും ഉപയോഗപ്പെടുത്തുന്നതുനാൽ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. നന്തനാർ കുന്നിൽ നിന്നും ഇന്ന് വ്യാപകമായ തോതിൽ മണ്ണെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ഭാവിയിൽ ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കാനിടയുണ്ട്. കുന്നിൻപ്രദേശങ്ങളായ പെരിങ്ങാട്, കോട്ടക്കുന്ന്, തച്ചൻകുന്ന് ഭാഗങ്ങളിൽ ഇതുവരെയായി മണ്ണുസംരക്ഷണത്തിനു വേണ്ടി കയ്യാലപദ്ധതി നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിൻെറ കിഴക്കും വടക്കും കിടക്കുന്ന കോട്ടപ്പുഴയിലേക്കും അവശേഷിക്കുന്ന നെൽപ്പാടത്തേക്കും മഴക്കാലത്ത് മണ്ണ് കുത്തിയൊലിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾ ഒഴിച്ചാൽ ബാക്കി മുഴുവൻ പ്രദേശത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്നവയാണ്. പരിസരശുചിത്വം പാലിക്കാൻ കഴിയത്തക്ക രീതിയിൽ ശാസ്ത്രീയമായ മലവിസർജ്ജന സൗകര്യങ്ങൾ ഈ പ്രദേശങ്ങളിലില്ല.

### ജൈവസമ്പത്ത്

വളരെ അധികം ജൈവസമ്പത്ത് ലഭ്യമായുള്ള പ്രദേശമാണ് പയ്യോളി പഞ്ചായത്ത്. ജലാശയങ്ങളാൽ ചുറ്റപ്പെട്ട പ്രദേശമായതുകൊണ്ട് മത്സ്യസമ്പത്തിനാൽ സമൃദ്ധമാണ്. കടൽമത്സ്യം, പുഴമത്സ്യം, ശുദ്ധജല മത്സ്യം, കടലിൽ നിന്നും പുഴയിൽ നിന്നും ലഭിക്കുന്ന ഇരുന്ത്, എളമ്പക്ക എന്നീ ഷെൽ ഫിഷുകളും നമുക്ക് ലഭ്യമാണ്. മൂരാട് പുഴയിൽ നിന്നും ഇത്തിൽ കുഴിച്ചെടുക്കുന്നുണ്ട്. പുഴയിൽ നിന്നും കടൽ തീരിത്തുനിന്നു മണൽ ഖനനം ചെയ്യുന്നു.

### മനുഷ്യവിഭവം

വളരെയധികം ജൈവസമ്പത്തുള്ള പ്രദേശമായതിനാൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ ഉള്ള പ്രദേശമാണ് പയ്യോളി. ഇതിൽതന്നെ പല മേഖലകളിലെയും തൊഴിലുകൾ സാങ്കേതിക പരിജ്ഞാനവും വൈദഗ്ദ്ധ്യവും ആവശ്യമായിട്ടുള്ളതാണ്. തൊണ്ടു പൂഴ്ത്തൽ, മണൽ വാരൽ, ഇത്തിൾ വാരൽ, കടലിലും പുഴയിലുമുള്ള മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലാണ് കൂടുതൽ തൊഴിലാളികളും ജോലി ചെയ്യുന്നത്. വൻതോതിൽ ജലസമ്പത്തുള്ളതിനാൽ മത്സ്യകൃഷിക്ക് വമ്പിച്ച സാധ്യത തകൾ ഉണ്ട്. അതുപോലെ കയർ വ്യവസായ രംഗത്തും കാര്യമായ ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന രീതിയിൽ ആ മേഖലയിലെ ഉല്പാദനം വികസിപ്പിക്കാൻ സാധ്യതയുണ്ട്. ഈ രീതിയിൽ മനുഷ്യവിഭവശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. നല്ലൊരു ശതമാനം മനുഷ്യസമ്പത്ത് വിദേശരാജ്യങ്ങളിലാണുള്ളത്. അതുവഴി ലഭിക്കുന്ന വിദേശനാണ്യം പ്രുത്പാദനമായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. മനുഷ്യസമ്പത്തിൻെറ നല്ലൊരു ഭാഗം മറ്റു നിർമ്മാണമേഖലകളിലുമാണ്.

### മണ്ണിൻെറ ഘടന

തീരപ്രദേശങ്ങളിലും, സമതലങ്ങളിലും പൂഴിമണ്ണാണ് കൂടുതൽ കാണുന്നത്. കുന്നുകളിലും ചരിവുകളിലും ചെമ്മണ്ണ്, ചരൽമണ്ണ്, ചെങ്കൽ പ്രദേശം എന്നിവ കാണുന്നു. പാറയായിട്ടുള്ളത് പ്രധാനമായും ഇരിങ്ങൽ പാറ, മഞ്ഞൂൽപാറ, പടിക്കൽപ്പാറ, കുന്നത്ത് പാറ എന്നിവയാണ്. കൂടാതെ വയൽ പ്രദേശങ്ങളിലും നീർകെട്ട് പ്രദേശങ്ങളിലും പശിമയാർന്ന ചളിമണ്ണ് കാണപ്പെടുന്നു. ഏറിയ കൂറും കൃഷിക്കനുയോജ്യമായ മണ്ണാണ്.

### കാലാവസ്ഥ

ഇടവപ്പാതിയും, തുലാവർഷവും, മാർച്ച് ഏപ്രിൽ മാസങ്ങളിലെ വേനൽ മഴയും കേരളത്തിൽ പൊതുവെ ലഭിക്കുന്നതിന് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലും ലഭിക്കുന്നു. ജല ലഭ്യതയുടെ കാര്യത്തിൽ വളരെ സമ്പന്നമായ ഒരു പ്രദേശമാണ് പയ്യോളി.

# കൃഷിയും ജലസേചനവും

അറബിക്കടലിന്റെയും കുറ്റ്യാടി പുഴയുടെയും തീരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പയ്യോളി, ഇരിങ്ങൽ വില്ലേജുകൾ ചേർന്നതാണ് പയ്യോളി സ്പെ ഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്ത്. ഒരു കാർഷിക പഞ്ചാ യത്തായിരുന്ന പയ്യോളിയിൽ ഇപ്പോൾ കാർഷികവൃത്തിയിൽ ഏർപ്പെടുന്നവർ കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

പരമ്പരാഗതമായി കൃഷിയും മത്സ്യബന്ധനവും മുഖ്യ തൊഴിലായി സ്വീകരിച്ചവരാണ് ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും. ഇവിടുത്തെ മുഖ്യ കാർഷിക വിള തെങ്ങാണ്. കൂടാതെ നെല്ല്, കവുങ്ങ്, വാഴ, കുരുമുളക്, കശുമാവ്, മരച്ചീനി, വെറ്റില, പച്ചക്കറി എന്നിവയും കൃഷി ചെയ്തുവരുന്നു.

ഭൂപ്രകൃതി അനുസരിച്ച് 1, 2, 3, 8, 9, 10, 11 വാർഡുകൾ മണൽ പ്രദേശമാണ്. നാഷണൽ ഹൈവേയ്ക്ക് തൊട്ടു കിഴക്ക് ഭാഗം പൂഴി കലർന്ന ചെമ്മൺ പ്രദേശമാണ്. വടക്കുഭാഗം പുഴയോരപ്രദേശവും കിഴക്ക് ഭാഗം ചെമ്മൺ പ്രദേശവുമാണ്. ഇവിടെ കുന്നും സമതലവും ഇടകലർന്ന കാണപ്പെടുന്നു.

കൃഷിഭൂമിയുടെ ഏകദേശം 75% ത്തോളം തെങ്ങുകൃഷിയാണ് ഉള്ളത്. ശാസ്ത്രീയമായ തെങ്ങുകൃഷി വളരെ വിരളമാണ്. ഇടവിള കൃഷിസമ്പ്രദായം പഞ്ചായത്തിൽ തന്നെ ചുരുക്കമാണ്. കേരകർഷകക്ലബ്ബുകളുടെയും, കേരവികസനസമിതികളുടെയും പ്രവർത്തനം പ്രോത്സാഹജനകമല്ല. ജൈവവളങ്ങളും, രാസവളങ്ങളുമാണ് കർഷകർ ഉപയോഗപ്പെടുത്തിവരുന്നത്. മുമ്പുകാലത്ത് ധാരാളം മത്സ്യവളവും ഉപയോഗിച്ചിരുന്നു. പഞ്ചായത്തിൽ നെൽകൃഷിക്കാരുടെ എണ്ണം വർഷം പ്രതി ചുരുങ്ങിവരികയാണ്. ജനസംഖ്യാവർദ്ധനവ് കെട്ടിടങ്ങളുടെ ബാഹുല്യം, കർഷകത്തൊഴിലാളികളുടെ ദൗർബ്ബല്യം എന്നിവ ഇതിനു കാരണങ്ങളാണ്. അതിലുപരി നെൽകൃഷിയെക്കാൾ ലാഭകരമാണ് തെങ്ങുകൃഷി എന്ന മനോഭാവം ജനങ്ങളിലുണ്ട്. പാരമ്പര്യേതര വിത്തുകൾക്കു പകരം ഇപ്പോൾ കൂടുതലായും ഉപയോഗിക്കുന്നത് അത്യുല്പാദനശേഷിയുള്ള വിത്തുകളാണ്. പരമ്പരാഗതമായ കൃഷിരീതികളാണ് ഇന്നും അനുവർത്തിച്ചുവരുന്നത്.

ഗ്രാമസഭാറിപ്പോർട്ടുകൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാവുന്നത് ആധുനിക കാർഷികോപകരണങ്ങൾ ലഭ്യമാക്കുകയും, ശാസ്ത്രീയകൃഷിരീതികളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്താൽ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരടക്കം ധാരാളം പേരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയും അതുവഴി പഞ്ചായത്തിന് കാർഷിക പുരോഗതി കൈവരിക്കുകയും ചെയ്യാം എന്നതാണ്.

വാർഡുകളിലൂടെ പര്യടനം നടത്തുമ്പോൾ

നമുക്ക് ബോധ്യപ്പെടുന്നത് പച്ചക്കറികൃഷിക്ക് അനുകൂലമായ ഘടകങ്ങൾ നമ്മുടെ പഞ്ചാത്തിൽ ഉണ്ടെങ്കിലും അവ വേണ്ടവിധം ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞില്ല എന്നതാണ്.

## കാർഷിക രംഗത്തെ പ്രശ്നങ്ങൾ

ആധുനിക കൃഷിരീതികളെക്കുറിച്ചും കൃഷി ഉപകരണങ്ങളെക്കുറിച്ചും മണ്ണിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരങ്ങളും കർഷകന് അജ്ഞാതമായിരുന്നതുകൊണ്ടും കാർഷികോല്പാദനകുറവിന് കാരണമായി.

2. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറുന്നതും ചില ഭാഗങ്ങളിൽ നീർകെട്ട് അനുഭവപ്പെടുന്നതും, കൃഷിനാശത്തിന് കാരണമാകുന്നു.

3. കാർഷിക വായ്പകൾ യഥാസമയം കിട്ടാനുള്ള വിഷമതകൾ

4. ജൈവവളത്തിന്റെ ദൗർലഭ്യവും രാസവളത്തിന്റെയും കീടനാശിനികളുടെയും വിലക്കയറ്റം.

5. കാർഷികവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ

തെങ്ങ് : ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, കൊമ്പൻ ചെല്ലി ആക്രമണം.

കുരുമുളക് : ദ്രുതവാട്ടം, ചെള്ള്

നെല്ല് : തണ്ടുതുരപ്പൻ, ബ്ലാസ്റ്റ്

വാഴ : തിരുളടപ്പ്

കവുങ്ങ് : മഹാളി

കശുമാവ് : കീടങ്ങളുടെ ആക്രമണം

6. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി പയ്യോളി പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഇരിങ്ങൽ ബ്രാഞ്ച് കനാൽ ഇന്ന് ഉപയോഗശൂന്യമായിക്കിടക്കുന്നു.

7. പഞ്ചായത്തിലെ തോടുകളും പൊതുകുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.

8. വിത്തുകളും, നടിൽ വസ്തുക്കളും, കർഷകർക്ക് ആവശ്യമായ സമയത്തല്ല കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്നത്.

9. എലി ശല്യം വ്യാപകമാണ്.

10. വിപണനസൗകര്യം ഇല്ലായ്മ

11. വെറ്റില കൃഷിക്ക് ആവശ്യമായ മുളയുടെ വിലക്കയറ്റം

12. പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾ

13. കോട്ടപ്പുഴയിൽ നിന്ന് മണൽ വാരുന്നത് മൂലം തീരപ്രദേശം ഇടിഞ്ഞുപോവുകയും കിണറുകളിലെ ജലനിരപ്പ് താഴുകയും ചെയ്യുന്നു.

14. ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള വിഷമതകൾ

## സാധ്യതകൾ

1. വിവിധ വിളകളുടെ ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഭൂവിഭവങ്ങളുടെ ഉപയോഗത്തെക്കുറിച്ചും എല്ലാ വാർഡുകളിലും ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. ഉപ്പുവെള്ളം കയറി കൃഷിഭൂമി ഉപയോഗശൂന്യമാകുന്നതിനു പരിഹാരമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ബണ്ടുകൾ കെട്ടുകയും, താഴെ പറയുന്ന തോടുകളിൽ ചീർപ്പുകൾ നിർമ്മിക്കുകയും ഉള്ളവയ്ക്കാവശ്യമായ റിപ്പയർ നടത്തേണ്ടതുമാണ്.

കൊളാവിപ്പാലത്തിന് വടക്കു ഭാഗത്ത് കോട്ടപ്പുഴയുടെ പടിഞ്ഞാറെ തീരം, കോട്ടക്കൽ മുനമ്പത്ത് താഴഭാഗം, ചാലിക്കര പ്രദേശം മണപ്പുറം തോട്, വലിയ കടവത്ത് തോട്, ഒഴക്കുറവയൽ തോട്, പെരങ്ങോട്ട് പുത്തൻ പുരയിൽ തോട്, പെരിങ്ങാട്ട് വയൽ തോട്, നടക്കൽ ചീർപ്പ്, മൂലംതോട് ചിർപ്പ്, കുറുന്തോട്ടിൽ ചീർപ്പ്, മൂഴിക്കൽ താഴെ ചീർപ്പ്, നാരങ്ങോളിപ്പാലത്തിനുസമീപമുള്ള ചിർപ്പ്, നാരങ്ങോളിപ്പാലത്തിനു സമീപമുള്ള ചിർപ്പ്.

3. കർഷകർക്ക് കാർഷിക വായ്പകൾ യഥാസമയം കിട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന ചകിരിച്ചോറും മറ്റ് അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗപ്പെടുത്തി ജൈവവളങ്ങൾ നിർമ്മിക്കുക.

5. ജീവാണു വളപ്രയോഗം, മണ്ണിരകമ്പോസ്റ്റ് ഇവയെപ്പറ്റി കർഷകർക്ക് പ്രത്യേക പരിശീലനം നൽകുക.

6. സസ്യമതിൽ പ്രോത്സാഹിപ്പിക്കുക.

7. നാടൻ കീടനാശിനികളെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുക.

8. കാർഷികവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിനായി വേണ്ട നിർദ്ദേശങ്ങളും, സഹായ സഹകരണങ്ങളും കൃഷിഭവൻ മുഖേന നൽകുക.

9. കൃഷിഭവൻ അംഗീകൃത നേഴ്സറികളുടേയും, തിരഞ്ഞെടുത്ത കർഷകരെയും ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ ആവശ്യമായ നടിൽ വസ്തുക്കളും, വിത്തുകളും ഉല്പാദിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

10. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള മണ്ണ് സാമ്പിളുകൾ ശേഖരിച്ച് ഒരു ഫെർട്ടിലിറ്റ് മേപ്പ് തയ്യാറാക്കുക.

11. സഞ്ചരിക്കുന്ന മണ്ണ് പരിശോധനായൂനിറ്റിൻെറ സേവനം പഞ്ചായത്ത് ഉപയോഗപ്പെടുത്തുക.

12. മണൽ പ്രദേശങ്ങൾക്ക് അനുയോജ്യമായ നിലക്കടലകൃഷി, ഔഷധസസ്യകൃഷി(രാമച്ചം), മുത്താറി, എള്ള്, പച്ചക്കറി എന്നി വിളകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

13. പഞ്ചായത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കിഴങ്ങുവർഗ്ഗ കൃഷിയും സുഗന്ധവിളയായ, ഇഞ്ചി, മഞ്ഞൾ എന്നിവയും പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ഇതുവഴി തെങ്ങിൻ തോപ്പുകൾക്കിടയിൽ പാഴായിപ്പോകുന്ന കൃഷിഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സഹായകമാവും.

14. പഞ്ചായത്തിലുള്ള തരിശ് ഭൂമി ഉപയോഗപ്പെടുത്തി കശുമാവ് കൃഷി വ്യാപകമാക്കുക.

15. പഞ്ചായത്ത് തലത്തിൽ വിവിധ വിളകളുടെ പ്രദർശനതോട്ടങ്ങൾ ഏർപ്പെടുത്തുക.

16. ആധുനിക കൃഷി ഉപകരണങ്ങൾ, ഗ്രൂപ്പ് ഫാമിങ്ങ് സംഘങ്ങൾ രൂപീകരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

17. നെൽകൃഷിക്കാർക്ക് ഉല്പാദനച്ചെലവിൻെറ 25% സബ്സിഡി അനുവദിക്കുക.

18. വലിയ പറമ്പ് വലിയപുരത്തോട് ആഴവും വീതിയും കൂട്ടുക അയനിക്കാട് ചെത്തിൽ പാടശേഖരത്തിൻെറ രണ്ട് ഭാഗവും ഭിത്തി കെട്ടി സംരക്ഷിക്കുക.

10. പഞ്ചായത്തിലെ പ്രധാന നെല്ലുല്പാദനകേന്ദ്രമായ ഇത്തിൾ പുഴയിലെ കൃഷി ലാഭകരമാക്കാൻ ആരംഭച്ചിറ മുതൽ നെയ്വാരണിപ്പാലം വരെ തോട് നിർമ്മിക്കുകയും ഉള്ളവ വീതി കൂട്ടുകയും ചെയ്യുക.

20. അടുക്കളത്തോട്ട നിർമ്മാണത്തിന് പ്രാധാന്യം നൽകി അവയ്ക്കുള്ള വിത്തും, വളവും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

21. പച്ചക്കറി കൃഷിക്ക് 60 ഗ്രൂപ്പ് ഫാമിങ്ങ് സംഘങ്ങൾ രൂപീകരിക്കുക.

22. റെയിൽവേ അധീനതയിൽ ഇരിങ്ങളിൽ ഉള്ള 30 ഏക്കർ സ്ഥലം പഞ്ചായത്ത് പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി നടത്തുവാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുക.

23. ജലസേചനസൗകര്യത്തിന് കിണർ, പമ്പ് സെറ്റ് എന്നിവയ്ക്കനുവദിക്കുന്ന സബ്സിഡി തുക ലഭിക്കുവാൻ സർക്കാർ നിർദ്ദേശിച്ച ഭൂപരിധി കുറക്കുക.

24. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരെ സംഘടിപ്പിച്ച് പമ്പ് സെറ്റ് റിപ്പയർ ചെയ്യാനുള്ള അംഗീകൃത വർക്ക്ഷോപ്പ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

ചൊവ്വവയൽ പ്രദേശത്ത് E.E.C. പദ്ധതി പ്രകാരം പയ്യോളി കൃഷിഭവൻ മുഖേന തയ്യാറാക്കി മൈനർ ഇറിഗേഷൻ അധികൃതർക്ക് നൽകിയ പദ്ധതി നടപ്പിലാക്കുക.

26. ചൊവ്വ വയൽപ്രദേശത്ത് ഒരു പൊതുകിണർ, തച്ചൻകുന്നിന് തെക്കുഭാഗം വയലിൽ ഒരു പൊതുകുളം എന്നിവ സ്ഥാപിക്കുക.

27. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങൾ ഉപയോഗപ്പെടുത്തി കമ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് നടപ്പിലാക്കുക.

28. ഇരിങ്ങൽ ബ്രാഞ്ച് കനാലിൽ വെള്ളം തുറന്നുവിടാനുള്ള സംവിധാനം ഉണ്ടാക്കുക.

29. വാഴകൃഷി, പുഷ്പകൃഷി, മൾബറി കൃഷി, കൈതച്ചക്കകൃഷി, ഇവയ്ക്ക് പ്രത്യേക പരിഗണന നൽകുക.

30. വെറ്റലക്കൊടി കൃഷിക്ക് അനുയോജ്യമായ നമ്മുടെ പഞ്ചായത്തിൽ ഈ കൃഷിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

31. വിളഇൻഷൂറൻസ് പദ്ധതി നിർബന്ധമാക്കുക.

32. പഞ്ചായത്ത് തലത്തിൽ ആഴ്ചച്ചന്ത സ്ഥാപിച്ച് കൃഷി ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം വർദ്ധിപ്പിക്കുക.

# മത്സ്യ ബന്ധനം

നമ്മുടെ പഞ്ചായത്തിൻെറ പടിഞ്ഞാറെ അതി ർത്തി അറബിക്കടലും വടക്ക്-കിഴക്ക് അതിർത്തികൾ കോട്ടപ്പുഴയും, കുറ്റ്യാടിപ്പുഴയുംമായതുകൊണ്ട് നമുക്ക് മൽസ്യ സമ്പത്തിൻെറ ഒരു വലിയ ശേഖരം തന്നെയുണ്ട്. വിശാലമായ കടലോരവും, ഉൾനാടൻ ജലാശയമുണ്ടെങ്കിലും അത് മുഴുവൻ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പഞ്ചായത്തിൻെറ ഏകദേശം 8. കി. മീ. നീളത്തിൽ കടൽ തീരവും 9. കി. മീ. നീളത്തിൽ പുഴയോരവുമാണ്.

പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലുള്ള ജലാശങ്ങളിൽ നിന്ന് ഒരു കാലത്ത് സുലഭമായി ലഭിച്ചിരുന്ന വാള, കയിച്ചിൽ, കടു, മുഴു തുടങ്ങിയ മൽസ്യങ്ങൾ ഇന്ന് വളരെ അപൂർവ്വമായി മാത്രമെ കിട്ടുന്നുള്ളു. ഏത് കാലാവസ്ഥയിലും വള്ളങ്ങൾ കടലിലിറക്കാൻ സൗകര്യപ്പെടുന്ന പ്രകൃതിദത്തമായ 'ഹാർബർ' ആണ് കോട്ടക്കൽ അഴിമുഖം, കുറ്റ്യാടിപുഴ കടലിൽ ചേരുന്നത് ഇവിടെയാണ്. പക്ഷേ പ്രകൃതി അനുഗ്രഹിച്ചുനൽകിയ ഈ അനുകൂല്യം ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇവിടെ ഒരു ഫിഷ്‌ലാൻറിങ്ങ് സെൻറർ നിർമ്മിക്കുകയാണെങ്കിൽ അത് നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക്, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകും.

കടലിനോട് സമാന്തരമായി ഏകദേശം 3.കി. മീ. നീളത്തിൽ ഒഴുകുന്ന കോട്ടപ്പുഴ കോരളത്തിൽ ചെമ്മീൻ കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണ് എന്നാണ് വിദഗ്ദഅഭിപ്രായം. കൂടാതെ ഈ പുഴയിൽ ഞണ്ടു, മാലാൻ, ഇരിമീൻ, ഒടു, ഏട്ട, തുടങ്ങിയ മത്സ്യങ്ങളും ധാരാളമായി ലഭിക്കുന്നുണ്ട്. കോട്ടപ്പുഴയിലെ 'ഇളംബക്ക' എന്നറിയപ്പെടുന്ന കക്കയിറച്ചിയും, അഴീക്കൽ കടവ്, മൂഴിക്കൽതാഴ, തുറശ്ശേരിക്കടവ് ഭാഗങ്ങളിൽ നിന്നു ലഭിക്കുന്ന ഇരുന്തും വളരെ സ്വാദിഷ്ടമായ ഒരു ഭക്ഷ്യവിഭവമാണ്. കോട്ടപ്പുഴയിൽ നിന്നും 'ഇളംബക്ക' ശേഖരിച്ച് വിൽപ്പനനടത്തി ഉപജീവനം നടത്തുന്ന 60-ഓളം കുടുംബങ്ങളുണ്ട്.

പഞ്ചായത്തിൻെറ തീരപ്രദേശമേഖലയിൽ മൂന്ന് മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് ഹരിജൻ മൽസ്യത്തൊഴിലാളി സഹകരണ സംഘമാണ്. എന്നാൽ ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ സഹായത്തിനായി ഇത്തരം സഹകരണസംഘങ്ങൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മൽസ്യസഹകരണ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്. ഇതിൽ ഹരിജൻ മൽസ്യത്തൊഴിലാളി സഹകരണസംഘത്തിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്.

പയ്യോളി പഞ്ചായത്തിൽ മേലടി, ഇരിങ്ങൽ

എന്നീ രണ്ട് മൽസ്യഗ്രാമമങ്ങളുണ്ട്. ഇവ രണ്ടിലുമായി 10,000 ത്തോളം മൽസ്യത്തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൽസ്യതൊഴിലാളികൾക്കുള്ള വാർദ്ധക്യ കാല പെൻഷൻ ലഭിക്കുന്ന 163 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്.

നൂറുകണക്കിനു വള്ളങ്ങൾ ഇവിടെ നിന്നും കടലിലിറക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ഒരു ഐസ് പ്ലാൻറ് ഇല്ലാത്തതുകൊണ്ട് മൽസ്യം ശേഖരിക്കാനായി ആരും തന്നെ നമ്മുടെ കടലോരത്ത് എത്തുന്നില്ല. അത്കൊണ്ട് ഇവിടെയുള്ള വള്ളങ്ങൾ മൽസ്യവിപണനത്തിനായി തൊട്ടടുത്ത പ്രദേശങ്ങളിലാണ് പോകുന്നത്. വള്ളങ്ങൾ തീരത്തടുക്കുകയും, മൽസ്യവിപണനം നടക്കുകയും ചെയ്യുന്നതിൻെറ ഫലമായുണ്ടാകുന്ന പരോക്ഷതൊളിലുകൾക്കുള്ള സാധ്യത ഇത് മൂലം നഷ്ടപ്പെടുകയും, തൊഴിലാളികൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരികയും ചെയ്യുന്നു. പഞ്ചായത്തിൽ ഫിഷ്ലാൻറിങ് സൗകര്യം ഏർപ്പെടുത്താത്തതുകൊണ്ട് പ്രതികൂലാവസ്ഥവരുമ്പോൾ ഇവിടുത്തെ വള്ളങ്ങൾ ചോമ്പാലിൽ നിന്നും, കൊയിലാണ്ടിയിൽ നിന്നുമാണ് കടലിൽ ഇറക്കാറ്. ഇവിടേക്ക് വാഹനങ്ങളിൽ പോയി മൽസ്യബന്ധനത്തിനിറങ്ങേണ്ടി വരുന്നത് മൂലം തൊഴിലാളികൾ ഏറെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. അംഗീകൃത മൽസ്യത്തെഴിലാളികൾ ഏറെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. അംഗീകൃത മൽസ്യതൊഴിലാളികൾ ഏറെയുണ്ടെങ്കിലും 718 പേർ മാത്രമെ മത്സ്യതൊഴിലാളി ആശ്വാസസമ്പാദ്യപദ്ധതിയൽ അംഗങ്ങളായിട്ടുള്ളു.

### പ്രശ്നങ്ങൾ

1. മത്സ്യതൊഴിലാളികൾക്ക് വീടുവെക്കാൻ സർക്കാർ ധനസഹായം നൽകുന്നുണ്ടെങ്കിലും അത് ഉപയോഗിച്ചു വീടുവെക്കുന്നതിന് തീരദേശപരിപാലന നിയമം അവർക്കു തടസ്സമാവുന്നു.

2. മത്സ്യത്തിനു ന്യായമായ വില ലഭിക്കുന്നില്ല.

3. മത്സ്യ ക്ഷേമ സംഘങ്ങളിൽ അനർഹർ കയറിപ്പറ്റുന്നത് അർഹരായവർക്ക് ആനുകൂല്യം നഷ്ടപ്പെടുത്തുന്നു.

4. കടലിലെയും, പുഴയിലെയും മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്നു.

5. മത്സ്യവിപണിയിലെ ഇടത്തട്ടുകാരുടെ സ്വാധീനം

6. തീരത്ത് നിന്ന് അനധികൃതമായി മണ്ണ് ശേഖരിക്കുന്നത് കടൽ ഭിത്തിക്ക് ഭീഷണിയാവുന്നു.

### നിർദ്ദേശങ്ങൾ

തീരദേശപരിപാലനനിയമത്തിൽ മത്സ്യതൊഴിലാളികൾക്ക് ഇളവ് അനുവദിക്കുക.

2. ചെറുകിട പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കും, വള്ളം, വല, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അടിസ്ഥാനത്തിൽ ലോൺ നൽകുക.

3. തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന വലക്കും, വള്ളത്തിനും, 50% സബ്സിഡി നൽകുക.

4. മത്സ്യമാവേലി സ്റ്റോർ സ്ഥാപിക്കുക.

5. ഭവനനിർമ്മാണ പദ്ധതിയിൽ പെൻഷനായ മത്സ്യ തൊഴിലാളികളെയും, സ്ത്രീകളെയും അവിവാഹിതരായ മത്സ്യതൊഴിലാളികളെയും ഉൾപ്പെടുത്തുക.

6. മത്സ്യത്തൊഴിലാളികൾക്ക് നൽകിയ പഴയ ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളുക.

7. പുതിയ ഭവനനിർമ്മാണ് ഗ്രാൻറ് വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യുക.

8. കടലോരമേഖലയിൽ ദിക്ക് മനസ്സിലാക്കാൻ സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കുക.

9. മത്സ്യസഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുക.

10. മേലടിബീച്ചിൽ ഐസ് പ്ലാൻറ് നിർമ്മിക്കുക.

11. തീരപ്രദേശം മുഴുവൻ കടൽഭിത്തി കെട്ടി സംരക്ഷിക്കുക.

12. കോട്ടക്കൽ അഴിമുഖത്ത് പുളിമുട്ട് നിർമ്മിക്കുക.

13. മത്സ്യവിപണനതൊഴിലാളികളെ മത്സ്യതൊഴിലാളികളായി അംഗീകരിക്കുക.

14. മത്സ്യതൊഴിലാളികളുടെ വീട് സൗജന്യമായി വൈദ്യുതീകരിക്കുക.

15. മത്സ്യതൊഴിലാളിസ്ത്രീകളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക.

16. മത്സ്യതൊഴിലാളി വീട് റിപ്പയറിന് ധനസഹായം നൽകുക

17. മേലടി ബീച്ചിൽ ഒരു ഔട്ട് ബോർഡ് എഞ്ചിൻ റിപ്പയർ കേന്ദ്രം സ്ഥാപിക്കുക.

18. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനത്തിൻെറ ക്വാട്ട വർദ്ധിപ്പിക്കുകയും യഥാസമയം വിത

രണം ചെയ്യുകയും വേണം.

19. മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്ന തീരപ്രദേശങ്ങളിൽ കക്കൂസ് നിർമ്മാണത്തിനു അടിയന്തിര പ്രാധാന്യം നൽകി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക. മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന 1, 2, 3, 8, 9, 10, 11 വാർഡുകളിൽ കക്കൂസില്ലാത്തത് പരിസ്ഥിതി പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും കാരണമായിത്തീരുന്നുണ്ട്.

## സാധ്യതകൾ

1. കോട്ടക്കൽ അഴിമുഖത്ത് ഫിഷ്ലാൻറിങ്ങ് സെൻററും അതോടു ചെർന്ന ഐസ്പ്ലാൻറ്, ചെമ്മീൻ പീലിങ്ങ് സെൻറർ തുടങ്ങിയവയ്ക്കും സാധ്യതയുണ്ട്.

2. 1, 2 വാർഡുകളിൽ ചെമ്മീൻ കൃഷിക്ക് സാധ്യതയുണ്ട്.

3. 2, 8, 9, 11 വാർഡുകളിൽ കടലോരമത്സ്യകൃഷി ചെയ്യാവുന്നതാണ്. ഈ വാർഡുകളിൽ ഞണ്ട്, കല്ലുമ്മക്കായ, മുരു എന്നിവയും കൃഷിചെയ്യാം.

4. ഇരിങ്ങൽ പാറ പൊട്ടിച്ച സ്ഥലത്ത് ശുദ്ധജല മൽസ്യകൃഷി ചെയ്യാവുന്നതാണ്.

5. ആരംഭചിറയിൽ (12-ാം വാർഡ്) ശുദ്ധജല മത്സ്യകൃഷിക്ക് സാധ്യതയുണ്ട്.

6. 4, 5 വാർഡിൽ ശുദ്ധജലമത്സ്യകൃഷിക്ക് സാധ്യതയുണ്ട്. ഇവിടെ ധാരാളം കുളങ്ങൾ ഉണ്ട്.

7. 2, 8, 9, 11 വാർഡുകളിൽ ഓരു ജലകൃഷിക്കും സാധ്യതയുണ്ട്

8. പുഴയോരത്തെ മത്സ്യതൊഴിലാളികൾക്ക് സംഘമായി മത്സ്യകൃഷിക്ക് സാധ്യതയുണ്ട്.

9. അലങ്കാരമത്സ്യകൃഷിക്ക് സാധ്യതയുണ്ട്.

10. 13-ാം വാർഡിൽ ശുദ്ധജലമത്സ്യകൃഷിക്ക് സാധ്യതയുണ്ട്.



# മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖലയിൽ സംസ്ഥാനത്തുണ്ടായ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്തെ വളർച്ച വളരെ ശോചനീയമാണ്. മൃഗസംരക്ഷണ മേഖലയുടെ വളർച്ചയിലൂടെ നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ ഗണ്യമായ നേട്ടമുണ്ടാക്കാവുന്നതാണ്.

പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ. നമ്മുടെ പഞ്ചായത്തിൽ മൊത്തം 2940 പശുക്കളുണ്ട്. ഇതിൽ ഏതാണ്ട് 90% ത്തോളം സങ്കരയിനവും ബാക്കി നാടൻപശുക്കളുമാണ്. ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് പൊതുവെ ദരിദ്ര ജനവിഭാഗങ്ങളാണ്. ഏകദേശം 800-ഓളം ആടുകൾ പഞ്ചായത്തിലുണ്ട്.

ഒരു കാലത്ത് കാർഷിക മേഖലയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത അവിഭാജ്യ ഘടകമായിരുന്നു കാലിവളർത്തൽ. എന്നാൽ മേച്ചിൽ പുറങ്ങളുടെ അഭാവവും, കാലിതീറ്റയുടെ വില വർദ്ധനയും ഈ രംഗത്ത് വൻപ്രതിസന്ധി തന്നെ ഉണ്ടാക്കിയിട്ടുണ്ട്. നെൽവയലുകൾ നികത്തി കെട്ടിടം ഉയരുന്നത് വൈക്കോൽ ക്ഷാമത്തിന് കാരണമായിട്ടുണ്ട്. ഇപ്പോൾ വൈക്കോൽ മറ്റു ജില്ലകളിൽ നിന്നാണ് ഇവിടെയെത്തുന്നത്. ഇതൊക്കെ ഇന്ന് കാലിവളർത്തൽ ലാഭകരമല്ലാത്ത അവസ്ഥയിലേക്ക് നീങ്ങാൻ കാരണമായിരിക്കുകയാണ്.

വളർത്തുമൃഗസംഖ്യ

| പശു നാടൻ | | പശുസങ്കരം | | | |
|---|---|---|---|---|---|
| കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | ആട് | പന്നി |
| 330 | 271 | 1160 | 1085 | 805 | 123 |

നമ്മുടെ പഞ്ചായ ത്തിൽ രണ്ടാം വാർഡിലും, നാലാം വാർഡിലും 12-ാം വാർഡിലും ഓരോ ക്ഷീര വികസനസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സംഘങ്ങൾ നൽകുന്ന വിലയേക്കാൾ കൂടുതൽ വില പൊതുമാർക്കറ്റിൽ ലഭിക്കുന്നതിനാൽ മിക്ക ക്ഷീരകർഷകരും, പാൽ സംഘങ്ങൾക്ക് നൽകുന്നില്ല. പാലുല്പാദനരംഗത്ത് കേരളം വൻ കുതിച്ച് ചാട്ടം നടത്തിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൻെറ സ്ഥിതി അത്ര മെച്ചപ്പെട്ടതല്ല. ഇവിടെ കാലിവളർത്തൽ ജനങ്ങളുടെ ഒരു മുഖ്യതൊഴിലായി സ്വീകരിക്കുന്നതായി കാണുന്നില്ല. പലരും ഒരു പാർശ്വവൃത്തിയായിട്ടാണ് ഈ മേഖലയെ കാണുന്നത്. അഭ്യസ്ത വിദ്യർക്ക് ഈ മേഖലയോട് തീരെ താല്പര്യമില്ല.

പഞ്ചായത്തിലെ വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. മെച്ചപ്പെട്ട രീതിയിൽ നടക്കുന്ന 4 ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്.

എന്നാൽ വളരെയേറെ ലാഭകരമായി നടത്തുന്ന മുട്ട ക്കോഴി വളർത്തൽ വ്യാവസായികമായി നടത്തുന്ന ഒരു യൂനിറ്റ് പോലും നമ്മുടെ പഞ്ചായത്തിലില്ല.

വളർത്തു പക്ഷി സംഖ്യ

| പൂവൻകോഴി | പിടക്കോഴി | |
|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് |
| 415 | 3010 | 1790 |

ഇരിങ്ങൽ വില്ലേജിലാണ് നമ്മുടെ പഞ്ചായത്തിലെ ഏക വെറ്റിനറി ഡിസ്പൻസറി പ്രവർത്തിക്കുന്നത്. ഈ വില്ലേജിലെ തന്നെ കൊളാവിനട ക്ഷീരോത്പാദന സഹകരണസംഘത്തോട് ചേർന്ന് ഒരു സബ് സെൻററും പ്രവർത്തിക്കുന്നുണ്ട്. വെറ്റിനറി ഡിസ്പൻസറി വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കന്നുകാലി പരിപാലനരംഗത്ത് മൃഗഡോക്ടറുടെ സേവനം കർഷകർ പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ മേലടി വില്ലേജിലെ ക്ഷീരകർഷകർക്ക് മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കാൻ വളരെ ദൂരം സഞ്ചരിക്കേണ്ട അവസ്ഥയാണുള്ളത്. വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ ഈ രംഗത്ത് നിലനിൽക്കുന്ന മറ്റൊരു പ്രധാന ഭീഷണിയാണ്.

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള അയനിക്കാട് വെറ്റിനറി ഡിസ്പെൻസറി വഴി പയ്യോളി പഞ്ചായത്തിൽ നടത്തിവരുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ:

1.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme): നാലുമാസത്തിനും ഒമ്പത് മാസത്തിനും ഇടയിൽ പ്രയമുള്ള കന്നുകുട്ടികളെ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന കന്നുകുട്ടികൾക്ക് 32 മാസം പ്രായമാകുന്നതുവരെയോ ആദ്യപ്രസവം നടക്കുന്നതു വരെയോ പ്രതിമാസം ആവശ്യമായ നിശ്ചിത അളവ് കാലിത്തീറ്റ 50% സർക്കാർ സബ്സിഡിയോടെ നൽകി വരുന്നു.

| പ്രായം | കൊടുക്കുന്ന തീറ്റയുടെ അളവ് |
|---|---|
| 4ാം മാസം | 30 കി.ഗ്രാം. |
| 5ാം മാസം | 45 കി.ഗ്രാം |
| 6ാം മാസം | 52.5 കി.ഗ്രാം. |
| 7 മുതൽ 18 മാസം വരെ | 60 കി.ഗ്രാം |
| 19 മുതൽ 32ാം മാസം വരെ | 75 കി.ഗ്രാം |

തിരഞ്ഞെടുക്കപ്പെടുന്ന കന്നുകുട്ടികൾക്ക് ഇൻഷുറൻസ് സംരക്ഷണം നിർബന്ധമാക്കിയിട്ടുണ്ട്. വിരമരുന്നുകളുടെ വിതരണവും കർഷകർക്കാവശ്യമായ പരിശീലന ക്ളാസുകളും ഇതോടൊപ്പം തന്നെ നടത്തി വരുന്നു.

പയ്യോളി പഞ്ചായത്തിൽ കൊളാവിനട ക്ഷീരസഹകരണ സംഘം വഴി ഈ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണ്. 1995 നവംബറിൽ 73 കന്നുകുട്ടികളുമായി തുടങ്ങിയ ഈ പദ്ധതിയിൽ ഇപ്പോൾ 69 കന്നുകുട്ടികൾക്ക് പ്രതിമാസം ആവശ്യമായ തീറ്റ പകുതി നിരക്കിൽ നൽകി വരുന്നു.

2. ബ്ളോക്ക് ലെവൽ കോഴി വിതരണം:

മേലടി ബ്ളോക്കിലെ അഞ്ചു പഞ്ചായത്തുകളിൽ ആറായിരം കോഴികളെ ഈ വർഷം വിതരണം ചെയ്യുന്നുണ്ട്. 35 രൂപ വിലയുള്ള കോഴികളെ 20 രൂപ നിരക്കിൽ ഒരാൾക്ക് 5 കോഴികൾ വീതം വിതരണം ചെയ്യുന്നു. പയ്യോളി പഞ്ചായത്തിൽ 240 പേർക്കായി 1200 കോഴികളെ 1996 നവംബർ മൂന്നാം വാരത്തിനകം വിതരണം ചെയ്യുന്നതാണ്.

3. പ്രത്യേക ഘടക പദ്ധതി 95-96: എസ്.സി.പി 95-96 അനുസരിച്ച് തുറശ്ശേരി കടവ് ഹരിജൻ കോളനിയിൽ ആടുകളെയും കോഴികളെയും വിതരണം ചെയ്യുകയുണ്ടായി. 15 കുടുംബങ്ങൾക്ക് 30 പെണ്ണാടുകളും 3 ആണാടുകളും ബാക്കിയുള്ള 19 കുടുംബങ്ങൾക്ക് 190 കോഴികളെയും 760 കി.ഗ്രാം കോഴിത്തീറ്റയും വിതരണം ചെയ്യുകയുണ്ടായി.

4. ഗോ രക്ഷാ ക്ളാസുകൾ: മൃഗസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും, കന്നുകാലികളിൽ സാധാരണ കണ്ടു വരുന്ന കുളമ്പുരോഗത്തിനെതിരായ കുത്തിവയ്പ് നടത്തുവാൻ വേണ്ടിയും 1996 ഒക്ടോബർ 18 ാം തീയ്യതി കൊളാവിനട ബീജദാന കേന്ദ്രത്തിലും ഒക്ടോബർ 29 ാം തീയ്യതി ഇരിങ്ങൽ റെയിൽവേ സ്റ്റേഷൻ പരിസരത്തും രണ്ടു ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കപ്പെടുകയുണ്ടായി.

5. കൃത്രിമ ബീജസങ്കലനം: അയനിക്കാട് മൃഗാശുപത്രി വഴിയും കൊളാവിനട ബീജദാന കേന്ദ്രം വഴിയും അത്യുല്പാദന ശേഷിയുള്ള ജേഴ്സി, സ്വിസ്ബ്രൗൺ, ഹോൾസ്റ്റീൻ ഫ്രീഷ്യൻ എന്നീ കന്നുകാലി വർഗ്ഗങ്ങളുടെ ബീജം ഉപയോഗിച്ച് കൃത്രിമ ബീജസങ്കലനം

വഴി സങ്കരയിനം കന്നുകുട്ടികളെ ഉൽപാദിപ്പിക്കപ്പെടുന്നു.

6. പേവിഷ നിർമ്മാർജ്ജന പദ്ധതി: നായ്ക്കളിൽ കാണുന്ന പേവിഷത്തിനെതിരായുള്ള പ്രതിരോധ കുത്തിവെപ്പ് മിതമായി നിരക്കിൽ അമനിക്കാട് മൃഗാശുപത്രിയിൽ വച്ച് ചെയ്ത് കൊടുക്കുന്നു.

7. രോഗപ്രതിരോധ കുത്തിവെപ്പുകൾ: കന്നുകാലികളിൽ കാണുന്ന കുരലടപ്പൻ, കുളമ്പ് രോഗം എന്നിവക്കെതിരായുള്ള രോഗപ്രതിരോധ കുത്തിവെപ്പുകൾ മൃഗാശുപത്രി വഴി ചെയ്തു വരുന്നു.

വളർത്തുമൃഗങ്ങൾ

| രോഗങ്ങൾ | പശു | ആട് | പട്ടി | കോഴി |
|---|---|---|---|---|
| ദഹനസംബന്ധമായവ | 720 | 300 | 20 | 240 |
| ശ്വാസകോശസംബന്ധം | 225 | 150 | 20 | 350 |
| ഉപാപചയ സംബന്ധം | 60 | 35 | – | – |
| ത്വക്ക് രോഗങ്ങൾ | 250 | 100 | 10 | – |
| അപര്യാപ്പരോഗങ്ങൾ | 450 | 50 | – | – |
| പരാദരോഗങ്ങൾ | 700 | 200 | 15 | – |
| പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ | 250 | 60 | – | – |
| വന്ധ്യത | 75 | 25 | – | – |
| അകിടുവീക്കം | 50 | 30 | – | – |
| മുടന്തൻ പനി | 70 | – | – | – |

### പ്രശ്നങ്ങൾ

1. വൈക്കോൽ ക്ഷാമം
2. കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം
3. ചുരുങ്ങിക്കൊണ്ടിരിക്കുന്ന മേച്ചിൽപുറങ്ങൾ
4. അഭ്യസ്ഥ വിദ്യരുടെ താൽപര്യക്കുറവ്
5. തീറ്റപുൽകൃഷിയുടെ മന്ദ്യത
6. ധനസഹായം നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ താല്പര്യക്കുറവ്
7. മൃഗഡോക്ടറുടെ സേവനം ആവശ്യസമയത്ത് ലഭിക്കായ്മ


### നിർദ്ദേശങ്ങൾ

1. സർക്കാർ മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക
2. മൃഗസംരക്ഷണ കേന്ദ്ര വികസനസമിതി രൂപികരിക്കുക.
3. ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് പ്രചാരം നൽകുക.
4. 9, 10, 11 വാർഡുകൾക്കും 12, 13, 14, 15 വാർഡുകൾക്കും പ്രയോജനമായ രീതിയിൽ ഓരോ വെറ്റിനറി ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. പഞ്ചായത്തിൽ അറവുശാല സ്ഥാപിക്കുക.
6. വൈക്കോൽ സമ്പുഷ്ഠീകരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കർഷകർക്ക് പകർന്നുകൊടുക്കുക.
7. തീറ്റപുൽകൃഷി വ്യാപകമാക്കുക
8. താറാവ് കൃഷി പ്രോത്സാഹിപ്പിക്കുക.
9. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

### സാധ്യതകൾ

മുട്ടക്കോഴി വളർത്തുന്നതിനുള്ള വ്യാവസായികാടിസ്ഥാനത്തിലുള്ള യൂനിറ്റിന് സാധ്യതയുണ്ട്.

തേനീച്ച വളർത്തൽ വ്യാപകമായി പ്രോത്സാഹിപ്പിക്കാവുന്നതാണ്. മാംസസംസ്കരണയൂനിറ്റും അതോടൊപ്പം തുകൽ സംസ്കരണ ഫാക്ടറിക്കും സാധ്യതയുണ്ട്. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും തീറ്റ വില കുറച്ച് ലഭ്യമാക്കുകയും ചെയ്താൽ ഈ മേഖലയിൽ സ്ത്രീകൾക്ക് നല്ല തൊഴിൽ അവസരങ്ങൾ കണ്ടെത്താൻ സാധിക്കും.



# വിദ്യാഭ്യാസം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒരു നൂറ്റാണ്ടിനു മുമ്പി തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് നിദാനമായി ഏകദേശം ഒരു നൂറ്റാണ്ടിൻെറ ചരിത്രമുള്ള വിദ്യാലയങ്ങൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. വടകര, മേലടി എന്നീ വിദ്യാഭ്യാസ ഉപജില്ലകളിലാണ് പഞ്ചായത്തിലെ വിദ്യാലയങ്ങൾ വിഭജിച്ചുകിടക്കുന്നത്. 22 അംഗീകൃത വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിൽ ഒരു മാനേജ്മെൻറ് ഹൈസ്കൂളും ഒരു ഗവ. ജൂനിയർ ടെക്നിക്കൽ ഹൈസ്കൂളും ഉണ്ട്. യു.പി., എൽ.പി. വിഭാഗങ്ങളിൽ രണ്ടു വീതം സർക്കാർ വിദ്യാലയങ്ങളാണ് ഉള്ളത്. 11 എൽ.പി. വിദ്യാലയങ്ങളും 5 യു.പി. വിദ്യാലയങ്ങളും നടത്തി വരുന്നത് വിവിധ മാനേജ്മെൻറിൻെറ കീഴിലാണ്. മാനേജ്മെൻറ് മേഖലകളിൽ വ്യക്തികൾ, ക്ഷേത്രക്കമ്മിറ്റി കുടുംബങ്ങൾ എന്നിവർ നടത്തുന്ന വിദ്യാലയങ്ങളാണ് ഉള്ളത്.

5 നേഴ്സറികൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ 4 അൺ എയിഡഡ് വിദ്യാലയങ്ങൾ ഉണ്ട്. കോട്ടക്കൽ പ്രവർത്തിക്കുന്ന ഇസ്ലാമിക് ഇംഗ്ലീഷ മീഡിയം സ്കൂൾ ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകൾ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 4 പാരലർ കോളേജുകളും 3 ജന വിദ്യാ കേന്ദ്രങ്ങളും ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 3 സ്വകാര്യ ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും 2 സ്വകാര്യ കമ്പ്യൂട്ടർ ട്രെയിനിംഗ് സെൻററുകളും പ്രവർത്തിക്കുന്നു.

സർക്കാർ വിദ്യാലയങ്ങളിൽ 1522 വിദ്യാർത്ഥികളും 71 അധ്യാപകരും ഉണ്ട്. എയിഡഡ് വിദ്യാലയങ്ങളിൽ 5071 വിദ്യാർഥികളും 209 അധ്യാപകരുമാണ് ഉള്ളത്. വിദ്യാർത്ഥികളിൽ 3415 ആൺകുട്ടികളും 3178 പെൺകുട്ടികളുമാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം പെൺകുട്ടികൾ ആൺകുട്ടികളെക്കാൽ കുറവാണ്. സംസ്ഥാന ശരാശരിയിൽ നിന്നും വ്യത്യസ്തമായ ഒരു അവസ്ഥ പഠനവിധേയമാക്കേണ്ടതാണ്. വിദ്യാർത്ഥികൾ കുറഞ്ഞത് കാരണം കഴിഞ്ഞ ചില അധ്യയന വർഷങ്ങളിൽ പല വിദ്യാലയങ്ങളിലും ഡിവിഷൻ നഷ്ടപ്പെട്ടിട്ടുണ്ട്. പട്ടിക 1 കാണുക.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും ഭൗതികസൗകര്യങ്ങളുടെ അഭാവം പ്രകടമായി കാണുന്നു. എല്ലാ എൽ.പി. വിദ്യാലയങ്ങളിലും, സ്വകാര്യ മാനേജ്മെൻറിന് കീഴിലുള്ള യു.പി. വിദ്യാലയങ്ങളിലും ഈ പ്രശ്നം ഏറെ രൂക്ഷമാണ്. കെട്ടിടത്തിൻെറ ശോച്യാവസ്ഥയും പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഗ്രാമസഭയിൽ ശക്തമായ വിമർശനത്തിനിടയായിട്ടുണ്ട്. ഈ അവസ്ഥ വിദ്യാലയങ്ങളിലെ പഠന നി

ലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

കെട്ടിടത്തിൻെറ കുറവനുഭവപ്പെടുന്ന രണ്ട് വിദ്യാലയങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇവ രണ്ടും സർക്കാർ മേഖലയിലാണ്. ഗവ. വെൽഫയർ എൽ. പി. സ്കൂൾ ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ എന്നിവയാണിവ. ഗവ. വെൽഫെയർ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം ആവശ്യമാണ്. ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മിക്കുവാൻ 12 വർഷം മുമ്പ് സൗജന്യമായി സ്ഥലം ലഭിച്ചുവെങ്കിലും നാളിതുവരെയായി കെട്ടിടം പണിയാത്തതിൽ ഗ്രാമസഭകളിൽ നിന്നും പ്രതിഷേധം അലയടിക്കുകയുണ്ടായി.

മൂത്രപ്പുരയില്ലാത്ത ഒരു വിദ്യാലയം പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. ഉള്ള വിദ്യാലയങ്ങളിൽതന്നെ മൂത്രപ്പുരകളിൽ പരിമിതമായ സൗകര്യങ്ങളേയുള്ളൂ. കക്കൂസില്ലാത്ത എട്ട് വിദ്യാലയങ്ങൾ, പാചകപ്പുരകളില്ലാത്ത പതിനാല് വിദ്യാലയങ്ങൾ, സ്റ്റാഫ്റൂമില്ലാത്ത പതിനൊന്ന് വിദ്യാലയങ്ങൾ കുടിവെള്ള സൗകര്യമില്ലാത്ത ഒൻപത് വിദ്യാലയങ്ങൾ, ഓഫീസ് മുറികളില്ലാത്ത പന്ത്രണ്ട് വിദ്യാലയങ്ങൾ, വൈദ്യുതിയില്ലാത്ത പതിനാല് വിദ്യാലയങ്ങൾ. ഇതാണ് പയ്യോളി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വിദ്യാലയങ്ങളുടെ ചിത്രം. പട്ടിക 7, 8 നോക്കുക. 13 എൽ.പി. വിദ്യാലയങ്ങളിൽ ഒന്നിൽ മാത്രമേ ലൈബ്രറിയുള്ളൂ. ലൈബ്രറി നിലവിലുള്ള വിദ്യാലയങ്ങളിൽപ്പോലും ഇവകാര്യക്ഷമമല്ല എന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ആക്ഷേപം. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ചെറിയ തോതിലുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്കിനു കാരണം അവരുടെ സാമൂഹ്യസാമ്പത്തിക ചുറ്റുപാടുകളാണ്. ഇവരെ തിരിച്ചുകൊണ്ടുവരാനും അവരുടെ പഠനം തുടരാനുമുള്ള സാഹചര്യമൊരുക്കാനുള്ള ബാധ്യത നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിന്ന് സ്കൂളിലേക്കെത്തിച്ചേരാൻ കുട്ടികൾക്ക് ഒരു കിലോ മീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നുണ്ട്. സ്കൂളുകളില്ലാത്ത രണ്ട് വാർഡുകൾ പഞ്ചായത്തിലുണ്ട്.

അധ്യാപക രക്ഷാകർതൃസമിതികൾ എല്ലാ വിദ്യാലയങ്ങളിലുമുണ്ടെങ്കിലും സജീവമായത് ചുരുക്കം മാത്രമാണ്. എങ്കിലും പ.ടി. എ. യുടെ സജീവ സജീവ പങ്കാളിത്തം വഴി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയ വിദ്യാലയങ്ങളുമുണ്ട്.

പഞ്ചായത്തിലെ എല്ലാ അംഗീകൃത വിദ്യാലയങ്ങളിലും അനുദിനം കുട്ടികൾ കുറഞ്ഞുവരുന്നു. ജനസംഖ്യാ പ്രശ്നം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ആഭിമുഖ്യം, പഠനനിലവാരത്തിലെ പിന്നോക്കാവസ്ഥ എന്നിവ ഈ പ്രവണതയുടെ മുഖ്യ കാരണങ്ങളായി കണക്കാക്കാം.

സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ നിന്നും വ്യത്യസ്ഥമായി പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. വിജയശതമാനം വർഷം തോറും കുറഞ്ഞുവരുന്നു. പട്ടിക 6 നോക്കുക. പഞ്ചായത്തിലെ വടക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ ഒന്നു മുതൽ അഞ്ചുവരെയുള്ള വാർഡുകളിലെ ചുരുക്കം വിദ്യാർത്ഥികൾ മാത്രമേ പഠിക്കുന്നുള്ളൂ. മറ്റു വാർഡുകളിലുള്ള വിദ്യാർത്ഥികൾ മണിയൂർ, തിക്കോടി എന്നീ പഞ്ചായത്തുകളിലെ സ്കൂളുകളേയും വടകര മുനിസിപ്പാലിറ്റിയിലെ സ്കൂളുകളേയുമാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ പഞ്ചായത്തിൻെറ തെക്കു ഭാഗത്തായി ഒരു ഹൈസ്കൂൾ ആരംഭിക്കേണ്ടതിൻെറ ആവശ്യകത വളരെ ഏറെയാണ്. ഇതിന് വേണ്ടി പഞ്ചായത്തിലെ ജനങ്ങൾ ഏറെക്കാലമായി അധകൃതരോട് ആവശ്യപ്പെട്ടുവരികയാണ്.

മിക്ക വിദ്യാലയങ്ങളിലും ഔദ്യോഗിക റെക്കാർഡുകളും പഠനോപകരണങ്ങളും മറ്റും സൂക്ഷിച്ചു വെക്കാനുള്ള സൗകര്യങ്ങൾ പരിമിതമാണ്. ഉച്ചക്കഞ്ഞിക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യങ്ങളില്ലാത്ത വിദ്യാലയങ്ങൾ നിലവിലുണ്ട്. ഈ അവസ്ഥ ഏറെ അപകടങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്.

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന 1358 വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ട്. 633 പേർക്ക് ലംസം ഗ്രാൻറ് ലഭിക്കുന്നു. 176 പേർക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും 22 പേർക്ക് വികലാംഗ വിദ്യാർത്ഥികൾക്കുള്ള സഹായവും 484 പേർക്ക് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യവും 26 പേർക്ക് മെരിറ്റ് സ്കോളർഷിപ്പും 3 പേർക്ക് ബീഡിത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യവും രണ്ടുപേർക്ക് ജവാൻമാരുടെ മക്കൾക്കുള്ള ആനുകൂല്യവും ലഭ്യമാകുന്നു. പട്ടിക

ഐ.സി.ഡി.എസ്ൻെറ നേതൃത്വത്തിലുള്ള അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമോ ഭൂമിയോഇല്ലാത്തവയാണ് ഭൂരിഭാഗവും. അൺ എയിഡഡ് നേഴ്സറികൾ – ഇവയിൽ മിക്കതും ഇംഗ്ലീഷ് മീഡുയം – അംഗൻവാടികളിൽ കുട്ടികൾ എത്തുന്നതിന് തടസ്സമായി നിൽ

ക്കുന്നു. നേഴ്സറി വിഭാഗത്തിൽ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ കിഴൂരിൽ പ്രിയദർശിനി ശിശുമന്ദിരം പ്രവർത്തിക്കുന്നു. ഇവിടെ കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളും മറ്റ് എല്ലാ സൗകര്യങ്ങളും ഉണ്ട്. എന്നാൽ അംഗൻവാടികളിൽ മിക്കവയും കളിപ്പാട്ടങ്ങളൊ മറ്റു സൗകര്യങ്ങളോ ഇല്ലാത്തവയാണ്. പലതും താൽക്കാലികമായി കെട്ടിക ഓലഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷണപദാർത്ഥങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യംപോലും ഇവിടെയില്ല. മിക്കതും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നവയുമാണ്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വളരെ ഏറെ സംഭാവനകൾ നൽകിയ വായനശാലകൾ പഞ്ചായത്തിലുണ്ട്. 7 ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്തിൻെറ കീഴിലുള്ള C. H. സ്മാരക സാംസ്കാരിക നിലയം ഈ രംഗത്ത് സ്മരണീയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രവർത്തിക്കുന്നവയിൽ ഭൂരിഭാഗവും കെട്ടിടത്തിൻെറയും മറ്റു സൗകര്യങ്ങളുടെയും അഭാവംമൂലം വിഷമം അനുഭവിക്കുകയാണ്. ഈ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനമേഖല ഇനിയും വിപുലമാക്കേണ്ടതുണ്ട്. ആയതിന് പഞ്ചായത്തിൽ നിന്ന് സാമ്പത്തിക സഹായങ്ങളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കേണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യമുയർന്നിട്ടുണ്ട്.

സാക്ഷരതാ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങളിലും അടുക്കും ചിട്ടയോടും കൂടി നടപ്പിലാക്കിയ പഞ്ചായത്താണ് നമ്മുടേത്. ഇപ്പോൾ മൂന്ന് ജന വിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. ഇവ ഇന്ന് നിർജീവമാണ്. അവ കൂടുതൽ സജീവമാക്കുവാനുള്ള നിർദ്ദേശങ്ങൾ സഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധേയമായ വിജയം കൈവരിച്ച വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ മുഖ്യമായതാണ് ജൂണിയർ ടെക്നിക്കൽ ഹൈസ്കൂൾ. എസ്. എസ്. എൽ. സി വിജയം വർഷങ്ങളായി നൂറു ശതമാനവും കൊയ്തെടുക്കുന്ന ഇവർ മറ്റ് എല്ലാ മേഖലകളിലും ശ്രദ്ധേയമായ നേട്ടം കൈവരിച്ചിരിക്കുന്നു. പരിമിതമായ സൗകര്യങ്ങൾക്കിടയിലും ജെ.ടി.എസ്. നേടുന്ന ഈ വിജയം മറ്റു വിദ്യാലയങ്ങളും മാതൃകയാക്കേണ്ടതാണ്.

''വിദ്യാഭ്യാസത്തിൻെറ അവസാനമല്ല തുടക്കം മാത്രമാണ് സാക്ഷരത ......''

''ചൂഷണകൻെറ ആവശ്യത്തിനല്ല, ചൂഷിതരായ ഗ്രാമീണരുടെ ആവശ്യത്തിനുവേണ്ടി വേണം വിദ്യാഭ്യാസ പരിവർത്തനം ........''

''സർവ്വകലാശാലാ വിദ്യാഭ്യാസം നമ്മുടെ മൗലികത ഇല്ലാതാക്കുന്നു. കാണാപ്പാഠം പഠിച്ച് ബുദ്ധി തളരുന്നു. നാം ഗുമസ്ഥപ്പണിക്കു പറ്റിയവരാകുന്നു......''

### പ്രശ്നങ്ങൾ

ഹൈസ്കൂൾ വിദ്യാർത്ഥികളാണ് പഞ്ചായത്തിൽ ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നത്. നിലവിലുള്ള ഹൈസ്കൂൾ വടക്കു പടിഞ്ഞാറെ അതിർത്തിയിലായതിനാൽ കുട്ടികൾ മറ്റു പ്രദേശങ്ങളിലെ വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഏറെ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ഗവ. വൊക്കേണൽ ഹയർ സെക്കണ്ടറി സ്കൂൾ പയ്യോളി, ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത് ഇത് പഠനത്തെ ഏറെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിലെ ജൂനിയർ ടെക്നിക് ഹൈസ്കൂൾ കെട്ടിടം ഇല്ലാതെയും സ്ഥലപരിമിതിമൂലവും ആവശ്യത്തിന് അധ്യാപകരില്ലാതെയും വിഷമവൃത്തത്തിലാണ്. 36 അധ്യാപകർ വേണ്ട ഇവിടെ ഇപ്പോൾ 19 പേരാണ് ജോലി ചെയ്യുന്നത്. അംഗീകൃത വിദ്യാലയങ്ങളിലെ പഠന നിലവാരത്തിലെ പിന്നോക്കാവസ്ഥയും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളെ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പോകുവാൻ നിരബന്ധിതരാക്കുന്നു. പി.ടി.എ. സജീവമല്ലാത്ത വിദ്യാലയങ്ങളിൽ അക്കാദമിക് നിലവാരം കുറഞ്ഞുവരുന്നതായി കാണുന്നു. വയൽ പ്രദേശങ്ങളിൽ സ്ഥിതചെയ്യുന്ന ചില വിദ്യാലയങ്ങളിൽ കുട്ടികൾ യാത്രയ്ക്ക് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. അപകടവാസ്ഥയിലായ പല സ്കൂൾ കെട്ടിടങ്ങളും പഞ്ചായത്തിൽ ഇന്നും പ്രവർത്തിച്ചുവരുന്നു. പിഞ്ചുകുട്ടികളുടെ കേന്ദ്രമായ അംഗൻവാടികൾ മിക്കവയും താൽക്കാലിക ഷെഡുകളിലുള്ളവയും കുടിയൊഴിപ്പിക്കൽ ഭീഷണിയുള്ളവയുമാണ്. അധ്യാപകർക്കുള്ള തുടർപരിശീലന പരിപാടികൾ ഇക്കാലത്ത് തീരെ നടക്കുന്നില്ല. ഇത് മാറിവരുന്ന സിലബസുകളും പാഠപുസ്തകങ്ങളും എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ കുറിച്ച് ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായ ജനവിദ്യാകേന്ദ്രങ്ങൾ ബോർഡുകളിൽ മാത്രം അവശേഷിക്കുന്നു. പഞ്ചായത്തിലെ ലൈബ്രറികൾ മിക്കതും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വാടക കെട്ടിടങ്ങളിൽ നിന്നും മോചനമില്ലാത്ത അവസ്ഥയിലാണ്.

### നിർദ്ദേശങ്ങൾ

പഞ്ചായത്തിൻെറ തെക്കുഭാഗത്തായി ഒരു ഹൈ

സ്കൂൾ സ്ഥാപിക്കുക. അയനിക്കാട് വെസ്റ്റ് യു.പി., മേലടി ഭജനമഠം യു.പി. ഗീഴൂർ ഗവ. യു.പി. എന്നീ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാൻ പ്രായോഗിക മായി വിഷമതയില്ലാത്തതും പഞ്ചായത്തിലെ ഭൂരി പക്ഷം വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്നതുമായ ഈ കാര്യം പരിഗണിക്കുക.

ജൂനിയർ ടെക്നിക്കൽ ഹൈസ്കൂളിന് ലഭിച്ച സ്ഥലത്ത് എല്ലാ ആധുനിക സംവിധാനങ്ങളുമുള്ള കെട്ടിടം ഉടൻ പണിയുക. അവിടെ നിലവിലുള്ള തസ്തികയിലേക്ക് അധ്യാപകരെ നിയമിക്കുക.

പഞ്ചായത്തിൽ ഒരു ജൂണിയർ ആർട്സ് ആൻറ് സയൻസ് കോളേജ് സ്ഥാപിക്കുക.

വിദ്യാലയങ്ങളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുക.

അപകടാവസ്ഥയിലായ വിദ്യാലയങ്ങളുടെ കെട്ടിട ങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുക. അതിനുശേഷ മേ അവയ്ക്ക് കൺസെൻറ് അനുവദിക്കാവൂ.

സ്വന്തമായി കെട്ടിടവും സ്ഥലവുമില്ലാത്ത അയ നിക്കാട് ഗവ. വെൽഫെയർ എൽ. പി. സ്കൂളിന് കെട്ടിടം പണിയാനുള്ള സംവിധാനങ്ങൾ ഏർപ്പെടു ത്തുക. വിദ്യാലയത്തിൻെറ നിലവിലുള്ള വാടകക്കെട്ടി ടത്തിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുക.

13, 15 എന്നീ വാർഡുകളിൽ ഓരോ എൽ. പി. സ്കൂൾ സ്ഥാപിക്കുക.

അധ്യാപകർക്കുള്ള തുടർ പരിശീലനപരിപാടി കൾ ശാസ്ത്രീയമായി നടപ്പിലാക്കുക.

കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ, ക്ലാസ് തല മാതൃസംഗമങ്ങൾ, കുട്ടികളുടെ ഒത്തുചേരൽ (പ്ര ത്യേകിച്ച് എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ) ബോധവൽക്കരണ സെമിനാറുകൾ മുതലായവ സമയ ബന്ധിതമായി ആസൂത്രണം ചെയ്ത് പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും നടപ്പിലാക്കുക.

പാവപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർ ത്താൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.

വിദ്യാലയങ്ങളിലെ പ്രമോഷൻ സമ്പ്രദായം പുനഃ സംവിധാനം ചെയ്യുക. ആൾ പ്രമോഷൻ നിർത്തലാ ക്കുക.

കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്തിൽ പൊതുവായ കളിസ്ഥലം തയ്യാറാക്കുക.

ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക അവ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ തയ്യാറാക്കുക.

പ്രൈമറി തലത്തിലുള്ള പുസ്തകങ്ങൾ ശേഖരിച്ച് വിദ്യാലയങ്ങളിൽ ലൈബ്രറികൾ സജീവമാക്കുക. ഇവ യുടെ നേതൃത്വം അധ്യാപകരുടെ സഹായത്താൽ മുതി ർന്ന വിദ്യാർത്ഥികൾക്ക് നൽകുക. എല്ലാ എൽ.പി. വിദ്യാലയങ്ങളിലും ലൈബ്രറി സ്ഥാപിക്കുക.

എൽ. പി. വിദ്യാലയങ്ങളോട് ചേർന്ന് നേഴ്സറി ക്ലാസുകൾ ആരംഭിക്കുക.

പഞ്ചായത്തിൽ നിലവിലുള്ള അൺ എയിഡഡ് വിദ്യാലയങ്ങൾ നിർത്തലാക്കുക.

ഏഴും എട്ടും വാർഡുകളിൽ വിദ്യാർത്ഥികൾ നേരിടുന്ന യാത്രാപ്രശ്നങ്ങൾ പരിഹരിക്കുവാൻ ബന്ധ പ്പെട്ട സ്ഥലങ്ങളിൽ പാലം നിർമ്മിക്കുക.

അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

അധ്യാപക നിയമനത്തിനായി മാനേജ്മെൻറ് വാ ങ്ങിക്കുന്ന വമ്പിച്ച കോഴ നിർത്തലാക്കുക.

പഞ്ചായത്തിലെ കെട്ടിടമില്ലാത്ത അംഗൻവാടിക ൾക്ക് കെട്ടിടം പണിയുക. കെട്ടിടം പണിതുവരുന്നവ യ്ക്ക് അത് പൂർത്തിയാക്കുവാൻ സാമ്പത്തിക സഹാ യം ഉടൻ നൽകുക. എല്ലാ അംഗൻവാടികളിലും ആവ ശ്യമായ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുക.

കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു നേവൽ ട്രെയി നിംഗ് സെൻറർ ആരംഭിക്കുക.

അംഗൻവാടികളിലും വിദ്യാലയങ്ങളിലും അനർ ട്ടിൻെറ സഹായത്താൽ പുകയില്ലാത്ത അടുപ്പ് സ്ഥാപി ക്കുക.

വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വിദ്യാലയങ്ങളിലും അംഗൻവാടികളിലും ജനവിദ്യാ കേന്ദ്രങ്ങളിലും അത് ലഭ്യമാക്കുക.

ജനവിദ്യാകേന്ദ്രങ്ങളിൽ എല്ലാ ആനുകാലിക പ്ര സിദ്ധീകരണങ്ങളും ലഭ്യമാക്കുക.

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങലായ ലൈ ബ്രറികൾക്ക് സ്വന്തമായി കെട്ടിടം പണിയാനുള്ള സാമ്പത്തിക സഹായങ്ങളും വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങളും അനുവദിക്കുക. ഇവയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ വിതരണം ചെയ്യുക.

മേലടി ഫിഷറീസ് ഗവ. എൽ. പി. സ്കൂൾ

കെട്ടിടം അറ്റകുറ്റപ്പണി നടത്തുകയും സ്ഥലം അക്വയർ ചെയ്തത് ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.

തീരപ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കുക.

പ്രൈമറി മേഖലയിൽ തന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.

പഞ്ചായത്തിലെ തുരുത്ത് പ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താനാവശ്യമായ സൗകര്യത്തിന് കടവ് തോണി ലഭ്യമാക്കുക.

തീരദേശ സാക്ഷരതയുടെ ഭാഗമായി 9-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു T.V. സെറ്റ് മേലടി ബീച്ചിൽ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുക.

ഇരിങ്ങൽ ഈസ്റ്റ് എൽ.പി. സ്കൂൾ കുട്ടികൾക്ക് മഴക്കാലത്തനുഭവപ്പെടുന്ന യാത്രാബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

പട്ടിക 1

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളും അധ്യാപകരും

| | വിദ്യാലയത്തിന്റെ പേര് | വിദ്യാർത്ഥികൾ | | | അധ്യാപകർ | |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ള അദ്ധ്യാപകർ |
| 1 | ഇരങ്ങൽ നോർത്ത് എം.എൽ.പി. | 40 | 41 | 81 | 5 | 5 |
| 2 | കോട്ടക്കൽ എം.എൽ.പി. | 97 | 95 | 192 | 6 | 7 |
| 3 | അരുണോദയം എൽ.പി. | 55 | 48 | 103 | 5 | 5 |
| 4 | ഇരിങ്ങൽ എൽ.പി. | 133 | 158 | 291 | 11 | 11 |
| 5 | ഇരിങ്ങൽ ഈസ്റ്റ് എൽ.പി | 57 | 53 | 110 | 4 | 4 |
| 6 | കോട്ടക്കടപ്പുറം എൽ.പി. | 68 | 63 | 131 | 4 | 4 |
| 7 | കണ്ണംകുളം എൽ.പി. | 105 | 117 | 222 | 10 | 10 |
| 8 | അയനിക്കാട് എം.എൽ.പി | 43 | 46 | 89 | 5 | 5 |
| 9 | മേലടി എം.എൽ.പി | 82 | 59 | 141 | 4 | 7 |
| 10 | മേലടി എം.എൽ.പി. | 62 | 68 | 130 | 5 | 5 |
| 11 | ഗവ. വെൽഫെയർ എൽ.പി. | 58 | 57 | 115 | 5 | 4 |
| 12. | ഗവ. ഫിഷറീസ് എൽ.പി | 61 | 52 | 113 | 6 | 6 |
| 13 | അയിനിക്കാട് എ.എം.എൽ.പി | | | | | |
| | യു.പി.വിഭാഗം | | | | | |
| 1 | ഇരിങ്ങൽ എസ്സ്.എസ്സ്.യു.പി. | 179 | 159 | 338 | 14 | 14 |
| 2 | താഴെക്കളരി യു.പി | 259 | 233 | 492 | 21 | 22 |
| 3 | അയ്യപ്പൻകാവ്യു.പി. | 192 | 187 | 379 | 12 | 12 |
| 4 | അയനിക്കാട് വെസ്റ്റ് യു.പി. | 314 | 295 | 609 | 24 | 24 |
| 5 | കിഴൂർ എ.യു.പി. | 316 | 312 | 628 | 23 | 23 |
| 6 | കിഴൂർ ഗവ: യു.പി. | 246 | 232 | 478 | 19 | 18 |

| | | | | | | |
|---|---|---|---|---|---|---|
| 7 | എസ്സ്.എൻ.ബി.എം.ഗവ: യു.പി. | 392 | 332 | 724 | 26 | 24 |
| | **ഹൈസ്കൂൾ വിഭാഗം** | | | | | |
| | കുഞ്ഞാലിമരയ്ക്കാർ ഹൈസ്കൂൾ | 528 | 500 | 1028 | 46 | 46 |
| | ടെക്നിക്കൽ ഹൈസ്കൂൾ പയ്യോളി | 73 | 19 | 92 | 36 | 19 |

പട്ടിക. 2

## പഞ്ചായത്തിൽ മൊത്തം തോറ്റു പഠിക്കുന്നവരും കൊഴിഞ്ഞുപോയവരും

| വിദ്യാലയത്തിൻെറ പേര് | തോറ്റു പഠിക്കുന്നവർ | | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | SC/ST | | | OTHERS | | | | SC/ST | | | OTHERS | | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആകെ മൊത്തം | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആകെ മൊത്തം |
| 1 ഇരിങ്ങൻ. നോർത്ത് എം.എൽ.പി. | 0 | 0 | 0 | 4 | 1 | 5 | 5 | 0 | 0 0 | 3 | 3 | 6 | 6 | |
| 2 അരുണോദയം എൽ.പി. കോട്ടക്കൽ | 0 | 0 | 0 | 4 | 2 | 6 | 6 | 0 | 0 0 | 0 | 0 | 0 | 0 | |
| 3 ഇരിങ്ങൽ ഈസ്റ്റ് എൽ.പി. | 0 | 0 | 0 | 3 | 4 | 7 | 7 | 0 | 0 0 | 0 | 0 | 0 | 0 | |
| 4 മേലടി എം.എൽ.പി | 0 | 0 | 0 | 3 | 5 | 8 | 8 | 0 0 | 0 | 0 | 0 | 0 | 0 | |
| 5 ഗവ: ഫിഷറീസ് എൽ.പി. | 0 | 0 | 0 | 3 | 5 | 8 | 8 | 0 | 0 0 | 0 | 0 | 0 | 0 | |
| 6 കോട്ടക്കടപ്പുറം എൽ.പി. | 0 | 0 | 0 | 5 | 3 | 8 | 8 | 0 0 | 0 | 0 | 0 | 0 | 0 | |
| 7 അയനിക്കാട് എം.എൽ.പി. | 0 | 1 | 1 | 2 | 3 | 5 | 6 | 0 0 | 0. | 0 | 0 | 0 | 0 | |
| 8 ഗവ: വെൽഫേർ എൽ.പി | .1 | 0 | 1 | 0 | 1 | 1 | 2 | 0 0 | 0 | 0 | 0 | 0 | 0 | |
| 9 മേലടി എ.എൽ.പി | 0 | 0 | 05 | 3 | 8 | 8 | 1 | 0 | 1 1 | 1 | 2 | 3 | | |
| 10 കോട്ടക്കൽ എം.എൽ.പി | 0 | 1 | 1 | 8 | 3 | 11 | 12 | 0 0 | 0 | 0 | 0 | 0 | 0 | |
| 11 ഇരിങ്ങൽ എസ്സ്.എസ്സ് യു.പി. | 3 | 0 | 3 | 17 | 4 | 21 | 24 | 0 0 | 0 | 0 | 0 | 0 | 0 | |
| 12 താഴെകളരി യു.പി. | 3 | 0 | 3 | 25 | 16 | 41 | 44 | 0 | 0 0 | 0 | 0 | 0 | 0 | |
| 13 അയ്യപ്പൻകാവ് യു.പി. | 0 | 0 | 0 | 10 | 15 | 25 | 25 | 0 0 | 0 | 0 | 0 | 0 | 0 | |
| 14 കിഴൂർ എ.യു.പി | 5 | 6 | 11 | 27 | 19 | 46 | 57 | 0 | 0 0 | 0 | 0 | 0 | 0 | |
| 15 കിഴൂർ ജി.യു.പി | 2 | 2 | 4 | 18 | 18 | 36 | 40 | 0 | 3 3 | 1 | 1 | 2 | 5 | |
| 16 അയനിക്കാട് വെസ്റ്റ് യു.പി. | 1 | 1 | 2 | 25 | 22 | 47 | 49 | 0 | 4 4 | 19 | 17 | 36 | 40 | |
| 17 എസ്സ്.എൻ.ബി.എം ജി.യു.പി | 0 | 0 | 0 | 30 | 13 | 43 | 43 | 0 | 0 0 | 7 | 2 | 9 | 9 | |
| 18 ടെക്നിക്കൽ ഹൈസ്കൂൾ | 0 | 0 | 0 | 0 | 1 | 1 | 1 | 1 0 | 1 | 0 | 0 | 0 | 1 | |
| 19 കുഞ്ഞാലി മരയ്ക്കാർ ഹൈസ്കൂൾ | 0 | 0 | 0 | 74 | 47 | 121 | 121 0 | 0 | 0 | 34 | 25 | 59 | 59 | - |

## പട്ടിക 3.
## സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

| ക്രമനമ്പർ | വിദ്യാലയത്തിൻെറ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലീം: പെൺ സ്കോളർഷിപ്പ് | വികലാംഗർ | ജവാന്മാരുടെ മക്കൾക്ക് | ബീഡി തൊഴി: ആനുകൂല്യം | മത്സ്യതൊഴിലാളി ആനുകൂല്യം | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|
| 1 | ഇരിങ്ങൽ അരുണോദയം എൽ.പി. | | 3 | | | | 7 | | |
| 2 | ഇരിങ്ങൽ എൽ.പി. | | 11 | | 1 | | | 2 | |
| 3 | ഇരിങ്ങൽ നോർത്ത് എം.എൽ.പി. | | 1 | | | | | | |
| 4 | കോട്ടക്കൽ എം.എൽ.പി. | | 3 | | | | | 7 | |
| 5 | ഇരിങ്ങൽ ഈസ്റ്റ് എൽ.പി. | | 5 | | | 2 | | | |
| 6 | കോട്ടക്കടപ്പുറം എൽ.പി. | | 4 | | | | | 50 | |
| 7 | അയനിക്കാട് എം.എൽ.പി. | | 4 | | | | | | |
| 8 | മേലടി എം.എൽ.പി. | | | | | | | | |
| 9 | മേലടി എ.എൽ.പി. | | 16 | | | | | | |
| 10 | കണ്ണംകുളം എൽ.പി. | | 43 | | | | | 32 | |
| 11 | അയനിക്കാട് എ.എം.എൽ.പി | | | | | | | | |
| 12 | ഗവ: വെൽഫെയർ എൽ.പി. അയനിക്കാട് | | 21 | | | | | | |
| 13 | ഗവ: ഫിഷറീസ് എൽ.പി. മേലടി | | 94 | 2 | | | 21 | | |
| | | | | | | | | | |
| 1 | ഇരിങ്ങൽ എസ്.എസ്.യു.പി. | 1 | 26 | 18 | 2 | | 2 | 36 | |
| 2 | താഴെക്കളരി യു.പി. | | 54 | 21 | 2 | | | 2 | |
| 3 | അയ്യപ്പൻ കാവ് യു.പി. | | 18 | 14 | 1 | | | 2 | |
| 4 | അയനിക്കാട് വെസ്റ്റ് യു.പി. | 3 | 44 | 45 | 1 | | | 95 | |
| 5 | കീഴൂർ എം.യു.പി. | 6 | 96 | 18 | 7 | | | 6 | |
| 6 | കീഴൂർ ഗവ: യു.പി. | 7 | 67 | 58 | | | | 4 | |
| 7 | എസ്.എൻ.ബി.എം. ഗവ: യു.പി.മേലടി | | 62 | | | | 119 | | |
| | | | | | | | | | |
| 1 | കുഞ്ഞാലിമരയ്ക്കാർ ഹൈസ്കൂൾ കോട്ടക്കൽ | 45 | | 6 | | 101 | | | |
| 2 | ടെക്നിക്കൽ ഹൈസ്കൂൾ പയ്യോളി | 9 | 16 | | 2 | | 1 | | |

പട്ടിക. 4.

വിദ്യാലങ്ങൾ

വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| LP | 1 | 1 | 1 | 0 | 1 | 1 | 3 | 1 | 1 | 1 | 0 | 2 0 | 0 | 0 | |
| UP | 0 | 0 | 0 | 1 | 1 | 0 | 1 | 0 | 1 | 01 | 0 | 0 | 2 | 0 | |
| HS | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 |

പട്ടിക.5

അംഗനവാടികളുടെ എണ്ണം

വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 1 | 4 | 3 | 2 | 1 | 2 | 4 | 3 | 1 | 2 | 2 | 3 | 2 | 2 |

പട്ടിക 6

കഴിഞ്ഞ വർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനം

കുഞ്ഞാലിമരയ്ക്കാർ H.S.

| വർഷം | 92- 93 | 93- 94 | 94- 95 | 95- 96 |
|---|---|---|---|---|
| വിജയശതമാനം | 14% | 31% | 19% | 13% |

ജൂനിയർ ടെക്നിക്കൽ H.S. പയ്യോളി

| വർഷം | 91- 92 | 92- 93 | 93- 94 | 94- 95 | 95- 96 |
|---|---|---|---|---|---|
| വിജയ ശതമാനം | 100% | 97% | 100% | 100% | 100% |

## പട്ടിക 7.
## വിദ്യാലയ സൗകര്യങ്ങൾ

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര്(L.P) | സർക്കാർ/ എയിഡഡ് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി കളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇരിങ്ങൽ അരുണോദയം എൽ.പി.സ്കൂൾ | എയിഡഡ് | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | ഇരിങ്ങൽ എൽ.പി. സ്കൂൾ | ,, | 1 ഏക്കർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഇരിങ്ങൽ നോർത്ത് എം.എൽ.പി. | ,, | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | കോട്ടക്കൽ എം.എൽ.പി. | ,, | 10 സെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | ഇരിങ്ങൽ ഈസ്റ്റ് എൽ.പി. | ,, | 20 സെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | കോട്ടക്കടപ്പുറം എൽ.പി. | ,, | 10 സെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 7 | അയനിക്കാട് എം.എൽ.പി. | ,, | 960 m2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 8 | മേലടി എം.എൽ.പി. | ,, | 25 സെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 9 | മേലടി എ.എൽ.പി. | ,, | – | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | കണ്ണംകുളം എ.എൽ.പി. | ,, | 48.5 സെ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 11 | അയനിക്കാട് എ.എൽ.പി. | ,, | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | ഗവ: വെൽഫെയർ എൽ.പി. അയനിക്കാട് 41/4സെ | സർക്കാർ | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 13 | ഗവ: ഫിഷറീസ് എൽ.പി.മേലടി | ,, | 77 സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |

## പട്ടിക 8
## വിദ്യാലയ സൗകര്യങ്ങൾ

| | വിദ്യാലയത്തിന്റെ പേര് - (യു.പി.വിഭാഗം) | സർക്കാർ/ എയിഡഡ് | വിസ്തീർണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബോറട്ടറി | ലൈ:പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇരിങ്ങൽ എസ്സ്.എസ്സ്.യു.പി. | എയിഡഡ് | – | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 2 | താഴെകളരി യു.പി. | ,, | 37.5 സെ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | അയ്യപ്പൻകാവ് യു.പി. | ,, | 70 സെ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | അയനിക്കാട് വെസ്റ്റ് യു.പി. | ,, | 2.62 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | കിഴൂർ എ.യു.പി. | | Sq.ft. | | | | | | | | | | |
| | | ,, | 5707.713 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 6 | കിഴൂർ ഗവ: യു.പി. | സർക്കാർ | 40 സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 7 | എസ്സ്.എൻ.ബി.എം.ജി.യു.പി. | ,, | 110 സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | | | | ഹൈസ്കൂൾ | | | | | | | | | |
| 1 | കുഞ്ഞാലി മരയ്ക്കാർ | | | | | | | | | | | | |
| | എച്ച്.എസ്സ്.കോട്ടക്കൽ | എയിഡഡ് | 3ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ടെക്നിക്കൽ ഹൈസ്കൂൾ, | | | | | | | | | | | | |
| | പയ്യോളി | സർക്കാർ | 3ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ബാധകമല്ല | ഉണ്ട് | ഇല്ല | ഇല്ല. |

## ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം

| | സ്കൂളിൻെറ പേര് | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|
| 1 | ഇരിങ്ങൽ അരുണോദയം എൽ.പി. | 5 | 10 | 2 | 4 | 4 |
| 2 | ഇരിങ്ങൽ എൽ.പി. | – | – | – | – | – |
| 3 | ഇരിങ്ങൽ നോർത്ത് എം.എൽ.പി. | 20 | 20 | 4 | 4 | 5 |
| 4 | കോട്ടക്കൽ എം.എൽ.പി. | 10 | 10 | – | – | – |
| 5 | ഇരിങ്ങൽ ഈസ്റ്റ് എൽ.പി. | 25 | 10 | 4 | 4 | 1 |
| 6 | കോട്ടക്കടപ്പുറം എൽ.പി. | 10 | 15 | 5 | 5 | 2 |
| 7 | അയിനിക്കാട് എം.എൽ.പി.എസ്സ്. | 12 | 10 | 3 | 2 | 1 |
| 8 | മേലടി M.L.P.S | 12 | 5 | 2 | 2 | – |
| 9 | മേലടി A.L.P.S. | 12 | 5 | 2 | 2 | – |
| 10 | കണ്ണംകുളം L.P.S. | 48 | 24 | 8 | 8 | 2 |
| 11 | | | | | | |
| 12 | ഗവ: വെൽഫേർL.P.S | 2 | 5 | – | 4 | 2 |
| 13 | ഗവ: ഫിഷറീസ് L.P.മേലട | 10 | 10 | 5 | 5 | 2 |
| | | | | | | |
| 1 | ഇരിങ്ങൽ എസ്സ്.എസ്സ്.യു.പി. | 10 | 10 | 4 | 3 | 10 |
| 2 | താഴെക്കളരി യു.പി. | 48 | 70 | 16 | 16 | 9 |
| 3 | അയ്യപ്പൻ കാവ് യു.പി. | 10 | 10 | 4 | 4 | 1 |
| 4 | അയിനിക്കാട് വെസ്റ്റ് യു.പി. | 10 | 10 | 5 | 5 | 5 |
| 5 | കീഴൂർ. എ.യു.പി.എസ്സ് | – | – | – | – | – |
| 6 | കീഴൂർ ഗവ: യു.പി. | 10 | 10 | 4 | 4 | 1 |
| 7 | എസ്സ്.എൻ.ബി.എം. ഗവ: യു.പി. മേലട | 20 | 5 | 5 | 5 | 2 |
| | | | | | | |
| 1 | കുഞ്ഞാലി മരയ്ക്കാർ ഹൈസ്കൂൾ | 25 | 25 | 5 | 5 | 1 |
| 2 | ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ പയ്യോളി | 10 | 38 | 15 | 5 | |

# പൊതുജനാരോഗ്യം

2000 ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യം സഫലീകരിക്കാൻ പ്രയത്നിക്കുമ്പോഴും പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത രീതിയിൽ ആരോഗ്യരംഗം ഇന്ന് ഒട്ടേറെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് നമ്മൾ നിർമ്മാർജ്ജനം ചെയ്തു എന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുന്നതോടൊപ്പം തന്നെ പല പുതിയ ഭീകരങ്ങളായ രോഗങ്ങളും പ്രത്യക്ഷപ്പെടാനും തുടങ്ങിയിട്ടുണ്ട്.

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാരീതികളാണ് ഇന്ന് ഇവിടെ നിലവിലുള്ളത്. ചെറിയ തോതിൽ പ്രകൃതിചികിത്സാരീതിയും പ്രചാരത്തിൽ വരുന്നതായി കാണുന്നുണ്ട്. ആധുനിക ചികിത്സാസമ്പ്രദായം ലഭ്യമാകുന്നതിനു മുമ്പ് പാരമ്പര്യ വൈദ്യരംഗത്ത് ഒട്ടേറെ പ്രഗൽഭരായവരുടെ സേവനം നമുക്ക് ലഭ്യമായിരുന്നു. ഇരിങ്ങൽ അധികാരി, കുഞ്ഞിക്കുട്ടി വൈദ്യർ, കോറോത്ത് കേളപ്പൻ വൈദ്യർ, വിഷചികിത്സാവിദഗ്ദനായ ആണിയത്തൂർ മുസല്യാർ, കണ്ണുരോഗവിദഗ്ധനായ നങ്ങിലേരി തറവാട്ടുകാർ തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. അയനിക്കാട് കളരിപ്പടിക്ഷേത്രം ഒരു കാലത്ത് പേപ്പട്ടി വിഷബാധ ചികിത്സക്ക് പ്രസിദ്ധമായിരുന്നു. കളരിപ്പടി ക്ഷേത്രത്തിലെ കാരണവരായ 'പണിക്കർ' ഇവിടുത്തെ കാവിൽ നിന്നും പറിച്ചെടുത്തു നൽകുന്ന പച്ചമരുന്ന് 90 ദിവസത്തെ വൃതാനുഷ്ഠാനത്തോടെ കഴിക്കുകയാണെങ്കിൽ പേപ്പട്ടി വിഷബാധ പൂർണ്ണമായി ഭേദപ്പെടുത്തുവാൻ കഴിയുമായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ചികിത്സാകേന്ദ്രം 1959-ൽ മേലടിയിലെ കതിരാറ്റിൽ എന്നയിടത്ത് സ്ഥാപിക്കപ്പെട്ട ഗവ. ആയുർവേദ ആശുപത്രിയാണ്. ഇന്ന് ഇത് പ്രവർത്തിക്കുന്നത് തച്ചൻകുന്നിലെ വാടക കെട്ടിടത്തിലാണ്. അലോപ്പതി രംഗത്ത് ഇന്ന് പഞ്ചായത്തിലെ ഏക ചികിത്സാകേന്ദ്രം 1971-ൽ പഞ്ചായത്തിൻെറ വടക്കെ അറ്റമായ കോട്ടക്കലിലെ കല്ലുവളപ്പിൽ വീട്ടിൽ ആരംഭിച്ച ഗവ. ഫിഷറീസ് ഡിസ്പൻസറിയാണ്. 1973-ൽ ഇതിനു സ്വന്തമായ കെട്ടിടം നിർമ്മിച്ചു. ഇപ്പോൾ ഇത് പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്തിയെങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടില്ല.

പയ്യോളി പഞ്ചായത്തിൽ അലോപ്പതിയിൽ സ്വകാര്യം ഉടമസ്ഥതയിൽ രണ്ട് നഴ്സിങ്ങ് ഹോമുകളും അഞ്ച് ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കൂടാതെ ആറ് ഹോമിയോ ക്ലിനിക്കുകളും ഒരു യുനാനി ചികിത്സാകേന്ദ്രവും, 16 ആയുർവ്വേദ മരുന്നുകടകളും 8 അലോപ്പതി മരുന്നുകടകളും ഒരു ആയുർവ്വേദ മരുന്നു നിർമ്മാണ കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്നുണ്ട്.

## പ്രൈമറി ഹെൽത്ത് സെൻറർ

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 783 | 4071 | 75 | 8807 |
| 1994-95 | 364 | 3232 | 60 | 7269 |
| 1995-96 | 489 | 3707 | 61 | 9094 |

## പ്രൈമറി ഹെൽത്ത് സെൻറർ

## സ്ഥായിയായ രോഗബാധിതരുടെ വിവരം

| | |
|---|---|
| രക്തസമ്മർദ്ദം | 133 |
| പ്രമേഹം | 125 |
| കാൻസർ | 45 |
| കുഷ്ടം | 16 |
| ക്ഷയം | 125 |
| ഹൃദ്രോഗം | 130 |

## പയ്യോളി ഗ്രാമ പഞ്ചായത്ത്

## കുട്ടികളുടെ പോഷണനിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 165 | 145 | 89 | 156 | 20 | 16 |
| 1-3 വയസ്സ് | 284 | 243 | 167 | 171 | 46 | 50 |
| 3 - 6 വയസ്സ് | 279 | 277 | 173 | 170 | 47 | 48 |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

ഗുരുതരമായ പോഷണക്കുറവുള്ളവർ തീരെ ഇല്ല

## പയ്യോളി ഗ്രാമപഞ്ചായത്ത്

### കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് വിവരം

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി മീസിൽസ് | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 വയസ്സിൽ താഴെ | 37 | 43 | 42 | 39 | – | 43 | 42 | 39 | – | – | | 44 |
| 1 മുതൽ 3 വയസ്സ് | – | – | – | | 38 | – | – | –38 | | 1 | – | |
| 3 മുതൽ 6 വയസ്സ് | – | – | – | – | – | – | – | – | – | – | 32 | |

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം = 305

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളിക ലഭിച്ച കുട്ടികളുടെ എണ്ണം = 863

വിറ്റാമിൻ എ തുമ്മിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം = 777

## ആയുർവ്വേദ ആശുപത്രി

### ചികിത്സ സംബന്ധിക്കുന്ന വിവരങ്ങൾ

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റു രോഗം |
| 1992–93 | 210 | 37164 | 8000 | 16080 | 2800 | 9184 | 1310 |
| 1993–94 | 27287 | 4500 | 15145 | 1305 | 5679 | 813 | 27492 |
| 1994–95 | 150 | 23095 | 1309 | 1300 | 4356 | 750 | 23245 |
| 1995–96 | 253 | 29717 | 4702 | 15760 | 2610 | 5488 | 1460 |

*"ആരോഗ്യം കടംവാങ്ങാൻ പറ്റില്ല*
*സ്വയം ആരോഗ്യം നേടുക തന്നെ വേണം "*
*"ശുചിത്വം പാലിക്കേണ്ടത് സ്വരാജിൻെറ ചുമതലയാണ്.*
*അത് നീട്ടിവെച്ചാൽ ജീവിതം ദുസ്സഹമാകും ......"*

## ആരോഗ്യപ്രശ്നങ്ങൾ

തീരദേശമേഖലകളിൽ പൊതുവെ വയറിളക്കം, ചിക്കൻപോക്സ്, മീസിൽസ്, വിളർച്ച എന്നിവ കാണപ്പെടുന്നു. തീരദേശമേഖലകളിൽ ഈച്ചശല്യവും പഞ്ചായത്തിൽ മൊത്തമായി കൊതുക് ശല്യവും ഉണ്ട്. ഇത് രോഗങ്ങൾ പകരുന്നതിന് കാരണമാകുന്നുണ്ട്. മേലടി ടൗണിലും പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലും മലിന ജലം കെട്ടിനിൽക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മയക്കുമരുന്നുപയോഗം, മദ്യപാനം, പുകവലി എന്നീ ദുശ്ശീലങ്ങൾ കാരണം നിരവധി പേർ മാറാരോഗികളായിത്തീർന്നിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുവെ കക്കൂസ് ഇല്ലാത്ത പ്രശ്നം ഉണ്ട്. ഉള്ള കക്കൂസുകളിൽ ചിലവ വേണ്ടത്ര ശുചിത്വമില്ലാത്തതും ധാരാളം എണ്ണം കുഴിക്കക്കൂസുകളും ആണ്. ചില പ്രദേശങ്ങളിൽ കക്കൂസുകൾ തോടുകളിലേക്ക് തുറന്നുവെച്ചവയുമാണ്. ഈ കാര്യങ്ങളും തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനവും, ധാരാളം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മിക്ക ഹോട്ടലുകളും വേണ്ടത്ര ശുചിത്വമുള്ളവയല്ലാത്തതിനാൽ പരിസരമലിനീകരണത്തിന് കാരണമായിത്തീരുന്നു. പരിസരശുചിത്വത്തെക്കുറിച്ച് ജനങ്ങളിൽ വേണ്ടത്ര അവബോധമില്ലാത്തതും പരിസരമലിനീകരണത്തിനും ഗാർഹിക മലിനീകരണത്തിനും ഹേതുവായിത്തീരുന്നുണ്ട്. ടൗണുകളിലെയും മറ്റും പാഴ്വസ്തുക്കൾ മലിനീകരണത്തിനു കാരണമാകുന്നു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വന്നു താമസമാക്കിയിട്ടുള്ള അന്യസംസ്ഥാനവാസികൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ലഭിക്കേണ്ടുന്ന വിദഗ്ദ്ധ ചികിത്സയ്ക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതും പലപ്പോഴും പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലും സബ്സെന്ററുകളിലും വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാവാത്തത് ജനങ്ങൾക്ക് വളരെയേറെ വിഷമം ഉണ്ടാക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം തീരെയില്ല. കൂടാതെ മുഴുവൻ സമയചികിത്സാസൗകര്യവും ലഭ്യമാവുന്നില്ല. സ്വന്തമായി സ്ഥലമുണ്ടെങ്കിലും ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ആയുർവ്വേദാശുപത്രിയിലും പരിമിതമായ സൗകര്യങ്ങൾ മാത്രമേ ലഭിക്കുന്നുള്ളു. ഭൗതികമായ സൗകര്യങ്ങൾ മാത്രമേ ലഭിക്കുന്നുള്ളു. ഭൗതികമായ സൗകര്യങ്ങൾ വേണ്ടത്രയില്ലാത്തതിനാൽ പല അങ്കണവാടികൾക്കും ആരോഗ്യപ്രവർത്തനരംഗത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകൾക്കും പഴയ രീതിയിൽ തന്നെയുള്ള അടുപ്പുകളാണുള്ളത്. ഇത് സ്ത്രീകളുടെ ആരോഗ്യത്തിന് പ്രശ്നമാകുന്നുണ്ട്. നിലവിലുള്ള കിണറുകളിലെ വെള്ളം വേണ്ടത്ര ശുദ്ധമാക്കാത്തത് പൊതുവെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. വാഹനങ്ങളുടെ പുകമൂലവും പൊടിമൂലവും ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം ആരോഗ്യപ്രശ്നമാണ്. കോളനികളിലും ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന മറ്റ് സ്ഥലങ്ങളിലും ശവസംസ്കാരം നടത്തുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്തത് ആരോഗ്യരംഗത്ത് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. മേലടി ടൗണിന്റെ മധ്യഭാഗത്ത് സാംസ്കാരിക നിലയത്തിനടുത്ത് സ്ഥിതിചെയ്യുന്ന മത്സ്യമാർക്കറ്റ്, ഇറച്ചിക്കടകൾ എന്നിവ പരിസരമലിനീകരണപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അലഞ്ഞുതിരിയുന്ന നായ്ക്കളും കുറുക്കന്മാരും പലപ്പോഴും പേ വിഷബാധയ്ക്ക് കാരണമാകുന്നു. സ്പോർട്ട്സിനോട് താൽപര്യമുണ്ടെങ്കിലും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തത് ജനങ്ങളെ ആരോഗ്യഹീനരാക്കാൻ കാരണമാകുന്നുണ്ട്.

1. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ കിണറുകളും എല്ലാ വർഷവും ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ആവശ്യമായ പ്രദേശങ്ങളിൽ ഓടകൾ നിർമ്മിക്കുകയും മലിനജലം കെട്ടിക്കിടക്കാനനുവദിക്കാതെ ഒഴുക്കിക്കളയുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തീരദേശമേഖലകളിൽ അശാസ്ത്രീയമായ രീതിയിലുള്ള മത്സ്യസംസ്കരണം മൂലമുണ്ടാകുന്ന ഈച്ചശല്യം ഒഴിവാക്കാൻ തീരദേശവാസികളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

4. തീരദേശവാസികളിൽ പൊതുവെ കണ്ടുവരുന്ന വിളർച്ച ഒഴിവാക്കാൻ പോഷകാഹാരത്തെക്കുറിച്ച് ആവശ്യമായ ക്ലാസുകൾ നൽകുകയും ഊർജിത പച്ചക്കറികൃഷി വീടുകളിൽ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

5. കൊതുകുശല്യം ഒഴിവാക്കാൻ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ മരുന്നു തളിക്കുകയും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

6. എല്ലാ കുടുംബങ്ങൾക്കും ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. തോടുകളിലേക്കും പുഴകളിലേക്കും തുറന്നുവിടുന്ന കക്കൂസുകളുടെ നിർമ്മാണവും കുഴിക്കക്കൂസുകളുടെ നിർമ്മാണവും തടയേണ്ടതാണ്.

7. വാഹനങ്ങളുടെ പുക നിയന്ത്രിക്കുകയും പൊടി ശല്യം കുറയ്ക്കുകയും ചെയ്യണം. ഇതിന് സഹായിക്കാൻ ചെടികൾ നട്ടുപിടിപ്പിക്കാവുന്നതാണ്.

8. എല്ലാ വീടുകളിലും പുകയില്ലാത്തതും ക്ഷമത കൂടിയതുമായ അടുപ്പുകൾ സ്ഥാപിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

9. പാഴ്വസ്തുക്കൾ ഉപയോഗയോഗ്യമാക്കി മാറ്റാനുള്ള സംവിധാനം ഏർപ്പെടുത്തുകയും അമിതമായി ഉപയോഗിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

10. നിലവിലുള്ള അങ്കണവാടികൾക്ക് അതാത് പ്രദേശത്തെ ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഉണ്ടാക്കുകയും ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ആരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

11. നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും വിദഗ്ദ്ധ ഡോക്ടർമാരുടെയും ലേഡീ ഡോക്ടറുടെയും മുഴുവൻ സമയസേവനം ലഭ്യമാക്കേണ്ടതുമാണ്. സബ്സെൻററുകളിൽ ഡോക്ടറുടെ മുഴുവൻ സമയസേവനം ലഭ്യമാക്കുകയും ആഴ്ചയിലൊരിക്കലെങ്കിലും ഒരു ഗൈനക്കോളജിസ്റ്റിൻെറ സേവനം ലഭ്യമാക്കുകയും വേണം. സബ് സെൻറർ ഇല്ലാത്ത വാർഡുകളിൽ സബ്സെൻറർ സ്ഥാപിക്കേണ്ടതാണ്.

12. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ ഹോട്ടലുകളും മറ്റ് പൊതുസ്ഥലങ്ങളും പരിശോധിച്ച് ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്.

13. പഞ്ചായത്തിലെ മൊത്തം പ്രദേശത്തിൻെറ ആരോഗ്യകാര്യത്തിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് പൂർണ്ണമായ ഉത്തരവാദിത്തം വഹിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്.

14. മയക്കുമരുന്നുപയോഗം, മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾ ഒഴിവാക്കാനാവശ്യമായ ബോധവൽക്കരണം പൊതുപ്രവർത്തകരുടെയും ആരോഗ്യപ്രവർത്തകരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

15. പഞ്ചായത്തിൽ പൂർണ്ണസൗകര്യത്തോടെയുള്ള പൊതുശ്മശാനത്തിൻെറ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

16. പഞ്ചായത്തിൽ സമഗ്രമായ പ്രതിരോധ കുത്തിവെപ്പ് സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്. എല്ലാ വാർഡുതലങ്ങളിലും സമഗ്രമായ ആരോഗ്യവർവ്വെ നടത്തേണ്ടതാണ്.

17. തീരദേശമേഖലകളിൽ കാണപ്പെടുന്ന വയറിളക്കം, ചിക്കൻപോക്സ്, മീസിൽസ് എന്നീ രോഗങ്ങൾക്ക് പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ നേതൃത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

18. കാലാകാലങ്ങളിൽ പി.എച്ച്.ഡി. യിലെ ലാബ് ടെക്നിഷ്യൻെറ സഹായത്തോടെ കുടിവെള്ളത്തിൻെറ സ്ഥിതി പരിശോധിച്ച് ശുദ്ധത ഉറപ്പുവരുത്തേണ്ടതാണ്.

19. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭിക്കാൻ ജനതാ മെഡിക്കൽസ് സ്ഥാപിക്കേണ്ടതാണ്.

20. പഞ്ചായത്തിൻെറ ഹൃദയഭാഗത്തുള്ള മേലടി ടൗണിലെ മത്സ്യമാർക്കറ്റും ഇറച്ചിക്കടയും മാറ്റി സ്ഥാപിക്കേണ്ടതാണ്. മത്സ്യവില്പന കേന്ദ്രങ്ങളുടേയും ഇറച്ചിക്കടകളുടെയും ശുചിത്വം ഉറപ്പുവരുത്താൻ തൊഴിലാളികളും ആരോഗ്യപ്രവർത്തകരും അധികൃതരും കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. വഴിയോരങ്ങളിലെ മാംസ അറവ് തടയേണ്ടതും കോഴിയുടേയും മറ്റും അവശിഷ്ടങ്ങൾ അതാത് ഉടമസ്ഥരുടെ ചുമതലയിൽ സംസ്കരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

21. തീരദേശമേഖലയിലെ ആരോഗ്യപ്രശ്നങ്ങളുടെ പരിഹാരത്തിന് മേലടി ബീച്ചിൽ പ്രത്യേക ഫിഷറീസ് ഡിസ്പൻസറി സ്ഥാപിക്കേണ്ടതാണ്. ഇതിന് ഫിഷറീസ് ഡിപ്പാർട്ട്മെൻറ് വക സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

22. പേ വിഷബാധ ഒഴിവാക്കുന്നതിനായി അലഞ്ഞുതിരിയുന്ന നായ്ക്കളേയും കുറുക്കന്മാരെയും നശിപ്പിക്കേണ്ടതാണ്.

23. പി.എച്ച്.സി.യിലെ ആംബുലൻസിന് സ്ഥിരം ഡ്രൈവറെ നിയമിക്കേണ്ടതാണ്.

24. പി. എച്ച്.സി. യുടെ നേതൃത്വത്തിൽ ഒരു മൊബൈൽ ആരോഗ്യയൂണിറ്റ് ഉണ്ടാവേണ്ടതാണ്.

25. പഞ്ചായത്തിലെ മുഴുൻ സ്കൂളുകൾക്കും അങ്കണവാടികൾക്കും പോഷകാഹാരവിതരണം ഉറപ്പു വരുത്തേണ്ടതാണ്.

26. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വന്ന് താമസമാക്കിയിട്ടുള്ള അന്യസംസ്ഥാനവാസികൾക്ക് പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ക്ലാസു കൾ നൽകേണ്ടതാണ്.

27. പൊതുടാപ്പുകളിൽ നിന്ന് വെള്ളമെടുത്ത് വാഹനങ്ങൾ കഴുകുന്നത് തടയേണ്ടതാണം.

## കുടിവെള്ളം

നിലവിലുള്ള കുടിവെള്ള സംവിധാനം

| | | |
|---|---|---|
| 1. പൊതുടാപ്പുകൾ | 121 | എണ്ണം |
| 2. പൊതുകുഴൽ കിണറുകൾ | 6 | എണ്ണം |
| 3. പൊതു കിണർ | 30 | എണ്ണം |
| 4. ഹൗസ്കണക്ഷനുകൾ | 84 | എണ്ണം |
| 5. പൊതു വാട്ടർ ടാങ്കുകൾ | 3 | എണ്ണം |

## കുടിവെള്ളപ്രശ്നം ഉള്ള മേഖലകൾ

കോട്ടയ്ക്കൽ പടന്നത്തിരുത്തി, കൊളാവിപ്പാലം കോട്ടക്കടപ്പുറം പ്രദേശങ്ങൾ, നാരങ്ങോളി - ചെത്തിൽ ഭാഗം, വലിയകടവത്ത് ഭാഗം, കോട്ടത്തുരുത്തി ഭാഗം, കോട്ടക്കുന്ന് - നന്ദനാർകുന്ന് ഭാഗം, കിഴക്കയിൽ കോളനി, കളരിപ്പടി - കക്കട്ടുംകൽ ഭാഗം, കുറുക്കൻ കുന്ന്, കുന്നുംപുറം ഭാഗം, തുരുത്ത് ഭാഗം, വലിയ പുരത്തോടിന് പടിഞ്ഞാറ് ഭാഗം, ഇയ്യോത്തിൽ കോ ളനി അരട്ടൻ കുന്ന്, കൊളാരിത്താഴഭാഗം, കിഴൂർ മൂലം തോട്, കൊവ്വപ്പുറം ഭാഗം, 14-ാം വാർഡിലെ കുന്നുംപ്രദേശം, 15-ാം വാർഡിലെ കുന്നും പ്രദേശം എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം ഉണ്ട്. കൂടാതെ പഞ്ചായത്തിലെ തീരദേശമേഖലകളിൽ ഉപ്പു വെള്ളം കിണറുകളിൽ വരുന്നത് ഒരു പൊതുപ്രശ്നമാ ണ്. പുഴയിൽ നിന്നും അശാസ്ത്രീയമായ രീതിയിൽ മണൽ വാരുന്നതിനാൽ പുഴയോരങ്ങളിലെ കിണറു കൾ പലപ്പോഴും വറ്റിപ്പോകുന്നു. 2, 8, 9, 10, 11 വാർഡുകളിലെ തീരദേശമേഖലകളിലും തോടിനു പടി ഞ്ഞാറു വശങ്ങളിലുള്ള കോളനികളിലും ഉപ്പുകലർന്ന മലിനജലം ഉപയോഗിക്കുന്നതുകൊണ്ട് മത്സ്യത്തൊ ഴിലാളികൾക്കും മറ്റും സാംക്രമികരോഗങ്ങൾ കണ്ടുവ രുന്നു. ഇത്തരം 200 കുടുംബങ്ങൾ ഈ മേഖലയിൽ ഉണ്ട്.

## കുടിവെള്ള പ്രശ്നം - സാധ്യതകൾ

1. കോട്ടയ്ക്കൽ പി.എച്ച്.സി. കോമ്പൗണ്ടിൽ ഉള്ള വാട്ടർടേങ്ക് ഉപയോഗപ്പെടുത്തി സമീപപ്രദേശ ങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാനുള്ള നടപ ടികൾ സ്വീകരിക്കാവുന്നതാണ്.

2. കേരളാ ക്വയറിനു സമീപം ഊരാളുങ്കൽ ലേ ബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൽ നിന്ന് ആവ ശ്യമായത്ര സ്ഥലം ലഭ്യമാക്കി കിണറും വാട്ടർ ടേങ്കും നിർമ്മിച്ച് 1, 2, 3, 4, 8 വാർഡുകളിൽപെട്ട വിവിധ പ്രദേശങ്ങളിലേക്ക് ശുദ്ധജലം വിതരണം ചെയ്യാ വുന്നതാണ്.

3. 3-ാം വാർഡിലെ നാരങ്ങോളി ഭാഗത്ത് ഒരു ചിർപ്പ് സ്ഥാപിക്കുകയും നിലവിലുള്ള പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുകയും കുഴൽക്കിണർ (ഉപ്പു വെള്ളം ഇല്ലാത്ത സ്ഥലത്ത്) സ്ഥാപിക്കുകയും ചെ യ്താൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

4. കോട്ടത്തുരുത്തി ഭാഗത്തെ വാട്ടർടാങ്ക് മാറ്റി സ്ഥാപിക്കുകയും ഇരിങ്ങൽ റെയിൽവെ സ്റ്റേഷൻെറ തെക്കുകിഴക്കുഭാഗത്ത് അയ്യപ്പഭജനമഠത്തിൻെറ കിഴക്കു ഭാഗത്തും മൂരാട് റെയിലിനു പടിഞ്ഞാറു ഭാഗത്തും ശുദ്ധജല വിതരണപൈപ്പുകൾ സ്ഥാപിക്കു കയും വേണം.

5. പുനത്തിൽ പറമ്പിൽ നിലവിലുള്ള പമ്പിംഗ് സ്റ്റേഷൻ വിപുലീകരിച്ചാൽ (സ്ഥലസൗകര്യം ലഭ്യമാ ണ്) ജലക്ഷാമമുള്ള സമീപപ്രദേശങ്ങളിലേക്കുകൂടി ശുദ്ധജലം നൽകാൻ കഴിയും. നിലവിലുള്ള രണ്ട് പമ്പിംഗ് യൂണിറ്റുകളിൽ പ്രത്യേകം പ്രത്യേകം പമ്പ് ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതാണ്. വൈദ്യുതി ലഭ്യ തയുടെ അപര്യാപ്തത പരിഹരിക്കാൻ പമ്പിംഗ് യൂണിറ്റു കളിൽ ജനറേറ്റർ സ്ഥാപിക്കുകയോ, സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോർ സ്ഥാപിക്കുകയോ വേണം. മൂരാട് ഓയിൽ മില്ലിനടുത്തുള്ള കിണറും പമ്പിംഗ് യൂണിറ്റും നേഷനൽ ഹൈവേ അതോറിറ്റി യുടെ കൈവശമുള്ള സ്ഥലത്തേക്ക് മാറ്റണം. പുതി യെടത്തിൽ കിണർ വാട്ടർ അതോറിറ്റിക്ക് കൈമാറണം.

6. കിഴക്കയിൽ കോളനിയിലേക്ക് പ്രത്യേക

പൈപ്പ്ലൈൻ സ്ഥാപിക്കുകയും കളിപ്പടി, കക്കട്ടുംകൽ ഭാഗങ്ങളിലും പടിക്കൽ പാറ ഭാഗത്തും കുഴൽക്കിണർ സ്ഥാപിക്കുകയും വേണം.

7. അയനിക്കാട് കുറുക്കൻകുന്ന്, കുന്നുംപുറം ഭാഗങ്ങളിൽ വാട്ടർടേങ്ക്, മോട്ടോർ, പൈപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

8. പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സ്ഥലത്ത് കിണറും പമ്പ് ഹൗസും നിർമ്മിച്ച് സമീപപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാവുന്നതാണ്.

9. 2, 8, 9, 10, 11 വാർഡുകളിലെ തീരദേശ മേഖലയിൽ ലഭിക്കുന്ന കിണർവെള്ളം ഉപ്പുകലർന്ന മലിനജലമായതിനാൽ ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് മിനിവാട്ടർ സ്കീം പദ്ധതി നടപ്പാക്കേണ്ടതാണ്. ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ കൈവശമുള്ള സ്ഥലങ്ങളിൽ കിണർ കുഴിച്ച് പൈപ്പ് ലൈൻ മുഖേന ശുദ്ധജലമെത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം.

10. നെയ്വാരണിത്തോട്ടിൽ ശാസ്ത്രീയമായ രീതിയിൽ ബണ്ട് കെട്ടി ശുദ്ധജലം സംഭരിച്ച് അരട്ടൻ കുന്ന് ഭാഗത്ത് വാട്ടർടേങ്ക് സ്ഥാപിക്കുകയും പൈപ്പുകൾ വഴി ശുദ്ധജലം എത്തിക്കുകയും വേണം.

11. കീഴൂർ മൂലം തോട് ഭാഗത്ത് ഒരു പൊതു കിണർ കുഴിക്കുകയും പമ്പ് ഹൗസ് സ്ഥാപിക്കുകയും പൈപ്പുകൾ മുഖേന ശുദ്ധജലം എത്തിക്കുകയും ചെയ്യാവുന്നതാണ്.

12. 14-ാം വാർഡിലെ കുന്നും പ്രദേശത്ത് ശുദ്ധജല വിതരണ നടപടികൾ സ്വീകരിക്കുകയും നിലവിലുള്ള വാട്ടർ ടേപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്.

13. 15-ാം വാർഡിൽ നിലവിലുള്ള 'ഗ്രൗണ്ട് ലവൽടാങ്ക്' മാറ്റി 'ഹൈലവൽ ടാങ്ക്' പണിയുകയും തയ്യിൽ കൊളാരിത്താഴെയും മേലടി എൽ.പി. സ്കൂളിനു സമീപത്തുള്ള 'ഉറവിൽ' ഉള്ളതുമായ ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കി ശുദ്ധീകരിച്ചെടുത്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

14. വലിയ കടവത്ത് ഭാഗത്ത് ബ്ലോക്ക് പദ്ധതിയിൽ പെട്ട കിണറിൽ മോട്ടോർ സ്ഥാപിച്ച് വീടുകളിൽ വെള്ളമെത്തിക്കണം.

15. കക്കറവയലിൽ 'കമ്മൻ വെള്ളം' ലഭിക്കുന്ന 10 വീടുകളിൽ വാട്ടർ ടേപ്പ് മുഖാന്തരം വെള്ളമെത്തിക്കണം.

16. 14-ാം വാർഡിലെ തുരുത്ത് പ്രദേശത്ത് കുടിവെള്ളമെത്തിക്കണം.

17. 12-ാം വാർഡിൽ കീഴൂർതെരുവിൽ ശുദ്ധജലമെത്തിക്കണം.



# വ്യവസായം

## അവലോകനം

വ്യാവസായികമായി തീരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് പയ്യോളി. രാജ്യത്തിൻെറ പുരോഗതി തടസ്സം നിൽക്കുന്ന തൊഴിലില്ലായമ പരിഹരിക്കുവാൻ വ്യാവസായീക വൽക്കരണം അതുവഴി അഭ്യന്തര വരുമാനം വർദ്ധിപ്പിക്കുവാനും വ്യവസായിക മേഖലയുടെ വികസനത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു കിടക്കുന്ന വ്യാവസായങ്ങളിൽ പരമ്പാരാഗതമേഖലകൾക്കാണ് മുൻതൂക്കം. ഈ രംഗത്താകട്ടെ ഇപ്പോൾ പ്രവർത്തക്കുന്നവരുടെ തൊഴിലിന് യതൊരു ഭദ്രതയും ഇല്ല. ശാസ്ത്ര സാങ്കേതീക രംഗത്തെ പുരോഗതി പരമ്പരാഗത മേഖലയിൽ ഉപയോഗപ്പെടുത്തുന്നില്ല. ഇതിന്വേണ്ടിയുള്ള ഗവേഷണങ്ങളും മറ്റും നടക്കാത്തത് ഈ രംഗത്തെ മുരടിപ്പിന് കാമണമാകുന്നു. അതേസമയം തന്നെ ആധുനീക വ്യവസായത്തെ അപേക്ഷിച്ചു കുറഞ്ഞ മൂലധനം കൊണ്ട് കൂടുതൽ പേർക്ക് തൊഴിൽ നൽകാവുന്ന മേഖലയാണിത്. നൂറ്റണ്ട് തന്നെ പഴക്കമുള്ള അപരിഷ്കൃതമായ സാങ്കേതീക വിദ്യകളാണ് ഈ ഉല്പാദന മേഖലയിൽ ഉപയോഗിച്ചു വരുന്നത്.

പഞ്ചായത്തിൽ ഈ വ്യവസായ രംഗത്ത് കീടുൽ തൊഴിൽ അവസരങ്ങൾ നല്കുന്നത് കയർ മേഖലയാണ്. തുടർന്ന് കൈത്തറി, പായ-കൂട്ടനെയത്ത്, ബീഡി എന്നീ വ്യവസായങ്ങളെ സംബന്ധിക്കുന്ന കൂടുതൽ കാര്യങ്ങൾ .താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു. പട്ടിക 1. (a)

ആധുനീക വ്യവസായീക രംഗത്ത് യാതൊരു വളർച്ചയും അവകാശപ്പെടാനില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. പുതിയ വ്യവസായ സംരംഭങ്ങൾക്ക് ആവിശ്യമായ ഗതാഗത-ജല-സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്. നിലവിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രം ജോലി സാധ്യതയുള്ള നാമമാത്രമായ ചെറുകിട വ്യവസായ യൂണിറ്റ്കളെ പഞ്ചായത്തിലുള്ളു. നൂറ്റമ്പതോളം പേർക്ക് മാത്രം തൊഴിൽ നൽകുനടന ഈ രംഗം മുഴുവൻ സ്വകാര്യ മേഖലയിലാണ്. ഇതിൻെറ വിശദാംശങ്ങൾ താഴെ ക്കൊടുത്തിരുക്കുന്ന പട്ടികയിൽ ചേർത്തിരുക്കുന്നു. പട്ടിക(2)

പൊതുവെ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിൽ പഞ്ചായത്തിൽ കഴിഞ്ഞ നിരവധി വർഷങ്ങളിലായി കാര്യമായി യാതൊരു വളർച്ചയും ഉണ്ടായിട്ടില്ല. 1981ലെ സെൻസസ് പ്രകാരം ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം 1284 ആണ്. നിലവിൽ അത് 2,500 ആയി വർദ്ധിച്ചു. എന്നാൽ മൊത്തം

## പട്ടിക- 1 (a)

### പരമ്പരാഗതം :- കുടിൽ - സഹകരണമേഖല.

| | തൊഴിലെടുക്കുന്നവരുടെ | കൂലി | അസംസ്കൃ വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1 പുതപ്പണം നെയ്ത് സഹകരണസംഘം, മൂരാട് | 75 | 40 | നൂൽ, ചായം | സഖ്യംഷോറും ഉത്സവചന്തകൾ | ലാഭം |
| 2. തീക്കോടി നെയ്ത് സഹകരണ സംഘം, മേലടി. | 125 | 40/- | ,, | ,, | ലാഭം |

### കുടിൽ വ്യവസായം (b)

| | തൊഴിലെടുക്കുന്നവരുടെ | കൂലി | അസംസ്കൃ വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1 കൈത്തറി | 150 | 25/- | നൂൽ | വിദേശ കയറ്റുമതി | ലാഭം |
| 2 പായ,ക്കുട്ട നെയ്ത് | 200 | 30/- | കൈതോല,മുള | ആഴ്ചചന്തകൾ | ലാഭം |
| 3 ബീഡി | 50 | 30/ | ബീഡിയില, പുകയില | നേരിട്ടും ഷോപ്പുകൾ വഴിയും | ലാഭം |
| 4. ഭക്ഷ്യസംസ്കണം (അച്ചാർ) | 4 | 50/- | - | നേരിട്ടും ഷോപ്പുകൾ. വഴിയും | ലാഭം |

### ചെറുകിട - സഹകരണ മേഖല(c)

| | തൊഴിലെടുക്കുന്നവരുടെ | കൂലി | അസംസ്കൃ വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1 മൂരാട് കയർ സഹകരണ സംഘം,വെരിങ്ങാട് | 150 | 35/ | തൊണ്ട് ചകിരി | കയർഫെഡ് | നഷ്ടം |
| 2 ഇരിങ്ങൽ കയർ സഹകരണ സംഘം കോട്ടക്കൽ | 175 | 35/- | ,, | ,, | |
| 3. കോട്ടക്കൽ കയർ സഹകരണ സംഘം കോട്ടക്കൽ. | 60 | 35/- | ,, | ,, | |
| 4 മേലടി കയർ സഹകരണ സംഘം മേലടി | 52 | 35/- | ,, | ,, | |

ചെറുകിട - സ്വകാര്യമേഖല :- (d)

| | | എണ്ണം | തൊഴിലെടുക്കുന്നവരുടെ | കൂലി | അസംസ്കൃ വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | കയർ | | 775 | 30/ | തൊണ്ട്ചകിരി ആഴ്ചചന്ത | നേരിട്ടും, ലാഭം | |
| 2 | കുമ്മായ നിർമ്മാണം | 5 | 10 | 50 | കക്ക | നേരിട്ടും, ആഴ്ചചന്തകൾ. | ലാഭം |
| 3 | ഫർണ്ണിച്ചർ | 17 | 40 | 100 | മരം | - | ലാഭം |
| 4 | മണൽ വ്യവസായം | | 500 | 100 | ഖനനം | നേരിട്ട് | ലാഭം |

തൊഴിൽ സേനയുടെ 15% മാത്രമെ ഈ മേഖലയിൽ തൊഴിൽ അടുക്കുന്നുള്ളു. തൊഴിലാളികൾ കൂടുതലായും ഉള്ളത് പമ്പരാഗത വ്യവസായ രംഗത്താണ്

പഞ്ചായത്തിൻെറ ഖജനാവിലേക്ക് നല്ലൊരു സംഖ്യ സംഭാവന നൽകുന്ന മണൽ-കക്ക-കരിങ്കൽ വ്യവസായരംഗം ഇന്ന് തകർച്ചയിലാണ്. കരിങ്കൽ വ്വസായം പൂർണ്ണമായും തകർന്നിരിക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികൾ തൊഴിലില്ലായ്മ ഭീഷണി നേരിടുകയാണ്.

പ്രശ്നങ്ങൾ

പരമ്പരാഗത വവ്യവസായ രംഗത്തെ വേതന മാന്ദ്യം തൊഴിലാളികളെ മറ്റു മേഖലകളിലേക്ക് ആകർഷിക്കപ്പെടാൻ കാരണമാകും.

പരമ്പരാഗത വ്യവസായരംഗത്തെ സാഹ്കേതീക പരിജ്ഞാനത്തിൻെറ അഭാവം, വിപണന സൗകര്യക്കുറവ്.

കൈത്തറി രംഗത്തെനൂൽ,ചായങ്ങൾ എന്നിവയുടെ വിലക്കുടുതലും, കൂലിക്കുറവും.

കൃത്രീമനാരുകളും, നൂല്കളും ഉപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിൻെറ ഫലമായി വിപണിയിൽ പരമ്പരാഗത ഉല്പാദിരൃപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മത്സരിക്കുവാൻ കഴിയുന്നില്ല.

പരമ്പരാഗത ഉല്പന്നങ്ങൾക്ക് പ്രചാരണം വരുത്തുന്നതിൽ ഇലക്ട്രോണിക് മാധ്യമമങ്ങളും മറ്റും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നിയമ നൂലാമാലകൾ തടസ്സം നിൽകുന്നു.

വ്യവസായ സമരംഭങ്ങൾക്ക് സാമ്പത്തീക സഹായം നൽകുന്നതീന് ഈ കാലതാമസംവും,സാങ്കേതീക തടസ്സങ്ങളും ഇവരെ പുറകോട്ടടിപ്പിക്കുന്നു.

ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവും. അനുയോജ്യാമായ ഭൂമിയുടെ ലഭ്യതക്കുറവും.

അസംസകൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, വൈദ്യതിക്ഷാമം എന്നിവ നിലവിലുള്ള വ്യവസായങ്ങളെ നഷ്ടത്തലാക്കുന്ന. ഈ പ്രശ്നങ്ങൾ നിലനിക്കുന്നതു കൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ പലരും മടിക്കുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

കയർ സഹകരണ സംഘങ്ങളെ ബന്ധപ്പെടുത്തി കയർ അനുബന്ധ ഉല്പന്നങ്ങൾ നിർമ്മീക്കുവാനുള്ള സാങ്കേതീക പരിജ്ഞാനവും, സാമ്പത്കീകസഹായവും ലഭ്യമാക്കുക. സാങ്കേതീക പരിശീലനം നിലവിൽ സംസ്ഥാന കേന്ദ്രമായ ആലപ്പുഴയിൽ മാത്രമെ ലഭിക്കുന്നള്ളു. അത് വികേന്ദ്രീകരിച്ത്ണ കോഴിക്കോട് ജില്ലക്കും ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.

പച്ചതൊണ്ടിൽ നിന്നും ചകിരിനാര് നിർമ്മിക്കുന്നതുന് ഡിഫൈറിങ്ങ് യൂണിറ്റ് ആരംഭിക്കുകയും ഈ യൂണിറ്റുമായി ബന്ധപ്പെടുത്തി ചകിരിച്ചോറ് കൊണ്ട് ജൈവവളം നിർമ്മിക്കാൻ ആവിശ്യമായ സാങ്കേതീക വാദ്യ ലഭ്യമാക്കുക.1,2,4,5,6,8,13,14, വാർഡുകൾ

കയറുല്പന്നങ്ങൾക്ക് ന്യായമായ വിലയും വിപണന സൗകര്യവും ലഭ്യമാക്കുക.

സ്ത്രീകൾക്ക് വീട്ടിലിരുന്ന് കയർ പിരിക്കുന്നതിന് യന്ത്രവൽകൃത റാട്ട വാങ്ങുന്നതിന് ആവിശ്യമായ സാമ്പത്തീക സഹായം 50% സബ്സിഡിയോടെ ലഭ്യമാക്കുക..

ഇതിന് വേണ്ടിയുള്ള സാങ്കേതീക പരുശീലനം ലഭിക്കുന്നതിന് നിലവിലുള്ള പ്രായ പരിധി ഉയർത്തുക.

എല്ലാ വാർഡിലും ഇതിനുള്ള സാദ്ധ്യതയാണ്.

കൈത്തറി സഹകരണ സംഘങ്ങളുടെ കീഴിൽ സ്കൂൾ യൂണിഫോമുകൾ, മറ്റു റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവ നിർമ്മിക്കുമ്മതിനുള്ള ചെറുകിട വ്യവസായ യൂണിറ്റ്കൾ ആരംഭിക്കുക. 4,12 വാർഡുകളിൽ കൈത്തറി സംഘങ്ങളിമായി ബന്ധപ്പെട്ടും മറ്റും വാർഡുകളിൽ റെഡിമെയ്ഡ് യൂണിറ്റുകൾ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും തുടങ്ങുക.

പായ നെയത്തിനാവിശ്യമായ കൈതയോലച്ചെടി സ്വകാര്യഭൂമികളിൽനിന്ന് വെട്ടിനശിപ്പക്കുന്നത് തടയുകയും പുറം പോക്ക് ഭൂമികളിൽ കൈതച്ചെടി നട്ടുപിടിപ്പിക്കാനാവിശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക. 3,5,7,12,13,14,15 വാർഡുകളിൽ ഇതിലുള്ള സാദ്ധ്യതയുണ്ട്.

മുള കുട്ട നിർമ്മാണത്തിലേർപ്പെട്ടിരുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ മെച്ചപ്പടിത്തുന്നതിന് ആവിശ്യമായ ഓട. മുള, ഇവ ലഭ്യമാക്കുക,. 3,5,7,8,12,13,14,15, വാർഡുകളിൽ ഈ വിഭാഗം തൊഴിലാളികൾ കൂടുതലായുണ്ട്.

12ാം വാർഡിലെ ബീഡീ കമ്പനിയിലെ പ്രവർത്തനം മെച്ചപ്പടുത്തുന്നതിന്,വിപുലീകരിക്കുന്നതിനും ആവിശ്യമായ സഹായങ്ങൾ ചെയ്യുക.

മെഴുക്തിരി, അച്ചാർ, സർക്കരച്ചെത്ത്, വയറിങ്ങ് ബോക്സ്, വറുത്തകായ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ആവിശ്യമായ വ്യവസായ യൂണിറ്റ്കൾ തുടങ്ങുക. എല്ലാ വാർഡിലും ഇതിനുള്ള സാദ്ധ്യതയുണ്ട്.

മൺപാത്രനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കളിമമ്മിൻെറ ലബ്യതക്കുറവ് പരിഹരിക്കിക. 14,15 വാർഡുകളിൽ.

പഞ്ചായത്തിലെ 1ാം വാർഡിൽപ്പെട്ട ഇരിങ്ങൽ പാറയുടെ സരിശായി കിടക്കുന്ന വിശാലമായ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രീയൽ സ്ഥാപിക്കുക. ഇതിനാവിശ്യമായ ഗതാഗത സൗകര്യവും ജവിഭവവും ഇവിടെ സുലഭമാണ്.

ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹകരണ സംഘങ്ങളുടെ കീഴിൽ വ്യവസായ യൂണിറ്റ്കൾ തുടങ്ങുക.

ഹോളോബ്രിക്സ്,സിമൻറ്കട്ടകൾ, സിമൻറ്കട്ടില,ജാലകം തുടങ്ങിയവ നിർമ്മിക്കുമ്മതിനാവിശ്യമായ മണലും ജലവും പഞ്ചായത്തിൽ കൂടുതൽ ലഭ്യമാകുന്നുണ്ട്. ഇവ ഉപയോഗപ്പെടുത്തി വ്യവസായ യൂണികൾ തുടങ്ങുക. എല്ലാവാർഡിലും ഇതിനുള്ള സാദ്ധ്യതയുണ്ട്.

നാളികേര സംസ്കരണ വ്യവസായയൂണിറ്റ്കൾ സ്ഥാപിക്കുക.

വനിതാ വ്യവസായ യൂണിറ്റ്കൾ ആരിഭിക്കുക.

ഭക്ഷ്യ ധാന്യപ്പൊടികൾ നിർമ്മിച്ച് പേക്ക് ചെയ്ത് വിപണനം നട്ത്തുന്നതിനുള്ള യൂണിറ്റ്കൾ തുടങ്ങുക.

ചെമ്മീൻ പീലിങ്ങ് വ്യവസായ യൂണികൾ ആരംഭിക്കുക. 1,2,8,9,11 എന്നീ വാർഡുകളിൽ ഇതുനുള്ള സാദ്ധ്യതയുണ്ട്.

നൈലോൺ വല നിർമ്മാണത്തിൻെറ പ്രാരംഭപ്രവർത്തനങ്ങൽ നടന്നുവെങ്കിലും അത് പൂർത്തീകരിക്കപ്പെട്ടില്ല. ഇതിനുള്ള തടസ്സങ്ങൾ നീക്കി അത് പൂർത്തീകരിക്കുക.

ജൈവ വള നിർമ്മാണ യൂണിറ്റ് തുടങ്ങുക.

കോഴിവളർത്തൽ യൂണിറ്റ്കൾ, പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ നോട്ട്ബുക്ക്,ചെരിപ്പ്, ഫർണ്ണീച്ചർ, പ്ലാസ്റ്റിക്ക് കെയ്ൻ കൊണ്ടുള്ള ഉല്പന്നങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റ്കൾ എല്ലാ വാർഡിലും തുടങ്ങുക.

ടൂറിസം

ഇന്ന് ഏറ്റവും കൂടുതൽ വികസനസാധ്യതയുള്ള മേഖലയാണ് ടൂറിസം. പ്രകൃതി രമണീയമായ ഒട്ടേറെ കേന്ദ്രങ്ങളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും, തുരുത്തുകളും ഉൾക്കൊള്ളുന്ന പയ്യോളിയെ സംബന്ധിച്ചിടത്തോളം ഇതിന് ഏറെ സാധ്യതയുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽനിർണ്ണായക സ്ഥാനം ഉള്ള കുഞ്ഞായി മരയ്ക്കാരുടെ ജന്മസ്ഥലമായ കോട്ടക്കൽ പ്രകൃതി രമണീയയമാണ്. മരയക്കാരുടെ ജന്മഗൃഹത്തിന് പുറകിൽ വെച്ചാണ് കോട്ടപ്പുഴ അറബിക്കടലിൽ ചേരുന്നത്. ഇത് വഴി വെള്ളിയാങ്കലിലേക്ക് എളുപ്പത്തിൽ എത്താം. നമ്മുടെ മറു തീരത്താണ് സാൻഡ് ബാങ്കസ് സ്ഥിതി ചെയ്യുന്നത്. മരയക്കാരുടെ ജന്മഗൃഹത്തിലേക്കുള്ള വഴിയിലാണ് ഒരു കാലഘട്ടത്തിൻെറ വീരഗാഥകൾക്കെല്ലാം മൂകസാക്ഷിയായ ഇരിങ്ങൽ പറ നിൽകുന്നത്. പാറയുടെ അവശേഷിക്കുന്ന ചെറിയ ഭാഗം കലാപരമായ മാറ്റം വരുത്തി സംരക്ഷിച്ചുനിർത്തി അതിന് ചുറ്റിലുള്ള വിശാലമായ ജലാശയം ഉപയോഗിച്ച് കളിപ്പൊയ്ക നിർമ്മിച്ചാൽ ഇതും, മരയ്ക്കാർ ഭവനം, സാൻഡ് ബാങ്കസ്, വെള്ളിയാങ്കല്ല് എന്നിവ ബന്ധപ്പെടുത്തി ഒരു ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിച്ചെടുക്കാൻകഴിയും. കോട്ടപ്പുഴയിൽനിന്ന് പെരുവണ്ണാമൂഴിയിലേക്ക് ഒരു ബോട്ട് സർവ്വീസ് ആരംഭിക്കാവുന്നതാണ്. കൊളവിപ്പാആലം, അഴീക്കൽക്കടവ്, മൂഴി

## പട്ടിക II ആധുനീക വ്യവസായം

### (a) ചെറുകിട-സ്വകാര്യ മേഖല

| സ്ഥാപനങ്ങൾ | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണ് | കൂലി | അസംസ്കൃത വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| 1 ഭഷ്യസംസ്കരണം(ബേക്കറി) | 12 | 25 | 60 | ധാന്യപ്പൊടികൾ | നേരിട്ട് ലാഭം | |
| 2 അച്ചടി ശാലകൾ | 9 | 27 | 50 | പേപ്പർ | നേരി | ലാഭം |
| 3 പ്ളോർമിൽ | 7 | 10 | 40 | ധാന്യം | നേരിട്ട് | ലാഭം |
| 4 പപ്പടം | 2 | 10 | 50 | മൈദ | നേരിട്ട് ഷോപ്പിന് | ലാഭം |
| 5 വെൽഡിങ്ങ്ഇൻഡസ്ട്രീറ്റ് | 6 | 24 | 75 | ഇരുമ്പ് | - | - |
| 6 സോഡ | 4 | 8 | 50 | - | ഷോപ്പകൾവഴി | ലാഭം |
| 7 ഓയിൽമില്ലുകൾ | 3 | 6 | 50 | തേങ്ങ | - | - |
| 8 അപ്പോൾസ്ട്രി വർക്ക്സ് | 1 | | - | റെക്സിൻ | - | - |
| 9 ഇലട്രിക്കൽ വർക്ക്സ് | 7 | 11 | 100 | - | - | - |
| 10 ടയർ റീ ട്രേഡിങ്ങ് സെൻറർ | 1 | 5 | - | - | - | - |
| 11 ക്രിസ്റ്റൽ പോളിമർ മേലടി | | 7 | 40 | പോളിത്തീൻ ഗ്രാനൂൾസ് | നേരിട്ടും ഷോപ്പുകൾ വഴിയും | നഷ്ടം |
| 12 കാർത്തിക പോളിമർ | 4 | | | | | |
| 13 മൂരാട് സോമിൽ | | | | | | നഷ്ടം |
| 14 ഇരിങ്ങൽ ടിമ്പർ | 3 | | | | | |
| 15 കൊപ്ര വ്യവസായം, വെളിച്ചെണ്ണ ഇരിങ്ങൽ | | | | | | |
| 16 പ്ലൈവുഡ് ഇൻഡസ്ട്രീറ്റ് ഇരിങ്ങൽ | 1 | 10 | 30 | സോഫ്റ്റ്‌വുഡ് | കയറ്റുമതി | |
| 17 ഓട്ടോമോബൈൽ വർക്ക്ഷോപ്പ് | 5 | 20 | 50/- | | സർവ്വീസ് | |

### മിനി ഇൻഡസ്ട്രീറ്റ് എസ്റ്റേറ്റ്-മേലടി

| | തൊഴിലെടുക്കുന്നവരുടെ | കൂലി | അസംസ്കൃ വസ്തുക്കൾ | ഉൽപ്പന്ന വിപണനം | ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1 മെറ്റലിക്സ് ഇന്ത്യാ റോളിങ്ങ്മിൽ | 7 | | | | |
| 2 ഇലൂമിനിയം | 12 | | | | |
| 3 അജിംസ് | 2 | 75 | | | |
| 4 മെറ്റലക്സ് | | | | | |
| 5 കെർവിൻസ് | 4 | 50 | | | |
| 6 ഫ്ളോമ സോമിൽ | 3 | 110 | | | |
| 7 ത്രിവേണി ഭക്ഷ്യ സംസ്കരണം | 4 | | | | |

ക്കൽഭാഗവും കളിപ്പൊയ്കക്കായി ഉപയോഗപ്പെടത്തവുന്നതാണ്.

നമ്മുടെ കടൽതീരങ്ങൾ പൂന്തോട്ടങ്ങൾ നിർമ്മിച്ച് കൂടുതൽ മനോഹരങ്ങളാക്കുന്നതിലൂടെ അസ്തമയസൂര്യന്റെ മനോഹാരിത ദർശിക്കാനായി കൂടുതൽ പോരെ ആകർഷിക്കാൻ നമുക്ക് കഴിയും. ടൂറിസം മേഖലയിൽ ഒട്ടേറെ സാധ്യതതയുള്ള നമുക്ക് ആയത് വികസിപ്പാച്ച് വികസനത്തിന്റെ പീതയിൽ കൂടുതൽ മുമ്പോട്ട് പോകാൻ നമുക്ക് കഴിയണം

# ഗതാഗതം

**പയ്യോളി പഞ്ചായത്തിലെ** ഇന്നത്തെ ഗതാഗതപ്രശ്നത്തെ വിശകലനം ചെയ്യുമ്പോൾ ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ ജലഗതാഗതം മുഖ്യപങ്കുവഹിച്ചിരുന്നു എന്നു കാണാം. ഇതിനെ ഓർമ്മിപ്പിക്കുന്ന ബോട്ടുജെട്ടികളെപ്പറ്റിയും ബോട്ടുയാത്രയെപ്പറ്റിയും പ്രായംചെന്നവർക്ക് ഏറെ പറയാൻ കഴിയും. ഇരിങ്ങൽ - പയ്യോളി അങ്ങാടി - തെരുവത്ത് കടവ് വഴിയുള്ള ബോട്ടുയാത്രയും തോണിയാത്രയും ഇന്നൊരു പഴങ്കഥയായി ഓർക്കുന്നു. കാളവണ്ടി, കുതിരവണ്ടി മഞ്ചൽ, റിക്ഷ എന്നിവയും ഉപയോഗിച്ചിരുന്നു. രോഗികളെയും തറവാട്ടുകാരണവന്മാരെയും കൊണ്ടുപോകാനുള്ള മഞ്ചൽ ഇന്നും ചില പഴയ തറവാടുകളിലും കാണാം.

ബ്രിട്ടീഷ് ഭരണകാലത്ത് പണിർതീർന്ന മൂരാട് മുതൽ പഞ്ചായത്ത് അതിർത്തിവരെയുള്ള ഏകദേശം 6.5 കി.മീ ദൂരമുള്ള റെയിൽവേ ലൈനുകളും എല്ലാ വിധ സൗകര്യങ്ങളോടുകൂടിയ പയ്യോളി റെയിൽവേ സ്റ്റേഷനും ഈ പഞ്ചായത്തിൽ ഉണ്ട്. കൊയിലാണ്ടി താലൂക്കിലെ പയ്യോളി, തുറയൂർ, മേപ്പയ്യൂർ, കീഴരിയൂർ, ചക്കിട്ടപ്പാറ, പേരാമ്പ്ര തുടങ്ങിയ പഞ്ചായത്ത് നിവാസികൾ യാത്ര ചെയ്യുന്നത് വടകര, കൊയിലാണ്ടി എന്നീ റെയിൽവെ സ്റ്റേഷനുകളിൽ നിന്നാണ്. എക്സ്പ്രസ് ട്രെയിൻ ഇവിടെ നിർത്തിക്കിട്ടണമെന്നത് ഈ നാട്ടിലെ സർക്കാർ ജീവനക്കാരുടെയും കച്ചവടക്കാർ, ദീർഘദൂര യാത്രികരുടെ ചിരകാല അഭിലാഷമാണ്.

കുറേ വർഷങ്ങളായി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ റോഡു നിർമ്മാണത്തിൽ കേന്ദ്രീകരിച്ചിരുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയിൽ ഏറിയസമയവും ചർച്ചചെയ്യപ്പെടുന്നതും റോഡു നിർമ്മാണം തന്നെയായിരിക്കും.

ഉല്പാദനരംഗത്തു മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുന്ന പല പദ്ധതികളുടെയും വിഹിതം റോഡു നിർമ്മാണത്തിനു തിരിച്ചുവിട്ടതായി കാണാം. പഞ്ചായത്തിലെ റോഡിനങ്ങൾ പരിശോധിച്ചാൽ റോഡ്, നടപ്പാത, അറ്റകുറ്റപണികൾ എന്നിവയ്ക്കായി ഭീമമായ തുക ചെലവഴിച്ചതായി കാണാം.

പയ്യോളി പഞ്ചായത്തിൽ 6.5 കി.മീ. നീളത്തിൽ റോഡും 9.5 കി.മി. റോഡുകളും, പഞ്ചായത്തിന്റെ കീഴിൽ മൊത്തം 70.248 കി.മീറ്റർ റോഡിൽ 11.792 കി.മീ ടാർ ചെയ്തതും 4.799 കി.മീ മെറ്റൽ ചെയ്തതും 53.657 കി.മീ പക്കാറോഡും ഉൾക്കൊള്ളുന്ന വലിയ ഒരു റോഡ് ശൃംഖലയുണ്ട്. പഞ്ചായത്തിൽ ടാർ ചെയ്തതും ചെയ്യാത്തതുമായ റോഡുകൾ എല്ലാ വാർഡിലുമുണ്ട്.

പുതുതായി നിർമ്മിക്കപ്പെടുന്ന റോഡുകൾ ഉയ

ർത്തുന്ന പാരിസ്ഥിക പ്രശ്നങ്ങളും നാം ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. കൃഷിഭൂമി നികത്തി റോഡുണ്ടാക്കുന്നതുമൂലം വെള്ളപ്പൊക്കവും കൃഷിനാശവും സംഭവിക്കുന്നു. റോഡ് നിർമ്മാണത്തിൻെറ ഭാഗമായി മരങ്ങൾ വെട്ടിമാറ്റുന്നതുമൂലം മണ്ണൊലിപ്പുകൾ ഉണ്ടാകുന്നു. വയലുകൾക്ക് കുറുകെ റോഡു വെട്ടുമ്പോൾ ജലം ഒഴുകിപ്പോകാൻ സാധിക്കാത്തതുകൊണ്ട് നീർക്കെട്ടുണ്ടായി തീരുകയും കൃഷിനാശത്തിനു വഴിവെക്കുകയും ചെയ്യുന്നു. അശാസ്ത്രീയമായ റോഡു നിർമ്മാണം കൊണ്ട് ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ നാം മുൻകൂട്ടി കാണേണ്ടതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ നാം പലവട്ടം ചർച്ച ചെയ്തേ തീരുമാനമെടുക്കാവൂ.

**പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ**

ഇവിടുത്തെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിൻെറ സ്ഥിതി മോശമാണ്. റോഡുകൾക്ക് ആവശ്യമായ കൾവർട്ടുകളും ഓവുചാലുകളും ഇല്ല. പഞ്ചായത്ത് ഫണ്ട് അപര്യാപ്തമാണ്. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. പല പദ്ധതികളിലും റോഡ് ടാർ ചെയ്യാൻ വിതിയുടെ മാനദണ്ഢം കൊണ്ട് നടത്താൻ സാധിക്കാതെ വരുന്നു.

300 ൽപരം ബസ്സുകളും മറ്റ് അനേകം വാഹനങ്ങളും ദിനംപ്രതി കടന്നുപോകുന്ന ൻെറ 6.5 കി.മീ ഭാഗമാണ് പയ്യോളി പഞ്ചായത്തിലുള്ളത്. മേലടി ടൗണിൽ യാത്രക്കാർ, 2000ൽപരം വരുന്ന പാരൽകോളേജ് വിദ്യാർത്ഥികൾ, ടെക്നിക്കൽ ഹൈസ്കൂൾ, പയ്യോളി ഹൈസ്കൂൾ, കച്ചവടക്കാർ, ഉദ്യോഗസ്ഥൻമാർ തുടങ്ങി ആയിരക്കണക്കിൽ യാത്രക്കാരുടെ ഗതാഗതസൗകര്യത്തിനുവേണ്ടി ഒരു ബസ്സ്റ്റാൻറ് ഇതുവരെയും ഉണ്ടാക്കാൻ കഴിയാത്തതാണ്. ഇത് പരിഹരിക്കണം.

മേലടി, കീഴൂർ, മൂരാട് എന്നിവിടങ്ങളിൽ 200 ഓളം ഓട്ടോറിക്ഷയും മേലടി ടൗണിൽ ഏകദേശം 100 ൽ പരം ടാക്സി ജീപ്പ്, കാറുകളുമാണുള്ളത്. ഇവ ഇന്ന് പാർക്കു ചെയ്യുന്നത് ജനത്തിരക്കേറിയ ടൗണുകളിലെ റോഡരികിലാണ്. ഇതിന് സൗകര്യപ്രദമായ സ്ഥലം ഉണ്ടാക്കണം. വാഹനങ്ങൾക്കാവശ്യമുള്ള ഇന്ധനം ഈ പഞ്ചായത്തിൽ നിന്നു കിട്ടാത്തതുകൊണ്ട് വാഹന ഉടമകൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാവുന്നുണ്ട്.

റോഡിൻെറ വീതിക്കുറവ് നടപ്പാതയില്ലായ്മയും അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തതുകൊണ്ട് ടാർ ചെയ്ത റോഡുകൾ പലയിടങ്ങളിൽ പൊട്ടിപ്പൊളിഞ്ഞതും ജനങ്ങളുടെ ജീവന് പലപ്പോഴും ഭീഷണിയുയർത്തിയിട്ടുണ്ട്. മഴക്കാലങ്ങളിൽ മൺറോഡുകൾ ചെളി കാരണം നടക്കാൻ പോലും പറ്റാത്ത അവസ്ഥയിലാണ്. മൺറോഡുകളിലൂടെയും മെറ്റൽ റോഡുകളിലൂടെയും വേനൽക്കാലങ്ങളിൽ കടന്നുപോകുന്ന വാഹനങ്ങൾ സൃഷ്ടിക്കുന്ന പൊടിപടലങ്ങൾ വായു മലിനീകരണത്തിനും ശ്വാസകോശരോഗങ്ങൾക്കും കാരണമാവുന്നു.

പുതിയ റോഡുകൾ നിർമ്മിക്കുന്നതിനേക്കാൾ യാത്ര ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പാത നിർമ്മിക്കുകയാണ് വേണ്ടത്. റോഡ് നിർമ്മാണം ഗുണഭോക്താക്കളുടെ അറിവോടും പങ്കാളിത്തത്തോടും കൂടി വേണം നടത്താൻ ഇത് മൂലം അഴിമതി തടയാനും ഗുണമേൻമ ഉറപ്പുവരുത്താനും കഴിയും പ്രധാനപ്പെട്ട റോഡിൻെറ ഇരുവശങ്ങളിലും ഓവുചാന നിർമ്മിക്കേമ്ടത് അത്യാവശ്യമാണ്.

തീരദേശറോഡ് തിക്കോടി വരെ നീട്ടുകയും ആവിക്കൽ പ്രദേശത്ത് പാലം നിർമ്മിക്കുകയും ചെയ്താൽ ഇരിങ്ങൽ മുതൽ കോഴിക്കോട് വരെ ൽ കടക്കാതെ ഗതാഗതം സാധ്യമാക്കാം.

വിദ്യാർത്ഥികളുടെ സുരക്ഷ കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ വരമ്പ് നിർമ്മിക്കണം. യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് കാലത്തും വൈകീട്ടും പഞ്ചായത്തിൻെറ പ്രധാന ങ്ങൾ ബന്ധപ്പെടുത്തി ബസ്സ് സർവ്വീസുകൾ നടത്തി യാത്രാതിരക്ക് ഒഴിവാക്കണം. റോഡിൻെറ അറ്റകുറ്റപ്പണികൾ യഥാസമയം ബന്ധപ്പെട്ട വകുപ്പുകൾ നിറവേറ്റിയാൽ റിപ്പേയർ ചെലവ് കുറയ്ക്കാൻ സാധിക്കും. അനേകം റോഡുകളും നടപ്പാതകളും നിർമ്മിക്കുന്നത് സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ഏറെ സൗകര്യങ്ങളുള്ള പയ്യോളി റെയിൽവെ സ്റ്റേഷനിൽ പ്രധാനപ്പെട്ട എക്സ്പ്രസ്സ് വണ്ടികൾ നിർത്തിക്കിട്ടിയാൽ പയ്യോളി പഞ്ചായത്തിലെയും അനുബന്ധ പഞ്ചായത്തുകളിലെയും യാത്ര ക്ലേശം ഒഴിവാക്കാൻ കഴിയും.

ഇരിങ്ങൽ പ്രദേശത്ത് ജനങ്ങൾ കാലാകാലമായി ആവശ്യപ്പെടുന്ന ലെവൽക്രോസ് അടിയന്തിരമായി നിർമ്മിക്കേണ്ടതാകുന്നു. ഏതാണ്ട് 50 ഓളം കുടുംബങ്ങൾ താമസിക്കുന്ന കോട്ടത്തുരുത്തി പ്രദേശവുമായി ബന്ധിക്കുന്ന പാലം പാസായിട്ട് 2 വർഷം തികയാൻ

പോകുന്നു. എത്രയും പെട്ടെന്ന് ഇതിന്റെ പണി തുടങ്ങേണ്ടതാണ്. അതുപോലെ അറുവയൽ പാലം റിപ്പേയർ ചെയ്തു ഗതാഗതയോഗ്യമാക്കണം.

14-ാം വാർഡിലെ തുരുത്ത് പ്രദേശത്തുകാർക്ക് കടവ് തോണി അനുവദിക്കേണ്ടിയിരിക്കുന്നു.

2-ാം വാർഡിൽ അറബിക്കടലിനും കോട്ടപ്പുഴക്കുമിടയിലായി സ്ഥിതിചെയ്യുന്ന കോട്ടക്കടപ്പുറം പുറങ്കര ഭാഗത്ത് 65 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവർ പുറംലോകവുമായി ബന്ധപ്പെടുവാൻ വളരെ ബുദ്ധിമുട്ട് നേരിടുകയാണ്. ഇവർക്ക് ഇന്ന് ഒരു കടത്ത് തോണിപോലുമില്ല. പുഴയിൽ വേലിയിറക്ക സമയത്ത് തോണിയിൽ കയറാനായി ഇവർ കുറെ ദൂരം ചളിയിൽ ഇറങ്ങി നടക്കേണ്ടിവരുന്നു. ഇത് എൽ.പി. ക്ലാസു മുതൽ മുതിർന്ന ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളടക്കമുള്ളവർക്ക് വലിയ ബുദ്ധിമുട്ട് തന്നെയാണ്. പഞ്ചായത്ത് ഭരണസമിതി ഇവിടെ കടവ് പുഴയിലേക്ക് ഇറക്കി നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചുവെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഭരണാനുമതി ലഭിക്കാത്തതിനാൽ പ്രശ്നം പരിഹരിക്കാതെ നിന്ന് പോകയാണ്.

കോട്ടക്കടപ്പുറം പുറങ്കരകടവ് ഉടൻ നിർമ്മിക്കുകയും കടവ് തോണി അനുവദിക്കുകയും ചെയ്യുക.

### സാധ്യതകൾ

1. റോഡുകളും നടപ്പാതകളും നിർമ്മിക്കുമ്പോൾ രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

2. റോഡു നിർമ്മാണത്തിൽ ഗുണഭോക്താക്കളുടെ സേവനം തപ്രയോജപ്പെടുത്താവുന്നതാണ്.

3. റോഡു നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ടി ജനകീയസമിതികൾ

4. ദേശീയ പ്രാധാന്യമുള്ള ദിനങ്ങളിൽ സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക.

## പഞ്ചായത്തിൽ നിലവിലുള്ള നടപ്പാതകൾ

| നമ്പർ | വാർഡ് | നടപ്പാതയുടെ പേര് | നീളം (മീ) |
|---|---|---|---|
| 1 | 2 | പുത്തൻവളപ്പിൽ പുതിയവളപ്പിൽ | 75 |
| 2 | 1 | പാറക്ക് താഴ ഫുട്ട്പാത്ത് | 125 |
| 3 | 4 | ഇരിങ്ങൽ ഗണപതി ക്ഷേത്രം തെരു | 70 |
| 4 | 5 | പറമ്പത്ത് മുക്ക് കോട്ടക്കുന്ന് ലക്ഷംവീട് | 165 |
| 5 | 5 | മൂരാട് സോമിൽ പുതിയോട്ടിൽ കണ്ടി | 650 |
| 6 | 5 | പത്താംകണ്ടം നാഗത്താൻ കാവ് | 250 |
| 7 | 5 | ഉണിച്ചക്കണ്ടി താഴ - നീലിയേടത്ത് മുക്ക് | 250 |
| 8 | 5 | പാച്ചാക്കൽ - കിളച്ചപറമ്പ് | 450 |
| 9 | 5 | കുണ്ടാഞ്ചേരി - കിഴക്കേ വീട്ടിൽ മുക്ക് | 75 |
| 10 | 5 | പീടികക്കണ്ടി മുക്ക് - ഗണോത്ത് കണ്ടി മുക്ക് | 60 |
| 11 | 5 | പൂവിൽ താഴ - മുല്ലക്കുളം വയൽ | 600 |
| 12 | 6 | കൊയിലാരി നടപ്പാത | 45 |
| 13 | 6 | കല്ലാക്കോത്ത് നടപ്പാത | 60 |
| 14 | 6 | പടിക്കൽപ്പാറ - കല്ലാച്ചിറ | 150 |
| 15 | 6 | മേക്കന്നോളി അമ്പലം - കൊവ്വപ്പുറം | 60 |
| 16 | 6 | പൊന്നക്കനാരി - പുതിയോട്ടിൻ കണ്ടി | 30 |

| | | | |
|---|---|---|---|
| 17 | 6 | ചെറിയതാപ്പള്ളി - കല്ലേരി മുക്ക് | 150 |
| 18 | 7 | ഗോപാലൻ നടപ്പാത | 80 |
| 19 | 7 | എളമ്പിലാവിൽ പീടിക | 40 |
| 20 | 7 | കക്കട്ടിൻ കല്ല് - കളരിപ്പടി | 400 |
| 21 | 7 | പറാട്ട് കണ്ടിമുക്ക് - വാളംവീട്ടിൽ മുക്ക് | 400 |
| 22 | 7 | അയനിക്കാട് സ്കൂൾ റെയിൽ | 150 |
| 23 | 7 | കാവുംപുറത്ത് മുക്ക് - മഠത്തിൽ പുഴ | 400 |
| 24 | 7 | പാലത്തിൽ മുക്ക് - പഴങ്കാവ് മുക്ക് | 100 |
| 25 | 7 | കാവിൽ പീടിക മുക്ക് - ചെറുവോട്ടിൽ മുക്ക് | 100 |
| 26 | 7 | വള്ളിൽ മുക്ക് - കനാൽ | 100 |
| 27 | 8 | ചാത്തമംഗലം കോളനി | 550 |
| 28 | 8 | അറമ്പിക്കോളേജ് - കമ്പിവളപ്പിൽ കോളനി | 500 |
| 29 | 8 | അയിനിക്കാട് വെസ്റ്റ് യു.പി. സ്കൂൾ - ചാത്തമംഗലം കോളനി | 350 |

### പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ.

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 2 | കൊളവിപ്പാലം-അഴിമുഖം റോഡ് | 2.5 | 4.5 |
| 2 | 3 | കോട്ടക്കൽ-ഹരിജൻ കോളനി റോഡ് | 765. | 4 |
| 3 | 3 | പുത്തൻ വളപ്പിൽ പീടിക-ഹരിജൻ കോളനി | 350 | 4 |
| 4 | 3 | സുബ്രമണ്യ ക്ഷേത്രം- പുത്തൻവളപ്പിൽ പീടിക | 450 | 4 |
| 5 | 1 | മരയ്ക്കാർ പള്ളി കോട്ടക്കൽ റോഡ് | 320 | 4 |
| 6 | 4 | വലിയകടവ്-ഇരിങ്ങൽ പാറ റോഡ് | 450 | 4 |
| 7 | 4 | ഇരിങ്ങൽ റയിൽവേസ്റ്റേഷൻ-അറുവയൽ ക്ഷേത്രം | 500 | 4 |
| 8 | 5 | മലയിൽ-ചെമ്മാളിമുക്ക് | 500 | 3.5 |
| 9 | 5 | ഉണിച്ചിക്കണ്ടി മീത്തൽ-ചരലും പുറം | 300 | 4.5 |
| 10 | 5 | ഉണിച്ചിക്കണ്ടിമീത്തൽ-പുല്ലാരിത്താഴ | 200 | 3.5 |
| 11 | 5 | ശങ്കരനാരായണ ക്ഷേത്രം-കിഴക്കോംപൊയിൽ | 300 | 3.5 |
| 12 | 5 | ചവക്കണ്ടി മുക്ക്-പെരിങ്ങാട് | 1025 | 3.5 |
| 13 | 5 | താഴെകളരി മുക്ക്-തൈക്കണ്ടിമുക്ക് | 405 | 3.5 |
| 14 | 5 | ക്കോട്ടക്കുന്ന് റേഷൻഷാപ്പ്-നാല് സെൻറ് കോളനി | 135 | 3.5 |
| 15 | 5 | പുനത്തിൽ മുക്ക്-പീടികക്കണ്ടി | 150 | 3.5 |
| 16 | 5 | പുത്തൻ പുരയിൽമുക്ക്-കമടമനതാഴ | 100 | 3.5 |

| | | | | |
|---|---|---|---|---|
| 17 | 5 | പത്താം കണ്ടം-ലത്തീഫ്‌വീട്ടിൽ താഴ | 200 | 3.5 |
| | | **പഞ്ചായത്തിലെ ടാർ ചെയ്യേണ്ട റോഡുകൾ** | | |
| നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം | വീതി |
| 18 | 6 | ഇരിങ്ങൽ-അഴീക്കൽ കടവ് | 733 | 5.5 |
| 19 | 6 | എടപ്പള്ളിമുക്ക്-കൊവ്വപ്പുറം റോഡ് | 560 | 4 |
| 20 | 6 | ഇരിങ്ങൽ സാമ്പ്രി-കക്കട്ടുംകല്ല് | 697 | 4.5 |
| 21 | 6 | കളരിപ്പടി-കുന്നത്ത്പാറ | 942 | 4.5 |
| 22 | 7 | കീഴൂർ അയനിക്കാട് കൊമ്മേരിമുക്ക് | 700 | 5.5 |
| 23 | 7 | അയനിക്കാട് ടൗൺ-റെയിൽ റോഡ് | 85 | 3.5 |
| 24 | 7 | അയനിക്കാട് പോസ്റ്റാഫീസ് പിലാത്തോട്ടം മുക്ക് | 850 | 3.5 |
| 25 | 7 | പാലേരിമുക്ക്-കുന്നത്ത്പാറ | 750 | 4 |
| 26 | 7 | കാവിൽ പീടിക-കുറുക്കൻ കുന്ന് | 700 | 4 |
| 27 | 7 | കാവിൽ പീടിക-പാലേരിമുക്ക് | 450 | 3 |
| 28 | 7 | കാവിൽ പീടിക-അടുക്കോട്ട് നട റോഡ് | 1250 | 3.5 |
| 29 | 7 | തണ്ടോറമുക്ക്- വൊറാട്ട് കണ്ടി മുക്ക് | 100 | 3 |
| 30 | 7 | പാലത്തിൽ മുക്ക്-കക്കേരിമുക്ക് | 225 | 3 |
| 31 | 7 | തിരുമഗലത്ത് മുക്ക്- റോഡ് | 500 | 4 |
| 32 | 7 | വെൽഫെയർ സ്കൂൾ-തച്ചറ് കണ്ടി മുക്ക് | 150 | 4 |
| 33 | 7 | കക്കാടു കല്ല്- കുന്നുമ്മൽ താഴ റോഡ് | 200 | 3.5 |
| 34 | 8 | ചെറിയൻ ചാലിൽ താര കോളനി- കൊളാവിപ്പാലം | 1810 | 8 |
| 35 | 8 | മമ്പറം ഗേറ്റ്-താര | 850 | 3.5 |
| 36 | 8 | കൊളവി പ്പാലം റോഡ്-താര(തീര ദേശറോഡ്) | 3000 | 3.5 |
| 37 | 8 | ചാത്തമ ഗലം കോളനി- ഫിഷറീസ് | 1000 | 3 |
| 38 | 8 | അറബിക് കോളേജ്-റെയിൽ റോഡ് | 400 | 3 |
| 39 | 9 | ചാത്തമംഗലം ഹരിജൻ കോളനി-കൊളവിപ്പാലം ബീച്ച് | 650 | 5 |
| 4C | 9 | മുൻസിഫ്റോഡ് ചൊറിയൻ ചാൽബീച്ച് | 920 | 5 |
| 41 | 9 | കണ്ണൻ കുളം സ്കൂൾ-കടപ്പുറം ബീച്ച് | 320 | 5 |
| 42 | 10 | ചാത്തമംഗലം ഹരിജൻ കോളനി-റെയിൽ റോഡ് | 530 | 375 |
| 43 | 10 | കാഞ്ഞിരമുള്ള പറമ്പിൽ റോഡ് | 450 | 5 |
| 44 | 11 | മേലടി ബീച്ച്-ആവിക്കൽ | 800 | 6 |
| 45 | 11 | ബീച്ച് റോഡ്-പൂവ്വൻചാൽ റോഡ് | 625 | 5 |

| | | | | |
|---|---|---|---|---|
| 46 | 11 | മേലടി ഭജന മഠം അക്ഷരകോളേജ് മുൻവശം | 720 | 5 |
| 47 | 11 | ശ്രീനാരായണഭജന മഠം. പയ്യോളി പഞ്ചായത്ത് അതിർത്തി | 500 | 5 |
| 48 | 12 | പെരുമാൾ പുരം കുളത്തിൽ- 17-റെയിൽവരെ | 350 | 3.5 |
| 49 | 12 | ക്രിസ്റ്റ്യൻ പള്ളി- റയിൽ | 250 | 3.5 |
| 50 | 12 | സുബ ഹോസ്പിറ്റൽ-അർബൻ ബേങ്ക് | 500 | 4 |
| 51 | 12 | കാവിൽ അംഗനവാടി-പേരാമ്പ്ര റോഡ് | 650 | 3.75 |
| 52 | 12 | നല്ലേരം മാണിക്കോത്ത്-ഉരുക്കുര | 200 | 3.5 |
| 53 | 12 | അർബൻ ബേങ്ക്-കാതിരാറ്റിൽ | 500 | 4 |
| 54 | 12 | സെക്രട്ട് ഹാർട്ട്--ഉരുക്കുര | 350 | 3.5 |
| 55 | 12 | നെല്ലേരി മാണിക്കോത്ത്-കണ്ടകശ്ശേരി | 600 | 3.5 |
| 56 | 12 | അരട്ടൻ കുന്ന്-തെയ്യരാണി | 725 | 3 |
| 57 | 13 | പൂവ്വടിത്തറ തുറശ്ശേരി കടവ് റോഡ് | 1000 | 4.5 |
| 58 | 13 | കുറ്റികണ്ടിമുക്ക്-മൂലം തോട് റോഡ് | 1200 | 4.5 |
| 59 | 13 | കീഴൂർ അയനിക്കാട് കെഞ്ചേരിമുക്ക് | 1300 | 5 |
| 60 | 13 | വിവേകോദയം വായനശാല-പീടികകണ്ടി റോഡ് | 505 | 4 |
| 62 | 13 | വാണി പുരയ്ക്കൽ-കതിരാറ്റിൽ | 900 | 4.5 |
| 63 | 13 | മിനി റോഡ്-കീഴൂർ അയനിക്കാട് തൈക്കണ്ടി കുളങ്ങര | 1000 | 4.5 |
| 64 | 13 | നടുക്കണ്ടി മുക്ക്- ഹരിജൻ കോളനി | 400 | 4.5 |
| 65 | 14 | തച്ചൻകുന്ന്- പൊറ്റേൽ | 1234 | 4.5 |
| 66 | 14 | കരിയാട്ട് മുക്ക് കൂടത്തിൽ മുക്ക് | 195 | 4.5 |
| 67 | 15 | തച്ചൻകുന്ന് മുസ്ലീംപള്ളി-കരിമ്പിൽ കോളനി | 860 | 4 |
| 68 | 15 | രജിസ്റ്റാർ ഓഫീസ്-പുത്തൻപുരയിൽ റോഡ് | 720 | 4.5 |
| 69 | 15 | തച്ചൻകുന്ന്-പാറസ്രാമ്പി | 700 | 4.5 |
| 70 | 15 | മലയിൽ മുക്ക്-ആയുർവേദാസ്പത്രി | 200 | 5 |
| 71 | 15 | അട്ടക്കുണ്ട് കടവ്- റോഡ് | 200 | 4 |
| 72 | 15 | പുതുക്കുടി പറമ്പ്-പാറക്കണ്ടി മുക്ക് | 750 | 4 |
| 74 | 15 | പാറക്കണ്ടി മുക്ക്-വായോത്ത് താഴ | 250 | 5 |

## പഞ്ചായത്തിലെ റിപ്പയർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 4 | അറുവയൽ-കാപ്പിൽകര റോഡ് | 580 | 3.5 |
| 2 | 4 | അറുവയൽ- കുന്നങ്ങോത്ത് റോഡ് | 500 | 3 |

| | | | | |
|---|---|---|---|---|
| 3 | 6 | പടിക്കൽ പ്പാറ-മേക്കന്നോളി കൊവ്വപ്പുറം | 405 | 3 |
| 4 | 6 | അയ്യപ്പൻകാവ് ക്ഷേത്രം- ഹെൽത്ത് സെൻറർ റോഡ് | 120 | 5 |
| 5 | 6 | നെടിയ പറമ്പ് മുക്ക്-തോട്ടത്തിൽ മുക്ക് | 130 | 4 |
| 6 | 7 | ഏച്ചലാട്ട്-കൊയിലേരി മുക്ക് | 630 | 3 |
| 7 | 7 | കുറ്റിയിൽ മുക്ക്-വെട്ടിച്ചിറകണ്ടിമുക്ക് | 360 | 3 |
| 8 | 13 | കളത്തിൽ മുക്ക്- തൊറോത്ത് കനാൽ | 250 | 4 |
| 9 | 13 | കരാരി കണ്ടി മുക്ക്-ചത്തോത്ത് താഴം | 200 | 4.5 |
| 10 | 13 | സുരഭിറോഡ്-ആനേഡിമുക്ക് കണ്ടൻചിറ | 400 | 3.5 |
| 11 | 14 | കുറ്റിയിൽ മുക്ക്- തറോൽ മുക്ക് | 390 | 3.5 |
| 12 | 14 | മരോക്കുന്ന്-കല്ലരി കോമത്ത് മുക്ക് | 178 | 3.5 |
| 13 | 14 | ചെട്ടിത്തറ-തുറശ്ശേരിക്കടവ് | 1400 | 4.5 |
| 14 | 15 | പറമ്പിൽ മുക്ക്- തെരുവത്ത് മുക്ക് | 520 | 3.5 |
| 15. | 15 | തൈക്കണ്ടി മുക്ക്- തരപ്പയിൽ മുക്ക് | 350 | 3 |
| 16 | 15 | കീഴൂർ ഗവ: യു.പി സ്കൂൾ-കരയാട് മുക്ക് | 250 | 3 |
| 17 | 15 | പേരാമ്പ്ര റോഡ്-കണ്ണോത്ത് താഴവയൽ | 543 | 3 |
| 18 | 6 | കിഴക്കയിൽ നാല് സെൻറ് കോളനി റോഡ് | 400 | 4 |

## കഴിഞ്ഞ 1 വർഷത്തിനുള്ളിൽ നടന്ന റോഡ് പ്രവർത്തി 95-96

| | | | |
|---|---|---|---|
| | അർബൻ ബാങ്ക്- കതിരാറ്റിൽ റോഡ് റിപ്പയർ | 17 5/96 | 4877 |
| | കീഴൂർ ചെട്ടിത്തറ- തുറശ്ശേരിക്കടവ് | 20/5/96 | 23865 |
| | മനച്ചാം വീട്-ഉരുക്കര റോഡ് | 1.6.95 | 67707 |
| | അഭിവൃദ്ധി പ്പെടുന്നൽ | | |
| | കീഴൂർ ചെട്ടിത്തറ ശിവ ക്ഷേത്രം റോഡ് റിപ്പയർ | 14 12/96 | 1215 |
| | ആയഞ്ചേരി താഴ കൽവർട്ട് | | |
| | | | 97664 |

## പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | പാറക്കുതാഴ-മുരാട് പുഴ |
| 2 | 3 | പുത്തൻ വളപ്പിൽ-പുന്നോട്ടിൽപ്പാലം |
| 3 | 4 | മഞ്ഞവയൽ-മഞ്ഞൂൽപ്പാറ |
| 4 | 4 | ഒറ്റക്കുളം- കാപ്പുംകര |
| 5 | 4 | ഇരിങ്ങൽ അയ്യപ്പൻ ക്ഷേത്രം-മാക്കന്നരി |
| 6 | 4 | റെയിൽവേ ഗേറ്റ്-മഠത്തിൽ വയൽ- ഇരിങ്ങൽ പ്പാറ |

| | | |
|---|---|---|
| 7 | 4 | മുരാട് റെയിൽ പടിഞ്ഞാറ്-വലിയകടവത്ത്-ഇരുങ്ങൽ പ്പാറ |
| 8 | 4 | സുബ്രമണ്യ സ്കൂൾ തെക്ക് ഭാഗം- തോട് വരെ |
| 9 | 5 | ഉണിച്ചികണ്ടി-പൂവിൽതാഴ |
| 10 | 5 | ഉണിച്ചികണ്ടി പട്ടുവയൽ |
| 11 | 5 | മണപ്പുറം വയൽ- ഒഴക്കൂറ വയൽ |
| 12 | 5 | ആലയാർവയൽ- മാങ്ങിലോടിത്താഴ |
| 13 | 5 | ആലയാർ വയൽ-ചെറിയപുനം |
| 14 | 5 | -നന്നനാർ കുന്ന് |
| 15 | 6 | മേക്കാഞ്ഞോളി മുക്ക്-മാനം കുറ്റി |
| 16 | 6 | വണ്ണാമ്പത്ത് മുക്ക് -ചേമ്മാളികൈയിൽ |
| 17 | 8 | റെയിൽ-ചാത്തമംഗലം കോളനി |
| 18 | 8 | 24ാം ബസ്സ്സ്റ്റോപ്പ്-ആവിത്താര |
| 19 | 9 | പുത്തൻ പുര പീടീകയ്ക്ക് സമീപം |
| 20 | 9 | വലിയ പറമ്പത്ത് നടപ്പാത |
| 21 | 11 | ഭജന മഠ-കാഞ്ഞിരോളി വഴി |
| 22 | 11 | ഇയ്യോത്തിൽ വയലിൽ |
| 23 | 12 | നെയ്യരാണിക്കൽ-കോഴിപറമ്പത്ത് |
| 24 | 12 | കളത്തിൽ-കുന്നമ്മൽ-പെരുമാൾ പുരം |
| 25 | 14 | തുറശ്ശേരിക്കടവ്-വരോൽ മുക്ക് |
| 26 | 14 | മാവിലാം പുനത്തിൽ താഴ |
| 27 | 14 | ചാമ്പാട്ടിൽ താഴ |
| 28 | 14 | വെട്ട്യാടിത്താഴ-കീഴൂർ സ്കൂൾ |
| 29 | 14 | കീഴൂർ ശിവ ക്ഷേത്രം-കണ്ടാമ്പത്ത് |

**പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ**

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് |
|---|---|---|
| 1 | 1 | കോട്ടക്കൽ അങ്ങാടി-നാരങ്ങോളി |
| 2 | 2 | ബീച്ച് റോഡ്-കോട്ടകടപ്പുറം കടവ് |
| 3 | 4 | മങ്ങൂൽപ്പാറ- കക്കറവയൽ |
| 4 | 4 | ഇരിങ്ങൽപ്പാറ-വലിയ കടവത്ത് |
| 5 | 5 | ഓയിൽ മിൽ-ലക്ഷം വീട് |

| | | |
|---|---|---|
| 6 | 5 | തിയറ്റർ റോഡ്- പടിഞ്ഞാറെതുരുത്തി |
| 7 | 5 | പെരിങ്ങാട്ട് വയലിൽ-കോട്ടയിള്ള പറമ്പ് |
| 8 | 6 | വ[illegible]ാമ്പത്ത്- കാരങ്ങോത്ത് മുക്ക് |
| 9 | 7 | ന[illegible]ത്തൊ[illegible]ാടിമുക്ക്- മിന്നാടത്ത്കണ്ടി |
| 10 | 8 | ക[illegible]ളപ്പിൽ കോളനി-എറബിക് കോളെജ് |
| 11 | 9 | മീ[illegible] പെരിയ റോഡ് കടൽത്തീരം |
| 12 | 9 | ചാത്തമംഗലം കോളനി-കൊളവിപ്പാലം ബീച്ച് റോഡ് |
| 13 | 9 | 8,9,10,11 തീരദേശ റോഡൊ തീക്കോടി വരെ എത്തിക്കുക |
| 14 | 10 | കാഞ്ഞിരമുള്ള പറമ്പിൽ |
| 15 | 10 | മീൻപെരിയ-ഇയ്യോത്തിൽ കോളനി |
| 16 | 11 | ആവിക്കൽ-കാട്ടിൽ പള്ളിറോഡ് |
| 17 | 11 | ഭജനമഠം- ആവികടകൽ റോഡ് |
| 18 | 11 | ഭജനമഠം- കാപ്പിരിക്കാട്ടിൽ |
| 19 | 12 | കൊളാരി കനാലിൻെറ അരുകിലൂടെ റോഡ് |
| 20 | 13 | കീഴട്ട് മുക്ക്-മരുത്താഴ-മഠത്തിൽ താഴ |
| 21 | 13 | നിഷാത്ത് മുക്ക്-മരുത്താഴ കോളനി |
| 22 | 13 | കടുവച്ചം കണ്ടി-കണ്ണം കുളം |
| 23 | 13 | കാവും തേരി-കനാൽ-നല്ലേരി മാണിക്കോത്ത് |
| 24 | 13 | കച്ചേരി പ്പാലം കൊവ്വമ്മൽ മുക്കം റോഡ് |
| 25 | 14 | തറേൽ മുക്ക്-എരോത്ത് മുക്ക് റോഡ് |
| 26 | 15 | തച്ചൻ കുന്ന് കുടുക്കം ഭാഗം-പള്ളിക്കര നടപ്പാലം |

# ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണു ഊർജ്ജം. ഒരു രാജ്യത്തെ വികസനപ്രക്രിയയുടെ പുരോഗതി അവിടത്തെ ഊർജ്ജശ്രോതസ്സുകളുടെ ലഭ്യതയുടെ അടിസ്ഥാനതതിലാണ് വികസനം പുരോഗതിയെക്കുറിഇക്കുന്ന അളവുകോലെങ്കിൽ അതിന്നു പിന്നിലെ ഊർജ്ജശ്രോതസ്സുകളെക്കുറിച്ച് നാം പഠിക്കേണ്ടതാണ്.

1. വൈദ്യുതി

നാം ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സാണു വൈദ്യുതി. ഉപയോഗത്തിനനുസരിച്ചു ഉത്പാദനം നടക്കുന്നില്ല എന്നതാണ് ഈ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി. അതുകൊണ്ടു തന്നെ വോൾട്ടേജ് ക്ഷാമവും പവർകട്ടും നാം ഏറ്റുവാങ്ങേണ്ടിവരുന്നു.

പയ്യോളി പഞ്ചായത്തിൽ വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന ഇലക്ട്രിസിറ്റി ഓഫീസ് ഈ അടുത്ത കാലത്ത് ഒരു മേജർ സെക്ഷൻ ഓഫീസായി ഉയർത്തിയെങ്കിലും ഇപ്പോൾ സേറ്റലൈറ്റ് സെക്ഷൻ ആയാണു പ്രവർത്തിക്കുന്നത്. ഇതിന്നു കീഴിലായി നമ്മുടെ പഞ്ചായത്തിൽ 28 LTട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

പട്ടിക താഴെ ചേർക്കുന്നു.

1. മൂരാട് 100 K.V.
2. ഓയിൽ മിൽ 250 K.V.
3. കോട്ടക്കൽ 100 K.V.
4. ഇരിങ്ങൽ 250K.V.
5. അയിനിക്കാട് 160K.V.
6. കുറ്റിയിൽ പീടിക 100K.V.
7. മിനി ഇൻറസ്ട്രീയൽ റോഡ് 250K.V.
8. മേലടി ടൗൺ 250K.V.
9. മേലടി ടൗൺ 100K.V.
10. മേലടി ടൗൺ 100K.V.
11. മാണിക്കോത്ത് 100K.V.
12. കിഴൂർ 250K.V.
13. കിഴൂർ 100K.V.
14. മൂലന്തോട് 100K.V.
15. തച്ചൻകുന്ന് 100K.V.
16. കൊയിലാരിമുക്ക് 100K.V.
17. തച്ചൻകുന്ന് 100K.V.
18. ഭജനമഠം റോഡ് 100K.V.

19. മേലടി ബീച്ച് റോഡ് 250K.V.
20. മുളിക്കാട് മുക്ക് 100K.V.
21. കുറമ്പ ഭഗവതി 100K.V.
22. കണ്ണംകുളം 100K.V.
23. കൊളാവി നട 100K.V.
24. മാസ്സ്റ്റേഴ്സ് കോളനി 100K.V.
25. സതേൺ പ്ലൈവുഡ് 100K.V.
26. കോട്ടക്കൽ ബീച്ച് 100K.V.
27. കോട്ടക്കൽ 250K.V.
28. കോട്ടക്കൽ ഫെറി 100K.V.

നിലവിൽ 12400 ഉപഭോക്താക്കളുണ്ട്. ഇതിൽ ഗാർഹികം 19732 വ്യാപാരം 2022 വ്യാവസായിക 101 കാർഷികം 516 കുടിവെള്ളവിതരണം 5 കണക്ഷൻ ലഭിക്കുവാൻ 815 പേർ അപേക്ഷിച്ചിരിക്കുകയാണ്. ഇതു ഓർഡിനറി 632, ഒ.ടി.പി. 39, ഒ.വൈ.ഇ.സി. 180

### തെരുവുവിളക്കുകൾ

പ്രധാന റോഡുകളുടെ ഇരുവശങ്ങളിലായി തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും കത്താത്ത അവസ്ഥയിലാണ്. ഇവയുടെ പരിപാലനം വേണ്ട രീതിയിൽ നടക്കുന്നില്ല. ഗ്രാമസഭകളിൽ നിന്നും തെരുവുവിളക്കുകൾക്ക് വേണ്ടി നീണ്ട പട്ടികതന്നെ സമർപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 558 ലൈറ്റു പോയിൻറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ബൾബ് 409 ട്യൂബുകൾ 39 സോഡിയം വേപ്പർ 10 തെരുവുവിളക്കുകൾക്കായി പ്രതിമാസം 8050 രൂ പഞ്ചായത്ത് ചെലവഴിക്കുന്നു.

നമ്മുടെ പഞ്ചായത്തിൻെറ 15 കോളനികൾ ഉള്ളതിൽ 5 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു.

| | | |
|---|---|---|
| 1. | ചാത്തമംഗലം കോളനി | അയനിക്കാട് |
| 2. | ചെത്തിൽ താര കോളനി | ഇരിങ്ങൽ |
| 3. | കോട്ടക്കുന്നു കോളനി | ഇരിങ്ങൽ |
| 4. | കൊവ്വപ്പുറം കോളനി | കീഴൂർ |
| 5. | കരിമ്പിൻ കോളനി | തച്ചൻകുന്ന് |

പഞ്ചായത്തിൽ നിന്നും പട്ടികജാതിക്കാരുടെ 86 വീടുകൾ വയറിംഗ് നടത്തിക്കൊടുത്തിട്ടുണ്ട്. എന്നാൽ അവർക്ക് ഇതുവരെ കണക്ഷൻ കിട്ടിയിട്ടില്ല.

### പ്രശ്നങ്ങൾ

വൈദ്യുതലൈനുകളുള്ള എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണമെന്നു എല്ലാ സഭകളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമത്തിൻെറ പരാതികളും ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

### പരിഹാരങ്ങൾ, സാദ്ധ്യതകൾ

നമ്മുടെ സംസ്ഥാനം വൈദ്യുതിക്കമ്മി നേരിടുന്നതിന്നു പ്രസരണനഷ്ടം കഴിയുന്നത്ര കുറക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. വൈദ്യുത ലൈനുകളും ട്രാൻസ്ഫോർമറുകളും ഇടക്കിടെ പരിശോധിക്കാനും അറ്റകുറ്റപ്പണികൾ നടത്താനുള്ള സംവിധാനം ഉണ്ടാകണം. വൈദ്യുതിയുടെ അമിതോപയോഗം തടയാൻ ബോധവല്ക്കരണം നടത്തണം. വോൾട്ടേജ് കമ്മി പരിഹരിക്കാനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

ഇന്നു പഞ്ചായത്തുകളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചു എന്നതിനെ അടിസ്ഥാനമാക്കിയാണു വൈദ്യുത ബോർഡ് ചാർജ്ജ് ഈടാക്കുന്നത്. നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിന്നു പകരം ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജജ് ഈടാക്കുന്ന സമ്പ്രദായം നിലവിൽ വരുത്തുക.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അനുവദിച്ച ട്രാൻസ്ഫോർമറുകൾ ഇനിയും കാലതാമസം കൂടാതെ സ്ഥാപിക്കണം. മൂരാട് - ഓയിൽമിൽ, മഞ്ഞൂൽപ്പാറ വഴി നീണ്ടുകിടക്കുന്ന നാഷണൽ ഹൈവേയിൽ 500 മീ നീളത്തിൽ ഇന്നും വൈദ്യുതികണക്ഷൻ എത്തിയിട്ടില്ല. അവിടെ വൈദ്യുതി കണക്ഷൻ എത്താൻ ആവശ്യമായ നടപടി ഉണ്ടാകണം. ആഴക്കടലിൽ നിന്നും കര കാണത്തക്കവിധം തീരദേശപ്രദേശത്ത് മുഴുവനും 50 മീ. ഇടവിട്ടു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക. രാത്രികാലങ്ങളിലും മഴക്കാലത്തും മത്സ്യത്തൊഴിലാളികൾക്ക് ഇതൊരു വലിയ അനുഗ്രഹമായിരിക്കും. പല പ്രദേശങ്ങളിലും കണക്ഷൻ കിട്ടാതെയുണ്ട്. അവിടെയെല്ലാം വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

| ക്രമ | വാർഡ് | പ്രദേശത്തിൻെറ പേര് |
|---|---|---|
| 1 | 1 | പാറക്കുതാഴ ഭാഗം |
| 2 | 1 | പടന്നതുരുത്തി |
| 3 | 2 | കോട്ടകടപ്പുറം - പുറംകര |
| 4 | 2 | ചൂളപ്പറമ്പ് - കൊളാവി |
| 5 | 2 | ഫിഷറീസ് കോളനി കോട്ടക്കൽ |

| | | |
|---|---|---|
| 6 | 2 | നാല് സെൻറ് കോളനി - കോട്ടക്കൽ |
| 7 | 2 | കൊളാവി പാലത്തിന് പടിഞ്ഞാറ് ഭാഗം |
| 8 | 4 | കോട്ടത്തുരുത്തി |
| 9 | 8 | കളത്തായ് താര മുതൽ മമ്പറം ഗേറ്റ് വരെ |
| 10 | 8 | കമ്പിവളപ്പിൽ ഹരിജൻ കോളനി |
| 11 | 9 | മേലടി ബീച്ച് |
| 12 | 9 | ഗാന്ധിനഗർ കോളനി |
| 13 | 13 | കീഴൂർ മരുത്താഴ ഹരിജൻ കോളനി |

### ഓയിൽ

നമ്മുടെ പഞ്ചായത്തിൽ കൂടുതലായി ഉപയോഗിക്കുന്ന മറ്റൊരു ഊർജ്ജശ്രോതസ്സാണു ഓയിലുകൾ. മണ്ണെണ്ണയ്ക്ക് ഇതിൽ പ്രധാന പങ്കു ഉണ്ട്. മുമ്പുള്ളത് വെളിച്ചത്തിനു വേണ്ടി മാത്രമായിരുന്നു ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നു പല മേഖലകളിലും ഇതിൻെറ ഉപയോഗം കടന്നുവന്നിരിക്കുന്നു.

ഇന്നത്തെ സ്ട്രീറ്റ് ലൈറ്റുകൾക്ക് വഴിമാറിക്കൊടുത്തതു മണ്ണെണ്ണ ഉപയോഗിച്ചുള്ള വഴിവിളക്കുകളാണ്. ഇന്നു നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നവരാണ്.

വിറകിന്നു ക്ഷാമം നേരിടുന്ന മേഖലയിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിച്ചുവരുന്നു. കുടാതെ വലിയ തീരദേശമുള്ള പഞ്ചായത്തായതിനാൽ മത്സ്യബന്ധനത്തിന്നായി മണ്ണെണ്ണ ഉപയോഗിച്ചുള്ള ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. കാർഷികമേഖലയിൽ ജലസേചനത്തിന്നായി മണ്ണെണ്ണ ഉപയോഗിച്ചുള്ള പമ്പുസെറ്റുകൾ ഉപയോഗിക്കുന്നു.

### പ്രശ്നങ്ങൾ

മണ്ണെണ്ണ വിതരണം കാര്യക്ഷമമാക്കുക പലപ്പോഴും അധികവിലക്ക് വാങ്ങാൻ ഉപഭോക്താക്കൾ നിർബ്ബന്ധിതരാകുന്നു.

### സാധ്യതകൾ നിർദ്ദശേങ്ങൾ

ഇന്ധനലാഭത്തിന്നും നമ്മുടെ ആരോഗ്യത്തിന്നും വേണ്ടി പുകയില്ലാത്ത അടുപ്പുകൾ വീടുകളിൽ സ്ഥാപിക്കുക. ഇതിന്നു കൂടുതൽ സബ്സിഡി നല്കി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും എത്തിക്കാൻ ശ്രമിക്കുക.

### വിറക്

ഇന്നു വിറകിന് ക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ വിറകുപേക്ഷിച്ചു ജനങ്ങൾ മറ്റു മേഖലകൾ കണ്ടെത്തുകയാണ്.

### കുക്കിംഗ് ഗ്യാസ്

പയ്യോളിയിൽ 3 ഗ്യാസ് ഏജൻസികൾ ഉണ്ട്. ഇതിൽ ഒന്നു ഗവൺമെൻറ് അംഗീകൃതവും രണ്ട് എണ്ണം പ്രൈവറ്റ് മേഖലയിലുള്ളതുമാണ്. ധാരാളം ആളുകൾ ഗ്യാസ് കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടു കാത്തിരിക്കുകയാണ്.

# മാർക്കറ്റ്

**വർഷാവർഷം** കീഴൂർ ശിവക്ഷേത്രോൽസവത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിലെ കിഴൂരിൽ നടന്നുവരാറുള്ള ചന്ത ഏറെ പ്രസിദ്ധമാണ്. മലബാറിലെ ഏറ്റവും പഴക്കംചെന്ന കാലിചന്ത ഇവിടെയായിരുന്നു. ഇന്നു നിലവിലുള്ളതുപോലെ വിപുലമായ മാർക്കറ്റിങ്ങ് സമ്പ്രദായം നിലവിലില്ലാതിരുന്ന കാലത്ത് സാധാരണക്കാരായ ജനങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കുമുള്ള വസ്തുക്കൾ വാങ്ങാൻ സൗകര്യമുള്ള മലബാറിലെ ഒരു പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു ഇത്. അടുത്ത കാലത്തുണ്ടായ ഒരു വൻ തീപിടുത്തം ഈ ചന്തയുടെ പ്രൗഢിയിൽ കാര്യമായ ക്ഷീണമാണുണ്ടാക്കിയത്. എങ്കിലും വർഷംതോറും ഈ വിപണന കേന്ദ്രം സജീവമാണ്.

ആധുനികയാത്രാസൗകര്യങ്ങൾ ഉണ്ടാവുന്നതിനു മുമ്പ് നമ്മുടെ പ്രധാന കാർഷികോല്പന്നമായ തേങ്ങ കോഴിക്കോട്ടങ്ങാടിയിലേക്ക് വിപണനത്തിനായി കൊണ്ടുപോയിരുന്നത് പുഴമാർഗ്ഗം തോണിയിലായിരുന്നു. കുറ്റ്യാടി പുഴയിൽ നിന്നും കണയങ്കോട് പുഴയിലൂടെ കോഴിക്കോട്ടേക്ക് വിപുലമായ ഒരു ജലഗതാഗതമാർഗ്ഗം അന്നു നിലവിലുണ്ടായിരുന്നു. ഇവിടെ നിന്നും തേങ്ങയും, ചൂടിയും കയറ്റി കോഴിക്കോട് അങ്ങാടിയിലേക്ക് പോവുന്ന തോണികളിൽ തിരിച്ച് പലവ്യഞ്ജനങ്ങൾ, ഓട് തുടങ്ങിയവ ഇങ്ങോട്ടേക്കും കൊണ്ടുവരുന്ന പതിവായിരുന്നു അന്നു നിലവിലുണ്ടായിരുന്നത്.

പ്രധാന കാർഷിക വിളയായി തേങ്ങയും വെറ്റിലയുമാണ് ഇപ്പോൾ ഇവിടെ നിന്നും പ്രധാനമായും വിപണിയിലേക്ക് നീങ്ങുന്നത്. അവ പ്രധാനമായും വടകരയിലാണ് വിറ്റഴിക്കപ്പെടുന്നത്. നമ്മുടെ പ്രധാനമായ മത്സ്യസമ്പത്ത് നമ്മുടെ പഞ്ചായത്തിലെ മാർക്കറ്റിൽ വിറ്റഴിയാനുള്ള മാർഗ്ഗം ഇന്ന് നിലവിലില്ല. ഐസ്ഫാക്ടറിയുടെ അഭാവമാണ് ഇതിനു പ്രധാനമായും കാരണമാവുന്നത്. ഈ സൗകര്യം ഇവിടെയുണ്ടാവുകയാണെങ്കിൽ മത്സ്യങ്ങൾ ഇവിടെതന്നെ സംസ്കരിക്കാനും വിപണനം നടത്താനും നമുക്ക് കഴിയും.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് ഉല്പാദകർക്ക് യഥാർത്ഥവില ലഭിക്കണമെങ്കിൽ അത് ഇവിടുത്തെ മാർക്കറ്റിൽ തന്നെ വിറ്റഴിക്കാനുള്ള സംവിധാനം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്ത് മുൻകൈ എടുക്കുകയാണെങ്കിൽ കാർഷിക വ്യവസായികൾ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനും അതിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും കഴിയും. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റു കാർഷികോല്പന്നങ്ങളും വിറ്റഴിക്കാനും, ആവശ്യക്കാർക്ക് യഥേഷ്ടം തിരഞ്ഞെടുത്ത്

വാങ്ങുവാനും സൗകര്യപ്പെടുന്ന രീതിയിൽ ഒരു ആഴ്ച ചന്ത പഞ്ചായത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. ഇത് മുമ്പ് നിലവിലുണ്ടായിരുന്നു.

ചെറുകിട രീതിയിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന സോപ്പ്, ചെരുപ്പ് തുടങ്ങിയവ ശേഖരിക്കുന്നതിന് സൊസൈറ്റികൾ രൂപീകരിക്കുകയാണെങ്കിൽ വനിതകളെ ഉപയോഗപ്പെടുത്തി വീടുവീടാന്തരം കയറി വില്പന നടത്താൻ കഴിയും.

കേരളത്തിലെ പൊതുവിതരണസമ്പ്രദായം പൊതുവെ കുറ്റമറ്റതാണെങ്കിലും സാധാരണ ജനവിഭാഗങ്ങളുടെ ആഗ്രഹങ്ങൾക്കൊത്ത് പൂർണ്ണമായും ഉയർന്നു പ്രവർത്തിക്കുവാൻ അവർക്ക് കഴിഞ്ഞില്ല എന്നതാണ് സത്യം. നിത്യോപയോഗസാധനങ്ങൾ എല്ലാം പൊതുവിതരണകേന്ദ്രത്തിലൂടെ വിതരണം ചെയ്യാത്തതാണ് അതിനു കാരണം.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ തെക്കെ അറ്റത്താണ്. ഇതുകൊണ്ട് ഇപ്പോൾ പ്രധാനമായും ടൗണിലുള്ള ജനങ്ങൾക്കാണ് പ്രയോജനം. പഞ്ചായത്തിൽ ജനസംഖ്യാ അനുപാതത്തിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. വാർഡുകൾതോറും സഹകരണകൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ നിത്യോപയോഗസാധനങ്ങളുടെ വില ഒരു പരിധിവരെ പിടിച്ചുനിർത്താനും ഇവിടുത്തെ കർഷകരിൽ നിന്നും വ്യവസായികളിൽ നിന്നും ഉല്പന്നം ശേഖരിച്ചിവില്ക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യാം. ഇതിലൂടെ സമതുലനമായ ഒരു വിപണനസംസ്കാരം ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയും.

പയ്യോളി ഗ്രാമപഞ്ചായത്ത്

പൊതുവിതരണസംവിധാനം 1995-96

| ക്രമ നമ്പർ | റേഷൻഷാപ്പ് നമ്പർ | കാർഡുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | മണ്ണെണ്ണ | |
|---|---|---|---|---|---|
| | | | | പെർമിറ്റുകളുടെ എണ്ണം | വിതരണം ലിറ്ററിൽ |
| 1 | 51 | 518 | 2742 | 23 | 23844 |
| 2 | 52 | 388 | 2283 | 30 | 19572 |
| 3 | 54 | 588 | 3431 | 47 | 1525 |
| 4 | 55 | 441 | 2843 | 14 | 24366 |
| 5 | 56 | 641 | 3366 | 44 | 22362 |
| 6 | 58 | 498 | 2622 | 20 | 18342 |
| 7 | 61 | 378 | 2440 | 9 | 3777 |
| 8 | 62 | 406 | 2229 | 20 | 18756 |
| 9 | 64 | 282 | 1417 | 13 | [illegible] |
| 10 | 65 | 628 | 3412 | 31 | 37409 |
| 11 | 66 | 443 | 2522 | 39 | 14959 |
| 12 | 67 | 630 | 3485 | 16 | 3650 |
| 13 | 268 | 544 | 3225 | 13 | 28224 |
| 14 | 272 | 11 | 1398 | 8 | 10228 |

# പാർപ്പിടം

**കേരളത്തിലെ** തീരദേശപഞ്ചായത്തുകളിൽ ഒന്നാണ് പയ്യോളി സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്ത്. ഏകദേശം 44000 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 50% ത്തിലധികം പേരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പരമ്പരാഗതമായി മത്സ്യബന്ധനവും കാർഷികവൃത്തിയും തൊഴിലായി സ്വീകരിച്ചവരാണ് തദ്ദേശവാസികളിലധികവും. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്.

ഏകദേശം 7700 ഓളം വീടുകളുള്ള ഈ പഞ്ചായത്തിൽ നികുതിയുള്ള 4925 വീടുകളിൽ 1825 കോൺക്രീറ്റ് ഭവനങ്ങളും 3100 ഓടുമേഞ്ഞ ഇടത്തരം വീടുകളുമാണ്. ബാക്കിയുള്ളവയിൽ 1970 ഓലമേഞ്ഞ വീടുകളും 805 ചെറ്റക്കുടിലുകളുമാണ്.

പഞ്ചായത്തിൽ വിവിധ വാർഡുകളിലായി പ്രത്യേകിച്ച് കടലോര മേഖലകളിലെ കോളനി പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത ആയിരത്തിൽപരം വീടുകളുണ്ട്. തമിഴ്നാട്ടിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി വന്ന കുടുംബങ്ങൾ പുറമ്പോക്കുകളിലും, കടത്തിണ്ണകളിലും വാടകക്കെട്ടിടങ്ങളിലും താമസിക്കുന്നുണ്ട്. ഇവർ ഏകദേശം 100 ഓളം വരും പഞ്ചായത്തിൽ ഒരു IHDP കോളനിയും ഒരു അംബേദ്കർ കോളനിയും 4 ഹരിജൻ കോളനികളും 21 കോളനികളുമുണ്ട്. ഇവിടെയൊക്കെ അടിസ്ഥാനസൗകര്യങ്ങളില്ലാതെ 4 സെൻറുകളിൽ വീടും അടുത്തടുത്തായി കുഴികക്കൂസുകളും കിണറുമായി താമസിക്കുന്നവരാണ്. അന്നന്ന് ജോലിചെയ്ത് നിത്യവൃത്തി കഴിയാൻ സാധിക്കാതെ ഒരു കൊച്ചു വീട് സ്വപ്നം കണ്ട് കഴിയുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ കടലോര മേഖലകളിലും മറ്റു ഭാഗങ്ങളിലുമുണ്ട്. 15 വാർഡുകളുള്ള പഞ്ചായത്തിൽ 8 വാർഡുകൾ കടലോര ഭാഗത്താണ്. പുതിയ തീരദേശസംരക്ഷണ നിയമത്തിൻെറ ഭാഗമായി തീരദേശത്ത് 500 മീറ്ററിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പാടില്ല എന്ന ഉത്തരവ് ഇവരുടെ സ്വപ്നങ്ങൾക്ക് നേരെയുള്ള ഭീഷണിയായി മാറിയിരിക്കയാണ്.

ഗൾഫ് മലയാളികളുടെ സ്വാധീനമാണ് പാർപ്പിടരംഗത്ത് കുറച്ചൊക്കെ മാറ്റം വരുത്തിയത്. കോൺക്രീറ്റ് വീടുകളിലേക്കുള്ള പെട്ടെന്നുള്ള മാറ്റത്തിന് ഗൾഫ് വരുമാനം ഏറെ പ്രയോജനകരമായി പഞ്ചായത്തിലെത്തിച്ചേരുന്ന ഗൾഫ് പണത്തിൻെറ വലിയൊരു ഭാഗം ചെലവഴിക്കപ്പെടുന്നത് പാർപ്പിടരംഗത്താണ്. ഒരു വശത്ത് കൂറ്റൻ കെട്ടിടങ്ങൾ ഉയരുമ്പോൾ സൗകര്യപ്രദമായ ഭവനങ്ങളുടെ അഭാവവും തീരെ വീടില്ലാത്തവരും ധാരാളമുണ്ട്. സ്വന്തമായ സ്ഥലം ഇല്ലാതെ കൂട്ടുകുടുംബമായി താമസിക്കുന്ന നിരവധി കുടുംബ

ങ്ങൾ പഞ്ചായത്തിലുണ്ട്. ഇത് ഏകദേശം 3000ത്തോളം കുടുംബങ്ങൾ വരും. കൂടാതെ പുറമ്പോക്കുകളിലും റെയിലോരങ്ങളിലും കടത്തിണ്ണകളിലും താമസിക്കുന്ന 100 ഓളം കുടുംബങ്ങളുമുണ്ട്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വയലുകൾ നികത്തിയും, താഴ്ന്ന പ്രദേശങ്ങളിലും വീടു നിർമ്മാണം നടന്നുവരുന്നു. കോൺക്രീറ്റ് വീടുകളുടെ ചെലവ് വളരെയേറെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആവശ്യമായ മെറ്റീരിയൽസ് കമ്പി, സിമൻറ്, വെട്ടുകല്ല്, മെറ്റൽ, മരം, ബോളർ എന്നിവയുടെ അനുദിനമുള്ള വർദ്ധന ഇടത്തരക്കാരെ വല്ലാതെ അലട്ടുന്നു. 10 വർഷം മുമ്പുള്ള ഇത്തരം സാധനങ്ങളുടെ വില 150% വർദ്ധിച്ചിരിക്കുന്നു. ഉദാഹരണത്തിന് 87ൽ 70 രൂപയുണ്ടായിരുന്ന സിമൻറിന് ഒരു ചാക്കിന് 1996–ൽ 190 രൂപയായി വർദ്ധിച്ചിട്ടുണ്ട്. വെട്ടുകല്ലിന് 1000ന് 1300 രൂപയുമായിരുന്നത് ഇപ്പോൾ 8500 രൂപ വരെയായിരിക്കുന്നു. അതേപോലെ കമ്പിയും മെറ്റലും, ബോളറിനും താങ്ങാനാവാത്ത വിലയാണ്. കൂലിയിനത്തിലും ഗണ്യമായ വർദ്ധനയുണ്ട്. നിർമ്മാണത്തൊഴിലാളികളുടെ കൂലി ഒരു തൊഴിലാളിക്ക് പുരുഷന് 125 ക വരെയും സ്ത്രീക്ക് 95 ക വരെയും ആയിരിക്കുന്നു. കോൺക്രീറ്റ് യൂണിറ്റിന് 88 –ൽ 1200 രൂപയുണ്ടായിരുന്നത് ഇപ്പോൾ 2300 രൂപ വരെയായി ഉയർന്നിരിക്കുന്നു.

നിർമ്മാണതൊഴിൽ രംഗത്തേക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതിനാൽ ധാരാളം ചെറുപ്പക്കാർ ഈ രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. അതുകൊണ്ട് പ്രവർത്തികൾക്ക് മുമ്പുണ്ടായിരുഉന്ന വിഷമത ഇപ്പോൾ കണ്ടുവരുന്നില്ല. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന നിർമ്മിതികേന്ദ്രങ്ങളുടെ വീടുകൾ ഇപ്പോൾ അവിടവിടെ നിർമ്മിച്ചുവരുന്നുണ്ട്.

സർക്കാർ ജീവനക്കാരും, ഇടത്തരം ഭൂമി കൈവശമുള്ളവരും ഹഡ്കോ, ദേശസാൽകൃത ബേങ്കുകൾ, ഹൗസിംഗ് സൊസൈറ്റി എന്നിവയിൽ നിന്ന് ഭവന നിർമ്മാണ വായ്പ കൈപ്പറ്റി വീടുകൾ എടുത്തു തീർത്തവയും നിർമ്മാണം സ്തംഭനാവസ്ഥയിൽ എത്തിനില്ക്കുന്നവയും ധാരാളമുണ്ട്. കൂടാതെ ഗൾഫിലെ പ്രതിസന്ധികൾ കാരണം തിരിച്ചുവരേണ്ടി വന്നവർ നിർമ്മിച്ചുകൊണ്ടിരുന്ന വീടുകൾ സാമ്പത്തിക പ്രതിസന്ധി കാരണം മുടങ്ങിപ്പോയതും ഒരുപാടു കാണാം. ഹൗസിംഗ് സൊസൈറ്റി വഴി സാമ്പത്തിക സഹായം ലഭിക്കാൻ പഞ്ചായത്തിൽ നിന്നും 12 കി.മീ ദൂരെയുള്ള മേപ്പയൂർ പഞ്ചായത്തിൽ പോകേണ്ടി വരുന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പ്രയാസകരവും വായ്പാ സൗകര്യം ലഭിക്കുവാനും വിഷമംതന്നെ.

ദുർബ്ബല വിഭാഗങ്ങൾക്ക് JRY, RLEGP, NREP, IAY എന്നിവ മുഖാന്തിരം അനുവദിക്കപ്പെടുന്ന വീടുകൾക്ക് ഇപ്പോൾ നൽകിവരുന്ന 15,500 രൂപ വീടുപണി പൂർത്തീകരിക്കാൻ തികച്ചും അപര്യാപ്തമാണ്. വളരെ പാവപ്പെട്ട പട്ടിക ജാതി / പട്ടികവർഗ്ഗത്തിൽ പെട്ട ആളുകൾക്ക് ഈ തുക അനുവദിച്ചുകൊടുക്കാൻ തയ്യാറായാൽ വിസമ്മതിക്കാൻ തയ്യാറാകുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് തന്നെ പ്രതിവിധി സാദ്ധ്യമാകുന്ന കുടുംബങ്ങളേ ഈ വായ്പ സ്വീകരിക്കാൻ തയ്യാറാകുന്നുള്ളൂ. വീടും കക്കൂസും കൂടി വേണം എന്ന് പറയുമ്പോൾ ഊഹിക്കാവുതേയുള്ളൂ. ഏതായാലും ഈ വായ്പ 22000 രൂപയായി ഉയർത്തിയിരിക്കുന്നുവെന്നറിഞ്ഞതിൽ ദുർബ്ബലവിഭാഗങ്ങൾക്ക് സന്തോഷത്തിന് വക നൽകുന്നു. ഭൂരഹിതരായ പാവപ്പെട്ടവർക്ക് വീടു വെക്കാൻ 4 സെൻറ് ഭൂമി വിതരണം എത്രയും വേഗം പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

ഭവനനിർമ്മാണരംഗത്ത് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. വീടുകൾ ചെലവുകുറഞ്ഞതോതിൽ നിർമ്മിച്ച് സാമ്പത്തികരംഗത്ത് വ്യതിയാനം വരുത്താൻ സാങ്കേതിക വൈദഗ്ധ്യമുള്ളവരെ കണ്ടെത്തുകയും നിർമ്മിതികേന്ദ്രങ്ങളെ ഏല്പിക്കുകയും വേണം. ഇന്ന് വീടിൻെറ ഫ്ളോറിങ്ങിന് പോലും മാർബിൾ, കടപ്പ, മാർബിൾ ടൈൽസ് തുടങ്ങിയവ ഉപയോഗിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നു. ഇത് നമ്മുടെ നാടിൻെറ സമ്പത്ത് നല്ലൊരു ഭാഗവും മറ്റു സംസ്ഥാനങ്ങളിലേക്കാണ് ഒഴുകുന്നത്. ഇത് പരമാവധി കുറക്കാൻ സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പല ഭാഗത്തും താമസിക്കുന്നവർക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത പ്രശ്നം നിലവിലുണ്ട്. ഇതൽ രണ്ടാം വാർഡിലെ ഫിഷറീസ് കോളനി നിവാസികളുടെ പ്രശ്നം ശ്രദ്ധേയമാണ്. ഏകദേശം 15 വർഷങ്ങൾക്കുമുമ്പ് സർക്കാർ നിർമ്മിച്ചു നൽകിയ ഇവിടുത്തെ 20 വീടുകളിൽ താമസിക്കുന്നവരിൽ 9 കുടുംബങ്ങൾക്ക് മാത്രമേ ഇതുവരെ പട്ടയം ലഭിച്ചിട്ടുള്ളൂ. ബാക്കി 11 കുടുംബങ്ങൾക്ക് ഇതുവരെയും പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. ഇതുകൊണ്ടു തന്നെ ഇവർക്ക് വൈദ്യുതികണക്ഷൻ ഇന്നും അപ്രാപ്യമാണ്. ഈ കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന്

പട്ടയം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1. നിർമ്മാണതൊഴിലാളികൾക്ക് ആധുനികസാങ്കേതിക വിദ്യ കെട്ടിടനിർമ്മാണത്തിൽ പ്രയോഗിക്കുന്നതിൽ വൈദഗ്ദ്ധ്യമില്ല.

2. ചെലവുകുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പ്രചരങ്ങൾ വളരെ കുറവാണ്.

3. ഹൗസിങ്ങ് സൊസൈറ്റികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

4. കെട്ടിടനിർമ്മാണസാമഗ്രികളുടെ വില രൂക്ഷമായി കുതിച്ചുയരുന്നു. (മെറ്റൽ, സിമൻറ്, ഇരുമ്പ്, ബോളർ, കടപ്പ, മാർബിൾ, പെയിൻറ് മുതലായവ)

5. വായ്പ സാധാരണക്കാർക്കും താഴെക്കിടയിലുള്ളവർക്കും ലഭ്യമാകുന്നതിന് കഴിയുന്നില്ല.

6. ദരിദ്ര വിഭാഗങ്ങൾക്ക് ഇപ്പോൾ JRY പദ്ധതികളിലും മറ്റും അനുവദിക്കുന്ന തുക 22,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വില വർദ്ധനവ് മൂലം ഇത് പരിമിതമാകുന്നു.

7. ഭവനരഹിതരായ പലർക്കും സ്വന്തമായി സ്ഥലമില്ല.

8. പല സ്ഥലങ്ങളിലും വേണ്ടത്ര വാഹനഗതാഗതലഭ്യത കൈവരിക്കാത്തതിനാൽ ഹെഡ്ലോഡ് ചാർജ്ജും മറ്റു കൂലികളും അധികരിക്കുന്നു.

9. അതേ സമയം പലരുടെയും കെട്ടിടനിർമ്മാണത്തിൽ ദുർവ്യയവും ധൂർത്തും ക്രമാതീതമായി വർദ്ധിക്കുന്നു.

### പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. ഹൗസിംഗ് ബോർഡിൻെറ പ്രവർത്തനങ്ങൾ ഒന്നുകൂടി വിശാലമാക്കണം.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടികൾ ഉണ്ടാവണം.

ശാസ്ത്രീയമായ രീതിയിൽ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രചാരണം നടക്കണം.

സർക്കാർ, പഞ്ചായത്തുകൾക്ക് നൽകി വരുന്ന അൺടൈഡ് ഫണ്ട് ദരിദ്രവിഭാഗങ്ങൾക്ക് വീടെടുക്കാനും കക്കൂസുകൾ നിർമ്മിക്കാനും പരമാവധി പ്രയോജനപ്പെടുത്താൻ അവസരം ഒരുക്കുക.

സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ ഇന്നത്തെ കെട്ടിടനിർമ്മാണ മേഖലയിലെ ദുർവ്യയവും ധൂർത്തും അവസാനിപ്പിക്കുക

കെട്ടിടങ്ങൾക്ക് സ്ലാബ് സിസ്റ്റം അനുവദിക്കുന്നതോടൊപ്പം ഉയർന്ന സ്ലാബുകാർക്ക് കൂടുതൽ നികുതികൾ ഈടാക്കുക.

ദരിദ്രജനവിഭാഗങ്ങൾക്ക് വീടുനിർമ്മിക്കാൻ സാമ്പത്തികസഹായത്തോടൊപ്പം സാങ്കേതിക സഹായവും നൽകുക

കെട്ടിടനിർമ്മാണതൊഴിലാളികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം നൽകണം.

ഹൗസിംഗ് ബോർഡ്, ഹൗസിംഗ് സൊസൈറ്റി, മറ്റു ബാങ്കുകൾ എന്നിവ വീടുനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുംവിധം അമിതമായ പലിശ, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥ എന്നിവയിൽ ഉദാരത കാണിക്കണം.

പാവപ്പെട്ട വിഭാഗങ്ങൾക്ക് ഇന്ന് വീടുകൾ മാത്രം അനുവദിക്കപ്പെട്ടാൽ പോര. അമിതമായ സ്ഥലത്തിൻെറ വില മൂലം അവർക്ക് സ്ഥലം സ്വന്തമാക്കുന്നതിന് കഴിവില്ല. പുറമ്പോക്ക് സ്ഥലം മാത്രം ആശ്രയിച്ചാൽ ഇതിന് പരിഹാരമാകുമെന്ന് തോന്നുന്നില്ല. വികസനത്തിൻെറ പുറംപോക്കുകളിൽ കഴിയുന്ന ജനവിഭാഗത്തെ ഉയർത്തുകയെന്ന സാമൂഹ്യബാദ്ധ്യത നിറവേറ്റാൻ സർക്കാർ ഫണ്ടുപയോഗിച്ച് സ്ഥലം അക്വിസിഷൻ നടത്തുകയും പരമാവധി കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും വേണം. വീടുകളുടെ അനാവശ്യമായ വലുപ്പം കർശനമായി നിയന്ത്രിക്കുകയും വേണം.

ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം (വിവിധ സ്കീം പ്രകാരം)

| വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കുവാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ടുന്ന വീടുകൾ |
|---|---|---|---|
| 92 | 39 | 53 | കണക്കാക്കിയിട്ടില്ല |
| കക്കൂസ് അനുവദിച്ചവരുടെ എണ്ണം | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാനുള്ളവ | |
| 289 | 214 | 75 | |

NB : വാർഡടിസ്ഥാനത്തിൽ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

# സാമൂഹ്യക്ഷേമം

**പയ്യോളി** ഗ്രാമപഞ്ചായത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. നാടിന്റെ അഭിമാനമായി സർവ്വമേഖലയിലും സമത്വമുള്ള ഒരു ജനതയായി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പല പദ്ധതികളും നടപ്പിൽ വരുത്തികൊണ്ടിരിക്കയാണ്. അവരെ പുരോഗതിയുടെ പാതയിലേക്ക് ഉയർത്തിക്കൊണ്ടുവന്നാൽ മാത്രമേ രാജ്യപുരോഗതിയിൽ അവർക്ക് പങ്കാളികളാവാൻ കഴിയൂ. നമ്മുടെ മുഖ്യലക്ഷ്യം ദാരിദ്ര്യനിർമ്മാർജ്ജനം എന്നതാകണം. ഈ ലക്ഷ്യത്തിൽ നിന്നുകൊണ്ടു മാത്രമേ പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ നമുക്ക് നോക്കിക്കാണാൻ സാദ്ധ്യമാകുകയുള്ളു.

1) പയ്യോളി ഗ്രാമപഞ്ചായത്തിൽ 41% മുതൽ 55% വരെയുള്ള കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. 11000 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവർ. ഇവരിൽ മുഴുവൻ പേരേയും ലിസ്റ്റിൽ പെടുത്താൻ പല കാരണങ്ങൾകൊണ്ടും ഇപ്പോഴും സാധിച്ചിട്ടില്ല.

പട്ടിക ജാതി കുടുംബങ്ങളിൽ ബഹുഭൂരിപക്ഷത്തിനും 1980കളിൽ സാമ്പത്തിക സഹായം നൽകിയതിനാൽ ആണ് ഈ അനുപാതം പട്ടിക ജാതി കുടുംബങ്ങളിൽ പ്രതിഫലിക്കാത്തത്.

ഓരോ വർഷവും 2 മുതൽ 3% വരെ കുടുംബങ്ങൾക്ക് മാത്രമേ സ്വയം തൊഴിൽ സംരംഭം കണ്ടെത്തുന്നതിന്നായി സഹായം നൽകുവാൻ കഴിയുന്നുള്ളു. ഓരോ കുടുംബത്തിന്റെയും സാദ്ധ്യതയും വൈദഗ്ദ്ധ്യവും പരിഗണിച്ച് ജീവനോപാധികൾ നൽകി സ്ഥായിയായ കുടുംബവരുമാനവർദ്ധനവിനുള്ള പദ്ധതികൾ ബാങ്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്നു. ഇതിൽ 50% പട്ടികജാതിയിൽ പെട്ടവർക്കും 40% വനിതകൾക്കായും നീക്കിവെച്ചിട്ടുണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള താല്പര്യമില്ലായ്മ, വൈദഗ്ദ്ധ്യമില്ലായ്മ, ആസ്തി പരിപാലനത്തിനുള്ള ശേഷി ഇല്ലായ്മ, സാമൂഹ്യമായുണ്ടാകുന്ന മറ്റു പ്രയാസങ്ങൾ എന്നിവ കാരണം പട്ടികജാതി കുടുംബങ്ങൾക്ക് ഒന്നിലധികം തവണ സാഹായം നൽകിയിട്ടും ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തുന്നതിന് അവർക്ക് കഴിഞ്ഞിട്ടില്ല.

വനിതകളുടെ കാര്യത്തിലും സാമ്പത്തികമായി ലക്ഷ്യം കൈവരിക്കുന്നുണ്ടെങ്കിലും പൊതുവെ പദ്ധതികൾ പരാജയപ്പെടുകാണ് ചെയ്യുന്നത്. സാമൂഹ്യവും മറ്റുമായ പല ഘടകങ്ങളും ഇതിന്ന് കാരണമാവുന്നുണ്ട്.

ഗുണഭോക്താക്കളിൽ 30-35% പേർ മാത്രമേ ധന

സഹായം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുള്ളു. എന്നാൽ തിരിച്ചടവ് 25-30% മാത്രമേ വരുന്നുള്ളു. പദ്ധതി ദുരുപയോഗം ഗണ്യമായ രൂപത്തിൽ നടക്കുന്നതും ഒരു പരാജയകാരണമാണ്.

പ്രതികുടുംബധനസഹായം കഴിഞ്ഞ 4 വർഷം കൊണ്ട് 7500 രൂപയിൽ നിന്ന് 15500 രൂപയായി വർദ്ധിപ്പിച്ചത് പദ്ധതിയുടെ ഗുണപരമായ വസ്തുതയാണ്. എന്നാൽ ഫലപ്രദമായി നടത്താവുന്ന ചെറിയ പദ്ധതികൾക്ക് സഹായം നൽകാൻ കഴിയാത്തത് ഇതിൻെറ ഒരു പോരായ്മയാണ്.

വിവിധ ഏജൻസികളുടെ സഹകരണം ഉറപ്പാക്കാത്തത് കൊണ്ടും തൊഴിൽ വൈദഗ്ദ്ധ്യമില്ലായ്മകൊണ്ടും, മാനേജ്മെൻറിറിവ് ഇല്ലാത്തത് കൊണ്ടും മുൻപിൽ ബന്ധങ്ങൾ, സൗകര്യങ്ങൾ എന്നിവ വേണ്ട രൂപത്തിൽ ഉപയോഗപ്പെടുത്താത്തത് കൊണ്ടും ഔദ്യോഗികമായുണ്ടാകുന്ന പ്രശ്നങ്ങൾ കൊണ്ടും ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നത് കൊണ്ട് സാദ്ധ്യതകൾ അപ്രധാനമായി പോകുന്നതിനാൽ വനിതായൂണിറ്റുകൾക്കുണ്ടാകുന്ന വിപണന പ്രയാസം കൊണ്ടും ഔദ്യോഗികമായി നൽകുന്ന അപര്യാപ്പമായ തൊഴിൽ പരിശീലനം കൊണ്ട് ഉള്ള പോരായ്മ പദ്ധതികളെ പരാജയത്തിലേക്കെത്തിക്കുന്നു. പലപ്പോഴും മാമൂൽ പദ്ധതികൾക്കുപരിയായി ചിന്തിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്.

2. ട്രൈസം പദ്ധതി : ഗ്രാമീണ യുവതീയുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ചു സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതിയാണിത്. പരിശീലനം ലഭിച്ചവരിൽ 50% പേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളു. മറ്റുള്ളവർ പല സ്ഥാപനങ്ങളിലായി ദിവസക്കൂലിക്ക് ജോലിചെയ്യുന്നു. പട്ടികജാതി, വനിത എന്നീ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. പ്രാദേശിക തൊഴിൽ സാദ്ധ്യതയുള്ള ട്രെയിഡുകളിൽ പരിശീലനം നൽകാൻ കഴിയാറില്ല. അതുപോലെതന്നെ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ അഭാവവും, പരിശീലനത്തിൻെറ മേന്മക്കുറവും പദ്ധതി വിജയത്തിന് തടസ്സമാകുന്നു.

3. ആർ.എ.പി : പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന ഗ്രാമീണർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുവരുമാനം കൂട്ടുന്നതിനുള്ള പരിപാടിയാണിത്. ഏതാണ്ട് 50% ത്തോളം ഈ വിഭാഗത്തിൽ പെട്ടവർക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആശാരി, കൊല്ലൻ, തട്ടാൻ എന്നീ വിഭാഗത്തിൽ പെട്ടവർ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്. പദ്ധതി വിപുലീകരണം വഴി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാൻ കഴിയും.

4. സി.ആർ.എസ്.പി : ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് യുണിസെഫ് നിർദ്ദേശിച്ച മാതൃകയിൽ ഇരട്ട കുഴികളുള്ള കക്കൂസ് നിർമ്മിക്കാൻ 2000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഒട്ടേറെ കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം ലഭിക്കുന്നു. ഗുണഭോക്താവിൻെറ വിഹിതം യഥാസമയം ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നില്ല. സാധനസാമഗ്രികളുടെ വിലവർദ്ധനവ്, കൂലിചിലവ് എന്നിവ പരിഗണിക്കുമ്പോൾ സഹായധനം അപര്യാപ്പമാണ്. ചെലവുകുറഞ്ഞ ശാസ്ത്രീയരീതികൾ ഈ രംഗത്ത് പ്രചരിപ്പിക്കപ്പെടാത്തത് ഈ പദ്ധതിയുടെ പോരായ്മയാണ്. സന്നദ്ധ പ്രവർത്തകർക്കും, സാമൂഹ്യസംഘടനകൾക്കും ഈ രംഗത്ത് ഏറെ ചെയ്യാൻ കഴിയും.

5. ഡി.ഡബ്ലിയു.സി.ആർ.എ. : ഗ്രാമീണ വനിതകളുടെയും, കുട്ടികളുടെയും ക്ഷേമത്തിനായി നടപ്പാക്കുന്ന സംഘടിത തൊഴിൽ സംരംഭപരിപാടിയാണിത്. പത്ത് വനിതകളെങ്കിലും ഓരോ ഗ്രൂപ്പിലും ഉണ്ടായിരിക്കണം. യൂനിസെഫിൻെറ പ്രത്യേക സഹായം ഈ പദ്ധതിക്ക് ലഭ്യമാണ്. വളരെ ചുരുങ്ങിയ യൂണിറ്റുകൾ മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളു. സമാനചിന്താഗതിക്കാരായ വനിതകളെ സംഘടിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട്, നേതൃത്വത്തിൻെറ അഭാവം, മാനേജ്മെൻറ് വൈദഗ്ദ്ധ്യമില്ലായ്മ, ലാഭകരമായ സംഘടിതതൊഴിൽ സംരംഭങ്ങളുടെ അഭാവം, തൊഴിൽ വൈദഗ്ദ്ധ്യമില്ലായ്മ, മറ്റു തൊഴിലാളികളെ അപേക്ഷിച്ച് തുച്ഛവരുമാനം, യൂണിറ്റ് അംഗങ്ങൾക്കിടയിലെ സ്വരച്ചേർച്ചയില്ലായ്മ, ഔദ്യോഗിക തലത്തിലുള്ള മേൽനോട്ടത്തിൻെറയും സഹായത്തിൻെറയും അഭാവം, പ്രായോഗിക തലത്തിലുള്ള ഉപദേശരക്ഷാധികാര സമിതികളുടെ അഭാവം എന്നിവയെല്ലാം ഈ പദ്ധതിയുടെ പരാജയങ്ങൾക്ക് കാരണമാണ്.

ദശലക്ഷം കിണർ പദ്ധതി കൃഷിയോഗ്യമായ സ്ഥലമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ജലസേചനാവശ്യത്തിനായി കിണർ കുഴിക്കുന്നതിനുള്ള

പദ്ധതിയാണിത്. 30 സെൻറിൽ കുറയാത്ത ഭൂമിയുള്ള മറ്റു സമുദായത്തിൽ പെട്ടവർക്കും ഈ വർഷം മുതൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

ജലസേചനത്തിന് എന്നതിലുപരിയായി കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനാണ് പദ്ധതി ഉപയോഗിക്കുന്നത്. സമയബന്ധിതമായി കിണറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നില്ല. നിലവിലുള്ള നിരക്ക് നിർമ്മാണപ്രവർത്തനത്തിന്ന് തികച്ചും അപര്യാപ്തമാണ്.

ജവഹർ തൊഴിൽദാനപദ്ധതി : തൊഴിൽരഹിതരായ ഗ്രാമീണർക്ക് തൊഴിൽ നൽകുന്നതോടൊപ്പം സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ദാരിദ്ര്യനിർമ്മാർജ്ജനം ഇതിൻെറ ലക്ഷ്യമാണ്. 80% വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച് അവ നേരിട്ട് നടപ്പാക്കുകയാണ് ചെയ്യുന്നത്. ഓരോ വർഷവും 3.5 ലക്ഷം മുതൽ 5 ലക്ഷം വരെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നു. ഇതിൽ 22.5% പട്ടികജാതി കുടുംബങ്ങൾക്ക് നേരിട്ട് ഗുണംചെയ്യുന്നു. ഇടനിലക്കാരില്ലാതെ നേരിട്ട് ഗുണഭോക്താക്കളുടെ കമ്മിറ്റിയാണ് പരിപാടികൾ ഏറ്റെടുക്കുന്നത്.

### പോരായ്മകൾ

യഥാസമയം പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച് ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ കടുത്ത അലംഭാവം വളരെ പ്രകടമാണ്. യഥാസമയം ഫണ്ട് ചെലവാക്കാത്തത് കൊണ്ട് ഈ പദ്ധതിയിലെ പഞ്ചായത്തുകൾക്കുള്ള വിഹിതം ഗണ്യമായി ചുരുക്കുന്നു. പട്ടികജാതി വിഭാഗത്തിൻെറ പ്രവൃത്തികൾ കൃത്യമായി പൂർത്തീകരിക്കാറില്ല. ഇടനിലക്കാരില്ലെങ്കിലും ഫലത്തിൽ ഗുണഭോക്തൃകമ്മിറ്റികളെ നോക്കുകുത്തികളാക്കിക്കൊണ്ട് കരാറുകാരൻ കൺവീനറുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഇതുപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പലതും പ്രത്യുല്പാദനപരമല്ലാത്തവയാണ്. യഥാസമയം സാങ്കേതിക മേൽനോട്ടം ലഭിക്കാത്തത് പദ്ധതിയുടെ ഗുണമേന്മയെ ബാധിക്കുന്നു.

പെൻഷനുകൾ : വാർദ്ധക്യകാലപെൻഷൻ, ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരം പ്രസവശുശ്രൂഷാ സഹായം, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, തുടങ്ങിയ പെൻഷൻ പദ്ധതികൾ ഗ്രാമപഞ്ചായത്തിന് കൈമാറിയിരിക്കുന്നു എന്നറിഞ്ഞതിൽ ഗ്രാമീണർക്ക് പരക്കെ സന്തോഷത്തിന്ന് വക നൽകുന്നു.

വിവിധ പെൻഷനുകൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവരും ഒട്ടനവധിയാണ്. ഇവരുടെ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന നടപടികളെ കുറിച്ചുള്ള ഒരറിയിപ്പ് പോലും വർഷം ഒന്ന് കഴിഞ്ഞിട്ടും അവർക്ക് കൊടുക്കാൻ സാധിച്ചിട്ടില്ല എന്നത് ഖേദകരമായ കാര്യമാണ്. ധനസഹായത്തിന്ന് അപേക്ഷകരെ സഹായിക്കാൻ ബേങ്കുകൾ രംഗത്തു വരാത്തതും ഒട്ടേറെ പേരെ അലട്ടുന്ന പ്രശ്നമാണ്.

44000 ത്തോളം ജനസംഖ്യയുള്ള ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്തിൽ 2 ഗ്രാമവികസന ഉദ്യോഗസ്ഥർ മാത്രമേ സേവനമനുഷ്ഠിക്കുന്നുള്ളു. മുൻപ് 3 പേർ ഉണ്ടായിരുന്നത് വെട്ടിച്ചുരുക്കിയത് ഇവിടുത്തെ ഗുണഭോക്താക്കളെ വല്ലാതെ പ്രതികൂലമായി ബാധിക്കുന്നു. ഇനിയും രണ്ടുപേരെകൂടി നിയമിക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം.

സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്ത് മാർഗദർശനം നൽകിക്കൊണ്ട് നെടുംതൂണുകളായി മാറ്റേണ്ടതാണ് അംഗൻവാടികൾ. ഒരു പ്രദേശത്തിൻെറ സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രമായ പഠനം, ആരോഗ്യം മുതലായവ പൂർണ്ണ അർത്ഥത്തിൽ ഇന്ന് നടക്കുന്നത് അവയിലൂടെയാണ്. അതിനാൽ അംഗനവാടികൾക്ക് വികസനപ്രക്രിയയിൽ നിർണ്ണായമായ സ്ഥാനമുണ്ട്.

നമ്മുടെ പഞ്ചായത്തിലിന്ന് 33 അംഗനവാടികളാണ് ഉള്ളത്. താൽക്കാലിക ഷെഡ്ഡുകളിലും വാടകക്കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന പല അംഗനവാടികളും ഏതു സമയവും വീഴുന്ന അവസ്ഥയും സ്ഥലം കിട്ടാത്തത് മൂലം പൊളിച്ചുമാറ്റി പോകേണ്ട അവസ്ഥയുമുണ്ട്. പല വാർഡുകളിലും ഇതുമൂലം അംഗനവാടികളുടെ പ്രയോജനം വേണ്ട രീതിയിൽ ഉപയോഗപ്പെടുന്നില്ല. സ്ത്രീകളുമായി അംഗനവാടികൾക്കുള്ള ബന്ധം ഏറെ വലുതാണ്. പക്ഷേ നമ്മുടെ പഞ്ചായത്തിലെ 15% സ്ത്രീകൾ പോലും ഈ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നില്ല. അവരുടെ ആരോഗ്യപ്രശ്നങ്ങളും ശിശുപരിപാലനരീതികളും മറ്റും അംഗനവാടിക ക്ലാസ്സുകളിലൂടെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണ് ഇതിലൂടെ നഷ്ടപ്പെടുന്നത്. വനിതകൾക്ക് ഒന്നിച്ചുകൂടി തങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കഴിയുന്ന വേദികളാക്കി അംഗനവാടികളെ ഉയർത്തേണ്ടതുണ്ട്. അംഗനടികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഹിളാസംഘങ്ങൾ മിക്കവാറും നിർജ്ജീവങ്ങളാണം. പലതിനും ഇപ്പോഴും മഹിശംഘങ്ങൾ ഇല്ലാത്ത അവസ്ഥയുമുണ്ട്. ബോധവൽക്കര

ണത്തിലൂടെ മാത്രമേ ഇതിന് പ്രതിവിധി കാണാൻ പറ്റുകയുള്ളു. മഹിളാസംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനോന്മുഖമാക്കേണ്ടിയിരിക്കുന്നു. മഹിളാ സമാജത്തിലെ പ്രവർത്തകർക്കായി പുതിയ തൊഴില വസരങ്ങൾ സൃഷ്ടിച്ചാൽ ഇതിനു കഴിയുമെന്നാണ് ഗ്രാമസഭാചർച്ചകൾ നൽകുന്ന സൂചന.

പ്രശ്നങ്ങൾ

പദ്ധതി പ്രകാരം സഹായത്തിന് അർഹ രായവരുടെ പേരുകൾ സർവ്വെ ലിസ്റ്റിൽ ഇപ്പോഴും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ അവയുടെ ഉപയോഗം പൂർണ്ണമല്ല.

ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.

വീടുനിർമ്മാണത്തിനും, കക്കൂസ് നിർമ്മാണത്തി നുമുള്ള സംഖ്യ അപര്യാപ്തമാണ്.

തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിലെ ടുക്കാനുള്ള അവസരക്കുറവ്.

അംഗനവാടികൾക്ക് വേണ്ടത്ര സൗകര്യങ്ങളില്ല.

മഹിളാസംഘടനകളുടെ പ്രവർത്തനങ്ങൾ തീരെ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

ആനുകൂല്യങ്ങൾക്കർഹരായവരെ മുഴുവൻ പേരെയും കണ്ടെത്താനുള്ള സർവ്വെ നടത്തണം.

അംഗനവാടികൾക്ക് കെട്ടിടവും, മറ്റു പ്രാഥമിക സൗകര്യങ്ങളും അനുവദിക്കണം.

മഹിളാസംഘങ്ങളെയും പ്രസ്ഥാനങ്ങളെയും പ്രവർത്തനോന്മുഖരാക്കാൻ ബോധവൽക്കരണം നടത്തണം.

സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അപേക്ഷ നൽകുന്നവർക്ക് അതിന്മേലുള്ള തീരുമാനം എത്രയും പെട്ടെന്ന് ലഭ്യമാക്കണം.

60 വയസ്സു കഴിഞ്ഞവർക്ക് പ്രത്യേകിച്ച് സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്കുള്ള ധന സഹായം ഹരജിപ്പുറത്ത് ലഭ്യമാകണം.

ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികൾ അർഹരായവരിലെത്തിക്കാൻ വാർഡുതോറും സെമിനാറുകൾ സംഘടിപ്പിക്കണം.

അംഗനവാടികളെ ഒന്നുകൂടി മെച്ചപ്പെടുത്തി കളിക്കോപ്പുകൾ, ഊഞ്ഞാൽ, തൊട്ടിൽ, സൈക്കിൾ എന്നിവ നൽകാൻ പഞ്ചായത്തു മുഖേന സഹായങ്ങൾ ലഭ്യമാകണം.

നിലവിൽ അംഗൻവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക. ഇതിൽ ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്ന 65 കുടുംബങ്ങൾ താമസിക്കുന്ന കോട്ടക്കടപ്പുറം പുറങ്കര, 32 കുടുംബങ്ങൾ താമസിക്കുന്ന കോട്ടത്തുരുത്തി എന്നിവിടങ്ങളിൽ അടിയന്തരപ്രാധാന്യം നൽകി എത്രയും പെട്ടെന്ന് അംഗൻവാടികൾ സ്ഥാപിക്കണം.

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| ക്രമ നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | ഹൻറി ക്രാഫറ്റ് | 7 | 2 | 3 | 2 |
| 2 | വീവിങ്ങ് | 3 | – | 2 | 1 |
| 3 | ഡ്രൈവിങ്ങ് | 1 | 1 | – | – |
| 4 | പ്ലംബിങ്ങ് | 2 | 2 | – | – |
| 5 | കമ്പോസിങ്ങ് | 7 | 2 | – | 5 |
| 6 | ഫോട്ടോഗ്രാഫി | 3 | – | – | 3 |
| 7 | ടൈലറിങ്ങ് | 1 | 1 | – | – |
| 8 | നഴ്സറി | 3 | 3 | – | – |
| 9 | എംബ്രോയ്ഡറി | 1 | 1 | – | – |
| 10 | പേപ്പർകവർ | 9 | 6 | – | 3 |
| 11 | ടൈപ്പ് റൈറ്റിങ്ങ് | 1 | – | – | 1 |
| 12 | റെഡിമെയ്ഡ് | 5 | 5 | – | – |
| 13 | വയറിങ്ങ് | 1 | 1 | – | – |
| 14 | റേഡിയോ. ടി.വി. | 1 | – | 1 | – |
| 15 | കാർപൻററി | 1 | 1 | – | – |

## അംഗൻവാടികളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 1 | 4 | 3 | 2 | 1 | 2 | 4 | 3 | 1 | 2 | 2 | 3 | 2 | 2 |
| സ്വന്തം കെട്ടിടം | –1 | | 3 | | 1 | | | | 2 | 1 | 2 | 1 | | 1 | 2 |
| സ്വന്തം കെട്ടിടമില്ലാത്തവർ | 1 | 1 | 3 | | | | | 4 | | | | 1 | 3 | 1 | |

# സംസ്കാരം

**പഴയ** കുറുമ്പനാട് താലൂക്കിൻെറ ഭാഗമായിരുന്ന പയ്യോളിയുടെ സംസ്കാരിക പാരമ്പര്യം ഏറെ പ്രശസ്ത മാണ്.

ഇവിടെ നാനാജാതി മതസ്ഥർ ഇടകലർന്നു ജീവിക്കുന്നു. 40 വർഷങ്ങൾക്കു മുമ്പായി നടന്നിട്ടുള്ള ഒരു വർഗ്ഗീയ കലാപം ഏൽപ്പിച്ച ആഘാതത്തിൽ നിന്നും രക്ഷപ്പെട്ട പഞ്ചായത്തിലെ ജനത ഇന്ന് അങ്ങേയറ്റത്തെ മതസഹിഷ്ണുത പുലർത്തിപ്പോരുന്നു. ഓണത്തോടൊപ്പം വിഷുവും ഇന്ന് കേരളീയരുടെ ദേശീയ ആഘോ,ഷമായി മാറിയിരിക്കുന്നു. സരസ്വതീ പൂജ ഹിന്ദുക്കളുടെ ഒരു പ്രധാന ആഘോഷമായി കൊണ്ടാടപ്പെട്ടുവരുന്നു.

വടക്കെ മലബാറിലെ എണ്ണപ്പെട്ട ക്ഷേത്രങ്ങളിലൊന്നായ കിഴൂർ ശിവക്ഷേത്രം പയ്യോളി പഞ്ചായത്തിലെ പ്രസിദ്ധമായ ഒരു ഹിന്ദുക്ഷേത്രമാണ്. ഇവിടെ ആണ്ടുതോറും ഡിസംബർ മാസത്തിൽ അഞ്ചുദിവസത്തെ ഉത്സവം നടക്കാറുണ്ട്. ഉത്തര മലബാറിൻെറ നാനാഭാഗത്തുനിന്നും വിവിധ ജാതി മതസ്ഥരായ ആളുകളെ ആകർഷിക്കുന്നവയാണ് കിഴൂർ ശിവക്ഷേ ത്രത്തിലെ ഉത്സവം. ധനു പത്താം തീയതി ഏകദിന ഉത്സവം നടക്കുന്ന കളരിപ്പടി ക്ഷേത്രവും പഞ്ചായത്തിലെ പ്രധാന ആരാധനാലയമാണ്. പേ വിഷബാധയ്ക്ക് പ്രത്യൗഷധമായ ഒരു തരം പച്ചമരുന്ന്



← *മലബാറിലെ പ്രശസ്തമായ കീഴൂർശിവക്ഷേത്രം*

ഈ ക്ഷേത്രത്തിലെ കോട്ടയിൽ നിന്നും ലഭ്യമാണ്, എന്നു പറയപ്പെടുന്നു. പാരമ്പര്യകലാരൂപമായ തെയ്യം, തിറ എന്നിവ അവതരിപ്പിക്കപ്പെടുന്ന ഒട്ടനവധി ചെറു ക്ഷേത്രങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളി ലുണ്ട്. ധീവരസമുദായത്തിൻെറ പ്രധാന ആരാധനാല യമായ ശ്രീകുറുമ്പഭഗവതി ക്ഷേത്രം പയ്യോളി പട്ടണ ത്തിൽ നിന്നും ഒരു നാഴിക അകലെയായി കടലോ രത്ത് സ്ഥിതിചെയ്യുന്നു. അവിടുത്തെ ആഘോഷങ്ങളും പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളെ ആകർഷിക്കാറുണ്ട്.


മുസ്ലീങ്ങളുടെ ആഘോഷമായ പെരുന്നാളുകളും ഇവിടെ മതസഹിഷ്ണുതയ്ക്ക് ഉത്തമ മാതൃകയാണ്. സ്നേഹസമ്പന്നരും പരമാവധി ഐക്യം പുലർത്തി പോരുന്നവരുമാണ് ഇവിടെയുള്ള ജനത എന്നതിന് മുസ്ലീം പുണ്യദിനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഈദ് ദിനത്തിന് ഒരുക്കുന്ന പരിപാടികളും മറ്റും എല്ലാ വിഭാഗ ത്തിനും തുല്യ പ്രാധാന്യം നൽകുന്നവയാണ്.

പഞ്ചായത്തിലെ എണ്ണപ്പെട്ട മുസ്ലിം ദേവാലയം സ്ഥിതി ചെയ്യുന്നത് പയ്യോളി ടൗണിൽ നിന്നും ഒരു കിലോ മീറ്റർ വടക്കു മാറി നാഷണൽ ഹൈവേയുടെ സമീപമാണ്. മുസ്ലീങ്ങളുടെ ശ്മശാനവും ഈ ആരാധനലായത്തോടനുബന്ധിച്ചാണുള്ളത്. കേരളത്തിൽ പരക്കെ അറിയപ്പെട്ടിരുന്ന മുസ്ലീം മതപണ്ഡിതനായിരുന്ന അയനിക്കാട് ഇബ്രാഹിം മുസ്ല്യാർ ജീവിച്ചിരുന്നത് പയ്യോളി പഞ്ചായത്തിലായിരുന്നു.

പഞ്ചായത്തിലെ ജനസംഖ്യയിൽ ക്രിസ്ത്യീയ സമൂഹതം വിരളമാണെങ്കിലും ഒരു ക്രിസ്ത്യീയ ആരാധനാലയം പയ്യോളി ടൗണിൽ നിന്നും അരനാഴി തൊക്കുമാറി നാഷണൽ ഹൈവേയുടെ ഓരത്ത് നിലകൊള്ളുന്നു. ക്രിസ്ത്യൻ ദേവാലയത്തോടനുബന്ധിച്ച് സർവ്വമതസ്ഥർക്ക് ഒന്നുപോലെ സ്വീകാര്യമായ ഒരു സ്വകാര്യസ്കൂളും ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നുണ്ട്.

ഹൈന്ദവ സമൂഹത്തിൽ ഒട്ടനവധി ജാതികളായി ജനങ്ങൾ വേർതിരിഞ്ഞുനില്ക്കുന്നത് മറ്റെല്ലാ സ്ഥലങ്ങളിലെന്നപോലെ ഇവിടെയുമുണ്ട്.

നമ്പൂതിരി വിഭാഗത്തിൽ പെടുന്ന കുടുംബങ്ങൾ വളരെ വിരളമാണ്. പറയ തലമുറയിൽപെട്ട ആളുകൾ



→

*സേക്രഡ് ഹാർട്ട് ചർച്ച് മേലടി*

ഇപ്പോഴും പഴയ ജാതി സമ്പ്രദായങ്ങളിൽ വിശ്വസിക്കുന്നവരായുണ്ട്. ഒട്ടുമിക്ക ജാതികളിലും, ഭൂപരിഷ്ക്കരണ നിയമം പഴയ ജന്മിത്ത സമ്പ്രദായം ഇല്ലാതാക്കിയതോടുകൂടി സമ്പന്നരായിരുന്നു - പാട്ടം പിരിഞ്ഞു കിട്ടാനുണ്ടായിരുന്ന - ഉന്നതകുല ജാതർ ഇടത്തരക്കാരോ ദരിദ്രരോ ആയി മാറിയ കേരളീയാവസ്ഥ ഈ പഞ്ചായത്തിലും ചെറിയ തോതിലെങ്കിലും ബാധിച്ചിട്ടുണ്ട്. ഗൾഫ് മേഖലകളിലേക്കുള്ള ജനങ്ങളുടെ പ്രവാഹവും ഉദ്യോഗത്തിന് ഏർപ്പെടുത്തിയിരുന്ന സംവരണവും ആധുനിക വിദ്യാഭ്യാസവും മറ്റും താഴ്ന്ന ജാതിക്കാരെ ഒരു പരിധിവരെ സാമ്പത്തികമായി ഉയർന്ന നിലയിലേക്കു കൊണ്ടുവന്നിട്ടുണ്ട്. അയിത്തം തുടങ്ങിയ അനാചാരങ്ങളിൽ അന്ധമായി വിശ്വസിച്ചിരുന്ന വിവിധ ജാതിയിൽപ്പെട്ട ജനങ്ങൾ വിദ്യാഭ്യാസം നേടിയതിൻെറയും സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മുക്തരായിരിക്കുന്നു.

22-34 വിസ്തീർണ്ണതയിലുള്ള പഞ്ചായത്തിൽ വളരെയേറെ സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഒൻപത് വായനശാലകൾ പ്രവർത്തിച്ചു വരുന്നു. പത്തു വർഷത്തെ വായനശാലകളുടെ പ്രവർത്തനം അവലോകനം ചെയ്താൽ വായനശാല / ലൈബ്രറികളുടെ പ്രവർത്തനത്തിൽ മാന്ദ്യം അനുഭവപ്പെടുന്നതായി കാണാം. പുത്തൻ ടി.വി. സാംസ്കാരം ജനങ്ങളുടെ വായനാശീലത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മെച്ചപ്പെട്ട ഗുണനിലവാരമുള്ള പുസ്തകങ്ങളാണ് ഈ ലൈബ്രറികളിലൂടെ വിതരണം ചെയ്യപ്പെടുന്നതെങ്കിലും വിദ്യാസമ്പന്നരായ ആളുകളാണ് അവ അധികവും ഉപയോഗപ്പെടുത്തുന്നത്. സമീപകാലങ്ങളിലുണ്ടായികൊണ്ടിരിക്കുന്ന പുസ്തകങ്ങളുടെ അമിതമായ വിലവർദ്ധനവും ജനങ്ങളുടെ വായനാശീലം ഹനിപ്പിക്കുന്നതിനും കാരണായിത്തീരുന്നു. ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചതിൻെറയും സാമൂഹികമായ ബോധവൽക്കരണത്തിൻെറയും ഫലമായി വനിതകളുടെ വായനശീലത്തിലും വലിയൊരളവോളം മാറ്റം വന്നിട്ടുണ്ട്. മനോരമ, മംഗളം തുടങ്ങിയ ആനുകാലികങ്ങളുടെ സ്വാധീനം ഏറ്റവും കൂടുതൽ കാണപ്പെടുന്നതും വനിതകളിലാണ്.

മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരളകൗമുദി, മാധ്യമം, മംഗളം, ചന്ദ്രിക തുടങ്ങിയ പത്രങ്ങൾ പഞ്ചായത്തിനകത്ത് പ്രചാരത്തിലുണ്ട്. അവയോടൊപ്പം ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നീ ഇംഗ്ലീഷ് പത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്.

40-ൽ പരം കലാ-സാംസ്കാരിക-കായിക സംഘടനകൾ പഞ്ചായത്തിനകത്ത് പ്രവർത്തിച്ചുവരുന്നു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഒട്ടനവധി എണ്ണം അക്കൂട്ടത്തിലുണ്ട്. ജനശ്രദ്ധയാകർഷിക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ സാംസ്കാരിക നിലവാരമുയർത്തുന്നതിനു അവ സഹായകമാകുന്നു. നർത്തനകലാലയം, രംഗഭാഷ, ഗുരു എൻറർടെയിനേഴ്സ്, എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ നാടകവേദികൾ ആണ്. നൃത്തകലയ്ക്ക് പുതിയ മാനങ്ങൾ തേടിക്കൊണ്ടിരിക്കുന്ന അയനിക്കാട് നർത്തന കലാലയം പഞ്ചായത്തിനകത്തും പുറത്തും ജനങ്ങളുടെ അംഗീകാരം നേടിക്കൊണ്ടിരിക്കുയാണ്. കലാസാംസ്കാരികപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ സാംസ്കാരിക രംഗത്ത് വനിതകളോടുള്ള അവഹേളനത്തിന് കാരണമായിത്തീരുന്നു. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ടി.വി. സ്വാധീനം ഒരു പുത്തൻ ഉപഭോഗം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന. ജനങ്ങളുടെ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ വായനാസമയത്തിൻെറ വലിയൊരു പങ്കും ടി.വി. പരിപാടികൾ അപഹരിക്കുന്നു. പഞ്ചായത്തിലെ 80% ജനങ്ങളും ടി.വി.യുടെ മായിക സ്വാധീനത്തിന് വിധേയരാകുന്നു. എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാവുന്നത്ര കേബിൾ നെറ്റ് വർക്ക് മാത്രമേ പഞ്ചായത്തിനകത്ത് ഇന്ന് നിലവിലുള്ളു. പഞ്ചായത്തിൻെറ രണ്ട് ഭാഗങ്ങളിലായി രണ്ട് സിനിമാശാലകളും പ്രവർത്തിച്ചുവരുന്നു.

സാംസ്കാരിക രംഗത്തുളവായിക്കൊണ്ടിരിക്കുന്ന ജീർണ്ണതയ്ക്ക് മറ്റൊരു പ്രധാന കാരണം മദ്യത്തിൻെറയും മയക്കു മരുന്നുകളുടെയും ഉപയോഗമാണ്. മുമ്പെന്നെത്തെക്കാളും ഇത് ഇന്ന് നാടിനെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇന്ന് മദ്യവിരുദ്ധ സമിതികളും മദ്യനിരോധന സമിതികളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

വിവിധ വാർഡുകളിലായി സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന വായനശാലകൾ പലതും സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടവയ്ക്ക് നാമമാത്രമായ ഗ്രാൻറ് ലഭിക്കുന്നുണ്ടെങ്കിലും മറ്റുള്ളവ ഉപഭോക്താക്കളിൽ നിന്നു ലഭിക്കുന്ന നിസ്സാരമായ വരുമാനം കൊണ്ട് മാത്രം

നിലനിന്നുവരികയാണ്. സ്വന്തമായ കെട്ടിടങ്ങളില്ലായ്മ ഇവയെ ശ്വാസം മുട്ടിക്കുന്നു. പുസ്തകങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് പുതിയ പുസ്തകങ്ങൾ ശേഖരിക്കുന്നതിന് തടസ്സമാവുകയും ഇലക്ട്രോണിക് മാധ്യമങ്ങളുടെ തള്ളിക്കയറ്റം വായനാശീലത്തിൽ മാന്ദ്യവും സൃഷ്ടിച്ചിരിക്കുന്നു എന്നത് വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും ശരിയായ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

ധനിക - ദരിദ്ര ഭേദമെന്യേ വിവാഹം ഇന്ന് വളരെ ആർഭാടപൂർവ്വം നടത്തപ്പെടുന്നു. കാണം വിറ്റും ഓണം ഉണ്ണണം എന്ന ചൊല്ല് ഇന്ന് വിവാഹങ്ങൾക്കാണ് അനുയോജ്യമായിത്തീരുക, എന്നത് അതിശയോക്തിയല്ല. ദരിദ്രമേഖലയിലുള്ളവരും ഇടത്തരം സാമ്പത്തിക വരുമാനമുള്ളവരുമാണ് കെങ്കേമമായി വിവാഹം നടത്തപ്പെടുന്നത് എന്നത് ഒരു പ്രത്യേകതയാണ്. ഏതാണ്ട് ഒരാഴ്ചക്കാലത്തെ ഒരു ഉത്സവം തന്നെയായി പല വിവാഹങ്ങളും മാറാറുണ്ട്.

കലാസമിതികളുടെ പ്രവർത്തനങ്ങൾ വാർഷികാഘോഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നുണ്ടെങ്കിലും അവയിൽ പലതും സാംസ്കാരിക രംഗത്തെ മറ്റു പല രംഗങ്ങളിൽ അതീവശ്രദ്ധയും ജാഗ്രതയും പുലർത്തിപ്പോരുന്നുണ്ട്. തിറയുത്സവങ്ങളിലും മറ്റും ഒരനുഷ്ഠാനമായി മാത്രം നടത്തിവരുന്ന തനത് കലാരൂപങ്ങൾ പ്രോത്സാഹിക്കപ്പെടുന്നില്ല. പാരമ്പര്യ കലാരൂപങ്ങളായ തെയ്യക്കോലങ്ങൾ വരും തമുറയ്ക്ക് അപ്രാപ്യമായ വിധത്തിൽ ശോഷിച്ചു പോവുകയാണ്. ചെണ്ട വാദ്യങ്ങൾ ഒരു സമൂഹത്തിൻെറ കുലത്തൊഴിലായിരുന്നു പണ്ട്, എങ്കിൽ ഇന്ന് യുവാക്കളിൽ പലരും വാദ്യസംഗീതം ഒരു കലാരൂപം എന്ന നിലയ്ക്കു പഠിച്ചു വരുന്നുണ്ട്. കളമെഴുത്ത്, മാറ്റൽ, ബലിക്കള തുടങ്ങിയ പഴയ അനാചാരങ്ങൾ വിരലിലെണ്ണാവുന്ന ആളുകളെ ഇന്നും സ്വാധീനിക്കുന്നുണ്ട് നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന മനുവാക്യത്തിന് ഇന്നു പ്രസക്തിയില്ലെങ്കിലും സാമൂഹികരംഗത്ത് പുരുഷനൊപ്പം തുല്യത ഇനിയും സ്ത്രീക്ക് ഉണ്ടായിട്ടില്ല, എന്നതും മദ്യത്തിൻേറയും മയക്കുമരുന്നിൻെറയും ഉപയോഗവും സ്ത്രീകളോടുള്ള സമീപനത്തിൽ പഴയതിൽ നിന്നും ഏറെയൊന്നും വ്യത്യാസം വന്നിട്ടില്ലാ എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### സാധ്യതകൾ

വിവിധാ വാർഡുകളിലായി പ്രവർത്തിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനം ഏകോപിപ്പിക്കണം. പഞ്ചായത്ത് തലത്തിലുള്ള ഒരു കേന്ദ്രലൈബ്രറിയുടെ കീഴിലായിരിക്കണം വാർഡുതലത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ. ജനങ്ങളുടെ അഭിരുചിക്കൊത്ത വിധത്തിൽ നല്ല പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വിതരണം ചെയ്യപ്പെടണം. വായനശീലം വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ, കലാപരിപാടികളുൾപ്പെടെ വായനശാലകളുടേയും ലൈബ്രറികളുടേയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടണം. സഞ്ചരിക്കുന്ന ലൈബ്രറി, പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കപ്പെടാവുന്നതാണ്. വനിതകളെ ഉൾപ്പെടുത്തി ഗ്രാമീണ പുസ്തകവിതരണപരിപാടി സംഘടിപ്പിക്കപ്പെടാവുന്നതാണ്.

പ്രാദേശികമായി നടത്തപ്പെടുന്ന ഉത്സവങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ, ജനങ്ങളെ ആകർഷിക്കത്തക്കവിധത്തിൽ നടത്തപ്പെടണം. അവ ജനങ്ങളുടെ സാംസ്കാരികബോധം ഉയർത്തത്തക്ക വിധത്തിലുള്ള പരിപാടികളോടെ സംഘടിപ്പിക്കപ്പെടണം.

കലാസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രകലാസമിതി രൂപീകരിച്ച് അതിനു കീഴിൽ വാർഡുതലങ്ങളിൽ പ്രവർത്തിച്ച് വരുന്ന കലാസമിതികളെ പ്രവർത്തിപ്പിക്കണം. സാംസ്കാരിക മുന്നേറ്റമാവണം കലാസമിതികളുടെ ലക്ഷ്യം.

വിനോദ സഞ്ചാരകേന്ദ്രമായ കോട്ടക്കലിൽ ചരിത്രപുരുഷനായ കുഞ്ഞാലിമരയ്ക്കാരുടെ സ്മാരകം കേന്ദ്രമാക്കി ഒരു ചരിത്രമ്യൂസിയം സ്ഥാപിക്കണം. വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കത്തക്കവിധത്തിൽ സ്മാരകം നവീകരിക്കണം. മരയ്ക്കാരുടെ ജന്മദിനത്തിലോ ചരമദിനത്തിലോ അദ്ദേഹത്തിൻെറ സ്മരണ നിലനിർത്തുന്നതും ജനങ്ങളുടെ ദേശാഭിമാനസാംസ്കാരിക ബോധം ഉയർത്തുന്ന രീതിയിൽ കലാപരിപാടികളും സംഘടിപ്പിക്കപ്പെടാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെടുന്ന കേന്ദ്ര കലാസമിതി ഒരു വാർഷിക സാംസ്കാരിക കലണ്ടർ തയ്യാറാക്കി മറ്റു കലാസമിതികൾക്ക് നൽകേണ്ടതാണ്. അതനുസരിച്ച് ഓരോ വർഷവും സാംസ്കാരിക മൂല്യത്തിന് ഊന്നൽ നൽകിയുള്ള പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുന്നതാണ്.

പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കേണ്ടിയിരിക്കുന്നു. നല്ല കലാമൂല്യമുള്ളതും ജീവിതഗന്ധിയുമായ സിനിമകളിലേക്ക് ജനശ്രദ്ധ ആകർഷിക്കുവാൻ ഇത്തരം സൊസൈറ്റികൾക്ക്

സാധിക്കും. അതോടനുബന്ധിച്ച് ഒരു വീഡിയോ ക്ലബ്ബ് രൂപീകരിച്ചാൽ ഉന്നതമൂല്യമുള്ള മറ്റു പരിപാടികൾ പൊതുവേദിയിൽ അവതരിപ്പിക്കപ്പെടാവുന്നതാണ്.

കലാരംഗത്തെന്നപോലെ സാഹിത്യരംഗത്തും മത്സരങ്ങൾ നടത്തി ജനതയുടെ സർഗവാസന പ്രോത്സാഹിപ്പിക്കുവാൻ കഴിയണം. പഞ്ചായത്തു തലത്തിൽ അതിനു നേതൃത്വം നൽകപ്പെടണം.

അനാചാരങ്ങൾക്കെതിരെയും വിവാഹധൂർത്തുകൾക്കെതിരെയും ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സാംസ്കാരികസംഘടനകൾക്ക് സ്ഥിരം സംവിധാനമുണ്ടാവണം.

നാനാത്വത്തിൽ ഏകത്വം എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ശ്രീനാരായണഗുരുവിൻെറ വചനങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്ന വിധത്തിൽ മതങ്ങൾ തമ്മിൽ അതീവസൗഹാർദ്ദം നിലനിൽക്കത്തക്ക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയണം. അതോടൊപ്പം എല്ലാ മതവിഭാഗങ്ങളിലുമുള്ള തനതു കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകാനും കഴിയണം.

## സ്പോർട്സ്

ലോകകായികഭൂപടത്തിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തിയ ഇന്ത്യയുടെ എക്കാലത്തേയും മികച്ച അത്ലറ്റ് കായികറാണി പി.ടി. ഉഷ പയ്യോളിക്കാരിയാണെന്നത് നമുക്ക് അഭിമാനത്തോടെ ഓർക്കാം. കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ നാം എപ്പോഴും മുൻപന്തിയിൽ ആയിരുന്നു. വോളിബോളിൻെറ ഈറ്റില്ലമെന്നറിയപ്പെടുന്ന വടകരയിലെ പഴയ ഗ്ലാമർ ടീമായ മലബാർ ജിംഖാനയുടെ പല കളിക്കാരെയും സംഭാവനചെയ്തത് നമ്മളായിരുന്നു. ഇന്ത്യൻ താരം ഇരിങ്ങൽ പപ്പൻ, 'ഇടിമിന്നൽ' എന്നറിയപ്പെടുന്ന കോട്ടത്താഴ രാഘവൻ, എ.കെ. മുകുന്ദൻ തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. ജില്ലാ ലീഗ് മത്സരങ്ങളിൽ ചാമ്പ്യൻമാരായ നമ്മുടെ പഞ്ചായത്തിലെ ഇരിങ്ങൽ ജവർ വോളീബോൾ ടീം പ്രശസ്തമാണ്. സംസ്ഥാനതാരം സുർജിത്, ഇപ്പോൾ ഇന്ത്യൻ ടീമിൽ കളിച്ചുകൊണ്ടിരിക്കുന്ന പ്രേംചിത് എന്നിവർ അവരുടെ സംഭാവനയാണ്.

ക്രിക്കറ്റ് ജ്വരം ഇന്ന് കായികരംഗത്ത് മറ്റുമേഖലകളിൽ പൊതുവെ ഒരു മുരടിപ്പിനു കാരണമായിട്ടുണ്ട്. ക്രിക്കറ്റിനോടുള്ള യുവതലമുറയുടെ അമിതാവേശം കായികരംഗത്ത് മറ്റു മേഖലകളോട് അവർക്ക് തീരെ താല്പര്യമില്ലാതാക്കിയിട്ടുണ്ട്. പുതിയ തലമുറയെ സ്പോർട്സ് രംഗത്തേക്ക് കൂടുതൽ ഊർജ്ജസ്വലമായി രംഗത്തിറക്കാൻ വേണ്ടി പുതിയ കർമ്മപദ്ധതികൾക്ക് നാം രൂപം നൽകേണ്ടിയിരിക്കുന്നു.

എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു കളിസ്ഥലം കായികരംഗത്തിൻെറ വളർച്ചയ്ക്ക് വളരെ അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച ഏറ്റവും വലിയ പ്രശ്നം കളിസ്ഥലമില്ല എന്നതാണ്. നമ്മുടെ പഞ്ചായത്ത് സ്പോർട്സ് മേളകൾപോലും അയൽപഞ്ചായത്തിലെ ഗ്രൗണ്ടിൽവെച്ച് നടത്തേണ്ടുന്ന സ്ഥിതിയാണിന്ന്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലൊന്നും തന്നെ വേണ്ട രീതിയിലുള്ള കളിസ്ഥലങ്ങൾ ഇല്ല എന്നത് ശ്രദ്ധേയമാണ്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഇരിങ്ങൽ, പയ്യോളി വില്ലേജുകളിൽ ഓരോ കളിസ്ഥലങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിക്കണം.
2. എല്ലാ വിദ്യാലയങ്ങളിലും നിർബ്ബന്ധമായും കളിസ്ഥലങ്ങൾ നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
3. കായികപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക.
4. എൽ. പി. , യു. പി. സ്കൂളുകളിലും കായികാദ്ധ്യാപകരുടെ നിയമനം നടത്തുക.
5. പഞ്ചായത്ത് കായികമേളയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമതയോടെയാക്കുക.

# വനിതാക്ഷേമം

**പയ്യോളി** പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 43994 ആണ്. ഇതിൽ 17409 സ്ത്രീകളും 9451 കുട്ടികളുമാണുള്ളത്. പുരുഷന്മാരേക്കാൾ ജനസംഖ്യയിൽ സ്ത്രീകൾക്ക് നേരിയ വർദ്ധനവാണുള്ളത്. സ്ത്രീകളിൽ 80% വിദ്യാസമ്പന്നരാണെങ്കിലും സാമൂഹ്യപദവിയിൽ ഇവർ പിന്നോക്കം നിൽക്കുന്നു. ആരോഗ്യരംഗത്ത് സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നോക്കാവസ്ഥയിലാണ്. വിദ്യാലയങ്ങളിൽ പെൺകുട്ടികളാണ് കൂടുതലെങ്കിലും ഉപരിപഠനരംഗത്ത് ഇവർ പിന്നോക്കമാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ശുശ്രൂഷയ്ക്കെത്തുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ജനസംഖ്യാനുപാതം നോക്കുകയാണെങ്കിൽ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. നിലവിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിഭാഗവും കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലയിലാണ്. കൂലിവ്യവസ്ഥയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി വളരെ കുറവാണ്. പഞ്ചായത്തിൽ ഏകീകരിക്കപ്പെട്ട കൂലിവ്യവസ്ഥ നിലവിലില്ല. കാർഷികമേഖല തകർന്നതിനാലും പരമ്പരാഗതവ്യവസായങ്ങൾക്കുള്ള അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമല്ലാത്തതിനാലും വിപണനസൗകര്യമില്ലാത്തതിനാലും ഈ മേഖലയിലെ തൊഴിലാളികൾ മറ്റു നിർമ്മാണ മേഖലകളിലേക്ക് മാറിപ്പോകുന്നു.

> "സ്നേഹമൂർത്തിയായ സ്ത്രീ അഹിംസയുടെ അവതാരമാണ് ......"
>
> "പുരുഷന്റെ ധിക്കാരത്തെക്കാൾ ശക്തിയുണ്ട് സ്ത്രീയുടെ ഉൾക്കാഴ്ചയ്ക്ക് ......."
>
> "സ്ത്രീയും പുരുഷനും തമ്മിൽ ഒരു പ്രശ്നത്തിലും അഭിപ്രായവ്യത്യാസമുണ്ടാകരുത് അവരൊന്നാണ് ........"
>
> "സ്ത്രീയും പുരുഷനും തമ്മിലുള്ള പരസ്പര വിശ്വാസത്തിലാണ് മനുഷ്യജീവിതം സുഖകരമാകുന്നത് ......"

വിധവാപെൻഷന് അർഹരായ ധാരാളം സ്ത്രീകൾ പഞ്ചായത്തിലുണ്ട്. അപേക്ഷ നൽകി കാത്തിരിക്കുന്ന ര ണ്ട്. പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്നവർക്കു ത റ കൃത്യമായും ലഭിക്കാതെ മാസങ്ങളോളം കുടിശ്ശിക ഉണ്ടാവാറുണ്ട്. 33 അംഗനവാടികൾ പഞ്ചായത്തിലുണ്ടെങ്കിലും മിക്കവാറും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കാലോചിതമായ പരിശീലനം അംഗനവാടി ടീച്ചർമാർക്ക് ലഭിക്കുന്നില്ല. അംഗനവാടികളുടെ പ്രവർത്തനത്തിൽ മേലധികാരികളുടെ ശ്രദ്ധക്കുറവുണ്ട്.

അംഗനവാടികളുമായി ബന്ധപ്പെട്ട് 152 ഗർഭിണികൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്നുണ്ട്. 136 മുലയൂട്ടുന്ന അമ്മമാരുമുണ്ട്.

പഞ്ചായത്തിൽ അഞ്ച് യൂനിറ്റുകൾ നിലവിലുണ്ട്. ഇതിൽ രണ്ട് യൂനിറ്റുകൾ പൂർണ്ണമായും മൂന്ന് യൂനിറ്റുകൾ ഭാഗികമായും പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട വനിതാവ്യവസായ യൂനിറ്റുകൾ പഞ്ചായത്തിലുണ്ടെങ്കിലും ഇതിലൊന്നു മാത്രമേ നല്ല നിലയിൽ പ്രവർത്തിക്കുന്നുള്ളു.

വനിതകൾ നേതൃത്വം നൽകുന്ന സന്നദ്ധസംഘടനകൾ ഉണ്ടെങ്കിലും ബഹുജനസംഘടനകളുടെ നേതൃത്വത്തിലിരിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സാമൂഹ്യവികസന പ്രക്രിയയിൽ സ്ത്രീകളെ അവഗണിക്കുന്ന സ്ഥിതി സമൂഹത്തിൽ പൊതുവെ നിലനിൽക്കുന്നതുകൊണ്ട് അവർ പൊതുരംഗത്തേക്ക് കടന്നുവരുന്നില്ല. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്ത്രീധനത്തിന്റെ പേരിൽ പീഠനം അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവാണ്. സ്ത്രീകളോടുള്ള അക്രമം കുറവാണെങ്കിലും ഇതു പൂർണ്ണമായി ഇല്ലാതാക്കുവാൻ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം.

### പ്രശ്നങ്ങൾ

1. 17409 സ്ത്രീകൾ പഞ്ചായത്തിലുണ്ടെങ്കിലും 3000 സ്ത്രീകൾ മാത്രമേ തൊഴിൽ മേഖലയിൽ ഉള്ളൂ. അതു തന്നെ ഭാഗികമാണ്.

2. കൂലിവ്യവസ്ഥയിൽ പുരുഷ-സ്ത്രീ വിവേചനം നിലവിലുണ്ട്.

3. ഭൂരിഭാഗവും സ്ത്രീകൾ ജോലി ചെയ്യുന്ന മേഖലകൾ പോലും സ്ത്രീകളുടെ നിയന്ത്രണത്തിലല്ല.

4. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.

5. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്.

6. സ്ത്രീ പീഡനം താരതമ്യേന കുറവാണ്.

7. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യക്കുറവുണ്ട്.

8. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.

9. വനിതകൾക്ക് ജനസംഖ്യാനുപാതമായ പ്രാതിനിധ്യം ഒരു രംഗത്തും ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും ഓരോ മഹിളാസമാജവും ഓരോ സഹകരണ സ്ഥാപനവും രജിസ്റ്റർ ചെയ്യണം.

2. പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാക്കുമ്പോൾ സ്ത്രീകൾക്ക് മുൻഗണന കൊടുക്കണം.

3. കൈത്തറി മേഖലയിൽ സ്ത്രീകൾക്കായി പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ പരിശീലനം നൽകണം.

4. ചകിരി വ്യവസായത്തെ വികസിപ്പിക്കാൻ ചകിരി പിരിക്കുന്ന വീടുകളിൽ യന്ത്രങ്ങൾ നൽകണം.

5. പഞ്ചായത്തിൽ ഒരു റെഡിമെയ്ഡ് നിർമ്മാണശാലയും പരിശീലനകേന്ദ്രവും ഉണ്ടാക്കണം.

6. തീരദേശത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ധാരാളമുണ്ട്. അവിടെയുള്ള സ്ത്രീകൾക്ക് വല നിർമ്മാണയൂനിറ്റും പരിശീലനവും നൽകണം.

7. സ്ത്രീകൾക്കായി പഞ്ചായത്തിൽ ഒരു പ്ലാസ്റ്റിക് നിർമ്മാണ കേന്ദ്രം വേണം.

8. സോഡാ വ്യവസായയൂനിറ്റ് സ്ത്രീകൾക്കായി വേണം.

9. അവിൽ നിർമ്മാണത്തിന് ചെറുകിട ഫാക്ടറി വേണം.

10. പഞ്ചായത്തിൽ സ്ത്രീകൾക്കായി ഒരു ചെരുപ്പ് നിർമ്മാണ യൂനിറ്റ് വേണം.

11. തീരദേശത്ത് ചെമ്മീൻ പീലിംഗ് ഫാക്ടറി നിർമ്മിച്ച് കൂടുതൽ സ്ത്രീകൾക്ക് ജോലി നൽകണം.

12. പഞ്ചായത്തിൽ ഒരു കേന്ദ്രത്തിൽ സ്ത്രീകൾക്ക് മത്സ്യസംസ്കരണയൂണിറ്റ് സ്ഥാപിച്ച് പരിശീലനം നൽകുക.

13. ഒരു പലഹാരനിർമ്മാണയൂനിറ്റ് സ്ഥാപിക്കുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുകയും സ്ത്രീകളെ ചുമതലപ്പെടുത്തുകയും വേണം.

14. മുളകുപൊടി, അച്ചാർപൊടി തുടങ്ങിയവ നിർമ്മിക്കാനാവശ്യമുള്ള ഒരു ചെറുകിട മിൽ സ്ഥാപിച്ച് സ്ത്രീകളെ ഉത്തരവാദിത്വം ഏൽപ്പിക്കുക.

15. പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലും ഓരോ മാവേലിസ്റ്റോറുകൾ വീതം സ്ഥാപിക്കുകയും ഭക്ഷ്യസാധനങ്ങൾ പേക്കിങ്ങിനായി സ്ത്രീകളെ ചുമതലപ്പെടുത്തുകയും വേണം.

16. കുടുംബനാഥന്മാരിൽ 25% സ്ത്രീകളാണ്. ഇവർക്കു വരുമാന പരിധി നിശ്ചയിച്ച് ആനുകൂല്യവും പ്രത്യേക പരിഗണനയും നൽകുക.

17. സാമൂഹ്യരാഷ്ട്രീയ സന്നദ്ധ സംഘടനകളിൽ സ്ത്രീകൾക്ക് നേതൃത്വപദവി നിശ്ചയിക്കുക.

18. സ്ത്രീ പുരുഷ മേഖലയിലെ സമത്വബോധം വളർത്താനുപകരിക്കുന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ വേണം.

19. തീരപ്രദേശത്ത് താമസിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും തുടർച്ചയായ ആരോഗ്യ പഠന ക്ലാസ്സുകൾ ബന്ധപ്പെട്ട അധികാരികൾ നടത്തിക്കൊണ്ടിരിക്കണം.

20. അംഗനവാടികളുടെ പ്രവർത്തനം ശക്തമാക്കാനുള്ള നീക്കം അധികൃതരുടെ ഭാഗത്തുനിന്നുണ്ടാവണം.

21. അംഗനവാടികൾ കേന്ദ്രമാക്കി അമ്മമാർക്കും കുട്ടികൾക്കും, ഗർഭിണികൾക്കും കൂടുതൽ പോഷകാഹാരം വിതരണം ചെയ്യുക

22. യിൽ നിർബന്ധമായും സ്ത്രീരോഗവിദഗ്ധർ ഉണ്ടാവണം.

23. ജനസംഖ്യാനുപാതികമായി ഫാമിലി സബ് സെൻററുകൾ സ്ഥാപിക്കണം.

24. സ്ത്രീകൾക്ക് അനുസൃതമായ തൊഴിൽ പരിശീലനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

25. പട്ടികജാതി വിഭാഗത്തിൽ പെട്ട സ്ത്രീകളുടെ പ്രധാന തൊഴിലാണ് പായ നെയ്ത്ത്. കൈതോല നശിപ്പിക്കുന്നത് കാരണം ഈ മേഖല വളരെയേറെ പ്രതിസന്ധിയിലാണ്. ആയതിനാൽ ഇത് നിയമം മൂലം തടയണം.

26. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി മൂത്രപ്പുരകൾ സ്ഥാപിക്കണം.

27 വിധവാ പെൻഷൻ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുകയും വിധവകൾക്കും നിരാലംബകൾക്കും തൊഴിൽ മേഖലയിൽ മുൻതൂക്കം കൊടുക്കുക.

28. 55 വയസ്സിന് മേൽ പ്രായമുള്ള സത്രീകൾക്കും വീട്ടിലിരുന്ന് ജോലി ചെയ്യാൻ പറ്റാവുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക.

29. സ്ത്രീകൾക്കു അടുക്കള തോട്ടങ്ങൾ ഉണ്ടാക്കാൻ പറ്റാവുന്ന രീതിയിലുള്ള വിത്തും വളവും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

30. വീടുകളിൽ കോഴി, ആടുമാടുകളെ വളർത്തുവാനുള്ള സാമ്പത്തീക സഹായം സ്ത്രീകൾക്ക് നൽകുക.

31സ്ത്രീധന സമ്പ്രദായം നിയമം മൂലം നിരോധിച്ചുവെങ്കിലും പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്നു. ഇത് കർശനമായി നിരോധിക്കണം

32. ട്രൈസം പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള പരിധി ഒഴിവാക്കി കൂടുതൽ സ്ത്രീകൾക്ക് ഉപകരിക്കാവുന്നതാക്കി മാറ്റുക.

33. പൂർണ്ണമദ്യ നിരോധനം ഏർപ്പെടുത്തുക.

## പ്രകാരം ആരംഭിച്ച തൊഴിൽ സാരംഭങ്ങൾ:-

| ക്രമ നമ്പർ | വാർഡ് | തൊഴിൽ സംരംഭം ഇനം | ആരംഭിച്ച വർഷം | അംഗങ്ങളുടെഎണ്ണം | പ്രവർത്ത നക്ഷമത |
|---|---|---|---|---|---|
| 1 | 2 | കരിങ്കല്ലൊടക്കൽ | 89-90 | 10 | ഭാഗികമായി മാത്രം |
| 2 | 4 | പശുവളർത്തൽ | 91-92 | 4 | " |
| 3 | 7 | പശുവളർത്തൽ | 91-92 | 10 | " |
| 4 | 9 | കയർ നിർമ്മാണം | 93-94 | 10 | തൃപ്തികരം |
| 5 | 11 | റെഡിമെയ്ഡ് നിർമ്മാണം | 92-93 | 10 | തൃപ്തികരം |

# സഹകരണ മേഖല

**പയ്യോളി** പഞ്ചായത്തിൽ 29 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പല മേഖല സംഘങ്ങളുടെയും പ്രവർത്തനം ഫലപ്രദമല്ല.

സഹകരണസംഘങ്ങളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പയ്യോളി കോ-ഓപ്പറേറ്റീവ് അർബൻബേങ്ക്
2. പയ്യോളി സർവ്വീസ് സഹകരണബേങ്ക്
3. ഇരിങ്ങൽ സർവ്വീസ് സഹകരണബേങ്ക്
4. ഇരിങ്ങൽ കയർ വ്യവസായ സഹകരണസംഘം
5. കോട്ടക്കൽ കയർ വ്യവസായ സഹകരണസംഘം
6. മൂരാട് കയർ വ്യവസായ സഹകരണസംഘം
7. മേലടി കയർ വ്യവസായ സഹകരണസംഘം
8. ഇരിങ്ങൽ ക്ഷീരോല്പാദക സഹകരണസംഘം
9. കൊളാവിനട ക്ഷീരോല്പാദക സഹകണസംഘം
10. കിഴൂർ ക്ഷീരോല്പാദക സഹകരണസംഘം
11. ഹരിജൻ സഹകരണസംഘം - ഇരിങ്ങൽ
12. കിഴൂർ പട്ടികജാതി സഹകരണസംഘം
13. പുതുപ്പണം നെയ്ത്ത് സഹകരണസംഘം - മൂരാട്
14. തിക്കോടി നെയ്ത്ത് സഹകരണസംഘം -മേലടി
15. അയനിക്കാട് ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണസംഘം
16. തച്ചൻകുന്ന് എണ്ണയാട്ട് സഹകരണസംഘം
17. പയ്യോളി ശ്രീനാരായണ ബജനമഠം യു.പി. സ്കൂൾ സഹകരണസംഘം
18. കിഴൂർ ഗവ. യു.പി. സ്കൂൾ സഹകരണസംഘം
19. താഴെ കളരി യു.പി. സ്കൂൾ സഹകരണസംഘം
20. കുഞ്ഞാലി മരയ്ക്കാർ ഹൈസ്കൂൾ കോട്ടക്കൽ സഹകരണസംഘം
21. തച്ചൻകുന്ന് വെറ്റിലക്കൊടി സഹകരണസംഘം
22. കിഴൂർ വനിതാ വികാസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
23. മേലടി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി
24. കൊയിലാണ്ടി താലൂക്ക് ടൈലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - മേലടി
25. ഇരിങ്ങൽ ആർട്ടിസൻസ് വില്ലേജ് ഇൻഡസ്ട്രിയൽ സൊസൈറ്റി
26. ആർട്ടിസൻസ് വനിതാ സഹകരണസംഘം

27. മേലടി മത്സ്യതൊഴിലാളി ക്ഷേമ വികസനസഹകരണസംഘം

28. ഇരിങ്ങൽ മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘം

29. അയനിക്കാട് ഹരിജൻ മത്സ്യത്തൊഴിലാളി ക്ഷേമ വികസനസഹകരണസംഘം

മേൽപ്പറഞ്ഞ സഹകരണസംഘങ്ങളിൽ 60 തോളം ജീവനക്കാരും 575 ളം തൊഴിലാളികളും പ്രവർത്തിച്ചുവരുന്നുണ്ട്. ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും, കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പദക സഹകരണസംഘങ്ങളും വികസനം മുരടിച്ചു കാണുന്ന ഒരു അവസ്ഥയിലാണ് ഉള്ളത്. ഇതിനുള്ള പ്രധാനകാരണം പാൽ സംഭരിക്കുന്നതിന് കൊടുക്കുന്ന വില പൊതു മാർക്കറ്റിലുള്ള വിലയെക്കാൾ കുറവായതിനാൽ ഉല്പാദകർ പാൽ സംഘങ്ങളിലേക്കു കൊടുക്കുവാൻ മടിക്കുന്നു. ഈ അവസ്ഥ പരിഹരിക്കാൻ വില നിലവാരത്തിൽ ക്രമീകരണം ഉണ്ടാക്കുകയും മെച്ചപ്പെട്ട ഇനം പശുക്കളെയും അവയ്ക്കുള്ള തീറ്റയും വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

കയർ സഹകരണസംഘങ്ങളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ തൊണ്ടിന് സബ്സിഡി നൽകുന്ന സമ്പ്രദായം പുനഃസ്ഥാപിക്കുകയും കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും, വില്പന നടത്തുവാനും പഞ്ചായത്ത് തലത്തിൽ ഒരു സഹകരണസ്ഥാപനം രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോട്ടക്കൽ കയർ വ്യവസായ സഹകരണസംഘത്തിനുവേണ്ടി യന്ത്രവൽകൃത പിരിയൂണിറ്റിനുള്ള സർക്കാർ ധനസഹായം പാസ്സായിട്ടുണ്ടെങ്കിലും ആവശ്യത്തിനു സ്ഥലം കിട്ടാത്തതിനാൽ പ്രവർത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇരിങ്ങൽ പാറക്കു സമീപമുള്ള റവന്യൂ ഭൂമിയിൽ ആവശ്യമായ സ്ഥലം സർക്കാർ സംഘത്തിന് വിട്ടുകൊടുക്കുകയാണെങ്കിൽ ഗ്രാൻറ് ഉപയോഗിച്ച് ഫാക്ടറി പൂർത്തിയാക്കുവാനും 80തോളം സ്ത്രീ തൊഴിലാളികൾക്ക് ജോലി കിട്ടുവാനും സാദ്ധ്യതയുള്ളതിനാൽ സർക്കാർ ഭൂമി സംഘത്തിന് വിട്ടുകൊടുക്കേണ്ടതാണ്.

### സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. തീരപ്രദേശങ്ങളിൽ ഫിഷറീസ് സഹകരണ സംഘങ്ങൾ ഇല്ലാത്ത പയ്യോളി പ്രദേശത്ത് പുതിയ സംഘങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

2. പഞ്ചായത്ത് തലത്തിൽ കേരകർഷകരുടെ ഉന്നതിയെ ലക്ഷ്യമിട്ടുകൊണ്ട് തിരുവമ്പാടി മോഡൽ കേരസംസ്കരണ സംഘം രൂപീകരിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

3. പയ്യോളി പഞ്ചായത്തിൽ വനിതാ സഹകരണസംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മോട്ടോർ തൊഴിലാളികൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു "ഓട്ടോമൊബൈൽ" വർക്ക്ഷോപ്പ് തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുക.

5. കോഴിവളർത്തലിനും, വില്പനയ്ക്കും പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണസംഘം സ്ഥാപിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

6. ചെമ്മീൻ വളർത്തുന്നതിന് ഇരങ്ങൽ പാറയുടെ പുഴയോരത്ത് തരിശ്ശായ വെള്ളമുള്ള സ്ഥലം ഉപയോഗിച്ച് ചെമ്മീൻ കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്താൻ നടപടി സ്വീകരിക്കുക.

7. പഞ്ചായത്ത് അടിസ്ഥാനത്തിൽ തുന്നൽ പരിശീലനത്തിനും ഗാർമെൻറ്സ് നിർമ്മാണത്തിനും ഉള്ള ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ടും വെളിച്ചെണ്ണ ഉല്പാദന കേന്ദ്രം തുടങ്ങുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

9. കയർ തൊഴിലാളികൾ ധാരാളം താമസിക്കുന്ന അയനിക്കാട് ഭാഗങ്ങളിൽ കയർ സഹകരണസംഘങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

10. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മേലടി കയർ വ്യവസായ സഹകരണസംഘത്തിന് സർക്കാർ തലത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

11. പായ, കുട്ടനെയ്ത്ത് മേഖലകളിൽ ധാരാളം പേർ പ്രവർത്തിക്കുന്നത് കൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

12. 9, 10, 11 എന്നീ വാർഡുകളിൽ സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈറ്റി സ്ഥാപിക്കുക.

എല്ലാ വാർഡുകളിലും ഓരോ വനിതാസഹകരണസംഘം രൂപികരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## സഹകണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര് | : | പയ്യോളി, സർവ്വീസ് സഹകരണ ബാങ്ക് |
| 2. | പ്രവർത്തന പരിധി | : | ഇരിങ്ങൽ, അയനിക്കാട്, മേലടി, കോട്ടക്കൽ പള്ളിക്കര, പുറക്കാട്, തുറയൂർ, ഇരിങ്ങത്ത്, വിളക്കാട്ടൂർ, മുയിപ്പോത്ത്, കിഴൂർ, ചെറുവണ്ണൂർ, കണ്ടം കുളം, മേപ്പയ്യൂർ. |
| 3. | പ്രവർത്തനം ആരംഭിച്ച വർഷം | : | 1956 മാർച്ച് 22 ന് |
| 4. | ക്രെഡിറ്റ്/നോൺക്രെഡിറ്റ് | : | ക്രെഡിറ്റ് |
| 5. | ആകെ അംഗങ്ങൾ | : | 7875 |
| 6. | ഒരു ഓഹരിയുടെ വില | : | 10 രൂപ. |
| 7. | അംഗീകൃത ഓഹരി മൂലധനം | : | 30 ലക്ഷം രൂപ. |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | : | 694548/- |
| 9. | സർക്കാർ ഓഹരിയുണ്ടോ | : | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | : | 40,000/- |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | : | 50,000/- |

### II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| a.സ്ഥിരം | 2,1827240/- |
| b.ഹ്രസ്വകാലം | 5403426/- |

### III നൽകിയിട്ടുള്ള വായ്പകൾ

**a.കാർഷിക വായ്പകൾ**

| ഇനം | തുക |
|---|---|
| വിളവ് വായ്പ(ആൾ ജാമ്യം) | 5,11,697.00 |
| ചെറുകിട ജലസേചനം | 309089 |

**b.മറ്റു വായ്പകൾ**

| ഇനം | തുക |
|---|---|
| ആൾ ജാമ്യകടം | 1261525 |
| സ്വത്ത് പണയകടം | 3844599 |
| സ്വർണ്ണ പണയകടം | 13896542 |
| മറ്റു വായ്പകൾ | 1114645 |

**c. പ്രത്യേക വായ്പകൾ**

| ഇനം | തുക |
|---|---|
| IRDP വായ്പ | 315641 |
| ഭവന നിർമ്മാണ വായ്പ | 48900 |
| സ്വയം തൊഴിൽ വായ്പ | 13902 |

**സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| K.D.C ബേങ്ക് | ചെറുകിട ജലസേചനം | 169957.00 |
| " | IRDP വായ്പ | 45718.00 |

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ.

| വായ്പാസ്വഭാവം | തുക |
|---|---|
| വിളവ് വായ്പ | 483,302100 |
| I.R.D.P | 188908 |
| ചെറുകിട ജലസേചനം | 112600.00 |
| മറ്റു വായ്പകൾ | 7263400.00 |

സ്ഥാപനത്തിൻെറ ചെലവുകൾ

| | | |
|---|---|---|
| Establishment Charges | : | 710364/- |
| Contingennies | : | 263739/- |

വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. വളം, കീടനാശിനികൾ വില്പന
2. ഓണക്കാലത്ത് പലവ്യജ്ഞനം, പച്ചക്കറിച്ചന്തകൾ
3. കശുവണ്ടി സംഭരണം (സർക്കാർ നിർദ്ദേശിക്കുന്നതനുസരിച്ച്)
4. കാർഷിക/കാർഷികേതര വായ്പകൾ അംഗങ്ങൾക്ക് നൽകുക, നിക്ഷേപങ്ങൾ സ്വീകരിക്കുക.
5. മറ്റ് എല്ലാവിധ ബാങ്കിംങ്ങ് പ്രവർത്തനങ്ങളും നടത്തുക.

## സഹകരണ സ്ഥാപനം സംബന്ധിച്ച വിവരങ്ങൾ
## ഇരിങ്ങൾ സർവ്വീസ് സഹകരണ ബാങ്ക്

| | | | |
|---|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര് | : | F 869 ഇരിങ്ങൽ SC Bank. |
| 2. | പ്രവർത്തന പരിധി | : | ഇരിങ്ങൽ, അയനിക്കാട്, മേലടി. |
| 3. | ക്രെഡിറ്റ്/നോൺക്രെഡിറ്റ് | : | ക്രെഡിറ്റ് |
| 4. | ആകെ അംഗങ്ങൾ | : | 9658 |
| 5. | പ്രവർത്തനം ആരംഭിച്ച വർഷം | : | 21. 3. 1963 |
| 6. | ഒരു ഓഹരിയുടെ വില | : | 5/- |
| 7. | അംഗീകൃത ഓഹരി മൂലധനം | : | 3,50,000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | : | 3,46,069 |
| 9. | സർക്കാർ ഓഹരിയുണ്ടോ | : | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | : | 49900 (ബാക്കി 9500) |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | : | 35,34,460 |

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| a.സ്ഥിരം | 4299654 |
| ഹ്രസ്വകാലം | 2955359 |

III നൽകിയിട്ടുള്ള വായ്പകൾ

a.കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1. കാർഷിക ഹ്രസ്വകാലം | Nil |
| 2.പമ്പുസെറ്റ് | 108050 |

b.മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| 1. സ്വർണപണ്ടം | 40,33,350 |

| | | |
|---|---|---|
| 2. | കാർഷികേതര ഹ്രസ്വകാലം | 64000 |
| 3. | കാർഷികേതര മധ്യകാലം | 1,99,000 |
| 4. | കേഷ് ക്രഡിറ്റ് | 3,07,000 |
| 5. | മറ്റു വായ്പകൾ | 7,36,380 |

c. പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| IRDP | 108000 |

സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക(ബാക്കി) |
|---|---|---|
| K.D.C. Bank | കാർഷികം | 47525 |
| | IRDP | 134991 |
| | സ്വർണ്ണപണ്ടം | 541106 |
| | ഹഡ്കൊ | 92363 |
| | ആകെ | 815985 |

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| കാർഷിക ഹ്രസ്വകാലം | 282475 |
| സ്വർണപണ്ടം | 180312 |
| ഐ.ആർ.ഡി.പി. | 367514 |
| ഹഡ്കൊ(ഭവന നിർമ്മാണം) | 87192 |
| മറ്റു വായ്പകൾ | 358281 |
| | 1884774 |

സ്ഥാപനത്തിൻെറ ചെലവുകൾ

| | |
|---|---|
| 1.Establishment Charge | 2,57,756 |
| 2. Contingennies | 5,76,785 |

വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

ബേങ്കിംങ്

1. വായ്പാ വിതരണവും തിരിച്ചടവു നടപടിയും
2. പദ്ധതി വായ്പകൾ- വിതരണം നടത്തൽ
   പച്ചക്കറി വികസനത്തിനായ വായ്പകൾ
3. സ്വയം തൊഴിലിനുള്ള IRDPവായ്പകൾ വിതരണം നടത്തൽ
4. കാർഷികഹ്രസ്വകാല വായ്പകൾ, മധ്യാകാല വായ്പകൾ
   ദീർഘകാല വായ്പകൾ വിതരണം നടത്തൽ
5. ലോണുകൾക്കുള്ള ഫണ്ട് സമാഹരണം

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1. സ്ഥാപനത്തിൻെറ പേര് : പയ്യോളി കോ- ഓപ്പററ്റീവ് അർബൻ ബാങ്ക് ലി.No.E.1354, P.O മേലാടി.
2. സ്ഥാപനത്തിൻെറ പ്രവർത്തന പരിധി : പയ്യോളി, തിക്കൊടി, തുറയൂർ, മൂടാടി പഞ്ചായത്തുകളും മണിയൂർ വില്ലേജും.

| | | |
|---|---|---|
| 3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | : | ക്രെഡിറ്റ് |
| 4. ആകെ അംഗങ്ങൾ | : | 11324 |
| 5. പ്രവർത്തനം ആരംഭിച്ച വർഷം | : | 5. 5. 1948. |
| 6. ഒരു ഓഹരിയുടെ വില | : | 25 രൂപ |
| 7. അംഗീകൃത മൂലധനം | : | 25,00,000 രൂപ |
| 8. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | : | 16,76,992.75 രൂപ |
| 9. സർക്കാർ ഓഹരിയുണ്ടോ | : | ഇല്ല |
| 10. ഉണ്ടെങ്കിൽ ലഭിച്ച തുക | : | – |
| 11. പരമാവധി കടം എടുക്കാവുന്ന തുക | : | 6,59,07,150 |

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം

| | | |
|---|---|---|
| a. സ്ഥിരം | – | 3,30,920,78.19 രൂപ |
| b. ഹ്രസ്വകാലം | – | 1,33,86505,44 രൂപ |

IV നൽകിയിട്ടുള്ള വായ്പകൾ

മറ്റു വായ്പകൾ

| ഇനം | തുക |
|---|---|
| 1. സ്വർണ്ണപ്പണയം | 1,53,88,547.00 |
| 2. കേഷ് ക്രെഡിറ്റ് വായ്പ | 6,97,564.18 |
| 3. ആൾജാമ്യ വായ്പകൾ | 20,21,083.00 |
| 4. സ്വത്ത് പണയ വായ്പകൾ | 1,11,53,947.00 |
| 5. പുനരധിവാസ ഭവന നിർമ്മാണം | 39,515.00 |
| 6. നിക്ഷേപത്തിന്മേൽ വായ്പ | 8,14,105.00 |
| 7. ഹൈവോത്തിക്കേഷൻ വായ്പ | 17,16,291.00 |
| 8. വാഹനങ്ങൾക്കുള്ള വായ്പ | 32,75,095.00 |
| 9. ജീവനക്കാർക്കുള്ള ഓവർ ഡ്രാഫ്റ്റ് | 1,88,002.00 |
| 10. പി.എഫ്.നിക്ഷേപത്തിന്മേൽ വായ്പ | 3,64,215.00 |
| 11. വ്യാവസായിക സ്ഥാപനങ്ങൾക്കുള്ള ഹൈപോത്തിക്കേഷൻ വായ്പ | 15,740.00 |
| 12. ജീവനക്കാർക്കുള്ള ഭവന വായ്പ | 3,37,480.00 |

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ.

| വായ്പാസ്വഭാവം | തുക |
|---|---|
| ഹ്രസ്വകാലം | 17,97,507.00 |
| മദ്ധ്യകാലം | 60,29,029.00 |

| സ്ഥാപനത്തിൻെറ ചിലവുകൾ | 1991 – 92 |
|---|---|
| 1. Establishment Charges | 16,06,548.00 |
| 2. Contingennies | 3,17,820.00 |

വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വിവിധയിനം ആവശ്യങ്ങൾക്ക് വിവിധ തരത്തിലുള്ള വായ്പകൾ അനുവദിക്കുകയും ചെയ്യുന്നു.

# സഹകരണ സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ്/ നോൺ ക്രഡിറ്റ് | ആകെ അംഗങ്ങൾ | ആരംഭിച്ചവർഷം | ഒരു ഓഹരുയുടെവില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | സർക്കാർ ഓഹരി ലഭിച്ചതുക |
|---|---|---|---|---|---|---|---|---|---|
| 1. ഇരിങ്ങൽ ക്ഷീരോല്പാദക സഹകരണ സംഘം | 3-ാം വാർഡിലെ ഇരിങ്ങൽ പ്രദേശം 4,5, വാർഡുകളിലെ ഇരിങ്ങൽ അയനിക്കാട് പെരിങ്ങാട് പ്രദേശം | നോൺ ക്രഡിറ്റ് | 173 | 18.7.86 | രൂ.100/- 'എ' ക്ലാസ് രൂ.10 'ബി' ക്ലാസ് | 20,000 | 27,300/- | ഇല്ല | -- |
| 2. വനിതാ വികാസ് കോ.ഓ. സൊസൈറ്റി കീഴൂർ | പയ്യോളി | " | 17 | 1991 | രൂ.1000/- | 5 ലക്ഷം | 1.17ലക്ഷം | ഉണ്ട് | 10,200 |
| 3. മേലടി കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് - 333 | കൊയിലാണ്ടിതാലൂക്കിൽ പയ്യോളി വില്ലേജിൽ ഇരിങ്ങൽ ദേശം ഒഴികെയ | " | 50? | 12.361 | രൂ. 10/- | 10 ലക്ഷം | 3,15,852.50/- | ഉണ്ട് | 2,84,480 |
| 4. കീഴൂർ പട്ടികജാതി സർവീസ് സഹകരണ സംഘം | കീഴൂർ, തച്ചൻകുന്ന്, മേലടി | " | 202 | 15.10.90 | രൂ. 10/- | 3 ലക്ഷം | 27,010/- | ഉണ്ട് | 25,000/- |
| 5. കീഴൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | 12,13,14,15 വാർഡുകൾ | " | 199 | 19.7.82 | രൂ. 10/- | [illegible],000 | 2734/- | ഇല്ല | ഇല്ല |
| 6. തിക്കോടി നെയ്ത് സഹകരണ സംഘം, മേലടി | മേലടി, കീഴൂർ, പള്ളിക്കര, തൃക്കോട്ടൂർ, കണ്ണങ്കുളം, അയനിക്കാട്. | " | 342 | 10.5.47 | രൂ. 100/- | 20 ലക്ഷം | 3,16,894/- | ഉണ്ട് | 9,58,400/- |
| 7. മണിയൂർ നെയ്ത് സഹകരണ സംഘം | മണിയൂർ അംശം, തുറയൂർ വില്ലേജ്, മേലടി ബസാർ | " | 477 | 31.1038 | രൂ. 200/- | 10 ലക്ഷം | 4,52,000/- | " | 3,18,500 |
| 8. മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | മേലടി ഗ്രാമം | ക്രഡിറ്റ് | 342 | 1992 | രൂ. 10/- | 40,000/- | 3,420/- | " | 30,000/- |

# സഹകരണ സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| | സ്ഥാപനത്തിൻെറ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ്/ നോൺ ക്രഡിറ്റ് | ആകെ അംഗങ്ങൾ | ആരംഭിച്ചവർഷം | ഒരു ഓഹരുയുടെവില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | സർക്കാർ ഓഹരി ലഭിച്ചതുക |
|---|---|---|---|---|---|---|---|---|---|---|
| 9. | മേലടി വില്ലേജ് ഓയിൽ വർക്കേഴ്സ് ഇൻ കോ. ഓപ്പറേറ്റീവ് | മേലടി, തുറയൂർ അയനിക്കാട് | നോൺ ക്രഡിറ്റ് | 113 | 1977 | രൂ. 100/- | 10,000/- | ഇല്ല | ഇല്ല | ഇല്ല |
| 10. | ഇരിങ്ങൽ കയർ വ്യവസായ സഹകരണ സംഘം | ഇരിങ്ങൽ അംശം ദേശത്ത് 2,3 വാർഡുകൾ | ,, | 208 | 1964 | രൂ. 10/- | 15 ലക്ഷം | 66,682/- | ഉണ്ട് | 4,13,450/- |
| 11. | ഇരിങ്ങൽ ഹരിജൻ സഹകരണസംഘം | 1മുതൽ 7 വരെ വാർഡുകൾ | ,, | 480 | 26.11.77 | രൂ. 10.50/- | 75,000/- | 5,810/- | ,, | 75,000/- |
| 12. | കീഴൂർ ഗവ:യു.പി. സ്ക്കൂൾ സഹകരണ സംഘം | കീഴൂർ ജി.യു.പി.എസ്. മേലടി ഏ.എൽ.പി.എസ്. പള്ളിക്കര ഏ.ഏൽ.പി.എസ്. | ,, | 186 | 1982 | രൂ. 5/- | 1078/- | 1.078/- | ഇല്ല | ഇല്ല |
| 13. | താഴെക്കളരി യു.പി. സ്ക്കൂൾ സഹകരണ സംഘം | ഇരിങ്ങൽ 8 വിദ്യാലയങ്ങൾ | ,, | 563 | 1976 | രൂ 10/- | 1133/- | --- | ഇല്ല | ഇല്ല |
| 14. | കുഞ്ഞാലിമരയ്ക്കാർ എച്ച്.എസ്. വിദ്യാർത്ഥി സഹകരണ സംഘം. | കെ.എം.എച്ച്.എസ്. | ,, | 2307 | 7.7.84 | രൂ.5/- | 35,000/- | [illegible] | ഉണ്ട് | 6,000/- |
| 15. | മൂരാട് കയർ വ്യവസായ സഹകരണ സംഘം. | ഇരിങ്ങൽ വില്ലേജിൻെറ കിഴക്കൻ പ്രദേശം. | ,, | 525 | 1981 | രൂ. 10/- | 5 ലക്ഷം | 36,129/- | ,, | 2,50,770/- |
| 16. | കൊളാവിനട ക്ഷീരോല്പാദക സഹകരണ സംഘം | പഞ്ചായത്ത് 2,3,8 വാർഡുകൾ | ,, | 197 | 1984 | രൂ. 10/- | 10,000 | 2,410/ | ഇല്ല | -- |
| 17. | കോട്ടക്കൽ കയർ വ്യവസായ സഹകരണ സംഘം | പയ്യോളി പഞ്ചായത്ത് 1,2,3 വാർഡുകൾ | ,, | 424 | 1985 | രൂ. 10/- | 10 ലക്ഷം | 1,11,830 | ഉണ്ട് | 92,340/- |
| 18. | പുതുപ്പണം നെയ്തു സഹകരണ സംഘം. | ഇരിങ്ങൽ, പാലയാട്, പുതുപ്പണം | ,, | 413 | 1947 | രൂ. 200/- | 10 ലക്ഷം | 8,97,440/- | ഉണ്ട് | 6,33,900/- |

334

# പട്ടികജാതി വികസനം

**രാജഭരണത്തിൽ** കീഴിൽ ഭൂപ്രമാണിമാരാലും സമ്പന്നൻമാരാലും നിയന്ത്രിക്കപ്പെട്ട ഒരു ജനവിഭാഗത്തിൻെറ നരകതുല്യമായ ജീവിതം. ആ കാലഘട്ടത്തെ കുറിച്ച് ചരിത്രപുസ്തകങ്ങളിലെ അറിവും കേട്ടറിവും മാത്രമെ പുതിയ തലമുറയ്ക്കുള്ളു ജാതി വ്യവസ്ഥ അതിൻെറ എല്ലാ അർത്ഥത്തിലും കൊടികുത്തിവാണ ആ കറുത്ത കാലഘട്ടം, തൊഴിലടിസ്ഥാനത്തിൽ സമൂഹത്തെ പല തട്ടുകളായി തരംതിരിച്ച് അകറ്റി നിർത്തിയ ഭരണത്തിൽ തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും വഴി നടക്കാൻ പോലും സ്വാതന്ത്ര്യമില്ലായ്മയും പഴയ കാല ചരിത്രമാണ്. തമ്പ്രാക്കന്മാരുടെ പത്തായം നിറയ്ക്കലിൽ കവിഞ്ഞ് മറ്റൊരു ചിന്തയുമില്ലാത്തവർ. പകലന്തിയോളം പണിയെടുത്താൽ "കുക്ഷിയിൽ കൊണ്ട കരിക്കാടില്ലാതെ" സമ്പാദ്യമായി ഒന്നുമുണ്ടായിരുന്നില്ല. ഉടുതുണിക്ക് മറുതുണിയില്ലാത്തവർ, സ്ത്രീകൾക്ക് മാറ് മറിയ്ക്കുവാൻ അവകാശമില്ലാത്ത നാളുകൾ, ഉള്ളുതുറന്ന് പ്രാർത്ഥിക്കാൻ ദൈവസന്നിധിയിൽ പോലും അകറ്റിനിർത്തപ്പെട്ടവർ, തമ്പുരാക്കന്മാരുടെദയയ്ക്ക് മുമ്പിൽ പഞ്ചപുച്ഛമടക്കി കഴിയാൻ വിധിക്കപ്പെട്ടവർ തല്ലിയാലും കൊന്നാലും ചോദിക്കാൻ പാടില്ലാത്ത ആ ദുഷിച്ച നാളിൻെറ സംഭാവനയായി കിട്ടിയത് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കമായ ഒരു ജനവിഭാഗത്തെയാണ്.

ഒട്ടനവധി സാംസ്കാരിക നായകന്മാരുടെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയപ്രവർത്തനങ്ങളുടെ ഫലമായി ഈ വ്യവസ്ഥകൾക്ക് അറുതി വന്നു. ഈ ജനവിഭാഗത്തെ മറ്റുള്ളവർക്കൊപ്പം ഉയർത്തിക്കൊണ്ട് വരാൻ പട്ടികജാതി, പട്ടികവർഗ്ഗം എന്നി രണ്ട് വിഭാഗങ്ങളായി തിരിച്ച് ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗം മാത്രമാണുള്ളത്. മൊത്തം 455 ഓളം കുടുംബങ്ങളിലായി മൂവായിരത്തിലധികം ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഒന്നാം വാർഡ് ഒഴികെ മറ്റെലലാ വാർഡുകളിലും ഏറിയും കുറഞ്ഞും ഇവർ ജീവിച്ച് വരുന്നു. 125 കുടുംബങ്ങളുള്ള 8-ാം വാർഡിലാണ് കൂടുതൽ ആളുകൾ താമസിക്കുന്നത്. രണ്ടാം സ്ഥാനം 62 കുടുംബങ്ങളുള്ള 13-ാം വാർഡും 56 കുടുംബങ്ങളുള്ള 15-ാം വാർഡ് മൂന്നാം സ്ഥാനത്തുമാണ്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി ഈ വിഭാഗങ്ങൾ മറ്റുള്ളവരോട് അടുത്ത് നിൽക്കുന്നുണ്ടെങ്കിലും വിദ്യാർത്ഥികളുടെ മാർക്കിൻെറ കാര്യത്തിൽ താരതമ്യം ചെയ്യുമ്പോൾ പിന്നിൽ തന്നെയാണ്. പത്താം ക്ലാസ്സിൽ പരാജയപ്പെട്ടാൽ തുടർന്ന് പഠിക്കാൻ സർക്കാർ ആനുകൂല്യ

ങ്ങൾ നൽകുന്നുണ്ടെങ്കിലും മുഴുവൻ പേരും അത് ഉപയോഗപ്പെടുത്താൻ തയ്യാറാവുന്നില്ല. അങ്ങിനെ ആണെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവരും ഇക്കൂട്ടത്തിൽ ഉണ്ട്.

**തൊഴിൽ**

പട്ടികജാതി കുടുംബങ്ങൾക്ക് ഓരോ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഓരോ കുലത്തൊഴിലുകൾ ഉണ്ടായിരുന്നു. അത് ചെയ്ത് കൊണ്ട് ജീവിതം പുലർത്തുവാൻ പ്രയാസമായതിനാൽ മറ്റ് തൊഴിൽ മേഖല കണ്ടെത്തിപോരുകയാണ്. അസംസ്കൃതസാധനങ്ങളുടെ കുറവും തൊഴിൽ മേഖല മാറുവാൻ ഇവരെ പ്രേരിപ്പിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട ഉയർന്ന ഉദ്യോഗങ്ങളിൽ ഇരിക്കുന്നവർ പത്തിൽ താഴെ മാത്രമേ വരികയുള്ളു. സ്വയം തൊഴിൽ കണ്ടെത്തിയ ഈ വിഭാഗത്തിൽപ്പെട്ടവർ നടത്തിവരുന്ന സ്ഥാപനങ്ങൾ വിജയപ്രദമായി നടന്നുകാണുന്നില്ല.

**പാർപ്പിടം**

പട്ടികജാതിക്കാരുടെ ഏറ്റവും വലിയ പ്രശ്നം പാർപ്പിടപ്രശ്നം തന്നെയാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കോളനികളിലായാണ് ഈ വിഭാഗക്കാരിലധികവും താമസിക്കുന്നത്. മുൻകാലങ്ങളിൽ ചെറ്റക്കുടിലുകളിൽ താമസിച്ചുവന്നിരുന്നവർക്ക് ചെറിയ പാർപ്പിടങ്ങൾ പണിയാൻ സാമ്പത്തിക സഹായം നൽകിയത് കാരണം ഈ മേഖലയിൽ പുരോഗതി നേടിയിട്ടുണ്ട്. എന്നാലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും ചെറ്റക്കുടിലിൽ താമസിക്കുന്നവരുണ്ട്. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമല്ലാത്തതിനാൽ പലരും വീട് പണി പകുതിയിൽ വെച്ചു നിർത്തേണ്ടിവരുന്നു. ഇത്തരം പണിതീരാത്ത വീടുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണാം.

ഇവർ തിങ്ങിപാർക്കുന്ന പ്രദേശത്ത് നേരിടുന്ന ഒരു വലിയ പ്രശ്നം കുടിവെള്ളപ്രശ്നമാണ്. കോളനികളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി വന്നാൽ മറ്റ് വിഭാഗങ്ങൾക്ക് കൂടി ഉപകാരപ്രദമായിരിക്കും.

പട്ടികജാതിയിൽ പെട്ട കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും സ്വന്തമായി പത്ത് സെൻറിലധികം ഭൂമി കൈവശമില്ല. ചെറുകുടുംബങ്ങളായി മാറി താമസിക്കേണ്ടിവരുമ്പോൾ ഇത് തുണ്ടംതുണ്ടമായിത്തീരുന്നു. പഞ്ചായത്ത് വക വയറിംഗ് നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. കോളനികളിൽ വൈദ്യുതി എത്തിക്കാൻ ഒരുപാട് നിവേദനങ്ങൾ നൽകിയെങ്കിലും ഇന്നും പല കോളനികളും ഇരുട്ടിലാണ്.

**പരിഹാരമാർഗ്ഗങ്ങൾ**

1. കോളനികളിൽ നിന്നും വിട്ടുതാമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപെടപെടുന്ന അവസ്ഥ മാറ്റേണ്ടതാണ്.

2. നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കൈതൊഴിലുകൾ പ്രോത്സാഹിപ്പിച്ച് നടത്തിക്കൊണ്ട് പോകാൻ സാമ്പത്തിക സഹായം നൽകുക.

3. മുഴുവൻ ആളുകൾക്കും കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ നൽകുവാനുള്ള സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കുക.

4. സർക്കാർ പുറംപോക്ക് ഭൂമിയിലും റെയിൽവെ ലൈനുകൾക്ക് ഇരുവശവും കൈതോല വെച്ച് പിടിപ്പിച്ചാൽ പായ നെയ്ത്ത് മേഖല നേരിടുന്ന കൈതോല കുറവ് നികത്താൻ സാധിക്കും.

5. വീട് വെക്കാനുള്ള സർക്കാർ ധനസഹായം വർദ്ധിപ്പിക്കണം.

6. സ്വയം തൊഴിൽ കണ്ടെത്താനുള്ള ധന സഹായം നൽകണം.

7. ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങാനുള്ള പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

8. പഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് മാത്രമായി ശ്മശാനം ഉണ്ടാക്കുക.

9. കോളനികളെ ഘട്ടംഘട്ടമായി IHDP പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

10. വീട് വെക്കാൻ തുക നൽകുന്നതിന് പകരം സർക്കാറിന്റെ പ്ലാനനുസരിച്ച് വീടുകൾ നിർമ്മിച്ച് നൽകുക.

11. ഹരിജൻ സഹകരണസംഘങ്ങളുടെ ഇന്നുള്ള ശോചനീയാവസ്ഥയിൽ നിന്നും കരകയറാൻ ആവശ്യമായ സാമ്പത്തീക സഹായം നൽകുക.

**സാധ്യതകൾ**

1. റെഡിമെയ്ഡ് വ്യവസായയൂനിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

2. പായനെയ്ത്ത്, കുട്ടമടയൽ തുടങ്ങിയ പരമ്പരാ

ഗത തൊഴിലുകളെ ആധുനികവൽക്കരിക്കണം.

3. സർക്കാർ നൽകുന്ന ധനസഹായങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ കമ്മറ്റികൾ ഉണ്ടാക്കണം.

### പഞ്ചായത്തിലെ വാർഡം അടിസ്ഥാനത്തിൽ പട്ടികജാതി ജനസംഖ്യ

| വാർഡ് | കുടുംബം | ആകെ എണ്ണം |
|---|---|---|
| 1 | ഇല്ല | ഇല്ല |
| 2 | 6 | 30 |
| 3 | 28 | 140 |
| 4 | 8 | 46 |
| 5 | 40 | 375 |
| 6 | 6 | 36 |
| 7 | 51 | 375 |
| 8 | 125 | 625 |
| 9 | 9 | 45 |
| 10 | 10 | 50 |
| 11 | 11 | 56 |
| 12 | 50 | 250 |
| 13 | 62 | 310 |
| 14 | 18 | 90 |
| 15 | 56 | 250 |

4. സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്ത് ഓഫീസിലെത്തിക്കണം. വാർഡുമെമ്പർമാർ മുൻകൈയെടുത്ത് ഈ വിവരങ്ങൾ അർഹരായവരിൽ എത്തിക്കണം.

### പഞ്ചായത്തിലെ അംഗീകൃത ഹരിജൻ കോളനികൾ

| വാർഡ് | കോളനികളുടെ പേര് |
|---|---|
| 1 | ഇല്ല |
| 2 | ഇല്ല |
| 3 | ചെത്തിൻതാര ഹരിജൻകോളനി |
| 4 | ഇല്ല |
| 5 | അംബേദ്കർ ഹരിജൻകോളനി |
| | പെരിങ്ങാട് |
| 6 | ഇല്ല |
| 7 | ഇല്ല |
| 8 | ചാത്തമംഗലം കോളനി - |
| | കമ്പിവളപ്പിൽ ഹരിജൻ കോളനി |
| 9 | ഇല്ല |
| 10 | ഇല്ല |
| 11 | ഇല്ല |
| 12 | നെല്ലേരിവയൽ ഹരിജൻ കോളനി |
| 13 | മന്ദ്രത്താഴ ഹരിജൻ കോളനി |
| 14 | കൊവ്വപ്പുറം ഹരിജൻ കോളനി |
| 15 | കരിമ്പിൻ കോളനി |

# വിഭവസമാഹരണം

**ഏതാണ്ട്** അരലക്ഷത്തിനടുത്ത് ജനസംഖ്യയുള്ള ഒരു തീരദേശപഞ്ചായത്താണ് പയ്യോളി സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്ത്. മത്സ്യബന്ധനവും, നിർമ്മാണ [illegible]തൊഴിലുമാണ് ജനങ്ങളുടെ പ്രധാനതൊഴിൽ മേഖലകൾ. ഇവിടെ വ്യാവസായികരംഗം തീരെ പുരോഗതി നേടിയിട്ടില്ല എന്നുതന്നെ പറയാം. പഞ്ചായത്തിൻെറ വരവ് ചിലവു കണക്കുകൾ തമ്മിൽ താരമ്യം ചെയ്യുമ്പോൾ സാമ്പത്തിനില ഭദ്രമാണെന്ന് [illegible] ട്ടിട നികുതി, വിനോദനികുതി, ഷോപ്പിംഗ് [illegible] പ്ലക്സ് വാടക, ലൈസൻസ് ഫീ, [illegible] സർക്കാർ ഗ്രാൻറുകൾ ലേലം എന്നിവയാണ് പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ

ഇവിടെ നാലു സഹകരണ ബാങ്കുകളും 3 ദേശസാൽകൃതബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ ഇടപാടുകാർ പൊതുവെ അതൃപ്പരാണ്. സാധാരണക്കാരായവർക്ക് ഇവരുടെ സേവനം അപ്രാപ്യമായ രീതിയിലാണുള്ളത്.

പഞ്ചായത്തിലെ സിനിമാശാലകൾ ഏതാണ്ട് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അവിടെ നിന്നും വിനോദനികുതിയിനത്തിലുള്ള വരുമാനം കുറവാണ്. ഇത് പരിഹരിക്കാൻ കുറ്റമററ രീതിയിലുള്ള ഇൻസ്പെക്ഷൻ നടത്തി അവരുടെ യഥാർത്ഥ [illegible]നുസരിച്ചുള്ള നികുതി ഈടാക്കാനുള്ള [illegible] ഉണ്ടാകേണ്ടിയിരിക്കുന്നു. കേബിൾ ടി.വി. [illegible] പഞ്ചായത്തിൽ ക്രമേണ വർദ്ധിച്ചു വര[illegible] കാണുന്നുണ്ട്. ഇതിൽനിന്നു പഞ്ചായത്തിന് ഇപ്പോൾ പ്രത്യേകിച്ച് വരുമാനമൊന്നുമില്ല.

തൊഴിൽനികുതി ഏർപ്പെടുത്തുന്നത് പൂർണ്ണമായും കുറ്റമറ്റ രീതിയിൽ അല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ വേതനത്തിനനുസരിച്ച് അവരിൽ നിന്നും തൊഴിൽ നികുതി [illegible]രിച്ചെടുക്കാൻ സംവിധാനമുണ്ടാവേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ നിലവിൽ പരസ്യനികുതി [illegible]പ്പെടുത്തിയിട്ടില്ല. പരസ്യനികുതി ഏർപ്പെടുത്തി പഞ്ചായത്തധീനതയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക് നികുതി ഈടാക്കേണ്ടിയിരിക്കുന്നു. പുറംപോക്ക് ഭൂമി ലീസിന് കൊടുക്കുന്നത് ഇപ്പോൾ വളരെ തുച്ഛമായ നിരക്കിലാണ്. ആയതിൽ കാലാനുസൃതമായ [illegible]റ്റം വരുത്തേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തനത്തിലൂടെ സാമ്പത്തിക ലാഭം ഉണ്ടാക്കാവുന്നതാണ്.

### നിർദ്ദേശങ്ങൾ

1. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ചു നികുതി ഏർപ്പെടുത്തുക.

2. നിർമ്മിക്കാനുദ്ദേശിക്കുന്ന ബസ്സ്റ്റാൻറിനോടു ചേർന്ന് വിശാലമായ ഷോപ്പിംഗ് കോംപ്ലക്സ് പണിത് വരുമാനം വർദ്ധിപ്പിക്കുക.

3. ടാക്സി - ഓട്ടോറിക്ഷാ പാർക്കിംഗ് ഏരിയ കണക്കാക്കി പാർക്കിംഗ് ചാർജ് ഈടാക്കുക.

4. പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൻെറ സൗകര്യം വിപുലീകരിച്ച് വരുമാനസാദ്ധ്യത വർദ്ധിപ്പിക്കുക.

5. കൃഷിചെയ്യാതെ തരിശായിട്ടിരിക്കുന്ന 1 ഏക്കറിനുമേൽ ഭൂമിയുടെ കൈവശക്കാരിൽ നിന്നും പ്രത്യേക നികുതി പിരിക്കുക.

6. നികുതികൾ വർഷാവർഷം പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധചെലത്തുക.

7. ജനങ്ങൾക്ക് വിപണനസൗകര്യം ലഭിക്കാനുതകുന്ന വിധത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കുകയും വ്യക്തികളിൽ നിന്ന് നികുതി ഈടാക്കുകയും ചെയ്യുക.

## പയ്യോളി ഗ്രാമപഞ്ചായത്ത് പോയവർഷങ്ങളിലെ വരവ് ചിലവ് താരതമ്യപഠനം

| വർഷം | വരവ് | ചിലവ് |
|---|---|---|
| 1986-87 | 9,03,541.61 | 7,24,901.57 |
| 1987-88 | 9,53,549.3 | 9,00,159.00 |
| 1988-89 | 11,32,789.31 | 8,04,362.02 |
| 1989-90 | 10,72,652.57 | 10,30,234.22 |
| 1990-91 | 14,24,448.87 | 12,45,854.28 |
| 1991-92 | 22,56,128.65 | 19,67,833.83 |
| 1992-93 | 28,42,469.26 | 28,37,745.25 |
| 1993-94 | 26,40566.05 | 31,35,112.40 |
| 1994-95 | 19,27,349.10 | 18,83,139.45 |
| 1995-96 | 22,09,616.52 | 16,63,093.92 |

## തനത് വരുമാനം

| വർഷം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 2,35,170.91 | 3,88,132.15 | 1,52,961.23 |
| വിനോദനികുതി | 2,23,910.88 | 1,86,555.50 | 37,355.38 |
| തൊഴിൽ നികുതി | 1,45,775.00 | 1,38,301.00 | 7,474.00 |
| അൺടൈഡ് ജനറൽ | 1,70,300.00 | 1,44,610.00 | 25,610.00 |
| അൺടൈഡ് SEP | 52,700.00 | 1,07,870.00 | 51,170.00 |
| JRY | 2,51,116.00 | 4,11,875.00 | 92,480.00 |
| ഗ്രാൻറ് + സംഭാവന | 1,02,112.00 | 1,92,791.00 | 90,679.00 |

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

**സാമൂഹ്യ ചരിത്ര പശ്ചാത്തലം**

പി. അസ്സയിനാർ മാസ്റ്റർ
സജീവ് കുമാർ. കെ.
സാജിദ് അഹമ്മദ്

**ഭൂപ്രകൃതി**

കെ. പവിത്രൻ
ഷാജി. എൻ.കെ.
വിലാസിനി. കെ.ടി

**കൃഷിയും ജലസേചനവും**

ആയഞ്ചേരി ശ്രീധരൻ
വി.എം. സുകുമാരൻ
പി.എം. അഷറഫ്

**മൃഗസംരക്ഷണവും മത്സ്യബന്ധവും**

വി.പി. സുധാകരൻ
എം.കെ. നാരായണൻ

**വ്യവസായം**

പി.എം. രവീന്ദ്രൻ
കെ.കെ. രമേശൻ

**പൊതുജനാരോഗ്യം കുടിവെള്ളം**

കെ.വി. ദിവാകരൻ മാസ്റ്റർ
സജീവൻ. കെ.പി.

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

ടി.നാണു മാസ്റ്റർ
കെ.ടി. സത്യൻ
ദിനേശൻ. ഇ.

**സാമൂഹ്യക്ഷേമം, പാർപ്പിടം**

എ.പി. കുഞ്ഞബ്ദുള്ള
പി. സഫിയ
മിനി. ചെറിയാവിയിൽ

**സംസ്കാരം, സ്പോർട്സ്**

കെ. ശശിധരൻ മാസ്റ്റർ.

# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9-ാം പദ്ധതി ജനകീയ പദ്ധതി
- വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം

നിങ്ങൾ കണ്ടിട്ടുള്ളതിൽവെച്ച്
ഏറ്റവും ദരിദ്രനായ.
ഏറ്റവും നിസ്സഹായനായ
മനുഷ്യന്റെ മുഖം സങ്കല്പിച്ചുനോക്കുക.
എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം
അയാൾക്ക് എന്തെങ്കിലും രീതിയിൽ
പ്രയോജനപ്പെടുമോ എന്ന്
സ്വയം ചോദിച്ചുനോക്കുക........

- ഗാന്ധിജി

"നാം ഒരു മഹത്തായ
യജ്ഞത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്
പ്രതിജ്ഞ നിറവേറ്റുന്നത് വരെ
നമുക്ക് വിശ്രമമില്ല."

- ജവഹർലാൽനെഹ്റു

"കർമ്മമാണ് ജീവിതം.
കർമ്മ രാഹിത്യം മരണമത്രെ"

- ഇഖ്ബാൽ



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9-ാം പദ്ധതി ജനകീയ പദ്ധതി
- വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം

## ജനന മരണ രജിസ്ട്രേഷൻ

സ്ക്കൂൾ പ്രവേശനത്തിന്
ഉദ്യോഗത്തിന്
വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്
പൗരത്വം സ്ഥാപിക്കുന്നതിന്
പാസ്പോർട്ടിന്
വോട്ടവകാശം സ്ഥാപിക്കുന്നതിന്
റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്
വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം.
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക.

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന്
മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്
മരണം തെളിയിക്കുന്ന കൃത്യമായ രേഖവേണം
മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന്
ഉറപ്പ് വരുത്തുക

**ജനനവും മരണവും 21 ദിവസത്തിനകം**
**രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക**
**ഇത് നിർബന്ധമാണ്**

## ജനകീയാസൂത്രണ പ്രസ്ഥാനം

പയ്യോളി ഗ്രാമ പഞ്ചായത്ത്
സ്പെഷൽ ഗ്രേഡ്



“സ്വയം സമ്പൂർണ്ണമായ ഗ്രാമ സൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാകൂ”

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

ജനകീയ ആസൂത്രണം


# മേപ്പയൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ തുടിക്കുന്നു"

- ഗാന്ധിജി

**കേരളം**




ഗ്രാമീണ ജനതയുടെ വികസനം
ഉറപ്പുവരുത്തുവാൻ
ജനകീയാസൂത്രണ പ്രസ്ഥാനത്തിനും
ബഹുജനമുന്നേറ്റത്തിനും
കരുത്ത് പകരുക

28.6.
22888 348

## ഒമ്പതാം പദ്ധതി

## ജനകീയ പദ്ധതി

# മേപ്പയൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# സമഗ്ര വികസന രേഖ

349

# ഉൾപേജുകളിൽ


1 എഡിറ്റോറിയൽ

2 പഞ്ചായത്ത് ഭരണസമിതി

3 നമ്മുടെ പഞ്ചായത്ത്

4 സ്വാഭിമാനം......... സമർപ്പിക്കുന്നു

5 ഇന്നലെകളിലൂടെ...................

6 ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

7 കൃഷി, ജലസേചനം

8 മൃഗസംരക്ഷണം, മത്സ്യബന്ധനം

9 വ്യവസായം, ടൂറിസം

10 വിദ്യാഭ്യാസം

11 കുടിവെള്ളവും പൊതുജനാരോഗ്യവും

12 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

13 പാർപ്പിടം, സാമൂഹ്യക്ഷേമം

14 സംസ്കാരം

15 വനിത

16 സഹകരണം

17 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

18 വിഭവസമാഹരണം

19 ഇനി കർമ്മപഥം

20 റിസോഴ്സ് ഗ്രൂപ്പുകൾ

350

# എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| പി.പി.രാധാകൃഷ്ണൻ | : | എഡിറ്റർ |
| വി.കെ.കേളപ്പൻ മാസ്റ്റർ | : | അംഗം |
| മേപ്പയൂർ സുരേന്ദ്രൻ | : | " |
| എം.കെ.കേളപ്പൻ | : | " |
| ദേവരാജൻ കമ്മങ്ങാട് | : | " |
| കെ.പി.രാമചന്ദ്രൻമാസ്റ്റർ | : | " |
| ബി.പി.ബാലകൃഷ്ണൻ മാസ്റ്റർ | : | " |
| കെ.കെ.ബഷീർ | : | " |


○

**സ്കെച്ച്**

എൻ.കെ.സത്യൻ

○

**മേപ്പ്**

അനിൽ ആർട്ലാൻറ്

○


**ഡി.ടി.പി. ലേ ഔട്ട് & പ്രിൻറിംഗ്**

റെഡ്സ്റ്റാർ ഓഫ്സെറ്റ് പ്രിൻറേഴ്സ്

കോഴിക്കോട് - ഫോൺ 50950

# മേപ്പയൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



വി.കെ.കേളപ്പൻമാസ്റ്റർ (പ്രസിഡണ്ട്)



കെ.പാച്ചർ (വൈസ് പ്രസിഡണ്ട്)



പി.പ്രസന്ന (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ)

### അംഗങ്ങൾ

| | |
|---|---|
| എം.പി.ഭാസ്കരൻ മാസ്റ്റർ | മെമ്പർ |
| കീഴ്പ്പോട്ട് മൊയ്തീൻ | " |
| എ.എം.ദാമോദരൻ | " |
| ആർ.വി.സൈനബ | " |
| മേപ്പയൂർ കുഞ്ഞികൃഷ്ണൻ | " |
| സതി ദേവരാജൻ | " |
| എം.ദിവാകരൻമാസ്റ്റർ | " |
| കെ.കെ.അംബിക | " |

352

# നമ്മുടെ
# പഞ്ചായത്ത്

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | മേപ്പയൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കൊഴുക്കല്ലൂർ, മേപ്പയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മേലടി |
| താലൂക്ക് | : | കൊയിലാണ്ടി |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലി നിയോജക മണ്ഡലം | : | മേപ്പയൂർ |
| വിസ്തീർണം | : | 22.66 ചതുരശ്ര കി.മീ |

**അതിരുകൾ :**

വടക്ക് : ചെറുവണ്ണൂർ പഞ്ചായത്തും നൊച്ചാട് പഞ്ചായത്തിൻെറ ചെറിയൊരു പ്രദേശവും
കിഴക്ക് : നൊച്ചാട് പഞ്ചായത്തും അരിക്കുളം പഞ്ചായത്തും
തെക്ക് : അരിക്കുളം പഞ്ചായത്തും കീഴരിയൂർ പഞ്ചായത്തിൻെറ ചെറിയ പ്രദേശവും
പടിഞ്ഞാറ് തുറയൂർ പഞ്ചായത്ത്

# നമ്മുടെ പഞ്ചായത്ത്

| | | |
|---|---|---|
| ജനസംഖ്യ | : | 25545 |
| പുരുഷൻ | : | 12679 |
| സ്ത്രീകൾ | : | 12866 |
| ജനസാന്ദ്രത | : | 1130 |
| അക്ഷരാഭ്യാസമുള്ളവർ | : | 24549 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ട് | : | വി.കെ.കേളപ്പൻമാസ്റ്റർ |
| വൈസ് പ്രസിഡണ്ട് | : | കെ.പാച്ചർ |
| സ്റ്റാൻറിങ്ങ് ചെയർപേഴ്സൺ | : | പി.പ്രസന്ന |
| പഞ്ചായത്ത് രൂപീകരണവർഷം | : | 1963 |
| മുൻ പ്രസിഡണ്ടുമാർ | : | എം.കെ.ചാപ്പൻനായർ |
| | : | പാറച്ചാലിൽ കുഞ്ഞിക്കണ്ണൻ(ആക്ടിങ്ങ്) |
| | : | കെ.കെ.രാഘവൻ |

# 1

# സാഭിമാനം

ഇത് ചരിത്ര മുഹൂർത്തം! മഞ്ഞച്ചായമടിച്ച ആപ്പീസുകളിൽ നിന്നും സാധരണക്കാരൻെറ നാവിൻ തുമ്പിലേക്ക് ആസൂത്രണചർച്ച ഇറങ്ങിവന്ന സമയം.

ആസൂത്രണത്തിൽ വന്ന ദിശാമാറ്റം ഏറെ പ്രതീക്ഷയോടെയാണ് ഇന്നാട്ടുകാർ നോക്കിക്കാണുന്നത്. തുല്യപങ്കാളിത്തത്തോടെ ജാതി,മത ചിന്തകൾക്കതീതമായി വികസനപ്രവർത്തനം ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയുമെന്ന ചിന്ത ശക്തിപ്പെട്ടുവരികയാണ്. ഒമ്പതാംപദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ച സർക്കാർ തീരുമാനം ജനങ്ങളിലാകെ മതിപ്പുളവാക്കിയിരിക്കുന്നു. പദ്ധതി വിഹിതത്തിൻെറ 35 മുതൽ 40 ശതമാനംവരെ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുമെന്ന പ്രഖ്യാപനം കൂടി വന്നപ്പോൾ ജനങ്ങളുടെ പ്രതീക്ഷക്ക് കനംവെച്ചിരിക്കയാണ്. സംഘശക്തി കൈമുതലാക്കി വികസനചക്രം തിരിക്കുമ്പോൾ പദ്ധതി നടത്തിപ്പ് ഉദ്ദിഷ്ട ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യുമെന്ന് ഉറപ്പിക്കാം.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നെയ്തത് സപ്തംബർ 3,4,5 തിയ്യതികളിൽ പേരാമ്പ്രയിൽ വെച്ചുനടന്ന ജില്ലാതല ശില്പശാലയാണ്. സപ്തംബർ 9 ന് മേപ്പയൂർ എൽ.പി.സ്കൂളിൽ നടന്ന പഞ്ചായത്ത് കൺവെൻഷൻ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകി. രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെ 126 പേർ പങ്കെടുത്തു.

സപ്തമ്പർ 13 ന് വി.ഇ.എം.യു.പി.സ്കൂളിൽ ചേർന്ന പഞ്ചായത്ത് ശില്പശാല തെരഞ്ഞെടുക്കപ്പെട്ട 33 റിസോഴ്സ് പേഴ്സൺസിന് പരിശീലനം നല്കി. 10 ഗ്രാമപഞ്ചായത്ത് മെമ്പർമാരും 50 ഉദ്യോഗസ്ഥരും ഉൾപ്പെടെ 106 പേർ പങ്കെടുത്തു. ദ്വിതീയ സ്ഥിതിവിവര കണക്ക് ശേഖരിക്കാനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള രണ്ട് കമ്മിറ്റികൾക്ക് രൂപം നല്കി.

**ഗ്രാമസഭ :** - വമ്പിച്ച പ്രചാരണ പ്രവർത്തനങ്ങളാണ് ഗ്രാമസഭക്ക് മുന്നോടിയായി നടന്നത്. വിളംബരജാഥ, വികസനദീപം, പന്തംകൊളുത്തി പ്രകടനം സ്കൂളുകളിൽ വികസന ക്വിസ് എന്നിവ പ്രചാരണത്തിൻെറ ഭാഗമായിരുന്നു.

### ഗ്രാമസഭകളും പങ്കാളിത്തവും

| വാർഡ് | തിയ്യതി | നടന്നസ്ഥലം | പങ്കാളിത്തം |
|---|---|---|---|
| I | സപ്ത : 29 | ഗവ: എൽ.പി.സ്കൂൾ വിളയാട്ടൂർ | 153 പേർ |
| II | സപ്ത : 15 | കീഴ്പയൂർ വെസ്റ്റ് എൽ.പി.സ്കൂൾ | 74 " |
| III | ഒക്ടോ : 2 | നാഗത്ത് വീട്ടിൽ | 467 " |
| IV | സപ്ത : 29 | കീഴ്പയൂർ യു.പി. സ്കൂൾ | 244 " |
| V | സപ്ത : 29 | മേപ്പയൂർ ഈസ്റ്റ് എൽ.പി.സ്കൂൾ | 192 " |
| VI | സപ്ത : 29 | വി.ഇ.എം.യു.പി.സ്കൂൾ | 265 " |
| VII | ഒക്ടോ : 2 | ജി.വി.എച്ച്.എസ്.എസ്.മേപ്പയൂർ | 302 " |
| VIII | സപ്ത : 14 | കൊഴുക്കല്ലൂർ യു.പി.സ്കൂൾ | 231 " |
| IX | ഒക്ടോ : 2 | ബി.കെ.നായർ മെമ്മോറിയൽ സ്കൂൾ | 371 " |
| X | സപ്ത : 21 | നരക്കോട് എൽ.പി.സ്കൂൾ | 455 " |
| XI | സപ്ത : 15 | മഞ്ഞക്കുളം എൽ.പി.സ്കൂൾ | 153 " |

### ദ്വിതീയ സ്ഥിതിവിവരം : -

യൂസഫ്കോറോത്ത് കൺവീനറായി രൂപീകരിച്ച ദ്വിതീയ സ്ഥിതിവിവര ശേഖരകമ്മിറ്റി മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയത്. ജില്ലാ-പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസും പഞ്ചായത്ത് മെമ്പർമാരും ഇക്കാര്യത്തിൽ കാണിച്ച പ്രവർത്തനശൈലി പ്രശംസനീയമാണ്. ദ്വിതീയ സ്ഥിതിവിവരകണക്കുകളുടെ ബ്ലോക്ക് തല ശേഖരണ-ഉൽഘാടനം നമ്മുടെ പഞ്ചായത്തിലായിരുന്നു.

ഭൂവിഭവങ്ങളെ അടുത്തറിയുന്നതിനായി അഞ്ച് റിസോഴ്സ് ഗ്രൂപ്പുകൾ ഒക്ടോബർ 14 ന് നടത്തിയ പഠന പര്യടനം പുതിയൊരു അനുഭവമായിരുന്നു. ഒക്ടോബർ 21,22, 23 തിയ്യതികളിൽ നടന്ന രണ്ടാംഘട്ട ജില്ലാ കേമ്പിനുശേഷം പഞ്ചായത്തിലെ തുടർ പരിപാടികൾക്ക് രൂപം നല്കി. ഒക്ടോ:25 ന് വികസനസെമിനാർ സ്വാഗതസംഘം വിളിച്ചു ചേർത്തു. ഒക്ടോബർ 27ന് പഞ്ചായത്തിലെ രണ്ടാംഘട്ട ശില്പശാല മേപ്പയൂർ ഹൈസ്കൂളിൽ നടന്നു.

### പ്രാഥമിക സ്ഥിതിവിവരകണക്ക് ശേഖരം

ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ പരിശോധനയിൽ പ്രാഥമിക സ്ഥിതിവിവരകണക്കുകളുടെ ആവശ്യകത ബോധ്യപ്പെട്ടു. രണ്ടാംഘട്ട ശില്പശാല ഈ നിർദ്ദേശം മുന്നോട്ടുവെച്ചപ്പോൾ താല്പര്യപൂർവം ഇത് ഏറ്റെടുക്കാൻ റിസോഴ്സ് ഗ്രൂപ്പും പഞ്ചായത്ത് അംഗങ്ങളും തയ്യാറായി. നാല്ദിവസം കൊണ്ടാണ് പഞ്ചായത്തിലെ 4927 വീടുകൾ കയറിയിറങ്ങി കണക്കുകൾ ശേഖരിച്ചത്. 440 പേർ വിവിധ സ്ക്വാഡുകളിൽ പങ്കെടുത്താണ് ഈ ദൗത്യം പൂർത്തീകരിച്ചത്.

വിവിധ വകുപ്പുകളിൽ നിന്ന് അവലോക റിപ്പോർട്ട് സംഘടിപ്പിക്കുന്നതിന് ഉദ്യോഗസ്ഥരുടെ യോഗം ഒക്ടോബർ 31 ന് വിളിച്ചുചേർത്തു. കൃത്യസമയത്തുതന്നെ അവലോക റിപ്പോർട്ട് എത്തിക്കാൻ മിക്ക വകുപ്പ് തലവന്മാരും തയ്യാറായിട്ടുണ്ട്.

പൊതുപ്രശ്നങ്ങൾക്കു മുന്നിൽ ഭിന്നതകൾ മറക്കാൻ തയ്യാറാവുന്ന ജന സഞ്ചയമാണ് നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രത്യാശയായി നിലക്കൊള്ളുന്നത്. ഏത് കഠിനമായ ജോലിയും സേവനതല്പരതയോടെ ഏറ്റെടുക്കാൻ കഴിയുന്ന വലിയ മനസ്സിന് ഉടമകളാണ് ഇവിടുത്തെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകർ. മാനവികതയുടെ ഉദാത്തമൂല്യങ്ങൾ കെടാതെ സൂക്ഷിക്കുന്ന ഈ മനസ്സുകളെ സാക്ഷിനിർത്തി മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ

**സമർപ്പിക്കുന്നു.**



# 2

# ഇന്നലെകളിലൂടെ....

**ബ്രി**ട്ടീഷ് മലബാറിൻെറ ഭാഗമായിരുന്നു പഴയ കുറുമ്പ്രനാട് താലൂക്ക്. ബ്രിട്ടീഷുകാർ ഈ താലൂക്ക് രൂപീകരിക്കുന്നതിനുമുമ്പും കുറുമ്പ്രനാട് എന്നപേരിൽ ഒരു രാജഭരണപ്രദേശം ഇവിടെ നിലനിന്നിരുന്നതായി ലോഗൻെറ മലബാർ മാന്വലിൽ (പേജ് 697) കാണാം. കുറുമ്പ്രനാട് രാജവംശത്തിൻെറ അധീനതയിലായിരുന്നു ഈ പ്രദേശം. കോട്ടൂർ, തൃക്കുറ്റിശ്ശേരി, നടുവണ്ണൂർ, കാവുന്തറ, ഇയ്യാട്, പനങ്ങാട്, നെടിയനാട്, കിഴക്കോട്, മടവൂർ എന്നീ അംശങ്ങൾ ചേർന്നതായിരുന്നു കുറുമ്പ്രനാട് രാജവംശത്തിൻെറ അധികാരപരിധി. ബാലുശ്ശേരിക്കടുത്തുള്ള കിഴക്കേടത്ത് കോവിലകത്തെ തമ്പുരാനായിരിക്കണം കുറുമ്പ്രനാട് രാജവംശത്തിലെ ഭരണാധികാരി എന്നു കരുതുന്നതിൽ തെറ്റില്ല. കുറുമ്പ്രനാടിൻെറ ഏതാനും ഭാഗങ്ങളും താമരശ്ശേരി നാട്ടിൽ പെട്ട ചില അംശങ്ങളും കൂടാതെ പയ്യനാടും കടത്തനാടും പയ്യോർമലയും മുഴുവനായും ചേർത്താണ് ബ്രിട്ടീഷുകാർ കുറമ്പ്രനാട് താലൂക്ക് രൂപീകരിക്കുന്നത്.




**നാടുകളും ഭരണകർത്താക്കളും**

| | | |
|---|---|---|
| 1 | കടത്തനാട് | (കടത്തനാട്ട് രാജ) |
| 2 | പയ്യനാട് | (സാമൂതിരി) |
| 3 | പയ്യൂർമല | (നായന്മാർ) |
| 4 | കുറുമ്പ്രനാട് | (കുറുമ്പ്രനാട് രാജ) |
| 5 | താമരശ്ശേരി | (കോട്ടയംരാജ) |

പയ്യോർ മലയിൽപെട്ട അംശങ്ങളാണ് പാലേരി, ചെറുവണ്ണൂർ, മേപ്പയൂർ, പേരാമ്പ്ര, കായണ്ണ, കാരയാട് ഇരിങ്ങത്ത് എന്നിവ. പാലേരിയിലെ അവിഞ്ഞാട്ട് കുത്താളി നായന്മാരുടെ അഥവാ പയ്യോർ നായന്മാരുടെ കീഴിലായിരുന്നു പയ്യോർ മലനാട്. അവിടെ ഭരണാധികാരിക്ക് 'പയ്യോർ മല കോതേരാമൻ' എന്ന ബിരുദമുണ്ടായിരുന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവർ സ്വതന്ത്രരായ നാടുവാഴികളായിരുന്നു. കുറുമ്പ്രനാട് രാജവംശത്തോടും സാമൂതിരിയോടുമുള്ള അവരുടെ ആശ്രിതത്വം നാമമാത്രമായിരുന്നു.

ഈ പയ്യോർമലയുടെ ഒരു പ്രധാന ഭാഗമായിരുന്നു പയ്യൂരെന്നും അതിൽ നിന്നും തത്ഭവിച്ചുണ്ടായതാണ് മേപ്പയ്യൂരെന്നും കരുതുന്നതിൽ തെറ്റില്ല. ഉത്തര അക്ഷാംശം 11 ഡിഗ്രി 34 മിനുട്ടും പൂർവ്വരേഖാംശം 75 ഡിഗ്രി 44 മിനുട്ടും കേന്ദ്രമായിവരുന്ന മേപ്പയ്യൂർ പഞ്ചായത്ത് പ്രദേശം കടൽ വിതാനത്തിൽ നിന്നും 36 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

**ആസ്ഥാനം:** മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ ഭരണസിരാകേന്ദ്രം വെങ്കപ്പാറപൊയിൽ എന്ന മേപ്പയൂർ ടൗൺ ആണ്. കായലാട്, മേപ്പയൂർ ദേശങ്ങളിലാണ് ടൗൺ സ്ഥിതിചെയ്യുന്നത്. മേപ്പയൂർ എന്ന പേരിന്റെ രൂപീകരണം പയ്യോർമലയുമായി ബന്ധപ്പെട്ടതാണെങ്കിൽ വെങ്കപ്പാറപ്പൊയിൽ എന്ന സ്ഥലനാമവും കൂടുതൽ പഠനം ആവശ്യപ്പെടുന്നു.

പുരാണ പുരുഷനായ ബകനുമായി ബന്ധപ്പെടുത്തി ഒരു വാമൊഴി കഥ നിലനിൽക്കുന്നു. ബകൻപാറ എന്നത് പരിണമിച്ച് വെങ്കപ്പാറയായി എന്നാണ് ഈ മിത്തുമായി ബന്ധപ്പെട്ട വാദം. എന്നാൽ വെങ്കല്ല് (വെളുത്തകല്ല്) സുലഭമായതിനാൽ വെങ്കൽപാറ എന്ന പ്രയോഗം വെങ്കപ്പാറയായി എന്ന വാദമാണ് യുക്തിസഹമായി പരിഗണിക്കപ്പെടുന്നത്- വെങ്കപ്പാറയുള്ള സ്ഥലത്തിന്റെ കീഴ്ഭാഗം (കുനിപ്രദേശം, കൊല്ലി) എന്ന അർഥത്തിലാണ് വെങ്കപ്പാറ 'പൊയിൽ' എന്ന പ്രയോഗത്തിന്റെ സാംഗത്യം.

### പഞ്ചായത്തു രൂപീകരണം

മേപ്പയൂർ, കൊഴുക്കല്ലൂർ എന്നീ രണ്ടു വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന മേപ്പയൂർ ഗ്രാമ പഞ്ചായത്ത് പത്തുദേശങ്ങൾ ഉൾക്കൊള്ളുന്നു. 1960 ലെ കേരള പഞ്ചായത്ത് ആക്ട് അനുസരിച്ച് 1963 ൽ ആണ് ഇപ്പോഴത്തെ മേപ്പയൂർ പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നത്. ഇതിനുമുമ്പ് മേപ്പയൂർ കീഴ്പയൂർ ചങ്ങരംവെള്ളി കായലാട് ദേശങ്ങൾ മേപ്പയൂർ പഞ്ചായത്ത്, നരക്കോട് നിടുമ്പൊയിൽ, ചാവട്ട് കൊഴുക്കല്ലൂർ ദേശങ്ങൾ കൊഴുക്കല്ലൂർ പഞ്ചായത്ത്, എളമ്പിലാട്, വിളയാട്ടൂർ ദേശങ്ങൾ വിളയാട്ടൂർ പഞ്ചായത്ത് എന്നിങ്ങനെയായിരുന്നു നിലവിലുണ്ടായിരുന്ന ഗ്രാമഭരണ സംവിധാനം.

പട്ടിക 1

**1963 ന മുമ്പ് നിലവിലുണ്ടായിരുന്ന പഞ്ചായത്ത് സംവിധാനം**

| പഞ്ചായത്തിന്റെ പേര് | ഉൾപ്പെടുന്ന ദേശങ്ങൾ | ആസ്ഥാനം | അവസാനത്തെ പ്രസിഡണ്ട് | തെരഞ്ഞെടുപ്പ് |
|---|---|---|---|---|
| മേപ്പയൂർ | മേപ്പയൂർ കീഴ്പയൂർ ചങ്ങരം വെള്ളി കായലാട് | ചെറുവട്ടാട്ട്* അപ്പുക്കുട്ടി നമ്പ്യാരുടെ പടിപ്പുര, ഐരാണിതറമൽ വായനശാലാകെട്ടിടം | ചെറുവട്ടാട്ട് പി.കെ.നാരായണൻ നമ്പ്യാർ | വോട്ടർമാർ കൈപൊക്കി പ്രസിഡണ്ടിനെ നേരിട്ട് തിരഞ്ഞെടുത്തു |
| കൊഴുക്കല്ലൂർ | നരക്കോട്, ചാവട്ട് നിടുമ്പൊയിൽ കൊഴുക്കല്ലൂർ | കീഴത്തോട്ടത്തിൽ പീടികയുടെ മുകളിൽ | എളവന പത്മനാഭൻ നായർ | |
| വിളയാട്ടൂർ | എളമ്പിലാട് വിളയാട്ടൂർ | വലിയപറമ്പിൽ പീടികയുടെ മുകളിൽ | പി.അമ്മത് മാസ്റ്റർ | |

* ആദ്യകാലത്ത് ചെറുവത്ത് ചെറുവട്ടാട്ട് അപ്പുക്കുട്ടി നമ്പ്യാരുടെ പടിപ്പുരയായിരുന്നു. പിന്നീട് ഐരാണിതറമൽ കോൺഗ്രസ് സുവർണ്ണജൂബിലി വായനശാല കെട്ടിടത്തിലാണ് മേപ്പയൂർ പഞ്ചായത്തിന്റെ ആസ്ഥാനം പ്രവർത്തിച്ചത്. ഈ വായനശാലാകെട്ടിടം, 'പട്ടിണിയോ പാരതന്ത്ര്യമോ' എന്ന നാടകം ടിക്കറ്റ്വെച്ച് അവതരിപ്പിച്ച് കിട്ടിയകാശുകൊണ്ട് സ്ഥലം വാങ്ങി നിർമ്മിച്ചതാണ്. നാടകം സംവിധാനം ചെയ്തത് ഇ രാമൻമാസ്റ്റർ ആയിരുന്നു.

സംയോജിത മേപ്പയൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ട് ശ്രീ.എം.കെ.ചാപ്പൻനായർ ആയിരുന്നു. അഞ്ച് ജനറൽ സീറ്റുകളും രണ്ടു സംവരണ സീറ്റുകളും (വനിതാ 1 ഹരിജൻ 1 ) ഉൾപ്പെടെ ഏഴ്പേരായിരുന്നു ഭരണസമിതി. ഇതിൽ സംവരണ സീറ്റുകളിലേക്ക് നോമിനേറ്റ് ചെയ്യുന്ന സംവിധാനമായിരുന്നു നിലനിന്നത്.

### പൂർവ്വികരിലേക്ക്.....

കാർഷികജന്യമായ സംസ്കൃതിയാണ് ഈ ഗ്രാമത്തിന്റേത്. കാർഷിക ബന്ധത്തിലധിഷ്ഠിതമായ സാമൂഹ്യക്രമമായിരുന്നു നിലനിന്നത്. ഭൂവുടമസ്ഥതയില്ലാത്ത കർഷകകൂട്ടങ്ങളായിരുന്നു സമ്പദ്ഘടനയുടെ നട്ടെല്ലായി വർത്തിച്ചത്. വിരലിലൊതുങ്ങുന്ന വൻ പ്രമാണിമാരുടെ

കൈയിലായിരുന്നു ഈ ഗ്രാമത്തിലെ ഭൂസ്വത്തുമുഴുവനും. കാട്ടുമാടം നമ്പൂതിരി (പൊന്നാനി), ഇതിൽ പ്രധാനിയാണ്.

പഞ്ചായത്തിലെ ഭൂസംബന്ധിയായ പ്രശ്നങ്ങളും ഭരണനിർവ്വഹണവും ഇടജന്മികളാണ് കൈകാര്യം ചെയ്തത്. ഇടജന്മികളിൽ പ്രധാനികൾ നെരവത്ത്, ചെറുവറ്റ, എടവത്തേരി, പൂത്തലത്ത്, അന്തോളിക്കണ്ടി, ചെറുവട്ടാട്ട്, പട്ടോന, മേപ്പയൂരിലെ തിരുമംഗലത്ത്.... എന്നിവരാണ്.

ജന്മിമാരുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാന്യതയും സാമൂഹ്യാംഗീകാരവും കല്പിച്ചു നൽകപ്പെട്ടിരുന്നു. ജന്മിമാരുടെ ആശ്രിതത്വവും വിശ്വാസ്യതയും കൈകാര്യക്കാരൻ, തണ്ടാൻ പദവികൾ ലഭിക്കുന്നതിന് അവശ്യഘടകമായിരുന്നു ഭൂസ്വത്തിന്റെ കൈവശാവകാശവും ഭൂവിനിയോഗത്തിന്റേയും കൈമാറ്റത്തിന്റേയും സ്വഭാവവും പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ നിലനിന്ന ജന്മി-കുടിയാൻ ബന്ധത്തിന്റെ വ്യാപ്തി മനസിലാകും.

അതിശക്തമായ ഒരു ഭരണക്രമമായിതന്നെയായിരുന്നു ജന്മിത്വത്തിന്റെ നിലനിൽപ്. അംശാധികാരികൾ ജന്മിതാല്പര്യ സംരക്ഷണം ഉറപ്പുവരുത്തി. അധികാരവും സാമൂഹികമായ പദവിയും ഒരുമിച്ചുചേർന്നപ്പോൾ സ്വാഭാവികമായും അതെത്തിച്ചേർന്നത് അതിസങ്കീർണ്ണമായ സാമൂഹ്യവിപത്തുകളിലേക്കാണ്.

ഹരിജനങ്ങൾ പിന്നോക്കവിഭാഗങ്ങൾ ഉൾപ്പെടെ അവർണ്ണജാതിക്കാർ, ഭൂരഹിത മുസ്ലിം ജനസാമാന്യം ഇവരായിരുന്നു ഈ പഞ്ചായത്തിന്റെ ജനസമ്പത്ത്. കൊടിയപീഢനങ്ങൾക്ക് വിധേയമാക്കപ്പെട്ടവരായിരുന്നു ഈ ജനവിഭാഗം.

ജന്മിത്വത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത അധികാരം, സാമൂഹ്യമായ ഉച്ചനീചത്വങ്ങൾക്കു വഴിവെച്ചു. അയിത്തം സാമൂഹ്യവ്യവഹാരത്തിന്റെ അടിസ്ഥാന പ്രമാണമായി തന്നെ രൂപപ്പെട്ടു. വാരകളുടെ അകലത്തിൽ മാറ്റി നിർത്തപ്പെട്ടവരായി മാറി അവർണ്ണജാതിക്കാർ. കർഷകത്തൊഴിലാളികളും ഭൂരഹിതകർഷകരും ഉൾപ്പെടുന്ന വലിയ ജനസഞ്ചയത്തെ കൊടിയ ചൂഷണത്തിന് വിധേയമാക്കുന്നതിനുകൂടി അയിത്തവും തജ്ജന്യപാർശ്വവ്യവഹാരങ്ങളും ഇടയാക്കി.

പരിഷ്കൃത മനസിന് ഉൾക്കൊള്ളാൻ കഴിയാത്ത ഈ സാമൂഹ്യവ്യവഹാരങ്ങൾക്കെതിരെ ചെറുത്തുനിൽപ് രൂപപ്പെടുന്നത് ദേശീയ പ്രക്ഷോഭത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്.

## ദേശീയപ്രസ്ഥാനം കർഷകപ്രസ്ഥാനം

1920 കളുടെ അവസാനമാണ് മേപ്പയൂരിൽ ദേശീയസമരത്തിന് സംഘടനാപരമായ രൂപം കൈവരുന്നത്- അയിത്തവിരുദ്ധ പ്രക്ഷോഭം, ഹിന്ദിപഠനക്ലാസ്, വയോജനവിദ്യാഭ്യാസം ഇവ വ്യാപകമായി സംഘടിപ്പിക്കപ്പെട്ടു. കോൺഗ്രസ് ഘടകങ്ങൾ ഏകോപിതമല്ലാത്ത രൂപത്തിൽ ആണെങ്കിലും രൂപീകരിക്കപ്പെട്ടു. കൊഴുക്കല്ലൂരിൽ പുഞ്ചോലനാരായണൻനായർ പ്രസിഡണ്ടും തെക്കെപന്തീരടി മാധവവാരിയർ സെക്രട്ടറിയുമായി കമ്മിറ്റി നിലവിൽ വന്നു. വിളയാട്ടൂരിൽ 1935 ൽ വി.കെ.നാരായണൻനമ്പ്യാർ, കുഞ്ഞികൃഷ്ണൻനായർ എന്നിവരായിരുന്നു കോൺഗ്രസ് വക്താക്കൾ. മേപ്പയൂരിൽ മഠത്തുംഭാഗം പ്രദേശം കേന്ദ്രീകരിച്ച് ദേശീയപ്രക്ഷോഭങ്ങൾ രൂപപ്പെട്ടു; ഇ.സി അപ്പുനമ്പ്യാർ നാഗത്തിങ്കൽ കുഞ്ഞിരാമൻനായർ, പി.കെ.കൃഷ്ണൻനായർ, ആച്ചികുളങ്ങര ഉക്കാരൻനമ്പ്യാർ, പി.ടി.ഗോപാലൻ നമ്പ്യാർ, കെ.ടി.കുഞ്ഞിരാമൻനായർ എന്നിവർ നേതൃനിരയിൽ തിളങ്ങി.

1930 ൽ ഉപ്പു കുറുക്കൽ സമരത്തിന്റെ ഭാഗമായി പള്ളിക്കരയിലെ ഇ.പി.കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ നടന്ന ജാഥക്ക് മേപ്പയൂരിലും നരക്കോട്ടും നൽകിയ സ്വീകരണം പ്രാധാന്യമർഹിക്കുന്നു. നരക്കോട് കേന്ദ്രത്തിൽ ആവേശഭരിതരായ മൂന്നുപേർ മലമൽമുണ്ട് കത്തിച്ചുകൊണ്ട് പ്രതികരിച്ചു. ഈ ജാഥക്കുശേഷമാണ് ഇ.സി.അപ്പുനമ്പ്യാർ ദേശീയപ്രസ്ഥാനത്തിന്റെ സജീവ വക്താവായിമാറുന്നത്.

മഠത്തും ഭാഗത്ത് വാകയാട്ടില്ലത്തെ പീടികമുകളിൽ ഇ.സി.അപ്പുനമ്പ്യാർ തെക്കെകൊപ്പാരത്ത് ഗോപാലൻനായർ നാഗത്തിങ്കൽ കുഞ്ഞിരാമൻനായർ, ദാമോദരൻ എമ്പ്രാതിരി, വാകയാട്ടില്ലത്ത് കുഞ്ഞികൃഷ്ണൻ എമ്പ്രാന്തിരി എന്നിവരുടെ നേതൃത്വത്തിലും കൊഴുക്കല്ലിൽ പുഷ്പോത്ത് നമ്പീശന്റെ നേതൃത്വത്തിലും നടന്ന നൂൽനൂൽപ് എടുത്തു പറയത്തക്കതാണ്. ഈ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തതിന് ഇ.സി.അപ്പുനമ്പ്യാർ തെക്കെകൊപ്പാരത്ത് ഗോപാലൻ നായർ എന്നിവരെ പോലീസ് അറസ്റ്റുചെയ്ത് ക്രൂരമായ മർദനങ്ങൾക്ക് വിധേയമാക്കുകയുണ്ടായി. കൊഴുക്കല്ലൂരിലും നിടുമ്പൊയിലിലും നടന്ന വയോജനവിദ്യാഭ്യാസ ക്ലാസ്സുകൾ ദേശീയ പ്രസ്ഥാനത്തിന് മുതൽകൂട്ടായി.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹിന്ദി പഠനക്ലാസ് ദേശീയ സമരത്തിന്റെ ഭാഗമായി നടന്നു. എം.കെ.കേളുഏട്ടന്റെ നേതൃത്വത്തിൽ നടന്ന ഈ പ്രക്ഷോഭപ്രവർത്തനങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയത് നാഗത്തിങ്കൽ കുഞ്ഞിരാമൻ നായർ, വാകയാട്ടില്ലത്ത് ദാമോദരൻ എമ്പ്രാന്തിരി എന്നിവരായിരുന്നു.

അവർണ്ണസ്ത്രീകളുടെ മാറുമറയ്ക്കലും സവർണ്ണേതര വിഭാഗക്കാരുടെ അസ്തിത്വസ്ഥാപനവും ഒരു പ്രശ്നമായിരുന്നു. ഹിന്ദിക്ലാസുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനിടയ്ക്ക് ഈ ദു:സ്ഥിതിക്കെതിരായ എം.കെ. കേളുഏട്ടന്റെ ഇടപെടൽ പ്രധാനമായിരുന്നു.

359

നാട്ടുപ്രമാണിമാരോടൊപ്പം നടന്നുവരുമ്പോൾ കേളു ഏട്ടനനുഭവപ്പെട്ട ഒരു സംഭവം ശ്രദ്ധേയമാണ്. വഴിനടന്നു വരുമ്പോൾ മുമ്പിൽപെട്ട ഈഴവ സ്ത്രീ മാറുമറച്ചമു ണ്ടെടുത്തുമാറ്റി ബഹുമാനം കാണിച്ചപ്പോൾ 'ഇത് അപമാ നിക്കലാണ്; മാറുമറച്ചാണു ബഹുമാനിക്കുക' എന്ന കേളു ഏട്ടൻെറ മറുപടി പ്രമാണിമാരുടെ എതിർപ്പിനിടയാക്കി. ഹിന്ദിപ്രചാരണം നിർത്താൻ കേളുഏട്ടനോട് ആവശ്യ പ്പെടുന്നതുവരെ കാര്യങ്ങളെത്തി. എന്നാൽ അയിത്തത്തി നെതിരായ അതിരൂക്ഷമായ ഒരു പോരാട്ടത്തിലേക്ക് ആവശ്യമായ ഊർജ്ജം സംഭരിക്കുന്നതിന് ഈ സംഭവം ഇടയാക്കി. ഇതിൻെറ പരിണിതഫലമെന്ന നിലയിൽ വി കാസം പ്രാപിച്ചതാണ് കണ്ഠമന:ശാല മഠത്തിലെ കുളി എന്നുപറയാം.

1939 ൽ കേളപ്പജി പങ്കെടുത്ത അയിത്തോച്ചാടന സമ്മേളനം നരക്കോട് നടന്നു. ഡോ:കുട്ടി ആയിരുന്നു അധ്യക്ഷൻ ഈ സമ്മേളന തീരുമാനപ്രകാരമാണ് 'രണ്ടു പുലയകുട്ടികൾ' ആദ്യമായി കൊഴുക്കല്ലൂർ എൽ.പി.സ്ക്കൂ ളിൽ ചേർക്കപ്പെടുന്നത്.

കൊഴുക്കല്ലൂർ ക്ഷേത്രത്തിൽ ശാന്തിക്കാരായി വന്ന് ദേശീയപ്രസ്ഥാനത്തിൻെറ വക്താക്കളായി മാറിയ ഈശ്വരൻ എമ്പ്രാന്തിരി, എമ്പ്രാന്തിരിയുടെ സഹോദരൻ എന്നിവർ പരാമർശമർഹിക്കുന്നു. ഇതിൽ ഈശ്വരൻ എ മ്പ്രാന്തിരിയെ അറസ്റ്റ്ചെയ്ത് ജയിലിലടച്ചു. 1942 ൽ നടു വണ്ണൂർ രജിസ്ററർ ഓഫീസ് കത്തിക്കൽ സമരത്തിൽ പ ങ്കെടുത്തവരിൽ പ്രമുഖനാണ് കൊഴുക്കല്ലൂരിലെ പു ഷ്പോത്ത്കൃഷ്ണൻ നമ്പീശൻ. പ്രസ്തുത കേസിൽ നിന്ന് ശ്രദ്ധതിരിക്കുന്നതിനുവേണ്ടി കൊഴുക്കല്ലൂരിൽ മാ ത്രം നികുതി നിഷേധസമരം പ്ലാൻ ചെയ്യുകയായിരുന്നു ചെയ്തത്. ഇതിനുവേണ്ടി കുരുടിമുക്കിൽ നിന്ന് തുടങ്ങി യ കോൺഗ്രസ് ജാഥയെ കീഴരിയൂരിൽ വെച്ച് പോലീസ് തടയുകയും കൃഷ്ണൻ നമ്പീശനെ അറസ്റ്റുചെയ്യുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ മേപ്പയൂർ പഞ്ചായത്തിലെ ദേശീയ പ്രക്ഷോഭകരിൽ പ്രധാനികൾ, ഇ.സി.അപ്പു നമ്പ്യാർ, ടി.സി.ചാത്തു പുഷ്പോത്ത് കൃഷ്ണൻ നമ്പീ ശൻ, വി.കെ.ഗോപാലൻ വൈദ്യർ (കൊഴുക്കല്ലൂർ) തെ ക്കെ കൊപ്പാരത്ത് ഗോപാലൻനായർ, ആച്ചിക്കുളങ്ങര ഉക്കാരൻനമ്പ്യാർ, പി.ടി.ഗോപാലൻനനമ്പ്യാർ, പി.കെ.കൃ ഷ്ണൻനായർ പി.കെ.നാരായണൻകിടാവ് തുടങ്ങിയവരാ ണ്.

**കാട്ടുമാടം കുറുമ്പ്രനാടുവിടുക :** പൊന്നാനി കേ ന്ദ്രമായി മലബാർ മുഴുക്കെ ഭൂവുടമത്വവും ആത്മീയനേതൃ ത്വവുമുള്ള കാട്ടുമാടം വകയായി 366 മഠങ്ങൾ കേരളത്തി ൻെറ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു. അതിലുൾ പ്പെടുന്നതാണ് മേപ്പയൂർ ദേശത്തിലെ ശ്രീകണ്ഠമനശാ ലമാവും കാട്ടുമാവും. മലബാറിലെ ഫ്യൂഡൽ രാജാവായ കാട്ടുമാടത്തിൻെറ അധികാരം ചോദ്യം ചെയ്യുകയായി രുന്നു ഈ മുദ്രാവാക്യത്തിലൂടെ .

ജന്മിത്വം സകലപ്രതാപത്തോടെയും നിലനിന്ന പ്ര ദേശമായിരുന്നു കണ്ഠമനഃശാലക്കു ചുറ്റുമുള്ള പ്രദേശം. അയിത്തവും ഭൂപ്രഭുത്വത്തിൻെറ കെടുതികളും ബീഭത്സരൂ പത്തിൽ ഇവിടെ അനുഭവഭേദ്യമായിരുന്നു പലപ്പോഴും. സവർണ്ണജാതിക്കാരായ മാരാർ, നായർപ്രമാണിമാരുടെ അധീനതയിലായിരുന്നു ഇവിടെ സാമൂഹ്യജീവിതക്രമം. വാണിയർ, തിയ്യർ എന്നിവരായിരുന്നു മറ്റു പ്രബല ജനവി ഭാഗം. ഹരിജനങ്ങൾ, ബ്രാഹ്മണർ, ആശാരിമാർ എന്നി വർ എണ്ണത്തിൽ കുറവായിരുന്നു.

മാനുഷികതയുടെ സജീവമായ സാംസ്കാരികബോ ധം അയിത്തത്തെ വെല്ലുവിളിക്കുന്നതിന് കർഷകപ്രസ്ഥാ നത്തെ പ്രേരിപ്പിച്ചു. കാട്ടുമാടം വക ശ്രീകണ്ഠ മനഃശാല ക്ഷേത്രത്തിൽ വിലക്കുലംഘിച്ചുകുളിക്കുന്നതിന് കർ ഷകസംഘം തീരുമാനിച്ചു.

ഇ.രാമൻമാസ്റ്റർ, ടി.സി.ചാത്തു, തയ്യുള്ളതിൽ അപ്പു, ഏരത്തുകണ്ടികണ്ണൻ എളമ്പിലാശ്ശേരിപൊയിൽ (കുഞ്ഞി ക്കണ്ട നാരായണൻ, പോവതികണ്ടി കോരൻ, കോമത്തു കണ്ടിയിൽ ചെക്കോട്ടി, വള്ളുപറമ്പിൽ കോരൻ, കുണ്ടങ്ങാ ട്ട് ചന്തുആശാരി, എ.കേളപ്പൻ നൊച്ചാട്, പി.ടി.ഗോപാ ലൻനമ്പ്യാർ, ആച്ചിക്കുളങ്ങര ഉക്കാരൻ നമ്പ്യാർ എന്നി ങ്ങനെ പന്ത്രണ്ടുപേർ കുളത്തിൽ ഇറങ്ങി കുളിച്ചകേസിൽ പ്രതികളായി.

കണ്ഠമനഃശാല മഠത്തിലെ കുളിയുമായി ബന്ധപ്പെട്ട കേസിൽ പ്രതിയായവർ.
(Court of the Sub Divisional Magistrate Calicut Mis case No-12/47 Order under Section 122 Cr.P.C January 47)

ക്ഷേത്രക്കുളത്തിൽ മുങ്ങിക്കുളിച്ച് അയിത്തം വെല്ലു വിളിക്കപ്പെട്ടപ്പോൾ ഇത് അംഗീകരിക്കാൻ അംശാധികാ രി കുഞ്ഞിരാമൻനമ്പ്യാരും മേമോൻ കുറ്റിപ്പുറത്ത് കു ഞ്ഞിരാമൻ നായരും തയ്യാറായില്ല. അയിത്തം നിയമവിരു ദ്ധമായകാലമാണിത്. ക്ഷേത്രക്കുളം വൃത്തികേടാക്കി എന്ന വാദമാണ് മേനോൻ ഉയർത്തിയത്. "ക്ഷേത്രക്കുളത്തിൽ ഞങ്ങൾ കുളിച്ചു; മേപ്പയൂർ മേനോൻ ധിക്കാരം പറയുന്നു" എന്ന പ്രചാരണപ്രവർത്തനത്തിലൂടെ കർഷകസംഘം മേനോൻെറ കുത്സിത നീക്കത്തെ നേരിട്ടു.

വയലുകളിൽ മാടുകൾക്കുപകരം മനുഷ്യരെ കലപ്പക്കുകെട്ടുന്ന പ്രാകൃതത്വം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മേപ്പയൂർ, സമുദാത്തിൽപെട്ടവരെ കൊ ഴുക്കല്ലൂർ ഭാഗങ്ങളിൽ പറയരെ ഉഴുത്തുമൃഗത്തിനു തുല്യ മാക്കുന്ന മൃഗീയതയുണ്ടായിരുന്നു. ഇതിനെതിരെ ഇ.സി.അപ്പുനമ്പ്യാർ പറയരെ സംഘടിപ്പിച്ച് ജാഥ നടത്തു

കയും, പ്രമാണിയായ ഒരാളുടെ വീട്ടിൽ പറയരോടൊപ്പം സംഘടിതമായി വിവാഹസദ്യയിൽ ഭക്ഷണത്തിനിരിക്കുകയും ചെയ്തു. വലിയ കോളിളക്കം സൃഷ്ടിച്ച ഒരു സംഭവമായി ഇ.സി.യുടെ നേതൃത്വത്തിൽ നടന്ന ഈ പറയജാഥ.

330 ാം നമ്പർ റേഷൻഷാപ്പ് കത്തിയ സംഭവവുമായി ബന്ധപ്പെട്ട കേസുകളും പോലീസ് നരനായാട്ടും മേപ്പയൂരിൻെറ രാഷ്ട്രീയ പ്രസ്ഥാനചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്.

## ചത്താലും ചെത്തും കൂത്താളി

കുറുമ്പ്രനാട് താലൂക്കിൻെറ സമരതീക്ഷ്ണമായ ഇന്നലെകളുടെ പ്രതീകമാണ് കൂത്താളി കർഷകസമരം. രണ്ടാംലോകമഹായുദ്ധത്തിൻെറ കെടുതികൾ സാമാന്യജനതയെ വീർപ്പുമുട്ടിക്കുന്ന കാലം, വറുതിയും ദുരിതവും പകർച്ചവ്യാധികളും പടർന്നുപിടിക്കുന്ന കാലം; കോളറമൂലം മരണം പെരുകുന്ന കാലം- ദുരിതങ്ങൾക്കെതിരെ പടപ്പുറപ്പാടിന് കർഷകസംഘം ആഹ്വാനം ചെയ്തു.

മരുമക്കത്തായ പ്രകാരം അവകാശികളില്ലാത്തതിനാൽ ഗവ:ലേക്ക് നിക്ഷിപ്തമായ ഭൂമി പിടിച്ചെടുത്ത് കൃഷിചെയ്യാൻ കർഷകസംഘം തീരുമാനിച്ചു. താലൂക്കിൻെറ വടക്കുകിഴക്കൻ ഭാഗത്തുള്ള കൂത്താളിമൂപ്പിൽ നായരുടെ പതിനായിരക്കണക്കിന് ഏക്ര ഭൂമി കയ്യേറി കൃഷിചെയ്തം ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രതീകാത്മകമുറ നാടെങ്ങും സമരോത്സുകമായ ഒരുണർവിനു പ്രേരകമായി.

"ഉരിയരിപോലും കിട്ടാനില്ല<br>ഉയിരുകൊടുത്താലും<br>ഉദയാസ്തമയം പീടികമുന്നിൽന്നുകരഞ്ഞാലും"

സമരസജ്ജമായ കണ്ഠങ്ങളിൽ നിന്ന് കണ്ഠങ്ങളിലേക്ക് കാക്കിട്രൗസർ ധരിച്ച സമരവളണ്ടിയർമാർ പലവഴിയിലൂടെ ഒറ്റതിരിഞ്ഞ് മുപ്പോത്തെത്തി കേമ്പുചെയ്താണ് കൂത്താളിയിലേക്ക് പുറപ്പെട്ടത്.

ചത്താലും ചെത്തും കൂത്താളി എസ്റ്റേറ്റ് എന്ന മുദ്രാവാക്യവുമായി 1947 ഏപ്രിൽ 12 ന് സമരഭൂമിയിൽ കടന്ന 36 പേരിൽ ആറുപേർ മേപ്പയൂരിൽ നിന്നായിരുന്നു. കേപ്റ്റൻ ടി.സി.ചാത്തുവിനു പുറമേ സി.കെ.അബ്ദുള്ള കുട്ടിപറമ്പിൽ ഗോപാലൻ, കെ.സി.കണ്ണൻ, കെ.സികുഞ്ഞിരാമൻ, പുത്തൂപ്പട്ടയിൽ കുഞ്ഞിക്കണ്ണൻ എന്നിവരായിരുന്നു മരഭൂമിയിൽ പ്രവേശിച്ചത്. സമരഭൂമിയിൽ വലിയ മരത്തിൽ പതാകകെട്ടി മരത്തിൻെറ കീഴ്ഭാഗം പകുതി മുറിച്ചുവെച്ച്, പതാകനശിപ്പിക്കുന്നതിന് തടസ്സം സൃഷ്ടിച്ച സമരസേനാനിയായിരുന്നു സി.കെ.അബ്ദുള്ള. ഈ സമരത്തിന് നേതൃത്വം കൊടത്തു എന്ന കുറ്റത്തിനാണ് കെ.ചോയി ഗുണ്ടകളുടേയും പോലീസിൻേറയും മർദ്ദനത്തിൽ കൊല്ലപ്പെടുന്നത്.

### കൂത്താളിസമരസേനാനികൾ - പെൻഷൻ അനുവദിക്കപ്പെട്ടവർ

1. മലയിൽ രാമൻ മാസ്റ്റർ
2. ടി.സി.ചാത്തു
3. ഏരത്ത്കണ്ടി കണ്ണൻ
4. എളമ്പിലാശ്ശേരിപൊയിൽ നാരായണൻ
5. പോവതികണ്ടികോരൻ
6. കോമത്ത് കണ്ടി ചെക്കോട്ടി
7. പി.ടി.ഗോപാലൻ നമ്പ്യാർ
8. ആച്ചിക്കുളങ്ങര ഉക്കാരൻനനമ്പ്യാർ
9. തേവർ കുന്നോത്ത് കുഞ്ഞിരാമൻ
10. ടി.സി.ഗോപാലൻ
11. ടി.സി.കുഞ്ഞിരാമൻ
12. കെ.പി.ചെറിയോഞ്ഞൻ
13. കുണ്ടങ്ങാട്ട് അച്യുതൻ
14. വി.കെ.കുട്ടികൃഷ്ണൻനമ്പ്യാർ
15. കോവുമ്മൽ നാരായണൻനായർ
16. ഇ.സി.അപ്പുനമ്പ്യാർ

മേപ്പയൂരിലെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകിടക്കുന്ന നിരവധി വ്യക്തിത്വങ്ങൾ ഉണ്ട്. പഞ്ചായത്തിലെ സമരനേതാക്കളിൽ പ്രമുഖർ: ഇ.സി.അപ്പു നമ്പ്യാർ. ഇ.രാമൻമാസ്റ്റർ, ടി.സി.ചാത്തു, തെക്കെകൊപ്പാരത്ത് ഗോപാലൻനായർ, നാഗത്തിങ്കൽ കുഞ്ഞിരാമൻ നായർ, ആച്ചിക്കുളങ്ങര ഉക്കാരൻമ്പ്യാർ, വാകയാട്ടില്ലത്ത് ദാമോദരൻ എമ്പ്രാന്തിരി കുഞ്ഞികൃഷ്ണൻ എമ്പ്രാന്തിരി, ടി.സി.അപ്പു, ഏരത്തുകണ്ടി കണ്ണൻ എളമ്പിലാശ്ശേരി പൊയിൽ നാരായണൻ, (കുഞ്ഞിക്കണ്ടി), പോവതികണ്ടി കോരൻ, കോമത്തുകണ്ടിയിൽ ചെക്കോട്ടി, വള്ളുപറമ്പിൽ കോരൻ, കുണ്ടങ്ങാട്ട് ചന്തുആശാരി, എ.കേളപ്പൻ നൊച്ചാട്, പി.ടി.ഗോപാലൻ നമ്പ്യാർ, പി.കെ.കൃഷ്ണൻ നായർ, പുഷ്പോത്ത് കൃഷ്ണൻ നമ്പീശൻ, ഈശ്വരൻ എമ്പ്രാന്തിരി, സി.കെ.അബ്ദുള്ള, കുട്ടിപറമ്പിൽ ഗോപാലൻ, കെ.സി.കണ്ണൻ, കെ.സി.കുഞ്ഞിരാമൻ, പുത്തൂപ്പട്ടയിൽ കുഞ്ഞിക്കണ്ണൻ, കെ.ചോയി ഇ.എം.കണ്ണൻ നമ്പ്യാർ, കെക്കെപറമ്പിൽ ശങ്കരൻ നമ്പ്യാർ കുണ്ടങ്ങാട്ട് അച്യുതൻ, പി.എം.രാമുണ്ണിനമ്പ്യാർ, കെ.പി.കുഞ്ഞിരാമൻനായർ, കീഴനചാത്തു, കുയിച്ചിൽ കണ്ണൻ, രയരോത്ത് ഗോപാലൻ വൈദ്യർ, പുളിയുള്ളകണ്ടി നാരായണൻ കിടാവ്, വടേകൊടക്കാട്ട് ഗോവിന്ദൻ കിടാവ് ഇന്ത്യാഗവണ്മെൻറ് സ്വാതന്ത്ര്യത്തിൻെറ സിൽവർ ജൂബിലിയോടനുബന്ധിച്ച് താമപത്രം നല്കി ആദരിച്ച സ്വാതന്ത്ര്യസമരനായകരിൽ ഒരാളായ ശ്രീ.എം.കെ. കുഞ്ഞിരാമൻെറ ജന്മദേശവും ആദ്യകാല പ്രവർത്തനമേഖലയും വടകരയിലായിരുന്നുവെങ്കി

ലും ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ നിര്യാതനാവുന്നതു വരെയുള്ള മൂന്ന് ദശകങ്ങളോളം അദ്ദേഹം താമസിച്ചിരുന്നത് ചങ്ങരം വെള്ളിയിലായിരുന്നു.

**അക്ഷരം**

മാനവികതയുടെ ഉദാത്തഭാവം മനസ്സിൻെറ ഉള്ളറകളിൽ സൂക്ഷിക്കാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. വ്യതിരിക്തതയുടെ വേലിക്കെട്ടുകൾ അശാന്തി സൃഷ്ടിക്കാൻ നമ്മുടെ മനസ്സ് അനുവദിച്ചിട്ടില്ല- നമ്മുടെ പൈതൃകം പകർന്നു നൽകിയ അനുഭവങ്ങൾ ചെറുത്തുനില്പിൻെറ കനൽകട്ടകളിൽ നിന്നായിരുന്നു.

അയിത്തത്തിനും ജന്മിത്തത്തിനുമെതിരായ രൂക്ഷമായ സമരം ഐക്യപ്പെടലിൻെറ മഹാസന്ദേശമായാണ് ഈ മണ്ണിൽ നിന്നുയർന്നത്. തൂലികയെ പടവാളാക്കിയ മഹാരഥൻമാരിവിടെ ഗ്രന്ഥശാലകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും അടിത്തറയിട്ടു.

❖



# 3

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

## ഭൂപ്രകൃതി

കോഴിക്കോട് ജില്ലയുടെ ഏതാണ്ട് മധ്യഭാഗത്ത് തീരപ്രദേശത്ത് നിന്ന് 10 കിലോമീറ്റർ കിഴക്കുമാറിയാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഉത്തര അക്ഷാംശം 11 ഡിഗ്രി 34 മിനുട്ടും പൂർവരേഖാംശം 75 ഡിഗ്രി 44 മിനിട്ടും ഇടയിലാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

**അതിരുകൾ :**

വടക്ക് : ചെറുവണ്ണൂർ പഞ്ചായത്ത് നൊച്ചാട് പഞ്ചായത്തിന്റെ ചെറിയൊരു പ്രദേശവും

കിഴക്ക് : നൊച്ചാട് പഞ്ചായത്തും അരിക്കുളം പഞ്ചായത്തും

തെക്കും : അരിക്കുളം പഞ്ചായത്തും കീഴരിയൂർ പഞ്ചായത്തിന്റെ ചെറിയ പ്രദേശവും

പടിഞ്ഞാറ് : തുറയൂർ പഞ്ചായത്ത്.

ഭൂപ്രകൃതി അനുസരിച്ച് മേപ്പയൂരിനെ

1. ഉയർന്ന പ്രദേശം
2. ചരിവുകൾ
3. സമതലം
4. ചതുപ്പുനിലം
5. ചെറിയ ഉയർന്ന പ്രദേശം എന്നിങ്ങനെ തരംതിരിക്കാം.

### ഉയർന്നപ്രദേശം

മൊത്തം ഭൂവിഭാഗത്തിൽ 26 ശതമാനത്തോളം ഈ വിഭാഗത്തിൽ പെട്ടതാണ്; ഏതാണ്ട് 575.12 ഹെക്ടർ. ഉണ്ണികാട് പ്രദേശത്ത്, കുലുപ്പമല, അയിമ്പാടി, പോർക്ക്മല (പുറക്കാമല) ഒളോറപ്പാറ, നിടുമ്പ്രകുന്ന്, ചാലിൽമീത്തൽ കുന്ന്, ചൂളിത്തറകുന്ന്, ആയിരിയോട്കുന്ന്, ദ്രുടഞ്ചേരി കുന്ന്, കോട്ടുകുന്ന്, പാലോറകുന്ന്, പാറച്ചാലിൽകുന്ന്, കരിമ്പനകുന്ന്, മീത്തലെകുന്നത്ത് കുന്ന്, പുത്തൂപ്പട്ടകുന്ന്, പുലപ്രകുന്ന്, മാവട്ടുമല കളരികുന്ന്, കല്ലടകുന്ന്, പുല്ലങ്കോട്, ഇയ്യാലകുന്ന്, ആൽത്തറകുന്ന്, ചവറകുന്ന്, കോട്ടകുന്ന്, രാരാറ്റക്കുന്ന്, ധർമകുന്ന്, പുന്നച്ചാലിൽകുന്ന്, പുതുക്കുടിക്കുന്ന്, തേവരാട്കുന്ന്, മാണിക്കോത്ത്കുന്ന്, കമ്പിളികുന്ന്, പുതുക്കുടികുന്ന്, മയിലാട്ട്തറകുന്ന്, എന്നിവ ഈ വിഭാഗത്തിൽ പെടും.

മഴവെള്ളം ഊർന്നിറങ്ങുകവഴി മണ്ണൊലിപ്പ് അനുഭവപ്പെടുന്ന പ്രദേശങ്ങളാണിത്. വെള്ളം കുത്തനെ ഒലിച്ചു പോകുന്നത്കൊണ്ട് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ജലലഭ്യത കുറഞ്ഞ ഇവിടങ്ങളിലെ പ്രധാനകൃഷി തെങ്ങ് തന്നെയാണ്; കശുമാവ് കൃഷി താരതമ്യേന കുറവാണ്.

### ചെരിവുകൾ

ഇത് ഏതാണ്ട് 309.68 ഹെക്ടറോളം വരും പഞ്ചായത്തിന്റെ 14 ശതമാനത്തോളം. കുലുപ്പ, ഉണ്ണിക്കാട്, ഒളോറപ്പാറ എന്നിവിടങ്ങളിലാണ് ഇറക്കം കൂടുതൽ. വെട്ടുകൽ മണ്ണ് ചരൽമണ്ണ് എന്നിവയാണ് ഇവിടെ സാധാരണ കണ്ടുവരുന്നത്. തെങ്ങും വാഴയുമാണ് പ്രധാനകൃഷി. വെള്ളം ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നതിനാൽ ജലലഭ്യത പൊതുവെ മിതമായ തോതിലാണ്.

363

### സമതലം

ഏതാണ്ട് 929 ഹെക്ടറോളം സ്ഥലം ഈ വിഭാഗത്തിൽ പെടുന്നു, പഞ്ചായത്തിൻെറ 42 ശതമാനത്തോളം വയലുകളല്ലാത്ത സമതലപ്രദേശം നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഫലഭൂയിഷ്ടമായ വളക്കൂറുള്ള മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. നെൽകൃഷിക്ക് യോജിച്ച ഇത്തരം മണ്ണിൽ ജലം സുലഭമാണ്.

ചതുപ്പുനിലം

ഇത് നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. കരുവോട് ചിറയുമായി ബന്ധപ്പെട്ട ഭാഗത്താണ് ഇത് കണ്ടുവരുന്നത്. ചെളിമണ്ണ് കൂടുതലുള്ള ഇവിടങ്ങളിൽ ജലം സുലഭമായി ലഭിച്ചുവരുന്നു. വർഷം മുഴുവൻ വെള്ളം കെട്ടിനിൽക്കുന്ന ഇവിടങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യത ഏറെയാണ്. തെക്ക് കുട്ടനാടിനെപ്പോലെയും വടക്ക് മിനിക്കൊടികായലിനെപ്പോലെയും മധ്യമലബാറിലെ നെല്ലറ എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന പാണ്ടിവയൽ ഉൾപ്പെട്ട പ്രദേശമാണിത്.

ബാക്കി വരുന്ന പ്രദേശങ്ങൾ കുന്നിൻ മണ്ടയിലെ സമതലം, കുന്നിൻ ചെരിവിലെ നീരൊഴുക്ക് പ്രദേശം ചെറിയ ഉയർന്ന പ്രദേശം എന്നീ വിഭാഗങ്ങളിൽ പെടുന്നു.

ഭൂപ്രകൃതി പട്ടിക - 2

| മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| ഉയർന്നപ്രദേശം | 589.16 | 26% |
| ചെരിവുകൾ | 317.24 | 14% |
| സമതലം | 951.72 | 42% |
| മറ്റുള്ളവ | 407.88 | 18% |
| ആകെ | 2266.00 | |

## ജനപ്രകൃതി

96 ലെ സാമൂഹ്യ സാമ്പത്തിക സർവേ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ25545 ആണ്. ഇതിൽ 12866 പേർ സ്ത്രീകളും 12679 പേർ പുരുഷന്മാരുമാണ്. ആകെ വീടുകൾ 4927. അക്ഷരാഭ്യാസമുള്ളവർ 24549 ഉം നിരക്ഷരർ 996 ഉം ആണ്.

1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 24654 ആണ്. സെൻസസ് റിപ്പോർട്ടിൻെറ വിശദാംശം ചുവടെ.

പട്ടിക 3

| വാർഡ് | പുരു | സ്ത്രി | പട്ടികജാതി ആൺ | പെൺ |
|---|---|---|---|---|
| 1 | 1200 | 1157 | 170 | 159 |
| 2 | 1369 | 1316 | 79 | 81 |
| 3 | 1079 | 1112 | 106 | 101 |
| 4 | 1242 | 1325 | 69 | 72 |
| 5 | 1146 | 1119 | 73 | 79 |
| 6 | 1400 | 1473 | 126 | 128 |
| 7 | 1424 | 1392 | 138 | 138 |
| 8 | 1141 | 1123 | 38 | 38 |
| 9 | 1178 | 1217 | 30 | 47 |
| 10 | 1068 | 1164 | 66 | 70 |

ആറ് വയസ്സിൽ താഴെയുള്ളവരുടെ എണ്ണത്തിലുണ്ടാവുന്ന ക്രമാതീതമായ കുറവ് ജന പ്രകൃതിയുടെ പ്രത്യേകതകളിൽ ഒന്നാണ്.

വയസ്സ് തിരിച്ച തരംതിരിവ്

പട്ടിക 4

| 0-6 | 7-15 | 16-40 | 41-60 | 60നുമുകളിൽ |
|---|---|---|---|---|
| 2834 | 4357 | 11560 | 4817 | 1977 |

അവലംബം : പ്രാഥമിക സ്ഥിതിവിവരകണക്ക് '96

വിദ്യാഭ്യാസരംഗത്ത് നാം പിറകിലല്ലെങ്കിലും വിദ്യാഭ്യാസനിലവാരം ഇനിയും മെച്ചപ്പെടുത്തുന്നകാര്യം പരിഗണിക്കേണ്ടതാണ്. അഭ്യസ്ഥവിദ്യർക്കിടയിലുള്ള തൊഴിലില്ലായ്മ ഏറെ രൂക്ഷമായതിനാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടിയുണ്ടാവണം.

തൊഴിൽ രംഗത്ത് നിർമാണ മേഖലയിലേക്കുള്ള കടന്നുകയറ്റം പ്രകടമായി കാണുന്നുണ്ട്. കാർഷിക രംഗത്ത്നിന്ന് ഉൾവലിയുന്നവർ ഈ മേഖലയിലാണ് തൊഴിലവസരം കണ്ടെത്തുന്നത്. സ്ത്രീകളിലെ തൊഴിലില്ലായ്മാ നിരക്ക് ഏറെയാണ്.

മതനിരപേക്ഷ സംസ്കാരം മുറുകെ പിടിക്കുന്നവരാണ് ജനങ്ങളിൽ മഹാഭൂരിപക്ഷവും. ജന്മിത്വത്തിനും അയിത്തത്തിനുമെതിരെ നടന്ന നിരവധി സമരങ്ങളുടെ ചരിത്ര പശ്ചാത്തലത്തിലാണ് ഈയൊരു സംസ്കാരത്തിന് അടിവേരുണ്ടാകുവാൻ നമുക്ക് കഴിയുന്നത്.

## ജലപ്രകൃതി

94-95ൽ 3874.2 മില്ലിമീറ്റർ മഴയാണ് നമ്മുടെ പഞ്ചായത്തിൽ പെയ്തത്. 95-96 ൽ നവംബർ മാസം വരെ 3293 മി.മീ. മഴപെയ്തു. 91 മുതൽ 96 വരെയുള്ള മഴയുടെ അളവ് ചുവടെ:


മൂന്നുതോടുകളും 149 കുളങ്ങളും കാപ്പുകളും ചേർന്നതാണ് നമ്മുടെ പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സ്. ആച്ചിക്കുളങ്ങര കരുവോട് ചിറതോട്, മേപ്പയ്യൂർ - കായലാട്- നടേരി തോട് എന്നിവയാണ് പ്രധാന തോടുകൾ. പതിനൊന്നു വാർഡുകളിലായി ചിതറികിടക്കുന്ന കുളങ്ങൾ ഏതാണ്ട് പത്ത് ഏക്രയോളം വരും.

പട്ടിക - 5

| വർഷം | മഴ മില്ലിമീറ്ററിൽ |
|---|---|
| 91 | 3619.81 |
| 92 | 4181.8 |
| 93 | 3540.4 |
| 94 | 4510.8 |
| 95 | 3874.2 |

❖

അധികാരം ജനങ്ങളിലേക്ക്




ഭൂ ഉടമസ്ഥത
1. അഞ്ച് ഏക്രക്ക് മുകളിൽ
2. രണ്ട് ഏക്രമുതൽ അഞ്ച് ഏക്രവരെ
3. ഒരു ഏക്രമുതൽ രണ്ട് ഏക്രവരെ
4. 50 സെൻറ് മുതൽ ഒരു ഏക്രവരെ
5. 25 സെൻറ് മുതൽ 50 സെൻറ്വരെ
6. 10 സെൻറ് മുതൽ 25 സെൻറ്വരെ
7. 10 സെൻറിനു താഴെ

# 4

# കൃഷി ; ജലസേചനം

## വിത്തും കൈക്കോട്ടും:

കാർഷികവൃത്തി സാമൂഹ്യജീവിതത്തിൻെറ അവിഭാജ്യ ഘടകമായിരുന്ന ഒരു കാലത്തെക്കുറിച്ചുള്ള ഓർമ്മകളിൽ ഈ ഗ്രാമത്തിൻെറ ആത്മാവ് മുങ്ങിനിൽക്കുന്നു. മണ്ണിൻെറ മണമറിഞ്ഞ്, ഫലഭൂയിഷ്ടതയുടെ വിത്തെറിഞ്ഞ്, കുറുമ്പ്രനാടിൻെറ ഹൃത്തടം വിളങ്ങിനിന്നിരുന്ന കാലം പഴമക്കാരുടെ മനസ്സിൽ ഇപ്പോഴുമുണ്ട്. കാർഷികജന്യമായ പൈതൃകം അന്യമാകാതിരിക്കുന്നതിന് ഉപ്പുപുരണ്ട ചേറിലുതിർന്ന തേക്കുപാട്ടിൻെറ ശ്രുതിഗാംഭീര്യം നമുക്കു ദിശാസൂചികയാകുന്നു.

40 വർഷംമുമ്പ് നമ്മുടെ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയായിരുന്നു. കാർഷികവൃത്തി മാത്രമായിരുന്നു ജനതയുടെ ജീവിതോപാധി. ഭൂമി തരിശാക്കിയിടുന്ന സ്വഭാവം തീരെ ഉണ്ടായിരുന്നില്ല. ജന്മിത്തസമ്പ്രദായം ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നുവെങ്കിലും കൃഷി ചെയ്യുന്നതിൽ ആരും വൈമുഖ്യം കാണിച്ചിരുന്നില്ല. താഴ്വരയിലെ സമതലപ്രദേശങ്ങളിലും കുന്നിൽ ചെരുവുകളിലും മറ്റും നെൽ കൃഷി വ്യാപകമായിരുന്നു. ഓരോ കുടുംബത്തിനും ആവശ്യമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവയും, മാവ്, പ്ലാവ്, കവുങ്ങ് തുടങ്ങിയ വൃക്ഷങ്ങളും പറമ്പുകളിൽ സാധാരണമായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 2266 ഹെക്ടർ (5665 ഏക്കർ) ഭൂമിയാണ് ഉള്ളത്. ഒരേക്കറിൽ താഴെ മാത്രം ഭൂമി കൈവശം വെച്ചിരിക്കുന്നവരാണ് ഇവരിൽ ഏറെയും. ഭൂമിയുടെ സ്വഭാവം കൈവശക്കാരുടെ എണ്ണം എന്നിവ താഴെക്കൊടുത്ത പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പട്ടിക - 1- 2

| വില്ലേജിൻെറ പേര് | ഭൂമിയുടെ വിസ്തീർണ്ണം(ഏക്കർ) | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ. |
| മേപ്പയൂർ | 2097.88 | 333.02 | 65.44 | - | 2496.34 |
| കൊഴുക്കല്ലൂർ | 2534.65 | 516.42 | 80.00 | 38.49 | 3169.56 |
| ആകെ | 4632.53 | 849.44 | 145.44 | 38.49 | 5665.90 |

അവലംബം : വില്ലേജ് ആപ്പീസ് രേഖ

പട്ടിക - 1 - 3

| വില്ലേജിൻെറ പേര് | ഉടമസ്ഥരുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിൻമേൽ മേൽ | ആകെ |
| മേപ്പയ്യൂർ | 228 | 872 | 1782 | 796 | 509 | 174 | 3 | 3364 |
| കൊഴുക്കല്ലൂർ | 1395 | 610 | 601 | 650 | 260 | 121 | 63 | 3700 |
| ആകെ | 1623 | 1482 | 1383 | 1446 | 769 | 295 | 66 | 7064 |

## ഭൂപ്രകൃതി

4632 ഏക്കർ വരുന്ന തോട്ടഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗവും കുന്നിൻ മണ്ടയിലെ നിരന്ന പ്രദേശത്തിനും താഴ്വരയിലെ സമതലപ്രദേശത്തിനും ഇടയിൽ വരുന്ന ചരിവ് ഭൂമിയാണ്. ഈ മേഖലകളിൽ ചരൽ കലർന്ന വെട്ടുകൽ മണ്ണാണ് വ്യാപകമായുള്ളത്. ഭൂരിഭാഗം പ്രദേശങ്ങളിലും ജലലഭ്യത മിതമാണ്. പ്രധാനമായും തെങ്ങും അപൂർവ്വമായി റബ്ബർ, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നിവയും കൃഷിചെയ്യുന്നു. സമീപകാലം വരെ നെല്ല്, മരച്ചീനി മറ്റു നടീൽ വിളകൾ കൃഷിചെയ്തിരുന്നു.

ചുരുങ്ങിയ കാലത്തിനിടക്ക് ഏകദേശം 250 ഹെക്ടർ നിലം മറ്റുകൃഷികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കാനുമായി മണ്ണിട്ടുനികത്തി തോട്ടഭൂമിയാക്കിയിട്ടുണ്ട്. പുരയിടഭൂമിയിൽ 200 ഹെക്ടറിൻെറ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നാമമാത്രമായിരുന്ന പുറമ്പോക്ക് ഭൂമി ഇപ്പോൾ 60 ഹെക്ടറിലധികമായിട്ടുണ്ട്.

പട്ടിക - 1 - 4

### മുഖ്യകാർഷികവിളകളുടെ മൊത്തം വ്യാപ്തി

| കാർഷികവിള | വിസ്തീർണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 50 ഹെക്ടർ | 95000 കി.ഗ്രാം | 1900 കിഗ്രാം /ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 150 " | 3,51000 " | 1950 " " |
| നെല്ല് (മൂന്നാംവിള) | 270 " | 5,94,000 " | 2200 " " |
| തെങ്ങ് | 1368 " | 10773000 എണ്ണം | 45 എണ്ണം/തെങ്ങ് |
| കുരുമുളക് | 20 " | 2,00000 കി.ഗ്രാം | 10. കി.ഗ്രാം / വള്ളി |
| റബ്ബർ | 15 " | 12,300 ക.ഗ്രാം | 820 കി.ഗ്രാം /ഹെക്ടർ |
| കവുങ്ങ് | 7 " | 1,19,000 കി.ഗ്രാം | 17000 കി.ഗ്രാം/ഹെക്ടർ |
| പയർ | 15 " | 10,500 കി.ഗ്രാം | 700 കി.ഗ്രം/ഹെക്ടർ |
| പച്ചക്കറി | 13 " | 11,700 കി.ഗ്രാം | 900 കി.ഗ്രാം/ഹെക്ടർ |
| വാഴ | 95 " | 5,13,000 കി.ഗ്രാം | 5400 കി.ഗ്രാം/ഹെക്ടർ |
| കശുമാവ് | 53 " | 6,000 കി.ഗ്രാം | 2000 കി.ഗ്രാം/ഹെക്ടർ |
| ഇഞ്ചി | 3 " | 3,300 കി.ഗ്രാം | 1100 കി.ഗ്രാം/ഹെക്ടർ |
| വെറ്റില | 1 " | 600 കി.ഗ്രാം | 600 കി.ഗ്രാം /ഹെക്ടർ |

അവലംബം അടിസ്ഥാന വിവരരജിസ്ത്രർ

## കാർഷികപഞ്ചാംഗം

| മാസം | വിളവിറക്കൽ | വിളവെടുക്കൽ |
|---|---|---|
| ചിങ്ങം | നേന്ത്രവാഴ<br>പച്ചക്കറിവിത്തു നടൽ | കന്നികൊയ്ത്ത് |
| കന്നി | രണ്ടാംവിളയ്ക്ക് ഇള വിത്ത് വെക്കൽ | |
| തുലാം | മരച്ചീനി നടൽ | മരച്ചീനി വിളവെടുപ്പ് |
| വൃശ്ചികം | പുഞ്ചകൃഷിക്ക് ഞാറുവെക്കൽ, വിത്തിനുള്ള അടയ്ക്ക് ശേഖരണം, പച്ചക്കറി നടൽ | അടയ്ക്ക വിളവെടുപ്പ്<br>മരച്ചീനി വിളവെടുപ്പ് |
| ധനു | കരഭാഗങ്ങളിൽ പച്ചക്കറി കൃഷി | ചേന, ചേമ്പ് മുതലായവ വിളവെടുപ്പ് |
| മകരം | പുഞ്ചയ്ക്ക് ഇളവിത്ത്<br>ഞാറുവെക്കൽ | മുളക്, ഇഞ്ചി വിളവെടുപ്പ് മുണ്ടകൻ കൊയ്ത് വിത്തു തേങ്ങ ശേഖരണം |
| കുംഭം | മുണ്ടകന് വിത്ത് ഇടൽ<br>ചേനവിത്ത് നടൽ | വിത്തതേങ്ങ ശേഖരിക്കൽ<br>കശുമാവ് വിളവെടുപ്പ് |
| മീനം | മുണ്ടകന് ഞാറുവെക്കൽ | വിത്തുതേങ്ങ ശേഖരിക്കലും പാകപ്പെടുത്തലും. പുഞ്ചകൊയ്ത് കശുമാവ് വിളവെടുപ്പ് |
| മേടം | കന്നികൃഷിഞാറുവെക്കൽ | പുഞ്ചകൊയ്ത്ത് |
| എടവം | മുണ്ടകൻ ഞാറുനടൽ പറമ്പിൽ മോടൻ മുത്താറി എന്നിവ നടൽ | പുഞ്ചകൊയ്ത്ത് |
| മിഥുനം | തെങ്ങിൻതൈ നടൽ പറമ്പിൽ<br>വാഴനടൽ കവുങ്ങിൻതൈ നടൽ | നേന്ത്രക്കുല വെട്ടൽ |
| കർക്കിടകം | മുണ്ടകൻ ഞാട്ടി അമരവിത്തു നടൽ, വെറ്റിലക്കൊടി | നേന്ദ്രക്കുലവെട്ടൽ |

### നെല്ല് :

ഒന്നാം വിളയായി 50 ഹെക്ടറിൽ - 95000 കിലോഗ്രാമും മുണ്ടകൻ കൃഷിയായി 180 ഹെക്ടറിൽ 351000 കിലോഗ്രാമും പുഞ്ച 270 ഹെക്ടറിൽ 594000 കിലോഗ്രാമുമാണ് ഇപ്പോഴത്തെ ഏകദേശ നെല്ലുൽപാദനം. ഉല്പാദനക്ഷമത യഥാക്രമം ഹെക്ടറിന് 1900 കി.ഗ്രാം, 1950 കി.ഗ്രാം, 2200 കി.ഗ്രാം എന്ന നിലക്കിലാണ് ഏതാണ്ട് പകുതിയോളം ഭൂമി മറ്റ് ആവശ്യങ്ങൾക്കായി മാറ്റി ഉപയോഗിച്ച കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. നെൽകൃഷി ലാഭകരമല്ല എന്നതാണ് ഇതിൻെറ പ്രധാന കാരണം.

നമ്മുടെ പഞ്ചായത്തിൽ കൃഷി ലാഭകരമല്ലാതാകുവാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. പുത്തൻ കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള അജ്ഞത.

2. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത
3. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള ഗതാഗത സൗകര്യക്കുറവ്.
4. വൈദ്യുതിയുടേയും പൊതുഞാറ്റടികളുടേയും അപര്യാപ്തത.
5. കാർഷിക വിദഗ്ദ്ധരുടെ ഇടപെടലിന്റെ അഭാവം.
6. കൃഷിക്കാർക്കിടയിലെ അനൈക്യം.
7. അശാസ്ത്രീയ വളപ്രയോഗം.

പഞ്ചായത്തിലെ കീഴ്പയ്യൂർ ഭാഗത്താണ് നെൽകൃഷി കൂടുതലായി നടക്കുന്നത് മറ്റുമേഖലകളിൽ താരതമ്യേന കുറവാണ്. കനാൽ ജലം വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ ഇവിടത്തെ കർഷകർക്ക് കഴിയുന്നില്ല. കനാൽ ജലം കൃത്യസമയത്ത് തുറന്നുവിടുന്ന പതിവ് ഇപ്പോഴില്ല. കനാൽ വൃത്തിയാക്കാൻ കരാറെടുക്കുന്നവരുടെ താല്പര്യത്തിനനുസരിച്ചാണ് ഇപ്പോൾ കനാൽ തുറക്കുന്നത്. കർഷക സമിതികൾക്കോ കൃഷി ഉദ്യോഗസ്ഥന്മാർക്കോ ഗ്രാമപഞ്ചായത്തിനോ ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല.

കാർഷികോപകരണം സബന്ധിച്ച വിവരം

| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | നേക്കർ സ്പ്രേയർ | നാപ്സാക്ക് സ്പ്രെയർ | തെങ്ങ്കയറ്റ യന്ത്രം | പമ്പുസെറ്റ് |
|---|---|---|---|---|---|---|
| 1 | 1 | 33 | 15 | 20 | 5 | 332 |

തന്മൂലം വേണ്ട സമയത്ത് കനാൽ ജലം ലഭിക്കാതെ വരികയും അത് പാഴായിപോകുകയും ചെയ്യുന്നു ജലക്കെടുതിയാണ് ഇതിന്റെ പരിണിതഫലം.

പഞ്ചായത്തിലാകെ 332 പമ്പുസെറ്റുകൾ മാത്രമേ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുള്ളു ഗാർഹികാവശ്യത്തിനായി 615 പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. ഇത് കാർഷികാവശ്യത്തിന് കൂടി ഉപയോഗിച്ചാൽ ജലസേചനമത്രയും വർദ്ധിപ്പിക്കാനാകും.

പട്ടിക - 1 - 6

കാർഷികാവശ്യത്തിനുള്ള പമ്പുസെറ്റുകളുടെ ഉപയോഗം

| വാർഡ് | എണ്ണം |
|---|---|
| 1 | 34 |
| 2 | 21 |
| 3 | 12 |
| 4 | 39 |
| 5 | 48 |
| 6 | 24 |
| 7 | 21 |
| 8 | 38 |
| 9 | 39 |
| 10 | 41 |
| 11 | 15 |
| ആകെ | 332 |

അവലംബം : പ്രാഥമിക വിവരശേഖരം

കൃഷിക്കാരിൽ സിംഹഭാഗവും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ളവരാണ്. വിശദവിവരം ചുവടെ.

പട്ടിക - 1-7

| നാമമാത്രകർഷകർ (1ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിന് മുകളിൽ) |
|---|---|---|
| 5640 | 308 | 48 |

## തെങ്ങ് :

മൊത്തം 1368 ഹെക്ടറിൽ 239400 തെങ്ങുകൾ പഞ്ചായത്തിൽ ഉണ്ട് ഇതിൽ 191520 എണ്ണം കായ്ക്കുന്നതും 47880 എണ്ണം കായ്കാത്തതുമാണ്. ആകെ 10773000 തേങ്ങകൾ വർഷത്തിൽ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഹെക്ടറിന് 175 തെങ്ങുകൾ ശരാശരിയുണ്ട്. ഉല്പാദനം തെങ്ങൊന്നിന് 45 മാത്രമാണ്. മറ്റു സംസ്ഥാനങ്ങളേയും കേരളത്തിൽ തന്നെയുള്ള മറ്റു പ്രദേശങ്ങളേയും അപേക്ഷിച്ച് ഉല്പാദന ക്ഷമത വളരെ കുറവാണ്. ജലസേചനസൗകര്യം കുറവായകുന്നിൻമണ്ടകളിലും ചെരിവ് പ്രദേശങ്ങളിലും ആണ് തെങ്ങ് കൃഷി ധാരാളമായിട്ടുള്ളത്. ഇടവിളകൃഷി തീരെ ഇല്ലാത്തതുകൊണ്ടും മണ്ണിൽ ജൈവവളത്തിന്റെ അളവ് സംരക്ഷിക്കുന്ന പടുവൃക്ഷങ്ങളും വെട്ടിനശിപ്പിക്കുന്നത് കൊണ്ടുമാണ് ഉല്പാദനക്ഷമത കുറയാൻ ഇടയായത്.

മണ്ടചീയൽ, വേർചീയൽ, കറവാർച്ച, മഞ്ഞളിപ്പ് തുടങ്ങിയ രോഗബാധിതമായ 15000ൽ അധികം തെങ്ങുകൾ പഞ്ചായത്തിലുണ്ട്. കൃഷിവിദഗ്ദരുടെ ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടത്ര പതിയുന്നില്ല. ഫലപുഷ്ടികുറഞ്ഞ തെങ്ങുകളും ശക്തമായ രോഗബാധയുള്ള തെങ്ങുകളും വെട്ടിമാറ്റി പകരം തൈകൾ നട്ടുപിടിപ്പിക്കാൻ കർഷകരും ശ്രദ്ധിക്കുന്നില്ല.

## മറ്റുപ്രധാനവിളകൾ :

വാഴ 95 ഹെക്ടർ, കുരുമുളക്, 7 ഹെക്ടർ, കശുമാവ് 50 ഹെക്ടർ, മരച്ചീനി 6, റബ്ബർ 15 ഹെക്ടർ, പയർ പച്ചക്കറി 28 ഹെക്ടർ എന്നിങ്ങനെയാണ്. മറ്റു പ്രധാന കൃഷികൾ ഭക്ഷ്യവസ്തുക്കളായ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ കപ്പ തുടങ്ങിയവ വളരെ ചുരുങ്ങിയ തോതിൽ മാത്രമേ കൃഷി ചെയ്യുന്നുള്ളു.

## ജല വിഭവങ്ങൾ :

മൊത്തം മൂന്ന് ഹെക്ടറിനടുത്ത് വിസ്തീർണ്ണമുള്ള 149 കുളങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലാ

യി ശ്രദ്ധിക്കപ്പെടാതെ കിടക്കുകയാണ് മുൻകാലങ്ങളിൽ ഉടമസ്ഥരും നാട്ടുകാരും ചേർന്ന് ഇവ സംരക്ഷിച്ചുവന്നു. എന്നാൽ ഇപ്പോൾ ഇവയിൽ പലതും ഉപയോഗശൂന്യമായി കിടക്കുന്നു. ഈ ജലം തെങ്ങുകൃഷിക്കുംമറ്റുഇടവിളകൃഷിക്കും ജലസേചനത്തിന് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

സമതലപ്രദേശങ്ങളിൽ പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ ഇവിടങ്ങളിലാകെ ഗ്രാമീണറോഡുകൾ നിലവിൽ വന്നു. താഴ്ന്ന പ്രദേശങ്ങൾ മണ്ണിട്ടുനികത്തി കെട്ടിടങ്ങൾ നിർമ്മിച്ചതും വേണ്ടിടത്ത് വേണ്ടത്ര വലുപ്പത്തിൽ ഓവുപാലങ്ങൾ നിർമ്മിക്കാതെ റോഡുണ്ടാക്കിയതും കാരണം നീരൊഴുക്കുകൾ തടസ്സപ്പെട്ടു. തൻമൂലം വെള്ളം ഒഴുകിപ്പോകാൻ സാദ്ധ്യതയില്ലാതെ വന്നതിനാൽ വെള്ളപ്പൊക്കം കാരണം കൃഷിനാശം സംഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

## വളം വിനയാകുമ്പോൾ :

രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ് കാർഷികമേഖലയിലെ സുപ്രധാന നൂതന പ്രതിഭാസം. രാസവസ്തുക്കളുടേയും കീടനാശിനികളുടേയും വിപണനം സംബന്ധിച്ച കണക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. മേപ്പയൂരിലെ സഹകരണസ്ഥാപനങ്ങളിൽ നിന്നും സ്വകാര്യകച്ചവടക്കാരിൽ നന്നും ലഭിച്ച കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 1 - 8

| സ്ഥാപനം | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| സഹകരണം | 273000 | 50 | 1275 | 158000 | 100 | 150 | 253000 | 440 | 640 |
| സ്വകാര്യം | 109500 | - | - | 74000 | - | - | 48000 | - | - |
| ആകെ | 382500 | 50 | 1275 | 232000 | 100 | 150 | 301000 | 440 | 640 |

സമീപപട്ടണങ്ങളിൽ നിന്നാണ് കർഷകർ കീടനാശിനികൾ വാങ്ങുന്നത്. അവയുടെ കണക്ക് കൂടി ഉൾപ്പെടുത്തുമ്പോൾ വിപണനം വൻതോതിലാണെന്ന് മനസ്സിലാകും.

## കർഷകർ സംസാരിക്കുന്നു:

പഴയ നെൽവിത്തിനങ്ങളും നാടൻ തെങ്ങുകളുമാണ് പുതിയവയേക്കാൾ മെച്ചപ്പെട്ടതെന്ന് അനുഭവസമ്പന്നരായ നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർ അഭിപ്രായപ്പെടുന്നു.ു തോട്ടപുഞ്ച, നകര, വെള്ളപ്പുണാരൻ ഇട്ടിക്കണ്ടപ്പൻ തുടങ്ങിയ പഴയ നെൽവിത്തിനങ്ങൾ ഇപ്പോൾ കിട്ടാനില്ല. ജൈവവളങ്ങളുടെ ഉപയോഗവും തീരെ ഇല്ലെന്നുതന്നെ പറയാം. രാസവളങ്ങളുടെ അമിതമായ പ്രയോഗം മണ്ണിൻെറ ഫലഭൂയിഷ്ടതയെ നശിപ്പിച്ചിട്ടുണ്ട്. മാരകമായ കീടനാശിനികളുടെ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു.

കർഷകത്തൊഴിലാളികളെ ആവശ്യമായത്ര കിട്ടാത്തത് മറ്റൊരു പ്രശ്നമായി ഇവർ ചൂണ്ടിക്കാട്ടുന്നു. വിദ്യാസമ്പന്നരായ യുവതലമുറ കൃഷിയിലും കൃഷിത്തൊഴിലിലും ആഭിമുഖ്യം കാണിക്കുന്നില്ല. താരതമ്യേന കൂലി കൂടുതലുള്ള നിർമ്മാണതൊഴിലിലാണ് ഒരു ചെറിയ ശതമാനമെങ്കിലും താല്പര്യം കാട്ടുന്നത് എന്നത് ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ട്.

കാർഷികരംഗത്തെ കൂലിനിരക്ക് - പട്ടിക 1 - 9

| തൊഴിൽ | കൂലി |
|---|---|
| തെങ്ങുകയറ്റം | 10 തെങ്ങിന് 5-6 തേങ്ങ |
| കൈക്കോട്ടുപണി | 70-80 രൂപ |
| ഉഴുത്ത് | 110-125 രൂപ |
| ഞാറ്പറി, തൊടിപ്പണി, കളപറിയ്ക്കൽ | 40 രൂപ |
| ഓലമടയൽ (100 മടലിന്ന്) | 70-75 രൂപ. |

# നടപ്പുപദ്ധതികൾ

**1. സമഗ്ര നാളികേര വികസനപദ്ധതി (സി.സി.ഡി.പി. സ്കീം)**

മൂന്ന് വർഷകാലത്തേക്ക് നടപ്പിലാക്കുന്ന സമഗ്ര നാളികേര വികസന പദ്ധതി 1994-95 ലാണ് ആരംഭിച്ചത്. കിണർകുഴിയ്ക്കലും, പമ്പ്സെറ്റ് സ്ഥാപച്ചും ജലസേചനം നടത്തി തെങ്ങിൻെറ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

### എ) കിണർ പമ്പ്സെറ്റ്

ഈ പദ്ധതി അനുസരിച്ച് 1994-95 ൽ 66 ഗുണഭോക്താക്കൾക്ക് 1,99,986 രൂപ ചെലവഴിച്ചിട്ടുണ്ട്. 1995-96 ൽ 88 പേർക്ക് രണ്ട് ലക്ഷം രൂപ ചിലവഴിച്ചു 2,50,000 രൂപയാണ് അനുവദിച്ചിരുന്നത്. 1996-97 ൽ 1,12,500 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ബി) കമ്മ്യൂണിറ്റി ഇറിഗേഷൻ

പട്ടിക 1- 10

| കൊല്ലം | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1994-95 | 2,04,931 | 204931 | 19 |
| 1995-96 | 169091 | - | 2 പദ്ധതി |
| 1996-97 | 30,000 | - | - |

സി) കാർഷിക ഉപകരണങ്ങൾ

1995-96 ൽ രണ്ടുപേർക്ക് റോക്കർ സ്പ്രെയറും നാല് പേർക്ക് തെങ്ങുകയറ്റ യന്ത്രവും വാങ്ങാൻ സഹായധനം നൽകി. 1996-97 ൽ 7 പേർക്ക് ഇതിനകം റോക്കർ സ്പ്രെയർ വാങ്ങാൻ സഹായധനം നൽകിയിട്ടുണ്ട്.

ബി) പട്ടികജാതി വിഭാഗത്തിന് കിണർ സബ്സിഡി

പട്ടിക : 1-11

| കൊല്ലം | അനുവദിച്ച തുക | ചിലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളിൽ എത്തിയത് |
|---|---|---|---|---|
| 1994-95 | 20,000 | 20,000 | 2 | 2 |
| 1995-96 | 10,000 | 10,000 | 1 | 1 |
| 1996-97 | 10,000 | - | - | - |

## 2. സമഗ്ര കുരുമുളക് വികസന പദ്ധതി

എ കുരുമുളക് മാതൃകാ കൃഷിത്തോട്ടം

നിലവിലുള്ള മറ്റൊരു പദ്ധതിയാണിത്. 50 താങ്ങ് മരങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ കുരുമുളക് നട്ട് മാതൃകാ കൃഷിത്തോട്ടമാക്കി ഉൽപാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. നാമമാത്രമായ തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് 1994-95 ൽ 450 രൂപയും, 1995-96 ൽ 505 രൂപയും, 1996-97 ൽ 890 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

ബി) കുരുമുളക് കൃഷി വിസ്തൃതിവ്യാപന പദ്ധതി

1996-97 ൽ 10,000 രൂപ ചെലവഴിക്കാൻ വിഭാവനം ചെയ്യുന്നു.

സി) കുരുമുളക് ധ്യുതവാട്ടത്തിന് മരുന്നുതളി: നടപ്പുവർഷം 51807.20 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

[1996-97 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ]

1. മഞ്ഞൾകൃഷി വിസ്തൃതി വ്യാപന പദ്ധതി
2. കശുമാവ് വിസ്തൃതി വ്യാപനം
3. ജീവാണുവളം
4. നടീൽ വസ്തുക്കളുടെ വിതരണം

കൃഷിഭവൻ മുഖേനയുള്ള പദ്ധതികൾ കാലം തെറ്റിയാണ് നടപ്പിൽ വരുന്നത്. വേണ്ടസമയത്ത് സഹായം നൽകാൻ കഴിയാത്തത് കാരണം പദ്ധതികൾകൊണ്ട് ഉദ്ദേശിച്ചഫലം ലഭിക്കാറില്ല.

### ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട പ്രശ്നങ്ങൾ

- ❐ തോടുകൾ ആഴംകൂടിയും നെൽവയലുകൾ ഉയർന്നും നിൽക്കുന്നതിനാൽ ചില പ്രദേശങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയും ചില സ്ഥലങ്ങളിൽ വെള്ളം കിട്ടാതെവരികയും ചെയ്യുന്നതുകൊണ്ട് കൃഷിലാഭകരമായി നടത്താൻ കഴിയുന്നില്ല.
- ❐ മണ്ണു പരിശോധന നടത്താൻ സംവിധാനമില്ല.
- ❐ ആവശ്യമായത്ര ജൈവവളങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് രാസവളപ്രയോഗം കൂടുന്നു. ഇതുകാരണം മണ്ണിൻെറ ഫലഭൂയിഷ്ടത നഷ്ടപ്പെടുകയും ചെയ്യുന്നു.
- ❐ യഥാസമയം നെൽവിത്തുകളും മറ്റുനടീൽ വസ്തുക്കളും ആധുനിക കാർഷികോപകരണങ്ങളും ലഭിക്കുന്നില്ല.
- ❐ വ്യാപിച്ചുകിടക്കുന്ന പാണ്ടിവയലുകളിൽ ഗതാഗത സൗകര്യം വൈദ്യുതി എന്നിവ ലഭ്യമല്ല.
- ❐ കാർഷികോദ്യോഗസ്ഥരുടെ ഉപദേശം ശരിയായ രീതിയിൽ ലഭിക്കുന്നില്ല.
- ❐ രാസവസ്തുക്കൾ പലതും ഗുണനിലവാരമില്ലാത്തതാണ്.
- ❐ നാളികേരകൃഷിയ്ക്ക് ജലസേചന സൗകര്യമില്ല.
- ❐ തെങ്ങിന് കൂമ്പുചീയൽ, കറവാരൽ തുടങ്ങിയ രോഗങ്ങൾ പിടിപെടുന്നു.
- ❐ നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നില്ല.
- ❐ മണ്ണൊലിപ്പ് മേൽമണ്ണ് നഷ്ടപ്പെടുത്തുന്നതിനാൽ ഭൂമി കൃഷിയോഗ്യമല്ലാതാവുകയും നെൽവയലുകൾ നികന്ന് പോവുകയും ചെയ്യുന്നു. ഇത് തടയാൻ ധനസഹായം ലഭ്യമല്ല.
- ❐ കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- ❐ കർഷകതൊഴിലാളികൾ ആവശ്യത്തിനില്ല. ഉള്ളവരുടെ സേവന തൽപരത കുറവുമാണ്.

- ഇപ്പോൾ നെൽകൃഷിയ്ക്ക് ലഭിക്കുന്ന സബ്സിഡിയും നഷ്ടപരിഹാരവും അപര്യാപ്തമാണ്
- നെല്ലിന് പ്രാദേശികമായ മാർക്കറ്റ് ലഭ്യമല്ല.
- പച്ചക്കറി വിത്തുകൾ തീരെ ലഭ്യമല്ല
- നാടൻ വാഴത്തൈകൾ കിട്ടാനില്ല.
- കർഷകർക്ക് ആവശ്യമായ സമയത്തല്ല കനാൽ തുറക്കുന്നതും അടയ്ക്കുന്നതും
- വിള ഇൻഷൂറൻസിന് സൗകര്യമില്ല; ഇൻഷൂറൻസ് പ്രീമിയം തുക കുറക്കാൻ നടപടിവേണം'.
- ഇടവിള കൃഷികൾ ഇപ്പോൾ ആരും നടത്തുന്നില്ല.
- പൊതു പുറമ്പോക്കുകളും, കനാൽ പുറമ്പോക്കുകളും കൃഷിയ്ക്ക് ഉപയോഗിക്കാതെ തരിശാക്കിയിടുന്നു.
- സ്വകാര്യഭൂമി കൃഷിചെയ്യാതെ ഒഴിച്ചിടുന്നു.
- കമ്പോസ്റ്റുകൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം കുറവാണ്.
- കനാൽജലം പഞ്ചായത്തിൻെറ എല്ലാഭാഗത്തും ലഭിക്കുന്നില്ല.
- നിലവിലുള്ള ജലാശയങ്ങൾ ജലസേചനത്തിന് ഉപയോഗിക്കാൻ സൗകര്യമില്ല.
- കനാലിൽ നിന്ന് പുറത്തേക്കുള്ള ഉറവജലം കൃഷിക്ക് ദോഷം വരുത്തുന്നു.
- കർഷകർക്കിടയിൽ പരസ്പരസൗഹൃദം കുറവാണ്.
- കർഷകത്തൊഴിലാളികളുടെ കൃഷിനിരക്കുകൾ പ്രാദേശികമായി ചർച്ചചെയ്യാതെ വർദ്ധിപ്പിക്കുന്നതിനാൽ തൊഴിലാളികളും കർഷകരും തമ്മിൽ സ്വരചേർച്ച ഇല്ലായ്മയുണ്ട്.
- നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു.
- എലിനശീകരണത്തിന് പ്രാധാന്യം നൽകുന്നില്ല.
- വിദ്യാസമ്പന്നരായ യുവാക്കൾ കാർഷികമേഖലയിൽ ജോലിചെയ്യാൻ തയ്യാറാവുന്നില്ല.
- കർഷകസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
- ബാങ്കുകളിൽ നന്ന് കാർഷികവായ്പകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1) രണ്ടര മീറ്ററോളം വരുന്ന ആച്ചിക്കുളങ്ങരത്താഴ-കീഴ്പ്പയ്യൂർ - കരുവോട് ചിറതോട് വീതികൂട്ടി സൈഡ് കെട്ടി ആവശ്യമായ സ്ഥലത്ത് ആഴം കൂട്ടിയും കുറച്ചും ഇടയ്ക്കിടെ ഷട്ടറുകൾ സ്ഥാപിച്ച് ജലസേചനയോഗ്യമാക്കണം. ഈ തോടിന് കണിയാങ്കണ്ടിതാഴെ ചീർപ്പുകെട്ടി അധികമായി ഒഴുകിവരുന്ന കനാൽ ജലം കരഭാഗത്തുകൂടി തിരിച്ചുവിടാൻ സംവിധാനം ഉണ്ടാക്കണം. അതുപോലെ ഇതിൻെറ കൈത്തോടായ മനയ്ക്കൽ ചെറുവത്ത് - അമ്പലവട്ടം തോടും വീതി കൂട്ടി റിപ്പേയർ ചെയ്യുക.
2) മേപ്പയൂർ - കായലാട് - നടേരി തോട് സൈഡ് കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ഷട്ടറിട്ട് ജലസേചനസൗകര്യമുണ്ടാക്കുക. ഇതിൻെറ കൈത്തോടായ പുത്തലത്ത് താഴകോലാറ്റതാഴതോട് പണി പൂർത്തിയാക്കുക.
3) ചങ്ങരംവെള്ളി ചെട്ട്യാന്തറമൽതാഴ- തേവർകുന്നോത്ത് താഴ (1 കി.മീ)തോട് വീതികൂട്ടി സൈഡ്കെട്ടി ജലസേചന യോഗ്യമാക്കുക.
4) പടുവൃക്ഷങ്ങൾ വെട്ടിമാറ്റുന്നത് നിരുത്സാഹപ്പെടുത്തുക.
5) നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് ചെറുകിടജലസേചന പദ്ധതികൾ ആരംഭിക്കുക. കീഴ്പയ്യൂരിലെ കുരിയാണിക്കൽ കുളം ഈ ആവശ്യത്തിനായി ഉടമസ്ഥൻ വിട്ടുതന്നിട്ടുണ്ട്.
6) കൃഷിഭവൻ പഞ്ചായത്ത് കേന്ദ്രത്തിലേക്ക് മാറ്റുക. യഥാസമയം വിത്തുകളും വളവും എത്തിക്കുക കനാൽ തുറക്കുന്നതും പൂട്ടുന്നതും കർഷകസമിതിയുമായി മറ്റു ബന്ധപ്പെട്ടവരുമായി ആലോചിച്ച് ചെയ്യുക.
7) കരുവോട് പാണ്ടിവയലിലേക്ക് വൈദ്യുതി എത്തിക്കുകയും അവിടെ ഫാം റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.
8) പഞ്ചായത്ത് കേന്ദ്രത്തിൽ മണ്ണ് പരിശോധനകേന്ദ്രം സ്ഥാപിക്കുകയും, വാർഡുകളിൽ പ്രത്യേക കേന്ദ്രങ്ങളിൽവെച്ച് പരിശോധന നടത്തുവാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
9) ഇടയ്ക്കിടെ കർഷസെമിനാറുകൾ സംഘടിപ്പിച്ച് ജൈവവളം രാസവളം കീടനാശനി എന്നിവ ഉപയോഗിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
10) രാസവളങ്ങൾ കീടനാശിനി എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കാർഷികോദ്യോഗസ്ഥർ ഇവയുടെ സാമ്പിളുകൾ വിദഗ്ദ്ധ പരിശോധനയ്ക്ക് സൗകര്യമുണ്ടാക്കുക.
11) മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് കർശനമായി തടയുക.
12) എല്ലാ വീടുകളോടും അനുബന്ധിച്ച് പച്ചക്കറിത്തോട്ടം സ്ഥാപിക്കുകയും, വാർഡ്പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സരം ഏർപ്പെടുത്തുകയും ചെയ്യുക.
13) ഇടവിളകൃഷികൾ വ്യാപകമായി കൃഷിചെയ്യാൻ കർ

ഷകരെ സന്നദ്ധമാക്കുക.

15) എല്ലാവിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക, ഇൻഷുറൻസ് പ്രീമിയം സൗജന്യമാക്കുക.

16) നെൽകൃഷിക്ക് ലഭിക്കുന്ന സബ്സിഡി, കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം, കമ്പോസ്റ്റ് കുഴിക്കു ലഭിക്കുന്ന ധനസഹായം എന്നിവ വർദ്ധിപ്പിക്കുക.

17) കർഷകത്തൊഴിലാളികളുടെ കൂലിനിരക്കുകൾ പ്രാദേശിക തലത്തിൽ ചർച്ചചെയ്ത് ഏകീകരിക്കുക.

18) കാർഷികലോണുകൾ ആവശ്യക്കാർക്ക് യഥാസമയം ലഭ്യമാക്കുക.

19) മണ്ണൊലിപ്പ് തടയാൻ കൃഷിക്കാർക്ക് സാമ്പത്തികസഹായം അനുവദിക്കുക.

20) എലിനശീകരണത്തിന് വേണ്ടത്ര പ്രോത്സാഹനം നൽകുക.


20) പുറമ്പോക്കുകളും, സ്വകാര്യഭൂമിയും കൃഷിക്ക് ഉപയോഗിക്കാതെ തരിശാക്കിയിടുന്നത് അവസാനിപ്പിക്കുക.

21) നെൽവയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നത് തടയുക.

22) പഞ്ചായത്തുകളിൽ കാർഷികസഹകരണസംഘം സ്ഥാപിക്കുക.

23) വിദ്യാസമ്പന്നരായ യുവതീയുവാക്കൾ കാർഷികരംഗത്തേക്ക് കടന്നുവരുന്നതിനുള്ള വൈമനസ്യം ഒഴിവാക്കുക.

24) കർഷകർക്കിടയിൽ നിലനിൽക്കുന്ന പരസ്പരസൗഹൃദമില്ലായ്മ പരിഹരിക്കുക.



# 5

# മൃഗസംരക്ഷണം മത്സ്യബന്ധനം

## മൃഗസംരക്ഷണം

കാർഷിക സംസ്കൃതിയുടെ വികാസം കൂട്ടായ്മയിൽ നിന്നുമാണ്; വിത്തുവിളയുന്ന ഗ്രാമചൈതന്യം ജൈവസമ്പത്തിൻെറ ഉറവിടമാണ്; ഗ്രാമമനസുകളിൽ പ്രതീക്ഷയുടെ പ്രതീകമായി നാൽക്കാലികൾ നിറഞ്ഞുനിന്നു; ഇന്നലെകളിൽ!

കൊയ്ത്തും വിതയും, ഋതുഭേദമറിയാതെ മണ്ണിൽ നിന്നും കനകം ചൊരിഞ്ഞ, പയ്യോർമല വാരങ്ങൾ നാൽക്കാലി സമ്പത്തിൻെറ കേന്ദ്രമായിരുന്നു, ഒരു കാലത്ത്! പൈക്കൾ മേയുന്ന പയ്യൂർ ഗ്രാമം, ഇന്ന് പഴമക്കാരുടെ വർത്തമാനങ്ങളിൽ മാത്രം.

മേപ്പയൂരിൻെറ സമ്പദ്ഘടനയുടെ പ്രധാന ഘടമായിരുന്നു മൃഗസമ്പത്ത്. പശു, ആട്, എരുമ, പോത്ത്, കാള എന്നിവയായിരുന്നു പ്രധാന വളർന്നുമൃഗങ്ങൾ. ഏതെങ്കിലുമൊരു നാൽക്കാലിയില്ലാത്ത വീട് മേപ്പയൂരിൽ ഇല്ലായിരുന്നു എന്നു പറയാം, പാൽ ഉല്പാദനം എന്നതിലുപരി കാർഷികവൃത്തിയുമായി ബന്ധപ്പെടുത്തിയാണ് മൃഗപരിപാലനം നിലനിന്നത്. ജൈവവളത്തിൻെറ മുഖ്യസ്രോതസ്സ് നാൽക്കാലികളായിരുന്നു.

എന്നാലിന്ന് ജീവിതവ്യവഹാരത്തിലുണ്ടായ വിസ്ഫോടനാത്മകമായ മാറ്റം കാർഷികജന്യ സംസ്കൃതിയെ കടപുഴക്കിയിരിക്കന്നു. ജൈവവളം കൃഷിക്കളത്തിൽ നിന്നും നിഷ്കാസിതമായി; കറവപ്പാലിന്നു പകരം ഇൻസ്റ്റൻറ് മിൽക്ക് പൗഡർ വന്നു- ഫലം തൊഴുത്തുകളിൽ നിന്ന് വളർത്തുമൃഗങ്ങൾ അപ്രത്യക്ഷമായി.

വയലുകളുടെ ശോഷണവും മേച്ചിൽ സ്ഥലങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുന്നതിന് കാരണമായി. ഉഴവുകാളകൾക്കു പകരം യാന്ത്രികത അവശേഷിച്ച കൃഷിയിടം കൈയടക്കി.

മൃഗപരിപാലനത്തിൻെറ സങ്കീർണ്ണതകൾകൂടി വന്നതും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തീറ്റപ്പുല്ല് ലഭിക്കാനുള്ള പെടാപ്പാട്, ആരോഗ്യരക്ഷ എന്നിവ ഇതിൽ പ്രധാനം. ഫാക്ടറി നിർമ്മിത കാലിത്തീറ്റകൾ, പരിപാലന ചെലവ് എന്നിവ സാമാന്യകർഷകനെ സംബന്ധിച്ച് താങ്ങാവുന്നതിലേറെയാകുന്നു.

ഉപജീവനമാർഗ്ഗം എന്നതിലുപരി ഉപവരുമാനമാർഗ്ഗമായിരുന്നു കാലിവളർത്തൽ. എന്നാൽ ഇപ്പോൾ ഉപജീവനമാർഗ്ഗമെന്ന നിലക്കുപോലും നടത്താൻ കഴിയാത്ത ഒരു രംഗമായി ഇത് മാറിയിരിക്കുന്നു. മുഴുവൻ സമയ ഇടപെടൽ ആവശ്യമായി വരുന്ന മഗപരിപാലനം മുഖ്യവരുമാനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 37 ആളുകൾ പഞ്ചായത്തിലുണ്ട്.

## വളർത്തുപക്ഷികൾ

പുരയിടം ചിക്കിചികയുന്ന കോഴിയും കുഞ്ഞുങ്ങളും നമ്മുടെ ഗ്രാമത്തിലെ ആകർഷകമായ കാഴ്ചയായിരുന്നു. നാടൻ കോഴികളുടെ എണ്ണത്തിൽ രോഗംമൂലം ഗണ്യമായ കുറവ് അനുഭവപ്പെടുന്നു. കോഴിവസന്തയാണ് പ്രധാനരോഗം. ചെറിയതോതിൽ നടത്തുന്ന ആസൂത്രിതമായ കോഴിവളർത്തുകേന്ദ്രങ്ങൾ നമുക്കുണ്ട്. താറാവുകൃഷി നാമമാത്രമായി നിലനിൽക്കുന്നു. വളർത്തുമൃഗങ്ങളേയും പക്ഷികളേയും സംബന്ധിച്ച കൂടുതൽ വി

വരങ്ങൾ പട്ടിക ഒന്നിലും രണ്ടിലും കൊടുത്തിരിക്കുന്നു.

പട്ടിക - 2-1

വളർത്തു മൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | 1987 | 1996 |
|---|---|---|
| പശുനാടൻ | 2690 | 2312 |
| പശുസങ്കരയിനം | 331 | 440 |
| ആട് | 576 | 744 |
| പട്ടി | 548 | 298 |
| എരുമ | 10 | 8 |
| താറാവ് | ലഭ്യമല്ല | 31 |

അവലംബം

1987 - ലൈവ്സ്റ്റോക്ക് സെൻസസ്

1996 - Direct Data collection- 9th Plan

പട്ടിക : 2-2

| ക്രമ നമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 14993 | 480 | |
| 2 | ശ്വാസകോശ സംബന്ധമായവ | 4200 | 1440 | 2880 |
| 3 | ഉപാപചയ സംബന്ധം | 240 | - | - |
| 4 | ത്വക്രോഗങ്ങൾ | 880 | 200 | - |
| 5 | ധാതുലവണങ്ങളുടെ അഭാവം | 192 | - | 50 |
| 6 | പരാദ രോഗങ്ങൾ | 144 | 90 | 60 |
| 7 | പ്രത്യുല്പാനവുമായി ബന്ധപ്പെട്ടവ | 1440 | 150 | - |
| 8 | വന്ധ്യത | 170 | - | - |
| 9 | അകിടുവീക്കം | 240 | 190 | - |
| 10 | മുടന്തൻ പനി | 980 | 53 | - |
| 11 | പകർച്ചവ്യാധികൾ | 547 | 60 | 240 |

അവലംബം : മേപ്പയൂർ ഗവ:മൃഗാശുപത്രിയിൽ ഒക്ടോബർവരെ റിപ്പോർട്ടുചെയ്യപ്പെട്ടത്.

മൃപരിപാലനത്തെ സംബന്ധിച്ച ശാസ്ത്രീയമായ അറിവുകളുടെ അഭാവം ഈ രംഗത്തെ പ്രധാനപ്രശ്നമാണ്.പഞ്ചായത്തിലെ ഏക മൃഗാശുപത്രി ടൗണിൽ പ്രവർത്തിക്കുന്നു. ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ലെന്ന് ചൂണ്ടികാണിച്ചുകൊണ്ട് എല്ലാ ഗ്രാമസഭകളിൽ നിന്നും ചർച്ച ഉയർന്നുവന്നിട്ടുണ്ട്. വേണ്ടത്ര സൗകര്യമില്ലായ്മ, ഔഷധങ്ങളുടെ ഗുണമേന്മയില്ലായ്മ, രോഗപരിഗണനക്കതീതമായി ഔഷധങ്ങൾ അലോട്ടുചെയ്യപ്പെടുന്ന രീതി, മുഴവൻ സമയസേവനം ലഭിക്കാനുള്ള സംവിധാനമില്ലായ്മ തുടങ്ങിയവ മൃഗാശുപത്രിയുമായി ബന്ധപ്പെട്ടുയർന്നുവന്ന വിമർശനങ്ങളാണ്.

## സാധ്യതകൾ

കന്നുകാലി സമ്പത്ത് വർധിപ്പിക്കുന്നതിന് അനുകൂലമായ ഘടകങ്ങൾ ധാരാളമുണ്ട് നമ്മുടെ പഞ്ചായത്തിൽ. താരതമ്യേന മെച്ചമായ ജലസ്രോതസ്സുള്ള പ്രദേശങ്ങളും തീറ്റപ്പുൽകൃഷിക്കു സാധ്യതയുള്ളപ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.

പാൽഉല്പാദനം എന്നതിലുപരി മാംസവിപണന സാധ്യത കണക്കിലെടുത്ത് ആടുവളർത്തലും കാലി വളർത്തലും വ്യാപിപ്പിക്കാൻ സാധ്യതയേറെയാണ്. ആട്ടിറച്ചിയുടെ വർധിച്ച ആവശ്യകതയും ആദായവും ആടു വളർത്തലിൻെറ സാധ്യത വർദ്ധിപ്പിക്കുന്നു.

പഞ്ചായത്തിലെ ആഭ്യന്തര ഉപഭോഗം നിറവേറ്റുന്നതിനാവശ്യമായ പാൽ ഉല്പാദനം ഇപ്പോഴില്ല. പ്രതിദിനം ഉല്പാദിപ്പിക്കുന്ന പാലിൻെറ ശരാശരി അളവ് 3817 ലിറ്റർ ആണ്. ക്ഷീരവികസന സൊസൈറ്റികൾ രൂപീകരിച്ച് പാലുല്പാദനം വർധിപ്പിക്കുന്നതിന് അനുകൂലമായ സാഹചര്യങ്ങൾ നിലവിലുണ്ട്.

ജൈവവളത്തിൻെറ ഉല്പാദനം, ഊർജ്ജാവശ്യം നിറവേറ്റുന്നതിനാവശ്യമായ ഗോബർഗ്യാസ് പ്ലാൻറ് എന്നിവയും കന്നുകാലി വളർത്തലുമായ് ബന്ധപ്പെട്ടിരിക്കുന്നു. അതിരൂക്ഷമായ തൊഴിലില്ലായ്മയുടെ ലഘൂകരണത്തിനും കന്നുകാലി വളർത്തൽ ഒരളവുവരെ സഹായകരമാണ്.

വളർത്തുപട്ടികളുടെ കാര്യത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ അലഞ്ഞുതിരിയുന്ന പട്ടികളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നതായാണ് അനുഭവപ്പെടുന്നത്.

## പ്രശ്നങ്ങൾ

1 ഫാക്ടറി നിർമ്മിത കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ന്യായവിലക്ക് ലഭിക്കുന്നില്ല.

2 പുല്ലിനും വൈക്കോലിനും ക്ഷാമം അനുഭവപ്പെടുന്നു.

3 ക്ഷീരവിപണനത്തിനുള്ള സൗകര്യം തീരെയില്ല. പാലിനുലഭിക്കുന്ന വില വളരെ കുറവാണ്.

4 മൃഗസംരക്ഷണകേന്ദ്രത്തിൻെറ പ്രവർത്തനം ഫലപ്രദമല്ല.

5 കന്നുകാലിവളർത്തലിനുള്ള സാമ്പത്തിക സൗകര്യ

ങ്ങൾ ലഭിക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

6 കന്നുകാലി വളർത്തലിനോട് അഭ്യസ്തവിദ്യർ അവഗണന മനോഭാവം കാണിക്കുന്നു.

7 ഈ രംഗത്ത് നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം നടക്കുന്നില്ല.

8 പേപ്പട്ടിശല്യം നമ്മുടെ പഞ്ചായത്തിൽ എല്ലാവർഷങ്ങളിലും ഉണ്ടാവുന്നു.

### നിർദ്ദേശങ്ങൾ

1) നമ്മുടെ ജില്ലയിൽ വളരെയധികം ലഭ്യമാവുന്ന നാളികേരത്തിൻെറ ഉല്പന്നമായ പിണ്ണാക്ക് ഉപയോഗിച്ചു കൊണ്ടുള്ള കാലിത്തീറ്റ കോഴിത്തീറ്റ നിർമ്മാണം ജില്ലാ അടിസ്ഥാനത്തിലെങ്കിലും ആരംഭിച്ച് ന്യായവിലക്ക് ലഭ്യമാക്കുക.

2) തീറ്റപുൽകൃഷി വ്യാപകമാക്കുന്നതിന് പുൽവിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക. ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കുക.

3) നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പഞ്ചായത്തിൻെറ 1,2,3,4,5 എന്നീ വാർഡുകൾക്കും 8,9,10 എന്നീ വാർഡുകൾക്കും കൂടി ഉപയോഗ യോഗ്യമായ രീതിയിൽ മൃഗാശുപത്രിയുടെ രണ്ട് സബ്സെൻററുകൾ സ്ഥാപിക്കുക.

4) കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവ വ്യാപകമാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുക.

5) മേപ്പയൂർ പഞ്ചായത്ത് പ്രവർത്തനപരിധിയായി ഒരു ക്ഷീരവ്യവസായസംഘം സ്ഥാപിക്കുകയും ഓരോ വാർഡിലും പാൽ സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും ശേഖരിക്കുകയും മറ്റ് ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുകയും ചെയ്യുക.

6) പാലുല്പാദനം മെച്ചപ്പെടുത്തുന്നതിന് സങ്കരയിനം പശുക്കളെ വളർത്താൻ താല്പ്പര്യമുള്ള എല്ലാവർക്കും സാമ്പത്തികസഹായം ലഭ്യമാക്കുക.

7) കന്നുകാലിവളർത്തലിൽ കർഷകർക്കുള്ള അവഗണന മാറ്റിയെടുക്കുന്നതിനും, രോഗപ്രതിരോധ ചികിത്സകളെ സംബന്ധിച്ച് അറിവുണ്ടാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ എല്ലാ വാർഡുകളിലും സംഘടിപ്പിക്കുക.

8) പട്ടികളെ വളർത്തുന്നതിനുള്ള ലൈൻസ് സമ്പ്രദായം കർശനമാക്കുക. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനമുണ്ടാക്കുക. (മതിയായ കൂലി ലഭിക്കാത്തതിനാൽ ഈ പ്രവർത്തിക്ക് ആളുകളെ ലഭിക്കുന്നതിന് പ്രയാസമനുഭവപ്പെടുന്നതു കൊണ്ട് ന്യായമായ വേതനം ലഭ്യമാക്കുക.)

### മത്സ്യബന്ധനം

149 കുളങ്ങൾ; വിസ്തൃതമായ കരുവോടുചിറ, ചതുപ്പുനിലങ്ങൾ, തോടുകൾ, കാപ്പുകൾ-ഇവ മേപ്പയൂരിൻെറ ജലവിഭവ സ്രോതസുകളാണ്. ഏതാണ്ട് പത്ത് ഏക്രയോളം വിസ്തൃതിയുണ്ട് കുളങ്ങൾക്ക്. സ്വകാര്യവ്യക്തികളുടെ കൈവശാവകാശത്തിലാണ് കുളങ്ങളിൽ ഭൂരിപക്ഷവും.

കടൽ മത്സ്യമാണ് പ്രധാനമത്സ്യാഹാരം. ഒരു വീടിന് ശരാശരി 7 രൂപ തോതിൽ കണക്കാക്കിയാൽ പ്രതിദിനം 34489 രൂപയുടെ മത്സ്യം പഞ്ചായത്തിനകത്ത് വിറ്റഴിക്കപ്പെടുന്നുണ്ട് എന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. ശുദ്ധജല മത്സ്യവിപണനം പഞ്ചായത്തിനകത്ത് നാമമാത്രമായ തോതിൽ നടക്കുന്നു.

മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ച ആരും പഞ്ചായത്തിലില്ല. മത്സ്യവിപണനവിതരണരംഗത്ത് 108 പേർ തൊഴിൽ ചെയ്യുന്നു.

പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷി നടത്തുന്ന ഒരു കേന്ദ്രമുണ്ട്. മത്സ്യകൃഷിക്ക് സാധ്യതയുള്ള പ്രദേശമായ കീഴ്പയൂരിലെ, കരുവോട് ചിറയിൽ പോയകാലത്ത് മത്സ്യലഭ്യതയുടെ കാര്യത്തിൽ സമ്പന്നമായിരുന്നു. എന്നാൽ കീടനാശിനികൾ, രാസവളം ഇവയുടെ ഉപയോഗം നിമിത്തം മത്സ്യങ്ങൾക്ക് നാശം സംഭവിച്ചു. ഇന്ന് മത്സ്യത്തിൻെറ കാര്യത്തിൽ ദരിദ്രമാണ് കരുവോടുചിറ. കുളങ്ങളിൽ മത്സ്യസമ്പത്ത് ഇന്ന് ലഭ്യമല്ല.

പഞ്ചായത്തിലെ ജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യകൃഷിക്കുള്ള സാധ്യതകൾ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിന് ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമല്ല.

### പ്രശ്നങ്ങൾ

1) പാരിസ്ഥിതിക പ്രശ്നങ്ങൾമൂലം മത്സ്യസമ്പത്തിൻെറ നാശം

2) വളം, കീടനാശിനി ഇവയുടെ ആക്രമണം.

3) ആസൂത്രിതമായ ശുദ്ധജല മത്സ്യകൃഷിയെ സംബന്ധിച്ച് അജ്ഞത.

4) അനുയോജ്യമായ ജലാശയങ്ങളുണ്ടായിട്ടും വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നില്ല.

5) പ്രജനനകാലത്ത് കരുവോടു ചിറയിൽ തോട്ട ഉപയോഗിച്ചും വെടിപൊട്ടിച്ചും മീൻ പിടിക്കുന്നതു മൂലം മത്സ്യകുഞ്ഞുങ്ങൾക്കു നാശം.

### പരിഹാരങ്ങൾ

1) മാരകമായ കീടനാശികളുടേയും, അമിതമായുള്ള രാ

സവളങ്ങളുടേയും, ഉപയോഗം നിയന്ത്രിക്കുക.


2) ശുദ്ധജല മത്സ്യകൃഷിയെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ സമ്പ്രദായങ്ങളെ പറ്റി കർഷകർക്ക് പരിശീലനം നൽകുക.


3) മത്സ്യകുഞ്ഞുങ്ങളെ പഞ്ചായത്ത്/കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.

4) പഞ്ചായത്തിലെ മുഴുവൻ ജലാശയങ്ങളും അനുയോജ്യമായ മത്സ്യകൃഷിക്കുവേണ്ടി ഉപയോഗിക്കുക.

5) പ്രജനനകാലത്ത് മത്സ്യകുഞ്ഞുങ്ങളുടെ നാശത്തിനിടയാക്കുന്ന മത്സ്യസംഹാരം നിരോധിക്കുക.

❖





# 6

# വ്യവസായം ടൂറിസം

## വ്യവസായം

വ്യാവസായികമായി ഇപ്പോഴും ശൈശവ ദശയിലാണ് നമ്മുടെ പഞ്ചായത്ത്; പരമ്പരാഗത വ്യവസായ മേഖല നട്ടെല്ലൊടിഞ്ഞു കിടക്കുന്നു; ചെറുകിട വ്യവസായത്തിന് ആഴങ്ങളിൽ വേരോട്ടമുണ്ടായിട്ടില്ല; വൻകിടവ്യവസായം പഞ്ചായത്തിലില്ല.

ചൂടിപിരിക്കൽ, പായനെയ്ത്ത്, കൊട്ടമെടയൽ, മുറമുണ്ടാക്കൽ, മരപ്പണി, ലോഹപ്പണി, ആഭരണനിർമാണം- ഇവയാണ് പരമ്പരാഗത വ്യവസായരംഗം. ഏതാണ്ട് ഇരുന്നൂറുപേർ ആണ് പരമ്പരാഗത തൊഴിൽ മേഖലയെ ആശ്രയിച്ചിരിക്കുന്നത്.

ചൂടിപിരിക്കലും പ്രാദേശിക വിപണികളിൽ അത് വിറ്റഴിക്കുകയും ചെയ്യുക എന്നത് പഴയകാല പ്രവണതയായിരുന്നു. ഇന്നാകട്ടെ, മറ്റു പ്രദേശങ്ങളിലെ ചൂടിവിറ്റഴിക്കുന്നതിനുള്ള വിപണിയായി നമ്മുടെ ഗ്രാമവും മാറിയിരിക്കുന്നു. വിളയാട്ടൂരിലുള്ള വനിതാവ്യവസായയൂനിറ്റ് ആണ് ഈ രംഗത്ത് നാമമാത്രമായെങ്കിലും നിലനിൽക്കുന്നത്.

ചകിരിനാര് സംസ്കരിച്ചെടുക്കുന്നതിനുള്ള പ്രയാസമാണ് ചൂടി വ്യവസായത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളിൽ പ്രധാനം. ലഭ്യമാകുന്ന ചകിരിയുടെ ഒരു ശതമാനംപോലും ഇന്ന് വ്യാവസായികമായി ഉപയോഗപ്പെടുത്തുന്നില്ല.

### ചെറുകിടവ്യവസായം

തടി അധിഷ്ഠിതമായ പത്തുവ്യവസായ യൂണിറ്റുകളാണ് പഞ്ചായത്തിലുള്ളത്; രണ്ടെണ്ണം ഈർച്ചമില്ലുകൾ ബാക്കിയുള്ളവ ഫർണ്ണീച്ചർ നിർമ്മാണം. സ്വകാര്യമേഖലയിലാണ് ഈ വ്യവസായങ്ങളത്രയും.

#### ഓയിൽ മില്ലുകൾ; ഫ്ലോർ മില്ലുകൾ

പഞ്ചായത്തിൽ അഞ്ച് ഓയിൽമില്ലുകൾ പ്രവർത്തിക്കുന്നു; പ്രവർത്തനം നിലച്ച രണ്ടെണ്ണവും ഉണ്ട്- ഒന്ന് സ്വകാര്യമേഖലയിലും ഒന്ന് സഹകരണമേഖലയിലും. സഹകരണമേഖലയിലെ സ്ഥാപനത്തെക്കുറിച്ചുള്ള വിശദവിവരം പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

**മേപ്പയൂർ ഓയിൽ സീഡ് ക്രഷേഴ്സ് കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രിയൽ സൊസൈറ്റി**

| സ്ഥാപിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങളുടെ എണ്ണം | ഓഹരിമൂലധനം | പ്രവർത്തന മൂലധനം | ആസ്തി | ബാധ്യത | |
|---|---|---|---|---|---|---|---|
| 1965 | മേപ്പയൂർ പഞ്ചായത്തു മുഴുവൻ കാരയാട്, ചെറുവണ്ണൂർ മുയിപ്പോത്ത് | 62 | 5251 രൂപ | 29,000രൂപ [ഖാദി ബോർഡ്) | 5 സെൻറ് സ്ഥലം | 15,920 രൂപ * [പലിശ] | 2,421 രൂപ * [എസ്റ്റാബ്ലിഷ്മെൻറ് ചാർജ്] |

*1992-93 ഓഡിറ്റ് റിപ്പോർട്ട്

## പ്രശ്നങ്ങൾ

1 മരച്ചക്കിൽ ആട്ടിയെടുക്കുന്ന എണ്ണയായിരിക്കണമെന്ന ഖാദിബോർഡ് നിബന്ധന

2 പഴക്കം ചെന്ന സാങ്കേതികവിദ്യ

3 വിപണിയിൽ മത്സരിക്കാനുള്ള ശേക്കുറവ്

4 ജനപങ്കാളിത്തക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ :

1 കൂടുതൽ ജനകീയ പങ്കാളിത്തം

2 ഓഹരിമൂലധനം വർധിപ്പിക്കൽ

3 യന്ത്രവത്കൃത സംവിധാനത്തിലൂടെ എണ്ണയാട്ടൽ

4 നാളികേര കോംപ്ലക്സാക്കി വികസിപ്പിക്കുക

[തിരുവണ്ണൂർ നാളികേര കോംപ്ലക്സ് മാതൃക]

**മെറ്റൽ ഇൻഡസ്ട്രി** : ഗെയിറ്റ്, ഗ്രിൽസ് എന്നിവ നിർമ്മിക്കുന്ന മൂന്നു യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. ഏറെ സാധ്യതയുള്ള ഇവ സ്വകാര്യമേഖലയിലാണ്. അലൂമിനയം പാത്രങ്ങൾ നിർമിക്കുന്ന ഒരു യൂണിറ്റുകൂടിചേരുന്നതാണ് ചെറുകിട വ്യവസായ രംഗം.

**ഓട്ടോമൊബൈൽ** : നാലുചക്രവാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ഇരുചക്രവാഹനങ്ങൾ ഇവ റിപ്പയർ ചെയ്യുന്ന രണ്ട് സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലുണ്ട്. പതിനഞ്ചു പേർ ഈ രംഗത്തെ ആശ്രയിക്കുന്നു.

**അപ്പക്കൂട്** : പഞ്ചായത്തിൽ പത്ത് ബേക്കറിയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരെണ്ണം DWCRA യൂണിറ്റാണ് പതിനഞ്ചുപേരാണ് ഈ രംഗത്ത് തൊഴിൽ ചെയ്യുന്നത്.

**പപ്പടം** : കാര്യമായി നടക്കുന്ന ഒരു കുടിൽ വ്യവസായ സംരംഭമാണ് പപ്പടനിർമ്മാണം. കായലാട് പ്രദേശത്ത് ഇത് കേന്ദ്രീകരിക്കുന്നു.

**പ്രിൻറിംഗ്** : പഞ്ചായത്തിൽ 4 പ്രിൻറിംഗ് പ്രസുകൾ പ്രവർത്തിക്കുന്നു- ഒന്ന് സഹകരണമേഖലയിലും ബാക്കിയുള്ളവ സ്വകാര്യമേഖലയിലും. പത്തുപേർ ഈ രംഗത്തെ ആശ്രയിക്കുന്നു സഹകരണപ്രസിനെ സംബന്ധിച്ച വിവരങ്ങൾ പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക -2

**മേപ്പയൂർ ഇൻഡസ്ട്രിയൽ കോ-ഓപ്പ് പ്രിൻറിംഗ് വർക്സ് ലിമിറ്റഡ്**

| സ്ഥാപിത വർഷം | അംഗങ്ങളുടെ എണ്ണം മൂലധനം | ഓഹരി സംഖ്യ | ഗവ: ഷെയർ സംഖ്യ | ബാധ്യതകൾ | പ്രവർത്തന പരിധി | തൊലാളികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1961 [30-5-1961] | 123 | 49,700 രൂപ | 25,000 രൂപ | 61,000 രൂപ* [ഗവ:ലോൺ] | മേപ്പയൂർ പഞ്ചായത്ത് | 3 സെക്രട്ടറി കമ്പോസിറ്റർ പ്രിൻറർ |

*1992-93 ഓഡിറ്റ് റിപ്പോർട്ട്

## പ്രശ്നങ്ങൾ

1 മാനേജിംഗിൽ വരുന്ന പോരായ്മകൾ

2 മത്സരാധിഷ്ഠിത ആസൂത്രണത്തിൻെറ അഭാവം

3 അച്ചടി രംഗത്തെ പുത്തൻ അഭിരുചികളെ കുറിച്ചുള്ള അനുഭവക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ

1 വിദഗ്ധമായ മാനേജിംഗ് സംവിധാനം

2 ആവശ്യങ്ങൾ മനസിലാക്കിയുള്ള മത്സരാധിഷ്ഠിത ആസൂത്രണം

3 പുതിയ പ്രവണതകളെകുറിച്ചുള്ള പഠനം; ഓഹരിമൂലധനം വർധിപ്പിക്കൽ

4 സർക്കാർ ഏജൻസികൾ, സഹകരണസ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ അച്ചടി ജോലി കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ

5 നോട്ടുബുക്കു നിർമ്മാണം - പുസ്തക പ്രസിദ്ധീകരണം എന്നീ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കൽ.

## ചെങ്കൽ കരിങ്കൽ ക്വാറികൾ

പഞ്ചായത്തിൽ ഏതാണ്ട് 60- ഏക്ര കരിങ്കൽ പാറ

ഉണ്ട്. എല്ലാ വാർഡുകളിലും ലഭ്യമായ ഈ സമ്പത്ത് വ്യാവസായികാടിസ്ഥാനത്തിൽ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഏതാണ്ട് 1800 ഓളംപേർ പ്രത്യക്ഷവും പരോക്ഷവുമായ രീതിയിൽ ക്വാറിയുമായി ബന്ധപ്പെട്ട തൊഴിൽ നോക്കുന്നു. ഈ തൊഴിലുമായി ബന്ധപ്പെടുന്നവരിൽ ഗണ്യമായ വിഭാഗം പഞ്ചായത്തിനു പുറത്തുള്ളവരാണ്, ഇതിൽ സിംഹഭാഗം സംസ്ഥാനത്തിനുപുറത്തുള്ളവരാണ്. ഔദ്യോഗികരേഖയനുസരിച്ച് മൈനിംഗ് ക്വാറിയിങ് രംഗത്തുള്ളവർ 214 പേർ മാത്രമാണ്.

പരിസ്ഥിതിപ്രശ്നം, സമീപവാസികളുടെ എതിർപ്പ്, ഭൂപ്രകൃതി, ഇവ കരിങ്കൽ നിക്ഷേപം മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിന് തടസ്സം നിൽക്കുന്നു. ഇടത്തട്ടുകാരിൽ നിന്ന്, ഉപഭോക്താക്കളും തൊഴിലാളികളും കടുത്ത ചൂഷണത്തിനുവിധേയമാകുന്ന മേഖലകൂടിയാണിത്. സഹകരണാടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് കരിങ്കൽ ക്വാറികളെ ഉപയോഗപ്പെടുത്തുന്നത് ചൂഷണം തടയുന്നതിന് ഏറെ ഗുണകരമാകും; ഒരുപാട് സാധ്യതകളുമുണ്ട്. ചെങ്കൽ മേഖലയിൽ തൊഴിൽ രംഗത്തുള്ളവർ 122 ആണ് രേഖകളിൽ. എന്നാൽ 500 പേർ ഈ രംഗത്തുണ്ട്. സ്ത്രീകളുടെ സജീവ തൊഴിൽ സാന്നിധ്യം അനുഭവപ്പെടുന്ന മേഖലയാണ് ചെങ്കൽ കരിങ്കൽ തൊഴിൽ രംഗം.

### ഖാദി ബോർഡുമായി സഹകരിച്ച് തുടങ്ങാവുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ

| തൊഴിൽ സംരംഭം | അസംസ്കൃത പദാർഥം | തൊഴിൽ സേന | സഹായങ്ങളും നിർദ്ദേശങ്ങളും |
|---|---|---|---|
| കരകൗശല വ്യവസായയൂനിറ്റ് നെയ്ത്ത്-നൂൽനൂൽപ് കേന്ദ്രങ്ങൾ | പഞ്ചായത്തിൽ ഖാദിബോർഡ് ഏജൻസിയായി വർത്തിക്കുന്നു | പഞ്ചായത്തിലുണ്ട് തൊഴിൽ പരിശീലനം എളുപ്പത്തിൽ നടത്താം | 1 ജില്ലാ ഖാദി ചെറുകിട വ്യവസായ ഓഫീസ് |
| ഇത്തിൾ-കുമ്മായം | 15 കി.മി ചുറ്റളവിൽ ലഭ്യമാണ് | പഞ്ചായത്തിലുണ്ട് | 2 ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം |
| തേനീച്ചവളർത്തൽ | ഖാദിബോർഡ് മുഖേന | പരിശീലനം ആവശ്യമാണ് | |

### വ്യവസായത്തൊഴിലാളികളെ സംബന്ധിച്ച വിവരം:

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| കയർ (ചൂടിപിരിക്കൽ മാത്രം) | 25 | കരിങ്കൽ ക്വാറി | 1000-1800 |
| മുറം.പായ, കുട്ട | 30 | ചെങ്കൽക്വാറി | 100-400 |
| എഞ്ചിനീയറിംഗ് | 21 | ബേക്കറി (അപ്പക്കൂട്) | 15 |
| മെറ്റൽ ഇൻഡസ്ട്രി | 12 | ഓയിൽ ആൻറ് ഫ്ളോർമിൽ | 12 |
| പ്രിൻറിംഗ് | 10 | തടിഅധിഷ്ഠിതം | 22 |
| | | മറ്റിനം | 4 |

## പ്രശ്നങ്ങൾ

1 പരമ്പരാഗത തൊഴിൽ മേഖലയോട് പുതിയ തലമുറയ്ക്കുള്ള താല്പര്യക്കുറവ്

2 പരമ്പരാഗത തൊഴിൽ മേഖലയിൽ വിദഗ്ദ്ധ പരിശീലനം ലഭിക്കുന്നതിനുള്ള അവസരം ഇല്ലായ്മ

3 പഞ്ചായത്തിൽ ലഭ്യമായ കാർഷിക ഉല്പന്നങ്ങളെ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങളുടെ അഭാവം.

4 സാങ്കേതിക പരിശീലനം ലഭിച്ച ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിന് സംവിധാനം ഇല്ല.

5 പഞ്ചായത്തിൽ ഉല്പന്നങ്ങൾക്ക് വിപണനകേന്ദ്രം ഇല്ല

6 ചെറുകിയ വ്യവസായം തുടങ്ങാൻ സ്ഥലത്തിന്റെ ദൗർലഭ്യം

7 വ്യവസായകേന്ദം, ബേങ്ക് തുടങ്ങിയകേന്ദ്രങ്ങളിൽ നിന്ന് അനുഭവപ്പെടുന്ന തിക്താനുഭവങ്ങൾ

8 വൈദ്യുതി യഥാവസരം ലഭിക്കായ്ക

9 അധ്വാനശേഷി കൈമുതലായുള്ള ഒരു സമൂഹത്തെ ഉൾക്കൊള്ളുന്നതിന് അധികാരസംവിധാനങ്ങൾക്കുള്ള മടി.

10 പൂട്ടിയിട്ട സഹകരണഓയിൽമിൽ No.C IND (c) 13 തുറന്നു പ്രവർക്കാൻ നടപടി വേണം.

## പരിഹാരമാർഗ്ഗങ്ങൾ

1 സാധ്യതയും ഭാവനയും സമന്വയിപ്പിച്ച് വ്യവസായ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ ഗ്രാമ-ബ്ലോക്കുതല പഞ്ചായത്തുകളിൽ ഏകോപിപ്പിക്കാനുള്ള ശ്രമം വേണം.

2 ചെറുകിട വ്യവസായലൈസൻസ്, വൈദ്യുതി, ധനസഹായം ഇവ ഒരേകേന്ദ്രത്തിൽ - ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുന്നതിന് സംവിധാനം വേണം.

3 സാങ്കേതിക വിദ്യാഭ്യാസം നേടിയ യുവാക്കൾക്ക് സ്വയം തൊഴിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ഗൈഡൻസ് നൽകാൻ പഞ്ചായത്ത് തലത്തിൽ ഗൈഡൻസ് ബ്യൂറോ വേണം.

4 ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് വിപണനത്തിന് ഗ്രാമ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും കേന്ദ്രീകൃതസ്ഥിരം വിപണന കേന്ദ്രങ്ങൾ വേണം.

## വ്യവസായ വികസന നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ആളുകളെ ഉപയോഗപ്പെടുത്തി വികസിപ്പിച്ചെടുക്കാൻ കഴിയുന്ന വ്യവസായ സംരംഭത്തെക്കുറിച്ച് കാര്യമായ പദ്ധതികൾ അത്യാവശ്യമാണ്.

**1 ട്രാൻസ്ഫോർമർ പ്രൊഡക്ഷൻ യൂനിറ്റ്:**

റേഡിയോ, ടി.വി.ഇവയിൽ ഉപയോഗിക്കുന്ന ട്രാൻസ്ഫോർമറിന്റെ നിർമ്മാണം. നടുവണ്ണൂരിലെ ഹാരി ഇലക്ട്രോണിക്സ് ആണ് സമീപപ്രദേശത്ത് ഈ രംഗത്ത് ഉള്ള ഒരു സ്ഥാപനം. മിതമായ മുതൽ മുടക്കിൽ കൂടുതൽ ലാഭം, കൂടുതൽ തൊഴിൽ സാധ്യത എന്നിവ ഇതിന്റെ പ്രത്യേകതകൾ ആണ്. ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിൽ സേന പഞ്ചായത്തിൽ ഉണ്ട്. അസംസ്കൃത പദാർത്ഥങ്ങൾ പഞ്ചായത്തിനുപുറത്തുനിന്ന് സമാഹരിക്കണം.

**പ്ലാസ്റ്റിക്ക് വർക്ക്സ് :** പ്ലാസ്റ്റിക്ക് പാഴ്‌വസ്തുക്കൾ അസംസ്കൃത പദാർത്ഥമാക്കി ഒരു പാട് സാധ്യതകൾ ഉള്ള വ്യവസായയൂനിറ്റ് ആയി വികസിപ്പിക്കാം. ഇൻജക്ഷൻ മോൾഡിംഗ് മെഷീൻ ഇതിന് ഉപയോഗിക്കുന്നു.

**കേരോൽപന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം :** പ്രധാന കേരോൽപ്പാദന മേഖലയാണ് നമ്മുടെ പഞ്ചായത്ത്. 2,39,400 തെങ്ങുകൾ ഈ ഗ്രാമത്തിൽ ഉണ്ട്. ഏതാണ്ട് 1,07,83000 തേങ്ങ ഉല്പാദിപ്പിക്കുന്നു. കേരോല്പന്നങ്ങൾ (തേങ്ങ, തേങ്ങവെള്ളം, ചിരട്ട, ചകിരി, etc)അസംസ്കൃത പദാർത്ഥമാക്കിയുള്ള വ്യവസായങ്ങൾക്ക് സാധ്യത ഏറെയാണ്.

## 4 വനിതാവ്യവസായ യൂനിറ്റുകൾ (DWCRA)

റെഡിമെയ്ഡ്, സോപ്പ്, അച്ചാർ, സ്ക്വാഷ്, കരകൗശലവസ്തുക്കൾ, മസാലപൊടികൾ, തുടങ്ങിയ, പഞ്ചായത്തിനകത്തും പുറത്തും മെച്ചപ്പെട്ട വിപണന സാധ്യതകൾ ഉള്ള, യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രൊജക്ടുകൾ രൂപീകരിക്കപ്പെടണം. ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന (DWCRA) യൂനിറ്റുകൾ ഏകോപിപ്പിക്കണം. കേരളസോപ്സ് ആൻറ് ഓയിൽസ് [KSO] നാളികേര കോംപ്ലക്സ് (തിരുവങ്ങൂർ) ഇവയുടെ പുനഃസംഘാടനം മേപ്പയൂർ പഞ്ചായത്തിന്റെ സാധ്യതകൾ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം.

## പാൽവ്യവസായം

സഹകരണാടിസ്ഥാനത്തിൽ പാൽവ്യവസായത്തിന് ഏറെ സാധ്യതയുള്ള മേഖലയാണ് നമ്മുടെ പഞ്ചായത്ത്. 3511 കന്നുകാലികൾ പഞ്ചായത്തിലുണ്ട്. പാൽ, മോര്, കട്ടിമോര്, നെയ്യ് ഇവ വൻ വിപണനസാധ്യതകളുള്ളവയാണ്. മധുരപലഹാരങ്ങൾ പാൽ മുഖ്യ അസംസ്കൃത പദാർത്ഥമായി നിർമ്മിക്കാം.

**ഹോളോബ്രിക്സ് - സിമൻറ്കട്ട**

നമ്മുടെ പഞ്ചായത്തിൽ തന്നെ ആവശ്യാനു

സരണം അസംസ്കൃത സാധനങ്ങൾ ലഭ്യമാണ്. പാറപ്പൊടി പഞ്ചായത്തിലെ ക്വാറികളിൽ സുലഭമാണ്. പൂഴി (മണൽ) അഞ്ചു കി.മീ ചുറ്റളവിൽ ലഭ്യമാണ്. വൈദഗ്ധ്യമുള്ള തൊഴിൽ സേനയെ വികസിപ്പിച്ചെടുക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിലും സ്വകാര്യ അടിസ്ഥാനത്തിലും ഇത് തുടങ്ങാം. വർധിച്ചുവരുന്ന കെട്ടിടനിർമാണ ആവശ്യങ്ങൾക്കനുസരിച്ച് മാർക്കറ്റിംഗ് സാധ്യത വിപുലപ്പെടുത്താൻ കഴിയും.

### കോഴിവളർത്തൽ

ബേങ്ക്ലോൺ മുഖേന, മൃഗസംരക്ഷണവകുപ്പിന്റെ മേൽനോട്ടത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഇത് സ്ഥാപിക്കാം. ലാഭകരമായ ഈ സംരംഭം സ്വകാര്യ വ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ ആരംഭിക്കാം. മുട്ട, ഇറച്ചിക്കോഴി, കോഴിക്കുഞ്ഞുങ്ങൾ, കോഴിവളം ഇവയ്ക്ക് വൻ വിപണന സാധ്യതയുണ്ട്. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നുള്ളവരാണ് മാർക്കറ്റ് കൈയടക്കിയിരിക്കുന്നത്.

### പരമ്പരാഗത വ്യവസായ സാധ്യതകൾ

ആശാരി, കൊല്ലൻ, മൂശാരി തുടങ്ങിയ വിദഗ്ദ്ധ തൊഴിൽ മേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനം വേണം. പഞ്ചായത്തടിസ്ഥാനത്തിൽ 'സ്മിത്ത്' സഹകരണസംഘം സ്ഥാപിക്കണം. കാർഷിക ഉപകരണങ്ങൾ മിതമായ വിലയ്ക്ക് ഉല്പാദിപ്പിച്ചു നൽകാം. പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേ പോലെ തൊഴിൽ സാധ്യത ഉണ്ട്.

1 ബ്ലോക്ക് വ്യവസായ വികസന ഓഫീസർ
2 ഖാദി വ്യവസായ വികസന ഓഫീസ്
3 ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എന്നിവരിൽ നിന്ന് വിശദ വിവരങ്ങളും നിർദ്ദേശങ്ങളും ലഭ്യമാണ്.

## ടൂറിസം

സാധ്യതകളുടെ വിശാലമായ ഒരു തലം ടൂറിസം രംഗത്ത് നമുക്ക് വികസിപ്പിച്ചെടുക്കാനുണ്ട്. മധ്യമലബാറിന്റെ നെല്ലറയെന്ന വിശേഷണത്തിനർഹമായ പാണ്ടിവയലിന്റെ ഏറ്റവും സുന്ദരവും സചേതനവുമായ ദൃശ്യം നമ്മുടെ ഗ്രാമത്തിലാണ്. കീഴ്പയ്യൂർ കണ്ടംചിറയും സമീപസ്ഥങ്ങളായ കുന്നുകളും വികസനോന്മുഖമായ ഒരു ടൂറിസ്റ്റു കേന്ദ്രം സൃഷ്ടിക്കാൻ പര്യാപ്തമാണ്. മയിൽ മേയുന്ന പോർക്കുമലയും കരുവോടു പാണ്ടിവയലും നമുക്കു സാധ്യതകൾ തെളിക്കുന്നു.

### പക്ഷികൾ ശലഭങ്ങൾ

ജനപ്പെരുപ്പവും പുതിയ കെട്ടിട നിർമ്മാണരീതിയും പലതരത്തിലുള്ള പക്ഷികളേയും ശലഭങ്ങളേയും നമുക്ക് അന്യമാക്കിയിരിക്കുന്നു. പഞ്ചായത്തിൽ കരുവോട് ചിറ ഭാഗത്താണ് പക്ഷികളും ശലഭങ്ങളും ഏറെ വിദേശികളും തദ്ദേശവാസികളും ഇക്കൂട്ടത്തിലുണ്ട്. 13 ദേശാടകർ അടക്കം 93 പക്ഷി ഇനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അങ്ങാടിക്കുരുവി, അച്ചൻ കൊമ്പത്ത്, അമ്പലംചുറ്റി, അമ്പലപ്രാവ്, അമോറ, അരിപ്രാവ്, ആനറാഞ്ചി, ആൽക്കിളി, ആറ്റക്കറുപ്പൻ, ആറ്റച്ചെമ്പൻ, ഇത്തിക്കണ്ണികുരുവി, ഇന്ത്യൻ മഞ്ഞക്കിളി, ഇലക്കിളി, ഇളംപച്ചപ്പൊടിക്കുരുവി, ഉപ്പൻ, ഓമനപ്രാവ്, ഓലേഞ്ഞാലി, കരിങ്കുയിൽ, കരിങ്കാച്ച, കരിന്തൊപ്പി, കരിയിലക്കിളി, കരുവാക്കുരു കൽമണ്ണാത്തി, കറുപ്പൻ തേൻകിളി, കടക്കാക്ക, കാക്കതമ്പുരാൻ, കാക്കമീൻകൊത്തി, കാക്കരാജൻ, കാടുമുഴക്കി, കാലൻകോഴി, കാലിമുണ്ടി, കാവികുളകോഴി, കുളക്കൊക്ക്, കൃഷ്ണപരുന്ത്, കൊക്കൻ തേൻകിളി, ചക്കിപ്പരുന്ത്, ചാപമുണ്ടി, ചാരമുണ്ടി, ചിത്രാംഗൻ മരംകൊത്തി, ചിന്നകൊക്ക്, ചിന്നമുണ്ടി, ചീനമഞ്ഞക്കിളി, ചെമ്പൻനത്ത്, ചെറിയനീർകാക്ക, ചെറിയ മീൻകൊത്തി, ചെവിയൻനത്ത്, താമരക്കോഴി, തീക്കുരുവി, തുന്നാരൻ, നാട്ടുമരംകൊത്തി, നാട്ടുവേലിതത്ത, പോപ്പിടിയൻ, പുളിക്കാടക്കൊക്ക് മയിൽ പുളിമീൻകൊത്തി, എന്നിവയാണ് നമ്മുടെ പഞ്ചായത്തിത കണ്ടുവരുന്ന പക്ഷികൾ

**അപൂർവ്വമായി കണ്ടുവരുന്നതും ദേശാടകരുമായ പക്ഷികളുടെ വിശദവിവരം ചുവടെ**

| | |
|---|---|
| അപൂർവ്വമായി കാണുന്നത് | ദേശാടകൻ |
| അച്ചൻകൊമ്പത്ത് | അച്ചൻ കൊമ്പത്ത് |
| അമോറന്ത്യൻ മഞ്ഞക്കിളി | കരിന്തൊപ്പി |
| ഇളംപച്ചപ്പൊടിക്കുരുവി | കുറിക്കണ്ണൻ കാട്ടുപുള്ള് |
| കാവി ചിത്രാംഗൻ മരംകൊത്തി | |
| ചിത്രാംഗൻ മരംകൊത്തി | |
| ചീനമഞ്ഞക്കിളി | ചീനമഞ്ഞക്കിളി |
| ചെതമ്പന്മുളൻകോഴി | ചൂളൻ എരണ്ട |
| വയൻകണ്മൻ | നീർക്കാട |
| മയിൽ പച്ച എരണ്ട | പളിഴക്കാലി |
| പുള്ളിക്കാടകൊക്ക് | വഴിഎരണ്ട |

മേപ്പയൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്ന ചിത്രശലഭങ്ങളുടെ പട്ടികതാഴെ കൊടുക്കുന്നു. കശുമാവിൻ തോട്ടങ്ങളിലാണ് ചിത്രശലഭങ്ങളെ

കൂടുതലായി കണ്ടുവരുന്നത്. തിരിച്ചറിയാത്ത എത്രയോ നിശാശലഭങ്ങളും ചിത്രശലഭങ്ങളും നമുക്കിടയിലുണ്ട്. പ്രധാനപ്പെട്ട 25 ജാതികൾ താഴെ പറയുന്നു.

1 കോമൺ മോർമൺ

2 ക്രിംസൺറോസ്

3 സൈക്കി

4 ഓറഞ്ച് ടിപ്

5 കോമൺറോസ്

6 മലബാർക്രോ

7 കോമൺ ഈവിനിംഗ് ബ്രമൺ

8 ബ്ലുമോർമൺ

9 ബ്ലുടൈഗർ

10 ടാണികോസ്റ്റർ

11 ടെയിൽസ് ജെ

12 കോമൺ പാം ഫ്ളൈ

13 മോപ്ട്ടിൽഡ് എമിഗ്രൻറ്

14 പിയേറോ

15 പിക്കോക്ക് പാൻസി

16 ബാർഡ് ടൈഗർ

17 പ്ലെയിൻ ടൈഗർ

18 ഡിഢാൺ ഫോർറിംഗ്

19 ഗ്രേക്കൗണ്ട്

20 കമാൻറർ

21 ഗ്രേപാൻസി


22 കോമൺജസബൽ

23 കോമൺഗ്രാസ്യെല്ലോ

24 ഫോറിംഗ്

25 കോമൺക്രോ

❖



# 7

# വിദ്യാഭ്യാസം

## തിരിച്ചറിവിൻെറ ദിനങ്ങൾ

അക്ഷരത്തിന് അഗ്നിയുടെ ശക്തിയുണ്ടെന്ന് ഏറെ മുമ്പ് തന്നെ ഈ ഗ്രാമ മനസ്സ് തിരിച്ചറിഞ്ഞിരുന്നു. അക്ഷരത്തെ ആയുധമാക്കേണ്ടതിൻെറ ആവശ്യകത ഉള്ളിലേററുവാങ്ങി കർമപഥത്തിലിറങ്ങിയ പൂർവികരാണ് ഈ മണ്ണിൽ അക്ഷര ലോകത്തിന് അടിത്തറയിട്ടത്. കുടിപ്പള്ളിക്കൂടങ്ങളിലും ആശാൻ പള്ളിക്കൂടങ്ങളിലും തുടങ്ങുന്നു മേപ്പയൂരിൻെറ വിദ്യാഭ്യാസ ചരിത്രം. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഏറെ മുമ്പ് തന്നെ ആരംഭിച്ച ഇത്തരം പള്ളിക്കൂടങ്ങൾ അറിവിൻെറ ലോകത്തേക്കുള്ള കവാടങ്ങളായി ഇവ നിലക്കൊണ്ടു.

**ആദ്യപള്ളിക്കൂടം:**

കീഴ്പ്പയൂരിൽ ശ്രീ. കോമപ്പൻ ഗുരുക്കൾ നടത്തിയ കുടിപ്പള്ളിക്കൂടം ഏറെ ശ്രദ്ധേയമായിരുന്നു. ദേശീയ പ്രസ്ഥാനവും അതിൻെറ ഭാഗമായ സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ രംഗത്ത് ശ്രീ. ഇ രാമൻമാസ്റ്ററെപോലെയുള്ള നിരവധി അദ്ധ്യാപകരുടെ സേവനങ്ങൾ എടുത്തുപറയത്തക്കതാണ്.

സ്വാതന്ത്ര്യ സമ്പാദനത്തിന് 43 വർഷങ്ങൾക്ക് മുമ്പ് 1904ൽ കൊഴുക്കല്ലൂരിൽ ആരംഭിച്ച കൊഴുക്കല്ലൂർ എൽ. പി. സ്കൂൾ ആണ് മേപ്പയൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. 1965ൽ ഈ വിദ്യാലയം യു. പി. സ്കൂൾ ആയി ഉയർത്തി. 1925ന് മുമ്പ് തന്നെ കീഴ്പ്പയൂർ വെസ്റ്റ് എൽ. പി. സ്കൂൾ (1917) എം. കെ. നായർ സ്മാരക യു. പി. സ്കൂൾ (1918) വി. ഇ. എം. യു. പി. സ്കൂൾ( 1925) എന്നിവ സ്ഥാപിച്ചിരുന്നു.

മലബാർ ഡിസ്ട്രിക് ബോർഡിൽ ശ്രീ. പി. ടി. ഭാസ്കരപണിക്കർ പ്രസിഡണ്ടായിരുന്ന 1958ലാണ് മേപ്പയൂരിൽ ഹൈസ്കൂൾ സ്ഥാപിച്ചത്. അന്തരിച്ച ജ. കോമത്ത് അബ്ദുള്ള സാഹിബാണ് ഹൈസ്ക്കൂളിന്നാവശ്യമായ സ്ഥലം സംഭാവന നൽകിയത്. ആ തലമുറയിൽപ്പെട്ട നിരവധി പേരുടെ സേവനത്തിൻെറയും ത്യാഗസന്നദ്ധതയുടെയും ഫലമായിട്ടാണ് ഹൈസ്കൂൾ രൂപം കൊണ്ടത്. തുറയൂർ, ചെറുവണ്ണൂർ, നൊച്ചാട്, അരിക്കുളം, കീഴരിയൂർ എന്നീ സമീപ പഞ്ചായത്തുകൾ ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരുന്നത്. ഇന്ന് 2380 വിദ്യാർത്ഥികളും 84 അദ്ധ്യാപകരും 20 അദ്ധ്യാപകജീവനക്കാരും ഉള്ള ബ്രഹൃത്തായ സ്ഥാപനമായി ഇത് ഉയർന്നിരിക്കുകയാണ്. സംസ്ഥാനത്ത് എസ്. എസ്. എൽ. സി പരീക്ഷയിൽ 600ൽ കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തുന്ന അപൂർവ്വം വിദ്യാലയങ്ങളിലൊന്നാണിത്. 1990ൽ ഇവിടെ വൊക്കേഷനൽ കോഴ്സും ആരംഭിച്ചിട്ടുണ്ട്.

**പൊതുസ്ഥിതി:** മേപ്പയൂർ പഞ്ചായത്തിൽ 4 യു. പി.സിക്കൂളുകളും 11 എൽ. പി. സ്കൂളുകളുമുണ്ട്. ഇതിൽ ഒരു. എൽ. പി. സ്കൂൾ സർക്കാർ ഉടമയിലാണ്. മററുള്ളവ സ്വകാര്യ മാനേജ്മെൻറിൻെറ കീഴിലുമാണ്. പഞ്ചായത്തിലെ 16 പൊതുവിദ്യാലയങ്ങളിലും ഒരു അൺ എയിഡഡ് വിദ്യാലയത്തിലുമായി ആകെ 3020 ആൺകുട്ടികളും 2868 പെൺകുട്ടികളും ഉൾപ്പെടെ 5888 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഇതിന് പുറമെ 97 വിദ്യാർത്ഥികൾ വി. എച്ച്. എസ്. സിയും പഠിക്കുന്നുണ്ട്. 16 വിദ്യാലയങ്ങളിലായി ആകെ 244 അദ്ധ്യാപകർ ഉണ്ട്.

പഞ്ചായത്തിലെ ഏക അൺ എയിഡഡ് വിദ്യാലയമാണ് സലഫി എഡ്യൂക്കേഷണൽ കോംപ്ലക്സ് മേപ്പയൂരിലെ ഏക പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനമായ ബി. എഡ്. ട്രെയിനിംഗ് കോളേജ് ഇതോടനുബന്ധിച്ചാണ്. ഇവിടെ നഴ്സറി

സ്കൂാം, എൽ. പി. സ്കൂാം, കമ്പ്യൂട്ടർ പഠനകേന്ദ്രം, സമാന്തര വിദ്യാലയം അറബിക് കോളേജ് എന്നിവയും പ്രവർത്തിക്കുന്നു.

**(വിദ്യാർത്ഥികാം ജീവനക്കാർ സംബന്ധിച്ച വിവരം പട്ടിക 1ൽ കൊടുക്കുന്നു. )**

പഞ്ചായത്തിൽ 4 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. 23അംഗൻവാടികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 14 അംഗൻവാടികാംക്ക് സ്വന്തമായ കെട്ടിടമുണ്ട്.

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർഷംതോറും കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്. നടപ്പുവർഷത്തിൽ മേപ്പയൂർ ഈസ്റ്റ് എൽ. സ്കൂാം അൺ ഇക്കണോമിക്കായി പ്രഖ്യാപിക്കപ്പെടുയുണ്ടായി. പൂജ്യം മുതൽ ആറുവയസ്സ്വരെയുള്ള ജനസംഖ്യാ ഗ്രൂപ്പിൻെറ കണക്ക് പരിശോധിച്ചാൽ പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ഇനിയും കുറയാനാണ് സാധ്യതയെന്ന് ബോധ്യപ്പെടും. 1991ലെ സെൻസസനുസരിച്ച് 0-6 ഗ്രൂപ്പ് വിഭാഗത്തിൽ 3148 പേരാണ് ഉണ്ടായിരുന്നത്. 1996 ലെ കണക്കനുസരിച്ച്(പ്രാഥമിക സ്ഥിതിവിവരക്കണക്ക്) ഇത് 2834 ആണ്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല കോഴിക്കോട് ജില്ലയിൽ മേപ്പയൂരും പേരാമ്പ്ര ഉാംപ്പെടെയുള്ള കിഴക്കൻ മലയോര മേഖല അടങ്ങുന്ന വിശാല മേഖലയിൽ ഒരിടത്തും ഇത്തരം സ്ഥാപനങ്ങാം നിലവിലില്ല.

പഞ്ചായത്തിൽ നിന്നും പുറത്തുപോയി പഠിക്കുന്നവരുടെ വിവരം ചുവടെ.

പട്ടിക 4-2


| വാർഡ് | കുട്ടികളുടെ എണ്ണം |
|---|---|
| 1. | 6 |
| 2 | 58 |
| 3 | 63 |
| 4 | 120 |
| 5 | 60 |
| 6 | 133 |
| 7 | 80 |
| 8 | 27 |
| 9 | 52 |
| 10 | 40 |
| 11 | 67 |
| ആകെ | 706 |

അവലംബം: പ്രാഥമിക സ്ഥിതിവിവരശേഖരം

SALAFI EDUCATIONAL COMPLEX

| course | Students B | G | Total |
|---|---|---|---|
| X Failed | 10 | 14 | 24 |
| I P.D.C | 7 | 10 | 17 |
| II P.D.C | 10 | 5 | 15 |
| AFSAL Ist Priliminary | 48 | 23 | 71 |
| '' Final I | 12 | 8 | 20 |
| II | 6 | 4 | 10 |
| | 6 | 3 | 9 |
| Bed | 61 | 54 | 115 |
| Total | 160 | 121 | 281 |

സംസ്ഥാനത്ത് ഏററവും കുടുതൽ വിദ്യാർത്ഥികളെ എസ്. എസ്. എൽ. സി പരീക്ഷിക്കിരുത്തിയ വിദ്യാലയങ്ങളിൽ ഒന്നായ നമ്മുടെ ഹൈസ്ക്കൂളിൽ വിജയശതമാനം 25നും 30നും ഇടക്കാണ്. എസ്. എസ്. എൽ. സി പാസ്സാകുന്നവരിൽ വലിയൊരു ഭാഗവും മിനിമം മാർക്കിനടുത്ത് മാത്രം ലഭിക്കുന്നവരുമാണ്. സമാന്തര വിദ്യാഭാസ സ്ഥാപനങ്ങളെ ആശ്രയിച്ചാണ് ഉന്നത പഠനം നടത്തുന്നത്. മേപ്പയൂർ ഗവൺമെൻറ് വൊക്കേഷണൽ ഹൈസ്ക്കൂളിലെ വിജയ ശതമാനം താഴെ ചിത്രീകരിച്ചിരിക്കുന്നു.



വിദ്യാഭ്യാസ സൗകര്യങ്ങൾ ഏറെയുണ്ടായിട്ടും നിരക്ഷരരായ സുഹൃത്തുക്കളെ നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കാണുന്നു എന്ന വസ്തുത ഗൗരവത്തോടെ നാം കണക്കിലെടുക്കണം. ഒരുണർത്തുപാട്ടായി പ്രത്യക്ഷപ്പെട്ട 90ലെ സാക്ഷരതായജ്ഞം തുടർന്നുകൊണ്ടു പോകാൻ കഴിയാതെ പോയത് കാരണം നിരക്ഷരതയുടെ കറുത്ത ലോകത്തേക്ക് മടങ്ങിപ്പോയ നവസാക്ഷരരേയും നമുക്ക് കാണാതിരുന്നുകൂടാ. പഞ്ചായത്തിലെ നിരക്ഷരുടെ കണക്ക് വാർഡടിസ്ഥാനത്തിൽ ചുവടെ

പട്ടിക 4-5

| വാർഡ് | നിരക്ഷരർ |
|---|---|
| 1 | 139 |
| 2 | 64 |
| 3 | 150 |
| 4 | 64 |
| 5 | 100 |
| 6 | 26 |
| 7 | 117 |
| 8 | 58 |
| 9 | 141 |
| 10 | 78 |
| 11 | 59 |
| ആകെ | 996 |

അവലംബം: പ്രാഥമികസ്ഥിതി വിവരക്കണക്ക്

പട്ടിക 4-6

## പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം-ഒറ്റനോട്ടത്തിൽ

| | |
|---|---|
| എസ്. എസ്. എൽ. സിക്ക് താഴെ | 19244 |
| എസ്. എസ്. എൽ. സി | 3863 |
| പ്രീഡിഗ്രി | 277 |
| ഡിഗ്രി | 545 |
| പി.ജി | 62 |
| ടി.ടി.സി | 227 |
| ബി. എഡ് | 202 |
| ഐ. ടി. ഐ | 45 |
| പോളി | 24 |
| മറ്റ് പ്രഫഷണൽ കോഴ്സ് | 60 |

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ നമ്മുടെ സ്കൂളുകൾ ഏറെ പിറകിലാണെന്ന് കാണാം. പതിനൊന്ന് ഗ്രാമസഭകളിലും ഇത് സംബന്ധിച്ച ചർച്ച നടത്തിയിട്ടുണ്ട്. സ്വകാര്യ സ്കൂളുകളിൽ പലതും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഏറെ പിറകിലാണെന്ന കാര്യം ഗ്രാമസഭാ ചർച്ചകളിൽ മുഴച്ചു നിന്ന വസ്തുതയാണ്.

ജില്ലയിലെ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ആവിഷ്ക്കരിച്ച പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് പഞ്ചായത്ത്തല വിദ്യാഭ്യാസ സമിതി, വാർഡു സമിതികൾ, സ്കൂൾതല സമിതികൾ, സമ്പർക്കസമിതികൾ മാതൃസമിതികൾ എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

## പ്രശ്നങ്ങൾ

1. മേപ്പയൂർ ഹൈസ്കൂളിൽ എസ്. എസ്. എൽ. സി വിജയശതമാനം താരതമ്യേന കുറവാണ്.
2. പഠനം പൂർത്തിയാകാതെ കൊഴിഞ്ഞുപോക്ക് ചെറിയ തോതിൽ ഉണ്ട്.
3. നമ്മുടെ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല.
4. ഉന്നത വിദ്യാഭ്യാസത്തിന് ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
5. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ കുറവാണ്.
6. പി. ടി. എയുടെ പ്രവർത്തനം പല സ്കൂളുകളിലും കാര്യക്ഷമമല്ല.
7. സാക്ഷരതാപ്രവർത്തനത്തിൻെറ തുടർപ്രവർത്തനത്തിൻെറ അഭാവം നവസാക്ഷരരെ നിരക്ഷരരാക്കുന്നു.
8. കീഴ്പ്പയൂർ പ്രദേശത്ത് (4ാം വാർഡ്) രണ്ട് കി. മീ കൂടുതൽ ദൂരം നടന്ന് എൽ. പി. സ്കൂളുകളിൽ പോകേണ്ട അവസ്ഥയുണ്ട്.
9. പഞ്ചായത്തിലെ ഒരു എൽ. പി. സ്കൂൾ അൺ എക്കണോമിക് സ്കൂൾ ആണ്.
10. മേപ്പയൂർഹൈസ്ക്കൂളിലെ പഠനനിലവാരം താഴാൻ പ്രധാനകാരണങ്ങളിലൊന്ന് ഷിഫ്റ്റ് സമ്പ്രദായമാണ്.
11. സ്കൂൾ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല ഫണ്ടും, ഭക്ഷ്യവസ്തുക്കളും കൃത്യസമയത്ത് ലഭ്യമാകുന്നില്ല.
12. പഞ്ചായത്തിലെ സ്കൂളുകളിൽ ചുരുങ്ങിയതോതിൽ നിരക്ഷരരായ വിദ്യാർത്ഥികളുണ്ട്.
13. മാതൃസംഘമങ്ങൾ കാര്യക്ഷമമല്ല.
14. വി. എച്ച്. എസ്. സിയിൽ സ്ഥിരം അദ്ധ്യാപകരില്ല
15. പഞ്ചായത്തിൽ കെട്ടിടമില്ലാത്ത അംഗൻവാടികളുണ്ട്.
16. പഞ്ചായത്തിലെ ഏക ശിശുമന്ദിരം കീഴ്പ്പയൂരിൽ പ്രവർത്തിക്കുന്നില്ല.
17. കലാകായിക അഭ്യസനത്തിന് വേണ്ടത്ര സൗകര്യം പഞ്ചായത്തിലില്ല.

586

## നിർദ്ദേശങ്ങൾ

1 മേപ്പയൂർ ഹൈസ്കൂൾ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.

2. എസ്.എസ്.എൽ.സി ക്ലാസ്സുകൾ മെയ് ആദ്യവാരം തന്നെ ആരംഭിക്കണം

3. പ്രാദേശികമായ നിസ്സാരപ്രശ്നങ്ങൾക്ക് ഹൈസ്ക്കൂളിൽ സമരങ്ങൾ ഒഴിവാക്കണം.

4. പ്രദേശിക സമിതികൾ രൂപീകരിച്ച് പഠനം നിർത്തലാക്കിയ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് തിരിച്ച് കൊണ്ടുവരണം.

5. പഞ്ചായത്തിൽ ഐ. ടി. ഐ, ഐ. ടി. സി. പോളിടെക്നിക്ക് എന്നിവയിൽ ഏതെങ്കിലുമൊന്ന് പൊതുമേഖലയിൽ ആരംഭിക്കണം.

6. മേപ്പയൂർ കേന്ദ്രീകരിച്ച് ഒരു സയൻസ് കോളേജ് ആരംഭിക്കുന്നത് അഭികാമ്യമാണ്.

7. മാനേജ്മെൻറ് സ്കൂളുകളിൽ പി. ടി. എയുടെ സമർദ്ദത്താൽ മാനേജ്മെൻറിനെക്കൊണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

8. പഞ്ചായത്തിലെ പി. ടി. എ ഭാരവാഹികളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിററിയുണ്ടാക്കണം

9. ജനവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കണം.

10. കീഴ്പ്പയൂർ (നാലാം വാർഡ്) പൊതുമേഖലയിലോ പഞ്ചായത്തിൻെറ കീഴിലോ ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കണം.

11. പി. ടി. എയുടെയും വിദ്യാഭ്യാസ സമിതിയുടെയും പ്രവർത്തനംകൊണ്ട് അൺ ഇക്കണോമിക് വിദ്യാലയത്തിൻെറ ഇന്നത്തെ അവസ്ഥ പരിഹരിക്കണം.

12. സ്കൂൾ ഭക്ഷണ സൗകര്യങ്ങൾ ആവശ്യമായ വിദ്യാർഥികൾക്ക് അനുവദിക്കണം. ഭക്ഷ്യവസ്ത്തുക്കളും ഫണ്ടും കൃത്യസമയത്ത് എത്തിക്കണം.

13. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ ഉപയോഗിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം.

14. മാതൃസംഗമങ്ങൾ കൃത്യസമയത്ത് വിളിച്ചുചേർക്കണം. ക്ലാസ് മാതൃസംഗമങ്ങൾ സംഘടിപ്പിക്കണം. മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ക്ലാസ് മാതൃസംഗമങ്ങൾ ചേരണം.

15. വി.എച്ച്. എസ്. സിയിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കണം. കോഴ്സ് പി. എസ്. സി അംഗീകരിക്കണം.

16. കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് ജനകീയ കമിറ്റികളുടെയും ഐ. സി. ഡി. എസിൻെറയും സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കണം.

17. അംഗൻവാടികൾക്കാവശ്യമായ കളിക്കോപ്പുകൾ ലഭ്യമാക്കണം.

18. പ്രവർത്തനം ആരംഭിക്കാത്ത കീഴ്പ്പയൂരിലെ ശിശുമന്ദിരം ഉടനെ തുറക്കണം.

19. കലാകായിക വിദ്യാഭ്യാസത്തിന് അടിസ്ഥാന സൗകര്യം ഒരുക്കണം.

20. മേപ്പയൂർ ഹൈസ്കൂളിൽ പൊതുജനങ്ങൾക്ക്കൂടെ ഉപയോഗിക്കാൻ തക്കവണ്ണം ഒരു കാൻറീൻ ആരംഭിക്കണം.

21. കാർഷിക ക്ലബ്ബുകൾ സജീവമാക്കി വിദ്യാർത്ഥികളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കാനാവശ്യമായ സൗകര്യമൊരുക്കണം.

അദ്ധ്യാപകവിദ്യാർത്ഥി അനുപാതം
അക്കാദമിക് സൗകര്യം പട്ടിക
അടുത്തപേജിൽ


പട്ടിക1

## അദ്ധ്യാപക വിദ്യാർഥി അനുപാതം

| | | വിദ്യാർത്ഥികൾ | | | SC- ST | | | അധ്യാപകർ |
|---|---|---|---|---|---|---|---|---|
| | | M | F | Total | M | F | Total | Total |
| 1 | ജി. വി. എച്ച്. എസ്. എസ്. മേപ്പയൂർ | 1140 + | 1443 + | 2283 + | | | | |
| | | 80 | 17 | 97 | | | | |
| | | 1220 | 1160 | 2380 | 79 | 77 | 156 | 84 |
| 2 | ബി. കെ നായർ മെമ്മോറിയൽ യു. പി. എസ്. | 187 | 145 | 332 | 17 | 8 | 25 | 14 |
| 3. | കൊഴുക്കല്ലൂർ യു. പി. | 337 | 316 | 653 | 16 | 13 | 29 | 28 |
| 4. | വി. ഇ. എം. യു. പി. | 505 | 451 | 956 | 28 | 30 | 58 | 33 |
| 5. | കീഴ്പയ്യൂർ എ. യു. പി. | 80 | 80 | 160 | 7 | 5 | 12 | 12 |
| 6. | കീഴ്പയ്യൂർ വി. എൽ. പി. എസ്. | 122 | 96 | 218 | 3 | 2 | 5 | 10 |
| 7. | ഗവ: എൽ. പി. വിളയാട്ടൂർ | 51 | 56 | 111 | 7 | 9 | 16 | 5 |
| 8. | വി. ഇ. എൽ. പി. | 56 | 56 | 112 | 2 | 2 | 4 | 5 |
| 9. | നരക്കോട് എ. എൽ. പി. എസ്. | 42 | 60 | 102 | 2 | 2 | 4 | 8 |
| 10 | നിടുമ്പൊയിൽ എം. എൽ. പി. എസ്. | 60 | 49 | 109 | - | - | - | 5 |
| 11 | ചാവട്ട എം. എൽ. പി. എസ്. | 81 | 77 | 158 | 2 | 5 | 7 | 7 |
| 12. | ചങ്ങരം വള്ളി എം. എൽ. പി. എസ്. | 61 | 62 | 123 | 1 | 4 | 5 | 7 |
| 13 | കായലാട്ട് എൽ. പി. എസ്. | 111 | 101 | 212 | 2 | 5 | 7 | 9 |
| 14. | മേപ്പയൂർ എൻ. എൽ. പി. എസ്. | 92 | 77 | 169 | 4 | 6 | 10 | 7 |
| 15 | മേപ്പയൂർ ഇ. എൽ. പി. എസ്. | 36 | 32 | 68 | - | 1 | 1 | 4 |
| 16 | മേപ്പയൂർ എ. എൽ. പി. എസ്. | 68 | 83 | 151 | 6 | 6 | 12 | 6 |
| ആകെ | | 3020 | 2868 | 5888 | 176 | 176 | 352 | 244 |

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/സയൻസ്/ കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ -എണ്ണം | | | | | | | | ബ്ലാക്ക്-ബോർഡ് | | 95-96 ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | പ്രത്യേക ഒഴിവു ദിവസങ്ങളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/ നിർജ്ജീവം | ക്ലാസ് പി. ടി. എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി. വി. സെറ്റ് | വി. സി. ആർ/വി. സി. പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളവ | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ഗവ: ഹൈസ്കൂൾ | ഉണ്ട് | ഉണ്ട | ഉണ്ട് | - | - | 1 | 1 | 1 | - | 1 | - | 35 | 20 | 193 | 18 | 7 | സജീവം | ഉണ്ട് |
| ബി. കെ. എം. യു. പി. എസ്. | ഉണ്ട് | ഉണ്ട് | - | 1 | - | - | - | - | - | - | - | 12 | 12 | 192 | - | $2^{1/2}$ | സജീവം | - |
| കൊഴുക്കല്ലൂർ പി. | ഉണ്ട് | ഉണ്ട് | - | - | 1 | - | - | - | 1 | - | - | 22 | 20 | 190 | 6 | 2 | സജീവം | - |
| വി. ഇ. എം. യു. പി. എസ്. | ഉണ്ട് | ഉണ്ട് | - | - | 1 | - | - | - | 1 | - | - | 25 | 25 | 175 | - | 6 | സജീവം | - |
| കീഴ്പയൂർ യു. പി. | ഉണ്ട് | - | - | 1 | 1 | - | - | - | 1 | - | - | 7 | 7 | 182 | - | 4 | സജീവം | - |
| കീഴപയൂർ വെസ്റ്റ്. എൽ. പി. | ഉണ്ട് | - | ഉണ്ട് | 1 | 1 | - | - | - | - | - | - | - | 8 | 182 | 2 | 16 | ഇല്ല | - |
| ഗവ എൽ. പി. എസ് | ഉണ്ട് | - | - | 1 | 1 | - | - | - | - | - | - | - | 4 | 190 | - | 2 | സജീവം | - |
| വി. ഇ. എൽ. പി. | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | 1 | - | - | - | - | - | - | - | 4 | 190 | - | 2 | സജീവം | ഉണ്ട് |
| നരക്കോട് എൽ. പി. | ഉണ്ട് | - | - | 1 | - | - | - | - | - | - | - | 5 | 4 | 192 | 3 | 8 | സജീവം | - |
| നിടുംപൊയിൽ എൽ. പി. | ഉണ്ട് | - | ഉണ്ട് | 1 | 1 | - | - | - | - | - | - | 1 | 4 | 181.5 | - | 3 | സജീവം | ഉണ്ട് |
| ചാവട്ട എൽ. പി. | - | - | - | - | - | - | - | - | - | - | - | 6 | 6 | 185 | - | 14 | സജീവം | - |
| ചങ്ങരം വള്ളി | ഉണ്ട് | - | - | 1 | - | - | - | - | - | - | - | 6 | 5 | 178 | 7 | 4 | സജീവം | ഉണ്ട് |
| കായലാട് എൽ. പി. | ഉണ്ട് | ഉണ്ട് | ഇല്ല | 1 | 1 | - | - | - | - | - | - | 8 | 8 | 191 | - | 9 | സജീവം | ഉണ്ട് |
| മേപ്പയൂർ എൻ. എൽ. പി. | ഉണ്ട് | - | - | 1 | - | - | - | - | - | - | - | 7 | 5 | 186 | 4 | 2 | സജീവം | ഉണ്ട് |
| മേപ്പയൂർ ഇ. എൽ. പി. | ഉണ്ട് | ഉണ്ട് | - | 1 | 1 | - | - | - | - | - | - | 2 | 4 | 191 | 9 | 9 | സജീവം | - |
| മേപ്പയൂർ എൽ. പി. | ഉണ്ട് | ഉണ്ട് | - | 1 | 1 | - | - | - | - | - | - | 6 | 4 | 189 | 6 | 3 | സജീവം | - |



# 8

# കുടിവെള്ളം പൊതുജനാരോഗ്യം

മൊത്തം ഭൂവിഭാഗത്തിൻെറ നാൽപത് ശതമാനത്തോളം കുന്നിൻ പുറവും അതിനോട് ചേർന്ന ചരിവ് പ്രദേശങ്ങളും ഉൾക്കൊള്ളുന്നതുമാണ് നമ്മുടെ പഞ്ചായത്ത് (ഉയർന്ന പ്രദേശം 26 ശതമാനവും അതിനോട് ചേർന്ന് ചരിവ് പ്രദേശം 14 ശതമാനവും) രൂക്ഷമായ കുടിവെള്ള ക്ഷാമത്തിനുള്ള പ്രധാനകാരണം ഇതിൽ നിന്ന് വ്യക്തമാവും. പഞ്ചായത്തിൽ ആകെയുള്ള 4927 വീടുകളിൽ 1992 വീടുകളിൽ സ്വന്തമായി കിണറില്ല. നാൽപത് ശതമാനത്തിലേറെ കുടുംബങ്ങൾ കുടിവെള്ളത്തിനായി മററ് കിണറുകളെയാണ് ആശ്രയിക്കുന്നതെന്ന്സാരം.

പഞ്ചായത്തിലെ ശുദ്ധജലസ്രോതസ്സുകളെ സംബന്ധിച്ച വിവരം താഴെ

പട്ടിക 5-1

| സ്വകാര്യ കിണർ | പൊതു കിണർ | കുഴൽ കിണർ | കിണർ ആകെ |
|---|---|---|---|
| 2935 | 27 | 6 | 2968 |

2935 സ്വകാര്യകിണറുകളുള്ളതിൽ ഇവയുടെ ജലലഭ്യത സംബന്ധിച്ച ഒരു സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു

പട്ടിക 5-2

| വേണ്ടത്ര ജലലഭ്യം | ജലദരിദ്രം | ഭാഗികമായി ജലലഭ്യത | ആകെ |
|---|---|---|---|
| 2041 | 446 | 448 | 2935 |

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള നാല് പദ്ധതികളും ഗ്രാമപഞ്ചായത്തിൻെറ ഒരു പദ്ധതിയും നിലവിലുണ്ട്. ഏതാണ്ട് 500 ഓളം കുടുംബങ്ങൾ ഈ പദ്ധതിയെ ആശ്രയിക്കുന്നുണ്ട്. നിലവിലുള്ള പദ്ധതികളിൽ 94 പൊതു ടാപ്പുകളാണ് പല ഭാഗത്തായി നിലവിലുള്ളത്.

പട്ടിക 5-3

**നിലവിലുള്ള പദ്ധതികൾ**

| പദ്ധതിയുടെ പേര് | ഉൾക്കൊള്ളുന്ന വാർഡ് | ഉദ്ദിഷ്ടലക്ഷ്യം |
|---|---|---|
| രാരാറ്റക്കുന്ന് പുതുക്കുടികുന്ന് കോട്ടക്കുന്ന് പുത്തൂപ്പട്ടക്കുന്ന് ഒള്ളോപ്പാറ പദ്ധതി | 7 | പദ്ധതികുന്നുകളിൽ വെള്ളമെത്തിക്കൽ |
| | 2,3 | പദ്ധതിപ്രദേശത്തും പരിസരത്തും വെള്ളമെത്തിക്കൽ |
| നിടുമ്പ്രകുന്ന് പലോറകുന്ന് ധർമകുന്ന് കോട്ട്കുന്നത് | 8,10,6 | പദ്ധതികുന്നുകളിൽ വെള്ളമെത്തിക്കൽ |
| പൊട്ടൻകണ്ടി കാരക്കുന്ന് പദ്ധതി | 3,4 | പദ്ധതികുന്നുകളിൽ വെള്ളമെത്തിക്കൽ |
| മേപ്പയൂർ ടൗൺ പദ്ധതി | 5,3,6 | ടൗണിലും പരിസര പ്രദേശങ്ങളിലും വെള്ളമെത്തിക്കൽ |

**പദ്ധതി എവിടെവരെ**

ഒള്ളോറപ്പാറ പദ്ധതി: ജലസംഭരണിയുടെ വലിപ്പക്കുറവും

പമ്പ്സെറ്റിൻെറ പ്രവർത്തനം ഇടക്കിടക്ക് നിലക്കുന്നതും കാരണം പദ്ധതി പ്രവർത്തനം പൂർണമായും തൃപ്തി കരമല്ല. ജലസംഭരണിയുടെ വലിപ്പം കൂട്ടിയാൽ ഒളോറക്കുന്നിനു പുറമെ ആൽത്തറക്കുന്ന് ഭാഗത്തും മററും വെള്ളമെത്തിക്കാനാവും.

**നിടുമ്പ്രക്കുന്ന് പാലോറക്കുന്ന് ധർമ്മക്കുന്ന് കോട്ട്കുന്ന് പദ്ധതി**

വിപുലമായ മേഖലയിൽ വെള്ളമെത്തിക്കുന്നതിനായുള്ള ഈ പദ്ധതി പൂർണ വിജയം കണ്ടിട്ടില്ല. കുറുങ്ങോട് താഴെയുള്ള പദ്ധതി കിണറ്റിൽ വേണ്ടത്ര വെള്ളമില്ലാത്തത് കൊണ്ടാണ് ഇത്. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമേ ഇപ്പോൾ വെള്ളമടിച്ചിടാറുള്ളു.

**ടൗൺ ഇംപ്രൂവ്മെൻറ് ശുദ്ധജല പദ്ധതി**

കൂളിത്തറക്കുന്ന്, ആയിരിയോട് മീത്തൽഭാഗം, കമ്പിളിക്കുന്ന് ഭാഗം, കിളീനകണ്ടിഭാഗം, കിഴക്കയിൽ മീത്തൽ മലോറത്ത് മീത്തൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാനുള്ള പദ്ധതിയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കയാണ്. പദ്ധതിയുടെ ജലവിതരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും അത് മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ദതിയുടെ ഉദ്ദേശം. വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ഈ പദ്ധതി ഇപ്പോഴും ആരംഭ ദിശയിൽ തന്നെയാണ്. ഒമ്പത് മാസം കൊണ്ട് പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ടേങ്കിനും പമ്പ് ഹൗസിനും വേണ്ടുന്ന സ്ഥലം പഞ്ചായത്ത് ഏർപ്പെടുത്തികൊടുത്തിട്ടുണ്ട്. മുവ്വായിരം ഗുണഭോക്താക്കൾക്ക് ആശ്വാസം പകരുന്നതാണ് ഈ പദ്ധതി. കാലതാമസം കൂടാതെ ഈ പദ്ധതി നടപ്പിലായിവന്നാൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഏറെ സഹായകമാകും.

**ശുദ്ധജലസ്രോതസ്സ്:** ഋതുമാറ്റങ്ങൾ സ്വാധീനിക്കാത്ത നീരൊഴുക്കുകളുടെ കാര്യത്തിൽ ദരിദ്രമാണ് നമ്മുടെ ഗ്രാമം. നീർമറി പ്രദേശങ്ങൾ വർഷകാലത്തുമാത്രം സാന്നിധ്യമറിയിക്കുന്നു. വരണ്ടുപോകുന്ന തോടുകൾ നീർമറി പ്രദേശങ്ങളിലെ ജലശോഷണത്തിൻെറ ഗൗരവം ബോധ്യപ്പെടുത്തുന്നു.

നിത്യയൗവനയുക്തകളായ രണ്ട് നീരുറവകൾ നമുക്കുണ്ട്. പത്താം വാർഡിലെ കണിയാണ്ടി-ചമ്പഭാഗത്തൊഴുകുന്ന നീരുറവ നരക്കോട് ദേശത്തിന് കുളിർതെന്നലാകുന്നു.

സാധ്യതകൾ ഏറെയുണ്ടെന്നനുമാനിക്കാവുന്ന ഈ നീറുറവകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് വിദഗ്ദമായ ഇടപെടലുകൾ ആവശ്യമാണ്.

കുടിവെള്ളക്ഷാമം വാർഡ് അടിസ്ഥാനത്തിൽ

പട്ടിക 5-4

| വാർഡ് | പ്രശ്നമേഖല | പരിഹാരനിർദ്ദേശം |
|---|---|---|
| 1. | മലയിൽ മീത്തൽഭാഗം-തേവറാട്കുന്ന് പുല്ലങ്കോട്ടുമ്മൽ | പുല്ലങ്കോട്ടുമ്മൽ പദ്ധതി വിപുലപ്പെടുത്തുക |
| 2. | മയിലാട്ട് തറമൽഭാഗം, കുഴിച്ചാലിൽകുന്ന് വടുവൻകുന്നുമ്മൽ ഭാഗം | പ്രത്യേക പദ്ധതി നടപ്പാക്കുക. |
| 3. | ഉണ്ണിക്കാട്കുന്ന് കമ്പിളിക്കുന്ന് കിളീന കണ്ടിഭാഗം ഒളോറപ്പാറ | ടൗൺ ഇംപ്രൂവ്മെൻറ് പദ്ധതി നടപ്പാക്കുക. നിലവിലുള്ള പദ്ദതി വിപുലപ്പെടുത്തുക. |
| 4. | മയിലാട്ട് തറക്കുന്ന്, അയ്യങ്ങാട് മീത്തൽ കച്ചേരിപറമ്പ് | ടൗൺ ഇംപ്രൂവ്മെൻറ് പദ്ധതി നടപ്പാക്കുക. |
| 5. | മാണിക്കോത്ത്മീത്തൽ കോളനി പാറച്ചാൽ കോളനി, കരിമ്പാക്കുന്ന് പാത്താങ്കാവുമ്മൽ ആയിരോട്ട്മീത്തൽ | പുതിയ പദ്ധതി നടപ്പാക്കുക |
| 6. | ചേണിയാംകണ്ടിഭാഗം, ധർമക്കുന്ന്, പുളിയത്തിങ്കൽ കോളനി, അയിരാണിത്തറമ്മൽ | പുതിയ പദ്ധതി നടപ്പാക്കുക.ടൗൺ ഇംപ്രുവ്മെൻറ് പദ്ധതി വിപുലപ്പെടുത്തുക |
| 7. | ചാലിൽമീത്തൽ ചേരിക്കുന്ന്, ഹൈസ്കൂൾഭാഗം | ടൗൺ ഇംപ്രൂവ്മെൻറ് സ്ക്രീം നടപ്പിലാക്കുക |
| 8. | നിടുമ്പ്രക്കുന്ന്, കോട്ട്കുന്ന്, പാലോറക്കുന്ന് | നിലവിലുള്ള പദ്ധതിയുടെ അപാകത നീക്കുക. |
| 9. | അമ്പാട്ട്കുന്ന്, അരീച്ചാലിൽഭാഗം കളത്തിൽ കുന്ന് അരീക്കാംചാലിൽ | പുതിയപദ്ധതി നടപ്പിലാക്കുക |
| 10. | കല്ലടക്കുന്ന്, ധർമ്മക്കുന്ന്, നിടുമ്പ്രക്കുന്ന് പുലവ്രക്കുന്ന് | നിലവിലുള്ള പദ്ധതി വിപുലപ്പെടുത്തുക. |
| 11. | പുല്ലങ്കോട്ടുമ്മൽ കൂത്തപ്പക്കണ്ടി ഭാഗം | നിലവിലുള്ള സ്കീം വിപുലപ്പെടുത്തുക |

**ഗ്രാമസഭയിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങൾ**

- നിലവിലുള്ള ശുദ്ധജല പദ്ധതികളിൽ നിന്ന് ആവശ്യമായ ജലം ലഭ്യമാവുന്നില്ല.
- നിലവിലുള്ള പദ്ധതിയിൽ നിന്ന് പൈപ്പ്ലൈൻ നീട്ടാനുള്ള ആവശ്യം പരിഗണിക്കപ്പെടുന്നില്ല.
- രൂക്ഷമായ ജലദൗർലഭ്യമനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല.
- ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല
- വേനൽകാലങ്ങളിൽ വററിപ്പോകുന്ന കിണറുകൾ ആഴം കൂട്ടുന്നതിനും ജലം സംഭരിപ്പിക്കുന്നതിനും നടപടി ഉണ്ടാവുന്നില്ല.
- ജിയോളജിക്കൽ ഡിപ്പാർട്ട്മെൻറിൻെറ സഹായം ലഭ്യമാകുന്നില്ല.
- പൈപ്പ് വെള്ളം ഏററവും ആവശ്യമായുള്ള വേനൽകാലത്ത് അത് കൃത്യമായികിട്ടുന്നില്ല.

**നിർദ്ദേശങ്ങൾ**

- പഞ്ചായത്തിലെ ജല ലഭ്യതയെക്കുറിച്ച് ജിയോളജിക്കൽ വകുപ്പിൻെറ സഹായത്തോടെ ശാസ്ത്രീയമായ സർവ്വേ നടത്തി കുടിവെള്ള ശ്രോതസ്സ് തിട്ടപ്പെടുത്തുക.
- ടൗൺ ഇംപ്രൂവ്മെൻറ് പദ്ധതി പണി ആരംഭിച്ച് പണി പൂർത്തീകരിക്കുക.
- രൂക്ഷമായ ജല ദൗർലഭ്യമനുഭവിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ താഴെ പറയുന്ന പദ്ധതികൾ അടിയന്തിരമായി ആരംഭിക്കുക.

1. കീഴട്ട് മീത്തൽ ശുദ്ധജലപദ്ധതി
2. ഉണ്ണിക്കാട്ട്-കമ്പിളികുന്ന് ശുദ്ധ ജലപദ്ധതി
3. പുല്ലങ്കോട്ടുമ്മൽ ശുദ്ധജലപദ്ധതി
4. തേവരാട്-മലയിൽ മീത്തൽഭാഗം
5. കായലാട്-ചേണിയാംകണ്ടി
6. മാണിക്കോത്ത്മീത്തൽ കോളനി
7. അയ്യങ്ങാട്മീത്തൽ-മുള്ളൻകണ്ടി
8. വടുവൻകുന്ന്
9. കീഴ്പ്പയൂർ കണിയാംകണ്ടിമീത്തൽ
10. കല്ലങ്കിമീത്തൽ
11. അരീച്ചാലിൽ മീത്തൽഭാഗം
12. പുഞ്ചോലഭാഗം

- കെ. ഡബ്ല്യു. എ-ൻെറ പുറക്കാമല പദ്ധതി (ചെറുവണ്ണൂർ പഞ്ചായത്ത്) വിപുലപ്പെടുത്തി കീഴ്പ്പയൂർ കുഴിച്ചാലിൽ ഭാഗത്ത് വെള്ളമെത്തിക്കുന്നതിന് നടപടി
- നിലവിലുള്ള ഒളോറപ്പാറപദ്ധതി കെ. ഡബ്ല്യു. എ ഏറെറടുത്ത് വിപുലപ്പെടുത്തുക.
- നിടുമ്പ്രക്കുന്ന്, കോട്ടക്കുന്ന്, ധർമ്മകുന്ന്, പലോറകുന്ന് പദ്ധതിയിൽനിന്ന് കോട്ടക്കുന്ന്, പലോറകുന്ന് മാററി പ്രത്യേക പദ്ധതിയിൽ കീഴിൽ കൊണ്ടുവരിക.
- നിടുമ്പ്രകുന്ന്, ധർമ്മകുന്ന് പദ്ധതിയുടെ നിലവിലുള്ള കിണർമാററി പുതിയ കിണർ നിർമ്മിക്കുക.
- രാരാററക്കുന്ന്, കോട്ടക്കുന്ന് പദ്ധതിയും ടൗൺ ശുദ്ധജല വിതരണ പദ്ധതിയും വിപുലപ്പെടുത്തുക.
- മുന്നൂറാംകണ്ടി ഉന്തുമ്മൽഭാഗം, അമ്മാരത്ത് ഭാഗം എന്നിവിടങ്ങളിൽ നിലവിലുള്ള കിണറുകളിൽ വേനൽ കാലത്തു വെള്ളം കിട്ടാൻ നടപടി ഉണ്ടാക്കുക.
- കിണറുള്ളകണ്ടിനെല്ലിയുള്ളപറമ്പ്ഭാഗത്തും കോട്ടപറമ്പ് മാവുള്ളകണ്ടിമീത്തർ (മൈക്രോവേവ് റോഡിൻെറ ഭാഗത്ത്) ഭാഗത്തും പുതിയ കിണറുകൾ സ്ഥാപിക്കുക.
- ടൗണിലെ പൊതു കിണർ സംരക്ഷിക്കുക
- കണിയാണ്ടി, കുളമുള്ളഭാഗം, ചമ്പയിൽ ഭാഗത്തുള്ള നീരുറവ സംരക്ഷിച്ച് നിർത്തി ഉപയോഗപ്രദമാക്കുക.

# ആരോഗ്യം

ഒരു ഗവൺമെൻറ് ഡിസ്പെൻസറിയും രണ്ട് സ്വകാര്യ ക്ലിനിക്കുകളും ഒരു ഹോമിയോ ആശുപത്രിയും ഒരു ആയുർവേദാശുപത്രിയും മൂന്ന് സ്വകാര്യ ഡിസ്പെൻസറികളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ പൊതുജനാരോഗ്യ മേഖല. പേര് കേട്ട ചില നാടൻ വൈദ്യന്മാരും നമ്മുടെ പഞ്ചായത്തിലുണ്ട്. മഞ്ഞപ്പിത്ത ചികിത്സാരംഗത്ത് ഏറെ സംഭാവന നൽകിയ നമ്മുടെ പഞ്ചായത്തിലെ നാടൻ വൈദ്യൻ ജില്ലക്ക് പുറത്തുപോലും പ്രശസ്തനാണ്.

അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങളെമാത്രം ആശ്രയിച്ചിരുന്ന പഴയകാല ചികിത്സാ രീതിയിൽ വലിയൊരു വഴിത്തിരിവ് ഉണ്ടാക്കിയത് മേപ്പയൂർ ഗവൺമെൻറ് ഡിസ്പെൻസറിയുടെ ആവിർഭാവമാണ്. 1956ലാണ് ഗവൺമെൻറ് ഡിസ്പെൻസറി നിലവിൽ വന്നത്.

പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ വിവരം ചുവടെ


പട്ടിക 5-5

| ക്ര.ന. | ആരോഗ്യകേന്ദ്രത്തിൻെറ പേര് | സ്വഭാവം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഗവൺമെൻറ് ഡിസ്പെൻസറി | ഗവ. | 20 |
| 2. | റിലീഫ് ക്ലിനിക്ക് | സ്വകാര്യം | 5 |

| | | | |
|---|---|---|---|
| 3. | ഹരിദാസ് ക്ലിനിക്ക് | " " | 1 |
| 4. | ആയുർവേദ ആശുപത്രി | ഗവ. | 3 |
| 5.. | ഹോമിയോ ആശുപത്രി | ഗവ. | 3 |
| 6. | ദന്താശുപത്രി | സ്വകാര്യം | 2 |

ഇപ്പോഴും ആരോഗ്യസ്ഥിതിയിൽ ഗുണപരമായ വ്യതിയാനം ഉണ്ടായെന്ന് പറയാൻ വയ്യ. പകർച്ചവ്യാധി രോഗവിവരം പരിശോധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. ജലജന്യ, വായുജന്യ, പ്രാണിജന്യരോഗങ്ങൾ മൂന്നും ചേർന്ന പകർച്ച വ്യാധിരോഗത്തിൽ വൻ വർധനവാണ് പ്രകടമാവുന്നത്. 1993-94ൽ ഇത് 7773 മാത്രമായിരുന്നു. 94-95ൽ രോഗബാധിതരുടെ എണ്ണം 8797ഉം 95-96ൽ 10696 ഉം ആയി ഉയർന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട മറ്റ് രോഗങ്ങളുടെ എണ്ണം 95-96ൽ 74223 ആണ്. ദന്തരോഗികളുടെ എണ്ണത്തിൽ വൻവർധന പ്രകടമാകുന്നു. 93-94ൽ 2360 പേരും 94-95ൽ 2600പേരും 90-96ൽ 3820 പേരും ദന്താശുപത്രിയിലെ ഔട്ടപേഷ്യൻറ് വിഭാഗത്തിൽ എത്തിയിട്ടുണ്ട്. പഞ്ചായത്തിലെ 96 ശതമാനംപേരിലും ദന്തരോഗം കണ്ടുവരുന്നുണ്ട്. 99 ശതമാനം പേരിലും മോണരോഗവും കണ്ടുവരുന്നു.

**പകർച്ചവ്യാധിരോഗവർധന**




സ്ഥായിയായ രോഗബാധിതരുടെ കൂട്ടത്തിൽ രക്തസമ്മർദ്ദ രോഗികളാണ് കൂടുതൽ. പട്ടികച്ചുവടെ

| | |
|---|---|
| രക്തസമ്മർദ്ദം | 146 |
| പ്രമേഹം | 68 |
| കേൻസർ | 16 |
| കുഷ്ഠം | 2 |
| ക്ഷയം | 23 |
| ഹൃദ്രോഗം | 38 |

## മേപ്പയൂർഗവ. ഡിസ്പെൻസറി

20 ജീവനക്കാരുള്ള നമ്മുടെ ഡിസ്പെൻസറിയിൽ അടിസ്ഥാന സൗകര്യങ്ങൾ പലതും ഇനിയുമായിട്ടില്ല. ശുദ്ധജലക്ഷാമവുമാണ് ഇവയിൽ ഏററവും പ്രധാനം. ആശുപത്രിക്ക് സ്വന്തമായി ഒരു കിണർ ഇതുവരെയായിട്ടില്ല. സ്റ്റാഫ് ക്വാർട്ടേഴ്സിൻെറ അഭാവം കിടത്തി ചികിത്സാ രംഗത്ത് വലിയ പ്രശ്നം ഉണ്ടാക്കുന്നു. ആരോഗ്യരംഗത്ത് മരുന്നുകൾക്കൊപ്പം പ്രാധാന്യമുള്ളതാണ് ബോധവൽക്കരണം. ഗവൺമെൻറ് ഡിസ്പെൻസറിയിൽ ഇതിനായി ആറ് ഫീൽഡ് വർക്കർമാർ ഉണ്ടെങ്കിലും കാര്യമായ സംഭാവന ഈ രംഗത്ത് ഉണ്ടാവുന്നില്ല.

ഗവൺമെൻറ് ഡിസ്പെൻസറിയിലെ നിലവിലുള്ള സൗകര്യംപോലും ഉപയോഗപ്പെടുത്താൻ പലരും തയ്യാറാകുന്നില്ല എന്ന വസ്തുത കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. രണ്ടാംകിടക്കാരുടെ സ്ഥാപനം എന്ന ബോധത്തിലാണ് പലരും ഡിസ്പെൻസറിയെ നോക്കിക്കാണുന്നത്.

ഹോമിയോ ഡിസ്പെൻസറിക്കും ആയുർവ്വേദ ഡിസ്പെൻസറിക്കും സ്വന്തമായി കെട്ടിടം ഇല്ല. രണ്ട് സ്ഥാപനത്തിനും കെട്ടിടം പണിയാൻ സ്ഥലം ലഭ്യമായിട്ടുണ്ട്. ആയുർവേദ ഡിസ്പെൻസറി വിപുലീകരിച്ച് താലൂക്ക് ആശുപത്രിയാക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

## അടിസ്ഥാനസൗകര്യം

ആരോഗ്യമേഖല സമ്പുഷ്ടമാക്കുന്നതിൽ കക്കൂ കക്കൂസുകൾക്കുള്ള പങ്ക് വളരെവലുതാണ്. നമ്മുടെ പഞ്ചായത്ത് ഈ രംഗത്ത് ഇനിയും മുന്നോട്ടുപോകേണ്ടതായുണ്ട്. മൊത്തം കുടുംബങ്ങളുടെ 70 ശതമാനത്തിന് മാത്രമേ കക്കൂസുകളുള്ളു.

പട്ടിക 5-7

| കക്കൂസ് ഇല്ലാത്ത കുടുംബ | ഉള്ളവർ | സെപ്റ്റിക് | ഇ.എസ്.പി. | മററുള്ളവ |
|---|---|---|---|---|
| 1409 | 3518 | 1393 | 1935 | 190 |

*അവലംബം പ്രാഥമികസ്ഥിതിവിവിരശേഖരം*

കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ മിക്കതും ദുർബ്ബല ജനവിഭാഗങ്ങളിൽപെട്ടവയാണ്. സാമ്പത്തിക പരാധീനതയും സ്ഥല പരിമിതിയുമാണ് കക്കൂസ് ഉണ്ടാക്കുന്നതിന് ദുർബല വിഭാഗങ്ങൾക്ക് തടസ്സം നിൽക്കുന്നത്. ആവശ്യകത ബോധ്യപ്പെടാത്തതിനാൽ കക്കൂസ് ഉണ്ടാ

ക്കാത്തവരും നമ്മുടെ പഞ്ചായത്തിലുണ്ട്

## നടപ്പു പദ്ധതികാം

സി. എസ്. എസ്. എം: ശിശുമരണ നിരക്ക് മാതൃമരണ നിരക്ക്, രോഗാതരത്വം എന്നിവ കുറക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പോളിയോ ഉാംപ്പെടെ ആറ് മാരകരോഗങ്ങാം തടയുക എന്നതും വയറിളക്ക രോഗം ശ്വാസകോശരോഗം എന്നിവക്കെതിരെ ഫലപ്രദമായ നടപടികാം സ്വീകരിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്.

പകർച്ചവ്യാധിമൂലമുള്ള ശിശുമരണം കഴിഞ്ഞ മൂന്നുവർഷത്തിനിടക്ക് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഗർഭാവസ്ഥയിലോ പ്രസവസമയത്തോ, ഉള്ള മരണങ്ങാം ഈ കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നടപ്പുവർഷം നടത്തിയ പ്രതിരോധ കുത്തിവെപ്പുകാം

| | |
|---|---|
| ടി. ടി. | 156 |
| ബി. സി. ജി. | 142 |
| ഡി. പി. ടി. | 292 |
| vita | 474 |
| മീസൽസ് | 292 |
| ഒ.പി. പി | 292 |

അന്ധതാ നിവാരണപരിപാടിയുടെ ഭാഗികമായി 25 ലധികം പേർക്ക് തിമിരരോഗമുള്ളതായികണ്ടെത്തിയിരുന്നു.

**കുഷ്ഠരോഗ നിവാരണം:**94-95 ൽ പഞ്ചായത്തിൽ ഏഴ് കുഷ്ഠരോഗികളെ കണ്ടെത്തി. അവരെ രോഗമുക്തരാക്കിയിട്ടുണ്ട് 95-96ൽ ഒരു രോഗിയെയാണ് കണ്ടെത്തിയത്; ചികിത്സ നടന്നുവരുന്നു.

**പൊതുജനാരോഗ്യം**

ജനപങ്കാളിത്തത്തോടെ കിണറുകളിൽ ക്ലോറിനേഷൻ നടത്തി. മേപ്പയൂർ ടൗണിൽ പ്രവർത്തിക്കുന്ന മത്സ്യമാർക്കററ് പൊതുജനാരോഗ്യത്തെ മുൻ നിർത്തി മാററി സ്ഥാപിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി.


**ന്യൂഹെൽത്ത്:** പഞ്ചായത്തിലെ ലോവർപ്രൈമറി ക്ലാസ്സുകളിലെ 2060 കുട്ടികളെ പ്രാഥമിക പരിശോധനക്ക് വിധേയരാക്കി ഇവയിൽ 671 പേർക്ക് വിവിധതരം രോഗങ്ങാം ബാധിച്ചതായി കണ്ടെത്തി.

**പ്രശ്നങ്ങാം**

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും നിലവിലുള്ള കുടുംബക്ഷേമ പദ്ധതികളുടെ ഗുണം ലഭിക്കുന്നില്ല.
2. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ആശ്രയമായ പി. എച്ച്. സിയിൽ ആവശ്യമായ സൗകര്യങ്ങാം ഇല്ല.
3. ഹെൽത്ത് വിസിറ്റർമാരുടെ സേവനം വേണ്ടവിധത്തിൽ ലഭിക്കുന്നില്ല
4. ആയുർവേദ ഡിസ്പെൻസറിയ്ക്കും ഹോമിയോ ഡിസ്പെൻസറിയ്ക്കും സ്വന്തമായ കെട്ടിടമില്ല.
5. ടൗണിലെ മത്സ്യമാർക്കററും അഴുക്കുചാലും പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയായി നിലനിൽക്കുന്നു.
6. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനമില്ല.

**നിർദ്ദേശങ്ങാം**

1. മേപ്പയൂർ പ്രൈമറി ഹെൽത്ത് സെൻററിലെ സൗകര്യങ്ങാം വിപുലപ്പെടുത്തണം. ആവശ്യമായ മരുന്നു ലഭിക്കുവാൻ നടപടിയുണ്ടാവണം. ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കണം. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയണം.
2. പഞ്ചായത്തിൽ കൊഴുക്കല്ലൂർ, കാട്ടുമാംഭാഗം (ജനകീയമുക്ക്), കീഴ്പ്പയൂർ മണപ്പുറം മുക്ക് എന്നിവിടങ്ങളിൽ ഹെൽത്ത് സബ്സെൻററുകാം അടിയന്തിരമായി സ്ഥാപിക്കണം.
3. ഹോമിയോ ആയുർവേദ ഡിസ്പെൻസറികളുടെ കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടിയുണ്ടാക്കുക.
4. ആയുർവേദ ഡിസ്പെൻസറി താലൂക്ക് ആശുപത്രിയായി ഉയർത്തുകയും ഇപ്പോാം ആശുപത്രിയ്ക്ക് വേണ്ടി ലഭ്യമാക്കിയ സ്ഥലത്ത് ഔഷധത്തോട്ടം നിർമ്മിക്കുന്നതിന് സാധ്യതയും ഉണ്ട്.
5. ടൗണിലെ അഴുക്കുചാൽ പദ്ധതി പരിഷ്ക്കരിക്കുക.
6. ആധുനിക സൗകര്യങ്ങളോടെ ഒരു മത്സ്യമാർക്കററ് സ്ഥാപിക്കുക
7. പഞ്ചായത്തിലെ സ്വീപ്പർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.
8. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഏർപ്പെടുത്തുക.
9. സമീപ പഞ്ചായത്തുകളുടെ സഹായത്തോടെ ഒരു ആമ്പുലൻസ് വാങ്ങിക്കാനുള്ള ശ്രമം നടത്തുക
10. കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങാംക്കും പഞ്ചായത്തും ബന്ധപ്പെട്ട സർക്കാർ ഏജൻസികളും സഹകരിച്ച് കക്കൂസ് നിർമ്മിച്ച് കൊടുക്കുക.



# 9

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

മൂന്ന് ചെമ്മൺപാതകളിൽ തുടങ്ങുന്നു മേപ്പയൂരിലെ ഗതാഗതചരിത്രം. നാടിൻെറ വികസനത്തിൽ റോഡുകൾക്കുള്ള സ്ഥാനം കണ്ടറിഞ്ഞ് സംഘബോധം ആയുധമാക്കി കർമ്മരംഗത്തിറങ്ങിയ നമ്മുടെ പൂർവ്വികർ ചെയ്ത മഹത്തായ സംഭാവനയാണ് ഗതാഗതഭൂപടത്തിലേക്ക് നമ്മുടെ നാടിനെ കൈപിടിച്ചുയർത്തിയത്. പേരാമ്പ്ര-പയ്യോളിറോഡ്, മേപ്പയൂർ-കീഴ്പ്പയൂർറോഡ്, മേപ്പയൂർ-ചെറുവണ്ണൂർ റോഡ് എന്നിവ മാത്രമായിരുന്നു പഞ്ചായത്തിലെ ആദ്യകാലറോഡുകൾ. ഈ മൂന്ന് പ്രധാന ചെമ്മൺപാതകളെ ആശ്രയിച്ചാണ് ഗതാഗതാവശ്യം നിറവേറ്റിയിരുന്നത്.

മേപ്പയൂർ, കൊഴുക്കല്ലൂർ, വിളയാട്ടൂർ പഞ്ചായത്തുകൾ ക്രോഡീകരിച്ച് മേപ്പയൂർ പഞ്ചായത്ത് രൂപീകരിക്കുംവരെ എടുത്തുപറയത്തക്ക റോഡുകളൊന്നും നിലവിലുണ്ടായിരുന്നില്ല. ഇപ്പോഴത്തെ മേപ്പയൂർ-ചെറുവണ്ണൂർ റോഡുപോലും നന്നേവീതികുറഞ്ഞ ചെമ്മൺ പാതയായിരുന്നു. പയ്യോളി-മേപ്പയൂർ റോഡാണ് ആദ്യം ടാർ ചെയ്തത്. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിലാണ്, ഗതാഗത മേഖലയിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 77-67 കി. മീ. റോഡുകളാണ് ഉള്ളത്. ഇതിൽ മേപ്പയൂർ-നെല്ലാടി, മേപ്പയൂർ-ചെറുവണ്ണൂർ, പയ്യോളി-പേരാമ്പ്ര, ഇരിങ്ങത്ത്-നടുവണ്ണൂർ, മേപ്പയൂർ - കീഴ്പ്പയൂർ-കണ്ടംചിറ-ഇല്ലത്തമീത്തൽ, അഞ്ചാംപീടിക- അരിക്കുളം റോഡ് (മൊത്തം 22കി. മീ) ഇത്രയും റോഡുകൾ പി. ഡബ്ല്യുഡിയുടെ കീഴിലുണ്ട്.

പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് സൗകര്യപ്രദമായ രൂപത്തിലാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകൾ കടന്നുപോകുന്നത്. തെക്കേഅററത്ത് കിഴക്ക് പടിഞ്ഞാറായി പോകുന്ന ഇരിങ്ങത്ത് നടുവണ്ണൂർ റോഡ്, മദ്ധ്യഭാഗത്തുകൂടി കിഴക്കുപടിഞ്ഞാറായി പോകുന്ന പേരാമ്പ്ര-പയ്യോളിറോഡ് ടൗണിൽ നിന്ന് വടക്കോട്ട് പോകുന്ന മേപ്പയൂർ-കീഴ്പ്പയൂർ-കണ്ടഞ്ചിറ-ഇല്ലത്ത്മീത്തൽ റോഡ് എന്നിവ ഈ കൂട്ടത്തിൽപ്പെടുന്നു. ബസ്സ് റൂട്ടുള്ള പ്രധാനനിരത്തുകളിലേക്ക് വന്നുചേരുന്ന ചെറു റോഡുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതാണ്. ഇത്തരത്തിൽപ്പെട്ട അഞ്ച് പ്രധാനറോഡുകൾ താഴെ പറയുന്നവയാണ്.

1. പരപ്പിൽമുക്ക്- ചേർക്കടവ്- പാക്കനാർപുരംറോഡ്
2. വിളയാട്ടൂർ ഹരിജൻ കോളനിറോഡ്

3. കീഴ്പ്പയൂർ-പള്ളിമുക്ക്-മീറങ്ങാട്ട്കടവ്റോഡ്

4. കല്ലങ്കി-അരിക്കുളം റോഡ്

5. നെരവത്ത്പൊയിൽ - കല്പത്തൂർറോഡിൽ 520 മീറ്റർ ദൂരം.

റോഡുകളുടെ എണ്ണത്തിൽ പഞ്ചായത്ത് ഏറെ മുന്നിലാണെങ്കിലും ഗുണനിലവാരത്തിൻെറ കാര്യത്തിൽ ഏറെ മെച്ചപ്പെടേണ്ടതുണ്ട്. മഴക്കാലങ്ങളിൽ ചെമ്മൺ റോഡുകളിൽ ഗതാഗതം വലിയ പ്രശ്നമാണ്. വെള്ളം ഒഴുകിപ്പോകാനുള്ള ഓവുചാലുകൾ പല റോഡുകൾക്കും ഇല്ല.

പഞ്ചായത്ത് റോഡുകളുടെ വിശദവിവരം ചുവടെ

| റോഡിൻെറ പേര് | വീതി | നീളം | സ്വഭാവം |
|---|---|---|---|
| മേപ്പയൂർ-കല്പത്തൂർ | 8 | 2 | ടാർ |
| മേപ്പയൂർ-കീഴ്പ്പയൂർ മൂയിപ്പോത്ത് | " | 2.4 | " |
| ഇരിങ്ങത്ത്-കണ്ടംചിറ | " | 1.98 | ഭാഗികമായി ടാർ ചെയ്തു |
| കല്ലങ്കി-അരിക്കുളം | " | 2.4 | " |
| ട്രാൻഫോമർമുക്ക്-തിരുമംഗലത്ത്താഴ | " | 1.5 | " |
| വെങ്ങിലേരിതാഴ-പുഞ്ചോല | " | 1.5 | മൺ പാത |
| കച്ചേരിതാഴ-ഏക്കാട്ടൂര് | " | 0.2 | ടാർ |
| മേപ്പയൂർ-കായലാട്കൊഴുക്കല്ലൂർ റോഡ് | | 1.5 | ടാർ |

ഈ റോഡുകൾക്ക് പുറമെ 6 മീറ്ററും 6 മീറ്ററിൽ താഴെയുമുള്ള 70 റോഡുകൾ പഞ്ചായത്തിലുണ്ട്. ഇവയിൽ ഭാഗികമായി ടാർചെയ്തവയും ഉൾപ്പെടും.

പഞ്ചായത്ത് ചെലവിനത്തിൽ ഭരണച്ചെലവ് കഴിഞ്ഞാൽ റോഡുകളുടെ അററക്കുറ്റപ്പണിയാണ് മുന്നിട്ട് നിൽക്കുന്നത്. ഇത്മൂലം ഉല്പാദനരംഗത്തെ ചെലവ് നാമമാത്രമായി ഒതുങ്ങുകയാണ്. റോഡ് നിർമ്മാണ പ്രവർത്തനത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്ന സമീപനമാണ് നാം ഇതുവരെ കൈക്കൊണ്ടത്.

വിവേചനരഹിതമായി റോഡുകൾ വർദ്ധിച്ചതിൻെറ ഫലമായി ഉണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഭീകരമാണ്. വയലുകൾ നികത്തിപ്പോലും റോഡുകൾ നിർമ്മിച്ചതിൻെറ ഫലമായി കാർഷികരംഗത്തുണ്ടായ പ്രശ്നങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ ഉദാഹരണങ്ങൾ ഏറെയാണ്. കൃഷി സ്ഥലങ്ങൾ നികത്തിയുള്ള കെട്ടിടനിർമ്മാണംമൂലം, ചിലിയിടങ്ങളിൽ വെള്ളക്കയററവും മററിടങ്ങളിൽ ആവശ്യത്തിനു ജലം കിട്ടാത്ത അവസ്ഥയും നിലനില്ക്കുന്നുണ്ട്.

## നടപ്പാത

അത്യാവശ്യമായ സ്ഥലങ്ങളിൽ നടപ്പാത ഉണ്ടെങ്കിലും ഇനിയും ഒട്ടേറെ നടപ്പാതകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതാത് ഗ്രാമസഭകളിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. നരക്കോട്പള്ളി- കണിയാംകണ്ടി വയൽ-പുതുശ്ശേരിതാഴ-ചെറുപുതുകുളങ്ങരത്താഴ, എടക്കണ്ടിത്താഴ-നെല്ല്യോടിക്കടവ്റോഡ്വരെ, കളയംകുളത്തുതാഴ-തട്ടാറത്തുതാഴ രയരോത്ത്താഴ,ഇളം കുറ്റിൽതാഴ- കൊല്ലറോത്ത്താഴ, കുറുങ്ങോട്താഴ-പാറക്കിൽഭാഗം, പുതുക്കുടിതാഴ-പാറക്കിൽപാറ, ചെമ്പമലനടപ്പാത, കീഴനത്താഴനടപ്പാത എന്നിവയാണ് പണി പൂർത്തിയായ നടപ്പാതകൾ മൂട്ടപ്പറമ്പ്-അയിമ്പാടിപ്പാറ, നാറാണത്ത്താഴ-എടക്കുളംമുക്ക്, കാരേക്കണ്ടിതാഴ-ഓച്ചിലാട്ട്താഴ, അത്തിക്കോട്ട്പാലം- കുറ്റിപ്പുറത്ത്താഴ, ട്രാൻസ്ഫോർമർമുക്ക്-നടുവിലക്കണ്ടി, ചെട്ട്യാൻതറോൽതാഴ-തേവർകുന്നോത്ത്താഴ, പുതുമംഗലത്തുതാഴ-പട്ടേരിതാഴ, പേരാറ്റതാഴ-നിടുംപൊയിൽ പള്ളി, പുതിയോട്ടിത്താഴ-വടേകൊടക്കാട്ട്താഴ, കൊല്ലറോത്ത്താഴ-നിടുംപൊയിൽ തിരുമുമ്പിൽത്താഴ, കരുവാങ്കണ്ടിതാഴ-മനക്കൽ താഴ, തെക്കേടുത്ത്താഴ-നിടുംപൊയിൽ എം. എൽ. പി, കീഴ്പ്പയൂർ-ഈന്ത്യാട്ട്താഴ എന്നിവയാണ് പുതിയ നടപ്പാതകൾക്കുവേണ്ടി ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ.

നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോച്യാവസ്ഥയെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ച നടന്നിട്ടുണ്ട്. പുതിയറോഡ് നിർമ്മിക്കാനും നടപ്പാതകൾ നിർമ്മിക്കാനും റോഡുകൾ ടാർ ചെയ്യേണ്ട ആവശ്യങ്ങളും ഉന്നയിക്കപ്പെട്ടു.

ട്രാൻസ്ഫോമർമുക്ക്-തിരുമംഗലത്ത്താഴാകായല്കണ്ടിതാഴ-മന്ദങ്ങാപ്പറമ്പ്റോഡ് ടാർചെയ്തു സൗകര്യം കൂട്ടണമെന്ന നിർദ്ദേശം 6,8,9,10 എന്നീ വാർഡു ഗ്രാമസഭകളിൽ ഉയർന്നുവന്നു.

അർബ്ബൻബാങ്ക്-കേളോത്ത്മുക്ക്റോഡ് വീതികൂട്ടി ചാർ ചെയ്യാൻ 2, 3,4 വാർഡ് ഗ്രാമസഭകളിൽ ആവശ്യമുയർന്നു. മൈക്രോവേവ് റോഡിൻെറ പണി ഉടനെ ആരംഭിക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.

**പുതുതായി നിർമ്മിക്കേണ്ട റോഡുകൾ**

| വാർഡ് | റോഡിൻെറ പേര് |
|---|---|
| 1. | പാലയുള്ളതിൽമുക്ക്-ഇല്ലത്ത്താഴ |
| 2. | ഒളോറപ്പാറ-എടയിലാട്ട്മുക്ക് |
| 3. | വള്ളിൽമുക്ക്-വലിയപറമ്പിൽമുക്ക് |
| 4. | അരീക്കൽകോളനി - അരീപ്പാറ |
| 5. | കാട്ടുമഠം - ഏളപ്പില്ലംതാഴ |
| 6. | കോറോത്ത്മുക്ക്-കീഴനത്താഴ |

| | |
|---|---|
| | തൈത്തോട്ടത്തിൽതാഴ |
| | മലക്കണ്ടിതാഴ |
| 7. | ചെട്ടിവീട്കോളനി- |
| | കായലാട്കനാൽപ്പാലം |
| 8. | ചാവട്ട് എൽ. പി. സ്കൂൾ- |
| | കുഴിച്ചാലിൽമുക്ക് |
| 9. | അടുപ്പംകുനിതാഴ- |
| | ചേണിയാങ്കണ്ടിതാഴ |
| 10. | കോട്ടപ്പറമ്പ് കണിയാങ്കണ്ടിഭാഗത്തും |

മീറങ്ങാട്കടവ്-പള്ളിമുക്ക്, ചേർക്കടവ്-പരപ്പിൽമുക്ക്, ഇരിങ്ങത്ത്-കണ്ടംചിറ, കേളോത്ത്മുക്ക-മണപ്പുറം-നരിക്കുനിറോഡ്, മലയിൽമുക്ക്, കണ്ടംചിറ-കൂനംവള്ളിക്കാവ്-പത്തൂപ്പട്ടമുക്ക്-നെരവത്ത്മുക്ക്-മലയിൽമുക്ക്-അഞ്ചാംപീടിക, കല്ലോട്ടുപൊയിൽ മുക്ക്- പൂതേരിപ്പാറ, കസ്തൂർബാബാലവാടി-അരിമ്പാലകോളനി, മേപ്പയൂർ ഹൈസ്ക്കൂൾറോഡ്, ഇത്രയും റോഡുകൾ ടാർ ചെയ്യണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുണ്ട്.

കാലത്ത് മേപ്പയൂരിൽ നിന്ന് പയ്യോളിക്കും വൈകുന്നേരം തിരിച്ചുമുള്ള യാത്ര ഇന്ന് ഏറെ ദുഷ്ക്കരമാണ്. വിദ്യാർത്ഥികളും ജീവനക്കാരുമാണ് ഇത് മൂലം ഏറെ പ്രയാസപ്പെടുന്നത്. 706 വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്ത് പഠിക്കുന്നുവെന്നാണ് പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. കാലത്ത് 8 മണി മുതൽ 10 മണിവരെയും വൈകുന്നേരം 3 മണി മുതൽ 6 മണിവരെയും അനുഭവപ്പെടുന്ന യാത്രാ ദുരിതത്തിന് പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലെ വാഹനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ, പഞ്ചായത്തിന് പുറത്ത് നിന്ന് ടൗണിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണം ഇതിൽ ഉൾപ്പെടില്ല.

പട്ടിക 6-2

| | |
|---|---|
| ജീപ്പ് | 53 |
| പിക്കപ്പ് | 15 |
| ലോറി | 16 |
| കാറ് | 11 |
| ബസ്സ് | 13 |
| ഓട്ടോ | 35 |

### പ്രശ്നങ്ങൾ

മൊത്തം റോഡുകളിൽ 64% ചെമ്മൺ റോഡുകളാണ്. ടാർചെയ്ത റോഡുകൾ 4%താഴെ മാത്രമാണ്. നിലവിലുള്ള റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കാൻ നടപടിയുണ്ടാവണം. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലായി നിർമ്മിച്ച റോഡുകളെ പരസ്പരം ബന്ധിപ്പിക്കേണ്ടതാണ്. നിർമ്മാണം തുടങ്ങി പൂർത്തിയാകാത്ത റോഡുകളുടെ കാര്യത്തിലും പാലം പണിയാത്തതുമൂലം ഗതാഗതയോഗ്യമല്ലാത്ത റോഡുകളുടെ കാര്യത്തിലും നടപടിയുണ്ടാവണ്. യാത്രാ സൗകര്യമില്ലാത്ത കോളനികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

രണ്ട് ഭാഗവും പണിപൂർത്തിയായി തമ്മിൽ ബന്ധിപ്പിക്കാൻ കഴിയാതെ കിടക്കുന്ന കണിയാണ്ടിതാഴ-എടയിലാട്ട്തട്ടാൻെറ നടറോഡ്, പാവട്ട്കണ്ടിമുക്ക്-നരക്കോട്, മനക്കച്ചെറുവത്ത്മുക്ക്-തറയണ്ടിമുക്ക് ജനകീയമുക്ക്-കളരിക്കണ്ടിമുക്ക്, കാലാക്കോട്ട്മുക്ക്-മാണിക്കോത്ത്ഹരിജൻ കോളനി- പൊലിയാൻകണ്ടിമുക്ക്, കൊയിലോത്ത്മുക്ക്-കാപ്പുംകര-എടത്തിൽമുക്ക്, കൂനംവെള്ളിക്കാവ്-പുത്തുപ്പട്ടറോഡ്, ഇവ തമ്മിൽ ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. നടപ്പാത ആവശ്യമായ സ്ഥലങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാത നിർമ്മിക്കുക.
2. പി. ഡബ്ല്യു. ഡി ഏറെറടുക്കാൻ പററിയ റോഡുകൾ ഏറെറടുത്ത് പ്രവർത്തനം നടത്തുക.
3. യാത്രാദുരിതം അനുഭവിക്കുന്ന പഞ്ചായത്തിലെ പ്രദേശങ്ങളിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കാൻ സംവിധാനം ഉണ്ടാക്കുക.
4. പുതിയ റോഡ് ആവശ്യമായ സ്ഥലങ്ങളിൽ പൂർണ്ണമായും ജനങ്ങളുടെ സഹകരണത്തോടെ റോഡുകൾ നിർമ്മിക്കുക.
5. ഗ്രാമീണറോഡുകളുടെ അറ്റക്കുറ്റപ്പണികൾ പൂർണ്ണമായും ജനങ്ങളെക്കൊണ്ട് ചെയ്യിക്കുക.
6. ടൗണിലെ വാഹനബാഹുല്യം കുറയ്ക്കാൻ വേണ്ടി ഓട്ടോ-ജീപ്പ്, ബസ്സ് സ്റ്റാൻറ് നിർമ്മിക്കുക.
7. റോഡരികിൽ നിന്ന് വാഹനം കഴുകുന്നത് തടയുക.
8. ഗ്രാമീണ റോഡുകളുടെ സംരക്ഷണം സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുക.
9. ആവശ്യമായ സ്ഥലങ്ങളിൽ കനാൽ റോഡ് ഗതാഗത യോഗ്യമാക്കുക.
10 ബസ് സ്റ്റോപ്പ് ആവശ്യമായ സ്ഥലങ്ങളിൽ സന്നദ്ധ സംഘടനകളെ കൊണ്ട് ചെയ്യിക്കുക.
11 റോഡ് പണികൾ കോൺട്രാക്ടർമാരെ ഏൽപ്പിക്കാതെ ജനങ്ങളെക്കൊണ്ട് ചെയ്യിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

# ഊർജ്ജം

നമ്മുടെ ഗ്രാമം മൂന്നുപതിറ്റാണ്ടു മുമ്പേ വൈദ്യുതീകരണത്തിന് തുടക്കമിട്ടെങ്കിലും ഇന്നും മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി വെട്ടമെത്തിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇപ്പോഴാകട്ടെ വോാംട്ടേജ് ക്ഷാമം അതിരൂക്ഷവുമാണ്.

1957ലാണ് ഈ ഗ്രാമത്തിലാദ്യമായി വൈദ്യുതി എത്തിയത്. അങ്ങാടിയിലെ ഏതാനും പീടികകളിലാണ് ആദ്യമായി ഫിലമെൻറുകാം മിന്നിയത്.

കുറ്റ്യാടി സബ്സ്റേഷനിൽ നിന്നാണ് മേപ്പയൂരിൽ വൈദ്യുതി എത്തുന്നത്. മേപ്പയൂർ ഇലക്ട്രിസിറ്റി സെക്ഷൻെറ പരിധിയിലുള്ള നമ്മുടെ വൈദ്യുതി ഉപഭോഗത്തിൻെറ പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക 6-3

| | |
|---|---|
| ഗാർഹികം | 2892 |
| വ്യാപാരം | 398 |
| വ്യവസായികം | 32 |
| കാർഷികം | 146 |
| സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം | 247 |

*അവലംബം: പ്രാഥമികസ്ഥിതിവിവരക്കണക്ക് ശേഖരം*

പഞ്ചായത്തിൻെറ ആകെയുള്ള 4927 വീടുകളിൽ 2892 എണ്ണം (59%) വൈദ്യുതീകരിച്ചവയാണ്. പഞ്ചായത്തു പരിധിക്കകത്ത് 15 എൽ. ടി. ട്രാൻസ്ഫോർമറുകളിൽ കൂടിയാണ് വൈദ്യുതിവിതരണം നടത്തുന്നത്.

കുയിമ്പിലുന്ത്, വിളയാട്ടൂർ, പാവട്ടുകണ്ടിമുക്ക്, എളമ്പിലാട്, നരക്കോട്, മൈക്രോവേവ്, കൊഴുക്കല്ലൂർ, കല്ലങ്കി, മേപ്പയൂർ ടൗൺ 1, മേപ്പയൂർ ടൗൺ (എൽ. പി. സ്കൂാം ജംഗ്ഷൻ) 1, ജനകീയ മുക്ക്, കീഴ്പ്പയൂർ, കൂനംവെള്ളിക്കാവ്, ചങ്ങരംവെള്ളി, മഠത്തുംഭാഗം എന്നിവടങ്ങളിലാണ് ട്രാൻസ്ഫോർമറുകാം

ഈ ട്രാൻസ്ഫോർമറുകാം എല്ലാം തന്നെ അധികഭാരം വഹിക്കുന്നവയാണ്. വോാംട്ടേജ് ക്ഷാമത്തെ അതിജീവിക്കുന്നതിന് വ്യാപകമായി സ്റ്റെപ്പ് അപ്പുകാം ഉപയോഗിച്ചുവരുന്നു.

| വാർഡ് | ഉപയോഗിക്കുന്ന സ്റ്റെപ്പ് അപ്പ് എണ്ണം |
|---|---|
| 1. | 13 |
| 2. | 18 |
| 3. | 52 |
| 4. | 53 |
| 5. | 21 |
| 6 | 69 |
| 7 | 12 |
| 8 | 45 |
| 9. | 15 |
| 10. | 28 |
| 11 | 37 |
| ആകെ | 363 |

*പ്രാഥമികവിവര ശേഖരണം 1996*

ഗാർഹിക വ്യാപാര സ്ഥാപനങ്ങളിലെല്ലാം കൂടി 17514 ബാംബുകാം ഉപയോഗിക്കുന്നു. ഇത്രയും ബാംബുകാം (60 വാട്ടിൻെറ പവർഉള്ള) 5 മണിക്കൂർ വീതം ദിവസവും ഉപയോഗിക്കുന്നു എന്ന നിഗമമനുസരിച്ച് 157626 യൂണിറ്റ് വൈദ്യുതി ഒരു മാസംകൊണ്ടു ചെലവഴിക്കുന്നു. നിലവിലുള്ള ബാംബുകാംക്കു പകരം സി. എഫ്. എൽ ലാമ്പുകാം ഉപയോഗിച്ചാൽ 23644 യൂണിറ്റ് വൈദ്യുതി മാത്രമേ ഉപയോഗിക്കേണ്ടിവരൂ. ഇപ്പോഴുപയോഗിക്കുന്ന ബാംബുകളുടെ എണ്ണത്തിൽ കുറവു വരുത്താതെ തന്നെ 133982 യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയും (85%) സി. എഫ്. എൽ ലാമ്പിന് ഏകദേശം മുന്നൂറ് രൂപയോളം ചെലവ് വരും.

നിലവിലുള്ള ബാംബുകാംക്ക് പകരം ഇത്തരം ലാമ്പുകാം സ്ഥാപിക്കാനുള്ള സാധ്യതയെക്കുറിച്ച് ഗൗരവമായി ആലോചിക്കാവുന്നതാണ്.

വൈദ്യുതിപ്രസരണ നഷ്ടവും വൈദ്യുതി യുടെ അനാവശ്യ ഉപയോഗവും കുറയ്ക്കാനും അടിയന്തര നടപടികാം കൈക്കൊള്ളേണ്ടതാണ്. നമ്മുടെ പതിനൊന്നുവാർഡുകളിലായി 740 അലങ്കാര ബാംബുകാം ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്ക്.

നിർദ്ദിഷ്ട 110 കെ. വി. സബ്സ്റേഷൻ പണി പൂർത്തിയാവുന്നതോടുകൂടി മാത്രമേ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാനാവൂ.

**പ്രശ്നങ്ങാം**

1. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വോാംട്ടേജ് ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നു.
2. കോളനി നിവാസികളും 10 സെൻറിൽ കുറവ് സ്ഥലം ഉള്ളവരും വിറകുക്ഷാമം നേരിടുന്നു.
3. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ തീരെ വൈദ്യുതി എത്തിയിട്ടില്ല.
4. കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല
5. വൈദ്യുതി പ്രേഷണനഷ്ടം ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.
6. ആവശ്യമായ സ്ഥലങ്ങളിൽ എല്ലാം സ്ട്രീറ്റ് ലൈറ്റ് ഇല്ല
7. സ്ലാബ് സമ്പ്രദായം മൂലം ഉപയോഗിച്ച കറൻറിന് മാത്രമല്ല പണം ഈടാക്കുന്നത്.
8. പഞ്ചായത്തിലെ മിനിമം ഗ്യാരണ്ടിക്ക് അപേക്ഷിച്ചവർക്ക് എല്ലാം കണക്ഷൻ ലഭിച്ചിട്ടില്ല.

9. ദക്ഷത കൂടിയ അടുപ്പുകളുടെ ഗുണത്തെക്കുറിച്ച് അധികംപേരും ബോധവാൻമാരല്ല.

**നിർദ്ദേശങ്ങാം**

1. വീടുകാംതോറും പുകയില്ലാത്ത അടുപ്പുകാം സ്ഥാപിക്കുക. ഇതിൽ കോളനി നിവാസികാംക്കും കുറഞ്ഞ ഭൂമിയുള്ളവർക്കും മുൻഗണന നൽകുക. വീട്ടാവശ്യത്തിനുള്ള ഇന്ധനം പ്രാദേശികമായി കുറഞ്ഞ വിലക്ക് നൽകുക.

2. സൗരോർജ്ജ ഉപകരണങ്ങാം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

3. രണ്ടും മൂന്നും പശുക്കളെ വളർത്തുന്ന സ്ഥലങ്ങളിൽ വെളിച്ചത്തിനും, പാചകത്തിനും ബയോഗ്യാസ് ഉപയോഗിക്കുക.

4. നിർദ്ദിഷ്ട മേപ്പയൂർ 110 കെ. വി. സബ്സ്റേഷൻ സ്ഥാപിച്ച് വോാംട്ടേജ് ക്ഷാമം പരിഹരിക്കുക.

5. പഞ്ചായത്തിലെ നിലവിലുള്ള റോഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

6. പഞ്ചായത്തിലെ കോളനികാം മുൻഗണനകൊടുത്ത്കൊണ്ട് വൈദ്യുതീകരിക്കുക.

7. പഞ്ചായത്തിലെ മുഴുവൻ റോഡുകളിലെയും ഇലക്ട്രിക് പോസ്റ്റുകാം റോഡരികിലേക്ക് മാററി സ്ഥാപിക്കുക.

8. വൈദ്യുതി പ്രേഷണ നഷ്ടം ഒഴിവാക്കാൻ നടപടി ഉണ്ടാക്കുക.

9. ഉപയോഗിച്ച കറൻറിന് മാത്രം പണം ഈടാക്കാനുള്ള സംവിധാനം ഉണ്ടാക്കുക. പ്രവർത്തന രഹിതമായ മീറ്ററുകാം മാററി സ്ഥാപിക്കുക.

10. പകൽസമയത്ത് സ്ട്രീറ്റ്ലൈറ്റ്, മറ്റ്ലൈറ്റുകാം ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങാംക്കും ബോധവൽക്കരണം നൽകുക.

11. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകളിൽ സൗരബാംബ് ബയോഗ്യാസ് വൈദ്യുതി ഉപയോഗിച്ച് വെളിച്ചം എത്തിക്കാനുള്ള സംവിധാനം ഇവ ഉണ്ടാക്കുക.

# മാർക്കറ്റ്

പുത്തൻ കമ്പോളസംസ്ക്കാരം ഗ്രാമീണ മനസ്സുകളിലുണ്ടാക്കിയ വ്യതിയാനം വളരെ വലുതാണ്. വിസ്മയിപ്പിക്കുനന പരസ്യപ്പലകകളും സ്ക്രീനുകളിൽ മിന്നി മറയുന്ന പരസ്യ ചിത്രങ്ങളും നമ്മുടെ മനസ്സിൽ വാരിവിതറിയിട്ട് പോയ പുത്തൻ സംസ്ക്കാരത്തിൻെറ വിത്തുകാം കിളിർത്ത് തുടങ്ങിയിരിക്കുന്നു. സ്വാശ്രയതയുടെ വലിയൊരു ലോകത്ത് നിന്ന് നമ്മുടെ ഗ്രാമം അടിതെറ്റി വീഴുകയായിരുന്നു ഇതിൻെറ പരിണിതഫലം. കാലമേറെ കഴിയും മുമ്പേ നമ്മുടെ മാർക്കറ്റിങ്ങ് ഭൂപടം ശൂന്യമായിത്തീരുകയും ചെയ്തിരിക്കുന്നു. ആഴ്ച ചന്ത ഗ്രാമത്തിൽ നിന്ന് അപ്രത്യക്ഷമായതുപോലും ഗൗരവത്തിൽ കാണാൻ നമുക്ക് കഴിയാതെ പോയതിൻെറ കാരണവും മറ്റൊന്നല്ല.

പഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യഭാഗത്തായാണ് നമ്മുടെ പൊതുമാർക്കറ്റായ മേപ്പയൂരങ്ങാടി • സമുദ്രനിരപ്പിൽ നിന്ന് 36 മീറ്റർ ഉയരത്തിലാണ് ഇത്. ചുരുങ്ങിയ കാലത്തിനിടക്ക് നിരവധി പുതിയ കടകാം രംഗത്ത് വന്നിട്ടുണ്ട് പട്ടികശ്രദ്ധിക്കുക

പട്ടിക 6-5

| | |
|---|---|
| മസാല | 12 |
| സ്റേഷനറി | 15 |
| ഫാൻസി | 10 |
| ഹാർഡ്വെയർ | 5 |
| ഇംഗ്ലീഷ്മരുന്ന്ഷാപ്പ് | 4 |
| ആയുർവേദം | 8 |
| ഹോട്ടൽ | 12 |
| പച്ചക്കറി | 7 |
| തുണിക്കച്ചവടം | 7 |
| ബേക്കറി | 10 |
| ഫ്രൂട്ട്സ്റ്റാാം | 9 |
| കോഴിക്കച്ചവടം | 2 |
| ജ്വല്ലറി | 5 |

പതിനഞ്ച് ചുമട്ട് തൊഴിലാളികളാണ് അങ്ങാടിയിലുള്ളത്. പഞ്ചായത്തിൽ ആകെയുള്ള 108 മത്സ്യത്തൊഴിലാളികളിൽ 20 പേർ മത്സ്യമാർക്കററിലെ കച്ചവടക്കാരാണ്. രണ്ട് മുട്ടക്കടകളിലായി 7500 ഓളം മുട്ടയാണ് ഒരാഴ്ച ഇറക്കുന്നത്.

വീതികുറഞ്ഞ അങ്ങാടിറോഡിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് വളരെ വലുതാണ്. ടാക്സി ഒട്ടോ സ്റ്റാൻറ് നിലവില്ലാത്തതാണ് ഇതിന് പ്രധാനകാരണം. പേരാമ്പ്ര- പയ്യോളി റോഡിൻെറ സൈഡിലാണ് ജീപ്പുകാം നിർത്തിയിടുന്നത്. മേപ്പയൂർ നെല്ല്യാടി റോഡിൻെറ ഒരു ഭാഗത്ത് ഓട്ടോറിക്ഷയും മറുഭാഗത്ത് കീഴരിയൂരിലേക്ക് സർവ്വീസ് നടത്തുന്ന ജീപ്പുകളും നിർത്തിയിടുന്നു.

അങ്ങാടിയിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണം ചുവടെ


| | |
|---|---|
| ജീപ്പ് | 75 |
| ഓട്ടോ | 35 |
| ലോറി | 10 |
| പിക്കപ്പ് | 12 |

**മലിനീകരണപ്രശ്നം**

മേപ്പയൂരങ്ങാടിയിലെ ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണിത്. അഴുക്കുചാൽ നവീകരണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞതിനാൽ അധികം വൈകാതെ തന്നെ ഈ പ്രശ്നത്തിന് ഒരളവോളം പരിഹാരമുണ്ടാകുമെന്ന് കരുതുന്നു. ഹോട്ടലുകളിലെയും കടകളിലെയും സ്വകാര്യാശുപത്രികളിലെയും മാലിനങ്ങളും അഴുക്കുജലവും സംസ്ക്കരിക്കുന്നതിന് സംവിധാനമുണ്ടാകണം. മത്സ്യമാർക്കറ്റ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്ന കാര്യവും ആലോചിക്കേണ്ടതാണ്.

# 10

# പാർപ്പിടം സാമൂഹ്യക്ഷേമം



ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയും പുരോഗതിയും സാമൂഹ്യജീവിതത്തിൽ വരുത്തിയ മാറ്റത്തിന്റെ പ്രതിഫലനമാവാം. കുടുംബമെന്ന സങ്കല്പത്തിന് തന്നെ മാറ്റം വരുത്തിയത്. പഴയ സാമൂഹ്യജീവിതത്തിൽ നിലനിന്നിരുന്ന കൂട്ടുകുടുംബസമ്പ്രദായത്തിൽ നിന്ന് ക്രമാനുഗതമായി മാറിയ സമൂഹത്തിൽ ഇന്ന് കുടുംബമെന്നത് അച്ഛനും അമ്മയും കുട്ടികളുമായി ചുരുങ്ങിയിരിക്കുന്നു. പഴയ കുടുംബ സങ്കൽപത്തിൽ നിന്നുള്ള ഈ വ്യതിയാനം കെട്ടിടനിർമ്മാണരംഗത്തും പ്രതിഫലിച്ചുകാണാം വലിയ കുടുംബങ്ങളെ ലക്ഷ്യമാക്കി നിർമ്മിച്ചിരുന്ന നിരവധി മുറികളും, വിശാലമായ വരാന്തയും, മുറ്റവും പടിപ്പുരയും എല്ലാമുള്ള വലിയ വീടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തൽസ്ഥാനത്ത് 'കാപ്സ്യൂൾ കുടുംബങ്ങളെ' ഉൾക്കൊള്ളാൻ കഴിയുന്ന ചെറിയതും മനോഹരവുമായ വീടുകളാണിന്ന് ഒരു സാധാരണക്കാരന്റെ സ്വപ്നം.

എന്നാൽ സമീപകാലത്തായി ഗൾഫ് വരുമാനം നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ ചെലുത്തുന്ന സ്വാധീനം കെട്ടിട നിർമ്മാണ രംഗത്ത് അനഭിലഷണീയമായ ആർഭാടം വരുത്തിവെക്കുന്നത്. ലക്ഷങ്ങൾ മുടക്കി കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കാൻ ഗൾഫ് പണത്തിന്റെ നല്ലൊരു ഭാഗം വിനിയോഗിച്ചുവരുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പ്രതിവർഷം ശരാശരി 140 പുതിയ വീടുകൾക്ക് പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടുണ്ട്. വീടുകളുടെ തരംതിരിവ് ചുവടെ ചേർക്കുന്നു


പട്ടിക 7-1

| ആകെ വീടുകൾ | കോൺക്രീറ്റ് വീടുകൾ | ഓട്മേഞ്ഞ വീടുകൾ | ഓലമേഞ്ഞ വീടുകൾ | ചെറ്റകുടിലുകൾ |
|---|---|---|---|---|
| 4927 | 742 | 2052 | 1815 | 318 |

ഇതിൽ 80% ത്തോളം വീടുകളുടെ ഭിത്തികൾ ചെങ്കല്ല് ഉപയോഗിച്ചുള്ളവയും 90%ത്തോളം വീടുകളുടെ തറകരിങ്കല്ലോ ചെങ്കല്ലോ, ഉപയോഗിച്ചിട്ടുള്ളവയുമാണ്, മൊത്തം വീടുകളുടെ 15%ത്തോളം പുതുക്കിപ്പണിത് സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതാണ്. ലക്ഷം വീട് കോളനികളിലെ ഭൂരിഭാഗം വീടുകൾ ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്തിലെ നിലവിലുള്ള ചെങ്കൽവെട്ട് കേന്ദ്രങ്ങളും കരിങ്കൽ ക്വാറികളും കെട്ടിടനിർമ്മാണ മേഖലക്ക് നല്കുന്ന സംഭാവന വലുതാണ്.

നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിന്റെ പരിസ്ഥിതി രംഗത്തെ തുലനാവസ്ഥ തകർക്കുന്നതോടൊപ്പം, നെല്ലുല്പാദന രംഗത്തെ ഗുരുതരമായ തോതിൽ ബാധിച്ചുവരുന്നുവെന്നതും ഉൽക്കണ്ഠാജനകമാണ്.

നെൽവയലുകളുടെ വ്യാപ്തിയിലുണ്ടായ വ്യതിയാനം താഴെ കൊടുത്ത ചിത്രം വിശദീകരിക്കും.



### കോളനികാം

പഞ്ചായത്തിലെ പട്ടികജാതി കോളനികളിലെ പാർപ്പിട പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്. വിളയാട്ടൂർഹരിജൻ കോളനി, നെല്ല്യാട്ടുമ്മൽ സെററിൽമെൻറ് കോളനി, മാണിക്കോത്ത്മീത്തൽ ഹരിജൻ കോളനി, ചാവട്ട് ഹരിജൻ കോളനി, എന്നിവിടങ്ങളിലെ കുടുംബങ്ങാംക്ക് ഇക്കാര്യത്തിൽ അടിയന്തിര സഹായം ചെയ്യേണ്ടതുണ്ട്. വിവിധ ഏജൻസികാം നടത്തിയ നാമമാത്രമായ സഹായങ്ങൾ അപര്യാപ്തമായതാണ് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയാതെ പോയത്.

വിവിധ കോളനികളിൽ വീടുവെക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ എണ്ണവും വീട്ടുവെച്ചവരുടെ എണ്ണവും താഴെകൊടുക്കുന്നു.

പട്ടിക 7-2

| കോളനി | വീടുവെക്കാനനുവദിക്കപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ എണ്ണം | താമസക്കാർ |
|---|---|---|
| പുതിയെടുത്ത് കുന്ന് | 24 | 10 |
| എരുവാട്ട് | 15 | 15 |
| മക്കാട്ട് | 5 | 5 |
| മുന്നുറാംകണ്ടി | 14 | 7 |
| ചെറുകുന്നുമ്മൽ | 20 | 14 |
| അരിക്കാംചാലിൽ | 8 | 7 |
| പുലപ്രകുന്ന് | 14 | 5 |

തമിഴ്നാട്ടിൽ നിന്നും ജോലിതേടിയെത്തിയ 32 കുടുംബങ്ങാം നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കഴിയുന്നുണ്ട്. ക്വാറിതൊഴിലാളികളാണ് ഇവരത്രയും. ക്വാറിയ്ക്കടുത്ത പ്രദേശങ്ങളിലെ ചെററക്കുടിലുകളിലാണ് ഇവർ താമസിക്കുന്നത്. കക്കൂസ് ഉാംപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങാം ഒന്നും തന്നെ ഇവർക്കില്ല.

വിവിധ ഏജൻസികാം മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതികളിൽ ഒട്ടേറെ അവ്യക്തതകളും സങ്കീർണ്ണതകളും നിലനില്ക്കുന്നുണ്ട്. ദുർബ്ബല ജനവിഭാഗങ്ങാംക്കായുള്ള ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഫലങ്ങാം പൂർണ്ണമായും അവർക്ക് തന്നെ ലഭ്യമാകുന്ന സ്ഥിതിയുണ്ടാവണം.

### മേപ്പയൂർ ഹൗസിംഗ് സൊസൈറ്റി

ഒമ്പത് പഞ്ചായത്തുകൾ പ്രവർത്തനപരിധിയിലുള്ളതും മേപ്പയൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ മേപ്പയൂർ കോ-ഓപ് ഹൗസിംഗ് സൊസൈററി 85 വീടുകാംക്കായി 55,68,370 രൂപ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ സഹകരണ സംഘത്തിൻെറ വായ്പാ നിബന്ധനകളുടെ കാർക്കശ്യവും താഴ്ന്നവരുമാനക്കാർക്ക് വായ്പ ലഭിക്കുന്നില്ലെന്ന സ്ഥിതിയും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്


സംസ്ഥാന സർക്കാറിൻെറ വിവിധ ഏജൻസികാം മുഖേന വ്യത്യസ്ത പദ്ധതികളിലായി നിർദ്ധനർക്കും ദുർബ്ബല ജനവിഭാഗങ്ങാംക്കും ഭവന നിർമ്മാണത്തിന് ധനസഹായം നല്കിവരുന്നുണ്ട്. പഞ്ചായത്തിൽ ഒരു ചെറിയ വിഭാഗത്തിന് മാത്രമേ ഈ ധനസഹായം ലഭിച്ചിട്ടുള്ളൂ.

നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനയും, തൊഴിലാളികളുടെ കൂലി വർദ്ധനയും പാർപ്പിട നിർമ്മാണ രംഗത്തെ വലിയൊരു പ്രശ്നമായി നിലനില്ക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ കടത്തുചെലവും കൂടി കണക്കിലെടുക്കുമ്പോാം സാധാരണക്കാരന് താങ്ങാവുന്നതിലും അപ്പുറത്താണിതെന്ന് ബോധ്യപ്പെടും

ഏതാണ്ട് 2500 ഓളം നിർമ്മാണത്തൊഴിലാളികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ 750 ഓളം സ്ത്രീകളാണ്. നിർമ്മാണത്തൊഴിലാളികളുടെ നിലവിലുള്ള കൂലിനിരക്ക് ചുവടെ ചേർക്കുന്നു.

| ജോലി | കൂലിനിരക്ക് സ്ത്രീ രൂപ | 1996ൽ പുരുഷൻ രൂപ |
|---|---|---|
| കല്ല് കൊത്ത് | - | 2.46-3.50 |
| ചെത്തിക്കെട്ട് | - | 100-125 |
| കരിങ്കൽ കെട്ട് | - | 100-125 |
| കരിങ്കൽ ലോഡിംഗ് | - | 115 |
| കൈപ്പണി | 75-80 | 70-90 |
| മെറ്റൽ അടി | പെട്ടി4/60 | - |
| കോൺക്രീറ്റ് | 90-100 | 100-125 |
| കരിങ്കൽ ചുമട് | 80-100 | 90-100 |

നിർമ്മാണ തൊഴിൽ രംഗത്തെ രേഖാചിത്രം താഴെ ചേർക്കുന്നു.



പറമ്പിൻെറ അതിർത്തികളിലെ സസ്യവേലി നമ്മുടെ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് പകരം കരിങ്കൽ ഭിത്തിയാണെങ്ങും ഉയർന്നു നില്ക്കുന്നത്. പ്രത്യുല്പാദനകരമല്ലാത്ത ചെലവിൽ ഇതും വലിയൊരു സംഖ്യ എഴുചേർക്കുന്നു. വിവിധ വാർഡുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം സസ്യവേലിുടെ നീളം 1130 മീറ്ററാണ്. കരിങ്കൽ ഭിത്തിയാകട്ടെ 4753 മീറ്ററും.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ:

15 മുതൽ 20 ശതമാനം വരെ വീടുകൾ ചെറ്റപ്പുരകളും വേണ്ടത്ര സുരക്ഷിതത്വമില്ലായ്മവയുമാണ്.

● സ്ഥിരം വരുമാനമില്ലാത്തവർക്കും, വരുമാനത്തിൽ പിന്നോക്കംനിൽക്കുന്നവർക്കും ഭവനനിർമ്മാണ വായ്പ ലഭിക്കാൻ സംവിധാനമില്ല.

● ദുർബ്ബല ജനവിഭാഗങ്ങൾക്കും, സാമ്പത്തികപിന്നോക്കാവസ്ഥയുള്ളവർക്കുമായുള്ള ഭവന നിർമ്മാണ സഹായ പദ്ധതികളിൽ ഒട്ടേറെ അവ്യക്തതകളും സങ്കീർണതകളുമുണ്ട്.

● വിവിധയിനം ഭവനനിർമ്മാണ വായ്പകളെടുത്ത് കാലാവധി പൂർത്തിയാക്കി വായ്പ തിരിച്ചടച്ചവർക്ക് ഭൂമിയുടെ രേഖകൾ തിരിച്ചു കിട്ടുന്നതിൽ കാലതാമസം നേരിടുന്നു.

● തുച്ഛമായ ഭൂമിയുടെ കൈവശാവകാശമുള്ളവർക്ക് വീട് നിർമ്മിക്കാൻ കെട്ടിടനിർമ്മാണച്ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

● ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ സഹായ പദ്ധതികളുടെ തുക അപര്യാപ്തമാണ്. മാത്രവുമല്ല വിവിധ ഗഡുക്കളായി വിതരണം ചെയ്യുന്നതുമൂലം ഈ തുക യഥാവസരം വീട് പണിക്ക് സഹായകമായി തീരുന്നില്ല.

● ലക്ഷം വീടുകൾ ഭൂരിഭാഗവും ജീർണ്ണിച്ചതും വേണ്ടത്ര വാസയോഗ്യമല്ലാത്തതുമാണ്.

● മേപ്പയൂർ കോ-ഓപ് ഹൌസിംഗ് സൊസൈറ്റിയിൽ നിന്ന് താഴ്ന്ന വരുമാനമുള്ളവർക്ക് വായ്പ ലഭിക്കുന്നില്ല.

● ഭൂരഹിതർക്കുള്ള 4 സെൻറ് കോളനികൾ ചില നിർദിഷ്ഠ പ്രദേശങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുന്നതുമൂലം ദൂരെ നിന്ന് വന്ന് താമസിക്കുന്നവർക്ക് തൊഴിൽ മേഖല ഉൾപ്പെടെയുള്ള നിത്യജീവിതരംഗത്ത് ഇണങ്ങിച്ചേരാൻ കഴിയുന്നില്ല.

● കോളനികളിൽ അടിസ്ഥാന ജീവിത സ്വകര്യങ്ങളില്ല.

● ഓലയുടെ ക്ഷാമവും, താങ്ങാനാവത്ത വിലയും വീടുകെട്ടി മേയുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു,

● വയൽ നികത്തി വീടുപണിയുന്ന പ്രവണത വർദ്ധിച്ചു വരുന്നത് നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ:

● വിവിധ സർക്കാർ ഏജൻസികൾ മുഖേന ദുർബ്ബലവിഭാഗങ്ങൾക്കും നിർദ്ധനകർക്കും നൽകിവരുന്ന ഭവനനിർമ്മാണ സഹായ പദ്ധതികൾ ഏകീകരിക്കുകയും, ധനസഹായത്തിൻെറ തുക വർദ്ധിപ്പിക്കുകയും, ഇതിൻെറ 50% എങ്കിലും മുൻകൂർ നൽകിയശേഷം ബാക്കി തുക നിർദ്ദിഷ്ട ഗഡുക്കളായി യഥാവസരം വിതരണം ചെയ്യുകയും വേണം. ഭവനനിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും, സഹായധനം വിതരണം ചെയ്യാനുമുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപിക്കണം.

ഭവനനിർമ്മാണ പദ്ധതികളിൽ വിധവകൾ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണം.

● സ്വന്തമായി ഭൂമിയുള്ള നിർദ്ധന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാനുള്ള ധനസഹായം ജാതിപരിഗണന കൂടാതെ ലഭ്യമാക്കണം.

● ലക്ഷം വീട് കോളനികളിലും, മറ്റു കോളനികളിലും വീട് പുതുക്കിപ്പണിയാനും, വീടുകൾ നിർമ്മിച്ചു കൊടുക്കാനും ● പദ്ധതി കൾ ആവിഷ്കരിക്കുകയും, ഓരോ കോളനികളിലായി ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

● മേപ്പയൂർ ഹൗസിംഗ് സൊസൈറ്റിയുടെ വായ്പാ പദ്ധതികളിൽ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ

● വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

● പ്രധാന റോഡരുകിലല്ലാതെ സ്ഥിതിചെയ്യുന്നതും, 10 സെൻറിൽ താഴെ കൈവശഭൂമിയുള്ളവരുടെതുമായ സ്ഥലങ്ങളിൽ വീട് നിർമിക്കുമ്പോൾ അവരെ കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കുക.

● കോളനികളിൽ നിർമ്മിക്കുന്ന വീടുകളുടെ പ്ലാൻ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കുക.

● പഞ്ചായത്തിലെ ഭൂരഹിത കുടുംബങ്ങളുടെ സ്ഥിതി വിവരണക്ക് സർവ്വേയിലൂടെ നിജപ്പെടുത്തി ഓരോ വാർഡിലും ചെറിയ പ്ലോട്ടുകൾ വിലയ്ക്കെടുത്ത് ഭൂരഹിതർക്ക് കഴിയുന്നതും അവരിപ്പോൾ താമസിക്കുന്ന പ്രദേശങ്ങളിൽ തന്നെ ഭൂമിവിതരണം ചെയ്യുക.

● നാലുസെൻറ് കോളനികളിൽ ഭൂമി പതിച്ചുകിട്ടിയവർ തന്നെയാണ് താമസിക്കുന്നതെന്നുറപ്പ് വരുത്തുകയും അല്ലാത്തപക്ഷം അത്തരം പ്ലോട്ടുകൾ മറ്റ് അർഹരായവർക്ക് വിതരണം ചെയ്യുകയും വേണം.

● കോളനകിളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുകയും വീടുകൾ വൈദ്യുതീകരിക്കുകയും സ്ട്രീറ്റ് ലൈറ്റുകൾ ഏർപ്പെടുത്തകയും, ശുദ്ധജലമെത്തിക്കുകയും ചെയ്യുക.

● സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്നവർക്ക് വീട് ഓട് മേയാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

നെൽവയലുകൾ നികത്തി നിർമിക്കുന്ന വീടുകളുടെ പ്ലാനിന് പഞ്ചായത്ത് അംഗീകാരം നല്കാതിരിക്കുക.

● 5 ലക്ഷം രൂപയിൽ കവിഞ്ഞ തുക ചെലവഴിച്ച് നിർമ്മി

ക്കുന്ന വീടുകൾക്ക് പ്രത്യേക നികുതിച്ചുമത്തുക. ഈ തുക 10 ലക്ഷം കവിയുമ്പോൾ ഓരോ ഘട്ടങ്ങളിലും പ്രത്യേക നികുതി നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുക. പ്രസ്തുത തുക പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ സഹായത്തിനുപയോഗിക്കുക.

● പൊതുശ്മശാനത്തിന് ഇന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂപരിധി കുറക്കുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 25-30 സെന്റ് ഭൂമി വിലയ്ക്കെടുത്ത് ശ്മശാനം പണിയുകയും ചെയ്യുക.

## സാമൂഹ്യക്ഷേമം

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുഖേനയുള്ള നിരവധി സാമൂഹ്യക്ഷേമ നടപടികൾ നമ്മുടെ പഞ്ചായത്തിലും നടപ്പിലായിട്ടുണ്ടെങ്കിലും അതൊന്നും ഉദ്ദേശിച്ച ഫലം ചെയ്തതായി പറയുകവയ്യ. തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പാക്കുന്ന പദ്ധതിയും ഇക്കൂട്ടത്തിൽ പെടും. വിവിധ ഏജൻസികൾ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ വലിയ തോതിൽ ലഭ്യമാവുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് നടപ്പിലാക്കിവരുന്ന ഒട്ടേറെ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ യഥാസമയം ഗുണഭോക്താക്കളിൽ എത്തുന്നില്ലെന്ന പ്രശ്നം നിലവിലുണ്ട്. വിവിധ ഏജൻസികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ തമ്മിൽ ഏകീകരണവുമില്ല.

സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ ചുവടെ:

1. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
2. വിവിധ പദ്ധതികൾ തമ്മിൽ ക്രോഡീകരണമില്ലായ്മ
3. ക്ഷേമനിധിയിൽ അതത് അംഗത്തെ തൊഴിലാളികളെ മുഴുവൻ അംഗമാക്കാൻ കഴിയായ്മ
4. ബന്ധപ്പെട്ട ഓഫീസുകൾ ബ്ലോക്ക്-ജില്ലാ കേന്ദ്രങ്ങളിലും മേഖലാ കേന്ദ്രങ്ങളിലുമായതിനാൽ വിവരങ്ങളറിയാനും, പ്രശ്ന പരിഹാരത്തിനും ഏറെക്കാലമെടുക്കുന്നു.
5. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ സംഭവിക്കുന്ന പിഴവ്.

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിന് കീഴിൽ മേപ്പയ്യൂർ, കൊഴുക്കല്ലൂർ വില്ലേജുകളിലൂടെയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വലിയൊരു ഭാഗവും നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നത്. ഈ രണ്ട് വില്ലേജുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു.

### ഐ. ആർ. ഡി. പി. (IRDP)

നമ്മുടെ പഞ്ചായത്തിൽ 41 മുതൽ 50 ശതമാനം വരെയുള്ള കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണക്കാക്കിയിരിക്കുന്നു. ഇവരെ ലക്ഷ്യം വെച്ചുകൊണ്ട് നടപ്പാക്കുന്ന ഐ. ആർ. ഡി. പി പദ്ധതിയിൽ ഇവരുടെ രണ്ട് ശതമാനം മുതൽ മൂന്ന് ശതമാനത്തോളം വരുന്ന കുടുംബങ്ങളിൽ മാത്രമേ ഒരു വർഷം സഹായമെത്തിക്കാൻ കഴിയുന്നുള്ളു. ഓരോ കുടുംബത്തിന്റെയും സാദ്ധ്യതയും വൈദഗ്ധ്യവും പരിഗണിച്ച് ജീവനോപാധികൾ നല്കി സ്ഥായിയായ കുടുംബവരുമാനവർദ്ധനവിനുള്ള പദ്ധതികൾ ബാങ്കുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ ഐ. ആർ. ഡി.പി സഹായം ലഭിച്ചവരുടെ വിശദവിവരം ചുവടെ.

| വർഷം | സഹായം ലഭിച്ച SC-ST | സഹായം ലഭിച്ച ആകെ കുടുംബം | ഒരു കുടുംബത്തിന് ലഭിച്ച തുക രൂപ |
|---|---|---|---|
| 1992-93 | 7 | 50 | 7640 |
| '93-94 | 10 | 55 | 9073 |
| '94-95 | 7 | 61 | 13967 |
| '95-96 | 15 | 37 | 16459 |

ഐ. ആർ. ഡി.പി സർവേ അനുസരിച്ച് 1995 ൽ 2393 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം താരതമ്യേന കുറവാണെന്ന വസ്തുത നിലവിലിരിക്കേ തന്നെ 95-96 ൽ അത്കുത്തനെ കുറയുകയും ചെയ്തു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മേപ്പയൂർ ശാഖയാണ് ഐ. ആർ. ഡി. പി വായ്പാ വിതരണം ചെയ്യുന്നത്. മേപ്പയൂർ സർവ്വീസ് സഹകരണ ബാങ്ക് ഇത്തരം വായ്പ ഇപ്പോൾ നല്കുന്നില്ല. ഐ. ആർ. ഡി. പി വായ്പാ വിതരണം ചെയ്യുന്നതിൽ ബാങ്കുകൾ വേണ്ടത്ര താല്പര്യം കാണിക്കന്നില്ലെന്ന പരാതി നിലവിലുണ്ട്. വിതരണം ചെയ്ത ഐ. ആർ. ഡി. പി വായ്പയിൽ സിംഹഭാഗവും കുടിശ്ശികയായി നിലനിലൽക്കുകയാണെന്ന യാഥാർത്ഥ്യം കൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിൽ താഴെ പറയുന്ന ബുദ്ധമുട്ടുകളാണ് നമ്മുടെ പഞ്ചായത്തിൽ കാണുന്നത്:

(1) സ്വയം തൊഴിൽ സംരംഭം ഏറ്റെടുക്കാനുള്ള വൈദഗ്ധ്യക്കുറവ്.

2) സഹായം ഫലപ്രദമായി ഉപയോഗിക്കാതിരിക്കൽ; ഗുണഭോക്താക്കളിൽ 30-35 ശതമാനം പേർ മാത്രമേ സഹായധനം ഫലപ്രദമായി ഉപയോഗിക്കുന്നുള്ളു.

3) കടം തിരിച്ചടയ്ക്കൽ: ഗുണഭോക്താക്കളിൽ 25 ശതമാനം പേർ മാത്രമെ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നുള്ളു.

4) ഭൗതിക ലക്ഷ്യം കൈവരിക്കാനായി വൈദഗ്ദ്യവും, സാധ്യതയും പരിഗണിക്കാതെ ഗുണഭോക്താവിന് അനുയോജ്യമല്ലാത്ത സംരംഭങ്ങൾ നിർബ്ബന്ധിച്ച് ഏറ്റെടുപ്പിക്കൽ

5) വനിതായൂനിറ്റുകൾക്ക് വിപണി കണ്ടെത്താനുള്ള പ്രയാ

403

സം.

II) ട്രൈസം

ഗ്രാമീണ യുവതീ-യുവാക്കാംക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്ക് കീഴിൽ 31 പേർക്ക് നമ്മുടെ പഞ്ചായത്തിൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

ട്രൈസം പരിശീലനം ലഭിച്ചവരുടെ വിവരം

| പരിശീലന വിഭാഗം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ | മറ്റുതൊഴിലിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| വയറിംഗ് | 6 | 4 | 2 | - |
| ഓട്ടോമെക്കാനിക് | 2 | - | - | 2 |
| പ്രിൻറിംഗ് , കമ്പോസിംഗ് | 5 | 3 | - | 2 |
| ഇലക്ട്രോണിക്സ് | 2 | - | 2 | - |
| നെയ്ത്ത് | 2 | - | - | 2 |
| ആശാരിപ്പണി | 1 | 1 | - | - |
| പ്ലംബിംഗ് | 2 | 1 | 1 | - |
| ഭക്ഷ്യസംസ്കരണം | 1 | - | - | 1 |
| പേപ്പർമാല നിർമ്മാണം | 2 | - | - | 2 |
| തയ്യൽ | 2 | 2 | - | - |
| പേപ്പർ കവർ നിർമ്മാണം | 5 | 5 | - | - |
| ഷിറ്റ് മെറ്റലിംഗ് | 1 | - | - | 1 |
| ആകെ | 31 | 16 | 5 | 10 |

പരിശീലനം ലഭിച്ചവർ മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നതും പരിശീലനം ലഭിച്ചവർക്കെല്ലാം സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ കഴിയാത്തതിൻെറയും കാരണം സമഗ്രമായി പരിശോധിക്കേണ്ടതാണ്. പരിശീലനം ലഭിച്ചവർക്ക് സംരംഭങ്ങാം തുടങ്ങാനാവശ്യമായ സഹായധനം ലഭ്യമാകാത്തതാണ് ഇതിനുള്ള മുഖ്യകാരണം. പരിശീലനത്തോടൊപ്പം ഇതിനുള്ള സാഹചര്യവും ഒരുക്കി ക്കൊടുക്കണം. പ്രാദേശിക തൊഴിൽ സാധ്യതയുള്ള ട്രേഡുകളിൽ പരിശീലനം നൽകാൻ സംവിധാനമുണ്ടാകണം.

III) ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള ആധുനീക തൊഴിലുപകരണങ്ങളുടെ വിതരണം.

പരമ്പരാഗത കൈത്തൊഴിലുകാർക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനായിടൂാം കിറ്റുകാം വിതരണം ചെയ്യുന്ന പദ്ധതിയാണിത്. മരപ്പണിക്കാർ, ഇരുമ്പു പണിക്കാർ, സ്വർണ്ണപ്പണിക്കർ എന്നിവർ ഇത് ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. പദ്ധതി വിപുലീകരണം വഴി കൂടുതൽ പേർക്ക് സഹായമെത്തിക്കാൻ കഴിയണം. '92-95' കാലത്ത് 38 ടൂാം കിറ്റുകളാണ് നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്തത്.

IV) സി.ആർ.എസ്.പി. (CRSP)

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് യുനിസെഫ് മാതൃകയിൽ ഇരട്ടക്കുഴി കക്കൂസ് നിർമിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. നിരവധി കുടുംബങ്ങാംക്ക് ഇതിൻെറ സഹായം ലഭിക്കുന്നുണ്ടെങ്കിലും സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാറില്ല. മൊത്തം ചെലവുമായി താരതമ്യപ്പെടുത്തുമ്പോാം സർക്കാർ നൽകുന്ന സഹായം പരിമിതമായതാണ് ഇതിന് കാരണം. സന്നദ്ധസേവനം ഉപയോഗപ്പെടുത്താൻ സംഘടനകളും വ്യക്തികളും മുന്നോട്ട് വന്നാൽ പദ്ധതി കുറെകൂടി ഫലപ്രദമാക്കാൻ കഴിയും

V) ഡി.ഡബ്ല്യു.സി.ആർ.എ. (DWCRA)

ഗ്രാമീണ വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി നടപ്പിലാക്കുന്ന സംഘടിതതൊഴിൽ സംരംഭ പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ വളരെ ചുരുക്കം യൂനിറ്റുകാം മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളൂ. സമാനചിന്താഗതിക്കാരായ വനിതകളെ സംഘടിപ്പിക്കുന്നതിനുള്ള പ്രയാസം, നേതൃത്വത്തിൻെറ അഭാവം, മാനേജ്മെൻറ് വൈദഗ്ദ്യകുറവ് എന്നിവയാണ് മുഖ്യപ്രശ്നങ്ങാം. നമ്മുടെ പഞ്ചായത്തിൽ ഇത്തരം 6 യൂനിറ്റുകളിലായി 64 അംഗങ്ങളാണ് ഉള്ളത്.

VI പെൻഷൻ

വിധവാ പെൻഷൻ:

47 പേർക്കാണ് പഞ്ചായത്തിലിപ്പോാം ഈ പെൻഷൻ ലഭിച്ചുവരുന്നത്. അർഹരായ പലർക്കും പെൻഷൻ ലഭിക്കാത്ത പ്രശ്നം നിലവിലുണ്ട്.

കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ 189 പേർക്ക് ഈ പെൻഷൻലഭിച്ചുവരുന്നു. പെൻഷൻ വാങ്ങുന്നവരെക്കുറിച്ച് ശരിയായ പഠനം ആവശ്യമാണ്. അനർഹർക്ക് ലഭിക്കുകയും അവർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി നിലവിലുണ്ടെന്ന ആരോപണമുണ്ട്.

വികലാംഗപെൻഷൻ

ഒമ്പത് പേർക്കാണ് വികലാംഗ പെൻഷൻ ലഭിക്കുന്നത്. വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ട് ഏറെയാണ്. സർട്ടിഫിക്കറ്റ് ലഭിക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുമായി ബന്ധപ്പെടേണ്ട സ്ഥിതിയാണിപ്പോൾ. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകേണ്ടതുണ്ട്. ആകെ 325 വികലാംഗരാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

തൊഴിലില്ലായ്മാ വേതനം

തൊഴിലില്ലായ്മാ വേതനത്തെക്കുറിച്ച് പരക്കെ നിലനിൽക്കുന്ന ആവലാതി നമ്മുടെ പഞ്ചായത്തിലും ബാധകമാണ്. അനർഹരായ പലരും വേതനം കൈപ്പറ്റുന്നത് പരിശോധനക്ക് വിധേയമാക്കണം. 223 പേരാണ് തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത്.

പെൻഷൻ കൈപ്പറ്റുന്നവരുടെ വിശദാംശം പട്ടിക: 7.6

| | |
|---|---|
| വിധവാ പെൻഷൻ | 47 |
| വികലാംഗ പെൻഷൻ | 9 |
| വാർധക്യകാല പെൻഷൻ | 6 |
| ക്ഷയരോഗി പെൻഷൻ | 90 |
| കുഷ്ഠരോഗി പെൻഷൻ | 3 |
| കേൻസർ രോഗബാധിത പെൻഷൻ | 12 |
| കർഷകതൊഴിലാളി പെൻഷൻ | 189 |
| തൊഴിലില്ലായ്മാവേതനം | 223 |

അങ്കൺവാടികൾ

11 വാർഡുകളിലായി 22 അങ്കൺ വാടികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അങ്കൺവാടികളുടെ ഭൗതിക സാഹചര്യം ഇനിയുമേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

അങ്കൺവാടികളുടെ പൊതുസ്ഥിതി

| വാർഡ് | എണ്ണം | സ്വന്തമായി സ്ഥലം ഉള്ളത് | ഇല്ലാത്തത് | ആവശ്യത്തിന് കളിക്കോപ്പുകളുള്ളത് | ഇല്ലാത്തത് |
|---|---|---|---|---|---|
| 1 | 2 | 1 | 1 | - | - |
| 2 | - | - | - | - | - |
| 3 | 2 | 2 | - | - | - |
| 4 | 4 | 4 | - | - | - |
| 5 | 2 | 1 | 1 | - | - |
| 6 | - | - | - | - | - |
| 7 | 3 | 2 | 1 | - | - |
| 8 | 3 | 3 | - | - | - |
| 9 | 2 | 2 | - | - | - |
| 10 | 2 | 2 | - | - | - |
| 11 | 2 | 2 | - | - | - |
| ആകെ | 22 | 19 | 2 | - | - |

ഇതിൽ 7ാം വാർഡിലെ ചങ്ങരംവെള്ളി മാതൃകാ അംഗൻവാടിയായി സർക്കാർ അംഗീകരിച്ച് ധനസഹായത്തോടെ കെട്ടിടം നിർമ്മിച്ചതാണ്.

ക്ഷേമനിധികളിൽ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി മാത്രമേ നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായുള്ളു. ഇതിൽ തന്നെ അർഹതപ്പെട്ട മുഴുവൻ തൊഴിലാളികളും അംഗങ്ങളുമല്ല. പഞ്ചായത്തിൽ രണ്ട് പേർക്ക് ഇപ്പോൾ ഈ പദ്ധതി അനുസരിച്ച് പെൻഷൻ ലഭിക്കുന്നുണ്ട്. ആഭരണത്തൊഴിലാളി ക്ഷേമനിധി കൈത്തൊഴിലാളി വിദഗ്ദ തൊഴിലാളിക്ഷേമനിധി എന്നിവയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്.

റേഷൻ കട (പൊതുവിതരണകേന്ദ്രം)

ഏഴ് റേഷൻകടകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 1995-96 ൽ 3544 കാർഡുടമകളാണ് ഉള്ളത്. റേഷൻ കാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഇപ്പോൾ സപ്ളൈ ആപ്പീസിലാണ് പരിഹാരം കാണുന്നത്. ഇതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

മാവേലിസ്റ്റോർ:

പഞ്ചായത്തിലിപ്പോൾ ഒരൊറ്റ മാവേലി സ്റ്റോറുമില്ല. മേപ്പയൂർ ടൗണിൽ നല്ല നിലയിൽ പ്രവർത്തിച്ചു കൊണ്ടി

രുന്ന മാവേലി സ്റ്റോർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി വേണം.

ഗ്രാമസഭയിൽ നിന്നുയുർന്നുവന്ന പ്രശ്നങ്ങൾ:

● IRDP ലിസ്റ്റിൽപ്പെട്ട അർഹതയുള്ളവർക്ക് ബാങ്കു വായ്പ ലഭിക്കുന്നില്ല.

● ക്ഷേമ പദ്ധതികളിൽ പലതിന്റെയും നടത്തിപ്പ് കാര്യക്ഷമവും കുറ്റമററതുമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഒട്ടേറെ പാകപ്പിഴവുകൾ നിലനിൽക്കുന്നു.

● ക്ഷേമ നിധികളിലേക്കുള്ള തൊഴിലാളികളുടെ വിഹിതം ദേശസാൽകൃത ബാങ്കുകളിൽ മാത്രമേ അടയ്ക്കാൻ പാടുള്ളുവെന്ന നിബന്ധന പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

● ഗുരുതരവും, ചികിത്സക്ക് വൻ സാമ്പത്തിക ബാദ്ധ്യതവരുന്നതുമായ രോഗങ്ങൾ ബാധിക്കുന്ന പാവപ്പെട്ട രോഗികൾക്ക് ചികിത്സക്ക് സഹായങ്ങൾ ലഭിക്കുന്നില്ല.

● വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായതുക അപര്യാപ്തമാണ്. ഇതുതന്നെ ലഭിക്കാൻ അനാവശ്യമായ കാലതാമസം നേരിടുന്നു.

തുല്യജോലിചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാർക്ക് ലഭിക്കുന്നത്രയും കൂലി ലഭിക്കുന്നില്ല.

● സാമൂഹ്യക്ഷേമം ലക്ഷ്യമാക്കിയുള്ള പല പദ്ധതികളെക്കുറിച്ചും ഗുണഭോക്താക്കൾ യഥാവസരം അറിയുന്നില്ല.

● പൊതുവിതരണ കേന്ദ്രങ്ങൾ ചില പ്രധാന ഏരിയകളിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ കാർഡുടമകൾ റേഷൻ വസ്തുക്കൾക്കായി ദീർഘദൂരം പോവേണ്ടിവരുന്നു.

● തൊഴിലില്ലായ്മാവേതനം അനർഹരായ ചിലരെങ്കിലും കൈപ്പറ്റുന്നുണ്ട്.

● അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ തീരെ പരിമിതങ്ങളും, അപര്യാപ്തവുമാണ്. ആവശ്യത്തിന് കളിക്കോപ്പുകൾ മിക്ക അംഗൻ വാടികളിലുമില്ല.

നിർദ്ദേശങ്ങൾ:

● സാമൂഹ്യക്ഷേമത്തിന് ഊന്നൽ നൽകിവിതരണം ചെയ്യുന്ന വിവിധ പെൻഷനുകളുടെയും, സാമ്പത്തിക സഹായങ്ങളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും, വിതരണം ചെയ്യാനുമുള്ള ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏൽപിക്കുകയും, ഇവയുടെ പരിശോധനക്കും, വിലയിരുത്തലിനും പഞ്ചായത്ത് തല ജനകീയ സമിതികൾ രൂപീകരിക്കുകയും ചെയ്യുക. ഇവയുടെ വിതരണങ്ങളിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കുക.

● സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഗുണഭോക്താക്കളിൽ യഥാവസരം എത്തിക്കാൻ കഴിയും വിധം ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, പദ്ധതികൾ നടപ്പിലാക്കുമ്പോൾ അറിയിപ്പുകൾ മുൻകൂട്ടി പൊതു സ്ഥാപനങ്ങളിൽ പതിക്കുകയും ചെയ്യുക.

● വിവിധ ക്ഷേമ നിധികളിലേക്കുള്ള തൊഴിലാളികളുടെ വിഹിതം തൊട്ടടുത്തുള്ള സഹകരണ സ്ഥാപനങ്ങളിൽ അടയ്ക്കാൻ സൗകര്യം ഉണ്ടാക്കുക

● കർഷകതൊഴിലാളി ക്ഷേമനിധിയിലേക്ക് ഭൂവുടമകളിൽ നിന്ന്

● അംശാദായം സ്വീകരിക്കുക.

● വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായധനതുക വർദ്ധിപ്പിക്കുകയും, ഇത് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, ഇന്ന് ഇത് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

● സ്വയം തൊഴിൽ കണ്ടെത്താനുള്ള സഹായധനം നൽകുമ്പോൾ വിധവകൾക്ക് പ്രത്യേക പരിഗണന നൽകുക.

തുല്യ ജോലിചെയ്യുന്ന സ്ത്രീകൾക്കും പുരുഷന്മാർക്ക് നൽകുന്ന കൂലി തന്നെ ലഭിക്കാൻ നടപടികൾ ഉണ്ടാവണം.

● തൊഴിലിയായ്മാ വേതനം അർഹതയുള്ളവർ മാത്രമെ കൈപ്പറ്റുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുക.

● ഗുരുതരവും, വൻ സാമ്പത്തിക ബാദ്ധ്യത വരുന്നതുമായ മാരക രോഗങ്ങൾ ബാധിച്ച പാവപ്പെട്ടവർക്ക് പഞ്ചായത്ത് മുഖേന ധന സഹായം അനുവദിക്കുക. പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ പഞ്ചായത്ത് മുഖേന അയക്കുകയും, സഹായധനം പഞ്ചായത്ത്മുഖേന അനുവദിക്കുകയും ചെയ്യുക

● സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ അനുവദിക്കുക.

● അംഗൻ വാടികളുടെ അറ്റകുറ്റപ്പണികർക്കും, സാമൂഹ്യ ക്ഷേമവകുപ്പ് വിതരണം ചെയ്യുന്ന പോഷകാഹാരത്തിന് പുറമെ ആഹാരസാധനങ്ങൾ വിതണം ചെയ്യാനും, അംഗൻവാടിയുടെ ഭൗതികസാഹചര്യങ്ങളുയർത്താനും, കളിക്കോപ്പുകൾ വാങ്ങാനും വർഷം തോറും പഞ്ചായത്ത് ഒു നിശ്ചിത തുക നീക്കി വെയ്ക്കുക.

● അംഗൻവാടിയുടെ ഗുണഭോക്ത മേഖലയിലുള്ള അർഹരായവർക്കെല്ലാം ഗുണഫലങ്ങൾ ലഭിക്കുന്നുവെന്നുറപ്പു വരുത്തുക.

● അംഗൻ വാടികളോടനുബന്ധിച്ച് കിണർ കുഴിക്കാനാവശ്യമായ ഭൂമി സ്വന്തമായുള്ള അംഗൻ വാടികൾക്ക് കിണർ കുഴിക്കാൻ മൊത്തം ചെലവിന്റെ പകുതിയെങ്കിലും പഞ്ചായത്ത് വഹിക്കുകയും, ബാക്കി പ്രാദേശികമായ മനുഷ്യാധ്വാനത്തിലൂടെ സംഭരിക്കുകയും ചെയ്യുക.

● അംഗൻ വാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.

● നിലവിലുള്ള റേഷൻ ഷാപ്പുകൾ കാർഡുടമകൾക്ക് പരമാവധി സൗകര്യപ്രദമായ വിധത്തിൽ ദൂരപരിധികുറച്ച് മാറ്റി സ്ഥാപിക്കുക.



# 11

# സംസ്കാരം കായികരംഗം

## സാംസ്കാരികരംഗം

സജീവമായ സാംസ്കാരിക ധാരസ്സോളി പരത്തുന്ന ഈ ഗ്രാമത്തിന് ഒരു പാട് പറയാനുണ്ട്; നേരിന്നുറവതേടി, തീക്ഷ് ണാനുഭവങ്ങളുടെ മൂശമൂനകളാൽ, കാലം കൽപിച്ച ദൗത്യങ്ങളിൽ നിന്നുറവപൊട്ടിയ പ്രവാഹങ്ങളെകുറിച്ച്.......

അനുഗ്രഹീതരായ പ്രതിഭകൾക്ക് ജന്മമേകിയമണ്ണാണിത്. കലയുടെ അനന്തസാധ്യതകളെകുറിച്ച് ബോധവാന്മാരായ ഒരു തലമുറ നമുക്കു മുമ്പേ കടന്നു പോയിരിക്കുന്നു; ഇ.രാമൻ മാസ്റ്റർ, പാണിശ്ശേരി കുഞ്ഞമ്മദ് മാസ്റ്റർ, വാകയാട്ടില്ലത്ത് ദാമോദരൻ എമ്പ്രാന്തിരി, ആച്ചിക്കുളങ്ങര ഉക്കാരൻ
നമ്പ്യാർ; എം.കെ.ചാപ്പൻനായർ,·········

അംഗീകാരത്തിൻെറ ബഹുമാന വേദികളിൽ പയ്യൂരിൻെറ നാമം കോറിയിട്ട സർഗ്ഗ ചേതനകൾ- നാടൻ കലകളിൽ, അനുഷ്ഠാന കലകളിൽ, ക്ലാസിക് കലാശാഖയിൽ, പത്രപ്രവർത്തരംഗത്ത്, കഥാപ്രസംഗകലയിൽ, യുവജനോത്സവ വേദികളിൽ,കാവ്യനഭസ്സിൽ, സാഹിത്യ വേദിയിൽ, കായിക കളരിയിൽ, ചെസ് കരുനീക്കങ്ങളിൽ, സാമൂഹ്യ സേവനമേഖലകളിൽ.... നമുക്ക് അഭിമാനിക്കാം. ആളറിയും പ്രതിഭകൾ ഇവിടെ ജനിച്ചതിൽ; വളർന്നതിൽ !!

ഭക്തിയിലും സക്തിയിലും അധിഷ്ഠിതമായ ഒരു സാംസ്ക്കാരിക പാരമ്പര്യം നമ്മുടെ ഗ്രാമത്തിനവകാശപ്പെടാനുണ്ട്. വിവിധ ചൈതന്യങ്ങൾ പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്ര ങ്ങളും, പള്ളികളും വൈവിധ്യ പൂർണ്ണമായ നാടൻ കലാരൂപങ്ങളും ഇതാണ് തെളിയിക്കുന്നത്. മേപ്പയൂർ ടൗണിലെ മങ്ങാട്ടുമ്മൽ പരദേവതാ ക്ഷേത്രം, മഠത്തുംഭാഗത്തെ കണ്ഠ മനശാല മഠം ഭഗവതീക്ഷേത്രം, കാട്ടു മാടം ക്ഷേത്രം. കൊഴുക്കല്ലൂർ ചെറുശ്ശേരി ഭഗവതി ക്ഷേത്രം, കൊഴുക്കല്ലൂർ ശിവക്ഷേത്രം; നിടുമ്പൊയിൽ കുളങ്ങര പരദേവതാ കേശത്രം, കായലുകണ്ടി ക്ഷേത്രം; ചാവട്ടെ സുബ്രഹ്മണ്യ ക്ഷേത്രം, കൊക്കർണി ഗുരുസി ക്ഷേത്രം, കീഴ്പ്പയൂർ കുനിയിൽ അമ്പലം, വിളയാട്ടൂർ പുതിയെടുത്ത് ക്ഷേത്രങ്ങൾ, അയിമ്പാടി ക്ഷേത്രം എന്നിങ്ങനെ അനേകം ക്ഷേത്രങ്ങൾ ഉണ്ട് ഈ ഗ്രാമത്തിൽ. ചാവട്ടെ സുബ്രഹ്മണ്യക്ഷേത്രം, കൊഴുക്കല്ലൂർ ശിവക്ഷേത്രം എന്നിവിടങ്ങളിൽ മാത്രമാണ് പുരുഷ ശക്തി പ്രതിഷ്ഠിതമായിരിക്കുന്നത്. കൊക്കർണിയിൽ താന്ത്രിക മതത്തിൻെറ അവശേഷങ്ങളാണ് കാണാനാവുന്നത്. അയിമ്പാടി ക്ഷേത്രത്തിലെ പ്രതിഷ്ഠ ഒരു മനുഷ്യദൈവമാണ്. മറ്റു ക്ഷേത്രങ്ങൾ മാതൃദേവതാ രൂപങ്ങളെ ആരാധിക്കാനുള്ള മന്ദിര ങ്ങളാണ്. സ്ത്രൈണ ശക്തിയുടെ ആരാധന കാർഷിക സമൂഹങ്ങളുടെയും ജീവിത രീതിയുടെയും പ്രകാശനമാണ്.

മതവിശ്വാസത്തിൻെറ അനുഷ്ഠാനപരവും ദാർശനികവുമായ വശങ്ങൾ ഈ പ്രദേശത്തും പ്രചാരത്തിലുണ്ടായിരുന്നു. ക്ഷേത്രങ്ങൾ അനുഷ്ഠാന കേന്ദ്രങ്ങൾ ആയിരുന്നു. അതേ സമയം ദാർശനിക കേന്ദ്രങ്ങളായ യോഗീമഠങ്ങളും നിലവിലുണ്ടായിരുന്നതായി യോഗീമഠമെന്ന് (ചോയി മടം) പേരുള്ള ഭവനങ്ങൾ തെളിയിക്കുന്നു. കേരളത്തിൻെറ ഇതരഭാഗങ്ങളിൽ കാണുന്നത് പോലെ ബൗദ്ധ-ജൈനവിശ്വാസങ്ങൾക്ക് പയ്യോർമല പ്രദേശത്ത് സ്വാധീനമുണ്ടായിരുന്നോ എന്ന് സംശയം

## സാമൂഹ്യബന്ധങ്ങൾ

ജന്മി-കുടിയാൻ ബന്ധത്തിലധിഷ്ഠിതമായ സാമൂഹ്യ സാമ്പത്തിക ബന്ധങ്ങളാണ് 1970 കൾ വരെ ഗ്രാമത്തിൽ നിലനിന്നിരുന്നത്. മേൽ ജാതിക്കാരായ ജന്മിമാരും കീഴ് ജാതിക്കാരായ അടിയാളന്മാരുമടങ്ങിയ സാമൂഹ്യ ബന്ധം അടിച്ചമർത്തലിൽ അധിഷ്ഠിതമായിരുന്നു. ദേശീയ-പ്രസ്ഥാനമായ കോൺഗ്രസ്സിൻെറയും പിന്നീട് കർഷക-കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറയും ശക്തമായ

ഇടപെടലിലൂടെയാണ് ഈ ദുരാചാരത്തിന് അറുതി വന്നത്.

### നാടൻ കലകൾ

പരിശക്കളി, വട്ടക്കളി, പുരക്കളി, കോൽക്കളി കുതിരക്കോലം, മലയൻ പാട്ട് തുടങ്ങിയ വൈവിധ്യമാർന്ന നാടൻ കലാരൂപങ്ങളുടെ മുഖ്യവിഷയം ഭക്തിയും വിശ്വാസവുമായിരുന്നെങ്കിലും ചില കലാസൃഷ്ടികൾ എങ്കിലും ജനജീവിതത്തിൻെറ തുടിപ്പുകൾ ഉൾക്കൊണ്ടിരുന്നു. ഗർഭിണികളെ പ്രേതബാധകളിൽ നിന്ന് സംരക്ഷിക്കുന്നതിന് നടത്തിയിരുന്ന ബലിക്കളയുടെ ഭാഗമായി ആലപിച്ചിരുന്ന മാരൻപാട്ട് നാടൻ കലാരൂപങ്ങളിലനാവൃതമാവുന്ന ജീവിതാസക്തിയുടെ ആവിഷ്ക്കാരമത്രേ!

"എന്തായി തത്തമ്മേ മാരൻ വരാത്തത്
നാളെ വരുമെന്ന് ചൊല്ല്യുട്ട് കസക
ഇന്നൻെറ മാരൻ വരുമെന്നും കേട്ടിററ്
കാക്കണ്ണിചക്കര കടം കൊണ്ടും വച്ചിറ്റ്
എന്നിറ്റും ബന്നില്ല പോയൊരു മാരനും"

തോറ്റങ്ങളും, തെയ്യങ്ങളും അനുഷ്ഠാനപരമായ കലകൾ ആയിരുന്നു. തെയ്യം, വെളിച്ചപ്പാട്ട് തുടങ്ങിയ നൃത്തം, ചിത്രമെഴുത്ത്,സംഗീതം തുടങ്ങിയ വിവിധ കലാരൂപങ്ങളുടെ സമന്വയമാണ്. ഈ ക്ഷേത്ര കലകളോടൊപ്പം 'ദഫ്മുട്ട്'ഒപ്പന, മാപ്പിളപ്പാട്ട് തുടങ്ങിയ മുസ്ലീം കലാരൂപങ്ങളും നമ്മുടെ പഞ്ചായത്തിൽ പണ്ടു മുതൽക്കേ പ്രചാരത്തിൽ ഉണ്ടായിരുന്നു.

### ചെറുവട്ടാട്ട് സംഘം

സമ്പന്നമായ നാടൻ കലാ പാരമ്പര്യത്തെ ലഘു പ്രവാഹങ്ങൾ എന്നാണ് കലാചരിത്രകാരന്മാർ വിളിക്കുന്നത്. കലാരംഗത്തെ മഹാപ്രവാഹങ്ങളായി അവർ പരിഗണിക്കുന്നത് വ്യവസ്ഥാപിത കലാ-സാഹിത്യ സങ്കേതങ്ങളെയാണ്. ചെറുവട്ടാട്ടു കഥകളി സംഘത്തിൻെറയും നാടകസംഘത്തിൻെറയും ശ്ലാഘനീയമായ പ്രവർത്തനങ്ങൾ മേപ്പയൂരിൻെറ സാംസ്ക്കാരിക ചരിത്രത്തിൽ അവിഭാജ്യ ഭാഗമാണ്. കഥകളി കിരീട നിർമാണത്തിന് ഇന്ത്യൻ പ്രസിഡൻറിൻെറ അവാർഡ് ലഭിച്ച മണാട്ട് ഗോവിന്ദൻ നായർ നമ്മുടെ ഗ്രാമത്തിൻെറ അഭിമാനമാണ്. അദ്ദേഹത്തിൻെറ നിർമ്മിതികൾ
ദൽഹിയിലെ നാഷനൽ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നുണ്ടെന്ന് "മേപ്പയൂരിൻെറ ചാരിതാർത്ഥ്യമാണ്"

### നാടകം

മേപ്പയൂരിൻെറ നാടകപാരമ്പര്യം 1920 കളിൽ തന്നെ പ്രശസ്തമായിരുന്നു. അക്കാലത്ത് പത്തു ദിവസം തുടർച്ചയായി ഒരു സംഘം മേപ്പയൂരങ്ങാടിക്കടുത്ത് നാടകപ്രദർശനം നടത്തിയിരുന്നു

ദേശീയ പ്രസ്ഥാനത്തിൻെറയും കർഷക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറയും ഭാഗമായി, സാമൂഹികാനാചാരങ്ങൾക്കെതിരെ കല ശക്തമായ ഒരായുധമായി ഉപയോഗിക്കപ്പെട്ടു. നാടകം, സംഗീതം എന്നീ രംഗങ്ങളിലാണ് വലിയ മുന്നേറ്റം ഉണ്ടായത്. ഇതിന് നേതൃത്വം നൽകിയതിൽ പ്രമുഖൻ ഇ. രാമൻ മാസ്റ്റർ ആയിരുന്നു.

1936-ൽ ഇ.രാമൻ മാസ്റ്റർ സംവിധാനം ചെയ്ത പട്ടിണിയോ പാരതന്ത്ര്യമോ?" എന്ന നാടകം ടിക്കറ്റ് വെച്ച് അവതരിപ്പിച്ചു. ഇതിൽ നിന്ന് കിട്ടിയ വരുമാനം കൊണ്ടാണ് ഇന്നത്തെ പബ്ലിക്ക് ലൈബ്രറി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൻെറ തറ കെട്ടിയുണ്ടാക്കിയത്.

1951 ൽ വിളയാട്ടൂർ എളമ്പിലാട് മാപ്പിള യു.പി.സ്ക്കൂളിൻെറ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇ. രാമൻ മാസ്റ്റർ സംവിധാനം ചെയ്ത 'അബ്ദുൾ റസാക്ക്' എന്ന നാടകമാണ് നാടകത്തിൻെറ ചരിത്രത്തിൽ എടുത്ത് പറയത്തക്കതായ ഒരു സംഭവം.

1977 ൽ കോഴിക്കോട് ജില്ലാ പുരോഗമന കേന്ദ്ര കലാസമിതിയുടെ കൊയിലാണ്ടി താലൂക്ക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ നാടകസെമിനാറും നാടകോത്സവവും പഞ്ചായത്തിലെ നാടകരംഗത്തെ സമ്പുഷ്ടമാക്കി.

### വായനയും ഗ്രന്ഥശേഖരണവും

വേഗതയുടെ സാമൂഹ്യക്രമം, വായനയുടെ പ്രാധാന്യം കുറയ്ക്കുന്നുവോ? അങ്ങനെ വേണം അനുമാനിക്കാൻ (പത്രപ്രസിദ്ധീകരണങ്ങളുടെ പഠനം ശ്രദ്ധിക്കുക, പട്ടിക 2) പാരായണത്തിൻെറ ഗുണമേന്മ യിൽ കുറവുണ്ടായിട്ടുണ്ട്. ടെലിവിഷൻെറ പ്രചാരം ഗൗരവപൂർണമായ വായനയിൽ നിന്ന് ജനങ്ങളെ അകററി നിർത്തുന്നുണ്ട്. എങ്കിലും ഗ്രന്ഥപാരായണത്തെ ഗൗരവമായി സ്വീകരിച്ചിട്ടുള്ളവരും സ്വന്തമായി അനേകം പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ളവരുമായ വ്യക്തികൾ നമ്മുടെ ഗ്രാമത്തിലുണ്ട്.

അറിയപ്പെടുന്ന വാദ്യ വിദഗ്ദ്ധന്മാർ നമ്മുടെ ഗ്രാമത്തിലുണ്ട് . ഇവർ ചെണ്ടവാദ്യത്തിലെ മർമ്മമറിഞ്ഞവർ; മേളസങ്കേതങ്ങളുടെ വ്യത്യസ്തതലങ്ങളെ തൊട്ടറിഞ്ഞവരുമത്രെ?

## ദൃശ്യ-ശ്രാവ്യമാധ്യമം

### റേഡിയോ ടെലിവിഷൻ സ്ഥിതിവിവരകണക്ക് - 96

| No. | ടെലിവിഷൻ | | ടിവി. ആകെ | റേഡിയോ | മറ്റുള്ളവ |
|---|---|---|---|---|---|
| | ബ്ലാക്ക് & വൈറ്റ് | കളർ | | | |
| 1 | 1 | 24 | 25 | 320 | പഞ്ചായത്തിൽ ആകെ ഉപയോഗിക്കുന്ന ഡിഷ് ആൻറിനകളുടെ എണ്ണം 15 സിനിമാ തിയ്യറ്ററുകൾ - 1 |
| 2 | 2 | 12 | 14 | 203 | |
| 3 | 4 | 48 | 52 | 265 | |
| 4 | 6 | 57 | 63 | 360 | |
| 5 | 5 | 47 | 52 | 296 | |
| 6 | 7 | 58 | 65 | 261 | |
| 7 | 12 | 35 | 47 | 211 | |
| 8 | 9 | 29 | 38 | 297 | |
| 9 | 3 | 13 | 16 | 244 | |
| 10 | 5 | 40 | 45 | 275 | |
| 11 | 2 | 50 | 52 | 211 | |
| പഞ്ചായത്തിൽ ആകെ | 26 | 389 | 475 | 2949 | |

| | ദിനപത്രം | ആകെ പത്രത്തിൻെറ എത്ര | വാരിക മാസിക | ആകെ ആനുകാലികങ്ങളുടെ എണ്ണം | ജനസംഖ്യയുടെ എത്ര[redacted] % വാങ്ങുന്നു |
|---|---|---|---|---|---|
| മാതൃഭൂമി | 285 | 29 | 40 | 3.96 | 3.85 % |
| മലയാള മനോരമ | 280 | 284 | 500 | 49.5 | |
| കൗമുദി | 80 | 8.1 | 40 | 3.96 | |
| ദേശാഭിമാനി | 180 | 18.2 | 30 | 2.97 | |
| മാധ്യമം | 35 | 3.6 | - | - | |
| ചന്ദ്രിക | 25 | 2.5 | 250 | 24.7 | |
| മംഗളം | 25 | 2.5 | 250 | 24.7 | |
| ഇൻഡ്യൻ എക്സ്പ്രസ് | 35 | 3.6 | - | - | |
| കേരളശബ്ദം | - | - | 25 | 2.47 | |
| ഇന്ത്യാടുഡേ | - | - | 15 | 1.5 | |
| മറ്റുള്ളവ | 40 | 4.1 | 110 | 10.9 | |
| | 985 | | 1010 | | |

പോയ കാല പൈതൃകത്തിൻെറ ഉള്ളറകളിലേക്ക് ആഴ്ന്നിറങ്ങിനിന്ന സംസ്ക്കാരത്തിൻെറ അടിവേരിളകാതെ കാത്തുസൂക്ഷിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടുണ്ട്. വിഭാഗീയതയുടെ ചോരച്ചാലിറങ്ങി വികൃതമാക്കപ്പെട്ട സംസ്കാരത്തിൻെറ കറുത്ത മുഖം നാം വായിച്ചറിയുകയേ ചെയ്തിട്ടുള്ളു. സാഹോദര്യത്തിൻെറ ഉന്നതമൂല്യങ്ങൾ കെടാക്കനലായി സൂക്ഷിക്കാൻ നിതാന്തജാഗ്രതപുലർത്തുന്ന രാഷ്ട്രീയ നേതൃത്വവും സേവനതത്പരതമാത്രം കൈ മുതലാക്കി പ്രവർത്തിക്കുന്ന നിരവധി കാലാസാംസ്കാരിക സംഘടനകളും നമുക്കിടയിലുണ്ട്. അരുതാത്തത് കത്തിത്തുടങ്ങുമ്പോൾ തന്നെ തല്ലികെടുത്താൻ ഒരു മനസ്സോടെ ഓടിയെത്തുന്ന ജനസഞ്ചയം മറ്റെല്ലാഭിന്നതകളും മറക്കുന്നത് സാംസ്കാരികമായ വളർച്ചയുടെ പ്രതിഫലനമല്ലാതെമറ്റൊന്നല്ല.

ഈ ഗ്രാമത്തിൻെറ സ്പന്ദമാപിനിയായിവർത്തിക്കുന്ന പ്രസ്ഥാനങ്ങളും സംഘടനകളും നമ്മുടെ ചുടും ചൂരുമായി നിൽക്കുന്നവകൂടിയാണ്. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), ഇന്ത്യൻ നാഷനൽ കോൺഗ്രസ്, ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ്, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ. ജനതാദൾ, സോഷ്യലിസ്റ്റ് കോൺ

409

ഗ്രസ്സ്, ബി.ജെ.പി. ഇന്ത്യൻ നാഷണൽ ലീഗ്, കേരള കോൺഗ്രസ്സ് എന്നിവ മേപ്പയൂരിലെ രാഷ്ട്രീയ പാർട്ടികളാണ്.

ഡി.വൈ.എഫ്.ഐ, ഇന്ത്യൻയൂത്ത് കോൺഗ്രസ്, മുസ്ലിംയൂത്ത്ലീഗ്, എ.ഐ.വൈ.എഫ്, സോഷ്യലിസ്റ്റ് യൂത്ത് കോൺഗ്രസ്സ്, യുവജനതാദാം, എന്നിവ മേപ്പയൂരിന്റെ സജീവ പ്രവർത്തനരംഗത്തുള്ള യുവജന പ്രസ്ഥാനങ്ങളാണ്.

ക്ലബുകാം, ഗ്രന്ഥശാലകാം, മറ്റു സാംസ്കാരിക സംഘടനകാം ഇവയുടെ പൂർണവിവരങ്ങാം പട്ടികയിൽ കൊടുത്തിരിക്കുന്നു.

കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, പുരോഗമന കലാസാഹിത്യസംഘം, ബാലസംഘം എന്നിവയും മേപ്പയൂരിലെ സാംസ്കാരികരംഗത്ത് സജീവമായി ഇടപെടുന്ന സംഘടനകളാണ്.

പട്ടിക 3
ഗ്രന്ഥശാലകാം: വായനശാലകാം പട്ടിക-8.3
ഗ്രന്ഥശാലകളുടെ പേര്
(വായനശാല)

| വാർഡ് | |
|---|---|
| 1. | ഇല്ല |
| 2. | സർവ്വോദയ വായനശാല കീഴ്പയ്യൂർ |
| 3 | കമ്യൂണിറ്റി റിക്രിയേഷൻ സെൻറർ പാവട്ടുകണ്ടിമുക്ക് |
| 4 | ഇ. ആർ വായനശാല മേപ്പയൂർ |
| | രാധാകൃഷ്ണ വായനശാല കീഴ്പയൂർ |
| 5 | ജനകീയവായനശാല ജനകീയമുക്ക് |
| 6 | എൽ. എൽ. എ.പബ്ലിക് ലൈബ്രറി മേപ്പയൂർ ടൗൺ |
| | ജനശിക്ഷൺ നിലയം മേപ്പയൂർ ടൗൺ |
| | ബ്യൂമിങ്ങ് മേപ്പയൂർ |
| 7 | ഗ്രാമോദയ വായനശാല മഠത്തുഭാഗം മേപ്പയൂർ |
| | ടി.കെ.രാമൻ സ്മാരക ഗ്രന്ഥാലയം ചങ്ങരം വെള്ളി |
| | ഭഗത്സിംഗ് ലൈബ്രറി ചങ്ങരംവെള്ളി |
| | പി. കെ. എം. വായനശാല കൊഴുക്കല്ലൂർ |
| | ഉപാസനവായനശാല കൊഴുക്കല്ലൂർ |
| 9. | ഇല്ല |
| 10 | എ. കെ. ജി. ഗ്രന്ഥാലയം നരക്കോട് |
| 11. | വി.പി. കൃഷ്ണൻ മാസ്റ്റർ സ്മാരക ഗ്രന്ഥാലയം മഞ്ഞക്കുളം |
| | പഞ്ചായത്ത് വായനശാല വിളയാട്ടൂർ (മഞ്ഞക്കുളം) |

## തിരിച്ചറിവുകാം

വളപ്പൊട്ടുകാം പെറുക്കി കൂട്ടുന്ന ലാഘവത്വം കാലികമായ ഇടപെടലുകളെ ചുഴ്ന്നു നിൽക്കുന്നു.

മാധ്യമങ്ങളുടെ, അനുവാദമില്ലാതെയുള്ള കടന്നേറൽ സാമൂഹ്യബന്ധങ്ങളെ കീഴ്മേൽമറിക്കുന്നു.

നാട്ടുകൂട്ടങ്ങളെ മാധ്യമസ്വാധീനം മൂലം നാഗരികതയുടെ പാർശ്വജന്യവ്യവഹാരങ്ങാം സ്വാധീനിക്കുന്നു. മദ്യപാന സദസ്സുകളിലൂടെ പുതിയ 'സാംസ്കാരിക' സന്നിവേശത്തിന് കളമൊരുങ്ങുന്നു.

വിയർപ്പിൻേറയും മണ്ണിൻേറയും ഗന്ധം അസഹ്യതയാകുന്നു പുതിയ ജനത്തിന്

അക്ഷരങ്ങളിൽ നിന്ന് അഗ്നിക്കു പകരംനാശോന്മുഖ കിരണങ്ങാം വികിരണം ചെയ്യപ്പെടുന്നു; വർത്തമാനങ്ങളുടെ ദീപ്തമായ ചിത്രം കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിരാശയുണ്ടാകുന്നു.

നാട്ടുകൂട്ടങ്ങളിലെ വെറും വർത്തമാനങ്ങളിൽ തിരിച്ചറിവുകാംക്ക് മുളപൊട്ടാറുണ്ടായിരുന്നു മുമ്പ്-ഇന്ന് നാട്ടുകൂട്ടങ്ങാം മിക്കവാറും മരിച്ചിരിക്കുന്നു.

## പ്രശ്നങ്ങാം

1. മിക്ക കലാസമിതികാംക്കും ഗ്രന്ഥശാലകാംക്കും സ്വന്തമായി കെട്ടിടങ്ങളില്ല.
2 ഇലക്ട്രോണിക്സ് മാധ്യമങ്ങാം സാംസ്കാരിക രംഗം മലിനമാക്കുന്നു.
3 വിദ്യാലയങ്ങളെ ബഹുജനസംസ്കാരവികസനത്തിനുള്ള വേദികളാക്കാൻ സാധിക്കുന്നില്ല.
4 നാടൻ കലകളുടെ കാലാനുസൃതമായ പുനരാവിഷ്കാരത്തിന് പ്രോത്സാഹനവും സൗകര്യവും ലഭിക്കുന്നില്ല
5 സ്ത്രീധനം, വിവാഹധൂർത്ത് എന്നിവ വ്യാപകമാകുന്നു.
6 വ്യാജവാറ്റും മദ്യപാനവും വ്യാപകമാകുന്നു;
7 പഞ്ചായത്തിൽ സാംസ്കാരികനിലയം ഇല്ല.
8 ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങാം ഇല്ലാതായിരിക്കുന്നു.
9 പണവ്യാപാരം ഗ്രാമജീവിതക്രമംതെറ്റിക്കുന്നു.
10 സ്ക്കൂാം കലാമേളകാം അധ്യാപക-രക്ഷിതാക്കാം മത്സരിക്കുന്നവേദിയായി മാറിയിരിക്കുന്നു.

## നിർദ്ദേശങ്ങാം

1ഗ്രന്ഥശാലകാംക്ക് കലാസമിതികാംക്കും പഞ്ചായത്ത് തലത്തിൽ ഏകോപിത സംഘടനാരൂപം പ്രത്യേകം പ്രത്യേകം വേണം.

2പഞ്ചായത്ത് സാംസ്കാരികനിലയം പ്രവർത്തനമാരംഭിക്കണം. കൊഴുക്കല്ലൂർ കീഴ്പയൂർ ഭാഗങ്ങളിൽ ശാഖാനിലയങ്ങാം വേണം.

## സാംസ്ക്കാരിക സംഘടനകൾ

| | | |
|---|---|---|
| | എ. ബി. സി. വിളയാട്ടൂർ | കലാസാംസ്ക്കാരികം |
| 1 | ഗ്രാമീണ വിളയാട്ടൂർ | കലാസാംസ്കകാരികം |
| | നവധ്വനി വിളയാട്ടൂർ | കലാസാംസ്കാരികം -നാടകം |
| | മൈത്രി കീഴയൂർ | കലാസാംസ്കാരികം |
| | ചാപ്പൻ നായർ മെമ്മോറിയൽ ആർട്സ് | |
| 2 | (സി. എൻ. എം. )കീഴയൂർ | കലാസാംസ്കാരികം |
| | താളം തിയറ്റേഴ്സ് കീഴയൂർ | കലാസാംസ്കാരിക |
| | യുവശക്തി | കലാസാംകാരിക |
| 4 | സമന്വയ കീഴ്പയൂർ | കലാസാംസ്കാരിക |
| | വരദ ആർട്സ് ആൻറ് സ്പോർട്സ് മേപ്പയ്യൂർ | കലാകായികം |
| | കൈരളി മേപ്പയൂർ | കലാസാംസ്കാരികം-റേഡിയോക്ലബ് |
| 5 | പ്രിയദർശിനി മാത്തുംഭാഗം | കലാസാംസ്കാരികം |
| | സമന്വയ കൊഴുക്കല്ലൂർ | കലാസാംസ്കാരികം-കായികം-വോളിബാൾ- |
| 6 | ബ്ലൂമിംഗ് മേപ്പയ്യൂർ | കലാസാംസ്കാരികം -ഗ്രന്ഥാലയം |
| | ഫൈൻ ആർട്സ് സെൻറർ(എഫ്. എ.സി. [illegible]. ഇ) | |
| | മേപ്പയൂർ | കലാസാംസ്കാരികം-നാടകം |
| | ആർട് മേപ്പയൂർ | കലാസാംസ്കാരികം |
| | നവധാര | കലാസാംസ്കാരിക |
| | ഭാവന കൊഴുക്കല്ലൂർ | കല-കായികം |
| | ഭഗത്സിംഗ്- ചങ്ങരം വെള്ളി | കലാകായികം-ലൈബ്രറി-മഹിളാ സമാജം |
| | ഇൻഡസ് - ചങ്ങരം വെള്ളി | കലാകായികം-ലൈബ്രറി-മഹിളാസമജാം-നാടകം |
| 7 | നവപ്രഭ കായലാട്ട് | കലാകായികം-ലൈബ്രറി |
| | ബി. എസ്. കലാവേദി | കലാ-കായികം |
| | ജ്വാല കൊഴുക്കല്ലൂർ | കലാസാംസ്കാരികം |
| 8 | സർഗ്ഗചാവട്ട് | കല, കായികം-സാംസ്കാരികം |
| | ബ്രദേഴ്സ് | കലാകായികം-സാംസ്കാരികം |
| | സമീക്ഷ | കലാസാംസ്കാരികം |
| 9 | എ. സി. കെ. എം. ആർട്സ് നിടുമ്പൊയിൽ | കലാസാംസ്കാരികം കായികം |
| | പ്രിദയദർശനി നിടുമ്പൊയിൽ | കലാസാംസ്കാരികം |
| | റഡ്സ്റ്റാർ നരക്കോട് | കലാസാംസ്കാരികം |
| 10 | വിദ്യ. ആർട്സ് നരക്കോട് | കലാസാംസ്കാരീകം |
| | നൈതികം | കലാസാംസ്കാരികം |
| | കെ. ആർ. എം. നരക്കോട് | കലാസാംസ്കാരികം |
| | കൈലാസ കലാകേന്ദ്രം വിളയാട്ടൂർ | കലാസാംസ്കാരി കംനാടകം |
| 11 | സാംസ്കാര തിയറ്റേഴ്സ് മഞ്ഞക്കുളം | കലാസാംസ്കാരികം-ലൈബ്രറി |
| | പ്രതീക്ഷ മഞ്ഞക്കുളം | കലാസാംസ്കാരികം |
| | സരിഗ വിളയാട്ടൂർ | കലാസാംസ്കാരികം, മഹിളാസമാജം |

3ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ദു:സ്വാധീനത്തി നെതിരെ വ്യാപകമായ ബോധവത്കരണം വേണം.
4കുട്ടികൾക്ക് മാത്രമായി ഗ്രന്ഥപ്പുര സ്ഥാപിക്കണം
5കുട്ടികളുടെ നാടകസംഘം(തിയേറ്റർ) സ്ഥാപിക്കണം.
6പഞ്ചായത്തിന് ഒരു കമ്യൂണിറ്റിഹാൾ വേണം.
7സ്ത്രീകൾക്ക് സ്വതന്ത്രമായ ഗ്രന്ഥശേഖരം:-
മഹിളാസമാജങ്ങളെ ഗ്രന്ഥവേദികൾ കൂടിയാക്കണം.
8സാംസ്കാരികസംഘടനകൾ വഴി പഠനയാത്രകൾ സംഘടിപ്പിക്കണം.
9ഉത്സവങ്ങളിലും മേളകളിലും ജനപങ്കാളിത്തം വർധിപ്പി ക്കണം; സ്ക്കൂൾ കലാമേളകൾ പഞ്ചായത്ത് മേളയോ ടൊന്നിച്ച് ആക്കണം.
10പഞ്ചായത്ത് കലാമേളകൾ ബാധ്യതാപൂർത്തീകരണമാ കരുത്; ഗൗരവപൂർണ്ണമായ മേളയാക്കി മാറ്റുന്നതിന് പുനഃ സംവിധാനം ചെയ്യണം.
11പൂട്ടികിടക്കുന്ന ഗ്രന്ഥാലയങ്ങൾ പ്രവർത്തനസാധ്യ തയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണം.
12. സാംസ്കാരികസ്ഥാപനങ്ങളിൽ റേഡിയോ, ടി.വി. തുടങ്ങിയവ സ്ഥാപിക്കണം.
13 വായനശാലകൾക്ക് ഗ്രന്ഥശാലാസംഘത്തിന്റെ അംഗീ കാരം ലഭിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

## കായിക സംസ്ക്കാരം

കളരികളിലാണ് നമ്മുടെ ഗ്രാമത്തിലെ കായിക സംസ്ക്കാരത്തിന്റെ വേരുകൾ കണ്ടെത്താൻ കഴിയുക. പ്രശസ്തരും പ്രഗത്ഭരുമായ അനേകം ഗുരുക്കൻമാരും അഭ്യാസികളും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു.

പയ്യോർ മല എന്ന പേരിന്റെ ആദിരൂപം അയ്‌വർ മല യാണെന്നും അത് പാണ്ഡവസഹോദരന്മാരെ സൂചി പ്പിക്കുന്നുവെന്നും ഐതിഹ്യഭാഷ്യം. പാണ്ഡവന്മാരുടെ അനുസ്മരണമായിട്ടാണത്രേ അമ്പെയ്ത്ത് മൽസരം പയ്യോർ മല പ്രദേശത്തിന്റെ സവിശേഷമായ കായിക വിനോദമായി രൂപപ്പെട്ടത്. ഓണക്കാലത്ത് ഗ്രാമജീവി തത്തെ ശബ്ദമുഖരവും സജീവവുമാക്കുന്ന അമ്പെയ്ത്ത് മത്സരത്തിന് പയ്യൂർ ഗ്രാമത്തിൽ നല്ല വേരോട്ടമുണ്ട്, എന്നാൽ നല്ല കായിക പാരമ്പര്യംപൂർണ്ണമായ അർത്ഥത്തിൽ നമ്മുടെ ഗ്രാമത്തിൽ നിലനില്ക്കുന്നില്ല. പരമ്പരാഗതവിനോദങ്ങളായ പന്തുകളി, കമ്പവലി, മാസ്കളി എന്നിവയൊന്നും ഇന്ന് നിലവിലില്ല. ചതുരംഗം പോലും ഇല്ല. കൊയ്ത്ത് കഴിഞ്ഞാൽ വയലുകളിൽ നടക്കുമായിരുന്നു വോളിബോൾ കളി ഇന്ന് അസാധ്യ മായിരിക്കുന്നു. നെല്പാടങ്ങൾ നികന്ന ത്തി തെങ്ങിൻ തോട്ടങ്ങളായി വന്നതോടെ കളിക്കാനിടമില്ലാതെ വന്നിരി ക്കുന്നു. കായിക സംസ്ക്കാരം നമ്മുടെ പഞ്ചായത്തിൽ നിന്ന് കാലഹരണപ്പെട്ട് പോയിരിക്കുന്നു.

മേപ്പയൂർ H-S ബാസ്ക്കറ്റ് ബോൾ ടീമാണ് ടീമി നങ്ങളിൽ എന്തെങ്കിലും നേട്ടം കൈവരിക്കുന്ന ഒരേ ഒരു ടിം. നമ്മുടെ പഞ്ചായത്തിൽ നിന്ന് വിരലിലെണ്ണാവുന്ന ചിലർ സംസ്ഥാനദേശീയ തലങ്ങളിൽ അംഗീകാരം നേടി യിട്ടുണ്ട്.


സമന്വയ കൊഴുക്കല്ലൂർ സംഘടിപ്പിക്കുന്ന വോളി ബോൾ ടൂർണമെൻറ്, ഭഗത്സിംഗ് ചങ്ങരംവെള്ളിയുടെ ചെസ്, ഷട്ടിൽ ടൂർണ്ണമെൻറ് ഇൻഡസ് ചങ്ങരം വെള്ളി യുടെ കാരംസ് ടൂർണ്ണമെൻറ്എന്നിവ ഈ രംഗത്ത് നടക്കുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്.

### പ്രശ്നങ്ങൾ

1കായിക വിദ്യാഭ്യാസത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല.
2കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ സ്ഥലസൗ കര്യങ്ങൾ പരിമിതമാണ്.
3സ്ക്കൂളുകളിൽ കളിസ്ഥലമില്ല; യു.പി. സ്ക്കൂളുകളിൽ (Aided ഒഴികെ) ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർമാർ ഇല്ല.
4കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് മാനസി കമായ വൈമുഖ്യം.

പരിഹാരങ്ങൾ

1പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമിക്കുക; മേപ്പയൂർ ഹൈസ്ക്കൂൾ ഗ്രൗണ്ട് കുറ്റമറ്റ രീതിയിൽ വികസിപ്പിച്ച് ആവശ്യം നിറവേറ്റിയാൽ മതി,
2എല്ലാ സ്ക്കൂളിലും കളിക്കളം നിർബന്ധമാക്കുക; കായിക അധ്യാപകനെ നിയമിക്കുക.
3sports club കൾക്കു കെട്ടിടങ്ങൾ ഉണ്ടാവണം. വിവിധ ഗെയിമുകൾക്കുള്ള ഗ്രൗണ്ട് നിർമിക്കാൻ സഹായം നൽകണം.
4പഞ്ചായത്തുതലത്തിൽ കളരി, കരാട്ടെ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
5ട്രേഡ് യൂണിയൻ കായികമേളകൾ പ്രോത്സാഹിപ്പി ക്കണം.
6പഞ്ചായത്തിൽ ഒരു മിനി ഇൻഡോർ സ്റ്റഡേിയം വേണം
7 പഞ്ചായത്തുതലത്തിൽ sports Authority വേണം.
8സ്പോർട്സ് ക്ലബ് അഫിലിയേഷൻ പൂർണ്ണമായും പഞ്ചാ യത്തുതലത്തിൽ നടപ്പാക്കണം.



12

# വനിതാക്ഷേമം

വീടുകളിൽ ഏറ്റവുമാദ്യം ഉണർന്ന് ഏറ്റവുമൊടുവിൽ ഉറക്കത്തെ കാത്തിരിക്കുന്നവരാണ് നമ്മുടെ നാട്ടിലെ സ്ത്രീകളിൽ ഭൂരിഭാഗവും. ഇതിനിടയിൽ അടുക്കളയിലും അരങ്ങത്തുമായി ഇവർ ചെലവഴിക്കുന്ന ഊർജം ഏറെയാണ്. ഇതൊക്കെയാണെങ്കിലും തൊഴിലില്ലാത്തവർ എന്ന പട്ടികയിലാണ് ഇവർ ഉൾപ്പെടാറ്. തൊഴിലുള്ളവർ ചെലവഴിക്കുന്ന ഊർജത്തിന്റെ ഇരട്ടിയിലേറെ ചെലവഴിക്കുന്ന ഇവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും മിക്കപ്പോഴും ചർച്ചക്ക് എത്താറില്ല.

നമ്മുടെ പഞ്ചായത്തിൽ 12866 സ്ത്രീകളാണുള്ളത്. മൊത്തം ജനസംഖ്യയായ 25545 ന്റെ 50.36 ശതമാനം. പുരുഷന്മാരേക്കാൾ 87 സ്ത്രീകൾ കൂടുതലായുണ്ട്. തൊഴിൽ പങ്കാളിത്തം വിലയിരുത്തുമ്പോൾ പുരുഷ ന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെ പിന്നിലാണ്. കാർഷികരംഗത്ത് ജോലി ചെയ്യുന്നവരിൽ മൂന്നിലൊന്ന് സ്ത്രീകളാണ്.

തൊഴിലില്ലാത്തവരിൽ പുരുഷൻമാരുടേതിന്റെ ഇരട്ടി സ്ത്രീകളാണ്. വിവിധ തൊഴിൽ മേഖലകളിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം താഴെ കൊടുത്ത പട്ടിക വിശദീകരിക്കും.

പട്ടിക 9.1

| | തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1. | കൃഷിക്കാർ | 341 | 41 |
| 2. | കർഷകതൊഴിലാളികൾ | 795 | 253 |
| 3. | മൃഗസംരക്ഷണം മത്സ്യബന്ധനം | 548 | 61 |
| 4. | ഖനനം, കല്ലുടക്കൽ | 163 | 51 |
| 5. | കുടിൽ വ്യവസായം | 73 | 49 |
| 6. | മറ്റു വ്യവസായസംരംഭങ്ങൾ | 267 | 32 |
| 7. | കെട്ടിട നിർമ്മാണം | 317 | 18 |
| 8. | കച്ചവടം | 778 | 12 |
| 9. | ഗതാഗതം | 416 | |
| 10. | മറ്റ് തൊഴിൽ മേഖലകൾ | 750 | 300 |

(അവലംബം: സെൻസസ് റിപ്പോർട്ട് 91)

മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിൽ ഭാഗികമായി തൊഴിൽ ഉള്ള 449 സ്ത്രീകളും, തീരെ തൊഴിലില്ലാത്ത 11132 സ്ത്രീകളുമാണുള്ളത്. കെട്ടിട നിർമ്മാണ മേഖലയിൽ സ്ത്രീകളുടെ തൊഴിൽ നിരക്ക് വർദ്ധിച്ചുവരുന്നതായി കാണാം. കാർഷികമേഖലയിൽ സ്ത്രീപങ്കാളിത്തം കുറഞ്ഞുവരുന്ന പ്രവണത കാണുന്നു. ഇതിനു മുഖ്യകാരണം കർഷക തൊഴിലാളി സ്ത്രീകളുടെ കുറഞ്ഞ വേതന നിരക്കാണ്. പാടങ്ങൾ നികത്തിയുള്ള നാണ്യവിളകൃഷിയും, കെട്ടിടനിർമ്മാണവും കാർഷികരംഗത്തെതൊഴിൽ ലഭ്യത കുറവു വരുത്തിയിട്ടുണ്ട്.

സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ ഒട്ടേറെ മേഖലകളുണ്ടെങ്കിലും, പ്രസ്തുത മേഖലകളിൽ മുതൽ മുടക്കുന്നതിനുള്ള സാമ്പത്തിക പ്രയാസം അധികപേരും അഭിമുഖീകരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 10 DWCRA യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ ഭൂരിഭാഗവും ഭാഗികമായാണ് പ്രവർത്തിക്കുന്നത്. കാര്യക്ഷമമായ നേതൃത്വമില്ലായ്മ, പങ്കാളികളുടെ കൂട്ടായ്മയില്ലായ്മ, ബേങ്കുകളിലും, മറ്റ് ഓഫീസുകളിലും ദൈനം ദിനം ബന്ധപ്പെടുന്നതിന്, നേരിടുന്ന പ്രയാസം എന്നിവയാണ് ഈ യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, കയർ പിരിക്കൽ, കോഴിവളർത്തൽ, പശുവളർത്തൽ, ആടുവളർത്തൽ, പപ്പട നിർമ്മാണം, റെഡിമെയ്ഡ്സ് വസ്ത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽ DWRCA യൂണിറ്റും, ഖാദി യൂണിറ്റുകളും ആരംഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

**തൊഴിൽ രംഗവുമായി ബന്ധപ്പെട്ട് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.**

1) സ്ത്രീകൾക്ക് ലഭ്യമാക്കാവുന്ന തൊഴിൽ മേഖലകളെക്കുറിച്ചുള്ള അജ്ഞത.

2) സ്വയം നേതൃത്വമേറെറടുക്കാനുള്ള സന്നദ്ധതയില്ലായ്മ

3) സ്ത്രീകൾക്കിടയിൽ നഷ്ടപ്പെടുന്ന ഐക്യബോധം

4) ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രയാസം

5) ബന്ധപ്പെട്ടവരിൽ നിന്ന് ലഭിക്കേണ്ട പ്രോത്സാഹനമില്ലായ്മ.

മേൽസൂചിപ്പിച്ച രംഗങ്ങളിലെ പ്രശ്നങ്ങൾ കൂടാതെ സ്വന്തം കുടുംബത്തിൽ നിന്നും, സമൂഹത്തിൽ നിന്നും ഒട്ടേറെ പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ നേരിടേണ്ടിവരുന്നു.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും അനധികൃതമദ്യവില്പനയും ഉല്പാദനവും നടക്കുന്നു. പൈങ്കിളി വാരികകളുടെ സ്വാധീനം വായനാശീലത്തെ വളർത്തിയിട്ടുണ്ടെങ്കിലും അതുണ്ടാക്കുന്ന സംസ്ക്കാരിക ജീർണ്ണത കാണാതിരുന്നുകൂടാ.

സ്ത്രീധന സമ്പ്രദായം, നമ്മുടെ പഞ്ചായത്തിലെ എല്ലാ സമുദായങ്ങളിലുമുണ്ട്. വിദ്യാഭ്യാസമുള്ളവരിലും, ജോലിയുള്ളവരിലും, സാമ്പത്തികമായി ഉയർന്നവരിലും, ഈ ദുരാചാരം, സാർവ്വത്രികമായി കാ ണുന്നു. പാവപ്പെട്ട ഒട്ടേറെ കുടുംബങ്ങൾ ഇതു മൂലം ദുരുതമനുഭവിച്ചു വരുന്നു. ഇതോടൊപ്പം നമ്മുടെ സമൂഹത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും ഉടൻ ബോധവൽക്കരണമാവശ്യമുള്ളതുമായ ഒരു രംഗമാണ് വിവാഹധൂർത്ത്. പാവപ്പെട്ടവരും സമ്പന്നരും ഇതിൽ തുല്യപങ്കാളികളാണ്. ഒട്ടേറെ സാധുകുടുംബങ്ങൾ വിവാഹ ധൂർത്തുമൂലം കടക്കെണിയിലകപ്പെട്ടതായി കാണാം.

സർക്കാരിന്റെ ക്ഷേമ പദ്ധതികൾ അനുഭവിക്കുന്ന ഒട്ടേറെ സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 47 വിധവകൾ പെൻഷൻ വാങ്ങുന്നവരായുണ്ട്. കർഷക ത്തൊഴിലാളി പെൻഷൻ ലഭിക്കുന്നവരിൽ ഗണ്യമായ വിഭാഗം സ്ത്രീകളാണ്.

നമ്മുടെ പഞ്ചായത്തിലെ വനിതാക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**തൊഴിൽ**

1) നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിലെ വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതത് മേഖലയുമായി ബന്ധപ്പെട്ട സ്ത്രീകളെ ഉൾപ്പെടുത്തി (കയർ പിരിക്കൽ, കോഴിവളർത്തൽ, പശുവളർത്തൽ, പപ്പട നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പായനെയത്ത്, കരിങ്കല്ലുടക്കൽ) വാർഡ് അടിസ്ഥാനത്തിൽ കൂടുതൽ DWCRA യൂണിറ്റുകളും, സഹകരണസ്ഥാപനങ്ങളും ആരംഭിക്കുക.

2. ഇതിനാവശ്യമായ സഹായ സഹകരണങ്ങൾ, വിവിധ വകുപ്പുകളിൽ നിന്നും, ബാങ്കുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമാക്കുക.

3. നിലവിലുള്ള DWCRA യൂണിററുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ദൈനം ദിന ഇടപെടൽ ഉറപ്പുവരുത്തുക.

4. തരിശായികിടക്കുന്ന പുറംപോക്ക് സ്ഥലങ്ങളിൽ കൂട്ടുകൃഷി അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിആരംഭിക്കുക. ഇതിനായി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സമിതിയുണ്ടാക്കുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കാൻ പുറമ്പോക്ക് സ്ഥലങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി മുൻകൈഎടുക്കുക.

**2 സാമൂഹ്യരംഗം**

സ്ത്രീകളുടെ പൊതുപ്രവർത്തനരംഗത്തെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുക.

3. സാംസ്ക്കാരിക രംഗം

സ്ത്രീകളിൽ ഉയർന്ന വായനാശീലം വളർത്തുന്നതിന് പഞ്ചായത്ത് ആവശ്യമായ മാർഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.


സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് സർക്കാറിൽ പ്രേരണചെലുത്തണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. വാർഡടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ മദ്യവർജ്ജനസമിതികൾ രൂപീകരിക്കുകയും സ്ത്രീപങ്കാളിത്തത്തോടെ ഊർജ്ജിതപ്പെടുത്തുകയും വേണം.

സന്നദ്ധ സംഘടനകളുടേയും, നിയമപാലകരുടേയും സഹായം ഇതിനായി ലഭ്യമാക്കണം.

**സ്ത്രീധനം**

സ്ത്രീധന നിരോധന നിയമം കർശനമാക്കുന്നതിന് സർക്കാറിൽ സമ്മർദ്ദം ചെലുത്തുകയും സ്ത്രീധനത്തിനെതിരെയും വിവാഹധൂർത്തിനെതിരെയും വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം നൽകണം.

വർഷത്തിൽ ഒരു തവണയെങ്കിലും പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ത്രീധനമില്ലാത്ത സമൂഹ വിവാഹം സംഘടിപ്പിക്കണം. ഇതിന് സന്നദ്ധ സംഘടനകളുടേയും മഹിളാ സംഘടനകളുടെയും സഹായം ലഭ്യമാക്കണം.



# 13

# സഹകരണം

ആദ്യസഹകരണ സംരംഭം തന്നെ ഫലം കാണാതെ പോയ കഥയാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് പറയാനുള്ളത്'ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും' എന്ന സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന മുദ്രാവാക്യം സിരകളിലേറ്റി പ്രവർത്തിച്ചവരായിരുന്നു ആദ്യകാല സഹകാരികൾ. അവരുടെ പ്രവർത്തനഫലമായി 1936 ൽ രൂപം കൊണ്ട ഐക്യനാണയസംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനം. അംഗങ്ങൾക്ക് കടം കൊടുക്കുക എന്നതായിരുന്നു സംഘത്തിന്റെ ലക്ഷ്യം. അന്നത്തെ ജില്ലാ ബേങ്കായിരുന്ന എം.സി.സി. ബേങ്ക്, ഫണ്ട് അനുവദിച്ചിരുന്നു. അന്നത്തെ മേപ്പയൂർ പഞ്ചായത്തിലും കൊഴുക്കല്ലൂർ പഞ്ചായത്തിലും ഇത്തരത്തിൽപെട്ട രണ്ട് ഐക്യനാണയസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ഏറെ കഴിയും മുമ്പെ, ഐക്യനാണയസംഘം പ്രവർത്തനം നിലച്ചു. പരിധി രഹിത ബാധ്യത(അൺലിമിറ്റഡ് ലൈബലിറ്റി) യിലായിരുന്നു സംഘം പ്രവർത്തിച്ചിരുന്നത്. രണ്ട് പ്രധാന കാരണങ്ങളാണ് ഐക്യനാണയ സംഘത്തിന്റെ തകർച്ചക്ക് വഴിവെച്ചത്.

1) വായ്പ വാങ്ങിയവരിൽ പലരും കടം തിരിച്ചടച്ചില്ല
2) ബിനാമി വായ്പകൾ

മഞ്ഞകുളം കേന്ദ്രമായി പ്രവർത്തിച്ച വിളയാട്ടൂർ ചക്കര സൊസൈറ്റിയും അധികകാലം നിലനിന്നില്ല.

മേപ്പയൂർ കോ-ഓപ്പറേറ്റീവ് അർബൻ ബേങ്കാണ് പിന്നീട് വന്ന സഹകരണ സ്ഥാപനം. 1951 ലാണ് അർബൻ ബാങ്ക് പ്രവർത്തനം തുടങ്ങിയത്. 10,150 രൂപ ഷെയറായി പിരിച്ചെടുത്താണ് ബേങ്ക് പ്രവർത്തനം ആരംഭിച്ചത്.

വികസന ബ്ലോക്ക് സംവിധാനം നിലവിൽ വന്നതോടെ നിരവധി സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്കിന് കീഴിലാക്കിയതായിരുന്ന ഇതിനുള്ള കാരണം. ഫാമിങ്ങ് സൊസൈറ്റി, ഇൻസസ്ട്രിയൽ സൊസൈറ്റി, ഓയിൽ സൊസൈറ്റി, കോ-ഓപ്പറേറ്റീവ് സ്റ്റോർ ഇവയൊക്കെ ഈ ഘട്ടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. 1974 ൽ ആരംഭിച്ച മേപ്പയൂർ സർവീസ് സഹകരണ ബേങ്കാണ് ഇക്കൂട്ടത്തിൽ എടുത്തു പറയാവുന്ന സ്ഥാപനം. കൊഴുക്കല്ലൂരിൽ പ്രവർത്തനം തുടങ്ങിയ ബേങ്ക് പിന്നീട് മേപ്പയൂർ ടൗണിലേക്ക് പ്രവർത്തന കേന്ദ്രം മാറ്റുകയായിരുന്നു.

സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് സാധ്യതയേറെയുള്ള നമ്മുടെ പഞ്ചായത്തിൽ സ്ക്കൂൾ സഹകരണ സംഘങ്ങൾ ഉൾപ്പെടെ പത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രധാന സഹകരണ സംഘങ്ങളുടെ വിശദവിവരം ചുവടെ.

പട്ടിക 10.1

| സ്ഥാപനത്തിന്റെ പേര് | കെട്ടിടം സ്വന്തം /വാടക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| മേപ്പയൂർ കോ-ഓപ്പറേറ്റീവ് അർബൻബേങ്ക് | സ്വന്തം | 8 |
| മേപ്പയൂർ സർവ്വീസ് സഹകരണ ബേങ്ക് | സ്വന്തം | 20 |
| മേപ്പയൂർ ഹൗസിങ്ങ് സൊസൈറ്റി | സ്വന്തം | 5 |
| സഹകരണ പ്രസ്സ് | വാടക | 3 |

പഞ്ചായത്തിലെ മറ്റ് സഹകരണ സ്ഥാപനങ്ങൾ ഇവയണ് മേപ്പയൂർ ഓയിൽ സീസഡ് ക്രഷേഴ്ഡ് കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രിയൽ സൊസൈറ്റി
കീഴ്പയൂർ ക്ഷീര സഹകരണസംഘം
മേപ്പയൂർ ഗവ: ഹയർസെക്കണ്ടറി സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
നിട്ടിമ്പായിൽ ഡയറിക്ലബ്
കൊയിലാണ്ടി താലൂക്ക് പ്രൈവറ്റ് സ്ക്കൂൾ സഹകരണസംഘം.
മേപ്പയൂർ ഏരിയ പ്രൈമറി സ്ക്കൂൾ സഹകരണസംഘം
കീഴ്പയ്യൂർ ഏരിയ പ്രൈമറിസ്ക്കൂൾ സഹകരണസംഘം
കൊഴുക്കല്ലൂർ യു.പി.സ്ക്കൂൾ സഹകരണസംഘം.

ഇവയിൽ വായ്പാ സഹകരണസംഘങ്ങളിൽ മാത്രം 13,634 പേർ അംഗങ്ങളാണ്. ഈ സംഘങ്ങളിൽ ഓഹരിമൂലധനമായി 3753674 രൂപ പിരിവുകിട്ടിയിട്ടുണ്ട്.

### മേപ്പയൂർ സർവീസ് സഹകരണബേങ്ക്:

സാധ്യതകളുടെ വലിയൊരു മേഖലതന്നെ ഈ ബേങ്കിന്റെ മുന്നിലുണ്ട്. കാർഷികവായ്പ നൽകുന്നതിൽ ഇനിയും ഏറെ മുന്നോട്ടു പോകണം. കാർഷിക വായ്പ നൽകിയ

ഇനത്തിൽ വലിയൊരു തുക കിട്ടാക്കുറ്റിയായി നിൽക്കുന്നു എന്ന യാഥാർഥ്യം വിസ്മരിച്ചുകൂടാ. വായ് പ തിരിച്ചടക്കുന്ന കാര്യത്തിൽ കർഷകരെ ബോധവാന്മാരാക്കാൻ പഞ്ചായത്ത് മുൻകൈയെടുത്ത് സംവിധാനമുണ്ടാക്കണം.

ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഏറെ സാധ്യത ഇനിയുമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 49207 രൂപയാണ് ഈ ഇനത്തിൽ ബേങ്ക് സ്വരൂപിച്ചത്. ജയന്തി സ്റ്റോഴ്സ് നിലവിലുണ്ടായിരുന്ന കാലത്തെ വിറ്റുവരവ് പരിശോധിച്ചാൽ ഇത് വളരെ കുറഞ്ഞ തുകയാണെന്ന് ബോധ്യപ്പെടും. കൊപ്രസംഭരിക്കുന്നതിനായി കേരഫെഡ് കൂടുതൽ തുക അനുവദിച്ചാൽ ബേങ്കിന് ഇക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോകാൻ കഴിയും.

## മേപ്പയൂർ കോ-ഓപ്പറേറ്റീവ് അർബൻ ബേങ്ക്

അർബൻ മേഖലയെ മുൻനിർത്തി പ്രവർത്തിക്കേണ്ട ബേങ്ക് ഈ രംഗത്ത് കാര്യമായി ഒന്നും ചെയ്യുന്നില്ലെന്ന വിമർശനം നിലവിലുണ്ട്. കേഷ്ക്രേഡിറ്റ്, ദീർഘകാല കൺസ്യൂമർ വായ്പകൾ എന്നിവ വ്യാപകമാക്കാൻ ബേങ്ക് ഇനിയും തയ്യാറാകേണ്ടിയിരിക്കുന്നു. വ്യാവസായിക വായ്പ നൽകാനും സംവിധാനമുണ്ടാകണം.

## ഹൗസിങ്ങ് സൊസൈറ്റി

ദുർബലജനവിഭാഗങ്ങൾക്ക് വീടുവെക്കാൻ കൂടുതൽ സഹായം ചെയ്യേണ്ടതായുണ്ട്. വായ്പാ നടപടി ക്രമങ്ങൾ ഏറെ സങ്കീർണമാണെന്ന പരാതി ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്

പൊതുജനങ്ങളുടെ വിവിധതരത്തിലുള്ള നിക്ഷേപമായി 2,92,67, 739 രൂപ ലഭിക്കുകയും, 2,82,89,367 രൂപ വിവിധയിനം വായ്പകളായി മെമ്പർമാർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ വായ്പ തരസഹകരണ സംഘങ്ങളിൽ മൊത്തം അംഗസംഖ്യ 228 ഉം അവയിലെ മൊത്തം ഓഹരി മൂലധനം 55,921 രൂപയുമാണ്.

നാല് സ്ക്കൂൾ സഹകരണ സംഘങ്ങളിലായി മൊത്തം 18,994 അംഗങ്ങളുണ്ട്.

## പ്രശ്നങ്ങൾ

1. സർവീസ് സഹകരണ സംഘത്തിൻെറ മുഖ്യോദ്ദേശ്യം കർഷകർക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക എന്നതാണ്. എന്നാൽ ഒരു പ്രധാനപ്പെട്ട കാർഷിക മേഖലയായ മേപ്പയൂർ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ വായ്പ ഇന്ന് സർവീസ് സഹകരണബാങ്കിൽ നിന്ന് ലഭിക്കുന്നില്ല ഈ ന്യൂനത എത്രയും വേഗം പരിഹരിക്കപ്പെടേണ്ടതാണ്.

2, സഹകരണ അർബൻ ബാങ്കിൽ നിന്ന് വ്യവസായികവായ്പകൾ, വാഹന വായ്പകൾ ഉൾപ്പെടെയുള്ള ദീർഘകാലവായ്പകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. ഹൗസിംഗ് സൊസൈറ്റിയിൽ നിന്ന് താഴ്ന്ന വരുമാനക്കാർക്ക് ചുരുങ്ങിയ പലിശക്ക് ഭവനനിർമാണ വായ്പ ലഭിക്കേണ്ടതാണ്.

## സാദ്ധ്യതകൾ

1. സഹകരണ വായ്പാ സംഘങ്ങളിൽ വർധിച്ചുവരുന്ന അവധി ബാക്കി തിരിച്ചടക്കുന്നതിന് മെമ്പർമാർ ശ്രദ്ധിക്കേണ്ടതിനോടൊപ്പം അധികൃതരുടെ ഭാഗത്തു നിന്നും ആവശ്യമായ നടപടികൾ സ്വീകരിച്ച് സഹകരണ മേഖലയെ സമ്പുഷ്ടമാക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്.

2. പ്രവർത്തനം നിലച്ച സഹകരണ എണ്ണയാട്ട് സംഘവും മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന പ്രിൻറിംഗ് പ്രസ്സും പുനരുദ്ധരിച്ച് പ്രവർത്തനം വിപുലമാക്കുന്നപക്ഷം തൊഴിൽ സാധ്യതകൾ വർധിപ്പിക്കാവുന്നതാണ്.

3. വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനും അവരുടെ സമ്പാദ്യശീലം വളർത്തുന്നതിനും സഹായകരമായി പഞ്ചായത്തടിസ്ഥാനത്തിൽ വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

4. കരിങ്കൽക്വാറികൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ ഈ രംഗത്ത് ഒരു സഹകരണ സംഘം രൂപീകരിക്കാൻ ഏറെ സാധ്യതകൾ ഉണ്ട്

5. പായ, കൊട്ട,മുറം എന്നിവയുടെ നിർമ്മാണത്തിൽ പരമ്പരാഗതമായി ഏർപ്പെട്ടിരിക്കുന്ന ഈ പ്രദേശത്തെ പട്ടികജാതി വിഭാഗങ്ങളെ സഹകരണാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും വിപണനത്തിനാവശ്യമായ സൗകര്യങ്ങൾ കണ്ടെത്താനും ഉള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ക്ഷീരവികസന സഹകരണ സംഘം മൂന്നുവാർഡുകൾക്ക് മാത്രമേ ഭാഗികമായിട്ടെങ്കിലും ഗുണം ചെയ്യുന്നുള്ളൂ. ക്ഷീരകർഷകർക്ക് പ്രയോജനപ്രദമായ ഇത്തരം സംഘങ്ങൾ മററു വാർഡുകളിലും രൂപീകരിക്കാവുന്നതാണ്.

6.കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ലഭിക്കുന്ന ഒരു മേഖല എന്ന നിലക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു കയർ വ്യവസായ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

7.നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന അവിദഗ്ധ തൊഴിലാളികളുൾപ്പെടെയുള്ളവരെ സംഘടിപ്പിച്ചു ഒരു ലേബർ കോൺട്രാക്റ്റ് സൊസൈററി രൂപീകരിക്കാവുന്നതാണ്.

8.നിലവിലുള്ള ചികിത്സാസൗകര്യങ്ങൾ വർധിപ്പിക്കുന്നതോടൊപ്പം വിദഗ്ധ ചികിത്സക്ക് സൗകര്യം ലഭിക്കുന്ന വിധത്തിൽ ഒരു ആശുപത്രി സഹകരണ മേഖലയിൽ സ്ഥാപിക്കാം.



# 14

# പട്ടികജാതി പട്ടികവർഗക്ഷേമം

പകലന്തിയോളം വിയർപ്പൊഴുക്കി നമ്മുടെ മണ്ണിന് ജീവന്റെ തുടിപ്പുകൾ നല്കിയവരാണ് ഈ വിഭാഗത്തിൽപ്പെടുന്നവർ. ജന്മിത്വത്തിന്റെ കറുത്തമുഖം തൊട്ടറിഞ്ഞവരാണ് ഇവരിലെ മുൻമുറക്കാർ.കാളയ്ക്ക് പകരം മനുഷ്യനെ ഉപയോഗിച്ച സംഭവം മേപ്പയ്യൂരിന്റെ ചരിത്രത്തിൽ എഴുതിച്ചേർത്തത് ക്രൂരതയുടെ അധ്യായം. എളമ്പിലാട്ട് വയലിലും കൊഴുക്കല്ലൂർ പാടത്തും 30 കളിൽ നടന്ന ഈ സംഭവം ജന്മിത്വത്തിനെതിരായ സമരത്തിന് വേഗം കൂട്ടുകയും ചെയ്തു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നകാലത്ത് ഈ വിഭാഗത്തിൽപ്പെട്ടവരൊഴുക്കിയ കണ്ണീർ തുള്ളികൾ ഏറെയായിരുന്നു. സാമൂഹ്യ പരിഷ്കരണ സമരങ്ങളും കർഷക സമര ങ്ങളും കൊളുത്തിവെച്ച സമരദീപങ്ങൾ നെഞ്ചിലേറ്റി പോരടിച്ചാണ് വെളിച്ചത്തിന്റെ വലിയ ലോക ത്തിലേക്ക് ഇവർ കടന്നുവന്നത്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 7. 33 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇതിൽ സ്ത്രീകൾ 3. 7 ശതമാനവും പുരുഷന്മാർ 3. 63 ശതമാനവും.

പട്ടിക 11-1

| ആകെ ജനസംഖ്യ | പട്ടികജാതി | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 25545 | 1872 | 945 | 927 |

(അവലംബം പ്രാഥമിക സ്ഥിതി വിവരകണക്ക 1996)

വാർഡ് അടിസ്ഥാനത്തിൽ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 11.2

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 170 | 159 | 329 |
| II | 79 | 81 | 160 |
| III | 106 | 101 | 207 |
| IV | 69 | 72 | 141 |
| V | 73 | 79 | 152 |
| VI | 126 | 128 | 254 |
| VII | 138 | 138 | 276 |
| VIII | 38 | 38 | 76 |
| IX | 30 | 47 | 77 |
| X | 66 | 70 | 136 |

(അവലംബം 1991 സെൻസസ് റിപ്പോർട്ട്. പഴയ വാർഡ് അടിസ്ഥാനത്തിലാണ് കണക്ക് കൊടുത്തത്. ഇപ്പോൾ നിലവിൽ 11 വാർഡുകൾ ഉണ്ട്)

ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗമുള്ളത് പഴയ ഒന്നാം വാർഡിലാണ്. 2ാം സ്ഥാനത്ത് പഴയ ഏഴാം വാർഡും

പട്ടികവർഗ വിഭാഗത്തിൽ പെട്ടവർ ആരും തന്നെ നമ്മുടെ പഞ്ചായത്തിലില്ല.

**സാമൂഹ്യപദവി**

സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ജനവിഭാഗമായിരുന്നു പട്ടികജാതി പട്ടികവർഗം. പ്രാരാബ്ധങ്ങൾക്കിടയിലൂടെയുള്ള ചുവടുവെപ്പുകളിൽ വിദ്യാഭ്യാസത്തിന്റെ ഉന്നതികളിൽ എത്തിപ്പെടാൻ ഈ വിഭാഗത്തിൽപ്പെട്ടിരുന്ന ഇളംതലമുറക്ക് കഴിഞ്ഞില്ലെന്നത് യാഥാർഥ്യം. ഇതിനെ അതിജീവിക്കാൻ കഴിഞ്ഞത് വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ്. കഴിവനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടാനുള്ള അനുകൂല സാഹ ചര്യങ്ങൾ ഇന്ന് നിലവിലുണ്ടെങ്കിലും അത് വേണ്ട രൂപത്തിൽ ഉപയോഗപ്പെടുത്താൻ ശ്രമിക്കാത്ത അവസ്ഥ നിലനില്ക്കുന്നുണ്ട്.

**തൊഴിൽമേഖല**

ഈ വിഭാഗങ്ങളിൽ പ്പെട്ടവരിൽ ഭൂരിഭാഗവും ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിലെ അപര്യാപ്തത നിർമാണ മേഖലകളിലേക്ക്തൊഴിലാളികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

പരമ്പരാഗത തൊഴിലായിരുന്നു പായ നെയ്ത്ത്, കുട്ട, മുറം നിർമ്മാണം. പുരുഷന്മാരും സ്ത്രീകളും മുമ്പ് ഇത്

ഉപജീവനമായികരുതിയിരുന്നു. ഇന്ന് ഈ മേഖലയിലുള്ളവർ വിരളമാണ്.

കൈതയോല നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. പുറം പഞ്ചായത്തുകളെ ആശ്രയിച്ചുകൊണ്ടാണ് ഈ കൈത്തൊഴിൽ നിലനിന്നുപോരുന്നത്. സൗകര്യ ങ്ങൾ മെച്ചപ്പെടുത്തികൈതച്ചെടി വെച്ചുപിടിപ്പിക്കാൻ സംവിധാനമുണ്ടാക്കുന്നതോടൊപ്പം വില്പനകേന്ദ്ര ങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഈ മേഖലയിൽ ഒരു സൊസൈറ്റിക്ക് രൂപം നല്കാവുന്നതാണ്.

ആട് വളർത്തൽ, കോഴി വളർത്തൽ, പശുവളർ ത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ, ഇത്യാദി മേഖലകാം വികസിപ്പിച്ചാൽ തൊഴിൽ മേഖലയിൽ വമ്പിച്ച മാറ്റം ഉണ്ടാക്കാൻ കഴിയും. വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ഒട്ടേറെയാളുകൾ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും മാനേജ്മെൻറ് സ്കൂളുകളിലും തൊഴിൽ സ്ഥാപനങ്ങളിലും പ്രാതിനിധ്യം ഇല്ലെന്നു തന്നെ പറയാം.

**പാർപ്പിടം**

നമ്മുടെ പഞ്ചായത്തിലെ മൊത്തം പട്ടികജാതി വിഭാഗത്തെ പരിശോധിച്ചാൽ ഭൂരിഭാഗവും സൗക ങ്ങൾ ഏറെ പരിമിതമായ വീടുകളിലാണ് താമസിക്കു ന്നത് എന്ന് ബോധ്യമാകും. സ്വന്തമായി വീട് ഇല്ലാത്ത വരും വീട് നവീകരിക്കേണ്ടവരുമായ ഒട്ടേറെ ആളുകൾ ഈ പഞ്ചായത്തിലുണ്ട്. സഹായം ആവശ്യമായവരെ കണ്ടെത്തി സഹായമെത്തിക്കാൻ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ഇതിനായി സർക്കാർ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഭവന നിർമ്മാണത്തിനുള്ള പണം ലഭിക്കാനുള്ള നടപടികളും നിയമങ്ങളും ലഘൂകരിക്കണം. 10 സെൻറിൽ താഴെ വിസ്തൃതിയിലുള്ള ഭൂമിയിൽ വീടുണ്ടാക്കുന്നവരെ കെട്ടിട നിർമ്മാണത്തിൻെറ നിയമത്തിൽ നിന്ന് ഒഴിവാക്കണം.

**കക്കൂസ്**

സ്വന്തമായി കക്കൂസ് ഇല്ലാത്തവരെ കണ്ടെത്തി, കക്കൂസ് ഉണ്ടാക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും ചെയ്യേണ്ടതുണ്ട്.

**ഇന്നിലേക്ക്........**

സാമൂഹ്യപദവി മെച്ചപ്പെടുത്താൻ ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. സമഗ്രമായ ഭൂപരിഷ്ക്കരണ നിയമം ഇതിന് ഏറെ സഹായകരമായിട്ടുണ്ട്.

ജാതിപരമായ ഉച്ചനീചത്വം ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ലെന്നു പറയാം. ഈ വിഭാഗക്കാരുടെ വിവാഹചടങ്ങുകൾക്കും മറ്റും സമുദായഭേദമന്യേ ജനങ്ങളാകെ സഹകരിക്കുന്ന അവസ്ഥയും നിലവിലുണ്ട്. എന്നാൽ ഇത്തരം ചടങ്ങുകളിൽ അപൂർവം ചിലർ ഭക്ഷണം കഴിക്കാറില്ല. ജാതിപറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ല.

സാമൂഹ്യ പദവിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തുമ്പോൾ ബോധ്യമാവുന്ന ഒരു വസ്തുത നാമമാത്രമായ ആളുകൾ മാത്രമേ പത്ത് സെൻറിലേറെ ഭൂമി കൈവശം വെക്കുന്നവരായുള്ളൂ എന്നതാണ്. പഴയ സ്ഥിതിയിൽ നിന്ന് ബഹുദൂരം മുന്നോട്ട് പോയെങ്കിലും പുതിയ തലമുറയിലും വിരലിലെണ്ണാവുന്നവർക്ക് മാത്രമേ പത്ത് സെൻറിലേറെ ഭൂമി സ്വന്തമാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട കുടികിടപ്പ് നിയമം, നാലുസെൻറ്, ലക്ഷം വീട് തുടങ്ങിയ പദ്ധതികളിലൂടെയാണ് ബഹുഭൂരിപക്ഷവും നാമമാത്രമായ ഭൂവുടമകളായി മാറിയത്.

പട്ടികജാതിയിൽ പെട്ടവർ ഹോട്ടലുകളോ പലചരക്കകടകളോ നടത്തുന്നില്ല എന്നതും ശ്രദ്ധേയമാണ്.

**വിദ്യാഭ്യാസം**

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ സർവേ റിപ്പോർട്ട് അനുസരിച്ച് പട്ടികജാതി വിഭാഗത്തിപെടുന്ന 352 കുട്ടികളാണ് പഠിക്കുന്നത്. 176 ആൺകുട്ടികളും 176 പെൺകുട്ടികളും. പഞ്ചായത്തിന് പുറത്ത് സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർഥികളുടെ എണ്ണം താരതമ്യേന കുറവാണ്. വാർഡ് ഗ്രാമസഭകളുടെ റിപ്പോർട്ടിൽ ഈ വിവരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**കുടിവെള്ളം**

കുടിവെള്ളത്തിന് ദൗർലഭ്യം അനുഭവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാ ൻ തുടങ്ങിവെച്ച പ്രവർത്തന പദ്ധതികൾ അടിയന്തര മായി പൂർത്തീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്താൽ മാത്രമേ കഴിയുകയുള്ളൂ.

വൈദ്യുതി

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗവും പട്ടികജാതി വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. സൗജന്യമായി വൈദ്യുതീകരിക്കാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കണം. സൗജന്യമായി വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുള്ള ദൂരപരിധി 60 മീറ്റർ ആക്കേണ്ടതാണ്.

| ക്രമ നമ്പർ | കോളനി | വൈദ്യുതീകരിച്ചത് | ഭാഗികമായത് | വൈദ്യുതിഇല്ലാത്തത് |
|---|---|---|---|---|
| 1 | വിളയാട്ടൂർ ഹരിജൻ കോളനി | വൈദ്യുതീകരിച്ചത് | | |
| 2 | നെല്യാട്ടുമ്മൽ സെറ്റിൽമെൻറ് കോളനി | വൈദ്യുതികരിച്ചത്. | | |

| | | | |
|---|---|---|---|
| 3 | മാണിക്കോത്ത് മീത്തൽ ഹരിജൻ കോളനി | ഭാഗികം | |
| 4 | ചാവട്ട് ഹരിജൻ കോളനി | ഇല്ല | |

**സഹകരണ സംഘം**

ഈ വിഭാഗത്തിൻെറ ഉന്നമനത്തിനായി പട്ടികജാതി സഹകരണസംഘം രൂപീകരിക്കേണ്ടതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പട്ടികജാതി കോളനികൾ**

പഞ്ചായത്തിൽ 4 അംഗീകൃത പട്ടികജാതികോളനി കളാണ് ഉളളത്. വിളയാട്ടൂർ ഹരിജൻ കോളനി യിൽ 24 കുടുംബങ്ങൾ താമസിക്കുന്നു. റോഡ് നിലവിലുണ്ട് നെല്യാട്ടുമ്മൽ സെറ്റിൽമെൻറ് കോളനിയിലെ കുടുംബങ്ങൾക്ക് കുടിവെളളത്തിന് കിണറുണ്ട്. മാണിക്കോത്ത് മീത്തൽ കോളനിയിലും കിണറുണ്ട്. റോഡ് വിപുലീകരിക്കണം, ചാവട്ടുകോളനിയിൽ വൈദ്യുതി എത്തിക്കണം.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ സാമൂഹികമായും സാംസ്ക്കാരികമായും സാമ്പത്തികമായും ഏറ്റവും പിന്നണിയിൽ കിടക്കുന്ന വിഭാഗമാണ് സാംബവർ. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ പെട്ടവർ മറ്റു 4 സെൻറ്, ലക്ഷം വീട് കോളനികളിലും ഒട്ടേറെയുണ്ട്. പഞ്ചായത്തിലെ മറ്റു 11 കോളനികൾചുവടെ:

| ക്രമനമ്പർ | കോളനി |
|---|---|
| 1 | മുന്നുറാം കണ്ടിലക്ഷം വീട് കോളനി |
| 2 | എരുവാട്ടുമീത്തൽ ലക്ഷം വീട് കോളനി |
| 3. | പുലപ്രമേൽ സാംബവ കോളനി |
| 4. | പുതിയേടത്ത് മീത്തൽ ലക്ഷം വീട് കോളനി |
| 5. | പുളിയത്തിങ്കൽ ലക്ഷം വീട് കോളനി |
| 6. | ചെറുകുന്നുമ്മൽ ലക്ഷം വീട് കോളനി |
| 7. | അരിക്കാം ചാലിൽ ലക്ഷം വീട് കോളനി |
| 8. | അരിമ്പലാം പറമ്പ് 4 സെൻറ് കോളനി |
| 9. | നെരവത്തമ4 സെൻറ് കോളനി |
| 10. | കുത്തപ്പം കണ്ടിലക്ഷം വീട് കോളനി |
| 11. | ചെട്ടിവീട് നാലുസെൻറ് കോളനി |

നാല്സെൻറ്, ലക്ഷം വീട് കോളനികൾക്ക് പുറമേ സ്വന്തമായി ഭൂമിയിൽ വീടുണ്ടാക്കി താമസിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് അടിസ്ഥാനപരമായ സൗകര്യങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാവേണ്ട തുണ്ട്.

**സാംസ്കാരിക മേഖല**

കോളനികൾ കേന്ദ്രമാക്കി സാംസ്ക്കാരിക കേന്ദ്ര ങ്ങൾ സ്ഥാപിക്കേണ്ടതാണ്. പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കാനുളള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

**നേതൃത്വം**


രാഷ്ട്രീയ-സാമൂഹ്യസാംസ്കാരിക മേഖലകളിൽ നേതൃത്വ പദവിയിലെത്തിച്ചേരുന്നവർ വിരളമാണ്. പ്രശ്നങ്ങളിലിടപെടാനും തങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്താനും ഈ വിഭാഗത്തിൽ പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതുവഴി വ്യക്തിത്വം ഉയർത്തി പ്പിടിക്കാൻ സ്വയം സന്നദ്ധനാവുന്നതോടൊപ്പം ബോധപൂർവ്വമായ ശ്രമങ്ങൾ രാഷ്ട്രീയസാംസ്കാരിക സംഘടനകളുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. പുലപ്രമേൽ സാംബവ കോളനിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല.
2. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളില്ല.
3. പരമ്പരാഗത തൊഴിൽ ചെയ്യാനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ല.
4. പായ, കുട്ട, മുറം തുടങ്ങിയ ഉല്പന്നങ്ങൾ വിറ്റഴിക്കാനുളള വില്പന കേന്ദ്രങ്ങൾ ഇല്ല
5. സ്കൂൾ അടക്കമുളള സ്വകാര്യമേഖലയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ സംവരണമില്ല
6. കോഴി, ആട്, പശു എന്നിവ വളർത്തുന്നതിനുളള വായ്പകൾ അപര്യാപ്തമാണ്.

**സാധ്യതകൾ(നിർദ്ദേശങ്ങൾ)**

1. കോളനികളിലേക്ക് റോഡ് സൗകര്യം മെച്ചപ്പെടുത്താൻ ജനകീയ സമിതികളെ ഉപയോഗിക്കുക.
2. കുടിവെളളത്തിന് നിലവിലുളളകിണറുകൾ വൃത്തിയാക്കുകയും, പോരായ്മകളുളളിടത്ത് പൈപ്പ് സൗകര്യം ലഭ്യമാക്കുകയും ചെയ്യുക.
3. തരിശുഭൂമികളിലും കനാൽ പ്രദേശങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിലും വയൽ വരമ്പുകളിലും കൈതയോല ചെടി നട്ടുപിടിപ്പിക്കണം.
4. പരമ്പരാഗത ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ആഴ്ച ചന്ത തുടങ്ങുക.
5. ഉല്പന്നങ്ങൾ സൊസൈറ്റികൾ വഴി സംഭരിക്കുകയും ന്യായമായ വില നല്കുകയും ചെയ്യണം.
6. പരമ്പരാഗത തൊഴിൽ ചെയ്യുന്നതിന്, സൊസൈറ്റി അസംസ്കൃതവസ്തുക്കൾ സംഭരിക്കുകയും വിതരണം ചെയ്യുകയും വേണം.
7. പശു, പന്നി, ആട്, കോഴി എന്നിവ വളർത്തുന്നതിന് മിതമായ പലിശ നിരക്കിലുളള ലോൺ, സൊസൈറ്റി വഴി വിതരണം ചെയ്യണം.
8. വീട് വെക്കാൻ ഭൂമി ലഭ്യമാക്കണം.
9. ഉദാരമായ വായ്പാ സൗകര്യങ്ങൾ ഉണ്ടാവണം.
10. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലളിതമാക്കണം.
11. സ്വകാര്യസ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നതിനു നിയമനടപടികൾ ഉണ്ടാവണം.
12. പട്ടികജാതിയിൽപെട്ട വിദ്യാർഥികൾക്ക് പഠനത്തിന് പ്രോത്സാഹനം നൽകണം



# 15

# വിഭവസമാഹരണം സാമ്പത്തികം

നമ്മുടെ പഞ്ചായത്തിൻെറ വരുമാനത്തിൻെറ ഏറിയപങ്കും കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ്ഫീ എന്നിവയിൽ നിന്നാണ്. ഇതിൽ കെട്ടിട നികുതിയാണ് സിംഹഭാഗവും.

1995-96 വർഷത്തെ വരവ്-ചെലവ് കണക്ക് താഴെ കൊടുക്കുന്നു.


പട്ടിക 12-1

| വരവ് | | ചെലവ് | |
|---|---|---|---|
| കെട്ടിടനികുതി | 210284 00 | ഭരണച്ചെലവ് (അഡ്മിനിസ്ട്രേഷൻ) | 608601 00 |
| തൊഴിൽനികുതി | 80740 00 | പൊതുമരാമത്ത് | 126517 00 |
| വിനോദനികുതി | 39000 00 | വിദ്യാഭ്യാസം | 36931 00 |
| അഡീഷനൽ-വിനോദനികുതി | 23400 00 | ജലവിതരണം-ആരോഗ്യം | 43306 00 |
| ലൈസൻസ് ഫീ | 10752 00 | തെരുവ്വിളക്ക് | 27303 00 |
| ഡെപ്പോസിറ്റ് | 58369 00 | മറ്റുള്ളവ | 282077 00 |
| ഗ്രാൻറുകളുംമറ്റും | 1091731 00 | - | - - |
| ഗ്രാൻറുകൾ ഒഴികെ മറ്റുവരവുകൾ | 3354 00 | - | |
| ആകെ | 1517630 00 | ആകെ | 1124736 00 |

| ഗ്രാൻറായി ലഭിച്ച തുകയിൽ | |
|---|---|
| ജെ. ആർ. വൈ | അൺടൈഡ് ഫണ്ട് |
| 107100 | 274750 |

420

വരുമാനം — ചെലവ് ഒറ്റനോട്ടത്തിൽ



പഞ്ചായത്തിൻെറ കഴിഞ്ഞ പത്ത് വർഷത്തെ വരവ്-ചെലവ് കണക്ക് പരിശോധിച്ചാൽ രണ്ടു കാര്യങ്ങൾ വ്യക്തമാകും.


1. വരുമാനത്തിൽ ഗ്രാൻറുകളാണ് സിംഹഭാഗവും.
2. ചെലവിനത്തിൽ ഭരണച്ചെലവാണ് ഏറെ മുന്നിൽ. അതുകഴിഞ്ഞാൽ പൊതുമരാമത്തും.

കഴിഞ്ഞ നൂറുവർഷത്തെ വരവ്-ചെലവും ഭരണച്ചെലവും താഴെ കൊടുക്കുന്നു.

പട്ടിക -12-2

| വർഷം | വരവ് | ചെലവ് ശതാനം | ഭരണ ച്ചെലവ് | ഭരണ ചെലവ് |
|---|---|---|---|---|
| '90-91 | 777050 12 | 879248 85 | 301857 35 | 34% |
| '91-92 | 1052382 48 | 1398592 98 | 328114 40 | 23.5% |
| '92 -93 | 919125 55 | 93564 02 | 339195 50 | 53% |
| '93-94 | 1195925 30 | 1134181 45 | 391942 20 | 32.7% |
| '94-95 | 1127952 00 | 1071373 00 | 406172 00 | 56.7% |
| '95-96 | 1517630 00 | 1124736 00 | 608601 00 | 54.1% |

ഭരണച്ചെലവ് '90-91 മുതൽ '95-96 വരെ




കഴിഞ്ഞവർഷം കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ മാത്രം 4 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. 3, 51, 476 രൂപ കെട്ടിട നികുതിഇനത്തിൽ മാത്രം കുടിശ്ശികയാണ് നികുതി ഈടാക്കുന്ന 6244 കെട്ടിടങ്ങളോട് നടപ്പുവർഷം പഞ്ചായത്തിലുള്ളത്.

**കെട്ടിടനികുതി:** പഞ്ചായത്തിന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് കെട്ടിട നികുതിയിൽ നിന്നാണ്. ഭീമമായ നികുതി കുടിശ്ശിക അപഗ്രഥനത്തിന് വിധേയമാക്കേണ്ടതുണ്ട്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തണം.

**തൊഴിൽ നികുതി:** തൊഴിൽ നികുതിയുടെ വ്യാപ്തി ഗൗരവമായ ആലോചനക്ക് വിധേയമാക്കണം. 80740 രൂപയാണ് കഴിഞ്ഞ വർഷം തൊഴിൽ നികുതിയായി ലഭിച്ചത്. തൊഴിൽചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സംവിധാനമുണ്ടാക്കണം.

**വിനോദനികുതി:** ഏക സിനിമാതിയേറ്ററിൽ നിന്നുള്ള വരുമാനമാണ് വിനോദനികുതി. വിനോദ നികുതിയിനങ്ങളിൽ കൂടുതൽ വരുമാനം ഉണ്ടാക്കാനുള്ള സാധ്യത ആരായേണ്ടതാണ്.

ഭരണച്ചെലവ് കഴിഞ്ഞാൽ പഞ്ചായത്തിൻെറ ചെലവിനത്തിൽ മുന്നിട്ടു നില്ക്കുന്നത് പൊതുമരാമത്താണ്. നിലവിലുള്ള റോഡുകളുടെ സൗകര്യം വർദ്ധിപ്പിക്കാനാണ് ഈ തുകയത്രയും ചെലവഴിച്ചത്. കുടിവെള്ളത്തിനും റോഡിനുമായി പഞ്ചായത്ത് ചെലവഴിച്ച തുകയുടെ ഒരു താരതമ്യം താഴെ കൊടുക്കുന്നു.

| വർഷം | റോഡ് ചെലവ് രൂ. | കുടിവെള്ളം ചെലവ് രൂ. |
|---|---|---|
| 1992'93 | 161360 50 | 21000 00 |
| '93-94 | 241879 00 | 520 00 |
| '94-95 | 260312 00 | 640 00 |
| '95-96 | 126517 00 | 21805 00 |
| ആകെ | 790068 50 | 43965 00 |

ഗ്രാൻറുകൾ ഒഴികെ പഞ്ചായത്തിനകത്ത് നിന്ന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതലാണ് ഭരണച്ചെലവ് എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കേണ്ടുന്നതിൻെറ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പൊതുമരാമത്ത് ചെലവുകൾ വികസനച്ചെലവുകളിൽ ഏറെ മുന്നിൽ നിൽക്കുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായ നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് സ്വന്തം ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക ഇതിനേക്കാൾ ഏറെ പിന്നി

ലാണെന്ന് കാണാം.

**പഞ്ചായത്തിൻെറ കടം:** മേപ്പയൂർ ടൗണിൽ പണിയാനുദ്ദേശിക്കുന്ന ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സിനായി സ്ഥലം അക്വയർ ചെയ്യാനായി പഞ്ചായത്ത് ഒരു ലക്ഷം രൂപ വായ്പയായി വാങ്ങിയിട്ടുണ്ട്. 1989-90 വർഷത്തിലാണ് കടം എടുത്തത്. മുതലും പലിശയും കൂടി 59226 രൂപ ഇപ്പോഴും അടയ്ക്കാൻ ബാക്കിയുണ്ട്.

പഞ്ചായത്ത് ബസ് സ്റ്റാൻറിനായി അക്വയർ ചെയ്ത സ്ഥലത്തിന് തുക പോരെന്ന് കാണിച്ച് സ്ഥലമുടമകൾ കോടതിയെ സമീപിച്ചിരുന്നു. 12 ലക്ഷത്തിലേറെ രൂപ കൂടി നല്കാൻ പഞ്ചായത്ത് ഇപ്പോൾ ബാധ്യതപ്പെട്ടിരിക്കയാണ്. വിഭവസമാഹരണത്തിന് നമ്മുടെ പഞ്ചായത്തിൽ സാധ്യതകളേറെയാണ്.

**മനുഷ്യാധ്വാനം:** 1996 നവമ്പറിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 15നും 40 ഇടയ്ക്ക് പ്രായമുള്ളവരുടെ എണ്ണം 11560 ആണ്. ഇതിൽ 70 ശതമാനം പേർ വിവിധ യുവജനസംഘടനകളിലെ അംഗങ്ങളാണ്. പഞ്ചായത്തിൽ 40 ഓളം ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. യുവജന സംഘടനകളുടെയും ക്ലബുകളുടെയും പ്രവർത്തനം വികസന രംഗത്ത് അണിനിരത്തിയാൽ മനുഷ്യാധ്വാനത്തിൻെറ കാലത്തിൽ വലിയൊരു മുന്നേറ്റം സൃഷ്ടിക്കാനാവും.

ഗവൺമെൻറ് ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കാൻ 16 മുറികളുള്ള പുതിയ കെട്ടിടം പണിയാൻ ചെലവായ തുകയുടെ നാലിലൊന്ന് പഞ്ചായത്തിലെ ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഈ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഉൽപ്പന്ന പ്പിരിവ് നടത്തിയാണ് നാലര ലക്ഷം രൂപയിലേറെ സമാഹരിച്ചത്.

## II വിദേശ-സ്വദേശ മൂലധനം

(a) വിദേശ സുഹൃത്തുക്കളുടെയും ആസ്തിയുള്ള സ്വദേശികളുടെയും മൂലധനം ഉപയോഗപ്പെടുത്താനുള്ള സാധ്യത ആരായണം. ആകർഷകമായ പലിശയും ഗ്യാരണ്ടിയും നല്കി മൂലധനം വായ്പയായി സ്വരൂപിക്കാവുന്നതാണ്. പഞ്ചായത്ത് ബസ് സ്റ്റാൻറിനും ഷോപ്പിംഗ് കോംപ്ലക്സിനും ആവശ്യമായ മൂലധനം ഇങ്ങനെ സ്വരൂപിക്കാനുള്ള നിർദ്ദേശം ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 862 പേർ ഗൾഫിൽ ജോലി ചെയ്യുന്നവരായുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള കണക്ക് താഴെ കൊടുക്കുന്നു

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 109 | 1 | 110 |
| 2 | 65 | 1 | 66 |
| 3 | 82 | 14 | 96 |
| 4 | 108 | 4 | 112 |
| 5 | 57 | - | 57 |
| 6 | 65 | 1 | 66 |
| 7 | 59 | 5 | 64 |
| 8 | 59 | 1 | 60 |
| 9 | 80 | - | 80 |
| 10 | 92 | 1 | 93 |
| 11 | 58 | - | 58 |
| ആകെ | 834 | 28 | 862 |

അവലംബം: പ്രാഥമിക സ്ഥിതിവിവരകണക്ക് 96

(b) ബാങ്കുകളിലെ NRE അക്കൗണ്ടിലെ നിശ്ചിത ശതമാനം തുക പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക. ഇതിന്നാവശ്യമായ കലക്ഷൻ ഏജൻറിനെ പഞ്ചായത്ത് നിയോഗിക്കുക.

III കുളങ്ങൾ: പഞ്ചായത്തിൽ 149 കുളങ്ങളാണുള്ളത്. ഇവയിൽ പലതിലും എല്ലാ സമയത്തും വെള്ളം ലഭ്യമാണ്. വാർഡിൻെറ ഭൂപ്രകൃതിയ്ക്കനുസരിച്ച് ജലസേചനം, കുടിവെള്ളം, മത്സ്യം വളർത്തൽ എന്നിവയ്ക്ക് ഇവ ഉപയോഗപ്പെടുത്താവുന്നതാണ്.

IV ക്വാറികൾ: 60 ഏക്രയോളം കരിങ്കൽ ക്വാറി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവിടങ്ങളിൽ വ്യാവസായിക സാധ്യതകൾ ധാരാളമുണ്ട്.

V വിഭവ ദുർവ്വിനിയോഗം തടയൽ

വിഭവ ദുർവ്വിനിയോഗം തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരികയും വേണം.

ഉദാ: ആഡംബര വിവാഹങ്ങൾ നിയന്ത്രിക്കൽ

VI ചോർച്ച തടയൽ

ഓരോ വാർഡിലും വാർഡ് മെമ്പർ കൺവീനറായി വികസനസേന രൂപീകരിക്കുകയും, പഞ്ചായത്ത് മുഖേനയുള്ള പ്രവർത്തനങ്ങൾ അവർ ഏറ്റെടുത്ത് നടത്തുകയും വേണം.

VII കനാൽ ജലം

കനാൽ വെള്ളം നാണ്യവിളകൾക്ക് ഉപയോഗപ്പെടുത്തുകയും അത്തരക്കാരിൽ നിന്ന് നികുതി ഈടാക്കുകയും ചെയ്യുക.

VIII ആഴ്ച്ചചന്ത

ആഴ്ചച്ചന്ത പുനരാരംഭിച്ച് വരുമാനമാർഗ്ഗം കൂട്ടാവുന്നതാണ്.

IX പങ്കാളിത്തം

വികസന പ്രവർത്തനങ്ങളിൽ പദ്ധതി ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം മൂലധനത്തിലും ഒരു ചെറിയ അളവിലെങ്കിലും അവരെ കൂടി ഉൾക്കൊള്ളിക്കാവുന്നതാണ്.


ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന പുതിയ നികുതി നിർദ്ദേശങ്ങൾ

1) വീടുകളിലും സ്ഥാപനങ്ങളിലും AC ഉപയോഗിക്കുന്നവരിൽ നിന്നും ഒരു നിശ്ചിത തുക നികുതി ഈടാക്കുക.

2) നിശ്ചിത പരിധിയിൽ കൂടുതൽ വലിപ്പവും മുതൽമുടക്കും ഉള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും ഒരു നിശ്ചിത ശതമാനം തുക അധിക നികുതി ചുമത്തുക.

3) ആഡംബര വസ്തുക്കളായ ടി. വി. ഡിഷ്ആൻറിന; കേബിൾ ടിവി, തുടങ്ങിയവയ്ക്ക് ഒരു നിശ്ചിത തുക നികുതി ചുമത്തുക.

❖



# ഇനി കർമപഥം



നിലനിൽക്കുന്ന സാമൂഹ്യസംവിധാനം തുല്യനീതി വീതിക്കുന്നതിൽ പരാജയപ്പെടുന്നു. അശാസ്ത്രീയ ധാരണകളുടെ പൂർത്തീകരണത്തിനുള്ള ഉപാധിയായി വികസന പ്രക്രിയകൾ പരിണമിച്ചതാണ് ഇതിനുള്ള മുഖ്യ കാരണം. മൗലികമായ പ്രശ്നങ്ങളിൽ നിന്നുള്ള സ്വാഭാവിക ചുവടുമാററം ഇതിൻെറ ഫലമായനുഭവപ്പെടുന്നു. ആസൂത്രണത്തിൽ നികുതിദായകനുള്ള പങ്കുനിഷേധിക്കുന്ന അപരിഷ്കൃത സമീപനമായിരുന്നു ഇതേവരെ നമ്മുടെ വികസനത്തിൻെറ മുഖ്യധാര.

പ്രതികരണം ക്ഷോഭജനകമാകുന്നത് തിരിച്ചറിവുകളുടെ ഘനമാനം പൂർണ്ണമാകുമ്പോഴാണ്. സത്യസന്ധവും ന്യായയുക്തവുമായ അന്വേഷണങ്ങൾ, വികസന പ്രവർത്തനങ്ങൾക്ക് പുതിയ ഭാവവും പുതിയതലവും ആവശ്യപ്പെടുന്നു. കൃത്യനിർവഹണത്തിൻെറ ഈ കാലികദൗത്യം അനുഭവങ്ങളും അറിവുകളും സമന്വയിപ്പിക്കുന്ന ഒരു പ്രസ്ഥാനമായി കേരളത്തിലിന്നനുഭവപ്പെടുന്നു. നാമോരോരുത്തരും ഇന്നീ പ്രസ്ഥാനത്തിൻെറ ഭാഗമായിരിക്കുന്നു.

അന്വേഷണങ്ങളിലൂടെ, കണ്ടെത്തലുകളിലൂടെ ജനകീയമായ പുതിയ വികസന സംസ്ക്കാരം ഒമ്പതാം പഞ്ചവത്സരപദ്ധതിയിലൂടെ പ്രയോഗതലത്തിലെത്തുകയാണ്.

ജനകീയമായ മുന്നേറ്റങ്ങളിലൂടെയാണ് യഥാർത്ഥ വികസനം സാധ്യമാവുന്നത്. പ്രത്യാശകൾക്ക് സാഫല്യമുണ്ടാകുന്ന നിമിഷങ്ങൾക്കുവേണ്ടി ഉപാധിരഹിതമായ ഐക്യപ്പെടലുകൾ നിർബന്ധമാണ്. സങ്കല്പങ്ങൾക്കൊപ്പം യാഥാർഥ്യബോധത്തിലധിഷ്ഠിതമായ സമീപനങ്ങളും പ്രധാനമാണ്. സമ്പന്നമായ വിഭവസ്രോതസ്സുകൾ പൂർണ്ണമായ അർഥത്തിൽ വിനിയോഗിക്കപ്പെടുന്നതിന്ന് വികസനാസൂത്രണത്തിൻെറ പുതിയ രീതി നമുക്ക് മാർഗ്ഗ ദർശകമാകുന്നു.

മനോതലത്തിലെ വികസന ചിത്രങ്ങൾ പ്രയോഗതലത്തിലെത്തുന്നതിന് സ്കീമുകളും പ്രൊജക്ടുകളും രൂപപ്പെടാനുള്ള സന്ദർഭങ്ങളുണ്ടാകണം. മൂർത്തമായ അനുഭവമായി ഇത് കൈയേൽക്കുന്നതിന് വരും നാളുകൾ നമുക്ക് ശുഭമുഹൂർത്തങ്ങളാകും.

നമ്മുടെ ചിന്തകൾ, നമ്മുടെ സ്വപ്നങ്ങൾ

425

പ്രതീക്ഷകരാക്ക് ചിറകുമുളക്കുന്ന നാളെകളെ തൊട്ടറിയാൻ, നമ്മുടെ പഞ്ചായത്തിൻെറ ഈ സമഗ്ര വികസന രേഖ അർഥപൂർണ്ണമാക്കാൻ നമുക്ക് കഴിയണം.

മഹത്തായ കണ്ടുപിടുത്തങ്ങാരക്ക് പ്രചോദനമായി പലപ്പോഴും ഭവിക്കാറുള്ള യാദൃച്ഛികതകാരക്കുപരി, ബോധപൂർവ്വമായ ഇടപെടലുകളുടെ ദൃഷ്ടാന്തമായി ഈ സെമിനാറിനെ ധന്യാനുഭവമാക്കാൻ, വിശദമായചർച്ചക്ക്, വിശകലനത്തിന് ഈ രേഖ സമർപ്പിക്കുന്നു.

സൂക്ഷ്മമായ പഠനത്തിലൂടെ സഫലമാകുന്നതിന് സ്ഥിരമായ സംവിധാനങ്ങരം ആവശ്യമാണ്. ഇത് വികസന സെമിനാറിലൂടെ രൂപീകരിക്കപ്പെടുന്ന കർമ്മസമിതികളിൽ നിശ്ചയമായും പ്രതീക്ഷിക്കാം. ഈ ഉറപ്പിനൊപ്പം നമുക്ക് ലഭിക്കുന്ന ആത്മവിശ്വാസത്തിൽ നിന്ന്, പുതിയ പ്രഭാതത്തിൻെറ പേററുനോവായി ജനകീയാസൂത്രണ പ്രസ്ഥാനത്തെ നമുക്ക് സ്വീകരിക്കാം.

"കുഴിവെട്ടിമൂടുക വേദനകരം
കുതികൊാരക ശക്തിയിലേക്കു നമ്മരം"

# വികസനരേഖ തയ്യാറാക്കിയ റിസോഴ്സ് ഗ്രൂപ്പുകൾ

**കൺവീനർ: പ്രൊഫ: സി. പി. അബൂബക്കർ**

**ചരിത്രം; നാട്ടറിവ്**

വി. കെ. കേളപ്പൻമാസ്റ്റർ (കൺവീനർ)
കെ. പാച്ചർ, എം. പി. ഭാസ്ക്കരൻ നായർ,
കെ. കെ. രാഘവൻ, ദേവരാജൻ കമ്മങ്ങാട്,
കെ. കെ. സൂപ്പി, വി. കുഞ്ഞിരാമൻ കിടാവ്,
പി. പി. രാധാകൃഷ്ണൻ, മേപ്പയൂർ സുരേന്ദ്രൻ,
കെ. സത്യൻ, സി. പി. അബൂബക്കർ

**കൃഷി; ജലസേചനം**

ബി. പി. ബാലകൃഷ്ണൻ മാസ്റ്റർ(കൺവീനർ)
പി. കുഞ്ഞായൻമാസ്റ്റർ, എ. കെ. ബാലകൃഷ്ണൻ (എഞ്ചിനീയർ)
ഇ. നാരായണൻ മാസ്റ്റർ, വി. കുഞ്ഞിരാമൻ കിടാവ്.

**വിദ്യാഭ്യാസം**

ആർ. വി. അബ്ദുള്ള(കൺവീനർ)
കെ. കെ. കുഞ്ഞിമൊയ്തീൻ മാസ്റ്റർ
കെ. എം. രവീന്ദ്രൻ. ഇ. കെ. ബഷീർ,
കീഴ്പ്പോട്ട് പി. മൊയ്തീൻ.

**വ്യവസായം**

മേപ്പയൂർ സുരേന്ദ്രൻ(കൺവീനർ)
എം. ദിവാകരൻമാസ്റ്റർ,
എൻ. എം. ദാമോദരൻ, കുന്നങ്ങാത്ത് മൊയ്തീൻ,
കെ. ടി. ശ്രീധരൻ

**കുടിവെള്ളം, പൊതുജനാരോഗ്യം**

കെ. കെ. ബാലൻ മാസ്റ്റർ (കൺവീനർ)
കീഴ്പ്പോട്ട് മൊയ്തീൻ, കെ. കെ. അംബിക,
കെ. കെ. രാഘവൻ, വി. ബാലകൃഷ്ണൻ

**വനിത**

യൂസഫ് കോറോത്ത്(കൺവീനർ)
പി. പ്രസന്ന, എൻ. പി. ദേവി,
വി. കെ. സവിതാറാണി, കെ. രാജീവൻ

**സഹകരണം**

കെ. കെ. ബഷീർ(കൺവീനർ),
വി. കെ. കേളപ്പൻ മാസ്റ്റർ, എൻ. വിജയൻ,
കെ. എം. ബാലകൃഷ്ണൻ നായർ, സഞ്ജയ് കൊഴുക്കല്ലൂർ

**മൃഗസംരക്ഷണം, മത്സ്യബന്ധനം**

എം. കെ. കേളപ്പൻ (കൺവീനർ)
എം. പി. ഭാസ്ക്കരൻമാസ്റ്റർ,
കെ. കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ,
ടി. ഒ. ബാലകൃഷ്ണൻ,
തായാട്ട് അശോകൻ,

**സംസ്കാരം**

കെ. പി. രാമചന്ദ്രൻ (കൺവീനർ),
സി. പി. അബൂബക്കർ, എൻ. ബാലൻമാസ്റ്റർ
എം. പി. മുരളീധരൻ

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

എം. രാജൻ മാസ്റ്റർ (കൺവീനർ)
മേപ്പയൂർ കുഞ്ഞികൃഷ്ണൻ, സതീദേവരാജൻ,
കെ. എം. സത്യേന്ദ്രൻ, കെ. കെ. സൂപ്പി.

**പാർപ്പിടം, സാമൂഹ്യക്ഷേമം**

ദേവരാജൻ കമ്മുങ്ങാട്(കൺവീനർ)
കെ. കുഞ്ഞിരാമൻ, എടപ്പത്തിൽ രാജൻ,
എം. കെ. രാമചന്ദ്രൻ, കെ. വി. വത്സൻ

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം**

കെ. സത്യൻ (കൺവീനർ)
എ. എം. ദാമോദരൻ, കെ. ടി. രാജൻ
എം. എം. അബ്ദുള്ള, അടിയോടികണ്ടി ബാലകൃഷ്ണൻ

**വിഭവസമാഹരണം**


എൻ. ഹമീദ്(കൺവീനർ)
കെ. പാച്ചർ, പി. പി. രാധാകൃഷ്ണൻ
കെ. കെ. സുനിൽകുമാർ, യു. എൻ. മോഹനൻ

"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെടുത്തു
ജീവിച്ചെങ്കിൽഭൂമി
സ്വർഗ്ഗമായി മാറുമായിരുന്നു."

"പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞതകൊണ്ടോ
ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്"

"വ്യക്തിസമൂഹവുമായി ബന്ധിക്ക
പ്പെടുന്നത് ഒരനുഗ്രഹമാണ്
സമുദായത്തിനുള്ളിലാണ്
അവന്റെ മൂല്യം പൂർണത പ്രാപിക്കുന്നത്"

## കോഴിക്കോട് ജില്ല




പിറന്ന നാടിൽ
മക്കളൊവുക
ജനിച്ച മണ്ണിൽ
ഉപ്പാവുക

429

"സ്വന്തം രാജ്യത്തിന്റെ നിർമ്മി
തിയിൽ തങ്ങൾക്കും ഫലപ്രദമാ
യൊരു പങ്കുണ്ടെന്ന് പരമ
ദരിദ്രനുപോലും അനുഭവപ്പെടു
ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ
ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനു
വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി

